N12<515410310 021 LS
ubTÜBINGEN

Alyendert

[illegible] im Allg. שֹׁרָשִׁים, צִבְעִים, פֵּירוֹת

קוֹצִים, נַעֲצוּצִים (mich 2,2 4 [illegible]) [illegible]

שָׁמִיר (prunus sylv. [illegible]) [illegible]

[illegible] od. [illegible] Dorn.

אטד Damaszt [illegible]

[illegible] Kiefer

[illegible] [illegible]

אורן fraxinus ornus

[illegible] Dorn

דרדר tribulus terrestris (od. fagonia arab.)

[illegible] a flacourtia

חדק Zizyph. palius

[illegible] Rhamnus paliurus (in Carthago Atadin)

[illegible] rub. sanct. od. Oxycantha arab.

לבנה Styrax offic. (93 Storax)

[illegible] Euphorbia [illegible] od. Sinapis alba

נכאת Tragacantha v. Astragalus

ברוש [illegible]

[illegible] [illegible] urtica [illegible]

אלה [illegible]

[illegible] od. Hedysarum alhagi

[illegible]

אדם Karneol (Sardis) [illegible]

[illegible] od. Halicornus [illegible]

פטדה Topas d.h. Chrysolith

[illegible] laurus [illegible]

קפוד [illegible]

ברקת Smaragd

[illegible] [illegible]

צפעוני anguis jaculus

נפך Rubin (Granat)

[illegible] coluber cornut.

ספיר Lazurstein? Sapphir

פתן = Coluber

לשם [illegible]

אפעה colub. vipera

[illegible]

צב lac. aegypt.

שבו [illegible]

[illegible] Gecko

אחלמה [illegible] Hyacinth

[illegible] all. Gyllen

קפוד Igel

[illegible] Ofenkal

תרשיש Achat?

[illegible] Antilope Bubalis od. Cervus Dama

יחמור [illegible]

ראם Euphora od. Oryx

דישון antil. pygarga

שהם Amethyst

[illegible] Oryx

זמר [illegible] Gazelle [illegible]

תחש [illegible]

בבר [illegible]

ישפה Chrysolith d.h. Topas

[illegible] Bubo (od. Ibis?)

עטלף Fledermaus

[illegible] Nachteule (Pelikan)

[illegible] Schwalbe od. [illegible]

עגור [illegible]

סוס [illegible]

[illegible] Hornviper?

כרם [illegible]

Jaspis

[illegible] i.e. Edelstein

[illegible] Heuschrecke [illegible]

ארבה Heus. (Orator [illegible])

[illegible] capra ibex [illegible]

[illegible] Rubin Granat

חלב [illegible]

זוב [illegible] Heuschreck

יעלה [illegible]

Diamant LXX etc.

ארבה gr. gryllus gregar.

חרגול [illegible]

חגב gryll. coronat.

[illegible] gr. Tri-

סלעם gr. eversor

צרב blatta orientalis

[illegible] ... zum Schneiden u. Gravieren u. Poliren gebraucht

בדלח Gum-Bdellium?

[illegible] Gr. cristatus (chamort)

[illegible] onyx marinus

[illegible] gr. verrucivorus (cimex aegypt.)

[illegible] od. murex etc.

שׂלו Wachtel قطا

פרא ערוד Waldesel

איה ببا falco

لبان Weihrauch = كندر

Sallaci, Boswellia ser.

דוכיפת Wiedhopf

לענה Artem. abs.

חסה

Wahrsager

Traumdeuter

Ophiomantie

Rhabdomantie Hos 4,12 Ez 21,26

extispicium Ez 21,26

Zeichendeuter מעונן

Necrom. אוב (Bauchredner: Python?)

Zauberei

מכשפים incantat Murmeln

אסף ש חבר Schlangenbändiger

עונים fascinans oculis

THE

OLD TESTAMENT

TRANSLATED

INTO

THE MALAYALIM LANGUAGE

FIRST PART

CONTAINING

THE FIVE BOOKS OF MOSES.

പഴയ നിയമം

മലയാള ഭാഷയിൽ

പരിഭാഷയാക്കപ്പെട്ടത.

ഒന്നാം പങ്ക

ഇതിൽ

മൊശെയുടെ അഞ്ച പുസ്തകങ്ങളും

അടങ്ങിയിരിക്കുന്നു.

COTTAYAM:

PRINTED AT THE CHURCH MISSION PRESS,

FOR THE MADRAS AUXILIARY BIBLE SOCIETY.

1839.

UNIV BIBL TÜBINGEN
Ga XXXIV 4

മൊശെ എഴുതിയ

ഒന്നാം പുസ്തകം.

൧ അദ്ധ്യായം.

൧. ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടി, ൨൬. ദൈവത്തിന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചത.—൨൯. ഭക്ഷണ നിയമം.

ആദിയിൽ ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചു.

൨ ഭൂമി രൂപമില്ലാത്തതും ഒഴിയപ്പെട്ടതും ആയിരുന്നു; ആഴത്തിന്റെ മുഖത്ത ഇരുളും (ആയിരുന്നു.) ദൈവത്തിന്റെ ആത്മാവ വെള്ളങ്ങളുടെ മുഖത്തിന്മെൽ ആവസിച്ചിരുന്നു.

൩ ¶ പ്രകാശം ഉണ്ടാകട്ടെ എന്ന ദൈവം പറഞ്ഞു: പ്രകാശവും ഉണ്ടായി.

൪. ദൈവം പ്രകാശത്തെ നല്ലത എന്ന കണ്ടു: ദൈവം പ്രകാശത്തെയും ഇരുളിനെയും വെർതിരിച്ചു.

൫ ദൈവം പ്രകാശത്തിന പകൽ എന്ന പെർ വിളിച്ചു, ഇരുളിന രാത്രി എന്നും പെർ വിളിച്ചു. സന്ധ്യയും ഉഷസ്സും ഉണ്ടായി ഒന്നാം ദിവസം.

൬ ¶ പിന്നെ ദൈവം വെള്ളങ്ങളുടെ നടുവിൽ തട്ട ഉണ്ടാകട്ടെ എന്നും, അത വെള്ളങ്ങളിൽനിന്ന വെള്ളങ്ങളെ വെർതിരിക്കട്ടെ എന്നും പറഞ്ഞു.

൭ തട്ടിനെയും ദൈവം ഉണ്ടാക്കീട്ട, തട്ടിന്റെ കീഴിലുള്ള വെള്ളങ്ങളെയും തട്ടിന്റെ മെലിലുള്ള വെള്ളങ്ങളെയും വെർതിരിച്ചു: അപ്രകാരവും ഉണ്ടായി.

൮ ദൈവം തട്ടിന ആകാശം എന്ന പെർ വിളിച്ചു. സന്ധ്യയും ഉഷസ്സും ഉണ്ടായി രണ്ടാം ദിവസം.

൯ ¶ പിന്നെ ദൈവം ആകാശത്തിന്റെ കീഴിലുള്ള വെള്ളങ്ങൾ ഒരു സ്ഥലത്ത കൂടട്ടെ എന്നും, ഉണങ്ങിയ (നിലം) കാണപ്പെടട്ടെ എന്നും പറഞ്ഞു: അപ്രകാരവും ഉണ്ടായി.

൰ ഉണങ്ങിയ (നിലത്തിന) ദൈവം ഭൂമി എന്ന പെർ വിളിച്ചു; വെള്ളങ്ങളുടെ കൂട്ടങ്ങൾക്ക സമുദ്രങ്ങൾ എന്നും പെർ വിളിച്ചു: നല്ലത എന്നും ദൈവം കണ്ടു.

൧൧ പിന്നെ ഭൂമി പുല്ലിനെയും, വിത്തുള്ള സസ്യത്തെയും, ഭൂമിയുടെ മെൽ അതാത വിധത്തിൽ വിത്തുള്ള ഫലത്തെ കായിക്കുന്ന ഫല വൃക്ഷത്തെയും മുളപ്പിക്കട്ടെ എന്ന ദൈവം പറഞ്ഞു: അപ്രകാരവും ഉണ്ടായി.

൧൨ ഭൂമിയും പുല്ലിനെയും, അതാത വിധത്തിൽ വിത്തുള്ള സസ്യത്തെയും, അതാത വിധത്തിൽ വിത്തുള്ള ഫലത്തെ കായിക്കുന്ന വൃക്ഷത്തെയും മുളപ്പിച്ചു: നല്ലത എന്നും ദൈവം കണ്ടു.

൧൩ സന്ധ്യയും ഉഷസ്സും ഉണ്ടായി മൂന്നാം ദിവസം.

൧൪ ¶ പിന്നെ പകലിനെയും രാവിനെയും വെർതിരിപ്പാനായിട്ട ആകാശത്തിന്റെ തട്ടിൽ വെളിച്ചങ്ങൾ ഉണ്ടാകട്ടെ എന്നും; അ

വ അടയാളങ്ങളായിട്ടും, കാലങ്ങളായിട്ടും, ദിവസങ്ങളായിട്ടും, സംവത്സരങ്ങളായിട്ടും ഇരിക്കട്ടെ എന്നും;

൧൫ ഭൂമിയെ പ്രകാശിപ്പിപ്പാൻ ആകാശത്തിന്റെ തട്ടിൽ അവ പ്രകാശങ്ങളാകട്ടെ എന്നും ദൈവം പറഞ്ഞു: അപ്രകാരവും ഉണ്ടായി.

൧൬ ദൈവം പകലിനെ വാഴെണ്ടുന്നതിന വെളിച്ചം അധികമായിട്ടും, രാവിനെ വാഴെണ്ടുന്നതിന വെളിച്ചം അല്പമായിട്ടും ഇരിക്കുന്ന രണ്ട വലിയ വെളിച്ചങ്ങളെ ഉണ്ടാക്കി: കൂടെ നക്ഷത്രങ്ങളെയും [ഉണ്ടാക്കി.]

൧൭ ഭൂമിയെ പ്രകാശിപ്പിപ്പാനായിട്ടും, പകലിനെയും രാവിനെയും വാഴുവാനായിട്ടും, വെളിച്ചത്തെയും ഇരുളിനെയും വെർതിരിപ്പാനായിട്ടും,

൧൮ ദൈവം അവയെ ആകാശത്തിന്റെ തട്ടിൽ നിർത്തി: നല്ലത എന്നും ദൈവം കണ്ടു.

൧൯. സന്ധ്യയും ഉഷസ്സും ഉണ്ടായി നാലാം ദിവസം.

൨൦ ¶ പിന്നെ ജീവനുള്ള ഇഴജാതിയെയും, ഭൂമിയുടെ മീതെ ആകാശത്തിലെ തട്ടിന്റെ മുഖത്ത പറക്കുവാൻ പക്ഷിയെയും വെള്ളങ്ങൾ അധികമായിട്ട ജനിപ്പിക്കട്ടെ എന്ന ദൈവം പറഞ്ഞു.

൨൧ വെള്ളങ്ങൾ അധികമായിട്ട ജനിപ്പിച്ചിട്ടുള്ള വലിയ തിമിംഗലങ്ങളെയും, അതാത വിധത്തിൽ സഞ്ചരിക്കുന്ന ജീവനുള്ളതിനെ ഒക്കെയും, അതാത വിധത്തിൽ ചിറകുള്ള പക്ഷിയെയും ദൈവം സൃഷ്ടിച്ചു: നല്ലത എന്നും ദൈവം കണ്ടു.

൨൨ നിങ്ങൾ വർദ്ധിച്ചു, പെരുകി, സമുദ്രങ്ങളിലുള്ള വെള്ളങ്ങളിൽ നിറവിൻ എന്നും, പക്ഷി ഭൂമിയിൽ വർദ്ധിക്കട്ടെ എന്നും ദൈവം പറഞ്ഞ, അവയെ അനുഗ്രഹിച്ചു.

൨൩ സന്ധ്യയും ഉഷസ്സും ഉണ്ടായി അഞ്ചാം ദിവസം.

൨൪ ¶ പിന്നെ ഭൂമി അതാത വിധത്തിൽ മൃഗവും ഇഴയുന്ന ജാതിയും കാട്ടുമൃഗവുമായ അതാതവിധത്തിലുള്ള ജീവജന്തുവിനെ പുറപ്പെടീക്കട്ടെ എന്ന ദൈവം പറഞ്ഞു: അപ്രകാരവും ഉണ്ടായി.

൨൫ അതാത വിധത്തിൽ കാട്ടുമൃഗത്തെയും, അതാത വിധത്തിൽ മൃഗത്തെയും, അതാത വിധത്തിൽ നിലത്ത ഇഴയുന്ന ജന്തുവിനെ ഒക്കെയും ദൈവം ഉണ്ടാക്കി: നല്ലത എന്നും ദൈവം കണ്ടു.

൨൬ ¶ പിന്നെ നാം നമ്മുടെ സാദൃശ്യത്തിൽ, നമ്മുടെ സ്വരൂപത്തിൻ പ്രകാരം മനുഷ്യനെ ഉണ്ടാക്ക എന്നും; അവക്ക സമുദ്രത്തിലുള്ള മത്സ്യത്തിന്മെലും, ആകാശത്തുള്ള പക്ഷിയിന്മെലും, മൃഗങ്ങളിന്മെലും, എല്ലാ ഭൂമിയിന്മെലും, ഭൂമിയിൽ ഇഴയുന്ന സകല ഇഴജന്തുവിന്മെലും അധികാരമുണ്ടാകട്ടെ എന്നും ദൈവം പറഞ്ഞു.

൨൭ ഇപ്രകാരം ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സാദൃശ്യത്തിൽ അവനെ സൃഷ്ടിച്ചു; ആണും പെണ്ണുമായും അവരെ സൃഷ്ടിച്ചു.

൨൮ പിന്നെ ദൈവം അവരെ അനുഗ്രഹിച്ചു, നിങ്ങൾ വർദ്ധിച്ചു പെരുകി, ഭൂമിയിൽ നിറഞ്ഞിട്ട, അതിനെ അടക്കി, സമുദ്രത്തിലുള്ള മത്സ്യത്തിന്മെലും, ആകാശത്തിലുള്ള പക്ഷിയിന്മെലും, ഭൂമിയിൽ ഇഴ

യുന്ന സകല ജീവജന്തുവിന്നെല്ലും അധികാരമുണ്ടാകുവിൻ എന്ന അവരൊട പറഞ്ഞു.

൨൯ ¶ ഭൂമിയിൽ ഒക്കെയും വിത്തുണ്ടാകുന്ന പുല്ലിനെയും, വൃക്ഷത്തിന്റെ വിത്തുള്ള ഫലം ഉണ്ടാകുന്ന വൃക്ഷത്തെ ഒക്കെയും, ഇതാ, നിങ്ങൾക്ക ഞാൻ തന്നിരിക്കുന്നു; ഇത നിങ്ങൾക്ക ഭക്ഷണം ആകുമെന്ന ദൈവം പറഞ്ഞു.

൩൦ ഭൂമിയിലുള്ള എല്ലാ മൃഗത്തിനും, ആകാശത്തുള്ള എല്ലാ പക്ഷിക്കും, ഭൂമിയിൽ ഇഴയുന്ന ജീവനുള്ള എല്ലാററിനും എല്ലാ പച്ച പുല്ലും ഭക്ഷണം ആകും: അപ്രകാരവും ഉണ്ടായി.

൩൧ ദൈവം താൻ ഉണ്ടാക്കിയതിനെ ഒക്കെയും കണ്ടു, ഇതാ, എററവും നല്ലത [ആയിരുന്നു.] സന്ധ്യയും ഉഷസ്സും ഉണ്ടായി ആറാം ദിവസം.

൨ അദ്ധ്യായം

൧ ആദ്യ ശാബത ദിവസം.—൮ എദനിലെ തൊട്ടം—൧൭ അറിവിന്റെ വൃക്ഷം.—൧൯ ജന്തുക്കൾക്ക പെർ ഇടപ്പെട്ടത.—൨൧ സ്ത്രീ നിൎമ്മിക്കപ്പെട്ടതും, വിവാഹം നിയമിക്കപ്പെട്ടതും,

ഈ പ്രകാരം ആകാശങ്ങളും ഭൂമിയും, അവയിലുള്ള സൈന്യം ഒക്കെയും തികഞ്ഞു.

൨ ദൈവം താൻ ഉണ്ടാക്കീട്ടുള്ള പ്രവൃത്തിയെ ഒക്കെയും എഴാം ദിവസത്തിൽ തീൎത്തു; താൻ ഉണ്ടാക്കിയിരുന്ന എല്ലാ പ്രവൃത്തിയിൽനിന്നും എഴാം ദിവസത്തിൽ സ്വസ്ഥമായിരുന്നു.

൩ ദൈവം എഴാം ദിവസത്തെ അനുഗ്രഹിച്ചു, അതിനെ ശുദ്ധീകരിച്ചു: എന്തകൊണ്ടെന്നാൽ ദൈവം താൻ സൃഷ്ടിച്ചിട്ടും ഉണ്ടാക്കീട്ടും ഉള്ള എല്ലാ പ്രവൃത്തിയിൽനിന്നും അതിൽ സ്വസ്ഥമായിരുന്നു.

൪ ¶ ഇവ ആകാശവും ഭൂമിയും സൃഷ്ടിക്കപ്പെട്ടതിന്റെ ഉല്പത്തികൾ (ആകുന്നു;) യഹൊവായായ ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച നാളിൽ ഭൂമിയുടെ വൃക്ഷം ഒക്കെയും നിലത്തിൽ ഉണ്ടായതിന മുമ്പെയും, ഭൂമിയുടെ പുല്ലൊക്കെയും വളൎന്നതിന മുമ്പെയും തന്നെ.

൫ എന്തകൊണ്ടെന്നാൽ യഹൊവായായ ദൈവം ഭൂമിയിൽ മഴ പെയ്യിച്ചിരുന്നില്ല: നിലത്ത വെല ചെയ്വാൻ മനുഷ്യൻ ഉണ്ടായിരുന്നതുമില്ല.

൬ എന്നാൽ ഭൂമിയിൽനിന്ന മഞ്ഞ ഉണ്ടായി, നിലത്തെ ഒക്കെയും നനച്ചിരുന്നു.

൭ യഹൊവായായ ദൈവം നിലത്തിലുള്ള മണ്ണ (കൊണ്ട) മനുഷ്യനെ നിൎമ്മിച്ചിട്ട, അവനുള്ള മൂക്കിന്റെ ദ്വാരങ്ങളിൽ ജീവന്റെ ശ്വാസത്തെ ഊതി; ഇപ്രകാരം മനുഷ്യൻ ജീവാത്മാവായി.

൮ ¶ വിശെഷിച്ചും യഹൊവായായ ദൈവം കിഴക്ക എദനിൽ ഒരു തൊട്ടത്തെ ഉണ്ടാക്കീട്ട, താൻ നിൎമ്മിച്ചിട്ടുള്ള മനുഷ്യനെ അവിടെ ആക്കി.

൯ കാഴ്ചെക്ക ഭംഗിയുള്ളതായും ഭക്ഷണത്തിന നല്ലതായും ഉള്ള വൃക്ഷത്തെ ഒക്കെയും, തൊട്ടത്തിന്റെ നടുവിൽ ജീവന്റെ വൃക്ഷത്തെയും, ഗുണദൊഷങ്ങളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തെയും യഹൊവായായ ദൈവം നിലത്തിൽനിന്ന മുളപ്പിച്ചു.

൧൦ തൊട്ടത്തെ നനെപ്പാനായിട്ട ഒരു ആറ എദനിൽനിന്ന പുറ

പ്പെട്ടു; അത അവിടെനിന്ന നാല
തലയായി വെർതിരിഞ്ഞു.
൧൧ ഒന്നാമത്തെതിന്റെ പെർ
പീശൊൻ: അത ഹവിലാ എന്ന
നാട്ടിനെ ഒക്കെയും ചുററുന്നത
(ആകുന്നു;) അവിടെ പൊൻ (ഉ
ണ്ട;)
൧൨ ആ നാട്ടിലുള്ള പൊന്ന ന
ല്ലത (ആകുന്നു:) അവിടെ വൈര
വും ഗൊമെദകക്കല്ലും (ഉണ്ട.)
൧൩ രണ്ടാം ആററിന്റെപെർ ഗീ
ഹൊൻ: അത കൂശ എന്ന നാട്ടിനെ
ഒക്കെയും ചുററുന്നത (ആകുന്നു.)
൧൪ മൂന്നാം ആററിന്റെ പെർ
ഹിദക്കൽ: അത അശ്ശൂറിന കി
ഴക്കൊട്ട പൊകുന്നത (ആകുന്നു.)
നാലാം ആറ ഫറാത്ത (ആകുന്നു.)
൧൫ യഹൊവായായ ദൈവം
മനുഷ്യനെ കൂട്ടി കൊണ്ടുപൊയി,
എദനിലെ തൊട്ടത്തിൽ വെലചെ
യ്യാനും അതിനെ കാപ്പാനും അവ
നെ അതിൽ ആക്കി.
൧൬ യഹൊവായായ ദൈവം മ
നുഷ്യനൊട കല്പിച്ചത എന്തെന്നാ
ൽ, തൊട്ടത്തിലുള്ള എല്ലാ വൃക്ഷങ്ങ
ളിൽനിന്നും നിനക്ക നന്നായി ഭ
ക്ഷിക്കാം.
൧൭ എന്നാൽ ഗുണദൊഷങ്ങ
ളെ കുറിച്ചുള്ള അറിവിന്റെ വൃ
ക്ഷത്തിൽനിന്നൊ, ഇതിൽനിന്ന
നീ ഭക്ഷിക്കരുത: അത എന്തുകൊ
ണ്ടെന്നാൽ നീ അതിൽനിന്ന ഭ
ക്ഷിക്കുന്ന നാളിൽ നീ മരിക്കും
നിശ്ചയം.
൧൮ ¶ പിന്നെയും യഹൊവാ
യായ ദൈവം പറഞ്ഞു, മനുഷ്യ
ൻ എകനായിരിക്കുന്നത നന്നല്ല;
ഞാൻ അവന്നായിട്ട ഒരു സഹാ
യം ഉണ്ടാക്കും.
൧൯ യഹൊവായായ ദൈവം
ഭൂമിയിലുള്ള സകല മൃഗത്തെയും,
ആകാശത്തുള്ള സകല പക്ഷിയെ
യും നിലത്തിൽനിന്ന ഉണ്ടാക്കീട്ട,
ആദാം അവക്ക എന്ത പെർ വി
ളിക്കുമെന്ന കാണ്മാനായിട്ട [അവ
റെ] അവന്റെ മുമ്പിൽ വരുത്തി;
എല്ലാ ജീവജന്തുവിനും ആദാം വി
ളിച്ചിട്ടുള്ളത അവക്ക പെരായി.
൨൦ ആദാം എല്ലാ മൃഗത്തിനും,
ആകാശത്തുള്ള പക്ഷിക്കും, കാട്ടുമൃ
ഗത്തിനൊക്കെയും പെരുകൾ ഇ
ട്ടു; എങ്കിലും ആദാമെന്നവന ത
ക്ക ഒരു സഹായം കണ്ടുകിട്ടിയില്ല.
൨൧ പിന്നെ യഹൊവായായ
ദൈവം ആദാമിന നല്ല ഉറക്കം വ
രുത്തി, അവൻ ഉറങ്ങി: അപ്പൊ
ൾ അവന്റെ വാരിയെല്ലുകളിൽ
നിന്ന ഒന്നിനെ അവൻ എടുത്തി
ട്ട, അതിന പകരം മാംസത്തെ പി
ടിപ്പിച്ചു.
൨൨ യഹൊവായായ ദൈവം മ
നുഷ്യനിൽനിന്ന എടുത്തിട്ടുള്ള വാ
രിയെല്ലിനെ അവൻ ഒരു സ്ത്രീയാ
ക്കി, അവളെ മനുഷ്യന്റെ അടു
ക്കൽ വരുത്തി.
൨൩ അപ്പൊൾ ആദാം പറഞ്ഞു,
ഇപ്രകാരം ഇപ്പൊൾ എന്റെ അ
സ്ഥിയിൽനിന്ന അസ്ഥിയും, എ
ന്റെ മാംസത്തിൽനിന്ന മാംസ
വും ഉണ്ടായി: ഇവൾ മനുഷ്യനി
ൽനിന്ന എടുക്കപ്പെട്ടുകകൊണ്ട മാ
നുഷി എന്ന വിളിക്കപ്പെടും.
൨൪ അതുകൊണ്ട മനുഷ്യൻ ത
ന്റെ പിതാവിനെയും തന്റെ മാ
താവിനെയും വിട്ട പിരിഞ്ഞ, ത
ന്റെ ഭാൎയ്യയൊട ചെൎന്നിരിക്കും;
അവരും ഒരു ജഡമായിതീരും.
൨൫ മനുഷ്യനും അവന്റെ ഭാൎയ്യ
യും ഇരുപെരും നഗ്നന്മാരായും,
നാണമില്ലാതെയും ഇരുന്നു.

൩ അദ്ധ്യായം.

൧ സൎപ്പം ഹവയെ വഞ്ചിക്കുന്നത.—൬ മനുഷ്യന്റെ പതനം.—൧൫ വാഗ്ദത്തം ചെയ്യപ്പെട്ട സന്തതി.—൧൬ മനുഷ്യജാതിക്കുള്ള ശിക്ഷ.—൨൨. അവർ പറദീസായിൽനിന്ന അയക്കപ്പെട്ടത.

യഹൊവായായ ദൈവം ഉണ്ടാക്കീട്ടുള്ള എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പ അധികം കൌശലമുള്ളതായിരുന്നു. അവൻ സ്ത്രീയൊട പറഞ്ഞു, തൊട്ടത്തിലുള്ള സകല വൃക്ഷത്തിൽനിന്നും നിങ്ങൾ ഭക്ഷിക്കരുതെന്ന ദൈവം പരമാൎത്ഥമായി അരുളിചെയ്തിട്ടുണ്ടൊ?

൨ അപ്പൊൾ സ്ത്രീ പാമ്പിനൊട പറഞ്ഞു, തൊട്ടത്തിലുള്ള വൃക്ഷങ്ങളുടെ ഫലത്തെ ഞങ്ങൾക്ക ഭക്ഷിക്കാം.

൩ എന്നാൽ തൊട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലത്തിൽനിന്ന, നിങ്ങൾ മരിക്കാതെ ഇരിപ്പാനായിട്ട, അതിൽനിന്ന ഭക്ഷിക്കരുത, അതിനെ തൊടുകയും അരുത എന്ന ദൈവം അരുളിചെയ്തിട്ടുണ്ട.

൪ എന്നാറെ പാമ്പ സ്ത്രീയൊട പറഞ്ഞു, നിങ്ങൾ മരിക്കയില്ല നിശ്ചയം;

൫ എന്തുകൊണ്ടെന്നാൽ നിങ്ങൾ അതിൽനിന്ന ഭക്ഷിക്കുന്ന നാളിൽ നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെടും എന്നും, നിങ്ങൾ ദൈവങ്ങൾ എന്നപൊലെ ഇരുന്ന, ഗുണദൊഷങ്ങളെ അറിയുന്നവരാകും എന്നും ദൈവം അറിയുന്നു.

൬ ആ വൃക്ഷം ആഹാരത്തിന നല്ലതെന്നും, കാഴ്ചെക്ക ഭംഗിയുള്ളത എന്നും, ബുദ്ധിയുണ്ടാക്കുവാൻ ആഗ്രഹിക്കതക്ക വൃക്ഷം എന്നും സ്ത്രീ കണ്ടപ്പൊൾ, അവൾ അതിന്റെ ഫലത്തിൽനിന്ന എടുത്ത ഭക്ഷിച്ചു, അവളൊട കൂടെ അവളുടെ ഭൎത്താവിനും കൊടുത്തു; അവനും ഭക്ഷിച്ചു.

൭ അപ്പൊൾ അവരുടെ ഇരുപെരുടെയും കണ്ണുകൾ തുറന്നു; അവർ നഗ്നന്മാരെന്ന അറിഞ്ഞു, അത്തി ഇലകളെ കൂട്ടി തുന്നി, തങ്ങൾക്ക ഉടുപ്പുകളെ ഉണ്ടാക്കി.

൮ പിന്നെ പകൽ കുളിരുള്ള സമയത്ത തൊട്ടത്തിൽ സഞ്ചരിക്കുന്ന യഹൊവായായ ദൈവത്തിന്റെ ശബ്ദത്തെ അവർ കെട്ടു: ആദാമും അവന്റെ ഭാൎയ്യയും യഹൊവായായ ദൈവത്തിന്റെ സന്നിധിയിൽനിന്ന തൊട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു.

൯ അപ്പൊൾ യഹൊവായായ ദൈവം ആദാമിനെ വിളിച്ചു, നീ എവിടെ? എന്ന അവനൊട പറഞ്ഞു.

൧൦ തൊട്ടത്തിൽ നിന്റെ ശബ്ദത്തെ ഞാൻ കെട്ടിട്ട, ഞാൻ നഗ്നനാകകൊണ്ട, ഞാൻ ഭയപ്പെട്ട, ഞാൻ ഒളിച്ചു എന്ന അവൻ പറഞ്ഞു.

൧൧ അപ്പൊൾ അവൻ പറഞ്ഞു, നീ നഗ്നനെന്ന നിന്നൊട ആര പറഞ്ഞു? ഭക്ഷിക്കരുതെന്ന ഞാൻ നിന്നൊട കല്പിച്ചിട്ടുള്ള വൃക്ഷത്തിൽനിന്ന നീ ഭക്ഷിച്ചിട്ടുണ്ടൊ?

൧൨. എന്നാറെ നീ എന്നൊട കൂടെ (ഇരിപ്പാൻ) തന്നിട്ടുള്ള സ്ത്രീയായവൾ വൃക്ഷത്തിൽനിന്ന എനിക്ക തന്നു, ഞാൻ ഭക്ഷിക്കയും ചെയ്തു എന്ന മനുഷ്യൻ പറഞ്ഞു.

൧൩ അപ്പൊൾ യഹൊവായായ ദൈവം സ്ത്രീയൊട, നീ ചെയ്തിട്ടുള്ള ഇത എന്ത? എന്ന പറഞ്ഞു. പാമ്പ എന്നെ വഞ്ചിച്ചു, ഞാൻതിന്നുപൊയി എന്നും സ്ത്രീ പറഞ്ഞു.

൧൪ ¶ പിന്നെ യഹൊവായായ
ദൈവം പാമ്പിനൊട പറഞ്ഞു, നീ
ഇതിനെ ചെയ്യുകൊണ്ട നീ എ
ല്ലാ മൃഗങ്ങളെക്കാളും, എല്ലാ കാട്ടുമൃ
ഗങ്ങളെക്കാളും എററവും ശപിക്ക
പ്പെട്ടിരിക്കുന്നു; നീ ഉരസ്സു കൊ
ണ്ട നടന്ന, നിന്റെ ആയുസ്സുള്ള
നാൾ എല്ലാം പൊടി തിന്നും.
൧൫ നിനക്കും സ്ത്രീക്കും, നി
ന്റെ സന്തതിക്കും അവളുടെ സ
ന്തതിക്കും ശത്രുതയെ ഞാൻ ഉ
ണ്ടാക്കും; അത നിന്റെ തലയെ
ചതെക്കും, നീ അതിന്റെ കുതികാ
ലിനെ ചതെക്കും.
൧൬ സ്ത്രീയൊട അവൻ പറ
ഞ്ഞു, ഞാൻ നിനക്ക ദുഃഖത്തെ
യും, നിനക്ക ഗൎഭധാരണത്തെയും
എററവും വൎദ്ധിപ്പിക്കും; നീ ദുഃഖ
ത്തൊടെ പൈതങ്ങളെ പ്രസവി
ക്കും; നിന്റെ ഭൎത്താവൊട നിന
ക്ക ആഗ്രഹം (ഉണ്ടാകും,) അവൻ
നിനക്ക കൎത്താവ ആകയും ചെയ്യും.
൧൭ പിന്നെ അവൻ ആദാമി
നൊട പറഞ്ഞു, നിന്റെ ഭാൎയ്യയു
ടെ ശബ്ദത്തെ അനുസരിക്കയും,
അതിൽനിന്ന നീ ഭക്ഷിക്കരുതെ
ന്ന ഞാൻ നിന്നൊട കല്പിച്ചിട്ടുള്ള
വൃക്ഷത്തിൽനിന്ന നീ ഭക്ഷിക്ക
യും ചെയ്യുകൊണ്ട, നിന്റെ നി
മിത്തം ഭൂമി ശപിക്കപ്പെടുന്നു: നി
ന്റെ ആയുസ്സുള്ള നാൾ എല്ലാം ദുഃ
ഖത്തൊടെ അതിൽനിന്ന നീ ഭ
ക്ഷിക്കും;
൧൮ അത നിനക്ക മുള്ളുകളെയും
പറക്കാരകളെയും മുളപ്പിക്കും; നി
ലത്തുള്ള സസ്യത്തെ നീ ഭക്ഷി
ക്കും;
൧൯ നീ നിലത്തനിന്ന എടുക്ക
പ്പെട്ടതുകൊണ്ട അതിൽ തിരികെ
ചെരുവൊളം, നിന്റെ മുഖത്തെ
വിയൎപ്പൊട കൂടെ നീ അപ്പം ഭ
ക്ഷിക്കും: എന്തുകൊണ്ടെന്നാൽ നീ
പൊടി (ആകുന്നു,) നീ പൊടിയി
ൽ തിരികെ ചെരുകയും ചെയ്യും.
൨൦ ആദാം തന്റെ ഭാൎയ്യക്കു ഹ
വ എന്ന പെർ വിളിച്ചു; എന്തു
കൊണ്ടെന്നാൽ അവൾ ജീവനു
ള്ള എല്ലാവരുടെയും മാതാവായി.
൨൧ യഹൊവായായ ദൈവം
ആദാമിനും അവന്റെ ഭാൎയ്യെക്കും
തൊൽകൊണ്ടുള്ള കുപ്പായങ്ങളെ ഉ
ണ്ടാക്കി, അവരെ ഉടുപ്പിച്ചു.
൨൨ ¶ കണ്ടാലും, മനുഷ്യൻ ഗുണ
ദൊഷങ്ങളെ അറിവാൻ നമ്മിൽ
ഒരുത്തനെ പൊലെ ആയി തീൎന്നു
എന്നും യഹൊവായായ ദൈവം
പറഞ്ഞു: ഇപ്പൊൾ അവൻ ത
ന്റെ കൈ നീട്ടാതെയും, ജീവ
ന്റെ വൃക്ഷത്തിൽനിന്നും പറിച്ചു
ഭക്ഷിക്കാതെയും, എന്നെക്കും ജീ
വിക്കാതെയും ഇരിപ്പാനായിട്ട,
൨൩ അവൻ എടുക്കപ്പെട്ടിട്ടുള്ള
നിലത്ത കൃഷിചെയ്വാൻ എദനെ
ന്ന തൊട്ടത്തിൽനിന്ന അവനെ
യഹൊവായായ ദൈവം പുറ
ത്താക്കി.
൨൪ ഇപ്രകാരം അവൻ മനു
ഷ്യനെ ആട്ടിക്കളഞ്ഞു; ജീവന്റെ
വൃക്ഷത്തിന്റെ വഴിയെ കാപ്പാ
നായിട്ട അവൻ എദനെന്ന തൊ
ട്ടത്തിന കിഴക്ക ഖെറുബുകളെയും,
എല്ലാടവും തിരിഞ്ഞ മിന്നുന്ന വാ
ളിനെയും സ്ഥാപിച്ചു.

൪ അദ്ധ്യായം.

൧ കയിന്റെയും ഹബെലിന്റെയും ജനനം. —൮ ഹബെൽ കൊല്ലപ്പെട്ടത. —൧൧ കയിനുള്ള ശാപം. —൧൯ ലാമെക്കും അവന്റെ രണ്ടു ഭാൎയ്യമാരും.

പിന്നെ ആദാം തന്റെ ഭാൎയ്യ
യായ ഹവയെ അറിഞ്ഞു; അവ

ൾ ഗൎഭം ധരിച്ചു, കയിനെ പ്രസ
വിച്ചു; യഹൊവായിൽനിന്ന പു
രുഷനെ ഇനിക്ക ലഭിച്ചു എന്നും
പറഞ്ഞു.
൨ പിന്നെ അവൾ അവന്റെ
അനുജനായ ഹബെലിനെ പ്ര
സവിച്ചു. ഹബെൽ ആടുകളെ മെ
യിക്കുന്നവനും, കയിൻ നിലത്ത
കൃഷി ചെയ്യുന്നവനും ആയി.
൩ പിന്നെ കുറെ കാലം കഴി
ഞ്ഞാറെ ഉണ്ടായത എന്തെന്നാൽ,
കയിൻ നിലത്തിൽ ഉണ്ടായ ഫല
ത്തിൽനിന്ന യഹൊവായ്ക്കു കാഴ്ച
യെ കൊണ്ടുവന്നു.
൪ ഹബെൽ കൂടെയും ആട്ടിൻ കൂ
ട്ടത്തിലുള്ള കടിഞ്ഞൂൽ കുട്ടികളിൽ
നിന്നും, അതിലുള്ള മെദസ്സിൽനി
ന്നും കൊണ്ടുവന്നു. യഹൊവാ
ഹബെലിലും അവന്റെ കാഴ്ചയി
ലും ആദരിച്ചു;
൫ കയിനിലും അവന്റെ കാ
ഴ്ചയിലും ആദരിച്ചില്ല താനും. അ
പ്പൊൾ കയിന എറ്റവും കൊപ
മുണ്ടായി, അവന്റെ മുഖം ക്ഷീ
ണിച്ചു.
൬ എന്നാറെ യഹൊവാ കയി
നൊട പറഞ്ഞു, എന്തിന നിനക്ക
കൊപമുണ്ടാകുന്നു? എന്തിന നി
ന്റെ മുഖം ക്ഷീണിക്കുന്നു?
൭ നീ നല്ലവണ്ണം ചെയ്യുന്നു എ
ങ്കിൽ ഗുണമുണ്ടാകയില്ലയൊ? നീ
നല്ലവണ്ണം ചെയ്യുന്നില്ല എങ്കിൽ
പാപം വാതുക്കൽ കിടക്കുന്നു. നി
ന്നൊട അവന ആഗ്രഹം [ഉണ്ടാ
കും,] അവനെ നീ ഭരിക്കയും ചെ
യ്യും.
൮ എന്നാറെ കയിൻ തന്റെ അ
നുജനായ ഹബെലിനൊട സം
സാരിച്ചു: ഉണ്ടായത എന്തെന്നാ
ൽ, ഇവർ പറമ്പിൽ ആയപ്പൊൾ
കയിൻ തന്റെ അനുജനായ ഹ
ബെലിന വിരൊധമായി എഴുനീ
റ്റു, അവനെ കൊന്നു.
൯ ¶ പിന്നെ യഹൊവാ കയി
നൊട പറഞ്ഞു, നിന്റെ അനുജ
നായ ഹബെൽ എവിടെ? ഞാൻ
അറിയുന്നില്ല എന്നും, എന്റെ അ
നുജന്റെ കാവൽക്കാരൻ ഞാനൊ
എന്നും അവൻ പറഞ്ഞു.
൧൦ പിന്നെ അവൻ പറഞ്ഞു,
നീ എന്ത ചെയ്തു? നിന്റെ അനു
ജന്റെ രക്തത്തിന്റെ ശബ്ദം നി
ലത്തനിന്ന എന്നൊട നിലവിളി
ക്കുന്നു.
൧൧ ഇപ്പൊഴും നിന്റെ അനുജ
ന്റെ രക്തത്തെ നിന്റെ കയ്യിൽ
നിന്ന കൈക്കൊൾവാൻ തന്റെ
വായ തുറന്ന ഭൂമിയിൽനിന്ന നീ
ശപിക്കപ്പെട്ടവൻ [ആകുന്നു;]
൧൨ നീ നിലത്ത കൃഷി ചെയ്യു
മ്പൊൾ, അത ഇനിമെലാൽ അ
തിന്റെ ശക്തിയെ നിനക്ക തരി
കയില്ല; നീ ഭൂമിയിൽ ഉഴലുന്നവ
നും അലയുന്നവനും ആകും.
൧൩ അപ്പൊൾ കയിൻ യഹൊ
വായൊട പറഞ്ഞു, എന്റെ അകൃ
ത്യം ക്ഷമിക്കപ്പെടുവാൻ കഴിയുന്ന
തിനെക്കാൾ വലിയത [ആകുന്നു.]
൧൪ ഇതാ, ഭൂമിയുടെ മുഖത്തനി
ന്ന നീ ഇന്ന എന്നെ ആട്ടിക്കള
ഞ്ഞു; നിന്റെ മുമ്പിൽനിന്ന ഞാ
ൻ ഒളിച്ചു, ഭൂമിയിൽ ഉഴലുന്നവ
നും അലയുന്നവനും ആകും: പി
ന്നെ ഇപ്രകാരം ഉണ്ടാകും; യാ
തൊരുത്തനെങ്കിലും എന്നെ കണ്ടാ
ൽ, അവൻ എന്നെ കൊല്ലും.
൧൫ അപ്പൊൾ യഹൊവാ അ
വനൊട, ആരെങ്കിലും കയിനെ
കൊന്നാൽ, അവനൊട എഴിരട്ടി
ച്ചു പകരം ചെയ്യപ്പെടും എന്ന പ

റഞ്ഞു. ആരെങ്കിലും കയിനെ കണ്ടാൽ, അവനെ കൊല്ലാതെ ഇരിപ്പാനായിട്ട യഹൊവാ അവനിൽ ഒരെ അടയാളം വെക്കയും ചെയ്തു.

൧൬ ¶ പിന്നെ കയിൻ യഹൊവായുടെ മുമ്പിൽനിന്ന പുറപ്പെട്ടിട്ട, എദെന്റെ കിഴക്കായ നൊദെന്ന നാട്ടിൽ പാൎത്തു.

൧൭ കയിൻ തന്റെ ഭാൎയ്യയെ അറിഞ്ഞു: അവൾ ഗൎഭം ധരിച്ചു, ഹനൊഖിനെ പ്രസവിച്ചു: എന്നാറെ അവൻ ഒരു പട്ടണത്തെ പണിത, തന്റെ പുത്രനായ ഹനൊഖിന്റെ പെരിൻ പ്രകാരം പട്ടണത്തിന പെർ വിളിച്ചു.

൧൮ ഹനൊഖിന യിറാദ ജനിച്ചു: യിറാദ മഹൂയഎലിനെ ജനിപ്പിച്ചു: മഹൂയഎൽ മതുശഎലിനെ ജനിപ്പിച്ചു: മതുശഎൽ ലാമെഖിനെ ജനിപ്പിച്ചു.

൧൯ ¶ ലാമെഖ തനിക്ക രണ്ട സ്ത്രീകളെ കൈക്കൊണ്ടു: ഒരുത്തിയുടെ പെർ ആദാഃ, മറ്റവളുടെ പെർ സില്ലാ.

൨൦ ആദാഃ യാബാലിനെ പ്രസവിച്ചു: അവൻ കൂടാരങ്ങളിൽ പാൎക്കുന്നവൎക്കും, മൃഗങ്ങളെ പാലിക്കുന്നവൎക്കും പിതാവായി.

൨൧ അവന്റെ സഹൊദരന്റെ പെർ യൂബാൽ: അവൻ വീണകളെയും കിന്നരങ്ങളെയും വായിക്കുന്ന എല്ലാവൎക്കും പിതാവായി.

൨൨ സില്ലാ എന്നവളും തുബൽകയിനെ പ്രസവിച്ചു: അവൻ ചെമ്പുകൊണ്ടും ഇരിമ്പുകൊണ്ടും പണി ചെയ്യുന്ന എല്ലാവരെയും അഭ്യസിപ്പിച്ചവനായി: തുബൽകയിന്റെ പെങ്ങൾ നാമ (ആയിരുന്നു.)

൨൩ ലാമെഖ തന്റെ ഭാൎയ്യമാരായ ആദായൊടും സില്ലായൊടും പറഞ്ഞു, അല്ലയൊ ലാമെഖിന്റെ ഭാൎയ്യമാരെ, എന്റെ ശബ്ദത്തെ കെട്ട, എന്റെ വാക്കിനെ ചെവിക്കൊൾവിൻ: എന്തുകൊണ്ടെന്നാൽ ഇനിക്ക മുറിവായിട്ട ഒരു മനുഷ്യനെയും, ഇനിക്ക ഉപദ്രവത്തിനായിട്ട ഒരു ബാലനെയും ഞാൻ കൊന്നു.

൨൪ കയിന എഴിരട്ടിച്ച പകരം ചെയ്യപ്പെട്ടുമെങ്കിൽ, ലാമെഖിന എഴുപത്ത എഴിരട്ടിച്ച നിശ്ചയം.

൨൫ ¶ ആദാം തന്റെ ഭാൎയ്യയെ പിന്നെയും അറിഞ്ഞു; അവൾ ഒരു പുത്രനെ പ്രസവിച്ചു, അവന ശെത എന്ന പെർ വിളിച്ചു: എന്തുകൊണ്ടെന്നാൽ കയിൻ കൊന്നിട്ടുള്ള ഹബെലിന പകരം മറ്റ സന്തതിയെ ദൈവം ഇനിക്ക തന്നു, [എന്ന അവൾ പറഞ്ഞു.]

൨൬. പിന്നെ ശെതിനും ഒരു പുത്രൻ ജനിച്ചു; അവൻ അവന എനൊസ്സ എന്ന പെർ വിളിച്ചു: ജനങ്ങൾ യഹൊവായുടെ നാമത്തിൽ വന്ദിപ്പാൻ അപ്പൊൾ തുടങ്ങി.

൫ അദ്ധ്യായം.

൧ ആദാം മുതൽ നൊഹ വരെയുള്ള പൂൎവ്വന്മാരുടെ ജന്മപാരമ്പൎയ്യവും, വയസ്സും, മരണവും.—൨൪ ഹനൊഖിന്റെ ഭക്തിയും സ്വൎഗ്ഗപ്രാപ്തിയും.

ആദാമിന്റെ പാരമ്പൎയ്യത്തിന്റെ വിവരം ഇത [ആകുന്നു.] ദൈവം മനുഷ്യനെ സൃഷ്ടിച്ച നാളിൽ ദൈവത്തിന്റെ ഛായയായി അവനെ ഉണ്ടാക്കി;

൨ ആണും പെണ്ണുമായും അവരെ സൃഷ്ടിച്ചു: അവരെ അനുഗ്രഹിക്കയും, അവർ സൃഷ്ടിക്കപ്പെട്ട നാളിൽ അവൎക്ക ആദാമെന്ന പെർ വിളിക്കയും ചെയ്തു.

൩ ആദാം നൂററ മുപ്പത സംവ
ത്സരം ജീവിച്ചാറെ, തന്റെ സ്വരൂ
പം പൊലെ തനിക്ക സദൃശനായ
(ഒരു പുത്രനെ) ജനിപ്പിച്ചു; അവ
ന ശെത്തെന്നും പെർ വിളിച്ചു.
൪ ശെതിനെ ജനിപ്പിച്ചതിന്റെ
ശെഷം ആദാമിന്റെ നാളുകൾ
എണ്ണൂറ സംവത്സരമായി: അവ
ൻ പുത്രന്മാരെയും, പുത്രിമാരെയും
ജനിപ്പിച്ചു.
൫ എന്നാൽ ആദാം ജീവിച്ചിരു
ന്ന നാൾ എല്ലാം തൊള്ളായിരത്ത
മുപ്പത സംവത്സരമായി: അപ്പൊ
ൾ അവൻ മരിച്ചു.
൬ പിന്നെ ശെത നൂററഞ്ച സം
വത്സരം ജീവിച്ചാറെ, എനൊസി
നെ ജനിപ്പിച്ചു.
൭ എനൊസിനെ ജനിപ്പിച്ചതി
ന്റെ ശെഷം ശെത എണ്ണൂററെ
ഴ സംവത്സരം ജീവിച്ചു, പുത്രന്മാ
രെയും പുത്രിമാരെയും ജനിപ്പിച്ചു.
൮ എന്നാൽ ശെതിന്റെ ദിവ
സങ്ങൾ എല്ലാം തൊള്ളായിരത്ത
പന്ത്രണ്ട സംവത്സരമായി: അവ
നും മരിച്ചു.
൯ പിന്നെ എനൊസ തൊണ്ണൂ
റ സംവത്സരം ജീവിച്ചാറെ, കയി
നാനെ ജനിപ്പിച്ചു.
൧൦ കയിനാനെ ജനിപ്പിച്ചതി
ന്റെ ശെഷം എനൊസ എണ്ണൂ
ററി പതിനഞ്ച സംവത്സരം ജീവി
ച്ചു, പുത്രന്മാരെയും പുത്രിമാരെയും
ജനിപ്പിച്ചു.
൧൧ എന്നാൽ എനൊസിന്റെ
ദിവസങ്ങൾ എല്ലാം തൊള്ളായിര
ത്ത അഞ്ച സംവത്സരമായി; അ
വനും മരിച്ചു.
൧൨ പിന്നെ കയിനാൻ എഴുപ
ത സംവത്സരം ജീവിച്ചാറെ, മഹ
ലലെലിനെ ജനിപ്പിച്ചു.
൧൩ മഹലലെലിനെ ജനിപ്പി
ച്ചതിന്റെ ശെഷം കയിനാൻ എ
ണ്ണൂററ നാല്പത സംവത്സരം ജീവി
ച്ചു, പുത്രന്മാരെയും പുത്രിമാരെയും
ജനിപ്പിച്ചു.
൧൪ എന്നാൽ കയിനാന്റെ ദി
വസങ്ങൾ എല്ലാം തൊള്ളായിര
ത്ത പത്ത സംവത്സരമായി; അ
വനും മരിച്ചു.
൧൫ പിന്നെ മഹലലെൽ അറു
പത്ത അഞ്ച സംവത്സരം ജീവി
ച്ചാറെ, യാറദിനെ ജനിപ്പിച്ചു.
൧൬ യാറദിനെ ജനിപ്പിച്ചതി
ന്റെ ശെഷം മഹലലെൽ എണ്ണൂ
ററ മുപ്പത സംവത്സരം ജീവിച്ചു,
പുത്രന്മാരെയും പുത്രിമാരെയും ജ
നിപ്പിച്ചു.
൧൭ എന്നാൽ മഹലലെലിന്റെ
ദിവസങ്ങൾ എല്ലാം എണ്ണൂററി തൊ
ണ്ണൂററ അഞ്ച സംവത്സരമായി;
അവനും മരിച്ചു.
൧൮ പിന്നെ യാറദ നൂററ അറു
പത്ത രണ്ട സംവത്സരം ജീവിച്ചാ
റെ, ഹനൊഖിനെ ജനിപ്പിച്ചു.
൧൯ ഹനൊഖിനെ ജനിപ്പിച്ച
തിന്റെ ശെഷം യാറദ എണ്ണൂറ
സംവത്സരം ജീവിച്ചു, പുത്രന്മാരെ
യും പുത്രിമാരെയും ജനിപ്പിച്ചു.
൨൦ എന്നാൽ യാറദിന്റെ ദിവ
സങ്ങൾ എല്ലാം തൊള്ളായിരത്ത
അറുപത്ത രണ്ട സംവത്സരമായി;
അവനും മരിച്ചു.
൨൧ പിന്നെ ഹനൊഖ അറുപ
ത്ത അഞ്ച സംവത്സരം ജീവിച്ചാ
റെ, മത്തുശലഹിനെ ജനിപ്പിച്ചു.
൨൨ മത്തുശലഹിനെ ജനിപ്പി
ച്ചതിന്റെ ശെഷം ഹനൊഖ മു
ന്നൂറ സംവത്സരം ദൈവത്തൊട
കൂടെ നടന്നു, പുത്രന്മാരെയും പു
ത്രിമാരെയും ജനിപ്പിച്ചു.

൨൩ എന്നാൽ ഹനൊഖിന്റെ ദിവസങ്ങൾ എല്ലാം മുന്നൂറററുപത്ത അഞ്ച സംവത്സരമായി.

൨൪ വിശെഷിച്ച ഹനൊഖ ദൈവത്തൊട കൂടെ നടന്നു; അവനില്ലാതെയായി: എന്തകൊണ്ടെന്നാൽ ദൈവം അവനെ എടുത്തുകൊണ്ടു.

൨൫ പിന്നെ മത്തുശലഹ നൂറ്റെണ്പത്തെഴ സംവത്സരം ജീവിച്ചാറെ, ലമെഖിനെ ജനിപ്പിച്ചു.

൨൬ ലമെഖിനെ ജനിപ്പിച്ചതിന്റെ ശെഷം മത്തുശലഹ എഴനൂറ്റെണ്പത്തരണ്ട സംവത്സരം ജീവിച്ചു, പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.

൨൭ എന്നാൽ മത്തുശലഹിന്റെ ദിവസങ്ങൾ എല്ലാം തൊള്ളായിരത്ത അറുപത്തൊമ്പത സംവത്സരമായി: അവനും മരിച്ചു.

൨൮ പിന്നെ ലമെഖ നൂറ്റെണ്പത്തരണ്ട സംവത്സരം ജീവിച്ചാറെ, ഒരു പുത്രനെ ജനിപ്പിച്ചു.

൨൯ ഇവൻ, യഹൊവാ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവൃത്തിയിൽനിന്നും, നമ്മുടെ കൈകളുടെ പ്രയത്നത്തിൽനിന്നും നമ്മെ സുഖിപ്പിക്കുമെന്ന പറഞ്ഞ, അവൻ ഇവന നൊഹ എന്ന പെർ വിളിച്ചു.

൩൦ നൊഹയെ ജനിപ്പിച്ചതിന്റെ ശെഷം ലമെഖ അഞ്ഞൂറ്റിതൊണ്ണൂറ്റ അഞ്ച സംവത്സരം ജീവിച്ചു, പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.

൩൧ എന്നാൽ ലമെഖിന്റെ ദിവസങ്ങൾ എല്ലാം എഴനൂറ്റ എഴുപത്ത എഴ സംവത്സരമായി: അവനും മരിച്ചു.

൩൨ പിന്നെ നൊഹയ്ക്ക അഞ്ഞൂറ വയസ്സായാറെ നൊഹ ശെമിനെയും ഹാമിനെയും യാഫെത്തിനെയും ജനിപ്പിച്ചു.

൬ അദ്ധ്യായം.

൧ ജലപ്രളയത്തിന്റെ കാരണം, ലോകത്തിന്റെ ദുഷ്ടത എന്നത. — ൮ നൊഹയ്ക്ക കൃപ ലഭിച്ചത. — ൧൪ പെട്ടകത്തെ കുറിച്ചുള്ള കല്പനയും, മാതിരിയും, തീൎച്ചയും.

മനുഷ്യർ ഭൂമിയിൽ പെരുകി തുടങ്ങി, അവൎക്ക പുത്രിമാർ ജനിച്ചപ്പൊൾ ഉണ്ടായത എന്തെന്നാൽ,

൨ ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൌന്ദൎയ്യമുള്ളവരെന്ന കണ്ടിട്ട, തങ്ങൾ ഇഛ്ശിച്ചിട്ടുള്ള എല്ലാവരിൽനിന്നും ഭാൎയ്യമാരാക്കി എടുത്തു.

൩ പിന്നെ യഹൊവാ പറഞ്ഞു, മനുഷ്യനൊട എന്റെ ആത്മാവ എല്ലായ്പൊഴും വാദിച്ചിരിക്കയില്ല: എന്തകൊണ്ടെന്നാൽ അവൻ ജഡം തന്നെ ആകുന്നു: എങ്കിലും അവന്റെ ദിവസങ്ങൾ നൂറ്റിരുപത സംവത്സരമാകും.

൪ ആ നാളുകളിൽ ഭൂമിയിൽ മല്ലന്മാർ ഉണ്ടായിരുന്നു: അതിന്റെ ശെഷം അപ്രകാരം ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെന്ന, അവൎക്ക അവരിലും പുത്രന്മാർ ജനിച്ചു, ഇവർ തന്നെ മുമ്പെയുള്ള കാലത്ത ശക്തിയുള്ളവരായി, കീൎത്തിയുള്ള മനുഷ്യരായി (തീൎന്നു.)

൫ ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതായി എന്നും, അവന്റെ ഹൃദയത്തിലെ വിചാരങ്ങളുടെ ഭാവം ഒക്കെയും എല്ലായ്പൊഴും ദൊഷമുള്ളത തന്നെ എന്നും യഹൊവാ കണ്ടു.

൬ എന്നാറെ യഹൊവാ താൻ മനുഷ്യനെ ഭൂമിയിൽ ഉണ്ടാക്കു

കകൊണ്ട മനസ്സാപപ്പെട്ടു ; അത
അവന്റെ ഹൃദയത്തിന ദുഃഖമാ
യിരുന്നു.
൭ അപ്പൊൾ യഹൊവാ പറ
ഞ്ഞു, ഞാൻ സൃഷ്ടിച്ചിട്ടുള്ള മനു
ഷ്യനെ ഭൂമിയിൽനിന്ന നശിപ്പി
ച്ചു കളയും ; മനുഷ്യനെയും, മൃഗ
ത്തെയും, ഇഴയുന്ന ജാതിയെയും,
ആകാശത്തുള്ള പക്ഷികളെയും ത
ന്നെ; എന്തുകൊണ്ടെന്നാൽ ഞാൻ
അവയെ ഉണ്ടാക്കുകകൊണ്ട ഇ
നിക്ക മനസ്സാപമായിരിക്കുന്നു.
൮ എന്നാൽ നൊഹയ്ക്കു യഹൊ
വായുടെ കണ്ണുകളിൽ കൃപ ലഭിച്ചു.
൯ നൊഹയുടെ സന്തതികൾ
ഇവ (ആകുന്നു.) നൊഹ നീതി
യുള്ളവനും തന്റെ സന്തതികളി
ൽ ഉത്തമനുമായ മനുഷ്യനായി
രുന്നു ; നൊഹ ദൈവത്തൊട കൂ
ടെ നടന്നു.
൧൦ വിശെഷിച്ചും നൊഹ, ശെ
മും, ഹാമും, യാഫെത്തുമെന്ന മൂ
ന്ന പുത്രന്മാരെ ജനിപ്പിച്ചു.
൧൧ എന്നാൽ ഭൂമി ദൈവത്തി
ന്റെ മുമ്പിൽ വഷളാക്കപ്പെട്ടു ; ഭൂ
മി അതിക്രമം കൊണ്ടും നിറഞ്ഞു.
൧൨ പിന്നെ ദൈവം ഭൂമിയെ
നൊക്കി, ഇതാ വഷളാക്കപ്പെട്ടതാ
യിരുന്നു : അത എന്തെന്നാൽ സ
കല ജഡവും തന്റെ വഴിയെ ഭൂ
മിയിൽ വഷളാക്കിയിരുന്നു.
൧൩ ¶ അപ്പൊൾ ദൈവം നൊ
ഹയൊട പറഞ്ഞു, സകല ജഡ
ത്തിന്റെയും അവസാനം എ
ന്റെ മുമ്പിൽ വന്നിരിക്കുന്നു; എ
ന്തെന്നാൽ ഭൂമി അവരാൽ അതി
ക്രമം കൊണ്ട നിറയപ്പെട്ടിരിക്കു
ന്നു : കണ്ടാലും, ഞാൻ ഭൂമിയൊട
കൂടെ അവരെ നശിപ്പിക്കും.
൧൪ നീ ഗൊഫെരെന്ന മരം കൊ
ണ്ട നിനക്ക ഒരു പെട്ടകം ഉണ്ടാ
ക്കുക; പെട്ടകത്തിൽ മുറികളെയും
ഉണ്ടാക്കി, അകത്തും പുറത്തും അ
തിനെ കീൽ കൊണ്ട തെക്കെണം.
൧൫ ഇ പെട്ടകത്തിന്റെ നീളം മു
ന്നൂറ മുളവും, അതിന്റെ വീതി അ
മ്പത മുളവും, അതിന്റെ ഉയരം മു
പ്പത മുളവും, ഇപ്രകാരം നീ അ
തിനെ ഉണ്ടാക്കെണം.
൧൬ പെട്ടകത്തിന ഒരു കിളിവാ
തിലിനെ നീ ഉണ്ടാക്കെണം; മെലി
ൽനിന്ന ഒരു മുളത്തിൽ നീ അതി
നെ തീൎക്കെണം: പെട്ടകത്തിന്റെ
വാതിൽ അതിന്റെ ഭാഗത്ത നീ
വെക്കെണം. കീഴത്തെതും, രണ്ടാമ
ത്തെതും, മൂന്നാമത്തെതും (തട്ടുക
ളൊട) കൂടെ നീ അതിനെ ഉണ്ടാ
ക്കെണം.
൧൭ ആകാശത്തിൻ കീഴിൽനി
ന്ന ഞാൻ പ്രാണശ്വാസമുള്ള സ
ൎവ്വ ജഡത്തെയും നശിപ്പിപ്പാനാ
യിട്ട, കണ്ടാലും, ഞാൻ, ഞാൻ ത
ന്നെ, ഭൂമിയിൽ ജലപ്രളയത്തെ
വരുത്തുന്നു ; ഭൂമിയിലുള്ളത ഒക്കെ
യും നശിച്ചുപൊകും.
൧൮ എങ്കിലും ഞാൻ നിന്നൊട
കൂടെ എന്റെ നിയമത്തെ സ്ഥിര
മാക്കും : നീയും, നിന്നൊട കൂടെ
നിന്റെ പുത്രന്മാരും, നിന്റെ ഭാ
ൎയ്യയും, നിന്റെ പുത്രന്മാരുടെ ഭാ
ൎയ്യമാരും, പെട്ടകത്തിലെക്ക പ്രവെ
ശിക്കെണം.
൧൯ പിന്നെ സകല ജഡമാ
യ ജീവനുള്ളത എല്ലാറ്റിൽനിന്നും
രണ്ടീരണ്ട നീ പെട്ടകത്തിലെ
ക്ക നിന്നൊട കൂടെ ജീവരക്ഷെക്കാ
യിട്ട വരുത്തെണം; അവ ആണും
പെണ്ണുമായിട്ടും ഇരിക്കെണം.
൨൦ അതാത വിധത്തിൽ പക്ഷി
കളിൽനിന്നും, അതാത വിധത്തി

ൽ മൃഗങ്ങളിൽനിന്നും, അതാതവിധത്തിൽ ഭൂമിയിലുള്ള സകല ഇഴജാതികളിൽനിന്നും ൟരണ്ടീരണ്ട നിന്നൊട കൂടെ ജീവ രക്ഷെക്കായിട്ട വരെണ്ടി വരും.

൨൧ തിന്നുന്ന സകല ഉപജീവനദ്രവ്യത്തിൽനിന്നും നിനക്ക നീ എടുത്ത, അതിനെ നിന്റെ അടുക്കൽശെഖരിക്കയുംവെണം; അത നിനക്കും അവെക്കും ഭക്ഷണമാകും.

൨൨ ഇപ്രകാരം നൊഹ ചെയ്തു; ദൈവം തന്നൊട കല്പിച്ചിട്ടുള്ളതൊക്കെയും അവൻ അപ്രകാരം തന്നെ ചെയ്തു.

൭ അദ്ധ്യായം.

൧ നൊഹ തന്റെ കുഡുംബത്തൊട കൂടെ പെട്ടകത്തിൽ പ്രവെശിക്കുന്നത.—൧൭ ജലപ്രളയത്തിന്റെ ആരംഭവും, വദ്ധനയും നിലയും

വപിന്നെ യഹൊവാ നൊഹയൊട കല്പിച്ചു, നീയും നിന്റെ കുഡുംബം ഒക്കെയും പെട്ടകത്തിലെക്ക പ്രവെശിക്കെണം; എന്തകൊണ്ടെന്നാൽ ൟ തലമുറയിൽ നിന്നെ എന്റെ മുമ്പാകെ നീതിമാനെന്ന ഞാൻ കണ്ടിരിക്കുന്നു.

൨ ശുദ്ധമുള്ള സകല മൃഗങ്ങളിൽനിന്നും ആണും അതിന്റെ പെണ്ണുമായി എഴെഴും, ശുദ്ധമില്ലാത്ത മൃഗങ്ങളിൽനിന്ന ആണും അതിന്റെ പെണ്ണുമായി ൟരണ്ടും,

൩ ആകാശത്തിലുള്ള പക്ഷികളിൽനിന്ന പൂവ്വനും പിടയുമായി എഴെഴും, സകല ഭൂമിയിലും സന്തതിയുടെ ജീവ രക്ഷെക്കായിട്ട, നിന്റെ അടുക്കൽ നീ എടുത്തുകൊള്ളെണം.

൪ എന്തെന്നാൽ ഇനി എഴ ദിവസം കഴിഞ്ഞിട്ട ഭൂമിയുടെ മെൽ നാല്പത പകലും നാല്പത രാവും ഞാൻ മഴ പെയ്യിക്കും; ഞാൻ ഉണ്ടാക്കിയ ജീവനുള്ള വസ്തുവിനെ ഒക്കെയും ഭൂമിയിൽനിന്ന നശിപ്പിക്കയും ചെയ്യും.

൫ യഹൊവാ തന്നൊട കല്പിച്ച പ്രകാരം ഒക്കെയും നൊഹ ചെയ്തു.

൬ ഭൂമിയുടെ മെൽ പ്രളയത്തിലെ വെള്ളങ്ങൾ ഉണ്ടായപ്പൊൾ, നൊഹയ്ക്ക അറുനൂറ വയസ്സായിരുന്നു.

൭ നൊഹയും, അവനൊട കൂടെ അവന്റെ പുത്രന്മാരും, അവന്റെ ഭാൎയ്യയും, അവന്റെ പുത്രന്മാരുടെ ഭാൎയ്യമാരും പ്രളയത്തിലെ വെള്ളങ്ങൾ നിമിത്തം പെട്ടകത്തിനകത്ത പ്രവെശിച്ചു.

൮ ശുദ്ധമുള്ള മൃഗങ്ങളിൽനിന്നും, ശുദ്ധമില്ലാത്ത മൃഗങ്ങളിൽനിന്നും, പക്ഷികളിൽനിന്നും, ഭൂമിയുടെ മെൽ ഇഴയുന്ന എല്ലാ ജാതിയിൽനിന്നും,

൯ ആണും പെണ്ണുമായി ൟരണ്ടീരണ്ട, ദൈവം നൊഹയൊട കല്പിച്ച പ്രകാരം, നൊഹയുടെ അടുക്കൽ പെട്ടകത്തിലെക്ക പ്രവെശിച്ചു.

൧൦ ¶ എഴ ദിവസം കഴിഞ്ഞ ശെഷം സംഭവിച്ചത എന്തെന്നാൽ, പ്രളയത്തിന്റെ വെള്ളങ്ങൾ ഭൂമിയുടെ മെൽ ഉണ്ടായി.

൧൧ നൊഹയുടെ ആയുസ്സിന്റെ അറുനൂറാം സംവത്സരത്തിൽ രണ്ടാം മാസം പതിനെഴാം തിയ്യതി, അന്ന തന്നെ മഹാ ആഴത്തിലെ ഉറവകൾ ഒക്കെയും പിളൎന്ന, ആകാശത്തിലെ ജലദ്വാരങ്ങളും തുറന്നു.

൧൨ അപ്പൊൾ നാല്പത പകലും നാല്പത രാവും ഭൂമിയുടെ മെൽ മഴ ഉണ്ടായി.

൧൩ ആ ദിവസം തന്നെ നൊ
ഹയും, നൊഹയുടെ പുത്രന്മാരായ
ശെമും, ഹാമും, യാഫെത്തും, നൊ
ഹയുടെ ഭാൎയ്യയും, അവരൊട കൂടെ
അവന്റെ പുത്രന്മാരുടെ മൂന്ന ഭാ
ൎയ്യമാരും പെട്ടകത്തിലെക്ക പ്രവെ
ശിച്ചു.
൧൪ ഇവരും, അതാത വിധത്തി
ലുള്ള സകല കാട്ടുമൃഗവും, അതാത
വിധത്തിലുള്ള സകല മൃഗവും, ഭൂ
മിയിൽ ഇഴയുന്ന അതാത വിധ
ത്തിലുള്ള സകല ഇഴജാതിയും, അ
താത വിധത്തിലുള്ള സകല പറ
വയും, പല വിധത്തിലും ചിറകു
ള്ള പക്ഷികൾ ഒക്കെയും.
൧൫ ഇപ്രകാരം ജീവശ്വാസമു
ള്ള എല്ലാ ജഡത്തിൽനിന്നും ഈര
ണ്ടീരണ്ട നൊഹയുടെ അടുക്കൽ
പെട്ടകത്തിനകത്ത പ്രവെശിച്ചു.
൧൬ അകത്ത പ്രവെശിച്ചിട്ടുള്ള
വ ദൈവം അവനൊട കല്പിച്ച പ്ര
കാരം സകല ജഡത്തിൽനിന്നും
ആണും പെണ്ണുമായിട്ട പ്രവെശി
ച്ചു: അപ്പൊൾ യഹൊവാ അവ
നെ അകത്ത അടെച്ചു.
൧൭ ജലപ്രളയം നാല്പത ദിവ
സം ഭൂമിയിൽ ഉണ്ടായാറെ, വെ
ള്ളങ്ങൾ വൎദ്ധിച്ചു, പെട്ടകത്തെ മെ
ല്പെട്ട പൊക്കി; അത ഭൂമിയിൽനി
ന്ന മെല്പെട്ട ഉയൎന്നു.
൧൮ പിന്നെയും വെള്ളങ്ങൾ അ
ധികപ്പെട്ടു, ഭൂമിയുടെ മെൽ എററ
വും പെരുകി; എന്നാറെ പെട്ടകം
വെള്ളങ്ങളുടെ മെൽ നടന്നു.
൧൯ പിന്നെയും വെള്ളങ്ങൾ ഭൂ
മിയുടെ മെൽ എററവും വളരെ അ
ധികപ്പെട്ടു; ആകാശത്തിൻ കീഴി
ൽ എല്ലാടവുമുള്ള ഉയൎന്നപൎവ്വതങ്ങ
ൾ ഒക്കെയും മൂടപ്പെട്ടു.
൨൦ പതിനഞ്ചു മുളം മെല്പെട്ട വെ
ള്ളങ്ങൾ പെരുകി; പൎവ്വതങ്ങളും മൂട
പ്പെട്ടു.
൨൧ അപ്പൊൾ പക്ഷികളും, മൃഗ
ങ്ങളും, കാട്ടുമൃഗങ്ങളും, ഭൂമിയുടെമെ
ൽ ഇഴയുന്ന സകല ഇഴജാതിയു
മായി, ഭൂമിയുടെ മെൽ സഞ്ചരിച്ചി
രുന്ന ജഡം ഒക്കെയും, സകല മ
നുഷ്യനും ചത്തുപൊയി.
൨൨ ഉണങ്ങിയ (ഭൂമിയിൽ ഉ
ള്ള) സകലത്തിലും മൂക്കിൽ ജീവ
ശ്വാസമുണ്ടായതൊക്കെയും ചത്തു
പൊയി.
൨൩ ഭൂമിയുടെ മെൽ ഇരുന്ന ജീ
വനുള്ള വസ്തുവൊക്കെയും മനുഷ്യ
നും, മൃഗങ്ങളും, ഇഴയുന്ന ജാതിക
ളും, ആകാശത്തുള്ള പക്ഷികളും ന
ശിച്ചുപൊയി; അവ ഭൂമിയിൽ
നിന്നും നശിച്ചുപൊയി: നൊഹ
യും, അവനൊട കൂടെ പെട്ടകത്തി
ൽ ഉണ്ടായിരുന്നവരും മാത്രമെ
(ജീവനൊടെ) ശെഷിച്ചുള്ളു.
൨൪ വെള്ളങ്ങളും ഭൂമിയുടെ മെ
ൽ നൂററമ്പത ദിവസം എററവും
പെരുകിയിരുന്നു.

൮ അദ്ധ്യായം.

൧ വെള്ളം താഴുന്നത.—൧൫ നൊഹ പെട്ടകത്തിൽനിന്ന പുറത്ത ഇറങ്ങുന്നത.—൨൦ ഒരു ബലിപീഠത്തെ പണിയുന്നതും, ബലികഴിക്കുന്നതും.—൨൧ മെലാൽ ഭൂമിയെ ശപിക്കയില്ലെന്നുള്ള ദൈവത്തിന്റെ വാഗ്ദത്തം.

൧ എന്നാൽ ദൈവം നൊഹയെ
യും, അവനൊട കൂടെ പെട്ടകത്തി
ൽ (ഉണ്ടായിരുന്ന) ജീവനുള്ളവ
യെ ഒക്കെയും, എല്ലാ മൃഗങ്ങളെ
യും ഓൎത്തു: പിന്നെ ദൈവം ഭൂമി
യുടെ മെൽ ഒരു കാററിനെ അടി
പ്പിച്ചു; അപ്പൊൾ വെള്ളങ്ങൾ നി
ലച്ചു.
൨ ആഴത്തിലെ ഉറവകളും ആ
കാശത്തിലെ ജലദ്വാരങ്ങളും അ

ട്ടഞ്ഞു ; ആകാശത്തനിന്ന ഉള്ള മ
ഴയും നിൎത്തപ്പെട്ടു.
൩ അപ്പൊൾ വെള്ളങ്ങൾ കൂട
ക്കൂടെ ഭൂമിയിൽനിന്ന തിരിച്ചു:
പിന്നെ നൂററിനാല്പത ദിവസം ക
ഴിഞ്ഞതിന്റെ ശെഷം വെള്ളങ്ങ
ൾ കുറഞ്ഞു.
൪ എഴാം മാസം പതിനെഴാം തി
യ്യതി പെട്ടകം അറാറാത്തെന്ന മ
ലകളുടെ മെൽ ഇരുന്നു.
൫ പത്താം മാസം വരയും വെ
ള്ളങ്ങൾ കൂടക്കൂടെ കുറഞ്ഞുപൊ
യാറെ, പത്താം മാസം ഒന്നാം (തി
യ്യതി) പൎവതങ്ങളുടെ ശിഖരങ്ങൾ
കാണപ്പെട്ടു.
൬ ¶ പിന്നെ നാല്പത ദിവസം
കഴിഞ്ഞ ശെഷം ഉണ്ടായത എ
ന്തെന്നാൽ, നൊഹ താൻ പെട്ട
കത്തിൽ ഉണ്ടാക്കിയിരുന്ന കിളി
വാതിലിനെ തുറന്നു.
൭ അവൻ ഒരു മലങ്കാക്കയെ പുറ
ത്ത വിട്ടു ; ആയത പുറപ്പെട്ടു ഭൂമി
യുടെ മെൽനിന്ന വെള്ളങ്ങൾ വ
ററിപ്പൊയത വരയും പൊകയും
വരികയുമായിരുന്നു.
൮ ഭൂമിയുടെ മെൽനിന്ന വെ
ള്ളങ്ങൾ കുറഞ്ഞ പൊയൊ എ
ന്ന കാണെണ്ടുന്നതിന, അവൻ
ഒരു പ്രാവിനെയും തന്റെ അട്ട
ക്കൽനിന്ന പുറത്ത വിട്ടു.
൯ എന്നാൽ സൎവ്വഭൂമിയുടെ മെ
ൽ വെള്ളങ്ങൾ ഇരിക്കകൊണ്ട,
ആ പ്രാവ തന്റെ ഉള്ളം കാൽക്ക
സുഖമുള്ള സ്ഥലത്തെ കാണാതെ,
അവന്റെ അടുക്കൽ പെട്ടകത്തി
ലെക്ക തിരിച്ച വന്നു ; അപ്പൊൾ
അവൻ തന്റെ കൈ നീട്ടി, അതി
നെ പിടിച്ച, അതിനെ തന്റെ
അടുക്കൽ പെട്ടകത്തിനകത്ത വ
രുത്തുകയും ചെയ്തു.
൧൦ പിന്നെയും അവൻ മററ എ
ഴ ദിവസം പാൎത്തിട്ട, വീണ്ടും ആ
പ്രാവിനെ പെട്ടകത്തിൽനിന്ന പു
റത്ത വിട്ടു.
൧൧ എന്നാറെ ആ പ്രാവ വൈ
കുന്നെരത്ത അവന്റെ അടുക്കൽ
വന്നു ; കണ്ടാലും, കൊത്തികൊണ്ട
വന്ന ഒരു ഒലിവ വൃക്ഷത്തിന്റെ
ഇല അതിന്റെ വായിൽ (ഉണ്ടാ
യിരുന്നു.) ആയതിനാൽ ഭൂമിയി
ൽനിന്ന വെള്ളങ്ങൾ കുറഞ്ഞു
പൊയി എന്ന നൊഹ അറിഞ്ഞു.
൧൨ അവൻ പിന്നെയും മററ
എഴ ദിവസം പാൎത്താറെ, ആ പ്രാ
വിനെ പുറത്ത വിട്ടു : ആയത പി
ന്നെ അവന്റെ അടുക്കൽ തിരി
ച്ചു വന്നില്ല.
൧൩ പിന്നെ അറുനൂറെറാന്നാം
സംവത്സരത്തിൽ ഒന്നാം മാസം
ഒന്നാം തിയ്യതി ഉണ്ടായത എന്തെ
ന്നാൽ, ഭൂമിയുടെ മെൽനിന്ന വെ
ള്ളങ്ങൾ വററിപ്പൊയി ; നൊഹ
പെട്ടകത്തിന്റെ മെൽതട്ടിനെ നീ
ക്കീട്ട നൊക്കി, കണ്ടാലും, ഭൂമിയുടെ
മുഖം ഉണങ്ങിയിരുന്നു.
൧൪ രണ്ടാം മാസം, മാസത്തിൽ
ഇരുപത്തെഴാം തിയ്യതി ഭൂമി ഉണ
ങ്ങിയിരുന്നു.
൧൫ ¶ അപ്പൊൾ ദൈവം നൊ
ഹയൊട സംസാരിച്ച പറഞ്ഞു,
൧൬ നീയും, നിന്നൊട കൂടെ നി
ന്റെ ഭാൎയ്യയും, നിന്റെ പുത്രന്മാ
രും, നിന്റെ പുത്രന്മാരുടെ ഭാൎയ്യ
മാരും പെട്ടകത്തിൽനിന്ന പുറപ്പെ
ട്ടു പൊകുവിൻ.
൧൭ പക്ഷികളും, മൃഗങ്ങളും, ഭൂ
മിയുടെ മെൽ ഇഴയുന്ന സകല ഇ
ഴജാതിയുമായ എല്ലാ ജഡത്തിൽ
നിന്നും നിന്നൊടകൂടെ ഇരിക്കുന്ന
ജീവനുള്ളതിനെ ഒക്കെയും നി

ന്നൊട കൂടെ പുറത്ത കൊണ്ടുവരി
ക: അവ ഭൂമിയുടെ മെൽ അനവ
ധിയായി വളരുകയും, അവ ഭൂമിയു
ടെ മെൽ വൎദ്ധിച്ച പെരുകുകയും
ചെയ്യട്ടെ.

൧൮ അപ്പൊൾ നൊഹയും, അ
വനൊട കൂടെ അവന്റെ പുത്ര
ന്മാരും, അവന്റെ ഭാൎയ്യയും, അവ
ന്റെ പുത്രന്മാരുടെ ഭാൎയ്യമാരും പുറ
ത്ത ഇറങ്ങി:

൧൯ സകല മൃഗങ്ങളും, ഇഴയു
ന്ന ജന്തുക്കൾ ഒക്കെയും, സകല
പക്ഷികളും, അതാത വിധത്തിൽ
ഭൂമിയുടെ മെൽ ഇഴയുന്നത ഒക്കെ
യും; പെട്ടകത്തിൽനിന്ന പുറത്ത
ഇറങ്ങി.

൨൦ പിന്നെ നൊഹ യഹൊ
വായ്ക്ക ഒരു ബലിപീഠം പണിത,
ശുദ്ധമുള്ള സകല മൃഗങ്ങളിൽനി
ന്നും, ശുദ്ധമുള്ള സകല പക്ഷിക
ളിൽനിന്നും എടുത്ത, ബലിപീഠ
ത്തിന്മെൽ ഹൊമ ബലികളായി
കഴിച്ചു.

൨൧ എന്നാറെ യഹൊവാ സുഗ
ന്ധ വാസനയെ മണത്തു; അ
പ്പൊൾ യഹൊവാ തന്റെ ഹൃദ
യം കൊണ്ട പറഞ്ഞു, ഞാൻ മനു
ഷ്യന്റെ നിമിത്തമായി ഇനി ഭൂ
മിയെ വീണ്ടും ശപിക്കയില്ല: എ
ന്തെന്നാൽ മനുഷ്യന്റെ മനസ്സി
ലെ വിചാരം അവന്റെ ബാല്യം
മുതൽ ദൊഷമുള്ളത (ആകുന്നു.) ഇ
നി ഞാൻ ചെയ്തത പൊലെ വീ
ണ്ടും എല്ലാ ജീവാത്മാവിനെയും
ഞാൻ ശിക്ഷിക്കയുമില്ല.

൨൨ ഭൂമിയുള്ള നാൾ ഒക്കെയും വിത
യും കൊയിത്തും, ശീതവും ഉഷ്ണവും;
വെനൽകാലവും വൎഷകാലവും, പ
കലും രാവും ഒഴിഞ്ഞ പൊകയില്ല.

൯ അദ്ധ്യായം.

൧ ദൈവം നൊഹയെ അനുഗ്രഹിക്കുന്നത.— ൪ രക്തവും കുലപാതകവും വിരൊധിക്കപ്പെടുന്നത.— ൮ ദൈവത്തിന്റെ നിയമം. ൧൩ മഴവില്ലുകൊണ്ട അടയാളപ്പെടുന്നത.— ൨൧ നൊഹ മത്തനാകുന്നത.— ൨൫ കനാനെ ശപിക്കുന്നതും.— ൨൯ മരിക്കുന്നതും.

പിന്നെ ദൈവം നൊഹയെ
യും അവന്റെ പുത്രന്മാരെയും അ
നുഗ്രഹിച്ചു, അവരൊട പറഞ്ഞു,
നിങ്ങൾ വൎദ്ധിച്ച പെരുകി, ഭൂമി
യിൽ നിറവിൻ.

൨ നിങ്ങളെ കുറിച്ചുള്ള ഭയവും ന
ടുക്കവും ഭൂമിയിലെ സകല മൃഗങ്ങ
ളുടെ മെലും, ആകാശത്തുള്ള സക
ല പക്ഷികളുടെ മെലും, ഭൂമിയുടെ
(മെൽ) സഞ്ചരിക്കുന്ന സകല
ത്തിന്മെലും, സമുദ്രത്തിലുള്ള സക
ല മത്സ്യങ്ങളുടെ മെലും ഉണ്ടാകും:
അവ നിങ്ങളുടെ കൈയിലെക്ക ഏ
ല്പിക്കപ്പെട്ടിരിക്കുന്നു.

൩ സഞ്ചരിക്കുന്ന ജീവജന്തു ഒ
ക്കെയും നിങ്ങൾക്ക ആഹാരം ആ
കും: പച്ച സസ്യം പൊലെ ഞാൻ
സകലത്തെയും നിങ്ങൾക്ക തന്നി
രിക്കുന്നു.

൪ എന്നാൽ മാംസത്തെ അതി
ന്റെ ജീവനാകുന്ന അതിന്റെ ര
ക്തത്തൊട കൂടെ നിങ്ങൾ ഭക്ഷി
ക്കരുത.

൫ നിങ്ങളുടെ ജീവനാകുന്ന നി
ങ്ങളുടെ രക്തത്തിന ഞാൻ പക
രം ചൊദിക്കും നിശ്ചയം; സകല
മൃഗത്തിന്റെ കൈയിൽനിന്നും മനു
ഷ്യന്റെ കൈയിൽനിന്നും അതിനെ
ചൊദിക്കും; അവനവന്റെ സ
ഹൊദരന്റെ കൈയിൽനിന്ന ഞാൻ
മനുഷ്യന്റെ ജീവനെ ചൊദിക്കും.

൬ ആരെങ്കിലും മനുഷ്യന്റെ ര
ക്തത്തെ ചൊരിയിച്ചാൽ, അവ
ന്റെ രക്തം മനുഷ്യനാൽ ചൊരി

യിക്കപ്പെടും: എന്തെന്നാൽ ദൈ
വത്തിന്റെ സാദൃശ്യത്തിൽ അവ
ൻ മനുഷ്യനെ ഉണ്ടാക്കി.
൭ എന്നാൽ നിങ്ങൾ വൎദ്ധിച്ചു
പെരുകി, ഭൂമിയിൽ വളരെ വൎദ്ധി
ച്ചു, അതിൽ പെരുകുവിൻ.
൮ ¶ പിന്നെയും ദൈവം നൊ
ഹയൊടും അവന്റെ പുത്രന്മാരൊ
ടും സംസാരിച്ചു പറഞ്ഞു;
൯ കണ്ടാലും, ഞാൻ നിങ്ങളൊ
ടും, നിങ്ങളുടെ ശെഷം നിങ്ങളു
ടെ സന്തതിയൊടും;
൧൦ പക്ഷികളും, മൃഗങ്ങളും, നിങ്ങ
ളുടെ അടുക്കൽ ഇരിക്കുന്ന ഭൂമിയി
ലുള്ള സകല കാട്ടു മൃഗങ്ങളുമായി,
നിങ്ങളുടെ അടുക്കൽ ഇരിക്കുന്ന
സകല ജീവജന്തുക്കളൊടും, പെട്ട
കത്തിൽനിന്ന പുറപ്പെട്ടതൊക്കെ
യും മുതലായി ഭൂമിയിലുള്ള സകല
കാട്ടു മൃഗങ്ങളൊടും ഞാൻ എന്റെ
നിയമത്തെ സ്ഥിരപ്പെടുത്തുന്നു.
൧൧ വിശെഷിച്ചു ഞാൻ എ
ന്റെ നിയമത്തെ നിങ്ങളൊടു കൂ
ടെ സ്ഥിരപ്പെടുത്തും: ഇനി സക
ല ജഡവും ജലപ്രളയത്തിന്റെ
വെള്ളങ്ങളാൽ നശിപ്പിക്കപ്പെടുക
യുമില്ല; ഭൂമിയെ നശിപ്പിപ്പാൻ ഇ
നി ജലപ്രളയം ഉണ്ടാകയുമില്ല.
൧൨ പിന്നെയും ദൈവം പറ
ഞ്ഞു, ഞാൻ ഇനിക്കും നിങ്ങൾ
ക്കും, നിങ്ങളൊടു കൂടെ ഇരിക്കുന്ന
എല്ലാ ജീവജന്തുക്കൾക്കും, എന്നെ
ക്കുമുള്ള തലമുറകൾക്കായിട്ടു, ഉണ്ടാ
ക്കുന്ന നിയമത്തിന്റെ അടയാളം
ഇതു (ആകുന്നു.)
൧൩ ഞാൻ എന്റെ വില്ലിനെ
മെഘത്തിൽ വെക്കുന്നു: അതു
ഇനിക്കും ഭൂമിക്കുമുള്ള നിയമത്തി
ന്ന അടയാളമായിട്ടു ഇരിക്കും.
൧൪ അതുകൊണ്ടു ഇപ്രകാരം ഉ
ണ്ടാകും, ഞാൻ ഭൂമിയുടെ മീതെ
മെഘം വരുത്തുമ്പൊൾ, മെഘത്തി
ൽ വില്ലു കാണപ്പെടും.
൧൫ അപ്പൊൾ ഞാൻ ഇനിക്കും
നിങ്ങൾക്കും, എല്ലാ ജഡത്തിലുള്ള
സകല ജീവജന്തുക്കൾക്കും (ഇരി
ക്കുന്ന) എന്റെ നിയമത്തെ ഒ
ൎക്കും; ഇനി സകല ജഡത്തെയും
നശിപ്പിപ്പാൻ വെള്ളങ്ങൾ ഒരു
പ്രളയമായി തീരുകയുമില്ല.
൧൬ ആ വില്ലു മെഘത്തിൽ ഉ
ണ്ടാകും; ദൈവത്തിനും ഭൂമിയുടെ
മെൽ (ഇരിക്കുന്ന) സകല ജഡ
ത്തിലുമുള്ള എല്ലാ ജീവനും ഉണ്ടാ
യ എന്നെക്കുമുള്ള നിയമത്തെ ഞാ
ൻ ഒൎക്കെണ്ടുന്നതിന്നായിട്ടു ഞാൻ
അതിനെ നൊക്കുകയും ചെയ്യും.
൧൭ ഇതു ഇനിക്കും ഭൂമിയുടെ മെ
ൽ ഉള്ള സകല ജഡത്തിനും ഞാ
ൻ സ്ഥിരപ്പെടുത്തിയ നിയമത്തി
ന്ന അടയാളം (ആകുന്നു) എന്നും
ദൈവം നൊഹയൊടു പറഞ്ഞു.
൧൮ ¶ വിശെഷിച്ചും പെട്ടകത്തി
ൽനിന്ന പുറപ്പെട്ട നൊഹയുടെ പു
ത്രന്മാർ ശെമും, ഹാമും, യാഫെത്തും
ആയിരുന്നു: എന്നാൽ ഹാം കനാ
ന്റെ പിതാവ (ആകുന്നു.)
൧൯ ഇവർ നൊഹയുടെ മൂന്ന
പുത്രന്മാർ: ഇവരിൽനിന്ന (ജന
ങ്ങൾ) ഭൂമിയിൽ ഒക്കെയും പരന്നു.
൨൦ പിന്നെ നൊഹ കൃഷി ചെ
യ്യാൻ തുടങ്ങി, ഒരു മുന്തിരിങ്ങാതൊ
ട്ടം ഉണ്ടാക്കി.
൨൧ എന്നാറെ അവൻ വീഞ്ഞ
യിൽനിന്ന കുടിച്ചു, വെറിയായി
രുന്നു, തന്റെ കൂടാരത്തിനകത്ത
വസ്ത്രം നീങ്ങി കിടന്നിരുന്നു.
൨൨ അപ്പൊൾ കനാന്റെ പി
താവായ ഹാം തന്റെ പിതാവി
ന്റെ നഗ്നതയെ കണ്ടു, പുറത്ത

തന്റെ രണ്ടു സഹൊദരന്മാരൊട
അറിയിച്ചു.
൨൩ എന്നാറെ ശെമും യാഫെ
ത്തും ഒരു വസ്ത്രം എടുത്ത, തങ്ങളു
ടെ ഇരുപെരുടെ തൊളുകളിലും ഇ
ട്ട, പുറകൊട്ട വന്ന, തങ്ങളുടെ പി
താവിന്റെ നഗ്നതയെ മറച്ചു; അ
വരുടെ മുഖങ്ങൾ പുറകൊട്ടാക
കൊണ്ട, അവർ തങ്ങളുടെ പിതാ
വിന്റെ നഗ്നതയെ കണ്ടതുമില്ല.
൨൪ പിന്നെ നൊഹ തന്റെ
വീഞ്ഞിൽനിന്ന സുബൊധമായി
തന്റെ ഇളയ പുത്രൻ തന്നൊട
ചെയ്തതിനെ അറിഞ്ഞു.
൨൫ എന്നാറെ അവൻ പറഞ്ഞു,
കനാൻ ശപിക്കപ്പെട്ടവനായി,
അവൻ തന്റെ സഹൊദരന്മാൎക്ക
അടിമക്കാരുടെ അടിമയായി തീരും.
൨൬ പിന്നെയും അവൻ പറ
ഞ്ഞു, ശെമിന്റെ യഹൊവായായ
ദൈവം സ്തുതിക്കപ്പെട്ടവനാകട്ടെ;
കനാൻ അവന്റെ ദാസനാകും.
൨൭ യാഫെത്തിനെ ദൈവം വ
ൎദ്ധിപ്പിക്കും; അവൻ ശെമിന്റെ
കൂടാരങ്ങളിൽ വസിക്കും: എന്നാൽ
കനാൻ അവന്റെ ദാസനാകും.
൨൮ ¶ വിശെഷിച്ച ജലപ്രളയ
ത്തിന്റെ ശെഷം നൊഹ മുന്നൂററ
മ്പത സംവത്സരം ജീവിച്ചു.
൨൯ എന്നാൽ നൊഹയുടെ ദി
വസങ്ങളൊക്കയും തൊള്ളായിര
ത്തമ്പത സംവത്സരമായി: അവ
ൻ മരിക്കയും ചെയ്തു.

൧൦ അദ്ധ്യായം.

൧ നൊഹയുടെ സന്തതികൾ.—൨ യാഫെത്തിന്റെയും —൬ ഹാമിന്റെയും പുത്രന്മാർ.—൮ ഒന്നാമത്തെ അധിപതിയായ നിമ്രൊദ.—൨൧ ശെമിന്റെ പുത്രന്മാർ.

൧ വിശെഷിച്ചും നൊഹയുടെ പു
ത്രന്മാരായ ശെം ഹാം യാഫെത്ത
എന്നവരുടെ സന്തതികൾ ഇവ
(ആകുന്നു:) ജലപ്രളയത്തിന്റെ
ശെഷം അവൎക്കും പുത്രന്മാർ ജ
നിച്ചു.
൨ ¶ യാഫെത്തിന്റെ പുത്രന്മാർ;
ഗൊമറും, മാഗൊഗും, മാദായും,
യാവാനും, തുബാലും, മെശെക്കും,
തിറാസ്സും.
൩ ഗൊമറിന്റെ പുത്രന്മാർ; അ
സ്കെനസും, റിഫത്തും, തൊഗൎമ്മയും.
൪ യാവാന്റെ പുത്രന്മാർ; എലീ
ശായും, തൎശീശും, ഖിത്തീമും, ദൊദാ
നീമും.
൫ ഇവരാൽ പുറജാതികളുടെ
ദ്വീപുകൾ അവരവരുടെ വംശ
ങ്ങളിൽ, അവനവന്റെ ഭാഷയി
ൻ പ്രകാരവും, അവരുടെ ജാതി
കളിലുള്ള അവരവരുടെ ദെശങ്ങ
ളിൻ പ്രകാരവും വിഭാഗിക്കപ്പെട്ടു.
൬ ¶ പിന്നെ ഹാമിന്റെ പുത്ര
ന്മാർ; കൂശും, മിസ്രയിമും, ഫുത്തും,
കനാനും.
൭ കൂശിന്റെ പുത്രന്മാർ; ശെബാ
യും, ഹവിലായും, ശബതായും, രാ
മായും, ശബ്തെഖായും. രാമായുടെ
പുത്രന്മാർ; ശെബായും, ദെദാനും.
൮ വിശെഷിച്ചും കൂശ നിമ്രൊ
ദിനെ ജനിപ്പിച്ചു: ഇവൻ ഭൂമി
യിൽ ബലവാനായി തുടങ്ങി.
൯ ഇവൻ യഹൊവായുടെ മുമ്പാ
കെ ശക്തിയുള്ള നായാട്ടുകാരനാ
യിരുന്നു: അതുകൊണ്ട യഹൊവാ
യുടെ മുമ്പാകെ ശക്തിയുള്ള നായാ
ട്ടുകാരനായ നിമ്രൊദിനെ പൊ
ലെ എന്ന പറയപ്പെടുന്നു.
൧൦ ശിനാർ ദെശത്തിലുള്ള ബാ
ബെലും, എരെക്കും, അക്കാദും,
കൽനെയും അവന്റെ രാജ്യത്തി
ന്റെ ആരംഭമായിരുന്നു.
൧൧ ആ ദെശത്തനിന്ന അശ്രൂ

ർ പുറപ്പെട്ടു, നിനുവായെയും, റെ
ഹൊബൊത്ത പട്ടണത്തെയും, ഖാ
ലഹിനെയും,
൧൨ നിനുവായ്ക്കും ഖാലഹിനും ന
ടുവെ റെസനെയും പണിതു: ഇത
ഒരു വലിയ പട്ടണം [ആകുന്നു.]
൧൩ പിന്നെ മിസ്രയിം ലുദിമി
നെയും, അനാമീമിനെയും, ലെ
ഹാബീമിനെയും, നഫ്തുഹീമിനെ
യും,
൧൪ പത്രുസിമിനെയും, കസ്ലുഹി
മിനെയും, [ഇവരിൽനിന്ന ഫലി
സ്തിം ഉണ്ടായി,] കഫ്തൊറിമിനെ
യും ജനിപ്പിച്ചു.
൧൫ കനാൻ തന്റെ ആദ്യജാ
തനായ സിദൊനെയും, ഹെഥി
നെയും,
൧൬ യെബുസായെയും, അമൊ
റായെയും, ഗിർഗ്ഗശായെയും,
൧൭ ഹിവായെയും, അക്കായെ
യും, സിനായെയും,
൧൮ അർവാദായെയും, സെമറാ
യെയും, ഹാമാത്തായെയും ജനി
പ്പിച്ചു. അതിന്റെ ശെഷം ക
നാന്റെ വംശങ്ങൾ ചിതറപ്പെട്ടു.
൧൯ കനാനായക്കാരുടെ അതൃ
ത്തി സിദൊനിൽനിന്ന ഗെറാറി
ന പൊകുന്ന വഴിയായി ഗാസാ
വരയും സെദൊമിനും, ഗൊമൊ
റായ്ക്കും, അദമായ്ക്കും, സെബൊയി
മിനും പൊകുന്ന വഴിയായി ലാശ
വരയും [ആയിരുന്നു.]
൨൦ ഇവർ തന്നെ തങ്ങളുടെ ദെ
ശങ്ങളിലും, തങ്ങളുടെ ജാതികളി
ലും, തങ്ങളുടെ വംശങ്ങളിൻ പ്രകാ
രവും, തങ്ങളുടെ ഭാഷകളിൻ പ്രകാ
രവും ഹാമിന്റെ പുത്രന്മാർ.
൨൧ ¶ ശെമിനും [മക്കൾ] ജനി
ച്ചു, അവൻ എബെറിന്റെ പുത്ര
ന്മാൎക്ക ഒക്കെയും പിതാവായി, മൂ
ത്ത യാഫെത്തിന അനുജനുമാ
യിരുന്നു.
൨൨ ശെമിന്റെ പുത്രന്മാർ; ഏ
ലാമും, അശ്ശൂരും, അൎപ്പക്ഷാദും, ലൂദും,
അറാമും.
൨൩ അറാമിന്റെ പുത്രന്മാർ; ഉ
സ്സും, ഹൂലും, ഗെഥെറും, മാശും.
൨൪ പിന്നെ അൎപ്പക്ഷാദ ശാലഹി
നെ ജനിപ്പിച്ചു: ശാലഹയും എ
ബെറിനെ ജനിപ്പിച്ചു.
൨൫ എബെറിനും രണ്ട പുത്ര
ന്മാർ ജനിച്ചു: ഒരുത്തന്റെ പെ
ർ പെലെഗ; എന്തെന്നാൽ അവ
ന്റെ നാളിൽ ഭൂമി വിഭാഗിക്കപ്പെ
ട്ടു: അവന്റെ സഹൊദരന്റെ പെ
ർ യൊക്താൻ.
൨൬ യൊക്താൻ അല്മൊദാദിനെ
യും, സലെഫിനെയും, ഹസർമ്മാ
വെതിനെയും, യാറഹിനെയും,
൨൭ ഹദൊറാമിനെയും, ഉസാലി
നെയും, ദിക്ലായെയും,
൨൮ ഒബാലിനെയും, അബി
മാഎലിനെയും, ശെബായെയും,
൨൯ ഒഫിറിനെയും, ഹവിലായെ
യും, യൊബാബിനെയും ജനി
പ്പിച്ചു: ഇവർ എല്ലാവരും യൊക്താ
ന്റെ പുത്രന്മാർ [ആയിരുന്നു.]
൩൦ ഇവരുടെ വാസസ്ഥലം മെ
ശാ തുടങ്ങി കിഴക്കുള്ള മലയായ ശെ
ഫാറിന പൊകുന്ന വഴി വരയും
ആയിരുന്നു.
൩൧ ഇവർ തന്നെ തങ്ങളുടെ ദെ
ശങ്ങളിൽ, തങ്ങളുടെ ജാതികളിൽ
തങ്ങളുടെ വംശങ്ങളിൻ പ്രകാര
വും, തങ്ങളുടെ ഭാഷകളിൻ പ്രകാ
രവും ശെമിന്റെ പുത്രന്മാർ.
൩൨ ഇവർ തങ്ങളുടെ ജാതികളി
ൽ, തങ്ങളുടെ സന്തതികളിൻ പ്രകാ
രം നൊഹയുടെ പുത്രന്മാരുടെ വം
ശങ്ങൾ [ആകുന്നു:] ഇവരിൽനി

ന്നും ജലപ്രളയത്തിന്റെ ശെഷം ഭൂമിയിൽ ജാതികൾ വിഭാഗിക്കപ്പെട്ടു.

൧൧ അദ്ധ്യായം.

൧ ലൊകത്തിൽ എകമായുള്ള ഭാഷ.—൩ ബാബെൽ പണിയപ്പെടുന്നത.—൭ ഭാഷകൾ നാനാവിധമാക്കപ്പെടുന്നത.—൧൦ ശെമിന്റെയും.—൨൭ അബ്രാമിന്റെ പിതാവായ തെറാഹിന്റെയും സന്തതികൾ.

അപ്പൊൾ ഭൂമി ഒക്കെയും ഒരു ഭാഷയും ഒരു വാക്കും ഉള്ളത [ആയിരുന്നു.]

൨ പിന്നെ ഉണ്ടായത എന്തെന്നാൽ, അവർ കിഴക്കുനിന്ന യാത്ര പുറപ്പെട്ടപ്പൊൾ ശിനാർ ദെശത്ത ഒരു താണപ്രദെശം കണ്ടു; അവിടെ അവർ കുടിയിരുന്നു.

൩ എന്നാറെ ഒരുത്തനൊട ഒരുത്തൻ പറഞ്ഞു, വരുവിൻ, നാം ഇഷ്ടികകളെ അറുത്ത, അവയെ നന്നായി ചുടുക. പിന്നെ ഇഷ്ടിക അവൎക്ക കല്ലായും, പശ അവൎക്ക കുമ്മായമായും ഇരുന്നു.

൪ വിശെഷിച്ച അവർ പറഞ്ഞു, നാം ഭൂതലത്തിന്മെൽ ഒക്കെയും ചിതറപ്പെടാതെ ഇരിപ്പാൻ നമുക്ക നാം ഒരു പട്ടണത്തെയും ആകാശത്തൊളം [എത്തുന്ന] മുകളുള്ള ഒരു ഗൊപുരത്തെയും പണിക; നമുക്ക പെർ ഉണ്ടാക്കുകയും ചെയ്ക.

൫ പിന്നെ മനുഷ്യപുത്രന്മാർ പണിത പട്ടണത്തെയും ഗൊപുരത്തെയും കാണെണ്ടുന്നതിന യഹൊവാ ഇറങ്ങിവന്നു.

൬ അപ്പൊൾ യഹൊവാ പറഞ്ഞു, ഇതാ, ജനം ഒന്ന [ആകുന്നു,] അവൎക്ക എല്ലാവൎക്കും ഒരു ഭാഷയും ഉണ്ട: ഇതിനെയും അവർ ചെയ്തു തുടങ്ങുന്നു: ഇപ്പൊൾ അവർ ചെയ്വാൻ നിരൂപിച്ചതൊക്കെയും അവരിൽനിന്ന വിരൊധപ്പെടുകയില്ല.

൭ വരിക, നാം ഇറങ്ങി ചെന്ന, ഒരുത്തന്റെ ഭാഷയെ മറ്റൊരുത്തൻ അറിയാതെ ഇരിപ്പാനായിട്ട അവിടെ അവരുടെ ഭാഷയെ നാനാവിധമാക്കുക.

൮ അപ്രകാരം യഹൊവാ അവരെ അവിടെനിന്ന ഭൂതലത്തിന്മെൽ ഒക്കെയും ചിന്നിച്ചു: അപ്പൊൾ അവർ പട്ടണത്തെ പണിയുന്നതിനെ നിൎത്തി.

൯ ആയതുകൊണ്ട അതിന ബാബെൽ എന്ന പെർ വിളിക്കപ്പെട്ടു; എന്തുകൊണ്ടെന്നാൽ സകല ഭൂമിയിലെയും ഭാഷയെ യഹൊവാ അവിടെ നാനാവിധമാക്കി. യഹൊവാ അവരെ അവിടെനിന്ന ഭൂതലത്തിന്മെൽ എല്ലാടവും ചിന്നിക്കയും ചെയ്തു.

൧൦ ¶ ശെമിന്റെ സന്തതികൾ ഇവ [ആകുന്നു:] ശെമിന നൂറ വയസ്സായാറെ അവൻ ജലപ്രളയം കഴിഞ്ഞ രണ്ട വൎഷത്തിന്റെ ശെഷം അൎപ്പക്ശാദിനെ ജനിപ്പിച്ചു.

൧൧ അൎപ്പക്ശാദിനെ ജനിപ്പിച്ചതിന്റെ ശെഷം ശെം അഞ്ഞൂറ സംവത്സരം ജീവിച്ചു, പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.

൧൨ പിന്നെ അൎപ്പക്ശാദ മുപ്പത്തഞ്ച സംവത്സരം ജീവിച്ചാറെ ശാലഹിനെ ജനിപ്പിച്ചു.

൧൩ ശാലഹിനെ ജനിപ്പിച്ചതിന്റെ ശെഷം അൎപ്പക്ശാദ നാനൂറ്റമൂന്ന സംവത്സരം ജീവിച്ചു, പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.

൧൪ പിന്നെ ശാലഹ മുപ്പത സംവത്സരം ജീവിച്ചാറെ എബെറിനെ ജനിപ്പിച്ചു.

൧൫ എബെറിനെ ജനിപ്പിച്ചതിന്റെ ശെഷം ശാലഹ നാനൂററമൂന്ന സംവത്സരം ജീവിച്ചു, പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.

൧൬ പിന്നെ എബെർ മുപ്പത്തനാല സംവത്സരം ജീവിച്ചാറെ പെലെഗിനെ ജനിപ്പിച്ചു.

൧൭ പെലെഗിനെ ജനിപ്പിച്ചതിന്റെ ശെഷം എബെർ നാനൂററ മുപ്പത സംവത്സരം ജീവിച്ചു, പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.

൧൮ പിന്നെ പെലെഗ മുപ്പത സംവത്സരം ജീവിച്ചാറെ റെയുവിനെ ജനിപ്പിച്ചു.

൧൯ റെയുവിനെ ജനിപ്പിച്ചതിന്റെ ശെഷം പെലെഗ ഇരുനൂററമ്പത സംവത്സരം ജീവിച്ചു, പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.

൨൦ പിന്നെ റെയു മുപ്പത്തരണ്ട സംവത്സരം ജീവിച്ചാറെ ശെറൂഗിനെ ജനിപ്പിച്ചു.

൨൧ ശെറൂഗിനെ ജനിപ്പിച്ചതിന്റെ ശെഷം റെയു ഇരുനൂററ എഴ സംവത്സരം ജീവിച്ചു, പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.

൨൨ പിന്നെ ശെറൂഗ മുപ്പത സംവത്സരം ജീവിച്ചാറെ നാഹൊറിനെ ജനിപ്പിച്ചു.

൨൩ നാഹൊറിനെ ജനിപ്പിച്ചതിന്റെ ശെഷം ശെറൂഗ ഇരുനൂറ സംവത്സരം ജീവിച്ചു, പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.

൨൪ പിന്നെ നാഹൊർ ഇരുപത്തൊമ്പത സംവത്സരം ജീവിച്ചാറെ തെറഹിനെ ജനിപ്പിച്ചു.

൨൫ തെറഹിനെ ജനിപ്പിച്ചതിന്റെ ശെഷം നാഹൊർ നൂററിപത്തൊമ്പത സംവത്സരം ജീവിച്ചു, പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.

൨൬ ¶ പിന്നെ തെറഹ എഴുപത സംവത്സരം ജീവിച്ചാറെ അബ്രാമിനെയും, നാഹൊറിനെയും, ഹാറാനെയും ജനിപ്പിച്ചു.

൨൭ എന്നാൽ തെറഹിന്റെ സന്തതികൾ ഇവ [ആകുന്നു:] തെറഹ അബ്രാമിനെയും, നാഹൊറിനെയും, ഹാറാനെയും ജനിപ്പിച്ചു: ഹാറാനും ലൊത്തിനെ ജനിപ്പിച്ചു.

൨൮ എന്നാൽ ഹാറാൻ തന്റെ ജനനഭൂമിയായി, കൽദെയക്കാരുടെ [ദെശമായ] ഊരിൽ വെച്ച തന്റെ പിതാവായ തെറഹിന മുമ്പെ മരിച്ചു.

൨൯ അബ്രാമും, നാഹൊറും തങ്ങൾക്ക ഭാൎയ്യമാരെ കൈക്കൊണ്ടു: അബ്രാമിന്റെ ഭാൎയ്യയുടെ പെർ സാറായി; നാഹൊറിന്റെ ഭാൎയ്യയുടെ പെർ മിൽഖാ: ഇവൾ മിൽഖായുടെ പിതാവും ഇസ്കായുടെ പിതാവുമായ ഹാറാന്റെ പുത്രിയായിരുന്നു.

൩൦. വിശെഷിച്ചും സാറായി മച്ചിയായിരുന്നു; അവൾക്ക പുത്രനുണ്ടായില്ല.

൩൧ പിന്നെ തെറഹ തന്റെ പുത്രനായ അബ്രാമിനെയും, ഹാറാന്റെ പുത്രനായി, തന്റെ പൌത്രനായ ലൊത്തിനെയും, തന്റെ പുത്രനായ അബ്രാമിന്റെ ഭാൎയ്യയായ തന്റെ മരുമകൾ സാറായെയും കൂട്ടികൊണ്ടു: അവരൊട കൂടെ അവർ കൽദെയക്കാരുടെ ഊരിൽ നിന്ന കനാൻ ദെശത്തെക്ക പൊകുവാൻ പുറപ്പെട്ടു; എന്നാൽ അവർ ഹാറാൻ വരെയും വന്ന, അവിടെ പാൎത്തു.

൩൨ വിശെഷിച്ചും തെറഹിന്റെ

ദിവസങ്ങൾ ഇരുനൂററഞ്ചു സംവത്സരമായിരുന്നു: തെറഹ ഹാറാനിൽ മരിക്കയും ചെയ്തു.

൧൨ അദ്ധ്യായം.

൧ അബ്രാമിനെ ദൈവം വിളിച്ച, മശിഹായെ കുറിച്ചുള്ള വാഗ്ദത്തത്താൽ അവനെ അനുഗ്രഹിക്കുന്നത. —൪ ഹാറാനിൽനിന്ന അവന്റെ ഗമനം —൭ കനാൻ ദെശം വാഗ്ദത്തം ചെയ്യപ്പെടുന്നത.

പിന്നെ യഹൊവാ അബ്രാമിനൊട പറഞ്ഞു, നീ നിന്റെ ദെശത്തനിന്നും, നിന്റെ ചാൎച്ചയിൽനിന്നും, നിന്റെ പിതാവിന്റെ ഭവനത്തിൽനിന്നും പുറപ്പെട്ട, ഞാൻ നിനക്ക കാണിപ്പാനിരിക്കുന്ന ദെശത്തെക്ക പൊക.

൨ വിശെഷിച്ച ഞാൻ നിന്നെ ഒരു വലിയ ജാതിയായിട്ടാക്കും, ഞാൻ നിന്നെ അനുഗ്രഹിച്ച, നിന്റെ നാമത്തെ ശ്രെഷ്ഠമാക്കും; നീയും അനുഗ്രഹമായി തീരും.

൩ നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും; നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും: നിന്നിൽ ഭൂമിയിലുള്ള എല്ലാ വംശങ്ങളും അനുഗ്രഹിക്കപ്പെടും. [illegible] 22,18

൪ അപ്പൊൾ യഹൊവാ തന്നൊട കല്പിച്ച പ്രകാരം അബ്രാം പുറപ്പെട്ടു; ലൊത്തും അവനൊട കൂടെ പൊയി: അബ്രാം ഹാറാനിൽനിന്ന പുറപ്പെട്ടപ്പൊൾ എഴുപത്തഞ്ചു വയസ്സുള്ളവൻ [ആയിരുന്നു.]

൫ അബ്രാം തന്റെ ഭാൎയ്യയായ സാറായെയും, തന്റെ സഹൊദരന്റെ പുത്രനായ ലൊത്തിനെയും, തങ്ങൾ സമ്പാദിച്ചിരുന്ന തങ്ങളുടെ സമ്പത്തുകളെ ഒക്കെയും, തങ്ങൾ ഹാറാനിൽ ഉണ്ടാക്കിയിരുന്ന ആത്മാക്കളെയും കൂട്ടികൊണ്ട, കനാൻ ദെശത്തിലെക്ക പൊകുന്നതിന പുറപ്പെട്ടു; കനാൻ ദെശത്തെക്ക അവർ വരികയും ചെയ്തു.

൬ അബ്രാം ശെഖെമെന്ന സ്ഥലം വരെക്കും, മൊരെ എന്ന സമഭൂമി വരെക്കും ദെശത്ത കൂടി കടന്ന വന്നു. എന്നാൽ കനാനായക്കാരൻ അപ്പൊൾ ആ ദെശത്തിൽ [ഉണ്ടായിരുന്നു.]

൭ എന്നാറെ യഹൊവാ അബ്രാമിന പ്രത്യക്ഷനായി, നിന്റെ സന്തതിക്ക ഞാൻ ഈ ദെശത്തെ കൊടുക്കുമെന്ന പറഞ്ഞു. അപ്പൊൾ അവൻ തനിക്ക പ്രത്യക്ഷനായ യഹൊവാക്കു അവിടെ ഒരു ബലിപീഠം പണിതു.

൮ പിന്നെ അവൻ അവിടെനിന്ന പുറപ്പെട്ട, ബെതെലിന കിഴക്കുള്ള മലെക്ക വന്ന, ബെതെൽ തനിക്ക പടിഞ്ഞാറായും, ഹായി കിഴക്കായും കൂടാരം അടിച്ചു: അവിടെ അവൻ യഹൊവാക്കു ഒരു ബലിപീഠം പണിത, യഹൊവായുടെ നാമത്തിൽ വന്ദിക്കയും ചെയ്തു.

൯ പിന്നെ അബ്രാം തെക്കൊട്ട പ്രയാണം ചെയ്തുകൊണ്ട പൊയി.

൰ ¶ അപ്പൊൾ ആ ദെശത്തിൽ ക്ഷാമം ഉണ്ടായി: എന്നാറെ അബ്രാം മിസ്രയിം ദെശത്തെക്ക, അവിടെ പാൎപ്പാനായിട്ട പുറപ്പെട്ടു പൊയി: എന്തെന്നാൽ ദെശത്തിൽ ക്ഷാമം കഠിനമായിരുന്നു.

൧൧ പിന്നെ ഉണ്ടായത എന്തെന്നാൽ, അവൻ മിസ്രയിമിലെക്ക പ്രവെശിപ്പാൻ സമീപിച്ചപ്പൊൾ, അവൻ തന്റെ ഭാൎയ്യയായ സാറായൊട പറഞ്ഞു, കണ്ടാലും, ഇപ്പൊൾ നീ കാഴ്ചയ്ക്കു സൌന്ദൎയ്യമുള്ള സ്ത്രീയെന്ന ഞാൻ അറിയുന്നു.

൧൨ അതുകൊണ്ട ഇപ്രകാരം ഉ

ണ്ടാകും, മിസ്രയക്കാർ നിന്നെ കാണുമ്പൊൾ, ഇവൾ അവന്റെ ഭാൎയ്യയെന്ന പറയും; അവർ എന്നെ കൊന്ന, നിന്നെ ജീവനൊടെ രക്ഷിക്കും.

൧൩ നിന്റെ നിമിത്തം ഇനിക്ക നന്നായിരിക്കേണ്ടുന്നതിന നീ എന്റെ സഹൊദരി എന്ന പറയെണമെന്ന ഞാൻ നിന്നൊടപെക്ഷിക്കുന്നു: എന്നാൽ നിന്റെ നിമിത്തമായിട്ട എന്റെ ആത്മാവ ജീവിച്ചിരിക്കും.

൧൪ പിന്നെ ഉണ്ടായത എന്തെന്നാൽ, അബ്രാം മിസ്രയിമിലെക്ക വന്നപ്പൊൾ മിസ്രയക്കാർ ആ സ്ത്രീയെ എറ്റവും സൌന്ദൎയ്യമുള്ളവൾ എന്ന കണ്ടു.

൧൫ പറഒന്റെ പ്രഭുക്കളും അവളെ കണ്ട, അവളെ പറഒന്റെ മുമ്പാകെ പ്രശംസിച്ചു: അപ്പൊൾ ആ സ്ത്രീ പറഒന്റെ ഭവനത്തിൽ കൊണ്ടുപൊകപ്പെട്ടു.

൧൬ അവൻ അവളുടെ നിമിത്തമായി അബ്രാമിന ഗുണം ചെയ്തു: എന്നാൽ ഇവന ആടുകളും, കന്നുകാലികളും, ആണ്കഴുതകളും, വെലക്കാരും, വെലക്കാരികളും, പെണ്കഴുതകളും, ഒട്ടകങ്ങളും, ഉണ്ടായിരുന്നു.

൧൭ എന്നാറെ അബ്രാമിന്റെ ഭാൎയ്യയായ സാറായുടെ നിമിത്തം യഹൊവാ പറഒയെയും, അവന്റെ കുഡുംബത്തെയും മഹാ ബാധകൾ കൊണ്ട ബാധിച്ചു.

൧൮ അപ്പൊൾ പറഒ അബ്രാമിനെ വിളിച്ച, പറഞ്ഞു, നീ ഇനിക്ക ചെയ്തു ഇത എന്ത? ഇവൾ നിന്റെ ഭാൎയ്യ എന്ന നീ എന്നൊട അറിയിക്കാഞ്ഞത എന്ത?

൧൯ ഇവൾ എന്റെ സഹൊദരി എന്ന നീ എന്തിന പറഞ്ഞു? ഞാൻ അവളെ ഇനിക്ക സ്ത്രീയായിട്ട പരിഗ്രഹിക്കുമായിരുന്നവല്ലൊ: എന്നാൽ ഇപ്പൊൾ, ഇതാ, നിന്റെ ഭാൎയ്യ, അവളെ കൂട്ടികൊണ്ട, പൊക.

൨൦ വിശെഷിച്ച പറഒ അവനായ്ക്കൊണ്ട മനുഷ്യരെ കല്പിച്ചു; അവർ അവനെയും, അവന്റെ ഭാൎയ്യയെയും, അവന ഉണ്ടായതിനെ ഒക്കെയും വിട്ടയക്കയും ചെയ്തു.

൧൩ അദ്ധ്യായം.

൧ അബ്രാമും ലൊത്തും മിസ്രയിമിൽനിന്ന തിരികെ വരുന്നത. — ൭ കലഹംകൊണ്ട തമ്മിൽ പിരിഞ്ഞുപൊകുന്നത. — ൧൪ ദൈവത്തിന്റെ വാഗ്ദത്തം അബ്രാമിന നൂതനമാക്കപ്പെടുന്നത.

ഇതകൊണ്ട അബ്രാമും, അവന്റെ ഭാൎയ്യയും, അവനുണ്ടായതൊക്കെയും, അവനൊട കൂടെ ലൊത്തും മിസ്രയിമിൽനിന്ന തെക്കൊട്ട പുറപ്പെട്ട ചെന്നു.

൨ എന്നാൽ അബ്രാം മൃഗങ്ങളിലും, വെള്ളിയിലും, പൊന്നിലും മഹാ സമ്പന്നനായിരുന്നു.

൩ അവൻ തന്റെ യാത്രകളിൽ തെക്കുനിന്ന ബെതെൽ വരെയും ബെതെലിനും ഹായിക്കും നടുവിൽതനിക്ക ആദിയിൽ കൂടാരം ഉണ്ടായിരുന്ന സ്ഥലം വരെയും; താൻ ആദിയിൽ ഉണ്ടാക്കിയ പീഠം ഇരുന്ന സ്ഥലം വരെയും പൊയി:

൪ അവിടെ അബ്രാം യഹൊവായുടെ നാമത്തിൽ വന്ദിക്കയും ചെയ്തു.

൫ വിശെഷിച്ചും അബ്രാമിനൊട കൂടെ വന്ന ലൊത്തിനും ആടുകളും, കന്നുകാലികളും, കൂടാരങ്ങളും ഉണ്ടായിരുന്നു.

൬ അവർ ഒന്നിച്ച വസിപ്പാനായിട്ട ആ ഭൂമിക്ക അവരെ വഹിപ്പാൻ വഹിയാതെയിരുന്നു: എ

ന്തെന്നാൽ അവരുടെ സമ്പത്ത വ
ളരെയായിരുന്നു, അതുകൊണ്ട അ
വൎക്ക ഒന്നിച്ച കൂടിയിരിപ്പാൻ വ
ഹിയാതെ ഇരുന്നു.
൭ അബ്രാമിന്റെ മൃഗ കൂട്ടത്തി
ന്റെ ഇടയന്മാരും ലൊത്തിന്റെ
മൃഗ കൂട്ടത്തിന്റെ ഇടയന്മാരും ത
മ്മിൽ വിവാദമുണ്ടായി. കനാനാ
യക്കാരനും പെറിസ്സായക്കാരനും
അപ്പൊൾ ആ ദെശത്ത വസി
ച്ചിരുന്നു.
൮ അതുകൊണ്ട അബ്രാം ലൊ
ത്തിനൊട പറഞ്ഞു, ഇനിക്കും നി
നക്കും തമ്മിലും, എന്റെ ഇടയന്മാ
ൎക്കും നിന്റെ ഇടയന്മാൎക്കും തമ്മി
ലും വിവാദം ഉണ്ടാകരുതെന്ന ഞാ
ൻ നിന്നൊട അപെക്ഷിക്കുന്നു;
എന്തെന്നാൽനാംസഹൊദരന്മാർ.
൯ ദെശം എല്ലാം നിന്റെ മുമ്പാ
കെ ഇല്ലയൊ? എന്നെ വിട്ടു പിരി
ഞ്ഞു പൊകെണം എന്ന ഞാൻ
നിന്നൊട അപെക്ഷിക്കുന്നു; നീ
ഇടത്തു ഭാഗത്തെക്ക [മാറിപൊകു
ന്നു] എങ്കിൽ, ഞാൻ വലത്തു ഭാഗ
ത്തെക്ക പൊകും: നീ വലത്തു ഭാഗ
ത്തെക്ക [മാറിപൊകുന്നു] എങ്കിൽ,
ഞാൻഇടത്തുഭാഗത്തെക്കപൊകും.
൧൦ അപ്പൊൾ ലൊത്ത തന്റെ
കണ്ണുകളെ ഉയൎത്തി, യൎദ്ദെന അ
രികെയുള്ള സമഭൂമിയെ ഒക്കെയും,
അതഎല്ലാടവും നീരൊട്ടമുള്ളതെന്ന
കണ്ടു; യഹൊവാ സെദൊമിനെ
യും ഗൊമൊറായെയുംനശിപ്പിച്ച
തിന മുമ്പെ അത യഹൊവായുടെ
തൊട്ടത്തെ പൊലെയും, സൊവാ
റിന്ന നീ വരുന്നതുവരെയും മിസ്ര
യിംദെശത്തെപൊലെയുംതന്നെ.
൧൧ അപ്പൊൾ ലൊത്ത യൎദ്ദെന
അരികെയുള്ള സമഭൂമിയെ ഒക്കെ
യുംതനിക്കതിരഞ്ഞെടുത്തു;പിന്നെ
ലൊത്ത കിഴക്കൊട്ട യാത്രപൊയി:
ഇപ്രകാരം അവർ ഒരുത്തനെ ഒരു
ത്തൻ വിട്ടു പിരിഞ്ഞു.
൧൨ അബ്രാം കനാൻ ദെശത്ത
കുടിയിരുന്നു; എന്നാൽ ലൊത്ത
ആ സമഭൂമിയുടെ പട്ടണങ്ങളിൽ
കുടിയിരുന്നു, സെദൊം വരെയും കൂ
ടാരം അടിച്ചു.
൧൩ എങ്കിലും സെദൊമിലുള്ള മ
നുഷ്യർ ദുഷ്ടന്മാരും, യഹൊവായു
ടെ മുമ്പാകെ മഹാ പാപികളും [ആ
യിരുന്നു.]
൧൪ ¶ ലൊത്ത അബ്രാമിനെ
വിട്ടു പിരിഞ്ഞതിന്റെ ശെഷം യ
ഹൊവാ അബ്രാമിനൊട പറഞ്ഞു,
നീ നിന്റെ കണ്ണുകളെ ഉയൎത്തി,
നീ ഇരിക്കുന്ന സ്ഥലത്തുനിന്നും
വടക്കൊട്ടും,തെക്കൊട്ടും, കിഴക്കൊട്ടും,
പടിഞ്ഞാറൊട്ടും നൊക്കുക.
൧൫ എന്തെന്നാൽ നീ കാണുന്ന
ഭൂമിയെ ഒക്കെയും ഞാൻ നിന
ക്കും, നിന്റെ സന്തതിക്കും അതി
നെ എന്നെക്കും തരും.
൧൬ ഞാൻ നിന്റെ സന്തതിയെ
ഭൂമിയിലെ പൊടിയെ പൊലെ
ആക്കും; ആകയാൽ ഭൂമിയിലെ
പൊടിയെ എണ്ണുവാൻ ഒരുത്തന
കഴിയും എങ്കിൽ, നിന്റെ സന്ത
തിയും എണ്ണപ്പെടും.
൧൭ നീ എഴുനീറ്റ, ദെശത്ത അ
തിന്റെ നീളത്തിലും അതിന്റെ
വീതിയിലും കൂടി സഞ്ചരിക്ക, എ
ന്തെന്നാൽ ഞാൻ അതിനെ നിന
ക്ക തരും.
൧൮ അപ്പൊൾ അബ്രാം കൂടാരം
നീക്കി, ഹെബ്രൊനിൽ ഇരിക്കുന്ന
മമ്രെയുടെ സമഭൂമിയിൽ വന്ന കു
ടിയിരുന്നു; അവിടെ യഹൊവാ
യ്ക്കു ഒരു ബലിപീഠം പണികയും
ചെയ്തു.

൰൪ അദ്ധ്യായം.

൧ രാജാക്കന്മാർ തമ്മിലുള്ള യുദ്ധം.—൰൨ ലൊത്ത പിടിപെട്ടത.—൰൪ അബ്രാമിനാൽ വിട്ടു കൊണ്ടുപൊരപ്പെടുന്നത.—൰൮ മൽഖിസദെക്ക അബ്രാമിനെ അനുഗ്രഹിക്കുന്നത.—൨൰ അബ്രാം അവന പത്തിലൊന്ന കൊടുക്കുന്നത.

ശിനാറിലെ രാജാവായ അമ്രാഫെലിന്റെയും, എലാസറിലെ രാജാവായ അറിയൊഖിന്റെയും, എലാമിലെ രാജാവായ ഖെദൊർലായൊമെറിന്റെയും, ജാതികളുടെ രാജാവായ തീദാലിന്റെയും നാളുകളിൽ ഉണ്ടായത എന്തെന്നാൽ,

൨ ഇവർ സെദൊമിലെ രാജാവായ ബെറയൊടും, ഗൊമൊറായിലെ രാജാവായ ബിശ്രയൊടും, അദമായിലെ രാജാവായ ശിനാബിനൊടും, സെബൊയിമിലെ രാജാവായ ശെമെബെറൊടും, സൊവർ ആകുന്ന ബെലയിലെ രാജാവൊടും യുദ്ധം ചെയ്തു.

൩ ഇവർ എല്ലാവരും ഉപ്പുകടലാകുന്ന സിദ്ദിമിന്റെ താഴ്വരയിൽ ഒന്നിച്ചു കൂടി.

൪ അവർ പന്ത്രണ്ട സംവത്സരം ഖെദൊർലായൊമെറിനെ സെവിച്ചു, പതിമ്മൂന്നാം വൎഷത്തിൽ ദ്രൊഹം ചെയ്തു.

൫ അതുകൊണ്ട പതിന്നാലാം വൎഷത്തിൽ ഖെദൊർലായൊമെറും, അവനൊട കൂടിയിരുന്ന രാജാക്കന്മാരും വന്ന, അസ്തെരൊതകാൎന്നായിമിൽ റെഫായിമാരെയും, ഹാമിൽ സൂസിമാരെയും, ശാവെകിരിയത്തായിമിൽ എമിയാരെയും,

൬ അവരുടെ സെയിർ മലയിൽ ഹൊറിക്കാരെയും വനത്തിന സമീപമാകുന്ന എൽപാറാൻ വരെയും അടിച്ചുകൊന്നു.

൭ പിന്നെ അവർ തിരിഞ്ഞ കാദെഷാകുന്ന എൻമിസ്പാത്തിന വന്ന അമലെക്കിയക്കാരുടെ രാജ്യത്തെ ഒക്കെയും അസെശൊൻ താമരിൽ കുടിയിരുന്ന എമൊറായക്കാരെയും കൂടെ നശിപ്പിച്ചു.

൮ അപ്പൊൾ സെദൊമിലെ രാജാവും, ഗൊമൊറായിലെ രാജാവും, അദമായിലെ രാജാവും, സെബൊയിമിലെ രാജാവും, (ശൊവർ ആകുന്ന) ബെലയിലെ രാജാവും പുറപ്പെട്ടു, സിദ്ദിമിലെ താഴ്വരയിൽ വെച്ചു, അവരൊട,

൯ എലാമിലെ രാജാവായ ഖെദൊർലായൊമെറിനൊടും, ജാതികളുടെ രാജാവായ തീദാലിനൊടും, ശിനാറിലെ രാജാവായ അമ്രാഫെലിനൊടും, എലാസറിലെ രാജാവായ അറിയൊഖിനൊടും തന്നെ, യുദ്ധം ചെയ്തു, നാല രാജാക്കന്മാർ അഞ്ചു രാജാക്കന്മാരൊട.

൰ വിശെഷിച്ചും, സിദ്ദിമിലെ താഴ്വരയിൽ പശ [എടുക്കുന്ന] കുഴികൾ വളരെയുണ്ടായിരുന്നു. സെദൊമിലെ രാജാവും, ഗൊമൊറായിലെ രാജാവും ഒടിപ്പൊയി, അവിടെ വീഴുകയും ചെയ്തു. ശെഷിച്ചിരുന്നവരും പൎവതത്തിലെക്ക ഓടിപ്പൊയി.

൰൧ അപ്പൊൾ അവർ സെദൊമിലും ഗൊമൊറായിലുമുള്ള സമ്പത്തുകളെ ഒക്കെയും, അവരുടെ ഭക്ഷണസാധനങ്ങളെ ഒക്കെയും എടുത്തു കൊണ്ടുപൊയി.

൰൨ അബ്രാമിന്റെ സഹൊദരന്റെ പുത്രനായി സെദൊമിൽ കുടിയിരുന്നവനായ ലൊത്തിനെയും, അവന്റെ സമ്പത്തിനെയും അവർ എടുത്തുകൊണ്ടുപൊയി.

൰൩ എന്നാറെ ഒളിച്ചുപൊയ ഒ

ത്തൻ വന്ന, എബ്ര്യായക്കാരനാ
യ അബ്രാമിനൊട അറിയിച്ചു. എ
ന്തെന്നാൽ അവൻ എസ്ക്കൊലി
ന്റെ സഹൊദരനും അനെറി
ന്റെ സഹൊദരനുമായുള്ള അ
മൊറായക്കാരനായ മമ്രെയുടെ സ
മഭൂമിയിൽ വസിച്ചിരുന്നു: ഇവ
രും അബ്രാമിനൊട ഉഭയസമ്മത
മുള്ളവരായിരുന്നു.

൧൪ തന്റെ സഹൊദരൻ അടി
മയായി കൊണ്ടുപൊകപ്പെട്ടു എ
ന്ന അബ്രാം കെട്ടപ്പൊൾ, അവ
ൻ തന്റെ ഭവനത്തിൽ ജനിച്ചവ
രായി അഭ്യാസികളായ മുന്നൂറ പ
തിനെട്ട ഭൃത്യന്മാരെ ആയുധം ധരി
പ്പിച്ചു, ദാൻ വരെയും പിന്തുടൎന്നു.

൧൫ രാത്രിയിൽ അവനും അവ
ന്റെ ഭൃത്യന്മാരും അവരുടെ നെരെ
പങ്കായിപിരിഞ്ഞ, അവരെ അവ
ജയപ്പെടുത്തി, ദമശെക്കിന ഇട
ത്ത ഭാഗത്തുള്ള ഹൊബാ വരെയും
അവരെ പിന്തുടൎന്നു.

൧൬ അവൻ സമ്പത്തുകളെ ഒ
ക്കെയും തിരികെ കൊണ്ടുവന്നു; ത
ന്റെ സഹൊദരനായ ലൊത്തി
നെയും, അവന്റെ സമ്പത്തിനെ
യും, അത്രയുമല്ല, സ്ത്രീകളെയും, ജ
നങ്ങളെയും കൂടെ തിരികെ കൊണ്ടു
വന്നു.

൧൭ ¶ അവൻ ഖെദൊർലാഹൊ
മെറിനെയും, അവനൊട കൂടെ [ഉ
ള്ളുന്ന] രാജാക്കന്മാരെയും കൊന്ന,
തിരിച്ചുവന്നതിന്റെ ശെഷം, സെ
ദൊമിലെ രാജാവ രാജാവിന്റെ
താഴ്വര ആയ ശാവെ താഴ്വര വരെ
അവനെ എതിരെറ്റു പുറപ്പെട്ടു.

൧൮ വിശെഷിച്ചും ശാലെമിലെ
രാജാവായ മൽഖിസദെക്ക അപ്പ
വും വീഞ്ഞും പുറത്ത കൊണ്ടുവ
ന്നു: ഇവൻ അത്യുന്നതനായ ദൈ
വത്തിന്റെ ആചാൎയ്യനുമായിരുന്നു.

൧൯ പിന്നെ അവൻ അവനെ
അനുഗ്രഹിച്ചു, സ്വൎഗ്ഗത്തിനും ഭൂമി
ക്കും നാഥനായി, അത്യുന്നതനാ
യ ദൈവത്താൽ അബ്രാം അനു
ഗ്രഹിക്കപ്പെട്ടവനാകട്ടെ എന്നും,

൨൦ നിന്റെ ശത്രുക്കളെ നിന്റെ
കയ്യിൽ എല്പിച്ചിട്ടുള്ള അത്യുന്നത
നായ ദൈവം സ്തുതിക്കപ്പെട്ടവനാ
കട്ടെ എന്നും പറഞ്ഞു. അവൻ അ
വന സകലത്തിൽനിന്നും പത്തി
ലൊന്ന കൊടുക്കയും ചെയ്തു.

൨൧ പിന്നെ സെദൊമിലെ രാ
ജാവ അബ്രാമിനൊട, ആളുകളെ
എനിക്ക തരിക എന്നും, സമ്പത്തി
നെ നീ എടുത്തുകൊൾക എന്നും
പറഞ്ഞു.

൨൨ എന്നാറെ അബ്രാം സെദൊ
മിലെ രാജാവിനൊട പറഞ്ഞു, ഞാ
ൻ അബ്രാമിനെ സമ്പന്നനാക്കി
യെന്ന നീ പറയാതെ ഇരിപ്പാനാ
യിട്ട ഞാൻ ഒരു ചരടുമുതൽ ചെരി
പ്പിന്റെ വാറ വരെയും എടുക്കയി
ല്ല എന്നും, നിനക്കുള്ളതിൽ യാതൊ
ന്നിനെ എങ്കിലും ഞാൻ എടുക്കയി
ല്ല എന്നും,

൨൩ സ്വൎഗ്ഗത്തിനും ഭൂമിക്കും നാ
ഥനായി, അത്യുന്നതനായ ദൈ
വമായ യഹൊവായിലെക്ക ഞാ
ൻ എന്റെ കൈ ഉയൎത്തിയിരിക്കു
ന്നു.

൨൪ യൌവനക്കാർ ഭക്ഷിച്ചതും,
എന്നൊട കൂടെ വന്ന അനെറും, എ
സ്കൊലും, മമ്രെയും എന്ന പുരുഷ
ന്മാരുടെ ഒഹരിയും മാത്രമെയുള്ളു:
ഇവർ തങ്ങളുടെ ഒഹരിയെ എടു
ക്കട്ടെ.

൧൫ അദ്ധ്യായം.

൧ അബ്രാം ധൈൎയ്യപ്പെടുന്നത.—൪. പുത്രൻ വാ
ഗ്ദത്തം ചെയ്യപ്പെടുന്നത.—൬ അവൻ വിശ്വാ

-സത്താൽ നീതിമാനാക്കപ്പെടുന്നത.—൭-കനാൻ ദെശം പിന്നെയും വാഗ്ദത്തം ചെയ്യപ്പെടുന്നത.

ഈ കാൎയ്യങ്ങൾ ഉണ്ടായതിന്റെ ശെഷം അബ്രാമിന ഒരു ദൎശനത്തിൽ യഹൊവായുടെ വചനം ഉണ്ടായി, പറഞ്ഞു; അബ്രാമെ, ഭയപ്പെടരുത. ഞാൻ നിനക്ക പരിചയും നിന്റെ മഹാ പ്രതിഫലവും [ആകുന്നു.]

൨ അപ്പൊൾ അബ്രാം പറഞ്ഞു, കൎത്താവായ യഹൊവായെ, നീ ഇനിക്ക എന്ത തരും? ഞാൻ പുത്രനില്ലാതെ പൊകുന്നുവല്ലൊ; എന്റെ ഭവനത്തിന്റെ വിചാരക്കാരൻ ദമശെക്കായക്കാരനായ ഈ എലിയെസാർ [ആകുന്നു.]

൩ പിന്നെയും അബ്രാം പറഞ്ഞു, കണ്ടാലും, നീ ഇനിക്ക സന്തതിയെ തന്നിട്ടില്ല; കണ്ടാലും, എന്റെ ഭവനത്തിൽ ജനിച്ച പുത്രൻ ഇനിക്ക അവകാശി ആകുന്നു.

൪ പിന്നെ കണ്ടാലും യഹൊവായുടെ വചനം അവന ഉണ്ടായി പറഞ്ഞു, ഇവൻ നിനക്ക അവകാശിയാകയില്ല, നിന്റെ കുക്ഷിയിൽനിന്ന പുറപ്പെടുന്നവൻ തന്നെ നിനക്ക അവകാശിയാകും.

൫ പിന്നെ അവൻ അവനെ പുറത്തുകൊണ്ടുവന്ന, നീ ആകാശത്തെക്ക മെല്പെട്ട നൊക്കുക: നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ അവയെ എണ്ണുക എന്ന പറഞ്ഞു. പിന്നെയും അവൻ അവനൊട, നിന്റെ സന്തതി ഇപ്രകാരം ആകും എന്ന പറഞ്ഞു.

൬ അവൻ യഹൊവായിൽ വിശ്വസിച്ചു: ഇതിനെ അവൻ അവന നീതിയായിട്ട കണക്കിടുകയും ചെയ്തു.

൭ പിന്നെ അവൻ അവനൊട, ഈ ദെശത്തെ അവകാശമായനുഭവിക്കെണ്ടുന്നതിന അതിനെ നിനക്ക തരുവാനായിട്ട നിന്നെ കൽദെയക്കാരുടെ ഊരിൽനിന്ന കൂട്ടികൊണ്ടുവന്നവനായ ഞാൻ യഹൊവാ [ആകുന്നു]എന്ന പറഞ്ഞു.

൮ അപ്പൊൾ അവൻ കൎത്താവായ യഹൊവായെ, ഞാൻ അതിനെ അനുഭവിക്കുമെന്നുള്ളതിനെ ഇനിക്ക എന്തകൊണ്ട അറിയാം? എന്ന പറഞ്ഞു.

൯ എന്നാറെ അവൻ അവനൊട, നീ മൂന്ന വയസ്സുള്ള ഒരു പശുക്കിടാവിനെയും, മൂന്ന വയസ്സുള്ള ഒരു വെള്ളാട്ടിനെയും, മൂന്ന വയസ്സുള്ള ഒരു ആട്ടുകൊററനെയും, ഒരു കാട്ടുപ്രാവിനെയും, ഒരു പ്രാവുകുഞ്ഞിനെയും ഇനിക്കായിട്ട എടുക്ക എന്ന പറഞ്ഞു.

൰ അവൻ ഇവയെ ഒക്കെയും അവനായിട്ട എടുത്ത, അവയെ ഒത്ത നടുവെ വിഭാഗിച്ചു, അംശങ്ങളെ അതാതിന നെരെ വച്ചു: എന്നാൽ പക്ഷികളെ അവൻ വിഭാഗിച്ചില്ല.

൰൧ പിന്നെ ആ ഉടലുകളിന്മെൽ പക്ഷികൾ ഇറങ്ങിവന്നപ്പൊൾ, അബ്രാം അവയെ ആട്ടിക്കളഞ്ഞു.

൰൨ എന്നാൽ ആദിത്യൻ അസ്തമിക്കുമ്പൊൾ, അബ്രാമിന്മെൽ നിദ്രാമയക്കം വന്നു; കണ്ടാലും, അവനിൽ ഭയവും വളരെ അന്ധകാരവും ഉണ്ടായി.

൰൩ അപ്പൊൾ അവൻ അബ്രാമിനൊട പറഞ്ഞു, നിന്റെ സന്തതി തങ്ങളുടെതല്ലാത്ത ദെശത്ത നാനൂറ സംവത്സരം പരദെശിയായിരുന്ന, ആയവരെ സെവിക്കുമെന്നും, അവർ ഇവരെ ഉപദ്രവിക്കു

മെന്നും നീ നിശ്ചയമായി അറിഞ്ഞുകൊൾക:

൧൪ എന്നാൽ ഇവർ സെവിക്കുന്ന ജാതിയൊട ഞാൻ ന്യായം വിധിക്കും: അതിന്റെ ശെഷം അവർ വളരെ സമ്പത്തൊടും കൂടെ പുറപ്പെട്ടു വരും.

൧൫ എന്നാലൊ നീ സമാധാനത്തൊടെ നിന്റെ പിതാക്കന്മാരുടെ അടുക്കൽ പ്രവെശിച്ച, നല്ല വാൎദ്ധക്യത്തിൽ അടക്കപ്പെടും.

൧൬ പിന്നെ നാലാം തലമുറയിലുള്ളവർ ഇവിടെക്ക തിരിച്ചു വരും: എന്തെന്നാൽ അമൊറായക്കാരുടെ അക്രമം ഇന്ന വരെയും നിവൃത്തിയായിട്ടില്ല.

൧൭ ¶ പിന്നെ ഉണ്ടായതഎന്തെന്നാൽ, ആദിത്യൻ അസ്തമിച്ച ഇരിട്ടായതിന്റെ ശെഷം, കണ്ടാലും, പുകയുന്ന ചൂളയും, ആ അംശങ്ങളുടെ നടുവെ കടന്നുപൊകുന്ന അഗ്നിജ്വാലയും [ഉണ്ടായി.]

൧൮ ആ ദിവസം യഹൊവാ അബ്രാമിനൊട ഉഭയസമ്മതം ചെയ്തു പറഞ്ഞു, നിന്റെ സന്തതിക്കു ഞാൻ ഈ ദെശത്തെ മിസ്രയിമിലെ നദി തുടങ്ങി പറാത്ത നദിയാകുന്ന വലിയ നദി വരെയും;

൧൯ കെനായക്കാരെയും, കെനിസ്സായക്കാരെയും, കദമൊനായക്കാരെയും,

൨൦ ഹിത്തായക്കാരെയും, പറിസ്സായക്കാരെയും, റെഫായിമാരെയും,

൨൧ അമൊറയക്കാരെയും, കനാനായക്കാരെയും, ഗിൎഗ്ഗശായക്കാരെയും, യബൂസായക്കാരെയും തന്നിരിക്കുന്നു.

൧൬ അദ്ധ്യായം.

൧ സാറായി ഹാഗാറിനെ അബ്രാമിന കൊടുക്കുന്നത.—൬ അവൾ തന്റെ യജമാന സ്ത്രീയുടെ അരികത്തനിന്ന ഓടിപൊയി,—൯ ഒരു ദൈവദൂതനാൽ തിരിയെ അയക്കപ്പെടുന്നത.—൧൫ യിഷ്മയെൽ ജനിച്ചത.

അബ്രാമിന്റെ ഭാൎയ്യയായ സാറായി അവന പുത്രനെ പ്രസവിക്കാതെ ഇരുന്നു: എന്നാൽ ഹാഗാർ എന്ന നാമമുള്ള മിസ്രയക്കാരിയായ ഒരു അടിമ സ്ത്രീ അവൾക്കു ഉണ്ടായിരുന്നു.

൨ അപ്പൊൾ സാറായി അബ്രാമിനൊട പറഞ്ഞു, ഇപ്പൊൾ കണ്ടാലും, ഞാൻ പ്രസവിക്കാതെ ഇരിപ്പാൻ യഹൊവാ എന്റെ [ഗൎഭപാത്രത്തെ] അടച്ചിരിക്കുന്നു: എന്റെ അടിമസ്ത്രീയുടെ അടുക്കൽ പ്രവെശിക്ക തന്നെ; പക്ഷെ അവളിൽനിന്ന ഇനിക്കു മക്കൾ ലഭിക്കും. അബ്രാം സാറായിയുടെ ശബ്ദത്തിന ചെവി കൊടുത്തു.

൩ പിന്നെ അബ്രാം കനാൻ ദെശത്ത പത്ത വൎഷം വസിച്ചിരുന്നതിന്റെ ശെഷം, അബ്രാമിന്റെ ഭാൎയ്യയായ സാറായി മിസ്രയക്കാരിയായി തന്റെ അടിമ സ്ത്രീയായ ഹാഗാറിനെ കൂട്ടികൊണ്ട, അവളെ തന്റെ ഭൎത്താവായ അബ്രാമിന സ്ത്രീയായിട്ട കൊടുത്തു.

൪ അവൻ ഹാഗാറിന്റെ അടുക്കൽ പ്രവെശിച്ചാറെ, അവൾ ഗൎഭം ധരിച്ചു: എന്നാൽ താൻ ഗൎഭം ധരിച്ചതിനെ അവൾ കണ്ടപ്പൊൾ, അവളുടെ യജമാനി അവളുടെ കണ്ണുകൾക്കു നിന്ദ്യയുള്ളവളായി.

൫ അപ്പൊൾ സാറായി അബ്രാമിനൊട പറഞ്ഞു, ഇനിക്കുള്ള അന്യായം നിന്റെ മെൽ ഇരിക്കട്ടെ: ഞാൻ എന്റെ അടിമ സ്ത്രീയെ നിന്റെ മടിയിൽ തന്നു; എന്നാൽ താൻ ഗൎഭം ധരിച്ചതിനെ അവൾ കണ്ടപ്പൊൾ, ഞാൻ അവളുടെ ക

ണ്ണുകൾക്ക നിന്ദയുള്ളവളായി ; യഹൊവാ ഇനിക്കും നിനക്കും മദ്ധ്യെ ന്യായം വിധിക്കട്ടെ.

൬ അപ്പൊൾ അബ്രാം സാറായിയൊട പറഞ്ഞു, കണ്ടാലും, നിന്റെ അടിമസ്ത്രീ നിന്റെ കയ്യിൽ ഇരിക്കുന്നു ; നിന്റെ കണ്ണുകൾക്ക നല്ലതാകുംവണ്ണം അവളൊട ചെയ്ക. എന്നാറെ സാറായി അവളെ ഉപദ്രവിച്ചപ്പൊൾ, അവൾ അവളുടെ മുമ്പിൽനിന്ന ഒടിപ്പൊയി.

൭ ¶ പിന്നെ യഹൊവായുടെ ദൂതൻ അവളെ വനത്തിൽ ഒരു നീരുറവയുടെ അരികെ, ശൂറിന പൊകുന്ന വഴിയിലെ നീരുറവയുടെ അരികെ കണ്ടെത്തി.

൮ സാറായിയുടെ അടിമ സ്ത്രീയായ ഹാഗാറെ, നീ എവിടെനിന്ന വരുന്നു? എങ്ങൊട്ട പൊകുന്നു? എന്നും അവൻ ചൊദിച്ചു. എന്നാറെ അവൾ, ഞാൻ എന്റെ യജമാനിയായ സാറായിയുടെ മുമ്പിൽനിന്ന ഒടിപ്പൊകുന്നു എന്ന പറഞ്ഞു.

൯ അപ്പൊൾ യഹൊവായുടെ ദൂതൻ അവളൊട, നീ നിന്റെ യജമാനിയുടെ അടുക്കൽ തിരിച്ചുപൊയി, അവളുടെ കയ്യിൻ കീഴെ അനുസരിച്ചിരിക്ക എന്ന പറഞ്ഞു.

൧൦ പിന്നെയും യഹൊവായുടെ ദൂതൻ അവളൊട, ഞാൻ നിന്റെ സന്തതിയെ എററവും വൎദ്ധിപ്പിക്കും : അതും സംഘത്താൽ എണ്ണപ്പെടാത്തതാകും എന്ന പറഞ്ഞു.

൧൧ പിന്നെയും യഹൊവായുടെ ദൂതൻ അവളൊട പറഞ്ഞു, കണ്ടാലും, നീ ഗൎഭിണിയായി (ഇരിക്കുന്നു,) നീ ഒരു പുത്രനെ പ്രസവിക്കും, യഹൊവാ നിന്റെ സങ്കടം കെൾക്കകൊണ്ട അവന യിശ്മഎൽ എന്ന പെർ വിളിക്കയും വെണം.

൧൨ വിശെഷിച്ചും അവൻ ഒരു ക്രൂരമനുഷ്യനായിരിക്കും ; അവന്റെ കൈ എല്ലാവൎക്കും വിരൊധമായും, എല്ലാവരുടെയും കൈ അവന വിരൊധമായും [ഇരിക്കും:] അവൻ തന്റെ സഹൊദരന്മാൎക്ക എല്ലാവൎക്കും മുമ്പാകെ കുടിയിരിക്കയും ചെയ്യും.

൧൩ അപ്പൊൾ അവൾ തന്നൊട സംസാരിച്ച യഹൊവായ്ക്ക, നീ എന്നെ കാണുന്ന ദൈവം എന്ന പെർ വിളിച്ചു : എന്തെന്നാൽ അവൾ പറഞ്ഞു, എന്നെ കാണുന്നവന്റെ പിന്നാലെ ഇവിടെയും ഞാൻ നൊക്കീട്ടുണ്ടൊ?

൧൪ അതുകൊണ്ട ആ കിണറിന ബെർ ലഹയായിരൊയി എന്ന പെർ വിളിക്കപ്പെട്ടു: കണ്ടാലും, അത കാദെശിനും ബെറെദിനും നടുവിൽ ഉണ്ട.

൧൫ പിന്നെ ഹാഗാർ അബ്രാമിന ഒരു പുത്രനെ പ്രസവിച്ചു: അപ്പൊൾ അബ്രാം ഹാഗാർ പ്രസവിച്ച തന്റെ പുത്രന യിശ്മഎൽ എന്ന പെർ വിളിച്ചു.

൧൬ ഹാഗാർ അബ്രാമിന യിശ്മഎലിനെ പ്രസവിച്ചപ്പൊൾ, അബ്രാം എണ്പത്താറ വയസ്സുള്ളവനായിരുന്നു.

൧൭ അദ്ധ്യായം.

൧ ഉഭയസമ്മതം പുതിയതാക്കപ്പെടുന്നത.—൫ അബ്രാമിന്റെ പെർ മാറപ്പെടുന്നത.—൧൦ ചെലാകൎമ്മം നിശ്ചയിക്കപ്പെടുന്നത.—൧൫ യിസ്സാക്ക വാഗ്ദത്തം ചെയ്യപ്പെടുന്നത.

അബ്രാമിന തൊണ്ണൂറെറാമ്പത വയസ്സായപ്പൊൾ യഹൊവാ അബ്രാമിന പ്രത്യക്ഷനായി, അവനൊട പറഞ്ഞു, ഞാൻ സൎവ്വശ

ക്തിയുള്ള ദൈവം [ആകുന്നു:] നീ
എന്റെ മുമ്പാകെ നടന്ന, തികഞ്ഞ
വനായിരിക്ക.
൨ ഞാൻ ഇനിക്കും നിനക്കും മ
ദ്ധ്യെ എന്റെ ഉഭയസമ്മതത്തെ
സ്ഥാപിക്കും, നിന്നെ അധികമ
ധികമായിവൎദ്ധിപ്പിക്കയും ചെയ്യും.
൩ അപ്പൊൾ അബ്രാം കവിണ്ണു
വീണു; പിന്നെ ദൈവം അവ
നൊട സംസാരിച്ചു പറഞ്ഞു,
൪ ഇനിക്കൊ, കണ്ടാലും, എന്റെ
ഉഭയസമ്മതം നിന്നൊട കൂടെ ഉ
ണ്ടു, നീ വളരെ ജാതികൾക്കും പി
താവാകും.
൫ ഇനി നിന്റെ പെർ അ
ബ്രാം എന്ന വിളിക്കപ്പെടുകയുമി
ല്ല: നിന്റെ പെർ അബ്രാഹാം എ
ന്നിരിക്കെണം; എന്തെന്നാൽ ഞാ
ൻ നിന്നെ വളരെ ജാതികൾക്ക
പിതാവാക്കിയിരിക്കുന്നു.
൬ ഞാൻ നിന്നെ അധികമധി
കമായി വൎദ്ധിപ്പിച്ചു, നിന്നെ ജാ
തികളാക്കും: നിന്നിൽനിന്ന രാജാ
ക്കന്മാരും ഉണ്ടാകും.
൭ ഞാൻ നിനക്കും നിന്റെ ശെ
ഷം നിന്റെ സന്തതിക്കും ദൈ
വമായിരിക്കെണ്ടുന്നതിന, ഞാൻ
ഇനിക്കും നിനക്കും നിന്റെ ശെ
ഷം അവരുടെ തലമുറകളിൽ നി
ന്റെ സന്തതിക്കും മദ്ധ്യെ എ
ന്റെ ഉഭയസമ്മതത്തെയും എന്നെ
ക്കുമുള്ള നിയമമായിട്ട സ്ഥിരപ്പെ
ടുത്തും.
൮ ഞാൻ നിനക്കും, നിന്റെ ശെ
ഷം നിന്റെ സന്തതിക്കും, നീ പ
രദെശിയായി പാൎത്തു വരുന്ന ദെ
ശമായ കനാൻ ദെശത്തെ ഒക്കെ
യും എന്നെക്കുമുള്ള അവകാശമാ
യിട്ട തരും: ഞാൻ അവൎക്ക ദൈ
വമായിരിക്കയും ചെയ്യും.

൯ൻ

൯ പിന്നെയും ദൈവം അബ്രാ
ഹാമിനൊട പറഞ്ഞു, അതുകൊ
ണ്ടു നീയും, നിന്റെ ശെഷം അ
വരുടെ തലമുറകളിൽ നിന്റെ സ
ന്തതിയും എന്റെ നിയമത്തെ പ്ര
മാണിക്കെണം.
൧൦ ഇനിക്കും നിങ്ങൾക്കും, നി
ന്റെ ശെഷം നിന്റെ സന്തതി
ക്കും മദ്ധ്യെ, നിങ്ങൾ പ്രമാണി
ക്കെണ്ടുന്ന എന്റെ നിയമം ഇത
[ആകുന്നു;] നിങ്ങളിൽ പുരുഷ പ്ര
ജയൊക്കെയും ചെല ചെയ്യപ്പെ
ടണം.
൧൧ നിങ്ങളുടെ അഗ്രചൎമ്മത്തി
ന്റെ മാംസത്തെ ചെല ചെയ്യെ
ണം: അത ഇനിക്കും നിങ്ങൾ
ക്കും മദ്ധ്യെയുള്ള നിയമത്തിന്റെ
അടയാളം ആകും.
൧൨ നിങ്ങളുടെ തലമുറകളിൽ പു
രുഷ പ്രജ എല്ലാം നിങ്ങളിൽ എ
ട്ടാം ദിവസത്തെ ശിശു ചെല ചെ
യ്യപ്പെടണം: ഭവനത്തിൽ ജനി
ച്ചവനും, നിന്റെ സന്തതിയല്ലാ
ത്ത യാതൊരു അന്യനൊട ദ്രവ്യം
കൊണ്ടു കൊള്ളപ്പെട്ടവനും അപ്ര
കാരം തന്നെ.
൧൩ നിന്റെ ഭവനത്തിൽ ജനി
ച്ചവനും, നിന്റെ ദ്രവ്യം കൊണ്ടു
കൊള്ളപ്പെട്ടവനും ചെലചെയ്യപ്പെ
ട്ടെ കഴിവു; എന്റെ നിയമം നി
ങ്ങളുടെ മാംസത്തിൽ എന്നെക്കുമു
ള്ള നിയമമായിരിക്കയും ചെയ്യും.
൧൪ പിന്നെ അഗ്രചൎമ്മത്തിന്റെ
മാംസം ചെല ചെയ്യപ്പെടാതെ ഇ
രിക്കുന്ന ചെലയില്ലാത്ത പുരുഷ
പ്രജയായ ആ ആത്മാവ തന്റെ
ജനങ്ങളിൽനിന്ന നശിപ്പിക്കപ്പെ
ടെണ്ടിവരും; അവൻ എന്റെ നി
യമത്തെ ലംഘിച്ചിരിക്കുന്നു.
൧൫ ¶ പിന്നെയും ദൈവം അ

ബ്രാഹാമിനൊട പറഞ്ഞു, നിന്റെ
ഭാൎയ്യയായ സാറായിയെ, നീ അ
വളുടെ പെർ സാറായിയെന്ന വി
ളിക്കരുത: അവളുടെ പെർ സാറാ
എന്ന ഇരിക്കെണം.
൧൬ ഞാൻ അവളെ അനുഗ്ര
ഹിച്ചു, അവളിൽനിന്ന നിനക്ക ഒ
രു പുത്രനെയും തരും ; അത്രയുമല്ല,
ഞാൻ അവളെ അനുഗ്രഹിക്കും,
അവൾ ജാതികളായി തീരും ; അവ
ളിൽനിന്ന ജനങ്ങളുടെ രാജാക്കന്മാ
രും ഉണ്ടാകും.
൧൭ അപ്പൊൾ അബ്രാഹാം മു
ഖം കവിണ്ണ വീണ, ചിരിച്ചു, നൂ
റ വയസ്സായവന [പുത്രൻ] ജനി
ക്കുമൊ? തൊണ്ണൂറ വയസ്സുള്ളവളാ
യ സാറായും പ്രസവിക്കുമൊ? എ
ന്ന തന്റെ ഹൃദയം കൊണ്ട പറ
ഞ്ഞു.
൧൮ പിന്നെ അബ്രാഹാം ദൈ
വത്തൊട, യിഷ്മഎൽ നിന്റെ മു
മ്പാകെ ജീവിച്ചിരുന്നാൽ കൊള്ളാം
എന്ന പറഞ്ഞു.
൧൯ അപ്പൊൾ ദൈവം പറ
ഞ്ഞു, നിന്റെ ഭാൎയ്യയായ സാറാ
നിനക്ക ഒരു പുത്രനെ പ്രസവി
ക്കും സത്യം ; നീ അവന യിസ്സ്ഹാ
ക്ക എന്ന പെർ വിളിക്കയും വെ
ണം: പിന്നെ ഞാൻ അവനൊടും
അവന്റെ ശെഷം അവന്റെ സ
ന്തതിയൊടും എന്റെ നിയമത്തെ
എന്നെക്കുമുള്ള നിയമമായിട്ട സ്ഥി
രപ്പെടുത്തും:
൨൦ യിഷ്മഎലിനായ്ക്കൊണ്ടും നി
ന്റെ അപെക്ഷയെ ഞാൻ കെട്ടു:
കണ്ടാലും, ഞാൻ അവനെ അനു
ഗ്രഹിച്ചു, അവനെ അധികമധി
മായി പെരുക്കി, വൎദ്ധിപ്പിക്കും: അ
വൻ പന്ത്രണ്ട പ്രഭുക്കളെ ജനിപ്പി
ക്കും ; ഞാൻ അവനെ ഒരു വലി
യ ജാതിയാക്കുകയും ചെയ്യും.
൨൧ എന്നാൽ എന്റെ നിയമ
ത്തെ ഞാൻ ഇനിയത്തെ ആണ്ടി
ൽ ഇക്കാലത്തിങ്കൽ സാറാ നിനക്ക
പ്രസവിപ്പാനുള്ള യിസ്സ്ഹാക്കിനൊ
ട സ്ഥിരപ്പെടുത്തും.
൨൨ അവൻ അവനൊട സം
സാരിച്ചു തീൎന്നു; അതിന്റെശെഷം
ദൈവം അബ്രാഹാമിനെ വിട്ട ക
രെറി.
൨൩ ¶ അപ്പൊൾ അബ്രാഹാം ത
ന്റെ പുത്രനായ യിഷ്മഎലിനെ
യും, തന്റെ ഭവനത്തിൽ ജനിച്ച
വരെ എല്ലാവരെയും, തന്റെ ദ്രവ്യം
കൊണ്ട കൊള്ളപ്പെട്ടവരെ എല്ലാ
വരെയും, അബ്രാഹാമിന്റെ ഭവ
നത്തിലെ മനുഷ്യരിലുള്ള എല്ലാ പു
രുഷന്മാരെയും കൂട്ടിക്കൊണ്ട, ദൈ
വം തന്നൊട കല്പിച്ച പ്രകാരം അ
വരുടെ അഗ്രചൎമ്മത്തിന്റെ മാം
സത്തെ ആ ദിവസം തന്നെ ചെ
ല ചെയ്തു.
൨൪ അബ്രാഹാം തന്റെ അഗ്ര
ചൎമ്മത്തിന്റെ മാംസത്തിൽ ചെല
എറ്റപ്പൊൾ, അവൻ തൊണ്ണൂററ
ഒമ്പത വയസ്സുള്ളവനായിരുന്നു.
൨൫ എന്നാൽ അവന്റെ പുത്ര
നായ യിഷ്മഎൽ തന്റെ അഗ്ര
ചൎമ്മത്തിന്റെ മാംസത്തിൽ ചെ
ല എറ്റപ്പൊൾ, പതിമൂന്ന വയ
സ്സുള്ളവനായിരുന്നു.
൨൬ ആ ദിവസം തന്നെ അ
ബ്രാഹാമും അവന്റെ പുത്രനായ
യിഷ്മഎലും ചെല ചെയ്യപ്പെട്ടു.
൨൭ ഭവനത്തിൽ ജനിച്ചവരും,
അന്യരൊട ദ്രവ്യം കൊണ്ട കൊള്ള
പ്പെട്ടവരുമായ അവന്റെ ഭവന
ത്തിലുള്ള എല്ലാവരും അവനൊട
കൂടെ ചെല ചെയ്യപ്പെട്ടു.

൧൮ അദ്ധ്യായം.

൧ അബ്രാഹാം മൂന്ന ദൈവദൂതന്മാരെ സൽക്കരി
ക്കുന്നത.—൯ സാറായുടെ ചിരി.—൧൭ സെ
ദൊമിന്റെ നാശം അബ്രാഹാമിനൊട അ
റിയിക്കപ്പെടുന്നത.—൨൩. അതിന വെണ്ടി
അവന്റെ പ്രാർത്ഥന.

പിന്നെയും യഹൊവാ അവന
മമ്രെയുടെ സമഭൂമിയിൽ പ്രത്യക്ഷ
നായി; അവൻ പകൽ ഉഷ്ണസമ
യത്ത കൂടാര വാതുക്കൽ ഇരുന്നിരു
ന്നു.
൨ അവൻ തന്റെ കണ്ണുകളെ
ഉയർത്തി നൊക്കിയാറെ, കണ്ടാലും,
മൂന്ന പുരുഷന്മാർ അവന്റെ നെ
രെ നിന്നു: അവരെ കണ്ടപ്പൊൾ
അവൻ കൂടാരവാതുക്കൽനിന്ന അ
വരെ എതിരെല്പാൻ ഒടിച്ചെന്ന,
നിലം വരെയും കുനിഞ്ഞ പറഞ്ഞു,
൩ എന്റെ കർത്താവെ, നിന്റെ ക
ണ്ണുകളിൽ ഇനിക്ക കൃപ ലഭിച്ചു എ
ങ്കിൽ, നീ നിന്റെ അടിയാനെ ഒ
ഴിച്ചുപൊകരുതെ എന്ന ഞാൻ നി
ന്നൊട അപെക്ഷിക്കുന്നു:
൪ അസാരം വെള്ളം കൊണ്ടുവ
രപ്പെടട്ടെ; നിങ്ങളുടെ കാലുകളെ
കഴുകി, വൃക്ഷത്തിന്റെ കീഴിൽ ആ
ശ്വാസിച്ചിരിപ്പിൻ.
൫ ഞാൻ ഒരു മുറി അപ്പം കൊ
ണ്ടുവരാം, നിങ്ങൾ നിങ്ങളുടെ ഹൃ
ദയങ്ങളെ ഉറപ്പിപ്പിൻ; അതി
ന്റെ ശെഷം നിങ്ങൾ അങ്ങൊട്ട
നടക്കാം; എന്തെന്നാൽ ഇതിനാ
യിട്ട നിങ്ങൾ നിങ്ങളുടെ അടിയാ
ന്റെ അടുക്കൽ കടന്ന വന്നു. എ
ന്നാറെ നീ പറഞ്ഞ പ്രകാരം ചെ
യ്ക എന്ന അവർ പറഞ്ഞു.
൬ അപ്പൊൾ അബ്രാഹാം വെ
ഗത്തിൽ കൂടാരത്തിൽ സാറായുടെ
അടുക്കൽ ചെന്ന, നീ വെഗത്തിൽ
മൂന്നിടങ്ങഴി നെരിയ മാവിനെ എ
ടുത്ത, കുഴച്ചു, അടുപ്പിൽ വെച്ചു അ
പ്പം ഉണ്ടാക്കുക എന്ന പറഞ്ഞു.
൭ പിന്നെ അബ്രാഹാം പശുക്കൂ
ട്ടത്തിലെക്ക ഒടി, ഇളയതായും നല്ല
തായുമുള്ളൊരു കുട്ടിയെ പിടിച്ചു, ഒ
രു ബാല്യക്കാരന്റെ പക്കൽ കൊ
ടുത്തു; അവൻ അതിനെ പാകം
ചെയ്യാൻ ബദ്ധപ്പെട്ടു.
൮ പിന്നെ അവൻ വെണ്ണയെ
യും പാലിനെയും, താൻ പാകം
ചെയ്യിച്ച കുട്ടിയെയും കൊണ്ടുവ
ന്ന, അവരുടെ മുമ്പാകെ വെച്ചു:
എന്നാൽ അവൻ അവരുടെ അടു
ക്കൽ വൃക്ഷത്തിന്റെ കീഴിൽ നി
ന്നു, അവർ ഭക്ഷിക്കയും ചെയ്തു.
൯ വിശെഷിച്ച അവർ അവ
നൊട പറഞ്ഞു, നിന്റെ ഭാര്യയാ
യ സാറാ എവിടെ? അതാ, കൂടാര
ത്തിൽ എന്ന അവൻ പറഞ്ഞു.
൧൦ അപ്പൊൾ അവൻ പറഞ്ഞു,
ഒരു ജീവന്റെ ഉല്പാദന കാലത്ത
ഞാൻ നിന്റെ അടുക്കൽ തിരിച്ച
വരും നിശ്ചയം; അപ്പൊൾ ക
ണ്ടാലും, നിന്റെ ഭാര്യയാകുന്ന സാ
റായ്ക്ക ഒരു പുത്രൻ ഉണ്ടാകും. സാ
റായും അവന പിറകെ ഉള്ള കൂടാ
രവാതുക്കൽ വച്ച ഇതിനെ കെട്ടു.
൧൧ അന്ന അബ്രാഹാമും സാ
റായും വാർദ്ധക്യമുള്ളവരും വയസ്സ
ചെന്നവരും [ആയിരുന്നു:] സ്ത്രീ
കൾക്കുള്ള വഴി സാറായ്ക്ക നിന്നിരു
ന്നു.
൧൨ ആയതുകൊണ്ട സാറാ ത
ന്റെ ഉള്ളുകൊണ്ട ചിരിച്ചു, ഞാ
ൻ വൃദ്ധയും എന്റെ യജമാനൻ
വൃദ്ധനും ആയശെഷം ഇനിക്കസു
ഖം ഉണ്ടാകുമൊ? എന്ന പറഞ്ഞു.
൧൩ അപ്പൊൾ യഹൊവാ അ
ബ്രാഹാമിനൊട പറഞ്ഞു, സാറാ
ചിരിച്ചു, ഞാൻ വൃദ്ധയായിരുന്നി

ട്ട പ്രസവിക്കുന്നത സത്യമൊ എ
ന്ന പറഞ്ഞത എന്തിന ?
൧൪ യഹൊവായാൽ കഴിയാത്ത
കാൎയ്യം ഉണ്ടൊ ? ഒരു ജീവന്റെ ഉ
ല്പാദന കാലത്ത ഞാൻ നിന്റെ
അടുക്കൽ തിരിച്ചു വരും, സാറായ്ക്കു
ഒരു പുത്രൻ ഉണ്ടാകയും ചെയ്യും.
൧൫ അപ്പൊൾ സാറാ നിഷെ
ധിച്ചു, ഞാൻ ചിരിച്ചിട്ടില്ല എന്ന
പറഞ്ഞു: എന്തെന്നാൽ അവൾ ഭ
യപ്പെട്ടു. എന്നാറെ അവൻ, അല്ല,
നീ ചിരിച്ചു എന്ന പറഞ്ഞു.
൧൬ ¶ പിന്നെ ആ പുരുഷന്മാർ
അവിടെനിന്ന എഴുനീറ്റ, സെദൊ
മിന നെരെ നൊക്കി: എന്നാറെ
അബ്രാഹാം അവരെ വഴിയാത്രയ
യപ്പാൻ അവരൊടകൂടെ പൊയി.
൧൭ അപ്പൊൾ യഹൊവാ പറ
ഞ്ഞു, അബ്രാഹാം വലിയതായും
ശക്തിയായുമുള്ള ജാതിയായി തീരു
വാനുള്ളതാകകൊണ്ടും, അവനിൽ
ഭൂമിയിലുള്ള ജാതികളൊക്കെയും അ
നുഗ്രഹിക്കപ്പെടുവാനുള്ളതാകകൊ
ണ്ടും,
൧൮ ഞാൻ ചെയ്വാനിരിക്കുന്ന
തിനെ ഞാൻ അബ്രാഹാമിൽനി
ന്ന മറെക്കുമൊ?
൧൯ എന്തെന്നാൽ യഹൊവാ
അബ്രാഹാമിനെ കുറിച്ച പറഞ്ഞ
തിനെ അവനിൽ വരുത്തുവാനാ
യിട്ട, അവൻ തന്റെ പുത്രന്മാരൊ
ടും തനിക്ക പിമ്പെ തന്റെ ഭവ
നക്കാരൊടും കല്പിക്കയും, അവർ
നീതിയും ന്യായവും ചെയ്യെണ്ടുന്ന
തിന യഹൊവായുടെ മാൎഗ്ഗത്തെ
പ്രമാണിക്കയും ചെയ്യുമെന്ന, ഞാ
ൻ അവനെ അറിയുന്നു.
൨൦ പിന്നെയും യഹൊവാ പറ
ഞ്ഞു, സെദൊമിന്റെയും ഗൊമൊ
റായുടെയും നിലവിളി വലിയതാ
കകൊണ്ടും, അവരുടെ പാപം എ
റ്റവും കഠിനമുള്ളതാകകൊണ്ടും,
൨൧ ഞാൻ ഇപ്പൊൾ ഇറങ്ങി
ചെന്ന, എന്റെ അടുക്കൽ വന്നെ
ത്തിയ അതിന്റെ നിലവിളി പ്ര
കാരം അവർ തികവായി ചെയ്തി
ട്ടുണ്ടൊ, ഇല്ലയൊ എന്ന നൊക്കി
അറിയാം.
൨൨ അപ്പൊൾ ആ പുരുഷന്മാർ
അവിടെനിന്ന തിരിച്ചു, സെദൊ
മിന നെരെ പൊയി: എന്നാൽ അ
ബ്രാഹാം പിന്നെയും യഹൊവാ
യുടെ മുമ്പാകെ നിന്നിരുന്നു.
൨൩ ¶ പിന്നെ അബ്രാഹാം അ
ടുക്കൽ വന്ന പറഞ്ഞു, നീ ദുഷ്ട
നൊടകൂടെ നീതിമാനെയും നശി
പ്പിക്കുമൊ?
൨൪ പക്ഷെ ആ പട്ടണത്തിന
കത്ത അമ്പത നീതിമാന്മാർ ഉണ്ടാ
യിരുന്നാൽ: അതിനകത്തുള്ള അ
മ്പത നീതിമാന്മാരുടെ നിമിത്തം
ൟ സ്ഥലത്തിന ക്ഷമ ചെയ്യാ
തെ നശിപ്പിക്കുമൊ ?
൨൫ ഇപ്രകാരം ചെയ്യുന്നത, ദു
ഷ്ടനൊട കൂടെ നീതിമാനെ നശി
പ്പിക്കുന്നത നിന്നിൽനിന്ന ദൂരമാ
യിരിക്കട്ടെ; നീതിമാൻ ദുഷ്ടനെ
പൊലെ ആകുന്നതും നിന്നിൽനി
ന്ന ദൂരമായിരിക്കട്ടെ ; എല്ലാ ഭൂമി
ക്കും ന്യായാധിപതി നീതിയെ ചെ
യ്യാതെ ഇരിക്കുമൊ?
൨൬ എന്നാറെ യഹൊവാ പറ
ഞ്ഞു, ഞാൻ സെദൊമിൽ പട്ടണ
ത്തിനകത്ത അമ്പത നീതിമാന്മാ
രെ കാണുന്നു എങ്കിൽ, അവരുടെ
നിമിത്തം ൟ സ്ഥലത്തിന ഒക്കെ
യും ക്ഷമ ചെയ്യും.
൨൭ അപ്പൊൾ അബ്രാഹാം ഉ
ത്തരമായി പറഞ്ഞു, ഇപ്പൊൾ ക
ണ്ടാലും, പൊടിയും ചാരവുമായിരി

ക്കുന്ന ഞാൻ കൎത്താവിനൊട സംസാരിപ്പാൻ തുടങ്ങി.

൨൮ ആ അമ്പത നീതിമാന്മാരിൽ പക്ഷെ അഞ്ച പെർ കുറഞ്ഞു പൊയെങ്കിലൊ; അഞ്ച പെരുടെ [കുറവ] നിമിത്തം നീ ആ പട്ടണത്തെ ഒക്കയും നശിപ്പിക്കുമൊ? എന്നാറെ അവൻ, ഞാൻ നാല്പത്തഞ്ച പെരെ അവിടെ കണ്ടാൽ, അതിനെ നശിപ്പിക്കയില്ല എന്ന പറഞ്ഞു.

൨൯ അവൻ പിന്നെയും അവനൊട സംസാരിച്ച പറഞ്ഞു, പക്ഷെ നാല്പത പെർ അവിടെ കാണപ്പെടുമെങ്കിലൊ: ഞാൻ നാല്പത പെരുടെ നിമിത്തം [അതിനെ] ചെയ്കയില്ല എന്ന അവൻ പറഞ്ഞു.

൩൦ അപ്പൊൾ അവൻ പറഞ്ഞു, എന്റെ കൎത്താവ കൊപിക്കരുതെ, എന്നാൽ ഞാൻ പറയാം: പക്ഷെ മുപ്പത പെർ അവിടെ കാണപ്പെടുമെങ്കിലൊ: അവൻ, ഞാൻ മുപ്പത പെരെ അവിടെ കണ്ടാൽ, [അതിനെ] ചെയ്കയില്ല എന്ന പറഞ്ഞു.

൩൧ അപ്പൊൾ അവൻ പറഞ്ഞു, ഇപ്പൊൾ കണ്ടാലും, ഞാൻ കൎത്താവിനൊട സംസാരിപ്പാൻ തുടങ്ങി: പക്ഷെ ഇരുപത പെർ അവിടെ കാണപ്പെടുമെങ്കിലൊ. അവൻ, ഞാൻ ഇരുപത പെരുടെ നിമിത്തം [അതിനെ] നശിപ്പിക്കയില്ല എന്ന പറഞ്ഞു.

൩൨ അപ്പൊൾ അവൻ പറഞ്ഞു, കൎത്താവ കൊപിക്കരുതെ, എന്നാൽ ഞാൻ ഇനിയും ഒരം ഒരു പ്രാവശ്യം മാത്രം പറയാം: പക്ഷെ പത്ത പെർ അവിടെ കാണപ്പെടുമെങ്കിലൊ. അവൻ, ഞാൻ പത്ത പെരുടെ നിമിത്തം [അതിനെ] നശിപ്പിക്കയില്ല എന്ന പറഞ്ഞു.

൩൩ യഹൊവാ അബ്രാഹാമിനൊട സംസാരിച്ച തീൎന്നതിന്റെ ശെഷം പുറപ്പെട്ട പൊയി; അബ്രാഹാമും തന്റെ സ്ഥലത്തെക്ക തിരിച്ച വന്നു.

൧൯ അദ്ധ്യായം.

൧ ലൊത്ത രണ്ട ദൈവദൂതന്മാരെ സല്ക്കരിക്കുന്നത.—൨൪ സെദൊമും ഗൊമൊറായും നശിപ്പിക്കപ്പെട്ടത.—൨൬ ലൊത്തിന്റെ ഭാൎയ്യ ശിക്ഷിക്കപ്പെട്ടത.—൩൧ സ്വഭാവത്തിന ചെരാത്തതായുള്ള അവന്റെ സംഗം.

വിന്ന രണ്ട ദൂതന്മാർ വൈകുന്നെരത്ത സെദൊമിൽ വന്നു; ലൊത്ത സെദൊമിന്റെ വാതുക്കൽ ഇരുന്നിരുന്നു: അപ്പൊൾ ലൊത്ത [അവരെ] കണ്ടിട്ട, അവരെ എതിരെല്പാൻ എഴുനീറ്റ, ഭൂമി വരെയും മുഖം താഴ്ത്തി കുമ്പിട്ടു.

൨ വിശെഷിച്ച അവൻ പറഞ്ഞു, എന്റെ കൎത്താക്കന്മാരെ, ഇപ്പൊൾ കണ്ടാലും, നിങ്ങളുടെ ദാസന്റെ ഭവനത്തിലെക്ക തിരിഞ്ഞ, രാത്രി പാൎത്ത, നിങ്ങളുടെ പാദങ്ങളെ കഴുകുവിൻ; നിങ്ങൾ കാലത്ത എഴുനീറ്റ, നിങ്ങളുടെ വഴിയാത്ര പൊകയുമാം. എന്നാറെ അവർ പറഞ്ഞു, അല്ല, ഞങ്ങൾ വീഥിയിൽ തന്നെ രാത്രിപാൎക്കും.

൩ എന്നാറെ അവൻ അവരെ എറ്റവും നിൎബന്ധിച്ചു; അപ്പൊൾ അവർ അവന്റെ അടുക്കൽ തിരിഞ്ഞ, അവന്റെ ഭവനത്തിലെക്ക വന്നു: അവൻ അവൎക്ക വിരുന്ന കഴിച്ച, പുളിപ്പില്ലാത്ത അപ്പങ്ങളെ ചുട്ടു; അവർ ഭക്ഷിക്കയും ചെയ്തു.

൪ ¶ എന്നാൽ അവർ ശയിക്കുന്നതിന മുമ്പെ പട്ടണത്തിലെ മനുഷ്യർ, സെദൊമിലെ മനുഷ്യർ തന്നെ, ബാല്യം മുതൽ വയസ്സചെ

ന്നവര വരെയും എല്ലാടത്തുനിന്ന
മുള്ള ജനങ്ങൾ ഒക്കെയും ആ ഭവ
നത്തെ വളഞ്ഞു.
൫ അപ്പൊൾ അവർ ലൊത്തി
നൊട വിളിച്ചു, ഈ രാത്രിയിൽ നി
ന്റെ അടുക്കൽ വന്ന മനുഷ്യർ
എവിടെ? ഞങ്ങൾ അവരെ അറി
യെണ്ടുന്നതിന അവരെ ഞങ്ങളു
ടെ അടുക്കൽ പുറത്തകൊണ്ടുവാ എ
ന്ന അവനൊട പറഞ്ഞു.
൬ എന്നാൽ ലൊത്ത വാതിലിൽ
കൂടി അവരുടെ അടുക്കൽ പൊയി,
തന്റെ പിന്നായി വാതിലും അട
ച്ചു, പറഞ്ഞു.
൭ എന്റെ സഹൊദരന്മാരെ, ഇ
പ്രകാരം ദൊഷം ചെയ്യരുതെന്ന
ഞാൻ അപെക്ഷിക്കുന്നു.
൮ ഇപ്പൊൾ കണ്ടാലും, പുരുഷ
ന്മാരെ അറിയാത്ത രണ്ട പുത്രിമാർ
എനിക്ക ഉണ്ട: അവരെ ഞാൻ നി
ങ്ങളുടെ അടുക്കൽ പുറത്ത കൊണ്ടു
വരാം, നിങ്ങളുടെ കണ്ണുകൾക്ക ന
ല്ലതാകുംവണ്ണം അവരൊട ചെ
യ്വിൻ: ഈ പുരുഷന്മാരൊട മാത്രം
ഒന്നും ചെയ്യരുതെ; എന്തെന്നാൽ
ഇതിനായിട്ട അവർ എന്റെ പു
രയുടെ നിഴലിൻ കീഴിൽ വന്നു.
൯ എന്നാറെ അവർ പറഞ്ഞു,
പിറകൊട്ടു മാറി നില്ക്ക. പിന്നെ
യും അവർ പറഞ്ഞു, ഇവൻ പര
ദെശിയായി വന്ന പാൎക്കുന്നു, ന്യാ
യം കൂടെ വിധിക്കുന്നുണ്ടൊ? ഇ
പ്പൊൾ ഞങ്ങൾ അവരൊട ചെ
യ്യുന്നതിനെക്കാളും നിന്നൊട അ
ധികം ദൊഷം ചെയ്യും. അവർ
ലൊത്ത എന്ന പുരുഷനെ എററ
വും തിക്കി, വാതിലിനെ പൊളി
പ്പാൻ അടുത്തു വന്നു.
൧൦ അപ്പൊൾ ആ പുരുഷന്മാർ
തങ്ങളുടെ കൈകളെ പുറത്ത നീട്ടി,
ലൊത്തിനെ ഭവനത്തിൽ തങ്ങളു
ടെ അടുക്കലെക്ക വരുത്തി, വാതി
ലിനെ അടച്ചു.
൧൧ ഭവനത്തിന്റെ വാതിലി
ന്റെ മുമ്പായിരുന്ന ചെറിയവരും
വലിയവരുമായുള്ള മനുഷ്യൎക്ക അ
ന്ധത പിടിപ്പിക്കയും ചെയ്തു: അ
തുകൊണ്ട അവർ വാതിലിനെ അ
നെ്വഷിച്ച പ്രയാസപ്പെട്ടു.
൧൨ ¶ അപ്പൊൾ ആ പുരുഷന്മാ
ർ ലൊത്തിനൊട പറഞ്ഞു, ഇനി
ഇവിടെ നിനക്ക മററ വല്ലവരുമു
ണ്ടൊ? മരുമകനെ ആകട്ടെ, നി
ന്റെ പുത്രന്മാരെ ആകട്ടെ, നിന്റെ
പുത്രിമാരെ ആകട്ടെ, പട്ടണത്തിൽ
നിനക്ക എന്തെങ്കിലും ഉണ്ടായാൽ,
അവയെയും ഈ സ്ഥലത്തനിന്ന
പുറത്ത കൊണ്ടുപൊക:
൧൩ എന്തെന്നാൽ ഞങ്ങൾ ഈ
സ്ഥലത്തെ നശിപ്പിക്കും, എന്തുകൊ
ണ്ടെന്നാൽ ഇവരുടെ നിലവിളി
യഹൊവായുടെ മുമ്പാകെ വലുതാ
യി തീൎന്നിരിക്കുന്നു; അതിനെ ന
ശിപ്പിപ്പാനായിട്ട യഹൊവാ ഞ
ങ്ങളെ അയച്ചുമിരിക്കുന്നു.
൧൪ അപ്പൊൾ ലൊത്ത പുറപ്പെ
ട്ടു, തന്റെ പുത്രിമാരെ വിവാഹം
ചെയ്യുവരായ തന്റെ മരുമക്കളൊ
ട സംസാരിച്ച പറഞ്ഞു, നിങ്ങൾ
എഴുനീററ, ഈ സ്ഥലത്തനിന്ന പു
റപ്പെടുവിൻ: എന്തെന്നാൽ യഹൊ
വാ ഈ പട്ടണത്തെ നശിപ്പിക്കും:
എന്നാൽ അവന്റെ മരുമക്കളുടെ
കണ്ണുകൾക്ക അവൻ പരിഹാസം
ചെയ്യുന്നവൻ എന്നപൊലെ ആ
യി.
൧൫ ¶ പിന്നെ നെരം പുലൎന്ന
പ്പൊൾ, ആ ദൂതന്മാർ ലൊത്തിനെ
ബദ്ധപ്പെടുത്തി, നീ ഈ പട്ടണ
ത്തിന്റെ അകൃത്യത്തിൽ നശിക്കാ

തെ ഇരിപ്പാനായിട്ട എഴുനീററ, നി
ന്റെ ഭാൎയ്യയെയും, ഇവിടെ ഇരി
ക്കുന്ന നിന്റെ രണ്ടു പുത്രിമാരെ
യും കൂട്ടിക്കൊണ്ടുപൊക എന്നു പ
റഞ്ഞു.
൧൬ അവൻ താമസിച്ചിരിക്ക
മ്പൊൾ, ആ പുരുഷന്മാർ, (യഹൊ
വാ അവനൊട കരുണ ചെയ്കയാ
ൽ,) അവന്റെ കയ്യും, അവന്റെ
ഭാൎയ്യയുടെ കയ്യും, അവന്റെ രണ്ടു
പുത്രിമാരുടെ കയ്യും പിടിച്ചു, അവ
നെ പുറത്തു കൊണ്ടുപൊയി, പ
ട്ടണത്തിന്റെ പുറത്ത അവനെ
ആക്കുകയും ചെയ്തു.
൧൭ അപ്പൊൾ ഉണ്ടായത എന്തെ
ന്നാൽ, ഇവർ അവരെ പുറത്തു കൊ
ണ്ടുവന്നതിന്റെ ശെഷം, അവൻ
പറഞ്ഞു, നിന്റെ ജീവന്നായിട്ട ഒ
ടിപ്പൊക; പിറകൊട്ട നൊക്കരുത,
ഈ സമഭൂമിയിൽ എങ്ങും നില്ക്കയു
മരുത; നീ നശിക്കാതെ ഇരിപ്പാൻ
പൎവ്വതത്തിലെക്ക ഒടി പൊക.
൧൮ എന്നാറെ ലൊത്ത അവ
രൊട പറഞ്ഞു, ഹെ അങ്ങിനെ
അല്ല, എന്റെ കൎത്താവെ;
൧൯ കണ്ടാലും ഇപ്പൊൾ നി
ന്റെ കണ്ണുകളിൽ നിന്റെ ദാസ
ന കൃപ ലഭിച്ചു, എന്റെ ആത്മാ
വിനെ ജീവനൊടെ രക്ഷിപ്പാനാ
യിട്ട നീ ഇനിക്ക ചെയ്തിട്ടുള്ള കരു
ണയെ നീ മഹത്വപ്പെടുത്തിയിരി
ക്കുന്നു: പൎവ്വതത്തിലെക്ക ഒടുവാ
ൻ ഇനിക്ക കഴികയില്ല: പക്ഷെ
ദൊഷം ഇനിക്ക ഭവിച്ചു, ഞാൻ
മരിക്കും.
൨൦ ഇപ്പൊൾ കണ്ടാലും, ഈ ന
ഗരി, ആയതിലെക്ക ഒടിപ്പൊക
ന്നതിന അടുത്തിരിക്കുന്നു, അത
ചെറിയതുമാകുന്നു: ഞാൻ അവി
ടെ ഒടിപ്പൊകട്ടെ, [അത ചെറിയത
ല്ലയൊ?] എന്നാൽ എന്റെ ആ
ത്മാവ ജീവിക്കും.
൨൧ അപ്പൊൾ അവൻ അവ
നൊട പറഞ്ഞു, കണ്ടാലും, നീ കു
റിച്ചു പറഞ്ഞ നഗരിയെ ഞാൻ
മറിച്ചു കളയാതെ ഇരിക്കുമെന്ന
ഈ കാൎയ്യത്തിലും നിന്നെ ഞാൻ കൈ
ക്കൊണ്ടു.
൨൨ ബദ്ധപ്പെട്ടു, അവിടെക്ക ഒടി
പ്പൊക: എന്തെന്നാൽ നീ അവി
ടെ എത്തുവൊളത്തിന ഒന്നും ചെ
യ്വാൻ ഇനിക്ക കഴികയില്ല. അ
തുകൊണ്ട ആ നഗരിയുടെ പെർ
സൊവാർ എന്ന വിളിക്കപ്പെട്ടു.
൨൩ ലൊത്ത സൊവാറിലെക്ക
പ്രവെശിച്ചപ്പൊൾ ഭൂമിയിൽ സൂ
ൎയ്യൻ ഉദിച്ചിരുന്നു.
൨൪ അപ്പൊൾ യഹൊവാ സെ
ദൊമിന്മെലും ഗൊമൊറായുടെ മെ
ലും യഹൊവായിൽനിന്ന സ്വൎഗ്ഗ
ത്തിൽനിന്ന ഗന്ധകത്തെയും, അ
ഗ്നിയെയും വൎഷിപ്പിച്ചു.
൨൫ ആ പട്ടണങ്ങളെയും, സമ
ഭൂമിയെയും, ആ നഗരികളിലെ കു
ടിയാന്മാരെ എല്ലാവരെയും, ഭൂമി
യിലുള്ള സസ്യത്തെയും മറിച്ചുകള
ഞ്ഞു.
൨൬ എന്നാലും അവന്റെ ഭാൎയ്യ
അവന്റെ പിറകൊട്ട നൊക്കി, അ
വൾ ഒരു ഉപ്പുതൂണായി തീരുകയും
ചെയ്തു.
൨൭ ¶ പിന്നെ അബ്രാഹാം പ്ര
ഭാതകാലത്ത എഴുനീററ, താൻ യ
ഹൊവായുടെ മുമ്പാകെ നിന്ന സ്ഥ
ലത്തെക്ക പൊയി:
൨൮ സെദൊമിനെയും, ഗൊമൊ
റായെയും, സമഭൂമിയുടെ എല്ലാ ദി
ക്കിനെയും നെരെ നൊക്കി കണ്ടു,
അപ്പൊൾ കണ്ടാലും, ഭൂമിയിലെ
പുക അഗ്നിച്ചൂളയിലെ പുക പൊ

ലെ മെല്ലൊട്ട കരെറി.

൨൯ വിശെഷിച്ച ഉണ്ടായത എന്തെന്നാൽ, ദൈവം ആ സമഭൂമിയുടെ പട്ടണങ്ങളെ നശിപ്പിക്കുമ്പൊൾ, ദൈവം അബ്രാഹാമിനെ ഒൎത്തു, ലൊത്ത പാൎത്ത പട്ടണങ്ങളെ താൻ നശിപ്പിച്ചപ്പൊൾ, ലൊത്തിനെ ആ നാശത്തിന്റെ നടുവിൽനിന്ന അയക്കയും ചെയ്തു.

൩൦ ¶ പിന്നെ ലൊത്ത സൊവാറിൽനിന്ന പൊയി, അവനും അവനൊട കൂടെ അവന്റെ രണ്ട പുത്രിമാരും പൎവ്വതത്തിൽ കുടിയിരുന്നു: എന്തെന്നാൽ അവൻ സൊവാറിൽ വസിപ്പാൻ ഭയപ്പെട്ടു: അവനും അവന്റെ രണ്ട പുത്രിമാരും ഒരു ഗുഹയിൽ പാൎത്തു.

൩൧ അപ്പൊൾ മൂത്തവൾ ഇളയവളൊട പറഞ്ഞു, നമ്മുടെ പിതാവ വൃദ്ധനായി, ഭൂമിയിൽ എല്ലാടവും നടക്കുന്ന മൎയ്യാദപ്രകാരം നമ്മുടെ അടുക്കൽ വരുവാൻ ഭൂമിയിൽ ഒരു പുരുഷനുമില്ലല്ലൊ:

൩൨ വരിക, നമ്മുടെ പിതാവിൽനിന്ന സന്തതിയെ രക്ഷിക്കെണ്ടുന്നതിനായിട്ട അവനെ വീഞ്ഞ കുടിപ്പിച്ച, അവനൊട കൂടെ ശയിക്കാം.

൩൩ അപ്രകാരം അന്ന രാത്രിയിൽ അവർ തങ്ങളുടെ പിതാവിനെ വീഞ്ഞ കുടിപ്പിച്ചു: മൂത്തവൾ അകത്ത ചെന്ന, തന്റെ പിതാവിനൊട കൂടെ ശയിച്ചു: എന്നാൽ അവൾ ശയിച്ചപ്പൊഴും എഴുനീറ്റപ്പൊഴും അവൻ അറിഞ്ഞില്ല.

൩൪ പിറെറന്നാൾ ഉണ്ടായത എന്തെന്നാൽ, മൂത്തവൾ ഇളയവളൊട പറഞ്ഞു, കണ്ടാലും, ഇന്നലെ രാത്രി ഞാൻ എന്റെ പിതാവിനൊട കൂടെ ശയിച്ചു: അവനെ ഇന്ന രാത്രിയും വീഞ്ഞ കുടിപ്പിക്ക: അപ്പൊൾ നമ്മുടെ പിതാവിൽനിന്ന സന്തതിയെ രക്ഷിക്കെണ്ടുന്നതിനായിട്ട നീയും അകത്ത ചെന്ന, അവനൊട കൂടെ ശയിക്ക.

൩൫ അപ്രകാരം അന്ന രാത്രിയും അവർ തങ്ങളുടെ പിതാവിനെ വീഞ്ഞ കുടിപ്പിച്ചു: അപ്പൊൾ ഇളയവൾ എഴുനീറ്റ, അവനൊട കൂടെ ശയിച്ചു: എന്നാൽ അവൾ ശയിച്ചപ്പൊഴും എഴുനീറ്റപ്പൊഴും അവൻ അറിഞ്ഞില്ല.

൩൬ ഇപ്രകാരം ലൊത്തിന്റെ രണ്ട പുത്രിമാരും തങ്ങളുടെ പിതാവിൽനിന്ന ഗൎഭം ധരിച്ചു.

൩൭ മൂത്തവൾ ഒരു പുത്രനെ പ്രസവിച്ച, അവന മൊവാബ എന്ന പെർ വിളിച്ചു: ആയവൻ ഇന്ന വരെക്കും മൊവാബിക്കാൎക്ക പിതാവ [ആകുന്നു.]

൩൮ പിന്നെ ഇളയവളും ഒരു പുത്രനെ പ്രസവിച്ച, അവന ബെൻ അമ്മി എന്ന പെർ വിളിച്ചു: ആയവൻ ഇന്ന വരെയും അമ്മൊന്റെ പുത്രന്മാൎക്ക പിതാവ [ആകുന്നു.]

൨൦ം അദ്ധ്യായം.

൧ അബ്രാഹാം തന്റെ ഭാൎയ്യയെ ഭാൎയ്യ അല്ലെന്ന പറയുന്നതും, അവൾ അവന്ന നഷ്ടമാകുന്നതും.—൧൪ അബിമെലെക്ക അവളെ തിരിയെ കൊടുക്കുന്നത.

പിന്നെ അബ്രാഹാം അവിടെനിന്ന തെക്ക ദെശത്തെക്ക യാത്ര പുറപ്പെട്ട, കാദെശിനും സൂറിനും മദ്ധ്യെ കുടിയിരുന്നു, ഗെറാറിലും പാൎത്തു.

൨ അബ്രാഹാം തന്റെ ഭാൎയ്യായ സാറായെ കുറിച്ച അവൾ എന്റെ സഹൊദരി എന്ന പറഞ്ഞു:

൩൫

അപ്പൊൾ ഗെറാറിലെ രാജാവായ
അബിമെലെക്ക ആളയച്ച, സാ
റായെ എടുത്തു.
൩ എന്നാറെ രാത്രിയിൽ സ്വപ്ന
ത്തിൽ ദൈവം അബിമെലെക്കി
ന്റെ അടുക്കൽ വന്ന, അവനൊ
ട, കണ്ടാലും, നീ എടുത്ത സ്ത്രീയുടെ
നിമിത്തം നീ മരിക്കുന്നവനാകുന്നു:
എന്തുകൊണ്ടെന്നാൽ അവൾ ഒരു
ഭൎത്താവിന ഭാൎയ്യ[യാകുന്നു] എന്ന
പറഞ്ഞു.
൪ എന്നാൽ അബിമെലെക്ക അ
വളുടെ അടുക്കൽ ചെരാതെ ഇരു
ന്നു; പിന്നെ അവൻ പറഞ്ഞു,
കൎത്താവെ, നീതിയുള്ള ജാതിയെ
യും നീ കൊല്ലുമൊ?
൫ ഇവൾ എന്റെ സഹൊദരി
[യാകുന്നു] എന്ന അവൻ എന്നൊ
ട പറഞ്ഞിട്ടില്ലയൊ? അവളും ഇ
വൻ എന്റെ സഹൊദരൻ എന്ന
അവൾ തന്നെ പറഞ്ഞുവല്ലൊ:
എന്റെ ഹൃദയത്തിലെ പരമാൎത്ഥ
തയൊടും എന്റെ കൈകളുടെ നി
ൎമ്മലതയൊടും ഞാൻ ഇതിനെ
ചെയ്തിരിക്കുന്നു.
൬ അപ്പൊൾ ദൈവം സ്വപ്നത്തി
ൽ അവനൊട പറഞ്ഞു, നിന്റെ
ഹൃദയത്തിലെ പരമാൎത്ഥതയൊടെ
നീ ഇതിനെ ചെയ്തിരിക്കുന്നു എ
ന്ന ഞാൻ അറിഞ്ഞിരിക്കുന്നു; നീ
ഇനിക്ക വിരൊധമായി പാപം
ചെയ്യാതെ ഇരിപ്പാൻ ഞാൻ നി
ന്നെ വിരൊധിച്ചുമിരുന്നു: അതു
കൊണ്ട അവളെ തൊടുവാൻ ഞാ
ൻ നിന്നെ സമ്മതിച്ചില്ല.
൭ അതുകൊണ്ട ഇപ്പൊൾ ആ
പുരുഷന അവന്റെ ഭാൎയ്യയെ തി
രിച്ച കൊടുക്ക; എന്തെന്നാൽ അ
വൻ ഒരു ദീൎഘദൎശി[യാകുന്നു;] അ
വൻ നിനക്കായ്ക്കൊണ്ട പ്രാൎത്ഥി
ക്കയും, നീ ജീവിക്കയും ചെയ്യും: എ
ന്നാൽ നീ [അവളെ] തിരിച്ചുകൊ
ടുക്കാതെ ഇരുന്നാൽ, നീയും നിന
ക്കുള്ളവർ എല്ലാവരും മരിക്കും നി
ശ്ചയം എന്ന അറിക.
൮ പിന്നെ അബിമെലെക്ക അ
തികാലത്ത എഴുനീറ്റ, തന്റെ ഭൃത്യ
ന്മാരെ എല്ലാവരെയും വരുത്തി, ൟ
വാക്കുകളെ ഒക്കെയും അവരുടെ
ചെവികളിൽ പറഞ്ഞു: എന്നാറെ
ആ മനുഷ്യർ എറ്റവും ഭയപ്പെട്ടു.
൯ ¶ അപ്പൊൾ അബിമെലെക്ക
അബ്രാഹാമിനെ വിളിച്ച, അവ
നൊട പറഞ്ഞു, നീ ഞങ്ങളൊട എ
ന്ത ചെയ്തു? നീ എന്റെ മെലും,
എന്റെ രാജ്യത്തിന്മെലും ഒരു മ
ഹാ പാപത്തെ വരുത്തുന്നതിന
ഞാൻ നിന്നൊട എന്ത ദൊഷം
ചെയ്തു? ചെയ്യരുതാത്ത കാൎയ്യങ്ങ
ളെ നീ എന്നൊട ചെയ്തുവല്ലൊ.
൧൦ പിന്നെയും അബിമെലെ
ക്ക അബ്രാഹാമിനൊട, നീ ൟ കാ
ൎയ്യം ചെയ്യെണ്ടുന്നതിനായി നീ എ
ന്ത കണ്ടു എന്ന പറഞ്ഞു?
൧൧ എന്നാറെ അബ്രാഹാം പ
റഞ്ഞു, ൟ സ്ഥലത്ത ദൈവഭയം
ഒട്ടും ഇല്ല എന്നും, എന്റെ ഭാൎയ്യയു
ടെ നിമിത്തം അവർ എന്നെ കൊ
ല്ലുമെന്നും ഞാൻ നിരൂപിച്ചതുകൊ
ണ്ട [ആകുന്നു.]
൧൨ എങ്കിലും അവൾ എന്റെ
സഹൊദരിയാകുന്നു സത്യം; അവ
ൾ എന്റെ പിതാവിന്റെ പുത്രി,
എന്റെ മാതാവിന്റെ പുത്രി അ
ല്ല താനും: അവൾ ഇനിക്ക ഭാൎയ്യ
യാകയും ചെയ്തു.
൧൩ പിന്നെ ഉണ്ടായത എന്തെ
ന്നാൽ, ദൈവം എന്നെ എന്റെ
പിതാവിന്റെ ഭവനത്തിൽനിന്ന
പുറപ്പെട്ടുമാറാക്കിയപ്പൊൾ, നീ എ

ന്നൊട ചെയ്യെണ്ടുന്ന നിന്റെ ദയ [ഇതാകുന്നു;] നാം യാതൊരു സ്ഥലത്ത വന്നാലും, അവിടെ ഇവൻ എന്റെ സഹൊദരൻ എന്ന എന്നെ കുറിച്ച പറക എന്ന ഞാൻ അവളൊട പറഞ്ഞിരുന്നു.

൧൪ അപ്പൊൾ അബിമെലെക്ക ആടുകളെയും, കാളകളെയും, ഭൃത്യന്മാരെയും, ഭൃത്യമാരെയും എടുത്ത, അബ്രാഹാമിന കൊടുത്തു, അവന്റെ ഭാൎയ്യയായ സാറായെയും അവന തിരികെ കൊടുത്തു.

൧൫ പിന്നെ അബിമെലെക്ക പറഞ്ഞു, കണ്ടാലും, എന്റെ രാജ്യം നിന്റെ മുമ്പാകെ [ഇരിക്കുന്നു,] നിന്റെ കണ്ണുകൾക്ക ബൊധിച്ച സ്ഥലത്ത വസിച്ചുകൊൾക.

൧൬ അവൻ സാറായൊടും പറഞ്ഞു, കണ്ടാലും, നിന്റെ സഹൊദരന ആയിരം വെള്ളിക്കാശ ഞാൻ കൊടുത്തു: കണ്ടാലും, നിന്നൊട കൂടെ ഉള്ള എല്ലാവരുടെയും മുമ്പാകെയും, മററ എല്ലാവരുടെയും മുമ്പാകെയും, ഇവൻ നിനക്ക കണ്ണുകളുടെ മറവായിട്ട [ഇരിക്കുന്നു;] ഇ പ്രകാരം അവൾ ശാസിക്കപ്പെട്ടു.

൧൭ പിന്നെ അബ്രാഹാം ദൈവത്തൊട അപെക്ഷിച്ചു: അപ്പൊൾ ദൈവം അബിമെലെക്കിനെയും, അവന്റെ ഭാൎയ്യയെയും, അവന്റെ ദാസിമാരെയും സൌഖ്യമാക്കി: അവർ പ്രസവിക്കയും ചെയ്തു.

൧൮ അതെന്തെന്നാൽ അബ്രാഹാമിന്റെ ഭാൎയ്യയായ സാറായുടെ നിമിത്തം, യഹൊവാ അബിമെലെക്കിന്റെ ഭവനത്തിലുള്ള ഗൎഭപാത്രങ്ങളെ ഒക്കെയും അശെഷം അടച്ചിരുന്നു.

൨൧ അദ്ധ്യായം.

൧ യിസ്സാക്ക ജനിക്കുന്നത.—൯ ഹാഗാറും യിശ്മഎല്യം പുറത്ത തള്ളപ്പെടുന്നത.—൨൨ അബ്രാഹാമിനൊട അബിമെലെക്കിന്റെ ഉഭയസമ്മതം.

പിന്നെ യഹൊവാ താൻ കല്പിച്ചിരുന്ന പ്രകാരം സാറായെ ദൎശിച്ചു: യഹൊവാ താൻ പറഞ്ഞിരുന്ന പ്രകാരവും സാറായൊട ചെയ്തു.

൨ എന്തെന്നാൽ സാറാ ഗൎഭം ധരിച്ചു, അബ്രാഹാമിന അവന്റെ വാൎദ്ധക്യത്തിൽ ദൈവം അവനൊട പറഞ്ഞിരുന്നതായി നിശ്ചയിച്ച കാലത്തിങ്കൽ ഒരു പുത്രനെ പ്രസവിച്ചു.

൩ അപ്പൊൾ അബ്രാഹാം തനിക്ക ജനിച്ചവനായി, സാറാ തനിക്ക പ്രസവിച്ചവനായ തന്റെ പുത്രന യിസ്സാക്ക എന്ന പെർ വിളിച്ചു.

൪ എട്ട ദിവസം ചെന്ന ശിശുവായി തന്റെ പുത്രനായ യിസ്സാക്കിനെ അബ്രാഹാം, തന്നൊട ദൈവം കല്പിച്ചിരുന്ന പ്രകാരം, ചെല ചെയ്തു.

൫ തന്റെ പുത്രനായ യിസ്സാക്ക തനിക്ക ജനിച്ചപ്പൊൾ, അബ്രാഹാമിന നൂറ വയസ്സായിരുന്നു.

൬ അപ്പൊൾ സാറാ പറഞ്ഞു; ദൈവം ഇനിക്ക ചിരിയുണ്ടാക്കി; കെൾക്കുന്നവൻ എല്ലാവനും എന്നൊട കൂടെ ചിരിക്കയും ചെയ്യും.

൭ സാറാ പൈതങ്ങൾക്ക മുലകുടിപ്പിക്കുമെന്ന അബ്രാഹാമിനൊട ആരെങ്കിലും പറയുമൊ? എന്തെന്നാൽ അവന്റെ വാൎദ്ധക്യത്തിൽ [അവന] ഞാൻ ഒരു പുത്രനെ പ്രസവിച്ചു എന്നും അവൾ പറഞ്ഞു.

൮ ¶ പിന്നെ പൈതൽ വളൎന്ന, മു

൮ കുടിമാറി: യിസ്സാക്ക മുലകുടിമാ
റിയ നാളിൽ അബ്രാഹാം ഒരു വ
ലിയ വിരുന്ന കഴിച്ചു.
൯ പിന്നെ മിസ്രയക്കാരിയായ
ഹാഗാറ അബ്രാഹാമിന പ്രസ
വിച്ച പുത്രൻ പരിഹസിക്കുന്നതി
നെ സാറാ കണ്ടു.
൧൦ അതുകൊണ്ട അവൾ അ
ബ്രാഹാമിനൊട പറഞ്ഞു, ൟ അ
ടിമസ്ത്രീയെയും അവളുടെ പുത്രനെ
യും പുറത്താക്കി കളക: എന്തെന്നാ
ൽ ൟ അടിമസ്ത്രീയുടെ പുത്രൻ എ
ന്റെ പുത്രനാകുന്ന യിസ്സാക്കി
നൊട കൂടെ അവകാശിയാകയില്ല.
൧൧ തന്റെ പുത്രനെ കുറിച്ചുൟ
വാക്ക അബ്രാഹാമിന്റെ കണ്ണുക
ൾക്ക മഹാ അനിഷ്ടമായിരുന്നു.
൧൨ എന്നാറെ ദൈവം അബ്രാ
ഹാമിനൊട പറഞ്ഞു, ആ പൈത
ലിനെ കുറിച്ചും അടിമസ്ത്രീയെ കു
റിച്ചും നിന്റെ കണ്ണുകൾക്ക അനി
ഷ്ടമായിരിക്കരുത: സാറാ നിന്നൊ
ട പറഞ്ഞതിൽ ഒക്കെയും അവളുടെ
ശബ്ദം കെൾക്ക: എന്തെന്നാൽ യി
സ്സാക്കിൽ നിനക്ക സന്തതി വിളി
ക്കപ്പെടും.
൧൩ അടിമസ്ത്രീയുടെ പുത്രനെ
യും ഞാൻ ഒരു ജാതിയാക്കും, എ
ന്തെന്നാൽ അവൻ നിന്റെ സ
ന്തതി [യാകുന്നു.]
൧൪ അബ്രാഹാം അതികാലത്ത
എഴുനീറ്റ, അപ്പവും ഒരു കുപ്പിവെ
ള്ളവും എടുത്ത, ഹാഗാറിന അവ
ളുടെ തൊളിന്മെൽ അതിനെ തൂക്കി,
അതിനെയും, പൈതലിനെയും
കൊടുത്ത, അവളെ അയക്കയും
ചെയ്തു: അവൾ പുറപ്പെട്ട പൊ
യി, ബെർശെബായുടെ വനത്തി
ൽ ഉഴന്ന വലഞ്ഞു.
൧൫ പിന്നെ കുപ്പിയിലുള്ള വെ
ള്ളം ചിലവായതിന്റെ ശെഷം,
അവൾ പൈതലിനെ ഒരു കാട്ടു
വൃക്ഷത്തിൻ കീഴെ ഇട്ടു.
൧൬ വിശെഷിച്ച അവൾ പൊ
യി, നെരെ ഒരു അമ്പിൻപാടു ദൂര
ത്ത ഇരുന്നു: എന്തെന്നാൽ പൈത
ൽ മരിക്കുന്നതിനെ ഞാൻ കാണുക
യില്ല എന്ന അവൾ പറഞ്ഞു. അ
വൾ നെരെ ഇരുന്ന, തന്റെ ശ
ബ്ദം ഉയൎത്തി, കരകയും ചെയ്തു.
൧൭ എന്നാറെ ദൈവം ആ പൈ
തലിന്റെ ശബ്ദം കെട്ടു: ദൈവ
ത്തിന്റെ ദൂതൻ ആകാശത്തനി
ന്ന ഹാഗാറിനൊട വിളിച്ചു, അവ
ളൊട പറഞ്ഞു, ഹാഗാറെ, നിനക്ക
എന്ത വെണം? നീ ഭയപ്പെടെണ്ട;
എന്തുകൊണ്ടെന്നാൽ പൈതൽ ഇ
രിക്കുന്നെടത്ത അവന്റെ ശബ്ദം
ദൈവം കെട്ടിരിക്കുന്നു.
൧൮ നീ എഴുനീറ്റ, പൈതലി
നെ എടുത്ത, അവനെ നിന്റെ ക
യ്യിൽ പിടിച്ചുകൊൾക: എന്തെന്നാ
ൽ ഞാൻ അവനെ ഒരു വലിയ
ജാതിയാക്കും.
൧൯ വിശെഷിച്ചും ദൈവം അ
വളുടെ കണ്ണുകളെ തുറന്നു; അപ്പൊ
ൾ അവൾ വെള്ളമുള്ളൊരു കിണറി
നെ കണ്ടു; പിന്നെ അവൾ പൊ
യി, ആ കുപ്പി വെള്ളംകൊണ്ട നി
റച്ചു, പൈതലിനെ കുടിപ്പിച്ചു.
൨൦ പിന്നെ ദൈവം ആ പൈ
തലിനൊട കൂടെ ഉണ്ടായിരുന്നു;
അവൻ വളൎന്ന, വനത്തിൽ വസി
ച്ചു, ഒരു വില്ലാളിയായി തീൎന്നു.
൨൧ അവൻ പാറാൻ എന്ന വ
നത്തിൽ വസിച്ചു: അവന്റെ മാ
താവ മിസ്രയിം ദെശത്തനിന്ന
അവനായിട്ട ഒരു സ്ത്രീയെ എടു
ക്കയും ചെയ്തു.
൨൨ ¶ അക്കാലത്ത ഉണ്ടായത എ

ന്തെന്നാൽ, അബിമെലെക്കും, അവന്റെ സെനയിൽ വലിയസെനാപതിയായ ഫിഖൊലും അബ്രാഹാമിനൊട സംസാരിച്ച പറഞ്ഞു, നീ ചെയ്യുന്ന സകലത്തിലും ദൈവം നിന്നൊട കൂടെ ഉണ്ട.

൨൩ അതുകൊണ്ട ഇപ്പൊൾ നീ എന്നൊടെങ്കിലും, എന്റെ പുത്രനൊടെങ്കിലും, എന്റെ പൌത്രനൊടെങ്കിലും വ്യാജം ചെയ്യാതെ, ഞാൻ നിന്നൊട ചെയ്യ ദയയിൻ പ്രകാരം: നീ എന്നൊടും; നീ പാൎത്തിരിക്കുന്ന ദെശത്തൊടും ചെയ്യുമെന്ന ദൈവത്തെ കൊണ്ട ഇവിടെ എന്നൊട ആണയിടുക.

൨൪ അപ്പൊൾ അബ്രാഹാം, ഞാൻ ആണയിടാം എന്ന പറഞ്ഞു.

൨൫ പിന്നെ അബിമെലെക്കിന്റെ ഭൃത്യന്മാർ അപഹരിച്ച വെള്ളമുള്ളൊരു കിണററിന്റെ നിമിത്തം അബ്രാഹാം അബിമെലെക്കിനെ ശാസിച്ച പറഞ്ഞു.

൨൬ എന്നാറെ അബിമെലെക്ക പറഞ്ഞു, ആര ഇക്കാൎയ്യം ചെയ്തു എന്ന ഞാൻ അറിയുന്നില്ല; നീ എന്നൊട അറിയിച്ചിട്ടുമില്ല, ഇന്ന അല്ലാതെ, മുമ്പെ അതിനെ ഞാൻ കെട്ടിട്ടുമില്ല.

൨൭ അപ്പൊൾ അബ്രാഹാം ആടുകളെയും, കാളകളെയും എടുത്ത, അബിമെലെക്കിന കൊടുത്തു: അവർ ഇരുവരും ഉഭയസമ്മതവും ചെയ്തു.

൨൮ പിന്നെ അബ്രാഹാം എഴ പെണ്ണാട്ടുകുട്ടികളെ വെറിട്ട നിൎത്തി.

൨൯ അപ്പൊൾ അബിമെലെക്ക അബ്രാഹാമിനൊട, നീ വെറിട്ട നിൎത്തിയ എഴ പെണ്ണാട്ടുകുട്ടികൾ എന്തിന? എന്ന ചൊദിച്ചു.

൩൦ എന്നാറെ അവൻ പറഞ്ഞു, ഞാൻ ഈ കിണറ കുഴിച്ചു എന്ന ഇനിക്ക സാക്ഷിയായിരിപ്പാൻ; നീ [ഈ] എഴ പെണ്ണാട്ടുകുട്ടികളെ എന്റെ കയ്യിൽനിന്ന വാങ്ങികൊള്ളണം.

൩൧ ആകയാൽ അവർ ഇരുവരും അവിടെ ആണയിടുകകൊണ്ട; അവൻ ആ സ്ഥലത്തിന ബെർശെബാ എന്ന പെർ വിളിച്ചു.

൩൨ ഇപ്രകാരം അവർ ബെർശെബായിൽ ഉഭയസമ്മതം ചെയ്തു: പിന്നെ അബിമെലെക്കും; അവന്റെ സെനയിൽ വലിയ സെനാപതിയായ ഫിഖൊലും എഴുനീററ, ഫലിസ്തിന്മാരുടെ ദെശത്തെക്ക തിരിച്ചു പൊന്നു.

൩൩ [അബ്രാഹാം] ബെർശെബായിൽ ഒരു തൊപ്പു നട്ടുണ്ടാക്കി, എന്നെക്കുമുള്ള ദൈവമായ യഹൊവായുടെ നാമത്തിൽ അവിടെ വന്ദിച്ചു.

൩൪ പിന്നെ അബ്രാഹാം എറിയ ദിവസം ഫലിസ്തിന്മാരുടെ ദെശത്ത പാൎത്തിരുന്നു.

൨൨ അദ്ധ്യായം.

൧ അബ്രാഹാം യിസ്സാക്കിനെ ബലി നൽകുന്നത.—൧൧ ദൈവത്തിന്റെ ഒരു ദൂതനാൽ വിരൊധിക്കപ്പെടുന്നത.—൧൫ അവൻ പിന്നെയും അനുഗ്രഹിക്കപ്പെടുന്നത.—൨൦ റിബെക്കവരെയും നാഹൊറിന്റെ സന്തതികൾ.

ഈ കാൎയ്യങ്ങൾ കഴിഞ്ഞതിന്റെ ശെഷം ഉണ്ടായത എന്തെന്നാൽ, ദൈവം അബ്രാഹാമിനെ പരിക്ഷിച്ചു, അവനൊട, അബ്രാഹാമെ, എന്ന പറഞ്ഞു: എന്നാറെ അവൻ, ഇതാ, ഞാൻ എന്ന പറഞ്ഞു.

൨ അപ്പൊൾ അവൻ പറഞ്ഞു, നീ സ്നെഹിക്കുന്നവനും, നിന്റെ എകപുത്രനുമാകുന്ന നിന്റെ പുത്ര

നായ യിസ്സാക്കിനെ നീ ഇപ്പൊ
ൾ കൂട്ടികൊണ്ട, മൊറിയാ ദെശ
ത്തെക്ക ചെന്ന, അവിടെ അവ
നെ ഞാൻ നിന്നൊട പറവാനി
രിക്കുന്ന മലകളിൽ ഒന്നിന്റെ മെ
ൽ ഹൊമ ബലിയായി കഴിക്ക.

൩ അപ്പൊൾ അബ്രാഹാം അ
തികാലത്ത എഴുനീറ്റ, തന്റെ കഴ
തെക്ക ജീനി വെച്ചുകെട്ടി, തന്റെ
ഭൃത്യന്മാരിൽ രണ്ട പെരെയും, ത
ന്റെ പുത്രനായ യിസ്സാക്കിനെയും
കൂട്ടികൊണ്ടു; ഹൊമ ബലിക്ക വിറ
കുകളെ കീറിട്ട, എഴുനീറ്റ, ദൈവം
തന്നൊട പറഞ്ഞ സ്ഥലത്തെക്ക
പൊകയും ചെയ്തു.

൪ മൂന്നാം ദിവസം അബ്രാഹാം
തന്റെ കണ്ണുകളെ ഉയൎത്തി, ദൂരത്ത
നിന്ന ആ സ്ഥലത്തെ കണ്ടു.

൫ അപ്പൊൾ അബ്രാഹാം ത
ന്റെ ഭൃത്യന്മാരൊട പറഞ്ഞു, നി
ങ്ങൾ ഇവിടെ കഴുതയൊട കൂടെ
ഇരിപ്പിൻ; ഞാനും പൈതലും അ
വിടത്തൊളം ചെന്ന, വന്ദിച്ചുകൊ
ണ്ട, നിങ്ങളുടെ അടുക്കൽ തിരിച്ചു
വരാം.

൬ അബ്രാഹാം ഹൊമബലിക്കു
ള്ള വിറകിനെ എടുത്ത, തന്റെ പു
ത്രനായ യിസ്സാക്കിന്മെൽ വെച്ചു,
തന്റെ കയ്യിൽ അഗ്നിയും പിച്ചാം
കത്തിയും എടുത്തു: ഇരുവരും ഒ
ന്നിച്ചു നടന്നു.

൭ അപ്പൊൾ യിസ്സാക്ക തന്റെ
പിതാവായ അബ്രാഹാമിനൊട,
എന്റെ പിതാവെ, എന്ന പറഞ്ഞു:
എന്നാറെ അവൻ എന്റെ പുത്ര,
ഇതാ, ഞാൻ എന്ന പറഞ്ഞു. അ
പ്പൊൾ അവൻ പറഞ്ഞു, ഇതാ,
അഗ്നിയും വിറകും [ഉണ്ടു;] എ
ന്നാൽ ഹൊമ ബലിക്ക ആട്ടിൻ
കുട്ടി എവിടെ?

൮ അപ്പൊൾ അബ്രാഹാം പറ
ഞ്ഞു, എന്റെ പുത്ര, ദൈവം തനി
ക്ക ഹൊമ ബലിക്കായി ഒരു ആ
ട്ടിൻ കുട്ടിയെ നൊക്കികൊള്ളും: പി
ന്നെയും അവർ ഇരുവരും ഒന്നി
ച്ചു നടന്നു.

൯ ദൈവം അവനൊട പറഞ്ഞി
രുന്ന സ്ഥലത്ത അവർ വന്നു: അ
പ്പൊൾ അബ്രാഹാം അവിടെ ഒ
രു ബലിപീഠത്തെ പണിതു, വിറ
കുകളെ അടുക്കി, തന്റെ പുത്രനായ
യിസ്സാക്കിനെ കെട്ടി, അവനെ ആ
പീഠത്തിൽ വിറകിന്മെൽ കിടത്തി.

൧൦ അതിന്റെ ശെഷം അബ്രാ
ഹാം തന്റെ കൈ നീട്ടി, തന്റെ
പുത്രനെ അറുക്കെണ്ടുന്നതിന പി
ച്ചാംകത്തി എടുത്തു.

൧൧ ¶ അപ്പൊൾ യഹൊവായു
ടെ ദൂതൻ ആകാശത്തനിന്ന അവ
നൊട വിളിച്ചു, അബ്രാഹാമെ, എ
ന്ന പറഞ്ഞു: അവൻ, ഇതാ, ഞാൻ
എന്ന പറഞ്ഞു.

൧൨ അപ്പൊൾ അവൻ പറഞ്ഞു,
പൈതലിന്റെ മെൽ നിന്റെ
കൈ വെക്കരുതെ, അവനൊട ഒ
ന്നും ചെയ്കയുമരുതെ; എന്തെന്നാ
ൽ എന്നിൽനിന്ന നിന്റെ എകപു
ത്രനായ നിന്റെ പുത്രനെ വിരൊ
ധിക്കായ്കകൊണ്ട നീ ദൈവത്തെ
ഭയപ്പെടുന്നു എന്ന, ഇപ്പൊൾ ഞാ
ൻ അറിഞ്ഞിരിക്കുന്നു.

൧൩ പിന്നെ അബ്രാഹാം ത
ന്റെ കണ്ണുകളെ ഉയൎത്തി, നൊ
ക്കിയപ്പൊൾ, ഇതാ, പിന്നിൽ കാ
ട്ടിൽ ഒരു ആട്ടുകൊററൻ അതിന്റെ
കൊമ്പുകളാൽ പിടിപെട്ടിരുന്നു: അ
പ്പൊൾ അബ്രാഹാം ചെന്ന, ആ
ട്ടുകൊററനെ പിടിച്ചു, തന്റെ പു
ത്രന പകരം അതിനെ ഹൊമ ബ
ലി കഴിച്ചു.

൰൪ വിശേഷിച്ചും അബ്രാഹാം ആ സ്ഥലത്തിന യഹൊവാ യിറാ എന്ന പെർ വിളിച്ചു: അപ്രകാരം ഇന്ന വരെയും യഹൊവായുടെ പൎവതത്തിൽ കാണപ്പെടും എന്ന പറയപ്പെടുന്നു.

൰൫ പിന്നെ യഹൊവായുടെ ദൂതൻ രണ്ടാം പ്രാവശ്യം ആകാശത്തിനിന്ന അബ്രാഹാമിനൊട വിളിച്ചു പറഞ്ഞു,

൰൬ നീ ൟ കാൎയ്യം ചെയ്തു, നിന്റെ എക പുത്രനായ നിന്റെ പുത്രനെ വിരൊധിക്കാതെ ഇരിക്കകൊണ്ട,

൰൭ ഞാൻ നിന്നെ അനുഗ്രഹിച്ചിട്ട, അനുഗ്രഹിക്കുമെന്നും, നിന്റെ സന്തതിയെ ആകാശത്തുള്ള നക്ഷത്രങ്ങൾ പൊലെയും, കടൽ കരയിലെ മണൽ പൊലെയും വൎദ്ധിപ്പിച്ചിട്ട വൎദ്ധിപ്പിക്കുമെന്നും; നിന്റെ സന്തതി തന്റെ ശത്രുക്കളുടെ വാതിലിനെ അവകാശപ്പെടുത്തുമെന്നും;

൰൮ നീ എന്റെ ശബ്ദം കെട്ടതുകൊണ്ട, നിന്റെ സന്തതിയിൽ ഭൂമിയിലുള്ള എല്ലാ ജാതികളും അനുഗ്രഹിക്കപ്പെടുമെന്നും ഞാൻ എന്നെ കൊണ്ട തന്നെ ആണയിട്ടു എന്ന യഹൊവാ പറയുന്നു.

൰൯ പിന്നെ അബ്രാഹാം തന്റെ ഭൃത്യന്മാരുടെ അടുക്കൽ തിരിച്ചു വന്നു: അപ്പൊൾ അവർ എഴുനീറ്റ, ഒന്നിച്ചു ബെൎശെബായ്ക്കു പൊന്നു: അബ്രാഹാം ബെൎശെബായിൽ പാൎക്കയും ചെയ്തു.

൨൰ ¶ ൟ കാൎയ്യങ്ങൾ കഴിഞ്ഞ ശെഷം ഉണ്ടായത എന്തെന്നാൽ, അബ്രാഹാമിനൊട അറിയിക്കപ്പെട്ടത എന്തെന്നാൽ, കണ്ടാലും, മിൽഖാ എന്നവളും നിന്റെ സഹൊദരനായ നാഹൊറിന പുത്രന്മാരെ പ്രസവിച്ചു;

൨൰൧ അവന്റെ ആദ്യജാതനായ ഹൂസിനെയും, ഇവന്റെ അനുജനായ ബൂസിനെയും, അറാമിന്റെ പിതാവായ കെമുഎലിനെയും,

൨൰൨ ഖെശെദിനെയും, ഹസൊവിനെയും, പിൽദാശിനെയും, യിദലാഫിനെയും, ബെതുവെലിനെയും.

൨൰൩ പിന്നെ ബെതുവെൽ റിബെക്കായെ ജനിപ്പിച്ചു: ൟ എട്ടു പെരെ മിൽഖാ അബ്രാഹാമിന്റെ സഹൊദരനായ നാഹൊറിന പ്രസവിച്ചു.

൨൰൪ റെയുമാ എന്ന നാമമുള്ളവളായി, അവന്റെ വെപ്പാട്ടിസ്ത്രീയായവളും തെബഹിനെയും, ഗഹാമിനെയും, തഹശിനെയും, മഹഖായെയും പ്രസവിച്ചു.

൨൰൩ അദ്ധ്യായം.

൧ സാറായുടെ വയസ്സും മരണവും.—൩ മക്ഫെലാവിനെ വാങ്ങിയത.—൧൯ അവിടെ സാറായുടെ ശവം അടക്കപ്പെട്ടത.

സാറാ നൂറ്റിരുപത്തെഴ വയസ്സുള്ളവളായി: [ഇവ] സാറായുടെ ആയുസ്സിന്റെ സംവത്സരങ്ങളായി.

൨ പിന്നെ സാറാ കനാൻ ദെശത്തുള്ള ഹെബ്രൊൻ ആകുന്ന കിൎയ്യാത്ത അൎബ്ബയിൽ വെച്ചു മരിച്ചു: അപ്പൊൾ അബ്രാഹാം സാറായെ കുറിച്ചു ദുഃഖിപ്പാനും അവളെ കുറിച്ചു കരവാനും വന്നു.

൩ ¶ പിന്നെ അബ്രാഹാം തന്റെ മരിച്ചവളുടെ മുമ്പിൽനിന്ന എഴുനീറ്റ, ഹെത്തിന്റെ പുത്രന്മാരൊട സംസാരിച്ചു പറഞ്ഞു,

൪ ഞാൻ നിങ്ങളുടെ ഇടയിൽ പരദെശിയും അന്യനും ആയിരി

ക്കുന്നു: ഇനിക്ക നിങ്ങളുടെ ഇട
യിൽ ശവം അടക്കുന്നതിന സ്ഥ
ലത്തെ അനുഭവമായിട്ട തരുവിൻ,
എന്നാൽ എന്റെ മുമ്പിൽനിന്ന
എന്റെ മരിച്ചവളെ ഞാൻ കുഴി
ച്ചിടും.
൫ അപ്പൊൾ ഹെത്തിന്റെ പുത്ര
ന്മാർ അബ്രാഹാമിനൊട ഉത്തര
മായിട്ട,
൬ എന്റെ കൎത്താവെ, ഞങ്ങളെ
ചെവിക്കൊൾക; ഞങ്ങളുടെ ഇട
യിൽ നീ മഹാ പ്രഭുവായിരിക്കു
ന്നു; ഞങ്ങളുടെ കല്ലറകളിൽ തെര
ഞ്ഞെടുക്കപ്പെട്ടതിൽ നിന്റെ മരി
ച്ചവളെ കുഴിച്ചിടുക: നീ നിന്റെ
മരിച്ചവളെ കുഴിച്ചിടുവാൻ ഞങ്ങ
ളിൽ ഒരുത്തനും തന്റെ കല്ലറയെ
നിന്നിൽനിന്ന വിരൊധിക്കയി
ല്ല എന്ന അവനൊട പറഞ്ഞു.
൭ അപ്പൊൾ അബ്രാഹാം എഴു
നീറ്റ, ഹെത്തിന്റെ പുത്രന്മാരായ
ആ ദെശക്കാരെ വണങ്ങി.
൮ അവൻ അവരൊട സംസാ
രിച്ചു, പറഞ്ഞു, എന്റെ മുമ്പിൽനി
ന്ന എന്റെ മരിച്ചവളെ ഞാൻ കു
ഴിച്ചിടുവാൻ നിങ്ങൾക്ക സമ്മതമു
ണ്ടെങ്കിൽ, നിങ്ങൾ എന്നെ ചെവി
ക്കൊണ്ട, ഇനിക്ക വെണ്ടി സൊഹ
റിന്റെ പുത്രനായ എഫ്രൊനൊട,
൯ അവൻ തന്റെ നിലത്തിന്റെ
അറുതിയിൽ തനിക്കുള്ള മക്ഫെ
ലാ എന്ന ഗുഹയെ ഇനിക്ക തരു
വാൻ അപെക്ഷിപ്പിൻ; നിങ്ങളു
ടെ ഇടയിൽ ഇനിക്ക ശവം അട
ക്കുന്നതിന അനുഭവ നിലമായിട്ട
അവൻ ആയതിനെ ഉള്ള വിലെ
ക്ക തരെണം.
൧൦ എന്നാൽ എഫ്രൊൻ ഹെത്തി
ന്റെ പുത്രന്മാരുടെ നടുവിൽ പാ
ൎത്തിരുന്നു; അപ്പൊൾ ഹിത്തിയക്കാ
രനായ എഫ്രൊൻ തന്റെ നഗര
ത്തിന്റെ വാതിലിൽ കൂടി പ്രവെ
ശിക്കുന്നവരായ ഹെത്തിന്റെ പു
ത്രന്മാർ എല്ലാവരും കെൾക്കെ അ
ബ്രാഹാമിനൊട ഉത്തരമായിട്ട പ
റഞ്ഞു,
൧൧ അല്ല, എന്റെ കൎത്താവെ,
എന്നെ ചെവിക്കൊൾക: നില
ത്തെ ഞാൻ നിനക്ക തരുന്നു, അ
തിലുള്ള ഗുഹയെയും നിനക്ക തരു
ന്നു: എന്റെ ജനങ്ങളുടെ പുത്രന്മാ
രുടെ മുമ്പാകെ ആയതിനെ നിന
ക്ക തരുന്നു: നിന്റെ മരിച്ചവളെ
കുഴിച്ചിടുക.
൧൨ അപ്പൊൾ അബ്രാഹാം ദെ
ശത്ത ജനങ്ങളുടെ മുമ്പാകെ കു
മ്പിട്ടു.
൧൩ ദെശത്ത ജനങ്ങൾ കെൾ
ക്കെ അവൻ എഫ്രൊനൊട പറഞ്ഞു,
എന്നാൽ [തരുവാൻ] നിനക്ക മന
സ്സുണ്ടെങ്കിൽ, എന്നെ ചെവിക്കൊ
ള്ളെണം; നിലത്തിന ഞാൻ നിന
ക്ക ദ്രവ്യം തരാം; ആയതിനെ എ
ന്നിൽനിന്ന വാങ്ങികൊള്ളെണം,
അവിടെ ഞാൻ എന്റെ മരിച്ചവ
ളെ കുഴിച്ചിടുകയും ചെയ്യും.
൧൪ അപ്പൊൾ എഫ്രൊൻ അ
ബ്രാഹാമിനൊട ഉത്തരമായിട്ട,
൧൫ എന്റെ കൎത്താവെ, എന്നെ
ചെവിക്കൊള്ളെണം; ഠരം നിലം
നാന്തറ ശെക്കൽ തൂക്കം വെള്ളി[വി
ല] ഉള്ളതാകുന്നു; അത ഇനിക്കും
നിനക്കും എന്തുള്ളു? നീ നിന്റെ മ
രിച്ചവളെ കുഴിച്ചിടുക എന്ന അ
വനൊട പറഞ്ഞു.
൧൬ അപ്പൊൾ അബ്രാഹാം എ
ഫ്രൊനെ ചെവിക്കൊണ്ട, എഫ്രൊ
ൻ ഹെത്തിന്റെ പുത്രന്മാർ കെൾ
ക്കെ പറഞ്ഞിരുന്നതായി, കച്ചൊട
ക്കാരന നടപ്പായുള്ള ദ്രവ്യം നാന്തറ

ശെക്കൽ വെള്ളി അവന തൂക്കികൊടുത്തു.

൧൭ ഇപ്രകാരം മമ്രെക്ക നെരെ മക്കഫെലായിലുള്ള എഫ്രൊന്റെ നിലമായ ഭൂമിയും, അതിലുള്ള ഗുഹയും, നിലത്തിന്റെ അതൃത്തിയിലൊക്കെയും ചുററും നിന്ന വൃക്ഷങ്ങളൊക്കെയും,

൧൮ ഹെത്തിന്റെ പുത്രന്മാരുടെ മുമ്പാകെയും, അവന്റെ നഗരത്തിന്റെ വാതലിൽ കൂടി പ്രവെശിച്ചവരുടെ മുമ്പാകെയും അബ്രാഹാമിന അനുഭവമായിട്ട തീൎന്നു.

൧൯ ¶ അതിന്റെ ശെഷം അബ്രാഹാം തന്റെ ഭാൎയ്യയായ സാറായെ മമ്രെക്ക നെരെയുള്ള മക്കഫെലാ എന്ന ഭൂമിയിലെ ഗുഹയിൽ അടക്കുകയും ചെയ്തു: ഇത കനാൻ ദെശത്തുള്ള ഹെബ്രൊൻ തന്നെ [ആകുന്നു.]

൨൦ ഇപ്രകാരം ആ നിലവും, അതിലുള്ള ഗുഹയും, അബ്രാഹാമിന ശവങ്ങളെ അടക്കുന്നതിന അനുഭവമായിട്ട ഹെത്തിന്റെ പുത്രന്മാരാൽ ഉറപ്പാക്കപ്പെട്ടു.

൨൪ അദ്ധ്യായം.

൧ അബ്രാഹാം തന്റെ പുത്രനായ യിസ്സാക്കിന ഒരു ഭാൎയ്യയെ കൊണ്ടുവരുന്നതിനായിട്ട തന്റെ ഭൃത്യനെ അയക്കുന്നത.—൧൫ അവൻ റിബെക്കായെ ലഭിച്ച കൊണ്ടുവരുന്നത.—൬൨ യിസ്സാക്ക അവളെ എതിരെല്ക്കുന്നത.

പിന്നെ അബ്രാഹാം വയസ്സ ചെന്ന വൃദ്ധനായി; യഹൊവാ അബ്രാഹാമിനെ സകലത്തിലും അനുഗ്രഹിക്കയും ചെയ്തു.

൨ അപ്പൊൾ അബ്രാഹാം തന്റെ ഭവനത്തിൽ വയസ്സിൽ മൂത്തവനും തനിക്കുള്ള സകലത്തിന്മെലും അധികാരമുള്ളവനുമായ തന്റെ ഭൃത്യനൊട പറഞ്ഞു, ഇപ്പൊൾ നിന്റെ കൈ എന്റെ തുടയിൻ കീഴിൽ ഇടുക;

൩ ഞാൻ കുടിയിരിക്കുന്ന കനാനയക്കാരുടെ പുത്രിമാരിൽനിന്ന നീ എന്റെ പുത്രന ഒരു ഭാൎയ്യയെ എടുക്കാതെ ഇരിക്കുമെന്നും;

൪ നീ എന്റെ ദെശത്തെക്കും എന്റെ ബന്ധുക്കളുടെ അടുക്കലും ചെന്ന, എന്റെ പുത്രനായ യിസ്സാക്കിന ഭാൎയ്യയെ എടുക്കുമെന്നും, ഞാൻ നിന്നെ ആകാശത്തിന ദൈവവും, ഭൂമിക്ക ദൈവവുമാകുന്ന യഹൊവായെകൊണ്ട ആണയിടുവിക്കും.

൫ അപ്പൊൾ ഭൃത്യൻ അവനൊട പറഞ്ഞു, പക്ഷെ ആ സ്ത്രീക്ക എന്റെ പിന്നാലെ ഈ ദെശത്തെക്ക വരുന്നതിന മനസ്സില്ലാതെ ഇരിക്കും, എന്നാൽ നീ വിട്ടപൊന്ന ദെശത്തെക്ക ഞാൻ നിന്റെ പുത്രനെ പിന്നെയും കൂട്ടികൊണ്ടുപൊകാമൊ?

൬ എന്നാറെ അബ്രാഹാം അവനൊട പറഞ്ഞു, നീ എന്റെ പുത്രനെ പിന്നെയും അവിടെക്ക കൂട്ടിക്കൊണ്ടുപൊകാതെ ഇരിപ്പാൻ ജാഗ്രതയായിരിക്ക.

൭ എന്നെ എന്റെ പിതാവിന്റെ ഭവനത്തിൽനിന്നും, എന്റെ ബന്ധുക്കൾ ഇരിക്കുന്ന ദെശത്തനിന്നും കൂട്ടികൊണ്ടുവന്നവനും, എന്നൊട സംസാരിച്ചവനും, നിന്റെ സന്തതിക്ക ഈ ദെശത്തെ ഞാൻ കൊടുക്കുമെന്ന എന്നൊട ആണയിട്ടവനുമായി, സ്വൎഗ്ഗത്തിന്റെ ദൈവമായ യഹൊവാ തന്നെ തന്റെ ദൂതനെ നിന്റെ മുമ്പാകെ അയക്കും; നീ എന്റെ പുത്രന ഒരു ഭാൎയ്യയെ അവിടെനിന്ന കൊണ്ടുവരികയും വെണം:

൮ എന്നാൽ സ്ത്രീക്ക നിന്റെ പി
ന്നാലെ വരുവാൻ മനസ്സില്ല എ
ങ്കിൽ, നീ എന്റെ ഠരം ആണയിൽ
നിന്ന ഒഴിവുള്ളവനാകും: അവി
ടെക്ക മാത്രം എന്റെ പുത്രനെ പി
ന്നെയും കൂട്ടികൊണ്ടുപൊകരുത.
൯ അപ്പൊൾ ആ ഭൃത്യൻ തന്റെ
കൈ തന്റെ യജമാനനായ അ
ബ്രാഹാമിന്റെ തുടയിൻ കീഴിൽ
ഇട്ടു, ഇക്കാൎയ്യത്തിനായിട്ട അവ
നൊട ആണയിടുകയും ചെയ്തു.
൰ ¶ പിന്നെ ആ ഭൃത്യൻ തന്റെ
യജമാനന്റെ ഒട്ടകങ്ങളിൽനിന്ന
പത്ത ഒട്ടകങ്ങളെ എടുത്തുകൊണ്ട
പുറപ്പെട്ടു; (എന്തെന്നാൽ അവ
ന്റെ യജമാനന്റെ നല്ല വസ്തു
ക്കൾ എല്ലാം അവന്റെ കയ്യിൽ
ആയിരുന്നു;) അവൻ എഴുനീറ്റ,
അറാമിൽ നാഹൊറിന്റെ നഗര
ത്തിലെക്ക വന്നു.
൰൧ ആ നഗരത്തിന പുറത്ത,
വെള്ളമുള്ളൊരു കിണററിന്റെ അ
രികെ, വൈകുന്നെരത്ത വെള്ളം
കൊരുവാൻ സ്ത്രീകൾ പുറപ്പെടു
ന്ന സമയത്ത, ഒട്ടകങ്ങളെ മുഴങ്കാ
ൽ കുത്തിച്ചു.
൰൨ പിന്നെ അവൻ പറഞ്ഞു,
എന്റെ യജമാനനാകുന്ന അ
ബ്രാഹാമിന്റെ ദൈവമായിരിക്കു
ന്ന യഹൊവായെ, ഇന്ന തന്നെ
ഇനിക്ക കാൎയ്യം സാധിപ്പിച്ചു, എ
ന്റെ യജമാനനാകുന്ന അബ്രാ
ഹാമിനൊട കൃപ ചെയ്യെണമെ
ന്ന ഞാൻ നിന്നൊട അപെക്ഷി
ക്കുന്നു.
൰൩ കണ്ടാലും, വെള്ളമുള്ള കിണ
ററിന്റെ അരികെ ഞാൻ നില്ക്കുന്നു;
ഠരം നഗരത്തിലുള്ള മനുഷ്യരുടെ
പുത്രിമാരും വെള്ളം കൊരുവാൻ പു
റപ്പെട്ടു വരുന്നു.
൰൪ ഞാൻ കുടിപ്പാൻ നിന്റെ പാ
ത്രം ഇറക്ക എന്ന ഞാൻ അപെക്ഷി
ച്ചു പറയുമ്പൊൾ, കുടിക്ക, നിന്റെ
ഒട്ടകങ്ങൾക്കും കുടിപ്പാൻ ഞാൻ ത
രാമെന്ന പറയുന്ന സ്ത്രീ തന്നെ നീ
നിന്റെ ഭൃത്യനായ യിസ്സാക്കിന
നിയമിച്ചവളായിരിപ്പാൻ സംഗ
തി വരുത്തെണം; എന്നാൽ നീ എ
ന്റെ യജമാനനൊട കൃപ ചെയ്തു
എന്ന ഞാൻ ഇതിനാൽ അറിയും.
൰൫ അവൻ പിന്നെ പറഞ്ഞു
തീരുന്നതിന മുമ്പെ, ഉണ്ടായത എ
ന്തെന്നാൽ, കണ്ടാലും, അബ്രാഹാ
മിന്റെ സഹൊദരനായ നാഹൊ
റിന്റെ ഭാൎയ്യയായ മിൽഖായുടെ
പുത്രനായ ബെതുവെലിന ജനി
ച്ച റിബെക്കാ തന്റെ പാത്രം ത
ന്റെ ചുമലിൽ വെച്ചുകൊണ്ട പു
റപ്പെട്ടു വന്നു.
൰൬ ആ ബാലസ്ത്രീ കാഴ്ചയ്ക്ക മ
ഹാ സൌന്ദൎയ്യമുള്ളവളും ഒരു പുരു
ഷനും അറിയാത്ത കന്യകയും ആ
യിരുന്നു: അവൾ കിണററിൽ ഇ
റങ്ങി, തന്റെ പാത്രം നിറച്ചുകൊ
ണ്ടു, കരെറി വന്നു.
൰൭ അപ്പൊൾ ഭൃത്യൻ അവളെ
എതിരെല്പാൻ ഒടി, നിന്റെ പാത്ര
ത്തിൽനിന്ന കുറെ വെള്ളം കൊ
ണ്ട എന്നെ ആശ്വസിപ്പിക്ക എ
ന്ന പറഞ്ഞു.
൰൮ എന്നാറെ അവൾ കുടിക്ക,
എന്റെ കൎത്താവെ, എന്ന പറ
ഞ്ഞു: അവൾ ബദ്ധപ്പെട്ട പാത്ര
ത്തെ തന്റെ കയ്യിൽ ഇറക്കികൊ
ണ്ടു, അവന കുടിപ്പാൻ കൊടുത്തു.
൰൯ അവൾ അവന കുടിപ്പാൻ
കൊടുത്ത കഴിഞ്ഞാറെ, നിന്റെ ഒ
ട്ടകങ്ങൾക്കും, അവ കുടിച്ചു തീരു
വൊളം, ഞാൻ കൊരികൊള്ളാം എ
ന്ന അവൾ പറഞ്ഞു.

൨൦ അവൾ ബദ്ധപ്പെട്ട, തന്റെ
പാത്രത്തിലെ വെള്ളം തൊട്ടിയിൽ
ഒഴിച്ചു; പിന്നെയും കൊരിക്കൊ
ണ്ടുവരുവാൻ കിണററിലെക്ക ഒടി,
അവന്റെ ഒട്ടകങ്ങൾക്ക ഒക്കെയും
കൊരി ഒഴിക്കയും ചെയ്തു.
൨൧ ആ പുരുഷൻ അവളിൽ ആ
ശ്ചൎയ്യപ്പെട്ട, യഹൊവാ തന്റെ യാ
ത്രയെ സാധിപ്പിച്ചുവൊ ഇല്ലയൊ
എന്ന അറിവാൻ ഉരിയാടാതിരുന്നു.
൨൨ പിന്നെ ഒട്ടകങ്ങൾ കുടിച്ചു
തീൎന്നപ്പൊൾ ഉണ്ടായത എന്തെ
ന്നാൽ, ആ പുരുഷൻ അര ശെ
ക്കൽ ഇട പൊന്നുകൊണ്ടുള്ളൊരു
കുണുക്കിനെയും; അവളുടെ കൈ
കൾക്ക പത്ത [ശെക്കൽ]തൂക്കംപൊ
ന്നുകൊണ്ടുള്ള രണ്ട കൈവളകളെ
യും എടുത്തു;
൨൩ അവളൊട പറഞ്ഞു, നീ ആ
രുടെ പുത്രിയാകുന്നു? എന്നൊട അ
റിയിക്കെണം: നിന്റെ പിതാവി
ന്റെ ഭവനത്തിൽ ഞങ്ങൾക്ക രാ
ത്രി പാൎപ്പാൻ സ്ഥലമുണ്ടൊ?
൨൪ എന്നാറെ അവൾ അവനൊ
ട പറഞ്ഞു, ഞാൻ നാഹൊറിന മി
ൽഖാ പ്രസവിച്ച പുത്രനായ ബെ
തുവെലിന്റെ പുത്രി[യാകുന്നു.]
൨൫ അവൾ പിന്നെയും അവ
നൊട പറഞ്ഞു, ഞങ്ങളുടെ അവി
ടെ വയ്ക്കൊലും തീനും വെണ്ടുവൊ
ളം ഉണ്ട, രാത്രി പാൎക്കുന്നതിന സ്ഥ
ലവും ഉണ്ട.
൨൬ അപ്പൊൾ ആ പുരുഷൻ ത
ലകുമ്പിട്ട, യഹൊവായെ വന്ദിച്ചു.
൨൭ അവൻ പറഞ്ഞു, എന്റെ
യജമാനനായ അബ്രഹാമിന്റെ
ദൈവമായ യഹൊവാ സ്തുതിക്ക
പ്പെട്ടവനാകുന്നു; അവൻ തന്റെ
കരുണയെയും തന്റെ സത്യത്തെ
യും എന്റെ യജമാനനിൽനിന്ന
നീക്കീട്ടില്ല: ഞാൻ വഴിയിൽ [വരു
മ്പൊൾ] യഹൊവാ എന്നെ എ
ന്റെ യജമാനന്റെ സഹൊദര
ന്മാരുടെ ഭവനത്തിലെക്ക കൂട്ടികൊ
ണ്ടുവന്നു.
൨൮ അപ്പൊൾ ആ ബാലസ്ത്രീ ഒ
ടി, തന്റെ മാതാവിന്റെ ഭവനത്തി
ൽ [ഈ വസ്തുതകളെ] അറിയിച്ചു.
൨൯ എന്നാൽ റിബെക്കായ്ക്കു ഒ
രു സഹൊദരൻ ഉണ്ടായിരുന്നു,
അവന്റെ പെർ ലാബാൻ: ലാ
ബാൻ പുറത്ത കിണററിങ്കൽ ആ
പുരുഷന്റെ അടുക്കലെക്ക ഒടി.
൩൦ പിന്നെ ഉണ്ടായത എന്തെ
ന്നാൽ, ഇവൻ ആ കുണുക്കിനെ
യും, തന്റെ സഹൊദരിയുടെ കൈ
കളിൽ കൈവളകളെയും കണ്ടപ്പൊ
ഴം, ഇപ്രകാരം ആ പുരുഷൻ എ
ന്നൊട പറഞ്ഞു എന്ന തന്റെ
സഹൊദരിയായ റിബെക്കായുടെ
വചനങ്ങളെ കെട്ടപ്പൊഴം, അവൻ
ആ പുരുഷന്റെ അടുക്കൽ വന്നു;
ഇതാ, അവൻ ആ കിണററിങ്കൽ ഒ
ട്ടകങ്ങളുടെ അരികെ നിന്നിരുന്നു.
൩൧ അപ്പൊൾ അവൻ യഹൊ
വായാൽ അനുഗ്രഹിക്കപ്പെട്ടവ
നെ, അകത്തെക്ക വരിക; നീ എ
ന്തിന പുറത്ത നില്ക്കുന്നു? ഞാൻ
ഭവനത്തെയും ഒട്ടകങ്ങൾക്ക സ്ഥ
ലത്തെയും ഒരുക്കിയിരിക്കുന്നു എ
ന്ന പറഞ്ഞു.
൩൨ അപ്പൊൾ ആ പുരുഷൻ ഭ
വനത്തിലെക്ക വന്നു: പിന്നെ ഇ
വൻ ഒട്ടകങ്ങളെ കെട്ടഴിച്ചു, ഒട്ടക
ങ്ങൾക്ക വയ്ക്കൊലും തീനും, അവ
ന്റെ കാലുകളെയും, അവനൊട കൂ
ടെ [ഉള്ള] പുരുഷന്മാരുടെ കാ
ലുകളെയും കഴുകുന്നതിന വെള്ള
വും കൊടുത്തു.
൩൩ പിന്നെ അവന്റെ മുമ്പാ

കെ ഭക്ഷണം വെക്കപ്പെട്ടു: എങ്കി
ലും അവൻ പറഞ്ഞു, ഞാൻ എ
ന്റെ വചനങ്ങളെ അറിയിക്കു
ന്നതിന മുമ്പെ ഭക്ഷിക്കയില്ല. എ
ന്നാറെ ഇവൻ, പറക എന്ന പ
റഞ്ഞു.
൩൪ അപ്പൊൾ അവൻ പറഞ്ഞു,
ഞാൻ അബ്രാഹാമിന്റെ ഭൃത്യൻ
[ആകുന്നു.]
൩൫ യഹൊവാ എന്റെ യജമാ
നനെ എററവും അനുഗ്രഹിച്ചു; അ
വൻ വലിയവനായി തീൎന്നു: അ
വന ആടുകളെയും, കന്നുകാലിക
ളെയും, വെള്ളിയെയും, പൊന്നി
നെയും, ഭൃത്യന്മാരെയും, ദാസിമാ
രെയും, ഒട്ടകങ്ങളെയും, കഴുതകളെ
യും അവൻ കൊടുത്തിരിക്കുന്നു.
൩൬ വിശെഷിച്ച എന്റെ യജ
മാനന്റെ ഭാൎയ്യയായ സാറാ വൃദ്ധ
യായതിന്റെ ശെഷം എന്റെ യ
ജമാനന ഒരു പുത്രനെ പ്രസവി
ച്ചു: അവന അവൻ തനിക്കുള്ള സ
കലവും കൊടുത്തിരിക്കുന്നു.
൩൭ ഞാൻ കുടിയിരിക്കുന്ന ക
നാൻ ദെശക്കാരുടെ പുത്രിമാരിൽ
നിന്ന നീ എന്റെ പുത്രന ഒരു ഭാ
ൎയ്യയെ എടുക്കാതെ ഇരിക്കുമെന്നും;
൩൮ നീ എന്റെ പിതാവിന്റെ
ഭവനത്തിലെക്കും എന്റെ ചാൎച്ച
ക്കാരുടെ അടുക്കലും ചെന്ന, എ
ന്റെ പുത്രന ഒരു ഭാൎയ്യയെ എടു
ക്കാമെന്നും, എന്റെ യജമാനൻ
എന്നെകൊണ്ട ആണയിടുവിച്ചു.
൩൯ അപ്പൊൾ ഞാൻ എന്റെ
യജമാനനൊട, പക്ഷെ സ്ത്രീ എ
ന്റെ പിന്നാലെ വരികയില്ല എ
ന്ന പറഞ്ഞു.
൪൦ എന്നാറെ അവൻ എന്നൊ
ട പറഞ്ഞു, ഞാൻ ആരുടെ മുമ്പാ
കെ നടക്കുന്നുവൊ, ആ യഹൊ
വാ നിന്നൊട കൂടെ തന്റെ ദൂത
നെ അയച്ച, നിന്റെ യാത്രയെ
സാധിപ്പിക്കും: നീ എന്റെ ചാ
ൎച്ചയിൽനിന്നും, എന്റെ പിതാവി
ന്റെ ഭവനത്തിൽനിന്നും എന്റെ
പുത്രന ഒരു ഭാൎയ്യയെ എടുക്കയും
വെണം.
൪൧ നീ എന്റെ ചാൎച്ചക്കാരുടെ
അടുക്കൽ എത്തിയാൽ, അപ്പൊൾ
നീ എന്റെ ആണയിൽനിന്ന ഒ
ഴിഞ്ഞിരിക്കും: അവർ നിനക്ക [ഒ
രുത്തിയെ] തരുന്നില്ല എന്നുവരി
കിലും, നീ എന്റെ ആണയിൽ
നിന്ന ഒഴിഞ്ഞിരിക്കും.
൪൨ വിശെഷിച്ച ഇന്ന ഞാൻ
ആ കിണററിന്റെ അരികെ വന്നു,
പറഞ്ഞു; എന്റെ യജമാനനാ
യ അബ്രാഹാമിന്റെ ദൈവമായ
യഹൊവായെ, ഇപ്പൊൾ ഞാൻ
പൊകുന്ന എന്റെ യാത്രയെ നീ
സാധിപ്പിക്കുന്നു എങ്കിൽ,
൪൩ കണ്ടാലും, ഞാൻ വെള്ളമു
ള്ള കിണററിന്റെ അരികെ നില്ക്കു
ന്നു; വെള്ളം കൊരുവാൻ വരിക
യും, ഞാൻ അവളൊട നിന്റെ പാ
ത്രത്തിലുള്ള വെള്ളത്തിൽനിന്ന കു
റെ ഇനിക്ക കുടിപ്പാൻ തരെണമെ
ന്ന പറഞ്ഞിട്ടു,
൪൪ അവളും എന്നൊട, നീയും കു
ടിക്ക, ഞാൻ നിന്റെ ഒട്ടകങ്ങൾ
ക്കും കൊരി ഒഴിക്കാമെന്ന പറക
യും ചെയ്യുന്ന ബാലസ്ത്രീ തന്നെ
യഹൊവാ എന്റെ യജമാനന്റെ
പുത്രന നിയമിച്ച സ്ത്രീയായിരി
പ്പാൻ സംഗതി വരട്ടെ എന്ന പ
റഞ്ഞു.
൪൫ ഞാൻ ഇങ്ങിനെ എന്റെ
ഹൃദയം കൊണ്ട പറഞ്ഞ തീരുന്ന
തിന മുമ്പെ, കണ്ടാലും, റിബെക്കാ
തന്റെ പാത്രം തന്റെ ചുമലിൽ

വെച്ചും കൊണ്ട പുറപ്പെട്ട വന്ന, കിണററിൽ ഇറങ്ങി, [വെള്ളം] കൊരി: അപ്പൊൾ ഞാൻ അവളൊട, ഇനിക്ക കുടിപ്പാൻ തരെണമെന്ന ഞാൻ അപെക്ഷിക്കുന്നു എന്ന പറഞ്ഞു.

൪൰൬ അവൾ ബദ്ധപ്പെട്ട, തന്റെ [ചുമലിൽനിന്ന] പാത്രം ഇറക്കി, കുടിക്ക, ഞാൻ നിന്റെ ഒട്ടകങ്ങൾക്കും കുടിപ്പാൻ തരാം എന്ന പറഞ്ഞു: അപ്രകാരം ഞാൻ കുടിച്ചു, അവൾ ഒട്ടകങ്ങൾക്കും കുടിപ്പാൻ കൊടുത്തു.

൪൰൭ അപ്പൊൾ നീ ആരുടെ പുത്രി? എന്ന ഞാൻ അവളൊട ചൊദിച്ചു. എന്നാറെ അവൾ, ഞാൻ നാഹൊറിനമിൽഖാ പ്രസവിച്ച പുത്രനായ ബെതുവെലിന്റെ പുത്രി എന്ന പറഞ്ഞു. അപ്പൊൾ ഞാൻ അവളുടെ മുഖത്ത കുണുക്കിനെയും, അവളുടെ കൈകളിൽ കൈവളകളെയും ഇട്ടു.

൪൰൮ പിന്നെ ഞാൻ എന്റെ തല കുമ്പിട്ട, യഹൊവായെ വന്ദിച്ചു, ഞാൻ എന്റെ യജമാനന്റെ സഹൊദരന്റെ പുത്രിയെ അവന്റെ പുത്രനായിട്ട എടപ്പാൻ എന്നെ സത്യമുള്ള വഴിയിൽ കൂട്ടികൊണ്ടുവന്നവനായി, എന്റെ യജമാനനായ അബ്രാഹാമിന്റെ ദൈവമായ യഹൊവായെ പുകഴ്ത്തി.

൪൰൯ ഇപ്പൊൾ നിങ്ങൾ എന്റെ യജമാനനൊട ദയയും സത്യവും ചെയ്യുമെങ്കിൽ, എന്നൊട പറയെണം, അല്ല എങ്കിലും എന്നൊട പറയെണം: എന്നാൽ ഞാൻ വലത്തഭാഗത്തൊട്ടെങ്കിലും, ഇടത്ത ഭാഗത്തൊട്ടെങ്കിലും നൊക്കി തിരിയാം.

൫൰ അപ്പൊൾ ലാബാനും ബെതുവെലും ഉത്തരമായിട്ട, ഈ കാര്യം യഹൊവായിൽനിന്ന വരുന്നു: നിന്നൊട ഗുണമെങ്കിലും, ദൊഷമെങ്കിലും പറവാൻ ഞങ്ങൾക്ക കഴികയില്ല.

൫൰൧ ഇതാ കണ്ടാലും, റിബെക്കാ നിന്റെ മുമ്പാകെ ഉണ്ട, അവളെ കൂട്ടികൊണ്ട പൊക; യഹൊവാ കല്പിച്ച പ്രകാരം, അവൾ നിന്റെ യജമാനന്റെ പുത്രന ഭാര്യയാകട്ടെ എന്ന പറഞ്ഞു.

൫൰൨ അപ്പൊൾ ഉണ്ടായത എന്തെന്നാൽ, അബ്രാഹാമിന്റെ ഭൃത്യൻ അവരുടെ വചനങ്ങളെ കെട്ടപ്പൊൾ, അവൻ നിലത്തൊളം [കുമ്പിട്ട] യഹൊവായെ വന്ദിച്ചു.

൫൰൩ ¶ പിന്നെ ആ ഭൃത്യൻ വെള്ളിയാഭരണങ്ങളെയും, പൊന്നാഭരണങ്ങളെയും, വസ്ത്രങ്ങളെയും പുറത്തെടുത്ത, റിബെക്കായ്ക്ക കൊടുത്തു: അവളുടെ സഹൊദരനും, മാതാവിനും വില എറിയ വസ്തുക്കളെയും കൊടുത്തു.

൫൰൪ പിന്നെ അവനും അവനൊട കൂടെയുള്ള മനുഷ്യരും ഭക്ഷിച്ചു, കുടിച്ചു, രാത്രി പാൎക്കയും ചെയ്തു. രാവിലെ അവർ എഴുനീററാറെ, അവൻ എന്റെ യജമാനന്റെ അടുക്കലെക്ക എന്നെ പറഞ്ഞയക്കെണമെന്ന പറഞ്ഞു.

൫൰൫ അപ്പൊൾ അവളുടെ സഹൊദരനും, അവളുടെ മാതാവും ബാലസ്ത്രീ പത്ത ദിവസം എങ്കിലും ഞങ്ങളൊട കൂടെ പാൎത്തിട്ട, പിന്നത്തെതിൽ അവൾ പൊരട്ടെ എന്ന പറഞ്ഞു.

൫൰൬ എന്നാറെ അവൻ അവരൊട പറഞ്ഞു, യഹൊവാ എന്റെ യാത്രയെ സാധിപ്പിച്ചിരിക്കകൊണ്ട, എന്നെ താമസിപ്പിക്കരുതെ; ഞാൻ എന്റെ യജമാനന്റെ അടു

ക്കലെക്ക പൊകുവാനായിട്ട എന്നെ പറഞ്ഞയക്കെണം.

൫൭ അപ്പൊൾ അവർ പറഞ്ഞു, ഞങ്ങൾ ബാലസ്ത്രീയെ വിളിച്ചിട്ട, അവളുടെ വായിൽനിന്ന കെൾക്കാം.

൫൮ അവർ റിബെക്കായെ വിളിച്ചു, അവളൊട, നീ ൟ പുരുഷനൊട കൂടെ പൊകുമൊ? എന്ന ചൊദിച്ചു. ഞാൻ പൊകാമെന്ന അവളും പറഞ്ഞു.

൫൯ പിന്നെ അവർ തങ്ങളുടെ സഹൊദരിയായ റിബെക്കായെയും, അവളുടെ ദാസിയെയും, അബ്രാഹാമിന്റെ ഭൃത്യനെയും, അവന്റെ മനുഷ്യരെയും പറഞ്ഞയച്ചു.

൬൦ വിശെഷിച്ച അവർ റിബെക്കായെ അനുഗ്രഹിച്ചു, അവളൊട പറഞ്ഞു, നീ ഞങ്ങളുടെ സഹൊദരി[യാകുന്നു,] നീ ആയിരം പതിനായിരങ്ങൾക്ക [മാതാവായി] ഭവിക്കട്ടെ; നിന്റെ സന്തതി തന്നെ ദ്വെഷിക്കുന്നവരുടെ വാതിലിനെ അവകാശപ്പെടുത്തുകയും ചെയ്യട്ടെ.

൬൧ അപ്പൊൾ റിബെക്കായും, അവളുടെ ദാസിയും എഴുനീറ്റ, ഒട്ടകങ്ങളിന്മീതെ കരെറി, ആ മനുഷ്യന്റെ പിന്നാലെ ചെന്നു: ഭൃത്യൻ റിബെക്കായെ കൂട്ടി കൊണ്ടുപൊകയും ചെയ്തു.

൬൨ എന്നാൽ യിസ്സാക്ക ലെഹായിരൊയി എന്ന കിണർ വഴിയായി പുറപ്പെട്ടവന്നു; എന്തെന്നാൽ അവൻ തെക്ക ദെശത്ത കുടിയിരുന്നു.

൬൩ വിശെഷിച്ച യിസ്സാക്ക വൈകുന്നെരത്ത ധ്യാനിപ്പാനായിട്ട പറമ്പിൽ പുറത്ത പൊയിരുന്നു: അപ്പൊൾ അവൻ തന്റെ കണ്ണുകളെ ഉയർത്തി, ഇതാ, ഒട്ടകങ്ങൾ വരുന്നതിനെ കണ്ടു.

൬൪ റിബെക്കായും, തന്റെ കണ്ണുകളെ ഉയർത്തി, യിസ്സാക്കിനെ കണ്ടപ്പൊൾ ഒട്ടകത്തിൽനിന്ന ഇറങ്ങി.

൬൫ എന്തെന്നാൽ അവൾ ഭൃത്യനൊട, പറമ്പിൽ നമ്മെ എതിരെറ്റ വരുന്ന ആ പുരുഷൻ ആര? എന്ന ചൊദിച്ചിരുന്നു: അവൻ എന്റെ യജമാനൻ എന്നും ഭൃത്യൻ പറഞ്ഞിരുന്നു: അപ്പൊൾ അവൾ ഒരു മൂടുപടം എടുത്ത തന്നെ മൂടി.

൬൬ പിന്നെ ഭൃത്യൻ താൻ ചെയ്ത കാൎയ്യങ്ങളെ ഒക്കെയും യിസ്സാക്കിനൊട വിവരം അറിയിച്ചു.

൬൭ അപ്പൊൾ യിസ്സാക്ക ഇവളെ തന്റെ മാതാവായ സാറായുടെ കൂടാരത്തിൽ കൂട്ടി കൊണ്ടുപൊയി, പിന്നത്തെതിൽ റിബെക്കായെ കൈക്കൊണ്ടു അവൾ അവന ഭാൎയ്യയായി: അവൻ അവളെ സ്നെഹിച്ചു: യിസ്സാക്ക തന്റെ മാതാവിന്റെ [മരണ] ശെഷം ആശ്വാസപ്പെടുകയും ചെയ്തു.

൨൫ അദ്ധ്യായം.

൧ കെത്തൂറായിൽനിന്ന അബ്രാഹാമിന്റെ പുത്രന്മാർ.—൭ അവന്റെ വയസ്സും മരണവും.—൨൧ എശാവിന്റെയും യാക്കൊബിന്റെയും ജനനം.—൨൯ എശാ തന്റെ ജനനാവകാശത്തെ വില്ക്കുന്നത.

അബ്രാഹാം പിന്നെയും ഒരു സ്ത്രീയെ കൈക്കൊണ്ടു; അവളുടെ പെർ കെത്തൂറാ എന്ന [ആയിരുന്നു.]

൨ ഇവൾ അവന സിമ്രാമിനെയും, യക്ക്ഷാനെയും, മെദാനെയും, മിദിയാനെയും, യിശ്ബാക്കിനെയും, ശൂവാഹിനെയും പ്രസവിച്ചു.

൩ പിന്നെ യക്ക്ഷാൻ ശെബാ
യെയും, ദെദാനെയും ജനിപ്പിച്ചു.
ദെദാന്റെ പുത്രന്മാർ, അശ്ശൂറിമും,
ലെത്തൂശിമും, ലെയുമിമും ആയിരു
ന്നു.
൪ മിദിയാന്റെ പുത്രന്മാർ; എഫാ
യും, എഫെറും, ഹനൊക്കും, അ
ബിദയും, എൽദാഹായും. ഇവർ
എല്ലാവരും കെത്തൂറായുടെ പുത്രന്മാ
ർ [ആയിരുന്നു.]
൫ വിശെഷിച്ച അബ്രാഹാം ത
നിക്കുള്ളതൊക്കെയും യിസ്സാക്കിന
കൊടുത്തു.
൬ എന്നാലും അബ്രാഹാമിന ഉ
ണ്ടായിരുന്ന വെപ്പാട്ടിസ്ത്രീകളു
ടെ പുത്രന്മാൎക്ക അബ്രാഹാം ദാന
ങ്ങളെ കൊടുത്തു, താൻ ജീവനൊടി
രിക്കുമ്പൊൾ തന്നെ അവരെ ത
ന്റെ പുത്രനായ യിസ്സാക്കിൽനി
ന്ന കിഴക്കൊട്ട കിഴക്ക ദെശത്തെ
ക്ക അയക്കയും ചെയ്തു.
൭ ¶ ഇവ അബ്രാഹാം ജീവ
നൊടിരുന്ന ആയുസ്സിന്റെ ദിവ
സങ്ങൾ, നൂറ്റ എഴുപത്ത അഞ്ചു
സംവത്സരം.
൮ പിന്നെ അബ്രാഹാം പ്രാ
ണനെ വിട്ടു, നല്ല മൂത്ത വയസ്സി
ൽ വൃദ്ധനായി, പൂൎണ്ണ ആയുസ്സൊ
ടെ മരിച്ചു, തന്റെ ജനത്തൊട ചെ
ൎക്കപ്പെട്ടു.
൯ അപ്പൊൾ അവനെ അവ
ന്റെ പുത്രന്മാരായ യിസ്സാക്കും യി
ശ്മയെലും മമ്രെക്ക നെരെ ഹിത്തി
യക്കാരനായി സൊഹറിന്റെ പു
ത്രനായ എഫ്രൊന്റെ നിലത്ത മ
ക്ഫെല എന്ന ഗുഹയിൽ അട
ക്കി.
൧൦ അബ്രാഹാം ഹെത്തിന്റെ പു
ത്രന്മാരൊട വിലെക്ക വാങ്ങിയ
നിലം തന്നെ: അവിടെ അബ്രാ
ഹാമും അവന്റെ ഭാൎയ്യയായ സാ
റായും അടക്കപ്പെട്ടു.
൧൧ അബ്രാഹാം മരിച്ചതിന്റെ
ശെഷം ഉണ്ടായത എന്തെന്നാൽ
ദൈവം അവന്റെ പുത്രനായ യി
സ്സാക്കിനെ അനുഗ്രഹിച്ചു: യി
സ്സാക്ക ലാഹായിരൊയി എന്ന കി
ണറ്റിന്റെ അരികെ വസിച്ചി
രുന്നു.
൧൨ ¶ സാറായുടെ അടിമസ്ത്രീയാ
യി, മിസ്രയക്കാരിയായ ഹാഗാർ
അബ്രാഹാമിന പ്രസവിച്ച പു
ത്രനായ യിശ്മയെലിന്റെ സന്ത
തികൾ ഇവ [ആകുന്നു.]
൧൩ അവരുടെ സന്തതികളിൻ
പ്രകാരം അവരുടെ നാമങ്ങളാൽ
യിശ്മയെലിന്റെ പുത്രന്മാരുടെ നാ
മങ്ങൾ ഇവയാകുന്നു: യിശ്മയെ
ലിന്റെ ആദ്യജാതനായ നബാ
യൊത്തും; കെദാറും, അദബെയ
ലും, മിബസാമും,
൧൪ മിശ്മായും, ദൂമായും, മശ്ശായും,
൧൫ ഹദാറും, തെമായും, യെത്തൂ
റും, നഫീശും, കെദമായും:
൧൬ അവരുടെ നഗരങ്ങളിലും,
പ്രഭുഗ്രഹങ്ങളിലും, അവരുടെ ജാ
തികളിൻ പ്രകാരം പന്ത്രണ്ട പ്ര
ഭുക്കളായി, യിശ്മയെലിന്റെ പുത്ര
ന്മാർ ഇവർ [ആകുന്നു,] അവ
രുടെ നാമങ്ങളും ഇവ [ആകുന്നു.]
൧൭ വിശെഷിച്ച ഇവ യിശ്മ
യെലിന്റെ ആയുസ്സിന്റെ സംവ
ത്സരങ്ങൾ, നൂറ്റിമുപ്പത്തെഴ സം
വത്സരം. പിന്നെ അവൻ പ്രാണ
നെ വിട്ട മരിച്ചു, അവന്റെ ജന
ത്തൊട ചെൎക്കപ്പെട്ടു.
൧൮ ഹാവിലാ തുടങ്ങി മിസ്രയി
മിന നെരെ അശ്ശൂറിന പൊകുന്ന
വഴിയിൽ ശൂർ വരെയും അവർ കു
ടിയിരുന്നു: ഇപ്രകാരം അവൻ

ത്തന്റെ സഹോദരന്മാരുടെ എല്ലാവരുടെയും മുമ്പാകെ മരിച്ചു.

൧൯ ¶ പിന്നെ അബ്രാഹാമിന്റെ പുത്രനായ യിസ്ഹാക്കിന്റെ സന്തതികൾ ഇവ [യാകുന്നു.] അബ്രാഹാം യിസ്ഹാക്കിനെ ജനിപ്പിച്ചു.

൨൦ യിസ്ഹാക്ക പാദാൻ അരാമിലുള്ള സുറിയക്കാരനായ ബെതുവെലിന്ന പുത്രിയായി, സുറിയക്കാരനായ ലാബാന്റെ സഹൊദരിയായ റിബെക്കായെ ഭാൎയ്യയായിട്ട കൈക്കൊണ്ടപ്പോൾ, അവന്ന നാല്പത വയസ്സായിരുന്നു.

൨൧ തന്റെ ഭാൎയ്യ മച്ചിയായിരുന്നതുകൊണ്ട യിസ്ഹാക്ക അവൾക്കായ്ക്കൊണ്ട യഹൊവായൊട അപെക്ഷിച്ചു: യഹൊവാ അവന്റെ അപെക്ഷയെ കെട്ടു, അവന്റെ ഭാൎയ്യയായ റിബെക്കാ ഗൎഭം ധരിക്കയും ചെയ്തു.

൨൨ എന്നാറെ അവളുടെ ഉള്ളിൽ ശിശുക്കൾ തമ്മിൽ തിരക്കികൊണ്ടിരുന്നു: അപ്പൊൾ അവൾ പറഞ്ഞു, ഇപ്രകാരമായാൽ ഞാനിക്കങ്ങിനെ ഇരിക്കുന്നത എന്ത? പിന്നെ അവൾ യഹൊവായൊട ചൊദിപ്പാൻ പൊയി.

൨൩ അപ്പൊൾ യഹൊവാ അവളൊട പറഞ്ഞു, രണ്ട ജാതികൾ നിന്റെ ഗൎഭത്തിൽ ഉണ്ട, രണ്ടവിധം ജനവും നിന്റെ വയററിൽനിന്ന പിരിയപ്പെടും: ഒരു ജനം (മററെ) ജനത്തെക്കാൾ ശക്തിയുള്ളതാകും: വലിയവൻ ചെറിയവനെ സെവിക്കയും ചെയ്യും.

൨൪ പിന്നെ പ്രസവിക്കുന്നതിന്ന അവൾക്ക ദിവസങ്ങൾ തികഞ്ഞപ്പൊൾ, കണ്ടാലും, ഇരട്ടപ്പിള്ളകൾ അവളുടെ ഗൎഭത്തിൽ ഉണ്ടായിരുന്നു.

൨൫ മുമ്പിലത്തവൻ ചുവന്നവനായി, മെൽ മുഴുവനും രൊമമുള്ള വസ്ത്രം പൊലെയും പുറത്ത വന്നു: അവർ അവന്ന എശാ എന്ന പെർ വിളിച്ചു.

൨൬ അതിന്റെ ശെഷം അവന്റെ സഹൊദരൻ എശാവിന്റെ കുതികാലിനെ തന്റെ കൈ പിടിച്ചുകൊണ്ട പുറത്തു വന്നു; അവന്ന യാക്കൊബ എന്ന പെർ വിളിക്കപ്പെട്ടു: അവൾ ഇവരെ പ്രസവിച്ചപ്പൊൾ യിസ്ഹാക്കിന്ന അറുപത വയസ്സ [ആയിരുന്നു.]

൨൭ പിന്നെ ൟ ചെതങ്ങൾ വളൎന്നു, എശാ വെട്ടയെ അറിഞ്ഞവനും, വയലിൽ സഞ്ചാരമുള്ള മനുഷ്യനും, യാക്കൊബ കൂടാരങ്ങളിൽ പാൎത്ത ഉത്തമനായുള്ള മനുഷ്യനും ആയിരുന്നു.

൨൮ യിസ്ഹാക്ക എശാവിനെ സ്നെഹിച്ചിരുന്നു: എന്തെന്നാൽ അവൻ അവന്റെ മാനിറച്ചിയെ ഭക്ഷിച്ചു; എങ്കിലും റിബെക്കാ യാക്കൊബിനെ സ്നെഹിച്ചിരുന്നു.

൨൯ ¶ പിന്നെ യാക്കൊബ പായസം വെച്ചിരുന്നു: എശാവും പറമ്പിൽനിന്ന വന്ന, ആലസ്യപ്പെട്ടിരുന്നു.

൩൦ അപ്പൊൾ എശാ യാക്കൊബിനൊട പറഞ്ഞു, ആ ചുവന്ന [പായസത്തിൽനിന്ന] എന്നെ ഭക്ഷിക്കുമാറാക്കെണം; എന്തെന്നാൽ ഞാൻ ആലസ്യപ്പെട്ടിരിക്കുന്നു: അതുകൊണ്ട അവന്റെ നാമം എദൊം എന്ന വിളിക്കപ്പെട്ടു.

൩൧ അപ്പൊൾ യാക്കൊബ, നിന്റെ ജന്മാവകാശത്തെ ഇന്ന ഇനിക്ക വില്ക്കുക എന്ന പറഞ്ഞു.

൩൨ എന്നാറെ എശാ, ഇതാ ഞാൻ മരിക്കുമാറായിരിക്കുന്നു ൟ

ജന്മാവകാശം എനിക്ക എന്ത ഉ
പകാരമാകും എന്ന പറഞ്ഞു.
൩൩ അപ്പൊൾ യാക്കൊബ, ഇ
ന്ന എന്നൊട ആണയിടുക എ
ന്ന പറഞ്ഞു: അവൻ അവനൊട
ആണയിട്ടു; തന്റെ ജന്മാവകാ
ശത്തെ യാക്കൊബിന്ന വില്ക്കയും
ചെയ്തു.
൩൪ അപ്പൊൾ യാക്കൊബ എ
ശാവിന അപ്പവും പയർകൊണ്ടു
ള്ള പായസവും കൊടുത്തു; അവൻ
ഭക്ഷിച്ചു, കുടിച്ചു, എഴുനീറ്റ, പൊ
കയും ചെയ്തു; ഇപ്രകാരം എശാ
[തന്റെ] ജന്മാവകാശത്തെ നി
രസിച്ചു.

൨൬ അദ്ധ്യായം.

൧ യിസ്സാക്ക ഗെറാറിന പൊകുന്നത.—൨ ദൈ
വം അവനെ അനുഗ്രഹിക്കുന്നത.—൨൬ അ
വനൊട അബിമെലെക്കിന്റെ ഉഭയസമ്മ
തം,—൩൪ എശാവിന്റെ ഭാൎയ്യമാർ.

അബ്രാഹാമിന്റെ ദിവസങ്ങ
ളിൽ ഉണ്ടായ മുമ്പിലത്തെ ക്ഷാ
മം കൂടാതെ, പിന്നെയും ആ ദെ
ശത്ത ക്ഷാമം ഉണ്ടായി. അപ്പൊ
ൾ യിസ്സാക്ക ഗെറാറിന ഫലിസ്തി
ന്മാരുടെ രാജാവായ അബിമെലെ
ക്കിന്റെ അടുക്കലെക്ക പൊയി.
൨ വിശെഷിച്ച യഹൊവാ അ
വന പ്രത്യക്ഷനായി, പറഞ്ഞു, നീ
മിസ്രയിമിലെക്ക ഇറങ്ങി പൊക
രുത; ഞാൻ നിന്നൊട പറയുന്ന
രാജ്യത്തിൽ വസിക്ക.
൩ ൟ രാജ്യത്തിൽ പാൎക്ക, എന്നാ
ൽ ഞാൻ നിന്നൊട കൂടെ ഇരുന്ന,
നിന്നെ അനുഗ്രഹിക്കും. എന്തെ
ന്നാൽ ഞാൻ നിനക്കും, നിന്റെ
സന്തതിക്കും ൟ ദെശങ്ങളെ ഒ
ക്കെയും തരും, നിന്റെ പിതാവാ
യ അബ്രാഹാമിനൊട ഞാൻ ഇട്ട
ആണയെയും സ്ഥിരപ്പെടുത്തും.
൪ ഞാൻ നിന്റെ സന്തതിയെ
ആകാശത്തിലെ നക്ഷത്രങ്ങളെ
പൊലെ വൎദ്ധിക്കുമാറാക്കി, നി
ന്റെ സന്തതിക്ക ൟ ദെശങ്ങളെ
ഒക്കെയും കൊടുക്കും: നിന്റെ സ
ന്തതിയിൽ ഭൂമിയിലുള്ള എല്ലാ ജാ
തികളും അനുഗ്രഹിക്കപ്പെടും;
൫ എന്തുകൊണ്ടെന്നാൽ അബ്രാ
ഹാം എന്റെ ശബ്ദത്തിന ചെവി
കൊടുത്ത, എന്റെ ചട്ടത്തെയും, എ
ന്റെ കല്പനകളെയും, എന്റെ നീ
തിന്യായങ്ങളെയും, എന്റെ ന്യാ
യപ്രമാണങ്ങളെയും ആചരിച്ചു.
൬ ¶ പിന്നെ യിസ്സാക്ക ഗെറാറി
ൽ വസിച്ചിരുന്നു.
൭ ആ സ്ഥലത്തുള്ള മനുഷ്യർ അ
വന്റെ ഭാൎയ്യയെ കുറിച്ച അവ
നൊട ചൊദിച്ചു; എന്നാറെ അവ
ൻ, അവൾ എന്റെ സഹൊദരി
യെന്ന പറഞ്ഞു: എന്തെന്നാൽ റി
ബെക്കാ കാഴ്ചയ്ക്ക സൌന്ദൎയ്യമുള്ളവ
ളാകകൊണ്ട, ആ സ്ഥലത്തെ മനു
ഷ്യർ അവളുടെ നിമിത്തമായിപ
ക്ഷെ എന്നെ കൊല്ലും എന്ന [വിചാ
രിച്ചു,] അവൾ തന്റെ ഭാൎയ്യയെ
ന്ന പറവാൻ അവൻ ഭയപ്പെട്ടു.
൮ പിന്നെ അവൻ അവിടെ എ
റിയ നാൾ ഇരുന്നതിന്റെ ശെ
ഷം ഉണ്ടായത എന്തെന്നാൽ, ഫ
ലിസ്തിന്മാരുടെ രാജാവായ അബി
മെലെക്ക കിളിവാതിൽ കൂടി നൊ
ക്കി, ഇതാ യിസ്സാക്ക തന്റെ ഭാൎയ്യ
യായ റിബെക്കായൊട ഉല്ലാസം
ചെയ്യുന്നത കണ്ടു.
൯ അപ്പൊൾ അബിമെലെക്ക
യിസ്സാക്കിനെ വിളിച്ചു, പറഞ്ഞു,
ഇതാ, അവൾ നിന്റെ ഭാൎയ്യയാകു
ന്നു സത്യം: പിന്നെ അവൾ എ
ന്റെ സഹൊദരിയെന്ന നീ എ
ങ്ങിനെ പറഞ്ഞു? അപ്പൊൾ യി

സ്സാക്ക അവനൊട അവളുടെ നി
മിത്തം ഞാൻ മരിക്കാതെ ഇരിപ്പാ
നായിട്ട ഞാൻ അപ്രകാരം പറ
ഞ്ഞു എന്ന പറഞ്ഞു.
൧൦ അപ്പൊൾ അബിമെലെക്ക
പറഞ്ഞു, നീ ഞങ്ങളൊട ചെയ്തു, ഇ
ത എന്ത? ജനങ്ങളിൽ ഒരുത്തൻ
നിന്റെ ഭാൎയ്യയൊട അല്പം ശയിക്ക
യും, നീ ഞങ്ങളുടെ മെൽ കുററം വരു
ത്തുകയും ചെയ്യുമായിരുന്നുവല്ലൊ.
൧൧ പിന്നെ അബിമെലെക്ക എ
ല്ലാ ജനങ്ങളൊടും, ഈ പുരുഷനെ
എങ്കിലും, അവന്റെ ഭാൎയ്യയെ എ
ങ്കിലും തൊടുന്നവൻ കൊല്ലപ്പെട്ടും
നിശ്ചയം എന്ന കല്പിച്ചു.
൧൨ ¶ പിന്നെ യിസ്സാക്ക ആ ദെ
ശത്ത വിത്തിട്ടു: ആ വൎഷത്തിൽ ത
ന്നെ നൂറുമെനിയായി വിളവ കി
ട്ടി, യഹൊവാ അവനെ അനുഗ്ര
ഹിക്കയും ചെയ്തു.
൧൩ പിന്നെയും ആ പുരുഷൻ
വൎദ്ധിച്ചു, അവൻ മഹാ വലിയവ
നാകുവൊളം, നന്നായി നടന്ന, വ
ൎദ്ധിച്ചു.
൧൪ എന്തെന്നാൽ അവന ആട്ടി
ൻ കൂട്ട സമ്പത്തും, പശുക്കൂട്ട സമ്പ
ത്തും, വളരെ ഭൃത്യന്മാരും ഉണ്ടാ
യിരുന്നു. അതുകൊണ്ട ഫലിസ്തി
ന്മാർ അവനിൽ അസൂയപ്പെട്ടു.
൧൫ വിശെഷിച്ചും അവന്റെ
പിതാവിന്റെ ഭൃത്യന്മാർ അവന്റെ
പിതാവായ അബ്രാഹാമിന്റെ നാ
ളിൽ കുഴിച്ചിട്ടുള്ള കിണറുകളെ ഒ
ക്കെയും ഫലിസ്തിന്മാർ മണ്ണിട്ട നി
കത്തിട്ടുണ്ടായിരുന്നു.
൧൬ പിന്നെ അബിമെലെക്ക
യിസ്സാക്കിനൊട പറഞ്ഞു, ഞങ്ങ
ളിൽനിന്ന പൊക: എന്തെന്നാൽ
നീ ഞങ്ങളെക്കാൾ എററം ശക്തി
മാൻ ആകുന്നു.
൧൭ അപ്പൊൾ യിസ്സാക്ക അവി
ടെനിന്ന പുറപ്പെട്ടു, ഗെറാറിലെതാ
ഴ്വരയിൽ കൂടാരം അടിച്ചു, അവി
ടെ വസിക്കയും ചെയ്തു.
൧൮ ¶ പിന്നെ തന്റെ പിതാവാ
യ അബ്രാഹാമിന്റെ ദിവസങ്ങ
ളിൽ അവർ കുഴിച്ചവയും, അബ്രാ
ഹാം മരിച്ചതിന്റെ ശെഷം ഫ
ലിസ്തിന്മാർ നികത്തിക്കളഞ്ഞവയു
മായുള്ള കിണറുകളെ യിസ്സാക്ക പി
ന്നെയും കുഴിച്ചു: തന്റെ പിതാവ
അവെക്ക വിളിച്ചിരുന്ന പെരുക
ളിൻ പ്രകാരം അവെക്ക പെരുക
ളും വിളിച്ചു.
൧൯ യിസ്സാക്കിന്റെ ഭൃത്യന്മാരും
ആ താഴ്വരയിൽ കുഴിച്ചു, അവിടെ
നീരുറവുള്ള കിണററിനെ കണ്ടു.
൨൦ അപ്പൊൾ ഗെറാർ ദെശത്ത
ഇടയന്മാർ ഈ വെള്ളം ഞങ്ങളുടെ
എന്ന പറഞ്ഞ, യിസ്സാക്കിന്റെ ഇ
ടയന്മാരൊട ശണ്ഠയിട്ടു: അവർ
തന്നൊട ശണ്ഠയിട്ടതുകൊണ്ട, അ
വൻ ആ കിണററിന എശെക്ക എ
ന്ന പെർ വിളിച്ചു.
൨൧ പിന്നെ അവർ മററൊരു കി
ണറ കുഴിച്ചു; അതിനെ കുറിച്ചും
അവർ ശണ്ഠയിട്ടു: ആയതിന അ
വൻ സിത്ന എന്ന പെർ വിളിച്ചു.
൨൨ പിന്നെ അവൻ അവിടെ
നിന്ന മാറി പൊയി, മററൊരു കി
ണററിനെ കുഴിച്ചു; ആയതിനെ കു
റിച്ച അവർ ശണ്ഠയിടാതെ ഇരു
ന്നു: അവൻ അതിന റെഹൊബൊ
ത്ത എന്ന പെർ വിളിച്ചു, എന്തെ
ന്നാൽ യഹൊവാ ഇപ്പൊൾ നമു
ക്ക സ്ഥലം ഉണ്ടാക്കി എന്നും, നാം
ദെശത്ത വൎദ്ധിക്കുമെന്നും പറഞ്ഞു.
൨൩ പിന്നെ അവിടെനിന്ന അ
വൻ ബെർശെബായ്ക്കു പുറപ്പെ
ട്ടുപൊയി.

൨൪ അന്ന രാത്രിയിൽ യഹൊവാ അവന പ്രത്യക്ഷനായി പറഞ്ഞു, ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവം [ആകുന്നു:] നീ ഭയപ്പെടരുത; എന്തെന്നാൽ ഞാൻ നിന്നൊട കൂടെ ഉണ്ട, എന്റെ ശുശ്രൂഷക്കാരനായ അബ്രാഹാമിന്റെ നിമിത്തം ഞാൻ നിന്നെ അനുഗ്രഹിക്കും, നിന്റെ സന്തതിയെയും വൎദ്ധിപ്പിക്കും.

൨൫ അവിടെ അവൻ ഒരു ബലി പീഠം പണിത, യഹൊവായുടെ നാമത്തിൽ വന്ദിച്ചു, അവിടെ തന്റെ കൂടാരവും അടിച്ചു: അവിടെയും യിസ്സാക്കിന്റെ ഭൃത്യന്മാർ ഒരു കിണറ കുഴിച്ചു.

൨൬ ¶ അപ്പൊൾ അബിമെലെക്കും, അവന്റെ സ്നെഹിതനായ അഹുശാത്തും, അവന്റെ സെനയിൽ വലിയ സെനാപതിയായ ഫിക്കൊലും ഗെറാറിൽനിന്ന അവന്റെ അടുക്കൽ വന്നു.

൨൭ അപ്പൊൾ യിസ്സാക്ക അവരൊട പറഞ്ഞു, നിങ്ങൾ എന്തിന എന്റെ അടുക്കൽ വരുന്നു? നിങ്ങൾ എന്നെ ദ്വെഷിച്ചു, എന്നെ നിങ്ങളിൽനിന്ന അയച്ചുവല്ലൊ.

൨൮ എന്നാറെ അവർ പറഞ്ഞു, യഹൊവാ നിന്നൊട കൂടെ ഉണ്ട എന്ന ഞങ്ങൾ നിശ്ചയമായി കണ്ടു: അപ്പൊൾ ഞങ്ങൾ പറഞ്ഞു, നമുക്ക, ഞങ്ങൾക്കും നിനക്കും തന്നെ, ഇപ്പൊൾ ഒർ ആണ ഉണ്ടായിരിക്കട്ടെ.

൨൯ ഞങ്ങൾ നിന്നെ തൊടാത്തതപൊലെയും, നന്മ മാത്രം നിനക്ക ചെയ്തു, നിന്നെ സമാധാനത്തൊടെ അയച്ചതുപൊലെയും, നീ ഞങ്ങൾക്ക ഒരു ദൊഷം ചെയ്കയില്ല എന്ന ഞങ്ങൾ നിന്നൊട കൂടെ ഉഭയസമ്മതവും ചെയ്തുകൊള്ളട്ടെ: നീ ഇപ്പൊൾ യഹൊവായാൽ അനുഗ്രഹിക്കപ്പെട്ടവൻ.

൩൦ പിന്നെ അവൻ അവൎക്ക ഒരു വിരുന്ന കഴിച്ചു, അവർ ഭക്ഷിക്കയും കുടിക്കയും ചെയ്തു.

൩൧ അവർ അതികാലത്ത എഴുനീറ്റ, തമ്മിൽ തമ്മിൽ ആണയിട്ടു: പിന്നെ യിസ്സാക്ക അവരെ യാത്രയയച്ചു; അവർ സമാധാനത്തൊടെ അവനെ വിട്ട പൊകയും ചെയ്തു.

൩൨ ആ ദിവസം തന്നെ ഉണ്ടായത എന്തെന്നാൽ, യിസ്സാക്കിന്റെ ഭൃത്യന്മാർ വന്ന, തങ്ങൾ കുഴിച്ച കിണററിന്റെ സംഗതി അവനൊട അറിയിച്ചു, ഞങ്ങൾ വെള്ളം കണ്ടു എന്നും അവനൊട പറഞ്ഞു.

൩൩ അപ്പൊൾ അവൻ അതിന ശെബാ എന്ന പെർ വിളിച്ചു: അതുകൊണ്ട ആ നഗരത്തിന്റെ പെർ ഇന്ന വരെയും ബെർശെബാ എന്ന [ആകുന്നു.]

൩൪ ¶ എശാ നാല്പത വയസ്സുള്ളവനായപ്പൊൾ, അവൻ ഭാൎയ്യയായിട്ട ഹിത്തിയക്കാരനായ ബെറിയുടെ പുത്രിയായ യെഹൂദിതിനെയും, ഹിത്തിയക്കാരനായ എലൊന്റെ പുത്രിയായ ബസ്മാത്തെയും കൈക്കൊണ്ടു.

൩൫ ഇവർ യിസ്സാക്കിന്റെയും റിബെക്കായുടെയും ആത്മാവിന കയ്പായിരുന്നു.

൨൭ അദ്ധ്യായം.

൧ യിസ്സാക്ക മാനിറച്ചിക്കായിട്ട എശാവിനെ അയക്കുന്നത —൬. യാക്കൊബ റിബെക്കായാൽ ഉപദെശിക്കപ്പെട്ട അനുഗ്രഹം ലഭിക്കുന്നത. ൪൧. എശാ അവനെ ഭയപ്പെടുത്തി പറയുന്നത.—൪൨. താൻ മുടങ്ങപ്പെട്ടത.

പിന്നെ യിസ്സാക്ക വൃദ്ധനായി, അവന്റെ കണ്ണുകൾ കാണാതെ ഇരിണ്ടപ്പൊൾ ഉണ്ടായത എന്തെന്നാൽ, അവൻ തന്റെ മൂത്ത പുത്രനായ എശാവിനെ വിളിച്ചു, അവനൊട, എന്റെ പുത്ര, എന്ന പറഞ്ഞു: എന്നാറെ അവൻ അവനൊട, ഇതാ, ഞാൻ എന്ന പറഞ്ഞു.

൨ അപ്പൊൾ അവൻ പറഞ്ഞു, ഇതാ, ഞാൻ വൃദ്ധനായി, എന്റെ മരണദിവസത്തെ ഞാൻ അറിയുന്നില്ല.

൩ ഇപ്പൊൾ നീ നിന്റെ ആയുധങ്ങളാകുന്ന നിന്റെ ആവനാഴികയെയും നിന്റെ വില്ലിനെയും എടുത്ത, വയലിലെക്ക പുറപ്പെട്ടു, ഇനിക്കായിട്ട മാനിറച്ചിക്ക വെട്ട ചെയ്കയും,

൪ ഇനിക്ക പ്രിയമായിരിക്കുന്ന രുചിയുള്ള ആഹാരം ഉണ്ടാക്കി, ഞാൻ ഭക്ഷിപ്പാനും മരിക്കുന്നതിന മുമ്പെ എന്റെ ആത്മാവ നിന്നെ അനുഗ്രഹിപ്പാനും എന്റെ അടുക്കൽ കൊണ്ടുവരികയും ചെയ്യെണമെന്ന അപെക്ഷിക്കുന്നു.

൫ എന്നാൽ യിസ്സാക്ക തന്റെ പുത്രനായ എശാവിനൊട പറയുമ്പൊൾ, റിബെക്കാ കെട്ടിരുന്നു. പിന്നെ എശാ മാനിറച്ചിക്കായി വെട്ടചെയ്തു കൊണ്ടുവരുവാൻ വയലിലെക്ക പൊയി.

൬ ¶ അപ്പൊൾ റിബെക്കാ തന്റെ പുത്രനായ യാക്കൊബിനൊട പറഞ്ഞു, കണ്ടാലും, നിന്റെ പിതാവ നിന്റെ സഹൊദരനായ യെശാവിനൊട സംസാരിച്ചു,

൭ ഞാൻ ഭക്ഷിച്ചു, എന്റെ മരണത്തിന മുമ്പെ നിന്നെ യഹൊവായുടെ മുമ്പാകെ അനുഗ്രഹിക്കെണ്ടുന്നതിന നീ ഇനിക്കായിട്ട മാനിറച്ചിയെ കൊണ്ടുവന്ന, രുചിയുള്ള ആഹാരം ഇനിക്ക ഉണ്ടാക്ക എന്ന പറയുന്നതിനെ ഞാൻ കെട്ടു.

൮ അതുകൊണ്ട ഇപ്പൊൾ എന്റെ പുത്ര, ഞാൻ നിന്നൊട കല്പിക്കുന്ന പ്രകാരം എന്റെ ശബ്ദത്തെ കെൾക്ക.

൯ നീ ഇപ്പൊൾ നീ ആട്ടിൻ കൂട്ടത്തിൽ ചെന്ന, രണ്ട നല്ല വെള്ളാട്ടിൻ കുട്ടികളെ അവിടെനിന്ന ഇനിക്ക എടുത്തുകൊണ്ടുവരിക; എന്നാൽ ഞാൻ അവയെ നിന്റെ പിതാവിന പ്രിയമായിരിക്കുന്ന രുചിയുള്ള ആഹാരം ആക്കാം.

൧൦ നീ [അതിനെ] നിന്റെ പിതാവിന്റെ അടുക്കൽ, അവൻ ഭക്ഷിച്ചു തന്റെ മരണത്തിന മുമ്പെ നിന്നെ അനുഗ്രഹിക്കെണ്ടുന്നതിനായിട്ട, കൊണ്ടുപൊകയും വെണം.

൧൧ അപ്പൊൾ യാക്കൊബ തന്റെ മാതാവായ റിബെക്കായൊട പറഞ്ഞു, കണ്ടാലും, എന്റെ സഹൊദരനായ യെശാ രൊമമുള്ള മനുഷ്യൻ, എന്നാൽ ഞാൻ മൃദുവായുള്ള മനുഷ്യൻ [ആകുന്നു.]

൧൨ പക്ഷെ എന്റെ പിതാവ എന്നെ തൊട്ടുനൊക്കും, അപ്പൊൾ ഞാൻ അവന ഉപായക്കാരനായി കാണപ്പെട്ടു, എന്റെ മെൽ അനുഗ്രഹത്തെയല്ല, ശാപത്തെ തന്നെ വരുത്തി കൊള്ളും.

൧൩ എന്നാറെ അവന്റെ മാതാവ അവനൊട പറഞ്ഞു, എന്റെ പുത്ര, നിനക്കുള്ള ശാപം എന്റെ മെൽ ഇരിക്കട്ടെ, എന്റെ ശബ്ദത്തെ മാത്രം നീ കെട്ട [അവയെ] ഇനിക്ക എടുത്ത കൊണ്ടുവരിക.

൧൪ പിന്നെ അവൻ ചെന്ന, പിടിച്ചു, തന്റെ മാതാവിന്റെ അ

ടുക്കൽ [അവയെ] കൊണ്ടു വന്നു: അപ്പൊൾ അവന്റെ മാതാവ അവന്റെ പിതാവിന പ്രിയമായിരിക്കുന്ന രുചിയുള്ള ആഹാരം ഉണ്ടാക്കി.

൧൫ പിന്നെ റിബെക്കാ ഭവനത്തിൽ തന്റെ പക്കൽ [ഇരുന്ന] തന്റെ മൂത്ത പുത്രനായ എശാവിന്റെ നല്ല വസ്ത്രങ്ങളെ എടുത്ത, തന്റെ ഇളയ പുത്രനായ യാക്കൊബിനെ ധരിപ്പിച്ചു.

൧൬ അവൾ വെള്ളാട്ടിൻ കുട്ടികളുടെ തൊലുകളെ അവന്റെ കൈകളിന്മെലും, അവന്റെ മിനുസമായുള്ള കഴുത്തിലും ധരിപ്പിച്ചു.

൧൭ അവൾ താൻ ഉണ്ടാക്കിയ രുചിയുള്ള ആഹാരത്തെയും അപ്പത്തെയും തന്റെ പുത്രനായ യാക്കൊബിന്റെ കയ്യിൽ കൊടുക്കയും ചെയ്തു.

൧൮ ¶ പിന്നെ അവൻ തന്റെ പിതാവിന്റെ അടുക്കൽ വന്ന, എന്റെ പിതാവെ, എന്ന പറഞ്ഞു: എന്നാറെ അവൻ പറഞ്ഞു, ഇതാ, ഞാൻ: എന്റെ പുത്രാ, നീ ആര?

൧൯ അപ്പൊൾ യാക്കൊബ തന്റെ പിതാവിനൊട പറഞ്ഞു, ഞാൻ നിന്റെ ആദ്യജാതനായ എശാവ[ാകുന്നു;] നീ എന്നൊട പറഞ്ഞപ്രകാരം ഞാൻ ചെയ്തിരിക്കുന്നു: ഇപ്പൊൾ നിന്റെ ആത്മാവ എന്നെ അനുഗ്രഹിക്കെണ്ടുന്നതിന നീ എഴുനീറ്റ, ഇരുന്ന, എന്റെ മാനിറച്ചിയിൽനിന്ന ഭക്ഷിക്കെണമെന്ന ഞാൻ നിന്നൊട അപെക്ഷിക്കുന്നു,

൨൦ അപ്പൊൾ യിസ്ഹാക്ക തന്റെ പുത്രനൊട പറഞ്ഞു, എന്റെ പുത്രാ, ഇത നിനക്ക ഇത്ര വെഗത്തിൽ കിട്ടിയത എങ്ങിനെ? എന്നാറെ അവൻ നിന്റെ ദൈവമായ യഹൊവാ ഇനിക്ക വരുത്തിയതുകൊണ്ട എന്ന പറഞ്ഞു.

൨൧ അപ്പൊൾ യിസ്ഹാക്ക യാക്കൊബിനൊട പറഞ്ഞു, എന്റെ പുത്രാ, നീ എന്റെ പുത്രനായ എശാ തന്നെയൊ, അല്ലയൊ, എന്ന ഞാൻ നിന്നെ തൊട്ട നൊക്കുവാൻ അടുക്കൽ വരിക.

൨൨ എന്നാറെ യാക്കൊബ തന്റെ പിതാവായ യിസ്ഹാക്കിന്റെ അടുക്കൽ ചെന്നു: അപ്പൊൾ അവൻ ഇവനെ തൊട്ട നൊക്കി, ശബ്ദം യാക്കൊബിന്റെ ശബ്ദം, എന്നാൽ കൈകൾ എശാവിന്റെ കൈകൾ [ആകുന്നു] എന്ന പറഞ്ഞു.

൨൩ അവന്റെ കൈകൾ അവന്റെ സഹൊദരനായ എശാവിന്റെ കൈകൾ പൊലെ രൊമമുള്ളവയാകകൊണ്ട, അവൻ അവനെ തിരിച്ചറിഞ്ഞില്ല. ഇപ്രകാരം അവൻ അവനെ അനുഗ്രഹിച്ചു.

൨൪ നീ എന്റെ പുത്രനാകുന്ന എശാ തന്നെയൊ? എന്ന അവൻ ചൊദിച്ചു. എന്നാറെ അവൻ, ഞാൻ തന്നെ [ആകുന്നു] എന്ന പറഞ്ഞു.

൨൫ അപ്പൊൾ അവൻ പറഞ്ഞു, അതിനെ എന്റെ അടുക്കൽ കൊണ്ടുവാ, എന്റെ ആത്മാവ നിന്നെ അനുഗ്രഹിക്കെണ്ടുന്നതിന എന്റെ പുത്രന്റെമാനിറച്ചിയിൽനിന്ന ഞാൻ ഭക്ഷിക്കാം. അവൻ [അതിനെ] അവന്റെ അടുക്കൽ കൊണ്ടുവന്നു; അപ്പൊൾ അവൻ ഭക്ഷിച്ചു: അവൻ വീഞ്ഞിനെയും അവന കൊണ്ടുവന്നു, അവൻ കുടിക്കയും ചെയ്തു.

൨൬ അപ്പൊൾ അവന്റെ പി

താവായ യിസ്സാക്ക അവനൊട, എ
ൻെറ പുത്ര, ഇപ്പൊൾ നീ അടുത്തു
വന്ന, എന്നെ ചുംബിക്ക എന്ന
പറഞ്ഞു.
൨൭ അവൻ അടുത്തു ചെന്ന, അ
വനെ ചുംബിച്ചു: അപ്പൊൾ അ
വൻ അവൻെറ വസ്ത്രങ്ങളുടെ വാ
സനയെ മണത്ത, അവനെ അനു
ഗ്രഹിച്ച, പറഞ്ഞു, കണ്ടാലും, എ
ൻെറ പുത്രൻെറ വാസന യഹൊ
വാ അനുഗ്രഹിച്ചിരിക്കുന്ന വയലി
ലെ വാസന പൊലെ [ആകുന്നു.]
൨൮ അതകൊണ്ട ദൈവം നിന
ക്ക ആകാശത്തെ മഞ്ഞിൽനിന്നും,
ഭൂമിയുടെ പുഷ്ടിയിൽനിന്നും വള
രെ ധാന്യത്തെയും വീഞ്ഞിനെയും
തരുമാറാകട്ടെ:
൨൯ ജനങ്ങൾ നിന്നെ സെവി
ക്കയും; ജാതികൾ നിന്നെ വണ
ങ്ങുകയും ചെയ്യട്ടെ; നീ നിൻെറ
സഹൊദരന്മാൎക്ക യജമാനനായി
രിക്ക; നിൻെറ മാതാവിൻെറ പുത്ര
ന്മാർ നിന്നെ വണങ്ങുകയും ചെ
യ്യട്ടെ: നിന്നെ ശപിക്കുന്നവൻ
ശപിക്കപ്പെട്ടവനായും, നിന്നെ അ
നുഗ്രഹിക്കുന്നവൻ അനുഗ്രഹിക്ക
പ്പെട്ടവനായും ഇരിക്കട്ടെ.
൩൦ ¶ യിസ്സാക്ക യാക്കൊബിനെ
അനുഗ്രഹിച്ച കഴിഞ്ഞപ്പൊൾ, ഉ
ണ്ടായത എന്തെന്നാൽ, യാക്കൊ
ബ തൻെറ പിതാവായ യിസ്സാ
ക്കിൻെറ മുമ്പിൽനിന്ന പുറപ്പെട്ട
പ്പൊൾ ഉടനെ അവൻെറ സ
ഹൊദരനായ എശാ തൻെറ വെ
ട്ടയിൽനിന്ന വന്നു.
൩൧ അവനും രുചിയുള്ള ആഹാ
രത്തെ ഉണ്ടാക്കി, തൻെറ പിതാവി
ൻെറ അടുക്കൽ കൊണ്ടുവന്ന; ത
ൻെറ പിതാവിനൊട, നിൻെറ ആ
ത്മാവ എന്നെ അനുഗ്രഹിക്കെണ്ടു
ന്നതിന എൻെറ പിതാവ എഴുനി
റ്റ, തൻെറ പുത്രൻെറ മാനിറച്ചി
യിൽനിന്ന ഭക്ഷിക്കെണം എന്ന
പറഞ്ഞു.
൩൨ അപ്പൊൾ അവൻെറ പി
താവായ യിസ്സാക്ക അവനൊട പ
റഞ്ഞു, നീ ആര? എന്നാറെ അവ
ൻ, ഞാൻ നിൻെറ പുത്രനായി നി
ൻെറ ആദ്യജാതനായ എശാവ എ
ന്ന പറഞ്ഞു.
൩൩ അപ്പൊൾ യിസ്സാക്ക എത്ര
യും വളരെ വിറച്ച, പറഞ്ഞു, ആ
ര, മാനിറച്ചിയെ വെട്ടചെയ്തു, ഇ
നിക്ക കൊണ്ടുവന്നവൻ എവിടെ?
നീ വരുന്നതിന മുമ്പെ ഞാൻ സ
കലത്തിൽനിന്നും ഭക്ഷിച്ച, അവ
നെ അനുഗ്രഹിച്ചിരിക്കുന്നു: അവ
ൻ അനുഗ്രഹിക്കപ്പെട്ടവനുമാകും.
൩൪ എന്നാൽ എശാ തൻെറ പി
താവിൻെറ വചനങ്ങളെ കെട്ട
പ്പൊൾ, അവൻ എറ്റവും ഉറച്ച
മഹാ കയ്പായുള്ള ശബ്ദത്തൊടെ നി
ലവിളിച്ച, തൻെറ പിതാവിനൊ
ട, എൻെറ പിതാവെ, എന്നെ, എ
ന്നെയും കൂടെ അനുഗ്രഹിക്കെണം
എന്ന പറഞ്ഞു.
൩൫ എന്നാറെ അവൻ, നിൻെറ
സഹൊദരൻ ഉപായത്തൊടെ വ
ന്ന, നിൻെറ അനുഗ്രഹത്തെ അ
പഹരിച്ചു എന്ന പറഞ്ഞു.
൩൬ അപ്പൊൾ അവൻ പറഞ്ഞു,
അവൻെറ പെർ യാക്കൊബ എ
ന്ന വിളിക്കുന്നത നെരല്ലയൊ? എ
ന്തെന്നാൽ ഇം രണ്ട പ്രാവശ്യം
അവൻ എന്നെ സ്ഥാന ഭ്രഷ്ടനാ
ക്കി: അവൻ എൻെറ ജന്മാവ
കാശത്തെ അപഹരിച്ചു; കണ്ടാലും
ഇപ്പൊൾ അവൻ എൻെറ അനു
ഗ്രഹത്തെയും അപഹരിച്ചു. നീ ഇ
നിക്ക ഒരു അനുഗ്രഹത്തെ ശെഷി

ഷ്പിച്ചില്ലയൊ? എന്നും പറഞ്ഞു.
൩൭ എന്നാറെ യിസ്സാക്ക എശാ
വിനൊട ഉത്തരമായിട്ട, കണ്ടാലും
ഞാൻ അവനെ നിനക്ക യജമാ
നനാക്കി, അവന്റെ സഹൊദര
ന്മാരെ എല്ലാവരെയും അവന ശു
ശ്രൂഷക്കാരായിട്ട കൊടുത്തു; അവ
നെ ധാന്യം കൊണ്ടും വീഞ്ഞ കൊ
ണ്ടും ആദരിച്ചു: ഇപ്പൊഴും ഞാൻ
നിനക്ക എന്ത ചെയ്യെണം, എ
ന്റെ പുത്ര? എന്ന പറഞ്ഞു.
൩൮ എന്നാറെ എശാ തന്റെ പി
താവിനൊട, എന്റെ പിതാവെ,
നിനക്ക ഒരു അനുഗ്രഹം തന്നെ
യുള്ളൊ? എന്നെ, എന്നെയും കൂടെ
അനുഗ്രഹിക്കെണം, എന്റെ പി
താവെ, എന്ന പറഞ്ഞു. എശാ ത
ന്റെ ശബ്ദത്തെ ഉയൎത്തി, കരക
യും ചെയ്തു.
൩൯ അപ്പൊൾ അവന്റെ പി
താവായ യിസ്സാക്ക ഉത്തരമായിട്ട
അവനൊട പറഞ്ഞു, കണ്ടാലും,
നിന്റെ കുടിയിരിപ്പ ഭൂമിയിലെ
പുഷ്ടിയിൽനിന്നും മെൽ ആകാശ
ത്തിലെ മഞ്ഞിൽനിന്നും ഇരിക്കും.
൪൰ നിന്റെ വാളുകൊണ്ട നീ ഉ
പജീവിച്ചു, നിന്റെ സഹൊദര
നെ സെവിക്കും: നിനക്ക അധി
കാരമുണ്ടാകുമ്പൊൾ, നീ നിന്റെ
കഴുത്തിൽനിന്ന അവന്റെ നുക
ത്തെ പറിച്ചുകളയും എന്നുള്ളത ഉ
ണ്ടാകും.
൪൧ ¶ പിന്നെ എശാ യാക്കൊബി
നെ, തന്റെ പിതാവ അവനെ അ
നുഗ്രഹിച്ച അനുഗ്രഹത്തിന്റെ
നിമിത്തം, ദ്വെഷിച്ചു: എന്റെ പി
താവിനായിട്ട ദുഃഖിക്കുന്ന ദിവസ
ങ്ങൾ സമീപിക്കുന്നു, അപ്പൊൾ
ഞാൻ എന്റെ സഹൊദരനായ
യാക്കൊബിനെ കൊല്ലും എന്ന എ
ശാ തന്റെ ഹൃദയം കൊണ്ട പറ
ഞ്ഞു.
൪൨ എന്നാറെ റിബെക്കായൊട
അവളുടെ മൂത്ത പുത്രനായ എശാവി
ന്റെ വചനങ്ങൾ അറിയിക്കപ്പെ
ട്ടു: അപ്പൊൾ അവൾ തന്റെ ഇ
ളയ പുത്രനായ യാക്കൊബിനെ
ആളയച്ചു, വരുത്തി, അവനൊട
പറഞ്ഞു, കണ്ടാലും, നിന്റെ സ
ഹൊദരനായ എശാ നിന്നെ കൊ
ല്ലുവാൻ [നിരൂപിച്ചുകൊണ്ട] നി
ന്നെ കുറിച്ച തന്നെത്താൻ ആശ്വ
സിപ്പിക്കുന്നു.
൪൩ ഇപ്പൊൾ എന്റെ പുത്ര, എ
ന്റെ ശബ്ദത്തെ കെൾക്ക; നീ എ
ഴുനീറ്റ, ഹാറാനിൽ എന്റെ സ
ഹൊദരനായ ലാബാന്റെ അടു
ക്കലെക്ക ഒടിപ്പൊക:
൪൪ നിന്റെ സഹൊദരന്റെ
ക്രൂരത ശാന്തതപ്പെടുവൊളം കുറെ
ദിവസങ്ങൾ അവന്റെ അടുക്കൽ;
൪൫ നിന്റെ സഹൊദരന്റെ
കൊപം നിന്നിൽനിന്ന ഒഴിയുന്ന
തുവരെയും, നീ തന്നൊട ചെയ്തതി
നെ അവൻ മറക്കുന്നതുവരെയും,
പാൎക്ക: പിന്നെ ഞാൻ ആളയച്ചു,
അവിടെനിന്ന നിന്നെ വരുത്താം:
ഒരു ദിവസത്തിൽ നിങ്ങൾ ഇരു
വരും ഇനിക്ക ഇല്ലാതെയായി തീ
രുന്നത എന്തിന?
൪൬ പിന്നെയും റിബെക്കാ യി
സ്സാക്കിനൊട പറഞ്ഞു, ഹെത്തി
ന്റെ പുത്രിമാരുടെ നിമിത്തം എ
ന്റെ ജീവൻ ഇനിക്ക അരുചി
യാകുന്നു: ഈ ദെശത്തെ പുത്രിമാ
രായ ഇവരെ പൊലെ ഹെത്തിന്റെ
പുത്രിമാരിൽനിന്ന യാക്കൊബ ഒരു
ഭാൎയ്യയെ കൈക്കൊണ്ടാൽ, എന്റെ
ജീവനെ കൊണ്ട ഇനിക്ക എന്ത
ഉപകാരം?

൨൮ അദ്ധ്യായം.

൧ യാക്കൊബ അനുഗ്രഹിക്കപ്പെട്ട പാദാൻ ആ
റാമിലെക്ക അയക്കപ്പെടുന്നത.—൧൦ അവന
ഉണ്ടായ ദൎശനം.—൧൮ ബെതെലിലെ കല്ല.
൨൦ യാക്കൊബിന്റെ പ്രതിജ്ഞ.

അപ്പൊൾ ഇസ്സാക്ക യാക്കൊ
ബിനെ വിളിച്ച, അവനെ അനു
ഗ്രഹിച്ച, അവനൊട കല്പിച്ച, അ
വനൊട പറഞ്ഞു, നീ കനാന്റെ
പുത്രിമാരിൽനിന്ന ഭാൎയ്യയെ കൈ
ക്കൊള്ളരുത.
൨ എഴുനീറ്റ, പാദാൻ ആറാമി
ൽ നിന്റെ മാതാവിന്റെ പിതാ
വായ ബെതുവെലിന്റെ ഭവന
ത്തിലെക്ക ചെന്ന, അവിടെനി
ന്ന നിന്റെ മാതാവിന്റെ സ
ഹൊദരനായ ലാബാന്റെ പുത്രി
മാരിൽനിന്ന നിനക്കായി ഒരു ഭാ
ൎയ്യയെ കൈക്കൊൾക.
൩ വിശെഷിച്ചും സൎവ്വശക്തനാ
യ ദൈവം നിന്നെ അനുഗ്രഹി
ക്കയും, നീ ജനങ്ങളുടെ കൂട്ടമായി
തീരെണ്ടുന്നതിന നിന്നെ വൎദ്ധി
പ്പിച്ച പെരുതാക്കുകയും,
൪ ദൈവം അബ്രാഹാമിന കൊ
ടുത്തതായി നീ പരദെശിയായി
പാൎക്കുന്ന ദെശത്തെ നീ അവകാ
ശമായനുഭവിക്കെണ്ടുന്നതിന നി
നക്ക അബ്രാഹാമിന്റെ അനുഗ്ര
ഹത്തെ, നിനക്കും നിന്നൊട കൂടെ
നിന്റെ സന്തതിക്കും, തരികയും
ചെയ്യുമാറാകട്ടെ.
൫ പിന്നെ യിസ്സാക്ക യാക്കൊ
ബിനെ പറഞ്ഞയച്ചു; അപ്പൊൾ
അവൻ പാദാൻ ആറാമിൽ സുറി
യക്കാരനായ ബെതുവെലിന്റെ
പുത്രനും യാക്കൊബിനും എശാവി
നും മാതാവായ റിബെക്കായുടെ
സഹൊദരനുമായ ലാബാന്റെ
അടുക്കലെക്ക പൊയി.

൬ ¶ യിസ്സാക്ക യാക്കൊബിനെ
അനുഗ്രഹിച്ച, അവനെ പാദാൻ
ആറാമിന അവിടെനിന്ന ഒരു ഭാ
ൎയ്യയെ കൈക്കൊൾവാനായിട്ട അ
യച്ചതും, അവൻ അവനെ അനു
ഗ്രഹിക്കുമ്പൊൾ, നീ കനാന്റെ
പുത്രിമാരിൽനിന്ന ഭാൎയ്യയെ കൈ
ക്കൊള്ളരുതെന്ന അവനൊട കല്പി
ച്ചതും;
൭ യാക്കൊബ തന്റെ പിതാവി
നും, തന്റെ മാതാവിനും അനുസ
രിച്ച, പാദാൻ ആറാമിന പുറപ്പെ
ട്ട പൊയതും എശാ കണ്ടപ്പൊഴും;
൮ കനാന്റെ പുത്രിമാർ തന്റെ
പിതാവായ യിസ്സാക്കിന ഇഷ്ടമു
ള്ളവരല്ലഎന്നഎശാകണ്ടപ്പൊഴും;
൯ എശാ യിഷ്മഎലിന്റെ അടു
ക്കൽ പൊയി, തനിക്കുള്ള സ്ത്രീക
ളെ കൂടാതെ, അബ്രാഹാമിന്റെ പു
ത്രനായ യിഷ്മഎലിന്റെ പുത്രി
യും, നബായൊത്തിന്റെ സഹൊ
ദരിയുമായ മഹലാത്തിനെയും ത
നിക്ക സ്ത്രീയായിട്ട എടുത്തു.
൧൦ ¶ പിന്നെ യാക്കൊബ ബെ
ൎശെബായിൽനിന്ന പുറപ്പെട്ട ഹ
റാന നെരെ പൊയി.
൧൧ അവൻ ഒരു സ്ഥലത്ത എ
ത്തി, സൂൎയ്യൻ അസ്തമിക്കകൊണ്ട,
അവിടെ രാത്രി പാൎത്തു: അവൻ
ആ സ്ഥലത്തെ കല്ലുകളിൽനിന്ന
എടുത്ത, തന്റെ തലയിണകളാ
യിട്ട വെച്ച, ആ സ്ഥലത്ത കിട
ന്നുറങ്ങി.
൧൨ എന്നാറെ അവൻ സ്വപ്നം ക
ണ്ടു, ഇതാ, ഒരു കൊവണി ഭൂമിയി
ൽ വെക്കപ്പെട്ടു, അതിന്റെ മെലെ
അറ്റം ആകാശത്തൊളം എത്തു
ന്നതായിരുന്നു: ഇതാ അതിൽ
ദൈവത്തിന്റെ ദൂതന്മാർ കരെറു
കയും ഇറങ്ങുകയുമായിരുന്നു.

൧൩ ഇതാ, അതിന മീതെ യഹൊവാ നിന്നുകൊണ്ട പറഞ്ഞു, ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവുമായ യഹൊവാ[യാകുന്നു:] നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും അതിനെ തരും.

൧൪ നിന്റെ സന്തതി ഭൂമിയിലെ പൊടിപൊലെ ആകും: നീ പടിഞ്ഞാറൊട്ടും, കിഴക്കൊട്ടും, വടക്കൊട്ടും, തെക്കൊട്ടും, വൎദ്ധിച്ച പൊകും: നിന്നിലും നിന്റെ സന്തതിയിലും ഭൂമിയിലുള്ള സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.

൧൫ വിശെഷിച്ച കണ്ടാലും, ഞാൻ നിന്നൊട കൂടെയുണ്ട, നീ പൊകുന്ന എല്ലാ സ്ഥലത്തും നിന്നെ കാത്ത, ൟ രാജ്യത്തെക്ക നിന്നെ തിരിച്ച വരുത്തും: എന്തെന്നാൽ ഞാൻ നിന്നൊട പറഞ്ഞതിനെ ഞാൻ ചെയ്യുന്നതുവരെയും നിന്നെ കൈവിടുകയുമില്ല.

൧൬ അപ്പൊൾ യാക്കൊബ ഉറക്കത്തിൽനിന്ന ഉണൎന്ന, യഹൊവാ ൟസ്ഥലത്ത ഉണ്ട സത്യം; ഇതിനെ ഞാൻ അറിഞ്ഞതുമില്ല എന്ന പറഞ്ഞു.

൧൭ വിശെഷിച്ച അവൻ ഭയപ്പെട്ട പറഞ്ഞു, ൟ സ്ഥലം എത്ര ഭയങ്കരമായുള്ളതാകുന്നു! ഇത ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നല്ല; ഇത സ്വൎഗ്ഗത്തിന്റെ വാതിലും [ആകുന്നു.]

൧൮ ¶ പിന്നെ യാക്കൊബ അതികാലത്ത എഴുനീറ്റ, തന്റെ തലയിണകളായിട്ട വെച്ചിരുന്ന കല്ലിനെ എടുത്ത, അതിനെ തൂണായിട്ട നിൎത്തി, അതിന്റെ മെൽ എണ്ണയെയും ഒഴിച്ചു.

൧൯ അവൻ ആ സ്ഥലത്തിന ബെതെൽ എന്ന പെർ വിളിച്ചു: എന്നാൽ ആ നഗരത്തിന്റെ പെർ ആദ്യം ലുസ്സ എന്നായിരുന്നു.

൨൦ പിന്നെ യാക്കൊബ ഒരു പ്രതിജ്ഞ ചെയ്തു പറഞ്ഞു, ദൈവം എന്നൊട കൂടെ ഇരിക്കയും, ഞാൻ നടക്കുന്ന ൟ വഴിയിൽ എന്നെ കാക്കയും, ഭക്ഷിപ്പാൻ അപ്പത്തെയും ധരിപ്പാൻ വസ്ത്രത്തെയും എനിക്ക തരികയും,

൨൧ എന്നെ എന്റെ പിതാവിന്റെ ഭവനത്തിലെക്ക സമാധാനത്തൊടെ തിരികെ വരുത്തുകയും ചെയ്യുമെങ്കിൽ; യഹൊവാ എനിക്ക ദൈവം ആയിരിക്കും;

൨൨ ഞാൻ തൂണായിട്ട നിൎത്തിയ ൟ കല്ല ദൈവത്തിന്റെ ഭവനവും ആയിരിക്കും: വിശെഷിച്ചും നീ എനിക്ക തരുന്നതിൽ എല്ലാറ്റിലും പത്തിലൊന്ന നിനക്ക തരും നിശ്ചയം.

൨൯ അദ്ധ്യായം.

൧ യാക്കൊബ ഹാറാനിലെ കിണറ്റിന്റെ അടുക്കൽ വരുന്നത.—൧൩ ലാബാൻ അവനെ സല്കരിക്കുന്നത.—൧൮ യാക്കൊബ റാഹെലിനായിട്ട ഉഭയസമ്മതം ചെയ്യുന്നതും.—൨൩ ലെയായെകൊണ്ട അവൻ വഞ്ചിക്കപ്പെടുന്നതും.—൨൮ എന്നാറെ റാഹെലിനെയും കൂടെ വിവാഹം ചെയ്യുന്നതും.

൧ പിന്നെ യാക്കൊബ പ്രയാണം ചെയ്തു, കിഴക്കുള്ള ജനങ്ങളുടെ ദെശത്തെക്ക വന്നു.

൨ അപ്പൊൾ അവൻ നൊക്കി, ഇതാ, വയലിൽ ഒരു കിണറും അവിടെ അതിന്റെ അരികെ മൂന്ന ആട്ടിൻ കൂട്ടം കിടക്കുന്നതും കണ്ടു; എന്തെന്നാൽ ആ കിണറ്റിൽനിന്ന ആട്ടിൻ കൂട്ടങ്ങളെ വെള്ളം കുടിപ്പിക്കുമാറായിരുന്നു: എന്നാൽ കി

ണററിന്റെ വായിന്മെൽ ഒരു വലിയ കല്ല ഉണ്ടായിരുന്നു.

൩ വിശെഷിച്ച ആ സ്ഥലത്ത കൂട്ടങ്ങൾ ഒക്കെയും കൂടുകയും, അവർ കിണററിന്റെ വായിൽനിന്ന കല്ലിനെ ഉരുട്ടി, ആടുകൾക്ക വെള്ളം കുടിപ്പിക്കയും, കല്ലിനെ അതിന്റെ സ്ഥലത്ത കിണററിന്റെ വായിന്മെൽ തിരികെ വെക്കുകയും ചെയ്യു.

൪ അപ്പൊൾ യാക്കൊബ അവരൊട പറഞ്ഞു, എന്റെ സഹൊദരന്മാരെ, നിങ്ങൾ എവിടത്തുകാർ? എന്നാറെ അവർ, ഞങ്ങൾ ഹാറാനിൽനിന്നുള്ളവർ എന്ന പറഞ്ഞു.

൫ അപ്പൊൾ അവൻ അവരൊട പറഞ്ഞു, നിങ്ങൾ നാഹൊറിന്റെ പുത്രനായ ലാബാനെ അറിയുമൊ? അറിയും എന്ന അവർ പറഞ്ഞു.

൬ അപ്പൊൾ അവൻ അവരൊട, അവൻ സുഖമായിരിക്കുന്നുവൊ? എന്ന ചൊദിച്ചു, എന്നാറെ അവർ അവനൊട, അവൻ സുഖമായിരിക്കുന്നു എന്നും, അതാ അവന്റെ പുത്രിയായ റാഹെൽ ആടുകളൊട കൂടെ വരുന്നു എന്നും പറഞ്ഞു.

൭ അപ്പൊൾ അവൻ, ഇതാ, ഇനിയും പകൽ വളരെയുണ്ട, ഇത കൂട്ടം ഒന്നിച്ച കൂടുന്ന സമയമല്ലല്ലൊ: ആടുകൾക്ക വെള്ളം കുടിപ്പിച്ചു, പൊയി തീററുവിൻ എന്ന പറഞ്ഞു.

൮ എന്നാറെ അവർ കൂട്ടങ്ങൾ ഒക്കെയും കൂടുവൊളത്തിന ഞങ്ങൾക്ക കഴികയില്ല: അവർ കിണററിന്റെ വായിൽനിന്ന കല്ലിനെ ഉരുട്ടും: പിന്നെ ഞങ്ങൾ ആടുകളെ വെള്ളം കുടിപ്പിക്കാം എന്ന പറഞ്ഞു.

൯ അവൻ ഇവരൊട പിന്നെയും പറഞ്ഞുകൊണ്ടിരിക്കുമ്പൊൾ, റാഹെൽ തന്റെ പിതാവിന്റെ ആടുകളൊട കൂടെ വന്നു: എന്തെന്നാൽ അവൾ അവയെ മെയിച്ചിരുന്നു.

൰ പിന്നെ ഉണ്ടായത എന്തെന്നാൽ, യാക്കൊബ തന്റെ മാതാവിന്റെ സഹൊദരനായ ലാബാന്റെ പുത്രിയായ റാഹെലിനെയും, തന്റെ മാതാവിന്റെ സഹൊദരനായ ലാബാന്റെ ആടുകളെയും കണ്ടപ്പൊൾ, യാക്കൊബ അടുത്തു ചെന്ന, കിണററിന്റെ വായിൽനിന്ന കല്ലിനെ ഉരുട്ടി, തന്റെ മാതാവിന്റെ സഹൊദരനായ ലാബാന്റെ ആടുകളെ വെള്ളം കുടിപ്പിച്ചു.

൰൧ യാക്കൊബ റാഹെലിനെ ചുംബിച്ചു, തന്റെ ശബ്ദത്തെ ഉയൎത്തി, കരഞ്ഞു.

൰൨ താൻ അവളുടെ പിതാവിന്റെ സഹൊദരൻ എന്നും, താൻ റിബെക്കായുടെ പുത്രനെന്നും യാക്കൊബ റാഹെലിനൊട അറിയിച്ചു: അപ്പൊൾ അവൾ ഒടി ചെന്ന, തന്റെ പിതാവിനൊട അറിയിച്ചു.

൰൩ അപ്പൊൾ ഉണ്ടായത എന്തെന്നാൽ, ലാബാൻ തന്റെ സഹൊദരിയുടെ പുത്രനായ യാക്കൊബിന്റെ വസ്തുത കെട്ടപ്പൊൾ, അവൻ അവനെ എതിരെല്പാൻ ഒടി ചെന്ന, അവനെ ആലിംഗനം ചെയ്തു, ചുംബിച്ചു, അവനെ തന്റെ ഭവനത്തിലെക്ക കൂട്ടി കൊണ്ടുപൊയി. പിന്നെ അവൻ ലാബാനൊട ഈ കാൎയ്യങ്ങളെ ഒക്കെയും വിവരമായിട്ട പറഞ്ഞു.

൰൪ അപ്പൊൾ ലാബാൻ അവ

നൊട, നീ എന്റെ അസ്ഥിയും എ
ന്റെ മാംസവും [ആകുന്നു] സത്യം
എന്ന പറഞ്ഞു: അവന്റെ അടു
ക്കൽ അവൻ ഒരു മാസക്കാലം പാ
ൎക്കയും ചെയ്തു.
൧൫ ¶ പിന്നെ ലാബാൻ യാ
ക്കൊബിനൊട പറഞ്ഞു, നീ എ
ന്റെ സഹൊദരനാകകൊണ്ട നീ
വൃഥാ എന്നെ സെവിക്കെണമൊ?
നിനക്ക എന്ത കൂലി വെണമെന്ന
എന്നൊട പറയെണം.
൧൬ എന്നാൽ ലാബാന രണ്ടു
പുത്രിമാർ ഉണ്ടായിരുന്നു: മൂത്തവ
ളുടെ പെർ ലെയാ, ഇളയവളുടെ
പെർ റാഹെൽ.
൧൭ ലെയായുടെ കണ്ണുകൾ കാ
ഴ്ച കുറഞ്ഞവയായിരുന്നു, എങ്കിലും
റാഹെൽ സുന്ദരരൂപവും കാഴ്ചയ്ക്ക
ഭംഗിയുമുള്ളവളായിരുന്നു.
൧൮ വിശെഷിച്ച യാക്കൊബ
റാഹെലിനെ സ്നെഹിച്ചു: നിന്റെ
ഇളയ പുത്രിയാകുന്ന റാഹെലിനാ
യിട്ട ഞാൻ എഴ വൎഷം നിന്നെ
സെവിക്കാം എന്നും പറഞ്ഞു.
൧൯ എന്നാറെ ലാബാൻ പറ
ഞ്ഞു, ഞാൻ അവളെ അന്യപുരു
ഷന കൊടുക്കുന്നതിനെക്കാൾ അ
വളെ നിനക്ക തരുന്നത നല്ലത:
എന്നൊട കൂടെ പാൎക്ക.
൨൦ അപ്രകാരം യാക്കൊബ റാ
ഹെലിനായിക്കൊണ്ട എഴ വൎഷം
സെവിച്ചു; അവൻ അവളെ സ്നെ
ഹിക്കകൊണ്ട അവ അവന്റെ ക
ണ്ണുകൾക്ക കുറെ ദിവസം പൊ
ലെ ആയിരുന്നതെയുള്ളു.
൨൧ ¶ പിന്നെ യാക്കൊബ ലാ
ബാനൊട, എന്റെ സ്ത്രീയെ ഞാ
ൻ അവളുടെ അടുക്കൽ പ്രവെശി
പ്പാനായിട്ട [ഇനിക്ക] തരെണം; എ
ന്തെന്നാൽ എന്റെ ദിവസങ്ങൾ
തികഞ്ഞിരിക്കുന്നു എന്ന പറഞ്ഞു.
൨൨ അപ്പൊൾ ലാബാൻ ആ
സ്ഥലത്തുള്ള മനുഷ്യരെ എല്ലാവ
രെയും ഒന്നിച്ച കൂട്ടി, ഒരു വിരുന്ന
കഴിച്ചു.
൨൩ എന്നാൽ വൈകുന്നെരത്ത
ഉണ്ടായത എന്തെന്നാൽ, അവൻ
തന്റെ പുത്രിയായ ലെയായെ കൂ
ട്ടി, അവളെ അവന്റെ അടുക്കൽ
കൊണ്ടുപൊയി ആക്കി: അവൻ
അവളുടെ അടുക്കൽ പ്രവെശിക്ക
യും ചെയ്തു.
൨൪ ലാബാൻ തന്റെ പുത്രിയാ
യ ലെയായ്ക്ക തന്റെ ദാസിയാ
യ സില്പായെ ദാസിയായിട്ട കൊ
ടുത്തു.
൨൫ പിന്നെ കാലത്ത ഉണ്ടായത
എന്തെന്നാൽ, ഇതാ, അവൾ ലെ
യാ [ആയിരുന്നു:] അപ്പൊൾ അ
വൻ ലാബാനൊട പറഞ്ഞു, നീ
എന്നൊട ചെയ്തത എന്ത? റാഹെ
ലിനായിക്കൊണ്ട അല്ലയൊ ഞാൻ
നിന്നെ സെവിച്ചത, പിന്നെ നീ
എന്തിന എന്നെ വഞ്ചിച്ചു?
൨൬ എന്നാറെ ലാബാൻ പറ
ഞ്ഞു, ഇളയവളെ മൂത്തവൾക്ക മു
മ്പെ കൊടുക്കുന്നത ഞങ്ങളുടെ ദി
ക്കിൽ അങ്ങിനെ നടപ്പില്ല.
൨൭ അവളുടെ ആഴ്ചവട്ടത്തെ നി
വൃത്തിക്ക, എന്നാൽ നീ ഇനിയും
മറെറ എഴ വൎഷം എന്റെ അടുക്കൽ
ചെയ്യുന്ന സെവക്കായിട്ട ഞങ്ങൾ
ഇവളെയും നിനക്ക തരാം.
൨൮ യാക്കൊബ ഇപ്രകാരവും
ചെയ്തു, അവളുടെ ആഴ്ചവട്ടത്തെ
നിവൃത്തിച്ചു: അവൻ തന്റെ പു
ത്രിയായ റാഹെലിനെയും അവന
സ്ത്രീയായിട്ട കൊടുത്തു.
൨൯ തന്റെ പുത്രിയായ റാഹെ
ലിന ലാബാൻ തന്റെ ദാസിയാ

യ്യ ബിൽഹായെ ദാസിയായിട്ട
കൊടുത്തു.

൩൦ പിന്നെ അവൻ റാഹെലി
ന്റെ അടുക്കലും പ്രവെശിച്ചു, ലെ
യായെക്കാളും അധികം റാഹെലി
നെ സ്നെഹിച്ചു, പിന്നെയും മററ
എഴ വൎഷം അവന്റെ അടുക്കൽ
സെവിക്കയും ചെയ്തു.

൩൧ പിന്നെ ലെയാ ദ്വെഷിക്ക
പ്പെട്ടവളെന്ന യഹൊവാ കണ്ട
പ്പൊൾ, അവളുടെ ഗൎഭത്തെ തുറ
ന്നു: എന്നാലൊ റാഹെൽ മച്ചിയാ
യിരുന്നു.

൩൨ പിന്നെ ലെയാ ഗൎഭം ധരി
ച്ചു, ഒരു പുത്രനെ പ്രസവിച്ചു, അ
വന രൂബെൻ എന്ന പെർ വിളി
ച്ചു: അത എന്തെന്നാൽ യഹൊ
വാ എന്റെ സങ്കടം കണ്ടു നിശ്ച
യം, ആയതുകൊണ്ട ഇപ്പൊൾ എ
ന്റെ ഭൎത്താവ എന്നെ സ്നെഹി
ക്കും എന്ന അവൾ പറഞ്ഞു.

൩൩ അവൾ പിന്നെയും ഗൎഭം
ധരിച്ചു, ഒരു പുത്രനെ പ്രസവി
ച്ചു: ഞാൻ ദ്വെഷിക്കപ്പെട്ടവളെ
ന്ന യഹൊവാ കെട്ടതുകൊണ്ട ഇ
വനെയും ഇനിക്ക തന്നു എന്നും
അവൾ പറഞ്ഞു: അവൾ അവന
ശിമെയൊൻ എന്ന പെർ വിളിച്ചു.

൩൪ അവൾ പിന്നെയും ഗൎഭം
ധരിച്ചു, ഒരു പുത്രനെ പ്രസവി
ച്ചു; ഇപ്പൊൾ ഈ സമയം എ
ന്റെ ഭൎത്താവ എന്നൊട ചെരും;
എന്തെന്നാൽ ഞാൻ അവന മൂ
ന്ന പുത്രന്മാരെ പ്രവസിച്ചുഎന്ന
പറഞ്ഞു: അതുകൊണ്ട അവൾ അ
വന ലെവി എന്ന പെർ വിളിച്ചു.

൩൫ അവൾ പിന്നെയും ഗൎഭം
ധരിച്ചു, ഒരു പുത്രനെ പ്രസവി
ച്ചു; ഇപ്പൊൾ ഞാൻ യഹൊവാ
യെ സ്തുതിക്കും എന്ന അവൾ പ
റഞ്ഞു: അതുകൊണ്ട അവൾ അ
വന യെഹൂദാ എന്ന പെർ വിളി
ച്ചു. പിന്നെ അവൾ പ്രസവിക്കു
ന്നത നിന്നു.

൩൦ അദ്ധ്യായം.

൧ റാഹെൽ മച്ചി എന്നത.—൨൨ അവൾ യൊ
സെഫിനെ പ്രസവിക്കുന്നത.—൨൭ ലാബാ
നൊടയാക്കൊബിന്റെഉഭയസമ്മതം.—൩൭
അവന്റെ ഉപായം കൊണ്ട സമ്പന്നനാ
യത.

റാഹെൽ താൻ യാക്കൊബിന
മക്കളെ പ്രസവിക്കാത്തതിനെ ക
ണ്ടാറെ, റാഹെൽ തന്റെ സഹൊ
ദരിയൊട അസൂയപ്പെട്ടു; യാക്കൊ
ബിനൊട, ഇനിക്ക മക്കളെ തരെ
ണം, അല്ലെങ്കിൽ ഞാൻ മരിക്കു
ന്നു എന്ന പറഞ്ഞു.

൨ അപ്പൊൾ യാക്കൊബിന റാ
ഹെലിന്റെ നെരെ കൊപം ഉ
ണ്ടായി; നിന്നിൽനിന്ന ഗൎഭഫല
ത്തെ വിരൊധിച്ച ദൈവത്തിന
പകരം ഞാനൊ എന്നും പറഞ്ഞു.

൩ അപ്പൊൾ അവൾ പറഞ്ഞു,
ഇതാ, എന്റെ ദാസിയായ ബിൽ
ഹാ, അവളുടെ അടുക്കൽ പ്രവെ
ശിക്ക: അവൾ എന്റെ മടിയിൽ
പ്രസവിക്കും, അവളാൽ എങ്കിലും
ഇനിക്ക മക്കൾ ഉണ്ടാകും

൪ പിന്നെ അവൾ തന്റെ ദാ
സിയായ ബിൽഹായെ സ്ത്രീയാ
യിട്ട അവന കൊടുത്തു: എന്നാ
റെ യാക്കൊബ അവളുടെ അടുക്ക
ൽ പ്രവെശിച്ചു.

൫ ബിൽഹായും ഗൎഭം ധരിച്ചു,
യാക്കൊബിന ഒരു പുത്രനെ പ്ര
സവിച്ചു

൬ അപ്പൊൾ റാഹെൽ പറഞ്ഞു,
ദൈവം ഇനിക്ക ന്യായം വിധിച്ചു,
എന്റെ ശബ്ദത്തെയും കെട്ടു, ഇ
നിക്ക ഒരു പുത്രനെയും തന്നു: അ

തുകൊണ്ട അവൾ അവന ദാൻ എന്ന പെർ വിളിച്ചു.

൭ റാഹെലിന്റെ ദാസിയായ ബിൽഹാ പിന്നെയും ഗൎഭം ധരിച്ചു, യാക്കൊബിന രണ്ടാമത്തെ പുത്രനെ പ്രസവിച്ചു.

൮ അപ്പൊൾ റാഹെൽ പറഞ്ഞു, ഞാൻ മഹാ പൊരിനൊടെ എന്റെ സഹൊദരിയൊട പൊരുതി, ജയിച്ചു: അവന അവൾ നപ്താലി എന്ന പെർ വിളിച്ചു.

൯ ¶ ലെയാ താൻ പ്രസവിക്കുന്നത നിന്ന എന്ന കണ്ടാറെ, അവൾ തന്റെ ദാസിയായ സില്പായെ വിളിച്ചു, അവളെ യാക്കൊബിന സ്ത്രീയായിട്ട കൊടുത്തു.

൧൦ എന്നാറെ ലെയായുടെ ദാസിയായ സില്പാ യാക്കൊബിന ഒരു പുത്രനെ പ്രസവിച്ചു.

൧൧ അപ്പൊൾ ലെയാ കൂട്ടം വരുന്നു എന്ന പറഞ്ഞു: അവൾ അവന ഗാദ എന്ന പെർ വിളിക്കയും ചെയ്തു.

൧൨ പിന്നെ ലെയായുടെ ദാസിയായ സില്പാ യാക്കൊബിന രണ്ടാമത്തെ പുത്രനെ പ്രസവിച്ചു.

൧൩ അപ്പൊൾ ലെയാ പറഞ്ഞു, ഞാൻ ഭാഗ്യവതിയാകുന്നു, എന്തെന്നാൽ പുത്രിമാർ എന്നെ ഭാഗ്യവതിയെന്ന പറയും: അവൾ അവന അശെർ എന്ന പെർ വിളിച്ചു.

൧൪ പിന്നെ കൊതമ്പ കൊയിത്ത നാളുകളിൽ രുബെൻ പുറപ്പെട്ടു, വയലിൽ ദൂദായികളെ കണ്ടു, അവയെ തന്റെ മാതാവായ ലെയായുടെ അടുക്കൽ കൊണ്ടുവന്നു. അപ്പൊൾ റാഹെൽ ലെയായൊട, നിന്റെ പുത്രന്റെ ദൂദായികളിൽനിന്ന എനിക്ക തരെണം എന്ന ഞാൻ അപെക്ഷിക്കുന്നു എന്ന പറഞ്ഞു.

൧൫ അപ്പൊൾ അവൾ അവളൊട പറഞ്ഞു, നീ എന്റെ ഭൎത്താവിനെ എടുത്തത ചെറിയ കാൎയ്യമൊ? എന്റെ പുത്രന്റെ ദൂദായികളെയും കൂടെ എടുത്തുകൊള്ളുമൊ? അപ്പൊൾ റാഹെൽ പറഞ്ഞു; അതുകൊണ്ട നിന്റെ പുത്രന്റെ ദൂദായികൾക്കായിട്ട ഇന്ന രാത്രിയിൽ അവൻ നിന്നൊട കൂടെ ശയിക്കട്ടെ.

൧൬ പിന്നെ യാക്കൊബ വൈകുന്നെരത്ത വയലിൽനിന്ന വരുമ്പൊൾ, ലെയാ അവനെ എതിരെല്പാൻ പുറപ്പെട്ടു, നീ എന്റെ അടുക്കൽ പ്രവെശിക്കെണം, എന്തെന്നാൽ എന്റെ പുത്രന്റെ ദൂദായികൾകൊണ്ട ഞാൻ നിന്നെ കൂലിക്ക നിശ്ചയമായിട്ട സമ്പാദിച്ചു എന്ന പറഞ്ഞു. അതുകൊണ്ട അന്ന രാത്രിയിൽ അവൻ അവളൊട കൂടെ ശയിച്ചു.

൧൭ എന്നാൽ ദൈവം ലെയായെ ചെവിക്കൊണ്ടു; അവൾ ഗൎഭം ധരിച്ചു, യാക്കൊബിന അഞ്ചാമത്തെ പുത്രനെ പ്രസവിച്ചു.

൧൮ അപ്പൊൾ ലെയാ പറഞ്ഞു, ഞാൻ എന്റെ ദാസിയെ എന്റെ ഭൎത്താവിന കൊടുത്തത കൊണ്ട ദൈവം എനിക്ക എന്റെ കൂലി തന്നു: അവൾ അവന ഇസ്സാഖാർ എന്ന പെർ വിളിച്ചു.

൧൯ ലെയാ പിന്നെയും ഗൎഭം ധരിച്ചു, യാക്കൊബിന ആറാമത്തെ പുത്രനെ പ്രസവിച്ചു.

൨൦ അപ്പൊൾ ലെയാ പറഞ്ഞു, ദൈവം എനിക്ക നല്ല ദാനം തന്നു: ഒരു സമയം എന്റെ ഭൎത്താവ എന്നൊട കൂടെ വസിക്കും; എന്തുകൊണ്ടെന്നാൽ ഞാൻ അവന ആറ പുത്രന്മാരെ പ്രസവിച്ചു: അ

വിം അവന സെബുലൂൻ എന്ന
പെർ വിളിച്ചു.
൨൧ അതിന്റെ ശെഷം അവൾ
ഒരു പുത്രിയെ പ്രസവിച്ചു, അവ
ൾക്ക ദീനാ എന്ന പെർ വിളിച്ചു.
൨൨ ¶ പിന്നെ ദൈവം റാഹെ
ലിനെ ഒൎത്തു; ദൈവം അവളെ
ചെവിക്കൊണ്ടു, അവളുടെ ഗൎഭ
ത്തെ തുറന്നു.
൨൩ പിന്നെ അവൾ ഗൎഭം ധരി
ച്ചു, ഒരു പുത്രനെ പ്രസവിച്ചു:
ദൈവം എന്റെ നിന്ദയെ നീക്കി
കളഞ്ഞു എന്നും പറഞ്ഞു.
൨൪ യഹൊവാ ഇനിക്ക ഇനി
യും ഒരു പുത്രനെ തരുമെന്നും പ
റഞ്ഞു, അവന യൌസെഫ എ
ന്ന പെർ വിളിച്ചു.
൨൫ ¶ പിന്നെ ഉണ്ടായത എ
ന്തെന്നാൽ, റാഹെൽ യൌസെ
ഫിനെ പ്രസവിച്ചതിന്റെ ശെ
ഷം, യാക്കൊബ ലാബാനൊടപ
റഞ്ഞു, ഞാൻ എന്റെ സ്ഥലത്തെ
ക്കും എന്റെ ദെശത്തെക്കും പൊ
കുവാൻ എന്നെ അയക്കെണം.
൨൬ ഞാൻ അവൎക്കായിട്ടു നിന്നെ
സെവിച്ചു എന്റെ ഭാൎയ്യമാരെയും
എന്റെ മക്കളെയും ഇനിക്ക തരെ
ണം, ഞാൻ പൊകട്ടെ: എന്തെ
ന്നാൽ ഞാൻ നിന്നെ സെവിച്ചു
സെവയെ നീ അറിഞ്ഞിരിക്കുന്നു.
൨൭ അപ്പൊൾ ലാബാൻ അവ
നൊട പറഞ്ഞു, നിന്റെ കണ്ണുക
ളിൽ ഇനിക്ക ദയ ലഭിച്ചിരിക്കുന്നു
എങ്കിൽ [പാൎക്കെണം] എന്ന ഞാൻ
അപെക്ഷിക്കുന്നു: എന്തെന്നാൽ
നിന്റെ നിമിത്തമായിട്ടു യഹൊ
വാ എന്നെ അനുഗ്രഹിച്ചു എന്ന
ഇനിക്ക പരിജ്ഞാനം ഉണ്ടായി.
൨൮ നിന്റെ ശമ്പളം ഇന്നതെ
ന്ന നിശ്ചയിച്ചു എന്നൊട പറക,
എന്നാൽ ഞാൻ തരാം.
൨൯ അപ്പൊൾ അവൻ അവ
നൊട പറഞ്ഞു, ഞാൻ നിന്നെ എ
ങ്ങിനെ സെവിച്ചു എന്നും, നി
ന്റെ കൂട്ടം എന്റെ അടുക്കൽ എ
ത്തുപ്രകാരം ഇരുന്നു എന്നും നീ അ
റിഞ്ഞിരിക്കുന്നു.
൩൦ എന്തെന്നാൽ ഞാൻ [വരു
ന്നതിനു] മുമ്പെ നിനക്ക കുറെ ഉ
ണ്ടായിരുന്നുള്ളു, എന്നാൽ [ഇപ്പൊ
ൾ] അത സംഘമായി തീൎന്നു; യ
ഹൊവാ നിന്നെ എന്റെ വരവു
കൊണ്ടു അനുഗ്രഹിച്ചു: ഇനി ഞാ
ൻ എന്റെ ഭവനത്തിന വെണ്ടി
എപ്പൊൾ സമ്പാദിച്ചുകൊള്ളെണ്ടു?
൩൧ അപ്പൊൾ അവൻ പറഞ്ഞു,
ഞാൻ നിനക്ക എന്ത തരെണം? എ
ന്നാറെ യാക്കൊബ പറഞ്ഞു, നീ
ഇനിക്ക ഒന്നും തരെണ്ട: ഒരു കാ
ൎയ്യം നീ ഇനിക്ക ചെയ്യാൽ, ഞാൻ
നിന്റെ കൂട്ടത്തെ ഇനിയും മെയി
ച്ചു, പാലിക്കാം.
൩൨ ഞാൻ ഇന്ന നിന്റെ എല്ലാ
കൂട്ടങ്ങളിലും കൂടി കടന്നു, അവിടെ
നിന്ന പുള്ളിയും മറുവുമുള്ള ആടുക
ളെ ഒക്കെയും, ആടുകളിൽ തവിട്ടു നി
റമുള്ളതിനെ ഒക്കെയും, വെള്ളാടുക
ളിൽ പുള്ളിയും മറുവുമുള്ളതിനെയും
പിരിക്കാം: [അപ്രകാരമുള്ളവ] എ
ന്റെ ശമ്പളം ആയിരിക്കട്ടെ.
൩൩ എന്റെ ശമ്പളത്തിനായി
നിന്റെ മുമ്പാകെ വരുമ്പൊൾ, എ
ന്റെ നീതി ഇനിമെലാൽ ഇനി
ക്ക സാക്ഷി പറയും: വെള്ളാടുകളി
ൽ പുള്ളിയില്ലാത്തതും, മറുവില്ലാത്ത
തും, ആടുകളിൽ തവിട്ടുനിറമല്ലാത്ത
തുമായി എതെങ്കിലും ഇരുന്നാൽ,
അത എന്റെ അടുക്കൽ മൊഷ്ടി
ക്കപ്പെട്ടതായിട്ടിരിക്കും.
൩൪ അപ്പൊൾ ലാബാൻ, ഇതാ,

നിൻെറ വചനപ്രകാരം ആയി വന്നാൽ കൊള്ളാം എന്ന പറഞ്ഞു.

൩൫ ആ ദിവസം തന്നെ അവൻ വളവു രെഖയും മറുവുമുള്ള മുട്ടാടുകളെയും, പുള്ളിയും മറുവുമുള്ള വെള്ളാടുകളെ ഒക്കെയും, വെണ്മയുള്ളതിനെ ഒക്കെയും, ആട്ടുകളിൽ തവിട്ടുനിറമുള്ളതിനെ ഒക്കെയും പിരിച്ചു; തൻെറ പുത്രന്മാരുടെ കയ്യിൽ എല്പിച്ചു.

൩൬ അവൻ തനിക്കും യാക്കൊബിനും ഇടയിൽ മൂന്ന ദിവസത്തെ വഴി ദൂരം വെച്ചു: ലാബാൻെറ ശിഷ്ടമുള്ള ആട്ടിൻകൂട്ടങ്ങളെ യാക്കൊബ മെയിക്കയും ചെയ്തു.

൩൭ ¶ പിന്നെ യാക്കൊബ പച്ചയായുള്ള പുന്നവൃക്ഷത്തിൻെറയും, ആവെലാൻ കൊട്ടവൃക്ഷത്തിൻെറയും, കസ്ഥാനിയ കൊട്ടവൃക്ഷത്തിൻെറയും കൊമ്പുകളെ തനിക്കായിട്ട എടുത്ത, അവയിൽ വെള്ളവരകളായിട്ട തൊലുരിച്ചു, കൊമ്പുകളിലുള്ള വെള്ള കാണപ്പെടുമാറാക്കി.

൩൮ പിന്നെ അവൻ താൻ ഉരിച്ച കൊമ്പുകളെ, ആടുകൾ കുടിപ്പാൻ വന്നപ്പൊൾ, തൊട്ടികളിലും വെള്ളം പകരുന്ന തൊട്ടികളിലും ആടുകളുടെ മുമ്പാകെ വെച്ചു: അത അവ കുടിപ്പാൻ വന്നപ്പൊൾ ഉല്പാദിക്കെണ്ടുന്നതിന ആയിരുന്നു.

൩൯ ആടുകളും കൊമ്പുകൾക്ക മുമ്പാകെ ഉല്പാദിച്ചു, വളവുരെഖയും പുള്ളിയും മറുവുമുള്ള കുട്ടികളെ പെറുകയും ചെയ്തു.

൪൰ ആ ആട്ടിൻ കുട്ടികളെ യാക്കൊബ വെർതിരിച്ചു, കൂട്ടങ്ങളുടെ മുഖങ്ങളെ ലാബാൻെറ കൂട്ടത്തിലുള്ള വളവുരെഖയുള്ളതിനും മറുവുള്ളതിന എല്ലാററിനും നെരെ നിൎത്തി: തനിക്ക സ്വന്തമുള്ള കൂട്ടങ്ങളെ പ്രത്യെകം നിൎത്തി; ഇവയെ ലാബാൻെറ കൂട്ടത്തൊട ചെൎക്കാതെയും ഇരുന്നു.

൪൧ പിന്നെ ഉണ്ടായയത എന്തെന്നാൽ, ശക്തിയുള്ള ആടുകൾ ഉല്പാദിക്കുമ്പൊൾ ഒക്കെയും, യാക്കൊബ ആ കൊമ്പുകളെ തൊട്ടുകളിൽ ആടുകളുടെ കണ്ണുകൾക്ക മുമ്പാകെ, അവ കൊമ്പുകളുടെ ഇടയിൽ ഉല്പാദിക്കെണ്ടുന്നതിനായിട്ട വെച്ചു.

൪൨ എന്നാൽ ശക്തിയില്ലാത്ത ആടുകൾ ഉല്പാദിക്കുമ്പൊൾ, [അവയെ] അവൻ വെക്കാതെ ഇരുന്നു: ആയതകൊണ്ട ശക്തിയില്ലാത്തവ ലാബാൻെറയും, ശക്തിയുള്ളവ യാക്കൊബിൻെറയും ആയിരുന്നു.

൪൩ പിന്നെ ആ പുരുഷൻ എററവും വളരെ വൎദ്ധിച്ചു, അവന വളരെ ആടുകളും, ദാസിമാരും, ദാസന്മാരും, ഒട്ടകങ്ങളും, കഴുതകളും ഉണ്ടായി.

൩൧ അദ്ധ്യായം.

൧ യാക്കൊബ ലാബാൻെറ അടുക്കൽനിന്നപിരിഞ്ഞ പൊരുന്നത.—൨൨ ലാബാൻ അവൻെറ പിന്നാലെ എത്തുന്നത.—൪൪ ഗിലയാദിൽവെച്ച അവർ തമ്മിൽ ചെയ്ത ഉഭയസമ്മതം.

പിന്നെ ഞങ്ങളുടെ പിതാവിനുള്ളതൊക്കെയും യാക്കൊബ എടുത്തുകളഞ്ഞു എന്നും, ഞങ്ങളുടെ പിതാവിനുള്ളവയിൽനിന്ന അവൻ ൟ മഹത്വത്തെ ഒക്കെയും സമ്പാദിച്ചു എന്നും ലാബാൻെറ പുത്രന്മാർ പറഞ്ഞ വാക്കുകളെ അവൻ കെട്ടു.

൨ ലാബാൻെറ മുഖത്ത യാക്കൊബ നൊക്കിയാറെ, ഇതാ, അത ഇന്നലെയും മുനഞ്ഞാന്നും ഇരുന്നതുപൊലെ, തൻെറ നെരെ ഇരുന്നില്ല.

൩ അപ്പൊൾ യഹൊവാ യാ

ന്നു

ക്കൊബിനൊട പറഞ്ഞു, നിന്റെ
പിതാക്കന്മാരുടെ ദെശത്തിനും നി
ന്റെ ചാൎച്ചക്കാരുടെ അടുക്കലും തി
രിച്ചുപൊക; ഞാൻ നിന്നൊട കൂ
ടെ ഇരിക്കും.
൪ ¶ അപ്പൊൾ യാക്കൊബ റാ
ഹെലിനെയും ലെയായെയും പ
റമ്പിൽ തന്റെ ആട്ടിൻ കൂട്ടത്തി
ന്റെ അടുക്കൽ ആളയച്ചു വരുത്തി;
൫ പിന്നെ അവൻ അവരൊട
പറഞ്ഞു, നിങ്ങളുടെ പിതാവിന്റെ
മുഖം ഇന്നലെയും മുനഞ്ഞാനും
ഇരുന്നതുപൊലെ, എന്റെ നെ
രെ ഇരിക്കുന്നില്ല എന്ന ഞാൻ കാ
ണുന്നു: എങ്കിലും എന്റെ പിതാ
വിന്റെ ദൈവം എന്നൊട കൂടെ
ഉണ്ടായി.
൬ നിങ്ങളുടെ പിതാവിനെ ഞാ
ൻ എന്റെ എല്ലാ ബലം കൊണ്ടും
സെവിച്ചു എന്ന നിങ്ങളും അറി
യുന്നുവല്ലൊ.
൭ എന്നാൽ നിങ്ങളുടെ പിതാവ
എന്നൊട വഞ്ചന ചെയ്തു, എന്റെ
ശമ്പളം പത്ത പ്രാവശ്യം മാററി
യിരിക്കുന്നു: എങ്കിലും എന്നൊട
ദൊഷം ചെയ്വാൻ ദൈവം അവ
ന ഇട കൊടുത്തില്ല.
൮ പുള്ളിയുള്ളവ നിന്റെ ശമ്പ
ളത്തിന ആയിരിക്കുമെന്ന അവ
ൻ പറഞ്ഞാൽ, അപ്പൊൾ കൂട്ടം ഒ
ക്കെയും പുള്ളിയുള്ള കുട്ടികളെ പെ
റും: വളവുരെഖയുള്ളവ നിന്റെ ശ
മ്പളമായിരിക്കുമെന്ന അവൻ പ
റഞ്ഞാൽ, അപ്പൊൾ കൂട്ടം ഒക്കെയും
വളവുരെഖയുള്ള കുട്ടികളെ പെറും.
൯ ഇപ്രകാരം ദൈവം നിങ്ങളു
ടെ പിതാവിന്റെ ആട്ടിൻകൂട്ടത്തെ
എടുത്തുകളഞ്ഞ, എനിക്ക തന്നിരി
ക്കുന്നു.
൧൦ ആടുകൾ ഉല്പാദിക്കുന്ന കാല
ത്ത ഉണ്ടായത എന്തെന്നാൽ, ഞാ
ൻ എന്റെ കണ്ണുകളെ ഉയൎത്തി,
സ്വപ്നത്തിൽ, ഇതാ, ആടുകളിന്മെ
ൽ കെറുന്ന മുട്ടാടുകൾ വളവുരെഖ
യും, പുള്ളിയും, പടർ നരയുമുള്ളവ
യായിരുന്നു എന്ന കണ്ടു.
൧൧ വിശെഷിച്ച ദൈവത്തി
ന്റെ ദൂതൻ സ്വപ്നത്തിൽ എന്നൊ
ട, യാക്കൊബെ, എന്ന പറഞ്ഞു: ഇ
താ, ഞാൻ എന്ന ഞാൻ പറഞ്ഞു.
൧൨ അപ്പൊൾ അവൻ പറഞ്ഞു,
നിന്റെ കണ്ണുകളെ ഉയൎത്തി, ആ
ടുകളുടെ മെൽ കെറുന്ന മുട്ടാടുകൾ
ഒക്കെയും വളവുരെഖയും, പുള്ളി
യും, പടർ നരയുമുള്ളവ [ആകുന്നു]
എന്ന നൊക്കുക: എന്തെന്നാൽ
ലാബാൻ നിന്നൊട ചെയ്യുന്നതി
നെ ഒക്കെയും ഞാൻ കണ്ടു.
൧൩ നീ തൂണ അഭിഷെകം ചെ
യ്കയും, എനിക്ക ഒരു പ്രതിജ്ഞ ചെ
യ്കയും ചെയ്ത സ്ഥലമായ ബെ
തെലിന്റെ ദൈവം ഞാൻ [ആകു
ന്നു:] ഇപ്പൊൾ നീ എഴുനീററ, ഈ
ദെശത്തനിന്ന പുറപ്പെട്ട, നിന്റെ
ബന്ധുക്കളുടെ ദെശത്തെക്ക തിരി
കെ പൊക.
൧൪ അപ്പൊൾ റാഹെലും ലെയാ
യും ഉത്തരമായി അവനൊട പറ
ഞ്ഞു, ഞങ്ങളുടെ പിതാവിന്റെ ഭ
വനത്തിൽ ഞങ്ങൾക്ക ഇനി ഒഹ
രിയും അവകാശവും ഉണ്ടൊ?
൧൫ അവനാൽ ഞങ്ങൾ അന്യജ
നങ്ങളായി വിചാരിക്കപ്പെട്ടില്ലയൊ?
എന്തുകൊണ്ടെന്നാൽ അവൻ ഞ
ങ്ങളെ വിററ, ഞങ്ങളുടെ ദ്രവ്യം ആ
ത്രയും ഭക്ഷിച്ചുകളഞ്ഞു.
൧൬ എന്തുകൊണ്ടെന്നാൽ ദൈ
വം ഞങ്ങളുടെ പിതാവിൽനിന്ന
എടുത്തുകളഞ്ഞ സമ്പത്ത ഒക്കെയും
ഞങ്ങൾക്കും ഞങ്ങളുടെ മക്കൾക്കും

ഉള്ളതാകുന്നു: അതുകൊണ്ട ഇപ്പൊൾ ദൈവം നിന്നൊട പറഞ്ഞതിനെ ഒക്കെയും ചെയ്ക.

൧൭ ¶ അപ്പൊൾ യാക്കൊബ എഴുനീററ, തന്റെ പുത്രന്മാരെയും, തന്റെ സ്ത്രീകളെയും ഒട്ടകങ്ങളുടെ പുറത്ത കരെററി;

൧൮ തന്റെ മൃഗങ്ങളെ ഒക്കെയും, താൻ സമ്പാദിച്ച സമ്പത്തുകളെ ഒക്കെയും, താൻ പാദാൻ ആറാമിൽ സമ്പാദിച്ച തന്റെ നാൽകാലിമൃഗങ്ങളെ ഒക്കെയും കൂട്ടികൊണ്ട, കനാൻ ദെശത്ത തന്റെ പിതാവായ യിസ്സാക്കിന്റെ അടുക്കൽ പൊകുവാനായിട്ട പുറപ്പെട്ടു.

൧൯ എന്നാലൊ ലാബാൻ തന്റെ ആട്ടുകളുടെ രൊമം വെട്ടുവാൻ പൊയിരുന്നു: റാഹെലും തന്റെ പിതാവിനുള്ള വിഗ്രഹങ്ങളെ മൊഷ്ടിച്ചിരുന്നു.

൨൦ എന്നാൽ യാക്കൊബ താൻ ഒടിപ്പൊകുന്നതിനെ സുറിയക്കാരനായ ലാബാനൊട അറിയിക്കായ്കകൊണ്ട, അവന്റെ ഹൃദയത്തിന വഞ്ചന ചെയ്തു.

൨൧ ഇപ്രകാരം അവൻ തനിക്കുള്ള സകലത്തൊടും കൂടെ ഒടിപ്പൊയി; അവൻ എഴുനീററ, നദി കടന്ന, ഗിലയാദ പൎവതത്തിന നെരെ തന്റെ മുഖം വെച്ചു.

൨൨ ¶ പിന്നെ യാക്കൊബ ഒടിപ്പൊയത മൂന്നാം ദിവസം ലാബാനൊട അറിയിക്കപ്പെട്ടു.

൨൩ അപ്പൊൾ അവൻ തന്റെ സഹൊദരന്മാരെ തന്നൊട കൂടെ കൂട്ടികൊണ്ട, എഴ ദിവസത്തെ വഴി അവന്റെ പിന്നാലെ ചെന്നു; ഗിലയാദ പൎവതത്തിൽ അവനെ കണ്ടെത്തുകയും ചെയ്തു.

൨൪ എന്നാറെ ദൈവം രാത്രിയിൽസുറിയാക്കാരനായലാബാന്റെ അടുക്കൽ സ്വപ്നത്തിൽ വന്ന, അവനൊട നീ യാക്കൊബിനൊട ഗുണമെങ്കിലും ദൊഷമെങ്കിലും പറയാതെ ഇരിപ്പാൻ സൂക്ഷിക്ക എന്ന പറഞ്ഞു.

൨൫ ലാബാൻ യാക്കൊബിന്റെ അടുക്കൽ എത്തി. യാക്കൊബ പൎവതത്തിൽ തന്റെ കൂടാരം അടിച്ചിരുന്നു: ലാബാനും തന്റെ സഹൊദരന്മാരൊടും കൂടെ ഗിലയാദ പൎവതത്തിൽ കൂടാരം അടിച്ചു.

൨൬ അപ്പൊൾ ലാബാൻ യാക്കൊബിനൊട പറഞ്ഞു, നീ എന്റെ ഹൃദയത്തിന വഞ്ചന ചെയ്കയും, എന്റെ പുത്രിമാരെ വാളിനാൽ ജയിക്കപ്പെട്ടവരെ പൊലെ കൊണ്ടുപൊകയും ചെയ്തത എന്ത?

൨൭ നീ ഒളിച്ചുകൊണ്ട ഒടിപ്പൊകയും, കളവുപൊലെ എന്നിൽനിന്ന പൊകയും, ഞാൻ നിന്നെ സന്തൊഷത്തൊടും സംഗീതത്തൊടും, മുരജത്തൊടും, തംബുരുവിനൊടും അയക്കെണ്ടുന്നതിന നീ എന്നൊട അതിനെ അറിയിക്കാതെ ഇരിക്കയും,

൨൮ എന്റെ പുത്രന്മാരെയും എന്റെ പുത്രിമാരെയും ഞാൻ ചുംബിപ്പാൻ സമ്മതിക്കാതെ ഇരിക്കയും ചെയ്തത എന്ത? ഇപ്പൊൾ നീ ഇപ്രകാരം ചെയ്തത നീ ബുദ്ധികെടായി ചെയ്തു.

൨൯ നിങ്ങളൊട ദൊഷം ചെയ്വാൻ എന്റെ കയ്യിൽ ശക്തിയുണ്ട: എങ്കിലും നീ യാക്കൊബിനൊട ഗുണമെങ്കിലും ദൊഷമെങ്കിലും ചെയ്യാതെ ഇരിപ്പാൻ സൂക്ഷിച്ചിരിക്ക എന്ന, നിങ്ങളുടെ പിതാവിന്റെ ദൈവം കഴിഞ്ഞ രാത്രിയിൽ എന്നൊട പറഞ്ഞു.

൩൦ എന്നാൽ ഇപ്പൊൾ നിന്റെ പിതാവിന്റെ ഭവനത്തിനായിട്ട എററവും വാഞ്ഛയാൽ നീ പുറപ്പെട്ടുപൊകുന്നു, എങ്കിലും എന്റെ ദെവന്മാരെ എന്തിന മൊഷ്ടിച്ചു?

൩൧ എന്നാറെ യാക്കൊബ ഉത്തരമായിട്ട ലാബാനൊട പറഞ്ഞു, ഞാൻ ഭയപ്പെട്ടതുകൊണ്ട [ആകുന്നു:] എന്തെന്നാൽ പക്ഷെ നിന്റെ പുത്രിമാരെ നീ എന്നിൽനിന്ന ബലാൽകാരമായി എടുത്തുകൊള്ളുമെന്ന ഞാൻ പറഞ്ഞു.

൩൨ നീ ആരുടെ പക്കൽ എങ്കിലും നിന്റെ ദെവന്മാരെ കണ്ടാൽ, അവൻ ജീവനൊടെ ഇരിക്കരുത: എന്റെ പക്കൽ നിനക്കുള്ളത എന്തെന്ന നീ നമ്മുടെ സഹൊദരന്മാൎക്കമുമ്പാകെ നൊക്കികണ്ട, ആയതിനെ എടുത്തുകൊള്ളെണം: എന്തെന്നാൽ റാഹെൽ അവയെ മൊഷ്ടിച്ചതിനെ യാക്കൊബ അറിഞ്ഞില്ല.

൩൩ അപ്പൊൾ ലാബാൻ യാക്കൊബിന്റെ കൂടാരത്തിലും, ലെയായുടെ കൂടാരത്തിലും, രണ്ട ദാസിമാരുടെ കൂടാരത്തിലും പ്രവെശിച്ചു; എന്നാൽ അവയെ കണ്ടില്ല. അപ്പൊൾ അവൻ ലെയായുടെ കൂടാരത്തിൽനിന്ന പുറപ്പെട്ട, റാഹെലിന്റെ കൂടാരത്തിനകത്ത ചെന്നു.

൩൪ എന്നാൽ റാഹെൽ വിഗ്രഹങ്ങളെ എടുത്ത, ഒട്ടകത്തിന്റെ കൊപ്പിനകത്ത ഇട്ട, അതിന്റെ മെൽ ഇരുന്നിരുന്നു: ലാബാൻ കൂടാരത്തിൽ ഒക്കെയും തപ്പിനൊക്കി, [അവയെ] കണ്ടില്ല താനും.

൩൫ അപ്പൊൾ അവൾ തന്റെ പിതാവിനൊട, നിന്റെ മുമ്പാകെ എഴുനീല്പാൻ ഇനിക്ക കഴിയാത്തത എന്റെ കൎത്താവിന്റെ കണ്ണുകൾക്ക ഇഷ്ടക്കെടായിരിക്കരുത: എന്തെന്നാൽ സ്ത്രീകൾക്കുള്ള മൎയ്യാദ ഇനിക്ക [ഉണ്ട] എന്ന പറഞ്ഞു: അവൻ ശൊധന ചെയ്തു, വിഗ്രഹങ്ങളെ കണ്ടില്ല താനും.

൩൬ ¶ അപ്പൊൾ യാക്കൊബിന കൊപമുണ്ടായി, അവൻ ലാബാനൊട വാഗ്വാദം ചെയ്തു: വിശെഷിച്ച യാക്കൊബ ഉത്തരമായി ലാബാനൊട പറഞ്ഞു, എന്റെ അതിക്രമം എന്ത? നീ ഇത്ര കൊപമായി എന്റെ പിന്നാലെ വരെണ്ടുന്നതിന എന്റെ പാപം എന്ത?

൩൭ എന്തെന്നാൽ നീ എന്റെ സാമാനങ്ങളെ ഒക്കെയും ശൊധന ചെയ്തു നൊക്കീട്ട നിന്റെ ഭവനത്തിലെ സാമാനങ്ങളിൽ യാതൊന്നിനെ നീ കണ്ടിട്ടുണ്ടൊ? എന്റെ സഹൊദരന്മാൎക്കും നിന്റെ സഹൊദരന്മാൎക്കും മുമ്പാകെ ഇവിടെ വെക്കുക, അവർ നമുക്ക ഇരുവൎക്കും നടുവെ വിധിക്കട്ടെ.

൩൮ ഈ ഇരുപത വൎഷം നിന്റെ അടുക്കൽ ഞാൻ പാൎത്തു; നിന്റെ ആടുകളും വെള്ളാടുകളും ചനനാശം വന്നിട്ടുമില്ല, നിന്റെ കൂട്ടത്തിലുള്ള ആട്ടുകൊററന്മാരെ ഞാൻ ഭക്ഷിച്ചിട്ടുമില്ല.

൩൯ ചീന്തപ്പെട്ടതിനെ ഞാൻ നിന്റെ അടുക്കൽ കൊണ്ടുവരാതെ; ആയതിന ഞാൻ ഉത്തരവാദം ചെയ്തു: പകൽ മൊഷ്ടിക്കപ്പെട്ടതിനെയും, രാത്രിയിൽ മൊഷ്ടിക്കപ്പെട്ടതിനെയും, നീ എന്റെ കയ്യിൽനിന്ന ചൊദിച്ചു.

൪൦ ഞാൻ [ഇപ്രകാരം] ഇരുന്നു; പകലത്തെ വെയിലും രാത്രിയിലെ ശീതവും എന്നെ ഭക്ഷിച്ചു; എന്റെ ഉറക്കവും എന്റെ കണ്ണുക

ത്തിൽനിന്ന ഒഴിഞ്ഞുപൊയി.

൪൧ ഇങ്ങിനെ ഞാൻ ഇരുപത വഷ്ഷവും നിന്റെ ഭവനത്തിൽ ഇരുന്നു; പതിനാല വഷ്ഷം നിന്റെ രണ്ട പുത്രിമാക്കായികൊണ്ടും, ആറ വഷ്ഷം നിന്റെ ആട്ടിൻ കൂട്ടത്തിനായ്ക്കൊണ്ടും ഞാൻ നിന്നെ സെവിച്ചു: നീ പത്ത പ്രാവശ്യം എന്റെ ശമ്പളവും മാററി.

൪൨ എന്റെ പിതാവിന്റെ ദൈവമായി, അബ്രാഹാമിന്റെ ദൈവവും, യിസ്സാക്കിന്റെ ഭയവും ഇനിക്ക ഇല്ലാതെ ഇരുന്നു എങ്കിൽ, നീ ഇപ്പൊൾ വൃഥാ എന്നെ അയക്കും നിശ്ചയം: ദൈവം എന്റെ അനത്ഥത്തെയും, എന്റെ കൈകളുടെ പ്രയത്നത്തെയും കണ്ട, കഴിഞ്ഞ രാത്രി [നിന്നൊട] ശാസിച്ചു.

൪൩ അപ്പൊൾ ലാബാൻ ഉത്തരമായിട്ട യാക്കൊബിനൊട പറഞ്ഞു, പുത്രിമാർ എന്റെ പുത്രിമാരും, മക്കൾ എന്റെ മക്കളും, ആട്ടിൻ കൂട്ടം എന്റെ ആട്ടിൻ കൂട്ടവും, നീ കാണുന്നതൊക്കെയും ഇനിക്കുള്ളതും [ആകുന്നു:] ൟ എന്റെ പുത്രിമാക്ക എങ്കിലും, അവർ പ്രസവിച്ച അവരുടെ മക്കൾക്ക എങ്കിലും, ഞാൻ ഇന്ന എന്ത ചെയ്യെണ്ടു?

൪൪ ഇപ്പൊൾ വരിക, ഞാനും നീയും തമ്മിൽ ഒര ഉഭയസമ്മതം ചെയ്ക; അതും ഇനിക്കും നിനക്കും മദ്ധ്യെ സാക്ഷിയായിരിക്കട്ടെ.

൪൫ അപ്പൊൾ യാക്കൊബ ഒരു കല്ലിനെ എടുത്ത, അതിനെ ഒരു തൂണായിട്ട നിൎത്തി;

൪൬ പിന്നെയും യാക്കൊബ തന്റെ സഹൊദരന്മാരൊട, കല്ലുകളെ കൂട്ടുവിനെന്ന പറഞ്ഞു; അപ്പൊൾ അവർ കല്ലുകളെ എടുത്ത, ഒരു കുമ്പാരവും ഉണ്ടാക്കി: ആ കുമ്പാരത്തിൻ മെൽ വെച്ചു അവർ ഭക്ഷിച്ചു.

൪൭ ആയതിന ലാബാൻ യഗർശഹാദുത്താ എന്ന പെർ വിളിച്ചു: എന്നാൽ യാക്കൊബ അതിന ഗലെയെദ എന്ന പെർ വിളിച്ചു.

൪൮ ൟ കുമ്പാരം ഇന്ന ഇനിക്കും നിനക്കും മദ്ധ്യെ സാക്ഷി എന്ന ലാബാൻ പറഞ്ഞു. അതുകൊണ്ട അതിന്റെ പെർ ഗലെയെദ എന്നും;

൪൯ മിസ്പാ എന്നും വിളിക്കപ്പെട്ടു; എന്തെന്നാൽ അവൻ പറഞ്ഞു, നാം തമ്മിൽ വിട്ടുമാറിയിരിക്കുമ്പൊൾ, യഹൊവാ ഇനിക്കും നിനക്കും നടുവെ നൊക്കിയിരിക്കട്ടെ.

൫൦ നീ എന്റെ പുത്രിമാരെ ഉപദ്രവിക്കയൊ, എന്റെ പുത്രിമാരെ അല്ലാതെ, വെറിട്ട സ്ത്രീകളെ എടുക്കയൊ ചെയ്യുമെങ്കിൽ, നമ്മൊടകൂടെ ഒരുത്തരുമില്ല, കാണുക, ദൈവം തന്നെ ഇനിക്കും നിനക്കും മദ്ധ്യെ സാക്ഷി.

൫൧ പിന്നെയും ലാബാൻ യാക്കൊബിനൊട പറഞ്ഞു, ഇതാ, ൟ കുമ്പാരം, ഇതാ ഇനിക്കും നിനക്കും നടുവെ ഞാൻ ഇട്ട തൂണും;

൫൨ ദൊഷത്തിനായിട്ട ഞാൻ ൟ കുമ്പാരത്തെ കടന്ന, നിന്റെ അടുക്കൽ വരാതെയും, നീ ൟ കുമ്പാരത്തെയും, ൟ തൂണിനെയും കടന്ന, എന്റെ അടുക്കൽ വരാതെയും ഇരിക്കെണ്ടുന്നതിന ൟ കുമ്പാരവും സാക്ഷി, ൟ തൂണും സാക്ഷി.

൫൩ അബ്രാഹാമിന്റെ ദൈവവും, നാഹൊറിന്റെ ദൈവവും, അവരുടെ പിതാവിന്റെ ദൈവവുമായവൻ നമുക്ക നടുവെ വിധിക്കട്ടെ. അപ്പൊൾ യാക്കൊബ ത

ന്റെ പിതാവായ യിസ്സാക്കിന്റെ ഭയംകൊണ്ട ആണയിട്ടു.

൫൪ പിന്നെ യാക്കൊബ പൎവ്വതത്തിന്മെൽ ബലി കഴിച്ചു, അപ്പം ഭക്ഷിപ്പാൻ തന്റെ സഹൊദരന്മാരെ വിളിച്ചു: അവർ അപ്പം ഭക്ഷിച്ചു, പൎവ്വതത്തിൽ രാത്രി പാൎക്കയും ചെയ്തു.

൫൫ ലാബാൻ അതികാലത്തെ എഴുനീറ്റ, തന്റെ പുത്രന്മാരെയും തന്റെ പുത്രിമാരെയും ചുംബിച്ചു, അവരെ അനുഗ്രഹിച്ചു: പിന്നെ ലാബാൻ അവിടെനിന്ന പുറപ്പെട്ടു, തന്റെ സ്ഥലത്തെക്ക തിരികെ പൊകയും ചെയ്തു.

൩൨ അദ്ധ്യായം.

൧ യാക്കൊബിന ഉണ്ടായ ദൎശനം.—൩. അവന്റെ ദൂതു.—൧൩. അവൻ എശാവിന അയച്ച സമ്മാനവും.—൨൪. ദൈവത്തിന്റെ ഒരു ദൂതനൊട പൊരുതി യിസ്രാഎൽ എന്ന പെർ വിളിക്കപ്പെടുന്നത.

പിന്നെ യാക്കൊബ തന്റെ വഴിയെ പൊയി, അപ്പൊൾ ദൈവത്തിന്റെ ദൂതന്മാർ അവനെ എതിരെറ്റു.

൨ യാക്കൊബ അവരെ കണ്ടാറെ, ഇവർ ദൈവത്തിന്റെ സെനകൾ എന്ന പറഞ്ഞു, ആ സ്ഥലത്തിന മഹനായിം എന്ന പെർ വിളിക്കയും ചെയ്തു.

൩ പിന്നെ യാക്കൊബ തനിക്ക മുമ്പായി എദൊം രാജ്യമായ ശെയിർ ദെശത്തെക്ക, തന്റെ സഹൊദരനായ എശാവിന്റെ അടുക്കൽ ദൂതന്മാരെ അയച്ചു.

൪ അവൻ അവരൊട കല്പിച്ചത എന്തെന്നാൽ, നിങ്ങൾ എന്റെ കൎത്താവായ എശാവിനൊട ഇപ്രകാരം പറയെണം: ഞാൻ ലാബാന്റെ അടുക്കൽ പാൎത്ത, ഇന്നുവരെയും അവിടെ താമസിച്ചു എന്നും,

൫ ഇനിക്ക കാളകളും, കഴുതകളും, ആടുകളും, ദാസന്മാരും, ദാസിമാരും ഉണ്ടെന്നും, നിന്റെ കണ്ണുകളിൽ ഇനിക്ക കൃപ ലഭിക്കെണ്ടുന്നതിനായിട്ട എന്റെ കൎത്താവിനൊട ഇതിനെ അറിയിപ്പാൻ ഞാൻ മനുഷ്യരെ അയച്ചു എന്നും, നിന്റെ ഭൃത്യനായ യാക്കൊബ ഇപ്രകാരം പറയുന്നു.

൬ ആ ദൂതന്മാർ യാക്കൊബിന്റെ അടുക്കൽ തിരിച്ചുവന്ന, ഞങ്ങൾ നിന്റെ സഹൊദരനായ എശാവിന്റെ അടുക്കൽ പൊയി വന്നു എന്നും, അവനും അവനൊട കൂടെ നാനൂറ പെരും നിന്നെ എതിരെല്പാൻ വരുന്നു എന്നും പറഞ്ഞു.

൭ അപ്പൊൾ യാക്കൊബ എറ്റവും ഭയപ്പെട്ടു, മനൊവ്യസനമുണ്ടായി: അവൻ തന്നൊട കൂടെ ഇരുന്ന ജനങ്ങളെയും, ആട്ടിൻകൂട്ടങ്ങളെയും, കന്നുകാലി കൂട്ടങ്ങളെയും, ഒട്ടകങ്ങളെയും, രണ്ടു കൂട്ടമായിട്ട വിഭാഗിച്ചു.

൮ എശാ ഒരു കൂട്ടത്തിന്റെ നെരെ വന്ന, അതിനെ നശിപ്പിച്ചാൽ, പിന്നെ ശെഷിക്കുന്ന കൂട്ടം ഒടിപ്പൊകും എന്നും പറഞ്ഞു.

൯ ¶ പിന്നെ യാക്കൊബ പറഞ്ഞു, എന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും എന്റെ പിതാവായ യിസ്സാക്കിന്റെ ദൈവവുമായുള്ളൊവെ, നിന്റെ ദെശത്തിനും നിന്റെ ബന്ധുക്കളുടെ അടുക്കലും തിരികെ പൊക എന്നും, ഞാൻ നിന്നൊട നന്മ ചെയ്യുമെന്നും എന്നൊട പറഞ്ഞിരിക്കുന്ന യഹൊവായെ,

൧൦ നീ നിന്റെ ദാസനൊട ചെ

യ്യുവന്ന എല്ലാ കരുണകൾക്കും, എല്ലാ സത്യങ്ങൾക്കും ഞാൻ എന്ത മാത്രമുള്ളു; എന്തെന്നാൽ ഞാൻ എന്റെ വടിയൊടെ ൟ യൎദ്ദെനെ കടന്നു, എന്നാൽ ഇപ്പൊൾ ഞാൻ രണ്ടു കൂട്ടമായി തീൎന്നു.

൧൧ എന്റെ സഹൊദരന്റെ കയ്യിൽനിന്ന, എശാവിന്റെ കയ്യിൽനിന്ന എന്നെ രക്ഷിക്കെണമെന്ന ഞാൻ നിന്നൊട അപെക്ഷിക്കുന്നു: എന്തെന്നാൽ പക്ഷെ അവൻ വന്ന, എന്നെയും, മക്കളൊടകൂടെ മാതാവിനെയും കൊല്ലും എന്ന അവനെ ഞാൻ ഭയപ്പെട്ടിരിക്കുന്നു.

൧൨ എന്നാൽ നീ ഞാൻ നിന്നൊട നന്മ ചെയ്കയും, നിന്റെ സന്തതിയെ സംഘത്തിൽ എണ്ണി കൂടാത്ത സമുദ്രകരയിലെ മണൽ പൊലെ ആക്കുകയും ചെയ്യും നിശ്ചയം എന്ന പറഞ്ഞുവല്ലൊ.

൧൩ ¶ പിന്നെ അവൻ അന്ന രാത്രി അവിടെ പാൎത്തു; തന്റെ കയ്യിൽ വന്നതിൽനിന്ന തന്റെ സഹൊദരനായ എശാവിന സമ്മാനമായിട്ട,

൧൪ ഇരുനൂറ വെള്ളാടുകളെയും, ഇരുപത വെള്ളാട്ടിൻ കൊററന്മാരെയും, ഇരുനൂറ ആടുകളെയും, ഇരുപത ആട്ടുകൊററന്മാരെയും,

൧൫ കറവയുള്ള മുപ്പത ഒട്ടകങ്ങളെയും അവയുടെ കുട്ടികളെയും, നാല്പത പശുക്കളെയും പത്ത കാളകളെയും, ഇരുപത പെൺകഴുതകളെയും പത്ത കഴുതകുട്ടികളെയും എടുത്ത,

൧൬ തന്റെ ദാസന്മാരുടെ കയ്യിൽ ഒരൊ കൂട്ടത്തെ പ്രത്യെകം പ്രത്യെകമായി എല്പിച്ചു; തന്റെ ദാസന്മാരൊട, നിങ്ങൾ ഇനിക്ക മുമ്പായി കടന്ന പൊയി, കൂട്ടത്തിൽ നിന്ന കൂട്ടത്തിന ഇടയിടുവിൻ എന്നും പറഞ്ഞു.

൧൭ പിന്നെ അവൻ മുമ്പായി പൊകുന്നവനൊട കല്പിച്ചു, എന്റെ സഹൊദരനായ എശാ നിന്നെ എതിരെററ, നീ ആരുടെ എന്നും, നീ എവിടെ പൊകുന്നു എന്നും, നിനക്ക മുമ്പായി പൊകുന്ന ഇവ ആരുടെ എന്നും? നിന്നൊട ചൊദിച്ചാൽ,

൧൮ നീ ഇവ നിന്റെ ഭൃത്യനായ യാക്കൊബിന്റെ [ആകുന്നു;] ഇത എന്റെ കൎത്താവായ എശാവിന അയക്കപ്പെട്ട സമ്മാനം എന്നും, ഇതാ, അവനും ഞങ്ങളുടെ പിന്നാലെ വരുന്നു എന്നും പറക എന്ന പറഞ്ഞു.

൧൯ രണ്ടാമത്തവനൊടും, മൂന്നാമത്തവനൊടും, കൂട്ടങ്ങളുടെ പിന്നാലെ പൊകുന്ന എല്ലാവരൊടും അവൻ ഇപ്രകാരം കല്പിച്ചു, നിങ്ങൾ എശാവിനെ കാണുമ്പൊൾ ഇപ്രകാരം അവനൊട പറവിൻ.

൨൦ അത്രയുമല്ല, ഇതാ, നിന്റെ ഭൃത്യനായ യാക്കൊബ ഞങ്ങളുടെ പിന്നാലെ വരുന്നു എന്നും പറവിൻ എന്ന പറഞ്ഞു: എന്തെന്നാൽ, ഇനിക്ക മുമ്പായി പൊകുന്ന സമ്മാനം കൊണ്ട അവനെ ശാന്തതപ്പെടുത്തി, പിന്നത്തെതിൽ ഞാൻ അവന്റെ മുഖം കാണാം: പക്ഷെ അവന എന്നിൽ ഇഷ്ടമുണ്ടായിരിക്കും എന്ന പറഞ്ഞു.

൨൧ അപ്രകാരം സമ്മാനം അവന്റെ മുമ്പായി കടന്ന പൊയി, എന്നാൽ അവൻ അന്ന രാത്രി കൂട്ടത്തൊടകൂടെ പാൎത്തു.

൨൨ പിന്നെ അവൻ ആ രാത്രിയിൽ എഴുനീററ, തന്റെ രണ്ടു ഭാൎയ്യമാരെയും, തന്റെ രണ്ടു ദാസി

മാരെയും, തന്റെ പതിനൊന്ന പു
ത്രന്മാരെയും കൂട്ടിക്കൊണ്ട, യബ്ബൊ
ക്ക എന്ന നദിയുടെ കടവ കടന്നു.
൨൩ അവൻ അവരെ കൂട്ടിക്കൊ
ണ്ട, നദിയെ കടത്തിച്ചു, തനിക്കു
ള്ളതിനെയും അക്കരെ കടത്തുകയും
ചെയ്തു.
൨൪ ¶ എന്നാൽ യാക്കൊബ മാ
ത്രം തന്നെ ഉണ്ടായിരുന്നുള്ളു: അ
പ്പൊൾ ഒരു പുരുഷൻ ഉദയമാകു
വൊളത്തിന അവനൊട പൊരുതി.
൨൫ അവനെ ജയിക്കാത്തതിനെ
അവൻ കണ്ടാറെ, അവൻ അവ
ന്റെ തുടയുടെ തടത്തെ തൊട്ടു; അ
തുകൊണ്ട യാക്കൊബിന്റെ തുട
യുടെ തടം, അവൻ അവനൊട
പൊരുതുമ്പൊൾ, ഉളുക്കിയിരുന്നു.
൨൬ അപ്പൊൾ അവൻ, എന്നെ
വിട്ടയക്ക, എന്തെന്നാൽ ഉഷസ്സ
ഉദിക്കുന്നു എന്ന പറഞ്ഞു: എന്നാ
റെ അവൻ, നീ എന്നെ അനുഗ്ര
ഹിച്ചല്ലാതെ, ഞാൻ നിന്നെ വിട്ട
യക്കയില്ല എന്ന പറഞ്ഞു.
൨൭ അപ്പൊൾ അവൻ അവ
നൊട, നിന്റെ പെർ എന്ത? എ
ന്ന ചൊദിച്ചു. യാക്കൊബ എന്ന
അവൻ പറഞ്ഞു.
൨൮ അപ്പൊൾ അവൻ, നി
ന്റെ പെർ ഇനി യാക്കൊബ എ
ന്നല്ല, യിസ്രാഎൽ എന്ന വിളിക്ക
പ്പെടും: എന്തുകൊണ്ടെന്നാൽ ദൈ
വത്തൊടും മനുഷ്യരൊടും നീ പ്രബ
ലനായിട്ട പൊരുതി, ജയിച്ചു എന്ന
പറഞ്ഞു.
൨൯ അപ്പൊൾ യാക്കൊബ അ
വനൊട ചൊദിച്ചു, നിന്റെ പെ
ർ എന്നൊട അറിയിക്കെണം എ
ന്ന പറഞ്ഞു: എന്നാറെ അവൻ,
നീ എന്റെ പെരിനെ കുറിച്ചു ചൊ
ദിക്കുന്നത എന്തിന? എന്ന പറ
ഞ്ഞു. അവിടെ അവൻ അവനെ
അനുഗ്രഹിക്കയും ചെയ്തു.
൩൦ അപ്പൊൾ യാക്കൊബ ആ
സ്ഥലത്തിന പനിയെൽ എന്ന
പെർ വിളിച്ചു: എന്തുകൊണ്ടെന്നാ
ൽ ഞാൻ ദൈവത്തെ അഭിമുഖമാ
യി കണ്ടു, എന്നാൽ എന്റെ ആ
ത്മാവ രക്ഷിക്കപ്പെട്ടു.
൩൧ പിന്നെ അവൻ പനിയെ
ലിനെ കടന്ന പൊകുമ്പൊൾ, അ
വന സൂൎയ്യൻ ഉദിച്ചു, എന്നാൽ അ
വൻ തന്റെ തുടയിൽ മുടന്തി ന
ടന്നു.
൩൨ അവൻ യാക്കൊബിന്റെ
തുടയുടെ തടത്തിൽ ഉളുക്കിയ ഞര
മ്പിനെ തൊടുകകൊണ്ട, യിസ്രാ
എൽ പുത്രന്മാർ ഇന്നുവരെയും തു
ടയുടെ തടത്തിലുള്ളതായി, ഉളുക്കി
യ ഞരമ്പിനെ ഭക്ഷിക്കാതെ ഇ
രിക്കുന്നു.

൩൩ അദ്ധ്യായം

൧ യാക്കൊബും എശാവും തമ്മിൽ കണ്ടപ്പൊൾ ഉ
ള്ള സ്നെഹം.—൧൮ യാക്കൊബ ശാലെമിൽ
ഒരു നിലം വിലെക്ക വാങ്ങി, ഒരു ബലിപീഠ
ത്തെ തീൎക്കുന്നത.

പിന്നെ യാക്കൊബ തന്റെ
കണ്ണുകളെ ഉയൎത്തി നൊക്കി, ഇ
താ, എശാവും, അവനൊട കൂടെ
നാനൂറ മനുഷ്യരും വരുന്നതിനെ
കണ്ടു. അപ്പൊൾ അവൻ മക്കളെ
ലെയായുടെ അടുക്കലും, റാഹെലി
ന്റെ അടുക്കലും, രണ്ട ദാസിമാരു
ടെ അടുക്കലും വിഭാഗിച്ചു.
൨ അവൻ ദാസിമാരെയും അ
വരുടെ മക്കളെയും മുമ്പായും, ലെ
യായെയും അവളുടെ മക്കളെയും
പിന്നാലെയും, റാഹെലിനെയും
യൊസെഫിനെയും ഒടുക്കമായും
നിൎത്തി.
൩ അവൻ തന്നെ അവൎക്ക മു

മ്പായി കടന്നുപൊയി, തന്റെ സ
ഹൊദരന്റെ അടുക്കൽ ചെരുന്ന
തുവരെ എഴപ്രാവശ്യം ഭൂമി വരെ
യും കുമ്പിട്ടു.
൪ അപ്പൊൾ എശാ അവനെ എ
തിരെല്പാൻ ഒടിവന്ന, അവനെ ആ
ലിംഗനം ചെയ്തു, അവന്റെ കഴു
ത്തിൽ കെട്ടിപിടിച്ചു, അവനെ ചും
ബിച്ചു: അവർ കരകയും ചെയ്തു.
൫ പിന്നെ അവൻ തന്റെ ക
ണ്ണുകളെ ഉയൎത്തി നൊക്കി, സ്ത്രീക
ളെയും മക്കളെയും കണ്ടു, നിന്നൊട
കൂടെയുള്ള ഇവർ ആർ? എന്ന ചൊ
ദിച്ചു. എന്നാറെ അവൻ, ദൈവം
നിന്റെ ദാസന ദയയൊടെ ത
ന്നിരിക്കുന്ന മക്കൾ എന്ന പറഞ്ഞു.
൬ അപ്പൊൾ ദാസിമാരും, അ
വരുടെ മക്കളും അടുക്കൽ വന്ന, കു
മ്പിട്ടു.
൭ ലെയായും അവളുടെ മക്കളും
അടുക്കൽ വന്ന, കുമ്പിട്ടു: അതി
ന്റെ ശെഷം യൊസെഫും റാ
ഹെലും അടുക്കൽ വന്ന, കുമ്പിട്ടു.
൮ അപ്പൊൾ അവൻ ഞാൻ
എതിരെറ്റ ആ നിന്റെ പാളയം
ഒക്കെയും എന്തിന? എന്ന ചൊദി
ച്ചു. എന്നാറെ അവൻ, എന്റെ ക
ൎത്താവിന്റെ കണ്ണുകളിൽ ഇനിക്ക
കൃപ ലഭിക്കെണ്ടുന്നതിന [ആകു
ന്നു] എന്ന പറഞ്ഞു.
൯ എന്നാൽ എശാ പറഞ്ഞു, ഇ
നിക്ക വളരെ ഉണ്ട: എന്റെ സ
ഹൊദര, നിനക്കുള്ളത നിനക്ക ഇ
രിക്കട്ടെ.
൧൦ എന്നാറെ യാക്കൊബ പറ
ഞ്ഞു, അപ്രകാരമല്ല, നിന്റെ ക
ണ്ണുകളിൽ ഇനിക്ക കൃപ ലഭിച്ചിരി
ക്കുന്നു എങ്കിൽ, എന്റെ സമ്മാന
ത്തെ എന്റെ കയ്യിൽനിന്ന വാ
ങ്ങിക്കൊള്ളെണം എന്ന ഞാൻ അ
പെക്ഷിക്കുന്നു: അത എന്തെന്നാ
ൽ ഞാൻ നിന്റെ മുഖം ദൈവ
ത്തിന്റെ മുഖം കാണുന്നതുപൊ
ലെ കണ്ടു, നിനക്ക എന്നിൽ ഇ
ഷ്ടം തൊന്നുകയും ചെയ്തുവല്ലൊ.
൧൧ നിനക്ക കൊണ്ടുപൊക
പ്പെടുന്ന എന്റെ അനുഗ്രഹത്തെ
വാങ്ങിക്കൊള്ളെണമെന്ന ഞാൻ
അപെക്ഷിക്കുന്നു: എന്തുകൊണ്ടെ
ന്നാൽ ദൈവം ഇനിക്ക ധാരാളമാ
യി തന്നിരിക്കുന്നു, ഇനിക്ക വെ
ണ്ടുവൊളം ഉണ്ട. അവൻ അവ
നൊട നിൎബ്ബന്ധിച്ചു, അവൻ [അ
തിനെ] വാങ്ങുകയും ചെയ്തു.
൧൨ പിന്നെ അവൻ പറഞ്ഞു,
നാം യാത്ര പുറപ്പെട്ടു നടക്ക, നി
നക്ക മുമ്പായി ഞാൻ നടക്കാം.
൧൩ അപ്പൊൾ അവൻ അവ
നൊട പറഞ്ഞു, പൈതങ്ങൾ ഇ
ളയവർ [ആകുന്നു] എന്നും, പാൽ
കൊടുക്കുന്ന ആടുകളും കന്നുകാലി
കളും എന്നൊട കൂടെ ഉണ്ട എന്നും
എന്റെ കൎത്താവ അറിയുന്നു, അ
വയെ ഒരു ദിവസം അതിവെഗം
ഒടിച്ചാൽ കൂട്ടമെല്ലാം ചത്തുപൊകു
മല്ലൊ.
൧൪ എന്റെ കൎത്താവ തന്റെ
ദാസന മുമ്പായി കടന്നുപൊകെ
ണമെന്ന ഞാൻ അപെക്ഷിക്കു
ന്നു: എന്നാൽ ഞാൻ ശെയിറിൽ
എന്റെ കൎത്താവിന്റെ അടുക്കൽ
വരുവൊളത്തിന, ഇനിക്ക മുമ്പാ
യി നടക്കുന്ന കൂട്ടങ്ങളുടെ കാൽനട
യ്ക്കും, പൈതങ്ങളുടെ കാൽനടയ്ക്കും
തക്കവണ്ണം സാവധാനമായി അ
വയെ നടത്തിച്ചു കൊണ്ടുവരാം.
൧൫ അപ്പൊൾ എശാ പറഞ്ഞു,
ഇപ്പൊൾ എന്നൊട കൂടെയുള്ള ജ
നങ്ങളിൽ [ചിലരെ] ഞാൻ നി
ന്റെ അടുക്കൽ നിൎത്തട്ടെ: എന്നാ

റെ അവൻ പറഞ്ഞു, അത എന്തിന? എന്റെ കൎത്താവിന്റെ കണ്ണുകളിൽ ഇനിക്ക കൃപ ലഭിക്കട്ടെ.

൧൬ അപ്രകാരം എശാ ആ ദിവസം തന്റെ വഴിയെ ശെയിറിന തിരിച്ചുപൊയി.

൧൭ ¶ എന്നാൽ യാക്കൊബ സുഖൊത്തിന യാത്ര പുറപ്പെട്ട, തനിക്ക ഭവനം പണിയിച്ചു, തന്റെ മൃഗക്കൂട്ടത്തിന പുരകളെയും കെട്ടി. അതകൊണ്ട അവൻ ആ സ്ഥലത്തിന സുഖൊത്ത എന്ന പെർ വിളിച്ചു.

൧൮ യാക്കൊബ, താൻ പാദാൻ ആറാമിൽനിന്ന വന്നതിന്റെ ശെഷം, കനാൻ ദെശത്ത ഇരിക്കുന്ന ശെഖെമിന്റെ നഗരമാകുന്ന ശാലെമിൽ വന്ന, നഗരത്തിന മുമ്പാകെ പാളയം അടിച്ചു.

൧൯ തന്റെ കൂടാരം അടിച്ച പറമ്പിൽ ഒരുമുറി ഭൂമിയെ ശെഖെമിന്റെ പിതാവായ ഹമൊറിന്റെ പുത്രന്മാരുടെ കയ്യിൽനിന്ന നൂറ വെള്ളിക്കാശിന വാങ്ങി.

൨൰ അവിടെ അവൻ ഒരു ബലിപീഠം ഉണ്ടാക്കി, അതിന എൽ എലൊഹെ യിസ്രാഎൽ എന്ന പെർ വിളിക്കയും ചെയ്തു.

൩൪ അദ്ധ്യായം.

൧ ദിനായെ അപഹരിക്കുന്നത.—൨൰ ശെഖെമിക്കാർ ചെലചെയ്യപ്പെടുന്നതും.—൨൫ യാക്കൊബിന്റെ പുത്രന്മാരാൽ കൊല്ലപ്പെടുന്നതും.—൨൭ നഗരം കൊള്ളയിടപ്പെടുന്നതും.

പിന്നെ ലെയാ യാക്കൊബിന പ്രസവിച്ച അവളുടെ പുത്രിയായ ദിനാ ദെശത്തുള്ള പുത്രിമാരെ കാണ്മാനായിട്ട പുറപ്പെട്ടു.

൨ എന്നാറെ ഹെവിയക്കാരനായ ഹമൊറിന്റെ പുത്രനായി, ദെശത്തിന്റെ പ്രഭുവായ ശെഖെമെന്നവൻ അവളെ കണ്ടപ്പൊൾ, അവൻ അവളെ എടുത്തുകൊണ്ടുപൊയി, അവളൊട കൂടെ ശയിച്ചു, അവളെ ഹീനതപ്പെടുത്തി.

൩ അവന്റെ ആത്മാവ യാക്കൊബിന്റെ പുത്രിയായ ദിനായൊട പററിയിരുന്നു; അവൻ ആ പെണ്ണിനെ സ്നെഹിച്ചു, ആ പെണ്ണിന്റെ മനസ്സിന സംസാരിച്ചു.

൪ ശെഖെം തന്റെ പിതാവായ ഹമൊറിനൊട, ഈ പെണ്ണിനെ ഇനിക്ക ഭാൎയ്യയായിട്ട എടുക്കെണം എന്ന പറഞ്ഞു.

൫ തന്റെ പുത്രിയായ ദിനായെ അവൻ അശുദ്ധിയാക്കി എന്ന യാക്കൊബ കെട്ടു, അവന്റെ പുത്രന്മാർ അവന്റെ കൂട്ടത്തൊട കൂടെ പറമ്പിൽ ആയിരുന്നു; അവർ വരുവൊളത്തിനും യാക്കൊബ മിണ്ടാതെ ഇരുന്നു.

൬ എന്നാൽ ശെഖെമിന്റെ പിതാവായ ഹമൊർ യാക്കൊബിനൊട സംഭാഷണം ചെയ്വാൻ അവന്റെ അടുക്കൽ പുറപ്പെട്ട ചെന്നു.

൭ ¶ പിന്നെ യാക്കൊബിന്റെ പുത്രന്മാർ ആ വസ്തുത കെട്ടപ്പൊൾ, അവർ പറമ്പിൽനിന്ന വന്നു; അവൻ യാക്കൊബിന്റെ പുത്രിയൊട ശയിച്ചു എന്നത ചെയ്യരുതാത്ത ബുദ്ധികെടായുള്ള കാൎയ്യം യിസ്രാഎലിൽ ചെയ്തുകൊണ്ട, ആ മനുഷ്യൎക്ക മനൊവ്യസനം തൊന്നി, അവൎക്ക മഹാ കൊപവുമുണ്ടായി.

൮ പിന്നെ ഹമൊർ അവരൊട സംസാരിച്ചു പറഞ്ഞു, എന്റെ പുത്രനാകുന്ന ശെഖെമിന്റെ മനസ്സിന നിങ്ങളുടെ പുത്രിയുടെ മെൽ വാഞ്ഛയായിരിക്കുന്നു, അവളെ അവന ഭാൎയ്യയായിട്ട കൊടു

ക്കണമെന്ന ഞാൻ അപെക്ഷി
ക്കുന്നു.
൯ നിങ്ങൾ ഞങ്ങളൊടകൂടെ വി
വാഹസംബന്ധം കൂടി, നിങ്ങളുടെ
പുത്രിമാരെ ഞങ്ങൾക്ക തരികയും,
ഞങ്ങളുടെ പുത്രിമാരെ നിങ്ങൾക്ക
കൈക്കൊൾകയും ചെയ്യിൻ.
൧൦ നിങ്ങൾ ഞങ്ങളൊടും കൂടെ
കുടിയിരിക്കും; ദെശം നിങ്ങളുടെ
മുമ്പായിരിക്കും; ആയതിൽ കുടിയി
രുന്ന, വ്യാപാരം ചെയ്യു, അതിൽ
അവകാശങ്ങളും ഉണ്ടാക്കുവിൻ.
൧൧ ശെഖെമും അവളുടെ പിതാ
വിനൊടും അവളുടെ സഹൊദര
ന്മാരൊടും പറഞ്ഞു, നിങ്ങളുടെ ക
ണ്ണുകളിൽ എനിക്ക കൃപ ലഭിക്കട്ടെ,
എന്നാൽ നിങ്ങൾ എന്നൊട പറ
യുന്നതിനെ ഞാൻ തരാം.
൧൨ എന്നിൽ സ്ത്രീധനത്തെയും
ദാനത്തെയും എത്രയും വളര ചുമ
ത്തുവിൻ, എന്നാൽ നിങ്ങൾ എ
ന്നൊട പറയും പ്രകാരം ഞാൻ ത
രാം: ആ പെണ്ണിനെ മാത്രം ഇനി
ക്ക സ്ത്രീയായിട്ട തരെണം.
൧൩ അപ്പൊൾ യാക്കൊബിന്റെ
പുത്രന്മാർ, ഇവൻ തങ്ങളുടെ സ
ഹൊദരിയായ ദീനായെ അശുദ്ധി
യാക്കിയതുകൊണ്ട, ശെഖെമിനൊ
ടും അവന്റെ പിതാവായ ഹമൊ
റിനൊടും ചതിവൊടെ ഉത്തരമാ
യിട്ട പറഞ്ഞു.
൧൪ അവർ അവരൊട പറഞ്ഞു,
ഞങ്ങളുടെ സഹൊദരിയെ ചെല
യില്ലാത്ത പുരുഷന കൊടുക്കുന്ന
ഈ കാര്യം ചെയ്വാൻ ഞങ്ങൾക്ക ക
ഴികയില്ല; എന്തുകൊണ്ടെന്നാൽ അ
ത ഞങ്ങൾക്ക നിന്ദയായിരിക്കും.
൧൫ എങ്കിലും നിങ്ങൾ നിങ്ങളി
ലുള്ള ആണുങ്ങൾ എല്ലാം ചെല
ചെയ്യപ്പെടുന്നതിന ഞങ്ങളെ പൊ
ലെ ആയി തീരുമെങ്കിൽ, ഇതിൽ
ഞങ്ങൾ നിങ്ങളെ സമ്മതിക്കാം.
൧൬ അപ്പൊൾ ഞങ്ങൾ ഞങ്ങളു
ടെ പുത്രിമാരെ നിങ്ങൾക്ക തരിക
യും, നിങ്ങളുടെ പുത്രിമാരെ ഞങ്ങ
ൾക്ക കൈക്കൊൾകയും, നിങ്ങളൊ
ട കൂടെ കുടിയിരുന്ന, ഒരു ജനമാ
യി തീരുകയും ചെയ്യാം.
൧൭ എന്നാൽ ചെല ചെയ്യപ്പെടു
ന്നതിന ഞങ്ങളെ ചെവിക്കൊള്ളു
കയില്ല എങ്കിൽ, ഞങ്ങൾ ഞങ്ങളു
ടെ പുത്രിയെ കൂട്ടികൊണ്ടുപൊകും.
൧൮ എന്നാറെ അവരുടെ വച
നങ്ങൾ ഹമൊറിനും ഹമൊറിന്റെ
പുത്രനായ ശെഖെമിനും നന്നാ
യി ബൊധിച്ചു.
൧൯ അക്കാര്യം ചെയ്വാൻ ആ
ബാല്യക്കാരൻ താമസം ചെയ്തില്ല;
എന്തുകൊണ്ടെന്നാൽ അവന യാ
ക്കൊബിന്റെ പുത്രിയിൽ പ്രിയ
മുണ്ടായി: അവൻ തന്റെ പിതാ
വിന്റെ കുഡുംബത്തിൽ എല്ലാവ
രിലും എററം മാനമുള്ളവനുമായി
രുന്നു.
൨൦ പിന്നെ ഹമൊറും അവന്റെ
പുത്രനായ ശെഖെമും തങ്ങളുടെ
പട്ടണത്തിന്റെ വാതില്ക്കൽ വ
ന്ന, തങ്ങളുടെ പട്ടണത്തിലുള്ള മ
നുഷ്യരൊട സംസാരിച്ച പറഞ്ഞു,
൨൧ ഈ മനുഷ്യർ നമ്മൊട സമാ
ധാനമായി ഇരിക്കുന്നു, അതുകൊ
ണ്ട അവർ ദെശത്ത വസിച്ച, അ
തിൽ വ്യാപാരം ചെയ്യട്ടെ; എന്തെ
ന്നാൽ കണ്ടാലും ദെശം അവരു
ടെ മുമ്പാകെ വിസ്താരമുള്ളതാകു
ന്നു; അവരുടെ പുത്രിമാരെ നാം
നമുക്ക സ്ത്രീകളായിട്ട കൈക്കൊൾ
കയും, നമ്മുടെ പുത്രിമാരെ അവ
ൎക്ക കൊടുക്കയും ചെയ്യുക.
൨൨ ഈ മനുഷ്യർ ചെല ചെയ്യ

പ്പെട്ടവരായിരിക്കുന്നതുപൊലെ ന
മ്മിലുള്ള ആണ എല്ലാം ചെല മാ
ത്രം എററെങ്കിലെ, അവർ നമ്മൊ
ട കൂടെ ഒരു ജനമായിരിപ്പാൻ വ
സിക്കുന്നതിന നമ്മെ സമ്മതി
ക്കയുള്ളു.

൨൩ അവരുടെ ആട്ടിൻ കൂട്ടവും,
അവരുടെ സമ്പത്തും, അവരുടെ
മൃഗങ്ങൾ ഒക്കെയും നമുക്ക ആക
യില്ലയൊ? നാം അവരുടെ സമ്മ
തപ്രകാരം തന്നെ ചെയ്യുക, എന്നാ
ൽ അവർ നമ്മൊടകൂടെ വസിക്കും.

൨൪ അപ്പൊൾ ഹമൊറിന്റെ പ
ട്ടണത്തിന്റെ വാതിലിൽ കൂടി പു
റപ്പെട്ടവർ എല്ലാവരും അവനും
അവന്റെ പുത്രനായ ശെഖെമി
നും ചെവികൊടുത്തു: അവന്റെ
പട്ടണത്തിന്റെ വാതിലിൽ കൂടി
പുറപ്പെട്ട എല്ലവാരും ആൺ എ
ല്ലാം ചെല എല്ക്കയും ചെയ്തു.

൨൫ ¶ പിന്നെ മൂന്നാം ദിവസ
ത്തിൽ ഉണ്ടായത എന്തെന്നാൽ,
അവർ വെദനപ്പെട്ടിരിക്കുമ്പൊൾ
യാക്കൊബിന്റെ പുത്രന്മാരായി,
ദീനായുടെ സഹൊദരന്മാരായ ശി
മെഓനും ലെവിയും എന്ന രണ്ടപെ
ർ അവനവന്റെ വാളിനെ എടു
ത്തുകൊണ്ട, പട്ടണത്തിന നെരെ
ധൈയ്യത്തൊടെ ചെന്ന, ആണ
ങ്ങളെ ഒക്കെയും കൊന്നു.

൨൬ അവർ ഹമൊറിനെയും അ
വന്റെ പുത്രനായ ശെഖെമിനെ
യും വാളിന്റെ മൂച്ചയാൽ കൊന്നു,
ദീനായെ ശെഖെമിന്റെ ഭവന
ത്തിൽനിന്ന കൂട്ടികൊണ്ട പുറപ്പെ
ട്ട പൊകയും ചെയ്തു.

൨൭ യാക്കൊബിന്റെ പുത്രന്മാ
ർ കൊല്ലപ്പെട്ടവരുടെ നെരെ വ
ന്ന, അവർ തങ്ങളുടെ സഹൊദരി
യെ അശുദ്ധമാക്കിയതുകൊണ്ട,
പട്ടണത്തെ കവച്ച ചെയ്തു.

൨൮ അവർ അവരുടെ ആടുകളെ
യും, അവരുടെ കാളകളെയും, അ
വരുടെ കഴുതകളെയും, നഗരത്തി
ലുള്ളവയെയും, പറമ്പിലുള്ളവയെ
യും അപഹരിച്ചു.

൨൯ അവരുടെ സകല സമ്പ
ത്തുകളെയും, അവരുടെ പൈതങ്ങ
ളെ ഒക്കെയും, സ്ത്രീകളെയും അവർ
അടിമപ്പെടുത്തി, ഭവനത്തിലുള്ളതി
നെ ഒക്കെയും കൊള്ളയിടുകയും
ചെയ്തു.

൩൦ ¶ അപ്പൊൾ യാക്കൊബ ശി
മെഓനൊടും ലെവിയൊടും പറഞ്ഞു,
ഈ ദെശത്തിലെ കുടിയാന്മാരായ
കനാനായക്കാരുടെ ഇടയിലും, പെ
റിസ്സായക്കാരുടെ ഇടയിലും എ
ന്നെ നാറമാറാക്കിയതിനാൽ നി
ങ്ങൾ എന്നെ ചഞ്ചലപ്പെടുത്തി;
ഞാൻ എണ്ണത്തിൽ കുറെ ജനം
[ആയിരിക്കുന്നു,] അവർ ഇനിക്ക
വിരൊധമായി കൂട്ടം കൂടി, എന്നെ
കൊല്ലും, ഞാനും എന്റെ ഭവന
വും നശിക്കയും ചെയ്യും.

൩൧ എന്നാറെ അവർ പറഞ്ഞു,
അവൻ ഞങ്ങളുടെ സഹൊദരി
യൊട ഒരു വെശ്യാസ്ത്രീയൊട എ
ന്നപൊലെ ചെയ്യാമൊ?

൩൫ അദ്ധ്യായം.

൧ ദൈവം യാക്കൊബിനെ ബെതെലിലെക്ക
അയക്കുന്നത.—൨ ബിംബങ്ങളിൽനിന്ന അ
വൻ തന്റെ ഭവനത്തെ ശുദ്ധമാക്കുകയും.—
൩ ബെതെലിൽ ബലിപീഠം ഉണ്ടാക്കുകയും
ചെയ്യുന്നത.—൨൯ യിസ്സാക്കിന്റെ മരണം.

പിന്നെ ദൈവം യാക്കൊബി
നൊട പറഞ്ഞു, നീ എഴുനീറ്റ,
ബെതെലിന പുറപ്പെട്ട പൊയി,
അവിടെ കുടിയിരിക്ക: നീ നിന്റെ
സഹൊദരനായ എശാവിന്റെ മു
ഖത്തനിന്ന ഒടിപ്പൊകുമ്പൊൾ, നി

നക്ക പ്രത്യക്ഷനായ ദൈവത്തി
ന അവിടെ ഒരു ബലിപീഠവും
ഉണ്ടാക്കുക
൨ അപ്പൊൾ യാക്കൊബ ത
ന്റെ കുഡുംബക്കാരൊടും തന്നൊ
ടകൂടെ ഉള്ളഎല്ലാവരൊടും പറഞ്ഞു,
നിങ്ങളുടെ ഇടയിൽ ഉള്ള അന്യ
ദൈവങ്ങളെ നീക്കികളഞ്ഞ, നിങ്ങ
ളെ ശുദ്ധിയാക്കി, നിങ്ങളുടെ വ
സ്ത്രങ്ങളെയും മാററുവിൻ.
൩ നാം എഴുനീററ, ബെതെലിന
പുറപ്പെട്ടുപൊക; എന്റെ സങ്കട
നാളിൽ എന്നെ ചെവിക്കൊൾക
യും, ഞാൻ നടന്ന വഴിയിൽ എ
ന്നൊട കൂടെയിരിക്കയും ചെയ്യുവ
നായ ദൈവത്തിന അവിടെ ഞാ
ൻ ഒരു ബലിപീഠം ഉണ്ടാക്കും.
൪ അപ്പൊൾ അവർ തങ്ങളുടെ ക
യ്യിൽ ഉള്ള എല്ലാ അന്യ ദൈവങ്ങ
ളെയും, തങ്ങളുടെ കാതുകളിൽ ഉള്ള
കുണുക്കുകളെയും യാക്കൊബിന
കൊടുത്തു: യാക്കൊബ അവയെ
ശെഖെമിന അടുത്ത ഉള്ള ഒരു കരു
വെലക വൃക്ഷത്തിൻ കീഴിൽ ഒളി
ച്ചു വെച്ചു.
൫ പിന്നെ അവർ യാത്ര പുറ
പ്പെട്ടു: അവരുടെ ചുററും ഇരുന്ന
പട്ടണങ്ങളുടെ മെൽ ദൈവത്താ
ലുള്ള ഭയങ്കരം ഉണ്ടായി, അവർ
യാക്കൊബിന്റെ പുത്രന്മാരുടെ
പിന്നാലെ ചെന്നതുമില്ല.
൬ യാക്കൊബും അവനൊട കൂ
ടെ ഉള്ള എല്ലാ ജനങ്ങളും കനാൻ
ദെശത്തുള്ള ലുസിന വന്നു. അത
ബെതെൽ [ആകുന്നു.]
൭ അവിടെ അവൻ ഒരു ബലി
പീഠത്തെ പണിതു, ആ സ്ഥലത്തി
ന എൽബെതെൽ എന്നും പെർ
വിളിച്ചു; എന്തുകൊണ്ടെന്നാൽ അ
വൻ തന്റെ സഹൊദരന്റെ മുഖ
ത്തുനിന്ന ഒടിപൊകുമ്പൊൾ, അ
വിടെ ദൈവം തനിക്ക പ്രത്യക്ഷ
നായി.
൮ വിശെഷിച്ചറിബെക്കായുടെ
ദാസിയായ ദെബൊറാ മരിച്ചു,
ബെതെലിനതാഴെ ഒരു കരുവെല
കവൃക്ഷത്തിൻ കീഴിൽ അടക്കപ്പെ
ട്ടു: ആയതിന അല്ലൊൻബെഖുത്ത
എന്ന പെർ വിളിക്കപ്പെട്ടു.
൯ യാക്കൊബ പാദാൻ അറാ
മിൽനിന്ന വന്നതിന്റെ ശെഷം
ദൈവം അവന പിന്നെയും പ്ര
ത്യക്ഷനായി, അവനെ അനുഗ്ര
ഹിച്ചു.
൧൦ പിന്നെ ദൈവം അവനൊ
ട പറഞ്ഞു, നിന്റെ പെർ യാ
ക്കൊബ [എന്നാകുന്നു:] ഇനി നി
ന്റെ പെർ യാക്കൊബ എന്ന വി
ളിക്കപ്പെടാതെ, യിസ്രാഎൽ എന്ന
നിന്റെ പെർ ഇരിക്കെണം: അ
വന യിസ്രാഎൽ എന്ന പെർ വി
ളിക്കയും ചെയ്തു.
൧൧ പിന്നെയും ദൈവം അവ
നൊട പറഞ്ഞു, ഞാൻ സൎവ്വശക്തി
യുള്ള ദൈവം [ആകുന്നു;] നീ വ
ളൎന്ന വൎദ്ധിക്ക: ജാതിയും ജാതിക
ളുടെ സംഘവും നിന്നിൽനിന്ന ഉ
ണ്ടാകും: രാജാക്കന്മാരും നിന്റെക
ടിപ്രദെശത്തുനിന്ന പുറപ്പെടും.
൧൨ ഞാൻ അബ്രാഹാമിനും യി
സ്സാക്കിനും കൊടുത്ത ദെശത്തെ
നിനക്കും തരാം; നിന്റെ ശെഷം
നിന്റെ സന്തതിക്കും ൟ ദെശ
ത്തെ തരും.
൧൩ പിന്നെ ദൈവം അവനൊ
ട സംസാരിച്ച സ്ഥലത്ത വെച്ച
അവനെ വിട്ട കരെറി പൊയി.
൧൪ അപ്പൊൾ യാക്കൊബ അ
വൻ തന്നൊട സംസാരിച്ച സ്ഥ
ലത്ത കൽതൂണായി ഒരു തൂണ

നിൎത്തി, അതിന്മെൽ പാനീയ കാ
ഴ്ചയെ ഒഴിച്ചു, അതിന്മെൽ എണ്ണ
യെയും ഒഴിച്ചു.
൧൫ ദൈവം തന്നൊട സംസാരി
ച്ച സ്ഥലത്തിന യാക്കൊബ ബെ
തെൽ എന്ന പെർ വിളിക്കയും ചെ
യ്തു.
൧൬ ¶ പിന്നെ അവർ ബെതെ
ലിൽനിന്ന യാത്ര പുറപ്പെട്ടു; എ
ഫ്രാത്തെക്ക വരുന്നതിന കുറെ വ
ഴി ദൂരത്ത ആയപ്പൊൾ, റാഹെലി
ന പ്രസവ വെദനയുണ്ടായി, പ്ര
സവിക്കുമ്പൊൾ അവൾക്ക കഠിന
വെദനയുണ്ടായി.
൧൭ അപ്പൊൾ ഉണ്ടായത എന്തെ
ന്നാൽ, പ്രസവിക്കയിൽ അവൾ
ക്ക കഠിനവെദനയായിരിക്കുമ്പൊ
ൾ, പ്രസവിപ്പിക്കുന്നവൾ അവ
ളൊട പറഞ്ഞു, ഭയപ്പെടരുത ; എ
ന്തെന്നാൽ ഇതും പുത്രനും നിനക്ക
ഉണ്ടാകും.
൧൮ പിന്നെ ഉണ്ടായത എന്തെ
ന്നാൽ, അവളുടെ ആത്മാവ പുറ
പ്പെടുമ്പൊൾ, [എന്തെന്നാൽ അവ
ൾ മരിച്ചു,] അവൾ അവന ബ
നൊനി എന്ന പെർ വിളിച്ചു : എ
ന്നാൽ അവന്റെ പിതാവ അവന
ബെന്യാമിൻ എന്ന പെർ വിളിച്ചു.
൧൯ റാഹെൽ മരിച്ചു, ബെതല
ഹെം ആകുന്ന എഫ്രാത്തെക്ക പൊ
കുന്ന വഴിയിൽ അടക്കപ്പെട്ടു.
൨൦ വിശെഷിച്ച അവളുടെ കല്ല
റയിന്മെൽ യാക്കൊബ ഒരു തൂണി
നെ സ്ഥാപിച്ചു : ആയത ഇന്ന
വരെയും റാഹെലിന്റെ കല്ലറയു
ടെ തൂണ [ആകുന്നു.]
൨൧ ¶ പിന്നെ യിസ്രാഎൽ യാ
ത്ര പുറപ്പെട്ടു, എദർ എന്ന ഗൊപു
രത്തിന അപ്പുറത്ത തന്റെ കൂടാ
രം അടിച്ചു.

൨൨ പിന്നെ യിസ്രാഎൽ ആ രാ
ജ്യത്ത വസിച്ചിരിക്കുമ്പൊൾ, ഉ
ണ്ടായത എന്തെന്നാൽ, രൂബെൻ
പൊയി, തന്റെ പിതാവിന്റെ
വെപ്പാട്ടി സ്ത്രീയായ ബിൽഹാ
യൊട കൂടെ ശയിച്ചു : ആയതിനെ
യിസ്രാഎൽ കെൾക്കയും ചെയ്തു.
വിശെഷിച്ച യാക്കൊബിന്റെ
പുത്രന്മാർ പന്ത്രണ്ട പെരായിരു
ന്നു.
൨൩ ലെയായുടെ പുത്രന്മാർ ; യാ
ക്കൊബിന ആദ്യം ജനിച്ച പുത്ര
നായ രൂബെനും, ശിമെഒനും, ലെവി
യും, യെഹൂദായും, ഇസ്സാഖാറും,
സെബുലൂനും.
൨൪ റാഹെലിന്റെ പുത്രന്മാർ ;
യൊസെഫും, ബെന്യാമിനും.
൨൫ റാഹെലിന്റെ ദാസിയായ
ബിൽഹായുടെ പുത്രന്മാർ ; ദാനും
നപ്തലിയും.
൨൬ ലെയായുടെ ദാസിയായ
സില്പായുടെ പുത്രന്മാർ; ഗാദും, ആ
ശെറും. ഇവർ യാക്കൊബിന പാ
ദാൻ ആറാമിൽ ജനിച്ച അവ
ന്റെ പുത്രന്മാർ [ആകുന്നു.]
൨൭ ¶ പിന്നെ യാക്കൊബ അ
ൎബ്ബായുടെ നഗരമായ മമ്രെക്ക ത
ന്റെ പിതാവായ യിസ്സാക്കിന്റെ
അടുക്കൽ വന്നു : ആയത അബ്രാ
ഹാമും യിസ്സാക്കും പാൎത്തിരുന്ന
ഹെബ്രൊൻ [ആകുന്നു.]
൨൮ വിശെഷിച്ച യിസ്സാക്കി
ന്റെ ദിവസങ്ങൾ നൂറ്റ എണ്പത
സംവത്സരമായിരുന്നു.
൨൯ യിസ്സാക്ക വൃദ്ധനും, ദിവസ
ങ്ങളിൽ പൂൎണ്ണനുമായി പ്രാണനെ
വിട്ട മരിച്ചു, തന്റെ ജനത്തൊട
ചെൎക്കപ്പെട്ടു : അവനെ അവന്റെ
പുത്രന്മാരായ എശാവും യാക്കൊ
ബും അടക്കുകയും ചെയ്തു.

൩൬ അദ്ധ്യായം.

൧ എശാവിന്റെ ഭാൎയ്യമാർ.—൬. ശെയിർ എന്ന മലയിലെക്ക അവൻ കുടി നീങ്ങിയത. ൯. അവന്റെ പുത്രന്മാർ.

ഇവ എദൊം ആകുന്ന എശാ
വിന്റെ സന്തതികൾ.
൨ എശാ കനാന്റെ പുത്രിമാരി
ൽനിന്ന സ്ത്രീകളായിട്ട ഹിത്തിയ
ക്കാരനായ എലൊന്റെ പുത്രിയാ
യ ആദായെയും, ഹിവിയക്കാര
നായ സിബെയൊന്റെ പുത്രി
യായ അനായുടെ പുത്രിയായ അ
ഹൊലിബാമായെയും;
൩ യിഷ്മ്മഎലിന്റെ പുത്രിയും
നെബായൊത്തിന്റെ സഹൊദരി
യുമായ ബഷമത്തിനെയും കൈ
ക്കൊണ്ട.
൪ ആദാ എശാവിന എലിഫാ
സിനെ പ്രസവിച്ചു: ബഷമാ
ത്ത റെയുയെലിനെ പ്രസവിച്ചു:
൫ അഹൊലിബാമാ യെയുശി
നെയും, യാലാമിനെയും, കൊറാ
ഹിനെയും പ്രസവിച്ചു; ഇവർ
എശാവിന കനാൻ ദെശത്ത ജ
നിച്ച അവന്റെ പുത്രന്മാർ [ആകു
ന്നു.]
൬ പിന്നെ എശാ തന്റെ സ്ത്രീ
കളെയും, തന്റെ പുത്രന്മാരെയും,
തന്റെ പുത്രിമാരെയും, തന്റെ ഭ
വനത്തിലുള്ള എല്ലാ ആളുകളെയും,
തന്റെ ആട്ടമാട്ടുകളെയും, തന്റെ
സകല മൃഗങ്ങളെയും, താൻ കനാ
ൻ ദെശത്ത സമ്പാദിച്ച തന്റെ
എല്ലാ സമ്പത്തുകളെയും കൊണ്ട,
തന്റെ സഹൊദരനായ യാക്കൊ
ബിന്റെ മുഖത്തനിന്ന ദെശത്തെ
ക്ക പൊയി.
൭ അത എന്തെന്നാൽ അവർ ഒ
ന്നിച്ച കുടിയിരിപ്പാൻ വഹിയാ
തെ കണ്ട, അവരുടെ സമ്പത്ത അ
ധികമായിരുന്നു: അവർ പരദെ
ശികളായി പാൎത്തിരുന്ന ഭൂമിയും
അവരുടെ ആട്ടമാട്ടുകളുടെ ഹെതു
വായി അവരെ വഹിച്ചുകൂടാത്തത
ആയിരുന്നു.
൮ അതുകൊണ്ട എശാ ശെയിർ
പൎവതത്തിൽ കുടിയിരുന്നു: എശാ
എദൊം തന്നെ [ആകുന്നു.]
൯ ശെയിർ പൎവതത്തിൽ എ
ദൊമിക്കാരുടെ പിതാവായ എശാ
വിന്റെ സന്തതികൾ ഇവ [ആ
കുന്നു.]
൰ എശാവിന്റെ പുത്രന്മാരുടെ
പെരുകൾ ഇവ, എശാവിന്റെ
സ്ത്രീയായ ആദായുടെ പുത്രനായ
എലിഫാസും, എശാവിന്റെ സ്ത്രീ
യായ ബഷമത്തിന്റെ പുത്രനാ
യ റെയുയെലും.
൰൧ എലിഫാസിന്റെ പുത്രന്മാ
ർ തെമാനും, ഒമാറും, സെഫൊയും,
ഗാതാമും, കെനാസും ആയിരുന്നു.
൰൨ തിംനാ എശാവിന്റെ പുത്ര
നായ എലിഫാസിന വെപ്പാട്ടി
സ്ത്രീ ആയിരുന്നു: അവൾ എലി
ഫാസിന അമാലെക്കിനെ പ്രസ
വിച്ചു: ഇവർ എശാവിന്റെ സ്ത്രീ
യായ ആദായുടെ പുത്രന്മാർ.
൰൩ പിന്നെ ഇവർ റെയുയെ
ലിന്റെ പുത്രന്മാർ; നാഹാത്തും,
സെറായും, ശമ്മായും, മിസ്സായും:
ഇവർ എശാവിന്റെ സ്ത്രീയായ
ബഷമത്തിന്റെ പുത്രന്മാർ ആ
യിരുന്നു.
൰൪ പിന്നെ ഇവർ സിബെ
യൊന്റെ പുത്രിയായ അനായു
ടെ പുത്രിയായ അഹൊലിബാമാ
എന്ന എശാവിന്റെ സ്ത്രീയുടെ
പുത്രന്മാർ ആയിരുന്നു: അവൾ
എശാവിന യെയുശിനെയും, യാ
ലിമിനെയും, കൊറായെയും പ്രസ
വിച്ചു.

൧൫ എശാവിന്റെ പുത്രന്മാരുടെ പ്രഭുക്കൾ ഇവർ[ആയിരുന്നു:] എശാവിന്ന ആദ്യം ജനിച്ച പുത്രനായ എലിഫാസിന്റെ പുത്രന്മാർ: തെമാൻ പ്രഭു, ഒമാർ പ്രഭു, സെഫൊ പ്രഭു, കെനാസ പ്രഭു,

൧൬ കൊറഹ പ്രഭു, ഗാതാം പ്രഭു, അമാലെക്ക പ്രഭു: ഇവർ എദൊം ദെശത്ത എലിഫാസിൽനിന്ന ഉണ്ടായ പ്രഭുക്കൾ: ഇവർ ആദായുടെ പുത്രന്മാർ.

൧൭ എന്നാൽ എശാവിന്റെ പുത്രനായ റെയുയെലിന്റെ പുത്രന്മാർ ഇവർ: നഹത്ത പ്രഭു, സെറ പ്രഭു, ശമ്മാ പ്രഭു, മിസ്സാ പ്രഭു: ഇവർ എദൊം ദെശത്ത റെയുയെലിൽനിന്ന ഉണ്ടായ പ്രഭുക്കൾ: ഇവർ എശാവിന്റെ സ്ത്രീയായ ബഷമാത്തിന്റെ പുത്രന്മാർ.

൧൮ എന്നാൽ എശാവിന്റെ സ്ത്രീയായ അഹൊലിബാമായുടെ പുത്രന്മാർ ഇവർ: യെയുശ പ്രഭു, യാലാം പ്രഭു, കൊറഹ പ്രഭു: ഇവർ അനായുടെ പുത്രിയായി എശാവിന്റെ സ്ത്രീയായ അഹൊലിബാമായിൽനിന്ന ഉണ്ടായ പ്രഭുക്കൾ.

൧൯ ഇവർ തന്നെ എദൊം ആകുന്ന എശാവിന്റെ പുത്രന്മാരും, ഇവർ അവരുടെ പ്രഭുക്കളും [ആകുന്നു.]

൨൦ ¶ ആ ദെശത്ത കുടികളായ ഹൊറിക്കാരനായ ശെയിറിന്റെ പുത്രന്മാർ, ഇവർ: ലൊത്താനും, ശൊബാലും, സിബെയൊനും, അനായും,

൨൧ ദിഷൊനും, എസെറും, ദിഷാനും [ആകുന്നു:] ഇവർ എദൊം ദെശത്ത ശെയിറിന്റെ പുത്രന്മാരായ ഹൊറിക്കാരുടെ പ്രഭുക്കൾ[ആകുന്നു.]

൨൨ എന്നാൽ ലൊത്താന്റെ പുത്രന്മാർ, ഹൊറിയും, ഹെമാനും, ആയിരുന്നു: ലൊത്താന്റെ സഹൊദരി തിമ്നാ [ആയിരുന്നു.]

൨൩ ശൊബാലിന്റെ പുത്രന്മാർ, ഇവർ; അല്വാനും, മാനഹത്തും, എബാലും; ശെഫൊയും; ഒനാമും [ആയിരുന്നു.]

൨൪ സിബെയൊന്റെ പുത്രന്മാർ ഇവർ: ആയായും; അനായും ആയിരുന്നു: വനത്തിൽ തന്റെ പിതാവായ സിബെയൊന്റെ കഴുതകളെ മെയിക്കുമ്പൊൾ, കൊവർ കഴുതകളെ കണ്ടെത്തിയ അനാ ഇവൻ തന്നെ [ആയിരുന്നു.]

൨൫ പിന്നെ അനായുടെ മക്കൾ ഇവർ; ദിഷൊനും; അനായുടെ പുത്രിയായ അഹൊലിബാമായും [ആയിരുന്നു.]

൨൬ ഇവർ ദിഷൊന്റെ മക്കൾ; ഹെംദാനും, എഷ്ബാനും; യിത്രാനും, കെറാനും [ആയിരുന്നു.]

൨൭ എശെറിന്റെ മക്കൾ ഇവർ; ബിൽഹാനും, സാവാനും, അക്കാനും [ആയിരുന്നു.]

൨൮ ദിഷൊന്റെ പുത്രന്മാർ ഇവർ, ഉസ്സും അറാനും [ആയിരുന്നു.]

൨൯ ഹൊറിക്കാരുടെ പ്രഭുക്കൾ ഇവർ: ലൊത്താൻ പ്രഭു, ശൊബാൽ പ്രഭു, സിബെയൊൻ പ്രഭു, അനാ പ്രഭു,

൩൦ ദിഷൊൻ പ്രഭു, എശെർ പ്രഭു, ദിഷാൻ പ്രഭു: ഇവർ ശെയിർ ദെശത്ത തങ്ങളുടെ പ്രഭുക്കളിൽ ഹൊറിക്കാരിൽനിന്ന ഉണ്ടായ പ്രഭുക്കൾ [ആകുന്നു.]

൩൧ ¶ പിന്നെ യിസ്രാഎൽ പുത്രന്മാരെ ഒരു രാജാവ വാഴുന്നതിന മുമ്പെ എദൊം ദെശത്ത വാണ രാജാക്കന്മാർ ഇവർ [ആകുന്നു.]

൩൨ ബെയൊറിന്റെ പുത്രനായ ബെലാ എദൊമിൽ രാജാവായി വാണു; അവന്റെ നഗരത്തിന്റെ പെർ ദിൻഹാബാ [എന്നായിരുന്നു.]
൩൩ പിന്നെ ബെലാ മരിച്ചു, അപ്പൊൾ ബൊസ്രായിൽനിന്നുള്ളവനായ സെറായുടെ പുത്രനായ യൊബാബ അവന പകരം വാണു.
൩൪ പിന്നെയൊബാബ മരിച്ചു, അപ്പൊൾ തെമാനി ദെശത്തനിന്നുള്ള ഹുഷാം അവന പകരം വാണു.
൩൫ പിന്നെ ഹുഷാം മരിച്ചു, അപ്പൊൾ മൊവാബിന്റെ ഭൂമിയിൽ മിദിയാനെ ജയിച്ച ബെദാദിന്റെ പുത്രനായ ഹദാദ അവന പകരം വാണു: അവന്റെ നഗരത്തിന്റെ പെർ അവീത്ത [എന്നായിരുന്നു.]
൩൬ പിന്നെ ഹദാദ മരിച്ചു, അപ്പൊൾ മസ്രെക്കായിൽനിന്നുള്ള ശമ്ലാ അവന പകരം വാണു.
൩൭ പിന്നെ ശമ്ലാ മരിച്ചു, അപ്പൊൾ നദിക്കടുത്ത റെഹൊബൊത്തിൽനിന്നുള്ള ശൌൽ അവന പകരം വാണു.
൩൮ പിന്നെ ശൌൽ മരിച്ചു, അപ്പൊൾ അക്ബൊറിന്റെ പുത്രനായ ബാൽഹാനാൻ അവന പകരം വാണു.
൩൯ പിന്നെ അക്ബൊറിന്റെ പുത്രനായ ബാൽഹാനാൻ മരിച്ചു, അപ്പൊൾ ഹാദർ അവന പകരം വാണു; അവന്റെ നഗരത്തിന്റെ പെർ പൌ [എന്നായിരുന്നു:] അവന്റെ സ്ത്രീയുടെ പെർ മെഹെതബെൽ [എന്നായിരുന്നു:] അവൾ മെസഹാബിന്റെ പുത്രിയായ മത്രെദിന്റെ പുത്രി [ആയിരുന്നു.]
൪൦ ൟ അവരവരുടെ വംശങ്ങളിൻ പ്രകാരം, അവരവരുടെ സ്ഥാനങ്ങളിൻ പ്രകാരം, അവരവരുടെ പെരുകളാൽ എശാവിൽനിന്ന [ഉണ്ടായ] പ്രഭുക്കളുടെ പെരുകൾ ഇവ: തിമ്നാ പ്രഭു, അൽവാ പ്രഭു, യെതെത്ത പ്രഭു,
൪൧ അഹൊലിബാമാ പ്രഭു, എയലാ പ്രഭു, പീനൊൻ പ്രഭു,
൪൨ കെനാസ പ്രഭു, തെമാൻ പ്രഭു, മിബ്സാർ പ്രഭു,
൪൩ മഗ്ദിയെൽ പ്രഭു, ഈറാം പ്രഭു: ഇവർ തങ്ങളുടെ അനുഭവമുള്ള ദെശത്ത അവരവരുടെ വാസസ്ഥലങ്ങളിൻ പ്രകാരം എദൊമിന്റെ പ്രഭുക്കൾ [ആകുന്നു.] ഇവൻ എദൊമിക്കാരുടെ പിതാവായ എശാവ [ആകുന്നു.]

൩൭ അദ്ധ്യായം

൧ യൊസെഫ തന്റെ സഹൊദരന്മാരാൽ പകെക്കപ്പെടുന്നത.—൫ അവന്റെ രണ്ട സ്വപ്നങ്ങൾ.—൧൮. അവന്റെ സഹൊദരന്മാർ അവന്റെ മരണത്തിന ചതിവായി വിചാരിക്കുന്നത. — ൨൮. അവൻ മിസ്രയിമിൽ പൊത്തിഫെറിന വിൽക്കപ്പെടുന്നത.

വിശെഷിച്ച യാക്കൊബ തന്റെ പിതാവ പരദെശിയായി പാൎത്ത ദെശമായ കനാൻ ദെശത്ത വസിച്ചിരുന്നു.
൨ ഇവ യാക്കൊബിന്റെ സന്തതികൾ [ആകുന്നു:] യൊസെഫ പതിനെഴ വയസ്സുള്ളവനായപ്പൊൾ തന്റെ സഹൊദരന്മാരൊടു കൂടെ ആട്ടിൻ കൂട്ടങ്ങളെ മെയിച്ചുകൊണ്ടിരുന്നു; ആ ബാലകൻ തന്റെ പിതാവിന്റെ ഭാൎയ്യമാരായ ബിൽഹായുടെ പുത്രന്മാരൊടും സില്പായുടെ പുത്രന്മാരൊടും കൂടെ ഉണ്ടായിരുന്നു: എന്നാൽ അവരുടെ ദുഷ്കീൎത്തിയെ യൊസെഫ തന്റെ പിതാവിനൊട വന്ന പറഞ്ഞു.

൩ യൊസെഫ തനിക്ക വൃദ്ധത
യിൽ ജനിച്ച പുത്രനാകകൊണ്ട
യിസ്രാഎൽ തന്റെ എല്ലാ മക്കളെ
ക്കാളും അവനെ അധികം സ്നെ
ഹിച്ചു, [പല] നിറമായുള്ള ഒര അ
ങ്കിയെ അവന ഉണ്ടാക്കിച്ചു.

൪ പിന്നെ തങ്ങളുടെ പിതാവ അ
വനെ അവന്റെ എല്ലാ സഹൊ
ദരന്മാരെക്കാളും അധികം സ്നെ
ഹിക്കുന്നു എന്ന, അവന്റെ സ
ഹൊദരന്മാർ കണ്ടപ്പൊൾ, അവ
ർ അവനെ പകച്ചു, അവനൊട
സമാധാനമായി സംസാരിപ്പാൻ
കഴിഞ്ഞില്ല.

൫ അത്രയുമല്ല, യൊസെഫ ഒ
രു സ്വപ്നം കണ്ടു, [അതിനെ] ത
ന്റെ സഹൊദരന്മാരൊട അറിയി
ച്ചു: എന്നാറെ അവർ പിന്നെയും
അവനെ അധികം ദ്വെഷിച്ചു.

൬ എന്നാൽ അവൻ അവരൊട
പറഞ്ഞു, ഞാൻ കണ്ടിട്ടുള്ള ൟ സ്വ
പ്നം കെൾക്കെണമെന്ന ഞാൻ അ
പെക്ഷിക്കുന്നു.

൭ ഇതാ, നാം വയലിന്റെ നടു
വിൽ കററകളെ കെട്ടിക്കൊണ്ട ഇ
രുന്നു; അപ്പൊൾ ഇതാ, എന്റെ ക
ററ നിവിൎന്ന, നെരെ നിന്നു; എ
ന്നാൽ ഇതാ, നിങ്ങളുടെ കററകൾ
ചുററും നിന്ന, എന്റെ കററയെ
വന്ദിച്ചു.

൮ അപ്പൊൾ അവന്റെ സ
ഹൊദരന്മാർ അവനൊട, നീ ഞ
ങ്ങളുടെ മെൽ നിശ്ചയമായി വാ
ഴുമൊ? നിനക്ക ഞങ്ങളുടെ മെൽ
നിശ്ചയമായി അധികാരം ഉണ്ടാ
കുമൊ? എന്ന പറഞ്ഞു. അവനെ
അവന്റെ സ്വപ്നങ്ങളുടെ നിമിത്ത
വും, അവന്റെ വചനങ്ങളുടെ നി
മിത്തവും അവർ പിന്നെയും അ
ധികമധികം ദ്വെഷിച്ചു.

൯ പിന്നെ അവൻ മറെറാരു
സ്വപ്നം കണ്ടു, ആയതിനെ ത
ന്റെ സഹൊദരന്മാരൊട അറിയി
ച്ചു, ഇതാ, ഞാൻ പിന്നെയും ഒരു
സ്വപ്നം കണ്ടു; ഇതാ, സൂൎയ്യനും ച
ന്ദ്രനും പതിനൊന്ന നക്ഷത്രങ്ങളും
ഇനിക്ക വന്ദനം ചെയ്തു എന്ന പ
റഞ്ഞു.

൧൦ അവൻ ഇതിനെ തന്റെ പി
താവിനൊടും തന്റെ സഹൊദര
ന്മാരൊടും അറിയിച്ചു: എന്നാറെ
അവന്റെ പിതാവ അവനെ ശാ
സിച്ചു, അവനൊട പറഞ്ഞു, നീ
കണ്ട ൟ സ്വപ്നം എന്ത? ഞാനും
നിന്റെ മാതാവും നിന്റെ സ
ഹൊദരന്മാരും ഭൂമി വരെയും നി
നക്ക കുമ്പിടുവാൻ നിശ്ചയമായി
വരുമൊ?

൧൧ അവന്റെ സഹൊദരന്മാർ
അവനിൽ അസൂയപ്പെട്ടു: എന്നാ
ൽ അവന്റെ പിതാവ ൟ വാ
ക്കിനെ വിചാരിച്ചിരുന്നു.

൧൨ ¶ പിന്നെ അവന്റെ സ
ഹൊദരന്മാർ ശെഖെമിൽ തങ്ങളു
ടെ പിതാവിന്റെ ആട്ടിൻകൂട്ടങ്ങ
ളെ മെയ്പാൻ പൊയി.

൧൩ അപ്പൊൾ യിസ്രാഎൽ
യൊസെഫിനൊട പറഞ്ഞു, നി
ന്റെ സഹൊദരന്മാർ ശെഖെമി
ൽ [ആട്ടിൻകൂട്ടങ്ങളെ] മെയിക്കു
ന്നില്ലയൊ? വരിക, ഞാൻ നി
ന്നെ അവരുടെ അടുക്കലെക്ക അ
യക്കും. എന്നാറെ അവൻ അവ
നൊട, ഇതാ, ഞാൻ എന്ന പറഞ്ഞു.

൧൪ അപ്പൊൾ അവൻ അവ
നൊട, നീ ഇപ്പൊൾ ചെന്ന നി
ന്റെ സഹൊദരന്മാർ സൌഖ്യമാ
യിരിക്കുന്നുവൊ എന്നും, ആട്ടിൻ
കൂട്ടങ്ങൾ സൌഖ്യമായിരിക്കുന്നു
വൊ എന്നും നൊക്കി: എന്നൊടത്തു

വൎത്തമാനം തിരിച്ചുവന്ന അറിയി
ക്കയും വെണം എന്ന പറഞ്ഞു. അ
വൻ ഹെബ്രൊന്റെ താഴ്വരയിൽനി
ന്ന അവനെ അയച്ചു; അവൻ ശെ
ഖെമിനും പൊയി.

൧൫ അപ്പൊൾ ഇതാ, ഒരു മനു
ഷ്യൻ അവനെ പറമ്പിൽ വഴി
തെറ്റി നടക്കുന്നത കണ്ടു: നീ എ
ന്ത അന്വെഷിക്കുന്നു എന്ന ആ
മനുഷ്യൻ അവനൊട ചൊദിച്ചു.

൧൬ എന്നാറെ അവൻ പറഞ്ഞു,
ഞാൻ എന്റെ സഹൊദരന്മാരെ
അന്വെഷിക്കുന്നു: അവർ എവി
ടെ [ആടുകളെ] മെയിക്കുന്നു എ
ന്ന എന്നൊട അറിയിക്കെണമെ
ന്ന ഞാൻ അപെക്ഷിക്കുന്നു.

൧൭ ആ മനുഷ്യൻ പറഞ്ഞു, അ
വർ ഇവിടെനിന്ന പുറപ്പെട്ടുപൊ
യി: എന്തെന്നാൽ നാം ദൊതാന്ന
പൊക എന്ന അവർ പറയുന്നത്
നെ ഞാൻ കെട്ടു. അപ്പൊൾ യൊ
സെഫ തന്റെ സഹൊദരന്മാരു
ടെ പിന്നാലെ ചെന്ന, അവരെ
ദൊതാനിൽ വെച്ച കണ്ടു.

൧൮ എന്നാറെ അവർ അവനെ
ദൂരത്ത കണ്ടപ്പൊൾ, അവൻ തങ്ങ
ളുടെ അടുക്കൽ എത്തുന്നതിന മു
മ്പെ അവർ അവന വിരൊധമാ
യി, അവനെ കൊല്ലെണ്ടുന്നതിന,
ചതിവായി വിചാരിച്ചു.

൧൯ അവർ തമ്മിൽ തമ്മിൽ പറ
ഞ്ഞു, അതാ, ആ സ്വപ്നക്കാരൻ വ
രുന്നു.

൨൦ അതുകൊണ്ട ഇപ്പൊൾ വരി
ക, നാം അവനെ കൊന്ന, കുഴിക
ളിൽ ഒന്നിൽ അവനെ ഇട്ടുകളക;
ഒരു ദുഷ്ടമൃഗം അവനെ ഭക്ഷിച്ചു
കളഞ്ഞു എന്നും നാം പറയും: അവ
ന്റെ സ്വപ്നങ്ങൾ എന്താകുമെന്ന
നമുക്ക കാണുകയും ചെയ്യാം.

൨൧ എന്നാൽ രൂബൻ [അതി
നെ] കെട്ടു, അവനെ അവരുടെ
കൈകളിൽനിന്ന വിടുവിച്ചു; നാം
അവനെ കൊല്ലരുത എന്നും പറ
ഞ്ഞു.

൨൨ പിന്നെ രൂബൻ അവരൊ
ട പറഞ്ഞു, നിങ്ങൾ രക്തം ചൊ
രിക്കരുത, നിങ്ങൾ അവന്റെ മെ
ൽ കൈ വെക്കാതെ, അവനെ വ
നത്തിലുള്ള ഈ കുഴിയിലെക്ക ഇടു
വിൻ; അത അവൻ അവനെ അ
വരുടെ കൈകളിൽനിന്ന വിടുവി
ച്ച, അവനെ അവന്റെ പിതാവി
ന്റെ അടുക്കൽ തിരിച്ച കൊണ്ടു
പൊകെണ്ടുന്നതിന ആയിരുന്നു.

൨൩ പിന്നെ ഉണ്ടായത എന്തെ
ന്നാൽ, യൊസെഫ തന്റെ സ
ഹൊദരന്മാരുടെ അടുക്കൽ വന്ന
പ്പൊൾ, അവർ യൊസെഫ ഉടു
ത്തിരുന്ന പലനിറമുള്ള അങ്കിയാ
യ അവന്റെ അങ്കിയെ അഴിച്ചു;

൨൪ അവർ അവനെ എടുത്ത, ഒ
രു കുഴിയിലെക്ക ഇട്ടുകളഞ്ഞു: ആ
യത വെറുംകുഴി [ആയിരുന്നു,] അ
തിൽ വെള്ളമുണ്ടായിരുന്നില്ല.

൨൫ പിന്നെ അവർ അപ്പം ഭ
ക്ഷിപ്പാൻ ഇരുന്നു; അവർ തങ്ങ
ളുടെ കണ്ണുകളെ ഉയൎത്തി നൊക്കി
യപ്പൊൾ, ഇതാ, ഗിലെയാദിൽനി
ന്ന യിഷ്മയെൽകാരുടെ കൂട്ടം വരു
ന്നതിനെ കണ്ടു. അവരുടെ ഒട്ടക
ങ്ങൾ പലവ്യഞ്ജനകൊപ്പുകളെയും
ശയുടെ തൈലത്തെയും, മൂറിനെ
യും, മിസ്രയിമിലെക്ക കൊണ്ടുപൊ
കുന്നതിന ചുമന്നുനടന്നു.

൨൬ അപ്പൊൾ യെഹൂദാ തന്റെ
സഹൊദരന്മാരൊട പറഞ്ഞു, നാം
നമ്മുടെ സഹൊദരനെ കൊന്ന,
അവന്റെ രക്തത്തെ ഒളിച്ചാൽ ഉ
പകാരം എന്ത?

൨൭ വരുവിൻ, നാം അവനെ യിസ്മയെൽകാൎക്ക വില്ക്കു; നമ്മുടെ കൈ അവന്റെ മെൽ ഇരിക്കരുത: അത എന്തെന്നാൽ അവൻ നമ്മുടെ സഹൊദരനും നമ്മുടെ മാംസവും ആയിരിക്കുന്നു: അവന്റെ സഹൊദരന്മാർ സമ്മതിക്കയും ചെയ്തു.

൨൮ അന്ന കച്ചവടക്കാരായ മിദിയാനിക്കാർ കടന്നുപൊകയായിരുന്നു; അപ്പൊൾ അവർ യൊസെഫിനെ ആ കുഴിയിൽനിന്ന വലിച്ച കരെറ്റി, യൊസെഫിനെ യിസ്മയെൽകാൎക്ക ഇരുപത വെള്ളിക്കാശിന വിറ്റുകളഞ്ഞു: ആയവർ യൊസെഫിനെ മിസ്രയിമിലെക്ക കൊണ്ടുപൊകയും ചെയ്തു.

൨൯ പിന്നെ രൂബൻ ആ കുഴിയുടെ അടുക്കൽ തിരിച്ചുവന്നു; ഇതാ, യൊസെഫ കുഴിയിൽ ഇല്ലാഞ്ഞു: അപ്പൊൾ അവൻ തന്റെ വസ്ത്രങ്ങളെ കീറി,

൩൦ അവൻ തന്റെ സഹൊദരന്മാരുടെ അടുക്കൽ തിരിച്ചുവന്ന പറഞ്ഞു, പൈതൽ ഇല്ലല്ലൊ; എന്നാൽ ഞാനൊ, ഞാൻ എവിടെ പൊകെണ്ടു?

൩൧ ¶ പിന്നെ അവർ യൊസെഫിന്റെ അങ്കിയെ എടുത്ത, ഒരു വെള്ളാട്ടിൻ കുട്ടിയെ കൊന്ന, ആ അങ്കിയെ രക്തത്തിൽ മുക്കി.

൩൨ പിന്നെ അവർ പലനിറമായുള്ള അങ്കിയെ കൊടുത്തയച്ചു, തങ്ങളുടെ പിതാവിന്റെ അടുക്കൽ എത്തിച്ചു; ഇതിനെ ഞങ്ങൾ കണ്ടെത്തി, ഇത നിന്റെ പുത്രന്റെ അങ്കിയൊ അല്ലയൊ എന്ന നൊക്കി അറിയെണമെന്നും പറഞ്ഞു.

൩൩ അവൻ ആയതിനെ അറിഞ്ഞ, ഇത എന്റെ പുത്രന്റെ അങ്കി; ഒരു ദുഷ്ടമൃഗം അവനെ ഭക്ഷിച്ചു: യൊസെഫ ചീന്തിപ്പൊയി നിശ്ചയം എന്ന പറഞ്ഞു.

൩൪ പിന്നെ യാക്കൊബ തന്റെ വസ്ത്രങ്ങളെ കീറി, തന്റെ അരയിൽ ചാക്കശീലയും കെട്ടി, എറിയ ദിവസം തന്റെ പുത്രനായിട്ട ദുഃഖിച്ചുകൊണ്ടിരുന്നു.

൩൫ അവന്റെ എല്ലാ പുത്രന്മാരും അവന്റെ എല്ലാ പുത്രിമാരും അവനെ ആശ്വസിപ്പിപ്പാനായിട്ട എഴുനീറ്റു: എന്നാറെ അവൻ ആശ്വസിക്കപ്പെടുന്നതിന സമ്മതിക്കാതെ, ഞാൻ ദുഃഖത്തൊടെ എന്റെ പുത്രന്റെ അടുക്കൽ ശവക്കുഴിയിലെക്ക ഇറങ്ങുമെന്ന പറഞ്ഞു. ഇങ്ങിനെ അവന്റെ പിതാവ അവനെ കുറിച്ച കരഞ്ഞുകൊണ്ടിരുന്നു.

൩൬ പിന്നെ മിദിയാനിക്കാർ അവനെ മിസ്രയിമിൽ പറവൊന്റെ മന്ത്രിയായി കാവൽക്കാരുടെ പ്രമാണിയായ പൊത്തിഫാറിന വിറ്റു.

൩൮ അദ്ധ്യായം.

൧ യെഹൂദാ എറിനെയും ഒനാനെയും ശെലായെയും ജനിപ്പിക്കുന്നത.—൬ എർ താമാറിനെ വിവാഹം ചെയ്യുന്നത.—൮ ഒനാന്റെ ലംഘനം.—൧൨ താമാറിനൊട കൂടെ യെഹൂദായുടെ പ്രകൃതിക്ക ചെരാത്ത സംഗം.

൧ ആക്കാലത്ത ഉണ്ടായത എന്തെന്നാൽ, യെഹൂദാ തന്റെ സഹൊദരന്മാരെ വിട്ട ഇറങ്ങിപ്പൊയി, അദുല്ലാമിക്കാരനായ ഒരു മനുഷ്യന്റെ അടുക്കൽ അകത്ത ചെന്നു, അവന്റെ പെർ ഹിറാ എന്നായിരുന്നു.

൨ അവിടെ യെഹൂദാ ശൂവാ എന്ന നാമമുള്ള ഒരു കനാനായ മനുഷ്യന്റെ പുത്രിയെ കണ്ടു; ആയവൻ അവളെ കൈക്കൊണ്ടു, അവളുടെ അടുക്കൽ പ്രവെശിച്ചു.

ങ്കി

൩ എന്നാറെ അവൾ ഗൎഭംധരിച്ചു, ഒരു പുത്രനെ പ്രസവിച്ചു; അവന എർ എന്ന പെർ വിളിക്കയും ചെയ്തു.

൪ അവൾ പിന്നെയും ഗൎഭംധരിച്ചു, ഒരു പുത്രനെ പ്രസവിച്ചു; അവന ഒനാൻ എന്ന പെർ വിളിക്കയും ചെയ്തു.

൫ അവൾ പിന്നെയും ഗൎഭം ധരിച്ചു, ഒരു പുത്രനെ പ്രസവിച്ചു; അവന ശെലാ എന്ന പെർ വിളിക്കയും ചെയ്തു. അവൾ ഇവനെ പ്രസവിച്ചപ്പൊൾ, അവൻ ഖെസിബിൽ ആയിരുന്നു.

൬ എന്നാൽ യെഹൂദാ തനിക്ക ആദ്യം ജനിച്ചവനായ എറിന താമാർ എന്ന പെരുള്ള ഒരു ഭാൎയ്യയെ എടുത്തു.

൭ എന്നാൽ യെഹൂദായ്ക്കു ആദ്യം ജനിച്ച എർ യഹൊവായുടെ മുമ്പാകെ ദുഷ്ടനായിരുന്നു. യഹൊവാ അവനെ കൊല്ലുകയും ചെയ്തു.

൮ അപ്പൊൾ യെഹൂദാ ഒനാനൊട, നീ നിന്റെ ജ്യെഷ്ഠന്റെ ഭാൎയ്യയുടെ അടുക്കൽ പ്രവെശിച്ചു, അവളെ വിവാഹം ചെയ്തു, നിന്റെ ജ്യെഷ്ഠനായിട്ട സന്തതിയെ ഉണ്ടാക്കുക എന്ന പറഞ്ഞു.

൯ എന്നാൽ ആ സന്തതി തന്റെതായിരിക്കയില്ല എന്ന ഒനാൻ അറിഞ്ഞു: അതുകൊണ്ട അവൻ തന്റെ ജ്യെഷ്ഠന്റെ ഭാൎയ്യയുടെ അടുക്കൽ പ്രവെശിച്ചപ്പൊൾ, ഉണ്ടായത എന്തെന്നാൽ, അവൻ തന്റെ ജ്യെഷ്ഠന സന്തതിയെ കൊടുക്കാതെ ഇരിക്കെണ്ടുന്നതിന ആയതിനെ ഭൂമിയിൽ വീഴ്ത്തിക്കളഞ്ഞു.

൰ അവൻ ചെയ്തത യഹൊവായ്ക്കു അനിഷ്ടമായിരുന്നു; അതുകൊണ്ട അവൻ അവനെയും കൊന്നു.

൰൧ അപ്പൊൾ യെഹൂദാ തന്റെ മരുമകളായ താമാറൊട, എന്റെ പുത്രനായ ശെലാ പ്രാപ്തിയാകുവൊളം നിന്റെ പിതാവിന്റെ ഭവനത്തിൽ വിധവയായി പാൎക്ക, എന്ന പറഞ്ഞു; (അത എന്തുകൊണ്ടെന്നാൽ പക്ഷെ ഇവനും തന്റെ സഹൊദരന്മാർ എന്നപൊലെ മരിക്കും എന്ന അവൻ പറഞ്ഞു:) താമർ തന്റെ പിതാവിന്റെ ഭവനത്തിൽ പൊയി പാൎക്കയും ചെയ്തു.

൰൨ ¶ എറിയ ദിവസം കഴിഞ്ഞതിന്റെ ശെഷം ശൂവായുടെ പുത്രിയായ യെഹൂദായുടെ ഭാൎയ്യ മരിച്ചു: പിന്നെ യെഹൂദാ ആശ്വസിക്കപ്പെട്ട, തിമ്നാതിന തന്റെ ആടുകളെ രൊമം വെട്ടുന്നവരുടെ അടുക്കൽ പുറപ്പെട്ട, അവനും അദുല്ലാമിക്കാരനായ ഹിറാ എന്ന അവന്റെ സ്നെഹിതനും കൂടെ പൊയി.

൰൩ അപ്പൊൾ ഇതാ, നിന്റെ അമ്മാവിയപ്പൻ തന്റെ ആടുകളെ രൊമം വെട്ടുവാൻ തിമ്നാതിന പുറപ്പെട്ടുപൊയി എന്ന താമാറിനൊട അറിയിക്കപ്പെട്ടു.

൰൪ അപ്പൊൾ അവൾ തന്റെ വൈധവ്യത്തിനുള്ള വസ്ത്രങ്ങളെ തന്നിൽനിന്ന നീക്കി, ഒരു മൂടുപടം കൊണ്ട തന്നെ പുതച്ചു, മൂടി, തിമ്നാതിന പൊകുന്ന വഴിയിലുള്ള വെളിം പ്രദെശത്ത ഇരുന്നിരുന്നു. എന്തുകൊണ്ടെന്നാൽ ശെലാ പ്രാപ്തിയായി, താൻ അവന സ്ത്രീയായിട്ട കൊടുക്കപ്പെട്ടില്ല എന്ന അവൾ കണ്ടു.

൰൫ യെഹൂദാ അവളെ കണ്ടപ്പൊൾ, അവൾ ഒരു വെശ്യാസ്ത്രീ എന്ന നിരൂപിച്ചു: എന്തെന്നാൽ അവൾ തന്റെ മുഖം മൂടീട്ടുണ്ടായിരുന്നു.

൰൬ അവൻ വഴിയിൽ അവളുടെ
അടുക്കലെക്ക തിരിഞ്ഞ,(അവൾ ത
ന്റെ മരുമകൾ എന്ന അറിയാതെ);
വരിക, ഞാൻ നിന്റെ അടുക്കൽ
പ്രവെശിക്കട്ടെ എന്ന ഞാൻ അ
പെക്ഷിക്കുന്നു എന്ന പറഞ്ഞു;അ
പ്പൊൾ അവൾ പറഞ്ഞു, നി എ
ന്റെ അടുക്കൽ പ്രവെശിക്കെണ്ടു
ന്നതിന നീ ഇനിക്ക എന്ത തരും?

൰൭ എന്നാറെ അവൻ പറഞ്ഞു,
ഞാൻ കൂട്ടത്തിൽനിന്ന ഒരു വെ
ള്ളാട്ടിൻകുട്ടിയെ നിനക്ക കൊടുത്ത
യക്കാം: അപ്പൊൾ അവൾ പറ
ഞ്ഞു, നീ [ആയതിനെ] കൊടുത്ത
യക്കുവൊളത്തിന ഒരു പണയം
തരുമൊ?

൰൮ അവൻ പറഞ്ഞു, ഞാൻ നി
നക്ക എന്തൊരു പണയം തരെ
ണ്ടു? അപ്പൊൾ അവൾ, നിന്റെ
മൊതിരത്തെയും, നിന്റെ കൈവ
ളയെയും, നിന്റെ കയ്യിൽ ഇരി
ക്കുന്ന നിന്റെ കൊലിനെയും, എ
ന്ന പറഞ്ഞു. അവൻ [ഇവയെ]
അവൾക്ക കൊടുത്ത, അവളുടെ അ
ടുക്കൽ പ്രവെശിച്ചു; അവൾ അ
വനാൽ ഗൎഭം ധരിക്കയും ചെയ്തു.

൰൯ പിന്നെ അവൾ എഴുനീററ,
പൊയി, തന്റെ മൂടപടം തന്നിൽ
നിന്ന നീക്കി, തന്റെ വൈധവ്യ
ത്തിനുള്ള വസ്ത്രങ്ങളെ ധരിച്ചു.

൨൰ ¶ ആ പണയം സ്ത്രീയുടെ
കയ്യിൽനിന്ന വാങ്ങെണ്ടുന്നതിന
യെഹൂദാ അദുല്ലാമിക്കാരനായ ത
ന്റെ സ്നെഹിതന്റെ കയ്യിൽ വെ
ള്ളാട്ടിൻകുട്ടിയെ കൊടുത്തയച്ചു: എ
ന്നാൽ അവൻ അവളെ കണ്ടില്ല.

൨൰൧ അപ്പൊൾ അവൻ ആ സ്ഥ
ലത്തുള്ള മനുഷ്യരൊട, വഴിയരി
കെ വെളിയിൽ [ഉണ്ടായിരുന്ന]
വെശ്യാസ്ത്രീ എവിടെ? എന്ന ചൊ
ദിച്ചു. എന്നാറെ അവർ ഇവി
ടെ ഒരു വെശ്യാസ്ത്രീ ഉണ്ടായിരു
ന്നില്ല എന്ന പറഞ്ഞു.

൨൰൨ പിന്നെ അവൻ യെഹൂദായു
ടെ അടുക്കൽ തിരിച്ചുവന്ന, ഞാൻ
അവളെ കണ്ടില്ല എന്നും, ൟ സ്ഥ
ലത്ത ഒരു വെശ്യാസ്ത്രീ ഇല്ല, എ
ന്ന അവിടത്തെ മനുഷ്യർ പറ
ഞ്ഞു എന്നും പറഞ്ഞു.

൨൰൩ അപ്പൊൾ യെഹൂദാ പറഞ്ഞു,
ഞങ്ങൾ അപകീൎത്തിപ്പെടാതെ ക
ണ്ടു, അവൾ അതിനെ കൊണ്ടു
പൊകട്ടെ: ഇതാ, ഞാൻ ൟ ആ
ട്ടിൻകുട്ടിയെ കൊടുത്തയച്ചു, എന്നാ
ൽ നീ അവളെ കണ്ടില്ല.

൨൰൪ ഏകദെശം മൂന്ന മാസം ക
ഴിഞ്ഞതിന്റെ ശെഷം ഉണ്ടായത
എന്തെന്നാൽ, നിന്റെ മരുമകളാ
യ താമാർ വെശ്യാദൊഷം ചെയ്തു
എന്നും, ഇതാ, അവൾ വെശ്യാദൊ
ഷത്താൽ ഗൎഭിണിയുമായി എന്നും
യെഹൂദായൊട അറിയിക്കപ്പെട്ടു:
അപ്പൊൾ യെഹൂദാ പറഞ്ഞു, അ
വളെ പുറത്തു കൊണ്ടുവരുവിൻ, അ
വൾ ദഹിപ്പിക്കപ്പെടണം.

൨൰൫ അവൾ പുറത്ത കൊണ്ടുവര
പ്പെട്ടപ്പൊൾ, അവൾ തന്റെ അ
മ്മായപ്പന്റെ അടുക്കൽ പറഞ്ഞ
യച്ചു, ഇവ ആരുടെ ആകുന്നു
വൊ, ആ മനുഷ്യനാൽ ഞാൻ ഗ
ൎഭിണിയായിരിക്കുന്നു: ൟ മൊതി
രവും, ൟ കൈവളകളും, ൟ കൊ
ലും ആരുടെ ആകുന്നു എന്ന നൊ
ക്കി, അറിയെണമെന്ന ഞാൻ അ
പെക്ഷിക്കുന്നു എന്നും പറയിച്ചു.

൨൰൬ അപ്പൊൾ യെഹൂദാ അവ
യെ അറിഞ്ഞ പറഞ്ഞു, അവൾ
എന്നെക്കാളും നീതിയുള്ളവളായി;
എന്തുകൊണ്ടെന്നാൽ ഞാൻ അവ
ളെ എന്റെ പുത്രനായ ശെലായ്ക്കു

കൊടുക്കാതെ ഇരുന്നു: പിന്നെ അ
വൻ അവളെ അറിഞ്ഞതുമില്ല.
൨൭ ¶ പിന്നെ ഉണ്ടായത എന്തെ
ന്നാൽ, അവൾക്ക പ്രസവകാലം
വന്നപ്പൊൾ, കണ്ടാലും ഇരട്ടപ്പി
ള്ളകൾ അവളുടെ ഗൎഭപാത്രത്തിൽ
ഉണ്ടായിരുന്നു.
൨൮ അവൾ പ്രസവിക്കുമ്പൊൾ
ഉണ്ടായത എന്തെന്നാൽ, [ഒരുത്ത
ൻ] കൈനീട്ടി; അപ്പൊൾ പ്രസ
വിപ്പിക്കുന്നവൾ പിടിച്ചു, അവ
ന്റെ കയ്യിൽ ചുവന്ന നൂൽകെട്ടി,
ഇവൻ മുമ്പെ പുറത്ത വന്നു എ
ന്നും പറഞ്ഞു.
൨൯ എന്നാൽ അവൻ തന്റെ
കൈ പിന്നെയും അകത്ത വലി
ച്ചപ്പൊൾ, ഇതാ, അവന്റെ സ
ഹൊദരൻ പുറത്ത വന്നു; അപ്പൊ
ൾ അവൾ പറഞ്ഞു, നീ പിരിഞ്ഞ
പുറപ്പെട്ടത എങ്ങിനെ? നിന്റെ
മെൽ ഈ പിരിച്ചിൽ ഇരിക്കട്ടെ:
അതുകൊണ്ട അവന്റെ പെർ ഫ
റെസ്സ എന്ന വിളിക്കപ്പെട്ടു.
൩൦ അതിന്റെ ശെഷം ചുവന്ന
നൂൽ കയ്യിലുണ്ടായിരുന്ന അവ
ന്റെ സഹൊദരൻ പുറത്ത വന്നു.
അവന്റെ പെർ സെറാ എന്ന
വിളിക്കപ്പെട്ടു.

൩൯ അദ്ധ്യായം.

൧ യൊസെഫ പൊത്തിഫെറിന്റെ ഭവനത്തിൽ പ്രബലനാകുന്നത.— ൭ അവന്റെ യജമാനസ്ത്രീയുടെ പരീക്ഷയെ ജയിക്കുന്നത.— ൧൩ അവൻ വ്യാജമായി കുററം ചുമത്തപ്പെടുന്നതും.— ൨൦ കാരാഗൃഹത്തിൽ ആക്കപ്പെടുന്നതും.

പിന്നെ യൊസെഫ മിസ്രയി
മിലെക്ക കൊണ്ടുപൊകപ്പെട്ടു: പ
റവൊന്റെ മന്ത്രിയായി, കാവൽ
കാക്ക യജമാനനായ പൊത്തിഫാ
ർ എന്ന മിസ്രയക്കാരൻ അവനെ
അവിടെക്ക കൊണ്ടുവന്ന, യിശ്മ
എൽക്കാരുടെ കൈകളിൽനിന്ന അ
വനെ വിലെക്ക വാങ്ങി.
൨ എന്നാൽ യഹൊവാ യൊസെ
ഫിനൊടകൂടെ ഉണ്ടായിരുന്നു; അ
വൻ ഭാഗ്യമുള്ള മനുഷ്യനായി, മി
സ്രയക്കാരനായ തന്റെ യജമാന
ന്റെ ഭവനത്തിലും ആയിരുന്നു.
൩ യഹൊവാ അവനൊടകൂടെ
ഉണ്ടെന്നും, അവൻ ചെയ്യുന്നതി
നെ ഒക്കെയും യഹൊവാ അവ
ന്റെ കയ്യിൽ സാധിപ്പിച്ചു എന്നും
അവന്റെ യജമാനൻ കണ്ടു.
൪ അതുകൊണ്ട യൊസെഫിന
അവന്റെ കണ്ണുകളിൽനിന്ന കൃപ
ലഭിച്ചു, അവന അവൻ ശുശ്രൂഷ
ചെയ്തു: അവൻ അവനെ തന്റെ
ഭവനത്തിന വിചാരിപ്പുകാരനുമാ
ക്കി, തനിക്കുള്ള സകലവും അവ
ന്റെ കയ്യിൽ എല്പിക്കയും ചെയ്തു.
൫ പിന്നെ ഉണ്ടായതെന്തെന്നാ
ൽ, അവൻ അവനെ തന്റെ ഭവ
നത്തിനും തനിക്കുള്ള സകലത്തി
നും വിചാരിപ്പുകാരനാക്കിയതുമുത
ൽ തുടങ്ങി, യഹൊവാ യൊസെ
ഫിന്റെ നിമിത്തം മിസ്രയക്കാര
ന്റെ ഭവനത്തെ അനുഗ്രഹിച്ചു:
ഭവനത്തിലും വയലിലും അവനു
ള്ള സകലത്തിലും യഹൊവായുടെ
അനുഗ്രഹവും ഉണ്ടായിരുന്നു.
൬ പിന്നെ അവൻ തനിക്കുണ്ടാ
യതൊക്കെയും യൊസെഫിന്റെ
കയ്യിൽ എല്പിച്ചു; താൻ ഭക്ഷിക്കു
ന്ന ഭക്ഷണം ഒഴികെ അവന്റെ
അടുക്കൽ ഉണ്ടായിരുന്ന മറെറാ
ന്നിനെയും അറിഞ്ഞതുമില്ല. വി
ശെഷിച്ചും യൊസെഫ സുന്ദര
രൂപവും കാഴ്ചയ്ക്കു ഭംഗിയും ഉള്ള
വനായിരുന്നു.
൭ ¶ ഇക്കാൎയ്യങ്ങളുടെ ശെഷം ഉ

ണ്ടായത എന്തെന്നാൽ; അവന്റെ യജമാനന്റെ ഭാൎയ്യ യൊസെഫിന്റെ മെൽ തന്റെ കണ്ണുകളെ പതിച്ചു, എന്നൊട കൂടെ ശയിക്ക എന്നും പറഞ്ഞു.

൮ എന്നാറെ അവൻ അനുസരിക്കാതെ; തന്റെ യജമാനന്റെ ഭാൎയ്യയൊട പറഞ്ഞു, ഇതാ; ഭവനത്തിൽ എന്നൊട ഇരിക്കുന്ന ഒന്നിനെ എങ്കിലും എന്റെ യജമാനൻ അറിയുന്നില്ല, തനിക്കുള്ള സകലത്തെയും അവൻ എന്റെ കയ്യിൽ എല്പിച്ചുമിരിക്കുന്നു.

൯ ഈ ഭവനത്തിൽ എന്നെക്കാൾ വലിയവനുമില്ല; നിന്നെ ഒഴികെ മറെറാന്നിനെയും അവൻ എന്നിൽനിന്ന വിരൊധിച്ചിട്ടുമില്ല; അത എന്തെന്നാൽ നീ അവന്റെ ഭാൎയ്യയാകുന്നു. അതുകൊണ്ട ഞാൻ എങ്ങിനെ ഇത്ര വലിയ ദൊഷം ചെയ്തു, ദൈവത്തിന വിരൊധമായി പാപം ചെയ്യുമൊ?

൧൦ അവൾ ദിനംപ്രതി യൊസെഫിനൊട പറകയുണ്ടായി, എങ്കിലും അവൻ അവളുടെ അരികെ ശയിപ്പാനും, അവളൊട കൂടിയിരിപ്പാനും അവൾക്ക ചെവി കൊടുത്തില്ല.

൧൧ ¶ പിന്നെ ഒരു ദിവസം ഉണ്ടായത എന്തെന്നാൽ, [യൊസെഫ] തന്റെ പ്രവൃത്തി ചെയ്യാൻ ഭവനത്തിനകത്ത ചെന്നു: ഭവനത്തിലുള്ള മനുഷ്യരിൽ ഒരുത്തനും അപ്പൊൾ അവിടെ ഭവനത്തിൽ ഇല്ലാഞ്ഞു.

൧൨ അപ്പൊൾ അവൾ അവന്റെ വസ്ത്രത്തിൽ പിടിച്ചു, എന്നൊട കൂടെ ശയിക്ക എന്ന പറഞ്ഞു: എന്നാറെ അവൻ തന്റെ വസ്ത്രത്തെ അവളുടെ കയ്യിൽ വിട്ടെച്ചു, ഒടി, പുറത്ത പൊകയും ചെയ്തു.

൧൩ പിന്നെ ഉണ്ടായത എന്തെന്നാൽ, അവൻ അവന്റെ വസ്ത്രത്തെ തന്റെ കയ്യിൽ വിട്ട പുറത്തെക്ക ഒടിപ്പൊയി എന്ന അവൾ കണ്ടപ്പൊൾ;

൧൪ അവൾ തന്റെ ഭവനത്തിലെ മനുഷ്യരെ വിളിച്ചു, അവരൊട സംസാരിച്ചു പറഞ്ഞു; നൊക്കുവിൻ, ഒരു എബ്രായ മനുഷ്യനെ നമ്മെ പരിഹസിപ്പാനായിട്ട അവൻ നമ്മുടെ അടുക്കൽ അകത്ത കൊണ്ടുവന്നു. അവൻ എന്നൊട കൂടെ ശയിക്കെണ്ടുന്നതിനായിട്ട എന്റെ അടുക്കൽ പ്രവെശിച്ചു, എന്നാറെ ഞാൻ വലിയ ശബ്ദത്തൊടെ നിലവിളിച്ചു.

൧൫ അപ്പൊൾ ഉണ്ടായത എന്തെന്നാൽ, ഞാൻ എന്റെ ശബ്ദം ഉയൎത്തി നിലവിളിച്ചു എന്ന അവൻ കെട്ടപ്പൊൾ, അവൻ തന്റെ വസ്ത്രത്തെ എന്റെ അടുക്കൽ വിട്ട, ഒടി, പുറത്ത പൊകയും ചെയ്തു.

൧൬ അവന്റെ യജമാനൻ ഭവനത്തിലെക്ക വരുവൊളത്തിനും അവൾ അവന്റെ വസ്ത്രത്തെ തങ്കൽ വെച്ചിരുന്നു.

൧൭ പിന്നെ അവൾ അവനൊട ഈ വാക്കുകളിൻ പ്രകാരം സംസാരിച്ചു പറഞ്ഞു, നീ ഞങ്ങളുടെ അടുക്കൽ കൊണ്ടുവന്ന ആ എബ്രായ ദാസൻ എന്നെ പരിഹസിപ്പാൻ എന്റെ അടുക്കൽ പ്രവെശിച്ചു.

൧൮ അപ്പൊൾ ഉണ്ടായത എന്തെന്നാൽ, ഞാൻ എന്റെ ശബ്ദം ഉയൎത്തി നിലവിളിച്ചപ്പൊൾ, അവൻ തന്റെ വസ്ത്രത്തെ എന്റെ

അടുക്കൽ വിട്ട, പുറത്തെക്ക ഒടി
പ്പൊയി.
൧൯ നിൻെറ ദാസൻ ഇനിക്ക
ഇപ്രകാരം ചെയ്തു എന്ന തൻെറ
ഭാൎയ്യ തന്നൊട പറഞ്ഞിട്ടുള്ള വാക്ക
കളെ അവൻെറ യജമാനൻ കെ
ട്ടപ്പൊൾ ഉണ്ടായത എന്തെന്നാൽ,
അവന കൊപം ജ്വലിച്ചു.
൨൦ അപ്പൊൾ യൊസെഫിൻെറ
യജമാനൻ അവനെ പിടിച്ചു, രാ
ജാവിൻെറ ബദ്ധന്മാർ കെട്ടപ്പെ
ട്ട സ്ഥലമായ കാരാഗ്രഹത്തിൽ അ
വനെ എല്പിച്ചു: അവിടെ അവൻ
ആ കാരാഗ്രഹത്തിൽ ആയിരുന്നു.
൨൧ ¶ എന്നാലും യഹൊവാ യൊ
സെഫിനൊട കൂടെ ഉണ്ടായിരു
ന്നു, അവനൊട കൃപ ചെയ്തു, അ
വന കാരാഗ്രഹത്തിൻെറ പ്രമാ
ണിയുടെ കണ്ണുകളിൽനിന്ന ദയ
ലഭിപ്പിച്ചു.
൨൨ അപ്പൊൾ കാരാഗ്രഹപ്രമാ
ണി കാരാഗ്രഹത്തിലുള്ള ബദ്ധന്മാ
രെ എല്ലാവരെയും യൊസെഫി
ൻെറ കയ്യിൽ എല്പിച്ചു; അവിടെ
അവർ ചെയ്യെണ്ടതൊക്കെയും അ
വൻ ചെയ്തുവന്നു.
൨൩ അവൻെറ കയ്യിൽ ഉണ്ടാ
യിരുന്ന ഒന്നിനെയും കാരാഗ്രഹ
പ്രമാണി നൊക്കീട്ടുമില്ല; എന്തെ
ന്നാൽ യഹൊവാ അവനൊട കൂ
ടെ ഉണ്ടായിരുന്നു, അവൻ ചെ
യ്തതിനെ ഒക്കെയും യഹൊവാ സാ
ധിപ്പിക്കയും ചെയ്തു.

൪൦ അദ്ധ്യായം.

൧ പറൊയുടെ മദ്യക്കലവറക്കാരനും അപ്പം പാ
കം ചെയ്യുന്നവനും കാരാഗ്രഹത്തിൽ ആക്ക
പ്പെടുന്നത.—൪ യൊസെഫിന അവരുടെ
മെൽ വിചാരം ഉണ്ടാകുന്നത.—൫ അവൻ അ
വരുടെ സ്വപ്നങ്ങളെ പൊരുൾതിരിക്കുന്നത.

ഈ കാൎയ്യങ്ങൾ കഴിഞ്ഞതിൻെറ
ശെഷം ഉണ്ടായത എന്തെന്നാൽ,
മിസ്രയിമിലെ രാജാവിൻെറ മദ്യ
ക്കലവറക്കാരനും അപ്പം പാകം ചെ
യ്യുന്നവനും മിസ്രയിമിലെ രാജാ
വായ തങ്ങളുടെ യജമാനന ദ്രൊ
ഹം ചെയ്തു.
൨ അപ്പൊൾ പറൊ തൻെറ രണ്ട
പ്രധാനികളായ മദ്യക്കലവറക്കാരു
ടെ യജമാനൻെറ നെരെയും, അ
പ്പം പാകം ചെയ്യുന്നവരുടെ യ
ജമാനൻെറ നെരെയും കൊപിച്ചു,
൩ അവരെ യൊസെഫ കെട്ട
പ്പെട്ട സ്ഥലമായ കാരാഗ്രഹത്തിൽ
കാരാഗ്രഹ പ്രമാണിയുടെ ഭവന
ത്തിൽ കാവലിൽ എല്പിച്ചു.
൪ അപ്പൊൾ കാവല്ക്കാരുടെ പ്ര
മാണി അവരെ യൊസെഫിനെ
ഭരമെല്പിച്ചു. എന്നാറെ അവൻ
അവൎക്ക ശുശ്രൂഷ ചെയ്തു: അവ
ർ എറിയ ദിവസം കാവലിൽ പാ
ൎക്കയും ചെയ്തു.
൫ ¶ പിന്നെ മിസ്രയിമിലെ രാ
ജാവിൻെറ മദ്യക്കലവറക്കാരനും
അപ്പം പാകം ചെയ്യുന്നവനുമായി,
കാരാഗ്രഹത്തിൽ കെട്ടപെട്ടിരുന്ന
ആ രണ്ടപെരും ഒരു രാത്രിയിൽ
അവനവൻെറ സ്വപ്നവും, അവ
നവൻെറ സ്വപ്നത്തിൻെറ അൎത്ഥ
പ്രകാരവും അവനവൻ സ്വപ്നം
കണ്ടു.
൬ പ്രഭാതകാലത്ത യൊസെഫ
അവരുടെ അടുക്കൽ വന്ന, അവ
രെ നൊക്കിയപ്പൊൾ, ഇതാ അ
വർ വിഷാദിച്ചിരിക്കയായിരുന്നു.
൭ അപ്പൊൾ അവൻ തൻെറ യ
ജമാനൻെറ ഭവനത്തിൽ തന്നൊ
ട കൂടെ കാവലിൽ ഇരുന്ന പറൊ
വിൻെറ പ്രധാനികളൊട, നിങ്ങ
ളുടെ മുഖങ്ങൾ ഇന്ന ദുഃഖമായി
രിക്കുന്നത എന്തെന്ന ചൊദിച്ചു.

൮ എന്നാറെ അവർ അവനൊ
ട, ഞങ്ങൾ ഒരു സ്വപ്നം കണ്ടു, ആ
യതിന്റെ അൎത്ഥം പറയുന്നവനി
ല്ല എന്ന പറഞ്ഞു. അപ്പൊൾയൊ
സെഫ അവരൊട, അൎത്ഥം കാണി
ക്കുന്നത ദൈവത്തിന്നുള്ളതല്ലയൊ?
എന്നൊട അവയെ അറിയിപ്പിൻ
എന്നഞാൻ അപെക്ഷിക്കുന്നു എ
ന്ന പറഞ്ഞു.
൯ പിന്നെ മദ്യക്കലവറക്കാരുടെ
പ്രമാണി യൊസെഫിനൊട ത
ന്റെ സ്വപ്നം അറിയിച്ചു, അവ
നൊട പറഞ്ഞു, എന്റെ സ്വപ്ന
ത്തിൽ ഇതാ, ഒരു മുന്തിരിങ്ങാവള്ളി
എന്റെ മുമ്പാകെ ഉണ്ടായിരുന്നു.
൧൦ ആ മുന്തിരിങ്ങാവള്ളിയിൽ
മൂന്ന കൊമ്പും ഉണ്ടായിരുന്നു; അ
ത തളിക്കുന്നു എന്ന പൊലെ ഇരു
ന്നു. അതിന്റെ പൂ വിടൎന്നു: അ
തിന്റെ കുലകൾ മുന്തിരിങ്ങാപഴ
ങ്ങളായി പഴുത്തു.
൧൧ പറൊവിന്റെ പാനപാത്ര
വും എന്റെ കയ്യിൽ ഉണ്ടായിരു
ന്നു: ഞാൻ ആ മുന്തിരിങ്ങാപഴങ്ങ
ളെ എടുത്ത, അവയെ പറൊവി
ന്റെ പാനപാത്രത്തിൽ പിഴിഞ്ഞു:
ആ പാത്രത്തെ പറൊവിന്റെ ക
യ്യിൽ കൊടുക്കയും ചെയ്തു.
൧൨ അപ്പൊൾ യൊസെഫ അ
വനൊട പറഞ്ഞു, അതിന്റെ അ
ൎത്ഥം ഇത: ആ മൂന്ന കൊമ്പ മൂന്ന
ദിവസം [ആകുന്നു.]
൧൩ ഇനി മൂന്ന ദിവസത്തിന
കം പറൊ നിന്റെ തലയെ ഉയ
ൎത്തി, നിന്നെ നിന്റെ സ്ഥാനത്ത
പിന്നെയും നിൎത്തും: അപ്പൊൾനീ
അവന്റെമദ്യക്കലവറക്കാരനായി
രുന്ന മുമ്പിലത്തെ നടപ്പിൻപ്രകാ
രം പറൊവിന്റെ പാനപാത്രത്തെ
അവന്റെ കയ്യിൽ കൊടുക്കും.

൧൪ എന്നാൽ നിനക്ക സുഖമാ
യിരിക്കുമ്പൊൾ എന്നെ ഒൎത്ത, എ
ന്നൊട ദയ ചെയ്തു, പറൊവിനൊ
ട എന്റെ വസ്തുതയെ ഒൎമ്മയുണ്ടാ
ക്കി, എന്നെ ഈ വീട്ടിൽനിന്ന പു
റത്താക്കെണമെന്ന ഞാൻ നി
ന്നൊട അപെക്ഷിക്കുന്നു.
൧൫ എന്തെന്നാൽ എബ്രായക്കാ
രുടെ ദെശത്തനിന്ന ഞാൻ മൊ
ഷ്ടിക്കപ്പെട്ടു സത്യം! എന്നെ ഈ
കാവൽപുരയിൽ ആക്കെണ്ടുന്നതി
ന ഞാൻ ഇവിടെ ഒന്നും ചെ
യ്തിട്ടുമില്ല.
൧൬ ¶ ആ അൎത്ഥം പറഞ്ഞത ന
ല്ലത എന്ന അപ്പം പാകംചെയ്യുന്ന
വരിൽ പ്രമാണി കണ്ടാറെ, അവ
ൻ യൊസെഫിനൊട പറഞ്ഞു,
ഞാനും എന്റെ സ്വപ്നത്തിൽ അ
കപ്പെട്ടു. ഇതാ, വെണ്മയുള്ള മൂന്ന
കൊട്ട എന്റെ തലയിൽ [ഉണ്ടാ
യിരുന്നു.]
൧൭ മെലെത്തെ കൊട്ടയിൽ അ
പ്പം പാകം ചെയ്യുന്നവന്റെ പ്ര
വൃത്തിയായി, പറൊവിന സകല
വിധ ഭക്ഷണത്തിലും ചിലത ഉ
ണ്ടായിരുന്നു: ആയവയെ പക്ഷി
കൾ എന്റെ തലയിന്മെൽ ഇരു
ന്ന കൊട്ടയിൽനിന്ന ഭക്ഷിച്ചുക
ളഞ്ഞു.
൧൮ അപ്പൊൾ യൊസെഫ ഉ
ത്തരമായിട്ട പറഞ്ഞു, അതിന്റെ
അൎത്ഥം ഇത: ആ മൂന്ന കൊട്ട മൂ
ന്ന ദിവസം [ആകുന്നു.]
൧൯ ഇനി മൂന്ന ദിവസത്തിന
കം പറൊ നിന്റെ മെൽനിന്ന നി
ന്റെ തലയെ ഉയൎത്തി, നിന്നെ
ഒരു മരത്തിൽ തൂക്കിക്കും; പക്ഷി
കളും നിന്റെ മാംസം നിന്നിൽ
നിന്ന തിന്നുകളയും.
൨൦ ¶ പിന്നെ പറൊവിന്റെ ജ

ന്മദിവസമായ മൂന്നാം ദിവസം ഉണ്ടായത എന്തെന്നാൽ, അവൻ തന്റെ ഭൃത്യന്മാൎക്ക എല്ലാവൎക്കും ഒരു വിരുന്ന കഴിച്ചു, മദ്യക്കലവറക്കാരുടെ പ്രമാണിയുടെ തലയെയും, അപ്പം പാകംചെയ്യുന്നവരുടെ പ്രമാണിയുടെ തലയെയും, തന്റെ ശുശ്രൂഷക്കാരുടെ നടുവെ ഉയൎത്തി.

൨൧ മദ്യക്കലവറക്കാരുടെ പ്രമാണിയെ തന്റെ കലവറസ്ഥാനത്ത പിന്നെയും നിൎത്തി; അവൻ ഫറവൊവിന്റെ കയ്യിൽ പാനപാത്രത്തെ കൊടുക്കയും ചെയ്തു.

൨൨ എങ്കിലും അവൻ അപ്പം പാകം ചെയ്യുന്നവരുടെ പ്രമാണിയെ തൂക്കിച്ചു: യൊസെഫ അവൎക്ക അൎത്ഥം പറഞ്ഞ പ്രകാരം തന്നെ.

൨൩ എന്നാൽ മദ്യക്കലവറക്കാരുടെ പ്രമാണി യൊസെഫിനെ ഒൎക്കാതെ അവനെ മറന്നു.

൪൧ അദ്ധ്യായം.

൧ ഫറവൊവിന്റെ രണ്ട സ്വപ്നങ്ങൾ.—൨൫. യൊസെഫ അവയുടെ അൎത്ഥം പറയുന്നത.—൩൩. അവൻ ഫറവൊവിന്ന ഉപദെശം ചെയ്യുന്നത.—൩൭ യൊസെഫ പ്രബലനാക്കപ്പെട്ടത.—൫൦ അവൻ മനശ്ശെയെയും എഫ്രായിമിനെയും ജനിപ്പിക്കുന്നത.

രണ്ട സംവത്സരം മുഴുവനും കഴിഞ്ഞതിന്റെ ശെഷം ഉണ്ടായതെന്തെന്നാൽ, ഫറവൊ ഒരു സ്വപ്നം കണ്ടു, ഇതാ, അവൻ നദിയുടെഅരികെ നിന്നിരുന്നു.

൨ അപ്പൊൾ ഇതാ, സുന്ദരരൂപവും, മാംസപുഷ്ടിയുമുള്ള എഴ പശുക്കൾ നദിയിൽനിന്ന കരെറി; പുൽമാലിയിൽ മെഞ്ഞു.

൩ പിന്നെ ഇതാ, അവയുടെ പിന്നാലെ അവലക്ഷണ രൂപവും, മാംസമെലിച്ചിലുമുള്ള മറെറ എഴ പശുക്കൾ നദിയിൽനിന്ന കരെറി; നദീതീരത്ത മറെറ പശുക്കളുടെ അരികെ നിന്നിരുന്നു.

൪ അവലക്ഷണരൂപവും, മാംസമെലിച്ചിലുമുള്ള പശുക്കൾ സുന്ദരരൂപവും മാംസപുഷ്ടിയുമുള്ള ആ എഴ പശുക്കളെ ഭക്ഷിച്ചുകളകയും ചെയ്തു. അപ്പൊൾ ഫറവൊ ഉണൎന്നു.

൫ പിന്നെയും അവൻ ഉറങ്ങി, രണ്ടാം പ്രാവിശ്യം സ്വപ്നം കണ്ടു: ഇതാ, പുഷ്ടിയും നല്ലതുമായുള്ള എഴ കതിരുകൾ ഒരു തണ്ടിൽനിന്ന മുളച്ചു.

൬ എന്നാൽ ഇതാ, അവയുടെ പിന്നാലെ പതരായും, കിഴക്കൻ കാററിനാൽ കരിയപ്പെട്ടവയായുമുള്ള എഴ കതിരുകൾ മുളച്ചു.

൭ പതരായുള്ള എഴ കതിര പുഷ്ടിയും നിറഞ്ഞ ഫലവുമായുള്ള ആ എഴ കതിരുകളെ വിഴുങ്ങികളകയും ചെയ്തു. അപ്പൊൾ ഫറവൊ ഉണൎന്നു, ഇതാ, അത സ്വപ്നം ആയിരുന്നു.

൮ പിന്നെ ഉണ്ടായത എന്തെന്നാൽ, പ്രഭാതകാലത്ത അവന്റെ ആത്മാവ വിഷാദിച്ചിരുന്നു; അവൻ മിസ്രയിമിലെ സകല മന്ത്രവാദികളെയും, അതിലെ സകല ജ്ഞാനികളെയും ആളയച്ചു വരുത്തി: അവരൊട ഫറവൊ തന്റെ സ്വപ്നത്തെ അറിയിച്ചു: എന്നാറെ ഫറവൊവിനൊട അവയുടെ അൎത്ഥം പറയത്തക്കവൻ ഒരുത്തനും ഇല്ലാഞ്ഞു.

൯ അപ്പൊൾ മദ്യക്കലവറക്കാരുടെ പ്രമാണി ഫറവൊവിനൊട സംസാരിച്ചു പറഞ്ഞു, ഇന്ന ഞാൻ എന്റെ പാപങ്ങളെ ഒൎക്കുന്നു.

൰ ഫറവൊ തന്റെ ഭൃത്യന്മാരുടെ നെരെ വളരെ കൊപിച്ചു, എന്നെയും അപ്പംപാകംചെയ്യുന്നവരുടെ പ്രമാണിയെയും കാവൽകാരുടെ

യജമാനന്റെ വീട്ടിൽ കാവലിലാക്കിയല്ലൊ.

൧൧ അപ്പൊൾ ഞങ്ങൾ, ഞാനും അവനും, ഒരു രാത്രിയിൽ സ്വപ്നം കണ്ടു: അവനവന്റെ സ്വപ്നത്തിന്റെ അൎത്ഥപ്രകാരം ഞങ്ങൾ ഒരൊരുത്തൻ സ്വപ്നം കണ്ടു.

൧൨ അപ്പൊൾ കാവല്കാരുടെ പ്രമാണിക്ക ഭൃത്യനായി, എബ്രായക്കാരനായ ഒരു ബാലകൻ അവിടെ ഞങ്ങളൊട കൂടെ ഉണ്ടായിരുന്നു; ഞങ്ങൾ അവനൊട അറിയിച്ചാറെ, അവൻ ഞങ്ങളുടെ സ്വപ്നങ്ങളുടെ അൎത്ഥം ഞങ്ങളൊട പറഞ്ഞു: ഒരൊരുത്തനൊട അവനവന്റെ സ്വപ്നപ്രകാരം അവൻ അൎത്ഥം പറഞ്ഞു.

൧൩ പിന്നെ ഉണ്ടായത എന്തെന്നാൽ, അവൻ ഞങ്ങളൊട അൎത്ഥം പറഞ്ഞപ്രകാരം തന്നെ ഉണ്ടായി: അവൻ എന്നെ എന്റെ സ്ഥാനത്ത പിന്നെയും നിൎത്തി, മറ്റവനെ തൂക്കികളകയും ചെയ്തു.

൧൪ അപ്പൊൾ പറൊവ യൊസെഫിനെ ആളയച്ചു വരുത്തി: അവർ അവനെ വെഗത്തിൽ കാവൽപുരയിൽനിന്ന പുറപ്പെടുവിച്ചു: അവൻ ക്ഷൌരം ചെയ്തു, തന്റെ വസ്ത്രങ്ങളെ മാറ്റി, പറൊവിന്റെ അടുക്കൽ വന്നു.

൧൫ അപ്പൊൾ പറൊവ യൊസെഫിനൊട പറഞ്ഞു, ഞാൻ ഒരു സ്വപ്നം കണ്ടു; അതിന്റെ അൎത്ഥം പറയുന്നവൻ ആരുമില്ല: എന്നാൽ നീ ഒരു സ്വപ്നം കെട്ടാൽ അതിന്റെ അൎത്ഥം പറയുമെന്ന നിന്നെ കുറിച്ച ഞാൻ കെട്ടിരിക്കുന്നു.

൧൬ അപ്പൊൾ യൊസെഫ പറൊവിനൊട ഉത്തരമായി, ഞാനായിട്ടല്ല, ദൈവം തന്നെ പറൊവിന സമാധാനം ഉത്തരമായിട്ട അരുളിച്ചെയ്യും എന്ന പറഞ്ഞു.

൧൭ ¶ പിന്നെ പറൊവ യൊസെഫിനൊട പറഞ്ഞു, എന്റെ സ്വപ്നത്തിൽ, ഇതാ, ഞാൻ നദിതീരത്ത നിന്നിരുന്നു.

൧൮ അപ്പൊൾ ഇതാ, മാംസപുഷ്ടിയും സുന്ദരരൂപവുമുള്ള എഴ പശുക്കൾ നദിയിൽനിന്ന കരെറി, പുൽമാലിയിൽ മെഞ്ഞിരുന്നു.

൧൯ പിന്നെ ഇതാ, അവയുടെ പിന്നാലെ മെലിച്ചിലും, മഹാ അവലക്ഷണരൂപവും, മാംസമെലിച്ചിലുമുള്ള മറ്റ എഴ പശുക്കൾ കരെറി; അവയെ പൊലെ അത്ര അവലക്ഷണം ഉള്ളവയെ മിസ്രയിംദെശത്ത എങ്ങും ഞാൻ കണ്ടിട്ടില്ല.

൨൦ എന്നാൽ മെലിച്ചിലും അവലക്ഷണവുമുള്ള പശുക്കൾ പുഷ്ടിയുള്ള ആ മുമ്പിലത്തെ എഴ പശുക്കളെ ഭക്ഷിച്ചുകളഞ്ഞു.

൨൧ അവ ഇവയെ ഭക്ഷിച്ചുകളഞ്ഞപ്പൊൾ, അവയെ ഭക്ഷിച്ചു എന്നും അറിവാനില്ല; അവ ആദ്യത്തിലെ പൊലെ പിന്നെയും അവലക്ഷണരൂപമുള്ളവ [ആയിരുന്നു.] അപ്പൊൾ ഞാൻ ഉണൎന്നു.

൨൨ പിന്നെയും ഞാൻ എന്റെ സ്വപ്നത്തിൽ കണ്ടത എന്തെന്നാൽ, ഇതാ, നിറഞ്ഞവയും നല്ലവയുമായ എഴ കതിരുകൾ ഒരു തണ്ടിൽ മുളച്ചുണ്ടായി.

൨൩ എന്നാൽ അവയുടെ പിന്നാലെ ഇതാ, ഉണങ്ങിയവയും കിഴക്കൻ കാറ്റിനാൽ കരിയപ്പെട്ടവയുമായുള്ള എഴ കതിരുകൾ മുളച്ചു.

൨൪ പതരായുള്ള കതിരുകൾ ആ എഴ നല്ല കതിരുകളെ വിഴുങ്ങിക്കളഞ്ഞു; ഇതിനെ ഞാൻ മന്ത്രവാദി

കളൊട പറഞ്ഞു; എന്നാറെ ഇതിന്റെ അൎത്ഥം എന്നൊട പറയുന്നവനില്ല.

൨൫ അപ്പൊൾ യൊസെഫ പറവിനൊട പറഞ്ഞു, പറവിന്റെ സ്വപ്നം ഒന്ന തന്നെ: താൻ ചെയ്യാൻ ഭാവിക്കുന്നതിനെ ദൈവം പറവിനൊട അറിയിച്ചിരിക്കുന്നു.

൨൬ ആ എഴ നല്ല പശുക്കൾ എഴ വൎഷവും; ആ നല്ല കതിരുകളും എഴ വൎഷവും [ആകുന്നു:] സ്വപ്നം ഒന്ന.

൨൭ അവയുടെ പിന്നാലെ കരെറിയ മെലിച്ചിലും അവലക്ഷണരൂപവുമുള്ള എഴ പശുക്കളും എഴ വൎഷം [ആകുന്നു:] കിഴക്കൻ കാറ്റിനാൽ കരിയപ്പെട്ട പതരായുള്ള എഴ കതിരുകളും ക്ഷാമമുള്ള എഴ വൎഷം [ആകും.]

൨൮ ഞാൻ പറവിനൊട പറഞ്ഞിട്ടുള്ള കാൎയ്യം ഇത: ദൈവം ചെയ്യാൻ ഭാവിക്കുന്നതിനെ അവൻ പറവിന കാണിച്ചിരിക്കുന്നു.

൨൯ ഇതാ, മിസ്രായിം ദെശത്ത ഒക്കെയും മഹാ പരിപൂൎണ്ണമായിരിക്കുന്ന എഴ വൎഷം വരുന്നു,

൩൦ ഇവ കഴിഞ്ഞശെഷം ക്ഷാമമുള്ള എഴ വൎഷം ഉണ്ടാകും, അപ്പൊൾ മിസ്രയിം ദെശത്ത ആ പരിപൂൎണ്ണത ഒക്കെയും മറന്നിരിക്കും: ആ ക്ഷാമം ദെശത്തെ ഒക്കെയും നശിപ്പിക്കയും ചെയ്യും.

൩൧ ദെശത്ത ഉണ്ടായിരുന്ന പരിപൂൎണ്ണത പിന്നാലെ വരുന്ന ആ ക്ഷാമം കൊണ്ട അറിയപ്പെടാതെ ഇരിക്കും; എന്തുകൊണ്ടെന്നാൽ അത മഹാ കഠിനമുള്ളതാകും.

൩൨ പറവിന സ്വപ്നം രണ്ട പ്രാവശ്യം ഇരട്ടിച്ചത, ഈ കാൎയ്യം ദൈവത്താൽ സ്ഥിരമായി നിശ്ചയിക്കപ്പെട്ടത കൊണ്ടും, ആയതിനെ ചെയ്വാൻ ദൈവം ബദ്ധപ്പെടുന്നതുകൊണ്ടും ആകുന്നു.

൩൩ അതുകൊണ്ട ഇപ്പൊൾ പറ ബുദ്ധിയും ജ്ഞാനവുമുള്ള ഒരു മനുഷ്യനെ അന്വെഷിച്ച, അവനെ മിസ്രയിം ദെശത്തിന്മെൽ അധികാരിയായിട്ട ആക്കുക.

൩൪ പറ ഇപ്രകാരം ചെയ്യ, ദെശത്തിന്മെൽ വിചാരക്കാരെ ആക്കി, പരിപൂൎണ്ണമുള്ള എഴ വൎഷങ്ങളിൽ മിസ്രയിംദെശത്തിന്റെ [ഫലത്തിൽ] അഞ്ചിൽ ഒരു പങ്ക വാങ്ങുമാറാകട്ടെ.

൩൫ അവർ വരുന്ന ഈ നല്ല വൎഷങ്ങളിൽ ആഹാരം ഒക്കെയും കൂട്ടുകയും, പറവിന്റെ കയ്യിൻകീഴെ ധാന്യങ്ങളെ ചെൎക്കയും, നഗരങ്ങളിൽ ആഹാരം സംഗ്രഹിക്കയും ചെയ്യട്ടെ.

൩൬ ആ ആഹാരം മിസ്രയിം ദെശത്ത വരുന്ന ക്ഷാമമുള്ള എഴ വൎഷങ്ങൾക്ക ദെശത്തിന സംഗ്രഹമായിട്ടിരിക്കണം: എന്നാൽ ദെശം ക്ഷാമം കൊണ്ട നശിക്കയില്ല.

൩൭ ഈ വാക്ക പറവിന്റെ കണ്ണുകൾക്കും അവന്റെ എല്ലാ ഭൃത്യന്മാരുടെയും കണ്ണുകൾക്കും നന്നായിരുന്നു.

൩൮ അപ്പൊൾ പറ തന്റെ ഭൃത്യന്മാരൊട പറഞ്ഞു, ദൈവത്തിന്റെ ആത്മാവുള്ള ഈ മനുഷ്യനെ പൊലെ [ഒരുത്തനെ] കിട്ടുമൊ?

൩൯ പിന്നെ പറ യൊസെഫിനൊട പറഞ്ഞു, ദൈവം ഇതിനെ ഒക്കെയും നിന്നൊട അറിയിച്ചിരിക്കകൊണ്ട, നിന്നെ പൊലെ ബുദ്ധിയും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല.

൪൰ നീ എന്റെ ഭവനത്തിന്മെ
ൽ അധികാരി ആകും; നിന്റെ
വചന പ്രകാരം എന്റെ ജനം എ
ല്ലാം അനുസരിച്ച നടക്കമാറാകും;
രാജാസനത്തിൽ മാത്രം ഞാൻ നി
ന്നെക്കാൾ വലിയവനാകും.

൪൧ പിന്നെയും പറഒ യൊസെ
ഫിനൊട പറഞ്ഞു, നൊക്ക, മിസ്ര
യിം ദെശത്തിന്മെൽ ഒക്കെയും ഞാ
ൻ നിന്നെ അധികാരി ആക്കിയി
രിക്കുന്നു.

൪൨ പറഒ തന്റെ കയ്യിൽനിന്ന
തന്റെ മൊതിരം ഊരി, അതിനെ
യൊസെഫിന്റെ കൈക്ക ഇട്ടു,
നെമ്മയായുള്ള വസ്ത്രങ്ങളെ അവ
നെ ധരിപ്പിച്ച, സ്വൎണ്ണ സരപ്പളി
മാലയെയും അവന്റെ കഴുത്തിൽ
ഇട്ടു.

൪൩ പിന്നെ അവൻ തനിക്കുള്ള
രണ്ടാം രഥത്തിന്മെൽ അവനെ ക
രയെററി, മുട്ടുകുത്തുവിനെന്ന അ
വന്റെ മുമ്പാകെ അവർ വിളിച്ച
പറഞ്ഞു; അവനെ മിസ്രയിം ദെ
ശത്തിന്മെൽ ഒക്കെയും അവൻ അ
ധികാരിയാക്കുകയും ചെയ്തു.

൪൪ പിന്നെ പറഒ യൊസെഫി
നൊട പറഞ്ഞു, ഞാൻ പറഒ [ആ
കുന്നു,] എങ്കിലും നിന്നെ കൂടാതെ
മിസ്രയിം ദെശത്ത ഒക്കെയും ഒരു
ത്തനും കൈ എങ്കിലും കാലെങ്കിലും
ഉയൎത്തുകയില്ല.

൪൫ ¶ പറഒ യൊസെഫിന സ
ഫ്നത്തപാഹനെഹ എന്ന നാമം
വിളിച്ചു; ഒനിലെ ആചാൎയ്യനായ
പൊത്തിഫെറായുടെ പുത്രിയായ
അസെനാത്തിനെ അവന ഭാൎയ്യയാ
യിട്ട കൊടുത്തു: പിന്നെ യൊസെ
ഫ മിസ്രയിം ദെശത്ത ചുററും സ
ഞ്ചരിച്ചു.

൪൬ യൊസെഫ മിസ്രയിമിലെ
രാജാവായ പറഒവിന്റെ മുമ്പാകെ
നില്ക്കുമ്പൊൾ, അവന മുപ്പത വ
യസ്സായിരുന്നു. യൊസെഫ പറ
ഒവിന്റെ സന്നിധാനത്തിങ്കൽനി
ന്ന പുറപ്പെട്ടു, മിസ്രയിം ദെശ
ത്തൊക്കെയും സഞ്ചരിച്ച നടന്നു.

൪൭ പിന്നെ പരിപൂൎണ്ണമുള്ള എ
ഴ വൎഷങ്ങളിൽ ദെശം കൈ നിറ
യായിട്ട ഫലം തന്നു.

൪൮ മിസ്രയിം ദെശത്ത ഉണ്ടാ
യ ആ എഴ വൎഷങ്ങളുടെ ആഹാര
ത്തെ ഒക്കെയും അവൻ കൂട്ടി, ആ
ആഹാരത്തെ നഗരങ്ങളിൽ സൂ
ക്ഷിപ്പിച്ചു. ഒരൊ നഗരത്തിനക
ത്ത അതാതിന്റെ ചുററ നിലത്തു
ള്ള ആഹാരത്തെയും സൂക്ഷിപ്പിച്ചു.

൪൯ അപ്രകാരം യൊസെഫ ധാ
ന്യങ്ങളെ കടൽകരയിലെ മണൽ
പൊലെ, എണ്ണുന്നത വിട്ടുവൊളം,
എത്രയും വളരെ, കൂട്ടിചെൎത്തു: എ
ന്തെന്നാൽ അത എണ്ണമില്ലാത്തത
[ആയിരുന്നു.]

൫൰ ¶ ക്ഷാമമുള്ള വൎഷങ്ങൾ വരു
ന്നതിന മുമ്പെ യൊസെഫിന ര
ണ്ട പുത്രന്മാർ ജനിച്ചു: അവരെ ഒ
നിലെ ആചാൎയ്യനായ പൊത്തി
ഫെറായുടെ പുത്രിയായ അസെ
നാത്ത അവന പ്രസവിച്ചു.

൫൧ യൊസെഫ ആദ്യം ജനി
ച്ചവന മനശ്ശെ എന്ന പെർ വി
ളിച്ചു; എന്തെന്നാൽ എന്റെ പ്ര
യത്നത്തെ ഒക്കെയും, എന്റെ പി
താവിന്റെ ഭവനത്തെ ഒക്കെയും
ദൈവം എന്നെ മറക്കുമാറാക്കി [എ
ന്ന അവൻ പറഞ്ഞു.]

൫൨ രണ്ടാമത്തവന അവൻ എ
പ്രായിം എന്ന പെർ വിളിച്ചു; എ
ന്തെന്നാൽ ഞാൻ സങ്കടപ്പെട്ടിരു
ന്ന ദെശത്ത ദൈവം എന്നെ വൎദ്ധി
പ്പിച്ചു, [എന്ന അവൻ പറഞ്ഞു.]

൫൩ ¶ പിന്നെ മിസ്രയിം ദെശത്ത ഉണ്ടായ പരിപൂൎണ്ണമുള്ള എഴ വൎഷങ്ങൾ അവസാനിച്ചു.

൫൪ എന്നാറെ ക്ഷാമമുള്ള എഴ വൎഷങ്ങൾ യൊസെഫ പറഞ്ഞ പ്രകാരം വന്നുതുടങ്ങി: അപ്പൊൾ എല്ലാ ദെശങ്ങളിലും ക്ഷാമമുണ്ടായി; എന്നാൽ മിസ്രയിം ദെശത്ത എല്ലാടവും ആഹാരം ഉണ്ടായിരുന്നു:

൫൫ പിന്നെ മിസ്രയിം ദെശത്ത എല്ലാടവും ക്ഷാമം ഉണ്ടായപ്പൊൾ, ജനങ്ങൾ അപ്പത്തിനായ്ക്കൊണ്ട പറവൊനൊട നിലവിളിച്ചു: എന്നാറെ പറവൊ മിസ്രയക്കാരൊടെല്ലാവരൊടും, നിങ്ങൾ യൊസെഫിന്റെ അടുക്കൽ ചെല്ലുവിൻ; അവൻ നിങ്ങളൊട പറയും പ്രകാരം ചെയ്വിൻ എന്ന പറഞ്ഞു.

൫൬ പിന്നെ ക്ഷാമം ഭൂതലത്തിന്മെൽ ഒക്കെയും ഉണ്ടായി; എന്നാറെ യൊസെഫ പണ്ടകശാലകളെ ഒക്കെയും തുറന്ന, മിസ്രയക്കാൎക്ക വിലെക്ക വിറ്റു: പിന്നെയും ക്ഷാമം മിസ്രയിം ദെശത്ത വളരെയായി തീൎന്നു.

൫൭ സകല ദെശത്തുമുള്ള മനുഷ്യരും യൊസെഫിന്റെ അടുക്കൽ (ധാന്യം) കൊള്ളുവാനായിട്ട മിസ്രയിം ദെശത്തെക്ക വന്നു; എന്തെന്നാൽ ഭൂമിയിൽ എല്ലാടവും ക്ഷാമം വളരെയായി തീൎന്നു.

൪൨ അദ്ധ്യായം.

൧ യാക്കൊബ തന്റെ പത്ത പുത്രന്മാരെ മിസ്രയിമിൽ ധാന്യം വാങ്ങുവാൻ അയക്കുന്നത.— ൬ ഒറ്റുകാരെന്ന വച്ച യൊസെഫ അവരെ കാവലിൽ പാൎപ്പിക്കുന്നത.—൨൧. അവരുടെ അനുതാപം.

മിസ്രയിമിൽ ധാന്യം ഉണ്ടെന്ന യാക്കൊബ കണ്ടപ്പൊൾ, യാക്കൊബ തന്റെ പുത്രന്മാരൊട പറഞ്ഞു, നിങ്ങൾ തമ്മിൽ തമ്മിൽ നൊക്കുന്നത എന്തിന?

൨ ഇതാ, മിസ്രയിമിൽ ധാന്യം ഉണ്ടെന്ന ഞാൻ കെട്ടിരിക്കുന്നു: നാം മരിക്കാതെ ജീവനൊടെ ഇരിക്കെണ്ടുന്നതിന, അവിടെക്ക ഇറങ്ങി ചെന്ന, അവിടെനിന്ന നമുക്ക ധാന്യം കൊള്ളുവിൻ എന്നും പറഞ്ഞു.

൩ അപ്പൊൾ യൊസെഫിന്റെ സഹൊദരന്മാർ പത്ത പെർ മിസ്രയിമിൽ ധാന്യം കൊള്ളുവാനായിട്ട ഇറങ്ങി പൊയി:

൪ എന്നാൽ യൊസെഫിന്റെ അനുജനായ ബെന്യാമിനെ യാക്കൊബ അവന്റെ സഹൊദരന്മാരൊട കൂടെ അയച്ചില്ല: എന്തുകൊണ്ടെന്നാൽ പക്ഷെ അവന ആപത്ത ഭവിക്കും എന്ന അവൻ പറഞ്ഞു:

൫ ¶ അപ്രകാരം കൊള്ളെണ്ടുന്നതിനായിട്ട വരുന്നവരുടെ ഇടയിൽ യിസ്രാഎലിന്റെ പുത്രന്മാരും വന്നു: എന്തെന്നാൽ കനാൻ ദെശത്ത ക്ഷാമം ഉണ്ടായിരുന്നു.

൬ എന്നാൽ യൊസെഫ ദെശത്തെക്ക അധികാരിയായിരുന്നു; അവൻ തന്നെ ദെശത്തിലെ എല്ലാ ജനങ്ങൾക്കും വിലെക്ക വിറ്റു: യൊസെഫിന്റെ സഹൊദരന്മാരും വന്ന, മുഖം നിലത്ത കവിണ്ണ അവനെ വന്ദിച്ചു.

൭ യൊസെഫ തന്റെ സഹൊദരന്മാരെ കണ്ടാറെ, അവരെ അറിഞ്ഞു, എങ്കിലും അറിയാത്തവനെന്നപൊലെ അവൎക്ക കാണിച്ചു, അവരൊട കഠിനമായി സംസാരിച്ചു, അവരൊട, നിങ്ങൾ എവിടെനിന്ന വരുന്നു എന്ന ചൊദിച്ചു. ആഹാരം കൊള്ളുവാനായിട്ട കനാൻ

ദെശത്തനിന്ന [വന്നു] എന്ന അ
വർ പറഞ്ഞു.
൮ വിശെഷിച്ച യൊസെഫ ത
ന്റെ സഹൊദരന്മാരെ അറിഞ്ഞു.
അവർ അവനെ അറിഞ്ഞില്ല താ
നും.
൯ യൊസെഫ അവരെ കുറിച്ച
താൻ കണ്ടിരുന്ന സ്വപ്നങ്ങളെ ഒ
ൎത്ത, അവരൊട പറഞ്ഞു, നിങ്ങൾ
ഒററുകാരാകുന്നു; ദെശത്തിന്റെ
നഗ്നതയെ കാണ്മാനായിട്ട നിങ്ങ
ൾ വന്നിരിക്കുന്നു.
൧൦ എന്നാറെ അവർ അവനൊ
ട പറഞ്ഞു, അല്ല, എന്റെ കൎത്താ
വെ, ആഹാരം കൊള്ളുവാനായിട്ട
നിന്റെ ദാസന്മാർ വന്നിരിക്ക
ന്നു.
൧൧ ഞങ്ങൾ എല്ലാവരും ഒരു മ
നുഷ്യന്റെ പുത്രന്മാരാകുന്നു; ഞ
ങ്ങൾ നെരുള്ളവരാകുന്നു, നിന്റെ
ദാസന്മാർ ഒററുകാരല്ല.
൧൨ എന്നാറെ അവൻ അവരൊ
ട, അപ്രകാരമല്ല, നിങ്ങൾ ദെശ
ത്തിന്റെ നഗ്നതയെ കാണ്മാനാ
യിട്ടവന്നിരിക്കുന്നു എന്ന പറഞ്ഞു.
൧൩ അപ്പൊൾ അവർ പറഞ്ഞു,
നിന്റെ ദാസന്മാർ കനാൻ ദെശ
ത്ത ഇരിക്കുന്ന ഒരുത്തന്റെ പുത്ര
ന്മാരായി, പന്ത്രണ്ട സഹൊദരന്മാ
ർ [ആകുന്നു;] എന്നാൽ ഇതാ, ഇ
ളയവൻ ഇന്ന ഞങ്ങളുടെ പിതാ
വിന്റെ അടുക്കൽ ഉണ്ട, ഒരുത്ത
ൻ ഇല്ല താനും.
൧൪ അപ്പൊൾ യൊസെഫ അ
വരൊട പറഞ്ഞു, നിങ്ങൾ ഒററുകാ
ർ എന്ന ഞാൻ നിങ്ങളൊട പറ
ഞ്ഞത അത തന്നെ [ആകുന്നു.]
൧൫ ഇതിനാൽ നിങ്ങൾ പരി
ക്ഷിക്കപ്പെട്ടവരാകും: നിങ്ങളുടെ
ഇളയ സഹൊദരൻ ഇവിടെ വ
ന്നല്ലാതെ ഫറവൊവിന്റെ ജീവനെ
കൊണ്ട നിങ്ങൾ ഇവിടെനിന്ന
പുറപ്പെടുകയില്ല.
൧൬ നിങ്ങളിൽ ഒരുത്തനെ അ
യപ്പിൻ, അവൻ നിങ്ങളുടെ സ
ഹൊദരനെ കൂട്ടിക്കൊണ്ട വരട്ടെ;
എന്നാൽ നിങ്ങൾ കെട്ടപ്പെട്ടവരാ
യി ഇരിക്കും; നിങ്ങളിൽ സത്യമു
ണ്ടൊ എന്ന നിങ്ങളുടെ വചന
ങ്ങൾ പരിക്ഷിക്കപ്പെടും; ഇല്ലെ
ങ്കിൽ ഫറവൊവിന്റെ ജീവനെ കൊ
ണ്ട നിങ്ങൾ ഒററുകാർ [ആകുന്നു.]
൧൭ പിന്നെ അവൻ അവരെ ഒ
രുമിച്ച മൂന്ന ദിവസം കാവലിൽ
ആക്കി.
൧൮ പിന്നെ മൂന്നാം ദിവസം
യൊസെഫ അവരൊട പറഞ്ഞു,
ഇതിനെ ചെയ്‌വിൻ, ജീവനൊടിരി
പ്പിൻ: [എന്തെന്നാൽ] ഞാൻ ദൈ
വത്തെ ഭയപ്പെടുന്നു.
൧൯ നിങ്ങൾ നെരുള്ള മനുഷ്യർ
[ആകുന്നു] എങ്കിൽ, നിങ്ങളുടെ സ
ഹൊദരനായ ഒരുത്തൻ നിങ്ങളു
ടെ കാവൽ പുരയിൽ കെട്ടപ്പെട്ടി
രിക്കട്ടെ: എന്നാൽ നിങ്ങൾ പുറ
പ്പെട്ട, നിങ്ങളുടെ ഭവനത്തിലുള്ള
വരുടെ ക്ഷാമത്തിനായിട്ട ധാന്യം
കൊണ്ടുപൊകുവിൻ.
൨൦ എന്നാൽ നിങ്ങളുടെ നന്നാ
ഇളയ സഹൊദരനെ എന്റെ അ
ടുക്കൽ കൊണ്ടുവരുവിൻ: അപ്പൊ
ൾ നിങ്ങളുടെ വചനങ്ങൾ നെരാ
ക്കപ്പെടും, നിങ്ങൾ മരിക്കാതെയുമി
രിക്കും. അവർ അപ്രകാരവും ചെ
യ്തു.
൨൧ പിന്നെ അവർ തമ്മിൽ ത
മ്മിൽ പറഞ്ഞു, നാം നമ്മുടെ സ
ഹൊദരനെ കുറിച്ച കുററക്കാരാകു
ന്നു സത്യം; അവൻ നമ്മൊട അ
പെക്ഷിച്ചപ്പൊൾ അവന്റെ ആ

ത്മാവിലെ വ്യാകുലത്തെ നാം കണ്ടാറെയും അവന ചെവി കൊടുക്കാതെ ഇരുന്നുവല്ലൊ: ആയതുകൊണ്ട ഈ വ്യാകുലം നമ്മിൽ വന്നിരിക്കുന്നു.

൨൨ അപ്പൊൾ രൂബൻ അവരൊട ഉത്തരമായിട്ട പറഞ്ഞു; പൈതലിന വിരൊധമായി ദൊഷം ചെയ്യരുതെന്ന ഞാൻ നിങ്ങളൊട പറഞ്ഞിട്ടില്ലയൊ? എങ്കിലും നിങ്ങൾ കെട്ടില്ല: അതുകൊണ്ട ഇതാ, അവന്റെ രക്തവും ചൊദിക്കപ്പെടുന്നു.

൨൩ എന്നാൽ യൊസെഫ ഇതിനെ കെട്ടറിഞ്ഞു എന്ന അവർ അറിഞ്ഞില്ല: എന്തുകൊണ്ടെന്നാൽ അവൻ ഭാഷക്കാരൻ മുഖാന്തരം അവരൊട സംസാരിച്ചിരുന്നു.

൨൪ അവൻ അവരിൽനിന്ന തിരിഞ്ഞു മാറി, കരഞ്ഞു: പിന്നെ അവരുടെ അടുക്കൽ തിരികെ വന്ന, അവരൊട സംസാരിച്ചു, അവരിൽ ശിമഒനെ പിടിച്ചു, അവനെ അവരുടെ കണ്ണുകൾക്ക മുമ്പാകെ കെട്ടിച്ചു.

൨൫ പിന്നെ അവരുടെ ചാക്കുകളെ ധാന്യംകൊണ്ട നിറപ്പാനും, അവരുടെ ദ്രവ്യം അവരവരുടെ ചാക്കിൽ തിരികെ ഇടുവാനും, അവൎക്ക വഴിക്ക ആഹാരം കൊടുപ്പാനും യൊസെഫ കല്പിച്ചു: അവൻ ഇപ്രകാരം അവരൊട ചെയ്തു.

൨൬ ¶ അവർ തങ്ങളുടെ ധാന്യത്തെ തങ്ങളുടെ കഴുതകളിന്മെൽ കെറ്റിയുംകൊണ്ട അവിടെനിന്ന പുറപ്പെട്ടു പൊയി.

൨൭ പിന്നെ വഴിയമ്പലത്തിൽ വെച്ച അവരിൽ ഒരുത്തൻ തന്റെ കഴുതെക്ക തീൻ കൊടുപ്പാൻ തന്റെ ചാക്കിനെ അഴിച്ചപ്പൊൾ, അവൻ തന്റെ ദ്രവ്യത്തെ കണ്ടു. എന്തെന്നാൽ ഇതാ, അത തന്റെ ചാക്കിന്റെ വായിൽ [ഉണ്ടായിരുന്നു.]

൨൮ അപ്പൊൾ അവൻ തന്റെ സഹൊദരന്മാരൊട, എന്റെ ദ്രവ്യം ഇനിക്ക തിരികെ തരപ്പെട്ടു; ഇതാ, അത ചാക്കിൽ [ഉണ്ട] എന്ന പറഞ്ഞു: അപ്പൊൾ അവരുടെ ഹൃദയങ്ങൾക്ക ധൈൎയ്യമില്ലാതെയായി; അവർ വിഷാദിച്ചു, ദൈവം നമുക്ക ചെയ്തു ഇത എന്തെന്ന തമ്മിൽ തമ്മിൽ പറഞ്ഞു.

൨൯ അവർ കനാൻ ദെശത്ത തങ്ങളുടെ പിതാവായ യാക്കൊബിന്റെ അടുക്കൽ വന്നാറെ, തങ്ങൾക്ക സംഭവിച്ചതിനെ ഒക്കെയും അവനൊട അറിയിച്ചു പറഞ്ഞു;

൩൦ ദെശത്തിന അധികാരിയായിരിക്കുന്ന മനുഷ്യൻ ഞങ്ങളൊട കഠിനമായി പറഞ്ഞു, ഞങ്ങൾ ദെശത്ത ഒറ്റുകാരാകുന്നു എന്ന വിചാരിച്ചു.

൩൧ എന്നാറെ ഞങ്ങൾ അവനൊട പറഞ്ഞു, ഞങ്ങൾ സത്യമുള്ളവരാകുന്നു; ഞങ്ങൾ ഒറ്റുകാരല്ല.

൩൨ ഞങ്ങളുടെ പിതാവിന്റെ പുത്രന്മാരായി, ഞങ്ങൾ പന്ത്രണ്ട സഹൊദരന്മാരാകുന്നു: ഒരുത്തൻ ഇല്ല, എന്നാൽ ഇളയവൻ ഇപ്പൊൾ കനാൻ ദെശത്ത ഞങ്ങളുടെ പിതാവിന്റെ അടുക്കൽ ഉണ്ട.

൩൩ അപ്പൊൾ ദെശത്തിന അധികാരിയായിരിക്കുന്ന മനുഷ്യൻ ഞങ്ങളൊട പറഞ്ഞു, നിങ്ങൾ നെരുള്ളവർ എന്ന ഇതുകൊണ്ട ഞാൻ അറിയും: നിങ്ങളുടെ സഹൊദരനായ ഒരുത്തനെ നിങ്ങൾ എന്റെ അടുക്കൽ വിട്ടെച്ചു, നിങ്ങളുടെ ഭവനക്കാരുടെ ക്ഷാമത്തിനാ

യിട്ടു[ധാന്യം]എടുത്തുകൊണ്ടു പൊ
കുവിൻ.

൩൪ നിങ്ങളുടെ ഇളയ സഹൊദരനെയും എന്റെ അടുക്കൽ കൊണ്ടുവരുവിൻ ; അപ്പൊൾ നിങ്ങൾ ഒറവുകാരല്ല, സത്യമുള്ളവർ തന്നെ എന്ന ഞാൻ അറിയും : ഞാൻ നിങ്ങളുടെ സഹൊദരനെ നിങ്ങൾക്ക എല്പിക്കും, നിങ്ങൾക്ക ദെശത്ത വ്യാപാരവും ചെയ്യാം.

൩൫ പിന്നെ ഉണ്ടായത എന്തെന്നാൽ, അവർ തങ്ങളുടെ ചാക്കുകളെ ഒഴിക്കുമ്പൊൾ, ഇതാ അവനവന്റെ ചാക്കിൽ അവനവന്റെ ദ്രവ്യക്കെട്ട [ഉണ്ടായിരുന്നു :] തങ്ങളുടെ ദ്രവ്യത്തിന്റെ കെട്ടുകളെ അവരും അവരുടെ പിതാവും കണ്ടാറെ അവർ ഭയപ്പെട്ടു.

൩൬ അപ്പൊൾ അവരുടെ പിതാവായ യാക്കൊബെ അവരൊട പറഞ്ഞു, എന്നെ നിങ്ങൾ [പുത്രന്മാർ] ഇല്ലാത്തവനാക്കി : യൊസെഫ ഇല്ല, ശിമെയൊനും ഇല്ല, ബെന്യാമിനെയും കൊണ്ടുപൊകും : ഇവ ഒക്കെയും എനിക്ക വിരൊധമാകുന്നു.

൩൭ അപ്പൊൾ രൂബെൻ തന്റെ പിതാവിനൊട സംസാരിച്ചു പറഞ്ഞു, ഞാൻ അവനെ നിന്റെ അടുക്കൽ കൊണ്ടുവരുന്നില്ല എങ്കിൽ, എന്റെ രണ്ടു പുത്രന്മാരെ കൊന്നുകളക : എന്റെ കയ്യിൽ അവനെ എല്പിക്ക, എന്നാൽ ഞാൻ അവനെ നിന്റെ അടുക്കൽ തിരികെ കൊണ്ടുവരും.

൩൮ എന്നാറെ അവൻ പറഞ്ഞു, എന്റെ പുത്രൻ നിങ്ങളൊട കൂടെ പൊരികയില്ല : എന്തെന്നാൽ അവന്റെ ജ്യെഷ്ഠൻ മരിച്ചുപൊയി. അവൻ ഒരുത്തൻ ശെഷിച്ചിരിക്കുന്നു : നിങ്ങൾ പൊകുന്ന വഴിയിൽ ഇവന ആപത്ത വന്നാൽ, നിങ്ങൾ എന്റെ നരയെ ദുഃഖത്തൊടെ ശവക്കുഴിയിലെക്ക ഇറക്കുമാറാക്കും.

൪൩ അദ്ധ്യായം.

൧ യാക്കൊബ ബെന്യാമിനെ അയപ്പാൻ പ്രയാസമായി സമ്മതപ്പെടുന്നത.—൧൬. യൊസെഫ തന്റെ സഹൊദരന്മാരെ സല്ക്കരിക്കുന്നതും.—൩൧. അവൎക്കായിട്ടു ഒരു വിരുന്ന കഴിക്കുന്നതും.

എന്നാൽ ക്ഷാമം ദെശത്ത വളരെയായി തീൎന്നു.

൨ പിന്നെ അവർ മിസ്രയിമിൽ നിന്ന കൊണ്ടുവന്ന ധാന്യത്തെ ഭക്ഷിച്ചു തീൎന്നപ്പൊൾ ഉണ്ടായത എന്തെന്നാൽ, അവരുടെ പിതാവ അവരൊട, നിങ്ങൾ ഇനിയും പൊയി, കുറെ ആഹാരം നമുക്ക കൊള്ളെണമെന്ന പറഞ്ഞു.

൩ അപ്പൊൾ യെഹൂദാ അവനൊട സംസാരിച്ചു പറഞ്ഞു, നിങ്ങളുടെ സഹൊദരൻ നിങ്ങളൊടു കൂടെ ഇല്ലാതെ ഇരുന്നാൽ, നിങ്ങൾ എന്റെ മുഖത്തെ കാണുകയില്ല എന്ന ആ മനുഷ്യൻ ഞങ്ങളൊട സാക്ഷിയായി തീൎത്തു പറഞ്ഞു.

൪ നീ ഞങ്ങളുടെ സഹൊദരനെ ഞങ്ങളൊട കൂടെ അയക്കുമെങ്കിൽ, ഞങ്ങൾ ഇറങ്ങിപ്പൊയി, നിനക്ക ആഹാരം കൊള്ളാം.

൫ എന്നാൽ നീ [അവനെ] അയക്കയില്ല എങ്കിൽ, ഞങ്ങൾ ഇറങ്ങി പൊകയില്ല: എന്തെന്നാൽ നിങ്ങളുടെ സഹൊദരൻ നിങ്ങളൊട കൂടെ ഇല്ല എങ്കിൽ, നിങ്ങൾ എന്റെ മുഖത്തെ കാണുകയില്ല എന്ന ആ മനുഷ്യൻ ഞങ്ങളൊട പറഞ്ഞു.

൬ അപ്പൊൾ യിസ്രാഎൽ പറ

ഞ്ഞു, നിങ്ങൾക്ക ഇനിയും ഒരു സ
ഹൊദരൻ ഉണ്ടെന്ന നിങ്ങൾ ആ
മനുഷ്യനൊട അറിയിച്ചതിനാൽ
ഇനിക്ക ഇത്ര ദൊഷം ചെയ്യുത എ
ന്തിന?

൭ എന്നാറെ അവർ പറഞ്ഞു, നി
ങ്ങളുടെ പിതാവ ഇനിയും ജീവ
നൊടിരിക്കുന്നുവൊ എന്നും, നിങ്ങ
ൾക്ക ഇനിയും ഒരു സഹൊദരൻ
ഉണ്ടൊ എന്നും, ആ മനുഷ്യൻ ഞ
ങ്ങളുടെ വസ്തുതയെയും, ഞങ്ങളു
ടെ വംശത്തിന്റെ വസ്തുതയെയും
ഞങ്ങളൊട താല്പൎയ്യമായി ചൊദി
ച്ചു. എന്നാറെ ൟ വാക്കുകൾക്ക
തക്കവണ്ണം ഞങ്ങൾ അവനൊട
അറിയിച്ചു: നിങ്ങളുടെ സഹൊദ
രനെ ഇവിടെ കൂട്ടിക്കൊണ്ടുവരു
വിൻ എന്ന അവൻ പറയുമെന്ന
ഞങ്ങൾ നിശ്ചയമായിട്ട അറിയു
മൊ?

൮ പിന്നെ യെഹൂദാ തന്റെ പി
താവായ യിസ്രാഎലിനൊട പറ
ഞ്ഞു, ഞങ്ങളും, നീയും, ഞങ്ങളുടെ
പൈതങ്ങളും മരിക്കാതെ ജീവനൊ
ടിരിക്കെണ്ടുന്നതിന, പൈതലിനെ
എന്നൊട കൂടെ അയക്കെണം, എ
ന്നാൽ ഞങ്ങൾ എഴുനീറ്റ പൊകും.

൯ അവന്നായ്ക്കൊണ്ട ഞാൻ ഉ
ത്തരവാദിയായിരിക്കാം; എന്റെ
കയ്യിൽനിന്ന അവനെ നീ ചൊ
ദിക്കെണം: ഞാൻ അവനെ നി
ന്റെ അടുക്കൽ കൊണ്ടുവന്ന, അ
വനെ നിന്റെ മുമ്പാകെ നിൎത്തു
ന്നില്ല എങ്കിൽ, അപ്പൊൾ ഞാൻ
എല്ലാനാളും നിനക്ക കുറ്റക്കാരനാ
കട്ടെ.

൧൦ എന്തുകൊണ്ടെന്നാൽ ഞങ്ങ
ൾ താമസിച്ചിരുന്നില്ല എങ്കിൽ, ഇ
പ്പൊൾ രണ്ട പ്രാവശ്യം തിരികെ
വന്നിരിക്കുമായിരുന്നു.

൧൧ അപ്പൊൾ അവരുടെ പി
താവായ യിസ്രാഎൽ അവരൊട
പറഞ്ഞു, ഇപ്പൊൾ ഇപ്രകാരം വെ
ണമെങ്കിൽ ഇതിനെ ചെയ്യിൻ;
ൟ ദെശത്തിന്റെ വിശെഷഫ
ലങ്ങളായ കുറെ പശയുടെ തൈ
ലത്തെയും, കുറെ തെനും, പലവ്യ
ഞ്ജനങ്ങളെയും, നറും പശയെയും,
തെരുവിന്തുകുരുകളെയും, ബദാം കു
രുകളെയും, നിങ്ങളുടെ പാത്രങ്ങളി
ൽ എടുത്ത, ആ മനുഷ്യന സമ്മാ
നമായി കൊണ്ടുപൊകുവിൻ.

൧൨ ഇരട്ടി ദ്രവ്യത്തെയും നിങ്ങ
ളുടെ കൈകളിൽ എടുപ്പിൻ; നിങ്ങ
ളുടെ ചാക്കുകളുടെ വായിൽ തിരി
കെ വന്ന ദ്രവ്യത്തെയും ഇനിയും
നിങ്ങളുടെ കയ്യിൽ കൊണ്ടുപൊ
കുവിൻ; പക്ഷെ അത തെറ്റായി
രുന്നു.

൧൩ നിങ്ങളുടെ സഹൊദരനെ
യും കൂട്ടിക്കൊണ്ട, എഴുനീറ്റ, ആ മ
നുഷ്യന്റെ അടുക്കൽ തിരികെ പൊ
കുവിൻ.

൧൪ വിശെഷിച്ച ആ മനുഷ്യ
ൻ നിങ്ങളുടെ മറ്റ സഹൊദരനെ
യും, ബെന്യാമിനെയും നിങ്ങളൊ
ട കൂടെ അയക്കെണ്ടുന്നതിന, സ
ൎവ്വ ശക്തിയുള്ള ദൈവം അവന്റെ
മുമ്പാകെ നിങ്ങൾക്ക കൃപ ലഭിക്കു
മാറാക്കട്ടെ: എന്നാൽ ഞാൻ [പുത്ര
ന്മാർ] ഇല്ലാത്തവനായി തീൎന്നു
പൊലെ; ഇല്ലാത്തവനായി തീൎന്നു.

൧൫ ¶ അപ്പൊൾ അവർ ആ സ
മ്മാനത്തെയും തങ്ങളുടെ കൈകളി
ൽ ഇരട്ടി ദ്രവ്യത്തെയും എടുത്ത,
ബെന്യാമിനെയും കൂട്ടിക്കൊണ്ട;
അവർ എഴുനീറ്റ, മിസ്രയിമിലെ
ക്ക പുറപ്പെട്ട പൊയി, യൊസെ
ഫിന്റെ മുമ്പാകെ നില്ക്കയും ചെ
യ്തു.

൧൬ എന്നാറെ ബെന്യാമിൻ അവരൊട കൂടെ ഉണ്ടെന്ന യൊസെഫ കണ്ടപ്പൊൾ,തന്റെ ഭവനത്തിലെ വിചാരിപ്പുകാരനൊട പറഞ്ഞു, നീ ൟ മനുഷ്യരെ ഭവനത്തിലെക്ക കൊണ്ടുപൊയി, ഭക്ഷണത്തിന കൊന്ന ഒരുക്കുക ; എന്തെന്നാൽ ൟ മനുഷ്യർ ഉച്ചെക്ക എന്നൊട കൂടെ ഭക്ഷിക്കും,

൧൭ ആ മനുഷ്യൻ യൊസെഫ തന്നൊട പറഞ്ഞ പ്രകാരം ചെയ്തു : ആ മനുഷ്യൻ ആ മനുഷ്യരെ യൊസെഫിന്റെ ഭവനത്തിലെക്ക കൂട്ടിക്കൊണ്ടുപൊയി.

൧൮ എന്നാറെ ആ മനുഷ്യർ, തങ്ങൾ യൊസെഫിന്റെ ഭവനത്തിലെക്ക കൊണ്ടുവരപ്പെട്ടതുകൊണ്ട, ഭയപ്പെട്ടു ; ആദ്യം നമ്മുടെ ചാക്കുകളിൽ തിരികെ വന്ന ദ്രവ്യത്തിന്റെ നിമിത്തം നാം അകത്ത കൊണ്ടുവരപ്പെട്ടു ; അത അവൻ നമ്മുടെ പെരിൽ കുററം ചുമത്തി, നമ്മുടെമെൽ വീണ, അടിമകളായിട്ട നമ്മെയും നമ്മുടെ കഴുതകളെയും എടുക്കെണ്ടുന്നതിനായിട്ട ആകുന്നു എന്നും പറഞ്ഞു,

൧൯ പിന്നെ അവർ യൊസെഫിന്റെ ഭവനത്തിലെ കലവറക്കാരന്റെ അടുക്കൽ ചെന്ന, ഭവനത്തിന്റെ വാതുക്കൽ വെച്ച അവനൊട സംസാരിച്ച പറഞ്ഞു:

൨൦ ഞങ്ങളുടെ യജമാനനെ, ആഹാരം കൊള്ളുവാനായിട്ട ഞങ്ങൾ ആദ്യം ഇറങ്ങി വന്നു നിശ്ചയം.

൨൧ പിന്നെ ഉണ്ടായത എന്തെന്നാൽ, ഞങ്ങൾ വഴിയമ്പലത്തിൽ ചെന്ന, ഞങ്ങളുടെ ചാക്കുകളെ അഴിച്ചപ്പൊൾ, ഇതാ ഞങ്ങൾ ഞങ്ങളുടെ ദ്രവ്യത്തെ തൂക്കി കൊടുത്ത തൂക്കത്തിൻ പ്രകാരം, അവനവന്റെ ദ്രവ്യം അവനവന്റെ ചാക്കിന്റെ വായിൽ ഉണ്ടായിരുന്നു : ആയതിനെ ഞങ്ങൾ ഞങ്ങളുടെ കയ്യിൽ തിരികെ കൊണ്ടുവന്നിരിക്കുന്നു.

൨൨ ആഹാരം കൊള്ളുവാനായിട്ട വെറെ ദ്രവ്യത്തെയും ഞങ്ങൾ ഞങ്ങളുടെ കയ്യിൽ കൊണ്ടുവന്നിരിക്കുന്നു : ഞങ്ങളുടെ ദ്രവ്യത്തെ ഞങ്ങളുടെ ചാക്കുകളിൽ ഇട്ടത ആര എന്ന ഞങ്ങൾ അറിയുന്നില്ല.

൨൩ എന്നാറെ അവൻ പറഞ്ഞു, നിങ്ങൾക്ക സമാധാനമിരിക്കട്ടെ. നിങ്ങൾ ഭയപ്പെടെണ്ട : നിങ്ങളുടെ ദൈവവും, നിങ്ങളുടെ പിതാവിന്റെ ദൈവവുമായവൻ നിങ്ങളുടെ ചാക്കുകളിൽ നിങ്ങൾക്ക നിക്ഷെപം തന്നിരിക്കുന്നു : നിങ്ങളുടെ ദ്രവ്യം എനിക്ക വന്നു. അവൻ ശിമെയൊനെയും അവരുടെ അടുക്കൽ പുറത്ത കൊണ്ടുവന്നു.

൨൪ പിന്നെ ആ മനുഷ്യൻ അവരെ യൊസെഫിന്റെ ഭവനത്തിലെക്ക കൂട്ടിക്കൊണ്ടുപൊയി, അവൎക്ക വെള്ളം കൊടുത്തു ; അവർ തങ്ങളുടെ കാലുകളെയും കഴുകി ; അവൻ അവരുടെ കഴുതകൾക്ക തീൻ കൊടുക്കയും ചെയ്തു.

൨൫ ഉച്ചെക്ക യൊസെഫ വരുവൊളം അവർ ആ സമ്മാനത്തെ ഒരുക്കി വെച്ചിരുന്നു : എന്തെന്നാൽ തങ്ങൾ അവിടെ അപ്പം ഭക്ഷിക്കുമെന്ന അവർ കെട്ടിരുന്നു.

൨൬ ¶ പിന്നെ യൊസെഫ ഭവനത്തിലെക്ക വന്നപ്പൊൾ, അവർ തങ്ങളുടെ കയ്യിലിരുന്ന സമ്മാനത്തെ ഭവനത്തിലെക്ക അവന കൊണ്ടുപൊയി, നിലം വരെയും അവനെ കുമ്പിട്ടു.

൨൭ അപ്പൊൾ അവൻ സുഖമായിരിക്കുന്നുവൊ എന്നും, നിങ്ങൾ

പറഞ്ഞ വൃദ്ധനായ നിങ്ങളുടെ പി
താവ സുഖമായിരിക്കുന്നുവൊ? അ
വൻ ഇനിയും ജീവനൊടിരിക്കുന്നു
വൊ എന്നും ചൊദിച്ചു.

൨൮ എന്നാറെ അവർ ഞങ്ങളു
ടെ പിതാവായ നിന്റെ ദാസൻ
സുഖമായിരിക്കുന്നു, ഇനിയും ജീ
വനൊടിരിക്കുന്നു എന്ന ഉത്തരമാ
യിട്ട പറഞ്ഞ, കുമ്പിട്ട വന്ദിച്ചു.

൨൯ പിന്നെ അവൻ തന്റെ ക
ണ്ണുകളെ ഉയൎത്തി, തന്റെ മാതാ
വിന്റെ പുത്രനായി, തന്റെ കൂട
പ്പിറന്നവനായ ബെന്യാമിനെ ക
ണ്ടു; ഇവൻ നിങ്ങൾ എന്നൊട
പറഞ്ഞ നിങ്ങളുടെ ഇളയ സ
ഹൊദരനൊ എന്നും ചൊദിച്ചു.
എന്റെ പുത്രാ, ദൈവം നിനക്ക കൃ
പ ചെയ്യട്ടെ എന്ന അവൻ പറ
കയും ചെയ്തു.

൩൦ എന്നാൽ തന്റെ സഹൊദ
രനെ കുറിച്ച യൊസെഫിന്റെ മ
നസ്സ അലിഞ്ഞതുകൊണ്ട, അവ
ൻ ബദ്ധപ്പെട്ട: കരയെണ്ടുന്നതി
ന്ന സ്ഥലം അന്വെഷിച്ചു; അവ
ൻ തന്റെ അറയിലെക്ക ചെന്ന,
അവിടെ കരഞ്ഞു.

൩൧ പിന്നെ അവൻ തന്റെ മു
ഖം കഴുകി, പുറത്ത ചെന്ന, തന്നെ
അടക്കിക്കൊണ്ട, ഭക്ഷണം വെ
പ്പിൻ എന്ന പറഞ്ഞു.

൩൨ അപ്പൊൾ അവർ അവന
പ്രത്യെകവും, അവൎക്ക പ്രത്യെകവും
അവനൊട കൂടെ ഭക്ഷിക്കുന്ന മി
സ്രയക്കാൎക്ക പ്രത്യെകവും വെച്ചു.
അത എന്തെന്നാൽ മിസ്രയക്കാർ
എബ്രായക്കാരൊട കൂടെ അപ്പം ഭ
ക്ഷിക്കയില്ല: എന്തുകൊണ്ടെന്നാ
ൽ അത മിസ്രയക്കാൎക്ക വെറുപ്പ
[ആകുന്നു.]

൩൩ അവർ അവന്റെ മുമ്പാ
കെ, ജ്യെഷ്ഠൻ തന്റെ ജ്യെഷ്ഠത
പ്രകാരവും, ഇളയവൻ തന്റെ ഇ
ളമ പ്രകാരവും ഇരുന്നിരുന്നു: ആ
മനുഷ്യർ തമ്മിൽ തമ്മിൽ ആശ്ച
ൎയ്യപ്പെടുകയും ചെയ്തു.

൩൪ വിശെഷിച്ച അവൻ ത
ന്റെ മുമ്പിൽനിന്ന അവൎക്ക ഭ
ക്ഷണ ഒഹരി കൊടുത്തയച്ചു. എ
ന്നാൽ എല്ലാവരുടെയും ഒഹരിയെ
ക്കാൾ ബെന്യാമിന്റെ ഒഹരി അ
ഞ്ചിരട്ടി അധികമായിരുന്നു: അവ
ർ കുടിച്ചു, അവനൊട കൂടെ സ
ന്തൊഷിക്കയും ചെയ്തു.

൪൪ അദ്ധ്യായം.

൧ തന്റെ സഹൊദരന്മാരെ താമസിപ്പിക്കുന്ന
തിന യൊസെഫ ചെയ്ത ഉപായം.

പിന്നെ അവൻ തന്റെ ഭവ
ന വിചാരിപ്പുകാരനൊട കല്പിച്ച
ത എന്തെന്നാൽ, നീ ഈ മനുഷ്യ
രുടെ ചാക്കുകളെ അവർ കൊണ്ടു
പൊകുവാൻ കഴിയുന്നെടത്തൊളം
ആഹാരം കൊണ്ട നിറച്ചു, അവ
നവന്റെ ദ്രവ്യത്തെ അവനവ
ന്റെ ചാക്കിന്റെ വായിൽ ഇടുക.

൨ ഇളയവന്റെ ചാക്കിന്റെ വാ
യിൽ വെള്ളി പാത്രമായ എന്റെ
പാനപാത്രത്തെയും, അവന്റെ
ധാന്യ ദ്രവ്യത്തെയും ഇടുക. യൊ
സെഫ പറഞ്ഞ പ്രകാരവും അവ
ൻ ചെയ്തു.

൩ ¶ കാലത്ത ഉദയമായപ്പൊൾ
ആ മനുഷ്യരും അവരുടെ കഴുതക
ളും അയക്കപ്പെട്ടു.

൪ അവർ നഗരത്തിൽനിന്ന പു
റപ്പെട്ട, ദൂരെ പൊകുന്നതിന മു
മ്പെ, യൊസെഫ തന്റെ ഭവന
വിചാരിപ്പുകാരനൊട പറഞ്ഞു, നീ
എഴുനീറ്റ, ആ മനുഷ്യരുടെ പി
ന്നാലെ ചെന്ന, അവരുടെ അടു

ക്കൽ എത്തുമ്പൊൾ, അവരൊട പ
റക, നിങ്ങൾ നന്മെക്ക പകരം തി
ന്മ ചെയ്യുത എന്തിന?
൫ ഇത എന്റെ യജമാനൻ ക
ടിക്കുന്ന പാത്രമല്ലയൊ? ആയതി
നാലും അവൻ ലക്ഷണം നൊ
ക്കുന്നില്ലയൊ? നിങ്ങൾ ചെയ്യുത
ദൊഷമായി ചെയ്തു.
൬ അവൻ അവരുടെ അടുക്കൽ
എത്തി, ൟ വചനങ്ങളെ അവ
രൊട പറകയും ചെയ്തു.
൭ അപ്പൊൾ അവർ അവനൊ
ട പറഞ്ഞു, എന്റെ യജമാനൻ
ൟ വചനങ്ങളെ എന്തിനായിട്ട
പറയുന്നു? ഇപ്രകാരമുള്ള കാൎയ്യം
നിന്റെ ദാസന്മാർ ഒരിക്കൽപൊ
ലും ചെയ്കയില്ല.
൮ ഇതാ, ഞങ്ങളുടെ ചാക്കുകളു
ടെ വായിൽ ഞങ്ങൾ കണ്ട ദ്രവ്യ
ത്തെ ഞങ്ങൾ കനാൻ ദെശത്ത
നിന്ന നിന്റെ അടുക്കൽ തിരികെ
കൊണ്ടുവന്നുവല്ലൊ: പിന്നെ ഞ
ങ്ങൾ നിന്റെ യജമാനന്റെ ഭവ
നത്തിൽനിന്ന വെള്ളിയെ എങ്കി
ലും പൊന്നിനെ എങ്കിലും മൊഷ്ടി
ക്കുന്നത എങ്ങിനെ?
൯ നിന്റെ ദാസന്മാരിൽ എവ
ന്റെ അടുക്കൽ അത കാണപ്പെട്ടാ
ൽ അവൻ മരിക്കട്ടെ: ഞങ്ങളും ഞ
ങ്ങളുടെ യജമാനന്ന അടിമകളാ
യിട്ട ആകും.
൰ എന്നാറെ അവൻ പറഞ്ഞു,
ഇപ്പൊൾ നിങ്ങൾ പറഞ്ഞ വാക്കു
കളിൻ പ്രകാരം ഇരിക്കട്ടെ: അത
എവന്റെ അടുക്കൽ കാണപ്പെട്ടാ
ൽ, അവൻ ഇനിക്ക അടിമയാകും.
൰൧ അവർ അതിവെഗത്തിൽ
അവനവൻ തന്റെ ചാക്കിനെ നി
ലത്ത ഇറക്കീട്ട, ഒരൊരുത്തനായി
തങ്ങളുടെ ചാക്കുകളെ അഴിച്ചു.
൰൨ അവൻ മൂത്തവൻ തുടങ്ങി,
ഇളയവൻ വരെയും ശൊധന ക
ഴിച്ചു: എന്നാറെ പാനപാത്രം ബെ
ന്യാമിന്റെ ചാക്കിൽ കാണപ്പെട്ടു.
൰൩ അപ്പൊൾ അവർ തങ്ങളു
ടെ വസ്ത്രങ്ങളെ കീറി, അവനവ
ന്റെ കഴുതയിന്മെൽ [ചാക്കുകളെ]
എറ്റി, നഗരത്തിലെക്ക തിരികെ
ചെന്നു.
൰൪ യെഹൂദായും അവന്റെ സ
ഹൊദരന്മാരും യൊസെഫിന്റെ
ഭവനത്തിലെക്ക വന്നു, (എന്തെ
ന്നാൽ അവൻ പിന്നെയും അവി
ടെ ഇരുന്നിരുന്നു,) അവർ അവ
ന്റെ മുമ്പാകെ നിലത്ത വീണു.
൰൫ അപ്പൊൾ യൊസെഫ അ
വരൊട പറഞ്ഞു, നിങ്ങൾ ചെയ്തു
ൟ പ്രവൃത്തി എന്ത? എന്നെപ്പൊ
ലെയുള്ള മനുഷ്യന ലക്ഷണം അ
റിയാമെന്ന നിങ്ങൾ അറിഞ്ഞിട്ടി
ല്ലയൊ?
൰൬ യെഹൂദാ പറഞ്ഞു, എന്റെ
കൎത്താവിനൊട ഞങ്ങൾ എന്ത പ
റയെണ്ടു? എന്ത സംസാരിക്കെ
ണ്ടു? എങ്ങിനെ ഞങ്ങൾ ഞങ്ങളെ
നീതീകരിക്കെണ്ടു? ദൈവം നി
ന്റെ ദാസന്മാരുടെ അകൃത്യത്തെ
കണ്ടെത്തി: ഇതാ, ഞങ്ങൾ എ
ന്റെ കൎത്താവിന്ന അടിമകൾ, ഞ
ങ്ങളും, ആരുടെ കയ്യിൽ പാത്രം കാ
ണപ്പെട്ടുവൊ, അവനും തന്നെ.
൰൭ എന്നാറെ അവൻ പറഞ്ഞു,
ഇപ്രകാരം ചെയ്യുന്നത എന്നിൽ
നിന്ന അകന്നിരിക്കട്ടെ: എവന്റെ
കയ്യിൽ പാത്രം കാണപ്പെട്ടുവൊ,
അവൻ തന്നെ ഇനിക്ക അടിമയാ
യിരിക്കും; എന്നാൽ നിങ്ങൾ സ
മാധാനത്തൊടെ നിങ്ങളുടെ പി
താവിന്റെ അടുക്കൽ പുറപ്പെട്ടു
പൊകുവിൻ.

൧൮ ¶ അപ്പൊൾ യെഹൂദാ അവ
ന്റെ അടുക്കൽ ചെന്ന പറഞ്ഞു,
ഹെ, എന്റെ കൎത്താവെ, നിന്റെ
ദാസൻ എന്റെ കൎത്താവിന്റെ
ചെവികൾക്ക ഒരു വചനം പറ
യട്ടെ എന്ന ഞാൻ അപെക്ഷിക്കു
ന്നു, നിന്റെ ദാസന്റെ മെൽ നി
ന്റെ കൊപം എരിയാതെയുമിരി
ക്കട്ടെ : എന്തെന്നാൽ നീ പറവൊ
നെ പൊലെ തന്നെ [ആകുന്നു.]
൧൯ നിങ്ങൾക്ക പിതാവെങ്കിലും,
സഹൊദരനെങ്കിലും ഉണ്ടൊ എ
ന്ന എന്റെ കൎത്താവ തന്റെ ദാ
സന്മാരൊട ചൊദിച്ചു.
൨൦ എന്നാറെ ഞങ്ങൾ എന്റെ
കൎത്താവിനൊട, ഞങ്ങൾക്ക വൃദ്ധ
നായുള്ള പിതാവും അവന വാൎദ്ധ
ക്യത്തിൽ ജനിച്ച നന്നാ ഇളയവ
നും ഉണ്ട എന്നും ; അവന്റെ ജ്യെ
ഷ്ഠൻ മരിച്ചുപൊയി, ഇവൻ ഒ
രുത്തൻ തന്നെ തന്റെ മാതാവി
ന ശെഷിച്ചിരിക്കുന്നു എന്നും, അ
വന്റെ പിതാവ അവനെ സ്നെ
ഹിക്കുന്നു എന്നും പറഞ്ഞു.
൨൧ അപ്പൊൾ നീ നിന്റെ ദാ
സന്മാരൊട, അവനെ എന്റെ അ
ടുക്കൽ, ഞാൻ എന്റെ കണ്ണുകളെ
അവന്റെ മെൽ വെക്കെണ്ടുന്ന
തിന, കൂട്ടികൊണ്ടുവരുവിൻ എ
ന്ന പറഞ്ഞുവല്ലൊ.
൨൨ എന്നാറെ ഞങ്ങൾ എന്റെ
കൎത്താവിനൊട, ആ പൈതലിന
തന്റെ പിതാവിനെ വിടുവാൻ
കഴികയില്ല, തന്റെ പിതാവിനെ
വിട്ടാൽ [അവന്റെ പിതാവ] മരി
ച്ചുപൊകും എന്ന പറഞ്ഞു.
൨൩ അപ്പൊൾ നീ നിന്റെ ദാ
സന്മാരൊട, നിങ്ങളുടെ ഇളയ സ
ഹൊദരൻ നിങ്ങളൊട കൂടെ ഇറ
ങ്ങി വരാതെ ഇരുന്നാൽ, നിങ്ങൾ
എന്റെ മുഖത്തെ പിന്നെയും കാ
ണുകയില്ല എന്നും പറഞ്ഞു.
൨൪ പിന്നെ ഉണ്ടായത എന്തെ
ന്നാൽ, ഞങ്ങൾ നിന്റെ ദാസനാ
യ എന്റെ പിതാവിന്റെ അടുക്ക
ൽ ചെന്നെത്തിയപ്പൊൾ; എന്റെ
കൎത്താവിന്റെ വചനങ്ങളെ ഞ
ങ്ങൾ അവനൊട അറിയിച്ചു.
൨൫ എന്നാറെ നിങ്ങൾ ഇനിയും
പൊയി, കുറയ ആഹാരം നമുക്ക
കൊള്ളുവിൻ എന്ന ഞങ്ങളുടെ പി
താവ പറഞ്ഞു.
൨൬ അപ്പൊൾ ഞങ്ങൾ പറഞ്ഞു,
ഞങ്ങൾക്ക ഇറങ്ങി പൊകുവാൻ
കഴികയില്ല ; ഞങ്ങളുടെ ഇളയ സ
ഹൊദരൻ ഞങ്ങളൊട കൂടെ ഉണ്ടാ
യിരുന്നാൽ ഞങ്ങൾ ഇറങ്ങി പൊ
കാം : എന്തെന്നാൽ ഞങ്ങളുടെ ഇ
ളയ സഹൊദരൻ ഞങ്ങളൊട കൂ
ടെയില്ലാഞ്ഞാൽ ഞങ്ങൾക്ക ആ മ
നുഷ്യന്റെ മുഖത്തെ കാണ്മാൻ ക
ഴികയില്ല.
൨൭ അപ്പൊൾ നിന്റെ ദാസനാ
യ എന്റെ പിതാവ ഞങ്ങളൊട
പറഞ്ഞു, എന്റെ ഭാൎയ്യ ഇനിക്ക ര
ണ്ട പുത്രന്മാരെ പ്രസവിച്ചു എ
ന്ന നിങ്ങൾ അറിയുന്നു.
൨൮ അവരിൽ ഒരുത്തൻ എ
ന്റെ അടുക്കൽനിന്ന പുറപ്പെട്ടു
പൊയി, അവൻ ചീന്തിപ്പൊയി
നിശ്ചയം എന്ന ഞാൻ പറഞ്ഞു ;
ഇതുവരെയും ഞാൻ അവനെ ക
ണ്ടില്ല.
൨൯ നിങ്ങൾ ഇവനെയും എ
ന്റെ അടുക്കൽനിന്ന കൊണ്ടുപൊ
യിട്ടു, ഇവന ആപത്ത വന്നാൽ
നിങ്ങൾ എന്റെ നരയെ ദുഃഖ
ത്തൊടെ ശവക്കുഴിയിലെക്ക ഇറ
ങ്ങുമാറാക്കും.
൩൦ അതുകൊണ്ട ഇപ്പൊൾ പൈ

തൽ ഞങ്ങളൊട കൂടെയില്ലാതെ, ഞാൻ എന്റെ പിതാവായ നിന്റെ ദാസന്റെ അടുക്കൽ ചെല്ലുമ്പൊൾ, അവന്റെ ആത്മാവ ചെതലിന്റെ ആത്മാവൊട പറ്റിയിരിക്കകൊണ്ട,

൩൧ ഇപ്രകാരം ഉണ്ടാകും, ചെതൽ [ഞങ്ങളൊട കൂടെ] ഇല്ലെന്ന കാണുമ്പൊൾ അവൻ മരിച്ചുപൊകും: അപ്രകാരം നിന്റെ ദാസന്മാർ നിന്റെ ദാസനായ ഞങ്ങളുടെ പിതാവിന്റെ നരയെ ദുഃഖത്തൊടെ ശവക്കുഴിയിലെക്ക ഇറക്കുമാറാക്കും.

൩൨ എന്തെന്നാൽ ഞാൻ അവനെ നിന്റെ അടുക്കൽ കൊണ്ടുവരാതെ ഇരുന്നാൽ, അപ്പൊൾ ഞാൻ എന്നെക്കും എന്റെ പിതാവിന കുറ്റക്കാരനാകുമെന്ന പറഞ്ഞ, നിന്റെ ദാസനായ ഞാൻ എന്റെ പിതാവിന്റെ അടുക്കൽ ചെതലിന്നായ്ക്കൊണ്ട ഉത്തരവാദിയായിരിക്കുന്നു.

൩൩ അതുകൊണ്ട ഇപ്പൊൾ ചെതലിന പകരം, നിന്റെ ദാസനായ ഞാൻ എന്റെ കൎത്താവിന അടിമയായി പാൎക്കട്ടെ എന്നും, ചെതൽ തന്റെ സഹൊദരന്മാരൊട കൂടെ പുറപ്പെട്ടുപൊകട്ടെ എന്നും ഞാൻ അപെക്ഷിക്കുന്നു.

൩൪ എന്തെന്നാൽ ചെതൽ എന്നൊട കൂടെ ഇല്ലാതെ, ഞാൻ എങ്ങിനെ എന്റെ പിതാവിന്റെ അടുക്കൽ പൊകും? പക്ഷെ എന്റെ പിതാവിന ഭവിക്കുന്ന ദൊഷം ഞാൻ കാണുമല്ലൊ.

൪൫ അദ്ധ്യായം.

൧ യൊസെഫ തന്റെ സഹൊദരന്മാൎക്ക തന്നെത്താൻ അറിയിക്കുന്നത.—൯. അവൻ തന്റെ പിതാവിനെ വിളിപ്പിക്കുന്നത.—൨൫. അവൻ ൦രം വൎത്തമാനം കൊണ്ട പിന്നെയും ജീവിക്കുന്നത.

അപ്പൊൾ യൊസെഫിന തന്റെ അടുക്കൽ നില്ക്കുന്ന എല്ലാവരുടെയും മുമ്പാകെ തന്നെ അടക്കുവാൻ വഹിയാതെ ഇരുന്നു; എല്ലാ മനുഷ്യനെയും എന്റെ അടുക്കൽ നിന്ന പുറത്താക്കുവിൻ എന്ന അവൻ വിളിച്ചു പറഞ്ഞു. യൊസെഫ തന്റെ സഹൊദരന്മാൎക്ക തന്നെത്താൻ അറിയിക്കുമ്പൊൾ, ഒരുത്തരും അവന്റെ അടുക്കൽ നിന്നിട്ടില്ല.

൨ വിശെഷിച്ച അവൻ ഉറച്ച ശബ്ദത്തൊടെ കരഞ്ഞു: അതിനെയും മിസ്രയക്കാരും പറവൊന്റെ കുഡുംബവും കെട്ടു.

൩ അപ്പൊൾ യൊസെഫ തന്റെ സഹൊദരന്മാരൊട പറഞ്ഞു, ഞാൻ യൊസെഫ [ആകുന്നു;] എന്റെ പിതാവ ഇപ്പൊഴും ജീവനൊടെ ഇരിക്കുന്നുവൊ? എന്നാറെ അവന്റെ സഹൊദരന്മാർ അവന്റെ സന്നിധാനത്തിങ്കൽ ഭയപ്പെട്ടുകൊണ്ട, അവനൊട ഉത്തരം പറവാൻ അവൎക്ക കഴിയാതെ ഇരുന്നു.

൪ അപ്പൊൾ യൊസെഫ തന്റെ സഹൊദരന്മാരൊട, എന്റെ അടുക്കൽ അടുത്തുവരുവിൻ എന്ന ഞാൻ അപെക്ഷിക്കുന്നു എന്ന പറഞ്ഞു: അവർ അടുത്തു ചെന്നു: അപ്പൊൾ അവൻ പറഞ്ഞു, നിങ്ങൾ മിസ്രയമിലെക്ക വിറ്റുകളഞ്ഞവനായി നിങ്ങളുടെ സഹൊദരനായ യൊസെഫ ഞാൻ തന്നെ [ആകുന്നു.]

൫ അതുകൊണ്ട ഇപ്പൊൾ നി
ങ്ങൾ എന്നെ ഇവിടെക്ക വിറ്റതു
കൊണ്ട, നിങ്ങൾ ദുഃഖിക്കപ്പെടരു
ത, നിങ്ങളുടെ കണ്ണുകൾക്ക കൊപ
മായിരിക്കയും അരുത; അത എ
ന്തെന്നാൽ ജീവരക്ഷെക്കായിട്ട
ദൈവം എന്നെ നിങ്ങൾക്ക മുമ്പെ
അയച്ചു.
൬ എന്തെന്നാൽ ഈ രണ്ട വ
ൎഷം ദെശത്ത ക്ഷാമം [ഉണ്ടായിരി
ക്കുന്നു:] ഉഴവും കൊയിത്തും ഇ
ല്ലാത്ത അഞ്ച വൎഷം ഇനിയും [ഉ
ണ്ട.]
൭ എന്നാൽ നിങ്ങളെ ദെശത്ത
ശെഷിപ്പായി വെക്കെണ്ടുന്നതി
നും, നിങ്ങളെ വലിയ രക്ഷയാൽ
ജീവനൊടെ രക്ഷിക്കെണ്ടുന്നതി
നും ദൈവം എന്നെ നിങ്ങൾക്ക മു
മ്പെ അയച്ചു.
൮ അതുകൊണ്ട ഇപ്പൊൾ നി
ങ്ങൾ അല്ല, ദൈവം തന്നെ എ
ന്നെ ഇവിടെ അയച്ചു, എന്നെ പ
റൊവിന പിതാവായും, അവന്റെ
ഭവനത്തെക്ക ഒക്കെയും യജമാന
നായും, മിസ്രയിം ദെശത്തെക്ക ഒ
ക്കെയും അധികാരിയായും ആക്കി
യുമിരിക്കുന്നു.
൯ നിങ്ങൾ ബദ്ധപ്പെട്ട, എന്റെ
പിതാവിന്റെ അടുക്കലെക്ക ചെ
ന്ന, അവനൊട പറയെണ്ടുന്നത
എന്തെന്നാൽ, നിന്റെ പുത്രനായ
യൊസെഫ ഇപ്രകാരം പറഞ്ഞ
യച്ചിരിക്കുന്നു, ദൈവം എന്നെ മി
സ്രയിമിന ഒക്കെയും കൎത്താവാക്കി
യിരിക്കുന്നു: താമസിക്കാതെ, എ
ന്റെ അടുക്കൽ ഇറങ്ങി വരെണം.
൧൦ നീ ഗൊഷെൻ ദെശത്ത വ
സിച്ചു, എന്റെ സമീപത്ത ഇരി
ക്കും; നീയും, നിന്റെ മക്കളും, നി
ന്റെ മക്കളുടെ മക്കളും, നിന്റെ ആ
ടുകളും, നിന്റെ കന്നുകാലികളും,
നിനക്കുള്ള സകലവും കൂടെ തന്നെ.
൧൧ നീയും, നിന്റെ കുഡുംബ
വും, നിനക്കുള്ള സകലവും ദരിദ്ര
മായി തീരാതെ ഇരിപ്പാനായിട്ട,
അവിടെ ഞാൻ നിന്നെ പൊഷി
ക്കും; എന്തെന്നാൽ ഇനിയും അ
ഞ്ച വൎഷം ക്ഷാമം [ഉണ്ടാകും.]
൧൨ വിശെഷിച്ചും ഇതാ, എ
ന്റെ വാ നിങ്ങളൊട സംസാരി
ക്കുന്നു എന്ന നിങ്ങളുടെ കണ്ണു
കളും, എന്റെ സഹൊദരനായ
ബെന്യാമിന്റെ കണ്ണുകളും കാണു
ന്നുവല്ലൊ.
൧൩ മിസ്രയിമിൽ എനിക്കുള്ള മ
ഹത്വത്തെയും, നിങ്ങൾ കണ്ടതി
നെ ഒക്കെയും എന്റെ പിതാവി
നൊട അറിയിക്കെണം; നിങ്ങൾ
ബദ്ധപ്പെട്ട, എന്റെ പിതാവി
നെ ഇവിടെ കൂട്ടിക്കൊണ്ടുവരിക
യും വെണം.
൧൪ പിന്നെ അവൻ തന്റെ സ
ഹൊദരനായ ബെന്യാമിന്റെ ക
ഴുത്തിൽ കെട്ടി പിടിച്ചു, കരഞ്ഞു;
ബെന്യാമിനും അവന്റെ കഴുത്തി
ൽ കെട്ടി പിടിച്ചു, കരഞ്ഞു.
൧൫ പിന്നെ അവൻ തന്റെ
സഹൊദരന്മാരെ എല്ലാവരെയും
ചുംബിച്ചു, അവരുടെ മെൽ കര
ഞ്ഞു: അതിന്റെ ശെഷം അവ
ന്റെ സഹൊദരന്മാർ അവനൊ
ട കൂടെ സംസാരിക്കയും ചെയ്തു.
൧൬ ¶ പിന്നെ യൊസെഫി
ന്റെ സഹൊദരന്മാർ വന്നിരിക്കു
ന്നു എന്ന പറൊവിന്റെ ഭവന
ത്തിൽ ശ്രുതിപ്പെട്ടു: അത പറൊവി
നും, അവന്റെ ഭൃത്യന്മാൎക്കും പ്ര
സാദമായി.

൧൭

൧൭ അപ്പൊൾ പറഒ യൊസെ
ഫിനൊട പറഞ്ഞു, നീ നിന്റെ
സഹൊദരന്മാരൊട പറയെണ്ടു
ന്നത എന്തെന്നാൽ, നിങ്ങൾ ഇ
തിനെ ചെയ്യിൻ; നിങ്ങളുടെ മൃഗ
വാഹനങ്ങളുടെ മെൽ ചുമട കരെ
റ്റി, പുറപ്പെട്ടു, കനാൻ ദെശത്തെ
ക്ക പൊകുവിൻ.
൧൮ നിങ്ങളുടെ പിതാവിനെയും
നിങ്ങളുടെ കുഡുംബങ്ങളെയും കൂ
ട്ടിക്കൊണ്ട, എന്റെ അടുക്കൽ വരു
വിൻ: എന്നാൽ ഞാൻ നിങ്ങൾ
ക്ക മിസ്രയിം രാജ്യത്തിന്റെ നന്മ
തരും, നിങ്ങൾ ദെശത്തിന്റെ പു
ഷ്ടിയെ ഭക്ഷിക്കയും ചെയ്യും.
൧൯ നിന്നൊട കല്പിക്കപ്പെട്ടുവ
ല്ലൊ, നിങ്ങൾ ചെയ്യെണ്ടുന്നത എ
ന്തെന്നാൽ, നിങ്ങൾ നിങ്ങളുടെ
പൈതങ്ങൾക്കായിട്ടും നിങ്ങളുടെ
സ്ത്രീകൾക്കായിട്ടും രഥങ്ങളെ മിസ്ര
യിം ദെശത്തനിന്ന കൊണ്ടുപൊ
യി, നിങ്ങളുടെ പിതാവിനെ കൂട്ടി
കൊണ്ട വരുവിൻ.
൨൦ നിങ്ങൾ നിങ്ങളുടെ വസ്തുക്ക
ളെയും വിചാരിക്കെണ്ട: എന്തെ
ന്നാൽ മിസ്രയിം ദെശത്തിൽ ഒ
ക്കെയും ഉള്ള ഗുണം നിങ്ങളുടെ
[ആകുന്നു.]
൨൧ ഇപ്രകാരം തന്നെ യിസ്രാ
എലിന്റെ പുത്രന്മാർ ചെയ്തു: യൊ
സെഫ അവൎക്ക പറഒവിന്റെ ക
ല്പന പ്രകാരം രഥങ്ങളെ കൊടു
ത്തു, വഴിക്ക അവൎക്ക ആഹാരത്തെ
യും കൊടുത്തു.
൨൨ അവരിൽ ഒരൊരുത്തന ഒ
രൊ കൂട്ടം വസ്ത്രങ്ങളെയും കൊടു
ത്തു: എന്നാൽ ബെന്യാമിന മു
ന്നൂറ വെള്ളിക്കാശും അഞ്ച കൂട്ടം
വസ്ത്രങ്ങളെയും കൊടുത്തു.
൨൩ ഇപ്രകാരം അവൻ തന്റെ
പിതാവിന മിസ്രയിമിലുള്ള നല്ല
വസ്തുക്കളെ വഹിക്കുന്ന പത്ത ക
ഴുതകളെയും, തന്റെ പിതാവിന
വഴിക്ക ധാന്യവും, അപ്പവും, ആ
ഹാരവും വഹിക്കുന്ന പത്ത പെ
ൺകഴുതകളെയും കൊടുത്തയച്ചു.
൨൪ അപ്രകാരം അവൻ തന്റെ
സഹൊദരന്മാരെ അയച്ചു; എന്നാ
റെ അവർ പുറപ്പെട്ടു: നിങ്ങൾ വ
ഴിയിൽ ശണ്ഠ കൂടരുതെന്ന അവ
ൻ അവരൊട പറകയും ചെയ്തു.
൨൫ ¶ അവർ മിസ്രയിമിൽനി
ന്ന പുറപ്പെട്ടു, കനാൻ ദെശത്ത ത
ങ്ങളുടെ പിതാവായ യാക്കൊബി
ന്റെ അടുക്കൽ ചെന്നു:
൨൬ അവർ അവനൊട, യൊ
സെഫ ഇനിയും ജീവനൊടെ ഇ
രിക്കുന്നു എന്നും, അവൻ മിസ്ര
യിം ദെശത്തെക്ക ഒക്കെയും അ
ധികാരിയാകുന്നു എന്നും അറിയി
ച്ചു. അപ്പൊൾ യാക്കൊബിന്റെ
ഹൃദയം ആലസ്യപ്പെട്ടു, എന്തെ
ന്നാൽ അവൻ അവരെ വിശ്വ
സിച്ചില്ല.
൨൭ എന്നാറെ അവർ യൊസെ
ഫ തങ്ങളൊട പറഞ്ഞ വചനങ്ങ
ളെ ഒക്കെയും അവനൊട പറഞ്ഞു:
എന്നാൽ തന്നെ കൊണ്ടുപൊകു
വാൻ യൊസെഫ അയച്ച രഥ
ങ്ങളെ അവൻ കണ്ടപ്പൊൾ, അ
വരുടെ പിതാവായ യാക്കൊബി
ന്റെ ആത്മാവ പിന്നെയും ജീ
വിച്ചു.
൨൮ അപ്പൊൾ യിസ്രാഎൽ പറ
ഞ്ഞു, മതി: എന്റെ പുത്രനായ യൊ
സെഫ ഇനിയും ജീവനൊടെ ഇ
രിക്കുന്നു: ഞാൻ മരിക്കുന്നതിന
മുമ്പെ അവനെ പൊയി കാണും.

൪൬ അദ്ധ്യായം.

൧ യാക്കോബ ബെർശെബായിൽ വച്ച ദൈവത്താൽ ആശ്വസിപ്പിക്കപ്പെടുന്നത.—൫. അവൻ മിസ്രയിമിലെക്ക പൊകുന്നത.— ൮. അവന്റെ ഭവനക്കാരുടെ എണ്ണം.—൨൮. യൊസെഫ അവനെ എതിരെല്ക്കുന്നത.

പിന്നെ യിസ്രാഎൽ തനിക്കുള്ള സകലത്തൊടും കൂടെ യാത്ര പുറപ്പെട്ട, ബെർശെബായ്ക്ക വന്ന, തന്റെ പിതാവായ യിസ്ഹാക്കിന്റെ ദൈവത്തിന ബലികളെകഴിച്ചു.
൨ എന്നാൽ രാത്രി ദൎശനങ്ങളിൽ ദൈവം യിസ്രാഎലിനൊട സംസാരിച്ചു, യാക്കൊബെ, യാക്കൊബെ, എന്ന പറഞ്ഞു: എന്നാറെ അവൻ ഞാൻ ഇവിടെ [ഉണ്ട] എന്ന പറഞ്ഞു.
൩ അപ്പൊൾ അവൻ പറഞ്ഞു, ഞാൻ നിന്റെ പിതാവിന്റെ ദൈവമായ ദൈവം [ആകുന്നു.] മിസ്രയിമിലെക്ക ഇറങ്ങിപ്പൊകുവാൻ ഭയപ്പെടെണ്ട: എന്തെന്നാൽ അവിടെ ഞാൻ നിന്നെ വലിയ ജാതിയാക്കും.
൪ ഞാൻ നിന്നൊട കൂടെ മിസ്രയിമിലെക്ക ഇറങ്ങിപ്പൊകും; ഞാൻ നിന്നെ പിന്നെയും തിരിച്ചുവരുത്തും നിശ്ചയം: യൊസെഫ തന്റെ കൈ നിന്റെ കണ്ണുകളുടെ മെൽ വെക്കയും ചെയ്യും.
൫ പിന്നെ യാക്കൊബ ബെർശെബായിൽനിന്ന എഴുനീറ്റു: യിസ്രാഎലിന്റെ പുത്രന്മാർ തങ്ങളുടെ പിതാവായ യാക്കൊബിനെയും, തങ്ങളുടെ പൈതങ്ങളെയും, തങ്ങളുടെ ഭാൎയ്യമാരെയും പറഒ അവനെ കൊണ്ടുവരുവാൻ അയച്ചരഥങ്ങളിൽ കരെറ്റി കൊണ്ടുപൊയി.
൬ അവർ തങ്ങളുടെ ആടുമാടുകളെയും, തങ്ങൾ കനാൻ ദെശത്ത സമ്പാദിച്ച തങ്ങളുടെ സമ്പത്തുകളെയും കൊണ്ടുപൊയി, മിസ്രയിമിലെക്ക, യാക്കൊബും അവനൊട കൂടെ അവന്റെ എല്ലാ സന്തതികളും വന്നു:
൭ തന്നൊട കൂടെ തന്റെ പുത്രന്മാരെയും, തന്റെ പുത്രന്മാരുടെ പുത്രന്മാരെയും, തന്റെ പുത്രിമാരെയും, തന്റെ പുത്രിമാരുടെ പുത്രിമാരെയും, തന്റെ സന്തതികളെ ഒക്കെയും അവൻ തന്നൊട കൂടെ മിസ്രയിമിലെക്ക കൊണ്ടുപൊയി.
൮ ¶ മിസ്രയിമിൽ വന്ന യിസ്രാഎൽ പുത്രന്മാരുടെ നാമങ്ങൾ ഇവ, യാക്കൊബും അവന്റെ പുത്രന്മാരും; യാക്കൊബിന്റെ ആദ്യജാതനായ രൂബെൻ.
൯ രൂബെന്റെ പുത്രന്മാർ; ഹനൊക്കും, ഹല്ലുയും, ഹെസ്രൊനും, ഖൎമ്മിയും,
൰ ശിമെഒന്റെ പുത്രന്മാർ; യെമുഎലും, യാമിനും, ഒഹാദും, യാഖിനും, സൊഹാറും, കനാനായക്കാരിയുടെ പുത്രനായ ശൌലും.
൰൧ ലെവിയുടെ പുത്രന്മാർ; ഗെൎശൊനും, കൊഹാത്തും, മെറാറിയും.
൰൨ യെഹൂദായുടെ പുത്രന്മാർ; എറും, ഒനാനും, ശെലായും, ഫറെസും, സെറാഹും: എന്നാലൊ എറും, ഒനാനും കനാൻ ദെശത്ത വച്ച മരിച്ചു. ഫറെസിന്റെ പുത്രന്മാർ ഹെസ്രൊനും, ഹാമുലും ആയിരുന്നു.
൰൩ ഇസ്സാഖാറിന്റെ പുത്രന്മാർ; തൊലായും, പുവായും, യൊബും, ശിമ്രൊനും.
൰൪ സെബുലൂന്റെ പുത്രന്മാർ;

സെറെദ്ദും, എലൊനും, യഹ്ലെലും.
൧൫ ഇവർ ലെയായുടെ പുത്രന്മാ
ർ, അവൾ ഇവരെയും യാക്കൊ
ബിന്റെ പുത്രിയായ ദിനായെയും
അവന പാദാൻ ആറാമിൽ വെച്ച
പ്രസവിച്ചു: അവന്റെ പുത്രന്മാ
രും അവന്റെ പുത്രിമാരുമായ ആ
ത്മാക്കൾ എല്ലാം കൂടി മുപ്പത്തു മൂന്ന
[ആയിരുന്നു.]
൧൬ ഗാദിന്റെ പുത്രന്മാർ; സി
ഫിയൊനും, ഹഗ്ഗായിയും, ശൂനി
യും, എസ്സ്ബൊനും, എറിയും, അറൊ
ദിയും, അറെലിയും.
൧൭ അശെറിന്റെ പുത്രന്മാർ; യി
മ്നായും, ഇശ്വായും, ഇശ്വിയും, ബെ
റിയായും, ഇവരുടെ സഹൊദരിയാ
യ സെറഹയും: ബെറിയായുടെ
പുത്രന്മാർ: ഹെബെരും മൽഖിയെ
ലും.
൧൮ ഇവർ ലാബാൻ തന്റെ
പുത്രിയായ ലെയായ്ക്ക കൊടുത്ത
സില്പായുടെ പുത്രന്മാർ, അവൾ
യാക്കൊബിന പതിനാറ ആത്മാ
ക്കളായ ഇവരെ പ്രസവിച്ചു.
൧൯ യാക്കൊബിന്റെ ഭാൎയ്യയാ
യ റാഹെലിന്റെ പുത്രന്മാർ; യൊ
സെഫും, ബെന്യാമിനും.
൨൦ യൊസെഫിനും മിസ്രയിം
ദെശത്ത മനശ്ശെയും, എഫ്രായിമും
ജനിച്ചു; അവരെ ഒനിലെ ആ
ചാൎയ്യനായ പൊത്തിഫെറായുടെ
പുത്രിയായ അസെനാത്ത അവ
ന പ്രസവിച്ചു.
൨൧ ബെന്യാമിന്റെ പുത്രന്മാർ;
ബെലായും, ബെഖെരും, അശ്ബെ
ലും, ഗെറായും, നാമാനും, എഹിയും,
റൊഷും, മുപ്പിമും, ഹുപ്പിമും, ആർദ്ദും.
൨൨ ഇവർ റാഹെൽ യാക്കൊബി
ന പ്രസവിച്ച പുത്രന്മാർ. ആത്മാ
ക്കൾ എല്ലാം കൂടി പതിന്നാല [ആ
യിരുന്നു.]
൨൩ ദാന്റെ പുത്രന്മാർ; ഹുശിം.
൨൪ നഫ്താലിയുടെ പുത്രന്മാർ;
യഹസെലും, ഗുനിയും, യെസെ
രും, ശില്ലെമും.
൨൫ ഇവർ ലാബാൻ തന്റെ പു
ത്രിയായ റാഹെലിന കൊടുത്ത
ബിൽഹായുടെ പുത്രന്മാർ, അവ
ൾ യാക്കൊബിന ഇവരെ പ്രസ
വിച്ചു: എല്ലാം കൂടി എഴ ആത്മാക്ക
ൾ [ആയിരുന്നു.]
൨൬ യാക്കൊബിന്റെ പുത്രന്മാ
രുടെ സ്ത്രീകളെ കൂടാതെ, അവന്റെ
കടിപ്രദെശത്തുനിന്ന ജനിച്ചവ
രായി, അവനൊട കൂടെ മിസ്രയി
മിൽ വന്ന ആത്മാക്കൾ എല്ലാം അ
റുപത്താറ ആത്മാക്കൾ ആയിരുന്നു.
൨൭ യൊസെഫിന മിസ്രയിമി
ൽ ജനിച്ച പുത്രന്മാർ രണ്ട ആത്മാ
ക്കൾ [ആയിരുന്നു.] മിസ്രയിമിൽ
വന്ന യാക്കൊബിന്റെ കുഡും
ബക്കാരായ ആത്മാക്കൾ എല്ലാം കൂ
ടി എഴുപത [ആയിരുന്നു.]
൨൮ ¶ പിന്നെ ഗൊശെനിലെക്ക
തനിക്ക വഴി കാണിപ്പാൻ അവൻ
തനിക്കമുമ്പായി യൊസെഫിന്റെ
അടുക്കൽ യെഹൂദായെ അയച്ചു;
അവർ ഗൊശെൻ ദെശത്ത വരി
കയും ചെയ്തു.
൨൯ എന്നാറെ യൊസെഫ ത
ന്റെ രഥത്തെ ഒരുക്കിച്ചു, ഗൊശെ
ന തന്റെ പിതാവായ യിസ്രാ
എലിനെ എതിരെല്ലാൻ പൊയി;
അവന തന്നെ കാണിച്ചു, അവ
ന്റെ കഴുത്തിൽ കെട്ടി പിടിച്ചു, എ
റിയ നെരം അവന്റെ കഴുത്തിൽ
കരഞ്ഞു.
൩൦ അപ്പൊൾ യിസ്രാഎൽ യൊ

സെഫിനൊട, നീ ഇനിയും ജീവനൊടിരിക്കുന്നു എന്ന ഞാൻ നിന്റെ മുഖം കണ്ടതുകൊണ്ട, ഞാൻ ഇപ്പൊൾ എങ്കിലും മരിക്കട്ടെ എന്ന പറഞ്ഞു.

൩൧ പിന്നെ യൊസെഫ തന്റെ സഹൊദരന്മാരൊടും, തന്റെ പിതാവിന്റെ കുഡുംബത്തൊടും പറഞ്ഞു, ഞാൻ പുറപ്പെട്ട ചെന്ന, കനാൻ ദെശത്ത [ഇരുന്ന] എന്റെ സഹൊദരന്മാരും, എന്റെ പിതാവിന്റെ കുഡുംബക്കാരും എന്റെ അടുക്കൽ വന്നു എന്ന പറഒവിനൊട അറിയിക്കും:

൩൨ ഈ മനുഷ്യർ ആട്ടിടയന്മാർ [ആകുന്നു:] എന്തെന്നാൽ അവർ മൃഗജീവങ്ങളുടെ ഉടയക്കാരാകുന്നു; അവർ തങ്ങളുടെ ആട്ടുകളെയും, തങ്ങളുടെ കന്നുകാലികളെയും, തങ്ങൾക്കുള്ളതൊക്കെയും കൊണ്ടുവന്നു എന്നും അവനൊട പറയും.

൩൩ അതുകൊണ്ട പറഒ നിങ്ങളെ വിളിച്ച, നിങ്ങളുടെ തൊഴിൽ എന്ത എന്ന ചൊദിക്കുമ്പൊൾ ഇപ്രകാരം വെണം.

൩൪ നിന്റെ ദാസന്മാരായ ഞങ്ങളുടെ ബാല്യം മുതൽ തുടങ്ങി ഇന്നുവരെയും, ഞങ്ങളും ഞങ്ങളുടെ പിതാക്കന്മാരും മൃഗജീവന്റെ ഉടയക്കാരായിരിക്കുന്നു എന്ന പറവിൻ: നിങ്ങൾ ഗൊഷൻ ദെശത്ത വസിക്കെണ്ടുന്നതിന [ആകുന്നു;] എന്തെന്നാൽ ഇടയനാകുന്നവനെല്ലാം മിസ്രയക്കാൎക്ക വെറുപ്പ (ആകുന്നു.)

൪൭ അദ്ധ്യായം.

൧ യൊസെഫ തന്റെ സഹൊദരന്മാരിൽ അഞ്ചാളെയും.—൭. തന്റെ പിതാവിനെയും പറഒവയുടെ മുമ്പാകെ കൊണ്ടുചെല്ലുന്നത.—൧൧ അവൻ അവൎക്ക വാസസ്ഥലവും ഭക്ഷണവും കൊടുക്കുന്നത.

അപ്പൊൾ യൊസെഫ ചെന്ന, പറഒവിനൊട, എന്റെ പിതാവും എന്റെ സഹൊദരന്മാരും, അവരുടെ ആട്ടുകളും, അവരുടെ കന്നുകാലികളും, അവൎക്കുള്ളതൊക്കെയും കനാൻ ദെശത്തനിന്ന വന്നു; ഇതാ, അവർ ഗൊഷൻ ദെശത്ത ഇരിക്കുന്നു എന്ന അറിയിച്ചു.

൨ പിന്നെ അവൻ തന്റെ സഹൊദരന്മാരിൽ ചിലരെ അഞ്ചുപെരെ കൂട്ടിക്കൊണ്ട, അവരെ പറഒവിന്റെ മുമ്പാകെ നിൎത്തി.

൩ അപ്പൊൾ പറഒ അവന്റെ സഹൊദരന്മാരൊട, നിങ്ങളുടെ തൊഴിൽ എന്തെന്ന ചൊദിച്ചു. എന്നാറെ അവർ പറഒവിനൊട, നിന്റെ ദാസന്മാരായ ഞങ്ങളും ഞങ്ങളുടെ പിതാക്കന്മാരും ആട്ടിടയന്മാർ എന്ന പറഞ്ഞു.

൪ വിശെഷിച്ചും അവർ പറഒവിനൊട പറഞ്ഞു, ദെശത്ത പാൎപ്പാനായിട്ട ഞങ്ങൾ വന്നിരിക്കുന്നു: എന്തെന്നാൽ നിന്റെ ദാസന്മാൎക്ക തങ്ങളുടെ കൂട്ടങ്ങൾക്ക മെച്ചിലില്ല, എന്തെന്നാൽ ക്ഷാമം കനാൻ ദെശത്ത കഠിനമായിരിക്കുന്നു: അതുകൊണ്ട ഇപ്പൊൾ നിന്റെ ദാസന്മാർ ഗൊഷൻ ദെശത്ത വസിക്കട്ടെ എന്ന ഞങ്ങൾ അപെക്ഷിക്കുന്നു.

൫ അപ്പൊൾ പറഒ യൊസെഫിനൊട സംസാരിച്ച പറഞ്ഞു, നിന്റെ പിതാവും നിന്റെ സഹൊദരന്മാരും നിന്റെ അടുക്കൽ വന്നുവല്ലൊ.

൬ മിസ്രയിം രാജ്യം നിന്റെ മുമ്പാകെ [ഇരിക്കുന്നു:] ആ രാജ്യ

ത്ത എററവും നന്നായുള്ള സ്ഥല
ത്ത നിന്റെ പിതാവിനെയും നി
ന്റെ സഹൊദരന്മാരെയും പാൎപ്പി
ക്ക; അവർ ഗൊഷൻ ദെശത്ത വ
സിക്കട്ടെ: അവരിൽ സമൎത്ഥന്മാ
രായ മനുഷ്യർ ഉണ്ടെ എന്ന നീ അ
റിയുന്നു എങ്കിൽ, അവരെ ഇനി
ക്കുള്ള ആടു പശുക്കളുടെ മെൽ പ്ര
മാണികളായി ആക്കികൊൾക.
൭ ¶ പിന്നെ യൊസെഫ ത
ന്റെ പിതാവായ യാക്കൊബി
നെ അകത്തുകൊണ്ടുവന്ന, അവ
നെ പറഒവിന്റെ മുമ്പാകെ നി
ൎത്തി: എന്നാറെ യാക്കൊബ പറഒ
വിനെ അനുഗ്രഹിച്ചു.
൮ അപ്പൊൾ പറഒ യാക്കൊബി
നൊട, നിന്റെ ആയുസ്സിന്റെ ദി
വസങ്ങൾ എത്ര എന്ന ചൊദിച്ചു.
൯ യാക്കൊബ പറഒവിനൊട
പറഞ്ഞു, എന്റെ പരദെശ യാത്ര
യുടെ വൎഷങ്ങളുടെ ദിവസങ്ങൾ
നൂററി മുപ്പത വൎഷങ്ങൾ (ആകു
ന്നു:) എന്റെ ആയുസ്സിന്റെ വ
ൎഷങ്ങളുടെ ദിവസങ്ങൾ അല്പവും
ദൊഷവുമുള്ളവയായി, തങ്ങളുടെ
പരദെശയാത്രയുടെ ദിവസങ്ങളി
ൽ എന്റെ പിതാക്കന്മാരുടെ ആ
യുസ്സിന്റെ വൎഷങ്ങളുടെ ദിവസ
ങ്ങൾക്ക എത്തിയതുമില്ല.
൰ പിന്നെയും യാക്കൊബ പ
റഒവിനെ അനുഗ്രഹിച്ചു, പറഒ
വിന്റെ അടുക്കൽനിന്ന പുറപ്പെട്ടു.
൧൧ പിന്നെ യൊസെഫ ത
ന്റെപിതാവിനെയും, തന്റെ സ
ഹൊദരന്മാരെയും കുടിയിരുത്തി,
പറഒ കല്പിച്ച പ്രകാരം, അവൎക്ക
മിസ്രയിം രാജ്യത്ത രാജ്യത്തിൽ എ
ററവും നല്ല സ്ഥലമായ റമസെ
സെന്ന ദെശത്ത അവകാശവും
കൊടുത്തു.
൧൨ യൊസെഫ തന്റെ പിതാ
വിനെയും, തന്റെ സഹൊദരന്മാ
രെയും, തന്റെ പിതാവിന്റെ കു
ഡുംബത്തെ ഒക്കെയും, കുഡുംബ
ങ്ങൾക്കതക്കവണ്ണം ആഹാരം കൊ
ണ്ടുപൊഷിക്കയും ചെയ്തു.
൧൩ ¶ പിന്നെ രാജ്യത്ത ഒക്കെ
യും അപ്പമില്ലാതെയായി; എന്തെ
ന്നാൽ ക്ഷാമം എററവും കഠിനമാ
യിരുന്നു, ക്ഷാമം കൊണ്ടെ മിസ്ര
യിം ദെശവും കനാൻ ദെശവും
വലഞ്ഞു.
൧൪ അപ്പൊൾ അവർ കൊള്ളു
ന്ന ധാന്യത്തിനായി യൊസെഫ
മിസ്രയിം ദെശത്തും കനാൻ ദെ
ശത്തുമുള്ള ദ്രവ്യത്തെ ഒക്കെയും കൂ
ട്ടി: ആ ദ്രവ്യത്തെ യൊസെഫ പ
റഒവിന്റെ ഭവനത്തിൽ കൊണ്ടു
വരികയും ചെയ്തു.
൧൫ എന്നാൽ മിസ്രയിം ദെശ
ത്തും, കനാൻ ദെശത്തും ദ്രവ്യം ഇ
ല്ലാതെയായപ്പൊൾ, മിസ്രയകാർ
എല്ലാവരും യൊസെഫിന്റെ അ
ടുക്കൽ ചെന്ന, പറഞ്ഞു, ഞങ്ങൾ
ക്ക അപ്പം തരെണം; ഞങ്ങൾ നി
ന്റെ മുമ്പാകെ എന്തിന മരിക്കുന്നു?
എന്തെന്നാൽ ദ്രവ്യം ഇല്ലാതെയാ
യി.
൧൬ എന്നാറെ യൊസെഫ പറ
ഞ്ഞു, നിങ്ങളുടെ മൃഗജീവങ്ങളെ ത
രുവിൻ; ദ്രവ്യമില്ലാതെയായെങ്കിൽ
നിങ്ങളുടെ മൃഗജീവങ്ങൾക്കായിട്ട
ഞാൻ തരും.
൧൭ അപ്പൊൾ അവർ തങ്ങളുടെ
മൃഗജീവങ്ങളെ യൊസെഫിന്റെ
അടുക്കൽ കൊണ്ടുവന്നു: യൊസെ
ഫ കുതിരകൾക്കായിട്ടും, ആടുകൾ
ക്കായിട്ടും, കന്നുകാലികൾക്കായിട്ടും,

കഴുതകൾക്കായിട്ടും, അവൻ അ
പ്പം കൊടുത്തു; ആ വൎഷം അവ
രുടെ എല്ലാ മൃഗജീവങ്ങൾക്കുമായി
അവരെ ആഹാരം കൊണ്ടു പൊ
ഷിച്ചു.
൧൮ ആ വൎഷം തികഞ്ഞപ്പൊൾ,
അവർ പിന്നത്തെ ആണ്ടിൽ അ
വന്റെ അടുക്കൽ ചെന്നു, അവ
നൊടു പറഞ്ഞു, ഞങ്ങളുടെ ദ്രവ്യ
വും ചിലവായി, മൃഗജീവങ്ങളുടെ
കൂട്ടങ്ങളും ഞങ്ങളുടെ കൎത്താവിനു
ചെൎന്നു; ഞങ്ങളുടെ ശരീരങ്ങളും ഞ
ങ്ങളുടെ നിലങ്ങളും അല്ലാതെ, എ
ന്റെ കൎത്താവിന്റെ മുമ്പാകെ ഒ
ന്നും ശെഷിച്ചിട്ടും ഇല്ല എന്നു എ
ന്റെ കൎത്താവിൽനിന്നു ഞങ്ങൾ മ
റച്ചുകളുകയില്ല.
൧൯ ഞങ്ങളും ഞങ്ങളുടെ ഭ്രമിയും
നിന്റെ കണ്ണുകൾക്കു മുമ്പാകെ എ
ന്തിനു മരിക്കുന്നു? നീ ഞങ്ങളെയും,
ഞങ്ങളുടെ ഭ്രമിയെയും അപ്പത്തി
നു വിലെക്കു കൊള്ളെണം, ഞങ്ങ
ൾ ഞങ്ങളുടെ ഭ്രമിയൊടും കൂടെ പ
റശവിനു ദാസന്മാർ ആകും: ഞങ്ങ
ൾ മരിക്കാതെ ജീവനൊടിരിക്കെ
ണ്ടുന്നതിനും, നിലം ശൂന്യമായി
പൊകാതെ ഇരിക്കെണ്ടുന്നതിനും
[ഞങ്ങൾക്കു] വിത്തും തരെണം.
൨൦ എന്നാറെ യൊസെഫ മിസ്ര
യിമിലുള്ള നിലത്തെ ഒക്കെയും പ
റശവിനു വിലെക്കു വാങ്ങി; എ
ന്തെന്നാൽ മിസ്രയക്കാർ ഒരൊരു
ത്തൻ, ക്ഷാമം തങ്ങളിൽ ശക്തി
പ്പെട്ടുകകൊണ്ടു തങ്ങളുടെ ഭ്രമിയെ
വിററു: അതുകൊണ്ടു ഭ്രമി പറശ
വിനു ആയിതീൎന്നു.
൨൧ ¶ എന്നാൽ ജനത്തെ അവ
ൻ മിസ്രയിമിന്റെ അതൃത്തിയുടെ
അറുതിതുടങ്ങി, മറെറ അറുതിവരെ
യും നഗരങ്ങളിലെക്കു കുടി നീക്കി.
൨൨ അവൻ ആചാൎയ്യന്മാരുടെ
നിലത്തെ മാത്രം വിലെക്കു വാങ്ങി
യില്ല: എന്തെന്നാൽ, പറശവിനാ
ൽ ആചാൎയ്യന്മാൎക്കു ഒഹരി [കല്പിക്ക
പ്പെട്ടു] പറശ തങ്ങൾക്കു കൊടുത്ത
ഒഹരിയെ അവർ ഭക്ഷിക്കയും
ചെയ്തു; ആയതുകൊണ്ടു അവർ
അവരുടെ ഭ്രമിയെ വിററില്ല.
൨൩ അപ്പൊൾ യൊസെഫ ജ
നത്തൊടു പറഞ്ഞു, ഇതാ, ഇന്നു
ഞാൻ നിങ്ങളെയും നിങ്ങളുടെ നി
ലത്തെയും പറശവിനു വിലെക്കു
വാങ്ങി: ഇതാ, നിങ്ങൾക്കു വിത്തു
[ഇരിക്കുന്നു,] നിങ്ങൾ നിലത്തു
വിതെക്കയും വെണം.
൨൪ ഫലമാകുമ്പൊൾ ഇപ്രകാ
രം ഉണ്ടാകും, നിങ്ങൾ പറശവിനു
അഞ്ചിലൊന്നു കൊടുക്കെണം. എ
ന്നാൽ നാലൊഹരി നിലത്തിനു
വിത്തിനായിട്ടും, നിങ്ങൾക്കും നി
ങ്ങളുടെ ഭവനക്കാൎക്കും ആഹാര
ത്തിനായിട്ടും, നിങ്ങളുടെ പൈത
ങ്ങൾക്കു ആഹാരത്തിനായിട്ടും നി
ങ്ങൾക്കു തന്നെ ഇരിക്കെണം.
൨൫ അപ്പൊൾ അവർ പറഞ്ഞു,
നീ ഞങ്ങളെ ജീവനൊടെ രക്ഷി
ച്ചു: എന്റെ കൎത്താവിന്റെ കണ്ണു
കളിൽ ഞങ്ങൾക്കു ദയ ലഭിക്കട്ടെ,
എന്നാൽ ഞങ്ങൾ പറശവിന്റെ
ദാസന്മാരായിരിക്കും.
൨൬ അഞ്ചിലൊന്നു പറശവിനു
ചെല്ലുവാൻ ഉള്ളതു എന്നു യൊസെ
ഫ മിസ്രയിം രാജ്യത്തു ഇന്നു വ
രെയും ചട്ടമാക്കി: ആചാൎയ്യന്മാരു
ടെ ഭ്രമി മാത്രം പറശവിനു ചെരാ
തെ ഇരുന്നു.
൨൭ ¶ പിന്നെ യിസ്രാഎൽ മിസ്ര
യിം രാജ്യത്തുള്ള ഗൊഷൻ ദെശ

ത്ത കുടിയിരുന്നു; അതിൽ അവൎക്ക അവകാശങ്ങളും ഉണ്ടായി, അവർ എറ്റവും വളൎന്ന പെരുക്കുകയും ചെയ്തു.

൨൮ യാക്കൊബ മിസ്രയിം ദെശത്ത പതിനെഴ സംവത്സരം ജീവിച്ചിരുന്നു: ആയതുകൊണ്ട യാക്കൊബിന്റെ ആയുസ്സുള്ള ദിവസങ്ങൾ നൂററിനാല്പത്തെഴ സംവത്സരം ആയിരുന്നു.

൨൯ പിന്നെ യിസ്രാഎൽ മരിക്കെണ്ടുന്നതിന കാലം സമീപിച്ചു: അപ്പൊൾ അവൻ തന്റെ പുത്രനായ യൊസെഫിനെ വരുത്തി, അവനൊട പറഞ്ഞു, നിന്റെ കണ്ണുകളിൽ എനിക്ക കൃപ ലഭിച്ചിരിക്കുന്നു എങ്കിൽ, നീ നിന്റെ കൈ എന്റെ തുടയിൻ കീഴിൽ വെച്ചു, എനിക്ക ദയയും സത്യവും ചെയ്യെണമെന്ന ഞാൻ അപെക്ഷിക്കുന്നു: എന്നെ മിസ്രയിമിൽ അടക്കരുത എന്ന ഞാൻ അപെക്ഷിക്കുന്നു.

൩൦ ഞാൻ എന്റെ പിതാക്കന്മാരൊട കൂടെ കിടക്കും, നീ എന്നെ മിസ്രയിമിൽനിന്ന എടുത്തുകൊണ്ടുപൊയി, അവരുടെ ശവക്കുഴിയുള്ള സ്ഥലത്ത എന്നെ അടക്കയും വെണം. എന്നാറെ അവൻ, നിന്റെ കല്പന പ്രകാരം ഞാൻ ചെയ്യും എന്ന പറഞ്ഞു.

൩൧ അപ്പൊൾ അവൻ എന്നൊട ആണയിടുക എന്ന പറഞ്ഞു: അവനൊട അവൻ ആണയിട്ടു. അപ്പൊൾ യിസ്രാഎൽ കട്ടിലിന്റെ തലെക്കലെ ഭാഗത്ത കുമ്പിട്ടു.

൪൮ അദ്ധ്യായം.

൧ യൊസെഫ രൊഗിയായിരിക്കുന്ന തന്റെ പിതാവിനെ ചെന്ന കാണുന്നത.—൩ യാക്കൊബ വാഗ്ദത്തത്തെ ആവൎത്തിച്ച പറയുന്നതും.—൨൧ കനാൻ ദെശത്തെക്ക അവർ തിരിച്ച പൊകുമെന്നതിനെ കുറിച്ച ദീൎഘദൎശനം പറയുന്നതും

ഈ കാൎയ്യങ്ങളുടെ ശെഷം ഉണ്ടായത എന്തെന്നാൽ, ഇതാ, നിന്റെ പിതാവ രൊഗിയായിരിക്കുന്നു എന്ന യൊസെഫിനൊട അറിയിക്കപ്പെട്ടു: അപ്പൊൾ അവൻ തന്റെ രണ്ട പുത്രന്മാരായ മനശ്ശെയെയും എഫ്രായിമിനെയും തന്നൊട കൂടെ കൊണ്ടുപൊയി.

൨ ഇതാ, നിന്റെ പുത്രനായ യൊസെഫ നിന്റെ അടുക്കൽ വരുന്നു എന്ന യാക്കൊബിനൊട [ഒരുത്തൻ] അറിയിച്ചു: അപ്പൊൾ യിസ്രാഎൽ തന്നെ ഉറപ്പിച്ച, കട്ടിലിന്മെൽ ഇരുന്നു.

൩ പിന്നെ യാക്കൊബ യൊസെഫിനൊട പറഞ്ഞു, സൎവ്വശക്തിയുള്ള ദൈവം കനാൻ ദെശത്തിരിക്കുന്ന ലൂസിൽ എനിക്ക പ്രത്യക്ഷനായി, എന്നെ അനുഗ്രഹിച്ച,

൪ എന്നൊട, ഇതാ, ഞാൻ നിന്നെ വൎദ്ധിപ്പിക്കയും, നിന്നെ പെരുക്കുകയും, നിന്നെ ജനസമൂഹമാക്കുകയും, നിന്റെ ശെഷം നിന്റെ സന്തതിക്ക ഈ രാജ്യത്തെ എന്നെക്കുമുള്ള അവകാശമാക്കി കൊടുക്കയും ചെയ്യും എന്ന കല്പിച്ചു.

൫ ഇപ്പൊൾ ഞാൻ നിന്റെ അടുക്കൽ മിസ്രയിമിൽ വരുന്നതിന മുമ്പെ നിനക്ക മിസ്രയിം ദെശത്ത ജനിച്ച രണ്ട പുത്രന്മാരായ മനശ്ശെയും എഫ്രായിമും എനിക്കുള്ളവർ [ആകുന്നു:] രൂബെനും ശിമയൊനും എന്ന പൊലെ അവർ എനിക്കുള്ളവരാകും.

൬ എന്നാൽ ഇവരുടെ ശെഷം നീ ജനിപ്പിക്കുന്ന സന്തതി, നിനക്കുള്ളവരാകും, അവർ തങ്ങളുടെ അവകാശത്തിൽ തങ്ങളുടെ സഹൊദരന്മാരുടെ നാമത്തിൻ പ്രകാരം അവക്കും പെർ വിളിക്കപ്പെടും.

൭ പിന്നെ എന്റെ അവസ്ഥയൊ, ഞാൻ പാദാനിൽനിന്ന വരുമ്പൊൾ റാഹെൽ കനാൻ ദെശത്ത വഴിയിൽ വെച്ച എഫ്രാത്തായിക്ക വരുവാൻ പിന്നെയും കുറെ ദൂരം മാത്രമുള്ളപ്പൊൾ, എന്റെ മുമ്പാകെ മരിച്ചു: അവിടെ ഞാൻ അവളെ എഫ്രാത്തായിക്കുള്ള വഴിയിൽ അടക്കി, ആയത ബെതലഹെം [ആകുന്നു.]

൮ ¶ പിന്നെ യിസ്രാഎൽ യൊസെഫിന്റെ പുത്രന്മാരെ കണ്ടു, ഇവർ ആര എന്നും ചൊദിച്ചു.

൯ എന്നാറെ യൊസെഫ തന്റെ പിതാവിനൊട, അവർ ദൈവം ഇവിടെ ഇനിക്ക തന്നിട്ടുള്ള എന്റെ പുത്രന്മാർ എന്ന പറഞ്ഞു: അപ്പൊൾ അവൻ പറഞ്ഞു, അവരെ എന്റെ അടുക്കൽ കൊണ്ടുവരെണമെന്ന ഞാൻ അപെക്ഷിക്കുന്നു, ഞാൻ അവരെ അനുഗ്രഹിക്കയും ചെയ്യും.

൧൦ വിശെഷിച്ച യിസ്രാഎലിന്റെ കണ്ണുകൾ വയസ്സു കൊണ്ട ഇരിണ്ടുപൊയതിനാൽ അവന കാണ്മാൻ വഹിയാതെയായി, അവൻ അവരെ അവന്റെ അടുക്കൽ കൊണ്ടുചെന്നു; അപ്പൊൾ അവൻ അവരെ ചുംബിച്ച, അവരെ ആലിംഗനം ചെയ്തു.

൧൧ പിന്നെ യിസ്രാഎൽ യൊസെഫിനൊട, നിന്റെ മുഖം കാണുമെന്ന ഞാൻ നിരൂപിച്ചിരുന്നില്ല: എന്നാൽ ഇതാ, ദൈവം എന്നെ നിന്റെ സന്തതിയെയും കാണുമാറാക്കിയല്ലൊ എന്ന പറഞ്ഞു.

൧൨ അപ്പൊൾ യൊസെഫ അവന്റെ മുഴങ്കാലിനകത്തുനിന്ന അവരെ പുറത്ത മാററി, അവൻ നിലത്തൊളം കവിണ്ണു കുമ്പിട്ടു.

൧൩ പിന്നെ യൊസെഫ രണ്ടു പെരെയും, എഫ്രായിമിനെ തന്റെ വലത്തെ കയ്യിൽ യിസ്രാഎലിന്റെ ഇടത്തെ കൈക്കു നെരെയും മനശ്ശെയെ തന്റെ ഇടത്തെ കയ്യിൽ യിസ്രാഎലിന്റെ വലത്തെ കൈക്കു നെരെയും എടുത്ത, അവന്റെ അടുക്കൽ കൊണ്ടുചെന്നു.

൧൪ എന്നാറെ യിസ്രാഎൽ തന്റെ വലത്തെ കൈ നീട്ടി, ഇളയവനായ എഫ്രായിമിന്റെ തലയിന്മെലും, തന്റെ ഇടത്തെ കൈ മനശ്ശെയുടെ തലയിന്മെലും വെച്ചു: അവൻ അറിഞ്ഞ അപ്രകാരം കൈ വെച്ചു; എന്തെന്നാൽ മനശ്ശെ മൂത്തവൻ [ആയിരുന്നു.]

൧൫ പിന്നെ അവൻ യൊസെഫിനെ അനുഗ്രഹിച്ച, പറഞ്ഞു, ആരുടെ മുമ്പാകെ എന്റെ പിതാക്കന്മാരായ അബ്രാഹാമും, യിസ്ഹാക്കും നടന്നുപൊന്നുവൊ ആ ദൈവം, ഞാൻ ജനിച്ച നാൾ തുടങ്ങി ഇന്നുവരെയും എന്നെ പൊഷിച്ചുവന്ന ആ ദൈവം,

൧൬ എന്നെ സകല ദൊഷങ്ങളിൽനിന്നും വീണ്ടെടുത്ത ദൂതനുമായവൻ ഈ പൈതങ്ങളെ അനുഗ്രഹിക്കട്ടെ; എന്റെ നാമവും അബ്രാഹാമും യിസ്ഹാക്കും എന്ന എന്റെ പിതാക്കന്മാരുടെ നാമവും അവക്ക വിളിക്കപ്പെടുമാറാകട്ടെ: ദെശത്തിന്റെ നടുവിൽ അവർ

വളരെ സംഘമായി വൎദ്ധിക്കയും ചെയ്യട്ടെ.

൧൭ എന്നാൽ തന്റെ പിതാവ തന്റെ വലത്തെ കൈ എഫ്രായിമിന്റെ തലയിന്മെൽ വെച്ചു എന്ന യൊസെഫ കണ്ടപ്പൊൾ, അത അവന ഇഷ്ടകെടായി: അതു കൊണ്ട അവൻ തന്റെ പിതാവിന്റെ കൈ എഫ്രായിമിന്റെ തലയിന്മെൽനിന്ന മനശ്ശെയുടെ തലയിന്മെൽനീക്കുവാനായിട്ടപൊക്കി

൧൮ യൊസെഫ തന്റെ പിതാവിനൊട, അപ്രകാരമല്ല, എന്റെ പിതാവെ; എന്തെന്നാൽ ഇവൻ ആദ്യം ജനിച്ചവൻ; ഇവന്റെ തലയിന്മെൽ നിന്റെ വലത്ത കൈ വെക്കെണം എന്ന പറഞ്ഞു.

൧൯ എന്നാറെ അവന്റെ പിതാവ വിരൊധിച്ചു, ഞാൻ അറിയുന്നു, എന്റെ പുത്ര, ഞാൻ അറിയുന്നു; ഇവനും ജന കൂട്ടമായി തീരും, ഇവനും വൎദ്ധിക്കും: എങ്കിലും ഇവന്റെ അനുജൻ ഇവനെക്കാൾ അധികം വൎദ്ധിക്കും, അവന്റെ സന്തതി ജാതിക്കൂടെ സംഘമായി തീരും എന്നും പറഞ്ഞു.

൨൦ അപ്രകാരം അവൻ ആ ദിവസം അവരെ അനുഗ്രഹിച്ചു, ദൈവം നിന്നെ എഫ്രായിമിനെ പൊലെയും മനശ്ശെയെ പൊലെയും ആക്കുമാറാകട്ടെഎന്ന യിസ്രാഎൽ നിന്നെ തൊട്ട അനുഗ്രഹിക്കും എന്ന പറഞ്ഞു: അവൻ എഫ്രായിമിനെ മനശ്ശെക്ക മുമ്പെ ആക്കുകയും ചെയ്തു.

൨൧ പിന്നെ യിസ്രാഎൽ യൊസെഫിനൊട പറഞ്ഞു, ഇതാ,ഞാൻ മരിക്കുന്നു: എന്നാൽ ദൈവം നിങ്ങളൊട കൂടെ ഇരുന്ന, നിങ്ങളുടെ പിതാക്കന്മാരുടെ ദെശത്തെക്ക നിങ്ങളെ തിരികെ വരുത്തും.

൨൨ വിശെഷിച്ചും ഞാൻ എന്റെ വാളു കൊണ്ടും എന്റെ വില്ലു കൊണ്ടും അമൊറിയക്കാരന്റെ കയ്യിൽനിന്ന വാങ്ങിയതായ ഒര ഓഹരിയെ നിന്റെ സഹൊദരന്മാരെക്കാൾ അധികം നിനക്ക ഞാൻ തന്നിരിക്കുന്നു.

൪൯ അദ്ധ്യായം.

൧ യാക്കൊബ തന്റെ പുത്രന്മാരെ അനുഗ്രഹിക്കുന്നതിന അവരെ വിളിക്കുന്നത.—൩ പ്രത്യെകം പ്രത്യെകമായി അവരെ അനുഗ്രഹിക്കുന്നത.—൨൯ അവന്റെ ശവസംസ്കാരത്തെ കുറിച്ചുള്ള കല്പന.—൩൩ അവന്റെ മരണം.

പിന്നെ യാക്കൊബ തന്റെ പുത്രന്മാരൊട വിളിച്ചു പറഞ്ഞു, ഒരുമിച്ച വരുവിൻ, എന്നാൽ അവസാന ദിവസങ്ങളിൽ നിങ്ങൾക്ക സംഭവിപ്പാനുള്ളതിനെ ഞാൻ നിങ്ങളൊട അറിയിക്കും.

൨ യാക്കൊബിന്റെ പുത്രന്മാരെ, ഒരുമിച്ച വന്ന, കെൾപ്പിൻ; നിങ്ങളുടെ പിതാവായ യിസ്രാഎലിനെ ചെവിക്കൊൾകയും ചെയ്വിൻ.

൩ ¶ രൂബെ, നീ എന്റെ ആദ്യജാതൻ, എന്റെ ബലവും, എന്റെ ശക്തിയുടെ ആരംഭവും ഉള്ളുവൻ, നീ ശ്രെഷ്ഠതയുടെ വിശെഷവും ശക്തിയുടെ വിശെഷവും ഉള്ളുവൻ.

൪ വെള്ളം പൊലെ സ്ഥിരമില്ലാത്തവനെ, നീ ശ്രെഷ്ഠതപ്പെടുകയില്ല, എന്തെന്നാൽ നീ നിന്റെ പിതാവിന്റെ കട്ടിലിന്മെൽ കരെറി: അതിനെ നീ അപ്പൊൾ അശുദ്ധമാക്കി; അവൻ എന്റെ വിരിപ്പിന്മെൽ കരെറി.

൫ ¶ ശിമെയൊനും ലെവിയും സ
ഹൊദരന്മാർ [ആകുന്നു:] അവരു
ടെ വാളുകൾ ക്രൂരതയുടെ ആയുധ
ങ്ങൾ [ആകുന്നു.]
൬ എന്റെ ആത്മാവ അവരുടെ
രഹസ്യത്തിൽ വരരുതെ; എന്റെ
മഹത്വം അവരുടെ കൂട്ടത്തൊടചെ
രരുത: എന്തെന്നാൽ അവർ തങ്ങ
ളുടെ കൊപത്തിൽ ഒരു പുരുഷനെ
കൊന്നു, അവർ തങ്ങളുടെ തന്നി
ഷ്ടത്തിൽ ഒരു മതിലിനെയും ഇടി
ച്ചു കളഞ്ഞു.
൭ അവരുടെ കൊപം ബലമാ
യും, അവരുടെ ക്രൊധം കഠിനമാ
യും ഇരുന്നതുകൊണ്ട, അത ശപി
ക്കപ്പെട്ടതാകട്ടെ: ഞാൻ അവരെ
യാക്കൊബിൽ പിരിക്കയും, യി
സ്രാഎലിൽ ചിന്നിക്കയും ചെയ്യും.
൮ ¶ യെഹൂദായെ, നിന്നെ നി
ന്റെ സഹൊദരന്മാർ പുകഴ്ത്തും;
നിന്റെ കൈ നിന്റെ ശത്രുക്കളു
ടെ കഴുത്തിൽ ഇരിക്കും: നിന്റെ
മുമ്പാകെ നിന്റെ പിതാവിന്റെ
മക്കൾ കുമ്പിടും.
൯ യെഹൂദാ ഒരു സിംഹക്കുട്ടി [ആ
കുന്നു;] എന്റെ പുത്ര, നീ ഇരയി
ൽനിന്ന കരെറി; അവൻ കുനി
ഞ്ഞു, ഒരു സിംഹം പൊലെയും വ
യസ്സുചെന്ന ഒരു സിംഹം പൊ
ലെയും പതുങ്ങി കിടന്നു: അവനെ
ആര ഉയൎത്തും?
൧൦ ശിലൊ വരുവൊളത്തിന ചെ
ങ്കൊൽ യെഹൂദായിൽനിന്നും, ന്യാ
യ കൎത്താവ അവന്റെ പാദങ്ങ
ളുടെ ഇടയിൽനിന്നും നീങ്ങിപ്പൊ
കയില്ല; അവനൊട ജനക്കൂട്ടം [കൂ
ടും.]
൧൧ തന്റെ കഴുതക്കുട്ടിയെ മുന്തി
രിങ്ങാവള്ളിയൊടും, തന്റെ കഴുത
യുടെ ആൺകുട്ടിയെ മഹാ നല്ല മു
ന്തിരിങ്ങാവള്ളിയൊടും കെട്ടി; അ
വൻ തന്റെ ഉടുപ്പിനെ വീഞ്ഞ
യിലും, തന്റെ വസ്ത്രത്തെ മുന്തി
രിങ്ങാപ്പഴങ്ങളുടെ രക്തത്തിലും അ
ലക്കി.
൧൨ അവന്റെ കണ്ണുകൾ വീ
ഞ്ഞുകൊണ്ട ചുവന്നും, അവന്റെ
പല്ലുകൾ പാലുകൊണ്ട വെളുത്തും
[ഇരിക്കും.]
൧൩ ¶ സെബുലുൻ കടൽ തുറമു
ഖത്തിന അരികെ കുടിയിരിക്കും:
അവൻ കപ്പലുകളുടെ തുറമുഖത്തെ
ക്ക [ആകും.] അവന്റെ അതൃത്തി
യും സീദൊൻ വരെ [ആകും.]
൧൪ ¶ ഇസ്സഖാർ രണ്ട ചുമടി
ന്റെ നടുവിൽ കിടക്കുന്ന ശക്തി
യുള്ള കഴുത [ആകുന്നു.]
൧൫ അവൻ ആശ്വാസത്തെ ന
ല്ലതെന്നും, രാജ്യത്തെ ഇഷ്ടമുള്ളതെ
ന്നും കണ്ടു, വഹിക്കെണ്ടുന്നതിന
തന്റെ ചുമലിനെ ചരിഞ്ഞു, ക
പ്പത്തിന ദാസനായി തീൎന്നു.
൧൬ ¶ ദാൻ യിസ്രാഎൽ ഗൊ
ത്രങ്ങളിൽ ഒന്ന എന്നപൊലെ ത
ന്റെ ജനത്തൊട ന്യായം വിസ്ത
രിക്കും.
൧൭ ദാൻ കുതിരയുടെ മടമ്പുകളി
ൽ, അതിൽ കരെറിയിരിക്കുന്നവ
ൻ പിന്നൊക്ക വീഴുവാൻ തക്കവ
ണ്ണം, കടിക്കുന്നതായി വഴിയിൽ
ഒരു സൎപ്പവും, ഊടുവഴിയിൽ അ
ണലിയുമായിരിക്കും.
൧൮ യഹൊവായെ, ഞാൻ നി
ന്റെ രക്ഷെക്കായി കാത്തിരിക്കു
ന്നു.
൧൯ ¶ ഗാദൊ, ഒരു ആയുധക്കൂ
ട്ടം അവനെ അവജയപ്പെടുത്തും:
എന്നാൽ അവൻ ഒടുക്കം ജയിക്കും.

൨൦ ¶ ആശെറിൽനിന്ന അവ
ന്റെ അപ്പം പുഷ്ടിയായിരിക്കും,
അവൻ രാജസംബന്ധമായുള്ള രു
ചിവസ്തുങ്ങളെ തരികയും ചെയ്യും.
൨൧ ¶ നപ്താലി പുറത്തു വിടപ്പെ
ട്ട ഒരു മാൻ [ആകുന്നു:] അവൻ
കൌതുകമുള്ള വാക്കുകളെ തരുന്നു.
൨൨ ¶ യൊസെഫ ഫലം തരു
ന്ന വള്ളി, കിണററിന്റെ അരി
കെ ഫലം തരുന്ന വള്ളി [ആകു
ന്നു:] അതിന്റെ കൊമ്പുകൾ ചു
വരിന്മെൽ പടരുന്നു.
൨൩ വില്ലുകാർ അവനെ മനൊ
ക്ലെശിതപ്പെടുത്തി, അവർ [അവ
ങ്കൽ] എയ്യു, അവനെ ദ്വെഷിക്ക
യും ചെയ്യു.
൨൪ എന്നാൽ അവന്റെ വില്ലു
ബലത്തൊടെ ഇരുന്നു, അവന്റെ
കൈകളുടെ ഭുജങ്ങൾ യാക്കൊബി
ന്റെ ശക്തിയുള്ള ദൈവത്തിന്റെ
കൈകളാൽ ശക്തിപ്പെട്ടു: അവിടെ
നിന്ന ആട്ടിടയനായ യിസ്രാഎ
ലിന്റെ കല്ലും ആയി.
൨൫ നിന്റെ പിതാവിന്റെ ദൈ
വത്താൽ തന്നെ, അവൻ നിന
ക്ക സഹായിക്കും, സൎവ്വശക്തിയു
ള്ളവനാൽ തന്നെ, അവൻ മെലാ
യ സ്വൎഗ്ഗത്തിലെ അനുഗ്രഹങ്ങൾ
കൊണ്ടും, താഴെ കിടക്കുന്ന ആഴ
ത്തിന്റെ അനുഗ്രഹങ്ങൾ കൊ
ണ്ടും, മുലകളുടെയും ഗൎഭത്തിന്റെ
യും അനുഗ്രഹങ്ങൾ കൊണ്ടും നി
ന്നെ അനുഗ്രഹിക്കും.
൨൬ നിന്റെ പിതാവിന്റെ അ
നുഗ്രഹങ്ങൾ എന്റെ മുൻപിതാ
ക്കന്മാരുടെ അനുഗ്രഹങ്ങൾക്ക മെ
ലായി നിത്യമലകളുടെ അവസാ
നം വരെയും പ്രബലപ്പെട്ടു: അ
വ യൊസെഫിന്റെ തലയിന്മെ
ലും, തന്റെ സഹൊദരന്മാരിൽനി
ന്ന വെർപെട്ടവന്റെ നെറുകയി
ന്മെലും ഉണ്ടാകും.
൨൭ ¶ ബെന്യാമിൻ ഒരു ചെന്നാ
[പൊലെ] പിടിച്ചുകളയും: രാവി
ലെ അവൻ ഇരയെ ഭക്ഷിക്കും,
വൈകുന്നെരത്തും കവൎച്ചയെ ഒ
ഹരിയാക്കും.
൨൮ ¶ ഇവ എല്ലാം യിസ്രാഎ
ലിന്റെ പന്ത്രണ്ട ഗൊത്രങ്ങൾ
[ആകുന്നു:] അവരുടെ പിതാവ
അവരൊട പറഞ്ഞതും, അവരെ
അനുഗ്രഹിച്ചതും ഇത തന്നെ [ആ
കുന്നു:] അവനവന്റെ അനുഗ്ര
ഹത്തിൻ പ്രകാരം അവൻ അവ
രെ അനുഗ്രഹിച്ചു.
൨൯ പിന്നെ അവൻ അവരൊ
ട കല്പിച്ചു അവരൊട പറഞ്ഞു,
ഞാൻ എന്റെ ജനത്തൊട ചെര
പ്പെടുന്നു; ഹിത്തിയക്കാരനായ എ
ഫ്രൊന്റെ നിലത്തുള്ള ഗുഹയിൽ
എന്നെ എന്റെ പിതാക്കന്മാരുടെ
അടുക്കൽ അടക്കുവിൻ.
൩൦ കനാൻ ദെശത്ത മമ്രെക്ക
നെരെ ഉള്ളതായി, അബ്രാഹാം
നിലത്തൊട കൂടെ ഹിത്തിയക്കാര
നായ എഫ്രൊനൊട ശവങ്ങളെ
അടക്കുന്ന അവകാശ ഭൂമിയായി
ട്ട വിലെക്ക വാങ്ങിയതായി, മക്ക
ഫെലാ എന്ന നിലത്തിലെ ഗുഹ
യിൽ തന്നെ.
൩൧ അവിടെ അവർ അബ്രാ
ഹാമിനെയും, അവന്റെ ഭാൎയ്യയാ
യ സാറായെയും അടക്കി; അവി
ടെ യിസ്സാക്കിനെയും, അവന്റെ
ഭാൎയ്യയായ റിബെക്കായെയും അ
ടക്കി; അവിടെ ഞാൻ ലെയായെ
യും അടക്കി.
൩൨ ആ ഭൂമിയും അതിലുള്ള ഗു

ഹയും ഹെത്തിന്റെ പുത്രന്മാരൊട വിലെക്ക കൊള്ളപ്പെട്ടു.

൩൩ യാക്കൊബ തന്റെ പുത്രന്മാരൊട കല്പിച്ച തീൎന്നതിന്റെ ശെഷം, അവൻ തന്റെ കാലുകളെ കട്ടിലിന്മെൽ ചെൎത്ത, പ്രാണനെ വിട്ടു. തന്റെ ജനത്തൊട ചെൎക്കപ്പെടുകയും ചെയ്തു.

൫൦ അദ്ധ്യായം.

൧ യാക്കൊബിനെ കുറിച്ചുള്ള വിലാപം.—൭ ശവസംസ്കാരം.—൧൫ യൊസെഫ തന്റെ സഹൊദരന്മാരൊട അവരുടെ തിരിയെ പൊക്കിനെ കുറിച്ച ദീൎഘദൎശനം പറയുന്നത.—൨൬ അവന്റെ മരണം.

അപ്പൊൾ യൊസെഫ തന്റെ പിതാവിന്റെ മുഖത്തിന്മെൽ വീണ, അവന്റെ മെൽ കരഞ്ഞ, അവനെ ചുംബിച്ചു.

൨ പിന്നെ തന്റെ പിതാവിന സുഗന്ധ വൎഗ്ഗങ്ങളെ ഇടുവാൻ യൊസെഫ വൈദ്യന്മാരായ തന്റെ ഭൃത്യന്മാരൊട കല്പിച്ചു: വൈദ്യന്മാർ യിസ്രാഎലിന സുഗന്ധ വൎഗ്ഗങ്ങളെ ഇടുകയും ചെയ്തു.

൩ അവനെ കുറിച്ച നാല്പത ദിവസവും നിവൃത്തിയായി, അത എന്തെന്നാൽ സുഗന്ധവൎഗ്ഗങ്ങൾ ഇടപ്പെടുന്നവരുടെ ദിവസങ്ങൾ ഇങ്ങിനെ നിവൃത്തിയാകുന്നു; മിസ്രയക്കാരും അവനെ കുറിച്ച എഴുപത ദിവസം ദുഃഖിച്ചിരുന്നു.

൪ അവനെ കുറിച്ച ദുഃഖിച്ച ദിവസങ്ങൾ അവസാനിച്ചപ്പൊൾ, യൊസെഫ പറഒവിന്റെ ഭവനക്കാരൊട സംസാരിച്ച പറഞ്ഞു, നിങ്ങളുടെ കണ്ണുകളിൽ എനിക്ക ദയ ലഭിച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾ പറഒവിന്റെ ചെവികൾക്ക പറയെണ്ടുന്നത എന്തെന്നാൽ,

൫ ഇതാ, ഞാൻ മരിക്കുന്നു: ഞാൻ കനാൻ ദെശത്ത എനിക്കായിട്ട വെട്ടിയിരിക്കുന്ന എന്റെ ശവക്കുഴിയിൽ, അവിടെ തന്നെ നീ എന്നെ അടക്കെണമെന്ന എന്റെ പിതാവ എന്നെ കൊണ്ട ആണയിടുവിച്ചു. അതുകൊണ്ട ഇപ്പൊൾ ഞാൻ കരെറിചെന്ന, എന്റെ പിതാവിനെ അടക്കി, തിരിച്ചുവരട്ടെ എന്ന ഞാൻ അപെക്ഷിക്കുന്നു എന്ന പറവിൻ എന്ന ഞാൻ നിങ്ങളൊട അപെക്ഷിക്കുന്നു.

൬ എന്നാറെ പറഒ, നിന്റെ പിതാവ നിന്നെ കൊണ്ട ആണയിടുവിച്ച പ്രകാരം, നീ കരെറിചെന്ന, അവനെ അടക്കുക എന്ന പറഞ്ഞു.

൭ പിന്നെ യൊസെഫ തന്റെ പിതാവിനെ അടക്കുവാനായിട്ട കരെറിപൊയി: അവനൊട കൂടെ പറഒവിന്റെ സകല ഭൃത്യന്മാരുമായ അവന്റെ ഭവനത്തിലെ മൂപ്പന്മാരും, മിസ്രയിം ദെശത്തുള്ള സകല മൂപ്പന്മാരും,

൮ യൊസെഫിന്റെ കുഡുംബം ഒക്കെയും, അവന്റെ സഹൊദരന്മാരും, അവന്റെ പിതാവിന്റെ ഭവനക്കാരും കരെറി ചെന്നു: തങ്ങളുടെ പൈതങ്ങളെയും, തങ്ങളുടെ ആടുകളെയും, കന്നുകാലികളെയും മാത്രം ഗൊഷെൻ ദെശത്ത അവർ വിട്ടെച്ചു പൊയി.

൯ അവനൊട കൂടെ രഥങ്ങളും കുതിരക്കാരന്മാരും കരെറിപൊയി: അത എത്രയും വലിയ പുരുഷാരമായിരുന്നു.

൧൦ അവർ യൎദ്ദെന്ന അക്കരെ ഉള്ള ആതാദിലെ കളത്തിൽ വന്നു; അവർ അവിടെ എത്രയും മഹാവ

ലിയ പ്രലാപത്തൊടെ പ്രലാപി
ച്ചു: അവൻ തന്റെ പിതാവിനാ
യിട്ട എഴ ദിവസം ദുഃഖം കഴിച്ചു.
൧൧ ആ ദെശത്ത കുടിയാന്മാരാ
യ കനാനായക്കാർ ആതാദിലെ ക
ളത്തിൽ ഉണ്ടായ ദുഃഖത്തെ കണ്ട
പ്പൊൾ, ഇത മിസ്രയകാരുടെ മ
ഹാ ദുഃഖം [ആകുന്നു] എന്ന അ
വർ പറഞ്ഞു: ആയതുകൊണ്ട ആ
സ്ഥലത്തിന ആബെൽമിസ്രയിം
എന്ന പെർ വിളിക്കപ്പെട്ടു; അത
യർദ്ദെന്നക്ക അപ്പുറത്ത [ആകുന്നു.]
൧൨ അവന്റെ പുത്രന്മാർ അവ
ൻ തങ്ങളൊട കല്പിച്ചിരുന്ന പ്ര
കാരം, അവന ചെയ്തു.
൧൩ എന്തെന്നാൽ അവന്റെ
പുത്രന്മാർ അവനെ കനാൻ ദെ
ശത്തെക്ക കൊണ്ടുപൊയി, മമ്രെ
ക്ക നെരെ ഇരിക്കുന്നതായി, അ
ബ്രാഹാം നിലത്തൊട കൂടെ ഹി
ത്തിയക്കാരനായ എഫ്രൊനൊട
ശവങ്ങളെ അടക്കുന്ന അവകാശ
ഭൂമിയായി, വിലെക്ക വാങ്ങിയതാ
യ മക്ഫെലാ എന്ന നിലത്തിലു
ള്ള ഗുഹയിൽ അവനെ അടക്കുക
യും ചെയ്തു.
൧൪ യൊസെഫ തന്റെ പിതാ
വിനെ അടക്കിയതിന്റെ ശെഷം
അവനും അവന്റെ സഹൊദര
ന്മാരും, അവന്റെ പിതാവിനെ
അടക്കുന്നതിന അവനൊട കൂടെ
കരെറിപ്പൊയ എല്ലാവരും മിസ്ര
യിമിലെക്ക തിരിച്ചുപൊയി.
൧൫ ¶ പിന്നെ തങ്ങളുടെ പിതാ
വ മരിച്ചു എന്ന യൊസെഫിന്റെ
സഹൊദരന്മാർ കണ്ടാറെ, പക്ഷെ
യൊസെഫ നമ്മെ ദ്വെഷിച്ചു,
നാം അവനൊട ചെയ്ത എല്ലാ ദൊ
ഷത്തെയും നമ്മൊട പകരം ചെ
യ്യുമെന്ന പറഞ്ഞു.
൧൬ വിശെഷിച്ച അവർ യൊ
സെഫിന ദൂതയച്ചു, നിന്റെ പി
താവ മരിക്കുന്നതിന മുമ്പെ നി
ന്റെ സഹൊദരന്മാരുടെ ദ്രൊഹ
ത്തെയും, അവർ നിനക്ക ദൊഷം
ചെയ്തതുകൊണ്ട അവരുടെ പാപ
ത്തെയും ക്ഷമിക്കെണമെന്ന ഞാ
ൻ അപെക്ഷിക്കുന്നു എന്നുള്ള പ്ര
കാരം നിങ്ങൾ യൊസെഫിനൊ
ട പറയെണം എന്ന കല്പിച്ചു എ
ന്നും,
൧൭ ഇപ്പൊൾ നിന്റെ പിതാ
വിന്റെ ദൈവത്തിന്റെ ഭൃത്യന്മാ
രുടെ ദ്രൊഹത്തെ ക്ഷമിക്കെണ
മെന്ന ഞങ്ങൾ അപെക്ഷിക്കുന്നു
എന്നും പറയിച്ചു. എന്നാറെ അ
വർ യൊസെഫിനൊട സംസാ
രിക്കുമ്പൊൾ അവൻ കരഞ്ഞു.
൧൮ പിന്നെ അവന്റെ സ
ഹൊദരന്മാരും ചെന്ന, അവന്റെ
മുമ്പാകെ കവിണ്ണു വീണു: ഇതാ,
ഞങ്ങൾ നിനക്ക ദാസന്മാർ [ആ
കുന്നു] എന്നും അവർ പറഞ്ഞു.
൧൯ അപ്പൊൾ യൊസെഫ അ
വരൊട പറഞ്ഞു, നിങ്ങൾ ഭയ
പ്പെടെണ്ട: എന്തുകൊണ്ടെന്നാൽ
ഞാൻ ദൈവത്തിന്റെ സ്ഥലത്ത
ഇരിക്കുന്നവനൊ?
൨൦ എന്നാൽ നിങ്ങളൊ എനിക്ക
വിരൊധമായി ദൊഷം വിചാരി
ച്ചിരുന്നു; എന്നാൽ ദൈവമൊ ഇ
ന്നുവരെക്കും ഉള്ള പ്രകാരം വള
രെ ജനത്തെ ജീവനൊടെ രക്ഷി
ക്കെണ്ടുന്നതിനായിട്ട അതിനെ ഗു
ണമായിട്ട വിചാരിച്ചു.
൨൧ അതുകൊണ്ട ഇപ്പൊൾ ഭ
യപ്പെടെണ്ട: ഞാൻ നിങ്ങളെയും
നിങ്ങളുടെ പൈതങ്ങളെയും പൊ

ഷിക്കും. അവൻ അവരെ ആശ്വാസിപ്പിച്ചു, അവരൊട പ്രിയമായിട്ട സംസാരിക്കയും ചെയ്തു.

൨൨ ¶ പിന്നെ യൊസെഫും അവന്റെ പിതാവിന്റെ കുഡുംബവും മിസ്രയിമിൽ വസിച്ചു: യൊസെഫ നൂററിപത്ത സംവത്സരം ജീവിച്ചിരുന്നു.

൨൩ യൊസെഫ എഫ്രായിമിന്റെ മൂന്നാമത്തെ [തലമുറയുടെ] പൈതങ്ങളെ കണ്ടു; മനശ്ശെയുടെ പുത്രനായ മഖിറിന്റെ പൈതങ്ങളും യൊസെഫിന്റെ മടിയിൽ വളൎന്നു.

൨൪ പിന്നെ യൊസെഫ തന്റെ സഹൊദരന്മാരൊട പറഞ്ഞു, ഞാൻ മരിക്കുന്നു: എന്നാൽ ദൈവം നിങ്ങളെ സത്യമായി വിചാരിച്ചു, നിങ്ങളെ ഈ ദെശത്തനിന്ന താൻ അബ്രഹാമിനൊടും, ഇസ്ഹാക്കിനൊടും, യാക്കൊബിനൊടും ആണയിട്ട ദെശത്തെക്ക പൊകുമാറാക്കും.

൨൫ ദൈവം നിങ്ങളെ വിചാരിക്കും സത്യം, എന്നാൽ എന്റെ അസ്ഥികളെ ഇവിടെനിന്ന കൊണ്ടുപൊകുമെന്ന പറഞ്ഞ, യൊസെഫ യിസ്രാഎൽ പുത്രന്മാരെ കൊണ്ട ആണ ഇടുവിക്കയും ചെയ്തു.

൨൬ പിന്നെ യൊസെഫ നൂററിപത്ത വയസ്സുള്ളവനായി മരിച്ചു: അപ്പൊൾ അവർ അവന സുഗന്ധവൎഗ്ഗങ്ങളെ ഇട്ടു, അവൻ മിസ്രയിമിൽ ഒരു ശവപ്പെട്ടിയിൽ വെക്കപ്പെട്ടിരുന്നു.

1.) Jehova [illegible] Ex 23,32
2.) [illegible]
3 [illegible]
4. [illegible]

മൊശെ എഴുതിയ

രണ്ടാം പുസ്തകം.

---

൧ അദ്ധ്യായം.

൧ യിസ്രാഎൽ പുത്രന്മാർ വൎദ്ധിക്കുന്നത. —൮ പുതിയതായുള്ള രാജാവിനാൽ അവർ ഉപദ്രവിക്കപ്പെടുന്നത. —൧൫ വയറാട്ടികൾ ആണ്കുട്ടികളെ ജീവനൊടെ രക്ഷിക്കുന്നത.

മിസ്രയിമിൽ വന്ന യിസ്രാഎ
ലിന്റെ പുത്രന്മാരുടെനാമങ്ങളാ്വ
വ [ആകുന്നു;] യാക്കോബിനൊട
കൂടെ അവരവർ തങ്ങളുടെ കുഡു
ബത്തൊടും കൂടെ വന്നിരുന്നു.
൨ രുബെൻ, ശിമെഓൻ, ലെവി, യെ
ഹുദായും,
൩ ഇസ്സഖാർ, സെബുലൂൻ, ബെ
ന്യാമിനും,
൪ ദാൻ, നപ്താലി, ഗാദ, ആ
ശെരും,
൫ യാക്കൊബിന്റെ കടിപ്രദെ
ശത്തനിന്ന ഉണ്ടായ ആത്മാക്കൾ
എല്ലാം കൂടെ എഴുപത ആത്മാക്കളാ
യിരുന്നു; എന്നാൽ യൊസെഫ മി
സ്രയിമിൽ ആയിരുന്നു.
൬ യൊസെഫും, അവന്റെ സ
ഹൊദരന്മാരെല്ലാവരും, ആ സന്ത
തി ഒക്കെയും മരിച്ചു.
൭ എന്നാറെ യിസ്രാഎൽ പുത്ര
ന്മാർ വൎദ്ധിച്ചു, എറ്റവും വളൎന്നു,
പെരുകി, എറ്റവും വളരെ ശക്തി
പ്പെട്ടു; ദെശം അവരെ കൊണ്ട
നിറഞ്ഞു.
൮ ¶ പിന്നെ യൊസെഫിനെ
അറിയാത്ത ഒരു പുതിയ രാജാവ
മിസ്രയിമിന്മെൽ ഉണ്ടായി.
൯ അവൻ തന്റെ ജനത്തോട പ
റഞ്ഞു, ഇതാ, യിസ്രാഎൽ പുത്രന്മാ
രുടെ ജനം നമ്മിലും അധികവും
ശക്തിയുമുള്ളത [ആകുന്നു.]
൧൦ വരുവിൻ, അവർ പെരുകാ
തെയും, ഒരു യുദ്ധം ഉണ്ടാകുമ്പൊ
ൾ, അവർ നമ്മുടെ ശത്രുക്കളൊടും
കൂടി, നമുക്ക വിരൊധമായി യുദ്ധം
ചെയ്തു, ഠരം രാജ്യത്തെ വിട്ട പുറ
പ്പെടുവാൻ സംഗതി വരാതെയും
ഇരിപ്പാനായിട്ടു; നാം അവരുടെ
നെരെ ബുദ്ധിയായി ചെയ്യുക.
൧൧ അതുകൊണ്ട അവരെ തങ്ങ
ളുടെ ഭാരങ്ങൾ കൊണ്ട ഉപദ്രവി
ക്കെണ്ടുന്നതിന, അവരുടെ മെൽ
വിചാരിപ്പുകാരായ മുഖ്യന്മാരെ അ
വർ ആക്കി. അവർ ഭണ്ഡാരംവെ
ക്കുന്ന പട്ടണങ്ങളായ പിത്തൊ
നെയും, റമെസെസിനെയും പറ
ഒവിന പണിതു.
൧൨ എന്നാൽ അവർ ജനത്തെ
എത്ര ഉപദ്രവിച്ചുവൊ, അത്രയും
അവർ പെരുകി വൎദ്ധിച്ചു. അതു
കൊണ്ട യിസ്രാഎൽ പുത്രന്മാരു
ടെ നിമിത്തം അവർ വ്യസനപ്പെ
ട്ടിരുന്നു.
൧൩ പിന്നെ മിസ്രയക്കാർ യി
സ്രാഎൽ പുത്രന്മാരെ കൊണ്ട കഠി
നമായി വെല എടുപ്പിച്ചു.
൧൪ കളിമണ്ണിലും, ഇഷ്ടികക്കല്ലി
ലും, വയലിലെ സകല വിധവെ
ലയിലും ഉള്ള കഠിനപ്രവൃത്തികൊ
ണ്ട അവർ അവൎക്ക ജീവനെ കൈ
പ്പാക്കി: അവർ അവരെ കൊണ്ട
ചെയ്യിച്ച അവരുടെ വെലയൊ
ക്കെയും കാഠിന്യത്തൊടെ (ആയി
രുന്നു.)
൧൫ ¶ അത്രയുമല്ല, മിസ്രയിമിലെ

രാജാവ എബ്രായ പ്രസവിപ്പി
ക്കുന്ന സ്ത്രീകളൊട സംസാരിച്ചു,
[ആയവരിൽ ഒരുത്തിയുടെ പെർ
സിപ്രാ എന്നും, മറെറാരുത്തിയുടെ
പെർ പൂയാ എന്നും ആയിരുന്നു:]
൧൬ അവൻ പറഞ്ഞു, എബ്രാ
യ സ്ത്രീകളെ നിങ്ങൾ പ്രസവി
പ്പിപ്പാൻ പൊകയും, പ്രസവത്താ
സനങ്ങളിൽ അവരെ കാണ്കയും
ചെയ്യുമ്പൊൾ, അത പുത്രൻ [ആ
കുന്നു] എങ്കിൽ, നിങ്ങൾ അവനെ
കൊല്ലണം, എന്നാൽ അത പുത്രി
യാകുന്നു എങ്കിൽ, അവൾ ജീവ
നൊടിരിക്കട്ടെ.
൧൭ എന്നാൽ പ്രസവിപ്പിക്കുന്ന
വർ ദൈവത്തെ ഭയപ്പെട്ട, മിസ്ര
യിമിലെ രാജാവ തങ്ങളൊട കല്പി
ച്ച പ്രകാരം ചെയ്യാതെ, പുരുഷ
പ്രജകളെ ജീവനൊടെ രക്ഷിച്ചു.
൧൮ അപ്പൊൾ മിസ്രയിമിലെ രാ
ജാവ പ്രസവിപ്പിക്കുന്നവരെ വ
രുത്തി, അവരൊട പറഞ്ഞു, നിങ്ങ
ൾ ൟ കാൎയ്യം ചെയ്കയും, പുരുഷ
പ്രജകളെ ജീവനൊടെ രക്ഷിക്ക
യും ചെയ്തത എന്തിന?
൧൯ എന്നാറെ പ്രസവിപ്പിക്കു
ന്നവർ പറവൊനൊട പറഞ്ഞു:
എബ്രായ സ്ത്രീകൾ മിസ്രയിമിലെ
സ്ത്രീകളെ പൊലെ അല്ലായ്കകൊ
ണ്ട [ആകുന്നു;] എന്തെന്നാൽ അ
വർ നല്ല ഉണൎച്ചയുള്ളവർ, പ്രസ
വിപ്പിക്കുന്നവൾ അവരുടെ അടു
ക്കൽ ചെല്ലുന്നതിന മുമ്പെ അവർ
പ്രസവിച്ചു തീരുന്നു.
൨൦ ഇതുകൊണ്ട ദൈവം പ്രസ
വിപ്പിക്കുന്നവൎക്ക നന്മ ചെയ്തു:
ജനം വൎദ്ധിച്ചു, എററവും ശക്തി
പ്പെടുകയും ചെയ്തു.
൨൧ അപ്പൊൾ ഉണ്ടായത എ
ന്തെന്നാൽ, പ്രസവിപ്പിക്കുന്നവ
ർ ദൈവത്തെ ഭയപ്പെടുകകൊണ്ട,
അവൻ അവൎക്ക ഭവനങ്ങൾ ഉ
ണ്ടാക്കി.
൨൨ അപ്പൊൾ പറവൊ തന്റെ സ
കല ജനത്തൊടും, ജനിക്കുന്ന പു
ത്രനെ ഒക്കെയും നിങ്ങൾ ആററി
ൽ ഇട്ടുകളയെണമെന്നും, പുത്രി
യെ ഒക്കെയും ജീവനൊടെ രക്ഷി
ക്കെണമെന്നും കല്പിച്ചു.

൨ അദ്ധ്യായം.

൧ മൊശെ ജനിക്കുന്നതും, ഞാങ്ങണകളുടെ ഇടയിൽ വെക്കപ്പെടുന്നതും.—൫. പറവൊവിന്റെ പുത്രി അവനെ കണ്ടെത്തി വളൎത്തുന്നത.—൧൫. അവൻ മിദിയാനിലെക്ക ഓടിപ്പൊകുന്നത.

എന്നാൽ ലെവിയുടെ ഭവന
ത്തിൽ ഒരു മനുഷ്യൻ പൊയി, ലെ
വിയുടെ പുത്രിയായ ഒരുത്തിയെ
[ഭാൎയ്യയായിട്ട] കൈക്കൊണ്ടു.
൨ ആ സ്ത്രീ ഗൎഭം ധരിച്ചു, ഒരു പു
ത്രനെ പ്രസവിച്ചു: അവൻ സൌ
ന്ദൎയ്യമുള്ളവൻ എന്ന കണ്ടാറെ അ
വൾ അവനെ മൂന്ന മാസം ഒളി
ച്ചു.
൩ എന്നാൽ അവൾ അവ
ൎക്ക പിന്നത്തെതിൽ ഒളിപ്പാൻ ക
ഴിയാഞ്ഞപ്പൊൾ, അവൾ അവ
നായിട്ട ഒരു ഞാങ്ങണ പെട്ടി വാ
ങ്ങി, ആയതിനെ പശകൊണ്ടും കീ
ൽ കൊണ്ടും തെച്ചു, അതിൽ പൈ
തലിനെ കിടത്തി, നദിയുടെ അരി
കിൽ ഞാങ്ങണകളുടെ ഇടയിൽ
അതിനെ വെച്ചു.
൪ അവന എന്ത ഭവിക്കുമെന്ന
അറിവാനായിട്ട അവന്റെ പെ
ങ്ങൾ ദൂരത്ത നിന്നിരുന്നു.
൫ അപ്പൊൾ പറവൊവിന്റെ പു
ത്രി നദിയിൽ കുളിപ്പാൻ ഇറങ്ങി
വന്നു, അവളുടെ ദാസിമാർ നദി
യുടെ അരികായി നടന്നു: പി

ന്നെ അവൾ ഞാങ്ങണകളുടെ ഇ
ടയിൽ പെട്ടിയെ കണ്ടപ്പൊൾ, അ
തിനെ കൊണ്ടുവരുവാൻ അവൾ
തന്റെ ദാസിയെ അയച്ചു.
൬ അവൾ [അതിനെ] തുറന്നാറെ
ആ പൈതലിനെ കണ്ടു: ഇതാ
പൈതൽ കരഞ്ഞു. അപ്പൊൾ അ
വൾക്ക അതിന്റെ മെൽ കൃപയു
ണ്ടായി, ഇത എബ്രായക്കാരുടെ
പൈതങ്ങളിൽ ഒന്ന എന്നും അവ
ൾ പറഞ്ഞു.
൭ അപ്പൊൾ അവന്റെ പെങ്ങ
ൾ പറവൊവിന്റെ പുത്രിയൊട, നി
നക്കായിട്ട ഇം പൈതലിനെ വ
ളൎക്കെണ്ടുന്നതിന എബ്രായ സ്ത്രീ
കളിൽ മുല കൊടുക്കുന്ന ഒരുത്തി
യെ ഞാൻ നിനക്ക ചെന്ന വിളി
ക്കാമൊ എന്ന ചൊദിച്ചു.
൮ അപ്പൊൾ പറവൊവിന്റെ പു
ത്രി അവളൊട, പൊക എന്ന പറ
ഞ്ഞു. ആ ബാല സ്ത്രീ പൊയി,
ആ പൈതലിന്റെ അമ്മയെ വി
ളിച്ചു.
൯ പറവൊവിന്റെ പുത്രി അവ
ളൊട, നീ ഇം പൈതലിനെ കൊ
ണ്ടുപൊയി, അതിനെ എനിക്കായി
ട്ട വളൎക്കെണം, ഞാൻ നിനക്ക ശ
മ്പളം തരികയുമാം എന്ന പറഞ്ഞു.
ആ സ്ത്രീ ആ പൈതലിനെ എടു
ത്ത, അതിനെ വളൎക്കയും ചെയ്തു.
൧൦ പിന്നെ ആ പൈതൽ വ
ലിയവനായപ്പൊൾ, അവൾ അ
വനെ പറവൊവിന്റെ പുത്രിയുടെ
അടുക്കൽ കൊണ്ടുപൊയി, അവ
ൻ അവൾക്ക പുത്രനായി തീൎന്നു.
അവൾ അവന മൊശെ എന്ന
പെർ വിളിച്ചു, എന്തുകൊണ്ടെന്നാ
ൽ ഞാൻ അവനെ വെള്ളത്തിൽ
നിന്ന വലിച്ചെടുത്തു എന്ന പറ
ഞ്ഞു.
൧൧ ¶ മൊശെ വലിയവനായി
തീൎന്ന ആ ദിവസങ്ങളിൽ ഉണ്ടാ
യത എന്തെന്നാൽ, അവൻ ത
ന്റെ സഹൊദരന്മാരുടെ അടുക്ക
ൽ പുറപ്പെട്ടുപൊയി, അവരുടെ
ഭാരമായുള്ള പ്രവൃത്തികളെ നൊ
ക്കി: തന്റെ സഹൊദരന്മാരിൽ എ
ബ്രായക്കാരനായ ഒരുത്തനെ ഒരു
മിസ്രയക്കാരൻ അടിച്ചുകൊണ്ടിരി
ക്കുന്നത കണ്ടു.
൧൨ അങ്ങൊട്ടും ഇങ്ങൊട്ടും തിരി
ഞ്ഞു നൊക്കീട്ട ഒരുത്തനും ഇല്ലെ
ന്ന കണ്ടപ്പൊൾ, അവൻ ആ മി
സ്രയക്കാരനെ കൊന്ന, അവനെ
മണലിൽ മറച്ചുകളഞ്ഞു.
൧൩ പിറെറ ദിവസവും അവൻ
പുറത്തു പൊയപ്പൊൾ, ഇതാ, ര
ണ്ട എബ്രായ മനുഷ്യർ തമ്മിൽ
ശണ്ഠ ഇട്ടുകൊണ്ടിരുന്നു: അപ്പൊ
ൾ അവൻ അന്യായം ചെയ്യുവ
നൊട, നീ നിന്റെ അയല്ക്കാര
നെ അടിക്കുന്നത എന്തിന എന്ന
പറഞ്ഞു.
൧൪ എന്നാറെ അവൻ പറഞ്ഞു,
നിന്നെ ഞങ്ങളുടെ മെൽ പ്രഭുവാ
യും ന്യായാധിപതിയായും ആക്കി
യവൻ ആര? നീ മിസ്രയക്കാര
നെ കൊന്നതുപൊലെ എന്നെയും
കൊല്ലുവാൻ ഭാവിക്കുന്നുവൊ? അ
പ്പൊൾ മൊശെ ഭയപ്പെട്ടു, ആ കാ
ൎയ്യം പ്രസിദ്ധമായി സത്യം എന്ന
പറഞ്ഞു.
൧൫ പിന്നെ പറവൊ ആ കാൎയ്യം
കെട്ടാറെ, അവൻ മൊശയെ കൊ
ല്ലുവാൻ അന്വെഷിച്ചു. എന്നാറെ
മൊശെ പറവൊവിന്റെ മുഖത്തുനി
ന്ന ഒടിപ്പൊയി, മിദിയാൻ ദെശ
ത്ത പാൎത്തു; അവൻ ഒരു കിണ
ററിന്റെ അരികെ ഇരുന്നിരുന്നു.
൧൬ വിശെഷിച്ചു മിദിയാനിലെ

ആചാൎയ്യന ഏഴ പുത്രിമാർ ഉണ്ടാ
യിരുന്നു: അവർ വന്ന, തങ്ങളു
ടെ പിതാവിന്റെ ആടുകളെ വെ
ള്ളം കുടിപ്പിപ്പാനായിട്ട വെള്ളം
കൊരി, തൊട്ടികളെ നിറച്ചു.
൰൭ എന്നാറെ ഇടയന്മാർ വന്ന
അവരെ ദൂരത്ത ആട്ടിക്കളഞ്ഞു: അ
പ്പൊൾ മൊശെ എഴുനീററ, അവ
രെ രക്ഷിച്ചു, അവരുടെ ആടുക
ളെ വെള്ളം കുടിപ്പിക്കയും ചെയ്തു.
൰൮ പിന്നെ അവർ തങ്ങളുടെ
പിതാവായ റെയുയെലിന്റെ അ
ടുക്കൽ വന്നപ്പൊൾ, അവൻ നി
ങ്ങൾ ഇന്ന ഇത്ര വെഗത്തിൽ വ
ന്നതെന്ത എന്ന ചൊദിച്ചു.
൰൯ എന്നാറെ അവർ പറഞ്ഞു,
ഒരു മിസ്രയകാരൻ ഇടയന്മാരു
ടെ കയ്യിൽനിന്ന ഞങ്ങളെ വിടു
വിച്ചു, ഞങ്ങൾക്ക (വെള്ളം) കൊ
രി തന്ന, ആടുകളെയും വെള്ളം കു
ടിപ്പിച്ചു.
൨൰ അപ്പൊൾ അവൻ തന്റെ
പുത്രിമാരൊട, എന്നാൽ അവൻ എ
വിടെ? ആ മനുഷ്യനെ നിങ്ങൾ എ
ന്തിന വിട്ടെച്ചു പൊന്നു? അവൻ
അപ്പം ഭക്ഷിക്കെണ്ടുന്നതിന അ
വനെ വിളിപ്പിൻ എന്ന പറഞ്ഞു.
൨൰൧ എന്നാറെ മൊശെ ആ മനു
ഷ്യന്റെ അടുക്കൽ പാൎപ്പാൻ സ
മ്മതിച്ചു: പിന്നെ അവൻ മൊശെ
ക്ക തന്റെ പുത്രിയായ സിപ്പൊ
റായെ കൊടുത്തു.
൨൰൨ ഇവൾ ഒരു പുത്രനെ പ്രസ
വിച്ചു, അവന അവൻ ഗെൎഷൊം
എന്ന പെർ വിളിച്ചു: എന്തെന്നാ
ൽ ഞാൻ അന്യദെശത്ത പരദെ
ശിയായി എന്ന അവൻ പറഞ്ഞു.
൨൰൩ പിന്നെ ഉണ്ടായത എന്തെ
ന്നാൽ, എറിയ കാലം കഴിഞ്ഞാറെ
മിസ്രയിമിലെ രാജാവ മരിച്ചു: വി
ശെഷിച്ച യിസ്രാഎൽ പുത്രന്മാർ
അടിമയിൽനിന്ന നെടുവീൎപ്പ്ട്ടനി
ലവിളിച്ചു: അടിമയിൽനിന്നും അ
വരുടെ നിലവിളി ദൈവത്തിങ്ക
ലെക്ക എത്തി.
൨൰൪ എന്നാറെ ദൈവം അവരു
ടെ നിലവിളിയെ കെട്ടു, ദൈവം
അബ്രാഹാമിനൊടും ഇസ്സാക്കി
നൊടും, യാക്കൊബിനൊടും തനി
ക്കുള്ള ഉഭയസമ്മതത്തെയും ഒൎത്തു.
൨൰൫ ദൈവം യിസ്രാഎൽ പുത്ര
ന്മാരെ നൊക്കി കണ്ടു, ദൈവം അ
വരെ അറികയും ചെയ്തു.

൩ അദ്ധ്യായം.

൧ മൊശെ യെത്രൊവിന്റെ ആട്ടിൻകൂട്ടത്തെ മെയിക്കുന്നത.—൨ എരിയുന്ന മുൾപടൎപ്പിൽ ദൈവം അവന പ്രത്യക്ഷനാകുന്നത.—൭ യിസ്രാഎലിനെ രക്ഷിപ്പാനായിട്ട അവൻ അവനെ അയക്കുന്നത.

എന്നാൽ മൊശെ മിദിയാനി
ലെ ആചാൎയ്യനായി, തന്റെ അ
മ്മായപ്പനായ യെത്രൊവിന്റെ
ആട്ടിൻ കൂട്ടത്തെ മെയിച്ചുകൊണ്ടി
രുന്നു: അവൻ ആട്ടിൻ കൂട്ടത്തെ
വനത്തിന്റെ പിന്നിൽ കൊണ്ടു
പൊയി, ദൈവത്തിന്റെ പൎവ്വത
മായ ഹൊറെബ വരെയും വന്നു.
൨ അവിടെ യഹൊവായുടെ ദൂ
തൻ ഒരു മുൾപടൎപ്പിന്റെ നടുവി
ൽനിന്ന ഉള്ള അഗ്നിജ്വാലയിൽ
അവന പ്രത്യക്ഷനായി: അപ്പൊ
ൾ അവൻ നൊക്കി, ഇതാ മുൾപ
ടൎപ്പ് അഗ്നിയായി കത്തി, എങ്കി
ലും മുൾപടൎപ്പ് വെന്തുപൊയില്ല.
൩ അപ്പൊൾ മൊശെ പറഞ്ഞു,
ഞാൻ ഇപ്പൊൾ അരികെ തിരി
ഞ്ഞ, ആ മുൾപടൎപ്പ് വെന്തുപൊ
കാതിരിക്കുന്നത എന്ത എന്നുള്ള
ആ വലിയ കാഴ്ചയെ കാണാം.

൪ എന്നാൽ കാണെണ്ടുന്നതിനായിട്ട അവൻ അരികെ തിരിയുന്നതിനെ യഹൊവാ കണ്ടപ്പൊൾ, ദൈവം മുൾപടപ്പിന്റെ നടുവിൽനിന്ന അവനൊട, മൊശെയെ, മൊശെയെ, എന്ന വിളിച്ച പറഞ്ഞു. എന്നാറെ അവൻ ഇതാ, ഞാൻ ഇവിടെ, എന്ന പറഞ്ഞു.

൫ അപ്പൊൾ അവൻ പറഞ്ഞു, ഇവിടെ അടുത്തുവരരുത: നിന്റെ പാദങ്ങളിൽനിന്ന നിന്റെ ചെരിപ്പുകളെ അഴിച്ചുകളക, എന്തെന്നാൽ നീ നില്ക്കുന്ന സ്ഥലം ശുദ്ധമുള്ള ഭൂമി [ആകുന്നു.]

൬ പിന്നെയും അവൻ പറഞ്ഞു, ഞാൻ അബ്രഹാമിന്റെ ദൈവവും യിസ്സാക്കിന്റെ ദൈവവും, യാക്കൊബിന്റെ ദൈവവുമായ നിന്റെ പിതാവിന്റെ ദൈവം [ആകുന്നു.] അപ്പൊൾ മൊശെ തന്റെ മുഖത്തെ മറച്ചു: എന്തുകൊണ്ടെന്നാൽ ദൈവത്തെ നൊക്കുവാൻ അവൻ ഭയപ്പെട്ടു.

൭ പിന്നെ യഹൊവാ പറഞ്ഞു, മിസ്രയിമിൽ ഇരിക്കുന്ന എന്റെ ജനത്തിന്റെ ഉപദ്രവത്തെ ഞാൻ കണ്ടു, കണ്ടു, അവരുടെ ഞെരുക്കക്കാരുടെ നിമിത്തം അവരുടെ നിലവിളിയെയും കെട്ടു: എന്തുകൊണ്ടെന്നാൽ ഞാൻ അവരുടെ ദുഃഖങ്ങളെ അറിയുന്നു.

൮ വിശെഷിച്ചും അവരെ മിസ്രയകാരുടെ കയ്യിൽനിന്ന വിടുവിപ്പാനും, അവരെ ആ ദെശത്തനിന്ന നന്മയും വിസ്താരവുമായുള്ള ദെശത്തെക്ക, പാലും തെനും ഒലിക്കുന്ന ദെശത്തെക്ക, കനാനയകാരുടെയും, ഹിത്തായക്കാരുടെയും, അമൊറായക്കാരുടെയും, പെറിസ്സായക്കാരുടെയും, ഹിവായക്കാരുടെയും, യെബൂസ്സായക്കാരുടെയും സ്ഥലത്തെക്ക, കരെററി കൊണ്ടുവരുവാനും ഞാൻ ഇറങ്ങി വന്നിരിക്കുന്നു.

൯ അതുകൊണ്ട ഇപ്പൊൾ ഇതാ, യിസ്രാഎൽ പുത്രന്മാരുടെ നിലവിളി എന്റെ അടുക്കൽ വന്നു: മിസ്രയകാർ അവരൊട ചെയ്യുന്ന ഞെരുക്കങ്ങളെയും ഞാൻ കണ്ടിരിക്കുന്നു.

൰ ഇപ്പൊൾ നീ വാ, യിസ്രാഎൽ പുത്രന്മാരായ എന്റെ ജനത്തെ മിസ്രയിമിൽനിന്ന കൂട്ടി കൊണ്ടുവരെണ്ടുന്നതിന ഞാൻ നിന്നെ പറൊവിന്റെ അടുക്കൽ അയക്കാം.

൰൧ അപ്പൊൾ മൊശെ ദൈവത്തൊട, പറൊവിന്റെ അടുക്കൽ പൊകുന്നതിനും യിസ്രാഎൽ പുത്രന്മാരെ മിസ്രയിമിൽനിന്ന കൂട്ടി കൊണ്ട വരുന്നതിനും ഞാൻ എന്തമാത്രമുള്ളു എന്ന പറഞ്ഞു.

൰൨ എന്നാറെ അവൻ പറഞ്ഞു, ഞാൻ നിന്നൊട കൂടെ ഉണ്ടാകും നിശ്ചയം: നീ ജനത്തെ മിസ്രയിമിൽനിന്ന കൂട്ടിക്കൊണ്ട വരുമ്പൊൾ ഈ പൎവതത്തിൽ നിങ്ങൾ ദൈവത്തെ സെവിക്കുമെന്നുള്ളത ഞാൻ നിന്നെ അയച്ചതിന അടയാളം [ആകും.]

൰൩ ¶ അപ്പൊൾ മൊശെ ദൈവത്തൊട പറഞ്ഞു, ഇതാ, ഞാൻ യിസ്രാഎൽ പുത്രന്മാരുടെ അടുക്കൽ ചെന്ന, നിങ്ങളുടെ പിതാക്കന്മാരുടെ ദൈവം എന്നെ നിങ്ങളുടെ അടുക്കലെക്ക അയച്ചിരിക്കുന്നു എന്ന അവരൊട പറയുമ്പൊൾ, അവർ അവന്റെ നാമം എന്തെന്ന എന്നൊട ചൊദിച്ചാൽ, ഞാൻ അവരൊട എന്ത പറയെണം?

൰൪ അപ്പൊൾ ദൈവം ഇരിക്കു

ന്നവൻ ഞാൻ ഇരിക്കുന്നു എന്ന മൊശെയൊട പറഞ്ഞു: ഇരിക്കുന്നവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്ന ഇപ്രകാരം നീ യിസ്രാഎൽ പുത്രന്മാരൊട പറയെണം എന്നും പറഞ്ഞു.

൧൫ പിന്നെയും ദൈവം മൊശെയൊട പറഞ്ഞു, നീ യിസ്രാഎൽ പുത്രന്മാരൊട ഇപ്രകാരം പറയെണം, അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവും, യാക്കൊബിന്റെ ദൈവവുമായി, നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹൊവാ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു: ഇത എന്നെക്കും എന്റെ നാമവും, ഇത തലമുറ തലമുറയായി എന്റെ ഒൎമ്മ പ്രസ്ഥാപവും [ആകുന്നു.]

൧൬ നീ ചെന്ന യിസ്രാഎലിലെ പ്രമാണികളെ കൂട്ടികൊണ്ട, അവരൊട പറയെണ്ടുന്നത എന്തെന്നാൽ, അബ്രാഹാമിന്റെയും, യിസ്ഹാക്കിന്റെയും, യാക്കൊബിന്റെയും ദൈവമായി, നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹൊവാ ഇനിക്ക പ്രത്യക്ഷനായി പറഞ്ഞു, ഞാൻ നിങ്ങളെയും മിസ്രയിമിൽ നിങ്ങളൊട ചെയ്യപ്പെട്ടതിനെയും ദൎശിച്ചിരിക്കുന്നു നിശ്ചയം.

൧൭ ഞാൻ നിങ്ങളെ മിസ്രയിമിലുള്ള കഷ്ടതയിൽനിന്ന കനാനയക്കാരുടെയും, ഹിത്തായക്കാരുടെയും അമൊറായക്കാരുടെയും, പെറിസ്സായക്കാരുടെയും, ഹിവായക്കാരുടെയും, യെബുസായക്കാരുടെയും ദെശത്തെക്ക, പാലും തെനും ഒഴുകുന്ന ദെശത്തെക്ക കൊണ്ടുപൊകുമെന്ന ഞാൻ പറഞ്ഞിട്ടുമുണ്ട.

൧൮ എന്നാൽ അവർ നിന്റെ ശബ്ദത്തെ ചെവിക്കൊള്ളും: അപ്പൊൾ നീയും യിസ്രാഎലിന്റെ മൂപ്പന്മാരും മിസ്രയിമിലെ രാജാവിന്റെ അടുക്കൽ ചെല്ലെണം, നീ അവനൊട, എബ്രായക്കാരുടെ ദൈവമായ യഹൊവാ ഞങ്ങളെ വന്നു കണ്ടു എന്നും, ഇപ്പൊൾ ഞങ്ങൾ മൂന്നു ദിവസത്തെ വഴി വനത്തിലെക്ക ഞങ്ങളുടെ ദൈവമായ യഹൊവായിക്ക ബലികഴിക്കെണ്ടുന്നതിന ഞങ്ങൾ പൊകട്ടെ എന്ന ഞങ്ങൾ അപെക്ഷിക്കുന്നു എന്നും പറകയും വെണം.

൧൯ എന്നാലും മിസ്രയിമിലെ രാജാവ ശക്തിയുള്ള കയ്യാലും നിങ്ങളെ പൊകുവാൻ സമ്മതിക്കയില്ല എന്ന ഞാൻ അറിയുന്നു.

൨൦ അതുകൊണ്ട ഞാൻ എന്റെ കൈ നീട്ടി മിസ്രയിമിന്റെ നടുവിൽ ഞാൻ ചെയ്യാനിരിക്കുന്ന എന്റെ സകല അതിശയങ്ങളെയും കൊണ്ട അതിനെ ശിക്ഷിക്കും; അതിന്റെ ശെഷം അവൻ നിങ്ങളെ വിട്ടയക്കും.

൨൧ അപ്പൊൾ ഞാൻ ഈ ജനത്തിന മിസ്രയക്കാരുടെ കണ്ണുകൾക്കുമുമ്പാകെ കൃപ ലഭിപ്പിക്കും; നിങ്ങൾ പൊകുമ്പൊൾ വ്യൎത്ഥമായി പൊകയില്ല എന്നുള്ളതും ഉണ്ടാകും.

൨൨ എന്നാൽ ഒരൊരൊ സ്ത്രീ തന്റെ തന്റെ അയൽക്കാരിയൊടും, തന്റെ തന്റെ വീട്ടുതികാരിയൊടും വെള്ളിയാഭരണങ്ങളെയും പൊന്നാഭരണങ്ങളെയും, വസ്ത്രങ്ങളെയും ചൊദിക്കും: [അവയെ] നിങ്ങൾ നിങ്ങളുടെ പുത്രന്മാരുടെമെലും നിങ്ങളുടെ പുത്രിമാരുടെ മെലും ഇടുകയും, മിസ്രയക്കാരെ കവൎച്ച ചെയ്കയും ചെയ്യും.

൪ അദ്ധ്യായം.

൧ മൊശെയുടെ കൊൽ സൎപ്പമായി തീരുന്നത —൬. അവന്റെ കയ്യുടെ പത്തി കുഷ്ഠമുള്ളതായി തീരുന്നത. —൨൪. പറകവിന്റെ അടുക്കലെക്ക ദൈവത്തിന്റെ ദൂത.

അപ്പൊൾ മൊശെ ഉത്തരമായിട്ട പറഞ്ഞു, എന്നാൽ ഇതാ, അവർ എന്നെ വിശ്വസിക്കാതെയും എന്റെ ശബ്ദത്തെ ചെവിക്കൊള്ളാതെയും ഇരിക്കും: എന്തുകൊണ്ടെന്നാൽ യഹൊവാ നിനക്ക പ്രത്യക്ഷനായിട്ടില്ല എന്ന അവർ പറയും.

൨ അപ്പൊൾ യഹൊവാ അവനൊട പറഞ്ഞു, നിന്റെ കയ്യിൽ ഇരിക്കുന്നത എന്ത? ഒരു കൊൽ എന്ന അവൻ പറഞ്ഞു.

൩ അതിനെ നിലത്ത ഇടുക എന്ന അവൻ പറഞ്ഞു: അവൻ അതിനെ നിലത്തിട്ടു, അപ്പൊൾ അത സൎപ്പമായി തീൎന്നു: മൊശെ അതിന്റെ മുമ്പിൽനിന്ന ഒടി പൊകയും ചെയ്തു.

൪ അപ്പൊൾ യഹൊവാ മൊശെയൊട, നിന്റെ കൈ നീട്ടി, അതിന്റെ വാലിൽ പിടിക്ക എന്ന പറഞ്ഞു. അവൻ തന്റെ കൈ നീട്ടി, അതിനെ പിടിച്ചു; അത അവന്റെ കയ്യിൽ കൊലായി തീരുകയും ചെയ്തു.

൫ ഇത അബ്രഹാമിന്റെ ദൈവവും, ഇസ്സാക്കിന്റെ ദൈവവും, യാക്കൊബിന്റെ ദൈവവും ആയി, തങ്ങളുടെ പിതാക്കന്മാരുടെ ദൈവമാകുന്ന യഹൊവാ നിനക്ക പ്രത്യക്ഷനായതിനെ അവർ വിശ്വസിക്കെണ്ടുന്നതിന (ആകുന്നു.)

൬ പിന്നെയും യഹൊവാ അവനൊട, നിന്റെ കൈ നിന്റെ മടിയിൽ ഇടുക എന്ന പറഞ്ഞു; എന്നാറെ അവൻ തന്റെ കൈ തന്റെ മടിയിൽ ഇട്ടു; അവൻ അതിനെ പുറത്ത എടുത്തപ്പൊൾ, ഇതാ, അവന്റെ കൈ ഉറച്ചമഞ്ഞുപൊലെ കുഷ്ഠരൊഗമുള്ളതായിരുന്നു.

൭ പിന്നെയും അവൻ, നിന്റെ കൈ ഇനിയും നിന്റെ മടിയിൽ ഇടുക എന്ന പറഞ്ഞു: എന്നാറെ അവൻ തന്റെ കൈ പിന്നെയും തന്റെ മടിയിൽ ഇട്ടു, തന്റെ മടിയിൽനിന്നും അതിനെ പുറത്തെടുത്തു; അപ്പൊൾ ഇതാ, അത പിന്നെയും അവന്റെ(മറ്റ) മാംസം പൊലെ ആയി തീൎന്നു.

൮ അപ്പൊൾ അവർ നിന്നെ വിശ്വസിക്കാതെയും, മുമ്പിലത്തെ അടയാളത്തിന്റെ ശബ്ദത്തെ ചെവിക്കൊള്ളാതെയും ഇരുന്നാൽ, അവർ പിന്നത്തെ അടയാളത്തിന്റെ ശബ്ദത്തെ വിശ്വസിക്കുമെന്നുള്ളത ഉണ്ടാകും.

൯ ഈ രണ്ട അടയാളങ്ങളെയും അവർ വിശ്വസിക്കാതെയും, നിന്റെ ശബ്ദത്തെ ചെവിക്കൊള്ളാതെയും ഇരുന്നാൽ, ഇപ്രകാരം ഉണ്ടാകും, നീ നദിയിലെ വെള്ളത്തിൽനിന്ന കൊരി, ഉണങ്ങിയ ഭൂമിയിൽ ഒഴിക്കെണം: അപ്പൊൾ നീ നദിയിൽനിന്ന കൊരിയ വെള്ളം ഉണങ്ങിയ ഭൂമിയിൽ രക്തമായി തീരും.

൰ എന്നാറെ മൊശെ യഹൊവായൊട പറഞ്ഞു, ഹെ എന്റെ കൎത്താവെ, മുമ്പെയും, നീ നിന്റെ ദാസനൊട സംസാരിച്ചതിന്റെ ശെഷവും ഞാൻ വാക്സാമൎത്ഥ്യമുള്ളവനല്ല: എന്തെന്നാൽ ഞാൻ വിക്ക വായുള്ളവനും, വിക്ക നാവുള്ളവനും [ആകുന്നു.]

൧൧ അപ്പൊൾ യഹൊവാ അവനൊട പറഞ്ഞു, മനുഷ്യന വായിനെ കൊടുത്തവൻ ആര? അല്ലെങ്കിൽ ഊമയെയും, ചെകിടനെയും, കാഴ്ചയുള്ളവനെയും, അന്ധനെയും ഉണ്ടാക്കിയവൻ ആര? യഹൊവായാകുന്ന ഞാൻ അല്ലയൊ?

൧൨ അതുകൊണ്ട ഇപ്പൊൾ നീ പൊക, ഞാൻ നിന്റെ വായൊട കൂടെ ഇരുന്ന, നീ പറയെണ്ടുന്നതിനെ നിനക്ക ഉപദെശിക്കും.

൧൩ എന്നാറെ അവൻ പറഞ്ഞു, ഹെ എന്റെ കൎത്താവെ, നീ അയപ്പാനുള്ളവന്റെ കയ്യാൽ അയക്കെണമെന്ന ഞാൻ അപെക്ഷിക്കുന്നു.

൧൪ അപ്പൊൾ മൊശെയുടെ നെരെ യഹൊവായുടെ കൊപം ജ്വലിച്ചു; അവൻ പറഞ്ഞു, ലെവിയക്കാരനായ അഹറൊൻ നിന്റെ സഹൊദരനല്ലയൊ? അവന നല്ലതിന്മണ്ണം സംസാരിക്കാമെന്ന ഞാൻ അറിയുന്നു. ഇതാ, അവൻ തന്നെ നിന്നെ എതിരെല്പാനും പുറപ്പെട്ട വരുന്നു: അവൻ നിന്നെ കാണുമ്പൊൾ, തന്റെ ഹൃദയത്തിൽ ആനന്ദിച്ചിരിക്കും.

൧൫ നീ അവനൊട സംസാരിക്കയും, വചനങ്ങളെ അവന്റെ വായിൽ ആക്കുകയും വെണം: എന്നാൽ ഞാൻ നിന്റെ വായൊടും, അവന്റെ വായൊടും കൂടെ ഇരിക്കും, നിങ്ങൾ ചെയ്യെണ്ടുന്നതിനെ നിങ്ങൾക്ക ഉപദെശിക്കയും ചെയ്യും.

൧൬ അവൻ നിനക്ക പകരമായി ജനത്തൊട സംസാരിക്കും: അവൻ തന്നെ നിനക്ക വായ്ക്കു പകരം ഇരിക്കും, നീ അവന ദൈവത്തിന പകരവും ഇരിക്കും.

൧൭ നീ ഈ കൊൽ കൊണ്ട അടയാളങ്ങളെ ചെയ്യാൻ അതിനെ നിന്റെ കയ്യിൽ പിടിച്ചുകൊണ്ടിരിക്കയും വെണം.

൧൮ ¶ പിന്നെ മൊശെ പൊയി, തന്റെ അമ്മായപ്പനായ യെത്രൊവിന്റെ അടുക്കൽ തിരികെ പൊന്ന, ഞാൻ പുറപ്പെട്ട മിസ്രയിമിലിരിക്കുന്ന എന്റെ സഹൊദരന്മാരുടെ അടുക്കൽ ഇപ്പൊൾ തിരിച്ചു ചെന്ന, അവർ ഇനിയും ജീവനൊടെ ഇരിക്കുന്നുവൊ എന്ന നൊക്കട്ടെ എന്ന അവനൊട പറഞ്ഞു: അപ്പൊൾ യെത്രൊ മൊശെയൊട, സമാധാനത്തൊടെ പൊക എന്ന പറഞ്ഞു.

൧൯ പിന്നെയും യഹൊവാ മിദിയാനിൽ വെച്ച മൊശെയൊട പറഞ്ഞു, മിസ്രയിമിലെക്ക തിരിച്ച പൊക: എന്തെന്നാൽ നിന്റെ ജീവനെ അന്വെഷിച്ചിരുന്ന മനുഷ്യർ എല്ലാവരും മരിച്ചുപൊയി.

൨൦ അപ്പൊൾ മൊശെ തന്റെ ഭാൎയ്യയെയും, പുത്രന്മാരെയും കൂട്ടിക്കൊണ്ട, അവരെ ഒരു കഴുതപ്പുറത്ത കരെററി, മിസ്രയിം ദെശത്തെക്ക തിരിച്ചുപൊയി. മൊശെ ദൈവത്തിന്റെ കൊലിനെ തന്റെ കയ്യിൽ പിടിച്ചുകൊണ്ടിരുന്നു.

൨൧ പിന്നെ യഹൊവാ മൊശെയൊട പറഞ്ഞു, നീ മിസ്രയിമിലെക്ക തിരിച്ചുചെന്ന എത്തുമ്പൊൾ, ഞാൻ നിന്റെ കയ്യിൽ തന്നിട്ടുള്ള അത്ഭുതങ്ങളെ ഒക്കെയും പറൊവിന്റെ മുമ്പാകെ ചെയ്യാൻ നൊക്കുക: എന്നാൽ അവൻ ജനത്തെ വിട്ടയക്കാതെ ഇരിപ്പാൻ ഞാൻ അവന്റെ ഹൃദയത്തെ കഠിനപ്പെടുത്തും.

൨൨ അപ്പൊൾ നീ പറൊവിനൊട പറയെണം, യഹൊവാ ഇപ്രകാ

രം പറയുന്നു, യിസ്രാഎൽ എന്റെ
പുത്രൻ, എന്റെ ആദ്യജാതൻ ത
ന്നെ [ആകുന്നു.]
൨൩ എന്റെ പുത്രനെ ഇനിക്ക
ശുശ്രൂഷ ചെയ്യാനായിട്ട വിട്ടയ
ക്കെണമെന്ന ഞാൻ നിന്നൊട പ
റയുന്നു: അവനെ വിട്ടയപ്പാൻ
നീ വിരൊധിക്കുന്നു എങ്കിൽ, ഇ
താ, ഞാൻ നിന്റെ പുത്രനെ, നി
ന്റെ ആദ്യജാതനെ തന്നെ കൊ
ന്നുകളയും.
൨൪ ¶ പിന്നെ വഴിയിൽ വഴിയ
മ്പലത്തിൽ വെച്ച ഉണ്ടായത എ
ന്തെന്നാൽ, യഹൊവാ അവനെ
എതിരെററ, അവനെ കൊല്ലുവാൻ
അന്വെഷിച്ചു.
൨൫ അപ്പൊൾ സിപ്പൊറാ മൂൎച്ച
യുള്ള ഒരു കല്ലിനെ എടുത്ത, തന്റെ
പുത്രന്റെ അഗ്രചൎമ്മത്തെ മുറിച്ച,
അതിനെ അവന്റെ കാലുകളുടെ
അടുക്കൽ ഇട്ടു, നീ ഇനിക്ക രക്ത
മുള്ള ഭൎത്താവ സത്യം എന്ന പറ
ഞ്ഞു.
൨൬ പിന്നെ അവൻ അവനെ
വിട്ടൊഴിഞ്ഞു: അപ്പൊൾ അവൾ
ചെലാകൎമ്മത്തിന്റെ നിമിത്തം നീ
ഇനിക്ക രക്തമുള്ള ഭൎത്താവ എന്ന
പറഞ്ഞു.
൨൭ ¶ പിന്നെ യഹൊവാ അഹ
റൊനൊട, നീ വനത്തിൽ മൊശെ
യെ എതിരെല്പാനായിട്ട പൊക എ
ന്ന പറഞ്ഞു. എന്നാറെ അവൻ
പൊയി, ദൈവത്തിന്റെ പൎവ്വത
ത്തിൽ അവനെ എതിരെററു, അ
വനെ ചുംബിക്കയും ചെയ്തു
൨൮ അപ്പൊൾ മൊശെ തന്നെ
അയച്ച യഹൊവായുടെ വചന
ങ്ങളെ ഒക്കെയും, അവൻ തനിക്ക
കല്പിച്ച അടയാളങ്ങളെ ഒക്കെയും
അഹറൊനൊട അറിയിച്ചു.

൨൯ പിന്നെ മൊശെയും അഹ
റൊനും പൊയി, യിസ്രാഎൽ പു
ത്രന്മാരുടെ മൂപ്പന്മാരെ എല്ലാവരെ
യും കൂടി വരുത്തി.
൩൦ എന്നാൽ യഹൊവാ മൊ
ശെയൊട കല്പിച്ച വചനങ്ങളെ
എല്ലാം അഹറൊൻ പറഞ്ഞു, ജന
ത്തിന്റെ കണ്ണുകൾക്ക മുമ്പാകെ
ആ അടയാളങ്ങളെയും അവൻ
ചെയ്തു.
൩൧ എന്നാറെ ജനം വിശ്വസി
ച്ചു: യഹൊവാ യിസ്രാഎൽ പുത്ര
ന്മാരെ ദൎശിച്ചു എന്നും, തങ്ങളുടെ
ഉപദ്രവത്തെ നൊക്കി എന്നും അ
വർ കെട്ടപ്പൊൾ, അവർ കുമ്പിട്ടു
വന്ദിച്ചു.

൫ അദ്ധ്യായം.

൧ പറൊ മൊശെയൊടും അഹറൊനൊടും ശാസിക്കുന്നത—൫. അവൻ യിസ്രാഎൽകാരുടെ പ്രയത്നം അധികമാക്കുന്നത. ൨൨. മൊശെ ദൈവത്തൊട സങ്കടം ബൊധിപ്പിക്കുന്നത.

അതിന്റെ ശെഷം മൊശെയും
അഹറൊനും അകത്ത പ്രവെശി
ച്ചു, പറൊവിനൊട, ഇനിക്കായിട്ടവ
നത്തിൽ പെരുനാൾ ആചരിക്കെ
ണ്ടുന്നതിന എന്റെ ജനത്തെ വി
ട്ടയക്കെണമെന്ന ഇപ്രകാരം യി
സ്രാഎലിന്റെ ദൈവമായ യ
ഹൊവാ പറയുന്നു, എന്ന പറ
ഞ്ഞു.
൨ എന്നാറെ പറൊ പറഞ്ഞു, ഞാ
ൻ യിസ്രാഎലിനെ വിട്ടയപ്പാൻ
അവന്റെ ശബ്ദത്തെ കെൾക്കെ
ണ്ടുന്നതിന യഹൊവാ ആര? ഞാ
ൻ യഹൊവായെ അറിയുന്നില്ല,
ഞാൻ യിസ്രാഎലിനെ വിട്ടയ
ക്കയുമില്ല.
൩ അപ്പൊൾ അവർ പറഞ്ഞു,
എബ്രായക്കാരുടെ ദൈവം ഞങ്ങ
ളെ ദൎശിച്ചു: അവൻ വസന്ത ജ

രത്തൊട എങ്കിലും, വാളൊട എങ്കിലും ഞങ്ങളൊട എതൃക്കാതെ കണ്ടെ, ഞങ്ങൾ ഇപ്പൊൾ മൂന്ന ദിവസത്തെ വഴി വനത്തിൽ പൊയിട്ട, ഞങ്ങളുടെ ദൈവമായ യഹൊവായിക്ക ബലികഴിക്കട്ടെ.

൪ എന്നാറെ മിസ്രയിമിലെ രാജാവ അവനൊട, മൊശെയും അഹറൊനുമായുള്ളൊരെ, നിങ്ങൾ ജനങ്ങളെ തങ്ങളുടെ പ്രവൃത്തികളിൽനിന്ന മെനക്കെടുത്തുന്നത എന്തിന? നിങ്ങളുടെ ഭാരങ്ങൾക്ക പൊകുവിൻ എന്ന പറഞ്ഞു.

൫ പിന്നെയും പറഒ പറഞ്ഞു, ഇതാ ദെശത്തെ ജനങ്ങൾ ഇപ്പൊൾ വളരെ [ആകുന്നു,] നിങ്ങൾ അവരെ അവരുടെ ഭാരങ്ങളിൽനിന്ന മെനക്കെടുത്തുന്നു.

൬ ആ ദിവസത്തിൽ പറഒ ജനങ്ങളുടെ വിചാരിപ്പുകാരൊടും, അവരുടെ പ്രമാണികളൊടും കല്പിച്ചത എന്തെന്നാൽ,

൭ നിങ്ങൾ ഇനി ജനത്തിന മുമ്പിലത്തെ പൊലെ ഇഷ്ടികകളെ ഉണ്ടാക്കുന്നതിന വൈക്കൊൽ കൊടുക്കെണ്ട: അവർ തന്നെ പൊയി, തങ്ങൾക്ക വൈക്കൊൽ കൂട്ടി കൊണ്ടുവരട്ടെ.

൮ എങ്കിലും അവർ മുമ്പെ ഉണ്ടാക്കീട്ടുള്ള ഇഷ്ടികകളുടെ കണക്കിനെ തന്നെ അവരുടെ മെൽ ചുമത്തെണം; അതിൽ നിങ്ങൾ ഒട്ടും കുറെക്കരുതെ: എന്തെന്നാൽ അവർ മടിയുള്ളവരാകുന്നു; അതുകൊണ്ട ഞങ്ങൾ പൊയി, ഞങ്ങളുടെ ദൈവത്തിന ബലികഴിക്കട്ടെ എന്ന അവർ നിലവിളിച്ച പറയുന്നു.

൯ ആ മനുഷ്യരുടെ മെൽ വെല അധികപ്പെടട്ടെ; അവർ അതിലും അദ്ധ്വാനപ്പെടട്ടെ: അവർ കള്ളവാക്കുകളെ പ്രമാണിക്കയും അരുത.

൰ ¶ അപ്പൊൾ ജനങ്ങളുടെ ഞെരുക്കക്കാരും അവരുടെ പ്രമാണികളും പുറപ്പെട്ട, ജനങ്ങളൊട പറഞ്ഞു, ഞാൻ നിങ്ങൾക്ക വൈക്കൊൽ തരികയില്ല എന്നും,

൰൧ നിങ്ങൾ തന്നെ പൊയി, നിങ്ങൾക്ക കിട്ടുന്നെടത്ത വൈക്കൊലിനെ സമ്പാദിപ്പിൻ: എന്നാൽ നിങ്ങളുടെ വെലയിൽനിന്ന ഒട്ടും കുറെക്കപ്പെടുകയില്ല എന്നുമുള്ള പ്രകാരം പറഒ പറയുന്നു.

൰൨ അപ്പൊൾ വൈക്കൊലിന പകരം താളടിയെ കൂട്ടുവാൻ ജനങ്ങൾ മിസ്രയിം ദെശത്ത എല്ലാടവും ചിന്നപ്പെട്ടു.

൰൩ എന്നാൽ ഞെരുക്കക്കാർ അവരെ നിർബന്ധപ്പെടുത്തി, വൈക്കൊൽ ഇരുന്നപ്പൊൾ ഉള്ളതിന ശരിയായി നിങ്ങളുടെ ഒഹരി വെലകളെ ദിവസവും തികച്ച തീൎപ്പിൻ എന്ന പറഞ്ഞു.

൰൪ പിന്നെയും നിങ്ങൾ മുമ്പിലത്തെ പൊലെ ഇഷ്ടികയുണ്ടാക്കുന്നതിന, നിങ്ങളുടെ കണക്ക ഇന്നലെയും ഇന്നും തീൎക്കാഞ്ഞത എന്തുകൊണ്ട എന്ന പറഒവിന്റെ ഞെരുക്കക്കാർ യിസ്രാഎൽ പുത്രന്മാരുടെ മെൽ ആക്കിയ ഇവരുടെ പ്രമാണികൾ അടികൊണ്ട ചൊദിക്കപ്പെട്ടു.

൰൫ ¶ അതുകൊണ്ട യിസ്രാഎൽ പുത്രന്മാരുടെ പ്രമാണികൾ വന്ന പറഒവിനൊട നിലവിളിച്ച, നിന്റെ അടിയാരൊട നീ ഇപ്രകാരം ചെയ്യുന്നത എന്ത?

൰൬ നിന്റെ അടിയാൎക്ക വൈക്കൊൽ തരപ്പെടുന്നില്ല, എങ്കിലും ഇഷ്ടിക ഉണ്ടാക്കുവിൻ എന്ന അ

വർ ഞങ്ങളൊട പറയുന്നു: ഇതാ,
നിന്റെ അടിയാർ അടികൊള്ളു
ന്നു: എന്നാൽ നിന്റെ ജനങ്ങളു
ടെ മെൽ തന്നെ കുററം ഇരിക്കുന്നു
എന്ന പറഞ്ഞു.
൧൭ എന്നാറെ അവൻ പറഞ്ഞു,
നിങ്ങൾ മടിയുള്ളവർ, മടിയുള്ളവർ
[ആകുന്നു:] അതുകൊണ്ട ഞങ്ങൾ
പൊയി, യഹൊവായിക്ക ബലി
കഴിക്കട്ടെ എന്ന നിങ്ങൾ പറയു
ന്നു.
൧൮ ഇപ്പൊൾ പൊയി, വെല
ചെയ്വിൻ: നിങ്ങൾക്ക വൈക്കൊ
ൽ തരപ്പെടുകയില്ല, ഇഷ്ടികയുടെ
കണക്ക നിങ്ങൾ എല്പിക്കെണം
താനും.
൧൯ നിങ്ങൾ ഒരൊ ദിവസമുള്ള
കണക്കിലെ ഇഷ്ടികകളിൽനിന്ന
[ഒന്നും] കുറെക്കരുത എന്ന തങ്ങ
ളൊട പറയപ്പെട്ടപ്പൊൾ, തങ്ങൾ
ദൊഷത്തിൽ [അകപ്പെട്ടു] എന്ന
യിസ്രാഎൽ പുത്രന്മാരുടെ പ്രമാ
ണികൾ കണ്ടു.
൨൦ അവർ പറഒവിനെ വിട്ട പു
റപ്പെട്ടപ്പൊൾ, തങ്ങളുടെ നെരെ
നില്ക്കുന്ന മൊശെയെയും അഹ
റൊനെയും എതിരെററ,
൨൧ അവരൊട പറഞ്ഞു, നിങ്ങ
ൾ പറഒവിന്റെ കണ്ണുകൾക്ക മു
മ്പാകെയും, അവന്റെ ഭൃത്യന്മാരു
ടെ കണ്ണുകൾക്ക മുമ്പാകെയും, ഞ
ങ്ങളുടെ വാസനയെ അറെപ്പാക്കി,
ഞങ്ങളെ കൊല്ലുവാനായിട്ട അവ
രുടെ കയ്യിൽ വാളിനെ കൊടുത്ത
നിമിത്തം യഹൊവാ നിങ്ങളെ നൊ
ക്കി കണ്ട, ന്യായം വിധിക്കട്ടെ.
൨൨ അപ്പൊൾ മൊശെ യഹൊ
വായുടെ അടുക്കൽ തിരിച്ചുപൊയി,
പറഞ്ഞു, കൎത്താവെ, നീ ൟ ജന
ത്തിന ദൊഷം വരുത്തിയത എന്തി
ന? നീ എന്നെ അയച്ചത എന്തി
ന?
൨൩ ഞാൻ നിന്റെ നാമത്തിൽ
സംസാരിപ്പാൻ പറഒവിന്റെ അ
ടുക്കൽ വന്നത മുതൽ, അവൻ ൟ
ജനത്തൊട ദൊഷം ചെയ്തു; എ
ന്നാൽ നീ നിന്റെ ജനത്തെ വി
ടുവിച്ചതുമില്ല.

൬ അദ്ധ്യായം.

൧ ദൈവം യഹൊവാ എന്നുള്ള തന്റെ നാമ
ത്താൽ തന്റെ വാഗ്ദത്തത്തെ പുതിയതാക്കു
ന്നത.—൧൪. രൂബന്റെയും, ശിമഒന്റെയും,
൧൬. ലെവിയുടെയും വംശപാരമ്പൎയ്യം.

അപ്പൊൾ യഹൊവാ മൊശെ
യൊട പറഞ്ഞു, ഞാൻ പറഒവി
നൊട ചെയ്യുന്നതിനെ നീ ഇപ്പൊ
ൾ കാണും: എന്തെന്നാൽ ശക്തി
യുള്ള കൈകൊണ്ട അവൻ അവ
രെ വിട്ടയക്കും, ശക്തിയുള്ള കൈ
കൊണ്ടും അവരെ തന്റെ ദെശ
ത്തനിന്ന ആട്ടികളകയും.
൨ പിന്നെയും ദൈവം മൊശെ
യൊട സംസാരിച്ചു, അവനൊടു
പറഞ്ഞു, ഞാൻ യഹൊവാ [ആ
കുന്നു:]
൩ ഞാൻ സൎവ്വശക്തിയുള്ള ദൈ
വമായിട്ട അബ്രഹാമിനും, യിസ്സാ
ക്കിനും, യാക്കൊബിനും പ്രത്യക്ഷ
നായി, എന്നാൽ യഹൊവാ എ
ന്ന എന്റെ നാമത്താൽ ഞാൻ അ
വൎക്ക അറിയപ്പെട്ടില്ല.
൪ അവർ പരദെശികളായി പാ
ൎത്തിരുന്ന ദെശമാകുന്ന കനാൻ
ദെശത്തെ അവൎക്ക കൊടുപ്പാനാ
യിട്ട ഞാൻ അവരൊട എന്റെ
ഉഭയസമ്മതത്തെയും സ്ഥിരപ്പെ
ടുത്തി,
൫ മിസ്രയക്കാർ അടിമപ്പെടുത്തി
കൊള്ളുന്ന യിസ്രാഎൽ പുത്രന്മാരു
ടെ സങ്കടത്തെയും ഞാൻ കെട്ടു:

എന്റെ ഉഭയസമ്മതത്തെയും ഒ
ൎത്തിരിക്കുന്നു.
൬ ആയതുകൊണ്ട യിസ്രാഎൽ
പുത്രന്മാരൊട നീ പറയെണ്ടുന്നത
എന്തെന്നാൽ, ഞാൻ യഹൊവാ
[ആകുന്നു,] ഞാൻ നിങ്ങളെ മിസ്ര
യകാരുടെ ഭാരങ്ങളുടെ കീഴിൽനി
ന്ന പുറപ്പെട്ടുവിക്കയും, ഞാൻ നി
ങ്ങളെ അവരുടെ അടിമയിൽനി
ന്ന വിടുവിക്കയും, ഞാൻ നിങ്ങളെ
നീട്ടപ്പെട്ട ഭുജം കൊണ്ടും മഹാ ശി
ക്ഷാ വിധികൾ കൊണ്ടും വീണ്ടെ
ടുക്കയും ചെയ്യും.
൭ ഞാൻ നിങ്ങളെ ഇനിക്ക ജന
ങ്ങളായിട്ട എടുത്ത, നിങ്ങൾക്ക ദൈ
വമായിരിക്കും: നിങ്ങളെ മിസ്രയ
കാരുടെ ഭാരങ്ങളുടെ കീഴിൽനിന്ന
പുറപ്പെട്ടുവിക്കുന്നവനായ നിങ്ങ
ളുടെ ദൈവമായ യഹൊവാ ഞാ
ൻ [ആകുന്നു] എന്ന നിങ്ങൾ അ
റികയും ചെയ്യും.
൮ വിശെഷിച്ചും ഞാൻ അബ്രാ
ഹാമിനും യിസ്ഹാക്കിനും, യാക്കൊ
ബിനും നൽകുമെന്ന ഞാൻ സ
ത്യം ചെയ്യ ദെശത്തെക്ക നിങ്ങളെ
കൊണ്ടുപൊയി, അതിനെ നിങ്ങ
ൾക്ക അവകാശമായിട്ട തരും: ഞാ
ൻ യഹൊവാ [ആകുന്നു.]
൯ ഇപ്രകാരം തന്നെ മൊശെ
യിസ്രാഎൽ പുത്രന്മാരൊട പറ
ഞ്ഞു: എന്നാറെ അവർ ആത്മാവി
ലെ വ്യസനം കൊണ്ടും, കഠിനമാ
യുള്ള അടിമവെല കൊണ്ടും മൊ
ശെക്ക ചെവികൊടുത്തില്ല.
൧൦ പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ചു,
൧൧ നീ അകത്ത പ്രവെശിച്ച,
മിസ്രയിമിലെ രാജാവായ പറൊ
യിസ്രാഎൽ പുത്രന്മാരെ തന്റെ
ദെശത്തനിന്ന വിട്ടയപ്പാനായിട്ട
അവനൊട പറക എന്ന പറഞ്ഞു:
൧൨ എന്നാറെ മൊശെ യഹൊ
വായുടെ മുമ്പാകെ പറഞ്ഞു, ഇതാ,
യിസ്രാഎൽ പുത്രന്മാർ എന്നെ ചെ
വിക്കൊണ്ടില്ല; പിന്നെ ചെലയി
ല്ലാത്ത അധരങ്ങളുള്ളവനായ എ
ന്നെ പറൊ എങ്ങിനെ ചെവിക്കൊ
ള്ളും?
൧൩ എന്നാറെ യഹൊവാ മൊ
ശെയൊടും, അഹറൊനൊടും സം
സാരിച്ചു, യിസ്രാഎൽ പുത്രന്മാരെ
മിസ്രയിം ദെശത്തനിന്ന കൂട്ടികൊ
ണ്ട പൊകുവാനായിട്ട, അവൎക്ക
യിസ്രാഎൽ പുത്രന്മാരുടെ അടുക്ക
ലെക്കും, മിസ്രയിമിലെ രാജാവാ
യ പറൊവിന്റെ അടുക്കലെക്കും
കല്പന കൊടുത്തയച്ചു.
൧൪ ¶ അവരുടെ പിതാക്കന്മാരു
ടെ കുഡുംബങ്ങളിലെ പ്രമാണി
കൾ ഇവർ [ആകുന്നു:] യിസ്രാ
എലിന ആദ്യം ജനിച്ചവനായ
രൂബെന്റെ പുത്രന്മാർ: ഹനൊക്കും,
പല്ലുവും, ഹെസ്രൊനും, കൎമ്മിയും:
ഇവ രൂബെന്റെ വംശങ്ങൾ [ആ
കുന്നു.]
൧൫ ശിമെഒന്റെ പുത്രന്മാർ; യെ
മുഎലും, യാമിനും, ഒഹാദും, യാഖി
നും, സൊഹാറും, കനാനായക്കാരി
യുടെ പുത്രനായ ശൌലും: ഇവ
ശിമെഒന്റെ വംശങ്ങൾ [ആകുന്നു.]
൧൬ തങ്ങളുടെ സന്തതികളിൻ
പ്രകാരം ലെവിയുടെ പുത്രന്മാരു
ടെ നാമങ്ങൾ ഇവ: ഗെൎശൊനും,
കൊഹാത്തും, മെറാറിയും: എന്നാ
ൽ ലെവിയുടെ ആയുസ്സിന്റെ സം
വത്സരങ്ങൾ നൂററി മുപ്പത്ത എഴ
സംവത്സരങ്ങൾ [ആയിരുന്നു.]
൧൭ ഗെൎശൊന്റെ പുത്രന്മാർ; ത
ങ്ങളുടെ വംശങ്ങളിൻ പ്രകാരം ലി
ബ്നിയും, ശിമയിയും [ആയിരുന്നു.]

൧൮ പിന്നെ കൊഹാത്തിന്റെ പുത്രന്മാർ; അമ്രാമും, യിസ്സാറും, ഹെബ്രൊനും. ഉസ്സിയെലും: എന്നാൽ കൊഹാത്തിന്റെ ആയുസ്സിന്റെ സംവത്സരങ്ങൾ നൂറ്റിമുപ്പത മൂന്ന സംവത്സരങ്ങൾ [ആയിരുന്നു.]

൧൯ പിന്നെ മെറാറിയുടെ പുത്രന്മാർ; മഹലിയും, മുശിയും: ഇവ തങ്ങളുടെ സന്തതികളിൻ പ്രകാരം ലെവിയുടെ വംശങ്ങൾ [ആകുന്നു.]

൨൦ പിന്നെ അമ്രാം തന്റെ പെരമ്മയാകുന്ന യൊഖബെദിനെ ഭാൎയ്യയായിട്ട എടുത്തു; എന്നാറെ അവൾ അവന അഹറൊനെയും മൊശെയെയും പ്രസവിച്ചു: എന്നാൽ അമ്രാമിന്റെ ആയുസ്സിന്റെ സംവത്സരങ്ങൾ നൂറ്റിമുപ്പത എഴ സംവത്സരങ്ങൾ [ആയിരുന്നു.] Levi Kohath Amram = 3 ... Gen 15.

൨൧ പിന്നെ യിസ്സാറിന്റെ പുത്രന്മാർ കൊറഹും, നെഫെഗും, സിക്രിയും.

൨൨ ഉസ്സിയെലിന്റെ പുത്രന്മാർ; മിശയെലും, എൽസാഫാനും, സിത്രിയും.

൨൩ അഹറൊൻ അമ്മിനാദാബിന്റെ പുത്രിയും, നഹശൊന്റെ സഹൊദരിയുമായ എലിശബായെ ഭാൎയ്യയായിട്ട കൈക്കൊണ്ടു; അവൾ അവന നാദാബിനെയും, അബിഹുവിനെയും, എലയാസാറിനെയും ഇത്തമാറിനെയും പ്രസവിച്ചു.

൨൪ പിന്നെ കൊറഹിന്റെ പുത്രന്മാർ; അസ്സിറും, എൽകാനായും അബിയാസാഫും: ഇവ കൊറഹിയക്കാരുടെ വംശങ്ങൾ.

൨൫ അഹറൊന്റെ പുത്രനായ എലയാസാർ പുത്തിയലിന്റെ പുത്രിമാരിൽ ഒരുത്തിയെ തനിക്ക ഭാൎയ്യയായിട്ട കൈക്കൊണ്ടു: അവൾ അവന ഫിനെഹാസിനെ പ്രസവിച്ചു: ഇവർ തങ്ങളുടെ വംശങ്ങളിൻ പ്രകാരം, ലെവിയക്കാരുടെ പിതാക്കന്മാരുടെ തലവർ [ആകുന്നു.]

൨൬ നിങ്ങൾ യിസ്രാഎൽ പുത്രന്മാരെ, അവരുടെ സൈന്യങ്ങളിൻ പ്രകാരം, മിസ്രയിം ദെശത്തനിന്ന കൂട്ടിക്കൊണ്ടുപൊകുവിൻ എന്ന യഹൊവാ ആരൊട കല്പിച്ചുവൊ, ആ അഹറൊനും മൊശെയും ഇവർ തന്നെ [ആകുന്നു.]

൨൭ യിസ്രാഎൽ പുത്രന്മാരെ മിസ്രയിമിൽനിന്ന കൂട്ടികൊണ്ടുപൊകെണ്ടുന്നതിന മിസ്രയിമിലെ രാജാവായ പറവൊവിനൊട പറഞ്ഞവർ, ആ മൊശെയും അഹറൊനും ഇവർ തന്നെ.

൨൮ ¶ പിന്നെ യഹൊവാ മിസ്രയിം ദെശത്ത വെച്ച മൊശെയൊട സംസാരിച്ച ദിവസം ഉണ്ടായത എന്തെന്നാൽ,

൨൯ യഹൊവാ മൊശെയൊട സംസാരിച്ച, ഞാൻ യഹൊവാ [ആകുന്നു:] ഞാൻ നിന്നൊട പറയുന്നതിനെ ഒക്കെയും നീ മിസ്രയിമിലെ രാജാവായ പറവൊവിനൊട പറയെണം എന്ന പറഞ്ഞു.

൩൦ എന്നാറെ മൊശെ യഹൊവായുടെ മുമ്പാകെ പറഞ്ഞു, ഇതാ, ഞാൻ ചെലയില്ലാത്ത അധരങ്ങളുള്ളവൻ, പിന്നെ പറവൊ എന്നെ എങ്ങിനെ ചെവിക്കൊള്ളും?

൭ അദ്ധ്യായം.

൧ മൊശെ പറവൊവിന്റെ അടുക്കൽ ചെല്ലുവാൻ ധൈൎയ്യപ്പെടുന്നത,—൧൦. അവന്റെ കൊൽ സൎപ്പമായി തിരുന്നത,—൧൩. പറവൊവിന്റെ ഹൃദയം കഠിനപ്പെടുന്നത—൧൯. നദി രക്തമായി തീരുന്നത.

അപ്പൊൾ യഹൊവാ മൊശെ
യൊട പറഞ്ഞു, കാണ്ക, നിന്നെ
ഞാൻ പറവൊവിന ദൈവമാക്കിയി
രിക്കുന്നു: നിന്റെ സഹൊദര
നായ അഹറൊൻ നിന്റെ ദീൎഘദ
ൎശിയാകും.
൨ ഞാൻ നിന്നൊട കല്പിക്കുന്ന
തിനെ ഒക്കെയും നീ പറയെണം:
നിന്റെ സഹൊദരനായ അഹ
റൊൻ പറവൊവിനൊട യിസ്രാഎ
ൽ പുത്രന്മാരെ തന്റെ ദെശത്ത
നിന്ന വിട്ടയപ്പാൻ പറകയും വെ
ണം.
൩ എന്നാൽ ഞാൻ പറവൊവിന്റെ
ഹൃദയത്തെ കഠിനമാക്കും, മിസ്ര
യിം ദെശത്ത എന്റെ അടയാള
ങ്ങളെയും, എന്റെ അത്ഭുതങ്ങളെ
യും പെരുക്കുകയും ചെയ്യും.
൪ എന്നാൽ പറവൊ നിങ്ങളെ ചെ
വിക്കൊള്ളാതെ ഇരിക്കും; ഞാൻ
എന്റെ കയ്യിനെ മിസ്രയിമിന്മെൽ
നീട്ടുകയും, യിസ്രാഎൽ പുത്രന്മാ
രെന്ന എന്റെ ജനമായ എന്റെ
സെനകളെ വലിയ വിധികളാൽ
മിസ്രയിം ദെശത്തനിന്ന കൂട്ടികൊ
ണ്ടു പൊകയും ചെയ്യും.
൫ അപ്രകാരം ഞാൻ എന്റെ ക
യ്യിനെ മിസ്രയിമിന്മെൽ നീട്ടി, യി
സ്രാഎൽ പുത്രന്മാരെ അവരുടെ
ഇടയിൽനിന്ന കൂട്ടികൊണ്ടു പൊ
കുമ്പൊൾ, ഞാൻ യഹൊവാ ആകു
ന്നു എന്ന മിസ്രയക്കാർ അറിയെ
ണ്ടി വരും.
൬ മൊശെയും അഹറൊനും യ
ഹൊവാ തങ്ങളൊട കല്പിച്ച പ്രകാ
രം ചെയ്തു; അവർ അപ്രകാരം ത
ന്നെ ചെയ്തു.
൭ അവർ പറവൊവിനൊട സം
സാരിച്ചപ്പൊൾ, മൊശെക്ക എണ്പ
ത വയസ്സും, അഹറൊന എണ്പ
ത്തമൂന്ന വയസ്സും [ആയിരുന്നു.]
൮ ¶ പിന്നെ യഹൊവാ മൊ
ശെയൊടും, അഹറൊനൊടും സം
സാരിച്ച പറഞ്ഞു.
൯ നിങ്ങൾക്കായികൊണ്ടു ഒരു
അത്ഭുതം കാണിപ്പിൻ എന്ന പറവൊ
നിങ്ങളൊട സംസാരിച്ച പറഞ്ഞാ
ൽ, നീ അഹറൊനൊട, നിന്റെ
കൊലിനെ എടുത്ത, അതിനെ പ
റവൊവിന്റെ മുമ്പാകെ ഇടുക എ
ന്ന പറയെണം; അപ്പൊൾ അ
ത സൎപ്പമായി തീരും.
൰ പിന്നെ മൊശെയും അഹ
റൊനും പറവൊവിന്റെ അടുക്കൽ
പ്രവെശിച്ച, യഹൊവാ തങ്ങളൊ
ട കല്പിച്ച പ്രകാരം തന്നെ ചെ
യ്തു: അഹറൊൻ തന്റെ കൊലി
നെ പറവൊവിന്റെ മുമ്പാകെയും,
അവന്റെ ശുശ്രൂഷക്കാരുടെ മു
മ്പാകെയും ഇട്ടു; അപ്പൊൾ [അത]
സൎപ്പമായി തീൎന്നു.
൰൧ അപ്പൊൾ പറവൊവും വിദ്വാ
ന്മാരെയും ക്ഷുദ്രക്കാരെയും വിളി
പ്പിച്ചു: മിസ്രയിമിലെ മന്ത്രവാദി
കളായ ഇവരും തങ്ങളുടെ ക്ഷുദ്ര
ങ്ങൾ കൊണ്ടു അപ്രകാരം തന്നെ
ചെയ്തു.
൰൨ അവർ ഒരൊരുത്തൻ അവ
നവന്റെ കൊലിനെ ഇട്ടു; അ
പ്പൊൾ അവ സൎപ്പങ്ങളായി തീ
ൎന്നു: എന്നാൽ അഹറൊന്റെ കൊ
ൽ ഇവരുടെ കൊലുകളെ വിഴുങ്ങി
ക്കളഞ്ഞു.
൰൩ എന്നാലൊ യഹൊവാ കല്പി
ച്ചിരുന്ന പ്രകാരം പറവൊവിന്റെ
ഹൃദയം കഠിനപ്പെട്ടു, അതുകൊണ്ടു
അവൻ അവരെ ചെവിക്കൊള്ളാ
തെ ഇരുന്നു.
൰൪ ¶ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, പറവൊവിന്റെ

ഹൃദയം കഠിനപ്പെട്ടിരിക്കുന്നു, അവ
ൻ ജനത്തെ പൊകുവാൻ സമ്മ
തിക്കുന്നില്ല.
൰൫ രാവിലെ നീ പറഒവിന്റെ
അടുക്കൽ പൊക ; ഇതാ, അവൻ
വെള്ളത്തിന്റെ അരികെ പുറപ്പെ
ടുന്നു, നീ അവന എതിരായി ന
ദിയുടെ വക്കത്ത നില്ക്കെണം: സ
ൎപ്പമായി തീൎന്ന കൊലിനെയും നി
ന്റെ കയ്യിൽ പിടിച്ചുകൊള്ളെണം.
൰൬ നീ അവനൊട പറയെണ്ടു
ന്നത എന്തെന്നാൽ, എബ്രായക്കാ
രുടെ ദൈവമാകുന്ന യഹൊവാ എ
ന്നെ നിന്റെ അടുക്കലെക്ക അയ
ച്ചിരിക്കുന്നു, എന്റെ ജനങ്ങളെ വ
നത്തിൽ ഇനിക്ക ശുശ്രൂഷ ചെയ്യെ
ണ്ടുന്നതിന വിട്ടയക്ക എന്ന പറ
വാൻ പറഞ്ഞു: എന്നാൽ ഇതാ, ഇ
തുവരെയും നീ കെൾക്കാതെ ഇരു
ന്നു.
൰൭ ഞാൻ യഹൊവാ [ആകുന്നു]
എന്ന ഇതിനാൽ നീ അറിയും എ
ന്നുള്ളപ്രകാരം യഹൊവാ പറയു
ന്നു: ഇതാ, എന്റെ കയ്യിൽ (ഇരി
ക്കുന്ന) കൊൽ കൊണ്ട ഞാൻ ന
ദിയിലുള്ള വെള്ളങ്ങളിന്മെൽ അടി
ക്കും, അപ്പൊൾ അവ രക്തമായി
തീരും.
൰൮ പിന്നെ നദിയിൽ ഉള്ള മ
ത്സ്യങ്ങൾ ചാകും, നദി നാറുകയും
ചെയ്യും: അപ്പൊൾ നദിയിലെ
വെള്ളം കുടിപ്പാൻ മിസ്രയക്കാൎക്ക
മനമ്മറിച്ചിലുണ്ടാകും.
൰൯ പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ചു, നീ അഹ
റൊനൊട പറയെണ്ടുന്നത എന്തെ
ന്നാൽ, നിന്റെ കൊലിനെ എടു
ത്തുകൊണ്ട നിന്റെ കയ്യിനെ മി
സ്രയിമിലെ വെള്ളങ്ങളിന്മെൽ, അ
വരുടെ നദികളുടെ മെലും, അവരു
ടെ പുഴകളുടെ മെലും, അവരുടെ
കുളങ്ങളുടെ മെലും, അവരുടെ വെ
ള്ളത്തിന്റെ സകല കൂട്ടങ്ങളുടെയും
മെലും, അവ രക്തമായി തീരെണ്ടു
ന്നതിന, നീട്ടുക: അപ്പൊൾ മിസ്ര
യിം ദെശത്ത എല്ലാടവും മരപ്പാത്ര
ങ്ങളിലും കല്പാത്രങ്ങളിലും രക്തം ഉ
ണ്ടാകും.
൨൰ മൊശെയും അഹറൊനും യ
ഹൊവാ എതുപ്രകാരം കല്പിച്ചുവൊ,
അപ്രകാരം ചെയ്തു: ഇവൻ പറ
ഒവിന്റെ കണ്ണുകൾക്ക മുമ്പാകെ
യും, അവന്റെ ഭൃത്യന്മാരുടെ കണ്ണു
കൾക്ക മുമ്പാകെയും കൊലിനെ ഒ
ങ്ങി, നദിയിലുള്ള വെള്ളങ്ങളെ അ
ടിച്ചു: അപ്പൊൾ നദിയിലുള്ള വെ
ള്ളങ്ങൾ ഒക്കെയും രക്തമായി തീൎന്നു.
൨൰൧ നദിയിലുള്ള മത്സ്യങ്ങൾ ചാ
കയും, നദി നാറുകയും ചെയ്തു. ന
ദിയിലെ വെള്ളം കുടിപ്പാൻ മിസ്ര
യക്കാൎക്ക കഴിയാതെയും ഇരുന്നു:
മിസ്രയിം ദെശത്ത എല്ലാടവും ര
ക്തം ഉണ്ടായിരുന്നു.
൨൰൨ മിസ്രയിമിലുള്ള മന്ത്രവാദിക
ളും തങ്ങളുടെ ക്ഷുദ്രങ്ങൾ കൊണ്ട
അപ്രകാരം തന്നെ ചെയ്തു: വി
ശെഷിച്ച യഹൊവാ കല്പിച്ചിരു
ന്ന പ്രകാരം, പറഒവിന്റെ ഹൃദ
യം കഠിനപ്പെട്ടു, അവൻ അവരെ
ചെവികൊണ്ടതുമില്ല.
൨൰൩ പിന്നെ പറഒ തിരിഞ്ഞ ത
ന്റെ ഭവനത്തിലെക്ക പ്രവെശി
ച്ചു, തന്റെ മനസ്സിനെ അതിന്മെ
ലും വെക്കാതെയും ഇരുന്നു.
൨൰൪ എന്നാറെ വെള്ളം കുടിപ്പാ
നായിട്ട മിസ്രയക്കാർ എല്ലാവരും
നദിയുടെ ചുററും കുഴിച്ചു: എന്തെ
ന്നാൽ നദിയിലുള്ള വെള്ളത്തിൽ
നിന്ന അവൎക്ക കുടിപ്പാൻ കഴിയാ
തെ ഇരുന്നു.

൨൫ യഹൊവാ നദിയെ അടി
ച്ചതിന്റെ ശെഷം എഴ ദിവസം
കഴിഞ്ഞു.

൮ അദ്ധ്യായം.

൧ തവളകൾ അയക്കപ്പെടുന്നത—൧൬. പൊടി
മണ്ണ പെനകളായി തിരുന്നത—൨൦. ഈച്ച
ക്കൂട്ടങ്ങൾ—൨൮. പറഒവിന്റെ ഹൃദയം ക
ഠിനപ്പെടുന്നത.

പിന്നെയും യഹൊവാ മൊശെ
യൊട പറഞ്ഞു, നീ പറഒവിന്റെ
അടുക്കൽ ചെന്ന, അവനൊട പ
റയെണ്ടുന്നത എന്തെന്നാൽ, യ
ഹൊവാ ഇപ്രകാരം പറയുന്നു, എ
ന്റെ ജനത്തെ എന്നെ സെവി
പ്പാനായിട്ട വിട്ടയക്ക.
൨ എന്നാൽ നീ അവരെ വിട്ടയ
പ്പാൻ വിരൊധിക്കുന്നു എങ്കിൽ,
ഇതാ, ഞാൻ നിന്റെ അതൃത്തി
യെ ഒക്കെയും തവളകൾ കൊണ്ട
ശിക്ഷിക്കും.
൩ നദി തവളകളെ ബഹുവായി
ട്ട ജനിപ്പിക്കും, അവ കരെറി, നി
ന്റെ ഭവനത്തിലും, നിന്റെ പ
ള്ളിയറയിലും, നിന്റെ കട്ടിലിന്മെ
ലും, നിന്റെ ഭൃത്യന്മാരുടെ ഭവന
ത്തിലും, നിന്റെ ജനത്തിന്മെലും,
അപ്പം ചുടുന്ന അടുപ്പുകളിലും, മാ
വ കുഴെക്കുന്ന നിന്റെ തൊട്ടികളി
ലും വരും:
൪ ആ തവളകൾ നിന്റെ മെ
ലും നിന്റെ ജനത്തിൻ മെലും, നി
ന്റെ സകല ഭൃത്യന്മാരുടെയും മെ
ലും കരെറും.
൫ പിന്നെയും യഹൊവാ മൊ
ശെയൊട പറഞ്ഞു, നീ അഹറൊ
നൊട പറയെണ്ടുന്നത എന്തെ
ന്നാൽ, നീ നിന്റെ കൊലിനൊട
കൂടി നിന്റെ കയ്യിനെ നദികളുടെ
മെലും, പുഴകളുടെ മെലും, കുളങ്ങളു
ടെ മെലും നീട്ടി, മിസ്രയിം ദെശ
ത്തിന്മെൽ തവളകളെ കരെറുമാറാ
ക്കുക.
൬ അപ്രകാരം അഹറൊൻ ത
ന്റെ കയ്യിനെ മിസ്രയിമിലെ വെ
ള്ളങ്ങളുടെ മെൽ നീട്ടി: അപ്പൊൾ
തവളകൾ കരെറി, മിസ്രയിം ദെശ
ത്തെ മൂടി.
൭ മന്ത്രവാദികളും തങ്ങളുടെ ക്ഷു
ദ്രങ്ങൾ കൊണ്ട അപ്രകാരം ചെ
യ്തു, മിസ്രയിം ദെശത്തിന്മെൽ ത
വളകളെ കരെറുമാറാക്കി.
൮ എന്നാറെ പറഒ മൊശെയെ
യും അഹറൊനെയും വിളിപ്പിച്ചു,
യഹൊവാ ആ തവളകളെ എന്നി
ൽനിന്നും, എന്റെ ജനത്തിൽനി
ന്നും നീക്കുവാൻ അവനൊട പ്രാ
ൎത്ഥിപ്പിൻ; എന്നാൽ യഹൊവായി
ക്ക ബലി കഴിക്കെണ്ടുന്നതിന നി
ന്റെ ജനത്തെ ഞാൻ വിട്ടയക്കാം
എന്ന പറഞ്ഞു.
൯ അപ്പൊൾ മൊശെ പറഒവി
നൊട പറഞ്ഞു, തവളകൾ നദി
യിൽ മാത്രം ഇരിക്കെണ്ടുന്നതിന,
അവ നിന്നിൽനിന്നും, നിന്റെ ഭ
വനങ്ങളിൽനിന്നും, നീക്കികളുവാ
ൻ ഞാൻ നിനക്ക വെണ്ടിയും, നി
ന്റെ ഭൃത്യന്മാൎക്ക വെണ്ടിയും, നി
ന്റെ ജനത്തിന വെണ്ടിയും എ
പ്പൊൾ അപെക്ഷിക്കെണ്ടു എന്ന
ഇനിക്കായിട്ട നിശ്ചയിക്കുന്ന ശ്രെ
ഷ്ഠത നിനക്ക തന്നെ ഇരിക്കട്ടെ.
൧൦ അവൻ, നാളെ എന്ന പറ
ഞ്ഞു, അപ്പൊൾ ഇവൻ പറഞ്ഞു,
ഞങ്ങളുടെ ദൈവമായ യഹൊവാ
എന്നപൊലെ ആരുമില്ല എന്ന നീ
അറിയെണ്ടുന്നതിന, നിന്റെ വ
ചനപ്രകാരം (ഇരിക്കട്ടെ.)
൧൧ തവളകൾ നിന്നിൽനിന്നും
നിന്റെ ഭവനങ്ങളിൽനിന്നും, നി

ന്റെ ഭൃത്യന്മാരിൽനിന്നും, നിന്റെ
ജനത്തിൽനിന്നും മാറിപ്പൊകും;
അവ നദിയിൽ മാത്രം ഇരിക്കും.
൧൨ പിന്നെ മൊശെയും അഹ
റൊനും പറഒവിന്റെ അടുക്കൽ
നിന്ന പുറപ്പെട്ടു: മൊശെ പറഒ
വിന്റെ നെരെ വരുത്തിച്ച തവ
ളുകൾ നിമിത്തം യഹൊവായെ
നൊക്കി വിളിച്ചു.
൧൩ എന്നാറെ യഹൊവാ മൊ
ശെയുടെ വചനപ്രകാരം ചെയ്തു:
ഭവനങ്ങളിൽനിന്നും, മുററങ്ങളിൽ
നിന്നും, പറമ്പുകളിൽനിന്നും തവ
ളുകൾ ചത്തുപൊയി.
൧൪ അവർ അവയെ കൂട്ടം കൂട്ട
മായി കൂട്ടി: ഭൂമി നാറുകയും ചെയ്തു.
൧൫ എന്നാൽ ആശ്വാസമുണ്ടാ
യി എന്ന പറഒ കണ്ടാറെ, അവ
ൻ, യഹൊവാ കല്പിച്ചിരുന്ന പ്ര
കാരം, തന്റെ ഹൃദയത്തെ കഠിന
പ്പെടുത്തി, അവരെ ചെവിക്കൊ
ള്ളാതെയും ഇരുന്നു.
൧൬ ¶ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, നീ അഹറൊ
നൊട പറക, നിന്റെ കൊലിനെ
നീട്ടി, ഭൂമിയുടെ പൊടിയെ അടി
ക്ക, എന്നാൽ അത മിസ്രയിം ദെ
ശത്തെല്ലാടവും പെനുകളായി തീ
രും.
൧൭ അവർ അപ്രകാരം തന്നെ
ചെയ്തു; അഹറൊൻ തന്റെ കൊ
ലൊടു കൂടെ തന്റെ കയ്യിനെ നീ
ട്ടി, ഭൂമിയിലെ പൊടിയെ അടിച്ചു;
അപ്പൊൾ അത മനുഷ്യന്റെ മെ
ലും മൃഗജീവന്റെ മെലും പെനുക
ളായി തീൎന്നു: മിസ്രയിം ദെശത്തെ
ല്ലാടവും ഭൂമിയുടെ പൊടി ഒക്കെയും
പെനുകളായി തീരുകയും ചെയ്തു.
൧൮ മന്ത്രവാദികളും തങ്ങളുടെ
ക്ഷുദ്രങ്ങൾ കൊണ്ട പെനുകളെ വ
രുത്തുവാനായിട്ട അപ്രകാരം ചെ
യ്തു, എന്നാറെ അവൎക്ക കഴിഞ്ഞി
ല്ല: അതുകൊണ്ട പെനുകൾ മനു
ഷ്യന്റെ മെലും മൃഗജീവന്റെ മെ
ലും ഉണ്ടായി.
൧൯ അപ്പൊൾ മന്ത്രവാദികൾ
പറഒവിനൊട, ഇത ദൈവത്തി
ന്റെ വിരൽ [ആകുന്നു] എന്ന പ
റഞ്ഞു. എന്നാറെ യഹൊവാ കല്പി
ച്ചിരുന്ന പ്രകാരം, പറഒവിന്റെ
ഹൃദയം കഠിനപ്പെട്ടു, അവൻ അവ
രെ ചെവിക്കൊള്ളാതെയും ഇരുന്നു.
൨൦ ¶ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, നീ നാളെ ന
ന്നാ രാവിലെ എഴുനീററ, പറഒവി
ന്റെ മുമ്പാകെ നില്ക്ക, (ഇതാ, അ
വൻ വെള്ളത്തിന്റെ അടുക്കൽ പു
റപ്പെട്ട വരുന്നു,) അവനൊട നീ
പറയെണ്ടുന്നത എന്തെന്നാൽ, യ
ഹൊവാ ഇപ്രകാരം പറയുന്നു, എ
ന്റെ ജനത്തെ എനിക്ക ശുശ്രൂഷ
ചെയ്യെണ്ടുന്നതിന വിട്ടയക്ക.
൨൧ എന്നാൽ നീ എന്റെ ജന
ത്തെ വിട്ടയക്കയില്ല എങ്കിൽ, ഇതാ,
ഞാൻ നിന്റെ മെലും, നിന്റെ ഭൃ
ത്യന്മാരുടെ മെലും, നിന്റെ ജന
ത്തിന്റെ മെലും, നിന്റെ ഭവന
ങ്ങളിലും പലവിധ [വണ്ടുകളെ]
അയക്കും: മിസ്രയകാരുടെ ഭവന
ങ്ങളും അവർ [ഇരിക്കുന്ന] ഭൂമിയും
പലവിധ വണ്ടുകളാൽ നിറയപ്പെ
ടും.
൨൨ ഭൂമിയുടെ നടുവിൽ ഞാൻ
തന്നെ യഹൊവാ [ആകുന്നു] എ
ന്ന നീ അറിയെണ്ടുന്നതിന, ഞാ
ൻ എന്റെ ജനം പാൎക്കുന്ന ഗൊ
ഷൻ ദെശത്തെ, ആ ദിവസത്തിൽ
അവിടെ വണ്ടുജാതികൾ വരാതെ
ഇരിപ്പാൻ, വെറുതിരിക്കും.
൨൩ എന്റെ ജനത്തിനും നി

ന്റെ ജനത്തിന്നും മദ്ധ്യെ ഞാൻ വ്യത്യാസം ചെയ്യും; നാളെ ൟ അടയാളം ഉണ്ടാകും.

൨൪ അപ്രകാരം തന്നെ യഹൊവാ ചെയ്തു: എത്രയും വളരെ വണ്ടു ജാതികൾ പറവൊവിന്റെ ഭവനത്തിലും, അവന്റെ ഭൃത്യന്മാരുടെ ഭവനങ്ങളിലും, മിസ്രയിം ദെശത്ത എല്ലാടവും വന്നു: വണ്ടുകളാൽ ദെശം നശിക്കപ്പെട്ടു.

൨൫ അപ്പൊൾ പറവൊ മൊശെയെയും അഹറൊനെയും വിളിപ്പിച്ചു, നിങ്ങൾ പൊയി, ദെശത്ത നിങ്ങളുടെ ദൈവത്തിന ബലികഴിപ്പിൻ എന്ന പറഞ്ഞു.

൨൬ എന്നാറെ മൊശെ പറഞ്ഞു, ഇപ്രകാരം ചെയ്യുന്നത യൊഗ്യമല്ല; എന്തെന്നാൽ മിസ്രയകാരുടെ വെറുപ്പിനെ ഞങ്ങളുടെ ദൈവമായ യഹൊവായിക്ക ബലികഴിക്കുമല്ലൊ: ഇതാ, മിസ്രയകാരുടെ വെറുപ്പിനെ അവരുടെ കണ്ണുകൾക്ക മുമ്പാകെ ഞങ്ങൾ ബലികഴിച്ചാൽ അവർ ഞങ്ങളിൽ കല്ലു എറികയില്ലയൊ?

൨൭ ഞങ്ങളുടെ ദൈവമായ യഹൊവാ ഞങ്ങളൊട കല്പിക്കുന്നപ്രകാരം ഞങ്ങൾ മൂന്ന ദിവസത്തെ വഴി ദൂരം വനത്തിൽ പൊയി, അവന ബലികഴിക്കും.

൨൮ അപ്പൊൾ പറവൊ നിങ്ങൾ നിങ്ങളുടെ ദൈവമായ യഹൊവായിക്ക വനത്തിൽ ബലികഴിക്കെണ്ടുന്നതിന ഞാൻ നിങ്ങളെ വിട്ടയക്കും: നിങ്ങൾ അതി ദൂരത്ത മാത്രം പൊകരുത: ഇനിക്കായിക്കൊണ്ട പ്രാൎത്ഥിപ്പിൻ, എന്ന പറഞ്ഞു.

൨൯ എന്നാറെ മൊശെ പറഞ്ഞു, ഇതാ, ഞാൻ നിന്നിൽനിന്ന പുറപ്പെട്ടു, നാളെ വണ്ടുജാതികൾ പറവൊവിൽനിന്നും അവന്റെ ഭൃത്യന്മാരിൽനിന്നും, അവന്റെ ജനത്തിൽനിന്നും നീങ്ങിപ്പൊകുവാൻ ഞാൻ യഹൊവായൊട അപെക്ഷിക്കും: എങ്കിലും ജനത്തെ യഹൊവായിക്ക ബലികഴിപ്പാൻ വിട്ടയക്കാതിരിക്കുന്നതിനാൽ, പറവൊ ഇനി വഞ്ചന ചെയ്യരുത.

൩൦ പിന്നെ മൊശെ പറവൊവിന്റെ അടുക്കൽനിന്ന പുറപ്പെട്ടു, യഹൊവായൊട അപെക്ഷിച്ചു.

൩൧ അപ്പൊൾ യഹൊവാ മൊശെയുടെ വചന പ്രകാരം ചെയ്തു; അവൻ വണ്ടുജാതികളെ പറവൊവിൽനിന്നും, അവന്റെ ഭൃത്യന്മാരിൽനിന്നും, അവന്റെ ജനത്തിൽനിന്നും നീക്കികളഞ്ഞു: ഒന്നും ശെഷിച്ചിരുന്നില്ല.

൩൨ എന്നാൽ പറവൊ ൟ പ്രാവശ്യവും തന്റെ ഹൃദയത്തെ കഠിനമാക്കി ജനത്തെ വിട്ടയച്ചതുമില്ല.

൯ അദ്ധ്യായം.

൧ മൃഗങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന വസന്ത രൊഗം.—൮ പരുക്കളും പൊള്ളക്കുരുക്കളുമാകുന്ന വ്യാധി.—൨൨. കൽമഴയാലുള്ള ആപത്ത.

പിന്നെയും യഹൊവാ മൊശെയൊട പറഞ്ഞു, നീ പറവൊവിന്റെ അടുക്കൽ പൊയി, അവനൊട പറയെണ്ടുന്നത എന്തെന്നാൽ, എബ്രായകാരുടെ ദൈവമായ യഹൊവാ ഇപ്രകാരം പറയുന്നു, എന്റെ ജനത്തെ ഇനിക്ക ശുശ്രൂഷ ചെയ്യെണ്ടുന്നതിന വിട്ടയക്ക.

൨ എന്തെന്നാൽ നീ [അവരെ] വിട്ടയപ്പാൻ വിരൊധിക്കയും, ഇനിയും അവരെ പിടിച്ചു നിൎത്തുകയും ചെയ്താൽ,

൩ ഇതാ, യഹൊവായുടെ കൈ

പറമ്പിലുള്ള നിന്റെ മൃഗകൂട്ടത്തി
ന്മെൽ, കുതിരകളുടെ മെലും, കഴുത
കളുടെ മെലും, ഒട്ടകങ്ങളുടെ മെലും,
കന്നുകാലികളുടെ മെലും, ആടുകളു
ടെ മെലും ഇരിക്കും: മഹാ പകച്ച
യുള്ള വ്യാധിയുണ്ടാകും.
൪ യഹൊവാ യിസ്രാഎൽകാരു
ടെ മൃഗകൂട്ടത്തിനും മിസ്രയക്കാരു
ടെ മൃഗകൂട്ടത്തിനും മദ്ധ്യെ വ്യത്യാ
സം ചെയ്യും: യിസ്രാഎൽ പുത്ര
ന്മാൎക്കുള്ള സകലത്തിലും ഒന്നും ചാ
കയില്ല.
൫ നാളെ യഹൊവാ ഈ കാൎയ്യം
ദെശത്ത ചെയ്യുമെന്ന യഹൊവാ
സമയത്തെ നിശ്ചയിച്ചിരിക്കുന്നു.
൬ പിറ്റെ ദിവസം യഹൊവാ
ഈ കാൎയ്യം ചെയ്തു, മിസ്രയിമിലെ
മൃഗക്കൂട്ടം എല്ലാം ചത്തുപൊയി:
എന്നാൽ യിസ്രാഎൽ പുത്രന്മാരു
ടെ മൃഗക്കൂട്ടത്തിൽ ഒന്നെങ്കിലും ച
ത്തുപൊയില്ല.
൭ പറഒ ആളയച്ചു, ഇതാ, യി
സ്രാഎൽകാരുടെ കൂട്ടത്തിൽ ഒന്നെ
ങ്കിലും ചത്തിട്ടില്ല. പിന്നെ പറഒ
വിന്റെ ഹൃദയം കഠിനപ്പെട്ടു, അ
വൻ ജനത്തെ വിട്ടയച്ചതുമില്ല.
൮ ¶ അപ്പൊൾ യഹൊവാ മൊ
ശെയൊടും അഹറൊനൊടും പറ
ഞ്ഞു, നിങ്ങളുടെ കൈ നിറയെ അ
ടുപ്പിലെ ചാരം വാരികൊൾവിൻ,
അതിനെ മൊശെ പറഒവിന്റെ
മുമ്പാകെ ആകാശത്തിന നെരെ
വിതറട്ടെ:
൯ അപ്പൊൾ അത മിസ്രയിം
ദെശത്തൊക്കെയും പൊടിയായി,
മിസ്രയിം ദെശത്തെല്ലാടവും മനു
ഷ്യന്റെ മെലും, മൃഗജീവന്റെമെ
ലും, പുണ്ണുകളെ ഉണ്ടാക്കുന്ന പരു
വായി തീരും.
൧൦ അപ്രകാരം അവർ അടുപ്പി
ലെ ചാരം വാരി, പറഒവിന്റെ മു
മ്പാകെ നിന്നു; മൊശെ അതി
നെ ആകാശത്തിന നെരെ വിത
റി: അപ്പൊൾ അത മനുഷ്യന്റെ
മെലും, മൃഗത്തിന്മെലും, പുണ്ണുകളെ
ഉണ്ടാക്കുന്ന പരുവായി തീൎന്നു.
൧൧ ആ പരുവിന്റെ നിമിത്തം
മന്ത്രവാദികൾക്കും മൊശെയുടെ മു
മ്പാകെ നില്പാൻ വഹിയാതെ ഇ
രുന്നു: എന്തെന്നാൽ ആ പരു മ
ന്ത്രവാദികളുടെ മെലും മിസ്രയക്കാ
രുടെ എല്ലാവരുടെയും മെലും ഉ
ണ്ടായിരുന്നു.
൧൨ എന്നാലൊ യഹൊവാ മൊ
ശെയൊട കല്പിച്ചിരുന്ന പ്രകാരം,
യഹൊവാ പറഒവിന്റെ ഹൃദയ
ത്തെ കഠിനപ്പെടുത്തി; അവൻ അ
വൎക്ക ചെവികൊടുക്കാതെയും ഇരു
ന്നു
൧൩ ¶ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, നീ നന്നാ രാ
വിലെ എഴുനീറ്റ, പറഒവിന്റെ
മുമ്പാകെ നിന്ന, അവനൊട പറ
യെണ്ടുന്നത എന്തെന്നാൽ, എ
ബ്രായക്കാരുടെ ദൈവമാകുന്ന യ
ഹൊവാ ഇപ്രകാരം പറയുന്നു, എ
ന്റെ ജനത്തെ എനിക്ക ശുശ്രൂ
ഷ ചെയ്യെണ്ടുന്നതിന വിട്ടയക്ക.
൧൪ എന്തെന്നാൽ സകല ഭൂമി
യിലും എന്നെപ്പൊലെ മറ്റൊരു
ത്തനുമില്ല എന്ന നീ അറിയെണ്ടു
ന്നതിന, ഈ തവണ ഞാൻ എ
ന്റെ ബാധകളെ ഒക്കെയും നി
ന്റെ ഹൃദയത്തിന്മെലും, നിന്റെ
ഭൃത്യന്മാരുടെ മെലും, നിന്റെ ജന
ത്തിൻ മെലും അയക്കും.
൧൫ എന്തെന്നാൽ ഇപ്പൊൾ ത
ന്നെ ഞാൻ എന്റെ കയ്യിനെ നീ
ട്ടി, നിന്നെയും, നിന്റെ ജനത്തെ
യും വസന്തവ്യാധികൊണ്ട ശിക്ഷി

ക്കും; നീ ഭ്രമിയിൽനിന്ന ഛെദി
ക്കപ്പെട്ടവൻ ആകും.
൧൬ വിശെഷിച്ചും എന്റെ ശക്തി
യെ നിനക്ക കാണിക്കെണ്ടുന്നതി
നും, എന്റെ നാമം സൎവ്വ ഭ്രമിയി
ലും അറിയിക്കപ്പെടെണ്ടുന്നതിനും
ഞാൻ നിന്നെ നിൎത്തിയിരിക്കുന്നത
ഈ സംഗതിക്കായിട്ടാകുന്നു സത്യം.
൧൭ ഇനിയും നീ എന്റെ ജന
ത്തെ അയക്കാതെ ഇരിപ്പാൻ അ
വൎക്ക വിരൊധമായി നിന്നെത്ത
ന്നെ ഉയൎത്തുന്നുവൊ?
൧൮ ഇതാ, മിസ്രയിം അടിസ്ഥാ
നപ്പെട്ട നാൾ മുതൽ ഇന്നുവരെ
ക്കും, അതിൽ ഉണ്ടായിട്ടില്ലാത്ത മ
ഹാ വലുതായുള്ള കൽമഴയെ ഞാ
ൻ നാളെ ഈ നെരത്ത വൎഷിപ്പി
ക്കും.
൧൯ അതുകൊണ്ട ഇപ്പൊൾ ആ
ളയച്ച, നിന്റെ കൂട്ടത്തെയും, പറ
മ്പിൽ നിനക്ക ഉള്ള സകലത്തെ
യും കൂട്ടിക്കൊൾക: ഭവനത്തിൽ കൂ
ട്ടിക്കൊള്ളപ്പെടാതെ പറമ്പിൽ ക
ണ്ടെത്തപ്പെടുന്ന സകല മനുഷ്യ
നും, മൃഗജീവനുമായ അവരുടെ
മെൽ ആ കൽമഴ ഇറങ്ങും, അവ
ർ ചത്തുപൊകയും ചെയ്യും.
൨൦ പറവൊന്റെ ഭൃത്യന്മാരിൽ
യഹൊവായുടെ വചനത്തെ ഭയ
പ്പെട്ടവൻ തന്റെ ഭൃത്യന്മാരെയും
തന്റെ കൂട്ടത്തെയും ഭവനങ്ങളി
ലെക്ക ഒടുമാറാക്കി.
൨൧ എന്നാൽ യഹൊവായുടെ
വചനത്തിന തന്റെ മനസ്സുവെ
ക്കാതെ ഇരുന്നവൻ തന്റെ ഭൃത്യ
ന്മാരെയും, തന്റെ കൂട്ടത്തെയും പ
റമ്പിൽ വെച്ചെച്ചു.
൨൨ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, മിസ്രയിം ദെ
ശത്ത എല്ലാടവും, മനുഷ്യന്റെ മെ
ലും, മൃഗജീവന്റെ മെലും, മിസ്ര
യിം ദെശത്തുള്ള സകല സസ്യ
ത്തിന്മെലും കൽമഴയുണ്ടാകുവാനാ
യിട്ട, നിന്റെ കയ്യിനെ ആകാശ
ത്തിന നെരെ നീട്ടുക.
൨൩ എന്നാറെ മൊശെ തന്റെ
കൊലിനെ ആകാശത്തിന നെരെ
നീട്ടി; അപ്പൊൾ യഹൊവാ ഇടിമു
ഴക്കങ്ങളെയും കൽമഴയെയും അ
യച്ചു, അഗ്നിയും ഭ്രമിയിൽ ഒടി:
യഹൊവാ മിസ്രയിം ദെശത്തി
ന്മെൽ കൽമഴയെ വൎഷിപ്പിക്കയും
ചെയ്തു.
൨൪ ഇപ്രകാരം കൽമഴയും, കൽ
മഴയൊട കൂടെ കലൎന്ന അഗ്നിയും
മഹാ കഠിനമുള്ളതായിരുന്നു: മി
സ്രയിം ദെശത്ത കുടിയിറങ്ങിയതു
മുതൽ അതിലെങ്ങും ഇപ്രകാരമുള്ള
ത ഉണ്ടായിട്ടില്ല.
൨൫ മിസ്രയിം ദെശത്ത എല്ലാട
വും, മനുഷ്യൻ തുടങ്ങി മൃഗജീവ
ൻ വരെയും, പറമ്പിൽ ഇരുന്ന
സകലത്തെയും ആ കൽമഴ ശി
ക്ഷിച്ചു കളഞ്ഞു: ആ കൽമഴ പറ
മ്പിലുള്ള സസ്യത്തെ ഒക്കെയും അ
ടിച്ചു, പറമ്പിലുള്ള സകല വൃക്ഷ
ത്തെയും തകൎത്ത കളഞ്ഞു.
൨൬ യിസ്രാഎൽ പുത്രന്മാർ ഇരു
ന്ന ഗൊഷൻ ദെശത്ത മാത്രം ക
ൽമഴ ഉണ്ടായില്ല.
൨൭ ¶ അപ്പൊൾ പറവൊ ആളയ
ച്ച, മൊശെയെയും അഹറൊനെ
യും വിളിപ്പിച്ചു, അവരൊട പറ
ഞ്ഞു, ഈ തവണ ഞാൻ പാപം
ചെയ്തു: യഹൊവാ നീതിയുള്ളവ
ൻ [ആകുന്നു,] എന്നാൽ ഞാനും
എന്റെ ജനവും ദുഷ്ടന്മാർ.
൨൮ (ഇത മതി) ദൈവത്തിന്റെ
ഇടിമുഴക്കങ്ങളും കൽമഴയും ഇനി
ഉണ്ടാകാതെ ഇരിപ്പാനായിട്ട യ

ഹൊവായൊട അപെക്ഷിപ്പിൻ ; എന്നാൽ ഞാൻ നിങ്ങളെ വിട്ടയക്കും, നിങ്ങൾ ഇനി ഇവിടെ താമസിക്കയുമില്ല.

൨൯ എന്നാറെ മൊശെ അവനൊട പറഞ്ഞു, ഞാൻ പട്ടണത്തിൽനിന്ന പുറപ്പെട്ടപ്പൊൾ, ഞാൻ എന്റെ കൈകളെ യഹൊവായിക്കലെക്ക മലൎത്തും ; അപ്പൊൾ ഭൂമി യഹൊവായിക്കുള്ളതാകുന്നു എന്ന നീ അറിയെണ്ടുന്നതിന ഇടിമുഴക്കങ്ങൾ നിന്നുപൊകും, കൽമഴയും പിന്നെ ഉണ്ടാകയില്ല.

൩൦ എന്നാൽ നീയും, നിന്റെ ഭൃത്യന്മാരും, ഇനിയും നിങ്ങൾ ദൈവമായ യഹൊവായുടെ മുമ്പാകെ ഭയപ്പെടുകയില്ല എന്ന ഞാൻ അറിയുന്നു.

൩൧ അപ്രകാരം ചണവും യവവും അടിക്കപ്പെട്ടു പൊയി; എന്തെന്നാൽ യവം കതിരിലും, ചണം തണ്ടിലും ആയിരുന്നു.

൩൨ എന്നാലൊ കൊതമ്പും, ചൊളവും അടിക്കപ്പെട്ടില്ല : എന്തെന്നാൽ അവ വളരാതെ ഇരുന്നു.

൩൩ പിന്നെ മൊശെ പറൊവിനെ വിട്ടു, പട്ടണത്തിൽനിന്ന പുറപ്പെട്ടു, തന്റെ കൈകളെ യഹൊവായിങ്കലെക്ക മലൎത്തി: അപ്പൊൾ ഇടി മുഴക്കങ്ങളും കൽമഴയും നിന്നു, മഴ ഭൂമിയിൽ ചൊരിയപ്പെടാതെയും ഇരുന്നു.

൩൪ എന്നാൽ മഴയും, കൽമഴയും ഇടിമുഴക്കങ്ങളും നിന്നുപൊയി എന്ന പറൊ കണ്ടപ്പൊൾ, അവൻ പിന്നെയും കൂടി പാപം ചെയ്തു, തന്റെ ഹൃദയത്തെ കഠിനപ്പെടുത്തി, അവനും അവന്റെ ഭൃത്യന്മാരും കൂടെ.

൩൫ പിന്നെ യഹൊവാ മൊശെയെ കൊണ്ട പറയിച്ച പ്രകാരം, പറൊവിന്റെ ഹൃദയം കഠിനപ്പെട്ടു, അവൻ യിസ്രാഎൽ പുത്രന്മാരെ വിട്ടയച്ചതുമില്ല.

൧൦ അദ്ധ്യായം.

൧൩. വെട്ടുകിളികളെ കൊണ്ടും,—൨൧. അന്ധകാരം കൊണ്ടും ഉള്ള ആപത്ത,—൨൭. പറൊവിന്റെ ഹൃദയം കഠിനപ്പെടുന്നത.

പിന്നെയും യഹൊവാ മൊശെയൊട പറഞ്ഞു, നീ പറൊവിന്റെ അടുക്കൽ പ്രവെശിക്ക: എന്തെന്നാൽ ഞാൻ അവന്റെ മുമ്പിൽ എന്റെ അടയാളങ്ങളെ ചെയ്യെണ്ടുന്നതിനും,

൨ ഞാൻ മിസ്രയിമിൽ നടത്തിച്ച കാൎയ്യങ്ങളെയും, ഞാൻ അവരുടെ ഇടയിൽ ചെയ്തു എന്റെ അടയാളങ്ങളെയും നീ നിന്റെ പുത്രന്മാരുടെ ചെവികൾക്കും, നിന്റെ പൌത്രന്മാരുടെ ചെവികൾക്കും വിവരം അറിയിക്കെണ്ടുന്നതിനും, ഞാൻ തന്നെ യഹൊവാ [ആകുന്നു] എന്ന നിങ്ങൾ അറിയെണ്ടുന്നതിനും, ഞാൻ അവന്റെ ഹൃദയത്തെയും, അവന്റെ ഭൃത്യന്മാരുടെ ഹൃദയത്തെയും കഠിനപ്പെടുത്തിയിരിക്കുന്നു.

൩ അപ്രകാരം മൊശെയും അഹറൊനും പറൊവിന്റെ അടുക്കൽ പ്രവെശിച്ചു, അവനൊട പറഞ്ഞു, എബ്രായക്കാരുടെ ദൈവമായ യഹൊവാ ഇപ്രകാരം പറയുന്നു, എന്റെ മുമ്പാകെ നീ നിന്നെ താഴ്മപ്പെടുത്തുവാൻ എത്രത്തൊളവും സമ്മതിക്കാതെ ഇരിക്കും? എന്റെ ജനത്തെ എനിക്ക ശുശ്രൂഷ ചെയ്യാനായിട്ട വിട്ടയക്ക.

൪ എന്റെ ജനത്തെ വിട്ടയപ്പാൻ നീ വിരൊധിക്കുന്നു എങ്കിൽ,

ഇതാ, ഞാൻ നാളെ നിന്റെ അ
തൃത്തികളിൽ വെട്ടുക്കിളികളെ വരു
ത്തും.

൫ അവ ഭൂമിയുടെ മുഖത്തെ ഒ
രുത്തനും നിലം കാണ്മാൻ വഹി
യാതെ ഇരിപ്പാൻ മറെക്കയും, കൽ
മഴയിൽനിന്ന ശെഷിച്ച നിങ്ങൾ
ക്ക ശെഷപ്പായി വെച്ചതിനെ ഭ
ക്ഷിക്കയും, പറമ്പിൽ നിങ്ങൾക്ക
തളിക്കുന്ന സകല വൃക്ഷത്തെയും
ഭക്ഷിച്ചുകളകയും ചെയ്യും.

൬ അത്രയുമല്ല, നിന്റെ ഭവന
ങ്ങളും, നിന്റെ എല്ലാ ഭൃത്യന്മാരുടെ
യും ഭവനങ്ങളും, മിസ്രയകാരുടെ
എല്ലാവരുടെയും ഭവനങ്ങളും അ
വയാൽ നിറയപ്പെടും: നിന്റെ
പിതാക്കന്മാരെങ്കിലും, നിന്റെ പി
തൃപിതാക്കന്മാരെങ്കിലും, തങ്ങൾ ഭൂ
മിയിൽ ഇരുന്ന നാൾ മുതൽ ഇ
ന്നുവരെയും അപ്രകാരമുള്ളവയെ
കണ്ടിട്ടില്ല. പിന്നെ അവൻ തിരി
ഞ്ഞ, പറവൊവിന്റെ അടുക്കൽനി
ന്ന പുറപ്പെട്ടു.

൭ അപ്പൊൾ പറവൊവിന്റെ ഭൃത്യ
ന്മാർ അവനൊട പറഞ്ഞു, എത്ര
ത്തൊളം ഇവൻ നമുക്ക വിരുദ്ധ
മായിട്ടിരിക്കും? ആ മനുഷ്യർ ത
ങ്ങളുടെ ദൈവമായ യഹൊവായി
ക്ക ശുശ്രൂഷ ചെയ്യെണ്ടുന്നതിന
അവരെ വിട്ടയക്കെണം: മിസ്ര
യിം നശിച്ചുപൊയി എന്ന ഇനി
യും നീ അറിയുന്നില്ലയൊ?

൮ അപ്പൊൾ മൊശെയും അഹ
റൊനും പറവൊവിന്റെ അടുക്കൽ
പിന്നെയും കൊണ്ടുവരപ്പെട്ടു: അ
വൻ അവരൊട പറഞ്ഞു, നിങ്ങ
ൾ പൊയി, നിങ്ങളുടെ ദൈവമാ
കുന്ന യഹൊവായിക്ക ശുശ്രൂഷ
ചെയ്വിൻ, എന്നാൽ പൊകെണ്ടു
ന്നവർ ആര?

൯ എന്നാറെ മൊശെ പറഞ്ഞു,
ഞങ്ങളുടെ ബാലകന്മാരൊടും, ഞ
ങ്ങളുടെ വൃദ്ധന്മാരൊടും, ഞങ്ങളു
ടെ പുത്രന്മാരൊടും, ഞങ്ങളുടെ പു
ത്രിമാരൊടും കൂടെ പൊകും, ഞങ്ങ
ളുടെ ആടുകളൊടും ഞങ്ങളുടെ ക
ന്നുകാലികളൊടും കൂടെ പൊകും;
എന്തെന്നാൽ ഞങ്ങൾക്ക യഹൊ
വായുടെ പെരുനാൾ ഉണ്ട.

൧൦ അപ്പൊൾ അവൻ അവരൊ
ട പറഞ്ഞു, ഞാൻ നിങ്ങളെയും,
നിങ്ങളുടെ പൈതങ്ങളെയും വിട്ട
യക്കും പ്രകാരം തന്നെ യഹൊ
വാ നിങ്ങളൊട കൂടെ ഇരിക്കട്ടെ:
നൊക്കുവിൻ, എന്തെന്നാൽ നി
ങ്ങളുടെ മുഖത്തിൻ മുമ്പാകെ ദൊ
ഷം ഇരിക്കുന്നു.

൧൧ അപ്രകാരമല്ല, ഇപ്പൊൾ പു
രുഷന്മാരാകുന്ന നിങ്ങൾ പൊയി,
യഹൊവായിക്ക ശുശ്രൂഷ ചെയ്വി
ൻ; എന്തെന്നാൽ നിങ്ങൾ ഇതി
നെ അപെക്ഷിച്ചു. പിന്നെ അ
വരെ പറവൊവിന്റെ മുഖത്തിന മു
മ്പിൽനിന്ന ആട്ടിക്കളഞ്ഞു.

൧൨ ¶ അപ്പൊൾ യഹൊവാ മൊ
ശെയൊട, വെട്ടുക്കിളികൾ മിസ്ര
യിം ദെശത്തിന്മെൽ കരെറി വ
ന്ന, ഭൂമിയിൽ സകല സസ്യ വക
കളെ, കൽമഴ ശെഷിപ്പിച്ചവയെ
ഒക്കെയും, തിന്നെണ്ടുന്നതിന അ
വെക്കായിട്ട നിന്റെ കയ്യിനെ മി
സ്രയിം ദെശത്തിന്മെൽ നീട്ടുക എ
ന്ന പറഞ്ഞു.

൧൩ അപ്രകാരം മൊശെ തന്റെ
കൊലിനെ മിസ്രയിം ദെശത്തി
ന്മെൽ നീട്ടി: അപ്പൊൾ യഹൊ
വാ അന്ന പകൽ മുഴുവനും, [അ
ന്ന] രാത്രി മുഴുവനും കിഴക്കൻ കാ
റ്റിനെ ദെശത്തിന്മെൽ വരുത്തി:
പ്രഭാത കാലമായപ്പൊൾ, കിഴക്ക

ൻ കാററ വെട്ടക്കിളികളെ കൊണ്ടു വന്നു.

൰൪ ആ വെട്ടക്കിളികൾ മിസ്രയിം ദെശത്തൊക്കെയും കരെറി, മിസ്രയിമിന്റെ അതൃത്തിയിൽ ഒക്കെയും അധിവസിച്ചു: എററവും വളരെ കഠിനമായി: അവെക്ക മുമ്പെ അ പ്രകാരമുള്ള വെട്ടക്കിളികൾ ഉണ്ടായിട്ടുമില്ല, അവയുടെ ശെഷം അ പ്രകാരമുള്ളവ ഉണ്ടാകയുമില്ല.

൰൫ എന്തെന്നാൽ അവ ഭൂമിയുടെ മുഖത്തെ ഒക്കെയും മൂടി, ദെശം അവയാൽ ഇരുളപ്പെട്ടു: അവ കൽമഴ ശെഷിപ്പിച്ച നിലത്തിലെ സസ്യവകകളെ ഒക്കെയും, വൃക്ഷങ്ങളുടെ ഫലങ്ങളെ ഒക്കെയും ഭക്ഷിച്ചുകളഞ്ഞു: മിസ്രയിം ദെശത്ത എങ്ങും വൃക്ഷങ്ങളിലെങ്കിലും, ഭൂമിയിലെ സസ്യ വകകളിലെങ്കിലും ഒരു പച്ച ഇല പൊലും ശെഷിച്ചിട്ടില്ല.

൰൬ അപ്പൊൾ പറഒ മൊശെയെയും, അഹറൊനെയും വെഗത്തിൽ വിളിപ്പിച്ചു, നിങ്ങളുടെ ദൈവമാകുന്ന യഹൊവായിക്കും നിങ്ങൾക്കും വിരൊധമായി ഞാൻ പാപം ചെയ്തു.

൰൭ അതുകൊണ്ട ഒരം പ്രാവശ്യം മാത്രം നീ എന്റെ പാപത്തെ ക്ഷമിച്ചു, നിങ്ങളുടെ ദൈവമായ യഹൊവായൊട ഒരം മരണത്തെ മാത്രം എന്നിൽനിന്ന നീക്കികളവാൻ പ്രാൎത്ഥിക്കെണമെന്ന ഞാൻ അപെക്ഷിക്കുന്നു.

൰൮ അവൻ പറഒവിന്റെ അടുക്കൽനിന്ന പുറപ്പെട്ടു, യഹൊവായൊട പ്രാൎത്ഥിക്കയും ചെയ്തു.

൰൯ അപ്പൊൾ യഹൊവാ മഹാ ശക്തിയുള്ള പടിഞ്ഞാററൻ കാററിനെ തിരിച്ചുവരുത്തി: ആയത വെട്ടക്കിളികളെ എടുത്ത, ചെങ്കടലിലെക്ക ഇട്ടുകളഞ്ഞു: മിസ്രയിമിലെ അതൃത്തിയിൽ ഒരെടത്തും ഒരു വെട്ടക്കിളി പൊലും ശെഷിച്ചിരുന്നില്ല.

൨൰ എന്നാലൊ യഹൊവാ പറഒവിന്റെ ഹൃദയത്തെ കഠിനപ്പെടുത്തി, അവൻ യിസ്രാഎൽ പുത്രന്മാരെ വിട്ടയച്ചതുമില്ല.

൨൰൧ ¶ അപ്പൊൾ യഹൊവാ മൊശെയൊട, സ്പൎശിക്കപ്പെടുവാനുള്ള ഇരുളായി മിസ്രയിം ദെശത്ത ഇരുൾ ഉണ്ടാകെണ്ടുന്നതിന, നിന്റെ കയ്യിനെ ആകാശത്തിന നെരായി നീട്ടുക എന്ന പറഞ്ഞു.

൨൰൨ എന്നാറെ മൊശെ തന്റെ കയ്യിനെ ആകാശത്തിന നെരെ നീട്ടി: അപ്പൊൾ മിസ്രയിം ദെശത്തൊക്കെയും മൂന്ന ദിവസം വരെയും കറുത്ത അന്ധകാരം ഉണ്ടായി.

൨൰൩ മൂന്ന ദിവസം വരെയും ഒരുത്തനെ ഒരുത്തൻ കണ്ടിട്ടുമില്ല, ഒരുത്തനും തന്റെ സ്ഥലം വിട്ട എഴുനീററിട്ടുമില്ല: എന്നാലൊ യിസ്രാഎൽ പുത്രന്മാൎക്ക എല്ലാവൎക്കും തങ്ങളുടെ വാസസ്ഥലങ്ങളിൽ വെളിച്ചം ഉണ്ടായിരുന്നു.

൨൰൪ അപ്പൊൾ പറഒ മൊശെയെ വിളിപ്പിച്ചു, നിങ്ങൾ പൊയി, യഹൊവായിക്ക ശുശ്രൂഷ ചെയ്യിൻ: നിങ്ങളുടെ ആടുകളും, നിങ്ങളുടെ കന്നുകാലികളും മാത്രം നിൎത്തപ്പെടട്ടെ: നിങ്ങളുടെ പൈതങ്ങളും നിങ്ങളൊട കൂടെ പൊരട്ടെ എന്ന പറഞ്ഞു.

൨൰൫ എന്നാറെ മൊശെ പറഞ്ഞു, ഞങ്ങൾ ഞങ്ങളുടെ ദൈവമാകുന്ന യഹൊവായിക്ക കഴിക്കെണ്ടുന്നതിന ബലികളെയും ഹൊമബലികളെയും നീ ഞങ്ങൾക്ക തരെണം.

൨൰൬ ഞങ്ങളുടെ മൃഗങ്ങളുടെ കൂട്ട

വും ഞങ്ങളൊട കൂടെ പൊരെണം;
ഒരു കുളമ്പും പിന്നാലെ ശെഷി
ച്ചു കൂട: എന്തെന്നാൽ ഞങ്ങളുടെ
ദൈവമാകുന്ന യഹൊവായിക്ക
ശുശ്രൂഷ ചെയ്യെണ്ടുന്നതിന ആ
യതിൽനിന്ന ഞങ്ങൾ എടുക്കെണ്ടി
വരും; ഞങ്ങൾ എതിനാൽ യഹൊ
വായിക്ക ശുശ്രൂഷ ചെയ്യെണമെ
ന്ന ഞങ്ങൾ അവിടെ എത്തുവൊ
ളത്തിനും അറിയുന്നതുമില്ല.
൨൭ എന്നാൽ യഹൊവാ പറഒ
വിന്റെ ഹൃദയത്തെ കഠിനപ്പെടു
ത്തി, അവന അവരെ വിട്ടയപ്പാ
ൻ മനസ്സില്ലാതെയും ഇരുന്നു.
൨൮ പിന്നെ പറഒ അവനൊട
പറഞ്ഞു, എന്റെ പക്കൽനിന്ന
പൊയ്ക്കൊൾക, നീ ഇനി എന്റെ
മുഖത്തെ കാണാതെ ഇരിപ്പാൻ
സൂക്ഷിക്ക: എന്തെന്നാൽ നീ എ
ന്റെ മുഖത്തെ കാണുന്ന നാളിൽ
നീ മരിക്കും.
൨൯ അപ്പൊൾ മൊശെ പറഞ്ഞു,
നീ പറഞ്ഞത നന്നായി, ഞാൻ ഇ
നി നിന്റെ മുഖത്തെ കാണുകയില്ല.

൧൧ അദ്ധ്യായം.

൧ യിസ്രാഎൽ പുത്രന്മാർ തങ്ങളുടെ അയല്ക്കാരൊട ആഭരണങ്ങളെ വാങ്ങുവാൻ ദൈവത്തിന്റെ ദൂത—൪. ആദ്യജാതന്മാരുടെ മരണമുണ്ടാകുമെന്ന ഭയപ്പെടുത്തുന്നത.

അപ്പൊൾ യഹൊവാ മൊശെ
യൊട പറഞ്ഞു, ഞാൻ ഇനിയും ഒ
രു ബാധയെ പറഒവിന്മെലും മി
സ്രയിമിന്മെലും വരുത്തും; അതി
ന്റെ ശെഷം അവൻ നിങ്ങളെ
ഇവിടെനിന്ന വിട്ടയക്കും: അവ
ൻ നിങ്ങളെ വിട്ടയക്കുമ്പൊൾ,
സമൂലമായി നിങ്ങളെ ഇവിടെനി
ന്ന ആട്ടിക്കളയും നിശ്ചയം.
൨ ഇപ്പൊൾ ജനങ്ങളുടെ ചെ
വികൾക്ക പറക, ഒരൊ പുരുഷൻ
തന്റെ അയല്ക്കാരനൊടും, ഒരൊ
സ്ത്രീ തന്റെ അയല്ക്കാരിയൊടും
വെള്ളിയാഭരണങ്ങളെയും, പൊ
ന്നാഭരണങ്ങളെയും ചൊദിക്കട്ടെ.
൩ യഹൊവാ ജനങ്ങൾക്ക മിസ്ര
യകാരുടെ കണ്ണുകൾക്കമുമ്പാകെ കൃ
പ ലഭിപ്പിക്കയും ചെയ്തു. വിശെ
ഷിച്ചും മൊശെ എന്ന പുരുഷൻ
മിസ്രയിം ദെശത്ത പറഒവിന്റെ
ഭൃത്യന്മാരുടെ കണ്ണുകൾക്കും ജന
ങ്ങളുടെ കണ്ണുകൾക്കും എററവും
ശ്രെഷ്ഠതയുള്ളവൻ [ആയിരുന്നു.]
൪ പിന്നെ മൊശെ പറഞ്ഞു, യ
ഹൊവാ ഇപ്രകാരം പറയുന്നു, എ
കദെശം അദ്ധരാത്രിയിൽ ഞാൻ
മിസ്രയിമിന്റെ നടുവെ പുറപ്പെ
ട്ടുപൊകും.
൫ അപ്പൊൾ തന്റെ സിംഹാ
സനത്തിന്മെൽ ഇരിക്കുന്ന പറഒ
വിന്റെ കടിഞ്ഞൂൽ പുത്രൻ മുതൽ,
തിരികല്ലിന്റെ പിറകെ ഇരിക്കു
ന്ന അടിമ സ്ത്രീയുടെ കടിഞ്ഞൂൽ
പുത്രൻ വരെയും, മിസ്രയിം ദെശ
ത്തുള്ള കടിഞ്ഞൂൽ ഒക്കെയും, മൃഗ
ജീവങ്ങളിലും കടിഞ്ഞൂലായതൊക്ക
യും ചത്തുപൊകും.
൬ മിസ്രയിം ദെശത്ത എല്ലാടവും,
മുമ്പെ ഒരിക്കൽ പൊലും ഉണ്ടായി
ട്ടില്ലാത്തതും ഇനി ഉണ്ടാകയില്ലാ
ത്തതുമായ ഒരു മഹാ നിലവിളി ഉ
ണ്ടാകയും ചെയ്യും.
൭ എന്നാൽ യഹൊവാ മിസ്രയ
കാൎക്കും യിസ്രാഎൽകാൎക്കും നടു
വെ വ്യത്യാസം ചെയ്യുന്നു എന്ന
നിങ്ങൾ അറിയെണ്ടുന്നതിന, യി
സ്രാഎൽ പുത്രന്മാരിൽ ഒരുത്തന്റെ
യും നെരെ മനുഷ്യൻ മുതൽ മൃഗ
ജീവൻ വരെയും ഒരു നായെങ്കി
ലും തന്റെ നാവിനെ അനക്കുക
യില്ല.

൮ അപ്പൊൾ നിന്റെ ൟ ഭൃത്യ
ന്മാർ എല്ലാവരും എന്റെ അടുക്കൽ
ഇറങ്ങി വന്ന, നീയും നിന്റെ കീ
ഴെ ഇരിക്കുന്ന എല്ലാ ജനങ്ങളുമാ
യി പുറപ്പെടുക എന്ന പറഞ്ഞ, എ
ന്നെ വന്ദിക്കും: അതിന്റെ ശെ
ഷം ഞാൻ പുറപ്പെടും: അവൻ ഉ
ഗ്രമായുള്ള കൊപത്തൊടെ പറൊ
വിന്റെ അടുക്കൽനിന്ന പുറപ്പെടു
കയും ചെയ്തു.
൯ അപ്പൊൾ യഹൊവാ മൊശെ
യൊട, മിസ്രയിം ദെശത്ത എന്റെ
അത്ഭുതങ്ങൾ പെരുകെണ്ടുന്നതി
ന, പറൊ നിങ്ങളെ ചെവിക്കൊ
ള്ളാതെ ഇരിക്കും എന്ന പറഞ്ഞു.
൧൦ മൊശെയും അഹറൊനും ൟ
അത്ഭുതങ്ങളെ ഒക്കെയും പറൊവി
ന്റെ മുമ്പാകെ ചെയ്തു: എങ്കിലും
യഹൊവാ പറൊവിന്റെ ഹൃദയ
ത്തെ കഠിനപ്പെടുത്തി, അവൻ യി
സ്രാഎൽ പുത്രന്മാരെ തന്റെ ദെ
ശത്തനിന്ന വിട്ടയച്ചതുമില്ല.

൧൨ അദ്ധ്യായം.

൧ പെസഹാ നിശ്ചയിക്കപ്പെടുന്നത.—൨൯ ആ
ദ്യജാതന്മാർ കൊല്ലപ്പെടുന്നത.—൩൧ യി
സ്രാഎൽകാർ നാട്ടിൽനിന്ന ആട്ടിക്കളയപ്പെ
ടുന്നത.

യഹൊവാ മൊശെയൊടും അഹ
റൊനൊടും മിസ്രയിം ദെശത്ത വ
ച്ച സംസാരിച്ച പറഞ്ഞത എ
ന്തെന്നാൽ,
൨ ൟ മാസം നിങ്ങൾക്ക മാസ
ങ്ങളുടെ ആരംഭം [ആയിരിക്കെ
ണം:] നിങ്ങൾക്ക ആണ്ടിൽ ഒ
ന്നാം മാസം [ആയിരിക്കെണം.]
൩ നിങ്ങൾ യിസ്രാഎലിന്റെ
എല്ലാ സംഘത്തൊടും സംസാരി
ച്ച പറയെണ്ടുന്നത എന്തെന്നാൽ,
ൟ മാസം പത്താം തിയ്യതി, പി
താക്കന്മാരുടെ ഭവന പ്രകാരം, അ
വരവർ ഒരൊ ആട്ടിൻ കുട്ടിയെ ഒരൊ
ഭവനത്തിന ഒരൊ ആട്ടിൻകുട്ടിയെ
എടുക്കെണം.
൪ ഭവനക്കാർ ആട്ടിൻ കുട്ടിയെ
[ഭക്ഷിക്കുന്നതിന] തികയില്ല എ
ങ്കിൽ, അപ്പൊൾ ആത്മാക്കളുടെ ക
ണക്കിന തക്കതായി അവനും അ
വന്റെ ഭവനത്തിന സമീപമാ
യ അവന്റെ അയല്ക്കാരനുമാ
യി അതിനെ എടുക്കെണം. അവ
നവൻ ഭക്ഷിക്കുന്നതിന തക്കതാ
യി നിങ്ങൾ ആട്ടിൻ കുട്ടിയുടെ
മെൽ കണക്ക നൊക്കെണം.
൫ നിങ്ങളുടെ ആട്ടിൻ കുട്ടി കുററ
മില്ലാത്തതും, ഒരു വയസ്സുള്ള ആ
ണുമായിരിക്കെണം; നിങ്ങൾ ആടു
കളിൽ നിന്ന എങ്കിലും കൊലാടുക
ളിൽനിന്നെങ്കിലും അതിനെ എടു
ക്കെണം.
൬ അതിനെ ൟ മാസം പതിനാ
ലാം തിയ്യതി വരെയും സൂക്ഷിച്ചി
രിക്കെണം: യിസ്രാഎൽ സഭയു
ടെ കൂട്ടമെല്ലാം സന്ധ്യാസമയത്ത
അതിനെ കൊല്ലെണം.
൭ അവർ രക്തത്തിൽനിന്ന് എടു
ത്ത, തങ്ങൾ അതിനെ ഭക്ഷിക്കുന്ന
ഭവനങ്ങളുടെ വാതിലിന്റെ കട്ടള
ക്കാൽ രണ്ടിലും, വാതിൽ കുട്ടിന്മെൽ
കുറുമ്പടിയിലും തളിക്കയും വെണം.
൮ അന്ന രാത്രിയിൽ അവർ അ
ഗ്നിയിൽ വറുത്തതായി ആ മാം
സത്തെയും, പുളിപ്പില്ലാത്ത അപ്പ
ങ്ങളെയും ഭക്ഷിക്കെണം: കൈ
പ്പായുള്ള [ചീരകളൊട] കൂടെ അ
തിനെ ഭക്ഷിക്കെണം.
൯ അതിന്റെ തലയെ അതി
ന്റെ കാലുകളൊടും അതിനുള്ളിലു
ള്ളതിനൊടും കൂടെ അഗ്നിയിൽ വ
റുക്കപ്പെട്ടതായിട്ട മാത്രമല്ലാതെ, പ
ച്ചയായിട്ടെങ്കിലും, വെള്ളത്തിൽ

പാകം ചെയ്യപ്പെട്ടതായിട്ടെങ്കിലും അതിൽനിന്ന ഭക്ഷിക്കരുത.

൧൦ നിങ്ങൾ പിറന്നാൾ കാലത്തെക്ക അതിൽ ഒട്ടും ശെഷിപ്പായി വെക്കരുത: പിറന്നാൾ കാലത്തെക്ക അതിൽ ശെഷിപ്പായിരിക്കുന്നതിനെ നിങ്ങൾ അഗ്നിയിൽ ചുട്ടുകളകയും വെണം.

൧൧ നിങ്ങളുടെ അരകൾ കെട്ടപ്പെട്ടവയായും, നിങ്ങളുടെ ചെരിപ്പുകൾ നിങ്ങളുടെ പാദങ്ങളിലും, നിങ്ങളുടെ വടികൾ നിങ്ങളുടെ കയ്യിലും ഇരിക്കുന്നവയായും, ഇപ്രകാരം നിങ്ങൾ അതിനെ ഭക്ഷിക്കെണം: നിങ്ങൾ അതിനെ ബദ്ധപ്പാടൊടെ ഭക്ഷിക്കയും വെണം; അത യഹൊവായുടെ പെസഹാ ആകുന്നു.

൧൨ എന്തെന്നാൽ ഈ രാത്രിയിൽ ഞാൻ മിസ്രയിം ദെശത്ത കൂടി കടന്നു പൊയി, മിസ്രയിം ദെശത്ത മനുഷ്യൻ മുതൽ മൃഗജീവൻ വരെയും കടിഞ്ഞൂലായതിനെ ഒക്കെയും ശിക്ഷിക്കും: മിസ്രയിമിലെ സകല ദെവന്മാരിലും ഞാൻ ന്യായവിധികളെ നടത്തിക്കയും ചെയ്യും: ഞാൻ യഹൊവാ [ആകുന്നു.]

൧൩ പിന്നെ നിങ്ങൾ [ഇരിക്കുന്ന] ഭവനങ്ങളിന്മെൽ ആ രക്തം നിങ്ങൾക്ക അടയാളമായിട്ട ഇരിക്കും: ഞാൻ ആ രക്തത്തെ കാണുമ്പൊൾ നിങ്ങളെ ഒഴിഞ്ഞ കടന്നു പൊകും, ഞാൻ മിസ്രയിം ദെശത്തെ ശിക്ഷിക്കുമ്പൊൾ, ആ ബാധ നിങ്ങളുടെ മെൽ നാശത്തിനായിട്ട ഇരിക്കയുമില്ല.

൧൪ ഈ ദിവസവും നിങ്ങൾക്ക ഒൎമ്മയായിട്ട ഇരിക്കെണം; നിങ്ങൾ നിങ്ങളുടെ തലമുറകളായി അതിനെ യഹൊവായിക്ക പെരുനാളായിട്ടും ആചരിക്കണം: നിങ്ങൾ അതിനെ ഒരു നിത്യകല്പനയായിട്ട ആചരിക്കെണം.

൧൫ എഴ ദിവസം നിങ്ങൾ പുളിപ്പില്ലാത്ത അപ്പങ്ങളെ ഭക്ഷിക്കെണം, ആദ്യ ദിവസത്തിൽ തന്നെ പുളിച്ചമാവിനെ നിങ്ങളുടെ ഭവനങ്ങളിൽ ഇല്ലാതെ ആക്കെണം: എന്തെന്നാൽ ആദ്യദിവസം മുതൽ എഴാം ദിവസം വരെയും ആരെങ്കിലും പുളിച്ച അപ്പത്തെ ഭക്ഷിച്ചാൽ, ആ ആത്മാവ യിസ്രാഎലിൽനിന്ന ഛെദിക്കപ്പെടെണ്ടിവരും.

൧൬ ഒന്നാം ദിവസത്തിൽ ശുദ്ധമുള്ള സഭക്കൂട്ടവും, എഴാം ദിവസത്തിൽ ശുദ്ധമുള്ള സഭക്കൂട്ടവും നിങ്ങൾക്ക ഇരിക്കെണം: ആയവയിൽ ഒരു പ്രവൃത്തിയും ചെയ്യപ്പെടുകയും അരുത, ഒരൊ ആത്മാവിന ഭക്ഷണത്തിന ആവശ്യമുള്ളതൊ, അത മാത്രമെ നിങ്ങൾക്കായിട്ട ചെയ്യപ്പെടാവു:

൧൭ പുളിപ്പില്ലാത്ത അപ്പങ്ങളുടെ [പെരുനാളിനെയും,] നിങ്ങൾ ആചരിക്കെണം; എന്തെന്നാൽ ഈ ദിവസത്തിൽ തന്നെ ഞാൻ നിങ്ങളുടെ സൈന്യങ്ങളെ മിസ്രയിം ദെശത്തനിന്ന പുറപ്പെടുവിച്ചിരിക്കുന്നു: അതുകൊണ്ട ഈ ദിവസത്തെ നിങ്ങളുടെ തലമുറകളിൽ നിത്യ കല്പനയായിട്ട നിങ്ങൾ ആചരിച്ചുകൊള്ളെണം.

൧൮ ഒന്നാം [മാസം] പതിനാലാം തിയ്യതി വൈകുന്നെരം മുതൽ, ആ മാസം ഇരുപത്തൊന്നാം തിയ്യതി വൈകുന്നെരം വരെയും, നിങ്ങൾ പുളിപ്പില്ലാത്ത അപ്പങ്ങളെ ഭക്ഷിക്കെണം.

൧൯ എഴ ദിവസം നിങ്ങളുടെ ഭവനങ്ങളിൽ പുളിച്ച മാവ കാണെ

പ്പെടരുത: എന്തെന്നാൽ ആരെങ്കി
ലും പുളിച്ചതിനെ ഭക്ഷിച്ചാൽ, ആ
ആത്മാവ തന്നെ, പരദെശിയെങ്കി
ലാകട്ടെ, ദെശത്ത ജനിച്ചവനെ
ങ്കിലാകട്ടെ, യിസ്രാഎലിന്റെ സ
ഭയിൽനിന്ന ഛെദിക്കപ്പെടെണ്ടി
വരും.
൨൦ നിങ്ങൾ പുളിച്ചതിനെ യാ
തൊന്നിനെയും ഭക്ഷിക്കരുത: നി
ങ്ങളുടെ സകല വാസസ്ഥലങ്ങളി
ലും നിങ്ങൾ പുളിപ്പില്ലാത്ത അപ്പ
ങ്ങളെ ഭക്ഷിക്കെണം.
൨൧ ¶ അപ്പൊൾ മൊശെ യി
സ്രാഎലിന്റെ മൂപ്പന്മാരെ എല്ലാവ
രെയും വിളിച്ചു, അവരൊട പറഞ്ഞു,
നിങ്ങൾ നിങ്ങളുടെ കുഡുംബങ്ങ
ൾക്ക തക്കതായി, നിങ്ങൾക്ക ഒര
ആട്ടിൻ കുട്ടിയെ തെരിഞ്ഞെടുത്ത,
പെസഹായെ കൊല്ലുവിൻ.
൨൨ ഇസൊപ്പ എന്ന ചെടിയു
ടെ ഒരു കെട്ട എടുത്ത, കിണ്ണത്തി
ലുള്ള രക്തത്തിൽ മുക്കി, കിണ്ണത്തി
ലുള്ള ആ രക്തം കൊണ്ട വാതിൽ
കുട്ടിന്മെൽ കുറമ്പടിയിലും, കട്ടളക്കാ
ൽ രണ്ടിലും തളിക്കെണം: എന്നാ
ൽ പിറെറന്നാൾ കാലത്ത വരെയും
നിങ്ങളിൽ ഒരുത്തനും തന്റെ ഭവ
നത്തിന്റെ വാതിലിൽനിന്ന പുറ
പ്പെടരുത.
൨൩ എന്തെന്നാൽ യഹൊവാ മി
സ്രയകാരെ ശിക്ഷിക്കെണ്ടുന്നതി
ന കടന്നുവരും, എന്നാൽ വാതിൽ
കുട്ടിന്മെൽ കുറമ്പടിയിലും, കട്ടളക്കാ
ൽ രണ്ടിലും ആ രക്തത്തെ കാണു
മ്പൊൾ, യഹൊവാ വാതിലിനെ
ഒഴിഞ്ഞ കടന്നുപൊകും, നിങ്ങളു
ടെ ഭവനങ്ങളിൽ [നിങ്ങളെ] ശി
ക്ഷിക്കുന്നതിന വരുവാൻ നശി
പ്പിക്കുന്നവനെ സമ്മതിക്കയുമില്ല.
൨൪ ഈ കാൎയ്യം എന്നെക്കും നി
നക്കും നിന്റെ പുത്രന്മാൎക്കും കല്പ
നയായിട്ട നിങ്ങൾ പ്രമാണിക്ക
യും വെണം.
൨൫ പിന്നെ ഇപ്രകാരമുണ്ടാകും,
യഹൊവാ നിങ്ങൾക്ക താൻ കല്പി
ച്ച പ്രകാരം തരുവാനിരിക്കുന്ന ദെ
ശത്ത നിങ്ങൾ വന്നെത്തുമ്പൊൾ,
നിങ്ങൾ ഈ ശുശ്രൂഷയെ ആച
രിക്കെണം.
൨൬ അപ്പൊൾ ഇപ്രകാരമുണ്ടാ
കും, നിങ്ങളുടെ പുത്രന്മാർ നിങ്ങൾ
ക്കുള്ള ഈ ശുശ്രൂഷയുടെ താല്പൎയ്യം
എന്തെന്ന നിങ്ങളൊട ചൊദിക്കു
മ്പൊൾ,
൨൭ നിങ്ങൾ പറയെണ്ടുന്നത എ
ന്തെന്നാൽ, അത മിസ്രയകാരെ
ശിക്ഷിക്കുമ്പൊൾ മിസ്രയിമിലി
രുന്ന യിസ്രാഎൽ പുത്രന്മാരുടെ ഭ
വനങ്ങളെ ഒഴിഞ്ഞ കടന്ന, ഞങ്ങ
ളുടെ ഭവനങ്ങളെ രക്ഷിച്ചിട്ടുള്ള യ
ഹൊവായുടെ പെസഹാ ബലി
[ആകുന്നു.] അപ്പൊൾ ജനങ്ങൾ
കുമ്പിട്ട വന്ദിച്ചു.
൨൮ പിന്നെ യിസ്രാഎൽ പുത്ര
ന്മാർ പൊയി, അപ്രകാരം ചെയ്തു.
യഹൊവാ മൊശെയൊടും അഹ
റൊനൊടും കല്പിച്ച പ്രകാരം ത
ന്നെ അവർ ചെയ്തു.
൨൯ ¶ പിന്നെ ഉണ്ടായത എ
ന്തെന്നാൽ, പാതിരാത്രിയിൽ യ
ഹൊവാ തന്റെ സിംഹാസന
ത്തിലിരുന്ന പറവൊന്റെ കടി
ഞ്ഞൂൽ പുത്രൻ മുതൽ, കാരാഗ്രഹ
ത്തിലിരുന്ന അടിമയുള്ളവന്റെ ക
ടിഞ്ഞൂൽ പുത്രൻ വരെയും, മിസ്ര
യിം ദെശത്തുള്ള കടിഞ്ഞൂൽ പുത്ര
നെ ഒക്കെയും, മൃഗജീവന്റെ കടി
ഞ്ഞൂലായുള്ളതിനെ ഒക്കെയും കൊ
ന്നു.
൩൦ അപ്പൊൾ പറവൊവും, അവ

ന്റെ ഭൃത്യന്മാർ എല്ലാവരും, മിസ്രയകാർ എല്ലാവരും രാത്രിയിൽ എഴുനീററു: ഒരു മഹാ നിലവിളിയും മിസ്രയിമിൽ ഉണ്ടായി; എന്തുകൊണ്ടെന്നാൽ ഒരുത്തൻ മരിക്കാതെ ഒരു വീടും ഉണ്ടായിരുന്നില്ല.

൩൧ അപ്പൊൾ അവൻ മൊശെയെയും അഹറൊനെയും രാത്രിയിൽ വിളിച്ചു പറഞ്ഞു, നിങ്ങൾ, നിങ്ങളും യിസ്രാഎൽ പുത്രന്മാരുമായി, എഴുനീററ, എന്റെ ജനങ്ങളുടെ നടുവിൽനിന്ന പുറപ്പെട്ടു പൊയി, നിങ്ങൾ പറഞ്ഞ പ്രകാരം, യഹൊവായിക്ക ശുശ്രൂഷ ചെയ്വിൻ.

൩൨ നിങ്ങളുടെ ആടുകളെയും കന്നുകാലികളെയും, നിങ്ങൾ പറഞ്ഞ പ്രകാരം, കൂട്ടിക്കൊണ്ടുപൊകുവിൻ; എന്നെ അനുഗ്രഹിക്കയും ചെയ്വിൻ.

൩൩ മിസ്രയകാർ വെഗത്തിൽ ജനങ്ങളെ ദെശത്തനിന്ന അയപ്പാൻ അവരെ വളരെ നിബ്ബന്ധപ്പെടുത്തി: എന്തുകൊണ്ടെന്നാൽ ഞങ്ങൾ എല്ലാവരും മരിക്കുന്നു എന്ന അവർ പറഞ്ഞു.

൩൪ അതുകൊണ്ട ജനങ്ങൾ ഇനിയും പുളിക്കാതെ തങ്ങളുടെ കുഴച്ച മാവിനെ, തങ്ങളുടെ തൊട്ടികളെ തങ്ങളുടെ ശീലകളിൽ കെട്ടികൊണ്ട, തങ്ങളുടെ ചുമലുകളിന്മെൽ കൊണ്ടുപൊയി.

൩൫ പിന്നെ യിസ്രാഎൽ പുത്രന്മാർ മൊശെയുടെ വചന പ്രകാരം ചെയ്തു: അവർ മിസ്രയകാരൊട വെള്ളിയാഭരണങ്ങളെയും, പൊന്നാഭരണങ്ങളെയും, വസ്ത്രങ്ങളെയും ചൊദിച്ചു.

൩൬ എന്നാറെ യഹൊവാ ജനങ്ങൾക്ക മിസ്രയകാരുടെ കണ്ണുകളിൽ കൃപ ലഭിപ്പിച്ചു; അതുകൊണ്ട അവർ ചൊദിച്ചതിനെ അവൎക്ക അവർ കൊടുത്തു: അവർ മിസ്രയകാരെ കവച്ച ചെയ്കയും ചെയ്തു.

൩൭ പിന്നെ യിസ്രാഎൽ പുത്രന്മാർ, പൈതങ്ങൾ ഒഴികെ, എകദെശം ആറുനൂറായിരം പുരുഷന്മാർ കാൽനടയായി റമസെസിൽനിന്ന സുക്കൊത്തിന യാത്ര പുറപ്പെട്ടു.

൩൮ അവരൊട കൂടെ സമ്മിശ്രമായുള്ള വളരെ ജനക്കൂട്ടവും, ആടുകളും, കന്നുകാലികളുമായി എത്രയും വളരെ മൃഗജീവങ്ങളും കരെറിപൊന്നു.

൩൯ പിന്നെ അവർ മിസ്രയിമിൽനിന്ന കൊണ്ടുപൊന്ന കുഴച്ച മാവ പുളിക്കായ്കകൊണ്ട, അതിനെ പുളിപ്പില്ലാത്ത അപ്പങ്ങളായി ചുട്ടു: എന്തുകൊണ്ടെന്നാൽ അവർ മിസ്രയിമിൽനിന്ന ആട്ടിക്കളയപ്പെട്ടു, അവൎക്ക താമസിച്ചു കൂടാഞ്ഞു, അവർ തങ്ങൾക്ക വഴിക്ക ആഹാരം ഒന്നും ഒരുക്കിയിരുന്നിട്ടുമില്ലാഞ്ഞു.

൪൦ ¶ വിശെഷിച്ചും യിസ്രാഎൽ പുത്രന്മാർ മിസ്രയിമിൽ വസിച്ചിരുന്ന വാസം നാനൂററിമുപ്പത സംവത്സരമായി.

൪൧ നാനൂററിമുപ്പത സംവത്സരങ്ങളുടെ അവസാനത്തിങ്കൽ ഇപ്രകാരം ഉണ്ടായി, ആ ദിവസം തന്നെ ഇപ്രകാരം ഉണ്ടായി, യഹൊവായുടെ സൈന്യങ്ങൾ ഒക്കെയും മിസ്രയിം ദെശത്തനിന്ന പുറപ്പെട്ടുപൊയി.

൪൨ യഹൊവാ അവരെ മിസ്രയിം ദെശത്തനിന്ന പുറപ്പെടുവിച്ചതിനാൽ, ഇത അവന ഒൎമ്മയായി ആചരിക്കപ്പെടെണ്ടുന്ന രാ

ത്രി [ആകുന്നു:] ഇത തന്നെ എ
ല്ലാ യിസ്രാഎൽ പുത്രന്മാരാലും ത
ങ്ങളുടെ തലമുറകളിൽ യഹൊവാ
യിക്ക ഒൎമ്മയായി ആചരിക്കപ്പെ
ടെണ്ടുന്ന രാത്രി [ആകുന്നു.]
൪൩ ¶ പിന്നെയും യഹൊവാ
മൊശെയൊടും അഹറൊനൊടും
പറഞ്ഞു, പെസഹായുടെ ചട്ടം ഇ
ത [ആകുന്നു;] അന്ന്യ പുത്രനായ
ഒരുത്തനും അതിൽനിന്ന ഭക്ഷിക്ക
രുത:
൪൪ എന്നാൽ ദ്രവ്യംകൊണ്ട കൊ
ള്ളപ്പെട്ട അടിയാൻ ഒക്കെയും, നീ
അവനെ ചെല ചെയ്തതിന്റെ
ശെഷം, അപ്പൊൾ അതിൽനിന്ന
ഭക്ഷിക്കാം.
൪൫ അന്ന്യനും കൂലിക്കാരനും അ
തിൽനിന്ന ഭക്ഷിക്കരുത.
൪൬ ഒരൊ വീട്ടിൽ അത ഭക്ഷി
ക്കപ്പെടെണം: നീ ആ മാംസത്തി
ൽ ഒട്ടും ഭവനത്തിൽനിന്ന പുറത്തു
കൊണ്ടുപൊകരുത: അതിൽ ഒരു
അസ്ഥിയും നിങ്ങൾ ഉടെക്കയുമരു
ത.
൪൭ യിസ്രാഎൽ സംഘം ഒക്കെ
യും ആയതിനെ ആചരിക്കെണം.
൪൮ അന്ന്യനായ ഒരുത്തൻ നി
ന്നൊട കൂടെ പാൎത്ത, യഹൊവാ
യിക്ക പെസഹായെ ആചരിക്കെ
ണമെന്നിരുന്നാൽ, അവനുള്ള ആ
ണൊക്കെയും ചെല ചെയ്യപ്പെടെ
ണം, അതിന്റെ ശെഷം അവൻ
അതിനെ ആചരിക്കെണ്ടുന്നതിന
അടുത്തുവരട്ടെ: അവൻ ആ ദെശ
ത്ത ജനിച്ചവനെ പൊലെയും ഇ
രിക്കും: എന്തെന്നാൽ ചെലയില്ലാ
ത്ത ഒരുത്തനും അതിൽനിന്ന ഭ
ക്ഷിക്കരുത.
൪൯ ദെശത്ത ജനിച്ചവനും, നി
ങ്ങളുടെ ഇടയിൽ പാൎക്കുന്ന പര

ദെശിക്കും ഒരു ന്യായപ്രമാണം ഉ
ണ്ടായിരിക്കെണം.
൫൦ യിസ്രാഎൽ പുത്രന്മാർ എ
ല്ലാവരും ഇപ്രകാരം ചെയ്തു; യ
ഹൊവാ മൊശെയൊടും അഹറൊ
നൊടും കല്പിച്ച പ്രകാരം തന്നെ
അവർ ചെയ്തു.
൫൧ ആ ദിവസം തന്നെ ഇപ്ര
കാരം ഉണ്ടായി, യഹൊവാ യി
സ്രാഎൽ പുത്രന്മാരെ അവരുടെ
സൈന്യങ്ങളൊട കൂടെ മിസ്രയിം
ദെശത്തനിന്ന പുറപ്പെട്ടുവിക്കയും
ചെയ്തു.

൧൩ അദ്ധ്യായം.

൧ ആദ്യജാതൻ ദൈവത്തിന ശുദ്ധമാക്കപ്പെട്ടുന്നത.—൩. പെസഹായെ കുറിച്ചുള്ള ഒൎമ്മ കല്പിക്കപ്പെടുന്നത.—൨൧. ദൈവം മെഘത്തിന്റെയും അഗ്നിയുടെയും തൂണുകൊണ്ട അവരെ നടത്തിക്കുന്നത.

പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ച പറഞ്ഞത
എന്തെന്നാൽ,
൨ യിസ്രാഎൽ പുത്രന്മാരുടെ ഇ
ടയിൽ മനുഷ്യനിലും മൃഗജീവനി
ലും ഗൎഭം തുറന്ന ജനിക്കുന്ന കടി
ഞ്ഞൂലായുള്ളതിനെ ഒക്കെയും ഇ
നിക്ക ശുദ്ധമാക്കുക: അത ഇനി
ക്കുള്ളത [ആകുന്നു.]
൩ ¶ അപ്പൊൾ മൊശെ ജനങ്ങ
ളൊട പറഞ്ഞു, നിങ്ങൾ അടിമയു
ടെ ഭവനമായ മിസ്രയിമിൽനിന്ന
പുറപ്പെട്ട പൊന്ന ഈ ദിവസത്തെ
ഒൎത്തുകൊൾവിൻ; എന്തുകൊണ്ടെ
ന്നാൽ യഹൊവാ കയ്യിന്റെ ശ
ക്തിയാൽ നിങ്ങളെ ഇവിടെനി
ന്ന പുറപ്പെടുവിച്ചു: അതുകൊണ്ട
പുളിച്ച അപ്പം ഭക്ഷിക്കപ്പെടരുത.
൪ ആബിബ മാസത്തിൽ ഈ
ദിവസത്തിൽ നിങ്ങൾ പുറപ്പെട്ടു
വന്നു.

൫ പിന്നെ ഉണ്ടാകെണ്ടുന്നത എന്തെന്നാൽ, യഹൊവാ നിനക്ക തരുമെന്ന നിന്റെ പിതാക്കന്മാൎക്ക ആണയിട്ടതും, പാലും തെനും ഒഴുകുന്നതുമായ ദെശമായി, കനാനയക്കാരുടെയും, ഹിത്തായക്കാരുടെയും, അമൊറായക്കാരുടെയും, ഹിവായക്കാരുടെയും, യബുസായക്കാരുടെയും ദെശത്തെക്ക നിന്നെ വരുത്തിയിരിക്കുമ്പൊൾ, നീ ൟ മാസത്തിൽ ൟ ശുശ്രൂഷ ചെയ്യെണം.

൬ എഴ ദിവസം നീ പുളിപ്പില്ലാത്ത അപ്പങ്ങളെ ഭക്ഷിക്കെണം, എന്നാൽ എഴാം ദിവസം യഹൊവായിക്ക പെരുനാൾ [ആകും.]

൭ എഴ ദിവസവും പുളിപ്പില്ലാത്ത അപ്പങ്ങൾ ഭക്ഷിക്കപ്പെടെണം: നിന്റെ അടുക്കൽ പുളിച്ച അപ്പം കാണപ്പെടരുത, നിന്റെ അതൃത്തികളിൽ എല്ലാം നിന്റെ അടുക്കൽ പുളിച്ച മാവും കാണപ്പെടരുത.

൮ പിന്നെ ആ ദിവസം നിന്റെ പുത്രനൊട, ഞാൻ മിസ്രയിമിൽനിന്ന പുറപ്പെട്ടപ്പൊൾ, യഹൊവാ ഇനിക്ക ചെയ്തതിനായി [ഇപ്രകാരം ചെയ്യുന്നു] എന്ന അറിയിക്കെണം.

൯ യഹൊവായുടെ ന്യായപ്രമാണം നിന്റെ വായിൽ ഇരിക്കെണ്ടുന്നതിന, ഇത നിനക്ക നിന്റെ കയ്യിൽ അടയാളത്തിനായിട്ടും, നിന്റെ കണ്ണുകളുടെ നടുവിൽ ഒൎമ്മക്കായിട്ടും ഇരിക്കെണം: എന്തുകൊണ്ടെന്നാൽ ശക്തിയുള്ള കയ്യാൽ യഹൊവാ നിന്നെ മിസ്രയിമിൽനിന്ന കൂട്ടിക്കൊണ്ടുവന്നു.

൧൦ അതുകൊണ്ട നീ ആണ്ടുതൊറും ൟ കല്പനയെ നിശ്ചയിച്ച നാളിൽ ആചരിച്ചുകൊള്ളെണം.

൧൧ ¶ പിന്നെയും യഹൊവാ നിനക്കും നിന്റെ പിതാക്കന്മാൎക്കും ആണയിട്ട പ്രകാരം നിന്നെ കനാനായക്കാരുടെ ദെശത്തെക്ക വരുത്തി, അതിനെ നിനക്ക തരുമ്പൊൾ ഉണ്ടാകെണ്ടുന്നത എന്തെന്നാൽ,

൧൨ ഗൎഭം തുറന്ന ജനിക്കുന്നതിനെ ഒക്കെയും നിനക്കുള്ള മൃഗജീവനിൽ കടിഞ്ഞൂൽപ്രസവത്തെ ഒക്കെയും നീ യഹൊവായിക്ക വെൎതിരിക്കെണം: ആണുങ്ങൾ യഹൊവായിക്ക [ആകും.]

൧൩ എന്നാൽ കഴുതയുടെ കടിഞ്ഞൂലായുള്ളതിനെ ഒക്കെയും നീ ഒരു ആട്ടിൻ കുട്ടി കൊണ്ട വീണ്ടുകൊള്ളെണം; നീ അതിനെ വീണ്ടുകൊള്ളുകയില്ല എങ്കിൽ, അതിന്റെ കഴുത്ത ഒടിച്ച കളയെണം; നിന്റെ പുത്രന്മാരുടെ ഇടയിൽ മനുഷ്യന്റെ കടിഞ്ഞൂലായുള്ളതിനെ ഒക്കെയും നീ വീണ്ടുകൊൾകയും വെണം.

൧൪ പിന്നെ ഇപ്രകാരമുണ്ടാകെണം, ഇത എന്ത എന്ന നാളെ നിന്റെ പുത്രൻ നിന്നൊട ചൊദിക്കുമ്പൊൾ, നീ അവനൊട പറയെണ്ടുന്നത എന്തെന്നാൽ, യഹൊവാ ശക്തിയുള്ള കയ്യാൽ അടിമയുടെ ഭവനമായ മിസ്രയിമിൽനിന്ന ഞങ്ങളെ പുറപ്പെടുവിച്ചു.

൧൫ ഞങ്ങളെ വിട്ടയക്കാതെ ഇരിപ്പാൻ പറഒ കഠിനപ്പെട്ടിരിക്കുമ്പൊൾ ഉണ്ടായത എന്തെന്നാൽ, യഹൊവാ മിസ്രയിം ദെശത്ത മനുഷ്യന്റെ കടിഞ്ഞൂൽ പുത്രൻ മുതൽ, മൃഗജീവന്റെ കടിഞ്ഞൂലായുള്ളത വരെയും ഉണ്ടായിരുന്ന കടിഞ്ഞൂൽ പ്രസവത്തെ ഒക്കെയും കൊന്നുകളഞ്ഞു: ആയതുകൊണ്ട ഗൎഭം തുറന്ന ജനിക്കുന്ന ആണുങ്ങ

ളെ ഒക്കെയും ഞാൻ യഹൊവാ
യിക്ക ബലി കൊടുക്കുന്നു: എന്നാ
ൽ എന്റെ മക്കളിൽ കടിഞ്ഞൂൽ പു
ത്രനെ ഒക്കെയും ഞാൻ വീണ്ടുകൊ
ള്ളുന്നു.
൧൬ ഇത നിന്റെ കയ്യിൽ അട
യാളത്തിനായിട്ടും, നിന്റെ കണ്ണു
കളുടെ നടുവിൽ നെററിപട്ടങ്ങൾ
ക്കായിട്ടും ഇരിക്കയും വെണം: എ
ന്തെന്നാൽ യഹൊവാ ഞങ്ങളെ
ശക്തിയുള്ള കൈകൊണ്ട മിസ്രയി
മിൽനിന്ന പുറപ്പെടുവിച്ചു.
൧൭ ¶ പറൊ ജനത്തെ വിട്ടയച്ച
തിന്റെ ശെഷം ഉണ്ടായത എ
ന്തെന്നാൽ, സമീപമായിരുന്ന ഫെ
ലിസ്തിയാകാരുടെ ദെശത്തെ വഴി
യായി ദൈവം അവരെ കൂട്ടിക്കൊ
ണ്ടുപൊയില്ല; എന്തെന്നാൽ ജനം
യുദ്ധം കാണുമ്പൊൾ, അവർ പ
ക്ഷെ അനുതാപപ്പെട്ട, മിസ്രയി
മിലെക്ക തിരിച്ചുപൊകുമെന്ന ദൈ
വം പറഞ്ഞു.
൧൮ എന്നാൽ ദൈവം ചെങ്കട
ലിന്റെ വനത്തിലെ വഴിയായി
ജനത്തെ വളച്ചുപൊകുമാറാക്ക:
വിശെഷിച്ച യിസ്രാഎൽ പുത്ര
ന്മാർ മിസ്രയിം ദെശത്തനിന്ന അ
ണി ക്രമമായി പുറപ്പെട്ടു പൊയി.
൧൯ വിശെഷിച്ചും മൊശെ ത
ന്നൊട കൂടെ യൊസെഫിന്റെ
അസ്ഥികളെ എടുത്തുകൊണ്ടുപൊ
ന്നു: എന്തുകൊണ്ടെന്നാൽ ദൈ
വം നിങ്ങളെ ദൎശിക്കും നിശ്ചയം
എന്നും; അപ്പൊൾ നിങ്ങളൊട കൂ
ടെ എന്റെ അസ്ഥികളെ ഇവി
ടെനിന്ന എടുത്തുകൊണ്ട പൊക
വിനെന്നും പറഞ്ഞ, അവൻ യി
സ്രാഎൽ പുത്രന്മാരെ ഉറപ്പായി
ആണ ഇടുവിച്ചിരുന്നു.
൨൦ പിന്നെ അവർ സുഖൊത്തി
ൽനിന്ന യാത്ര പുറപ്പെട്ട, വനത്തി
ന്റെ അതൃത്തിയായ എത്താമിൽ
പാളയമിറങ്ങി.
൨൧ എന്നാൽ അവർ പകലും രാ
വും പൊകെണ്ടുന്നതിന യഹൊ
വാ അവരെ വഴി നടത്തിപ്പാനാ
യിട്ട പകൽ മെഘത്തൂണിലും, അ
വൎക്ക വെളിച്ചം കാട്ടുവാനായിട്ട രാ
ത്രിയിൽ അഗ്നിത്തൂണിലും അവ
ൎക്ക മുമ്പിട്ട നടന്നു.
൨൨ പകൽ മെഘത്തൂണിനെയും,
രാത്രിയിൽ അഗ്നിത്തൂണിനെയും
ജനത്തിന്റെ മുമ്പിൽനിന്ന അവ
ൻ നീക്കീട്ടില്ല.

൧൪ അദ്ധ്യായം.

൧ പറൊ പിന്നാലെ ചെല്ലുന്നത.—൧൦. യിസ്രാഎൽകാർ പിറുപിറുക്കുന്നത.—൧൫. അവർ ചെങ്കടലിൽ കൂടി കടന്നുപൊകുന്നത—൨൩. മിസ്രയകാർ മുങ്ങിപൊകുന്നത.

പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ച, പറഞ്ഞ
ത എന്തെന്നാൽ,
൨ തിരിഞ്ഞ, മിഗ്ദൊലിനും സമു
ദ്രത്തിനും നടുവായി, ബാൽസെ
ഫൊന്ന നെരെ ഇരിക്കുന്ന പി
യഹിറൊത്തിന മുമ്പാകെ പാളയം
ഇറങ്ങെണമെന്ന യിസ്രാഎൽ പു
ത്രന്മാരൊട പറക: അതിന നെ
രെ സമുദ്രത്തിന്റെ അരികെ നി
ങ്ങൾ പാളയം ഇറങ്ങെണം.
൩ എന്നാൽ അവർ ദെശത്ത കവ
ലപ്പെട്ടിരിക്കുന്നു, വനം അവരെ
അടച്ചുകളഞ്ഞു എന്ന പറൊ യിസ്രാ
എൽ പുത്രന്മാരെ കുറിച്ച പറയും.
൪ വിശെഷിച്ച പറൊ അവരു
ടെ പിന്നാലെ ചെല്ലുവാനായിട്ട
ഞാൻ അവന്റെ ഹൃദയത്തെ ഉ
റപ്പുവരുത്തുകയും, ഞാൻ യഹൊ
വാ [ആകുന്നു] എന്ന മിസ്രയകാ
ർ അറിയെണ്ടുന്നതിനായിട്ട പറൊ

വിലും, അവൻെറ സകല സൈ
ന്യങ്ങളിലും ഞാൻ മഹത്വപ്പെട്ടക
യും ചെയ്യും. അവർ അപ്രകാര
വും ചെയ്തു.
൫ പിന്നെ ജനം ഒടിപ്പോയ്
എന്ന മിസ്രയിമിലെ രാജാവി
നൊട അറിയിക്കപ്പെട്ടു: എന്നാറെ
ജനത്തിന വിരൊധമായി പറൊ
വിൻെറയും അവൻെറ ഭൃത്യന്മാര
ടെയും ഹൃദയം തിരിഞ്ഞു, നാം യി
സ്രാഎലിനെ നമുക്ക ദാസ്യപ്ര
വൃത്തി ചെയ്യുന്നതിൽനിന്ന വിട്ടു
യക്കയാൽ നാം ചെയ്തു ഇത എ
ന്ത എന്നും അവർ പറഞ്ഞു.
൬ പിന്നെ അവൻ തൻെറ രഥ
ത്തെ കെട്ടി, തൻെറ ജനത്തെയും
തന്നൊട കൂടെ കൂട്ടിക്കൊണ്ടു:
൭ തെരിഞ്ഞെടുക്കപ്പെട്ട അറുനൂറ
രഥങ്ങളെയും, മിസ്രയിമിലെ രഥ
ങ്ങളെ ഒക്കെയും, അവയുടെ എല്ലാ
ററിന്മെലും പടനായകന്മാരെയും
കൂട്ടിക്കൊണ്ട പൊയി.
൮ എന്നാൽ യഹൊവാ മിസ്രയി
മിലെ രാജാവായ പറൊവിൻെറ
ഹൃദയത്തെ കഠിനപ്പെടുത്തി; അ
വൻ യിസ്രാഎൽ പുത്രന്മാരെ പി
ന്തുടരുകയും ചെയ്തു. എന്നാൽ യി
സ്രാഎൽ പുത്രന്മാർ ശ്രെഷ്ഠതയു
ള്ള കയ്യൊടെ പുറപ്പെട്ടു.
൯ എങ്കിലും മിസ്രയകാർ (പറൊ
വിൻെറ സകല കുതിരകളും, രഥ
ങ്ങളും, അവൻെറ കുതിരക്കാരും,
അവൻെറ സൈന്യവുമായി) അവ
രെ പിന്തുടൎന്നു, സമുദ്രത്തിൻെറ
അരികെ ബാൽസെഫൊന്ന മു
മ്പാകെ പിയഹിറൊത്തിന സമീ
പെ അവർ പാളയമിറങ്ങിയിരി
ക്കുമ്പൊൾ, അവരുടെ പിന്നാലെ
എത്തുകയും ചെയ്തു.
൧൦ ¶ പിന്നെ പറൊ സമീപിച്ചു
വരുമ്പൊൾ യിസ്രാഎൽ പുത്രന്മാ
ർ തങ്ങളുടെ കണ്ണുകളെ ഉയൎത്തി,
ഇതാ, മിസ്രയകാർ തങ്ങളുടെ പി
ന്നാലെ വരുന്നതിനെ അവർ ക
ണ്ടു, എററവും ഭയപ്പെട്ടു: അപ്പൊ
ൾ യിസ്രാഎൽ പുത്രന്മാർ യഹൊ
വായെ നൊക്കി വിളിച്ചു.
൧൧ അവർ മൊശെയൊട പറ
ഞ്ഞു, മിസ്രയിമിൽ ശവക്കുഴികളി
ല്ലായ്കകൊണ്ടു, നീ ഞങ്ങളെ വന
ത്തിൽ മരിക്കെണ്ടുന്നതിന കൂട്ടി കൊ
ണ്ടുവന്നുവൊ? നീ ഞങ്ങളെ മി
സ്രയിമിൽനിന്ന പുറപ്പെടുവിച്ച
തിനാൽ ഞങ്ങളൊട ഇപ്രകാരം
ചെയ്തത എന്ത?
൧൨ ഞങ്ങളെ മിസ്രയകാൎക്ക വെ
ല ചെയ്വാൻ വിടെണം എന്ന ഞ
ങ്ങൾ മിസ്രയിമിൽ വച്ചു നിന്നൊ
ട പറഞ്ഞ വചനം ഇത തന്നെ
അല്ലയൊ? എന്തെന്നാൽ ഞങ്ങൾ
വനത്തിൽ മരിക്കുന്നതിനെക്കാൾ
മിസ്രയകാൎക്ക വെല ചെയ്യുന്നത
ഞങ്ങൾക്ക നല്ലത.
൧൩ എന്നാറെ മൊശെ ജന
ത്തൊട പറഞ്ഞു, ഭയപ്പെടാതെ ഇ
രിപ്പിൻ, നിങ്ങൾ നിന്നുകൊണ്ടു
യഹൊവാ ഇന്ന നിങ്ങൾക്ക ചെ
യ്വാനിരിക്കുന്ന രക്ഷയെ നൊക്കി
കൊൾവിൻ: എന്തെന്നാൽ നിങ്ങ
ൾ ഇന്ന കണ്ടിട്ടുള്ള മിസ്രയകാ
രെ നിങ്ങൾ ഇനി എന്നെക്കും കാ
ണുകയുമില്ല.
൧൪ യഹൊവാ നിങ്ങൾക്ക വെ
ണ്ടി യുദ്ധം ചെയ്യും, നിങ്ങൾ മി
ണ്ടാതെ ഇരിക്കയും വെണം.
൧൫ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, നീ എങ്കലെ
ക്ക വിളിക്കുന്നത എന്തിന? മുമ്പൊ
ട്ടു യാത്ര പുറപ്പെടെണമെന്ന യി
സ്രാഎൽ പുത്രന്മാരൊട പറക.

൧൬ എന്നാൽ നീ നിന്റെ കൊ
ലിനെ ഉയൎത്തി, നിന്റെ കയ്യി
നെ സമുദ്രത്തിന്മെൽ നീട്ടി, അതി
നെ വിഭാഗിക്ക; അപ്പൊൾ യി
സ്രാഎൽ പുത്രന്മാർ സമുദ്രത്തി
ന്റെ നടുവിൽ കൂടെ ഉണങ്ങിയ
[ഭൂമിയിൽ] നടന്ന പൊകും.
൧൭ എന്നാലൊ ഞാൻ, ഇതാ,
ഞാൻ മിസ്രയകാരുടെ ഹൃദയങ്ങ
ളെ കഠിനപ്പെടുത്തും, അവരും അ
വരുടെ പിന്നാലെ വരും: എന്നാ
ൽ പറവൊവിലും, അവന്റെ എല്ലാ
സൈന്യത്തിലും, അവന്റെ രഥ
ങ്ങളിലും, അവന്റെ കുതിരക്കാരി
ലും ഞാൻ മഹത്വപ്പെടും.
൧൮ ഇപ്രകാരം ഞാൻ പറവൊ
വിലും, അവന്റെ രഥങ്ങളിലും,
അവന്റെ കുതിരക്കാരിലും മഹത്വ
പ്പെടുമ്പൊൾ, ഞാൻ യഹൊവാ
[ആകുന്നു] എന്ന മിസ്രയകാർ അ
റിയെണ്ടിവരും.
൧൯ ¶ അപ്പൊൾ യിസ്രാഎൽകാ
രുടെ സൈന്യത്തിന മുമ്പെ നട
ന്ന ദൈവത്തിന്റെ ദൂതൻ കട
ന്നു വന്ന, അവരുടെ പിന്നാലെ
നടന്നു; അവരുടെ മുമ്പിൽനിന്ന
മെഘത്തൂണ കടന്നുവന്ന, അവ
രുടെ പിന്നാലെ നിന്നു:
൨൦ അത മിസ്രയകാരുടെ സൈ
ന്യത്തിനും യിസ്രാഎൽകാരുടെ
സൈന്യത്തിനും നടുവെ വന്നു;
[അവൎക്ക] മെഘവും ഇരിട്ടുമായിരു
ന്നു, എന്നാൽ ഇവൎക്ക രാത്രിയെ
പ്രകാശിപ്പിച്ചിരുന്നു: അതുകൊ
ണ്ട രാത്രി മുഴുവനും അത ഇതിനൊ
ട അടുക്കാതെ ഇരുന്നു.
൨൧ ¶ പിന്നെ മൊശെ തന്റെ
കയ്യിനെ സമുദ്രത്തിന്മെൽ നീട്ടി, അ
പ്പൊൾ യഹൊവാ സമുദ്രത്തെ അ
ന്ന രാത്രി മുഴുവനും മഹാ ശക്തിയു
ള്ള കിഴക്കൻ കാറ്റുകൊണ്ട മാറുമാ
റാക്കി, സമുദ്രത്തെ ഉണങ്ങിയ [ഭൂ
മി] ആക്കി; അപ്രകാരം വെള്ളങ്ങ
ൾ വിഭാഗിക്കപ്പെട്ടു.
൨൨ പിന്നെ യിസ്രാഎൽ പുത്ര
ന്മാർ സമുദ്രത്തിന്റെ നടുവിൽ ഉ
ണങ്ങിയ [ഭൂമിയിൽ] പ്രവെശി
ച്ചു: അവരുടെ വലത്തു ഭാഗമായും
അവരുടെ ഇടത്തു ഭാഗമായും വെ
ള്ളങ്ങൾ അവൎക്ക മതിലായി തീൎന്നു.
൨൩ അപ്പൊൾ മിസ്രയകാർ പി
ന്തുടൎന്നു, പറവൊവിന്റെ എല്ലാ കുതി
രകളും, അവന്റെ രഥങ്ങളും, അ
വന്റെ കുതിരക്കാരും അവരുടെ
പിന്നാലെ സമുദ്രത്തിന്റെ നടു
വിലെക്ക പ്രവെശിക്കയും ചെയ്തു.
൨൪ ¶ പിന്നെ പ്രഭാതകാലത്തെ
യാമത്തിങ്കൽ ഉണ്ടായത എന്തെ
ന്നാൽ, യഹൊവാ അഗ്നിയും മെ
ഘവുമായ തൂണിൽനിന്ന മിസ്രയ
കാരുടെ സൈന്യത്തെ നൊക്കി മി
സ്രയകാരുടെ സൈന്യത്തെ വി
ഷമിപ്പിച്ചു,
൨൫ അവരുടെ രഥങ്ങളുടെ ചക്ര
ങ്ങളെ നീക്കിക്കളഞ്ഞ, അവരെ പ്ര
യാസമായി നടത്തിക്കുമാറാക്കി;
അതകൊണ്ട മിസ്രയകാർ പറ
ഞ്ഞു, നാം യിസ്രാഎലിന്റെ മുഖ
ത്തനിന്ന ഒടിപ്പൊക; എന്തെന്നാൽ
യഹൊവാ അവൎക്ക വെണ്ടി മിസ്ര
യകാൎക്ക വിരൊധമായി യുദ്ധം
ചെയ്യുന്നു.
൨൬ അപ്പൊൾ യഹൊവാ മൊ
ശെയൊട, വെള്ളങ്ങൾ മിസ്രയകാ
രുടെ മെലും, അവരുടെ രഥങ്ങളു
ടെ മെലും, അവരുടെ കുതിരക്കാരു
ടെ മെലും തിരിച്ചുവരെണ്ടുന്നതിന
നിന്റെ കയ്യിനെ സമുദ്രത്തിന്മെ
ൽ നീട്ടുക എന്ന പറഞ്ഞു.
൨൭ എന്നാറെ മൊശെ തന്റെ

കയ്യിനെ സമുദ്രത്തിന്മെൽ നീട്ടി, നെരം പുലൎന്നപ്പൊൾ സമുദ്രം തന്റെ ശക്തിയൊടെ തിരിച്ചുവന്നു; മിസ്രയക്കാരും അതിന നെരായി ഒടി: യഹൊവാ മിസ്രയക്കാരെ സമുദ്രത്തിന്റെ നടുവിൽ അവജയപ്പെടുത്തുകയും ചെയ്തു.

൨൮ വെള്ളങ്ങൾ തിരിച്ചുവന്ന, രഥങ്ങളെയും, കുതിരക്കാരെയും, അവരുടെ പിന്നാലെ സമുദ്രത്തിന്റെ ഉള്ളിൽ പ്രവെശിച്ചിരുന്ന പറവൊവിന്റെ സൈന്യത്തെ ഒക്കെയും മൂടിക്കളഞ്ഞു: അവരിൽ ഒരുത്തൻ പൊലും ശെഷിച്ചതുമില്ല.

൨൯ എന്നാലും യിസ്രാഎൽ പുത്രന്മാർ സമുദ്രത്തിന്റെ നടുവെ ഉണങ്ങിയ [ഭൂമിയിൽ] കൂടെ നടന്നപൊയി, വെള്ളങ്ങൾ അവൎക്ക അവരുടെ വലത്തു ഭാഗത്തും, അവരുടെ ഇടത്തു ഭാഗത്തും മതിൽ [ആയിരുന്നു.]

൩൦ ഇപ്രകാരം യഹൊവാ ആ ദിവസം യിസ്രാഎലിനെ മിസ്രയക്കാരുടെ കയ്യിൽനിന്ന രക്ഷിച്ചു; മിസ്രയക്കാർ സമുദ്രതീരത്ത മരിച്ചു കിടക്കുന്നതിനെ യിസ്രാഎൽകാർ കാണുകയും ചെയ്തു.

൩൧ വിശെഷിച്ച യഹൊവാ മിസ്രയക്കാരിൽ ചെയ്ത ആ വലിയ ക്രിയയെ യിസ്രാഎൽകാർ കണ്ടു: ജനം യഹൊവായെ ഭയപ്പെട്ടു, യഹൊവായെയും, അവന്റെ ഭൃത്യനായ മൊശെയെയും വിശ്വസിക്കയും ചെയ്തു.

൧൫ അദ്ധ്യായം.

൧ മൊശെയുടെ പാട്ട.—൨൨. ജനങ്ങൾക്ക വെള്ളം ഇല്ലാതാകുന്നത.—൨൩. മാറായിലെ കൈപ്പുള്ള വെള്ളം—൨൫. മധുരമുള്ളതാക്കപ്പെടുന്നത.—൨൭. അവർ എലിമിന്ന വരുന്നത.

അപ്പൊൾ മൊശെയും യിസ്രാഎൽ പുത്രന്മാരും യഹൊവായിക്ക ഈ സങ്കീൎത്തനം പാടി, പറഞ്ഞത എന്തെന്നാൽ, ഞാൻ യഹൊവായിക്ക പാടും, എന്തുകൊണ്ടെന്നാൽ അവൻ മഹത്വത്തൊടെ പ്രബലപ്പെട്ടിരിക്കുന്നു: കുതിരയെയും അതിൽ കരെറിയിരുന്നവനെയും അവൻ സമുദ്രത്തിൽ തള്ളിയിട്ടിരിക്കുന്നു.

൨ എന്റെ ബലവും എന്റെ സ്തുതിയും യെഹാവാ [ആകുന്നു,] അവൻ ഇനിക്ക രക്ഷയുമായി തീൎന്നു: അവൻ തന്നെ എന്റെ ദൈവം [ആകുന്നു,] അതുകൊണ്ട ഞാൻ അവന ഒരു വാസസ്ഥലം ഉണ്ടാക്കും: അവൻ എന്റെ പിതാവിന്റെ ദൈവം [ആകുന്നു,] അതുകൊണ്ട ഞാൻ അവനെ പുകഴ്ത്തും.

൩ യഹൊവാ യുദ്ധ മനുഷ്യൻ [ആകുന്നു:] യഹൊവാ തന്നെ അവന്റെ നാമം [ആകുന്നു.]

൪ പറവൊവിന്റെ രഥങ്ങളെയും അവന്റെ സൈന്യത്തെയും അവൻ സമുദ്രത്തിൽ തള്ളിയിട്ടിരിക്കുന്നു: അവന്റെ തെരിഞ്ഞെടുക്കപ്പെട്ട പടനായകന്മാരും ചെങ്കടലിൽ മുങ്ങിപ്പൊയിരിക്കുന്നു.

൫ ആഴങ്ങൾ അവരെ മൂടി: ഒരു കല്ലുപൊലെ അവർ അടിയിലൊട്ട ഇറങ്ങി.

൬ യഹൊവായെ, നിന്റെ വലത്തു കൈ ശക്തിയിൽ മഹത്വപ്പെട്ടിരിക്കുന്നു: യഹൊവായെ, നിന്റെ വലത്തു കൈ ശത്രുവിനെ നുറുക്കി കളഞ്ഞു.

൭ നിനക്ക വിരൊധമായി എഴുനീറ്റവരെ നീ നിന്റെ ശ്രെഷ്ഠതയുടെ മഹത്വത്തിൽ തള്ളിക്കളഞ്ഞു: നീ നിന്റെ ക്രൊധത്തെ അയച്ചു;

ത്ത അവരെ താളടി പൊലെ ഭക്ഷിച്ചു.

൮ നിന്റെ മൂക്കിലെ ദ്വാരങ്ങളുടെ ശ്വാസത്താൽ വെള്ളങ്ങൾ ഒന്നിച്ചുകൂടപ്പെട്ടു: നീരൊട്ടങ്ങൾ കൂട്ടം പൊലെ നിന്നു, ആഴങ്ങൾ സമുദ്രത്തിന്റെ ഉള്ളിൽ ഉറച്ചുപൊയി.

൯ ശത്രു പറഞ്ഞു, ഞാൻ പിന്നാലെ ചെല്ലും, പിടിക്കും, കവൎച്ചയെ പങ്കിടും: എന്റെ ആത്മാവ അവരെ കൊണ്ട തൃപ്തിപ്പെടും, ഞാൻ എന്റെ വാളിനെ ഊരും, എന്റെ കൈ അവരെ നശിപ്പിക്കും.

൧൦ നീ നിന്റെ കാറ്റ കൊണ്ട ഊതി, സമുദ്രം അവരെ മൂടി: ൟയം പൊലെ വലിയ വെള്ളങ്ങളിൽ അവർ മുങ്ങിപൊയി.

൧൧ യഹൊവായെ, ദെവന്മാരിൽ നിനക്ക സദൃശൻ ആര? ശുദ്ധിയിൽ മഹത്വമുള്ളവനും, സ്തുതികളിൽ ഭയപ്പെടത്തക്കവനും, അത്ഭുതങ്ങളെ ചെയ്യുന്നവനുമായ നിനക്ക സദൃശൻ ആര?

൧൨ നിന്റെ വലത്തെ കയ്യിനെ നീ നീട്ടി, ഭൂമി അവരെ വിഴുങ്ങിക്കളഞ്ഞു.

൧൩ നീ വീണ്ടെടുത്തിട്ടുള്ള ജനത്തെ നിന്റെ കരുണയിൽ നീ കൂട്ടികൊണ്ടുവന്നു: നിന്റെ ശുദ്ധമുള്ള വാസസ്ഥലത്തിലെക്ക നീ അവരെ നിന്റെ ബലം കൊണ്ട വഴി നടത്തി.

൧൪ ജനങ്ങൾ കെട്ടിട്ട വ്യാകുലപ്പെടും: ഫലിസ്തിയായിലുള്ള കുടിയാന്മാരെ ദുഃഖം പിടിക്കും.

൧൫ അപ്പൊൾ എദൊമിലെ പ്രഭുക്കൾ ഭ്രമിക്കും, മൊവാബിലെ ശക്തിമാന്മാരായവരെ വിറയൽ പിടിക്കും: കനാനിലെ പ്രജകളെല്ലാം ദ്രവിച്ചു പൊകും.

൧൬ ഭയവും ഞെട്ടലും അവരുടെ മെൽ വീഴും: യഹൊവായെ, നിന്റെ ജനം കടക്കുവൊളത്തിനും, നീ സമ്പാദിച്ച ജനം കടന്നുപൊകുവൊളത്തിനും, അവർ നിന്റെ ഭുജത്തിന്റെ വല്ലഭത്വത്താൽ, കല്ലു പൊലെ മൌനമായിരിക്കും.

൧൭ നീ അവരെ ഉൾപ്രവെശിപ്പിച്ചു, യഹൊവായെ, നീ നിനക്ക വസിക്കെണ്ടുന്നതിന ഉണ്ടാക്കിയ സ്ഥാനമായ നിന്റെ അവകാശത്തിന്റെ പൎവതത്തിൽ, യഹൊവായെ, നിന്റെ കൈകൾ സ്ഥാപിച്ച ശുദ്ധസ്ഥലത്ത അവരെ നടും.

൧൮ യഹൊവാ എന്നന്നെക്കും രാജാവായി വാഴും.

൧൯ എന്തുകൊണ്ടെന്നാൽ പറൊവിന്റെ കുതിര അവന്റെ രഥത്തൊടും, അവന്റെ കുതിരക്കാരൊടും കൂടെ സമുദ്രത്തിന്റെ നടുവിലെക്ക പ്രവെശിച്ചു; അപ്പൊൾ യഹൊവാ സമുദ്രത്തിലെ വെള്ളങ്ങളെ അവരുടെ മെൽ തിരിച്ചുവരുത്തി: എന്നാൽ യിസ്രാഎൽ പുത്രന്മാർ സമുദ്രത്തിന്റെ നടുവിൽ ഉണങ്ങിയ [ഭൂമിയിൽ] കൂടെ നടന്നു.

൨൦ ¶ അഹറൊന്റെ സഹൊദരിയായ മിറിയാം എന്ന ദീൎഘദൎശിണിയും തന്റെ കയ്യിൽ തപ്പിനെ എടുത്തു: സകല സ്ത്രീകളും തപ്പുകളൊടും ഗീതവാദ്യങ്ങളൊടും കൂടെ അവളുടെ പിന്നാലെ പുറപ്പെട്ടു.

൨൧ മിറിയാം അവരൊട ഉത്തരമായിട്ട പറഞ്ഞു, യഹൊവായിക്ക പാടുവിൻ, എന്തുകൊണ്ടെന്നാൽ അവൻ മഹത്വമായി പ്രബലപ്പെട്ടു; കുതിരയെയും, അതിൽകരെറിയവനെയും അവൻ സമുദ്രത്തിൽ തള്ളിയിട്ടു.

൨൨ ¶ പിന്നെ മൊശെ യിസ്രാ
എലിനെ ചെങ്കടലിൽനിന്ന യാ
ത്ര പുറപ്പെടുവിച്ചു; അവർ ശൂറി
ലെ വനത്തിലെക്ക പുറപ്പെട്ടുപൊ
യി; മൂന്ന ദിവസം വനത്തിൽ വെ
ള്ളം കിട്ടാതെ നടന്നു.
൨൩ അവർ മാറായിൽ വന്നാ
റെ അവൎക്ക മാറായിലെ വെള്ള
ങ്ങളെ കുടിപ്പാൻ വഹിയാതെ ഇ
രുന്നു, എന്തെന്നാൽ അവ കൈ
പ്പുള്ളവയായിരുന്നു: ആയതുകൊ
ണ്ട അതിന്റെ മാറാ എന്ന പെർ
വിളിക്കപ്പെട്ടു.
൨൪ അപ്പൊൾ ജനം മൊശെക്ക
വിരൊധമായി പിറുപിറുത്ത, ഞ
ങ്ങൾ എതൊന്നിനെ കുടിക്കെണ്ടു
എന്ന പറഞ്ഞു.
൨൫ എന്നാറെ മൊശെ യഹൊ
വായെ നൊക്കി വിളിച്ചു; അപ്പൊ
ൾ യഹൊവാ മൊശെക്ക ഒരു വൃ
ക്ഷം കാണിച്ചു, അതിനെ അവ
ൻ വെള്ളങ്ങളിൽ ഇട്ടപ്പൊൾ വെ
ള്ളങ്ങൾ മധുരമുള്ളവയായി തീ
ൎന്നു: അവൻ അവിടെ വെച്ച അ
വൎക്ക പ്രമാണങ്ങളെയും ന്യായങ്ങ
ളെയും കല്പിച്ചു; അവിടെയും അവ
ൻ അവരെ പരീക്ഷിച്ചു, പറഞ്ഞ
ത എന്തെന്നാൽ,
൨൬ നീ നിന്റെ ദൈവമായ യ
ഹൊവായുടെ ശബ്ദത്തെ ജാഗ്രത
യൊടെ കെട്ട, അവന്റെ കണ്ണുക
ൾക്ക ഉചിതമായുള്ളതിനെ ചെയ്ത,
അവന്റെ കല്പനകൾക്ക ചെവി
കൊടുത്ത, അവന്റെ ന്യായങ്ങളെ
ഒക്കെയും പ്രമാണിക്കുമെങ്കിൽ,
ഞാൻ മിസ്രയക്കാരുടെ മെൽ വരു
ത്തിയ വ്യാധികളിൽ ഒന്നിനെ എ
ങ്കിലും നിന്റെ മെൽ ആക്കുകയില്ല:
എന്തെന്നാൽ ഞാൻ നിന്നെ സൌ
ഖ്യമാക്കുന്ന യഹൊവാ[ആകുന്നു.]

൧൬

൨൭ പിന്നെ അവർ എലിമിന
വന്നു, അവിടെ പന്ത്രണ്ട നീരുറ
വുകളും, എഴുപത ഈന്ത വൃക്ഷങ്ങ
ളും [ഉണ്ടായിരുന്നു:] അവിടെ വെ
ള്ളങ്ങളുടെ അരികെ അവർ പാള
യമിറങ്ങുകയും ചെയ്തു.

൧൬ അദ്ധ്യായം.

൧ അപ്പം ഇല്ലായ്കകൊണ്ട യിസ്രാഎൽ പുത്രന്മാ
ർ പിറുപിറുക്കുന്നത.—൧൩. കാടപ്പക്ഷികളും
൧൪. മന്നായും അയക്കപ്പെടുന്നത.

പിന്നെ അവർ എലിമിൽനി
ന്ന യാത്ര പുറപ്പെട്ടു, യിസ്രാഎൽ
പുത്രന്മാർ മിസ്രയിം ദെശത്തനി
ന്ന പുറപ്പെട്ട രണ്ടാം മാസം പതി
നഞ്ചാം തിയ്യതി അവരുടെ സം
ഘം ഒക്കെയും എലിമിനും സീനാ
യിക്കും നടുവെ ഉള്ള സിൻ എന്ന
വനത്തിലെക്ക വന്നു.
൨ ആ വനത്തിൽ യിസ്രാഎൽ പു
ത്രന്മാരുടെ സംഘം ഒക്കെയും മൊ
ശെക്കും അഹറൊന്നും വിരൊധ
മായി പിറുപിറുത്തു.
൩ യിസ്രാഎൽ പുത്രന്മാർ അവ
രൊട പറഞ്ഞു, ഞങ്ങൾ മാംസക
ലങ്ങളുടെ അടുക്കലിരുന്ന, അപ്പ
ത്തെ തൃപ്തിയാകുംവണ്ണം ഭക്ഷിച്ച
പ്പൊൾ, ഞങ്ങൾ മിസ്രയിം ദെശ
ത്ത യഹൊവായുടെ കയ്യാൽ മരി
ച്ചിരുന്നു എങ്കിൽ കൊള്ളായിരുന്നു:
എന്തുകൊണ്ടെന്നാൽ ഈ സംഘ
ത്തെ ഒക്കെയും വിശപ്പുകൊണ്ട
കൊന്നുകളവാൻ ഞങ്ങളെ നിങ്ങ
ൾ ഈ വനത്തിലെക്ക കൂട്ടികൊണ്ടു
വന്നിരിക്കുന്നു.
൪ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, ഇതാ, ഞാൻ
നിങ്ങൾക്ക ആകാശത്തനിന്ന അ
പ്പത്തെ വൎഷിപ്പിക്കും; ജനം എ
ന്റെ ന്യായപ്രമാണത്തിൽ നട

ക്കുമൊ ഇല്ലയൊ എന്ന ഞാൻ അവരെ പരീക്ഷിക്കെണ്ടുന്നതിന, അവർ പുറപ്പെട്ട, അന്നന്നുള്ള [ഭക്ഷണ] വീതത്തിന ഒരൊ ദിവസം കൂട്ടി എടുക്കയും വെണം.

൫ എന്നാൽ ആറാം ദിവസം ഇ പ്രകാരം ഉണ്ടാകും, അവർ കൊണ്ടു വരുന്നതിനെ ഒരുക്കെണം; അവർ ദിവസം പ്രതി കൂട്ടുന്നതിനെക്കാൾ അപ്പൊൾ ഇരട്ടിയുണ്ടായിരിക്കെണം.

൬ അപ്പൊൾ മൊശെയും അഹറൊനും യിസ്രാഎൽ പുത്രന്മാരൊട എല്ലാവരൊടും പറഞ്ഞു, യഹൊവാ നിങ്ങളെ മിസ്രയിം ദെശത്തനിന്ന പുറപ്പെടുവിച്ചു എന്ന വൈകുന്നെരത്ത തന്നെ നിങ്ങൾ അറിയെണ്ടി വരും.

൭ പിന്നെ പ്രാതഃകാലത്ത നിങ്ങൾ യഹൊവായുടെ മഹത്വത്തെയും കാണും; എന്തെന്നാൽ യഹൊവായിക്ക വിരൊധമായ നിങ്ങളുടെ പിറുപിറുപ്പുകളെ അവൻ കെട്ടിരിക്കുന്നു: നിങ്ങൾ ഞങ്ങൾക്ക വിരൊധമായി പിറുപിറുക്കുന്നതിന ഞങ്ങളും എത്ര മാത്രമുള്ളു?

൮ പിന്നെയും മൊശെ പറഞ്ഞു, യഹൊവാ നിങ്ങൾക്ക വൈകുന്നെരത്ത ഭക്ഷിക്കെണ്ടുന്നതിന മാംസത്തെയും, പ്രാതഃകാലത്ത നിങ്ങൾക്ക തൃപ്തിയാകുവാനായിട്ട അപ്പത്തെയും തരുമ്പൊൾ, [ആയതിനെ നിങ്ങൾ കാണും;] എന്തുകൊണ്ടെന്നാൽ യഹൊവായിക്ക വിരൊധമായി നിങ്ങൾ ചെയ്യുന്ന നിങ്ങളുടെ പിറുപിറുപ്പുകളെ അവൻ കെൾക്കുന്നു, ഞങ്ങളും എത്ര മാത്രമുള്ളു? നിങ്ങളുടെ പിറുപിറുപ്പുകൾ ഞങ്ങൾക്ക വിരൊധമായിട്ടല്ല, യഹൊവായിക്ക വിരൊധമായിട്ട തന്നെ [ആകുന്നു.]

൯ പിന്നെയും മൊശെ അഹറൊനൊട പറഞ്ഞു, യഹൊവായിക്ക മുമ്പാകെ അടുത്തുവരുവിൻ: എന്തുകൊണ്ടെന്നാൽ അവൻ നിങ്ങളുടെ പിറുപിറുപ്പുകളെ കെട്ടു എന്ന യിസ്രാഎൽ പുത്രന്മാരുടെ എല്ലാ സംഘത്തൊടും പറയെണം.

൰ പിന്നെ അഹറൊൻ യിസ്രാഎൽ പുത്രന്മാരുടെ എല്ലാ സംഘത്തൊടും സംസാരിക്കുമ്പൊൾ ഉണ്ടായത എന്തെന്നാൽ, അവർ വനത്തിന നെരെ തിരിഞ്ഞ നൊക്കി; അപ്പൊൾ, ഇതാ, യഹൊവായുടെ മഹത്വം മെഘത്തിൽ കാണപ്പെട്ടു.

൰൧ അപ്പൊൾ യഹൊവാ മൊശെയൊട സംസാരിച്ചു പറഞ്ഞത എന്തെന്നാൽ,

൰൨ യിസ്രാഎൽ പുത്രന്മാരുടെ പിറുപിറുപ്പുകളെ ഞാൻ കെട്ടിരിക്കുന്നു: നീ അവരൊട സംസാരിച്ചു, നിങ്ങൾ വൈകുന്നെരത്ത മാംസത്തെ ഭക്ഷിച്ചു, പ്രാതഃകാലത്ത അപ്പം കൊണ്ട തൃപ്തിയാകും: ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു] എന്ന നിങ്ങൾ അറികയും ചെയ്യും എന്ന പറയെണം.

൰൩ ¶ വൈകുന്നെരത്ത ഉണ്ടായത എന്തെന്നാൽ, കാടപ്പക്ഷികൾ കരെറി വന്ന, പാളയത്തെ മൂടിക്കളഞ്ഞു: എന്നാൽ പ്രാതഃകാലത്ത സൈന്യത്തിന്റെ ചുററും മഞ്ഞ വീണിരുന്നു.

൰൪ പിന്നെ വീണിരുന്ന മഞ്ഞ കരെറിയതിന്റെ ശെഷം, ഇതാ, വനത്തിൽ എല്ലാടവും ഉരുണ്ടിട്ടൊരു ചെറിയ വസ്തു നിലത്തിന്മെൽ ഉറച്ച മഞ്ഞ പൊടിപൊലെ ചെറിയതായി കിടന്നിരുന്നു.

൧൫ യിസ്രാഎൽ പുത്രന്മാർ അതിനെ കണ്ടാറെ, അത മന്നാ എന്ന അവർ തമ്മിൽ തമ്മിൽ പറഞ്ഞു: എന്തുകൊണ്ടെന്നാൽ അത എന്ത എന്ന അവർ അറിഞ്ഞില്ല. അപ്പൊൾ മൊശെ അവരൊട പറഞ്ഞു, ഇത യഹൊവാ നിങ്ങൾക്ക ഭക്ഷിപ്പാൻ തന്നിരിക്കുന്ന അപ്പം [ആകുന്നു.]

൧൬ ഇത യഹൊവാ കല്പിച്ച കാൎയ്യം [ആകുന്നു,] ഒരൊരുത്തൻ അവനവൻ ഭക്ഷിക്കുന്നെടത്തൊളം അതിൽനിന്ന കൂട്ടിചെൎക്കട്ടെ: നിങ്ങളുടെ ആത്മാക്കളുടെ എണ്ണ പ്രകാരം, അവനവന്റെ കൂടാരത്തിലുള്ളവൎക്കായിട്ട ഒരൊരുത്തന ഒരൊ ഇടങ്ങഴി വീതം എടുത്തുകൊള്ളണം.

൧൭ യിസ്രാഎൽ പുത്രന്മാർ അപ്രകാരം ചെയ്തു, ചിലർ എറയും, ചിലർകുറെയും കൂട്ടി ചെൎക്കയും ചെയ്തു.

൧൮ പിന്നെ ഇടങ്ങഴി കൊണ്ട അവർ അളന്നപ്പൊൾ എറെ കൂട്ടി ചെൎത്തവന അധികമുണ്ടായില്ല, കുറെച്ചകൂട്ടിചെൎത്തവന കുറവുണ്ടായതുമില്ല: അവരവർ തങ്ങൾ ഭക്ഷിക്കുന്നെടത്തൊളം കൂട്ടി ചെൎത്തു.

൧൯ വിശെഷിച്ച ഒരുത്തനും അതിൽ പിറെറ നാളത്തെക്ക ഒട്ടും ശെഷിപ്പിക്കരുതെന്ന മൊശെ പറഞ്ഞു.

൨൦ എന്നാറെ അവർ മൊശെക്ക ചെവികൊടുക്കാതെ, ചിലർ അതിൽ പിറെറനാളത്തെക്ക കുറെ ശെഷിപ്പിച്ചു, എന്നാൽ അത കൃമിച്ച നാറി: അപ്പൊൾ മൊശെ അവരുടെ നെരെ കൊപിച്ചു.

൨൧ അവർ അതിനെ രാവിലെതൊറും അവനവൻ ഭക്ഷിക്കത്തക്കതായി കൂട്ടിചെൎത്തു, വെയിൽ മൂത്തപ്പൊൾ അത ഉരുകിപൊയി.

൨൨ ആറാം ദിവസം ഉണ്ടായത എന്തെന്നാൽ, അവർ ഇരട്ടിച്ച അപ്പം, ഒരൊരുത്തന ൟരണ്ട ഇടങ്ങഴിയായി, കൂട്ടി ചെൎത്തു: അപ്പൊൾ സംഘത്തിന്റെ പ്രമാണികൾ എല്ലാവരും വന്ന, മൊശെയൊട അറിയിച്ചു.

൨൩ എന്നാറെ അവൻ അവരൊട പറഞ്ഞു, ഇത യഹൊവാ പറഞ്ഞത തന്നെ [ആകുന്നു,] നാളെ യഹൊവായുടെ ശുദ്ധമുള്ള ശാബതിന്റെ സ്വസ്ഥത [ആകുന്നു:] നിങ്ങൾ [ഇന്ന] ചുടുവാനുള്ളതിനെ ചുടുവിൻ, പാകം ചെയ്വാനുള്ളതിനെ പാകം ചെയ്വിൻ; ശെഷിപ്പായിരിക്കുന്നതിനെ ഒക്കെയും നാളെയൊളം നിങ്ങൾക്കായിട്ട സൂക്ഷിച്ച വെക്കയുംചെയ്വിൻ.

൨൪ മൊശെ കല്പിച്ച പ്രകാരം അവർ അതിനെ പിറെറ ദിവസം വരെയും സൂക്ഷിച്ച വെച്ചു: എന്നാറെ അത നാറിയില്ല, അതിൽ കൃമി ഉണ്ടായതുമില്ല.

൨൫ അപ്പൊൾ മൊശെ പറഞ്ഞു, അതിനെ ഇന്ന ഭക്ഷിപ്പിൻ; എന്തെന്നാൽ ഇന്ന യഹൊവായിക്ക സ്വസ്ഥനാൾ [ആകുന്നു:] ഇന്ന നിങ്ങൾ അതിനെ പറമ്പിൽ കണ്ടെത്തുകയില്ല.

൨൬ ആറ ദിവസം നിങ്ങൾ അതിനെ കൂട്ടി ചെൎക്കെണം: എന്നാൽ സ്വസ്ഥനാളായഎഴാം ദിവസമൊ, അന്ന അത ഉണ്ടാകയില്ല.

൨൭ പിന്നെ ഉണ്ടായത എന്തെന്നാൽ, എഴാം ദിവസം ജനങ്ങളിൽ [ചിലർ] കൂട്ടുവാനായിട്ട പുറപ്പെട്ടു, എന്നാറെ അവർ കണ്ടെത്തിയില്ല.

൨൮ അപ്പോൾ യഹൊവാ മൊശെയൊട പറഞ്ഞു, നിങ്ങൾ എന്റെ കല്പനകളെയും എന്റെ ന്യായപ്രമാണങ്ങളെയും പ്രമാണിപ്പാൻ എത്രത്തൊളം വിരൊധമായിരിക്കുന്നു.

൨൯ നൊക്കുവിൻ, യഹൊവാ നിങ്ങൾക്ക സ്വസ്ഥനാളിനെ തന്നിരിക്കുന്നു, അതുകൊണ്ട അവൻ നിങ്ങൾക്ക ആറാം ദിവസത്തിൽ രണ്ട ദിവസത്തെ അപ്പത്തെ തരുന്നു: നിങ്ങൾ അവനവന്റെ സ്ഥലത്ത ഇരിപ്പിൻ, എഴാം ദിവസം ഒരുത്തനും തന്റെ സ്ഥലത്തനിന്ന പുറപ്പെടരുത.

൩൦ അപ്രകാരം തന്നെ ജനം എഴാം ദിവസം സ്വസ്ഥമായിരുന്നു.

൩൧ വിശെഷിച്ച യിസ്രാഎൽ ഭവനക്കാർ അതിന മന്നാ എന്ന പെർ വിളിച്ചു: അത കൊത്തമ്പാലരി പൊലെ വെണ്മയായിരുന്നു; അതിന്റെ രുചി തെൻ കൂട്ടിയ ദൊശ പൊലെ ആയിരുന്നു.

൩൨ ¶ പിന്നെയും മൊശെ പറഞ്ഞു, ഇത യഹൊവാ കല്പിക്കുന്ന കാര്യം [ആകുന്നു,] ഞാൻ നിങ്ങളെ മിസ്രയിം ദെശത്തനിന്ന പുറപ്പെടുവിച്ചപ്പൊൾ, നിങ്ങൾക്ക വനത്തിൽ ഭക്ഷിപ്പാൻ ഞാൻ തന്ന അപ്പത്തെ നിങ്ങളുടെ തലമുറകൾ കാണെണ്ടുന്നതിന അവർക്കായി സൂക്ഷിക്കപ്പെടുവാനായിട്ട അതിൽ ഒരിടങ്ങഴി നിറച്ചെടുക്കെണം.

൩൩ പിന്നെയും മൊശെ അഹറൊനൊട, നീ ഒരു പാത്രം എടുത്ത, അതിൽ ഒര ഇടങ്ങഴി മന്നായെ ഇട്ട, അതിനെ നിങ്ങളുടെ തലമുറകൾക്കായി സൂക്ഷിക്കപ്പെടുവാനായിട്ട യഹൊവായുടെ മുമ്പാകെ വെച്ചുകൊൾക എന്ന പറഞ്ഞു.

൩൪ യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം തന്നെ അത സൂക്ഷിക്കപ്പെടുവാനായിട്ട അഹറൊൻ അതിനെ സാക്ഷിക്ക മുമ്പാകെ വെച്ചു.

൩൫ പിന്നെ യിസ്രാഎൽ പുത്രന്മാർ കുടിയിരിപ്പുള്ള ദെശത്തെക്ക വരുവൊളത്തിന അവർ നാല്പത സംവത്സരം മന്നായെ ഭക്ഷിച്ചു: അവർ കനാൻ ദെശത്തിന്റെ അതൃത്തിയിൽ വരുവൊളത്തിന അവർ മന്നായെ ഭക്ഷിച്ചു.

൩൬ എന്നാൽ ഒര ഇടങ്ങഴി പറയിൽ പത്തിൽ ഒര ഒഹരി [ആകുന്നു.]

൧൭ അദ്ധ്യായം.

൧ റെഫിദിമിൽ വെച്ച ജനങ്ങൾ വെള്ളത്തിനായിട്ട പിറുപിറുക്കുന്നത.—൫. മൊശെ ഹൊറെബിൽ പാറയുടെ അടുക്കൽ അയക്കപ്പെട്ടുന്നത.—൮. അമാലെക്ക തൊല്ക്കുന്നത.

പിന്നെ യിസ്രാഎൽ പുത്രന്മാരുടെ സംഘം എല്ലാം സിൻ എന്ന വനത്തിൽനിന്ന യാത്ര പുറപ്പെട്ട, യഹൊവായുടെ കല്പന പ്രകാരം തങ്ങൾ ചെയ്യു യാത്രകളിൽ റെഫിദിമിൽ വന്ന, പാളയമിറങ്ങി: അവിടെ ജനത്തിന കുടിപ്പാൻ വെള്ളമുണ്ടായിരുന്നില്ല.

൨ അതുകൊണ്ട ജനം മൊശെയൊട വിവാദിച്ചു, ഞങ്ങൾക്ക കുടിപ്പാൻ വെള്ളം തരുവിൻ എന്നും പറഞ്ഞു: എന്നാറെ മൊശെ അവരൊട നിങ്ങൾ എന്നൊട എന്തിന വിവാദിക്കുന്നു? നിങ്ങൾ യഹൊവായെ എന്തിന പരീക്ഷിക്കുന്നു എന്ന പറഞ്ഞു.

൩ എന്നാൽ ജനം അവിടെ വെള്ളത്തിന ദാഹിച്ചിരുന്നു: ജനം മൊ

ശെക്ക വിരൊധമായി പിറുപിറ
ത്തു, നീ ഞങ്ങളെയും, ഞങ്ങളുടെ
പൈതങ്ങളെയും, ഞങ്ങളുടെ മൃഗ
ജീവങ്ങളെയും ദാഹം കൊണ്ട
കൊന്നുകളവാൻ ഞങ്ങളെ മിസ്ര
യിമിൽനിന്ന എന്തിന കൂട്ടികൊ
ണ്ടുവന്നു എന്നും പറഞ്ഞു.

൪ എന്നാറെ മൊശെ യഹൊവാ
യിങ്കലെക്ക നൊക്കി വിളിച്ചു, ൟ
ജനത്തിന ഞാൻ എന്ത ചെയ്യെ
ണ്ടു? അവർ എന്നെ കല്ലെറിയുമാ
റായിരിക്കുന്നു എന്ന പറഞ്ഞു.

൫ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, നീ ജനത്തി
ന്റെ മുമ്പാകെ നടന്ന, യിസ്രാ
എലിന്റെ മൂപ്പന്മാരിൽ ചിലരെ
നിന്നൊട കൂടെ കൂട്ടിക്കൊൾക: നീ
നദിയെ അടിച്ചിട്ടുള്ള നിന്റെ വടി
യെയും നിന്റെ കയ്യിൽ പിടിച്ചു
കൊണ്ട പൊക.

൬ ഇതാ, ഞാൻ അവിടെ ഹൊ
റെബിൽ നിന്റെ മുമ്പാകെ പാറ
യുടെ മെൽ നിൽക്കും; എന്നാൽ
നീ പാറയെ അടിക്കെണം, അ
പ്പൊൾ ജനത്തിന കുടിപ്പാൻ അ
തിൽനിന്ന വെള്ളം പുറപ്പെടും. എ
ന്നാറെ മൊശെ യിസ്രാഎലിന്റെ
മൂപ്പന്മാരുടെ കണ്ണുകൾക്ക മുമ്പാകെ
ഇപ്രകാരം ചെയ്തു.

൭ യിസ്രാഎൽ പുത്രന്മാരുടെ വി
വാദത്തിന്റെ നിമിത്തവും, യഹൊ
വാ ഞങ്ങളുടെ ഇടയിൽ ഉണ്ടൊ
ഇല്ലയൊ എന്ന അവർ യഹൊ
വായെ പരീക്ഷിച്ചതിന്റെ നിമി
ത്തവും അവൻ ആ സ്ഥലത്തിന
മസ്സാ എന്നും മെറിബാ എന്നും
പെർ വിളിക്കയും ചെയ്തു.

൮ ¶ അതിന്റെ ശെഷം അമാ
ലെക്ക വന്ന, റെഫിദീമിൽ വെച്ച
യിസ്രാഎലിനൊട യുദ്ധം ചെയ്തു.

൯ അപ്പൊൾ മൊശെ യൊശു
വായൊട പറഞ്ഞു, നീ നമുക്ക മ
നുഷ്യരെ തെരിഞ്ഞെടുത്ത, പുറ
പ്പെട്ടു, അമാലെക്കിന നെരെ യു
ദ്ധം ചെയ്ക: നാളെ ഞാൻ കുന്നി
ന്റെ മുകളിൽ ദൈവത്തിന്റെ
കൊലിനെ എന്റെ കയ്യിൽ പിടി
ച്ചും കൊണ്ട നില്ക്കും.

൰ മൊശെ തന്നൊട പറഞ്ഞ
പ്രകാരം തന്നെ യൊശുവാ ചെ
യ്തു, അമാലെക്കിന നെരെ യുദ്ധം
ചെയ്തു: എന്നാൽ മൊശെയും, അ
ഹറൊനും, ഹൂറും ആ കുന്നിന്റെ
മുകളിൽ കരെറി.

൰൧ അപ്പൊൾ ഉണ്ടായത എ
ന്തെന്നാൽ, മൊശെ തന്റെ കയ്യി
നെ ഉയൎത്തിയിരിക്കുമ്പൊൾ യി
സ്രാഎൽ പ്രബലപ്പെട്ടു: എന്നാ
ൽ അവൻ തന്റെ കയ്യിനെ താ
ഴ്ത്തിയിരിക്കുമ്പൊൾ അമാലെക്ക പ്ര
ബലപ്പെട്ടു.

൰൨ പിന്നെ മൊശെയുടെ കൈ
കൾ ഭാരമായിരുന്നു; അതുകൊണ്ട
അവർ ഒരു കല്ലിനെ എടുത്ത അ
വന്റെ കീഴെ വെച്ചു, അവൻ അ
തിന്മെൽ ഇരുന്നു: എന്നാൽ അ
ഹറൊനും ഹൂറും, ഒരുത്തൻ അപ്പു
റത്തും ഒരുത്തൻ ഇപ്പുറത്തും, അ
വന്റെ കൈകളെ താങ്ങി; പി
ന്നെ അവന്റെ കൈകൾ സൂൎയ്യ
ൻ അസ്തമിക്കുന്നത വരെയും നെ
രെ ഇരുന്നു.

൰൩ യൊശുവാ അമാലെക്കിനെ
യും, അവന്റെ ജനത്തെയും വാ
ളിന്റെ മൂൎച്ചയാൽ അപജയപ്പെ
ടുത്തുകയും ചെയ്തു.

൰൪ അപ്പൊൾ യഹൊവാ മൊ
ശെയൊട, നീ ഇതിനെ ഒൎമ്മയാ
യിട്ട ഒരു പുസ്തകത്തിൽ എഴുതി,
യൊശുവായുടെ ചെവികൾക്ക കെ

ഠംപ്പിക്ക: എന്തെന്നാൽ ഞാൻ അ
മാലെക്കിനെ കുറിച്ചുള്ള ഒൎമ്മയെ
ആകാശത്തിന്റെ കീഴിൽനിന്ന
അശെഷം മായിച്ചുകളയും എന്ന
പറഞ്ഞു.
൧൫ പിന്നെ മൊശെ ഒരു പീഠ
ത്തെ പണിതു, അതിന യഹൊ
വാ നിസ്സി എന്ന പെർ വിളിച്ചു.
൧൬ എന്തെന്നാൽ അവൻ പറ
ഞ്ഞു, അമാലെക്കിന്റെ കൈ യ
ഹൊവായുടെ സിംഹാസനത്തിന
വിരൊധമാകകൊണ്ട, യഹൊവാ
അമാലെക്കിന വിരൊധമായി ത
ലമുറ തലമുറയായിട്ട യുദ്ധം [ചെ
യ്യും.]

൧൮ അദ്ധ്യായം.

൧ യെത്രൊ മൊശെയുടെ അടുക്കൽ അവന്റെ ഭാൎയ്യയെയും, രണ്ട പുത്രന്മാരെയും കൊണ്ടു ചെല്ലുന്നത.—൭. മൊശെ അവനെ സല്ക്കരിക്കുന്നതും,—൧൭. അവന്റെ ആലൊചന കെൾക്കുന്നതും.

ദൈവം മൊശെക്കും തന്റെ
ജനമായ യിസ്രാഎലിനും വെ
ണ്ടി ചെയ്തതിനെ ഒക്കെയും, യ
ഹൊവാ യിസ്രാഎലിനെ മിസ്ര
യിമിൽനിന്ന പുറപ്പെടുവിച്ചതി
നെയും മിദിയാനിലെ ആചാൎയ്യ
നായി മൊശെയുടെ അമ്മായപ്പ
നായ യെത്രൊ കെട്ടു.
൨ അപ്പൊൾ മൊശെയുടെ അ
മ്മായപ്പനായ യെത്രൊ മൊശെ തി
രികെ അയച്ചിരുന്ന അവന്റെ
ഭാൎയ്യയായ സിപ്പൊറായെയും,
൩ അവളുടെ രണ്ട പുത്രന്മാരെ
യും കൂട്ടിക്കൊണ്ട പുറപ്പെട്ടു: അവ
രിൽ ഒരുത്തന്റെ പെർ ഗെൎഷൊം,
(എന്തെന്നാൽ ഞാൻ അന്യദെശ
ത്ത പരദെശിയായി എന്ന അവ
ൻ പറഞ്ഞു;)
൪ മററവന്റെ പെർ എലിയെ
സാർ, (എന്തെന്നാൽ എന്റെ പി
താവിന്റെ ദൈവം ഇനിക്ക സ
ഹായമായിരുന്ന, എന്നെ പറൊ
വിന്റെ വാളിൽനിന്ന രക്ഷിച്ചു
എന്ന അവൻ പറഞ്ഞു.)
൫ മൊശെയുടെ അമ്മായപ്പനാ
യ യെത്രൊ അവന്റെ പുത്രന്മാ
രൊടും, അവന്റെ ഭാൎയ്യയൊടും കൂ
ടെ മൊശെ പാളയമിറങ്ങിയിരുന്ന
ദൈവത്തിന്റെ പൎവതത്തിങ്കൽ വ
നത്തിലെക്ക അവന്റെ അടുക്കൽ
വന്നു.
൬ യെത്രൊ എന്ന നിന്റെ അ
മ്മായപ്പനായ ഞാനും, നിന്റെ ഭാ
ൎയ്യയും, അവളൊട കൂടെ അവളുടെ
രണ്ട പുത്രന്മാരും നിന്റെ അടുക്ക
ൽ വന്നിരിക്കുന്നു എന്നും അവൻ
മൊശെക്ക പറഞ്ഞയച്ചു.
൭ അപ്പൊൾ മൊശെ തന്റെ
അമ്മായപ്പനെ എതിരെല്പാൻ പൊ
യി, അവനെ വന്ദിച്ചു, അവനെ
ചുംബിച്ചു: അവർ തമ്മിൽ ക്ഷെമ
ം ചൊദിച്ചു, കൂടാരത്തിലെക്ക വ
രികയും ചെയ്തു.
൮ പിന്നെ മൊശെ തന്റെ അ
മ്മായപ്പനൊട, യഹൊവാ യിസ്രാ
എലിനെ കുറിച്ച പറൊവിനൊടും,
മിസ്രയക്കാരൊടും ചെയ്തതിനെ ഒ
ക്കെയും, വഴിയിൽ തങ്ങൾക്ക ഉണ്ടാ
യ അദ്ധ്വാനത്തെ ഒക്കെയും, യ
ഹൊവാ തങ്ങളെ രക്ഷിച്ച പ്രകാ
രവും വിസ്തരിച്ച പറഞ്ഞു.
൯ എന്നാറെ യഹൊവാ യിസ്രാ
എലിനെ മിസ്രയക്കാരുടെ കയ്യിൽ
നിന്ന രക്ഷിച്ചു, അവരൊട ചെ
യ്ത സകല നന്മയുടെ നിമിത്തവും
യെത്രൊ സന്തൊഷിച്ചു.
൧൦ പിന്നെ യെത്രൊ പറഞ്ഞു,
നിങ്ങളെ മിസ്രയക്കാരുടെ കയ്യിൽ
നിന്നും, പറൊവിന്റെ കയ്യിൽനി

ന്നും രക്ഷിച്ചവനായി, മിസ്രയകാ
രുടെ കയ്യിൻ കിഴിൽനിന്ന ജന
ത്തെ വിടുവിച്ചവനായുള്ള യഹൊ
വാ സ്തുതിക്കപ്പെട്ടവൻ [ആകുന്നു.]

൧൧ യഹൊവാ എല്ലാ ദെവന്മാ
രെക്കാളും വലിയവൻ എന്ന ഇ
പ്പൊൾ ഞാൻ അറിയുന്നു: എ
ന്തെന്നാൽ അവർ അഹങ്കാരമാ
യി ചെയ്യ കാൎയ്യത്തിൽ അവൻ
അവരിൽ ജയം കൊണ്ടു.

൧൨ പിന്നെ മൊശെയുടെ അമ്മാ
യപ്പനായ യെത്രൊ ഹൊമത്തെ
യും ബലികളെയും ദൈവത്തിന
എടുത്തു: പിന്നെ അഹറൊനും യി
സ്രാഎലിന്റെ മൂപ്പന്മാരെല്ലാവരും
മൊശെയുടെ അമ്മായപ്പനൊട കൂ
ടെ ദൈവത്തിന്റെ മുമ്പാകെ അ
പ്പം ഭക്ഷിപ്പാനായിട്ട വന്നു.

൧൩ ¶ പിറെറ ദിവസം ഉണ്ടാ
യത എന്തെന്നാൽ, മൊശെ ജന
ത്തൊട ന്യായം വിധിപ്പാൻ ഇരു
ന്നു: ജനവും രാവിലെ തുടങ്ങി വൈ
കുന്നെരം വരെയും മൊശെയുടെ
മുമ്പാകെ നിന്നിരുന്നു.

൧൪ എന്നാറെ അവൻ ജനത്തി
നായി ചെയ്തിട്ടുള്ളതിനെ ഒക്കെയും
മൊശെയുടെ അമ്മായപ്പൻ കണ്ട
പ്പൊൾ, നീ ജനത്തിനായി ചെയ്യു
ന്ന ഈ കാൎയ്യം എന്ത? നീ ഒരുത്ത
ൻ തന്നെ ഇരിക്കയും, ജനം ഒ
ക്കെയും രാവിലെ തുടങ്ങി വൈകു
ന്നെരം വരെയും നിന്റെ മുമ്പാ
കെ നില്ക്കയും ചെയ്യുന്നത എന്ത
എന്ന അവൻ ചൊദിച്ചു.

൧൫ അപ്പൊൾ മൊശെ തന്റെ
അമ്മായപ്പനൊട പറഞ്ഞു, ദൈവ
ത്തിങ്കൽനിന്ന ചൊദിപ്പാനായിട്ട
ജനം എന്റെ അടുക്കൽ വരുന്ന
തുകൊണ്ട [ആകുന്നു.]

൧൬ അവൎക്ക ഒരു കാൎയ്യം ഉണ്ടാ
കുമ്പൊൾ, അവർ എന്റെ അടുക്ക
ൽ വരുന്നു, അപ്പൊൾ ഞാൻ അ
വനവന്നും അവനവന്റെ കൂട്ടക്കാ
രന്നും മദ്ധ്യെ ന്യായം വിധിക്കയും,
ദൈവത്തിന്റെ കല്പനകളെയും,
അവന്റെ ന്യായപ്രമാണങ്ങളെ
യും അവരൊട അറിയിക്കയും ചെ
യ്യുന്നു.

൧൭ അപ്പൊൾ മൊശെയുടെ അ
മ്മായപ്പൻ അവനൊട പറഞ്ഞു,
നീ ചെയ്യുന്ന കാൎയ്യം നന്നല്ല.

൧൮ നീ വലഞ്ഞ തളൎന്നുപൊ
കും, നീയും നിന്നൊട കൂടെയുള്ള
ഈ ജനവും അപ്രകാരം തന്നെ:
എന്തുകൊണ്ടെന്നാൽ ഇത നിന
ക്ക അധികം ഭാരമായുള്ള കാൎയ്യം
[ആകുന്നു;] നീ ഒരുത്തനായി ആ
യതിനെ നിവൃത്തിപ്പാൻ കഴിയു
ന്നവനല്ല.

൧൯ ഇപ്പൊൾ എന്റെ ശബ്ദ
ത്തെ കെൾക്ക: ഞാൻ നിനക്ക ബു
ദ്ധി പറയാം, ദൈവം നിന്നൊട
കൂടെ ഇരിക്കയും ചെയ്യും: ജനത്തി
നായിട്ട നീ ദൈവത്തിന്റെ മുമ്പാ
കെ ഇരിക്ക, നീ കാൎയ്യങ്ങളെ ദൈ
വത്തിന്റെ അടുക്കൽ കൊണ്ടു
പൊക:

൨൦ കല്പനകളെയും ന്യായപ്രമാ
ണങ്ങളെയും അവൎക്ക ഉപദെശി
ക്കയും, അവർ നടക്കെണ്ടുന്ന വ
ഴിയെയും അവർ ചെയ്യെണ്ടുന്ന
പ്രവൃത്തിയെയും അവരൊട അ
റിയിക്കയും ചെയ്ക.

൨൧ വിശെഷിച്ചും നീ എല്ലാ ജ
നത്തിൽനിന്നും ദൈവത്തെ ഭയ
പ്പെടുന്നവരും, സത്യമുള്ളവരും, ദ്ര
വ്യാഗ്രഹത്തെ ദ്വെഷിക്കുന്നവരു
മായ സാമൎത്ഥ്യമുള്ള മനുഷ്യരെ
നൊക്കി, അവരെ അവരുടെ മെ
ൽ ആയിരം പെൎക്ക അധിപതിമാ

രായും, നൂറപെക്ക അധിപതിമാ
രായും, അമ്പത പെക്ക അധിപ
തിമാരായും, പത്തുപെക്ക അധിപ
തിമാരായും ആക്കിവെക്ക.
൨൨ അവരും സൎവകാലത്തിലും
ജനത്തൊട ന്യായം വിധിക്കട്ടെ;
പിന്നെ ഇപ്രകാരമുണ്ടാകും, അവ
ർ വലിയ കാൎയ്യം ഒക്കെയും നി
ന്റെ അടുക്കൽ കൊണ്ടുവരട്ടെ,
ചെറിയ കാൎയ്യം ഒക്കെയും അവർ
തന്നെ തീൎക്കട്ടെ; ഇപ്രകാരം നി
ന്റെ മെൽ ഇരിക്കുന്ന ഭാരം എ
റ്റം ലഘുവാകും, അവരും നി
ന്നൊട കൂടെ [അതിനെ] വഹിക്കു
മാറാകും.
൨൩ നീ ഇപ്രകാരം ചെയ്കയും,
ഇവണ്ണം ദൈവം നിന്നൊട കല്പി
ക്കയും ചെയ്താൽ, അപ്പൊൾ നി
നക്ക സ്ഥിരപ്പെട്ടിരിപ്പാൻ കഴികയും,
ഈ ജനം എല്ലാം തങ്ങളുടെ സ്ഥല
ത്തെക്ക സമാധാനത്തൊടെ പൊ
കയും ചെയ്യും.
൨൪ മൊശെ തന്റെ അമ്മായപ്പ
ന്റെ ശബ്ദത്തെ ചെവിക്കൊ
ണ്ട, അവൻ പറഞ്ഞ പ്രകാരമൊ
ക്കെയും ചെയ്തു.
൨൫ മൊശെ എല്ലാ യിസ്രാഎലി
ൽനിന്നും സാമൎത്ഥ്യമുള്ള മനുഷ്യരെ
തെരിഞ്ഞെടുത്ത, അവരെ ആയിരം
പെക്ക അധിപതിമാരായും, നൂറ
പെക്ക അധിപതിമാരായും, അമ്പ
ത പെക്ക അധിപതിമാരായും, പ
ത്തു പെക്ക അധിപതിമാരായും ജ
നത്തിന്മെൽ പ്രമാണികളാക്കുകയും
ചെയ്തു.
൨൬ അവർ എല്ലാ കാലത്തിലും ജ
നത്തൊട ന്യായം വിസ്തരിച്ചുവ
ന്നു: വിഷമമുള്ള കാൎയ്യം അവർ
മൊശെയുടെ അടുക്കൽ കൊണ്ടുവ
ന്നു, ചെറിയ കാൎയ്യം ഒക്കെയും തങ്ങ
ൾ തന്നെ വിസ്തരിക്കയും ചെയ്തു.
൨൭ അതിന്റെ ശെഷം മൊശെ
തന്റെ അമ്മായപ്പനെ പറഞ്ഞയ
ച്ചു; അവൻ തന്റെ സ്വദെശത്തെ
ക്ക തിരിച്ചുപൊകയും ചെയ്തു.

൧൯ അദ്ധ്യായം.

൧ ജനങ്ങൾ സീനായിലെക്ക വരുന്നത.—൭. പൎവതത്തിൽനിന്ന അവരുടെ അടുക്കലെക്ക ദൈവത്തിന്റെ ദൂത.—൮. അവരുടെ ഉത്തരം.—൧൬. അവന്റെ ഭയങ്കരമായുള്ള പ്രത്യക്ഷത.

യിസ്രാഎൽ പുത്രന്മാർ മിസ്രയിം
ദെശത്തനിന്ന പുറപ്പെട്ട മൂന്നാം
മാസമായി, അന്നു തന്നെ അവർ
സീനായുടെ വനത്തിലെക്ക വന്നു.
൨ എന്തെന്നാൽ അവർ റെഫി
ദീമിൽനിന്ന യാത്ര പുറപ്പെട്ട, സീ
നായുടെ വനത്തിൽ വന്ന, വന
ത്തിൽ പാളയമിറങ്ങിയിരുന്നു; അ
വിടെ പൎവതത്തിന നെരെ യി
സ്രാഎൽ പാളയമിറങ്ങി.
൩ അപ്പൊൾ മൊശെ ദൈവ
ത്തിന്റെ അടുക്കലെക്ക കരെറി,
യഹൊവാ പൎവതത്തിൽനിന്ന അ
വനെ വിളിച്ച പറഞ്ഞു, ഇപ്രകാ
രം നീ യാക്കൊബിന്റെ കുഡും
ബക്കാരൊട പറകയും, യിസ്രാഎ
ൽ പുത്രന്മാരൊട അറിയിക്കയും
ചെയ്യെണ്ടുന്നതാകുന്നു:
൪ ഞാൻ മിസ്രയക്കാരൊട ചെ
യ്തതിനെയും, ഞാൻ നിങ്ങളെ കഴു
കന്മാരുടെ ചിറകുകളിന്മെൽ വഹി
ച്ചു, നിങ്ങളെ എന്റെ അടുക്കൽ വ
രുത്തിയതിനെയും നിങ്ങൾ കണ്ടു
വല്ലൊ.
൫ അതുകൊണ്ട ഇപ്പൊൾ നി
ങ്ങൾ എന്റെ ശബ്ദത്തെ സത്യ
മായി കെട്ട അനുസരിക്കയും, എ
ന്റെ ഉഭയസമ്മതത്തെ പ്രമാ
ണിക്കയും ചെയ്താൽ, അപ്പൊൾ

സകല ജനങ്ങളെക്കാളും നിങ്ങൾ
ഇനിക്ക പ്രത്യെകമുള്ള സമ്പത്താ
യിരിക്കും; എന്തെന്നാൽ ഭൂമി ഒ
ക്കെയും ഇനിക്കുള്ളതാകുന്നു.
൬ നിങ്ങൾ ഇനിക്ക ആചാൎയ്യ
രാജത്വവും ഒരു ശുദ്ധ ജാതിയും
ആകും. ഇവ നീ യിസ്രാഎൽ പു
ത്രന്മാരൊട പറയെണ്ടുന്ന വചന
ങ്ങൾ [ആകുന്നു.]
൭ അപ്പൊൾ മൊശെ വന്ന, ജ
നത്തിന്റെ മൂപ്പന്മാരെ വിളിച്ച,
യഹൊവാ തന്നൊട കല്പിച്ചിട്ടുള്ള
ഈ വചനങ്ങളെ ഒക്കെയും അവ
രുടെ മുമ്പാകെ പറഞ്ഞു.
൮ എന്നാറെ ജനം ഒക്കെയും ഒ
ന്നിച്ച ഉത്തരമായിട്ട, യഹൊവാ
കല്പിച്ചതിനെ ഒക്കെയും ഞങ്ങൾ
ചെയ്യാം എന്ന പറഞ്ഞു. മൊശെ
ജനത്തിന്റെ വചനങ്ങളെ യ
ഹൊവായുടെ അടുക്കൽ തിരിച്ച
ബൊധിപ്പിക്കയും ചെയ്തു.
൯ അപ്പൊൾ യഹൊവാ മൊശെ
യൊട, ഇതാ, ഞാൻ നിന്നൊട കൂ
ടെ സംസാരിക്കുമ്പൊൾ ജനം കെ
ൾക്കയും, നിന്നെ എന്നെക്കും വി
ശ്വസിക്കയും ചെയ്യെണ്ടുന്നതിന,
ഞാൻ കാർ മെഘത്തിൽ നിന്റെ
അടുക്കൽ വരുന്നു എന്ന പറഞ്ഞു.
എന്നാൽ ജനത്തിന്റെ വചനങ്ങ
ളെ മൊശെ യഹൊവായൊട അ
റിയിച്ചു.
൧൦ പിന്നെയും യഹൊവാ മൊ
ശെയൊട പറഞ്ഞു, നീ ജനത്തി
ന്റെ അടുക്കൽ പൊയി, ഇന്നെ
ക്കും നാളെക്കും അവരെ ശുദ്ധീ
കരിക്ക; അവർ തങ്ങളുടെ വസ്ത്ര
ങ്ങളെ അലക്കി,
൧൧ മൂന്നാം ദിവസത്തെക്ക ഒരു
ങ്ങിയിരിക്കട്ടെ: എന്തുകൊണ്ടെന്നാ
ൽ മൂന്നാം ദിവസം യഹൊവാ എല്ലാ
ജനത്തിന്റെയും കണ്ണുകൾക്ക മുമ്പാ
യി സീനായി പൎവതത്തിന്മെൽ ഇ
റങ്ങും.
൧൨ നീ ജനത്തിന ചുറ്റും അതൃ
ത്തി വെച്ച, പൎവതത്തിൽ കരെറാ
തെയും, അതിന്റെ അടിവാരത്തെ
തൊടാതെയും ഇരിപ്പാൻ ജാഗ്രത
യായിരിപ്പിൻ എന്ന പറകയും വെ
ണം: പൎവതത്തെ തൊടുന്നവൻ
എല്ലാം കൊല്ലപ്പെടെണം നിശ്ചയം.
൧൩ ഒരു കൈ എങ്കിലും അതി
നെ തൊടരുത, [തൊട്ടാൽ] അത ക
ല്ലെറകൊള്ളെണം നിശ്ചയം, അ
ല്ലെങ്കിൽ അതിനെ എയ്യുകളയണം;
മൃഗമെങ്കിലും മനുഷ്യനെങ്കിലും ആ
കട്ടെ, ജീവനൊടെ ഇരിക്കരുത: കാ
ഹളം ദീൎഘമായി ധ്വനിക്കുമ്പൊ
ൾ, അവർ പൎവതത്തിങ്കലെക്ക ക
രെറമാറാകട്ടെ.
൧൪ പിന്നെ മൊശെ പൎവതത്തി
ൽനിന്ന ജനത്തിന്റെ അടുക്കൽ
ഇറങ്ങിചെന്ന, ജനത്തെ ശുദ്ധീക
രിച്ചു; അവർ തങ്ങളുടെ വസ്ത്രങ്ങ
ളെ അലക്കുകയും ചെയ്തു.
൧൫ അവൻ ജനത്തൊട മൂന്നാം ദി
വസത്തെക്ക ഒരുങ്ങി ഇരിപ്പിൻ; നി
ങ്ങളുടെ സ്ത്രീകളുടെ അടുക്കൽ ചെ
രാതെ ഇരിപ്പിൻ എന്നും പറഞ്ഞു.
൧൬ ¶ പിന്നെ മൂന്നാം ദിവസം
രാവിലെ ഉണ്ടായത എന്തെന്നാ
ൽ, ഇടിമുഴക്കങ്ങളും, മിന്നലുകളും,
പൎവതത്തിന്മെൽ കാർ മെഘവും, മ
ഹാ ശക്തിയുള്ള കാഹള ശബ്ദവും
ഉണ്ടായി; അതുകൊണ്ട പാളയ
ത്തിലുള്ള ജനം ഒക്കെയും നടുങ്ങി.
൧൭ അപ്പൊൾ ദൈവത്തെ എ
തിരെല്പാനായിട്ട മൊശെ ജനത്തെ
പാളയത്തിൽനിന്ന പുറപ്പെടുവി
ച്ചു; അവർ പൎവതത്തിന്റെ അടി
വാരത്ത നിന്നു.

൧൮ വിശെഷിച്ച യഹൊവാ
സീനായി പൎവ്വതത്തിന്മെൽ അ
ഗ്നിയിൽ ഇറങ്ങുകകൊണ്ട, അത
എല്ലാം പുകക്കാടായിരുന്നു: അതി
ന്റെ പുക അഗ്നിചൂളയിലെ പുക
പൊലെ കരെറി; പൎവ്വതം ഒക്കെ
യും എററവും ഇളകി.
൧൯ കാഹളത്തിന്റെ ശബ്ദം ദീ
ൎഘമായി ധ്വനിച്ചു, പിന്നെ പി
ന്നെ എററം ബലപ്പെട്ടപ്പൊൾ,
മൊശെ സംസാരിച്ചു; എന്നാറെ
ദൈവം ശബ്ദം കൊണ്ട അവ
നൊട ഉത്തരമായിട്ട പറഞ്ഞു.
൨൦ യഹൊവാ സീനായി പൎവ്വ
തത്തിന്മിതെ പൎവ്വതത്തിന്റെ മുകളി
ൽ ഇറങ്ങി: അപ്പൊൾ യഹൊവാ
മൊശെയെ പൎവ്വതത്തിന്റെ മുക
ളിലെക്ക വിളിച്ചു; മൊശെ കരെറു
കയും ചെയ്തു.
൨൧ അപ്പൊൾ യഹൊവാ മൊ
ശെയൊട കല്പിച്ചു, ജനം യഹൊ
വായുടെ അടുക്കൽ നൊക്കെണ്ടു
ന്നതിന അതൃത്തി കടക്കാതെയും,
അവരിൽ പലരും നശിച്ചുപൊകാ
തെയും ഇരിപ്പാൻ, നീ ഇറങ്ങി, അ
വരൊട ഉറപ്പായി സാക്ഷീകരിക്ക.
൨൨ യഹൊവായുടെ അടുക്കൽ
ചെരുന്ന ആചാൎയ്യന്മാരും, യഹൊ
വാ തങ്ങളിൽ നാശം ചെയ്യാതെ ഇ
രിപ്പാൻ, തങ്ങളെ ശുദ്ധീകരിക്കട്ടെ.
൨൩ അപ്പൊൾ മൊശെ യഹൊ
വായൊട പറഞ്ഞു, ജനത്തിന സീ
നായി പൎവ്വതത്തിൽ കരെറുവാൻ
കഴിയുന്നതല്ല: എന്തെന്നാൽ പ
ൎവ്വതത്തിന അതൃത്തിതിരിച്ചു, അതി
നെ ശുദ്ധമാക്കുക എന്ന നീ ഞ
ങ്ങളൊട ഉറപ്പായി സാക്ഷീകരി
ച്ചിരിക്കുന്നു.
൨൪ എന്നാറെ യഹൊവാ അവ
നൊട പറഞ്ഞു, ഇറങ്ങിപ്പൊക;
നീയും നിന്നൊടകൂടെ അഹറൊ
നുമായി കരെറിവരിക: എന്നാൽ
ആചാൎയ്യന്മാരും ജനങ്ങളും, യഹൊ
വാ തങ്ങളിൽ നാശം ചെയ്യാതെ
ഇരിപ്പാനായിട്ട, അവന്റെ അടു
ക്കൽ കരെറുവാൻ അതൃത്തി കടക്ക
രുത.
൨൫ അപ്പൊൾ മൊശെ ജനങ്ങ
ളുടെഅടുക്കൽ ഇറങ്ങി ചെന്നു, അ
വരൊട പറഞ്ഞു.

൨൦ അദ്ധ്യായം.

൧ പത്തുകല്പനകൾ.—൨൨. വിഗ്രഹാരാധന വിലക്കപ്പെടുന്നത.—൨൪. ബലിപീഠം ഇന്ന തരത്തിൽ ആയിരിക്കെണം എന്നുള്ളത.

അപ്പൊൾ ദൈവം ൟ വച
നങ്ങളെ ഒക്കെയും സംസാരിച്ചു
പറഞ്ഞുത എന്തെന്നാൽ;
൨ അടിമവീടായ മിസ്രയീം ദെ
ശത്തനിന്ന നിന്നെ കൊണ്ടുവ
ന്നവനായി, യഹൊവായായ ഞാ
ൻ നിന്റെ ദൈവം ആകുന്നു.
൩ എന്റെ മുമ്പാകെ അന്യദൈ
വങ്ങൾ നിനക്ക ഉണ്ടാകരുത.
൪ നിനക്ക ഒരു വിഗ്രഹത്തെ ഉ
ണ്ടാക്കരുത; മീതെ സ്വൎഗ്ഗത്തിൽ എ
ങ്കിലും, താഴെ ഭൂമിയിൽ എങ്കിലും,
ഭൂമിക്ക കീഴെ വെള്ളത്തിൽ എങ്കി
ലും ഉള്ള യാതൊന്നിന്റെയും പ്ര
തിമയെ എങ്കിലും അരുത:
൫ നീ അവയെ കുമ്പിടുക എങ്കി
ലും, അവയെ സെവിക്ക എങ്കിലും
അരുത: എന്തെന്നാൽ നിന്റെ
ദൈവമായി യഹൊവായായ ഞാ
ൻ വൈരാഗ്യമുള്ള ദൈവം [ആകു
ന്നു;] എന്നൊട പകെക്കുന്നവരി
ൽ മൂന്നാമത്തവരും നാലാമത്തവ
രും വരെ ഉള്ള മക്കളുടെ മെൽ പി
താക്കന്മാരുടെ അന്യായത്തെ കുറി
ച്ചു ചൊദിക്കയും;

ന്നു എന്നെ സ്നെഹിച്ച, എന്റെ
കല്പനകളെ പ്രമാണിക്കുന്ന ആ
യിരങ്ങൾക്കും കരുണയെ കാട്ടുക
യും ചെയ്യുന്നു.
൭ നീ നിന്റെ ദൈവമായ യ
ഹൊവായുടെ നാമം വൃഥാ എടുക്ക
രുത; എന്തുകൊണ്ടെന്നാൽ തന്റെ
നാമം വൃഥാ എടുക്കുന്നവൻ കുററ
മില്ലാത്തവനെന്ന യഹൊവാ വി
ചാരിക്കയില്ല.
൮ സ്വസ്ഥ നാളിനെ ശുദ്ധീക
രിപ്പാൻ ഒൎക്ക.
൯ ആറ ദിവസം നീ അദ്ധ്വാ
നപ്പെട്ട, നിന്റെ വെല ഒക്കെയും
ചെയ്ക.
൧൦ എന്നാൽ എഴാം ദിവസം നി
ന്റെ ദൈവമായ യഹൊവായു
ടെ സ്വസ്ഥത ആകുന്നു: [അതിൽ]
നീയും, നിന്റെ പുത്രനും, നിന്റെ
പുത്രിയും, നിന്റെ വെലക്കാരനും,
നിന്റെ വെലക്കാരിയും, നിന്റെ
കന്നുകാലികളും, നിന്റെ വാതിലു
കൾക്കകത്തുള്ള നിന്റെ അന്യനും
ഒരു വെലയും ചെയ്യരുത:
൧൧ എന്തുകൊണ്ടെന്നാൽ ആറ
ദിവസം [കൊണ്ട] യഹൊവാ
ആകാശത്തെയും, ഭൂമിയെയും, സ
മുദ്രത്തെയും, അവയിലുള്ളവയെ ഒ
ക്കെയും ഉണ്ടാക്കി, എഴാം ദിവസ
ത്തിൽ സ്വസ്ഥമായിരുന്നു: അതു
കൊണ്ട യഹൊവാ ആ സ്വസ്ഥ
നാളിനെ അനുഗ്രഹിച്ച, അതി
നെ ശുദ്ധീകരിക്കയും ചെയ്തു.
൧൨ നിന്റെ ദൈവമായ യ
ഹൊവാ നിനക്ക തരുന്ന ദെശത്ത
നിന്റെ നാളുകൾ ദീൎഘമാകുവാനാ
യിട്ട, നിന്റെ പിതാവിനെയും
നിന്റെ മാതാവിനെയും ബഹുമാ
നിക്ക.
൧൩ നീ കുല ചെയ്യരുത.
൧൪

൧൪ നീ വ്യഭിചാരം ചെയ്യരുത.
൧൫ നീ മൊഷ്ടിക്കരുത.
൧൬ നീ നിന്റെ അയല്ക്കാരന്റെ
നെരെ കള്ളസ്സാക്ഷി പറയരുത.
൧൭ നീ നിന്റെ അയല്ക്കാരന്റെ
ഭവനത്തെ മൊഹിക്കരുത; നീ നി
ന്റെ അയല്ക്കാരന്റെ ഭാൎയ്യയെ
യും, അവന്റെ വെലക്കാരനെയും,
അവന്റെ വെലക്കാരിയെയും, അ
വന്റെ കാളയെയും, അവന്റെ
കഴുതയെയും, നിന്റെ അയല്ക്കാര
നുള്ള യാതൊന്നിനെയും മൊഹി
ക്കരുത.
൧൮ ¶ ജനങ്ങൾ ഒക്കെയും ഇടിമു
ഴക്കങ്ങളെയും, മിന്നലുകളെയും, കാ
ഹളത്തിന്റെ ശബ്ദത്തെയും, പൎവ്വ
തം പുകയുന്നതിനെയും കണ്ടു; ജന
ങ്ങൾ അതിനെ കണ്ടപ്പൊൾ അവ
ർ പിന്നൊക്കം മാറി ദൂരത്ത നിന്നു.
൧൯ പിന്നെ അവർ മൊശെ
യൊട പറഞ്ഞു, നീ ഞങ്ങളൊട
സംസാരിക്ക, എന്നാൽ ഞങ്ങൾ
കെൾക്കാം; ഞങ്ങൾ മരിക്കാതെ
ഇരിപ്പാൻ ദൈവം ഞങ്ങളൊട സം
സാരിക്കരുത.
൨൦ എന്നാറെ മൊശെ ജനങ്ങ
ളൊട പറഞ്ഞു, ഭയപ്പെടരുത: എ
ന്തുകൊണ്ടെന്നാൽ നിങ്ങളെ പരീ
ക്ഷിക്കെണ്ടുന്നതിനായിട്ടും, നിങ്ങ
ൾ പാപം ചെയ്യാതെ ഇരിപ്പാൻ
തന്നെ കുറിച്ചുള്ള ഭയം നിങ്ങളുടെ
മുഖങ്ങൾക്ക മുമ്പാകെ ഇരിക്കെണ്ടു
ന്നതിനായിട്ടും ദൈവം വന്നിരി
ക്കുന്നു.
൨൧ ജനങ്ങൾ ദൂരത്ത നിന്നു, എ
ന്നാൽ മൊശെ ദൈവം ഇരുന്ന
ഇരുളിന അടുത്ത ചെന്നു.
൨൨ അപ്പൊൾ യഹൊവാ മൊശെ
യൊട പറഞ്ഞു, നീ യിസ്രാഎൽ
പുത്രന്മാരൊട ഇപ്രകാരം പറയെ

ണം; ഞാൻ സ്വൎഗ്ഗത്തിൽനിന്ന നിങ്ങളൊട സംസാരിച്ചതിനെ നിങ്ങൾ കണ്ടുവല്ലൊ.

൨൩ നിങ്ങൾ എന്റെ കൂടെ വെള്ളികൊണ്ടുള്ള ദൈവങ്ങളെ എങ്കിലും, പൊന്നുകൊണ്ടുള്ള ദൈവങ്ങളെ എങ്കിലും നിങ്ങൾക്ക ഉണ്ടാക്കരുത.

൨൪ നീ മണ്ണു കൊണ്ട ഒരു ബലിപീഠം ഇനിക്ക ഉണ്ടാക്കി, അതിന്മെൽ നിന്റെ ഹൊമബലികളെയും, നിന്റെ സമാധാന ബലികളെയും, നിന്റെ ആടുകളെയും, കാളകളെയും ബലികഴിക്കെണം: ഞാൻ എവിടെ എങ്കിലും എന്റെ നാമത്തെ ഓൎമ്മയാക്കുന്നു എങ്കിൽ, അവിടെ നിന്റെ അടുക്കൽ ഞാൻ വന്ന; നിന്നെ അനുഗ്രഹിക്കും.

൨൫ നീ കല്ലു കൊണ്ട ബലിപീഠം ഇനിക്ക ഉണ്ടാക്കുന്നു എങ്കിൽ, അതിനെ ചെത്തിയ കല്ലുകൾ കൊണ്ട പണിയരുത: എന്തുകൊണ്ടെന്നാൽ നിന്റെ ഉളി അതിന്മെൽ ഉയൎത്തിയാൽ നീ അതിനെ അശുദ്ധിയാക്കി.

൨൬ എന്റെ ബലിപീഠത്തിങ്കൽ നിന്റെ നഗ്നത കാണപ്പെടാതെ ഇരിപ്പാനായിട്ട നീ അതിന നടകളാൽ കരെറുകയും അരുത.

൨൧ അദ്ധ്യായം.

൧ ഭൃത്യന്മാരെ കുറിച്ചും,—൧൨. കുലപാതകത്തെ കുറിച്ചും,—൧൬. മനുഷ്യരെ മൊഷ്ടിക്കുന്നവരെ കുറിച്ചും,—൧൭. മാതാപിതാക്കന്മാരെയും മറ്റ അനെകം പെരെയും ശപിക്കുന്നവരെ കുറിച്ചും ഉള്ള പ്രമാണങ്ങൾ.

൧ എന്നാൽ നീ അവരുടെ മുമ്പാകെ അറിയിക്കെണ്ടുന്ന ന്യായങ്ങൾ ഇവ [ആകുന്നു.]

൨ നീ എബ്രായക്കാരനായ ഒരു വെലക്കാരനെ വിലെക്ക വാങ്ങിയാൽ, അവൻ ആറ സംവത്സരം സെവിച്ച, എഴാം സംവത്സരത്തിൽ സൌജന്യമായി തന്നിഷ്ടനായി പുറപ്പെടട്ടെ.

൩ അവൻ തനിച്ചവനായി വന്നിരുന്നു എങ്കിൽ, തനിച്ചവനായി പുറപ്പെടട്ടെ: ഭാൎയ്യയുള്ള ഭൎത്താവ ആയിരുന്നു എങ്കിൽ, അവന്റെ ഭാൎയ്യയും അവനൊട കൂടെ പുറപ്പെടട്ടെ.

൪ അവന്റെ യജമാനൻ അവന ഭാൎയ്യയെ കൊടുക്കയും, ഇവൾ അവന പുത്രന്മാരെ എങ്കിലും, പുത്രിമാരെ എങ്കിലും പ്രസവിക്കയും ചെയ്തിട്ടുണ്ടെങ്കിൽ, ഭാൎയ്യയും അവളുടെ മക്കളും അവളുടെ യജമാനന ഇരിക്കെണം, എന്നാൽ അവൻ എകനായി പുറപ്പെടെണം.

൫ എന്നാൽ ആ വെലക്കാരൻ ഞാൻ എന്റെ യജമാനനെയും, എന്റെ ഭാൎയ്യയെയും, എന്റെ മക്കളെയും സ്നെഹിക്കുന്നു, ഞാൻ സ്വാതന്ത്ര്യക്കാരനായി പുറപ്പെടുകയില്ല എന്ന തീൎത്ത പറഞ്ഞാൽ;

൬ അപ്പൊൾ അവന്റെ യജമാനൻ അവനെ ന്യായാധിപതിമാരുടെ അടുക്കൽ കൂട്ടിക്കൊണ്ട പൊകെണം: അവൻ അവനെ വാതിലിന്റെ അടുക്കൽ എങ്കിലും, കട്ടളക്കാലിന്റെ അടുക്കൽ എങ്കിലും വരുത്തെണം: അവന്റെ യജമാനൻ തമരു കൊണ്ട അവന്റെ ചെവിയെ കുത്തി തുളക്കെണം; പിന്നെ അവൻ അവനെ എന്നെക്കും സെവിക്കെണം.

൭ പിന്നെ ഒരു മനുഷ്യൻ തന്റെ പുത്രിയെ വെലക്കാരിയായിട്ട വിറ്റാൽ, അവൾ വെലക്കാർ പുറപ്പെടുന്നത പൊലെ പുറപ്പെടരുത.

൮ അവളെ തനിക്ക വിവാഹത്തിന നിശ്ചയിച്ചിട്ടുള്ള അവളുടെ യജമാനന്റെ കണ്ണുകൾക്ക ഇഷ്ടമുള്ളവളാകാതെ ഇരുന്നാൽ, അപ്പൊൾ അവൻ അവളെ വീണ്ടുകൊള്ളിക്കെണം. അവൻ അവളൊട വഞ്ചന ചെയ്യുകൊണ്ട അവളെ അന്യജാതിക്കാരന വിററുകളവാൻ അവന അധികാരമില്ല.

൯ അവൻ തന്റെ പുത്രന അവളെ വിവാഹത്തിന നിശ്ചയിച്ചു എങ്കിൽ, പുത്രിമാരുടെ ന്യായത്തിന തക്കവണ്ണം അവൻ അവളൊട ചെയ്യുകയും വെണം.

൧൦ അവൻ തനിക്ക മറെറാരു [സ്ത്രീയെ] കൈക്കൊണ്ടാൽ, അവളുടെ ജീവനത്തെയും, അവളുടെ ഉടുപ്പിനെയും, അവളുടെ കുടിയിരിപ്പിനെയും അവൻ കുറെക്കരുത.

൧൧ അവൻ ഈ മൂന്ന കാര്യം അവൾക്കായി ചെയ്യാതെ ഇരുന്നാൽ, അവൾ ദ്രവ്യം കൂടാതെ സൌജന്യമായി പുറപ്പെടെണം.

൧൨ ¶ ഒരു പുരുഷനെ മരിപ്പാൻ തക്കവണ്ണം അടിക്കുന്നവൻ കൊല്ലപ്പെടെണം നിശ്ചയം.

൧൩ ഇവൻ പതിയിരിക്കാതെ ദൈവം [അവനെ] ഇവന്റെ കയ്യിലെക്ക അകപ്പെടുത്തിയാൽ, അപ്പൊൾ ഇവൻ ഒടിപ്പൊയി ഇരിക്കെണ്ടുന്ന സ്ഥലത്തെ ഞാൻ നിനക്ക നിയമിക്കും.

൧൪ എന്നാൽ ഒരു പുരുഷൻ തന്റെ അയല്ക്കാരന വിരൊധമായി അവനെ ചതിവൊടെ കൊല്ലുന്നതിന ദുരഹങ്കാരത്തൊടെ ചെന്നാൽ, അവൻ മരിക്കെണ്ടുന്നതിന നീ അവനെ എന്റെ ബലിപീഠത്തിന്റെ അടുക്കൽനിന്ന പിടിച്ചുകൊണ്ടുപൊകെണം.

൧൫ തന്റെ പിതാവിനെ എങ്കിലും, തന്റെ മാതാവിനെ എങ്കിലും അടിക്കുന്നവൻ കൊല്ലപ്പെടെണം നിശ്ചയം.

൧൬ പിന്നെ ഒരുത്തൻ ഒരു മനുഷ്യനെ മൊഷ്ടിച്ചു, അവനെ വില്ക്കയൊ, ഇവൻ അവന്റെ കയ്യിൽ കണ്ടു പിടിക്കപ്പെടുകയൊ ചെയ്താൽ, അവൻ കൊല്ലപ്പെടെണം നിശ്ചയം.

൧൭ പിന്നെ തന്റെ പിതാവിനെ എങ്കിലും, തന്റെ മാതാവിനെ എങ്കിലും ശപിക്കുന്നവൻ കൊല്ലപ്പെടെണം നിശ്ചയം.

൧൮ ¶ മനുഷ്യർ തമ്മിൽ ശണ്ഠയുണ്ടായിട്ട, ഒരുത്തൻ തന്റെ അയല്ക്കാരനെ കല്ലുകൊണ്ട എങ്കിലും, മുഷ്ടികൊണ്ട എങ്കിലും അടിച്ചതിനാൽ, ഇവൻ മരിക്കാതെ കട്ടിലിൽ കിടക്കെണ്ടി വന്നിട്ട;

൧൯ അവൻ പിന്നെയും എഴുനീററ, തന്റെ ഊന്നുകൊലിൽ പിടിച്ചുകൊണ്ട പുറത്ത സഞ്ചരിച്ചാൽ, [അവനെ] അടിച്ചവൻ കുററമില്ലാത്തവനാകെണം: എന്നാലും അവന മിനക്കെടിന്ന തക്കവണ്ണം അവൻ കൊടുത്ത, അവനെ നന്നായി സൌഖ്യപ്പെടുത്തി കൊള്ളെണം.

൨൦ ഒരുത്തൻ തന്റെ അടിയാനെയൊ, തന്റെ അടിമ സ്ത്രീയെയൊ വടികൊണ്ട അടിച്ചതിനാൽ, ഇവൻ അവന്റെ കയ്യിൻ കീഴെ മരിച്ചുപൊയാൽ അവൻ ശിക്ഷ എല്ക്കെണം നിശ്ചയം.

൨൧ എങ്കിലും അവൻ ഒന്നു രണ്ടു ദിവസം ഇരുന്നാൽ, അവൻ ശിക്ഷ എല്ക്കരുത: എന്തെന്നാൽ ഇവൻ അവന്റെ ദ്രവ്യം [ആകുന്നു.]

൨൨ ¶ മനുഷ്യർ തമ്മിൽ ശണ്ഠയിട്ട, ഗർഭവതിയായ ഒരു സ്ത്രീയെ അ

ടിച്ചതിനാൽ, അവൾക്ക മറെറാര
ചെതം വരാതെ, ഗൎഭം അലസി
പൊയാൽ, അപ്പൊൾ അടിച്ചവൻ
ആ സ്ത്രീയുടെ ഭൎത്താവ തന്റെ മെ
ൽ ചുമത്തുന്നതിന തക്കവണ്ണം ശി
ക്ഷ എല്ക്കെണം: ന്യായാധിപതി
മാരുടെ വിധിപ്രകാരം അവൻ ദ്ര
വ്യം കൊടുക്കയും വെണം.
൨൩ മറെറ ചെതം ഉണ്ടായാൽ
നീ ജിവന്ന പകരം ജിവനെ കൊ
ടുക്കെണം.
൨൪ കണ്ണിന പകരം കണ്ണ, പ
ല്ലിന പകരം പല്ല, കയ്യിന പക
രം കൈ, കാലിന പകരം കാൽ,
൨൫ ചുട്ടതിന പകരം ചുടുക, മ
റിവിന പകരം മുറിവ, തിണൎപ്പി
ന പകരം തിണൎപ്പ.
൨൬ പിന്നെ ഒരു പുരുഷൻ ത
ന്റെ അടിയാന്റെ കണ്ണിലെങ്കി
ലും, തന്റെ അടിമസ്ത്രീയുടെ ക
ണ്ണിലെങ്കിലും അടിച്ച, അതിനെ ഇ
ല്ലായ്മചെയ്താൽ, അവൻ ഇവന്റെ
കണ്ണിന പകരം ഇവനെ സ്വാത
ന്ത്ര്യക്കാരനായി വിട്ടയക്കെണം.
൨൭ അവൻ തന്റെ അടിയാ
ന്റെ പല്ലിനെ എങ്കിലും, തന്റെ
അടിമസ്ത്രീയുടെ പല്ലിനെ എങ്കി
ലും കളഞ്ഞാൽ, അവൻ ഇവന്റെ
പല്ലിന പകരം ഇവനെ സ്വാത
ന്ത്ര്യക്കാരനായി വിട്ടയക്കെണം.
൨൮ ¶ ഒരു കാള ഒരു പുരുഷനെ
എങ്കിലും, ഒരു സ്ത്രീയെ എങ്കിലും
കുത്തിയതിനാൽ അവർ മരിച്ചു എ
ങ്കിൽ, ആ കാള നിശ്ചയമായിട്ട ക
ല്ലെറിഞ്ഞ കൊല്ലപ്പെടുകയും, അതി
ന്റെ മാംസം ഭക്ഷിക്കപ്പെടാതെ
ഇരിക്കയും വെണം; എന്നാൽ കാ
ളയുടെ ഉടയവൻ കുററമില്ലാത്തവ
ൻ [ആകെണം.]
൨൯ എന്നാലും ആ കാള മുമ്പെ
തന്നെ കുത്തുന്നതായിരിക്കയും, അ
ത അതിന്റെ ഉടയവനൊട അ
റിയിക്കപ്പെടുകയും ചെയ്കിട്ട, അ
വൻ അതിനെ കെട്ടി സൂക്ഷിക്കാ
ത്തതിനാൽ അത ഒരു പുരുഷനെ
യൊ, ഒരു സ്ത്രീയെയൊ കൊന്നു
കളഞ്ഞാൽ, ആ കാള കല്ലെറിഞ്ഞ
കൊല്ലപ്പെടെണം: അതിന്റെ ഉട
യവനും കൊല്ലപ്പെടെണം.
൩൦ ദ്രവ്യപരിഹാരം അവന്റെ
മെൽ ചുമത്തപ്പെട്ടിരുന്നാൽ, അ
വൻ അവന്റെ ജിവന്റെ വീ
ണ്ടെടുപ്പിനായി അവന്റെ മെൽ
ചുമത്തപ്പെട്ടിരിക്കുന്ന പ്രകാരം ഒ
ക്കെയും കൊടുക്കെണം.
൩൧ അത ഒരു പുത്രനെ കുത്തി
യാലും കൊള്ളാം, ഒരു പുത്രിയെ കു
ത്തിയാലും കൊള്ളാം, ഈ വിധി
പ്രകാരം അവനൊട ചെയ്യപ്പെ
ടെണം.
൩൨ ഒരു കാള ഒരു അടിയാനെ
എങ്കിലും, ഒര അടിമസ്ത്രീയെ എങ്കി
ലും കുത്തിയാൽ, അവൻ ഇവരുടെ
യജമാനന്ന മുപ്പത ശെക്കൽ ഇട
വെള്ളി കൊടുക്കെണം, കാള കല്ലെ
റിയപ്പെടുകയും വെണം.
൩൩ ¶ ഒരുത്തൻ ഒരു കുഴി തുറ
ന്ന വെച്ചതിനാൽ, അല്ലെങ്കിൽ ഒ
രുത്തൻ ഒരു കുഴി കുഴിച്ച അതി
നെ മൂടാതെ ഇരുന്നതിനാൽ, അ
തിലെക്ക ഒരു കാളയൊ, ഒരു കഴുത
യൊ വീണാൽ,
൩൪ കുഴിയുടെ ഉടയവൻ അ
തിന്റെ വില കൊടുത്ത, അതി
ന്റെ യജമാനന്ന ദ്രവ്യബൊധം
വരുത്തെണം; എന്നാൽ ചത്തുപൊ
യത അവന്നുള്ളതായിരിക്കെണം.
൩൫ ഒരുത്തന്റെ കാള അവ
ന്റെ അയല്ക്കാരന്റെ കാളയെ കു
ത്തിയതിനാൽ ഇത ചത്തുപൊയാ

ൽ, അവർ ജീവനൊടിരിക്കുന്ന കാളയെ വിററ, അതിൻെറ വിലയെ പക്കിടെണം, ചത്തുപൊയ [കാളയെയും] പക്കിടെണം.

൩൬ അല്ലെങ്കിൽ ആ കാള മുമ്പെ തന്നെ കുത്തുന്നത എന്ന അറിയപ്പെട്ടിരുന്നിട്ടും അതിൻെറ ഉടയവൻ അതിനെ സൂക്ഷിക്കാതെ ഇരുന്നു എങ്കിൽ, അവൻ കാളെക്ക പകരം കാളയെ കൊടുക്കെണം നിശ്ചയം; എന്നാൽ ചത്തു പൊയത അവനുള്ളതാകെണം.

൨൨ അദ്ധ്യായം.

൧ മൊഷണത്തെ കുറിച്ചും,—൫. ചെതത്തെ കുറിച്ചും,—൭. അക്രമങ്ങളെ കുറിച്ചും,—൧൪ വാങ്ങുവാങ്ങുന്നതിനെ കുറിച്ചും,—൧൬. വെശ്യാസംഗത്തെ കുറിച്ചും,—൧൮. ക്ഷുദ്രത്തെ കുറിച്ചും, മറ്റുള്ള ലംഘനങ്ങളെ കുറിച്ചും.

൧ യാതൊരുത്തൻ ഒരു കാളയെയൊ, ഒരു ആടിനെയൊ മൊഷ്ടിച്ചു, അതിനെ കൊല്ലുകയൊ, വിററുകളുകയൊ ചെയ്യാൽ, അവൻ ഒരു കാളെക്ക അഞ്ചു കാളയെയും, ഒരു ആടിന നാല ആടിനെയും പകരം കൊടുക്കെണം.

൨ ഒരു കള്ളൻ തുരക്കം വെക്കുമ്പൊൾ കണ്ടുപിടിക്കപ്പെട്ടു, അടികൊണ്ടു മരിച്ചുപൊയാൽ, അവനായിക്കൊണ്ടു രക്തം [ചൊരിയപ്പെടരുത.]

൩ ആദിത്യൻ അവൻെറ മെൽ ഉദിച്ചിരുന്നു എങ്കിൽ, അവനായിക്കൊണ്ടു രക്തം [ചൊരിയപ്പെടെണം:] എന്നാൽ കള്ളൻ ശരിയായിട്ടു തിരിച്ചുകൊടുക്കെണം: അവന ഒന്നും ഇല്ലാതെ ഇരുന്നാൽ, അവൻ തൻെറ മൊഷണത്തിനായി വില്ക്കപ്പെടെണം.

൪ മൊഷണം കാള എങ്കിലും, കഴുത എങ്കിലും, ആടെങ്കിലും ജീവനൊടെ അവൻെറ കയ്യിൽ നിശ്ചയമായി കണ്ടുപിടിക്കപ്പെട്ടാൽ, അവൻ ഇരട്ടിയായി തിരികെകൊടുക്കെണം.

൫ ¶ ഒരുത്തൻ ഒരു വയലിൽ എങ്കിലും, മുന്തിരിങ്ങാത്തൊട്ടത്തിൽ എങ്കിലും തീററുകയും, തൻെറ മൃഗജീവനെ അകത്താക്കി, മറെറാരുത്തൻെറ വയലിൽ മെയിക്കയും ചെയ്യാൽ, അവൻ തൻെറ വയലിലെ എററവും നല്ലതായുള്ളതിൽനിന്നും, തൻെറ മുന്തിരിങ്ങാത്തൊട്ടത്തിലെ എററവും നല്ലതായുള്ളതിൽനിന്നും ഉത്തരവാദം പറയെണം.

൬ തീയുണ്ടായി, മുള്ളുകളിൽ കത്തിയതിനാൽ കററക്കൂട്ടം എങ്കിലും, വിളഞ്ഞ ഫലം എങ്കിലും, നിലം എങ്കിലും വെന്തുപൊയാൽ, തീ കത്തിച്ചവൻ ഉത്തരവാദം പറയെണം നിശ്ചയം.

൭ ¶ ഒരുത്തൻ തൻെറ അയല്ക്കാരൻെറ പററിൽ ദ്രവ്യത്തെ എങ്കിലും, ആഭരണങ്ങളെ എങ്കിലും സൂക്ഷിപ്പാനായിട്ടു എല്പിച്ചിരിക്കുമ്പൊൾ, അത ആ മനുഷ്യൻെറ വീട്ടിൽനിന്ന മൊഷ്ടിക്കപ്പെട്ടാൽ, കള്ളൻ കണ്ടുപിടിക്കപ്പെട്ടു എന്നുവരികിൽ അവൻ ഇരട്ടിയായി തിരികെ കൊടുക്കട്ടെ.

൮ കള്ളം കണ്ടുപിടിക്കപ്പെടാതെ ഇരുന്നാൽ, അപ്പൊൾ ആ ഭവനക്കാരൻ തൻെറ അയല്ക്കാരൻെറ ദ്രവ്യത്തിന്മെൽ തൻെറ കയ്യിനെ വെച്ചിട്ടുണ്ടൊ എന്ന [അറിവാനായിട്ടു] ന്യായാധിപതിമാരുടെ അടുക്കൽ അവൻ കൊണ്ടുപൊകപ്പെടെണം.

൯ ഒരു കാളെക്ക എങ്കിലും, കഴുതെക്ക എങ്കിലും, ആടിന എങ്കിലും, വസ്ത്ര

ത്തിന എങ്കിലും, [ഒരുത്തൻ] തനിക്കുള്ളത എന്ന പറയുന്നത കാണാതെ പൊയ യാതൊരു വസ്തുവിന എങ്കിലും യാതൊരു അക്രമമുണ്ടായിരുന്നാൽ; ഇരുപരിഷകളുടെ കാൎയ്യം ന്യായാധിപതിമാരുടെ മുമ്പാകെ വരെണം: ന്യായാധിപതിമാർ എവനെ കുറ്റക്കാരനെന്ന വിധിക്കുന്നുവൊ, അവൻ തന്റെ അയല്ക്കാരന ഇരട്ടിയായി തിരികെ കൊടുക്കെണം.

൧൦ ഒരുത്തൻ തന്റെ അയല്ക്കാരന്റെ പക്കൽ ഒരു കാളയെയൊ, കഴുതയെയൊ, ആടിനെയൊ, യാതൊരു മൃഗത്തെയൊ സൂക്ഷിപ്പാനായിട്ട എല്പിച്ചിരിക്കുമ്പൊൾ, അത ചത്തുപൊയെങ്കിൽ ആകട്ടെ, ഉപദ്രവപ്പെട്ടു എങ്കിൽ ആകട്ടെ, ആരും കാണാതെ ആട്ടിക്കളയപ്പെട്ടു എങ്കിൽ ആകട്ടെ;

൧൧ അപ്പൊൾ അവൻ തന്റെ അയല്ക്കാരന്റെ വസ്തുവിന്മെൽ തന്റെ കയ്യിനെ വെച്ചിട്ടില്ല എന്ന യഹൊവായുടെ ആണ ഇരുപരിഷകൾക്കും നടുവെ ഇരിക്കെണം: അതിന്റെ ഉടയവനും അതിനെ സമ്മതിക്കെണം, മറ്റവൻ തിരിയെ കൊടുക്കയും വെണ്ട.

൧൨ എന്നാൽ അത അവന്റെ പക്കൽനിന്ന മൊഷ്ടിക്കപ്പെട്ടു എന്നുവരികിൽ, അവൻ അതിന്റെ ഉടയവന ഉത്തരവാദം പറയെണം.

൧൩ അത ചീന്തിപ്പൊയെങ്കിൽ, അവൻ അതിനെ സാക്ഷിയായിട്ട കൊണ്ടുവരെണം, ചീന്തിപ്പൊയതിനായിട്ട അവൻ ഉത്തരവാദം പറകയും വെണ്ട.

൧൪ ഒരുത്തൻ തന്റെ അയല്ക്കാരനൊട എരവായി വാങ്ങിട്ട, അതിന്റെ ഉടയവൻ അതിനൊട കൂടെ ഇല്ലാതെ ഇരിക്കുമ്പൊൾ, ഉപദ്രവമുണ്ടാകയൊ, ചത്തുപൊകയൊ ചെയ്താൽ, അവൻ ഉത്തരവാദം പറയെണം നിശ്ചയം.

൧൫ അതിന്റെ ഉടയവൻ അതിനൊട കൂടെ ഉണ്ടായിരുന്നാൽ, അവൻ ഉത്തരവാദം പറയെണ്ട: അതു കൂലിക്ക വാങ്ങപ്പെട്ടിരുന്നു എങ്കിൽ, അത അവന്റെ കൂലിക്ക വന്നിരുന്നു.

൧൬ പിന്നെ വിവാഹത്തിന നെമിക്കപ്പെടാത്ത ഒരു കന്യാസ്ത്രീയെ ഒരുത്തൻ വശീകരിച്ചു, അവളൊട കൂടെ ശയിച്ചാൽ, അവൻ സ്ത്രീധനം കൊടുത്ത, അവളെ ഭാൎയ്യയായിട്ട എടുത്തുകൊള്ളെണം.

൧൭ അവളുടെ പിതാവ അവളെ ഇവന കൊടുപ്പാൻ അശെഷം വിരൊധം പറഞ്ഞാൽ, ഇവൻ കന്യാസ്ത്രീകൾക്കുള്ള സ്ത്രീധനപ്രകാരം ദ്രവ്യം തൂക്കികൊടുക്കെണം.

൧൮ ക്ഷുദ്രക്കാരിയെ നീ ജീവനൊടെ വെക്കരുത.

൧൯ മൃഗത്തൊട കൂടെ ശയിക്കുന്ന എല്ലാവനും കൊല്ലപ്പെടെണം നിശ്ചയം.

൨൦ യഹൊവായിക്ക മാത്രമല്ലാതെ വെറെ ദൈവങ്ങൾക്ക വെലി കഴിക്കുന്നവൻ അശെഷം സംഹരിക്കപ്പെടെണം.

൨൧ ¶ നീ ഒരു പരദെശിയെ ദുഃഖിപ്പിക്കരുത, അവനെ ഉപദ്രവിക്കയുമരുത: എന്തുകൊണ്ടെന്നാൽ നിങ്ങൾ മിസ്രയിം ദെശത്ത പരദെശികൾ ആയിരുന്നു.

൨൨ ഒരു വിധവയെ എങ്കിലും, പിതാവില്ലാത്ത പൈതലിനെ എങ്കിലും നിങ്ങൾ ഉപദ്രവിക്കരുത.

൨൩ അവരെ നീ യാതൊരു പ്രകാരത്തിലും ഉപദ്രവിക്കുമ്പൊൾ,

അവർ എപ്പൊഴെങ്കിലും എന്നെ
നൊക്കി വിളിച്ചാൽ, ഞാൻ അവ
രുടെ നിലവിളിയെ കെൾക്കും നി
ശ്ചയം.
൨൪ എന്റെ കൊപവും ജ്വലി
ക്കും, ഞാൻ വാളുകൊണ്ട നിങ്ങളെ
കൊല്ലും; നിങ്ങളുടെ സ്ത്രീകൾ വി
ധവകളും, നിങ്ങളുടെ പൈതങ്ങൾ
പിതാവില്ലാത്തവരുമായി തീരുക
യും ചെയ്യും.
൨൫ നിന്റെ അടുക്കൽ എന്റെ
ജനങ്ങളിൽ ദരിദ്രനായ ഒരുത്തന
നീ ദ്രവ്യം വായിപ്പ കൊടുത്താൽ,
അവന പലിശെക്ക കൊടുക്കുന്ന
വനെന്നപൊലെ ഇരിക്കരുത, നീ
അവന്റെ മെൽ പലിശയെ ചു
മത്തുകയും അരുത.
൨൬ നിന്റെ അയല്ക്കാരന്റെ
വസ്ത്രത്തെ നീ എപ്പൊഴെങ്കിലും പ
ണയമായി വാങ്ങിയാൽ, സൂൎയ്യൻ
അസ്തമിക്കുന്നതിന മുമ്പെ അതി
നെ അവന തിരികെ കൊടുക്കെ
ണം;
൨൭ എന്തുകൊണ്ടെന്നാൽ അത
മാത്രം അവന്റെ പുതപ്പ [ആകു
ന്നു,] അത തന്നെ അവന്റെ തൊ
ലിന അവന്റെ വസ്ത്രം [ആകു
ന്നു:] അവൻ പിന്നെ എതിൽ ഉ
റങ്ങും? അതുകൊണ്ട ഇപ്രകാരം
ഉണ്ടാകും; അവൻ എന്നെ നൊ
ക്കി വിളിക്കുമ്പൊൾ, ഞാൻ കെൾ
ക്കും; എന്തെന്നാൽ ഞാൻ കരുണ
യുള്ളവൻ [ആകുന്നു.]
൨൮ നീ ദൈവങ്ങളെ ദുഷിക്കരു
ത, നിന്റെ ജനത്തിന്റെ അധി
പതിയെ ശപിക്കയുമരുത.
൨൯ നിന്റെ വിളവുകളിൽ ആ
ദ്യവിളവിനെയും, നിന്റെ മധുവി
ൽ ആദ്യമായുള്ളതിനെയും [വഴി
പാടായി നൽകുവാൻ] താമസിക്ക
രുത: നിന്റെ പുത്രന്മാരിൽ ആ
ദ്യജാതനെ നീ ഇനിക്ക തരെണം.
൩൦ നിന്റെ കാളകളിലും, നി
ന്റെ ആടുകളിലും അപ്രകാരം ത
ന്നെ ചെയ്യെണം: അത എഴ ദി
വസം തന്റെ തള്ളയൊട കൂടെ
ഇരിക്കെണം: എട്ടാം ദിവസം നീ
അതിനെ ഇനിക്ക തരെണം.
൩൧ നിങ്ങൾ ഇനിക്ക ശുദ്ധ മ
നുഷ്യരായും ഇരിക്കെണം: കാട്ടുമൃ
ഗങ്ങളാൽ ചീന്തിപ്പൊയ മാംസ
ത്തെ ഭക്ഷിക്കയുമരുത, നിങ്ങൾ
അതിനെ നായ്ക്കൾക്ക ഇട്ടുകളയെ
ണം.

൨൩ അദ്ധ്യായം.

൧ നിന്ദയെ കുറിച്ചും, കള്ളസ്സാക്ഷിയെ കുറി
ച്ചും,—൨. മറ്റുള്ള ലംഘനങ്ങളെ കുറിച്ചും,
മുറകളെ കുറിച്ചും ഉള്ളവ.—൨൦. അവർ അ
വനെ അനുസരിച്ചിരിക്കുമെങ്കിൽ ദൈവമുത
ൻ അനുഗ്രഹത്തൊടെ വാഗ്ദത്തം ചെയ്യപ്പെ
ട്ടത.

വ്യാജമായുള്ള വൎത്തമാനം ഉ
ണ്ടാക്കരുത: നെരില്ലാത്ത സാക്ഷി
യായിരിപ്പാൻ ദുഷ്ടനൊട കൂടെ
നിന്റെ കൈ ഇടരുത.
൨ ദൊഷം [ചെയ്യാനായിട്ട] പ
ലരുടെ പിന്നാലെ ചെല്ലരുത;
[ന്യായത്തെ] മറിച്ചുകളവാനായിട്ട
പലരുടെ പിന്നാലെ ചാഞ്ഞുപൊ
കുന്നതിനായി നീ വ്യവഹാരത്തി
ൽ ഉത്തരം പറകയും അരുത.
൩ ദരിദ്രനെ അവന്റെ വ്യവ
ഹാരത്തിൽ പക്ഷമായിട്ട വിചാ
രിക്കയും അരുത.
൪ തെറ്റിപ്പൊകുന്നതായ നി
ന്റെ ശത്രുവിന്റെ കാളയെയൊ
അവന്റെ കഴുതയെയൊ എതി
രെറ്റാൽ, നീ അതിനെ അവ
ന്റെ അടുക്കൽ തിരികെ കൊണ്ടു
പൊകെണം നിശ്ചയം.
൫ നിന്നെദ്വെഷിക്കുന്നവന്റെ

കഴുതയെ തന്റെ ചുമടിൻ കീഴെ
കിടക്കുന്നത നീ കണ്ടാൽ, അവ
ന സഹായിക്കാതെ ഇരിക്കുമൊ?
അവനൊട കൂടെ സഹായിക്കെ
ണം നിശ്ചയം.

൬ നിന്റെ അടുക്കൽ ഇരിക്കുന്ന
ദരിദ്രന്റെ വ്യവഹാരത്തിൽ അവ
ന്റെ ന്യായവിധിയെ മറിച്ചുകള
യരുത.

൭ കള്ളക്കാൎയ്യത്തിൽനിന്ന അക
ന്നിരിക്ക; കുററമില്ലാത്തവനെയും
നീതിമാനെയും കൊല്ലാതെയും ഇ
രിക്ക: എന്തുകൊണ്ടെന്നാൽ ദുഷ്ട
നെ ഞാൻ നീതിമാനാക്കുകയില്ല.

൮ നീ സമ്മാനം വാങ്ങുകയും
അരുത: എന്തെന്നാൽ സമ്മാനം
കാഴ്ചയുള്ളവരെ കുരുടാക്കുകയും, നീ
തിമാന്മാരുടെ വാക്കുകളെ മറിച്ചുക
ളുകയും ചെയ്യുന്നു.

൯ പരദെശിയെ ഉപദ്രവിക്കയു
മരുത: എന്തുകൊണ്ടെന്നാൽ മിസ്ര
യിം ദെശത്ത പരദെശികളായി
രുന്നതുകൊണ്ട നിങ്ങൾ പരദെശി
യുടെ ആത്മാവിനെ അറിയുന്നു.

൰ ¶ പിന്നെ നീ ആറ സംവ
ത്സരം നിന്റെ ഭൂമിയെ വിതച്ച,
അതിന്റെ വിളവിനെ കൂട്ടിക്കൊ
ൾക.

൰൧ എന്നാൽ എഴാം സംവത്സര
ത്തിൽ അതിനെ വെറുതെ ഇട്ടെക്ക:
നിന്റെ ജനത്തിലെ ദരിദ്രന്മാർ ഭ
ക്ഷിക്കെണ്ടുന്നതിനാകുന്നു: അവ
ർ ശെഷിപ്പിക്കുന്നതിനെ കാട്ടുമൃഗ
ങ്ങൾ തിന്നട്ടെ. നിന്റെ മുന്തിരി
ങ്ങാത്തൊട്ടത്തിനും ഒലിവു തൊട്ട
ത്തിനും അപ്രകാരം തന്നെ ചെയ്യുക.

൰൨ നീ ആറ ദിവസം നിന്റെ
പ്രവൃത്തി ചെയ്യുക, എഴാം ദിവസം,
നിന്റെ കാളയും കഴുതയും സ്വ
സ്ഥമായിരിപ്പാനായിട്ടും, നിന്റെ
അടിമസ്ത്രീയുടെ പുത്രനും പരദെ
ശിയും ആശ്വാസപ്പെടുവാനായി
ട്ടും, നീ സ്വസ്ഥമായിരിക്കയും ചെ
യ്യുക.

൰൩ ഞാൻ നിങ്ങളൊട പറഞ്ഞ
എല്ലാ കാൎയ്യങ്ങളിലും ജാഗ്രതയാ
യിരിപ്പിൻ: അന്യ ദൈവങ്ങളുടെ
നാമം ഒൎക്കരുത, അത നിന്റെ വാ
യിൽനിന്ന കെൾക്കപ്പെടുകയും
അരുത.

൰൪ ¶ സംവത്സരത്തിൽ മൂന്നു
പ്രാവശ്യം എനിക്ക പെരുനാളി
നെ ആചരിച്ചുകൊൾക.

൰൫ നീ പുളിപ്പില്ലാത്ത അപ്പങ്ങ
ളുടെ പെരുനാളിനെ പ്രമാണിക്ക:
ഞാൻ നിന്നൊട കല്പിച്ച പ്രകാ
രം ആബീബ മാസത്തിൽ നിശ്ച
യിക്കപ്പെട്ട സമയത്ത നീ എഴ ദി
വസം പുളിപ്പില്ലാത്ത അപ്പങ്ങളെ
ഭക്ഷിക്ക: എന്തുകൊണ്ടെന്നാൽ
അതിൽ നീ മിസ്രയിമിൽനിന്ന
പുറപ്പെട്ടു വന്നു: എന്നാൽ വെറു
ങ്കയ്യായി എന്റെ മുമ്പാകെ ആരും
കാണപ്പെടരുത.

൰൬ നീ വയലിൽ വിതച്ച നി
ന്റെ കൃഷിപ്രവൃത്തികളുടെ ആ
ദ്യഫലമാകുന്ന കൊയിത്ത സമ
യത്തിന്റെ പെരുനാളിനെയും, വ
ൎഷാവസാനത്തിങ്കൽ നീ വയലി
ൽനിന്ന നിന്റെ പ്രവൃത്തിയുടെ
ഫലത്തെ കൂട്ടിതീരുമ്പൊൾ, കൂട്ടലി
ന്റെ പെരുനാളിനെയും ആചരി
ക്ക.

൰൭ സംവത്സരത്തിൽ മൂന്ന പ്രാവ
ശ്യം നിന്റെ പുരുഷപ്രജ എല്ലാം
കൎത്താവായ യഹൊവായുടെ മുമ്പാ
കെ കാണപ്പെടെണം.

൰൮ നീ പുളിച്ച മാവൊടകൂടെ എ
ന്റെ ബലിയുടെ രക്തത്തെ ബ
ലിയിടരുത, എന്റെ പെരുനാളി

൰൯൩

ന്റെ മെദസ്സ ഉഷഃകാലം വരെ
യും ഇരിക്കയുമരുത.
൧൯ നീ നിന്റെ ഭൂമിയുടെ ആ
ദ്യവിളവുകളിലെ ആദ്യഫലം നി
ന്റെ ദൈവമാകുന്ന യഹൊവാ
യുടെ ഭവനത്തിലെക്ക കൊണ്ടുവ
രിക. വെള്ളാട്ടിൻ കുട്ടിയെ അതി
ന്റെ തള്ളയുടെ പാലിൽ പാകം
ചെയ്യരുത.
൨൦ ¶ ഇതാ, നിന്നെ വഴിയിൽ
കാത്ത സൂക്ഷിക്കെണ്ടുന്നതിനും,
ഞാൻ ഒരുക്കിയിരിക്കുന്ന സ്ഥ
നത്തെക്ക നിന്നെ കൊണ്ടുപൊ
കെണ്ടുന്നതിനും ഞാൻ ഒരു ദൂത
നെ നിന്റെ മുമ്പാകെ അയക്കു
ന്നു.
൨൧ നീ അവങ്കൽ ജാഗ്രതപ്പെട്ട,
അവന്റെ ശബ്ദത്തെ കെൾക്ക:
അവനെ കൊപിപ്പിക്കരുത: എ
ന്തെന്നാൽ നിങ്ങളുടെ അക്രമങ്ങ
ളെ അവൻ ക്ഷമിക്കയില്ല: എ
ന്തെന്നാൽ എന്റെ നാമം അവ
ന്റെ ഉള്ളിൽ [ഉണ്ട.]
൨൨ എന്നാൽ നീ അവന്റെ ശ
ബ്ദത്തെ നിശ്ചയമായി കെട്ട, ഞാ
ൻ പറയുന്നതിനെ ഒക്കെയും ചെ
യ്താൽ, അപ്പൊൾ ഞാൻ നിന്റെ
ശത്രുക്കൾക്ക ശത്രുവായിരിക്കും, നി
ന്നെ ഉപദ്രവിക്കുന്നവരെ ഉപദ്ര
വിക്കയും ചെയ്യും.
൨൩ എന്തെന്നാൽ എന്റെ ദൂ
തൻ നിന്റെ മുമ്പെ നടന്ന, നി
ന്നെ അമൊറായക്കാരുടെയും, ഹി
ത്തായക്കാരുടെയും, പെറിസ്സായ
ക്കാരുടെയും, കനാനായക്കാരുടെ
യും, ഹിവായക്കാരുടെയും, യെബു
സായക്കാരുടെയും സ്ഥലത്തെക്ക
കൊണ്ടുപൊകും: അവരെ ഞാൻ
ഛെദിച്ചുകളകയും ചെയ്യും.
൨൪ നീ അവരുടെ ദൈവങ്ങളെ
വന്ദിക്കാതെയും, അവയെ സെ
വിക്കാതെയും, അവരുടെ പ്രവൃ
ത്തികളിൻ പ്രകാരം ചെയ്യാതെയും,
അവയെ അശെഷം നശിപ്പിച്ച,
അവരുടെ വിഗ്രഹങ്ങളെ അശെ
ഷം പൊട്ടിച്ചുകളക.
൨൫ നിങ്ങളുടെ ദൈവമാകുന്ന
യഹൊവായെ തന്നെ സെവിച്ചു
കൊൾവിൻ, എന്നാൽ അവൻ നി
ന്റെ അപ്പത്തെയും നിന്റെ വെ
ള്ളത്തെയും അനുഗ്രഹിക്കും: ഞാൻ
വ്യാധിയെ നിന്റെ നടുവിൽനി
ന്ന നീക്കുകയും ചെയ്യും.
൨൬ ഗൎഭം അലസുന്നവളും മ
ച്ചിയും നിന്റെ ദെശത്ത ഉണ്ടാ
കയില്ല; നിന്റെ ദിവസത്തിന്റെ
എണ്ണത്തെ ഞാൻ പൂൎത്തിവരുത്തും.
൨൭ ഞാൻ എന്നെ കുറിച്ചുള്ള ഭ
യങ്കരത്തെ നിന്റെ മുമ്പാകെ അ
യച്ച, നീ വന്നുകൂടുന്ന ജനങ്ങളെ
ഒക്കെയും നശിപ്പിച്ച, നിന്റെ എ
ല്ലാ ശത്രുക്കളെയും നിനക്ക തങ്ങളു
ടെ പുറത്ത ഭാഗത്തെ തിരിക്കുമാ
റാക്കും.
൨൮ നിന്റെ മുമ്പിൽനിന്ന ഹി
വായക്കാരനെയും, കനാനായക്കാ
രനെയും, ഹിത്തായക്കാരനെയും,
ആട്ടികളയുന്ന വെട്ടാളങ്ങളെയും
ഞാൻ നിന്റെ മുമ്പെ അയക്കും.
൨൯ ദെശം ശൂന്യമാകാതെയും,
കാട്ടുമൃഗങ്ങൾ നിനക്ക വിരൊധ
മായി വൎദ്ധിക്കാതെയും ഇരിപ്പാ
ൻ, ഞാൻ അവരെ ഒരു സംവത്സ
രത്തിനകത്ത നിന്റെ മുമ്പിൽനി
ന്ന ആട്ടികളകയില്ല.
൩൦ നീ വൎദ്ധിച്ച, ദെശത്തെ അ
നുഭവിക്കുന്നതവരെയും അവരെ
കുറെശ്ശ കുറെശ്ശ നിന്റെ മുമ്പിൽ
നിന്ന ഞാൻ ആട്ടികളയും.
൩൧ ഞാൻ നിന്റെ അതൃത്തി

യെ ചെങ്കടൽ തുടങ്ങി, ഫലിസ്തി
യകാരുടെ കടൽ വരെയും, വനം
തുടങ്ങി നദി വരെയും ആക്കും: എ
ന്തുകൊണ്ടെന്നാൽ ഞാൻ ദെശ
ത്തെ കുടിയാന്മാരെ നിങ്ങളുടെ ക
യ്യിലെക്ക എല്പിക്കും: നീ അവരെ
നിന്റെ മുമ്പിൽനിന്ന ആട്ടിക്കള
കയും വെണം.

൩൨ നീ അവരൊട എങ്കിലും, അ
വരുടെ ദൈവങ്ങളൊട എങ്കിലും ഉ
ഭയസമ്മതം ചെയ്യരുത.

൩൩ അവർ നിന്നെ എനിക്ക വി
രൊധമായി പാപം ചെയ്യുമാറാ
ക്കാതെ ഇരിപ്പാൻ അവർ നിന്റെ
ദെശത്ത വസിക്കരുത: എന്തുകൊ
ണ്ടെന്നാൽ നീ അവരുടെ ദൈവ
ങ്ങളെ സെവിച്ചാൽ, അത നിന
ക്ക കണിയായി തീരും നിശ്ചയം.

൨൪ അദ്ധ്യായം.

൧ മൊശെ പൎവതത്തിലെക്ക വിളിക്കപ്പെടുന്നത: ജനങ്ങൾ അനുസരണത്തെ വാഗ്ദത്തം ചെയ്യുന്നത.—൭. മൊശെ ഉഭയസമ്മതത്തിന്റെ രക്തത്തെ പ്രൊക്ഷണം ചെയ്യുന്നത. ൧൨. അവൻ പൎവതത്തിലെക്ക കരെറി പൊകുന്നത.

പിന്നെയും അവൻ മൊശെ
യൊട പറഞ്ഞത എന്തെന്നാൽ,
നീയും അഹറൊനും, നാദാബും
അബിഹുവും, യിസ്രാഎലിന്റെ
മൂപ്പന്മാരിൽ എഴുപത ആളുമായി
യഹൊവായുടെ അടുക്കൽ കരെറി
വന്ന: ദൂരത്തനിന്ന വന്ദിപ്പിൻ.

൨ മൊശെ മാത്രം യഹൊവായി
ക്ക അടുത്തുവരട്ടെ: എന്നാൽ ഇവർ
അടുത്തവരരുത, ജനം അവനൊ
ട കൂടെ കരെറുകയും അരുത.

൩ എന്നാറെ മൊശെ വന്ന, യ
ഹൊവായുടെ സകല വചനങ്ങ
ളെയും ന്യായങ്ങളെയും ജനത്തൊ
ട അറിയിച്ചു. അപ്പൊൾ ജനം ഒ
ക്കെയും, യഹൊവാ അരുളിച്ചെയ്യു
സകല വചനങ്ങളുടെയും പ്രകാ
രം ഞങ്ങൾ ചെയ്യും എന്ന, എക ശ
ബ്ദത്തൊടെ ഉത്തരമായിട്ടുപറഞ്ഞു.

൪ അപ്പൊൾ മൊശെ യഹൊ
വായുടെ വചനങ്ങളെ ഒക്കെയും
എഴുതി, അതികാലത്ത എഴുനീറ്റ,
പൎവതത്തിന താഴെ ഒരു ബലി
പീഠത്തെയും, യിസ്രാഎലിന്റെ
പന്ത്രണ്ട ഗൊത്രങ്ങളുടെ കണക്കി
ൻ പ്രകാരം പന്ത്രണ്ട തൂണുകളെ
യും പണിതു.

൫ പിന്നെ അവൻ യിസ്രാഎ
ൽ പുത്രന്മാരിൽ ബാല്യക്കാരായവ
രെ അയച്ചു, അവർ ഹൊമബലി
കളെ കഴിച്ചു, യഹൊവായിക്ക കാ
ളുകളെയും സമാധാന ബലികളാ
യിട്ട കഴിച്ചു.

൬ അപ്പൊൾ മൊശെ രക്തത്തിൽ
പാതിയെ എടുത്ത, പാത്രങ്ങളിൽ ഒ
ഴിച്ചു: അവൻ രക്തത്തിൽ പാതി
യെ ബലിപീഠത്തിന്മെൽ തളിച്ചു.

൭ അവൻ ഉഭയസമ്മതത്തിന്റെ
പുസ്തകത്തെ എടുത്ത, ജനത്തിന്റെ
ചെവികൾ കെൾക്ക വായിച്ചു: അ
പ്പൊൾ അവർ യഹൊവാ കല്പിച്ച
തിനെ ഒക്കെയും ഞങ്ങൾ ചെയ്യു,
അനുസരിച്ച നടക്കുമെന്ന പറ
ഞ്ഞു.

൮ അപ്പൊൾ മൊശെ രക്തത്തെ
എടുത്ത, ജനത്തിന്മെൽ തളിച്ചു, ഇ
താ, ഈ സകല വചനങ്ങളെയും
കുറിച്ചു യഹൊവാ നിങ്ങളൊട ചെ
യ്യു ഉഭയസമ്മതത്തിന്റെ രക്തം
എന്ന പറഞ്ഞു.

൯ പിന്നെ മൊശെയും അഹ
റൊനും, നാദാബും, അബിഹുവും,
യിസ്രാഎലിന്റെ മൂപ്പന്മാരിൽ എ
ഴുപത ആളും കരെറി ചെന്നു.

൧൦ അവർ യിസ്രാഎലിന്റെ
ദൈവത്തെ കണ്ടു: അവന്റെ പാ

ങ്ങളിൻ കീഴിൽ നീലക്കല്ലു കൊണ്ടു കെട്ടപ്പെട്ട തളം പൊലെയും, സ്വഛതയിൽ ആകാശത്തിന്റെ ആകൃതിപൊലെയും ഇരുന്നു.

൧൧ എന്നാൽ അവൻ യിസ്രാഎൽ പുത്രന്മാരുടെ പ്രമാണികളുടെ മെൽ തന്റെ കയ്യിനെ നീട്ടീട്ടില്ല: അവർ ദൈവത്തെ കണ്ടു, ഭക്ഷിച്ച കുടിക്കയും ചെയ്തു.

൧൨ ¶ പിന്നെയും യഹൊവാ മൊശെയൊട പറഞ്ഞത എന്തെന്നാൽ, നീ എന്റെ അടുക്കൽ പൎവതത്തിന്മെൽ കരെറിവന്ന, അവിടെ ഇരിക്ക: ഞാൻ നിനക്ക കല്പലകകളെയും, നീ അവൎക്ക ഉപദെശിക്കെണ്ടുന്നതിന, ഞാൻ എഴുതിയ ന്യായപ്രമാണത്തെയും, കല്പനകളെയും തരാം.

൧൩ അപ്പൊൾ മൊശെയും തന്റെ ശുശ്രൂഷക്കാരനായ യൊശുവായും എഴുനീറ്റു: മൊശെ ദൈവത്തിന്റെ പൎവതത്തിലെക്ക കരെറി.

൧൪ വിശെഷിച്ച അവൻ മൂപ്പന്മാരൊട പറഞ്ഞു, ഞങ്ങൾ നിങ്ങളുടെ അടുക്കൽ തിരികെ വരുവൊളത്തിന ഇവിടെ ഞങ്ങൾക്കായി പാൎത്തിരിപ്പിൻ. ഇതാ, അഹറൊനും ഹൂറും നിങ്ങളൊട കൂടെ [ഉണ്ടു:] യാതൊരുത്തന കാൎയ്യാദികളുണ്ടായാൽ, അവൻ അവരുടെ അടുക്കൽ പൊകട്ടെ.

൧൫ പിന്നെ മൊശെ പൎവതത്തിലെക്ക കരെറി; അപ്പൊൾ ഒരു മെഘം പൎവതത്തെ മൂടി.

൧൬ യഹൊവായുടെ മഹത്വവും സീനായി പൎവതത്തിന്മെൽ ആവസിച്ചിരുന്നു, മെഘം ആറ ദിവസം അതിനെ മൂടിയിരുന്നു: അവൻ എഴാം ദിവസം മെഘത്തിന്റെ നടുവിൽനിന്ന മൊശെയെ വിളിച്ചു.

൧൭ വിശെഷിച്ചും യഹൊവായുടെ മഹത്വത്തിന്റെ കാഴ്ച യിസ്രാഎൽ പുത്രന്മാരുടെ കണ്ണുകൾക്ക പൎവതത്തിന്റെ മുകളിൽ ഭക്ഷിക്കുന്ന അഗ്നിപൊലെ [ആയിരുന്നു.]

൧൮ എന്നാൽ മൊശെ മെഘത്തിന്റെ നടുവിൽ പ്രവെശിച്ചു, പൎവതത്തിലെക്ക കരെറി: പിന്നെ മൊശെ നാല്പത പകലും നാല്പത രാവും പൎവതത്തിൽ ഉണ്ടായിരുന്നു.

൨൫ അദ്ധ്യായം.

൧ കൂടാരത്തിന വെണ്ടിയുള്ള വഴിപാട.—൧൦ പെട്ടകത്തിന്റെ മാതിരി.—൧൭. കൃപാസനം.—൨൩. കാഴ്ച അപ്പത്തിന്റെ പിഠപ്പലക.—൩൧. വിളക്കുതണ്ട.

പിന്നെ യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞത എന്തെന്നാൽ,

൨ ഇനിക്ക വഴിപാടിനെ എടുത്തു കൊണ്ടുവരുവാൻ യിസ്രാഎൽ പുത്രന്മാരൊട പറക: തന്റെ പൂൎണ്ണ മനസ്സൊടെ തരുന്ന ഒരൊരുത്തനൊട നിങ്ങൾ ഇനിക്ക വഴിപാടിനെ വാങ്ങെണം.

൩ നിങ്ങൾ അവരൊട വാങ്ങെണ്ടുന്ന വഴിപാട ഇത: പൊന്നും, വെള്ളിയും, പിച്ചളയും,

൪ ഇളനീല നൂലും, ധൂമ്രവൎണ്ണമുള്ള നൂലും, ചുവന്ന നൂലും, നെരിയ പട്ടു നൂലും, കൊലാടുകളിൻ [രൊമവും.]

൫ ചുവപ്പിച്ച ആട്ടുകൊറ്റന്മാരുടെ തൊലുകളും, തകസ്സുകളിൻ തൊലുകളും, ശിത്തിമെന്ന മരവും,

൬ വിളക്കിന എണ്ണയും, അഭിഷെക എണ്ണെക്ക പരിമള വൎഗ്ഗങ്ങളും, ധൂപത്തിന സുഗന്ധ വൎഗ്ഗങ്ങളും,

൧൭

൭ ആചാൎയ്യ എഫൊദിന്നും മാൎ
പതക്കത്തിന്നും പതിപ്പിക്കപ്പെടുവാ
നുള്ള ഗൊമെധകക്കല്ലുകളും, രത്ന
ങ്ങളും തന്നെ.
൮ ഞാൻ അവരുടെ നടുവിൽ
വസിപ്പാനായിട്ട, അവർ ഇനിക്ക
ഒരു ശുദ്ധസ്ഥലത്തെയും ഉണ്ടാക്ക
ട്ടെ.
൯ കൂടാരത്തിന്റെ മാതൃകയും, അ
തിന്റെ ഉപകരണങ്ങളുടെ മാതൃക
യും, ഞാൻ നിനക്ക എതപ്രകാ
രമൊക്കെയും കാണിക്കുന്നുവൊ,
അപ്രകാരം തന്നെ [അതിനെ] ഉ
ണ്ടാക്കുവിൻ.
൧൦ ¶ അവർ ശിത്തീം മരം കൊ
ണ്ട ഒരു പെട്ടിയെ ഉണ്ടാക്കെണം:
അതിന്റെ നീളം രണ്ടര മുളവും,
അതിന്റെ വീതി ഒന്നര മുളവും,
അതിന്റെ ഉയരം ഒന്നര മുളവും
ആയിരിക്കെണം.
൧൧ നീ അതിനെ മുഴുവനും ശുദ്ധ
മുള്ള പൊൻ തകിട്ട കൊണ്ട പൊ
തിയെണം, അതിനെ അകവും പു
റവും പൊതിയെണം: അതിന്റെ
മെൽ ചുററും പൊന്ന കൊണ്ടുള്ള ഒ
രു കിരിടത്തെയും ഉണ്ടാക്കെണം.
൧൨ അതിന നാല പൊൻ വളു
യങ്ങളെ നീ വാൎപ്പിച്ച, അതിന്റെ
നാല കൊണുകളിൽ, ഇപ്പുറത്ത ര
ണ്ട വളയങ്ങളെയും, അപ്പുറത്ത ര
ണ്ട വളയങ്ങളെയും തറെക്കെണം,
൧൩ നീ ശിത്തീം മരം കൊണ്ട ത
ണ്ടുകളെയും ഉണ്ടാക്കി, അവയെ
പൊൻ തകിടു കൊണ്ട പൊതിയെ
ണം.
൧൪ ആ തണ്ടുകളാൽ പെട്ടിയെ
വഹിക്കെണ്ടുന്നതിന, അവയെ
പെട്ടിയുടെ ഭാഗങ്ങളിലുള്ള വളയ
ങ്ങളിൽ ചെലുത്തുകയും വെണം.
൧൫ ആ തണ്ടുകൾ പെട്ടിയുടെ
വളയങ്ങളിൽ ഇരിക്കെണം: അവ
അതിൽനിന്ന നീക്കപ്പെടരുത.
൧൬ നീ ആ പെട്ടിയിൽ ഞാൻ
നിനക്ക തരുവാനിരിക്കുന്ന സാ
ക്ഷിയെ വെക്കണം.
൧൭ നീ ശുദ്ധപൊന്നുകൊണ്ട കൃ
പാസനത്തെയും ഉണ്ടാക്കെണം:
അതിന്റെ നീളം രണ്ടര മുളവും അ
തിന്റെ വീതി ഒന്നര മുളവും [ആ
യിരിക്കെണം.]
൧൮ നീ പൊന്ന കൊണ്ട രണ്ട
കെരുബുകളെയും ഉണ്ടാക്കെണം:
അവയെ അടിക്കപ്പെട്ട പൊന്ന
കൊണ്ട കൃപാസനത്തിന്റെ ര
ണ്ട അററങ്ങളിലും ഉണ്ടാക്കെണം.
൧൯ ഒരു കെരുബിനെ ഒര അ
ററത്തും, മറെറ കെരുബിനെ മറെറ
അററത്തും നീ ഉണ്ടാക്കെണം: ആ
കെരുബുകളെ കൃപാസനത്തിൽ
നിന്ന അതിന്റെ രണ്ട അററങ്ങ
ളിലും ഉണ്ടാക്കുവിൻ.
൨൦ ആ കെരുബുകൾ (തങ്ങളു
ടെ) ചിറകുകളെ മെലായി വിടു
ൎത്ത, തങ്ങളുടെ ചിറകുകൾ കൊണ്ട
കൃപാസനത്തെ മൂടുന്നവയും, ത
മ്മിൽ അഭിമുഖങ്ങളുമായി [ഇരി
ക്കെണം:] കെരുബുകളുടെ മുഖങ്ങ
ൾ കൃപാസനത്തിന നെരെ ഇരി
ക്കെണം.
൨൧ നീ കൃപാസനത്തെ പെട്ടി
യുടെ മീതെ വെക്കെണം; പെട്ടി
യിൽ ഞാൻ നിനക്ക തരുവാനിരി
ക്കുന്ന സാക്ഷിയെ വെക്കയും വെ
ണം.
൨൨ അവിടെ ഞാൻ നിന്നെ എ
തിരെററ, കൃപാസനത്തിന്റെ മെ
ൽനിന്നും, സാക്ഷിയുടെ പെട്ടിയു
ടെ മെൽ നില്ക്കുന്ന രണ്ട കെരുബു
കളുടെ നടുവിൽനിന്നും യിസ്രാ
എൽ പുത്രന്മാൎക്കായി ഞാൻ നി

നിന്നോട കല്പിപ്പാൻ ഇരിക്കുന്ന സകല കാൎയ്യങ്ങളെയും കുറിച്ച, നിന്നോട സംസാരിക്കയും ചെയ്യും.

൨൩ ¶ ശിത്തീം മരം കൊണ്ട നീ ഒരു മെശയെയും ഉണ്ടാക്കെണം: അതിന്റെ നീളം രണ്ടര മുളവും, അതിന്റെ വീതി ഒരു മുളവും, അതിന്റെ ഉയരം ഒന്നര മുളവും [ആയിരിക്കെണം.]

൨൪ ആയതിനെ നീ ശുദ്ധമുള്ള പൊൻതകിട കൊണ്ട പൊതിഞ്ഞ, ചുററും അതിന പൊന്നുകൊണ്ടുള്ള ഒരു കിരീടത്തെയും ഉണ്ടാക്കെണം.

൨൫ ചുററും അതിന നാല വിരൽ വീതിയുള്ള ഒരു ചട്ടത്തെയും, അതിന്റെ ചട്ടത്തിന ചുററിലും പൊന്നു കൊണ്ട ഒരു കിരീടത്തെയും നീ ഉണ്ടാക്കെണം.

൨൬ നീ അതിന നാല പൊൻവളയങ്ങളെയും ഉണ്ടാക്കെണം, ആ വളയങ്ങളെ അതിന്റെ നാല കാലുകളിരിക്കുന്ന നാല കൊണുകളിലും തറെക്കണം.

൨൭ ആ വളയങ്ങൾ മെശയെ വഹിക്കുന്നതിന തണ്ടുകൾക്ക സ്ഥലങ്ങളായിട്ടിരിപ്പാൻ ചട്ടത്തിന നെരെ ഇരിക്കെണം.

൨൮ നീ ആ തണ്ടുകളെ ശിത്തീം മരം കൊണ്ട ഉണ്ടാക്കി, അവയെ പൊൻ തകിടു കൊണ്ട പൊതിയെണം: അവയാൽ മെശ വഹിക്കപ്പെടുകയും വെണം.

൨൯ നീ അതിന്റെ പിഞ്ഞാണങ്ങളെയും, അതിന്റെ തവികളെയും, അതിന്റെ മൂടികളെയും, വാക്കുന്നതിന അതിന്റെ പാനപാത്രങ്ങളെയും ഉണ്ടാക്കെണം: ശുദ്ധ പൊന്നു കൊണ്ട അവയെ ഉണ്ടാക്കെണം.

൩൦ മെശയുടെ മെൽ എപ്പൊഴും എന്റെ മുമ്പാകെ കാഴ്ച അപ്പങ്ങളെ നീ വെക്കയും വെണം.

൩൧ ¶ നീ ശുദ്ധപൊന്നു കൊണ്ട ഒരു നിലവിളക്കിനെയും ഉണ്ടാക്കെണം: ആ നിലവിളക്ക അടിക്കപ്പെട്ട പൊന്നു കൊണ്ട ഉണ്ടാക്കപ്പെടെണം. അതിന്റെ തണ്ടും, അതിന്റെ കവരങ്ങളും, അതിന്റെ മുട്ടുകളും, അതിന്റെ മാതളപ്പഴങ്ങളും, അതിന്റെ പുഷ്പങ്ങളും അതിൽനിന്ന തന്നെ ആയിരിക്കെണം.

൩൨ ആറ കവരം അതിന്റെ ഭാഗങ്ങളിൽനിന്ന പുറപ്പെടെണം: നിലവിളക്കിന്റെ മൂന്ന കവരം ഒരു ഭാഗത്തനിന്നും, നിലവിളക്കിന്റെ മൂന്ന കവരം മറെറ ഭാഗത്തനിന്നും:

൩൩ ഒരു കവരത്തിൽ ബദാം കുരു പൊലെ മൂന്ന മുട്ടുകളും, ഒരു മാതളപ്പഴവും, ഒരു പുഷ്പവും; മറെറാരു കവരത്തിൽ ബദാം കുരു പൊലെ മൂന്ന മുട്ടുകളും, ഒരു മാതളപ്പഴവും, ഒരു പുഷ്പവും ഉണ്ടായിരിക്കെണം: നിലവിളക്കിൽനിന്ന പുറപ്പെടുന്ന ആറ കവരങ്ങളിലും അപ്രകാരം ഇരിക്കെണം.

൩൪ എന്നാൽ വിളക്കുതണ്ടിൽ ബദാം കുരുക്കൾ പൊലെ നാല മുട്ടുകളും, അതിന്റെ മാതളപ്പഴങ്ങളും, അതിന്റെ പുഷ്പങ്ങളും [ഉണ്ടാകെണം.]

൩൫ അതിന്റെ രണ്ട കവരത്തിൻ താഴെ ഒരു മാതളപ്പഴവും, അതിന്റെ വെറെ രണ്ട കവരത്തിൻ താഴെ ഒരു മാതളപ്പഴവും, അതിന്റെ മറെറ രണ്ട കവരത്തിൻ താഴെ ഒരു മാതളപ്പഴവും, വിളക്കുതണ്ടിൽനിന്ന പുറപ്പെടുന്ന ആറ കവരങ്ങളിൻ പ്രകാരം [ഉണ്ടാകെണം.]

൩൬ അവയുടെ മാതളപ്പഴങ്ങളും, അവയുടെ കവരങ്ങളും, അതിൽനിന്ന ഉണ്ടായിരിക്കെണം: എല്ലാം അടിക്കപ്പെട്ട ശുദ്ധപൊന്ന കൊണ്ട ഒരു ഖണ്ഡമായിരിക്കെണം.

൩൭ നീ അതിന്റെ എഴ വിളക്കുകളെയും ഉണ്ടാക്കെണം: അതിന നെരായി പ്രകാശിക്കെണ്ടുന്നതിന അതിന്റെ വിളക്കുകളെ കൊളുത്തുകയും വെണം.

൩൮ അതിന്റെ ചവണകളും, അതിന്റെ മഷി തെളിച്ചിടുന്ന പാത്രങ്ങളും ശുദ്ധപൊന്ന കൊണ്ടുള്ളവയായി [ഇരിക്കെണം.]

൩൯ അതിനെ ഒരം സകല ഉപകരണങ്ങളൊടും കൂടെ ഒരു താലന്തശുദ്ധപൊന്ന കൊണ്ട അവൻ ഉണ്ടാക്കെണം.

൪൦ വിശെഷിച്ചും പൎവതത്തിൽ നിനക്ക കാണിക്കപ്പെട്ട അവയുടെ മാതൃക പ്രകാരം [അവയെ] ഉണ്ടാക്കുവാൻ നൊക്ക.

൨൬ അദ്ധ്യായം.

൧ കൂടാരത്തിന്റെ പത്തു തിരശീലകൾ.—൧൫ പെട്ടകത്തിനുള്ള മറശില.

എന്നാൽ നീ കൂടാരത്തെ നെൎമ്മയായുള്ള പട്ടു നൂലും, ഇളനീല നൂലും, ധൂമ്രവൎണ്ണമുള്ള നൂലും, ചുവന്ന നൂലും കൊണ്ടുള്ള പത്ത തിരശീലകളൊടെ ഉണ്ടാക്കെണം: ചിത്രപ്പണിയായ കെരുബുകൾ ഇരിക്കുന്നവയായി നീ അവയെ ഉണ്ടാക്കെണം.

൨ ഒരൊ തിരശീലയുടെ നീളം ഇരുപത്തെട്ട മുളവും, ഒരൊ തിരശീലയുടെ വീതി നന്നാല മുളവും [ആയിരിക്കെണം:] തിരശീലകൾക്ക എല്ലാം ഒര അളവ തന്നെ ആയിരിക്കെണം.

൩ അഞ്ച തിരശീലകൾ ഒന്നൊടൊന്ന ഇണെക്കപ്പെട്ടിരിക്കെണം: മറ്റ അഞ്ച തിരശീലകളും ഒന്നൊടൊന്ന ഇണെക്കപ്പെട്ടിരിക്കെണം.

൪ നീ ഇണെപ്പിങ്കലുള്ള അരികിൽനിന്ന ഒരു തിരശീലയുടെ വിളുമ്പിൽ ഇളനീല നൂൽ കൊണ്ട കുഴകളെ ഉണ്ടാക്കെണം: രണ്ടാമത്തെതിന്റെ ഇണെപ്പിങ്കൽ തിരശീലയുടെ പുറത്തെ വിളുമ്പിലും നീ അപ്രകാരം തന്നെ ഉണ്ടാക്കെണം.

൫ നീ ഒരു തിരശീലയിൽ അമ്പത കുഴകളെയും ഉണ്ടാക്കെണം: രണ്ടാമത്തെതിന്റെ ഇണെപ്പിങ്കൽ തിരശീലയുടെ വിളുമ്പിൽ അമ്പത കുഴകളെയും, കുഴകൾ ഒന്നൊടൊന്ന നെരെ ചെൎന്നിരിക്കെണ്ടുന്നതിന ഉണ്ടാക്കെണം.

൬ നീ പൊന്ന കൊണ്ട അമ്പത കുടുക്കുകളെയും ഉണ്ടാക്കെണം: തിരശീലകളെ കുടുക്കുകൾ കൊണ്ട ഒന്നിച്ച ഇണെക്കുകയും വെണം: അത ഒരു കൂടാരം ആയിരിക്കെണം.

൭ ¶ പിന്നെ നീ കൂടാരത്തിന്മെൽ ഒരു മൂടി വിരിയായിട്ട ആട്ടുകൊറ്റന്മാരുടെ രൊമം കൊണ്ട തിരശീലകളെ ഉണ്ടാക്കെണം: പതിനൊന്ന തിരശീലകളെ നീ ഉണ്ടാക്കെണം.

൮ ഒരൊ തിരശീലയുടെ നീളം മുപ്പത മുളവും, ഒരൊ തിരശീലയുടെ വീതി നാല മുളവും [ആയിരിക്കെണം:] പതിനൊന്ന തിരശീലകൾക്കും ഒര അളവ തന്നെ [ആയിരിക്കെണം.]

൯ നീ അഞ്ച തിരശീലകളെ ഒന്നായിട്ടും, ആറ തിരശീലകളെ ഒന്നായിട്ടും ഇണെച്ച, ആറാമത്തെ തിരശീലയെ കൂടാരത്തിന്റെ മുകപ്പിന മുമ്പെ ഇരട്ടയായിട്ട മടക്കെണം.

൧൦ നീ ഇണെപ്പിക്കൽ പുറത്തുള്ള തിരശീലയുടെ വിളുമ്പിൽ അമ്പത കുഴകളെയും, ഇണെക്കപ്പെട്ട രണ്ടാമത്തെ തിരശീലയുടെ വിളുമ്പിൽ അമ്പത കുഴകളെയും ഉണ്ടാക്കെണം.

൧൧ നീ പിച്ചള കൊണ്ട അമ്പത കുടുക്കുകളെയും ഉണ്ടാക്കി, കുടുക്കുകളെ കുഴകളിൽ ഇട്ട, കൂടാരം ഒന്നായിരിക്കെണ്ടുന്നതിന അതിനെ ഇണെച്ചുകൊള്ളെണം.

൧൨ എന്നാൽ കൂടാരത്തിന്റെ തിരശീലകളിൽ അധികമായുള്ളത, അധികമായുള്ള അര തിരശീല, കൂടാരത്തിന്റെ പുറത്തുഭാഗത്ത അധികമായി തൂങ്ങിയിരിക്കെണം.

൧൩ കൂടാരത്തിന്റെ തിരശീലകളുടെ നീളത്തിലും അധികമായുള്ളതിൽ ഇപ്പുറത്ത ഒരു മുളവും അപ്പുറത്ത ഒരു മുളവും, കൂടാരത്തെ മൂടെണ്ടുന്നതിന അതിന്റെ ഇപ്പുറത്തെയും അപ്പുറത്തെയും ഉള്ള ഭാഗങ്ങളിൽ, അധികമായി തൂങ്ങിയിരിക്കെണം.

൧൪ നീ ചുവപ്പ കെററിയ ആട്ടുക്കൊററന്മാരുടെ തൊലുകൾ കൊണ്ട കൂടാരത്തിന ഒരു മൂടി വിരിയെയും, അതിന്റെ മീതെ തകസ്സുകളുടെ തൊലുകൾ കൊണ്ട ഒരു മൂടി വിരിയെയും ഉണ്ടാക്കെണം.

൧൫ ¶ നീ നെരെ നില്ക്കുന്ന പലകകളെയും കൂടാരത്തിന ശിത്തീം മരം കൊണ്ട ഉണ്ടാക്കെണം.

൧൬ ഒരൊ പലകയുടെ നീളം പത്ത മുളവും, ഒരൊ പലകയുടെ വീതി ഒന്നര മുളവും [ആയിരിക്കെണം.]

൧൭ ഒന്നിന്ന ഒന്ന നെരെ ഇരിക്കുന്ന രണ്ട കുടുമകൾ ഒരൊ പലകെക്ക [ഉണ്ടായിരിക്കെണം:] നീ ഇപ്രകാരം കൂടാരത്തിന്റെ പലകകൾക്ക ഒക്കെയും ഉണ്ടാക്കെണം.

൧൮ നീ കൂടാരത്തിനായി പലകകളെ ഉണ്ടാക്കെണം; തെക്കുഭാഗത്ത തെക്കൊട്ട ഇരുപത പലകയും [ഉണ്ടായിരിക്കെണം.]

൧൯ നീ ആ ഇരുപത പലകകളുടെ താഴെ വെള്ളി കൊണ്ട നാല്പത ചുവടുകളെ, ഒരു പലകയുടെ താഴെ അതിന്റെ രണ്ട കുടുമകൾക്ക രണ്ട ചുവടുകളും, മറെറാരു പലകയുടെ താഴെ അതിന്റെ രണ്ട കുടുമകൾക്ക രണ്ട ചുവടുകളുമായി, ഉണ്ടാക്കെണം.

൨൦ കൂടാരത്തിന്റെ മറുപുറത്ത വടക്കുഭാഗത്തും ഇരുപത പലകയും,

൨൧ ഒരു പലകയുടെ താഴെ രണ്ട ചുവടുകളും, മറെറാരു പലകയുടെ താഴെ രണ്ട ചുവടുകളുമായി, അവയുടെ നാല്പത വെള്ളി ചുവടുകളും [ഉണ്ടാകെണം.]

൨൨ കൂടാരത്തിന്റെ പടിഞ്ഞാറെ ഭാഗങ്ങൾക്ക നീ ആറ പലകകളെയും ഉണ്ടാക്കെണം.

൨൩ കൂടാരത്തിന്റെ രണ്ട ഭാഗങ്ങളിലുള്ള കൊണുകൾക്ക നീ ംരം രണ്ട പലകകളെയും ഉണ്ടാക്കെണം.

൨൪ ഇവ താഴെ തുടങ്ങി ഒന്നിച്ച ചെക്കപ്പെടെണം, അവ അതിന്റെ തലെക്ക മെലെ ഒരു വളയത്തിലെക്ക ഒന്നിച്ച ചെക്കപ്പെടെണം: രണ്ടിനും അപ്രകാരം വെണം; അവ രണ്ട കൊണിന ഇരിക്കെണം.

൨൫ അപ്രകാരം എട്ട പലകകളും, അവയുടെ വെള്ളിച്ചുവടുകളും വെണം: ഒരു പലകയുടെ താഴെ രണ്ട ചുവടുകളും, മറെറാരു പലകയുടെ താഴെ രണ്ട ചുവടുകളും,

ഇങ്ങിനെ പതിനാറ ചുവടുകളും വെണം.

൨൬ ശിത്തീം മരം കൊണ്ട സാക്ഷാകളെയും നീ ഉണ്ടാക്കെണം; കൂടാരത്തിന്റെ ഒരു ഭാഗത്തെ പലകകൾക്ക അഞ്ച സാക്ഷായും,

൨൭ കൂടാരത്തിന്റെ മറുഭാഗത്തെ പലകകൾക്ക അഞ്ച സാക്ഷായും, കൂടാരത്തിന്റെ പടിഞ്ഞാറെ പുറത്ത രണ്ട ഭാഗത്തെ പലകകൾക്ക അഞ്ച സാക്ഷായും.

൨൮ പലകകളുടെ നടുവിൽ നടുവിലത്തെ സാക്ഷാ ഒര അററത്തുനിന്ന മറെറ അററത്തൊളം എത്തുന്നതായിരിക്കെണം.

൨൯ നീ പലകകളെ പൊൻ തകിട്ട കൊണ്ട പൊതിഞ്ഞ, സാക്ഷാകൾക്ക സ്ഥലങ്ങളായിട്ട അവയുടെ വളയങ്ങളെ പൊന്നു കൊണ്ട ഉണ്ടാക്കെണം: സാക്ഷാകളെ പൊൻ തകിട്ട കൊണ്ട പൊതികയും വെണം.

൩൦ അപ്രകാരം കൂടാരത്തെ പൎവ്വതത്തിൽ വെച്ച നിനക്ക കാണിക്കപ്പെട്ട അതിന്റെ മാതൃക പ്രകാരം നീ നെരെ നിൎത്തുകയും വെണം.

൩൧ ¶ ഇളനീല നൂൽ കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചുവപ്പു നൂൽ കൊണ്ടും, പിരിച്ച നെരിയ പട്ടു നൂൽ കൊണ്ടും ഒരു തിരശീലയെയും നീ ഉണ്ടാക്കെണം: ചിത്രപ്പണിയായ കെരുബുകളിരിക്കുന്നതായിട്ട അത ഉണ്ടാക്കപ്പെടണം.

൩൨ പൊൻ തകിട പൊതിഞ്ഞവയായി, പൊൻ കൊളുത്തുകൾ ഉള്ളവയായി, വെള്ളികൊണ്ടുള്ള നാല ചുവടുകളിന്മെൽ നില്ക്കുന്നവയായ നാല ശിത്തീം മരത്തൂണുകളിന്മെൽ നീ അതിനെ തൂക്കെണം.

൩൩ നീ കൊളുത്തുകളുടെ താഴെ ആ തിരശീലയെ തൂക്കി, സാക്ഷിയുടെ പെട്ടകത്തെ അവിടെ തിരശീലെക്കകത്ത കൊണ്ടുവരികയും വെണം: ആ തിര നിങ്ങൾക്ക ശുദ്ധസ്ഥലത്തിനും മഹാ ശുദ്ധസ്ഥലത്തിനും നടുവിൽ വെറുതിരിക്കുന്നതായി ഇരിക്കെണം.

൩൪ പിന്നെ നീ മഹാ ശുദ്ധസ്ഥലത്ത സാക്ഷിയുടെ പെട്ടകത്തിന്റെ മീതെ കൃപാസനത്തെ വെക്കെണം.

൩൫ തിരശീലയുടെ പുറത്ത മെശയെയും, മെശെക്ക നെരെ കൂടാരത്തിന്റെ തെക്കുഭാഗത്ത നിലവിളക്കിനെയും നീ വെക്കണം; മെശയെ വടക്കുഭാഗത്ത വെക്കയും വെണം.

൩൬ ഇളനീല നൂൽ കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചുവന്ന നൂൽ കൊണ്ടും, പിരിച്ച നെരിയ പട്ടു നൂൽ കൊണ്ടും ചിത്രത്തയ്യൽ പണിയുള്ള ഒരു മറയെയും നീ കൂടാരത്തിന്റെ വാതിലിന ഉണ്ടാക്കെണം.

൩൭ ആ മറെക്ക ശിത്തീം മരം കൊണ്ട അഞ്ച തൂണുകളെയും നീ ഉണ്ടാക്കി, അവയെ പൊൻ തകിട്ട കൊണ്ട പൊതിയെണം. അവയുടെ കൊളുത്തുകൾ പൊന്നുകൊണ്ട [ആയിരിക്കെണം:] നീ അവെക്ക പിച്ചള കൊണ്ട അഞ്ച ചുവടുകളെ വാൎപ്പിക്കയും വെണം.

൨൭ അദ്ധ്യായം.

൧ ഉപകരണങ്ങളൊട കൂടെ ഹൊമബലിപീഠം;—൯ കൂടാരത്തിന്റെ പ്രാകാരം,—൨൦ വിളക്കിന്നവെളിച്ചെണ്ണ.

അഞ്ച മുളം നീളവും അഞ്ച മുളം വീതിയുമായിട്ട ഒരു ബലിപീഠത്തെയും ശിത്തീം മരം കൊണ്ട നീ ഉണ്ടാക്കെണം: ബലിപീഠം സമ

ചതുരവും, മൂന്ന മുളം ഉയരവും ആ
യിരിക്കെണം.
൨ അതിന്റെ നാല കൊണുകളു
ടെ മെൽ അതിന്റെ കൊമ്പുകളെ
യും നീ ഉണ്ടാക്കെണം: അതിന്റെ
കൊമ്പുകൾ അതിൽനിന്ന തന്നെ
ആയിരിക്കെണം; നീ അതിനെ
പിച്ചള തകിട കൊണ്ട പൊതി
കയും വെണം.
൩ അതിലെ ചാരം എടുക്കെണ്ടു
തിന അതിന്റെ ചട്ടികളെയും, അ
തിന്റെ ചട്ടുകങ്ങളെയും, അതി
ന്റെ കലങ്ങളെയും, അതിന്റെ മു
ൾകൊളുത്തുകളെയും, അതിന്റെ തീ
ക്കലശങ്ങളെയും നീ ഉണ്ടാക്കെ
ണം: അതിന്റെ ഉപകരണങ്ങളെ
ഒക്കെയും നീ പിച്ചളകൊണ്ട ഉണ്ടാ
ക്കെണം.
൪ വല പ്രവൃത്തി പൊലെ പി
ച്ചളകൊണ്ട ഒരു അഴിയെയും നീ
അതിന ഉണ്ടാക്കെണം: ആ വല
യുടെ മെൽ അതിന്റെ നാല കൊ
ണുകളിൽ നാല പിച്ചളവളയങ്ങ
ളെയും ഉണ്ടാക്കെണം.
൫ ആ വല ബലിപീഠത്തിന്റെ
പാതിവരെയും വരെണ്ടുന്നതിന,
നീ അതിനെ താഴെ ബലിപീഠ
ത്തിന്റെ വിളമ്പു ചുററിന കീഴാ
യി വെക്കെണം.
൬ നീ ബലിപീഠത്തിന തണ്ടുക
ളെ, ശിത്തീം മരം കൊണ്ട തണ്ടുക
ളെയും, ഉണ്ടാക്കി, അവയെ പിച്ച
ള തകിടു കൊണ്ട പൊതിയെണം.
൭ ആ തണ്ടുകൾ വളയങ്ങളിൽ
ഇടപ്പെടെണം; ബലിപീഠത്തെ
വഹിക്കെണ്ടുന്നതിന ആ തണ്ടുക
ൾ അതിന്റെ രണ്ട ഭാഗത്തും ഉ
ണ്ടായിരിക്കെണം.
൮ നീ അതിനെ പൊള്ളയായി
പലകകൾകൊണ്ട ഉണ്ടാക്കെണം:
നിനക്ക പൎവ്വതത്തിൽ വെച്ച കാ
ണിക്കപ്പെട്ട പ്രകാരം തന്നെ അ
തിനെ അവർ ഉണ്ടാക്കെണം.
൯ ¶ പിന്നെ നീ കൂടാരത്തിന്റെ
പ്രാകാരത്തെ തെക്കൊട്ട തെക്ക
ഭാഗത്തെക്ക ഉണ്ടാക്കെണം: പ്രാ
കാരത്തിന പിരിഞ്ഞ നെൎമ്മയുള്ള
പട്ടനൂൽ കൊണ്ട നൂറ മുളം നീള
മായിട്ട മറ വസ്ത്രങ്ങളും ഒരു ഭാഗ
ത്തെക്ക വെണം.
൰ അതിന്റെ ഇരുപത തൂണ
കളും ഇവയുടെ ഇരുപത ചുവടുക
ളും പിച്ചളകൊണ്ടും, തൂണുകളിലെ
കൊളുത്തുകളും അവയുടെ മെൽ ചു
ററുകളും വെള്ളി കൊണ്ടും [ആയി
രിക്കെണം.]
൰൧ അപ്രകാരം തന്നെ വടക്കെ
ഭാഗത്തെക്ക നീളത്തിന നൂറ [മുളം]
നീളമുള്ള മറ വസ്ത്രങ്ങളും വെണം,
അതിന്റെ ഇരുപത തൂണുകളും ഇ
വയുടെ ഇരുപത ചുവടുകളും പി
ച്ചള കൊണ്ടും, തൂണുകളുടെ കൊളു
ത്തുകളും അവയുടെ മെൽ ചുററുക
ളും വെള്ളികൊണ്ടും [ആയിരിക്കെ
ണം.]
൰൨ പടിഞ്ഞാറെ ഭാഗത്തെക്കും
പ്രാകാരത്തിന്റെ വീതിക്ക അമ്പ
ത മുളം, നീളമുള്ള മറ വസ്ത്രങ്ങളും,
അവയുടെ പത്ത തൂണുകളും, ഇ
വയുടെ പത്ത ചുവടുകളും [വെ
ണം.]
൰൩ കിഴക്കൊട്ട കിഴക്ക ഭാഗത്തെ
ക്കും പ്രാകാരത്തിന്റെ വീതിക്ക അ
മ്പത മുളം [ഉണ്ടായിരിക്കെണം.]
൰൪ [വാതലിന്റെ] ഒരു ഭാഗ
ത്തെക്ക പതിനഞ്ച മുളം നീളമുള്ള
മറ വസ്ത്രങ്ങളും, അവയുടെ മൂന്ന
തൂണുകളും, ഇവയുടെ മൂന്ന ചുവട
കളും [വെണം.]
൰൫ മററെ ഭാഗത്തെക്ക പതിന

ഞ്ച [മുളം] നീളമുള്ള മറ വസ്ത്രങ്ങളും, അവയുടെ തൂണുകൾ മൂന്നും, ഇവയുടെ ചുവടുകൾ മൂന്നും [വെണം.]

൧൬ എന്നാൽ പ്രാകാരത്തിന്റെ വാതിലിന ഇളനീല നൂലും, ധൂമ്രവൎണ്ണമുള്ള നൂലും, ചുവപ്പ നൂലും, പിരിച്ച നെരിയ പട്ടുനൂലും കൊണ്ട, ചിത്രത്തയ്യൽ പണിയായി ഇരുപത മുളം നീളമുള്ള ഒരു മറയും, അവയുടെ തൂണുകൾ നാലും, ഇവയുടെ ചുവടുകൾ നാലും [വെണം.]

൧൭ ചുററുമിരിക്കുന്ന പ്രാകാരത്തിന്റെ തൂണുകൾക്ക ഒക്കെയും വെള്ളി കൊണ്ട മെൽ ചുററുകൾ [ഉണ്ടാകെണം:] അവയുടെ കൊളുത്തുകൾ വെള്ളി കൊണ്ടും, അവയുടെ ചുവടുകൾ പിച്ചളകൊണ്ടും [ആയിരിക്കെണം.]

൧൮ പ്രാകാരത്തിന്റെ നീളം നൂറ മുളവും, രണ്ടു ഭാഗത്തെ വീതി അമ്പത മുളവും, ഉയരം അഞ്ച മുളവും [ആയിരിക്കെണം:] അത പിരിച്ച നെരിയ പട്ടുനൂൽ കൊണ്ടും, അവയുടെ ചുവടുകൾ പിച്ചള കൊണ്ടും [ആയിരിക്കെണം.]

൧൯ കൂടാരത്തിന്റെ സകല ശുശ്രൂഷയിലും അതിനുള്ള സകല ഉപകരണങ്ങളും, അതിന്റെ സകല കുററികളും, പ്രാകാരത്തിന്റെ എല്ലാ കുററികളും പിച്ചള കൊണ്ട [ആയിരിക്കെണം.]

൨൦ ¶ നിലവിളക്കിനെ എല്ലായ്പൊഴും കത്തിക്കെണ്ടുന്നതിന അതിന യിസ്രാഎൽ പുത്രന്മാർ വെളിച്ചത്തിന ഇടിച്ചെടുക്കപ്പെട്ട തെളിവുള്ള ഒലിവു എണ്ണയെ നിന്റെ അടുക്കൽ കൊണ്ടുവരുവാൻ നീ അവരൊട കല്പിക്ക.

൨൧ സംഘത്തിന്റെ കൂടാരത്തിൽ സാക്ഷിക്ക മുമ്പായിരിക്കുന്ന തിരശ്ശീലെക്ക പുറത്ത, അഹറൊനും അവന്റെ പുത്രന്മാരും അതിനെ വൈകുന്നെരം തുടങ്ങി രാവിലെ നെരം വരെയും യഹൊവായുടെ മുമ്പാകെ വെക്കെണം: ഇത അവരുടെ തലമുറകളിൽ യിസ്രാഎൽ പുത്രന്മാൎക്കായിട്ട എന്നെക്കും കല്പനച്ചട്ടമായി [ഇരിക്കെണം.]

൨൮ അദ്ധ്യായം.

൧ അഹറൊനും അവന്റെ പുത്രന്മാരും ആചാൎയ്യസ്ഥാനത്തിന വെറുതിരിക്കപ്പെടുന്നത. ൬ എഫൊദും മാർ പതക്കവും മററും ശുദ്ധമുള്ള വസ്ത്രങ്ങളും നിശ്ചയിക്കപ്പെടുന്നത.

നീ നിന്റെ സഹൊദരനായ അഹറൊനെയും അവനൊട കൂടെ അവന്റെ പുത്രന്മാരെയും ഇനിക്ക ആചാൎയ്യസ്ഥാനത്ത ശുശ്രൂഷ ചെയ്യെണ്ടുന്നതിന യിസ്രാഎൽ പുത്രന്മാരുടെ നടുവിൽനിന്ന നിന്റെ അടുക്കൽ ചെൎത്തുകൊൾക: അഹറൊനെയും, അഹറൊന്റെ പുത്രന്മാരായ നാദാബിനെയും, അബിഹൂവിനെയും, എലെയാസാറിനെയും ഇത്താമാറിനെയും തന്നെ.

൨ നീ നിന്റെ സഹൊദരനായ അഹറൊനും മഹത്വത്തിനും അലങ്കാരത്തിനുമായി ശുദ്ധമുള്ള വസ്ത്രങ്ങളെയും ഉണ്ടാക്കെണം.

൩ അഹറൊനെ ശുദ്ധീകരിക്കെണ്ടുന്നതിനും, അവൻ ഇനിക്ക ആചാൎയ്യസ്ഥാനത്ത ശുശ്രൂഷ ചെയ്യെണ്ടുന്നതിനും അവന വസ്ത്രങ്ങളെ ഉണ്ടാക്കെണമെന്ന ഞാൻ ജ്ഞാനമുള്ള ആത്മാവു കൊണ്ട നിറച്ച ജ്ഞാന ഹൃദയമുള്ളവരൊട നീ പറകയും വെണം.

൪ അവർ ഉണ്ടാക്കെണ്ടുന്ന വ

സ്ത്രങ്ങൾ ഇവ, മാർ പതക്കവും,
എഫൊദും, അങ്കിയും, ചിത്രത്തയ്യ
ലുള്ള കുപ്പായവും, മുടിയും, നടുക്കെ
ട്ടും [ആകുന്നു:] നിന്റെ സഹൊദ
രനായ അഹറൊൻ എനിക്ക ആ
ചാൎയ്യസ്ഥാനത്ത ശുശ്രൂഷ ചെ
യ്യെണ്ടുന്നതിന അവർ അവന്നും,
അവന്റെ പുത്രന്മാൎക്കും ശുദ്ധമു
ള്ള വസ്ത്രങ്ങളെ ഉണ്ടാക്കെണം.
൫ അവർ പൊന്നിനെയും, ഇ
ളനീല നൂലിനെയും, ധൂമ്രവൎണ്ണമു
ള്ള നൂലിനെയും, ചുവപ്പ നൂലി
നെയും, നെരിയ പട്ടുനൂലിനെ
യും എടുക്കയും വെണം.
൬ ¶ പിന്നെ അവർ എഫൊദി
നെ പൊന്നു കൊണ്ടും, ഇളനീല
നൂൽ കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂ
ൽകൊണ്ടും, ചുവന്നനൂൽകൊണ്ടും,
പിരിച്ച നെരിയ പട്ടുനൂൽ കൊ
ണ്ടും ചിത്രവെലയായിട്ട ഉണ്ടാ
ക്കെണം.
൭ അതിന രണ്ട തൊൾ കച്ച
കൾ അതിന്റെ രണ്ട വിളുമ്പുകളി
ൽ ചെൎക്കപ്പെടെണം; അപ്രകാരം
അത ഇണെക്കപ്പെടെണം.
൮ ആ എഫൊദിന്റെ മെൽ ഇ
രിക്കെണ്ടുന്ന അതിന്റെ ചിത്ര
വെലയുള്ള നടുക്കെട്ട അതിൽനി
ന്ന തന്നെ, അതിന്റെ പണി
പൊലെ തന്നെ, പൊന്നുകൊണ്ടും,
ഇളനീല നൂൽ കൊണ്ടും, ധൂമ്രവ
ൎണ്ണമുള്ള നൂൽ കൊണ്ടും, ചുവപ്പ നൂ
ൽ കൊണ്ടും, പിരിച്ച നെരിയ പട്ടു
നൂൽ കൊണ്ടും ആയിരിക്കെണം.
൯ പിന്നെയും നീ രണ്ട ഗൊമെ
ധകക്കല്ലുകളെ എടുത്ത, അവയിൽ
യിസ്രാഎൽ പുത്രന്മാരുടെ നാമ
ങ്ങളെ കൊത്തിക്കെണം.
൧൦ അവരുടെ നാമങ്ങളിൽ ആ
റ ഒരു കല്ലിലും, [ശെഷമുള്ള] ആറ
നാമങ്ങൾ മറെറ കല്ലിലും അവരു
ടെ ജനന പ്രകാരം [ആയിരിക്കെ
ണം.]
൧൧ രത്നങ്ങളിൽ കൊത്തുപണി
ക്കാരന്റെ പ്രവൃത്തിയായിട്ട, മുദ്ര
യിലെ കൊത്തുപണികൾ പൊ
ലെ, ആ രണ്ട കല്ലുകളിലും യി
സ്രാഎൽ പുത്രന്മാരുടെ നാമങ്ങളെ
നീ കൊത്തുപണി ചെയ്യെണം:
അവയെ പൊൻ വളയങ്ങളിൽ
പതിപ്പിക്കെണം.
൧൨ നീ ആ രണ്ട കല്ലുകളെ എ
ഫൊദിന്റെ തൊൾ കച്ചകളിന്മെ
ൽ യിസ്രാഎൽ പുത്രന്മാൎക്ക ഒൎമ്മെ
ക്കായുള്ള കല്ലുകളായി വെച്ചുകൊ
ള്ളെണം. അഹറൊൻ യഹൊവാ
യുടെ മുമ്പാകെ തന്റെ രണ്ട ചുമലു
കളിന്മെലും അവരുടെ നാമങ്ങളെ
ഒൎമ്മെക്കായി വഹിക്കയും വെണം.
൧൩ നീ പൊന്നു കൊണ്ട വളയ
ങ്ങളെയും ഉണ്ടാക്കെണം.
൧൪ അററങ്ങളിൽ ശുദ്ധപൊന്നു
കൊണ്ട രണ്ട സരപ്പളികളെയും,
അവയെ മുറിച്ച കുത്തുവെലയാ
യി ഉണ്ടാക്കി, മുറിച്ച കുത്തു വെ
ലയുള്ള സരപ്പളികളെ ആ വളയ
ങ്ങളിൽ ചെൎക്കയും വെണം.
൧൫ ¶ ചിത്രപ്പണിയായിട്ട ന്യാ
യവിധിയുടെ മാർ പതക്കത്തെയും
നീ ഉണ്ടാക്കെണം: അതിനെ എ
ഫൊദിന്റെ പണിക്ക ഒത്തതായി
ഉണ്ടാക്കെണം; പൊന്നു കൊണ്ടും,
ഇളനീല നൂൽ കൊണ്ടും, ധൂമ്രവ
ൎണ്ണമുള്ള നൂൽ കൊണ്ടും, ചുവന്ന
നൂൽ കൊണ്ടും, പിരിച്ച നെരിയ
പട്ടു നൂൽ കൊണ്ടും നീ അതിനെ
ഉണ്ടാക്കെണം.
൧൬ അത സമചതുരവും ഇരട്ട
യും ആയിരിക്കെണം: അതിന്റെ
നീളം ഒരു ചാണും, അതിന്റെ വീ

തി ഒരു ചാണും [ആയിരിക്കെണം.]

൧൭ നീ അതിൽ നാല നിരകല്ലുകളായി കല്ലുകളെയും നിറച്ച പതിക്കെണം: ഒന്നാമത്തെ നിര ചുവപ്പും, പുഷ്യരാഗവും, രക്ത നിറമുള്ള കല്ലും; ഇത ഒന്നാമത്തെ നിര.

൧൮ രണ്ടാമത്തെ നിര മരതകവും, നീലക്കല്ലും, വൈരവും.

൧൯ മൂന്നാമത്തെ നിര പത്മരാഗവും, വൈഡൂൎയ്യവും, അമെത്തിസ്തും.

൨൦ നാലാമത്തെ നിര ബെരിൽ രത്നവും, ഗൊമെധകവും, യസ്പ് കല്ലും [ആയിരിക്കെണം:] അവ തങ്ങളുടെ ഇടങ്ങളിൽ പൊന്നിനാൽ പതിപ്പിക്കപ്പെടെണം.

൨൧ ഈ കല്ലുകൾ യിസ്രാഎൽ പുത്രന്മാരുടെ നാമങ്ങളൊട കൂടെ അവരുടെ നാമങ്ങളിൻ പ്രകാരം പന്ത്രണ്ടായിരിക്കയും വെണം: പന്ത്രണ്ട ഗൊത്രങ്ങളിൽ ഒരൊരുത്തന്റെ നാമം മുദ്രവെട്ടുകളായിട്ട വെട്ടപ്പെട്ടിരിക്കെണം.

൨൨ ആ മാർപതക്കത്തിന നീ അററങ്ങളിൽ മുറിച്ചു കുത്തുപണിയായി ശുദ്ധ പൊന്ന കൊണ്ട സരപ്പളികളെയും ഉണ്ടാക്കെണം.

൨൩ നീ പൊന്ന കൊണ്ട രണ്ട വളയങ്ങളെയും മാർപതക്കത്തിന ഉണ്ടാക്കി, ആ രണ്ട വളയങ്ങളെ മാർപതക്കത്തിന്റെ രണ്ട അററങ്ങളിൽ വെക്കെണം.

൨൪ പൊന്ന കൊണ്ട ആ രണ്ട മുറിച്ചുകുത്തുപണിയുള്ള [സരപ്പളികളെ] മാർപതക്കത്തിന്റെ അററങ്ങളിൽ ഇരിക്കുന്ന രണ്ട വളയങ്ങളിലും നീ വെക്കെണം.

൨൫ മുറിച്ചു കുത്തുപണിയുള്ള ആ രണ്ട [സരപ്പളികളുടെ] മററെ രണ്ട അററങ്ങളെ നീ രണ്ട വളയങ്ങളിലും കൊളുത്തി, എഫൊദിന്റെ തൊൾകച്ചകളിന്മെൽ അതിന്റെ മുൻഭാഗത്ത വെക്കെണം.

൨൬ പിന്നെയും നീ പൊന്ന കൊണ്ട രണ്ട വളയങ്ങളെ ഉണ്ടാക്കി, അവയെ എഫൊദിന്റെ കീഴത്തെ ഭാഗത്തിന നെരായി മാർപതക്കത്തിന്റെ [മററെ] രണ്ട അററങ്ങളിൽ അതിന്റെ വിളുമ്പിൽ അകത്തായി വെക്കെണം.

൨൭ പൊന്ന കൊണ്ട (വെറിട്ട) രണ്ട വളയങ്ങളെയും നീ ഉണ്ടാക്കി, അവയെ എഫൊദിന്റെ മുൻ പുറത്ത അതിന്റെ രണ്ട കീഴത്തെ ഭാഗങ്ങളിൽ, അതിന്റെ ഇണെപ്പിന നെരായും, എഫൊദിന്റെ ചിത്രപ്പണിയുള്ള നടക്കെട്ടിന മെലായും, വെക്കെണം.

൨൮ മാർപതക്കം എഫൊദിന്റെ ചിത്രപ്പണിയുള്ള നടക്കെട്ടിന മെലായിരിക്കെണ്ടുന്നതിനും, അത എഫൊദിൽനിന്ന വിട്ടുപൊകാതെ ഇരിക്കെണ്ടുന്നതിനും, അവർ അതിനെ അതിന്റെ വളയങ്ങളാൽ എഫൊദിന്റെ വളയങ്ങളൊട ഇളനീല നൂൽകൊണ്ടുള്ള ചരടുകൊണ്ട കെട്ടുകയും വെണം.

൨൯ അപ്രകാരം അഹറൊൻ ശുദ്ധ [സ്ഥലത്തെക്ക] പ്രവെശിക്കുമ്പൊൾ, തന്റെ ഹൃദയത്തിന്മെൽ ന്യായവിധിയുടെ മാർപതക്കത്തിൽ യിസ്രാഎൽ പുത്രന്മാരുടെ നാമങ്ങളെ എപ്പൊഴും യഹൊവായുടെ മുമ്പാകെ ഒൎമ്മക്കായിട്ട വഹിച്ചുകൊള്ളെണം.

൩൦ പിന്നെ നീ ന്യായവിധിയുടെ മാർപതക്കത്തിൽ ഉറീമും തുമ്മീമും വെക്കെണം; അഹറൊൻ യഹൊവായുടെ സന്നിധാനത്തി

ത്തിലെക്ക പ്രവെശിക്കുമ്പൊൾ അ
വ അവന്റെ ഹൃദയത്തിന്മെൽ ഇ
രിക്കെണം: അഹറൊൻ തന്റെ
ഹൃദയത്തിന്മെൽ യിസ്രാഎൽ പു
ത്രന്മാരുടെ ന്യായവിധിയെ എ
പ്പൊഴും യഹൊവായുടെ മുമ്പാകെ
വഹിക്കയും വെണം.
൩൧ ¶ നീ എഫൊദിനുള്ള അങ്കി
യെ മുഴുവനും ഇളനീല നൂൽ കൊ
ണ്ട ഉണ്ടാക്കെണം.
൩൨ അതിന്റെ തലെക്കൽ അ
തിന്റെ വാ അതിന്റെ നടുവിലാ
യി ഇരിക്കെണം: അതിന്റെ വാ
യിക്ക നെയിത്ത പണിയായ ഒ
രു നാട ചുററിലും ഉണ്ടായിരിക്കെ
ണം: അത കീറാതെ ഇരിപ്പാൻ മാ
ൎക്കവചത്തിന്റെ വായ പൊലെ
അതിന ഉണ്ടായിരിക്കെണം.
൩൩ എന്നാൽ അതിന്റെ താ
ഴെ വിളുമ്പിൽ നീ ഇളനീല നൂൽ
കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂൽ
കൊണ്ടും, ചുവപ്പ നൂൽ കൊണ്ടും
ചുററും അതിന്റെ വിളുമ്പിൽ മാ
തളപ്പഴങ്ങളെയും, അവയുടെ ഇട
യിൽ ചുററും പൊന്ന കൊണ്ട മ
ണികളെയും ഉണ്ടാക്കെണം.
൩൪ അങ്കിയുടെ വക്കിൽ ചുററും
ഒരു പൊൻ മണിയും ഒരു മാതളപ്പ
ഴവും, ഒരു പൊൻ മണിയും ഒരു മാ
തളപ്പഴവും വെണം
൩൫ ശുശ്രൂഷ ചെയ്വാൻ അത
അഹറൊന്റെ മെൽ ഇരിക്കെണം:
യഹൊവായുടെ മുമ്പാകെ ശുദ്ധ
സ്ഥലത്തിലെക്ക പ്രവെശിക്കുമ്പൊ
ഴും, പുറത്ത വരുമ്പൊഴും, അവൻ
മരിക്കാതെ ഇരിപ്പാൻ, അവന്റെ
ശബ്ദം കെൾക്കപ്പെടുകയും വെ
ണം.
൩൬ ¶ പിന്നെ നീ ശുദ്ധ പൊന്ന
കൊണ്ട ഒരു തകിടിനെ ഉണ്ടാക്കി,
അതിൽ, യഹൊവായിക്ക ശുദ്ധി
യെന്ന മുദ്രവെട്ടായിട്ട വെട്ടണം.
൩൭ അത മുടിയിൽ ഇരിക്കെണ്ടു
ന്നതിന നീ അതിനെ ഇളനീല ച
രടിൽ ഇടെണം: അത മുടിയുടെ മു
കപ്പിൽ ഇരിക്കെണം.
൩൮ യിസ്രാഎൽ പുത്രന്മാർ ത
ങ്ങളുടെ ശുദ്ധമുള്ള എല്ലാ കാഴ്ചകളി
ലും ശുദ്ധീകരിക്കുന്ന ശുദ്ധമുള്ള
വസ്തുക്കളുടെ അക്രമത്തെ അഹ
റൊൻ വഹിക്കെണ്ടുന്നതിന, അ
ത അഹറൊന്റെ നെററിയിൽ ഇ
രിക്കെണം: യഹൊവായുടെ മു
മ്പാകെ അവർ ഇഷ്ടമുള്ളവരാ
കെണ്ടുന്നതിന, അത എപ്പൊഴും
അവന്റെ നെററിയിൽ ഇരിക്കെ
ണം.
൩൯ നീ നെരിയ പട്ടുനൂൽ കൊ
ണ്ട മുത്തുവൎണ്ണമായി അകത്തെ കു
പ്പായത്തെയും ഉണ്ടാക്കെണം; നെ
രിയ പട്ടുനൂൽ കൊണ്ട മുടിയെയും
ഉണ്ടാക്കെണം; നടുക്കെട്ടിനെയും
ചിത്രത്തയ്യൽ പണിയായിട്ട ഉ
ണ്ടാക്കെണം.
൪൦ ¶ നീ അഹറൊന്റെ പുത്ര
ന്മാൎക്ക കുപ്പായങ്ങളെയും ഉണ്ടാക്കെ
ണം; നടുക്കെട്ടുകളെയും ഉണ്ടാക്കെ
ണം; മഹത്വത്തിനും അലങ്കാരത്തി
നുമായി തൊപ്പികളെയും ഉണ്ടാ
ക്കെണം.
൪൧ നീ നിന്റെ സഹൊദരനാ
യ അഹറൊനും അവനൊട കൂ
ടെ അവന്റെ പുത്രന്മാൎക്കും അവ
യെ ധരിപ്പിക്കെണം: അവർ ഇ
നിക്ക ആചാൎയ്യസ്ഥാനത്ത ശുശ്രൂ
ഷ ചെയ്യെണ്ടുന്നതിന അവരെ
അഭിഷെകം ചെയ്കയും, അവരെ
പ്രതിഷ്ഠിക്കയും, അവരെ ശുദ്ധീക
രിക്കയും വെണം.
൪൨ നീ അവൎക്ക ചണനൂൽ

കൊണ്ട കാൽകുപ്പായങ്ങളെയും അവരുടെ നഗ്നതയെ മൂടുവാനായിട്ട ഉണ്ടാക്കെണം: അവ അര തുടങ്ങി തുടകൾ വരെയും വരെണം.

൪൩ അഹറൊനും അവന്റെ പുത്രന്മാരും ശുദ്ധസ്ഥലത്തിൽ ശുശ്രൂഷ ചെയ്യാൻ സംഘത്തിന്റെ കൂടാരത്തിലെക്ക പ്രവെശിക്കുമ്പൊളെങ്കിലും, ബലിപീഠത്തിന്റെ അടുക്കൽ ചെല്ലുമ്പൊളെങ്കിലും, അവർ അക്രമം വഹിച്ച മരിക്കാതെ ഇരിപ്പാൻ, അവ അവരുടെ മെൽ ഇരിക്കണം. അവന്നും അവന്റെ ശെഷം അവന്റെ സന്തതികൾക്കും അത നിത്യ കല്പന [ആകെണം.]

൨൯ അദ്ധ്യായം.

൧ ബലിയും ആചാൎയ്യസ്ഥാനം കൊടുക്കുന്നതിനുള്ള ആചാരങ്ങളും.—൩൮ ഇടവിടാതുള്ള ഹൊമബലി.

പിന്നെ ഇനിക്ക ആചാൎയ്യസ്ഥാനത്ത ശുശ്രൂഷചെയ്യാൻ അവരെ ശുദ്ധീകരിക്കെണ്ടുന്നതിന നീ അവൎക്ക ചെയ്യെണ്ടുന്നത ഇത: നീ ഒരു കാളക്കിടാവിനെയും, കുറവില്ലാത്ത രണ്ട ആട്ടുകൊറ്റന്മാരെയും,

൨ പുളിപ്പില്ലാത്ത അപ്പത്തെയും, എണ്ണയിൽ കുഴച്ച പുളിപ്പില്ലാത്ത ദൊശകളെയും, എണ്ണ പൂശപ്പെട്ട പുളിപ്പില്ലാത്ത അടകളെയും എടുക്ക: നീ ഇവയെ കൊതമ്പിന്റെ മാവു കൊണ്ട ഉണ്ടാക്കെണം.

൩ നീ അവയെ ഒരു കൊട്ടയിൽ വെച്ച, കൊട്ടയിൽ അവയെയും, കാളയെയും, രണ്ട ആട്ടുകൊറ്റന്മാരെയും കൊണ്ടുവരെണം.

൪ നീ അഹറൊനെയും അവന്റെ പുത്രന്മാരെയും സംഘത്തിന്റെ കൂടാരത്തിന്റെ വാതിലിന അടുത്ത കൊണ്ടുവന്ന, അവരെ വെള്ളം കൊണ്ട കുളിപ്പിക്കെണം.

൫ പിന്നെ നീ വസ്ത്രങ്ങളെ എടുത്തുകൊണ്ട, അഹറൊന അകത്തെ കുപ്പായത്തെയും, എഫൊദിന്റെ അങ്കിയെയും, എഫൊദിനെയും, മാൎപതക്കത്തെയും ധരിപ്പിച്ച, അവനെ എഫൊദിന്റെ ചിത്രപ്പണിയുള്ള നടുക്കെട്ട കൊണ്ട അരകെട്ടെണം.

൬ നീ അവന്റെ തലയിൽ മുടി വെച്ച, ശുദ്ധമുള്ള കിരീടത്തെ മുടിയുടെ മെൽ ഇടെണം.

൭ അപ്പൊൾ നീ അഭിഷെക തൈലത്തെ എടുത്ത, അവന്റെ തലയിൽ ഒഴിച്ച, അവനെ അഭിഷെകം ചെയ്യെണം.

൮ പിന്നെ നീ അവന്റെ പുത്രന്മാരെ കൊണ്ടുവന്ന, അവൎക്ക കുപ്പായങ്ങളെ ധരിപ്പിക്കെണം.

൯ നീ അവരെ അഹറൊനെയും അവന്റെ പുത്രന്മാരെയും, നടുക്കെട്ടുകൾ കൊണ്ട അരമുറുക്കി, അവൎക്ക തൊപ്പികളെ ഇട്ട കെട്ടിക്കെണം: ആചാൎയ്യസ്ഥാനം നിത്യകല്പനയായിട്ട അവൎക്കുള്ളതായിരിക്കെണം: നീ അഹറൊനെയും അവന്റെ പുത്രന്മാരെയും പ്രതിഷ്ഠിക്കയും വെണം.

൧൦ പിന്നെ നീ ഒരു കാളയെ സംഘത്തിന്റെ കൂടാരത്തിന മുമ്പാകെ വരുത്തെണം; അപ്പൊൾ അഹറൊനും അവന്റെ പുത്രന്മാരും തങ്ങളുടെ കൈകളെ കാളയുടെ തലയിന്മെൽ വെക്കെണം.

൧൧ പിന്നെ നീ ആ കാളയെ സംഘത്തിന്റെ കൂടാര വാതിലിന്റെ അടുക്കൽ യഹൊവായുടെ മുമ്പാകെ കൊല്ലെണം.

൧൨ നീ കാളയുടെ രക്തത്തിൽനിന്ന എടുത്ത, നിന്റെ വിരൽ കൊ

ണ്ട ബലിപീഠത്തിന്റെ കൊമ്പുക
ളിന്മെൽ പിരട്ട്, ശെഷമുള്ള രക്ത
ത്തെ ഒക്കെയും ബലിപീഠത്തി
ന്റെ അടിയിൽ ഒഴിക്കെണം.
൰൩ കുടലുകളെ പൊതിയുന്നമെ
ദസ്സിനെ ഒക്കെയും, കരളിന്മെൽ ഇ
രിക്കുന്ന വപയെയും, രണ്ട കുണ്ടി
ക്കായകളെയും, അവയുടെ മെലുള്ള
മെദസ്സിനെയും നീ എടുത്ത, ബ
ലിപീഠത്തിന്മെൽ ചുട്ടുകളയെണം.
൰൪ എന്നാൽ കാളയുടെ മാംസ
ത്തെയും, അതിന്റെ തൊലിനെ
യും, അതിന്റെ ചാണകത്തെയും
നീ പാളയത്തിന പുറത്ത അഗ്നി
യിൽ ചുട്ടുകളയെണം. അത പാ
പബലി [ആകുന്നു.]
൰൫ ¶ പിന്നെ നീ ഒരു ആട്ടു
കൊററനെയും, എടുക്കെണം; അ
ഹറൊനും അവന്റെ പുത്രന്മാരും
തങ്ങളുടെ കൈകളെ ആട്ടുകൊററ
ന്റെ തലയുടെ മെൽ വെക്കെയും
വെണം.
൰൬ പിന്നെ നീ ആ ആട്ടുകൊ
ററനെ കൊന്ന, അതിന്റെ രക്ത
ത്തെ എടുത്ത, ബലിപീഠത്തിന്മെ
ൽ ചുററും തളിക്കെണം.
൰൭ നീ ആ ആട്ടുകൊററനെ ഖ
ണ്ഡം ഖണ്ഡമായി അറുത്ത, അ
തിന്റെ കുടലുകളെയും, അതിന്റെ
കാലുകളെയും കഴുകി, അവയെ ആ
ഖണ്ഡങ്ങളുടെ മെലും, അതിന്റെ
തലയുടെ മെലും വെക്കെണം,
൰൮ നീ ആട്ടുകൊററനെ മുഴുവ
നും ബലിപീഠത്തിന്മെൽ ചുട്ടുകള
യെണം: അത യഹൊവായിക്ക
ഹൊമബലി [ആകുന്നു:] അത അ
നുകൂലവാസനയായി, യഹൊവാ
യിക്ക ദഹനബലി [ആകുന്നു.]
൰൯ ¶ പിന്നെ നീ മറെറ ആട്ടു
കൊററനെ എടുക്കെണം: അഹ
റൊനും അവന്റെ പുത്രന്മാരും ത
ങ്ങളുടെ കൈകളെ ആട്ടുകൊററ
ന്റെ തലയുടെ മെൽ വെക്കയും
വെണം.
൨൰ അപ്പൊൾ നീ ആട്ടുകൊററ
നെ കൊന്ന, അതിന്റെ രക്തത്തി
ൽനിന്ന എടുത്ത, അഹറൊന്റെ
വലത്തെ മെക്കാതിലും, അവന്റെ
പുത്രന്മാരുടെ വലത്തെ മെക്കാതി
ലും, അവരുടെ വലത്തെ കയ്യി
ന്റെ പെരുവിരലിന്മെലും, അവ
രുടെ വലത്തെ കാലിന്റെ പെരു
വിരലിന്മെലും ഇട്ട, രക്തത്തെ ബ
ലിപീഠത്തിന്മെൽ ചുററും തളിക്കെ
ണം.
൨൰൧ പിന്നെ നീ ബലിപീഠത്തി
ന്മെൽ ഇരിക്കുന്ന രക്തത്തിൽനി
ന്നും അഭിഷെകതൈലത്തിൽനി
ന്നും എടുത്ത, അഹറൊന്റെ മെ
ലും അവന്റെ വസ്ത്രങ്ങളിന്മെലും,
അവന്റെ പുത്രന്മാരുടെ മെലും
അവരുടെ വസ്ത്രങ്ങളിന്മെലും ത
ളിക്കെണം. അവനും അവന്റെ
വസ്ത്രങ്ങളും, അവനൊട കൂടെ അ
വന്റെ പുത്രന്മാരും അവരുടെ വ
സ്ത്രങ്ങളും ശുദ്ധീകരിക്കപ്പെടുകയും
വെണം.
൨൰൨ ആ ആട്ടുകൊററൻ പ്രതി
ഷ്ഠയുടെ ആട്ടുകൊററനാകകൊണ്ട
നീ അതിലുള്ള മെദസ്സിനെയും, വാ
ലിനെയും, കുടലുകളെ പൊതിയു
ന്ന മെദസ്സിനെയും, കരളിന്മെൽ
ഇരിക്കുന്ന വപയെയും, രണ്ട കു
ണ്ടിക്കായകളെയും, അവയുടെ മെ
ലുള്ള മെദസ്സിനെയും വലത്തെ ക
യ്യിനെയും,
൨൰൩ യഹൊവായുടെ മുമ്പാകെ
വെച്ചിരിക്കുന്ന പുളിപ്പില്ലാത്ത അ
പ്പങ്ങളുടെ കൊട്ടയിൽനിന്ന ഒരു
അപ്പത്തെയും, എണ്ണയൊട കൂട്ടിയ

അപ്പമായ ഒരു ദൊശയെയും, ഒരു
അടയെയും എടുക്കെണം.
൨൪ പിന്നെ നീ അവയെ ഒക്കെ
യും അഹറൊന്റെ കൈകളിലും,
അവന്റെ പുത്രന്മാരുടെ കൈക
ളിലും വെച്ച, അവയെ യഹൊവാ
യുടെ മുമ്പാകെ ഇളകി ആട്ടപ്പെടു
ന്ന കാഴ്ചയായി ഇളകി ആട്ടെണം.
൨൫ പിന്നെ നീ അവയെ അ
വരുടെ കൈകളിൽനിന്ന വാങ്ങി,
ബലിപീഠത്തിന്മെൽ ഹൊമ ബ
ലിയായിട്ട, യഹൊവായുടെ മുമ്പാ
കെ അനുകൂലവാസനയായി, ചുട്ട
കളയെണം: അത യഹൊവായി
ക്ക ദഹന ബലി [ആകുന്നു.]
൨൬ പിന്നെ നീ അഹറൊന്റെ
പ്രതിഷ്ഠയുടെ ആട്ടുക്കൊററനിൽ മാ
ൎഖണ്ഡത്തെ എടുത്ത, അതിനെ
യഹൊവായുടെ മുമ്പാകെ ഇളകി
ആട്ടപ്പെടുന്ന കാഴ്ചയായിട്ട ആട്ടെ
ണം: അത നിന്റെ ഓഹരിയായി
രിക്കും.
൨൭ അഹറൊന്നും അവന്റെ പു
ത്രന്മാൎക്കുമായുള്ള പ്രതിഷ്ഠയുടെ ആ
ട്ടുക്കൊററനിൽനിന്ന ആട്ടപ്പെട്ടതും
ഉയൎത്തപ്പെട്ടതുമായി, ആട്ടപ്പെടു
ന്ന മാൎഖണ്ഡത്തെയും, ഉയൎത്ത
പ്പെടുന്ന കയ്യിനെയും നീ ശുദ്ധ
മാക്കെണം.
൨൮ യിസ്രാഎൽ പുത്രന്മാരിൽ
നിന്ന, നിത്യകല്പനയായിട്ട, അത
അഹറൊന്നും അവന്റെ പുത്രന്മാ
ൎക്കും ഉള്ളതായിരിക്കെണം: എന്തു
കൊണ്ടെന്നാൽ അത ഉയൎത്തപ്പെ
ടുന്ന കാഴ്ച [ആകുന്നു:] അത യി
സ്രാഎൽ പുത്രന്മാരിൽനിന്ന അ
വരുടെ സമാധാന ബലികളിൽ
ഉയൎത്തപ്പെടുന്ന കാഴ്ചയായി, യ
ഹൊവായിക്ക അവരുടെ ഉയൎത്ത
പ്പെടുന്ന കാഴ്ച തന്നെ ആകെണം.

൨൯ ¶ പിന്നെയും അഹറൊ
ന്റെ ശുദ്ധമുള്ള വസ്ത്രങ്ങൾ അ
വന്റെ ശെഷം, അവയിൽ അ
ഭിഷെകം ചെയ്യപ്പെടുവാനും, അ
വയിൽ പ്രതിഷ്ഠിക്കപ്പെടുവാനും;
അവന്റെ പുത്രന്മാൎക്കുള്ളവയാകെ
ണം.
൩൦ ശുദ്ധ സ്ഥലത്തിൽ ശുശ്രൂ
ഷ ചെയ്വാൻ സംഘത്തിന്റെ കൂ
ടാരത്തിലെക്ക പ്രവെശിക്കുമ്പൊൾ
അവന്റെ പുത്രന്മാരിൽ അവന
പകരം ആചാൎയ്യനായിരിക്കുന്നവ
ൻ അവയെ എഴ ദിവസം ധരിക്കെ
ണം.
൩൧ ¶ പിന്നെ പ്രതിഷ്ഠയുടെ
ആട്ടുക്കൊററനെ നീ എടുത്ത അതി
ന്റെ മാംസത്തെ ശുദ്ധസ്ഥലത്ത
വെച്ച പാകം ചെയ്യെണം.
൩൨ ആ ആട്ടുക്കൊററന്റെ മാം
സത്തെയും, കൊട്ടയിലുള്ള അപ്പ
ത്തെയും അഹറൊനും അവന്റെ
പുത്രന്മാരും, സംഘത്തിന്റെ കൂടാ
രത്തിന്റെ വാതുക്കൽ വെച്ച, ഭ
ക്ഷിക്കെണം
൩൩ അവരെ പ്രതിഷ്ഠിപ്പാനും
ശുദ്ധീകരിപ്പാനും എവയാൽ പാ
പപരിഹാരം ചെയ്യപ്പെടുന്നുവൊ,
ആ വസ്തുക്കളെ അവർ ഭക്ഷിക്കെ
ണം: എന്നാൽ അന്യൻ [അവ
യിൽനിന്ന] ഭക്ഷിക്കരുത: എന്തു
കൊണ്ടെന്നാൽ അവ ശുദ്ധമുള്ളു
വ [ആകുന്നു.]
൩൪ പ്രതിഷ്ഠയുടെ മാംസത്തിലും,
അപ്പത്തിലും എതെങ്കിലും ഉദയ
കാലം വരെയും ശെഷിച്ചിരുന്നാ
ൽ, അപ്പൊൾ ആ ശെഷിപ്പിനെ
നീ അഗ്നിയിൽ ചുട്ടുകളയെണം:
അത ശുദ്ധമുള്ളതാകകൊണ്ട, അ
ത ഭക്ഷിക്കപ്പെടരുത.
൩൫ ഇപ്രകാരം നീ അഹറൊ

ന്നോട്ടം അവന്റെ പുത്രന്മാരൊട്ടം, ഞാൻ നിന്നോട കല്പിച്ച പ്രകാരം ഒക്കെയും, ചെയ്യെണം: നീ എഴ ദിവസം അവരെ പ്രതിഷ്ഠിക്കെണം.

൩൬ പാപപരിഹാരത്തിനായിട്ട ഒരൊ ദിവസത്തിൽ ഒരു കാളയെ പാപ ബലിയായിട്ട കഴിക്കെണം; നീ ബലിപീഠത്തെയും, അതിനായി പരിഹാരം ചെയ്യുപ്പൊൾ, പരിസ്സുരിക്കയും, അതിനെ ശുദ്ധമാക്കെണ്ടുന്നതിന അതിനെ അഭിഷെകം ചെയ്യുകയും വെണം.

൩൭ നീ എഴ ദിവസം ബലിപീഠത്തിനായി പരിഹാരം ചെയ്യു, അതിനെ ശുദ്ധമാക്കെണം: ബലിപീഠം മഹാ ശുദ്ധമുള്ളതായിരിക്കെണം: ബലിപീഠത്തെ തൊടുന്നതൊക്കെയും ശുദ്ധമായിരിക്കെണം.

൩൮ ¶ എന്നാൽ ബലിപീഠത്തിന്റെ മെൽ നീ ബലികഴിക്കെണ്ടുന്നത ഇത: എപ്പൊഴും ഒരൊ ദിവസത്തിൽ ഒരു വയസ്സുള്ള രണ്ടെ ആട്ടിൻ കുട്ടികൾ.

൩൯ ഒരു ആട്ടിൻകുട്ടിയെ നീ രാവിലെ ബലി കഴിക്കെണം; മറ്റെ ആട്ടിൻ കുട്ടിയെ വൈകുന്നെരത്ത ബലി കഴിക്കെണം:

൪൦ ഒരു പറയിൽ പത്തിൽ ഒര അംശമുള്ളതും; ഇടിച്ചെടുക്കപ്പെട്ട കാൽ ഹിൻ എണ്ണയിൽ കുഴച്ചതുമായ നെരിയ മാവിനെയും, പാനിയ കാഴ്ചയായിട്ട കാൽഹിൻ വീഞ്ഞിനെയും ഒരു ആട്ടിൻകുട്ടിയൊട കൂടെ [കഴിക്കെണം.]

൪൧ നീ മറ്റെ ആട്ടിൻകുട്ടിയെ വൈകുന്നെരത്ത ബലി കഴിച്ച, രാവിലത്തെ ആഹാര കാഴ്ചെക്കും, അതിന്റെ പാനിയ കാഴ്ചെക്കും ഒത്തതായി അതിനും, അനുകൂല വാസനെക്കായിക്കൊണ്ട യഹൊവാക്ക ദഹന ബലിയായിട്ട, ചെയ്യെണം.

൪൨ ഞാൻ നിന്നൊട സംസാരിപ്പാനായിട്ട നിങ്ങളെ എതിരെല്പാനിരിക്കുന്ന സ്ഥലമാകുന്ന സംഘത്തിന്റെ കൂടാരത്തിന്റെ വാതുക്കൽ വെച്ച യഹൊവായുടെ മുമ്പാകെ നിങ്ങളുടെ തലമുറ തലമുറയായി എപ്പൊഴും കഴിക്കെണ്ടുന്ന ഹൊമബലി [ഇതായിരിക്കെണം.]

൪൩ അവിടെ ഞാൻ യിസ്രാഎൽ പുത്രന്മാരെ എതിരെല്ക്കും; [യിസ്രാഎലും] എന്റെ മഹത്വത്താൽ ശുദ്ധീകരിക്കപ്പെടും.

൪൪ ഞാൻ സംഘത്തിന്റെ കൂടാരത്തെയും, ബലിപീഠത്തെയും ശുദ്ധീകരിക്കും: ഞാൻ അഹറൊനെയും അവന്റെ പുത്രന്മാരെയും, ഇനിക്ക ആചാൎയ്യസ്ഥാനത്ത ശുശ്രൂഷ ചെയ്യെണ്ടുന്നതിന, ശുദ്ധീകരിക്കും.

൪൫ ഞാൻ യിസ്രാഎൽ പുത്രന്മാരുടെ ഇടയിൽ വസിക്കയും, അവൎക്ക ദൈവമായിരിക്കയും ചെയ്യും.

൪൬ അവരുടെ ഇടയിൽ ഞാൻ വസിക്കെണ്ടുന്നതിന അവരെ മിസ്രയിം ദെശത്തനിന്ന പുറപ്പെടുവിച്ചവനായ അവരുടെ ദൈവമായ യഹൊവാ ഞാൻ (ആകുന്നു) എന്ന അവർ അറികയും ചെയ്യും: ഞാൻ അവരുടെ ദൈവമായ യഹൊവാ (ആകുന്നു.)

൩൦ അദ്ധ്യായം.

൧ ധൂപ പീഠം.—൧൧ ആത്മാക്കളുടെ വീണ്ടെടുപ്പ.—൧൭ വിചളതൊട്ടി.—൨൨ ശുദ്ധമുള്ള അഭിഷെക തൈലം.—൩൪ സുഗന്ധക്കൂട്ട.

ധൂപം കാട്ടുന്നതിന ഒരു ധൂപപീഠത്തെയും നീ ഉണ്ടാക്കെണം: അ

തിനെ ശിത്തീം മരം കൊണ്ട ഉണ്ടാക്കെണം.

൨ അതിന്റെ നീളം ഒരു മുളവും, അതിന്റെ വീതി ഒരു മുളവും [ആയിരിക്കെണം:] അത സമചതുരമായിരിക്കണം: അതിന്റെ ഉയരം രണ്ട മുളം [ആയിരിക്കെണം:] അതിന്റെ കൊമ്പുകൾ അതിൽനിന്ന തന്നെ [ഉണ്ടായിരിക്കെണം:]

൩ നീ അതിനെ ഒക്കെയും, അതിന്റെ മെൽ പലകയെയും, ചുററും അതിന്റെ ഭാഗങ്ങളെയും, അതിന്റെ കൊമ്പുകളെയും, പൊൻതകിട്ട കൊണ്ട പൊതിയെണം: അതിന ചുററും നീ പൊന്ന കൊണ്ട ഒരു കിരിടത്തെയും ഉണ്ടാക്കെണം.

൪ അതിന്റെ കിരിടത്തിന കീഴെ അതിന ംരംരണ്ട പൊൻ വളയങ്ങളെയും അതിന്റെ രണ്ട കൊണുകളിൽ നീ ഉണ്ടാക്കെണം; അവയെ അതിന്റെ രണ്ട ഭാഗങ്ങളിൽ നീ ഉണ്ടാക്കെണം: അവ അതിനെ വഹിക്കുന്നതിന തണ്ടുകൾക്ക സ്ഥലങ്ങളായിരിക്കെണം.

൫ അതിന്റെ തണ്ടുകളെ നീ ശിത്തിം മരം കൊണ്ട ഉണ്ടാക്കി, അവയെ പൊൻ തകിട്ട കൊണ്ട പൊതിയെണം.

൬ സാക്ഷിയുടെ പെട്ടകത്തിന്റെ മുമ്പെയും, ഞാൻ നിന്നെ എതിരെല്ക്കുന്നെടമായ സാക്ഷിയുടെ മെൽ ഉള്ള കൃപാസനത്തിന്റെ മുമ്പെയും [ഇരിക്കുന്ന] തിരശീലെക്ക മുമ്പാകെ നീ അതിനെ വെക്കെണം.

൭ അഹരൊൻ രാവിലെ തൊറും അതിന്റെ മെൽ സുഗന്ധവൎഗ്ഗങ്ങളുള്ള ധൂപം കാട്ടെണം: അവൻ വിളക്കുകളെ നന്നാക്കുമ്പൊൾ അതിന്റെ മെൽ ധൂപം കാട്ടെണം.

൮ അഹരൊൻ വൈകുന്നെരത്ത വിളക്കുകളെ കൊളുത്തുമ്പൊഴും, അവൻ അതിന്റെ മെൽ സുഗന്ധവൎഗ്ഗങ്ങളുള്ള ധൂപം കാട്ടെണം: അത നിങ്ങളുടെ തലമുറ തലമുറയായി എപ്പൊഴും യഹൊവായുടെ മുമ്പാകെയുള്ള ധൂപം (ആകുന്നു.)

൯ നിങ്ങൾ അതിന്റെ മെൽ അന്യ ധൂപവൎഗ്ഗത്തെ എങ്കിലും, ഒരു ഹൊമ ബലിയെ എങ്കിലും, ആഹാര കാഴ്ചയെ എങ്കിലും കഴിക്കരുത; അതിന്റെ മെൽ ഒരു പാനീയ കാഴ്ചയെ ഒഴിക്കയുമരുത.

൧൦ സംവത്സരത്തിൽ ഒരിൽക്ക അഹരൊൻ അതിന്റെ കൊമ്പുകളുടെ മെൽ പരിഹാരങ്ങളുടെ പാപബലിയുടെ രക്തം കൊണ്ട പാപപരിഹാരം ചെയ്യെണം: അപ്രകാരം അവൻ നിങ്ങളുടെ തലമുറ തലമുറയായി സംവത്സരത്തിൽ ഒരിക്കൽ പാപപരിഹാരം ചെയ്യെണം: അത യഹൊവായിക്ക മഹാ ശുദ്ധം [ആകുന്നു.]

൧൧ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ചു പറഞ്ഞത എന്തെന്നാൽ;

൧൨ നീ യിസ്രാഎൽ പുത്രന്മാരെ അവരുടെ എണ്ണത്തിൻ പ്രകാരം എപ്പൊൾ കണക്ക നൊക്കുമൊ, അപ്പൊൾ, നീ അവരെ എണ്ണുമ്പൊൾ അവരുടെ ഇടയിൽ ഒരു ബാധ ഉണ്ടാകാതെ ഇരിപ്പാനായിട്ട, അവരിൽ ഒരൊരുത്തൻ തന്റെ തന്റെ ആത്മാവിനായി യഹൊവായിക്ക വീണ്ടെടുക്കുന്ന അൎത്ഥത്തെ കൊടുക്കെണം.

൧൩ എണ്ണപ്പെടുന്നവരിൽ ഉൾപ്പെടുന്ന എല്ലാവനും ശുദ്ധമുള്ള സ്ഥലത്തെ ശെക്കലിൻ പ്രകാരം അര ശെക്കലിനെ കൊടുക്കെണം: (ശെക്കൽ എന്നത ഇരിപത ഗെ

രാ) അര ശെക്കൽ യഹൊവായിക്ക വഴിപാട [ആയിരിക്കെണം.]

൰൪ എണ്ണപ്പെടുന്നവരിൽ ഉൾപ്പെടുന്ന ഇരുപത വയസ്സ മുതൽ മെലുള്ളവനെല്ലാം യഹൊവായിക്ക വഴിപാടിനെ കൊടുക്കെണം.

൰൫ നിങ്ങളുടെ ആത്മാവിനായിട്ട പാപപരിഹാരം ചെയ്യാൻ നിങ്ങൾ യഹൊവായിക്ക വഴിപാടിനെ കൊടുക്കുമ്പൊൾ, ധനവാൻ അരശെക്കലിൽ അധികം കൊടുക്കരുത, ദരിദ്രൻ [അതിൽ] കുറച്ചു കൊടുക്കയും അരുത.

൰൬ പാപപരിഹാരത്തിന്റെ ആ ദ്രവ്യത്തെ നീ യിസ്രാഎൽ പുത്രന്മാരൊട വാങ്ങി, അതിനെ സംഘത്തിന്റെ കൂടാര പ്രവൃത്തിക്കകൊടുക്കെണം: നിങ്ങളുടെ ആത്മാക്കൾക്കായി പാപപരിഹാരം ചെയ്യാനായിട്ട അത യഹൊവായുടെ മുമ്പാകെ യിസ്രാഎൽ പുത്രന്മാൎക്ക ഒൎമ്മയായിട്ട ഇരിക്കയും വെണം.

൰൭ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞത എന്തെന്നാൽ,

൰൮ കഴുകെണ്ടുന്നതിന നീ പിച്ചള കൊണ്ട ഒരു തൊട്ടിയെയും, പിച്ചള കൊണ്ട അതിന്റെ കാലിനെയും ഉണ്ടാക്കെണം: നീ അതിനെ സംഘത്തിന്റെ കൂടാരത്തിനും ബലി പീഠത്തിനും നടുവെ വെച്ച, അതിൽ വെള്ളം ഒഴിക്കയും വെണം.

൰൯ അതിങ്കൽ അഹറൊനും അവന്റെ പുത്രന്മാരും തങ്ങളുടെ കൈകളെയും, തങ്ങളുടെ കാലുകളെയും കഴുകെണം.

൨൰ അവർ സംഘത്തിന്റെ കൂടാരത്തിലെക്ക പ്രവെശിക്കുമ്പൊൾ എങ്കിലും, യഹൊവായിക്ക ദഹന ബലി കത്തിപ്പാനായിട്ട ബലിപീഠത്തിന്റെ അടുക്കൽ ശുശ്രൂഷ ചെയ്വാൻ ചെല്ലുമ്പൊൾ എങ്കിലും, അവർ മരിക്കാതെ ഇരിപ്പാൻ, വെള്ളം കൊണ്ട കഴുകെണം.

൨൰൧ അവർ മരിക്കാതെ ഇരിപ്പാൻ തങ്ങളുടെ കൈകളെയും തങ്ങളുടെ കാലുകളെയും കഴുകെണം: അത അവൎക്ക അവനും അവരുടെ തലമുറകളിൽ അവന്റെ സന്തതിക്കും നിത്യ കല്പന ആകെണം.

൨൰൨ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞത എന്തെന്നാൽ;

൨൰൩ നീ മെത്തരമായുള്ള സുഗന്ധ വൎഗ്ഗങ്ങളായി ശുദ്ധ സ്ഥലത്തിലെ ശെക്കലിൻ പ്രകാരം ശുദ്ധ മൂരിൽ അഞ്ഞൂറ ശെക്കലിനെയും, സുഗന്ധമുള്ള കറുവാത്തൊലിയിൽ അതിൽ പാതിയാകുന്ന ഇരുനൂററമ്പത ശെക്കലിനെയും, സുഗന്ധ വയമ്പിൽ ഇരുനൂററമ്പത ശെക്കലിനെയും,

൨൰൪ വഴനത്തൊലിയിൽ അഞ്ഞൂറ ശെക്കലിനെയും, ഒലിവ എണ്ണയിൽ ഒരു ഹിനിനെയും എടുത്ത;

൨൰൫ അതിനെ തൈലക്കാരന്റെ പ്രവൃത്തിയായി ചെൎക്കപ്പെട്ട തൈലമായി ശുദ്ധ തൈലമാക്കെണം: അത ശുദ്ധമുള്ള അഭിഷെക തൈലം ആയിരിക്കെണം.

൨൰൬ അതിനാൽ നീ സംഘത്തിന്റെ കൂടാരത്തെയും, സാക്ഷിയുടെ പെട്ടകത്തെയും,

൨൰൭ മെശയെയും അതിന്റെ സകല ഉപകരണങ്ങളെയും, നിലവിളക്കിനെയും അതിന്റെ ഉപകരണങ്ങളെയും (ധൂപ പീഠത്തെയും)

൨൰൮ ഹൊമ ബലിപീഠത്തെയും, അതിന്റെ സകല ഉപകരണങ്ങ

ളെയും, തൊട്ടിയെയും അതിന്റെ കാലിനെയും അഭിഷെകം ചെയ്യെണം.

൨൯ അവ മഹാ ശുദ്ധമുള്ളവയായിരിക്കെണ്ടുന്നതിന അവയെ ശുദ്ധീകരിക്കെണം: അവയെ തൊടുന്നതൊക്കെയും ശുദ്ധമായിരിക്കെണം.

൩൰ നീ അഹറൊനെയും അവന്റെ പുത്രന്മാരെയും, എനിക്ക ആചാൎയ്യ സ്ഥാനത്ത ശുശ്രൂഷ ചെയ്യെണ്ടുന്നതിന, അഭിഷെകം ചെയ്ത, അവരെ ശുദ്ധീകരിക്കെണം.

൩൧ യിസ്രാഎൽ പുത്രന്മാരൊട നീ സംസാരിച്ച പറയെണ്ടുന്നത എന്തെന്നാൽ, ഇത നിങ്ങളുടെ തലമുറകളിൽ എനിക്ക ശുദ്ധമുള്ള അഭിഷെക തൈലം ആയിരിക്കെണം.

൩൨ അത മനുഷ്യന്റെ മാംസത്തിന്മെൽ ഒഴിക്കപ്പെടരുത; അതിന്റെ യൊഗക്കൂട്ടിൻ പ്രകാരം അതപൊലെയുള്ളതിനെ നിങ്ങൾ ഉണ്ടാക്കുകയും അരുത: അത ശുദ്ധവും, അത നിങ്ങൾക്ക ശുദ്ധവും ആയിരിക്കെണം.

൩൩ അതപൊലെയുള്ള തൈലത്തെ കൂട്ടുന്നവനും, അതിൽനിന്ന അന്യന്റെ മെൽ ഇടുന്നവനും തന്റെ ജനങ്ങളിൽനിന്ന ഛെദിക്കപ്പെടെണ്ടിവരും നിശ്ചയം.

൩൪ ¶ പിന്നെയും യഹൊവാ മൊശെയൊട പറഞ്ഞത എന്തെന്നാൽ, നീ സുഗന്ധവൎഗ്ഗങ്ങളെ, നറുംപശയും, ഗുല്ഗുലുവും, ഹൽബാന പശയുമെന്ന സുഗന്ധവൎഗ്ഗങ്ങളെയും, ശുദ്ധമുള്ള സാംപ്രാണിയെയും എടുക്കെണം: ഒരൊന്ന സമ [തൂക്കം] ആയിരിക്കെണം.

൩൫ അതിനെ തൈലക്കാരന്റെ പ്രവൃത്തിയായി പരിമളപ്പെടുത്തി, ശുചിയും ശുദ്ധവുമുള്ള ധൂപവൎഗ്ഗമാക്കെണം.

൩൬ അതിൽ [ചിലതിനെ] നീ ഇടിച്ച പൊടിയാക്കി, ഞാൻ നിന്നെ എതിരെല്പാനിരിക്കുന്ന സംഘത്തിന്റെ കൂടാരത്തിലുള്ള സാക്ഷിക്ക മുമ്പാകെ വെക്കെണം: അത നിങ്ങൾക്ക മഹാ ശുദ്ധമായിരിക്കെണം.

൩൭ നീ ഉണ്ടാക്കുന്ന ൟ ധൂപവൎഗ്ഗമായതിന്റെ യൊഗത്തിന ഒത്തതായി നിങ്ങൾക്ക ഉണ്ടാക്കരുത: അത നിനക്ക യഹൊവായിക്കായിട്ട ശുദ്ധമായിരിക്കെണം.

൩൮ അതു പൊലെയുള്ളതിനെ മണക്കെണ്ടുന്നതിനായിട്ട ആരെങ്കിലും ഉണ്ടാക്കിയാൽ, അവൻ തന്റെ ജനങ്ങളിൽനിന്ന ഛെദിക്കപ്പെടെണം നിശ്ചയം.

൩൧ അദ്ധ്യായം.

൧ ബെസലെല്ലും അഹൊലിയാബും കൂടാരത്തിലെ വെലെക്കായിട്ട വിളിക്കപ്പെടുന്നത.—൧൨ ശബ്ബാത്തിനെ കുറിച്ചു.—൧൮ മൊശെ രണ്ടു പലകകളെ കൈക്കൊള്ളുന്നത.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞത എന്തെന്നാൽ,

൨ ഇതാ, ഞാൻ യെഹൂദായുടെ ഗൊത്രത്തിൽ ഹൂറിന്റെ പുത്രനായ ഉറിയുടെ പുത്രൻ ബെസലെലിനെ പെർ പറഞ്ഞ വിളിച്ചിരിക്കുന്നു.

൩ അവൻ ചിത്രപ്രവൃത്തികളെ യൊജിപ്പിച്ച ഉണ്ടാക്കുന്നതിനും, പൊന്നിലും, വെള്ളിയിലും, പിച്ചളയിലും പണി ചെയ്യുന്നതിനും,

൪ രത്നങ്ങളെ മുറ വെട്ടായി വെട്ടി പതിക്കുന്നതിനും, മരത്തിലുള്ള കൊത്തുപണിയിലും, സകല വിധ പ്രവൃത്തിയിലും, പണിചെയ്യുന്നതിനും,

൩ ജ്ഞാനത്തിലും, ബുദ്ധിയിലും, അറിവിലും, സകല വിധ പ്രവൃത്തിയിലും അവനെ ഞാൻ ദൈവത്തിന്റെ ആത്മാവ കൊണ്ട നിറച്ചിരിക്കുന്നു.

൬ ഇതാ, ഞാൻ ദാന്റെ ഗൊത്രത്തിൽ അഹിസാമാക്കിന്റെ പുത്രനായ അഹൊലിയാബിനെ അവനൊട കൂടെ കൊടുത്തു; ജ്ഞാനഹൃദയമുള്ളവരുടെ എല്ലാവരുടെയും ഹൃദയത്തിലും ജ്ഞാനത്തെയും നൽകിയിരിക്കുന്നു: ഞാൻ നിന്നൊട കല്പിച്ചതിനെ ഒക്കെയും അവർ ഉണ്ടാക്കും:

൭ സംഘത്തിന്റെ കൂടാരത്തെയും, സാക്ഷിയുടെ പെട്ടകത്തെയും, അതിന്റെ മീതെ ഉള്ള കൃപാസനത്തെയും, കൂടാരത്തിന്റെ സകല ഉപകരണങ്ങളെയും,

൮ മെശയെയും അതിന്റെ ഉപകരണങ്ങളെയും, ശുദ്ധമുള്ള നിലവിളക്കിനെയും അതിന്റെ എല്ലാ ഉപകരണങ്ങളെയും, ധൂപപീഠത്തെയും,

൯ ഹൊമബലിപീഠത്തെയും അതിന്റെ എല്ലാ ഉപകരണങ്ങളെയും, തൊട്ടിയെയും അതിന്റെ കാലിനെയും,

൰ ശുശ്രൂഷെക്കുള്ള ശീലകളെയും, ആചാര്യസ്ഥാനത്ത ശുശ്രൂഷ ചെയ്യുന്നതിന ആചാര്യനായ അഹറൊന്റെ ശുദ്ധമുള്ള വസ്ത്രങ്ങളെയും, അവന്റെ പുത്രന്മാരുടെ വസ്ത്രങ്ങളെയും,

൰൧ അഭിഷെക തൈലത്തെയും, ശുദ്ധസ്ഥലത്തിനുള്ള സുഗന്ധ ധൂപവൎഗ്ഗത്തെയും: അവർ ഞാൻ നിന്നൊട കല്പിച്ച പ്രകാരമൊക്കെയും ചെയ്യും.

൰൨ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ചു;

൰൩ നീ പിന്നെയും യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ച പറയെണ്ടുന്നത എന്തെന്നാൽ, നിങ്ങൾ എന്റെ സ്വസ്ഥ ദിവസങ്ങളെ സത്യമായിട്ട ആചരിക്കെണം: എന്തെന്നാൽ ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹൊവാ [ആകുന്നു] എന്ന നിങ്ങൾ അറിയെണ്ടുന്നതിന, അത നിങ്ങളുടെ തലമുറകളിൽ ഇനിക്കും നിങ്ങൾക്കും മദ്ധ്യെ ഒരു അടയാളം [ആകുന്നു.]

൰൪ അതുകൊണ്ട നിങ്ങൾ സ്വസ്ഥ ദിവസത്തെ ആചരിക്കെണം; എന്തെന്നാൽ അത നിങ്ങൾക്ക ശുദ്ധമുള്ളത [ആകുന്നു:] അതിനെ അശുദ്ധിയാക്കുന്നവൻ കൊല്ലപ്പെടെണം നിശ്ചയം: എന്തെന്നാൽ ആരെങ്കിലും അതിൽ വെല ചെയ്യാൽ, ആ ആത്മാവ തന്റെ ജനങ്ങളുടെ ഇടയിൽനിന്ന ഛെദിക്കപ്പെടെണം.

൰൫ ആറ ദിവസം വെല ചെയ്യാം, എന്നാൽ എഴാം ദിവസം സ്വസ്ഥമായുള്ള ശബാത ദിവസമായി, യഹൊവായിക്ക ശുദ്ധമുള്ളത [ആകുന്നു;] ആരെങ്കിലും സ്വസ്ഥ ദിവസത്തിൽ വെല ചെയ്യാൽ, അവൻ കൊല്ലപ്പെടെണം നിശ്ചയം.

൰൬ അതുകൊണ്ട യിസ്രാഎൽ പുത്രന്മാർ തങ്ങളുടെ തലമുറകളിൽ സ്വസ്ഥ ദിവസത്തെ എന്നുമുള്ള ഉഭയസമ്മതമായിട്ട ആചരിക്കെണ്ടുന്നതിന, സ്വസ്ഥ ദിവസത്തെ പ്രമാണിക്കെണം.

൰൭ അത എന്നെക്കും ഇനിക്കും യിസ്രാഎൽ പുത്രന്മാൎക്കും നടുവെ അടയാളം [ആകുന്നു:] എന്തെന്നാ

൰൮

ൽ ആറ ദിവസം യഹൊവാ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി, എഴാം ദിവസം അവൻ സ്വസ്ഥമായിരുന്നു, ആശ്വാസപ്പെട്ടുകയും ചെയ്തു.

൧൮ ¶ അവൻ സീനായി പൎവ്വതത്തിൽ മൊശെയൊട സംസാരിച്ചു കഴിഞ്ഞതിന്റെ ശെഷം, അവൻ അവന ദൈവത്തിന്റെ വിരൽ കൊണ്ട എഴുതപ്പെട്ട കല്പലകകളാകുന്ന സാക്ഷിയുടെ രണ്ട പലകകളെ കൊടുക്കയും ചെയ്തു.

൩൨ അദ്ധ്യായം.

൧ ജനങ്ങൾ അഹറൊനെ കൊണ്ട കാളകുട്ടിയെ ഉണ്ടാക്കിക്കുന്നത.—൧൯ മൊശെ പലകകളെ ഉടെക്കുന്നത.—൨൭ വിഗ്രഹാരാധനക്കാർ കൊല്ലപ്പെടുന്നത.—൩൦ മൊശെ ജനങ്ങൾക്ക വെണ്ടി പ്രാൎത്ഥിക്കുന്നത.

എന്നാൽ മൊശെ പൎവ്വതത്തിൽ നിന്ന ഇറങ്ങി വരുവാൻ താമസിക്കുന്നതിനെ ജനം കണ്ടപ്പൊൾ, ജനം അഹറൊന്റെ അടുക്കൽ കൂട്ടമായി കൂടി, അവനൊട പറഞ്ഞു, നീ എഴുനീറ്റ, ഞങ്ങളുടെ മുമ്പെ നടന്ന പൊകെണ്ടുന്ന ദൈവങ്ങളെ ഞങ്ങൾക്ക ഉണ്ടാക്കുക; എന്തുകൊണ്ടെന്നാൽ ഞങ്ങളെ മിസ്രയിം ദെശത്തനിന്ന പുറപ്പെടുവിച്ച കൊണ്ടുവന്ന പുരുഷനായ ഈ മൊശെക്കൊ, അവന എന്ത സംഭവിച്ചു എന്ന ഞങ്ങൾ അറിയുന്നില്ല.

൨ അപ്പൊൾ അഹറൊൻ അവരൊട പറഞ്ഞു, നിങ്ങളുടെ സ്ത്രീകളുടെയും, പുത്രന്മാരുടെയും, പുത്രിമാരുടെയും കാതുകളിൽ ഉള്ള പൊൻ കുണുക്കുകളെ അഴിച്ചു, എന്റെ അടുക്കൽ കൊണ്ടുവരുവിൻ.

൩ അപ്പൊൾ ജനം ഒക്കെയും തങ്ങളുടെ കാതുകളിൽനിന്ന പൊൻ കുണുക്കുകളെ പറിച്ചു, അഹറൊന്റെ അടുക്കൽ കൊണ്ടുവന്നു.

൪ അവൻ അവരുടെ കയ്യിൽനിന്ന അവയെ വാങ്ങി, ഒരു എഴുത്താണിയാൽ ഭാഷ വരുത്തി, വാൎപ്പിക്കപ്പെട്ട ഒരു കാളക്കുട്ടിയെ ഉണ്ടാക്കി: അപ്പൊൾ അവർ പറഞ്ഞു, യിസ്രാഎലായുള്ളൊവെ, ഇവ നിന്നെ മിസ്രയിം ദെശത്തനിന്ന പുറപ്പെടുവിച്ചിട്ടുള്ള നിന്റെ ദൈവങ്ങൾ [ആകുന്നു]

൫ അഹറൊൻ [അതിനെ] കണ്ടാറെ, അതിന മുമ്പാകെ ഒരു ബലിപീഠത്തെ പണിതു, നാളെ യഹൊവായിക്ക ഒരു പെരുനാൾ [ആകുന്നു] എന്നും വിളിച്ചു പറഞ്ഞു.

൬ പിറ്റെ ദിവസം അവർ പ്രഭാത കാലത്തെ എഴുനീറ്റ, ഹൊമബലികളെ കഴിച്ചു, സമാധാനബലികളെയും കൊണ്ടുവന്നു: പിന്നെ ജനങ്ങൾ ഭക്ഷിക്കുന്നതിനും കുടിക്കുന്നതിനും ഇരുന്നു, കളിപ്പാനായിട്ട എഴുനീറ്റു.

൭ അപ്പൊൾ യഹൊവാ മൊശെയൊട പറഞ്ഞത എന്തെന്നാൽ, നീ ഇറങ്ങി പൊക: എന്തെന്നാൽ നീ മിസ്രയിം ദെശത്തനിന്ന കൂട്ടി കൊണ്ടുവന്ന നിന്റെ ജനങ്ങൾ [തങ്ങളെ തന്നെ] വഷളാക്കി കളഞ്ഞു.

൮ ഞാൻ അവരൊട കല്പിച്ചവഴിയെ അവർ വെഗത്തിൽ വിട്ടൊഴിഞ്ഞു: അവർ വാൎപ്പിക്കപ്പെട്ട ഒരു കാളക്കുട്ടിയെ തങ്ങൾക്കായി ഉണ്ടാക്കി, അതിനെ വന്ദിച്ചു, അതിന ബലി കഴിച്ചു, യിസ്രാഎലായുള്ളൊവെ, ഇവ നിന്നെ മിസ്രയിം ദെശത്തനിന്ന പുറപ്പെടുവിച്ചിട്ടുള്ള നിന്റെ ദൈവങ്ങൾ

[ആകുന്നു,] എന്ന പറഞ്ഞിരിക്കു
ന്നു.
൯ പിന്നെ യഹൊവാ മൊശെ
യൊട പറഞ്ഞു, ഞാൻ ൟ ജന
ത്തെ കണ്ടു, ഇതാ, അത കഠിനക്ക
ഴുത്തുള്ള ജനം [ആകുന്നു.]
൧൦ അതുകൊണ്ട ഇപ്പൊൾ എ
ന്റെ കൊപം അവൎക്ക വിരൊധ
മായി കത്തി, ഞാൻ അവരെ ന
ശിപ്പിക്കെണ്ടുന്നതിന എന്നെ വി
ടുക : ഞാൻ നിന്നെ ഒരു വലിയ
ജാതിയാക്കുകയും ചെയ്യും.
൧൧ എന്നാറെ മൊശെ തന്റെ
ദൈവമായ യഹൊവായൊട അ
പെക്ഷിച്ച പറഞ്ഞു, യഹൊവാ
യെ, നീ മഹാ ബലത്താലും ശ
ക്തിയുള്ള കയ്യിനാലും മിസ്രയിം
ദെശത്തനിന്ന പുറപ്പെടുവിച്ചിട്ടു
ള്ള നിന്റെ ജനത്തിന വിരൊധ
മായി നിന്റെ കൊപം കത്തുന്ന
ത എന്തിന ?
൧൨ അവരെ മലകളിൽ കൊന്നു
കളവാനും, അവരെ ഭൂതലത്തിൽ
നിന്ന നശിപ്പിപ്പാനും അവരെ
ദൊഷത്തിനായി അവൻ പുറപ്പെ
ടുവിച്ചു എന്ന മിസ്രയക്കാരെക്കൊ
ണ്ട എന്തിന പറയിക്കുന്നു? നി
ന്റെ കഠിന കൊപത്തെ വിട്ടു തി
രിഞ്ഞ, നിന്റെ ജനത്തിന നെ
രെയുള്ള ൟ ദൊഷത്തെ കുറിച്ച
അനുതപിക്കെണമെ.
൧൩ നിന്റെ ശുശ്രൂഷക്കാരായ
അബ്രാഹാമിനെയും, യിസ്സാക്കി
നെയും, യിസ്രാഎലിനെയും ഒ
ൎക്കെണമെ; ഞാൻ നിങ്ങളുടെ സ
ന്തതിയെ ആകാശത്തെ നക്ഷത്ര
ങ്ങളെ പൊലെ വൎദ്ധിപ്പിക്കയും,
ഞാൻ പറഞ്ഞിട്ടുള്ള ൟ ദെശത്തെ
ഒക്കെയും നിങ്ങളുടെ സന്തതിക്ക
തരികയും, അവർ [അതിനെ] എ
ന്നെക്കും അനുഭവിക്കയും ചെയ്യു
മെന്ന നീ നിന്നെക്കൊണ്ട തന്നെ
അവൎക്ക ആണയിട്ട, അവരൊട
പറഞ്ഞുവല്ലൊ.
൧൪ അപ്പൊൾ യഹൊവാ ത
ന്റെ ജനത്തൊട ചെയ്യുമെന്ന പ
റഞ്ഞ ദൊഷത്തെ കുറിച്ച പശ്ചാ
ത്താപപ്പെട്ടു.
൧൫ ¶ പിന്നെ മൊശെ തിരി
ഞ്ഞ, പൎവ്വതത്തിൽനിന്ന ഇറങ്ങി
പൊയി, സാക്ഷിയുടെ രണ്ട പല
കകളും അവന്റെ കയ്യിൽ [ഉണ്ടാ
യിരുന്നു:] ആ പലകകൾ രണ്ടു
ഭാഗങ്ങളിലും എഴുതപ്പെട്ടവ [ആ
യിരുന്നു;] അപ്പുറത്തും ഇപ്പുറത്തും
എഴുതപ്പെട്ടവ [ആയിരുന്നു.]
൧൬ ആ പലകകൾ ദൈവത്തി
ന്റെ പ്രവൃത്തിയും, ആ പലകക
ളിൽ പതിഞ്ഞ എഴുത്ത ദൈവത്തി
ന്റെ എഴുത്തും [ആയിരുന്നു.]
൧൭ ജനം ആൎത്തുവിളിക്കുന്ന ശ
ബ്ദത്തെ യൊശുവാ കെട്ടപ്പൊൾ,
അവൻ മൊശെയൊട, യുദ്ധശ
ബ്ദം പാളയത്തിൽ [ഉണ്ട] എന്ന
പറഞ്ഞു.
൧൮ എന്നാറെ അവൻ പറഞ്ഞു,
ജയിച്ച വിളിക്കുന്നവരുടെ ശബ്ദ
ത്തെ അല്ല, അപജയപ്പെട്ട വിളി
ക്കുന്നവരുടെ ശബ്ദത്തെയുമല്ല:
പാട്ടുപാടുന്നവരുടെ ശബ്ദത്തെ
അത്രെ ഞാൻ കെൾക്കുന്നത.
൧൯ പിന്നെ ഉണ്ടായത എന്തെ
ന്നാൽ, അവൻ പാളയത്തിന സ
മീപിച്ച ഉടനെ അവൻ ആ കാ
ളക്കുട്ടിയെയും, നൃത്തങ്ങളെയും ക
ണ്ടു: അപ്പൊൾ മൊശെയുടെ കൊ
പം ജ്വലിച്ചു, അവൻ തന്റെ
കൈകളിൽനിന്ന ആ പലകകളെ
ഇട്ട, അവയെ പൎവ്വതത്തിന്റെ അ
ടിയിൽ വെച്ച പൊട്ടിച്ചുകളഞ്ഞു.

add 5 Mos 9,20 Moses praying for Aharon

൨൦ പിന്നെ അവൻ അവർ ഉ
ണ്ടാക്കിയ കാളക്കുട്ടിയെ എടുത്ത,
അഗ്നിയിൽ ചുട്ടുകളഞ്ഞ, [അതി
നെ] പൊടിയാകുന്നവരെയും അ
രച്ചു, വെള്ളങ്ങളിന്മെൽ വിതറി, യി
സ്രാഎൽ പുത്രന്മാരെ കുടിപ്പിച്ചു.
൨൧ വിശെഷിച്ച മൊശെ അ
ഹറൊനൊട പറഞ്ഞു, നീ ൟ ജ
നത്തിന്മെൽ ഇത്ര വലിയ പാപ
ത്തെ വരുത്തുന്നതിന, അവർ നി
ന്നൊട എന്തു ചെയ്തു?
൨൨ അപ്പൊൾ അഹറൊൻ പറ
ഞ്ഞു, എന്റെ കൎത്താവിന്റെ കൊ
പം ജ്വലിക്കരുതെ: ൟ ജനത്തെ
ദൊഷത്തിലെക്ക [ചായുന്നത] എ
ന്ന നീ അറിയുന്നുവല്ലൊ.
൨൩ അവർ എന്നൊട പറഞ്ഞു,
ഞങ്ങളുടെ മുമ്പെ നടന്നുപൊകെ
ണ്ടുന്ന ദൈവങ്ങളെ ഞങ്ങൾക്ക ഉ
ണ്ടാക്കെണം: എന്തുകൊണ്ടെന്നാ
ൽ ഞങ്ങളെ മിസ്രയിം ദെശത്ത
നിന്ന കൂട്ടികൊണ്ടുവന്ന പുരുഷ
നായ ൟ മൊശെക്കൊ, അവന
എന്ത സംഭവിച്ചു എന്ന ഞങ്ങൾ
അറിയുന്നില്ല.
൨൪ അപ്പൊൾ ഞാൻ അവരൊ
ട, ആൎക്ക പൊന്നുണ്ടൊ അവർ
[അതിനെ] പറിച്ചെടുക്കട്ടെ എന്ന
പറഞ്ഞു. അവർ [അതിനെ] ഇ
നിക്ക തരികയും ചെയ്തു: അപ്പൊ
ൾ ഞാൻ അതിനെ അഗ്നിയിലെ
ക്ക ഇട്ടു, ൟ കാളക്കുട്ടി പുറത്ത വ
രികയും ചെയ്തു.
൨൫ (അവൎക്ക വിരൊധമായി എ
ഴുനീറ്റവൎക്ക മുമ്പാകെ [അവരുടെ]
ലജ്ജെക്ക അഹറൊൻ അവരെ ന
ഗ്നന്മാരാക്കിയിരുന്നതുകൊണ്ടു;) ജ
നങ്ങൾ നഗ്നന്മാരായി എന്ന മൊ
ശെ കണ്ടപ്പൊൾ;
൨൬ മൊശെ പാളയത്തിന്റെ വാ
തുക്കൽനിന്നുകൊണ്ട, ആര യഹൊ
വായുടെ [പക്ഷത്തിൽ ആകുന്നു
വൊ] എന്റെ അടുക്കൽ [അവൻ
വരട്ടെ] എന്ന പറഞ്ഞു. എന്നാ
റെ ലെവിയുടെ പുത്രന്മാർ എല്ലാവ
രും അവന്റെ അടുക്കൽ വന്നു കൂടി.
൨൭ അപ്പൊൾ അവൻ അവ
രൊട പറഞ്ഞു, നിങ്ങൾ അവന
വൻ തന്റെ തന്റെ വാളിനെ ത
ന്റെ തന്റെ തുടയിൽ കെട്ടി, പാ
ളയത്തിൽ കൂടി വാതിൽ തൊറും ക
ടന്ന, അവനവൻ തന്റെ തന്റെ
സഹൊദരനെയും, അവനവൻ
തന്റെ തന്റെ സ്നെഹിതനെയും,
അവനവൻ തന്റെ തന്റെ അ
യല്ക്കാരനെയും കൊന്നുകളവിൻ
എന്നുള്ള പ്രകാരം യിസ്രാഎലി
ന്റെ ദൈവമാകുന്ന യഹൊവാ
പറയുന്നു.
൨൮ അപ്പൊൾ ലെവിയുടെ പു
ത്രന്മാർ മൊശെയുടെ വാക്കിൻപ്ര
കാരം ചെയ്തു: ആ ദിവസത്തിൽ
ജനത്തിൽ എകദെശം മൂവ്വായിരം
പെർ വീഴുകയും ചെയ്തു.
൨൯ എന്തുകൊണ്ടെന്നാൽ യ
ഹൊവാ ഇന്ന നിങ്ങളുടെ മെൽ
അനുഗ്രഹം നൽകെണ്ടുന്നതിന
നിങ്ങൾ ഇന്ന അവനവൻ ത
ന്റെ തന്റെ പുത്രനും, തന്റെ ത
ന്റെ സഹൊദരനും വിരൊധമാ
യതിനാൽ യഹൊവയിക്ക നിങ്ങ
ളെ തന്നെ പ്രതിഷ്ഠിച്ചുകൊൾവി
ൻ എന്ന മൊശെ പറഞ്ഞിരുന്നു.
൩൦ പിറെറ ദിവസം ഉണ്ടായത
എന്തെന്നാൽ, മൊശെ ജനത്തൊ
ട പറഞ്ഞു, നിങ്ങൾ മഹാ പാതക
മായുള്ള പാപം ചെയ്തിരിക്കുന്നു:
ഇപ്പൊൾ ഞാൻ യഹൊവായുടെ
അടുക്കൽ കരെറി പൊകും: പ
ക്ഷെ ഞാൻ നിങ്ങളുടെ പാപത്തി

ന്ന വെണ്ടി പാപപരിഹാരം കഴി
ക്കും.
൩൧ അപ്രകാരം തന്നെ മൊ
ശെ യഹൊവായുടെ അടുക്കൽ തി
രിച്ചുചെന്ന, പറഞ്ഞത എന്തെ
ന്നാൽ, ഹാ, ഈ ജനം മഹാ പാ
തകമായ പാപം ചെയ്തു, തങ്ങൾ
ക്ക പൊന്നു കൊണ്ട ദൈവങ്ങളെ
ഉണ്ടാക്കിയിരിക്കുന്നു,
൩൨ എങ്കിലും ഇപ്പൊൾ നീ അവ
രുടെ പാപത്തെ നീക്കികളയുമെങ്കി
ൽ; അല്ലെങ്കിൽ നീ എഴുതിയ നി
ന്റെ പുസ്തകത്തിൽനിന്ന എന്നെ
മാച്ചുകളയെണമെന്ന ഞാൻ അ
പെക്ഷിക്കുന്നു.
൩൩ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, ആര ഇനിക്ക
വിരൊധമായി പാപം ചെയ്തു
വൊ, അവനെ ഞാൻ എന്റെ പു
സ്തകത്തിൽനിന്ന മാച്ചുകളയും.
൩൪ അതുകൊണ്ട ഇപ്പൊൾ നീ
പൊയി, ഞാൻ നിന്നൊട പറ
ഞ്ഞിട്ടുള്ള [സ്ഥലത്തെക്ക] ജനത്തെ
കൂട്ടികൊണ്ടുപൊക: ഇതാ, എന്റെ
ദൂതൻ നിന്റെ മുമ്പെ നടക്കും:എ
ന്നാലും ഞാൻ വിചാരിക്കുന്ന ദി
വസത്തിൽ അവരുടെ പാപത്തെ
അവരുടെ മെൽ വിചാരിക്കും,
൩൫ അഹറൊൻ ഉണ്ടാക്കിയ കാ
ളക്കുട്ടിയെ ജനം ഉണ്ടാക്കിയ ഹെ
തുവായിട്ട യഹൊവാ അവരെ
ബാധിക്കയും ചെയ്തു.

൩൩ അദ്ധ്യായം,

൧ കർത്താവ ജനങ്ങളൊട കൂടെ പൊകയി
ല്ലെന്ന പറയുന്നത.—൯ കർത്താവ മൊശെ
യൊട കൂടെ സംസാരിക്കുന്നത.—൧൨ മൊ
ശെ ദൈവത്തിന്റെ മഹത്വത്തെ കാണ്മാ
ൻ ആഗ്രഹിക്കുന്നത.

പിന്നെ യഹൊവാ മൊശെ
യൊട പറഞ്ഞത എന്തെന്നാൽ,
നീയും, നീ മിസ്രയീം ദെശത്തനി
ന്ന കൂട്ടികൊണ്ടുവന്ന ജനവുമായി
ഇവിടെനിന്ന പുറപ്പെട്ട, നിന്റെ
സന്തതിക്ക കൊടുക്കാമെന്ന ഞാൻ
അബ്രഹാമിനൊടും, യിസ്സാക്കി
നൊടും, യാക്കൊബിനൊടും ആ
ണയിട്ട, പറഞ്ഞ ദെശത്തെക്കു
പൊകുവിൻ;
൨ പാലും തെനും ഒലിക്കുന്ന ദെ
ശത്തെക്ക തന്നെ: ഞാൻ ഒരു ദൂത
നെ നിന്റെ മുമ്പെ അയക്കും: ക
നാനായക്കാരനെയും, അമൊറായ
ക്കാരനെയും, ഹിത്തായക്കാരനെ
യും പെറിസ്സായക്കാരനെയും, ഹി
വായക്കാരനെയും യബുസായക്കാ
രനെയും ആട്ടിക്കളകയും ചെയ്യും:
൩ എന്തെന്നാൽ വഴിയിൽ ഞാ
ൻ നിന്നെ നശിപ്പിക്കാതെ ഇരി
പ്പാൻ; ഞാൻ നിന്റെ നടുവിൽ
നടന്ന പൊകയില്ല: എന്തുകൊ
ണ്ടെന്നാൽ നീ കഠിന കഴുത്തുള്ള
ജനം [ആകുന്നു.]
൪ എന്നാറെ ദൊഷമായുള്ള ഈ
വചനത്തെ ജനം കെട്ടപ്പൊൾ,
അവർ ദുഃഖിച്ചുകൊണ്ടിരുന്നു: ഒരു
ത്തനും തന്റെ മെൽ തന്റെ ആ
ഭരണങ്ങളെ ഇട്ടതുമില്ല.
൫ എന്തെന്നാൽ നിങ്ങൾ കഠിന
കഴുത്തുള്ള ജനം [ആകുന്നു:] ഞാൻ
ഒരു നിമിഷത്തിൽ നിന്റെ നടു
വിൽ വന്ന, നിന്നെ സംഹരി
ക്കും: അതുകൊണ്ട ഇപ്പൊൾ ഞാ
ൻ നിന്നൊട എന്ത ചെയ്യെണ്ടു
എന്ന അറിയെണ്ടുന്നതിന, നീ നി
ന്റെ ആഭരണങ്ങളെ നിന്നിൽനി
ന്ന നീക്കിക്കളക എന്ന യിസ്രാഎ
ൽ പുത്രന്മാരൊട പറയെണമെ
ന്ന യഹൊവാ മൊശെയൊട പ
റഞ്ഞിരുന്നു.
൬ യിസ്രാഎൽ പുത്രന്മാർ ഹൊ

റെബ പൎവ്വതത്തിന അരികെ വെ
ച്ച തങ്ങളുടെ ആഭരണങ്ങളെ നീ
ക്കി കളഞ്ഞു.
൭ വിശെഷിച്ച മൊശെ കൂടാര
ത്തെ എടുത്ത, അതിനെ പാളയ
ത്തിന പുറത്ത, പാളയത്തിൽനി
ന്ന ദൂരത്ത അടിച്ചു, അതിന, സം
ഘത്തിന്റെ കൂടാരം എന്ന പെർ
വിളിച്ചു. പിന്നെ ഉണ്ടായത എ
ന്തെന്നാൽ, യഹൊവായെ അ
ന്വെഷിച്ചവരെല്ലാം പാളയത്തി
ന പുറത്തുള്ള സംഘത്തിന്റെ കൂ
ടാരത്തിലെക്ക പുറപ്പെട്ടുപൊയി.
൮ പിന്നെ ഉണ്ടായത എന്തെ
ന്നാൽ, മൊശെ കൂടാരത്തിലെക്ക പു
റപ്പെട്ടുപൊകുമ്പൊൾ, ജനങ്ങൾ ഒ
ക്കെയും എഴുനീറ്റ, അവനവൻ
തന്റെ തന്റെ കൂടാരത്തിന്റെ വാ
തുക്കൽ നിന്ന, മൊശെ കൂടാരത്തി
നകത്ത ആകുവൊളം അവന്റെ
പിന്നിൽ നൊക്കിക്കൊണ്ടിരുന്നു.
൯ മൊശെ കൂടാരത്തിലെക്ക പ്ര
വെശിക്കുമ്പൊൾ ഉണ്ടായത എ
ന്തെന്നാൽ, മെഘത്തൂൺ ഇറങ്ങി,
കൂടാരത്തിന്റെ വാതുക്കൽ നിന്നു,
[യഹൊവാ] മൊശെയൊട സം
സാരിക്കയും ചെയ്തു.
൧൦ ജനം എല്ലാം മെഘത്തൂണ കൂ
ടാരത്തിന്റെ വാതുക്കൽ നില്ക്കുന്ന
തിനെ കണ്ടു: ജനം എല്ലാം എഴു
നീറ്റ, അവനവൻ തന്റെ ത
ന്റെ കൂടാരത്തിന്റെ വാതുക്കൽ
വെച്ച വന്ദിക്കയും ചെയ്തു.
൧൧ പിന്നെ യഹൊവാ മൊ
ശെയൊട അഭിമുഖമായി, ഒരുത്ത
ൻ തന്റെ സ്നെഹിതനൊട സം
സാരിക്കുന്നതുപൊലെ, സംസാ
രിച്ചു. പിന്നെയും ഇവൻ പാളയ
ത്തിലെക്ക തിരിച്ച വന്നു: എന്നാ
ൽ നൂന്റെ പുത്രനായ യൊശുവാ

എന്ന അവന്റെ ശുശ്രൂഷക്കാര
നായ ബാല്യക്കാരൻ കൂടാരത്തി
ൽനിന്ന പിരിയാതെ ഇരുന്നു.
൧൨ ¶ വിശെഷിച്ചും മൊശെ യ
ഹൊവായൊട പറഞ്ഞത എന്തെ
ന്നാൽ, ഇതാ, നീ എന്നൊട ൟ ജ
നത്തെ പുറപ്പെടുവിക്ക എന്ന പറ
ഞ്ഞു, എങ്കിലൊ നീ ആരെ എന്നൊ
ട കൂടെ അയക്കുമെന്ന എന്നൊ
ട അറിയിച്ചിട്ടില്ല. എന്നാൽ നി
ന്നെ ഞാൻ പെർ പറഞ്ഞ അറി
ഞ്ഞിരിക്കുന്നു എന്നും, എന്റെ ക
ണ്ണുകളിൽ നിനക്ക കൃപ ലഭിച്ചി
രിക്കുന്നു എന്നും നീ പറഞ്ഞിട്ടുണ്ട.
൧൩ അതുകൊണ്ട ഇപ്പൊൾ നി
ന്റെ കണ്ണുകളിൽ ഇനിക്ക കൃപ
ലഭിച്ചിട്ടുണ്ടെങ്കിൽ, നിന്റെ വഴി
യെ എന്നൊട അറിയിക്കെണമെ:
എന്നാൽ നിന്റെ കണ്ണുകളിൽ ഇ
നിക്ക കൃപ ലഭിക്കെണ്ടുന്നതിന
ഞാൻ നിന്നെ അറിയും: ൟ ജാ
തി നിന്റെ ജനം [ആകുന്നു] എ
ന്ന വിചാരിക്കയും ചെയ്യെണമെ.
൧൪ എന്നാറെ അവൻ പറഞ്ഞു,
എന്റെ മുഖം [നിന്നൊട കൂടെ]
പൊരും; ഞാൻ നിന്നെ സൌഖ്യ
പ്പെടുത്തുകയും ചെയ്യും.
൧൫ അപ്പൊൾ അവൻ അവ
നൊട പറഞ്ഞു, നിന്റെ മുഖം [എ
ന്നൊട കൂടെ] പൊരുന്നില്ല എങ്കി
ൽ, ഞങ്ങളെ ഇവിടെനിന്ന പുറ
പ്പെടുവിക്കാതെ ഇരിക്കെണമെ.
൧൬ എന്തുകൊണ്ടെന്നാൽ ഇനി
ക്കും നിന്റെ ജനത്തിനും നിന്റെ
കണ്ണുകളിൽ കൃപ ലഭിച്ചു എന്നുള്ള
ത ഇവിടെ എത കൊണ്ട അറിയ
പ്പെടും? നീ ഞങ്ങളൊട കൂടെ പൊ
കുന്നത കൊണ്ടല്ലയൊ? അതിന്മ
ണ്ണം ഞാനും നിന്റെ ജനവും ഭൂ
തലത്തിന്മെലുള്ള എല്ലാ ജനങ്ങളി

എന്ന

ൽനിന്നും വെർപെട്ടിരിക്കും.
൧൭ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, നീ പറഞ്ഞ
ഈ വചനപ്രകാരവും ഞാൻ ചെ
യ്യും: എന്തെന്നാൽ എന്റെ കണ്ണു
കളിൽ നിനക്ക കൃപ ലഭിച്ചിരിക്കു
ന്നു; ഞാൻ നിന്റെ നാമം പറ
ഞ്ഞ അറിഞ്ഞുമിരിക്കുന്നു.
൧൮ അപ്പൊൾ അവൻ പറഞ്ഞു,
നിന്റെ മഹത്വത്തെ ഇനിക്ക കാ
ണിക്കെണമെന്ന ഞാൻ നിന്നൊ
ട അപെക്ഷിക്കുന്നു.
൧൯ എന്നാറെ അവൻ പറഞ്ഞു,
ഞാൻ എന്റെ നന്മയെ ഒക്കെയും
നിന്റെ മുമ്പിൽ കടക്കുമാറാക്കി,
യഹൊവായുടെ നാമത്തെ നിന്റെ
മുമ്പെ അറിയിക്കയും; ഞാൻ കൃ
പ ചെയ്യുന്നവനൊട കൃപ ചെയ്യു
കയും, ഇനിക്ക കരുണയുണ്ടാകുന്ന
വനൊട ഇനിക്ക കരുണയുണ്ടാ
കയും ചെയ്യും.
൨൦ പിന്നെയും അവൻ പറഞ്ഞു,
നിനക്ക എന്റെ മുഖത്തെ കാണ്മാ
ൻ കഴികയില്ല: എന്തെന്നാൽ ഒരു
മനുഷ്യനും എന്നെ കണ്ട ജീവ
നൊടെ ഇരിക്കയില്ല.
൨൧ പിന്നെയും യഹൊവാ പ
റഞ്ഞത എന്തെന്നാൽ, ഇതാ, എ
ന്റെ അടുക്കൽ ഒരു സ്ഥലം [ഉണ്ട,]
അവിടെ നീ ഒരു പാറയിന്മെൽ
നില്ക്കെണം.
൨൨ അപ്പൊൾ ഇപ്രകാരം ഉ
ണ്ടാകും, എന്റെ മഹത്വം കടക്കു
മ്പൊൾ ഞാൻ നിന്നെ ആ പാറ
യുടെ ഒരു പിളൎപ്പിൽ ആക്കി, ഞാ
ൻ കടന്ന പൊകുന്നത വരെയും
എന്റെ കൈ കൊണ്ട നിന്നെ മ
റെക്കും:
൨൩ പിന്നത്തെതിൽ ഞാൻ എ
ന്റെ കയ്യിനെ എടുക്കും; അപ്പൊ
ൾ നീ എന്റെ പിൻഭാഗങ്ങളെ
കാണും: എന്നാൽ എന്റെ മുഖം
കാണപ്പെടുകയില്ല.

൩൪ അദ്ധ്യായം.

൧ പലകകൾ പുതിയതാക്കപ്പെടുന്നത.—൫ കൎത്താവിന്റെ നാമം അറിയിക്കപ്പെടുന്നത, ൧൦ ദൈവം അവരൊട കൂടെ ഉഭയസമ്മതം ചെയ്യുന്നത.

പിന്നെയും യഹൊവാ മൊ
ശെയൊട പറഞ്ഞത എന്തെന്നാ
ൽ, മുമ്പിലത്തവയെ പൊലെ ര
ണ്ട കല്പലകകളെ ചെത്തിക്കൊൾ
ക: എന്നാൽ നീ പൊട്ടിച്ചുകളഞ്ഞ
മുമ്പിലത്തെ പലകകളിൽ ഉണ്ടാ
യിരുന്ന വചനങ്ങളെ ഞാൻ [ഈ]
പലകകളിൽ എഴുതും.
൨ നീ ഉദയകാലത്തിന ഒരുങ്ങി
യിരുന്ന, രാവിലെ സീനായി പ
ൎവ്വതത്തിലെക്ക കരെറി, അവിടെ
പൎവ്വതത്തിന്റെ മുകളിൽ ഇനിക്കാ
യിട്ട നില്ക്കെണം.
൩ നിന്നൊട കൂടെ ഒരു പുരുഷ
നും കരെറരുത, പൎവ്വതത്തിലെങ്ങും
ഒരു പുരുഷനും കാണപ്പെടുകയും
അരുത; പൎവ്വതത്തിന്റെ അരികെ
ആട്ടുക്കൂട്ടമെങ്കിലും, കന്നുകാലി കൂ
ട്ടമെങ്കിലും മെയിക്കയും അരുത.
൪ അപ്പൊൾ അവൻ മുമ്പില
ത്തവയെ പൊലെ രണ്ട കല്പലക
കളെ ചെത്തി; മൊശെ എററവും
അതികാലത്ത എഴുനീററ, യഹൊ
വാ തന്നൊട കല്പിച്ച പ്രകാരം
സീനായി പൎവ്വതത്തിൽ കരെറി, ര
ണ്ട കല്പലകകളെ തന്റെ കയ്യിൽ
എടുത്ത കൊണ്ടുപൊയി.
൫ അപ്പൊൾ യഹൊവാ ഒരു മെ
ഘത്തിൽ ഇറങ്ങി, അവിടെ അവ
നൊട കൂടെ നിന്ന, യഹൊവായു
ടെ നാമത്തെ പ്രസിദ്ധപ്പെടുത്തി.
൬ യഹൊവാ അവന്റെ മുമ്പെ

കടന്ന പ്രസിദ്ധപ്പെടുത്തിയത എ
ന്തെന്നാൽ, യഹൊവാ, യഹൊ
വായായ ദൈവം കരുണയുള്ളവ
നും. കൃപയുള്ളവനും, ദീൎഘശാന്ത
നും, നന്മയിലും സത്യത്തിലും സ
മൃദ്ധിയുള്ളവനും,
൭ ആയിരങ്ങൾക്ക കരുണയെ
പ്രമാണിക്കുന്നവനും, അന്യായ
ത്തെയും അതിക്രമത്തെയും പാപ
ത്തെയും ക്ഷമിക്കുന്നവനും, കുററ
മുള്ളവനെ കുററമില്ലാത്തെ ആക്കി തീ
ക്കാതെ, പിതാക്കന്മാരുടെ അതിക്ര
മത്തെ പുത്രന്മാരുടെ മെലും,പുത്രന്മാ
രുടെ പുത്രന്മാരുടെ മെലും, മൂന്നാമ
ത്തെതും നാലാമത്തെതുമായ [തല
മുറ]വരെയും വിചാരിക്കുന്നവനും.
൮ എന്നാറെ മൊശെ ബദ്ധ
പ്പെട്ടു, നിലം വരെയും കുമ്പിട്ട വ
ന്ദിച്ചു.
൯ പിന്നെ അവൻ പറഞ്ഞു, ക
ൎത്താവെ, നിന്റെ കണ്ണുകളിൽ ഇ
നിക്ക കൃപ ലഭിച്ചിട്ടുണ്ടെങ്കിൽ, എ
ന്റെ കൎത്താവ ഞങ്ങളുടെ ഇടയി
ൽ നടന്ന പൊകെണം എന്ന ഞാ
ൻ അപെക്ഷിക്കുന്നു; എന്തുകൊ
ണ്ടെന്നാൽ അത കഠിനക്കഴുത്തുള്ള
ജനം [ആകുന്നു:] ഞങ്ങളുടെ അതി
ക്രമത്തെയും ഞങ്ങളുടെ പാപത്തെ
യും ക്ഷമിച്ചു, ഞങ്ങളെ അവകാശ
മാക്കുകയും ചെയ്യെണമെ.
൧൦ അപ്പൊൾ അവൻ പറഞ്ഞു,
ഇതാ, ഞാൻ ഉഭയസമ്മതം ചെ
യ്യുന്നു: ഭൂമിയിലെങ്ങും, ഒരു ജാതി
യിലും ചെയ്യപ്പെട്ടാതിരിക്കുന്ന അ
ത്ഭുതങ്ങളെ നിന്റെ സകല ജന
ത്തിനും മുമ്പാകെ ഞാൻ ചെയ്യും:
നീ ആരുടെ ഇടയിൽ ഇരിക്കുന്നു
വൊ, ആ ജനം ഒക്കെയും യ
ഹൊവായുടെ പ്രവൃത്തിയെ കാ
ണ്ണെണ്ടിവരും: എന്തുകൊണ്ടെന്നാ
ൽ ഞാൻ നിന്നൊട കൂടെ ചെയ്വാ
നിരിക്കുന്നത ഭയങ്കരമാകുന്നു.
൧൧ ¶ ഇന്ന ഞാൻ നിന്നൊട
കല്പിക്കുന്നതിനെ പ്രമാണിക്ക: ഇ
താ, ഞാൻ അമൊറായക്കാരനെ
യും, കനാനായക്കാരനെയും, ഹി
ത്തായക്കാരനെയും പെറിസ്സായ
ക്കാരനെയും, ഹിവായക്കാരനെയും,
യബുസായക്കാരനെയും നിന്റെ
മുമ്പിൽനിന്ന ആട്ടിക്കളയുന്നു.
൧൨ നീ ചെന്നെത്തുന്ന ദെശ
ത്തെ കുടിയാന്മാരൊട, നിന്റെ ന
ടുവെ കണിയാകാതെ കണ്ടു, നീ
ഉഭയസമ്മതം ചെയ്യാതെ ഇരിപ്പാ
ൻ ജാഗ്രതയായിരിക്ക.
൧൩ എന്നാൽ നിങ്ങൾ അവരു
ടെ ബലിപീഠങ്ങളെ ഇടിച്ചു, അ
വരുടെ വിഗ്രഹങ്ങളെ തകൎത്തു,
അവരുടെ തൊട്ടങ്ങളെ വെട്ടിക്കള
യെണം:
൧൪ എന്തുകൊണ്ടെന്നാൽ അന്യ
ദൈവത്തെ നീ വന്ദിക്കരുത: എ
ന്തെന്നാൽ വൈരാഗ്യമെന്ന നാമ
മുള്ള യഹൊവാ വൈരാഗ്യമുള്ള
ദൈവം [ആകുന്നു.]
൧൫ ആ ദെശത്തെ കുടിയാന്മാ
രൊട ഉഭയസമ്മതം ചെയ്യാതെ
യും, അവരുടെ ദൈവങ്ങളുടെ പി
ന്നാലെ അവർ വെശ്യാദൊഷ
ത്തിനായിട്ട പൊയി, അവരുടെ
ദൈവങ്ങൾക്ക ബലികഴിക്കാതെ
യും, ഒരുത്തൻ നിന്നെ വിളിക്കയും
നീ പൊയി അവരുടെ ബലികളി
ൽനിന്ന ഭക്ഷിക്കയും ചെയ്യാതെ
യും,
൧൬ അവരുടെ പുത്രിമാരിൽനി
ന്ന നിന്റെ പുത്രന്മാൎക്ക [സ്ത്രീക
ളെ] എടുത്തുകൊള്ളാതെയും, അവ
രുടെ പുത്രിമാർ തങ്ങളുടെ ദൈവ
ങ്ങളുടെ പിന്നാലെ വെശ്യാദൊ

ഷത്തിനായിട്ട പൊകുമ്പൊൾ നി
ന്റെ പുത്രന്മാരെ തങ്ങളുടെ ദൈ
വങ്ങളുടെ പിന്നാലെ വെശ്യാദൊ
ഷത്തിനായിട്ട പൊകുമാറാക്കാതെ
യും ഇരിപ്പാനായിട്ട [ആകുന്നു.]
൧൭ വാൎപ്പിക്കപ്പെട്ട ദൈവങ്ങ
ളെ നിനക്ക ഉണ്ടാക്കരുത.
൧൮ ¶ പുളിപ്പില്ലാത്ത അപ്പങ്ങളു
ടെ പെരുനാളിനെ നീ ആചരി
ക്കെണം: ഞാൻ നിന്നൊട കല്പി
ച്ച പ്രകാരം ആബീബ മാസത്തി
ലെ കാലത്തിൽ എഴ ദിവസം പുളി
പ്പില്ലാത്ത അപ്പങ്ങളെ ഭക്ഷിക്കെ
ണം: എന്തുകൊണ്ടെന്നാൽ ആ
ബീബ മാസത്തിൽ നീ മിസ്രയി
മിൽനിന്ന പുറപ്പെട്ടു വന്നു.
൧൯ ഗൎഭം തുറന്ന ജനിക്കുന്ന
തൊക്കെയും, നിന്റെ ആടുകളുടെ
യൊ, കന്നുകാലികളുടെയൊ കൂട്ട
ത്തിൽ കടിഞ്ഞൂൽ പ്രസവമായ
[ആണ] ഒക്കെയും ഇനിക്കുള്ളത
[ആകുന്നു.]
൨൦ എന്നാൽ കഴുതയുടെ കടിഞ്ഞൂ
ലായുള്ളതിനെ ഒര ആട്ടിൻ കുട്ടി
കൊണ്ട നീ വീണ്ടുകൊള്ളെണം:
നീ (അതിനെ) വീണ്ടുകൊള്ളുന്നി
ല്ല എങ്കിൽ, അതിന്റെ കഴുത്ത ഒ
ടിച്ചുകളയെണം. നിന്റെ പുത്ര
ന്മാരിൽ കടിഞ്ഞൂലായി ജനിക്കു
ന്നവനെ ഒക്കെയും നീ വീണ്ടു
കൊള്ളെണം. ഒരുത്തരും വെറു
ങ്കയ്യായി എന്റെ മുമ്പാകെ കാണ
പ്പെടുകയും അരുത.
൨൧ നീ ആറ ദിവസം വെല
ചെയ്യെണം, എന്നാൽ എഴാം ദിവ
സം നീ സ്വസ്ഥമായിരിക്കെണം:
വിതകാലത്തും കൊയിത്തു കാല
ത്തും നീ സ്വസ്ഥമായിരിക്കെണം.
൨൨ നീ കൊതമ്പ കൊയിത്തി
ലെ ആദ്യവിളവ ഉണ്ടാകുന്ന എ
ഴ ആഴ്ചവട്ടത്തിന്റെ പെരുനാളി
നെയും, ആണ്ടറുതിയിൽ കൂട്ടലി
ന്റെ പെരുനാളിനെയും ആചരി
ക്കെണം.
൨൩ സംവത്സരത്തിൽ മൂന്ന പ്രാ
വശ്യം നിന്റെ പുരുഷ പ്രജയൊ
ക്കെയും യിസ്രാഎലിന്റെ ദൈ
വമായി, യഹൊവായായ കൎത്താ
വിന്റെ മുമ്പാകെ കാണപ്പെടെ
ണം.
൨൪ എന്തുകൊണ്ടെന്നാൽ ഞാൻ
പുറജാതികളെ നിന്റെ മുമ്പിൽനി
ന്ന ആട്ടിക്കളഞ്ഞ, നിന്റെ അതൃ
ത്തികളെ വിശാലമാക്കും: നീ സം
വത്സരത്തിൽ മൂന്ന പ്രാവശ്യം നി
ന്റെ ദൈവമാകുന്ന യഹൊവാ
യുടെ മുമ്പാകെ കാണപ്പെടുവാൻ
പുറപ്പെട്ട പൊകുമ്പൊൾ, ഒരു പു
രുഷനും നിന്റെ ദെശത്തെ മൊ
ഹിക്കയുമില്ല.
൨൫ എന്റെ ബലിയുടെ രക്ത
ത്തെ പുളിച്ച മാവൊട കൂടെ ബ
ലികഴിക്കരുത: പെസഹാ പെരു
നാളിലെ ബലി ഉദയകാലം വരെ
യും വെച്ചിരിക്കയുമരുത.
൨൬ നിന്റെ ദെശത്തെ ആദ്യ
വിളവിലെ ആദ്യഫലത്തെ നീ
നിന്റെ ദൈവമാകുന്ന യഹൊ
വായുടെ ഭവനത്തിലെക്ക കൊണ്ടു
വരെണം. വെള്ളാട്ടിൻ കുട്ടിയെ
അതിന്റെ തള്ളയുടെ പാലിൽ
നീ പാകം ചെയ്യരുത.
൨൭ ¶ പിന്നെയും യഹൊവാ
മൊശെയൊട പറഞ്ഞു, ൟ വച
നങ്ങളെ എഴുതികൊൾക: എന്തു
കൊണ്ടെന്നാൽ ൟ വചനങ്ങളി
ൻ പ്രകാരം ഞാൻ നിന്നൊടും യി
സ്രാഎലിനൊടും കൂടെ ഉഭയസ
മ്മതം ചെയ്തിരിക്കുന്നു.
൨൮ അവൻ അവിടെ യഹൊ

വായൊട കൂടെ നാല്പത പകലും
നാല്പത രാവും ഉണ്ടായിരുന്നു; അ
വൻ അപ്പം ഭക്ഷിക്കാതെയും, വെ
ള്ളം കുടിക്കാതെയും ഇരുന്നു: അവ
ൻ പത്ത കല്പനകളായ ഉഭയസ
മ്മതത്തിന്റെ വചനങ്ങളെ പല
കകളിൽ എഴുതുകയും ചെയ്തു.
൨൯ ¶ മൊശെ പൎവ്വതത്തിൽനി
ന്ന ഇറങ്ങുമ്പൊൾ, സാക്ഷിയുടെ
രണ്ട പലകകളെ തന്റെ കയ്യി
ൽ പിടിച്ചുകൊണ്ട മൊശെ സീ
നായി പൎവ്വതത്തിൽനിന്ന ഇറങ്ങു
മ്പൊൾ, ഉണ്ടായത എന്തെന്നാൽ,
അവൻ തന്നൊട സംസാരിക്ക
മ്പൊൾ തന്റെ മുഖത്തിലെ തൊ
ലി പ്രകാശിച്ചു എന്ന മൊശെ അ
റിഞ്ഞില്ല.
൩൦ പിന്നെ അഹറൊനും യി
സ്രായെൽ പുത്രന്മാർ എല്ലാവരും
മൊശെയെ കണ്ടപ്പൊൾ, ഇതാ,
അവന്റെ മുഖത്തിലെ തൊലി പ്ര
കാശിച്ചു, അതുകൊണ്ട അവന്റെ
അടുക്കൽ പൊകുവാൻ അവർ ഭ
യപ്പെട്ടു.
൩൧ എന്നാറെ മൊശെ അവ
രെ വിളിച്ചു; അപ്പൊൾ അഹറൊ
നും സംഘത്തിലെ പ്രമാണികൾ
എല്ലാവരും അവന്റെ അടുക്കൽ
തിരിച്ചുവന്നു: മൊശെ അവരൊട
കൂടെ സംസാരിക്കയും ചെയ്തു.
൩൨ അതിന്റെ ശെഷം യി
സ്രായെൽ പുത്രന്മാർ എല്ലാവരും
അവന്റെ അടുക്കൽ ചെന്നു: അ
പ്പൊൾ അവൻ സീനായി പൎവ്വ
തത്തിൽ വെച്ച യഹൊവാ ത
ന്നൊട സംസാരിച്ചതിനെ ഒക്കെ
യും അവരൊട കല്പിച്ചു.
൩൩ മൊശെ അവരൊട സംസാ
രിച്ചു കഴിവൊളം, അവൻ തന്റെ
മുഖത്ത ഒരു മൂടുപടം ഇട്ടിരുന്നു.
൩൪ എന്നാൽ മൊശെ യഹൊ
വായുടെ സന്നിധാനത്തിങ്കൽ അ
വനൊട സംസാരിക്കെണ്ടുന്നതി
ന അകത്ത പ്രവെശിച്ചപ്പൊൾ,
താൻ പുറത്ത വന്നതുവരെയും
ആ മൂടുപടം നീക്കിയിരുന്നു. അവ
ൻ പുറത്ത വന്ന, തന്നൊട കല്പി
ക്കപ്പെട്ടതിനെ യിസ്രായെൽ പുത്ര
ന്മാരൊട പറകയും ചെയ്തു.
൩൫ യിസ്രായെൽ പുത്രന്മാർ മൊ
ശെയുടെ മുഖത്തെ തൊലി പ്രകാ
ശിക്കുന്നു എന്ന മൊശെയുടെ മുഖ
ത്തെ കണ്ടു: പിന്നെ മൊശെ അ
വനൊട സംസാരിപ്പാനായിട്ട അ
കത്ത പ്രവെശിക്കവൊളത്തിന
ആ മൂടുപടം പിന്നെയും തന്റെ
മുഖത്ത ഇട്ടു.

൩൫ അദ്ധ്യായം.

൧ ശബാത്ത.—൪ കൂടാരത്തിന വെണ്ടിയുള്ള ഉപകരണങ്ങൾ.—൨൦ വഴിപാട കഴിപ്പാനായിട്ട ജനങ്ങളുടെ താല്പൎയ്യം.

പിന്നെ മൊശെ യിസ്രായെൽ
പുത്രന്മാരുടെ സംഘത്തെ ഒക്കെ
യും കൂട്ടി, അവരൊട പറഞ്ഞത എ
ന്തെന്നാൽ, നിങ്ങൾ ചെയ്യാനാ
യിട്ട യഹൊവാ കല്പിച്ച വചനങ്ങ
ൾ ഇവ [ആകുന്നു.]
൨ ആറ ദിവസം വെല ചെയ്യ
പ്പെടെണം, എന്നാൽ എഴാം ദിവ
സം നിങ്ങൾക്ക ശുദ്ധമുള്ള നാളാ
യി, യഹൊവായിക്ക സ്വസ്ഥമാ
യുള്ള ശബാത്ത ദിവസമായിരി
ക്കെണം: അന്ന വെല ചെയ്യുന്ന
വനെല്ലാം കൊല്ലപ്പെടെണം.
൩ ശബാത്ത ദിവസത്തിൽ നി
ങ്ങളുടെ എല്ലാ വാസസ്ഥലങ്ങളിലും
നിങ്ങൾ തീ കത്തിക്കാതെ ഇരിക്കെ
ണം.
൪ ¶ പിന്നെയും മൊശെ യി
സ്രായെൽ പുത്രന്മാരുടെ എല്ലാ സം

ഷത്തൊടും പറഞ്ഞത എന്തെന്നാ
ൽ, യഹൊവാ കല്പിച്ച കാൎ‌യ്യം ഇത:
൫ നിങ്ങൾക്കുള്ളതിൽനിന്ന യ
ഹൊവായിക്ക ഒരു കാഴ്ചയെ എടു
ത്തുകൊൾവിൻ: നല്ല മനസ്സുള്ള
വനെല്ലാം അതിനെ യഹൊവാ
യിക്ക കാഴ്ചയായി കൊണ്ടുവരെ
ണം: എന്ത എന്നാൽ പൊന്നും,
വെള്ളിയും, പിച്ചളയും,
൬ ഇളനീല നൂലും, ധൂമ്രവൎണ്ണമു
ള്ള നൂലും, ചുവപ്പുനൂലും, നെരിയ
പട്ടുനൂലും, കൊലാട്ടുകളിൻ [രൊമ
വും.]
൭ ചുവപ്പിച്ച ആട്ടുക്കൊററന്മാരു
ടെ തൊലുകളും, തകസ്സുകളുടെ തൊ
ലുകളും, ശിത്തീം മരവും,
൮ വിളക്കിന എണ്ണയും, അഭി
ഷെക തൈലത്തിന പരിമള വൎഗ്ഗ
ങ്ങളും, ധൂപത്തിന സുഗന്ധവൎഗ്ഗ
ങ്ങളും,
൯ എഫൊദിനും മാൎ‌പതക്കത്തി
നും ഗൊമെധക കല്ലുകളും, പതിച്ചു
വെക്കെണ്ടുന്ന കല്ലുകളും.
൧൦ നിങ്ങളിൽ ജ്ഞാന ഹൃദയമുള്ള
വർ എല്ലാവരും വന്ന, യഹൊവാ
കല്പിച്ചിരിക്കുന്നതിനെ ഒക്കെയും;
൧൧ വാസസ്ഥലത്തെയും, അതി
ന്റെ കൂടാരത്തെയും, അതിന്റെ
മൂടിവിരിയെയും, അതിന്റെ കുടു
ക്കകളെയും, അതിന്റെ പലകക
ളെയും, അതിന്റെ സാക്ഷാകളെ
യും, അതിന്റെ തൂണുകളെയും, അ
തിന്റെ ചുവടുകളെയും,
൧൨ പെട്ടിയെയും, അതിന്റെ ത
ണ്ടുകളെയും, കൃപാസനത്തെയും, മൂ
ടിവിരിയുടെ തിരശീലയെയും,
൧൩ മെശയെയും, അതിന്റെ ത
ണ്ടുകളെയും, അതിന്റെ സകല ഉ
പകരണങ്ങളെയും, കാഴ്ചയപ്പങ്ങ
ളെയും,

൧൪ വെളിച്ചത്തിന വിളക്കിനെ
യും, അതിന്റെ ഉപകരണങ്ങളെ
യും, അതിന്റെ വിളക്കുകളെയും,
വെളിച്ചത്തിന എണ്ണയെയും,
൧൫ ധൂപപീഠത്തെയും, അതി
ന്റെ തണ്ടുകളെയും, അഭിഷെക
തൈലത്തെയും, സുഗന്ധ ധൂപവ
ൎഗ്ഗത്തെയും, കൂടാരത്തിലെക്ക പ്ര
വെശിക്കുന്ന സ്ഥലത്തെ വാതുക്ക
ലെ മറയെയും,
൧൬ ഹൊമബലി പീഠത്തെയും,
അതിന്റെ പിച്ചള അഴിയെയും,
അതിന്റെ തണ്ടുകളെയും, അതി
ന്റെ സകല ഉപകരണങ്ങളെ
യും, തൊട്ടിയെയും, അതിന്റെ കാ
ലിനെയും,
൧൭ പ്രാകാരത്തിന്റെ പുറത്തെ
മറ വസ്ത്രങ്ങളെയും അതിന്റെ തൂ
ണുകളെയും, അതിന്റെ ചുവടുക
ളെയും, പ്രാകാരത്തിലെ വാതിലി
ന്റെ മറയെയും,
൧൮ കൂടാരത്തിന്റെ കുററികളെ
യും, പ്രാകാരത്തിന്റെ കുററികളെ
യും, അവയുടെ കയറുകളെയും,
൧൯ ശുദ്ധസ്ഥലത്തിൽ ശുശ്രൂ
ഷ ചെയ്യുന്നതിന ശുശ്രൂഷയുടെ
ശീലകളെയും, ആചാൎ‌യ്യ സ്ഥാന
ത്ത ശുശ്രൂഷ ചെയ്യുന്നതിന ആ
ചാൎ‌യ്യനായ അഹറൊന്റെ ശുദ്ധ
വസ്ത്രങ്ങളെയും, അവന്റെ പുത്ര
ന്മാരുടെ വസ്ത്രങ്ങളെയും ഉണ്ടാ
ക്കെണം.
൨൦ ¶ അപ്പൊൾ യിസ്രാഎൽ പു
ത്രന്മാരുടെ സംഘം ഒക്കെയും മൊ
ശെയുടെ മുമ്പിൽനിന്ന പുറപ്പെട്ടു.
൨൧ പിന്നെ ആരെ അവന്റെ
ഹൃദയം ഉത്സാഹിപ്പിച്ചുവൊ, ആ
രെ അവന്റെ ആത്മാവ ജാഗ്രത
പ്പെടുത്തിയൊ, അവർ എല്ലാവരും
വന്ന, സംഘത്തിന്റെ കൂടാരത്തി

ന്റെ പ്രവൃത്തിക്കും, അതിന്റെ സൎവ്വ ശുശ്രൂഷെക്കും, ശുദ്ധവസ്ത്രങ്ങൾക്കും, യഹൊവായിക്ക കാഴ്ചയെ കൊണ്ടുവരികയും ചെയ്തു.

൨൨ പുരുഷന്മാരും സ്ത്രീകളുമായ നല്ല മനസ്സുള്ളവർ എല്ലാവരും വന്നു, വളകളും, കുണുക്കുകളും, മൊതിരങ്ങളും, കടകങ്ങളും മുതലായ സകല വിധ പൊന്നാഭരണങ്ങളെ കൊണ്ടുവന്നു: കാഴ്ച കൊണ്ടുവന്നവൻ എല്ലാം യഹൊവായിക്കു പൊൻ കാഴ്ചയെ കൊണ്ടുവന്നു.

൨൩ ആരുടെ പക്കൽ ഇളനീല നൂലും, ധൂമ്രവൎണ്ണമുള്ള നൂലും, ചുവപ്പു നൂലും, നെരിയ പട്ടുനൂലും, കൊലാടുകളിൻ [രൊമവും,] ചുവപ്പിച്ച ആട്ടുക്കൊററന്മാരുടെ തൊലുകളും, തകസ്സുകളുടെ തൊലുകളും കണ്ടെത്തപ്പെട്ടുവൊ, അവർ [അവയെ] കൊണ്ടുവന്നു.

൨൪ വെള്ളിയും പിച്ചളയും കാഴ്ചയായി കൊടുത്തവനെല്ലാം യഹൊവായിക്ക കാഴ്ച കൊണ്ടുവന്നു: ശുശ്രൂഷയിലെ പല വെലെക്കു ശിത്തിം മരം ആരുടെ പക്കൽ കണ്ടെത്തപ്പെട്ടുവൊ, അവൻ [അതിനെ] കൊണ്ടുവന്നു.

൨൫ ജ്ഞാനഹൃദയമുള്ള സ്ത്രീകൾ എല്ലാവരും തങ്ങളുടെ കൈ കൊണ്ടു നൂററ, തങ്ങൾ നൂററ ഇളനീലനൂലിനെയും, ധൂമ്രവൎണ്ണമുള്ള നൂലിനെയും, ചുവപ്പു നൂലിനെയും, നെരിയ പട്ടുനൂലിനെയും കൊണ്ടുവന്നു.

൨൬ എത സ്ത്രീകളെ അവരുടെ ഹൃദയം ജ്ഞാനമായി ഉത്സാഹിപ്പിച്ചുവൊ, അവർ കൊലാടുകളിൻ [രൊമത്തെ] നൂററു.

൨൭ പ്രമാണികൾ എഫൊദിനും, മാർപതക്കത്തിനും ഗൊമെധകക്കല്ലുകളെയും, പതിച്ചുവെക്കെണ്ടുന്ന കല്ലുകളെയും,

൨൮ പരിമളവൎഗ്ഗങ്ങളെയും, വിളക്കിന്ന എണ്ണയെയും, അഭിഷെക തൈലത്തിന്നും സുഗന്ധ ധൂപത്തിന്നും വകയെയും കൊണ്ടുവന്നു.

൨൯ ചെയ്യെണ്ടുന്നതിന യഹൊവാ മൊശെയുടെ കൈകൊണ്ട കല്പിച്ച എല്ലാ വിധ പ്രവൃത്തിക്കും കൊണ്ടുവരുവാൻ യിസ്രാഎൽ പുത്രന്മാരിൽ തങ്ങളുടെ ഹൃദയത്താൽ മനൊജാഗ്രതപ്പെട്ട എല്ലാ പുരുഷന്മാരും സ്ത്രീകളും യഹൊവായിക്ക മനഃപൂൎവ്വമായുള്ള വഴിപാടിനെ കൊണ്ടുവന്നു.

൩൦ ¶ വിശെഷിച്ച മൊശെ യിസ്രാഎൽ പുത്രന്മാരൊട പറഞ്ഞത എന്തെന്നാൽ, നൊക്കുവിൻ, യഹൊവാ യെഹൂദായുടെ ഗൊത്രത്തിൽ ഹൂറിന്റെ പുത്രനായ ഉറിയുടെ പുത്രനാകുന്ന ബെസാലെലിനെ പെർ പറഞ്ഞ വിളിച്ചു;

൩൧ അവൻ ചിത്രപ്രവൃത്തികളെ യൊജിപ്പിച്ചുണ്ടാക്കുന്നതിന്നും, പൊന്നിലും, വെള്ളിയിലും, പിച്ചളയിലും പണിചെയ്യുന്നതിന്നും,

൩൨ രത്നങ്ങളെ മുദ്രവെട്ടായി വെട്ടി പതിക്കുന്നതിന്നും, മരത്തിലെ കൊത്തുപണിയിൽ സകല വിധ ചിത്രപ്പണി ചെയ്യുന്നതിന്നും,

൩൩ ജ്ഞാനത്തിലും, ബുദ്ധിയിലും, അറിവിലും, സകല വിധ പ്രവൃത്തിയിലും അവനെ അവൻ ദൈവത്തിന്റെ ആത്മാവുകൊണ്ട നിറച്ചിരിക്കുന്നു.

൩൪ അവന്റെ ഹൃദയത്തിൽ, അവനും ദാന്റെ ഗൊത്രത്തിൽ അഹിസമാക്കിന്റെ പുത്രനായ അഹൊലിയാബും പഠിപ്പിക്കുന്നതിന്നായിട്ട, അവൻ തൊന്നിച്ചിരിക്കുന്നു.

൩൫ കൊത്തുപണിക്കാരന്റെയും, ചിത്രപ്പണിക്കാരന്റെയും, ഇളനീല നൂൽ കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചുവപ്പു നൂൽ കൊണ്ടും, നെരിയ പട്ടുനൂൽ കൊണ്ടും, ചെയ്യുന്ന ചിത്രതയ്യൽ പണിക്കാരന്റെയും, നെയ്യുന്നവന്റെയും, സകല വിധ പ്രവൃത്തിയെയും ചെയ്യാൻ അവരെ അവൻ ഹൃദയത്തിൽ ബുദ്ധി കൊണ്ട നിറച്ചിരിക്കുന്നു. അവർ സകല വിധ പ്രവൃത്തികളെയും ചെയ്യു, ചിത്രപ്പണികളെ യൊജിപ്പിച്ചുണ്ടാക്കുകയും ചെയ്യും.

൩൬ അദ്ധ്യായം.

൧ വഴിപാടുകൾ വെലക്കാരെ എല്പിക്കപ്പെടുന്നത.—൫ ജനത്തിന്റെ ഔദാൎയ്യത നിൎത്തപ്പെടുന്നത.

അപ്പൊൾ ബെസാലെലും അഹൊലിയാബും, ശുദ്ധസ്ഥലത്തെ ശുശ്രൂഷെക്ക സകല പ്രവൃത്തിയെയും, യഹൊവാ കല്പിച്ച പ്രകാരം ഒക്കെയും, ചെയ്യാൻ അറിയെണ്ടുന്നതിന യഹൊവാ ജ്ഞാനത്തെയും ബുദ്ധിയെയും ആരിൽ നൽകിയൊ, ആ ജ്ഞാന ഹൃദയമുള്ളവർ എല്ലാവരും പ്രവൃത്തി ചെയ്യു.

൨ എന്നാൽ മൊശെ ബെസാലെലിനെയും അഹൊലിയാബിനെയും, യഹൊവാ ആരുടെ ഹൃദയത്തിൽ ജ്ഞാനത്തെ നൽകിയൊ, അവനെ എല്ലാവനെയും, ആ പ്രവൃത്തി ചെയ്യാൻ ചെരെണ്ടുന്നതിന തന്റെ ഹൃദയത്താൽ ഉത്സാഹിപ്പിക്കപ്പെട്ടവനെ എല്ലാവനെയും വരുത്തി.

൩ അവർ യിസ്രാഎൽ പുത്രന്മാർ ശുദ്ധ സ്ഥലത്തിലെ ശുശ്രൂഷയുടെ പ്രവൃത്തിക്ക കൊണ്ടുവന്ന വഴിപാടിനെ ഒക്കെയും മൊശെയുടെ മുമ്പാകെ നിന്ന, ആയതിനെ ഉണ്ടാക്കെണ്ടുന്നതിന വാങ്ങി. എന്നാൽ ഇവർ പിന്നെയും രാവിലെ തൊറും മനസ്സുള്ള കാഴ്ചകളെ അവന്റെ അടുക്കൽ കൊണ്ടുവന്നു.

൪ അപ്പൊൾ ശുദ്ധ സ്ഥലത്തിന്റെ പ്രവൃത്തിയെ ഒക്കെയും ചെയ്തിട്ടുള്ള ജ്ഞാനികൾ എല്ലാവരും അവനവൻ താൻ ചെയ്തിരുന്ന പണിയിൽനിന്ന വന്നു.

൫ അവർ മൊശെയൊട, യഹൊവാ ചെയ്യാൻ കല്പിച്ച ശുശ്രൂഷയുടെ പ്രവൃത്തിക്ക വെണ്ടുന്നതിനെക്കാൾ അധികം ജനം കൊണ്ടുവരുന്നു എന്ന പറഞ്ഞു.

൬ അപ്പൊൾ മൊശെ കല്പിച്ചു, മെലാൽ പുരുഷന്മാരും സ്ത്രീകളും ശുദ്ധസ്ഥലത്തിന്റെ കാഴ്ചെക്കു പ്രവൃത്തി ചെയ്യരുത, എന്ന അവർ പാളയത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അപ്രകാരം ജനം കൊണ്ടുവരുന്നത വിരൊധിക്കപ്പെട്ടു.

൭ എന്തുകൊണ്ടെന്നാൽ ചെയ്യാനിരുന്ന എല്ലാ പ്രവൃത്തിക്കും അവൎക്കുണ്ടായ വക വെണ്ടുവൊളവും, അധികവും ആയിരുന്നു.

൮ ¶ കൂടാരത്തിലെ പ്രവൃത്തി ചെയ്യുന്നവരിൽ ജ്ഞാനഹൃദയമുള്ളവർ എല്ലാവരും, പിരിച്ച നെരിയ പട്ടുനൂൽ കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചുവപ്പു നൂൽ കൊണ്ടും, പത്ത തിരശീലകളെ ഉണ്ടാക്കി: ചിത്രപ്പണിയായ കെറുബകളൊട കൂടെ അവയെ അവൻ ഉണ്ടാക്കി.

൯ ഒരൊ തിരശീലയുടെ നീളം ഇരുപത്തെട്ട മുളവും, ഒരൊ തിരശീലയുടെ വീതി നാല മുളവും [ആയിരുന്നു:] എല്ലാ തിരശീലകൾക്കും ഒര അളവ തന്നെ [ആയിരുന്നു.]

൧൦ അവൻ അഞ്ചു തിരശീലകളെ ഒന്നൊടൊന്ന ഇണെച്ചു: [മറെറ] അഞ്ചു തിരശീലകളെയും ഒന്നൊടൊന്ന ഇണെച്ചു.

൧൧ ഇണെപ്പിങ്കലുള്ള അരികിൽ നിന്ന ഒരു തിരശീലയുടെ വിളുമ്പിൽ ഇളനീല നൂൽ കൊണ്ട കുഴകളെയും അവൻ ഉണ്ടാക്കി: രണ്ടാമത്തെതിന്റെ ഇണെപ്പിങ്കൽ മറെറ തിരശീലയുടെ പുറത്തെ വിളുമ്പിലും അപ്രകാരം തന്നെ അവൻ ഉണ്ടാക്കി.

൧൨ ഒരു തിരശീലയിൽ അമ്പത കുഴകളെ അവൻ ഉണ്ടാക്കി, രണ്ടാമത്തെതിന്റെ ഇണെപ്പിങ്കൽ തിരശീലയുടെ വിളുമ്പിൽ അമ്പത കുഴകളെയും ഉണ്ടാക്കി: കുഴകൾ ഒന്നിന നെരെ ഒന്ന ചെരുന്നതായിരുന്നു.

൧൩ അവൻ പൊന്നു കൊണ്ട അമ്പത കുടുക്കകളെയും ഉണ്ടാക്കി, കുടുക്കകൾ കൊണ്ട തിരശീലകളെ ഒന്നൊടൊന്ന ഇണെച്ചു: അപ്രകാരം അത ഒരു കൂടാരമായി തീൎന്നു.

൧൪ ¶ പിന്നെ അവൻ കൂടാരത്തിൻ മെൽ മൂടുവിരിയായി ആട്ടുകൊററന്മാരുടെ രൊമം കൊണ്ട തിരശീലകളെ ഉണ്ടാക്കി: അവയെ അവൻ പതിനൊന്ന തിരശീലകളായി ഉണ്ടാക്കി.

൧൫ ഒരൊ തിരശീലയുടെ നീളം മുപ്പത മുളവും, ഒരൊ തിരശീലയുടെ വീതി നാല മുളവും [ആയിരുന്നു:] പതിനൊന്ന തിരശീലകൾക്കും ഒര അളവ തന്നെ [ആയിരുന്നു.]

൧൬ അവൻ അഞ്ചു തിരശീലകളെ ഒന്നായിട്ടും, ആറ തിരശീലകളെ ഒന്നായിട്ടും ഇണെക്കുകയും ചെയ്തു.

൧൭ ഇണെപ്പിങ്കൽ ഒരു തിരശീലയുടെ പുറത്തെ വിളുമ്പിൽ അമ്പത കുഴകളെയും ഇണെക്കപ്പെട്ട രണ്ടാമത്തെ തിരശീലയുടെ വിളുമ്പിൽ അമ്പത കുഴകളെയും അവൻ ഉണ്ടാക്കി.

൧൮ കൂടാരം ഒന്നായിരിക്കെണ്ടുന്നതിന അതിനെ ഇണെപ്പാൻ അവൻ പിച്ചള കൊണ്ട അമ്പത കുടുക്കകളെയും ഉണ്ടാക്കി.

൧൯ ചുവപ്പിച്ച ആട്ടുകൊററന്മാരുടെ തൊലുകൾ കൊണ്ട കൂടാരത്തിന ഒര മൂടിവിരിയെയും, അതിന്റെ മീതെ തകസ്സുകളിൻ തൊലുകൾ കൊണ്ട ഒര മൂടിവിരിയെയും അവൻ ഉണ്ടാക്കി.

൨൦ ¶ കൂടാരത്തിന അവൻ നെരെ നില്ക്കുന്ന പലകകളെയും ശിത്തീം മരം കൊണ്ട ഉണ്ടാക്കി.

൨൧ ഒരൊ പലകയുടെ നീളം പത്ത മുളവും, ഒരൊ പലകയുടെ വീതി ഒന്നര മുളവും [ആയിരുന്നു.]

൨൨ തമ്മിൽ അകലം ഒരു പൊലെ ഇരിക്കുന്ന രണ്ട കുടുമകൾ ഒരൊ പലകെക്ക ഉണ്ടായിരുന്നു; ഇപ്രകാരം അവൻ കൂടാരത്തിന്റെ എല്ലാ പലകകൾക്കും ഉണ്ടാക്കി.

൨൩ അവൻ കൂടാരത്തിനായി പലകകളെ തെക്കഭാഗത്ത തെക്കൊട്ട ഇരുപത പലകകളെ ഉണ്ടാക്കി.

൨൪ ആ ഇരുപത പലകകളുടെ താഴെ വെള്ളികൊണ്ട നാല്പത ചുവടുകളെ, ഒരു പലകയുടെ താഴെ അതിന്റെ രണ്ട കുടുമകൾക്ക രണ്ട ചുവടുകളും, മറെറാരു പലകയുടെ താഴെ അതിന്റെ രണ്ട കുടുമകൾക്ക രണ്ട ചുവടുകളുമായി അവൻ ഉണ്ടാക്കി.

൨൫ കൂടാരത്തിന്റെ മറുപുറത്ത വടക്കഭാഗത്ത അവൻ ഇരുപത പലകകളെയും ഉണ്ടാക്കി.

൨൬ അവയുടെ നാല്പത വെള്ളി ചുവട്ടുകളെയും, ഒരു പലകയുടെ താഴെ രണ്ട ചുവട്ടുകളും, മറെറാര പലകയുടെ താഴെ രണ്ട ചുവട്ടുകളുമായി [ഉണ്ടാക്കി.]

൨൭ കൂടാരത്തിന്റെ പടിഞ്ഞാറെ ഭാഗങ്ങൾക്ക അവൻ ആറ പലകകളെയും ഉണ്ടാക്കി.

൨൮ കൂടാരത്തിന്റെ രണ്ട ഭാഗങ്ങളിലുമുള്ള കൊണുകൾക്ക ൰രണ്ട പലകകളെയും അവൻ ഉണ്ടാക്കി.

൨൯ ഇവ താഴെ ഒന്നിച്ച ചെക്കപ്പെട്ട, അതിന്റെ തലെക്കൽ ഒരു വളയത്തിലെക്ക ഒന്നിച്ച ചെക്കപ്പെട്ടിരുന്നു. രണ്ട കൊണുകളിലുമുള്ള രണ്ടിന്നും അവൻ അപ്രകാരം ചെയ്തു.

൩൦ അപ്രകാരം എട്ട പലകകളും, അവയുടെ ചുവട്ടുകൾ പതിനാറ വെള്ളി ചുവട്ടുകളും: ഒരൊ പലകയുടെ താഴെ ൰രണ്ട ചുവട്ടുകൾ ഉണ്ടായിരുന്നു.

൩൧ ¶ അവൻ ശിത്തീംമരം കൊണ്ട സാക്ഷാകളെയും ഉണ്ടാക്കി: കൂടാരത്തിന്റെ ഒരു ഭാഗത്തെ പലകകൾക്ക അഞ്ച സാക്ഷാകളെയും,

൩൨ കൂടാരത്തിന്റെ മറുഭാഗത്തെ പലകകൾക്ക അഞ്ച സാക്ഷാകളെയും, കൂടാരത്തിന്റെ പടിഞ്ഞാറെ പുറത്ത രണ്ട ഭാഗത്തെ പലകകൾക്ക അഞ്ച സാക്ഷാകളെയും.

൩൩ അവൻ നടുവിലത്തെ സാക്ഷായെ പലകകളുടെ ഒത്ത നടുവിൽ ഒര അററത്തുനിന്ന മറെറ അററത്തൊളം കടക്കുമാറാക്കി.

൩൪ അവൻ പലകകളെ പൊൻതകിട്ട കൊണ്ട പൊതിഞ്ഞ, സാക്ഷാകൾക്ക സ്ഥലങ്ങളായിട്ട അവയുടെ വളയങ്ങളെ പൊന്നുകൊണ്ട ഉണ്ടാക്കി, സാക്ഷാകളെ പൊൻതകിട്ട കൊണ്ട പൊതികയും ചെയ്തു.

൩൫ ¶ ഇളനീല നൂൽ കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചുവപ്പ നൂൽ കൊണ്ടും, പിരിച്ച നെരിയ പട്ട നൂൽ കൊണ്ടും ഒരു തിരശീലയെയും അവൻ ഉണ്ടാക്കി; ചിത്രപ്പണിയായ കെറുബകളുള്ളതായിട്ട അവൻ അതിനെ ഉണ്ടാക്കി.

൩൬ അതിന ശിത്തീം മരം കൊണ്ട നാല തൂണുകളെയും അവൻ ഉണ്ടാക്കി, അവയെ പൊൻ തകിട്ടകൊണ്ട പൊതിഞ്ഞു: അവയുടെ കൊളുത്തുകൾ പൊന്നു കൊണ്ട [ആയിരുന്നു:] അവൻ അവെക്ക നാല ചുവട്ടുകളെ വെള്ളി കൊണ്ട വാൎപ്പിച്ചു.

൩൭ കൂടാരത്തിന്റെ വാതിലിന ഇളനീല നൂൽ കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചുവപ്പ നൂൽ കൊണ്ടും, പിരിച്ച നെരിയ പട്ട നൂൽ കൊണ്ടും ചിത്രതയ്യൽ പണിയുള്ള ഒരു മറയെയും;

൩൮ അതിന്റെ അഞ്ച തൂണുകളെയും, അവയുടെ കൊളുത്തുകളെയും അവൻ ഉണ്ടാക്കി: അവയുടെ മെൽചുട്ടങ്ങളെയും അവയുടെ മെൽ ചുററുകളെയും പൊൻ തകിട്ട കൊണ്ട പൊതിഞ്ഞു: എന്നാൽ അവയുടെ അഞ്ച ചുവട്ടുകൾ പിച്ചളകൊണ്ട [ആയിരുന്നു.]

൩൭ അദ്ധ്യായം.

൧ പെട്ടകവും.—൬ കെറുബികളൊട കൂടെ കൃപാസനവും.—൧൦ മെശയും.൧൭ വിളക്കതണ്ടും,—൨൫ ധൂപ പീഠവും.

൧ ബെസാലെൽ ശിത്തീം മരം കൊണ്ട പെട്ടകത്തെയും ഉണ്ടാക്കി: അതിന്റെ നീളം രണ്ടര മുഴവും, അതിന്റെ വീതി ഒന്നര മുഴവും,

അതിന്റെ ഉയരം ഒന്നര മുളവും [ആയിരുന്നു:]

൨ അവൻ അതിനെ അകവും പുറവും പൊൻ തകിടുകൊണ്ട പൊതിഞ്ഞ, ചുറ്റും അതിന പൊന്നു കൊണ്ട ഒരു കിരീടത്തെയും ഉണ്ടാക്കി.

൩ അതിന നാല പൊൻ വളയങ്ങളെയും, അവ അതിന്റെ നാല കൊണുകളിൽ, ഇപ്പുറത്ത രണ്ട വളയങ്ങളും അപ്പുറത്ത രണ്ട വളയങ്ങളും, [ഇരിപ്പാനായിട്ട] വാൎപ്പിച്ചു.

൪ അവൻ ശിത്തീം മരം കൊണ്ട തണ്ടുകളെയും ഉണ്ടാക്കി, അവയെ പൊൻ തകിടുകൊണ്ട പൊതിഞ്ഞു.

൫ പെട്ടിയെ വഹിക്കെണ്ടുന്നതിന ആ തണ്ടുകളെ പെട്ടിയുടെ ഭാഗങ്ങളിലുള്ള വളയങ്ങളിൽ അവൻ ചെലുത്തി.

൬ അവൻ ശുദ്ധ പൊന്നു കൊണ്ട കൃപാസനത്തെയും ഉണ്ടാക്കി: അതിന്റെ നീളം രണ്ടര മുളവും, അതിന്റെ വീതി ഒന്നര മുളവും [ആയിരുന്നു.]

൭ അവൻ പൊന്നു കൊണ്ട രണ്ട കെരുബകളെയും ഉണ്ടാക്കി, കൃപാസനത്തിന്റെ രണ്ട അറ്റങ്ങളിൽ അവയെ അടിക്കപ്പെട്ട പൊന്നു കൊണ്ട ഉണ്ടാക്കി.

൮ ഒരു കെരുബ ഒരം ഭാഗത്തെ അറ്റത്തും, മറ്റെ കെരുബ ആ ഭാഗത്തെ അറ്റത്തും: ആ കെരുബകളെ കൃപാസനത്തിന്റെ രണ്ട അറ്റത്തും അതിൽനിന്ന തന്നെ ഉണ്ടായവയായിട്ട അവൻ ഉണ്ടാക്കി.

൯ ആ കെരുബകൾ [തങ്ങളുടെ] ചിറകുകളെ മെലായി വിടൎത്ത, തങ്ങളുടെ ചിറകുകൾ കൊണ്ട കൃപാസനത്തിന മീതെ മൂടുന്നവയും തമ്മിൽ അഭിമുഖങ്ങളുമായിരുന്നു: കെരുബകളുടെ മുഖങ്ങൾ കൃപാസനത്തിന നെരെ ആയിരുന്നു.

൧൦ ¶ അവൻ ശിത്തീം മരം കൊണ്ട മെശയെയും ഉണ്ടാക്കി: അതിന്റെ നീളം രണ്ടര മുളവും, അതിന്റെ വീതി ഒരു മുളവും, അതിന്റെ ഉയരം ഒന്നര മുളവും [ആയിരുന്നു.]

൧൧ അവൻ അതിനെ ശുദ്ധ പൊൻ തകിടു കൊണ്ട പൊതിഞ്ഞ, ചുറ്റും അതിന പൊന്നു കൊണ്ട ഒരു കിരീടത്തെയും ഉണ്ടാക്കി.

൧൨ ചുറ്റും അതിന നാല വിരൽ വീതിയുള്ള ചട്ടത്തെയും അവൻ ഉണ്ടാക്കി; അതിന്റെ ചട്ടത്തിന ചുറ്റും പൊന്നു കൊണ്ട കിരീടത്തെയും ഉണ്ടാക്കി.

൧൩ അതിന അവൻ നാല പൊൻ വളയങ്ങളെയും വാൎപ്പിച്ചു, ആ വളയങ്ങളെ അതിന്റെ നാല കാലുകളിലുള്ള നാല കൊണുകളിൽ തറച്ചു.

൧൪ ആ വളയങ്ങൾ മെശയെ വഹിക്കുന്നതിന തണ്ടുകൾക്ക സ്ഥലങ്ങളായിട്ട ചട്ടത്തിന നെരെ ആയിരുന്നു.

൧൫ മെശയെ വഹിക്കുന്നതിന ആ തണ്ടുകളെ അവൻ ശിത്തീം മരം കൊണ്ട ഉണ്ടാക്കി, അവയെ പൊൻ തകിടുകൊണ്ട പൊതിഞ്ഞു.

൧൬ അവൻ മെശയുടെ മെലുള്ള ഉപകരണങ്ങളായ അതിന്റെ കിണ്ണങ്ങളെയും, അതിന്റെ തവികളെയും, അതിന്റെ കലശങ്ങളെയും, മൂടുന്നതിനായിട്ട അതിന്റെ മൂടികളെയും ശുദ്ധ പൊന്നു കൊണ്ട ഉണ്ടാക്കുകയും ചെയ്തു.

൧൭ ¶ അവൻ ശുദ്ധ പൊന്നു കൊണ്ട നിലവിളക്കിനെയും ഉണ്ടാക്കി: ആ വിളക്കിനെ അടിക്കപ്പെട്ട പൊന്നു കൊണ്ട അവൻ ഉണ്ടാ

ക്കി: അതിന്റെ തണ്ടും, അതിന്റെ
കവരവും, അതിന്റെ മുട്ടുകളും, അ
തിന്റെ മാതളപ്പഴങ്ങളും, അതി
ന്റെ പുഷ്പങ്ങളും അതിൽനിന്ന ത
ന്നെ ഉണ്ടായവയായിരുന്നു.
൧൮ ആറ കവരം അതിന്റെ ഭാ
ഗങ്ങളിൽനിന്ന, നിലവിളക്കിന്റെ
മൂന്ന കവരം ഒരു ഭാഗത്തനിന്നും,
നിലവിളക്കിന്റെ മൂന്ന കവരം മ
റ്റെ ഭാഗത്തനിന്നും, പുറപ്പെട്ടു.
൧൯ ഒരു കവരത്തിൽ ബദാം കു
രുവിന്റെ ഭാഷയായി മൂന്ന മുട്ടും,
ഒരു മാതളപ്പഴവും, ഒരു പുഷ്പവും;
മറ്റൊരു കവരത്തിൽ ബദാം കുരു
പൊലെ മൂന്ന മുട്ട, ഒരു മാതളപ്പഴ
വും ഒരു പുഷ്പവും: നിലവിളക്കിൽ
നിന്ന പുറപ്പെട്ട, ആറ കവരങ്ങളി
ലും അപ്രകാരം [ഉണ്ടായിരുന്നു.]
൨൦ എന്നാൽ വിളക്കതണ്ടിൽ ബ
ദാം കുരു പൊലെ നാല മുട്ടും, അതി
ന്റെ മാതളപ്പഴങ്ങളും, അതിന്റെ
പുഷ്പങ്ങളും [ഉണ്ടായിരുന്നു.]
൨൧ അതിൽനിന്ന രണ്ട കവര
ങ്ങളിൻ കീഴെ ഒരു മാതളപ്പഴവും,
അതിൽനിന്ന മറ്റെ രണ്ട കവര
ങ്ങളിൻ കീഴെ ഒരു മാതളപ്പഴവും,
അതിൽനിന്ന രണ്ട കവരങ്ങളിൻ
കീഴെ ഒരു മാതളപ്പഴവും, അതിൽനി
ന്ന പുറപ്പെടുന്ന ആറ കവരങ്ങളി
ലും ഇപ്രകാരം [ഉണ്ടായിരുന്നു.]
൨൨ അവയുടെ മാതളപ്പഴങ്ങളും,
അവയുടെ കവരങ്ങളും അതിൽനി
ന്ന ഉണ്ടായവയായിരുന്നു: എല്ലാം
അടിക്കപ്പെട്ട ശുദ്ധ പൊന്നു കൊ
ണ്ട ഒരു ഖണ്ഡം (ആയിരുന്നു.)
൨൩ അവൻ അതിന്റെ എഴ വി
ളക്കുകളെയും, അതിന്റെ ചവണ
കളെയും, അതിന്റെ മഷി തെളിച്ചി
ടുന്ന പാത്രങ്ങളെയും ശുദ്ധ പൊ
ന്നു കൊണ്ട ഉണ്ടാക്കി.
൨൪ അവൻ അതിനെയും, അതി
ന്റെ സകല ഉപകരണങ്ങളെയും
ഒരു താലന്ത ശുദ്ധ പൊന്നു കൊ
ണ്ട ഉണ്ടാക്കി.
൨൫ ¶ അവൻ ശിത്തീം മരം കൊ
ണ്ട ധൂപ പീഠത്തെയും ഉണ്ടാക്കി:
അതിന്റെ നീളം ഒരു മുളവും, അ
തിന്റെ വീതി ഒരു മുളവും, സമച
തുരവും [ആയിരുന്നു:] അതിന്റെ
ഉയരം രണ്ട മുളവും [ആയിരുന്നു:]
അതിന്റെ കൊമ്പുകൾ അതിൽ
നിന്ന തന്നെ ഉണ്ടായവയായി
രുന്നു.
൨൬ അവൻ ശുദ്ധ പൊൻ തകി
ട കൊണ്ട അതിനെയും, അതി
ന്റെ മെല്പലകയെയും, ചുറ്റും അ
തിന്റെ ഭാഗങ്ങളെയും, അതിന്റെ
കൊമ്പുകളെയും പൊതിഞ്ഞു: അ
തിന ചുറ്റും പൊന്നു കൊണ്ട ഒരു
കിരീടത്തെയും ഉണ്ടാക്കി.
൨൭ അവൻ അതിന്റെ കിരീട
ത്തിന കീഴെ അതിന രം രണ്ട
പൊൻ വളയങ്ങളെയും, രണ്ട ഭാ
ഗങ്ങളിലുള്ള രണ്ട കൊണുകളിൽ,
അതിനെ വഹിക്കുന്നതിന, തണ്ടു
കൾക്ക സ്ഥലങ്ങളായിട്ട ഉണ്ടാക്കി.
൨൮ അവൻ തണ്ടുകളെയും ശി
ത്തീം മരം കൊണ്ട ഉണ്ടാക്കി, അവ
യെ പൊൻതകിട കൊണ്ട പൊതി
ഞ്ഞു.
൨൯ അവൻ ശുദ്ധമുള്ള അഭി
ഷെകതൈലത്തെയും, നല്ല സുഗ
ന്ധമുള്ള ശുദ്ധ ധൂപവൎഗ്ഗത്തെയും,
തൈലക്കാരന്റെ പ്രവൃത്തിയായി,
ഉണ്ടാക്കുകയും ചെയ്തു.

൩൮ അദ്ധ്യായം.

൧ ഹോമബലി പീഠവും.—൮ പിച്ചള തൊട്ടിയും.—൯ പ്രാകാരവും.—൨൧ വഴിപാടുകളുടെ തുകയും.

അവൻ ശിത്തീം മരം കൊണ്ട

ഹോമബലി പീഠത്തെയും ഉണ്ടാ
ക്കി: അതിന്റെ നീളം അഞ്ചു മുള
വും; അതിന്റെ വീതി അഞ്ചു മുള
വും, അത സമചതുരവും, അതി
ന്റെ ഉയരം മൂന്ന മുളവും [ആയി
രുന്നു.]
൨ അവൻ അതിന്റെ നാല കൊ
ണുകളിൽ അതിന്റെ നാല കൊ
മ്പുകളെയും ഉണ്ടാക്കി: കൊമ്പുക
ൾ അതിൽനിന്ന തന്നെ ഉണ്ടാ
യവയായിരുന്നു: അവൻ അതി
നെ പിച്ചള തകിടു കൊണ്ട പൊ
തിഞ്ഞു:
൩ ആ പീഠത്തിന്റെ സകല ഉ
പകരണങ്ങളായ കലങ്ങളെയും, ച
ട്ടുകങ്ങളെയും, കിണ്ണങ്ങളെയും, മുള്ളു
കൊളുത്തുകളെയും, തീക്കലശങ്ങളെ
യും അവൻ ഉണ്ടാക്കി; അതിന്റെ
ഉപകരണങ്ങളെ ഒക്കെയും അവ
ൻ പിച്ചള കൊണ്ട ഉണ്ടാക്കി.
൪ അവൻ വലപ്രവൃത്തി പൊ
ലെ ഒരു പിച്ചള അഴിയെയും ബ
ലി പീഠത്തിന ഉണ്ടാക്കി: അത താ
ഴെ അതിന്റെ വിളുമ്പുചുററിന കീ
ഴെ അതിന്റെ പാതിവരെയും [വ
ന്നു.]
൫ അവൻ തണ്ടുകൾക്ക സ്ഥല
ങ്ങളായിട്ട നാല വളയങ്ങളെയും
പിച്ചള അഴിയുടെ നാല അററങ്ങ
ൾക്ക വാൎപ്പിച്ചു.
൬ അവൻ ശിത്തീം മരം കൊണ്ട
തണ്ടുകളെയും ഉണ്ടാക്കി, അവയെ
പിച്ചള തകിടുകൊണ്ട പൊതിഞ്ഞു.
൭ അവൻ ആ തണ്ടുകളെ ബ
ലിപീഠത്തിന്റെ ഭാഗങ്ങളിലുള്ള വ
ളയങ്ങളിൽ അതിനെ ആയവയാ
ൽ വഹിക്കേണ്ടുന്നതിന ചെലുത്തി.
അവൻ ബലിപീഠത്തെ പൊള്ള
യായി പലകകൾ കൊണ്ട ഉണ്ടാ
ക്കി.

൮ ¶ സംഘത്തിന്റെ കൂടാരത്തി
ലെ വാതുക്കൽ കൂട്ടമായി കൂടുന്ന
[സ്ത്രീകളുടെ] കണ്ണാടികൾ കൊ
ണ്ട തൊട്ടിയെ പിച്ചള കൊണ്ടും,
അതിന്റെ കാലിനെ പിച്ചള കൊ
ണ്ടും അവൻ ഉണ്ടാക്കി.
൯ ¶ അവൻ പ്രാകാരത്തെയും
ഉണ്ടാക്കി: തെക്കോട്ട തെക്കഭാഗ
ത്തെക്ക പ്രാകാരത്തിന പിരിച്ച
നെരിയ പട്ടുനൂൽ കൊണ്ട മറവ
സ്ത്രങ്ങൾ നൂറ മുളം [ആയിരുന്നു.]
൧൦ അവയുടെ തൂണുകൾ ഇരു
പതും ഇവയുടെ പിച്ചള ചുവടുക
ൾ ഇരുപതും, തൂണുകളുടെ കൊളു
ത്തുകളും അവയുടെ മെൽ ചുററുക
ളും വെള്ളികൊണ്ടും [ആയിരുന്നു.]
൧൧ വടക്ക ഭാഗത്തെക്ക മറവ
സ്ത്രങ്ങളും നൂറ മുളം, അവയുടെ തൂ
ണുകൾ ഇരുപതും, ഇവയുടെ പി
ച്ചള ചുവടുകൾ ഇരുപതും, തൂണു
കളുടെ കൊളുത്തുകളും അവയുടെ
മെൽ ചുററുകളും വെള്ളികൊണ്ടും
[ആയിരുന്നു.]
൧൨ പടിഞ്ഞാറെ ഭാഗത്തെക്ക മ
റവസ്ത്രങ്ങൾ അമ്പത മുളം [ആയി
രുന്നു]: അവയുടെ തൂണുകൾ പ
ത്തും, അവയുടെ ചുവടുകൾ പ
ത്തും [ആയിരുന്നു:] തൂണുകളുടെ
കൊളുത്തുകളും അവയുടെ മെൽചു
ററുകളും വെള്ളികൊണ്ടും [ആയി
രുന്നു.]
൧൩ കിഴക്കൊട്ട കിഴക്ക ഭാഗത്തെ
ക്ക മറവസ്ത്രങ്ങൾ അമ്പത മുളം [ആ
യിരുന്നു.]
൧൪ [വാതിലിന്റെ] ഒരു ഭാഗ
ത്തെ മറവസ്ത്രങ്ങൾ പതിനഞ്ചു മു
ളവും, അവയുടെ തൂണുകൾ മൂന്നും
അവയുടെ ചുവടുകൾ മൂന്നും [ആ
യിരുന്നു.]
൧൫ പ്രാകാരവാതിലിന്റെ ഇ

പ്പുറത്തെക്കും അപ്പുറത്തെക്കും മ
റെറ ഭാഗത്തെ മറവസ്ത്രങ്ങൾ പ
തിനഞ്ചു മുഴവും, അവയുടെ തൂണു
കൾ മൂന്നും, അവയുടെ ചുവടുകൾ
മൂന്നും [ആയിരുന്നു.]
൧൬ ചുററും പ്രാകാരത്തിന്റെ മ
റവസ്ത്രങ്ങൾ ഒക്കെയും പിരിച്ച
നെരിയ പട്ടു നൂൽ കൊണ്ട [ആ
യിരുന്നു.]
൧൭ തൂണുകൾക്കുള്ള ചുവടുകൾ
പിച്ചള കൊണ്ടും, തൂണുകളുടെ കൊ
ളുത്തുകളും അവയുടെ മെൽ ചുററുക
ളും വെള്ളികൊണ്ടും [ആയിരുന്നു:]
അവയുടെ മെൽ ചട്ടങ്ങൾ വെ
ള്ളിത്തകിടു കൊണ്ട പൊതിയപ്പെട്ട
വയും, പ്രാകാരത്തിന്റെ തൂണുക
ൾ ഒക്കെയും വെള്ളികൊണ്ട മെൽ
ചുററുകൾ ഇടപ്പെട്ടവയും ആയി
രുന്നു.
൧൮ എന്നാൽ പ്രാകാരവാതിലി
ന്റെ മറ ഇളനീല നൂൽ കൊണ്ടും,
ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചു
വന്ന നൂൽ കൊണ്ടും, പിരിച്ച
നെരിയ പട്ടു നൂൽ കൊണ്ടും ചി
ത്രത്തയ്യൽ പണി [ആയിരുന്നു:]
അതിന്റെ നീളം ഇരുപതു മുഴവും,
വീതിയിൽ അതിന്റെ ഉയരം പ്രാ
കാരത്തിന്റെ മറവസ്ത്രങ്ങൾക്കസ
മമായി അഞ്ചു മുഴവും [ആയിരു
ന്നു.]
൧൯ അവയുടെ തൂണുകൾ നാ
ലും അവയുടെ ചുവടുകൾ നാലും
പിച്ചള കൊണ്ടും, അവയുടെ കൊ
ളുത്തുകൾ വെള്ളികൊണ്ടും, അവയു
ടെ മെൽ ചട്ടങ്ങൾ പൊതിയപ്പെട്ട
തകിടും, അവയുടെ മെൽ ചുററുകളും
വെള്ളി കൊണ്ടും [ആയിരുന്നു.]
൨൦ കൂടാരത്തിനും പ്രാകാരത്തിനും
ചുററുമുള്ള ആണികൾ ഒക്കെയും
പിച്ചള [ആയിരുന്നു.]

൨൧ ¶ കൂടാരമായ സാക്ഷിയുടെ
കൂടാരത്തിനുള്ള കണക്ക, മൊശെ
യുടെ കല്പനപ്രകാരം, ആചാൎയ്യ
നായ അഹറൊന്റെ പുത്രനായ
ഇത്തമാറിന്റെ കയ്യാൽ ലെവിയ
ക്കാരുടെ ശുശ്രൂഷെക്കായി എണ്ണ
പ്പെട്ടപ്രകാരം, ഇത ആകുന്നു.
൨൨ യെഹൂദായുടെ ഗൊത്രത്തി
ൽ ഹൂറിന്റെ പുത്രനായ ഉറിയുടെ
പുത്രൻ ബെസാലെൽ യഹൊവാ
മൊശെയൊട കല്പിച്ചിട്ടുള്ളവയെ
ഒക്കെയും ഉണ്ടാക്കി.
൨൩ അവനൊട കൂടെ ദാന്റെ
ഗൊത്രത്തിൽ അഹിസമാക്കിന്റെ
പുത്രനായ അഹൊലിയാബ കൊ
ത്തുപണിക്കാരനും, കൌശലപണി
ക്കാരനും, ഇളനീല നൂൽ കൊണ്ടും,
ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചു
വപ്പു നൂൽ കൊണ്ടും, നെരിയ പ
ട്ടു നൂൽ കൊണ്ടും ചിത്രത്തയ്യൽ പ
ണിക്കാരനുമായി [ഉണ്ടായിരുന്നു.]
൨൪ ശുദ്ധ സ്ഥലത്തിന്റെ എ
ല്ലാപ്രവൃത്തിക്കും കാഴ്ചയായി കൊ
ടുക്കപ്പെട്ട പ്രവൃത്തിക്ക ചിലവായ
പൊന്നൊക്കെയും, ശുദ്ധ സ്ഥല
ത്തെ ശെക്കലിൻ പ്രകാരം, ഇരുപ
ത്തൊമ്പത താലന്തും, എഴുനൂററി മു
പ്പത ശെക്കലും ആയിരുന്നു.
൨൫ ¶ സംഘത്തിൽ എണ്ണപ്പെട്ട
വരുടെ വെള്ളി, ശുദ്ധ സ്ഥലത്തെ
ശെക്കലിൻ പ്രകാരം, നൂറ താല
ന്തും, ആയിരത്തെഴുനൂററി എഴുപ
ത്തഞ്ചു ശെക്കലും [ആയിരുന്നു.]
൨൬ എണ്ണപ്പെട്ടുന്നവരുടെ കണ
ക്കിൽ ഉൾപ്പെട്ടവനായി, ഇരുപ
ത വയസ്സു മുതൽ അതിന മെലാ
യി ആറ നൂറായിരത്ത മൂവ്വായിര
ത്ത അഞ്ഞൂററമ്പത പെരിൽ ഒരൊ
രുത്തന, ശുദ്ധസ്ഥലത്തെ ശെക്ക
ലിൻ പ്രകാരം, അരയര ശെക്ക

ലാകുന്ന ഒരു ബെക്ക [ആയിരുന്നു.]

൨൭ വെള്ളിയിൽ നൂറ താലന്ത ശുദ്ധ സ്ഥലത്തിലെ ചുവടുകളെയും, തിരശീലയുടെ ചുവടുകളെയും വാൎപ്പിക്കുന്നതിന ചിലവായി; ഒരു ചുവടിന ഒരു താലന്തായിട്ട, നൂറ ചുവടുകൾക്ക നൂറ താലന്ത തന്നെ.

൨൮ എന്നാൽ ആ ആയിരത്ത എഴുനൂററി എഴുപത്തഞ്ചു ശെക്കൽ കൊണ്ട അവൻ തൂണുകൾക്ക കൊളുത്തുകളെ ഉണ്ടാക്കി, അവയുടെ മെൽ ചട്ടങ്ങളെ തകിടുകൾ കൊണ്ട പൊതിഞ്ഞു, അവെക്ക മെൽ ചുററുകളെയും ഉണ്ടാക്കി.

൨൯ എന്നാൽ കാഴ്ചയായികൊടുക്കപ്പെട്ട പിച്ചള എഴുപത താലന്തും, രണ്ടായിരത്ത നാനൂറ ശെക്കലും [ആയിരുന്നു.]

൩൰ അതകൊണ്ട അവൻ സംഘത്തിൻെറ കൂടാരവാതില്ക്കലുള്ള മറയുടെ ചുവടുകളെയും, പിച്ചള ബലിപീഠത്തെയും, അതിനുള്ള പിച്ചള അഴിയെയും, ബലിപീഠത്തിൻെറ സകല ഉപകരണങ്ങളെയും,

൩൧ ചുററും പ്രാകാരത്തിൻെറ ചുവടുകളെയും, പ്രാകാരവാതിലിൻെറ മറയുടെ ചുവടുകളെയും, കൂടാരത്തിൻെറ സകല കുററികളെയും, ചുററും പ്രാകാരത്തിൻെറ കുററികളെയും ഉണ്ടാക്കി.

൩൯ അദ്ധ്യായം.

൧ ശുശ്രൂഷെക്കുള്ള വസ്ത്രങ്ങളും ശുദ്ധമുള്ള കപ്പായങ്ങളും.—൨ എഫൊദും.—൮ മാൎപതക്കവും.—൨൨ എഫൊദ എന്ന വസ്ത്രവും, മററുള്ള വസ്ത്രങ്ങളും.

ഇളനീല നൂൽ കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചുവപ്പു നൂൽകൊണ്ടും അവർ ശുദ്ധ സ്ഥലത്ത ശുശ്രൂഷ ചെയ്യുന്നതിന ശുശ്രൂഷ വസ്ത്രങ്ങളെയും ഉണ്ടാക്കി, അഹറൊന ശുദ്ധമുള്ള വസ്ത്രങ്ങളെയും യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം ഉണ്ടാക്കി.

൨ അവൻ എഫൊദിനെയും പൊന്നുകൊണ്ടും, ഇളനീല നൂൽ കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചുവപ്പു നൂൽ കൊണ്ടും, പിരിച്ച നെരിയ പട്ടുനൂൽ കൊണ്ടും ഉണ്ടാക്കി.

൩ പൊന്നിനെ ഇളനീല നൂലിനും, ധൂമ്രവൎണ്ണമുള്ള നൂലിനും, ചുവപ്പുനൂലിനും, നെരിയ പട്ടുനൂലിനും ഇടയിൽ ചിത്രവെലയായി നെയ്യാൻ അവർ അതിനെ തകിടുകളായിട്ട അടിച്ചു, അവയെ നൂലുകളായി കണ്ടിച്ചു.

൪ അതിനെ ഇണക്കെണ്ടുന്നതിന അവർ അതിന രണ്ട തൊൾകച്ചകളെ ഉണ്ടാക്കി: അത രണ്ട വിളുമ്പുകളിൽ ഇണക്കപ്പെട്ടിരുന്നു.

൫ അവൻെറ എഫൊദിൻെറ മെൽ ഇരുന്ന ചിത്രവെലയുള്ള നടുക്കെട്ട അതിൽനിന്ന തന്നെ, അതിൻെറ പണിപൊലെ തന്നെ, പൊന്നു കൊണ്ടും, ഇളനീല നൂൽ കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചുവപ്പു നൂൽ കൊണ്ടും, നെരിയ പട്ടുനൂൽ കൊണ്ടും, യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം, [ആയിരുന്നു.]

൬ മുദ്രകൾ വെട്ടപ്പെടുന്ന പണിയായിട്ട, യിസ്രാഎൽ പുത്രന്മാരുടെ നാമങ്ങളൊട കൂടെ വെട്ടപ്പെട്ട ഗൊമെധകക്കല്ലുകളെ, ചുററും ഇരിക്കുന്ന പൊൻ വളയങ്ങളിൽ പതിഞ്ഞവയായി, അവർ ഉണ്ടാക്കി.

൭ യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം, അവൻ യിസ്രാഎ

ൻ പുത്രന്മാൎക്ക ഒൎമ്മക്കായുള്ള കല്ലു
കളായിട്ട അവയെ എഫൊദിന്റെ
തൊളുകളിന്മെൽ വെച്ചു:

൮ ൟ അവൻ എഫൊദിന്റെ പ
ണിക്ക ഒത്തതായി ചിത്രപ്പണിയാ
യിട്ട മാൎപതക്കത്തെയും പൊന്ന
കൊണ്ടും, ഇളനീല നൂൽ കൊണ്ടും,
ധൂമ്രവൎണ്ണമുള്ള നൂൽ കൊണ്ടും, ചു
വപ്പു നൂൽ കൊണ്ടും, പിരിച്ച നെ
രിയ പട്ടുനൂൽ കൊണ്ടും ഉണ്ടാക്കി.

൯ അത സമചതുരമായിരുന്നു;
അവർ ആ മാൎപതക്കത്തെ ഇര
ട്ടയായി ഉണ്ടാക്കി: അതിന്റെ നീ
ളം ഒര ചാണും, അതിന്റെ വീതി
ഒര ചാണും ഇരട്ട [ആയിരുന്നു.]

൰ അവർ അതിൽ നാല നിര
രത്നങ്ങളെയും നിറച്ച പതിച്ചു: ഒ
ന്നാമത്തെ നിര ചുവപ്പും, പുഷ്പ
രാഗവും, രക്തനിറമുള്ള കല്ലും: ഇത
ഒന്നാമത്തെ നിര [ആയിരുന്നു.]

൰൧ രണ്ടാമത്തെ നിര മരതക
വും, നീലക്കല്ലും, വൈരവും.

൰൨ മൂന്നാമത്തെ നിര പത്മരാഗ
വും. വൈഡൂൎയ്യവും, അമെത്തിസ്സും.

൰൩ നാലാമത്തെ നിര ബെരിൽ
രത്നവും, ഗൊമെധകവും, യസ്പിക്ക
ല്ലും: അവ തങ്ങളുടെ ഇടങ്ങളിൽ ചു
റ്റും പൊൻ കൎണ്ണികകളിൽ പതിക്ക
പ്പെട്ടിരുന്നു.

൰൪ ൟ കല്ലുകൾ യിസ്രാഎൽ
പുത്രന്മാരുടെ നാമങ്ങളിൻ പ്രകാ
രം, അവരുടെ നാമങ്ങളിൻ പ്രകാ
രം പന്ത്രണ്ട [ആയിരുന്നു,] പന്ത്ര
ണ്ട ഗൊത്രങ്ങളിൻ പ്രകാരം, ഒ
രൊന്നിന്റെ നാമം ഒരൊന്നിൽ മു
ദ്ര വെട്ടുകളായി വെട്ടപ്പെട്ടിരുന്നു.

൰൫ ആ മാൎപതക്കത്തിന്ന അ
റ്റങ്ങളിൽ മുറിച്ചു കുത്തിപ്പണിയാ
യി ശുദ്ധപൊന്ന കൊണ്ട സരപ്പ
ളികളെയും അവർ ഉണ്ടാക്കി.

൰൬ അവർ പൊന്ന കൊണ്ട ര
ണ്ട കൎണ്ണികകളെയും രണ്ട പൊ
ൻ വളയങ്ങളെയും ഉണ്ടാക്കി: ആ
രണ്ട വളയങ്ങളെ മാൎപതക്കത്തി
ന്റെ രണ്ട അറ്റങ്ങളിൽ വെച്ചു.

൰൭ പൊന്ന കൊണ്ട മുറിച്ചു കു
ത്തിപ്പണിയായുള്ള ആ രണ്ട സര
പ്പളികളെ അവർ മാൎപതക്കത്തി
ന്റെ അറ്റങ്ങളിലുള്ള രണ്ട വളയ
ങ്ങളിൽ ഇട്ടു.

൰൮ മുറിച്ചു കുത്തിപ്പണിയായുള്ള
രണ്ട സരപ്പളികളുടെ രണ്ട അറ്റ
ങ്ങളെ അവർ ആ രണ്ട ക
ൎണ്ണികകളിൽ കെട്ടി, എഫൊദിന്റെ
തൊൾ കച്ചകളിന്മെൽ അതിന്റെ
മുൻ ഭാഗത്ത വെച്ചു.

൰൯ അവർ പിന്നെയും പൊ
ന്ന കൊണ്ട രണ്ട വളയങ്ങളെയും
ഉണ്ടാക്കി, അവയെ എഫൊദി
ന്റെ കീഴത്തെ ഭാഗത്തിന നെരാ
യി മാൎപതക്കത്തിന്റെ മറ്റെ ര
ണ്ട ഭാഗങ്ങളിൽ അതിന്റെ വിളു
മ്പിൽ അകത്തായി വെച്ചു.

൨൰ അവർ [മറ്റ] രണ്ട പൊൻ
വളയങ്ങളെയും ഉണ്ടാക്കി, അവ
യെ എഫൊദിന്റെ മുൻ പുറത്ത
രണ്ട കീഴത്തെ ഭാഗങ്ങളിൽ, അ
തിന്റെ ഇണെപ്പിന നെരായും, എ
ഫൊദിന്റെ ചിത്രപ്പണിയുള്ള ന
ടുക്കെട്ടിന മെലായും ഇട്ടു.

൨൰൧ മാൎപതക്കം എഫൊദിന്റെ
ചിത്രപ്പണിയുള്ള നടുക്കെട്ടിന മെ
ലായി ഇരിക്കെണ്ടുന്നതിനും, അ
ത എഫൊദിൽനിന്ന വിട്ടുപൊകാ
തെ ഇരിക്കെണ്ടുന്നതിനും, അവ
ർ അതിനെ അതിന്റെ വളയങ്ങ
ളാൽ എഫൊദിന്റെ വളയങ്ങളൊ
ട ഇളനീല നൂൽ കൊണ്ടുള്ള നാട
കൊണ്ട, ദൈവം മൊശെയൊട ക
ല്പിച്ച പ്രകാരം, കെട്ടുകയും ചെയ്തു.

൨൨ ¶ അവൻ എഫൊദിന്റെ
അടിയിലെ അങ്കിയെയും മുഴുവൻ
ഇളനീല നൂൽ കൊണ്ട നെയി
ത്തുപണിയായി ഉണ്ടാക്കി.
൨൩ അങ്കിയുടെ നടുവിൽ മാൎക്ക
വചത്തിന്റെ വാ എന്ന പൊലെ
ഒരു വായും, അത കീറാതെ ഇരി
പ്പാൻ അതിന ചുററിലും ഒരു നാ
ടയും [ഉണ്ടായിരുന്നു.]
൨൪ അവർ അങ്കിയുടെ താഴെ
വിളുമ്പുകളിൽ പിരിച്ച ഇളനീല
നൂൽ കൊണ്ടും, ധൂമ്രവൎണ്ണമുള്ള നൂ
ൽ കൊണ്ടും, ചുവപ്പ നൂൽ കൊ
ണ്ടും, മാതളപ്പഴങ്ങളെയും ഉണ്ടാക്കി.
൨൫ അവർ ശുദ്ധ പൊന്ന കൊ
ണ്ട മണികളെയും ഉണ്ടാക്കി, ആ മ
ണികളെ മാതളപ്പഴങ്ങളുടെ ഇട
യിൽ, അങ്കിയുടെ വക്കിൽ, ചുററും
മാതളപ്പഴങ്ങളുടെ ഇടയിൽ വെച്ചു.
൨൬ ശുശ്രൂഷ ചെയ്വാനായിട്ട അ
ങ്കിയുടെ വക്കിൽ ചുററും ഒരു മണി
യും ഒരു മാതളപ്പഴവും, ഒരു മണി
യും ഒരു മാതളപ്പഴവുമായിട്ട: യ
ഹൊവാ മൊശെയൊട കല്പിച്ച
പ്രകാരം തന്നെ.
൨൭ അഹറൊന്നും അവന്റെ പു
ത്രന്മാൎക്കും നെരിയ പട്ടനൂൽ കൊ
ണ്ട നെയിത്തായിട്ട അകത്തെ കു
പ്പായങ്ങളെയും;
൨൮ നെരിയ പട്ടനൂൽ കൊണ്ട
മുടിയെയും, നെരിയ പട്ടനൂൽ കൊ
ണ്ട അലങ്കാരമുള്ള തൊപ്പികളെ
യും, പിരിച്ച നെരിയ ചണനൂൽ
കൊണ്ട കാൽ കുപ്പായങ്ങളെയും,
൨൯ പിരിച്ച നെരിയ പട്ടനൂൽ
കൊണ്ടും, ഇളനീല നൂൽ കൊ
ണ്ടും, ധൂമ്രവൎണ്ണമുള്ളനൂൽ കൊണ്ടും,
ചുവപ്പ നൂൽ കൊണ്ടും, ചിത്രത്ത
യ്യൽ പണിയായി നടുക്കെട്ടിനെ
യും, യഹൊവാ മൊശെയൊട ക
ല്പിച്ച പ്രകാരം തന്നെ ഉണ്ടാക്കി
൩൦ ¶ അവർ ശുദ്ധ പൊന്ന
കൊണ്ട ശുദ്ധമുള്ള കിരീടത്തിന്റെ
തകിടിനെയും ഉണ്ടാക്കി, അതിൽ
യഹൊവായിക്ക ശുദ്ധി എന്ന മു
ദ്രവെട്ടുകളായി ഒരു എഴുത്ത എഴുതി.
൩൧ അതിനെ മുടിയിൽ മീതെ
കെട്ടെണ്ടുന്നതിന അതിൽ ഇളനീ
ലനൂൽ നാട, യഹൊവാ മൊശെ
യൊട കല്പിച്ച പ്രകാരം, അവർ
കൊരുത്തു കെട്ടുകയും ചെയ്തു.
൩൨ ¶ ഇപ്രകാരം സംഘത്തി
ന്റെ കൂടാരമെന്ന വാസസ്ഥല
ത്തിന്റെ പണി ഒക്കെയും തീൎന്നു:
യഹൊവാ മൊശെയൊട കല്പിച്ച
പ്രകാരമൊക്കെയും യിസ്രാഎൽപു
ത്രന്മാർ ചെയ്തു, അപ്രകാരം തന്നെ
അവർ ചെയ്തു.
൩൩ പിന്നെ അവർ വാസസ്ഥ
ലത്തെ മൊശെയുടെ അടുക്കൽ
കൊണ്ടുവന്നു, കൂടാരത്തെയും, അ
തിന്റെ സകല ഉപകരണങ്ങളെ
യും, അതിന്റെ കുടുക്കകളെയും,
അതിന്റെ പലകകളെയും, അതി
ന്റെ സാക്ഷാകളെയും, അതി
ന്റെ തൂണുകളെയും, അതിന്റെ
ചുവടുകളെയും,
൩൪ ചുവപ്പിച്ച ആട്ടുകൊററന്മാ
രുടെ തൊലുകൾ കൊണ്ടുള്ള മൂടിവി
രിയെയും, തകസ്സുകളുടെ തൊലുക
ൾ കൊണ്ടുള്ള മൂടിവിരിയെയും, വി
രിയുടെ മറയെയും,
൩൫ സാക്ഷിയുടെ പെട്ടകത്തെ
യും, അതിന്റെ തണ്ടുകളെയും, കൃ
പാസനത്തെയും,
൩൬ മെശയെയും, അതിന്റെ
സകല ഉപകരണങ്ങളെയും, കാഴ്ച
അപ്പങ്ങളെയും,
൩൭ ശുദ്ധമുള്ള നിലവിളക്കിനെ
യും, ക്രമമായി വെക്കപ്പെടുന്ന വി

ളുക്കകളെയും, അതിന്റെ സകല
ഉപകരണങ്ങളെയും, വെളിച്ചത്തി
ന എണ്ണയെയും,
൩൮ പൊൻ പീഠത്തെയും, അ
ഭിഷെക തൈലത്തെയും, സുഗ
ന്ധധൂപവൎഗ്ഗങ്ങളെയും, കൂടാരത്തി
ന്റെ വാതിലിനുള്ള മറയെയും,
൩൯ പിച്ചള ബലിപീഠത്തെയും,
അതിന്റെ പിച്ചള അഴിയെയും,
അതിന്റെ തണ്ടുകളെയും, അതി
ന്റെ സകല ഉപകരണങ്ങളെ
യും, തൊട്ടിയെയും, അതിന്റെ കാ
ലിനെയും,
൪൦ പ്രാകാരത്തിന്റെ മറവസ്ത്ര
ങ്ങളെയും, അതിന്റെ തൂണുകളെ
യും, അതിന്റെ ചുവടുകളെയും,
പ്രാകാരവാതിലിന്റെ മറയെയും,
അതിന്റെ കയറുകളെയും, അതി
ന്റെ കുററികളെയും, സംഘത്തി
ന്റെ കൂടാരമാകുന്ന വാസസ്ഥല
ത്തിലെ ശുശ്രൂഷെക്കുള്ള സകല
ഉപകരണങ്ങളെയും,
൪൧ ശുദ്ധസ്ഥലത്തിൽ ശുശ്രൂഷ
ചെയ്യുന്നതിന ശുശ്രൂഷെക്കുള്ള വ
സ്ത്രങ്ങളെയും, ആചാൎയ്യസ്ഥാന
ത്ത ശുശ്രൂഷ ചെയ്യുന്നതിന അ
ഹറൊന്റെ ശുദ്ധമുള്ള വസ്ത്രങ്ങ
ളെയും, അവന്റെ പുത്രന്മാരുടെ
വസ്ത്രങ്ങളെയും.
൪൨ യഹൊവാ മൊശെയൊടക
ല്പിച്ച പ്രകാരമൊക്കെയും യിസ്രാ
എൽ പുത്രന്മാർ എല്ലാ വെലയെ
യും ചെയ്തു.
൪൩ മൊശെ സകല പ്രവൃത്തി
യെയും നൊക്കി, ഇതാ, യഹൊവാ
കല്പിച്ച പ്രകാരം തന്നെ അവർ
അതിനെ ചെയ്തിരുന്നു, അപ്രകാ
രം തന്നെ അവർ അതിനെ ചെ
യ്തിരുന്നു. മൊശെ അവരെ അനു
ഗ്രഹിക്കയും ചെയ്തു.

൪൦ അദ്ധ്യായം.

൧ കൂടാരം ഇണെക്കപ്പെട്ടുവാനും.—൯ അഭി
ഷെകം ചെയ്യപ്പെട്ടുവാനും കല്പിക്കപ്പെടുന്ന
ത.—൧൨ അഹറൊനും അവന്റെ പുത്രന്മാ
രും ശുദ്ധീകരിക്കപ്പെടെണമെന്നുള്ളത.

പിന്നെ യഹൊവാ മൊശെ
യൊട സംസാരിച്ച പറഞ്ഞത എ
ന്തെന്നാൽ,
൨ നീ ഒന്നാം മാസം ഒന്നാം തി
യ്യതി സംഘത്തിന്റെ കൂടാരത്തി
ന്റെ വാസസ്ഥലത്തെ നിൎത്തി
കൊള്ളെണം.
൩ നീ അതിൽ സാക്ഷിയുടെ
പെട്ടകത്തെ വെച്ച പെട്ടകത്തെ
തിരശീല കൊണ്ട മറെക്കെണം.
൪ നീ മെശയെയും അകത്ത കൊ
ണ്ടുവന്ന, അതിന്റെ മെൽ ക്രമ
പ്പെടെണ്ടുന്ന വസ്തുക്കളെ ക്രമപ്പെ
ടുത്തെണം; നീ നിലവിളക്കിനെയും
അകത്ത കൊണ്ടുവന്ന, അതിന്റെ
വിളക്കുകളെ കൊളുത്തെണം.
൫ ധൂപത്തിനുള്ള പൊൻ പീഠ
ത്തെയും സാക്ഷിയുടെ പെട്ടക
ത്തിന മുമ്പായി വെച്ച, കൂടാരത്തി
ന വാതിലിലെ മറ തൂക്കികൊള്ളെ
ണം.
൬ പിന്നെയും നീ ഹൊമബലി
പീഠത്തെ സംഘത്തിന്റെ കൂടാരമാ
കുന്ന വാസസ്ഥലത്തിന്റെ വാതി
ലിന മുമ്പായി വെക്കെണം.
൭ നീ തൊട്ടിയെയും, സംഘത്തി
ന്റെ കൂടാരത്തിനും ബലിപീഠ
ത്തിനും നടുവിൽ വെച്ച, അതിൽ
വെള്ളം ഒഴിക്കെണം.
൮ നീ ചുററും പ്രാകാരത്തെ നിൎത്തി
പ്രാകാര വാതുക്കൽ മറ തൂക്കെണം.
൯ ¶ നീ അഭിഷെക തൈലത്തെ
യും എടുത്ത, കൂടാരത്തെയും അതി
ലുള്ള സകലത്തെയും അഭിഷെകം
ചെയ്ത, അതിനെയും, അതിന്റെ

സകല ഉപകരണങ്ങളെയും ശു
ദ്ധമാക്കെണം: അത ശുദ്ധമായി
രിക്കയും വെണം.
൧൦ നീ ഹൊമ ബലിപീഠത്തെ
യും, അതിന്റെ സകല ഉപകര
ണങ്ങളെയും അഭിഷെകം ചെയ്ത,
പീഠത്തെ ശുദ്ധമാക്കെണം: അത
മഹാ ശുദ്ധമായിരിക്കയും വെണം.
൧൧ നീ തൊട്ടിയെയും അതിന്റെ
കാലിനെയും അഭിഷെകം ചെയ്ത,
ശുദ്ധമാക്കെണം.
൧൨ ¶ പിന്നെയും നീ അഹറൊ
നെയും അവന്റെ പുത്രന്മാരെയും
സംഘത്തിന്റെ കൂടാരത്തിന്റെ
വാതുക്കൽ വരുത്തി, അവരെ വെ
ള്ളം കൊണ്ട കഴുകെണം.
൧൩ നീ അഹറൊനെ ശുദ്ധമുള്ള
വസ്ത്രങ്ങളെ ധരിപ്പിച്ച, അവൻ
ഇനിക്ക ആചാൎയ്യ സ്ഥാനത്ത ശു
ശ്രൂഷ ചെയ്യെണ്ടുന്നതിന, അവ
നെ അഭിഷെകം ചെയ്ത, അവ
നെ ശുദ്ധീകരിക്കെണം.
൧൪ നീ അവന്റെ പുത്രന്മാരെ
യും വരുത്തി, അവരെ കുപ്പായങ്ങ
ളെ ധരിപ്പിച്ച,
൧൫ അവർ ഇനിക്ക ആചാൎയ്യ
സ്ഥാനത്ത ശുശ്രൂഷ ചെയ്യെണ്ടു
ന്നതിന, അവരെ, അവരുടെ പി
താവിനെ അഭിഷെകം ചെയ്ത പ്ര
കാരം, അഭിഷെകം ചെയ്യെണം:
അവരുടെ അഭിഷെകം അവൎക്ക
അവരുടെ തലമുറകളിൽ എന്നും ആ
ചാൎയ്യസ്ഥാനത്തിനായി ഉണ്ടായി
രിക്കയും വെണം.
൧൬ മൊശെ അപ്രകാരം ചെ
യ്തു: യഹൊവാ തന്നൊട എതു പ്ര
കാരം കല്പിച്ചുവൊ അപ്രകാരമൊ
ക്കെയും അവൻ ചെയ്തു.
൧൭ ¶ പിന്നെ ഉണ്ടായത എന്തെ
ന്നാൽ, രണ്ടാം സംവത്സരം ഒന്നാം
മാസം ഒന്നാം തിയ്യതി കൂടാരം നി
ൎത്തപ്പെട്ടു.
൧൮ മൊശെ കൂടാരത്തെ നിൎത്തി,
അതിന്റെ ചുവട്ടുകളെയും ഉറപ്പി
ച്ച, അതിന്റെ പലകകളെയും നി
ൎത്തി, അതിന്റെ സാക്ഷാകളെയും
ചെലുത്തി, അതിന്റെ തൂണുകളെ
യും നിൎത്തി.
൧൯ അവൻ കൂടാരത്തെ വാസ
സ്ഥലത്തിന്മെൽ വിരിച്ച, കൂടാര
ത്തിന്റെ മൂടിവിരിയെ അതിന്റെ
മീതെ, യഹൊവാ മൊശെയൊട
കല്പിച്ച പ്രകാരം തന്നെ, വിരിക്ക
യും ചെയ്തു.
൨൦ അവൻ സാക്ഷിയെയും എ
ടുത്ത, പെട്ടകത്തിലെക്ക വെച്ച, ത
ണ്ടുകളെയും പെട്ടകത്തിൽ ചെലു
ത്തി, കൃപാസനത്തെയും പെട്ടക
ത്തിന മെലായി വെച്ചു.
൨൧ അവൻ പെട്ടകത്തെ വാസ
സ്ഥലത്തെക്ക കൊണ്ടുവന്ന, മറയു
ടെ തിരശീലയെ കെട്ടി തൂക്കി, സാ
ക്ഷിയുടെ പെട്ടകത്തെ, യഹൊവാ
മൊശെയൊട കല്പിച്ച പ്രകാരം, മ
റെച്ചു.
൨൨ പിന്നെ അവൻ മെശയെ
സംഘത്തിന്റെ കൂടാരത്തിൽ വാ
സസ്ഥലത്തിന്റെ വടക്കഭാഗത്ത
മറെക്ക പുറത്തായി വെച്ചു.
൨൩ യഹൊവാ മൊശെയൊടക
ല്പിച്ച പ്രകാരം അവൻ അതിന്മെ
ൽ യഹൊവായുടെ മുമ്പാകെ അ
പ്പത്തെയും ക്രമമായി വെച്ചു.
൨൪ പിന്നെയും അവൻ നില
വിളക്കിനെ സംഘത്തിന്റെ കൂടാ
രത്തിൽ മെശെക്ക നെരെ വാസ
സ്ഥലത്തിന്റെ തെക്ക ഭാഗത്ത
വെച്ചു.
൨൫ യഹൊവാ മൊശെയൊട
കല്പിച്ച പ്രകാരം, അവൻ വിളക്ക

കളെയും യഹൊവായുടെ മുമ്പാകെ കൊളുത്തി.

൨൬ പിന്നെയും അവൻ പൊൻ പീഠത്തെ സംഘത്തിൻെറ കൂടാരത്തിൽ മറയുടെ മുമ്പായി വെച്ചു.

൨൭ യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം, അവൻ അതിന്മെൽ സുഗന്ധ ധൂപവൎഗ്ഗത്തെ കാട്ടി.

൨൮ പിന്നെയും അവൻ വാസസ്ഥലത്തിൻെറ വാതുക്കൽ മറയെ കെട്ടി തൂക്കി.

൨൯ അവൻ ഹൊമബലിപീഠത്തെയും സംഘത്തിൻെറ കൂടാരമാകുന്ന വാസസ്ഥലത്തിൻെറ വാതിലിന മുമ്പായി വെച്ചു; അതിന്മെൽ ഹൊമബലിയെയും, ആഹാര കാഴ്ചയെയും, യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം, കഴിച്ചു.

൩൰ അവൻ തൊട്ടിയെ സംഘത്തിൻെറ കൂടാരത്തിനും ബലിപീഠത്തിനും നടുവിൽ വെച്ചു, കഴുകെണ്ടുന്നതിന അതിൽ വെള്ളം ഒഴിച്ചു.

൩൧ ആയതിൽ മൊശെയും, അഹറൊനും അവൻെറ പുത്രന്മാരും തങ്ങളുടെ കൈകളെയും തങ്ങളുടെ കാലുകളെയും കഴുകി.

൩൨ അവർ സംഘത്തിൻെറ കൂടാരത്തിലെക്ക പ്രവെശിക്കുമ്പൊഴും, ബലിപീഠത്തിൻെറ അടുക്കൽ ചെല്ലുമ്പൊഴും, യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം, കഴുകി ക്കൊള്ളുകയും ചെയ്തു.

൩൩ പിന്നെയും അവൻ കൂടാരത്തിനും ബലിപീഠത്തിനും ചുററും പ്രാകാരത്തെ നിൎത്തി, പ്രാകാരവാതിലിൻെറ മറയെ തൂക്കി: ഇപ്രകാരം മൊശെ പ്രവൃത്തിയെ മുഴുവനാക്കുകയും ചെയ്തു.

൩൪ ¶ അപ്പൊൾ ഒരു മെഘം സംഘത്തിൻെറ കൂടാരത്തെ മറെച്ചു, യഹൊവായുടെ മഹത്വവും വാസസ്ഥലത്തെ നിറച്ചു.

൩൫ എന്നാറെ സംഘത്തിൻെറ കൂടാരത്തിലെക്ക പ്രവെശിപ്പാൻ മൊശെക്ക കഴിയാതെ ഇരുന്നു; എന്തുകൊണ്ടെന്നാൽ മെഘം അതിന്മെൽ ഇരുന്നിരുന്നു, യഹൊവായുടെ മഹത്വം വാസസ്ഥലത്തെ നിറെക്കയും ചെയ്തു.

൩൬ മെഘം വാസസ്ഥലത്തിൻെറ മെൽനിന്ന എടുക്കപ്പെട്ടപ്പൊൾ യിസ്രാഎൽ പുത്രന്മാർ തങ്ങളുടെ എല്ലാ യാത്രകളിലും പുറപ്പെട്ടു.

൩൭ എന്നാൽ മെഘം എടുക്കപ്പെടാതെ ഇരുന്നു എങ്കിൽ, അവർ അത എടുക്കപ്പെടുന്ന നാൾ വരെയും യാത്ര പുറപ്പെടാതെ ഇരുന്നു.

൩൮ എന്തുകൊണ്ടെന്നാൽ യിസ്രാഎൽ കുഡുംബക്കാരുടെ എല്ലാ യാത്രകളിലും അവരുടെ എല്ലാവരുടെയും കണ്ണുകൾക്ക മുമ്പാകെ പകൽ സമയത്ത വാസസ്ഥലത്തിന്മെൽ യഹൊവായുടെ മെഘവും, രാത്രി സമയത്ത അതിൽ അഗ്നിയും ഉണ്ടായിരുന്നു.

മൊശെ എഴുതിയ

മൂന്നാം പുസ്തകം.

---

൧ അദ്ധ്യായം.

൧. കന്നുകാലി കൂട്ടത്തിൽനിന്നും,—൧൦ ആട്ടിൻ കൂട്ടത്തിൽനിന്നും,—൧൪ പക്ഷികളിൽനിന്നും ഉള്ള ഹൊമബലികൾ.

യഹൊവാ സംഘത്തിന്റെ കൂടാരത്തിൽനിന്ന മൊശെയെ വിളിച്ച, അവനൊട സംസാരിച്ച പറഞ്ഞു.

൨ നീ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ച, അവരൊട പറയെണ്ടുന്നത എന്തെന്നാൽ, നിങ്ങളിൽ ഒരു മനുഷ്യൻ യഹൊവായിക്ക വഴിപാടിനെ കഴിച്ചാൽ, കന്നുകാലികൂട്ടത്തിൽനിന്നും ആട്ടിൻ കൂട്ടത്തിൽനിന്നും ഉള്ള മൃഗങ്ങളിൽനിന്ന നിങ്ങളുടെ വഴിപാടിനെ കഴിക്കെണം.

൩ അവന്റെ വഴിപാട കന്നുകാലി കൂട്ടത്തിൽനിന്നുള്ള ഹൊമബലിയായിരുന്നാൽ, അവൻ കുററമില്ലാത്ത ആണിനെ കഴിക്കെണം: അവൻ അതിനെ തന്റെ മനഃപൂൎവ്വത്തൊടെ യഹൊവായുടെ മുമ്പാകെ സംഘത്തിന്റെ കൂടാരത്തിന്റെ വാതുക്കൽ കഴിക്കെണം.

൪ അവൻ തന്റെ കയ്യിനെ ഹൊമബലിയുടെ തലയിന്മെൽ വെക്കെണം: എന്നാൽ അത അവന വെണ്ടി പാപപരിഹാരം ചെയ്യുന്നതിന അവന വെണ്ടി കൈക്കൊള്ളപ്പെടും.

൫ പിന്നെ അവൻ യഹൊവായുടെ മുമ്പാകെ കാളക്കിടാവിനെ കൊല്ലെണം: അപ്പൊൾ അഹറൊന്റെ പുത്രന്മാരായ ആചാൎയ്യന്മാർ രക്തത്തെ കൊണ്ടുവന്ന, രക്തത്തെ സംഘത്തിന്റെ കൂടാരത്തിന്റെ വാതുക്കൽ [ഉള്ള] ബലിപീഠത്തിന്മെൽ ചുററും തളിക്കെണം.

൬ പിന്നെ അവൻ ഹൊമബലിയെ തൊലുരിച്ച, അതിനെ ഖണ്ഡം ഖണ്ഡമായി നുറുക്കെണം.

൭ അപ്പൊൾ ആചാൎയ്യനായ അഹറൊന്റെ പുത്രന്മാർ ബലിപീഠത്തിന്മെൽ തീ ഇട്ട, തീയുടെ മെലെ വിറകുകളെ അടുക്കെണം.

൮ പിന്നെ അഹറൊന്റെ പുത്രന്മാരായ ആചാൎയ്യന്മാർ ആ ഖണ്ഡങ്ങളെയും, തലയെയും, നെയ്യിനെയും ബലിപീഠത്തിൽ തീയുടെ മെലുള്ള വിറകുകളുടെ മീതെ അടുക്കി വെക്കെണം,

൯ എന്നാൽ അതിന്റെ കുടലുകളെയും, അതിന്റെ തുടകളെയും അവൻ വെള്ളത്തിൽ കഴുകെണം: ആചാൎയ്യൻ എല്ലാററിനെയും ബലിപീഠത്തിന്മെൽ ചുട്ടുകളയെണം: അത ഹൊമബലിയായി, യഹൊവായിക്ക അനുകൂലവാസനയുടെ ദഹനബലി [ആകുന്നു.]

൧൦ ¶ പിന്നെ ആട്ടിൻ കൂട്ടത്തിലെ ആടുകളിൽനിന്ന എങ്കിലും, വെള്ളാടുകളിൽനിന്ന എങ്കിലും ഹൊമബലിക്കായിട്ട അവന്റെ കാഴ്ച ആയാൽ, അവൻ കുററമില്ലാത്ത ആണിനെ കൊണ്ടുവരെണം.

൫ അവൻ

Cc 2

൧൧ അവൻ യഹൊവായുടെ മുമ്പാകെ ബലിപീഠത്തിൻെറ വടക്കുഭാഗത്ത വെച്ച അതിനെ കൊല്ലെണം: അഹറൊൻെറ പുത്രന്മാരായ ആചാൎയ്യന്മാർ അതിൻെറ രക്തത്തെ ബലിപീഠത്തിന്മെൽ ചുറ്റും തളിക്കയും വെണം.

൧൨ പിന്നെയും അവൻ അതിനെ ഖണ്ഡം ഖണ്ഡമായും, അതിൻെറ തലയെയും, അതിൻെറ മെദസ്സിനെയും കണ്ടിക്കെണം: അവയെ ആചാൎയ്യൻ ബലിപീഠത്തിൽ തീയുടെ മെലുള്ള വിറകുകളുടെ മീതെ അടുക്കി വെക്കെണം.

൧൩ എന്നാൽ അവൻ കുടലുകളെയും തുടകളെയും വെള്ളത്തിൽ കഴുകെണം: ആചാൎയ്യൻ എല്ലാറ്റിനെയും കൊണ്ടുവന്ന, ചുട്ടുകളയെണം: അത ഹൊമബലിയായി, യഹൊവായിക്ക അനുകൂലവാസനയുടെ ദഹനബലി [ആകുന്നു.]

൧൪ ¶ പിന്നെ യഹൊവായിക്ക അവൻെറ കാഴ്ചയായ ഹൊമബലി പക്ഷികളിൽനിന്ന ആയാൽ, അവൻ കാട്ടുപ്രാവുകളിൽനിന്ന എങ്കിലും, പ്രാവു കുഞ്ഞങ്ങളിൽനിന്ന എങ്കിലും, തൻെറ കാഴ്ചയെ കൊണ്ടുവരെണം.

൧൫ അതിനെ ആചാൎയ്യൻ ബലിപീഠത്തിൻെറ അടുക്കൽ കൊണ്ടുവന്ന, അതിൻെറ തലയെ നുള്ളി പറിച്ച, ബലിപീഠത്തിന്മെൽ ചുട്ടുകളയെണം: അതിൻെറ രക്തം ബലിപീഠത്തിൻെറ ചുവരിങ്കൽ വീഴിച്ച കളയപ്പെടെണം.

൧൬ പിന്നെ അവൻ അതിൻെറ തിൻ പണ്ടത്തെ അതിൻെറ തൂവലുകളൊട കൂടെ പറിച്ച, അതിനെ ബലിപീഠത്തിൻെറ അരികെ കിഴക്ക ചാരമുള്ള സ്ഥലത്ത ഇടെണം.

൧൭ പിന്നെയും അവൻ അതിനെ അതിൻെറ ചിറകുകളൊട രണ്ടാക്കാതെ പിളൎക്കെണം: ആചാൎയ്യൻ അതിനെ ബലിപീഠത്തിൽ തീയുടെ മെലുള്ള വിറകുകളിന്മീതെ ചുട്ടുകളകയും വെണം: അത ഹൊമബലിയായി, യഹൊവായിക്ക അനുകൂലവാസനയുടെ ദഹനബലി [ആകുന്നു.]

൨ അദ്ധ്യായം.

൧ എണ്ണയും കുന്തുരുക്കവും കൂട്ടിയ മാവുകൊണ്ടും, ൧൨ കതിരിൽ ആദ്യ ഫലങ്ങൾ കൊണ്ടും ഉള്ള ആഹാര കാഴ്ച.—൧൩ ആഹാര കാഴ്ചെക്കുള്ള ഉപ്പ.

ഒര ആത്മാവ യഹൊവായിക്ക ആഹാര കാഴ്ചയെ കഴിക്കുമ്പൊൾ, അവൻെറ കാഴ്ച നെരിയ മാവായിരിക്കെണം: അവൻ അതിന്മെൽ എണ്ണയെ ഒഴിച്ച, അതിൻെറ മീതെ കുന്തുരുക്കത്തെയും ഇടെണം.

൨ അതിനെ അവൻ അഹറൊൻെറ പുത്രന്മാരായ ആചാൎയ്യന്മാരുടെ അടുക്കൽ കൊണ്ടുവരെണം: പിന്നെ അവൻ ആ മാവിൽനിന്നും ആ എണ്ണയിൽനിന്നും ഒരു കൈ പിടി നിറയെ എല്ലാ കുന്തുരുക്കത്തൊടും കൂടെ എടുക്കെണം; ആചാൎയ്യൻ അതിൻെറ ഒൎമ്മക്കായിട്ട ബലിപീഠത്തിന്മെൽ ചുട്ടുകളകയും വെണം: അത യഹൊവായിക്ക അനുകൂലവാസനയുടെ ദഹനബലി.

൩ എന്നാൽ ആഹാരകാഴ്ചയിലെ ശെഷിപ്പ അഹറൊനും അവൻെറ പുത്രന്മാൎക്കും [ആകെണം:] അത യഹൊവായിക്കുള്ള ദഹനബലികളിൽ മഹാ ശുദ്ധം.

൪ ¶ അടുപ്പിൽ ചുടപ്പെട്ട ആഹാരകാഴ്ചയെ നീ കഴിക്കുന്നു എങ്കിൽ, അത എണ്ണയിൽ കുഴച്ച നെരിയ

മാവിന്റെ ദൊശകളും, എണ്ണ പൂ
ശപ്പെട്ട പുളിപ്പില്ലാത്ത അടകളും
[ആയിരിക്കെണം.]
൫ നിന്റെ കാഴ്ച തട്ടത്തിന്റെ മി
തെ [ചുടപ്പെട്ട] ആഹാരകാഴ്ചയാ
യാൽ, അത എണ്ണയിൽ കുഴച്ച പു
ളിപ്പില്ലാത്ത നെരിയ മാവ [കൊ
ണ്ടു] ആയിരിക്കെണം.
൬ നീ അതിനെ കഷണങ്ങളാ
യി മുറിച്ച, അതിന്മെൽ എണ്ണയെ
ഒഴിക്കെണം: അത ആഹാര കാഴ്ച.
൭ നിന്റെ കാഴ്ച ഉരുളിയിൽ [ചു
ടപ്പെട്ട] ആഹാരകാഴ്ചയായാൽ, അ
ത എണ്ണയിൽ നെരിയ മാവ [കൊ
ണ്ടു] ഉണ്ടാക്കപ്പെടെണം.
൮ ഇവ കൊണ്ടു ഉണ്ടാക്കപ്പെട്ട
കാഴ്ചയെ നീ യഹൊവായിക്ക കൊ
ണ്ടുവരെണം: അത ആചാൎയ്യന്റെ
അടുക്കൽ കൊണ്ടു ചെല്ലുമ്പൊൾ,
അവൻ അതിനെ ബലിപീഠത്തി
ന്റെ അടുക്കൽ കൊണ്ടുപൊകെ
ണം.
൯ പിന്നെ ആചാൎയ്യൻ അതി
ന്റെ ഒൎമ്മക്ക ആഹാരകാഴ്ചയിൽ
നിന്ന എടുത്ത, ബലിപീഠത്തിന്മെ
ൽ ചുട്ടുകളയെണം: അത യഹൊ
വായിക്ക അനുകൂലവാസനയുടെ
ദഹനബലി.
൰ എന്നാൽ ആഹാരകാഴ്ചയിൽ
നിന്നുള്ള ശെഷിപ്പ അഹറൊനും
അവന്റെ പുത്രന്മാൎക്കും [ആകെ
ണം:] അത യഹൊവായിക്കുള്ള ദ
ഹന ബലികളിൽ മഹാ ശുദ്ധം.
൰൧ ¶ നിങ്ങൾ യഹൊവായിക്ക
കഴിക്കുന്ന യാതൊരു ആഹാരകാ
ഴ്ചയും പുളിപ്പുള്ളതായി ഉണ്ടാക്ക
പ്പെടരുത; എന്തുകൊണ്ടെന്നാൽ
പുളിച്ചതൊന്നിനെയും, തെനിനെ
യും, യഹൊവായിക്കുള്ള ദഹനബ
ലിയിൽ നിങ്ങൾ ചുട്ടുകളയരുത.
൰൨ ആദ്യഫലങ്ങളുടെ കാഴ്ചയെ
യൊ, അവയെ നിങ്ങൾ യഹൊ
വായിക്ക കഴിക്കെണം: എന്നാൽ
ബലിപീഠത്തിന്മെൽ അവ അനു
കൂലവാസനയായി കരെറരുത.
൰൩ നിന്റെ ആഹാരകാഴ്ചയെ
ഒക്കെയും നീ ഉപ്പുകൊണ്ടു രുചിപ്പി
ക്കെണം; നിന്റെ ആഹാരകാഴ്ച
യിൽനിന്ന നിന്റെ ദൈവത്തി
ന്റെ ഉഭയസമ്മതത്തിന്റെ ഉപ്പി
നെ കുറവ വരുത്താതെ, നിന്റെ
എല്ലാ കാഴ്ചയൊടും കൂടെ ഉപ്പിനെ
കഴിക്കെണം.
൰൪ ¶ നീ നിന്റെ ആദ്യ ഫലങ്ങ
ളുടെ കാഴ്ചയെ യഹൊവായിക്ക ക
ഴിക്കുന്നു എങ്കിൽ, നീ തീയ്യിൽ ചുട്ട
പച്ചയായുള്ള കതിരുകളെ, നിറ
ഞ്ഞ കതിരുകളിൽനിന്ന ഉതിക്കപ്പെ
ട്ട ധാന്യത്തെ, നിന്റെ ആദ്യഫല
ങ്ങളുടെ ആഹാരകാഴ്ചയായിട്ട ക
ഴിക്കെണം.
൰൫ നീ അതിന്റെ മിതെ എണ്ണ
യെ ഒഴിച്ച, അതിന്റെ മീതെ കു
ന്തുരുക്കത്തെ ഇടെണം: അത ഒരു
ആഹാര കാഴ്ച.
൰൬ പിന്നെയും ആചാൎയ്യൻ അ
തിലെ ഉതിക്കപ്പെട്ട ധാന്യത്തിൽ
നിന്നും, അതിലെ എണ്ണയിൽനി
ന്നും [എതാനും] അതിന്റെ എല്ലാ
കുന്തുരുക്കത്തൊടും കൂടെ അതിന്റെ
ഒൎമ്മക്ക ചുടെണം: അത യഹൊ
വായിക്ക ദഹനബലി [ആകുന്നു.]

൩ അദ്ധ്യായം.

൧ കന്നുകാലി കൂട്ടത്തിൽനിന്നും,—൬ ആട്ടിൻ കൂട്ടത്തിൽനിന്നും,—൭ കുഞ്ഞാട എങ്കിലും,—൰൨ വെള്ളാട എങ്കിലും ഉള്ള സമാധാനബലി.

പിന്നെ അവന്റെ കാഴ്ച സ
മാധാന ബലിയായാൽ, അതി
നെ പശുക്കൂട്ടത്തിൽനിന്ന കഴിക്കു

ന്നു എങ്കിൽ, അത ആണൊ പെണ്ണൊ ആയാൽ, കുററമില്ലാത്തതിനെ അവൻ യഹൊവായുടെ മുമ്പാകെ കഴിക്കെണം.

൨ അവൻ തന്റെ കാഴ്ചയുടെ തലയിന്മെൽ തന്റെ കയ്യിനെ വെച്ച, സംഘത്തിന്റെ കൂടാരത്തിന്റെ വാതുക്കൽ അതിനെ കൊല്ലെണം: പിന്നെ അഹറൊന്റെ പുത്രന്മാരായ ആചാൎയ്യന്മാർ അതിന്റെ രക്തത്തെ ബലിപീഠത്തിന്മെൽ ചുററും തളിക്കെണം.

൩ പിന്നെയും അവൻ സമാധാന ബലിയിൽനിന്ന കുടലുകളെ പൊതിയുന്ന മെദസ്സിനെയും, കുടലുകളുടെ മെലിരിക്കുന്ന എല്ലാമെദസ്സിനെയും,

൪ രണ്ടു കുണ്ടികായകളെയും, അവയുടെ മെൽ ചെറുകുടലുകളിടത്തുള്ള മെദസ്സിനെയും, കരളിന്മെലും കുണ്ടികായകളിന്മെലും ഉള്ള വപയെയും നീക്കി, യഹൊവായിക്ക ദഹനബലിയായി കഴിക്കെണം.

൫ അതിനെ അഹറൊന്റെ പുത്രന്മാർ ബലിപീഠത്തിൽ അഗ്നിയിലുള്ള വിറകുകളുടെ മെൽ [ഇരിക്കുന്ന] ഹൊമബലിയുടെ മിതെ ചുട്ടുകളയെണം: അത യഹൊവായിക്ക അനുകൂലവാസനയുടെ ദഹനബലി.

൬ ¶ പിന്നെ യഹൊവായിക്ക സമാധാന ബലിക്കായിട്ട അവന്റെ കാഴ്ച ആട്ടിൻ കൂട്ടത്തിൽനിന്ന [ആകുന്നു]എങ്കിൽ, അത ആണൊ പെണ്ണൊ ആയാൽ, അവൻ കുററമില്ലാത്തതിനെ കഴിക്കെണം,

൭ അവൻ ഒരു കുഞ്ഞാടിനെ തന്റെ കാഴ്ചയായിട്ട കഴിക്കുന്നു എങ്കിൽ, അവൻ അതിനെ യഹൊവായുടെ മുമ്പാകെ കഴിക്കെണം.

൮ അവൻ തന്റെ കാഴ്ചയുടെ തലയിന്മെൽ തന്റെ കയ്യിനെ വെച്ച, സംഘത്തിന്റെ കൂടാരത്തിന മുമ്പാകെ അതിനെ കൊല്ലെണം: പിന്നെ അഹറൊന്റെ പുത്രന്മാർ അതിന്റെ രക്തത്തെ ബലിപീഠത്തിന്മെൽ ചുററും തളിക്കെണം.

൯ പിന്നെയും അവൻ സമാധാന ബലിയിൽനിന്ന, അതിന്റെ മെദസ്സിനെയും, നടുവെല്ലിൽനിന്ന പറിച്ച വാൽ മുഴുവനും, കുടലുകളെ പൊതിയുന്ന മെദസ്സിനെയും, കുടലുകളുടെ മെൽ [ഇരിക്കുന്ന] എല്ലാ മെദസ്സിനെയും,

൰ രണ്ടു കുണ്ടികായകളെയും, അവയുടെ മെൽ ചെറുകുടലുകളിടത്തിരിക്കുന്ന മെദസ്സിനെയും, രണ്ടു കുണ്ടികായകളൊടു കൂടെ കരളിന്റെ മെലുള്ള വപയെയും നീക്കി, യഹൊവായിക്ക ദഹനബലിയായി കഴിക്കെണം.

൰൧ അതിനെ ആചാൎയ്യൻ ബലിപീഠത്തിന്മെൽ ചുട്ടുകളകയും വെണം: അത യഹൊവായിക്ക ദഹനബലിയുടെ ആഹാരം.

൰൨ ¶ പിന്നെ അവന്റെ കാഴ്ച വെള്ളാടു [ആകുന്നു]എങ്കിൽ, അവൻ അതിനെ യഹൊവായുടെ മുമ്പാകെ കഴിക്കെണം.

൰൩ അവൻ അതിന്റെ തലയിന്മെൽ തന്റെ കയ്യിനെ വെച്ച, സംഘത്തിന്റെ കൂടാരത്തിന്റെ മുമ്പാകെ അതിനെ കൊല്ലെണം: പിന്നെ അഹറൊന്റെ പുത്രന്മാർ അതിന്റെ രക്തത്തെ ബലിപീഠത്തിന്മെൽ ചുററും തളിക്കെണം.

൰൪ അതിൽനിന്ന അവൻ കുടലുകളെ പൊതിയുന്ന മെദസ്സിനെയും, കുടലുകളുടെ മെലിരിക്കുന്നഎല്ലാ മെദസ്സിനെയും,

൧൫ രണ്ട കുണ്ടികായകളെയും,
അവയുടെ മെൽ ചെറുകുടലുകളൂ
ടെ ഇടത്ത [ഇരിക്കുന്ന] മെദസ്സി
നെയും; കുണ്ടിക്കായകളൊട കൂടെ
കരളിന്റെ മെലുള്ള വപയെയും നീ
ക്കി, യഹൊവായിക്ക ദഹനബലി
യായി തന്റെ കാഴ്ചയെ കഴിക്കെ
ണം:

൧൬ അവയെ ആചാൎയ്യൻ ബലി
പീഠത്തിന്മെൽ ചുട്ടുകളകയും വെ
ണം: അത അനുകൂലവാസനയാ
യ ദഹനബലിയുടെ ആഹാരം.
എല്ലാ മെദസ്സും യഹൊവായിക്കു
ള്ളതാകുന്നു.

൧൭ മെദസ്സിനെയും രക്തത്തെ
യും നിങ്ങൾ ഭക്ഷിക്കരുത എന്നു
ള്ളത, നിങ്ങളുടെ എല്ലാ വാസസ്ഥല
ങ്ങളിലും നിങ്ങളുടെ തലമുറകളിൽ
നിത്യ കല്പന [ആയിരിക്കെണം.]

൪ അദ്ധ്യായം.

൧ ആചാൎയ്യന വെണ്ടിയും,—൧൩ സഭെക്ക വെണ്ടിയും,—൨൨ പ്രഭുവിന വെണ്ടിയും,—൨൭ ജനങ്ങളിൽ വല്ലവനും വെണ്ടിയും അറിയായ്മകൊണ്ടുള്ള പാപത്തിന ബലി.

൧ പിന്നെയും യഹൊവാ മൊശെ
യൊട സംസാരിച്ച പറഞ്ഞു;

൨ നീ യിസ്രാഎൽ പുത്രന്മാരൊ
ട സംസാരിച്ച പറയെണ്ടുന്നത
എന്തെന്നാൽ, ഒര ആത്മാവ യ
ഹൊവായുടെ സകല കല്പനകളി
ലും യാതൊന്നിന വിരൊധമായി
അറിയായ്മ കൊണ്ട പാപം ചെയ്തു,
ചെയ്യപ്പെടരുതാത്ത അവയിൽ ഒ
ന്നിനെ ചെയ്താൽ,

൩ അഭിഷെകം ചെയ്യപ്പെട്ട ആ
ചാൎയ്യൻ ജനത്തിന്റെ കുററത്തിൻ
പ്രകാരം പാപം ചെയ്താൽ, അവ
ൻ ചെയ്ത പാപത്തിൻ നിമിത്തം
അവൻ യഹൊവായിക്ക പാപ
ബലിയായിട്ട മാടുകളിൽനിന്ന കു
ററമില്ലാത്ത ഒരു കാള കിടാവിനെ
കൊണ്ടുവരെണം.

൪ പിന്നെ അവൻ കാളയെ സം
ഘത്തിന്റെ കൂടാര വാതുക്കൽ യ
ഹൊവായുടെ മുമ്പാകെ കൊണ്ടുവ
ന്ന, കാളയുടെ തലയിന്മെൽ ത
ന്റെ കയ്യിനെ വെച്ച, യഹൊവാ
യുടെ മുമ്പാകെ കാളയെ കൊല്ലെ
ണം.

൫ അപ്പൊൾ അഭിഷെകം ചെ
യ്യപ്പെട്ട ആചാൎയ്യൻ കാളയുടെ ര
ക്തത്തിൽനിന്ന എടുത്ത, അതിനെ
സംഘത്തിന്റെ കൂടാരത്തിൽ കൊ
ണ്ടുവരെണം.

൬ പിന്നെ ആചാൎയ്യൻ തന്റെ
വിരലിനെ രക്തത്തിൽ മുക്കി, ആ
രക്തത്തിൽനിന്ന എഴ പ്രാവശ്യം
യഹൊവായുടെ മുമ്പാകെ ശുദ്ധ
സ്ഥലത്തിന്റെ തിരശീലെക്ക നെ
രെ തളിക്കെണം.

൭ പിന്നെയും ആചാൎയ്യൻ ആ
രക്തത്തിൽനിന്ന [കുറെ] യഹൊ
വായുടെ മുമ്പാകെ സംഘത്തിന്റെ
കൂടാരത്തിൽ (ഇരിക്കുന്ന) സുഗന്ധ
വൎഗ്ഗങ്ങളുടെ ധൂപപീഠത്തിന്റെ
കൊമ്പുകളിൽ പുരട്ടി, കാളയുടെ ര
ക്തത്തെ ഒക്കെയും സംഘത്തിന്റെ
കൂടാരവാതുക്കൽ [ഇരിക്കുന്ന] ഹൊ
മബലിപീഠത്തിന്റെ ചുവട്ടിൽ ഒ
ഴിച്ചു കളയെണം.

൮ പാപത്തിന ബലിയായുള്ള
കാളയുടെ സകല മെദസ്സിനെയും;
കുടലുകളെ പൊതിയുന്ന മെദസ്സി
നെയും, കുടലുകളുടെമെൽ [ഇരിക്കു
ന്ന] എല്ലാ മെദസ്സിനെയും അതി
ൽനിന്ന നീക്കെണം.

൯ രണ്ട കുണ്ടികായകളെയും, അ
വയുടെ മെൽ ചെറുകുടലുകളുടെ ഇ
ടത്ത [ഇരിക്കുന്ന] മെദസ്സിനെയും;
കുണ്ടികായകളൊട കൂടെ കരളിന്മെ

ൽ [ഇരിക്കുന്ന] വപയെയും അവൻ നീക്കെണം.

൧൦ സമാധാന കാഴ്ചയാകുന്ന ബലിക്കുള്ള കാളയിൽനിന്ന നീക്കപ്പെട്ടത പൊലെ തന്നെ; ആചാൎയ്യൻ അവയെ ഹൊമബലിപീഠത്തിന്മെൽ ചുട്ടുകളകയും വെണം.

൧൧ എന്നാൽ കാളയുടെ തൊലിനെയും, അതിന്റെ എല്ലാ മാംസത്തെയും, അതിന്റെ തലയൊടും, തുടകളൊടും, അതിന്റെ കുടലുകളൊടും, അതിന്റെ ചാണകത്തൊടും കൂടെ,

൧൨ കാളയെ മുഴുവനും അവൻ പാളയത്തിന പുറത്തെക്ക ചാരം ഇടുന്ന വെടിപ്പുള്ള സ്ഥലത്ത കൊണ്ടുപൊയി, വിറകുകളുടെ മെൽ അഗ്നികൊണ്ട ചുട്ടുകളയെണം: ചാരം ഇടുന്നെടത്ത തന്നെ അവൻ അതിനെ ചുട്ടുകളയെണം.

൧൩ ¶ എന്നാൽ യിസ്രാഎൽ സംഘം ഒക്കെയും അറിയായ്മ കൊണ്ട തെറ്റി, നടന്ന കാൎയ്യവും സംഘത്തിന്റെ കണ്ണുകളിൽനിന്ന മറവായിരുന്ന, അവർ യഹൊവായുടെ സകല കല്പനകളിലും യാതൊന്നിന വിരൊധമായി, ചെയ്യരുതാത്തതിനെ ചെയ്തു, കുറ്റക്കാരായി തീൎന്നാൽ,

൧൪ അവർ അതിന വിരൊധമായി ചെയ്ത പാപം അറിയപ്പെടുമ്പൊൾ, സംഘം മാടുകളിൽനിന്ന ഒരു കാളയെ പാപത്തിന ബലി കഴിച്ചു, അതിനെ സംഘത്തിന്റെ കൂടാരത്തിന മുമ്പാകെ കൊണ്ടുവരെണം.

൧൫ പിന്നെ സംഘത്തിലെ മൂപ്പന്മാർ യഹൊവായുടെ മുമ്പാകെ കാളയുടെ തലയിന്മെൽ തങ്ങളുടെ കൈകളെ വെക്കെണം: യഹൊവായുടെ മുമ്പാകെ കാള കൊല്ലപ്പെടുകയും വെണം.

൧൬ അപ്പൊൾ അഭിഷെകം ചെയ്യപ്പെട്ട ആചാൎയ്യൻ കാളയുടെ രക്തത്തിൽനിന്ന സംഘത്തിന്റെ കൂടാരത്തിൽ കൊണ്ടുവരെണം.

൧൭ ആചാൎയ്യൻ തന്റെ വിരലിനെ രക്തത്തിൽ മുക്കി, എഴ പ്രാവശ്യം യഹൊവായുടെ മുമ്പാകെ തിരശീലെക്ക നെരെ തളിക്കെണം.

൧൮ പിന്നെ അവൻ സംഘത്തിന്റെ കൂടാരത്തിൽ യഹൊവായുടെ മുമ്പാകെ [ഇരിക്കുന്ന] പീഠത്തിന്റെ കൊമ്പുകളിന്മെൽ രക്തത്തിൽനിന്ന [കുറെ] പുരട്ടി, രക്തത്തെ ഒക്കെയും സംഘത്തിന്റെ കൂടാരവാതുക്കൽ [ഇരിക്കുന്ന] ഹൊമബലിപീഠത്തിന്റെ ചുവട്ടിൽ ഒഴിച്ചുകളയെണം.

൧൯ അതിന്റെ മെദസ്സിനെ ഒക്കെയും അവൻ അതിൽനിന്ന നീക്കി, ബലിപീഠത്തിന്മെൽ ചുട്ടുകളയെണം.

൨൦ പാപത്തിന ബലിക്കായുള്ള കാളയൊട അവൻ ചെയ്തപ്രകാരം തന്നെ ഈ കാളയൊട ചെയ്യെണം: അപ്രകാരം ഇതിനൊടും ചെയ്യെണം: ആചാൎയ്യൻ അവൎക്ക വെണ്ടി പാപപരിഹാരം ചെയ്കയും വെണം; എന്നാൽ അവരൊട ക്ഷമിക്കപ്പെടും.

൨൧ പിന്നെ അവൻ കാളയെ പാളയത്തിന പുറത്ത കൊണ്ടുപൊയി, മുമ്പിലത്തെ കാളയെ ചുട്ടുകളഞ്ഞത പൊലെ അതിനെ ചുട്ടുകളയെണം: ഇത സംഘത്തിന വെണ്ടി പാപത്തിന ബലി [ആകുന്നു.]

൨൨ ¶ ഒരു പ്രഭു പാപം ചെയ്തു അറിയായ്മ കൊണ്ട തന്റെ ദൈ

ഢമായ യഹൊവായുടെ സകല ക
ല്പനകളിലും യാതൊന്നിന വിരൊ
ധമായി ചെയ്യരുതാത്തതിനെ ചെ
യ്യു, കുററക്കാരനായിരുന്നാൽ ;
൨൩ അല്ലെങ്കിൽ അവൻ ചെയ്യു
പാപം അവന അറിയിക്കപ്പെട്ടു
എങ്കിൽ, അവൻ വെള്ളാട്ടുകളിൽനി
ന്ന കുററമില്ലാത്ത് ഒരു ആട്ടിൻ കു
ട്ടിയെ തന്റെ കാഴ്ചയായിട്ടു കൊ
ണ്ടുവരെണം:
൨൪ അവൻ ആട്ടിൻ കുട്ടിയുടെ
തലയിന്മെൽ തന്റെ കയ്യിനെ
വെച്ചു, യഹൊവായുടെ മുമ്പാകെ
ഹൊമബലിയെ കൊല്ലുന്ന സ്ഥ
ലത്ത അതിനെ കൊല്ലുകയും വെ
ണം: അത പാപത്തിന ബലി
[ആകുന്നു.]
൨൫ പിന്നെ ആചാൎയ്യൻ പാപ
ബലിയുടെ രക്തത്തിൽനിന്ന ത
ന്റെ വിരൽ കൊണ്ട എടുത്ത,
ഹൊമബലിപീഠത്തിന്റെ കൊമ്പു
കളിൽ പുരട്ടി,അതിന്റെ രക്തത്തെ
ഹൊമ ബലിപീഠത്തിന്റെ ചു
വട്ടിൽ ഒഴിച്ചുകളയെണം.
൨൬ അതിന്റെ മെദസ്സിനെ ഒ
ക്കെയും അവൻ, സമാധാന ബ
ലിയുടെ മെദസ്സിനെ പൊലെ,ബ
ലിപീഠത്തിന്മെൽ ചുട്ടുകളയെണം:
അവന്റെ പാപം നിമിത്തം അ
വന വെണ്ടി ആചാൎയ്യൻ പരിഹാ
രം ചെയ്കയും വെണം: അപ്പൊൾ
അത അവനൊട ക്ഷമിക്കപ്പെട്ടും.
൨൭ ¶ ദെശത്തുള്ള ജനങ്ങളിൽ ഒ
ര ആത്മാവു അറിയായ്മ കൊണ്ട
പാപം ചെയ്യു, യഹൊവായുടെ ക
ല്പനകളിൽ യാതൊന്നിന വിരൊ
ധമായി ചെയ്യരുതാത്തതിനെ ചെ
യ്യു, കുററക്കാരനായാൽ ;
൨൮ അല്ലെങ്കിൽ അവൻ ചെയ്യു
പാപം അവന അറിയിക്കപ്പെട്ടു
എങ്കിൽ, അവൻ ചെയ്യു പാപത്തി
നായി വെള്ളാട്ടുകളിൽനിന്നകുററമി
ല്ലാത്ത ഒരു പെൺകുട്ടിയെ തന്റെ
കാഴ്ചയായിട്ടു കൊണ്ടുവരെണം.
൨൯ പിന്നെ അവൻ പാപ ബ
ലിയുടെ തലയിന്മെൽ തന്റെ ക
യ്യിനെ വെച്ചു, ഹൊമബലിയുടെ
സ്ഥലത്ത പാപബലിയെ കൊ
ല്ലെണം.
൩൦ അപ്പൊൾ ആചാൎയ്യൻ അ
തിന്റെ രക്തത്തിൽനിന്ന തന്റെ
വിരൽ കൊണ്ട എടുത്ത, ഹൊമബ
ലിപീഠത്തിന്റെ കൊമ്പുകളിന്മെൽ
പുരട്ടി, അതിന്റെ രക്തത്തെ ഒക്കെ
യും ബലിപീഠത്തിന്റെ ചുവട്ടിൽ
ഒഴിച്ചു കളയെണം.
൩൧ അതിന്റെ മെദസ്സിനെ ഒ
ക്കെയും, സമാധാന ബലിയിൽ
നിന്ന മെദസ്സ നീക്കപ്പെടുന്ന പ്ര
കാരം, നീക്കുകയും വെണം: പി
ന്നെ ആചാൎയ്യൻ [അതിനെ] ബ
ലിപീഠത്തിന്മെൽ യഹൊവായി
ക്ക അനുകൂലവാസനയായി ചുട്ടു
കളയെണം; ആചാൎയ്യൻ അവന
വെണ്ടി പാപപരിഹാരം ചെയ്ക
യും വെണം; അപ്പൊൾ അത അ
വനൊട ക്ഷമിക്കപ്പെട്ടും.
൩൨ പിന്നെയും അവൻ പാപ
ബലിയായിട്ടു ഒരു ആട്ടിൻ കുട്ടി
യെ കൊണ്ടുവരുന്നു എങ്കിൽ, അ
വൻ കുററമില്ലാത്ത പെണ്ണാട്ടിനെ
കൊണ്ടുവരെണം.
൩൩ അവൻ പാപബലിയുടെ
തലയിന്മെൽ തന്റെ കയ്യിനെ
വെച്ചു, ഹൊമബലി കൊല്ലപ്പെട്ടു
ന്ന സ്ഥലത്ത അതിനെ പാപബ
ലിയായിട്ടു കൊല്ലെണം.
൩൪ അപ്പൊൾ ആചാൎയ്യൻ ആ
പാപബലിയുടെ രക്തത്തിൽനി
ന്ന തന്റെ വിരൽ കൊണ്ട എടു

ത്ത, ഹൊമ ബലിപീഠത്തിന്റെ കൊമ്പുകളിന്മെൽ പുരട്ടി, രക്തത്തെ ഒക്കെയും ബലിപീഠത്തിന്റെ ചുവട്ടിൽ ഒഴിച്ച കളയെണം.

൩൫ അവൻ അതിന്റെ മെദസ്സിനെ ഒക്കെയും, സമാധാന ബലിയിൽനിന്ന ആട്ടിൻകുട്ടിയുടെ മെദസ്സ നീക്കപ്പെടുന്ന പ്രകാരം, നീക്കുകയും വെണം: പിന്നെ ആചാര്യൻ ബലിപീഠത്തിന്മെൽ യഹൊവായുടെ ഹൊമബലികളുടെമെൽ അവയെ ചുട്ടുകളയെണം: അവൻ ചെയ്ത പാപത്തിന ആചാര്യൻ പരിഹാരം ചെയ്കയും വെണം; അപ്പൊൾ അത അവനൊട ക്ഷമിക്കപ്പെടും.

൫ അദ്ധ്യായം.

൧ ശുദ്ധമുള്ള വസ്തുവിനെ തൊടുന്നതിൽ എങ്കിലും,—൪ ആണയിടുന്നതിൽ എങ്കിലും, തനിക്കുള്ള അറിവിനെ മറെക്കുന്നവനെ കുറിച്ചും. ൧൫ ശുദ്ധമുള്ള വസ്തുവിലും,—൧൭ അറിയായ്മ കൊണ്ടുള്ള പാപങ്ങളിലും കുററബലി.

ഒര ആത്മാവ പാപം ചെയ്തു, ആണയുടെ ശബ്ദത്തെ കെട്ടും, കണ്ട അല്ലെങ്കിൽ അറിഞ്ഞ സാക്ഷിയായിരുന്നാൽ, അതിനെ അറിയിക്കാതെ ഇരിക്കുന്നു എങ്കിൽ, അവൻ തന്റെ അകൃത്യത്തെ വഹിക്കെണം.

൨ അല്ലെങ്കിൽ അശുദ്ധമുള്ള കാട്ടുമൃഗത്തിന്റെ ഉടലെങ്കിലും, അശുദ്ധമുള്ള മൃഗത്തിന്റെ ഉടലെങ്കിലും, അശുദ്ധമുള്ള ഇഴയുന്ന ജന്തുവിന്റെ ഉടലെങ്കിലും ആകട്ടെ, അശുദ്ധമുള്ള യാതൊരു വസ്തുവിനെയും ഒര ആത്മാവ തൊട്ടിട്ട, അത അവനിൽനിന്ന മറഞ്ഞിരിക്കുന്നു എങ്കിലും, അവൻ അശുദ്ധിയുള്ളവനും കുററക്കാരനും [ആകെണം.]

൩ അല്ലെങ്കിൽ യാതൊരു അശുദ്ധത്താൽ, എങ്കിലും അശുദ്ധപ്പെടുന്ന ഒരു മനുഷ്യന്റെ അശുദ്ധിയെ അവൻ തൊട്ടിട്ട, അത അവനിൽനിന്ന മറഞ്ഞിരിക്കുന്നു എങ്കിലും, അവൻ അതിനെ അറിയുമ്പൊൾ, അവൻ കുററക്കാരനാകെണം.

൪ അല്ലെങ്കിൽ ഒരു മനുഷ്യൻ ആണ കൊണ്ട ഉച്ചരിക്കുന്ന എതൊരു കാര്യത്തിലും ഒരു ആത്മാവ ദൊഷം ചെയ്യുന്നതിനൊ, ഗുണം ചെയ്യുന്നതിനൊ തന്റെ അധരങ്ങൾ കൊണ്ട ഉച്ചരിച്ച ആണയിട്ട, അത അവനിൽനിന്ന മറഞ്ഞിരിക്കുന്നു എങ്കിലും, അവൻ അറിയുമ്പൊൾ, ഇവയിൽ ഒന്നിൽ കുററക്കാരനായിരിക്കെണം.

൫ പിന്നെ ഉണ്ടാകുന്നത എന്തെന്നാൽ, ഇവയിൽ ഒന്നിൽ അവൻ കുററക്കാരനാകുമ്പൊൾ, അവൻ താൻ അതിൽ പാപം ചെയ്തു എന്ന എററ പറയെണം.

൬ അവൻ ചെയ്ത പാപത്തിനായിട്ട, യഹൊവായിക്ക തന്റെ കുററത്തിന ബലിയായി, ആടുകളിൽനിന്ന എങ്കിലും, വെള്ളാടുകളിൽനിന്ന എങ്കിലും ഒരു പെൺകുട്ടിയെയൊ വെള്ളാട്ടിൻ കുട്ടിയെയൊ പാപ ബലിയായിട്ട കൊണ്ടുവരെണം: ആചാര്യൻ അവന വെണ്ടി അവന്റെ പാപത്തിന പരിഹാരം ചെയ്കയും വെണം.

൭ ¶ ഒര ആട്ടിൻ കുട്ടിയെ കൊണ്ടുവരുവാൻ അവന്റെ കൈക്കൽ ഇല്ലാതെ ഇരുന്നാൽ, അവൻ താൻ ചെയ്ത കുററത്തിന രണ്ട കാട്ടു പ്രാവുകളെ എങ്കിലും, രണ്ട പ്രാവുകുഞ്ഞുങ്ങളെ എങ്കിലും, ഒന്നിനെ പാപബലിയായിട്ടും, മറെറതിനെ ഹൊമബലിയായിട്ടും യഹൊവായിക്ക കൊണ്ടുവരെണം.

൮ അവയെ അവൻ ആചാര്യ

ന്റെ അടുക്കൽ കൊണ്ടുവരെണം,
ഇവൻ പാപബലിയായിട്ടുള്ളതി
നെ മുമ്പെ കഴിച്ച, അതിന്റെ ത
ലയെ അതിന്റെ കഴുത്തിൽനി
ന്ന പിരിച്ചു കളഞ്ഞ, രണ്ടാക്കാതെ
ഇരിക്കെണം.
൯ അവൻ പാപബലിയുടെ ര
ക്തത്തിൽനിന്ന ബലിപീഠത്തി
ന്റെ ചുവരിൽ തളിക്കെണം: ശെ
ഷമുള്ള രക്തം ബലിപീഠത്തിന്റെ
ചുവട്ടിൽ പിഴിഞ്ഞ കളയെണം:
അത പാപബലി.
൰ രണ്ടാമത്തെതിനെ അവൻ
ന്യായ ക്രമപ്രകാരം ഹൊമബലി
യായിട്ട കഴിക്കെണം: ആചാൎയ്യ
ൻ അവന വെണ്ടി അവൻ ചെ
യ്ത പാപത്തിന പരിഹാരം ചെ
യ്കയും വെണം: അപ്പൊൾ അത
അവനൊട ക്ഷമിക്കപ്പെടും.
൰൧ ¶ രണ്ട കാട്ടുപ്രാവുകളെ എ
ങ്കിലും, രണ്ട പ്രാവുകുഞ്ഞങ്ങളെ
എങ്കിലും കൊണ്ടുവരുവാൻ അവ
ന്റെ കൈക്കൽ ഇല്ലാതിരുന്നാൽ,
പാപം ചെയ്തവൻ പാപബലി
ക്കായിട്ട ഒരു പറ നെരിയ മാവി
ൽ പത്തിലൊര അംശത്തെ തന്റെ
കാഴ്ചയായിട്ട കൊണ്ടുവരെണം: അ
ത പാപബലിയാകകൊണ്ട, അ
തിന്മെൽ എണ്ണയെ ഒഴിക്കാതെയും
കുന്തുരുക്കത്തെ ഇടാതെയും ഇരിക്കെ
ണം.
൰൨ പിന്നെ അവൻ അതിനെ
ആചാൎയ്യന്റെ അടുക്കൽ കൊണ്ടു
വരെണം; അപ്പൊൾ ആചാൎയ്യൻ
അതിന്റെ ഒൎമ്മെക്കായി അതിൽ
നിന്ന തന്റെ കൈപ്പിടി നിറെ
ച്ച എടുത്ത, ബലിപീഠത്തിന്മെൽ
യഹൊവായിക്കുള്ള ദഹനബലി
കളുടെ മീതെ ചുട്ടുകളയെണം: അ
ത പാപബലി.

൰൩ അവന വെണ്ടി ആചാൎയ്യ
ൻ ഇവയിൽ ഒന്നിൽ അവൻ ചെ
യ്ത പാപത്തിനായിക്കൊണ്ട പരി
ഹാരം ചെയ്കയും വെണം: അ
പ്പൊൾ അത അവനൊട ക്ഷമിക്ക
പ്പെടും: [ശിഷ്ടമുള്ളത] ആഹാര കാ
ഴ്ച പൊലെ ആചാൎയ്യന്നുള്ളതായി
രിക്കെണം.
൰൪ ¶ പിന്നെയും യഹൊവാ
മൊശെയൊട സംസാരിച്ച പറ
ഞ്ഞത എന്തെന്നാൽ,
൰൫ ഒരു ആത്മാവ യഹൊവാ
യുടെ ശുദ്ധമുള്ളവയിൽ അറിയാ
യ്ക കൊണ്ട അകൃത്യം ചെയ്ത, പാ
പം ചെയ്താൽ, അവൻ തന്റെ കു
റ്റത്തിന, ശുദ്ധസ്ഥലത്തിലെ ശെ
ക്കലിൻ പ്രകാരം, നിന്റെ മതിപ്പ
പൊലെ അത്ര ശെക്കൽ വെള്ളി
വിലയുള്ള ആട്ടിൻ കൂട്ടങ്ങളിൽനി
ന്ന കുറ്റമില്ലാത്ത ഒരു കൊറ്റനെ
കുറ്റബലിയായിട്ട യഹൊവായി
ക്ക കൊണ്ടുവരെണം.
൰൬ ശുദ്ധമുള്ളതിൽ താൻ പാപം
ചെയ്തതിന പകരം കൊടുത്ത, അ
തിനൊട കൂടെ അഞ്ചിലൊര അം
ശത്തെയും കൂട്ടി, അതിനെ ആചാ
ൎയ്യന കൊടുക്കെണം: ആചാൎയ്യൻ
കുറ്റത്തിന ബലിയായുള്ള ആടി
നെ കൊണ്ട അവന വെണ്ടി പാ
പപരിഹാരം ചെയ്കയും വെണം:
അപ്പൊൾ അത അവനൊട ക്ഷ
മിക്കപ്പെടും.
൰൭ ഒരു ആത്മാവ പാപം ചെ
യ്ത, യഹൊവായുടെ സകല കല്പ
നകളിലും യാതൊന്നിന വിരൊ
ധമായി ചെയ്യരുതാത്തതിനെ ചെ
യ്താൽ, അവൻ അറിയാതിരുന്നു
എങ്കിലും അവൻ കുറ്റക്കാരനായി
രുന്ന, തന്റെ അകൃത്യത്തെ വഹി
ക്കെണം.

൧൮ പിന്നെ അവൻ കുററത്തിന ബലിക്കായിട്ട നിന്റെ മതിപ്പിൻ പ്രകാരം ആട്ടിൻ കൂട്ടത്തിൽനിന്ന കുററമില്ലാത്ത ഒരു കൊററനെ ആചാൎയ്യന്റെ അടുക്കൽ കൊണ്ടുവരെണം: അപ്പൊൾ ആചാൎയ്യൻ അവൻ അറിയാതെ തെററ ചെയ്തു അറിയായ്മക്കായിട്ട അവന വെണ്ടി പരിഹാരം ചെയ്കയും വെണം: അപ്പൊൾ അത അവനൊട ക്ഷമിക്കപ്പെടും.

൧൯ അത കുററത്തിന ബലി: അവൻ യഹൊവായിക്ക വിരൊധമായി കുററം ചെയ്തു നിശ്ചയം.

൬ അദ്ധ്യായം.

൧ അറിഞ്ഞും കൊണ്ട ചെയ്യുന്ന പാപങ്ങൾക്ക വെണ്ടിയുള്ള കുററബലി.—൯ ആചാൎയ്യന്റെ പ്രതിഷ്ഠയിങ്കലുള്ള കാഴ്ച.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞത എന്തെന്നാൽ,

൨ ഒര ആത്മാവ പാപം ചെയ്തു, യഹൊവായിക്ക വിരൊധമായി അന്യായം ചെയ്തു, തങ്കലെക്ക ഭരമെല്പിക്കപ്പെട്ടതിലൊ, തന്റെ കയ്യിൽ വെക്കപ്പെട്ടതിലൊ, അപഹരിക്കപ്പെട്ടതിലൊ, തന്റെ അയല്ക്കാരനൊട ഭൊഷ്ക്കു പറക എങ്കിലും, തന്റെ അയല്ക്കാരനൊട ഞെരുക്കം ചെയ്ക എങ്കിലും,

൩ കാണാതെ പൊയതിനെ കണ്ടെത്തിയും അതിനെ കുറിച്ച ഭൊഷ്ക്കു പറഞ്ഞ, മനുഷ്യൻ പാപം ചെയ്തുകൊണ്ട ചെയ്യുന്ന ഇവ സകല കാൎയ്യങ്ങളിൽ ഒന്നിലും കള്ളമായി ആണയിടുക എങ്കിലും ചെയ്താൽ,

൪ ഇപ്രകാരം വെണം, അവൻ പാപം ചെയ്തു, കുററക്കാരനാക കൊണ്ട, താൻ ബലാല്ക്കാരമായി അപഹരിച്ചതിനെയും, അല്ലെങ്കിൽ താൻ ഞെരുക്കം ചെയ്തു വാങ്ങിയതിനെയും, അല്ലെങ്കിൽ തങ്കൽ ഭരമെല്പിക്കപ്പെട്ടതിനെയും, അല്ലെങ്കിൽ താൻ കണ്ടെത്തിയ കാണാതെ പൊയിരുന്ന വസ്തുവിനെയും,

൫ അല്ലെങ്കിൽ താൻ കള്ളമായി ആണയിട്ട സകലത്തെയും തിരികെ കൊടുത്ത, ആ മുതൽ ബൊധം വരുത്തുന്നതുമല്ലാതെ അതിനൊടകൂടെ അഞ്ചിലൊരു പങ്ക അധികം കൂട്ടി, അവന്റെ കുററത്തിന കാഴ്ച കഴിക്കുന്ന നാളിൽ, അതിന്റെ ഉടയവന കൊടുക്കെണം.

൬ പിന്നെ അവൻ തന്റെ കുററത്തിന ബലിക്കായി, നിന്റെ മതിപ്പിൻ പ്രകാരം, ആട്ടിൻ കൂട്ടത്തിൽനിന്ന കുററമില്ലാത്ത ഒര കൊററനെ യഹൊവായിക്ക കുററത്തിന ബലിയായിട്ട ആചാൎയ്യന്റെ അടുക്കൽ കൊണ്ടുവരെണം,

൭ ആചാൎയ്യൻ യഹൊവായുടെ മുമ്പാകെ അവന വെണ്ടി പാപപരിഹാരം ചെയ്കയും വെണം; അപ്പൊൾ അവൻ കുററക്കാരനായി ചെയ്തു സകലത്തിലും ഒരൊന്നിനും അവനൊട ക്ഷമിക്കപ്പെടും.

൮ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു,

൯ നീ അഹറൊനൊടും അവന്റെ പുത്രന്മാരൊടും കല്പിക്കെണ്ടത എന്തെന്നാൽ, ഹൊമബലിയുടെ ന്യായപ്രമാണം ഇത: അത രാത്രി മുഴുവൻ ഉഷസ്സുവരെ ബലിപീഠത്തിന്മെൽ എരിയുന്നതിന ഹൊമബലി [ആകുന്നു,] ബലിപീഠത്തിലെ അഗ്നി അതിൽ എരിയുന്നതായിരിക്കയും വെണം.

൧൦ ആചാൎയ്യൻ ചണനൂൽ കൊണ്ടുള്ള തന്റെ അങ്കിയെ ധരിച്ച,

ചണനൂൽ കൊണ്ടുള്ള തന്റെ കാൽ കുപ്പായത്തെ തന്റെ മാംസത്തിന്മെൽ ഇട്ടുകൊണ്ട, അഗ്നി ബലിപീഠത്തിന്മെൽ ഹൊമബലിയെ ദഹിപ്പിച്ചതിന്റെ ശെഷം ചാരത്തെ എടുത്ത, അതിനെ ബലിപീഠത്തിന്റെ അരികത്ത ഇടെണം.

൧൧ പിന്നെ അവൻ തന്റെ വസ്ത്രങ്ങളെ നീക്കിട്ട, മറെറ വസ്ത്രങ്ങളെ ധരിച്ച കൊണ്ട, ആ ചാരത്തെ പാളയത്തിന പുറത്ത വെടിപ്പുള്ള ഒരു സ്ഥലത്ത കൊണ്ടുപൊകയും വെണം.

൧൨ എന്നാൽ ബലിപീഠത്തിന്മെൽ ഉള്ള അഗ്നി അതിൽ കെട്ടുപൊകാതെ, കത്തി ഇരിക്കെണം: ആചാൎയ്യൻ ഉഷസ്സുതൊറും അതിന്മെൽ വിറകുകളെ എരിച്ച, അതിന്മെൽ ഹൊമബലിയെ അടുക്കി വെച്ച, അതിന്റെ മിതെ സമാധാന ബലികളുടെ മെദസ്സുകളെ ചുട്ടുകളുകയും വെണം.

൧൩ ബലിപീഠത്തിന്മെൽ അഗ്നി കെട്ടുപൊകാതെ എപ്പൊഴും കത്തിയിരിക്കെണം.

൧൪ ¶ പിന്നെയും ആഹാരകാഴ്ചയുടെ ന്യായപ്രമാണം ഇത; അഹറൊന്റെ പുത്രന്മാർ അതിനെ യഹൊവായുടെ മുമ്പാകെ ബലിപീഠത്തിന്റെ മുമ്പിൽ കഴിക്കെണം.

൧൫ ആഹാരകാഴ്ചയുടെ നെരിയ മാവിലും, അതിന്റെ എണ്ണയിലും നിന്ന തന്റെ കൈപിടി നിറച്ചതിനെയും, ആഹാരകാഴ്ചയിലുള്ള എല്ലാ കുന്തുരുക്കത്തെയും എടുത്ത, അതിന്റെ ഒൎമ്മക്ക അതിനെ ബലിപീഠത്തിന്മെൽ യഹൊവായിക്ക അനുകൂലവാസനയായി ചുട്ടുകളയെണം.

൧൬ അതിൽ ശെഷിപ്പുള്ളതിനെ അഹറൊനും അവന്റെ പുത്രന്മാരും ഭക്ഷിക്കെണം: അത പുളിപ്പില്ലാത്തതായി ശുദ്ധസ്ഥലത്ത വെച്ച ഭക്ഷിക്കപ്പെടെണം: സംഘത്തിന്റെ കൂടാരത്തിന്റെ പ്രാകാരത്തിൽ അവർ അതിനെ ഭക്ഷിക്കെണം.

൧൭ അത പുളിച്ച മാവു കൂട്ടി ചുടപ്പെടരുത: അതിനെ ഞാൻ എന്റെ ദഹനബലികളിൽനിന്ന [അവൎക്ക] അവരുടെ ഒഹരിയായിട്ടു കൊടുത്തിരിക്കുന്നു: അത പാപത്തിന ബലിപൊലെയും, കുററത്തിന ബലി പൊലെയും മഹാ ശുദ്ധം.

൧൮ അഹറൊന്റെ മക്കളിൽ പുരുഷനായ എല്ലാവനും അതിനെ ഭക്ഷിക്കെണം: യഹൊവായുടെ ദഹന ബലികളിൽ അത നിങ്ങളുടെ തലമുറകളിൽ എന്നുമുള്ള കല്പന [ആയിരിക്കെണം:] അവയെ തൊടുന്നവൻ എല്ലാവനും ശുദ്ധിയുള്ളവനായിരിക്കെണം.

൧൯ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞത എന്തെന്നാൽ,

൨൦ അഹറൊൻ അഭിഷെകം ചെയ്യപ്പെടുന്ന ദിവസം, അവനും അവന്റെ പുത്രന്മാരും യഹൊവായിക്ക കഴിക്കെണ്ടുന്ന അവരുടെ കാഴ്ച ഇത; ഒരു പറ നെരിയ മാവിൽ പത്തിൽ ഒരു പങ്ക, രാവിലെ അതിൽ പാതിയും, സന്ധ്യനെരത്ത അതിൽ പാതിയും നിത്യ ആഹാര കാഴ്ചയായി [കഴിക്കെണം.]

൨൧ ചട്ടുകത്തിന്മെൽ എണ്ണ കൊണ്ട അത ഉണ്ടാക്കപ്പെടെണം; നീ അത ചുടപ്പെട്ടതായി കൊണ്ടുവന്ന, ആഹാരകാഴ്ചയുടെ ചുടപ്പെട്ട കഷണങ്ങളെ യഹൊവായിക്ക അനുകൂലവാസനയായി കഴിക്കെണം.

൨൨ അവന്റെ പുത്രന്മാരിൽ അവന്ന പകരം അഭിഷെകം ചെയ്യപ്പെടുന്ന ആചാൎയ്യനും അതിനെ കഴിക്കെണം: [അത] യഹൊവായിക്ക നിത്യകല്പന; അത മുഴുവനും ചുട്ടുകളയപ്പെടെണം.

൨൩ ആചാൎയ്യന്റെ ആഹാരകാഴ്ച ഒക്കെയും മുഴുവനും ചുട്ടുകളയപ്പെടെണം: അത ഭക്ഷിക്കപ്പെടരുത.

൨൪ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു,

൨൫ നീ അഹറൊനൊടും അവന്റെ പുത്രന്മാരൊടും പറയെണ്ടുന്നത എന്തെന്നാൽ, പാപത്തിന ബലിയുടെ ന്യായപ്രമാണം ഇത: ഹൊമബലി കൊല്ലപ്പെടുന്നസ്ഥലത്ത പാപത്തിന ബലിയും യഹൊവായുടെ മുമ്പാകെ കൊല്ലപ്പെടെണം: അത മഹാ ശുദ്ധം [ആകുന്നു.]

൨൬ അതിനെ പരിഹാരമായി കഴിക്കുന്ന ആചാൎയ്യൻ അതിനെ ഭക്ഷിക്കെണം: സംഘത്തിന്റെ കൂടാരത്തിന്റെ പ്രാകാരത്തിൽ ശുദ്ധസ്ഥലത്ത വെച്ച അത ഭക്ഷിക്കപ്പെടെണം.

൨൭ അതിന്റെ മാംസത്തെ തൊടുന്നവൻ എല്ലാവനും ശുദ്ധിയുള്ളവനായിരിക്കെണം: അതിന്റെ രക്തത്തിൽനിന്ന ഒരു വസ്ത്രത്തിൽ തളിക്കപ്പെടുമ്പൊൾ, അത എതിൽ തളിക്കപ്പെട്ടുവൊ, അതിനെ നീ ശുദ്ധസ്ഥലത്ത വെച്ച കഴുകെണം.

൨൮ എന്നാൽ അത വെവിക്കപ്പെട്ട മണ്പാത്രം ഉടെക്കപ്പെടെണം: ചെമ്പകലത്തിൽ വെവിക്കപ്പെട്ടു എങ്കിൽ, അത തെക്കപ്പെടുകയും, വെള്ളം കൊണ്ട കഴുകപ്പെടുകയും വെണം.

൨൯ ആചാൎയ്യന്മാരിൽ പുരുഷനായവൻ എല്ലാവനും അതിനെ ഭക്ഷിക്കെണം: അത മഹാ ശുദ്ധം.

൩൦ എന്നാൽ പാപത്തിന എത ബലിയുടെ രക്തത്തിൽനിന്ന ശുദ്ധസ്ഥലത്തിൽ പാപപരിഹാരം ചെയ്യുന്നതിന സംഘത്തിന്റെ കൂടാരത്തിനകത്ത കൊണ്ടുവരപ്പെട്ടുവൊ ആ ബലി ഭക്ഷിക്കപ്പെടരുത: അത അഗ്നിയിൽ ചുട്ടുകളയപ്പെടെണം.

൭ അദ്ധ്യായം.

൧ കുററത്തിനുള്ള ബലിയുടെയും,—൧൧ സമാധാനത്തിനുള്ള ബലികളുടെയും ന്യായപ്രമാണം.—൨൨ മെദസ്സും,—൨൬ രക്തവും വിരൊധിക്കപ്പെട്ടത.

പിന്നെയും കുററത്തിന ബലിയുടെ ന്യായപ്രമാണം ഇത: അത മഹാ ശുദ്ധം.

൨ അവർ ഹൊമബലിയെ കൊല്ലുന്ന സ്ഥലത്ത കുററത്തിന ബലിയെയും കൊല്ലെണം: അതിന്റെ രക്തത്തെ അവൻ ബലിപീഠത്തിന്മെൽ ചുററും തളിക്കെണം.

൩ പിന്നെ അവൻ അതിൽനിന്ന അതിന്റെ സകല മെദസ്സിനെയും, വാലിനെയും, കുടലുകളെ പൊതിയുന്ന മെദസ്സിനെയും,

൪ രണ്ട കുണ്ടിക്കായകളെയും, അവയുടെ മെൽ ചെറുകുടലുകളിടത്ത [ഇരിക്കുന്ന] മെദസ്സിനെയും, കുണ്ടിക്കായകളൊട കൂടെ കരളിന്മെൽ [ഇരിക്കുന്ന] വപയെയും നീക്കി, കഴിക്കെണം.

൫ ഇവയെ ആചാൎയ്യൻ ബലിപീഠത്തിന്മെൽ യഹൊവായിക്ക ദഹനബലിയായിട്ട ചുട്ടുകളയെണം: അത കുററത്തിന ബലി.

൬ ആചാൎയ്യന്മാരിൽ പുരുഷനായ എല്ലാവനും അതിനെ ഭക്ഷിക്കെണം: അത ശുദ്ധ സ്ഥലത്ത

വെച്ച ഭക്ഷിക്കപ്പെടെണം: അത
മഹാ ശുദ്ധം.

൭ പാപബലി പൊലെ തന്നെ
കുററബലി [ആകുന്നു:] അവെക്ക
ന്യായപ്രമാണവും ഒന്ന:അതുകൊ
ണ്ട അത പാപപരിഹാരം ചെയ്യു
ന്ന ആചാൎയ്യന തന്നെ ഇരിക്കെ
ണം.

൮ ഒരുത്തന്റെ ഹൊമ ബലി
യെ ആചാൎയ്യൻ കഴിക്കുമ്പൊൾ,
ഹൊമ ബലിയുടെ തൊൽ അതി
നെ കഴിച്ച ആചാൎയ്യന തന്നെ
ഇരിക്കെണം.

൯ അടുപ്പിൽ ചുടപ്പെടുന്ന ആ
ഹാരകാഴ്ച ഒക്കെയും, ചട്ടിയിലും ച
ട്ടുകത്തിലും ഉണ്ടാക്കപ്പെടുന്നത ഒ
ക്കെയും, അതിനെ കഴിക്കുന്ന ആ
ചാൎയ്യന തന്നെ ഇരിക്കെണം.

൰ എണ്ണയിൽ കുഴച്ചതും ഉണ
ങ്ങിയതുമായ സകല ആഹാര കാ
ഴ്ചയും അഹരൊന്റെ എല്ലാ പുത്ര
ന്മാൎക്കും, അവനവന സമമായി
ഇരിക്കെണം.

൰൧ ¶ പിന്നെയും അവൻ യ
ഹൊവായിക്ക കഴിക്കുന്ന സമാധാ
നബലിയുടെ ന്യായപ്രമാണം ഇ
ത:

൰൨ അതിനെ സ്തൊത്രത്തിനാ
യി അവൻ കഴിക്കുന്നു എങ്കിൽ,
അവൻ സ്തൊത്രബലിയൊട കൂ
ടെ എണ്ണയിൽ കുഴച്ച പുളിപ്പില്ലാ
ത്ത ദൊശകളെയും, എണ്ണ പൂശ
പ്പെട്ട പുളിപ്പില്ലാത്ത അടകളെയും,
എണ്ണയിൽ കുഴച്ച, വറക്കപ്പെട്ട
നെരിയ മാവുകൊണ്ടുള്ള ദൊശക
ളെയും കഴിക്കെണം.

൰൩ ദൊശകളെ കൂടാതെ അവൻ
പുളിച്ച മാവകൊണ്ടുള്ള അപ്പത്തെ
യും തന്റെ സമാധാന ബലിയാ
കുന്ന സ്തൊത്രബലിയൊട കൂടെ
തന്റെ ആഹാര കാഴ്ചയായിട്ട ക
ഴിക്കെണം.

൰൪ അതിൽനിന്ന ആ എല്ലാ കാ
ഴ്ചയിൽനിന്നും ഒന്നിനെ യഹൊ
വായിക്ക ആട്ടുന്ന കാഴ്ചയായിട്ട ക
ഴിക്കെണം; അത സമാധാനബ
ലിയുടെ രക്തത്തെ തളിക്കുന്ന ആ
ചാൎയ്യന്നുള്ളതായിരിക്കെണം.

൰൫ എന്നാൽ അവന്റെ സമാ
ധാനബലിയാകുന്ന സ്തൊത്രബ
ലിയുടെ മാംസം അത കഴിക്കപ്പെ
ട്ട ദിവസം തന്നെ ഭക്ഷിക്കപ്പെ
ടെണം: അതിൽ ഒന്നും പ്രഭാതകാ
ലം വരെയും അവൻ ശെഷിപ്പി
ക്കരുത.

൰൬ എന്നാൽ അവന്റെ കാഴ്ച
യാകുന്ന ബലി ഒരു നെൎച്ചയൊ, മ
നഃപൂൎവ്വമായുള്ള കാഴ്ചയൊ, [ആകു
ന്നു] എങ്കിൽ, അത അവൻ തന്റെ
ബലി കഴിക്കുന്ന ദിവസം തന്നെ
ഭക്ഷിക്കപ്പെടെണം : അതിൽ ശെ
ഷിപ്പുള്ളത പിറെറ ദിവസവും ഭ
ക്ഷിക്കപ്പെടെണം.

൰൭ എന്നാൽ ബലിയുടെ മാംസ
ത്തിൽനിന്ന മൂന്നാം ദിവസം ശെ
ഷിപ്പുള്ളത അഗ്നിയിൽ ചുട്ടുകളു
യപ്പെടെണം.

൰൮ പിന്നെ അവന്റെ സമാ
ധാന ബലിയുടെ മാംസത്തിൽ
[എതാനും] മൂന്നാം ദിവസം ഭക്ഷി
ക്കപ്പെട്ടാൽ, അത കൈക്കൊള്ളപ്പെ
ടുകയില്ല, അതിനെ കഴിക്കുന്നവന
കണക്കിടപ്പെടുകയുമില്ല: അത വെ
റുപ്പായിരിക്കും, അതിൽനിന്ന ഭ
ക്ഷിക്കുന്ന ആത്മാവ തന്റെ അ
കൃത്യത്തെ വഹിക്കയും വെണം.

൰൯ പിന്നെയും അശുദ്ധമായു
ള്ള യാതൊന്നിനെയും തൊടുന്ന
മാംസം ഭക്ഷിക്കപ്പെടരുത, അത
അഗ്നിയിൽ ചുട്ടുകളുയപ്പെടെണം:

എന്നാൽ ആ മാംസത്തെയൊ, ശു
ദ്ധമുള്ളവൻ എല്ലാം അതിനെ ഭ
ക്ഷിക്കാം.
൨൦ എന്നാൽ ഒരു ആത്മാവ, ത
ന്റെ അശുദ്ധം തന്റെ മെൽ ഇ
രിക്കുമ്പൊൾ, യഹൊവായിക്കുള്ള
സമാധാനബലികളുടെ മാംസ
ത്തെ ഭക്ഷിച്ചാൽ, ആ ആത്മാവ
തന്റെ ജനങ്ങളിൽനിന്ന ഛെദി
ക്കപ്പെടെണം.
൨൧ പിന്നെയും മനുഷ്യന്റെ
അശുദ്ധിയാകട്ടെ, അശുദ്ധമുള്ള മൃ
ഗമാകട്ടെ, അശുദ്ധമുള്ള എതൊരു
വെറുപ്പുള്ള വസ്തുവാകട്ടെ, ഒരു ആ
ത്മാവ അശുദ്ധമായുള്ള യാതൊ
ന്നിനെയും തൊടുകയും, യഹൊവാ
യിക്കുള്ള സമാധാന ബലികളുടെ
മാംസത്തിൽനിന്ന ഭക്ഷിക്കയും
ചെയ്താൽ, ആ ആത്മാവും തന്റെ
ജനങ്ങളിൽനിന്ന ഛെദിക്കപ്പെടെ
ണം.
൨൨ ¶ പിന്നെയും യഹൊവാ
മൊശെയൊട സംസാരിച്ചു പറ
ഞ്ഞു;
൨൩ നീ യിസ്രാഎൽ പുത്രന്മാ
രൊട സംസാരിച്ചു പറയെണ്ടുന്ന
ത എന്തെന്നാൽ, കാളയുടെയൊ,
ആടിന്റെയൊ, വെള്ളാടിന്റെ
യൊ മെദസ്സിനെ ഒന്നിനെയും നി
ങ്ങൾ ഭക്ഷിക്കരുത.
൨൪ താനെ ചാകുന്നതിന്റെ മെ
ദസ്സും, ചീന്തിപ്പൊയതിന്റെ മെ
ദസ്സും എത വിധ വെലെക്കും
കൊള്ളിക്കാം: എന്നാൽ നിങ്ങൾ
അതിനെ ഒരു പ്രകാരത്തിലും ഭ
ക്ഷിക്കരുത.
൨൫ എന്തുകൊണ്ടെന്നാൽ യഹൊ
വായിക്കു ദഹനബലിയായി ക
ഴിക്കപ്പെടുന്ന മൃഗത്തിന്റെ മെദ
സ്സിനെ ആരെങ്കിലും ഭക്ഷിച്ചാൽ,

ഭക്ഷിക്കുന്ന ആ ആത്മാവും തന്റെ
ജനങ്ങളിൽനിന്ന ഛെദിക്കപ്പെടെ
ണം.
൨൬ നിങ്ങളുടെ വാസസ്ഥലങ്ങളി
ൽ ഒന്നിലും യാതൊരു പക്ഷിയുടെ
എങ്കിലും മൃഗത്തിന്റെ എങ്കിലും ര
ക്തത്തെ നിങ്ങൾ ഭക്ഷിക്കയും അ
രുത.
൨൭ യാതൊരു ആത്മാവ എത ര
ക്തത്തെ ഭക്ഷിക്കുന്നുവൊ ആ ആ
ത്മാവും തന്റെ ജനങ്ങളിൽനിന്ന
ഛെദിക്കപ്പെടെണം.
൨൮ ¶ പിന്നെയും യഹൊവാ
മൊശെയൊട സംസാരിച്ചു പറ
ഞ്ഞു.
൨൯ നീ യിസ്രാഎൽ പുത്രന്മാ
രൊട സംസാരിച്ചു പറയെണ്ടുന്ന
ത എന്തെന്നാൽ, യഹൊവായിക്കു ത
ന്റെ സമാധാന ബലികളെ കഴി
ക്കുന്നവൻ തന്റെ സമാധാന ബ
ലിയിൽനിന്ന യഹൊവായിക്കു ത
ന്റെ കാഴ്ചയെ കൊണ്ടുവരെണം.
൩൦ അവന്റെ കൈകൾ തന്നെ
യഹൊവായുടെ ദഹനബലികളെ
കൊണ്ടുവരെണം; മാർഖണ്ഡം യ
ഹൊവായുടെ മുമ്പാകെ ഉയൎത്തപ്പെ
ട്ടു കാഴ്ചയായി ഉയൎത്തപ്പെടെണ്ടു
ന്നതിന അവൻ മാർ ഖണ്ഡത്തി
ന്മെലുള്ള മെദസ്സിനെയും കൊണ്ടു
വരെണം.
൩൧ അപ്പൊൾ ആചാൎയ്യൻ ആ
മെദസ്സിനെ ബലിപീഠത്തിന്മെൽ
ചുട്ടുകളയെണം: എന്നാൽ മാർഖ
ണ്ഡം അഹറൊന്നും അവന്റെ പു
ത്രന്മാൎക്കും ഉള്ളതായിരിക്കെണം.
൩൨ നിങ്ങളുടെ സമാധാന ബ
ലികളിൽ വലത്തെ മുൻ തുടയെയും
ഉയൎത്തപ്പെടുന്ന കാഴ്ചയായിട്ടു നി
ങ്ങൾ ആചാൎയ്യന കൊടുക്കെണം.
൩൩ അഹറൊന്റെ പുത്രന്മാരിൽ

സമാധാനബലികളുടെ രക്തത്തെ
യും മെദസ്സിനെയും കഴിക്കുന്നവ
ന തന്നെ വലത്തെ മുൻ തുട അ
വന്റെ പങ്കായിരിക്കെണം.

൩൪ എന്തുകൊണ്ടെന്നാൽ യി
സ്രാഎൽ പുത്രന്മാരുടെ സമാധാ
ന ബലികളിൽനിന്ന ആട്ടപ്പെട്ട
ന്ന മാർഖണ്ഡത്തെയും ഉയൎത്ത
പ്പെട്ടന്ന മുൻതുടയെയും ഞാൻ അ
വരിൽനിന്ന എടുത്ത, അവയെ
ആചാൎയ്യനായ അഹറൊന്നും അ
വന്റെ പുത്രന്മാൎക്കും യിസ്രാഎൽ
പുത്രന്മാരിൽനിന്ന നിത്യകല്പനയാ
യിട്ട കൊടുത്തിരിക്കുന്നു.

൩൫ ¶ യഹൊവായിക്ക ആചാ
ൎയ്യ ശുശ്രൂഷ ചെയ്വാൻ അവൻ
അവരെ ചെൎത്ത ദിവസത്തിൽ അഹ
റൊന്റെ അഭിഷെകവും അവ
ന്റെ പുത്രന്മാരുടെ അഭിഷെകവും
[ഉള്ള ഒഹരി] യഹൊവായുടെ ദ
ഹനബലികളിൽനിന്ന ഇത [ആ
കുന്നു.]

൩൬ ഇവയെ അവൻ അവരെ
അഭിഷെകം ചെയ്യുന്നാളിൽ അവ
ൎക്ക യിസ്രാഎൽ പുത്രന്മാരിൽനിന്ന
കൊടുപ്പാൻ യഹൊവാ അവരുടെ
തലമുറകളിൽ നിത്യകല്പനയായി ക
ല്പിച്ചു.

൩൭ ദഹനബലിക്കും, ആഹാരകാ
ഴ്ചെക്കും, പാപബലിക്കും, കുററബ
ലിക്കും, പ്രതിഷ്ഠാ ബലികൾക്കും,
സമാധാന ബലിക്കും ഉള്ള ന്യായ
പ്രമാണം ഇത തന്നെ [ആകുന്നു.]

൩൮ യഹൊവായിക്ക തങ്ങളുടെ
കാഴ്ചകളെ കഴിപ്പാൻ അവൻ യി
സ്രാഎൽ പുത്രന്മാരൊട സീനായ്യു
ടെ വനത്തിൽ വെച്ച കല്പിച്ച നാ
ളിൽ, ഇവയെ യഹൊവാ മൊശെ
യൊട സീനായ പൎവ്വതത്തിൽ ക
ല്പിച്ചു.

൮ അദ്ധ്യായം

൧ മൊശെ അഹറൊനെയും അവന്റെ പുത്രന്മാരെയും പ്രതിഷ്ഠിക്കുന്നത.—൧൪ അവരുടെ പാപത്തിനുള്ള ബലി.—൧൮ അവരുടെ ഹൊമബലി.—൨൨ പ്രതിഷ്ഠക്കുള്ള ആട്ടുകൊററൻ.—൩൧ അവരുടെ പ്രതിഷ്ഠെക്കുള്ള സ്ഥലവും സമയവും.

പിന്നെയും യഹൊവാ മൊശെ
യൊട സംസാരിച്ച പറഞ്ഞത എ
ന്തെന്നാൽ,

൨ നീ അഹറൊനെയും അവ
നൊടകൂടെ അവന്റെ പുത്രന്മാ
രെയും, വസ്ത്രങ്ങളെയും, അഭിഷെ
ക തൈലത്തെയും, പാപബലിക്കാ
യിട്ട ഒരു കാളയെയും, രണ്ട ആട്ടി
ൻ കൊററന്മാരെയും, പുളിപ്പില്ലാ
ത്ത അപ്പങ്ങളുള്ള ഒരു കൊട്ടയെ
യും കൊണ്ടുവന്ന,

൩ സംഘത്തെ ഒക്കെയും സം
ഘത്തിന്റെ കൂടാരത്തിന്റെ വാതി
ലിന്ന മുമ്പാകെ കൂട്ടുക.

൪ യഹൊവാ തന്നൊട കല്പിച്ച
പ്രകാരം തന്നെ മൊശെ ചെയ്തു:
സംഘത്തിന്റെ കൂടാരവാതിലിന്ന
മുമ്പാകെ സംഘം കൂടുകയും ചെയ്തു.

൫ അപ്പൊൾ മൊശെ സംഘ
ത്തൊട, ഇത യഹൊവാ ചെയ്വാ
ൻ കല്പിച്ച കാൎയ്യം എന്ന പറഞ്ഞു.

൬ ¶ പിന്നെ മൊശെ അഹറൊ
നെയും അവന്റെ പുത്രന്മാരെയും
അടുക്കൽ വരുത്തി, അവരെ വെ
ള്ളം കൊണ്ട കുളിപ്പിച്ചു.

൭ പിന്നെ അവൻ അവന അ
കത്തെ കുപ്പായത്തെ ഇട്ട, നടുകെട്ടു
കൊണ്ടും അരമുറുക്കി, അവന അങ്കി
യെയും ധരിപ്പിച്ചു, എഫൊദിനെ
യും അവന ഇട്ട, എഫൊദിന്റെ
ചിത്രപണിയുള്ള നടുകെട്ടു കൊ
ണ്ടും അവനെ അര മുറുക്കി, അതി
നെ അവന കെട്ടി;

൮ അവന മാർപതക്കത്തെയും
ധരിപ്പിച്ചു, മാർപതക്കത്തിൽ ഉറീ
മും തുമ്മീമും വെച്ചു;
൯ അവന്റെ തലയിൽ മുടിയെ
യും വെച്ചു, മുടിയുടെ മെൽ അവ
ന്റെ മുഖത്തിന നെരായി ശുദ്ധ
മുള്ള കിരീടമെന്ന പൊൻ തകട
നെയും ഇട്ടു; യഹൊവാ മൊശെ
യൊട കല്പിച്ച പ്രകാരം തന്നെ.
൰ പിന്നെ മൊശെ അഭിഷെക
തൈലത്തെ എടുത്ത, കൂടാരത്തെ
യും അതിലുള്ള സകലത്തെയും അ
ഭിഷെകം ചെയ്തു, അവയെ ശുദ്ധ
മാക്കി.
൰൧ അവൻ അതിൽനിന്ന ബ
ലിപീഠത്തിന്മെൽ എഴ പ്രാവശ്യം
തളിച്ചു, ബലിപീഠത്തെയും അതി
ന്റെ എല്ലാ ഉപകരണങ്ങളെയും,
തൊട്ടിയെയും അതിന്റെ കാലി
നെയും, അവയെ ശുദ്ധമാക്കുവാ
നായി, അഭിഷെകം ചെയ്തു.
൰൨ പിന്നെ അവൻ അഭിഷെ
ക തൈലത്തിൽനിന്ന അഹറൊ
ന്റെ തലയിൽ ഒഴിച്ചു, അവനെ
ശുദ്ധീകരിപ്പാനായിട്ട അവനെ
അഭിഷെകം ചെയ്തു.
൰൩ പിന്നെയും മൊശെ അഹ
റൊന്റെ പുത്രന്മാരെ അടുക്കൽ വ
രുത്തി, അവൎക്ക കുപ്പായങ്ങളെ ധ
രിപ്പിച്ചു, അവരെ നടുക്കെട്ടുകൾ
കൊണ്ടും അര മുറിക്കി, അവൎക്കതൊ
പ്പികളെയും ഇട്ടുകെട്ടി: യഹൊവാ
മൊശെയൊട കല്പിച്ചപ്രകാരം ത
ന്നെ.
൰൪ പിന്നെ അവൻ പാപബ
ലിക്ക കാളയെ അടുക്കൽ കൊണ്ടു
വന്നു: പാപബലിക്കുള്ള കാളയു
ടെ തലയിന്മെൽ അഹറൊനും അ
വന്റെ പുത്രന്മാരും തങ്ങളുടെ കൈ
കളെ വെച്ചു.

൰൫ അപ്പൊൾ അവൻ [അതി
നെ] കൊന്നു: മൊശെ രക്തത്തെ
എടുത്ത, തന്റെ വിരൽ കൊണ്ടു
ബലിപീഠത്തിന്റെ കൊമ്പുകളി
ന്മെൽ ചുററും പിരട്ടി, ബലിപീഠ
ത്തിന പരിഹാരം ചെയ്തു, രക്ത
ത്തെയും ബലിപീഠത്തിന്റെ അ
ടിയിൽ ഒഴിച്ചു, അതിന്മെൽ പാപ
പരിഹാരം ചെയ്യാനായിട്ട അതി
നെ ശുദ്ധമാക്കുകയും ചെയ്തു.
൰൬ പിന്നെയും അവൻ കുടലു
കളുടെ മെൽ [ഇരുന്ന] എല്ലാ മെ
ദസ്സിനെയും, കരളിന്മെൽ [ഇരു
ന്ന] വപയെയും, രണ്ടു കുണ്ടികാ
യകളെയും, അവയിലുള്ള മെദസ്സി
നെയും എടുത്തു, മൊശെ [അതി
നെ] ബലിപീഠത്തിന്മെൽ ചുട്ടുക
ളഞ്ഞു.
൰൭ എന്നാൽ കാളയെയും, അതി
ന്റെ തൊലിനെയും, മാംസത്തെ
യും, ചാണകത്തെയും അവൻ പാ
ളയത്തിന പുറത്ത അഗ്നിയിൽ ചു
ട്ടുകളഞ്ഞു: യഹൊവാ മൊശെയൊ
ട കല്പിച്ച പ്രകാരം തന്നെ.
൰൮ ¶ പിന്നെ അവൻ ഹൊമ
ബലിക്ക ആട്ടുകൊററനെ അടുക്ക
ൽ കൊണ്ടുവന്നു: അഹറൊനും അ
വന്റെ പുത്രന്മാരും ആട്ടുകൊററ
ന്റെതലയിന്മെൽ തങ്ങളുടെ കൈ
കളെ വെച്ചു.
൰൯ അപ്പൊൾ അവൻ [അതി
നെ] കൊന്നു: പിന്നെ മൊശെ ര
ക്തത്തെ ബലിപീഠത്തിന്മെൽ ചു
ററും തളിച്ചു.
൨൰ അവൻ ആട്ടുകൊററനെ ഖ
ണ്ഡം ഖണ്ഡമായി ഖണ്ഡിച്ചു:
മൊശെ തലയെയും, ഖണ്ഡങ്ങളെ
യും, മെദസ്സിനെയും ചുട്ടുകളഞ്ഞു.
൨൰൧ അവൻ കുടലുകളെയും കാലു
കളെയും വെള്ളം കൊണ്ടു കഴുകി;

മൊശെ ആട്ടുകൊററനെ മുഴുവനും
ബലിപീഠത്തിന്മെൽ ചുട്ടുകളകയും
ചെയ്തു. അത യഹൊവായിക്ക അ
നുകൂലവാസനയാകുന്ന ഹൊമബ
ലിയായ ദഹനബലിയായി; യ
ഹൊവാ മൊശെയൊട കല്പിച്ചപ്ര
കാരം തന്നെ.
൨൨ ¶ പിന്നെയും അവൻ പ്ര
തിഷ്ഠക്കുള്ള ആട്ടുകൊററനായ മ
ററെ ആട്ടുകൊററനെ അടുക്കൽ
കൊണ്ടുവന്നു: അഹറൊനും അവ
ന്റെ പുത്രന്മാരും ആട്ടുകൊററ
ന്റെ തലയിന്മെൽ തങ്ങളുടെ കൈ
കളെ വെച്ചു.
൨൩ പിന്നെ അവൻ [അതി
നെ] കൊന്നു: മൊശെ അതിന്റെ
രക്തത്തിൽനിന്ന എടുത്ത, അഹ
റൊന്റെ വലത്തെ ചെവിയുടെ
മടക്കിന്മെലും, അവന്റെ വലത്തെ
കയ്യുടെ പെരുവിരലിന്മെലും, അ
വന്റെ വലത്തെ കാലിന്റെ പെ
രുവിരലിന്മെലും പിരട്ടി
൨൪ പിന്നെ അവൻ അഹറൊ
ന്റെ പുത്രന്മാരെയും വരുത്തി, മൊ
ശെ ആ രക്തത്തിൽനിന്ന അവ
രുടെ വലത്തെ ചെവിയുടെ മട
ക്കിന്മെലും, അവരുടെ വലത്തെ ക
യ്യുടെ പെരുവിരലിന്മെലും, അവ
രുടെ വലത്തെ കാലിന്റെ പെരു
വിരലിന്മെലും പിരട്ടി: മൊശെ ര
ക്തത്തെ ബലിപീഠത്തിന്മെൽ ചു
ററും തളിക്കയും ചെയ്തു.
൨൫ മെദസ്സിനെയും, വാലിനെ
യും, കുടലിന്മെലുള്ള എല്ലാ മെദ
സ്സിനെയും, കരളിന്മെൽ [ഇരുന്ന]
വപയെയും, രണ്ടു കുണ്ടിക്കായക
ളെയും, അവയുടെ മെദസ്സിനെ
യും, വലത്തെ മുൻ തുടയെയും അ
വൻ എടുത്തു:
൨൬ യഹൊവായിക്ക മുമ്പാകെ
വെച്ചിരുന്ന പുളിപ്പില്ലാത്ത അപ്പ
ങ്ങളുടെ കൊട്ടയിൽനിന്ന പുളിപ്പി
ല്ലാത്ത ഒരു അപ്പത്തെയും, എണ്ണയ
പ്പമായ ഒരു ദൊശയെയും, ഒരു അ
ടയെയും എടുത്ത, ആ മെദസ്സിന്മെ
ലും മുൻ തുടയുടെ മെലും വെച്ചു.
൨൭ പിന്നെ അവൻ അവയെ
ഒക്കെയും അഹറൊന്റെ കൈകളി
ലും, അവന്റെ പുത്രന്മാരുടെ കൈ
കളിലും വെച്ചു, അവയെ യഹൊ
വായിക്ക മുമ്പാകെ ഇളകി ആട്ട
പ്പെടുന്ന കാഴ്ചയായി ഇളകിആട്ടി.
൨൮ പിന്നെ മൊശെ അവയെ
അവരുടെ കൈകളിൽനിന്ന എടു
ത്ത, ബലിപീഠത്തിന്മെൽ ഹൊമ
ബലിയുടെ മീതെ ചുട്ടുകളഞ്ഞു: അ
വ അനുകൂലവാസനയാകുന്ന പ്ര
തിഷ്ഠകൾ: യഹൊവായിക്ക ദഹ
നബലിയായി.
൨൯ പിന്നെയും മൊശെ മാർ
ഖണ്ഡത്തെ എടുത്ത, അതിനെ യ
ഹൊവായിക്ക മുമ്പാകെ ഇളകി ആ
ട്ടപ്പെടുന്ന കാഴ്ചയായി ഇളകി ആ
ട്ടി: അത പ്രതിഷ്ഠയുടെ ആട്ടുകൊ
ററനിൽനിന്ന മൊശെയുടെ ഓഹ
രിയായിരുന്നു: യഹൊവാ മൊ
ശെയൊട കല്പിച്ചപ്രകാരം തന്നെ.
൩൦ പിന്നെ മൊശെ അഭിഷെ
ക തൈലത്തിൽനിന്നും, ബലിപീ
ഠത്തിന്മെൽ [ഇരുന്ന] രക്തത്തിൽ
നിന്നും എടുത്ത, അഹറൊന്റെ
മെലും, അവന്റെ വസ്ത്രങ്ങളുടെ
മെലും, അവനൊടകൂടെ അവന്റെ
പുത്രന്മാരുടെ മെലും, അവന്റെ
പുത്രന്മാരുടെ വസ്ത്രങ്ങളുടെ മെലും
തളിച്ചു; അഹറൊനെയും അവ
ന്റെ വസ്ത്രങ്ങളെയും, അവനൊട
കൂടെ അവന്റെ പുത്രന്മാരെയും,
അവന്റെ പുത്രന്മാരുടെ വസ്ത്രങ്ങ
ളെയും ശുദ്ധമാക്കുകയും ചെയ്തു.

൩൧ പിന്നെ മൊശെ അഹറൊനൊടും അവന്റെ പുത്രന്മാരൊടും പറഞ്ഞത എന്തെന്നാൽ, നിങ്ങൾ ആ മാംസത്തെ സംഘത്തിന്റെ കൂടാരവാതുക്കൽ വെച്ച പാകം ചെയ്യു, അഹറൊനും അവന്റെ പുത്രന്മാരും അതിനെ ഭക്ഷിക്കെണമെന്ന ഞാൻ കല്പിച്ചപ്രകാരം, അവിടെ അതിനെയും, പ്രതിഷ്ഠയുടെ കൊട്ടയിൽ [ഇരിക്കുന്ന] അപ്പത്തെയും ഭക്ഷിപ്പിൻ.

൩൨ മാംസത്തിലും അപ്പത്തിലും ശെഷിക്കുന്നതിനെ നിങ്ങൾ അഗ്നിയിൽ ചുട്ടുകളയെണം.

൩൩ നിങ്ങളുടെ പ്രതിഷ്ഠയുടെ ദിവസങ്ങൾ തികയുവൊളം നിങ്ങൾ എഴ ദിവസത്തിന സംഘത്തിന്റെ കൂടാരവാതിലിൽനിന്ന പുറപ്പെടരുത: എന്തുകൊണ്ടെന്നാൽ എഴ ദിവസം അവൻ നിങ്ങളെ പ്രതിഷ്ഠിക്കെണം.

൩൪ ഇന്നത്തെ ദിവസത്തിൽ അവൻ ചെയ്തു പൊലെ, നിങ്ങൾക്ക വെണ്ടി പാപപരിഹാരം ചെയ്യുന്നതിന, ചെയ്വാൻ യഹൊവാ കല്പിച്ചു.

൩൫ ആകയാൽ നിങ്ങൾ മരിക്കാതെ കണ്ടു, നിങ്ങൾ പകലും രാത്രിയും എഴ ദിവസം സംഘത്തിന്റെ കൂടാരവാതുക്കൽ പാൎത്ത, യഹൊവായുടെ കാവലിനെ കാക്കെണം: എന്തെന്നാൽ ഇപ്രകാരം എന്നൊട കല്പിക്കപ്പെട്ടു.

൩൬ യഹൊവാ മൊശെയുടെ കൈകൊണ്ട കല്പിച്ച എല്ലാ കാൎയ്യങ്ങളെയും അഹറൊനും അവന്റെ പുത്രന്മാരും ചെയ്തു.

൯ അദ്ധ്യായം.

൮ അഹറൊന്റെ പാപത്തിനുള്ള ബലിയും, തനിക്കും ജനങ്ങൾക്കും വെണ്ടിയുള്ള ഹൊമബലിയും.—൨൨ ജനങ്ങൾ ആശീൎവദിക്കപ്പെടുന്നത.—൨൪ സ്വൎഗ്ഗത്തിൽനിന്ന അഗ്നി വരുന്നത.

പിന്നെ ഉണ്ടായത എന്തെന്നാൽ, എട്ടാം ദിവസം മൊശെ അഹറൊനെയും അവന്റെ പുത്രന്മാരെയും, യിസ്രാഎലിൽ മൂപ്പന്മാരെയും വിളിച്ചു:

൨ അവൻ അഹറൊനൊട പറഞ്ഞത എന്തെന്നാൽ, നീ പാപബലിക്കായി കുറവില്ലാത്ത ഒരു കാളക്കുട്ടിയെയും, ഹൊമബലിക്കായി കുറവില്ലാത്ത ഒരു ആട്ടുകൊറ്റനെയും എടുത്ത, യഹൊവായുടെ മുമ്പാകെ കഴിക്കെണം.

൩ എന്നാൽ യിസ്രാഎൽ പുത്രന്മാരൊട നീ സംസാരിച്ച പറയെണ്ടുന്നത എന്തെന്നാൽ, യഹൊവായുടെ മുമ്പാകെ ബലികഴിക്കെണ്ടുന്നതിന, നിങ്ങൾ പാപബലിക്കായി വെള്ളാടുകളിൽ കുറവില്ലാത്ത ഒരു കുട്ടിയെയും, ഹൊമബലിക്കായി ഒരു വയസ്സുള്ള കുറവില്ലാത്ത ഒരു കാളക്കുട്ടിയെയും, ഒരു ആട്ടിൻ കുട്ടിയെയും,

൪ സമാധാന ബലിക്കായി ഒരു കാളയെയും, ഒരു ആട്ടുകൊറ്റനെയും, എണ്ണയിൽ കുഴച്ച ആഹാര കാഴ്ചയെയും എടുത്തുകൊൾവിൻ: എന്തുകൊണ്ടെന്നാൽ ഇന്ന യഹൊവാ നിങ്ങൾക്ക പ്രത്യക്ഷനാകും.

൫ പിന്നെ മൊശെ കല്പിച്ചവയെ അവർ സംഘത്തിന്റെ കൂടാരത്തിന മുമ്പാകെ കൊണ്ടുവന്നു: സംഘം ഒക്കെയും അടുത്തുവന്ന, യഹൊവായുടെ മുമ്പാകെ നിന്നു.

൬ അപ്പൊൾ മൊശെ പറഞ്ഞു, നിങ്ങൾ ചെയ്യെണമെന്ന യഹൊവാ കല്പിച്ച കാൎയ്യം ഇത: അപ്പൊൾ യഹൊവായുടെ മഹത്വം നിങ്ങൾക്ക കാണപ്പെടും.

൭ പിന്നെയും മൊശെ അഹറൊ

നൊട പറഞ്ഞു, നീ ബലിപീഠത്തിന്റെ അടുക്കൽ ചെന്ന, യഹൊവാ കല്പിച്ച പ്രകാരം, നിന്റെ പാപബലിയെയും, നിന്റെ ഹൊമബലിയെയും കഴിച്ചു, നിനക്കായിട്ടും ജനത്തിനായിട്ടും പാപപരിഹാരം ചെയ്യ, ജനത്തിന്റെ ബലിയെയും കഴിച്ചു, അവർക്കായിട്ടും പാപപരിഹാരം ചെയ്ക.

൮ ¶ അപ്പൊൾ അഹറൊൻ ബലിപീഠത്തിന്റെ അടുക്കൽ ചെന്ന, തനിക്കായിട്ടുള്ള പാപബലിയായ കാളക്കുട്ടിയെ കൊന്നു.

൯ പിന്നെ അഹറൊന്റെ പുത്രന്മാർ രക്തത്തെ അവന്റെ അടുക്കൽ കൊണ്ടുവന്നു: അവൻ തന്റെ വിരലിനെ രക്തത്തിൽ മുക്കി, ബലിപീഠത്തിന്റെ കൊമ്പുകളിൽ പിരട്ടി, രക്തത്തെ ബലിപീഠത്തിന്റെ അടിയിൽ ഒഴിച്ചു.

൧൦ എന്നാൽ പാപബലിയുടെ മെദസ്സിനെയും, കുണ്ടിക്കായകളെയും, കരളിന്റെ മെലുള്ള വപയെയും അവൻ ബലിപീഠത്തിന്മെൽ ചുട്ടുകളഞ്ഞു: യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം തന്നെ.

൧൧ പിന്നെ മാംസത്തെയും തൊലിനെയും അവൻ പാളയത്തിന പുറത്ത അഗ്നിയിൽ ചുട്ടുകളഞ്ഞു.

൧൨ പിന്നെ അവൻ ഹൊമബലിയെ കൊന്നു; അഹറൊന്റെ പുത്രന്മാരും രക്തത്തെ അവന്റെ അടുക്കൽ കൊണ്ടുവന്നു: അതിനെ അവൻ ബലിപീഠത്തിന്മെൽ ചുറ്റും തളിച്ചു.

൧൩ അതിന്റെ ഖണ്ഡങ്ങളൊടു കൂടെ ഹൊമബലിയെയും തലയെയും അവർ അവന്റെ അടുക്കൽ കൊണ്ടുവന്നു; അവൻ [അവയെ] ബലിപീഠത്തിന്മെൽ ചുട്ടുകളഞ്ഞു.

൧൪ അവൻ കുടലുകളെയും തുടകളെയും കഴുകി, ബലിപീഠത്തിന്മെൽ ഹൊമബലിയുടെ മീതെ ചുട്ടുകളകയും ചെയ്തു.

൧൫ ¶ പിന്നെ അവൻ ജനത്തിന്റെ കാഴ്ചയെ അടുക്കൽ കൊണ്ടുവന്ന, ജനത്തിനായിട്ട പാപബലിയായ വെള്ളാട്ടുകൊറ്റനെ എടുത്ത, അതിനെ കൊന്ന, മുമ്പിലത്തെതിനെ പൊലെ, അതിനെ പാപത്തിന്ന ബലിയായിട്ട കഴിച്ചു.

൧൬ പിന്നെ അവൻ ഹൊമബലിയെ അടുക്കൽ കൊണ്ടുവന്ന, മര്യ്യാദപ്രകാരം അതിനെയും കഴിച്ചു.

൧൭ പിന്നെ അവൻ ആഹാരകാഴ്ചയെയും അടുക്കൽ കൊണ്ടുവന്ന, അതിൽനിന്ന കൈ നിറച്ച എടുത്ത, [അതിനെ] കാലത്തെ ഹൊമബലിയുടെ അരികെ ബലിപീഠത്തിന്മെൽ ചുട്ടുകളഞ്ഞു.

൧൮ പിന്നെ അവൻ ജനത്തിനായിട്ടുള്ള സമാധാന ബലിയായ കാളയെയും ആട്ടുകൊറ്റനെയും കൊന്നു: രക്തത്തെ അഹറൊന്റെ പുത്രന്മാർ അവന്റെ അടുക്കൽ കൊണ്ടുവന്നു: അവൻ അതിനെ ബലിപീഠത്തിന്മെൽ ചുറ്റും തളിച്ചു.

൧൯ കാളയിൽനിന്നും ആട്ടുകൊറ്റനിൽനിന്നും ഉള്ള മെദസ്സിനെയും, വാലിനെയും, [കുടലുകളെ] പൊതിയുന്നതിനെയും, കുണ്ടിക്കായകളെയും, കരളിന മീതെയുള്ള വപയെയും [കൊണ്ടുവന്നു.]

൨൦ അവർ മെദസ്സിനെ മാർഖണ്ഡങ്ങളുടെ മെൽ വെച്ചു, ആ മെദസ്സിനെ അവൻ ബലിപീഠത്തിന്മെൽ ചുട്ടുകളഞ്ഞു.

൨൧ എന്നാൽ മാർഖണ്ഡങ്ങളെയും വലത്തെ മുൻ തുടയെയും അ

ഹറൊൻ, മൊശെ കല്പിച്ച പ്രകാ
രം, യഹൊവായുടെ മുമ്പാകെ ആ
ട്ടപ്പെടുന്ന കാഴ്ചയായി ആട്ടി.
൨൨ പിന്നെ അഹറൊൻ തന്റെ
കൈകളെ ജനത്തിന നെരെ ഉയ
ൎത്തി, അവരെ ആശിൎവദിച്ചു; താ
ൻ പാപ ബലിയെയും, ഹൊമ
ബലിയെയും, സമാധാന ബലി
യെയും കഴിച്ചുകൊണ്ട ഇറങ്ങുക
യും ചെയ്തു.
൨൩ പിന്നെ മൊശെയും അഹ
റൊനും സംഘത്തിന്റെ കൂടാരത്തി
ലെക്ക പ്രവെശിച്ചു, പുറത്ത വ
ന്ന, ജനത്തെ ആശീൎവദിക്കയും
ചെയ്തു: അപ്പൊൾ യഹൊവായു
ടെ മഹത്വം എല്ലാ ജനത്തിനും കാ
ണപ്പെട്ടു.
൨൪ അഗ്നി യഹൊവായുടെ സ
ന്നിധാനത്തിൽനിന്ന പുറപ്പെട്ടു,
ബലിപീഠത്തിന്മെൽ ഉള്ള ഹൊമ
ബലിയെയും മെദസ്സിനെയും ദ
ഹിപ്പിച്ചു കളഞ്ഞു: ജനം എല്ലാം
അതിനെ കണ്ടപ്പൊൾ ഘൊഷി
ച്ചു, മുഖം കവിണ്ണ വീഴുകയും ചെ
യ്തു.

൧൦ അദ്ധ്യായം.

൧ നാദാബും അബിഹൂവും ദഹിച്ച പൊകുന്ന
ത.—൮ ആചാൎയ്യന്മാൎക്ക വിഞ്ഞ വിരൊധിക്ക
പ്പെടുന്നത.

പിന്നെ അഹറൊന്റെ പുത്ര
ന്മാരായ നാദാബും അബിഹൂവും,
ഒരൊരുത്തൻ അവനവന്റെ ധൂ
പകലശത്തെ എടുത്ത, അവയിൽ
അഗ്നിയെ ഇട്ട, അതിന്മെൽ ധൂപ
വൎഗ്ഗത്തെയും വെച്ചു, യഹൊവാ
യുടെ മുമ്പാകെ, അവൻ തങ്ങളൊ
ട കല്പിക്കാത്തതായുള്ള അന്യ അ
ഗ്നിയെ കഴിച്ചു.
൨ അപ്പൊൾ യഹൊവായുടെ
സന്നിധിയിൽനിന്ന അഗ്നി പുറ
പ്പെട്ടു, അവരെ ഭക്ഷിച്ചുകളഞ്ഞു,
അവർ യഹൊവായുടെ മുമ്പാകെ
മരിക്കയും ചെയ്തു.
൩ അപ്പൊൾ മൊശെ അഹറൊ
നൊട പറഞ്ഞു, എന്റെ അടുക്കൽ
ചെരുന്നവരാൽ ഞാൻ ശുദ്ധമാ
ക്കപ്പെടുമെന്നും, എല്ലാ ജനത്തി
ന്റെയും മുമ്പാകെ ഞാൻ മഹത്വ
പ്പെടുമെന്നും യഹൊവാ സംസാ
രിച്ചു പറഞ്ഞത ഇത തന്നെ: എ
ന്നാറെ അഹറൊൻ മിണ്ടാതെ ഇ
രുന്നു.
൪ പിന്നെ മൊശെ അഹറൊ
ന്റെ [അമ്മാവനായ] ഉസ്സിഎ
ലിന്റെ പുത്രന്മാരായ മീശഎലി
നെയും എത്സാഫാനെയും വിളിച്ചു,
അവരൊട പറഞ്ഞു, നിങ്ങൾ അ
ടുത്ത ചെന്ന, നിങ്ങളുടെ സഹൊ
ദരന്മാരെ ശുദ്ധസ്ഥലത്തിന്റെ മു
മ്പിൽനിന്ന പാളയത്തിന പുറത്ത
കൊണ്ടുപൊകുവിൻ.
൫ മൊശെ പറഞ്ഞ പ്രകാരം അ
വർ അടുത്ത ചെന്ന, അവരെ അ
വരുടെ കുപ്പായങ്ങളൊടെ പാളൂ
യത്തിന പുറത്ത കൊണ്ടുപൊക
യും ചെയ്തു.
൬ പിന്നെ മൊശെ അഹറൊ
നൊടും, അവന്റെ പുത്രന്മാരായ
എലയാസാറിനൊടും, ഇത്താമാറി
നൊടും പറഞ്ഞു, നിങ്ങൾ മരിക്കാ
തെ ഇരിപ്പാനും, എല്ലാ സംഘത്തി
ന്മെലും കൊപം വരാതെ ഇരിപ്പാ
നും നിങ്ങൾ നിങ്ങളുടെ തലകളെ
നഗ്നമാക്കരുത, നിങ്ങളുടെ വസ്ത്ര
ങ്ങളെ കീറുകയും അരുത: എന്നാ
ൽ നിങ്ങളുടെ സഹൊദരന്മാരായ
യിസ്രാഎൽ കുഡുംബം ഒക്കെയും
യഹൊവാ കത്തിച്ച എരിച്ചിലി
നെ കുറിച്ച കരയട്ടെ.
൭ എന്നാൽ നിങ്ങൾ മരിക്കാതെ

കണ്ടു, സംഘത്തിന്റെ കൂടാരവാതു
ക്കൽനിന്ന പുറപ്പെടരുത: എന്തു
കൊണ്ടെന്നാൽ യഹൊവായുടെ
അഭിഷെക തൈലം നിങ്ങളുടെ
മെൽ ഇരിക്കുന്നു. മൊശെയുടെ വ
ചനപ്രകാരവും അവർ ചെയ്തു.
൮ ¶ പിന്നെ യഹൊവാ അഹ
റൊനൊട സംസാരിച്ച പറഞ്ഞു;
൯ നീയും നിന്നൊട കൂടെ നി
ന്റെ പുത്രന്മാരും, നിങ്ങൾ മരിക്കാ
തെ കണ്ടു, സംഘത്തിന്റെ കൂടാര
ത്തിലെക്ക പ്രവെശിക്കുമ്പൊൾ വീ
ഞ്ഞിനെയും മദ്യത്തെയും കുടിക്കരു
ത.
൧൦ നിങ്ങൾ ശുദ്ധമുള്ളതിനും ശു
ദ്ധമില്ലാത്തതിനും തമ്മിലും, അശു
ചിയുള്ളതിനും ശുചിയുള്ളതിനും ത
മ്മിലും വ്യത്യാസപ്പെടുത്തുന്നതിനും,
൧൧ യഹൊവാ മൊശെയുടെ ക
യ്യാൽ യിസ്രാഎൽ പുത്രന്മാരൊട
പറയിച്ച സകല പ്രമാണങ്ങളെ
യും അവൎക്ക ഉപദെശിക്കെണ്ടുന്ന
തിനും, ഇത നിങ്ങളുടെ തലമുറകളി
ൽ നിത്യകല്പന.
൧൨ ¶ പിന്നെ മൊശെ അഹ
റൊനൊടും ശെഷിച്ചിട്ടുള്ള അവ
ന്റെ പുത്രന്മാരായ എലയാസാറി
നൊടും, ഇത്താമാറിനൊടും പറ
ഞ്ഞു, നിങ്ങൾ യഹൊവായുടെ ദ
ഹനബലികളിൽനിന്ന ശെഷി
പ്പുള്ള ആഹാര കാഴ്ചയെ എടുത്തു,
ബലിപീഠത്തിന്റെ അടുക്കൽ വെ
ച്ച പുളിപ്പില്ലാത്തതായി ഭക്ഷിപ്പി
ൻ: എന്തുകൊണ്ടെന്നാൽ അത മ
ഹാ ശുദ്ധം.
൧൩ അതിനെ നിങ്ങൾ ശുദ്ധ
സ്ഥലത്ത വെച്ച ഭക്ഷിക്കെണം:
എന്തെന്നാൽ അത യഹൊവായു
ടെ ദഹനബലികളിൽ നിനക്കുള്ള
ന്യായവും നിന്റെ പുത്രന്മാൎക്കുള്ള

ന്യായവും [ആകുന്നു:] എന്തുകൊ
ണ്ടെന്നാൽ ഇപ്രകാരം എന്നൊട
കല്പിക്കപ്പെട്ടു.
൧൪ ആട്ടപ്പെടുന്ന മാർഖണ്ഡ
ത്തെയും ഉയൎത്തപ്പെടുന്ന മുൻ തുട
യെയും, നീയും, നിന്നൊട കൂടെ നി
ന്റെ പുത്രന്മാരും, നിന്റെ പുത്രി
മാരും, വെടിപ്പുള്ള ഒരു സ്ഥലത്ത
വെച്ച ഭക്ഷിക്കെണം: എന്തുകൊ
ണ്ടെന്നാൽ യിസ്രാഎൽപുത്രന്മാരു
ടെ സമാധാന ബലികളിൽനി
ന്ന [അവ] നിനക്കുള്ള ന്യായവും
നിന്റെ മക്കൾക്കുള്ള ന്യായവുമാ
യി നൽകപ്പെട്ടിരിക്കുന്നു.
൧൫ മെദസ്സിന്റെ ദഹന ബ
ലികളൊടകൂടെ അവർ യഹൊവാ
യുടെ മുമ്പാകെ ഇളകി ആട്ടപ്പെടു
ന്ന കാഴ്ചയായി ആട്ടെണ്ടുന്നതി
ന, ഉയൎത്തപ്പെടുന്ന മുൻതുടയെ
യും ആട്ടപ്പെടുന്ന മാർഖണ്ഡ
ത്തെയും കൊണ്ടുവരെണം: അത,
യഹൊവാ കല്പിച്ചപ്രകാരം, നിത്യ
കല്പനയായി നിനക്കും നിന്നൊട
കൂടെ നിന്റെ മക്കൾക്കും ഉള്ളതാ
യിരിക്കെണം.
൧൬ ¶ പിന്നെ പാപബലിയാ
യ വെള്ളാട്ടിൻ കുട്ടിയെ മൊശെ
എറ്റവും അന്വെഷിച്ചു, എന്നാൽ
ഇതാ, അത ചുട്ടെരിക്കപ്പെട്ടിരുന്നു:
അപ്പൊൾ അവൻ അഹറൊന്റെ
ശെഷിക്കപ്പെട്ട പുത്രന്മാരായ എ
ലയാസാറിനൊടും ഇത്താമാറിനൊ
ടും കൊപിച്ചു,
൧൭ പാപബലിയെ നിങ്ങൾ ശു
ദ്ധസ്ഥലത്ത വെച്ച ഭക്ഷിക്കാതെ
ഇരുന്നത എന്തിന? അത മഹാശു
ദ്ധമായിരിക്കുന്നുവല്ലൊ; സംഘ
ത്തിന്റെ അകൃത്യത്തെ വഹിപ്പാ
നും, യഹൊവായിക്ക മുമ്പാകെ അ
വൎക്കായിട്ട പാപപരിഹാരം ചെ

ല്ലാനും അതിനെ [ദൈവം] നി
ങ്ങൾക്ക തന്നുവല്ലൊ.
൧൮ ഇതാ, അതിന്റെ രക്തം ശു
ദ്ധസ്ഥലത്തിനകത്ത കൊണ്ടുവര
പ്പെട്ടിരുന്നില്ലല്ലൊ: നിങ്ങൾ അതി
നെ, ഞാൻ കല്പിച്ചപ്രകാരം, ശുദ്ധ
സ്ഥലത്ത വെച്ച തന്നെ ഭക്ഷിക്കെ
ണ്ടുന്നതായിരുന്നു എന്ന പറഞ്ഞു.
൧൯ അപ്പൊൾ അഹറൊൻ മൊ
ശെയൊട പറഞ്ഞു, ഇതാ, ഇന്ന
അവർ തങ്ങളുടെ പാപബലിയെ
യും, തങ്ങളുടെ ഹൊമബലിയെ
യും യഹൊവായുടെ മുമ്പാകെ കഴി
ച്ചു: ഇനിക്ക ഇപ്രകാരമുള്ളവ ഭ
വിച്ചുവല്ലൊ: ഞാൻ ഇന്ന പാപ
ബലിയെ ഭക്ഷിച്ചു [എങ്കിൽ,] അ
ത യഹൊവായുടെ മുമ്പാകെ ന
ന്നായിരിക്കുമൊ?
൨൦ മൊശെ ഇതിനെ കെട്ടപ്പൊ
ൾ, അത അവന്റെ കണ്ണുകൾക്ക
നന്നായിരുന്നു.

൧൧ അദ്ധ്യായം.

൧-൪ ശുദ്ധവും,—൧൩ അശുദ്ധവുമുള്ള ആഹാരത്തെ കുറിച്ചു.

പിന്നെ യഹൊവാ മൊശെ
യൊടും, അഹറൊനൊടും സംസാ
രിച്ച അവരൊട പറഞ്ഞു,
൨ നിങ്ങൾ യിസ്രാഎൽ പുത്രന്മാ
രൊട ചൊല്ലെണ്ടുന്നത എന്തെന്നാ
ൽ, ഭൂമിയിലുള്ള സകല മൃഗങ്ങളി
ലും നിങ്ങൾ ഭക്ഷിക്കെണ്ടുന്ന മൃ
ഗങ്ങൾ ഇവ [ആകുന്നു.]
൩ മൃഗങ്ങളിൽ കുളമ്പ പിളൎക്കു
ന്നതും, കുളമ്പുകൾ രണ്ടായി പി
രിഞ്ഞിരിക്കുന്നതും, അയവെക്കു
ന്നതുമായതിനെ ഒക്കെയും നിങ്ങ
ൾക്ക ഭക്ഷിക്കാം.
൪ എന്നാൽ അയവെക്കുന്നവ
യിലും, അല്ലെങ്കിൽ കുളമ്പ പിളൎ
ക്കുന്നവയിലും നിങ്ങൾ ഭക്ഷിക്കാ
രു
രുതാത്തവ ഇവ [ആകുന്നു:] ഒട്ടകം,
എന്തെന്നാൽ അത അയവെക്കു
ന്നു, എങ്കിലും കുളമ്പ പിളൎക്കുന്നില്ല:
അത നിങ്ങൾക്ക അശുദ്ധിയുള്ളത.
൫ കുഴിമുയലും, എന്തെന്നാൽ അ
ത അയവെക്കുന്നു, എങ്കിലും കുള
മ്പ പിളൎക്കുന്നില്ല: അത നിങ്ങൾ
ക്ക അശുദ്ധിയുള്ളത.
൬ മുയലും, എന്തെന്നാൽ അത
അയവെക്കുന്നു, എങ്കിലും കുളമ്പ
പിളൎക്കുന്നില്ല: അത നിങ്ങൾക്ക
അശുദ്ധിയുള്ളത.
൭ പന്നിയും, എന്തെന്നാൽ അ
ത കുളമ്പ പിളൎക്കുന്നതായി, കുള
മ്പ രണ്ടായി പിരിയുന്നു, എങ്കിലും
അയവെക്കുന്നില്ല: അത നിങ്ങൾ
ക്ക അശുദ്ധിയുള്ളത.
൮ ഇവയുടെ മാംസത്തിൽനിന്ന
നിങ്ങൾ ഭക്ഷിക്കരുത, ഇവയുടെ
ഉടലുകളെ തൊടുകയും അരുത: ഇ
വ നിങ്ങൾക്ക അശുദ്ധിയുള്ളവ.
൯ ¶ വെള്ളങ്ങളിലുള്ള എല്ലാററി
ലും നിങ്ങൾ ഭക്ഷിക്കെണ്ടുന്നവ ഇ
വ [ആകുന്നു:] കടലുകളിലും നദി
കളിലും ഉള്ള വെള്ളങ്ങളിൽ ചിറകും
ചെതുമ്പലും ഉള്ളവയെ ഒക്കെയും
നിങ്ങൾക്ക ഭക്ഷിക്കാം.
൧൦ എന്നാൽ സമുദ്രങ്ങളിലും ന
ദികളിലും ഉള്ള വെള്ളങ്ങളിൽ സ
ഞ്ചരിക്കുന്ന എല്ലാററിലും, വെള്ള
ങ്ങളിലുള്ള എല്ലാ ജീവജന്തുവിലും
ചിറകും ചെതുമ്പലുമില്ലാത്തത ഒ
ക്കെയും നിങ്ങൾക്ക വെറുപ്പായിരി
ക്കെണം.
൧൧ അവ നിങ്ങൾക്ക വെറുപ്പാ
യി തന്നെ ഇരിക്കെണം: അവയു
ടെ മാംസത്തിൽനിന്ന ഭക്ഷിക്കാ
തെ, അവയുടെ ഉടലുകളെ വെറു
ക്കെണം.
൧൨ വെള്ളങ്ങളിൽ എതിന ചിറ

ക്കും ചെതുമ്പലും ഇല്ലാത്തതൊ അത നിങ്ങൾക്ക വെറുപ്പ [ആയിരിക്കെണം.]

൧൩ ¶ പക്ഷികളിൽ നിങ്ങൾ വെറുക്കെണ്ടുന്നവ ഇവ [ആകുന്നു;] അവ ഭക്ഷിക്കപ്പെടരുത: അവ വെറുപ്പ തന്നെ: കഴുകനും, ചെമ്പരുന്തും, ആനറാഞ്ചനും,

൧൪ ഗൃദ്ധ്രവും; അതാത വിധത്തിലുള്ള പരുന്തും:

൧൫ അതാത വിധത്തിലുള്ള എല്ലാ മലങ്കാക്കയെയും;

൧൬ മൂങ്ങായും, പുള്ളും, കുയിലും, അതാതവിധത്തിലുള്ള ആൾകാട്ടിയും,

൧൭ നത്തും, നീൎക്കാക്കയും, കൂമനും,

൧൮ അരയന്നവും, ഞാറയും, കൊട്ടുവാനും,

൧൯ കൊക്കും, അതാത വിധത്തിലുള്ള രാജാളിയും, കുളക്കൊഴിയും, നരിച്ചീറും,

൨൦ പറക്കുന്നവയിൽ നാല കാലിൽ ഇഴഞ്ഞുനടക്കുന്നത ഒക്കെയും നിങ്ങൾക്ക വെറുപ്പ [ആയിരിക്കെണം.]

൨൧ എങ്കിലും പറക്കുന്നവയിൽ നാല കാലിൽ നടക്കുന്ന എല്ലാററിലും നിങ്ങൾ ഭക്ഷിക്കാകുന്നവ, നിലത്ത കുതിക്കെണ്ടുന്നതിന കാലുകളിന്മെൽ തുടകൾ ഉള്ളവ [ആകുന്നു.]

൨൨ ഇവയിൽ അതാത വിധത്തിലുള്ള വെട്ടുക്കിളിയെയും, അതാതവിധത്തിലുള്ള ചൊലാമെന്ന കിളിയെയും, അതാത വിധത്തിലുള്ള അൎഗാല എന്ന കിളിയെയും, അതാതവിധത്തിലുള്ള ആഗാബെന്ന കിളിയെയും നിങ്ങൾക്ക ഭക്ഷിക്കാം.

൨൩ പറക്കുന്നവയിൽ നാല കാലിൽ നടക്കുന്ന [മററവ] ഒക്കെയും നിങ്ങൾക്ക വെറുപ്പ [ആയിരിക്കെണം.]

൨൪ ഇവയാൽ നിങ്ങൾ അശുദ്ധിപ്പെടും: അവയുടെ ഉടലിനെ തൊടുന്നവനെല്ലാം സന്ധ്യ വരെയും അശുദ്ധൻ ആകെണം.

൨൫ അവയുടെ ഉടലിൽനിന്ന [വല്ലതിനെ] ചുമക്കുന്നവനെല്ലാം തന്റെ വസ്ത്രങ്ങളെ അലക്കി, സന്ധ്യ വരെയും അശുദ്ധൻ ആകെണം.

൨൬ കുളമ്പ പിളൎക്കുന്നവയായിരുന്നിട്ടും, കുളമ്പ രണ്ടായിപിരിക്കാതെയും, അയവെൎക്കാതെയും ഇരിക്കുന്ന സകല മൃഗവും നിങ്ങൾക്ക അശുദ്ധിയുള്ളത: അവയെ തൊടുന്നവനെല്ലാം അശുദ്ധൻ ആകും.

൨൭ നാല കാലിൽ നടക്കുന്ന സകല ജീവജന്തുക്കളിലും തങ്ങൂടെ ഉള്ളങ്കാലുകളെ ഊന്നി നടക്കുന്നവ ഒക്കെയും നിങ്ങൾക്ക അശുദ്ധിയുള്ളവ: അവയുടെ ഉടലിനെ തൊടുന്നവനെല്ലാം സന്ധ്യ വരെയും അശുദ്ധൻ ആകെണം.

൨൮ അവയുടെ ഉടലിനെ ചുമക്കുന്നവൻ തന്റെ വസ്ത്രങ്ങളെ അലക്കി; സന്ധ്യ വരെയും അശുദ്ധൻ ആകെണം: അവ നിങ്ങൾക്ക അശുദ്ധമുള്ളവ.

൨൯ ¶ നിലത്ത ഇഴയുന്ന ഇഴജാതികളിൽ നിങ്ങൾക്ക അശുദ്ധമുള്ളവ ഇവ: പെരിച്ചാഴിയും, എലിയും, അതാത വിധത്തിലുള്ള ആമയും,

൩൦ അളുങ്കും, ഓന്തും, പല്ലിയും, ഉടുമ്പും, തുരവനും.

൩൧ സകല ഇഴജാതികളിലും ഇവ നിങ്ങൾക്ക അശുദ്ധിയുള്ളവ [ആകുന്നു:] അവ ചത്തതിന്റെ ശെഷം അവയെ തൊടുന്നവനെല്ലാം സന്ധ്യ വരെയും അശുദ്ധൻ ആകെണം.

൩൨ അവ ചത്തതിന്റെ ശെ

൩൨ അവയിൽ യാതൊന്നിന്റെ മെൽ വീഴുന്നതൊക്കെയും അശുദ്ധമാകും; അത മരം കൊണ്ടുള്ള യാതൊരു പാത്രമൊ, വസ്ത്രമൊ, തൊലൊ, സഞ്ചിയൊ, അവയിൽ വെല ചെയ്യപ്പെടുന്ന യാതൊരു പാത്രമൊ ആയാലും, വെള്ളത്തിൽ ഇടപ്പെടെണം, അത സന്ധ്യ വരെയും അശുദ്ധമാകെണം: പിന്നെ അത ശുദ്ധിയാകും.

൩൩ അവയിൽ യാതൊന്ന എതൊരു മൺപാത്രത്തിനകത്ത വീണാൽ, അതിനകത്തുള്ളത ഒക്കെയും അശുദ്ധമാകും: അതിനെ നിങ്ങൾ ഉടെച്ചു കളകയും വെണം.

൩൪ ഭക്ഷിക്കാകുന്ന സകല ഭക്ഷണത്തിലും എതിൽ [ആ] വെള്ളം വരുന്നുവൊ, അത അശുദ്ധമാകും: [ഇപ്രകാരമുള്ള] എത പാത്രത്തിൽ എങ്കിലും കുടിക്കപ്പെടുന്ന സകല പാനീയവും അശുദ്ധിയാകും.

൩൫ അവയുടെ ഉടലിൽ യാതൊന്ന എതിന്മെൽ വീഴുന്നുവൊ, അത ഒക്കെയും അശുദ്ധമാകും; അടുപ്പൊ, കുഴി അടുപ്പൊ ആയാലും അവ ഇടിച്ചുകളയപ്പെടെണം: അവ അശുദ്ധിയുള്ളവയാകുന്നു: അവ നിങ്ങൾക്ക അശുദ്ധിയുള്ളവയും ആയിരിക്കെണം.

൩൬ എന്നാലും നീരുറവയും വെള്ളം കൂടുന്ന കിണറും ശുദ്ധമാകും: എന്നാൽ അവയുടെ ഉടലിനെ തൊടുന്നത അശുദ്ധമാകും.

൩൭ അവയുടെ ഉടലിൽ [യാതൊന്ന] വിതെക്കപ്പെടുന്ന വിത്തായ എത ധാന്യത്തിന്മെൽ - വീണാലും, അത ശുദ്ധമാകും.

൩൮ എന്നാൽ വിത്തിന്മെൽ വെള്ളം ഒഴിക്കപ്പെട്ടിട്ട, അവയുടെ ഉടലിൽ യാതൊന്ന അതിന്മെൽ വീണാൽ, അത നിങ്ങൾക്ക അശുദ്ധം:

൩൯ പിന്നെ നിങ്ങൾക്ക ഭക്ഷിക്കാകുന്നൊരു മൃഗം ചത്താൽ, അതിന്റെ ഉടലിനെ തൊടുന്നവൻ സന്ധ്യ വരെയും അശുദ്ധൻ ആകെണം.

൪൦ അതിന്റെ ഉടലിൽനിന്ന ഭക്ഷിക്കുന്നവൻ തന്റെ വസ്ത്രങ്ങളെ അലക്കി, സന്ധ്യ വരെയും അശുദ്ധനാകെണം: അതിന്റെ ഉടലിനെ എടുത്ത കൊണ്ടുപൊകുന്നവനും തന്റെ വസ്ത്രങ്ങളെ അലക്കി, സന്ധ്യ വരെയും അശുദ്ധൻ ആകെണം.

൪൧ ഭൂമിയിൽ ഇഴയുന്ന ഇഴജാതി എല്ലാം വെറുപ്പായി [ഇരിക്കെണം:] അത ഭക്ഷിക്കപ്പെടരുത.

൪൨ ഭൂമിയിൽ ഇഴയുന്ന സകല ഇഴജാതികളിലും ഉരസ്സുകൊണ്ട നടക്കുന്ന യാതൊന്നിനെയും, നാലു കാലിൽ നടക്കുന്ന യാതൊന്നിനെയും, അല്ലെങ്കിൽ അനെകം കാലുകളുള്ള യാതൊന്നിനെയും, നിങ്ങൾ ഭക്ഷിക്കരുത: എന്തുകൊണ്ടെന്നാൽ അവ വെറുപ്പ [ആകുന്നു.]

൪൩ അവയാൽ നിങ്ങൾ അശുദ്ധിപ്പെടെണ്ടുന്നതിന ഇഴയുന്ന യാതൊരു ഇഴജാതിയാലും നിങ്ങളുടെ ആത്മാക്കളെ അറെപ്പാക്കാതെയും, അവയാൽ നിങ്ങളെ വെറുപ്പാക്കാതെയും ഇരിക്കെണം.

൪൪ എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു:] ആകയാൽ നിങ്ങൾ നിങ്ങളെ ശുദ്ധികരിച്ചു, ശുദ്ധിയുള്ളവരായി ഇരിക്കെണം: എന്തെന്നാൽ ഞാൻ ശുദ്ധിയുള്ളവൻ [ആകുന്നു:] ഭൂമിയിൽ ഇഴയുന്ന യാതൊര ഇഴജാതിയാലും നിങ്ങളുടെ ആത്മാക്കളെ നിങ്ങൾ അശുദ്ധമാക്കുകയും അരുത.

൪൫ എന്തെന്നാൽ ഞാൻ നിങ്ങ
ൾക്ക ദൈവമായിരിക്കെണ്ടുന്നതി
ന നിങ്ങളെ മിസ്രയിം ദെശത്ത
നിന്ന പുറപ്പെട്ടമാറാക്കിയ യ
ഹൊവാ [ആകുന്നു:] ആകയാൽ
നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കെ
ണം: എന്തെന്നാൽ ഞാൻ ശുദ്ധി
യുള്ളവൻ [ആകുന്നു.]
൪൬ അശുദ്ധമുള്ളതിനും ശുദ്ധമു
ള്ളതിനും തമ്മിലും, ഭക്ഷിക്കപ്പെടാ
കുന്ന മൃഗത്തിനും ഭക്ഷിക്കപ്പെട
രുതാത്ത മൃഗത്തിനും തമ്മിലും വ്യ
ത്യാസം ചെയ്യെണ്ടുന്നതിനായിട്ട,
൪൭ ഇത മൃഗത്തിനും, പക്ഷിക്കും,
വെള്ളത്തിൽ സഞ്ചരിക്കുന്ന സക
ല ജീവജന്തുവിനും, ഭൂമിയിൽ ഇ
ഴയുന്ന സകല ജീവനും ന്യായ
പ്രമാണം [ആകുന്നു.]

൧൨ അദ്ധ്യായം.

൧ സ്ത്രീകളുടെ ശുദ്ധികരണങ്ങളും,—൬ കാഴ്ചകളും.

പിന്നെയും യഹൊവാ മൊശെ
യൊട സംസാരിച്ച പറഞ്ഞു,
൨ നീ യിസ്രാഎൽ പുത്രന്മാരൊട
സംസാരിച്ച പറയെണ്ടുന്നത എ
ന്തെന്നാൽ, ഒരു സ്ത്രീ ഗൎഭം ധരിച്ച,
ഒരു ആണ്കുഞ്ഞിനെ പ്രസവി
ച്ചാൽ, അവൾ ഋതുവായി വെൎ
പെട്ടിരിക്കുന്ന ദിവസങ്ങൾ പൊ
ലെ, എഴ ദിവസം അശുദ്ധിയുള്ള
വളായിരിക്കെണം.
൩ എട്ടാം ദിവസം അവന്റെ
അഗ്രചൎമ്മത്തിന്റെ മാംസം ചെ
ലചെയ്യപ്പെടെണം.
൪ പിന്നെ അവൾ മുപ്പത്ത മൂന്ന
ദിവസം തന്റെ രക്ത ശുദ്ധീകര
ണത്തിൽ ഇരിക്കെണം: അവൾ
തന്റെ ശുദ്ധീകരണ ദിവസം തി
കയുന്നതുവരെ ശുദ്ധമാക്കപ്പെട്ട
യാതൊരു വസ്തുവിനെയും തൊട
രുത, ശുദ്ധ സ്ഥലത്തിലെക്ക വരി
കയും അരുത.
൫ എന്നാൽ അവൾ ഒരു പെണ്കു
ഞ്ഞിനെ പ്രസവിച്ചാൽ, അവൾ
രണ്ട ആഴ്ചവട്ടം വെൎപെട്ടിരിക്കു
ന്നതുപൊലെ അശുദ്ധിയുള്ളവളാ
യിരിക്കെണം: അവൾ അറുപ
ത്താറ ദിവസം തന്റെ രക്ത ശു
ദ്ധീകരണത്തിൽ ഇരിക്കയും വെ
ണം.
൬ ¶ പിന്നെ പുത്രനായിട്ടൊ,
പുത്രിക്കായിട്ടൊ, അവളുടെ ശുദ്ധീ
കരണ ദിവസങ്ങൾ തികഞ്ഞശെ
ഷം, അവൾ ഒരു വയസ്സുള്ള ആ
ട്ടിൻ കുട്ടിയെ ഹൊമ ബലിക്കായി
ട്ടും, ഒരു പ്രാവിനെ എങ്കിലും ഒരു
കാട്ടു പ്രാവുകുഞ്ഞിനെ എങ്കിലും,
പാപ ബലിക്കായിട്ടും, സംഘത്തി
ന്റെ കൂടാരവാതുക്കൽ, ആചാൎയ്യ
ന്റെ അടുക്കൽ കൊണ്ടുവരെണം.
൭ അതിനെ അവൻ യഹൊവാ
യുടെ മുമ്പാകെ കഴിച്ച, അവൾക്ക
വെണ്ടി പാപപരിഹാരം ചെയ്യെ
ണം; അപ്പൊൾ അവൾ തന്റെ
രക്തസ്രവത്തിൽനിന്ന ശുദ്ധിയു
ള്ളവളാകും. ഇത ആണ്കുഞ്ഞിനെ
യൊ പെണ്കുഞ്ഞിനെയൊ പ്ര
സവിച്ചവളുടെ ന്യായപ്രമാണം.
൮ ആട്ടിൻ കുട്ടിയെ കൊണ്ടുവ
രുവാൻ അവളുടെ കയ്യിൽ വകയി
ല്ല എങ്കിൽ, അവൾ രണ്ട കാട്ടുപ്രാ
വുകളെ എങ്കിലും, രണ്ട പ്രാവുകു
ഞ്ഞുങ്ങളെ എങ്കിലും, ഒന്നിനെ
ഹൊമബലിക്കായിട്ടും മറ്റെതിനെ
പാപ ബലിക്കായിട്ടും, കൊണ്ടുവ
രെണം: ആചാൎയ്യൻ അവൾക്ക
വെണ്ടി പാപപരിഹാരം ചെയ്യെ
ണം, എന്നാൽ അവൾ ശുദ്ധമുള്ള
വളാകും.

൧൩ അദ്ധ്യായം.

കുഷ്ഠത്തെ തിരിച്ചറിവാനുള്ള ലക്ഷണങ്ങൾ.

പിന്നെയും യഹൊവാ മൊ
ശെയൊടും അഹറൊനൊടും സം
സാരിച്ചു പറഞ്ഞത എന്തെന്നാൽ,
൨ ഒരു മനുഷ്യന്റെ മാംസത്തി
ന്റെ തൊലിന്മെൽ കുഷ്ഠത്തിന്റെ
ബാധ [പൊലെ] വീക്കമെങ്കിലും,
പരുവെങ്കിലും, വെളുത്ത മറുവെ
ങ്കിലും ഉണ്ടായാൽ, അവൻ ആ
ചാൎയ്യനായ അഹറൊന്റെ അടു
ക്കൽ, അല്ലെങ്കിൽ ആചാൎയ്യന്മാരാകു
ന്ന അവന്റെ പുത്രന്മാരിൽ ഒരു
ത്തന്റെ അടുക്കൽ കൊണ്ടുവരപ്പെ
ടെണം.
൩ അപ്പൊൾ ആചാൎയ്യൻ മാംസ
ത്തിന്റെ തൊലിന്മെൽ ഉള്ള ബാ
ധയെ നൊക്കെണം: ആ ബാധ
യിലെ രൊമം വെളുത്തതായിട്ട തി
രിഞ്ഞും, ബാധ കാഴ്ചെക്ക അവ
ന്റെ മാംസത്തിന്റെ തൊലിയെ
ക്കാൾ കുഴിഞ്ഞതും ആയിരുന്നാ
ൽ, അത കുഷ്ഠത്തിന്റെ ബാധ:
ആചാൎയ്യൻ അവനെ നൊക്കി,
അവനെ അശുദ്ധിയുള്ളവനെന്ന
വിധിക്കയും വെണം.
൪ അവന്റെ മാംസത്തിന്റെ
തൊലിയിൽ മറുവ വെളുത്തതായും,
കാഴ്ചെക്ക തൊലിയെക്കാളും കുഴി
ഞ്ഞിട്ടില്ലാത്തതായും, അതിലെ രൊ
മം വെളുത്തതായിട്ട തിരാതെയും ഇ
രുന്നാൽ, ആചാൎയ്യൻ ബാധയുള്ള
വനെ എഴ ദിവസം അകത്ത അ
ടെക്കെണം.
൫ പിന്നെ എഴാം ദിവസം ആ
ചാൎയ്യൻ അവനെ നൊക്കെണം:
ഇതാ, ബാധ തൊലിയിൽ പര
ക്കാതെ, ബാധ അവന്റെ കാഴ്ചെ
ക്ക നിന്നിരിക്കുന്നു എങ്കിൽ, ആ
ചാൎയ്യൻ രണ്ടാം പ്രാവശ്യം അവ
നെ എഴ ദിവസം അകത്ത അടെ
ക്കെണം.
൬ ¶ പിന്നെ ആചാൎയ്യൻ അവ
നെ എഴാം ദിവസം പിന്നെയും
നൊക്കെണം: ഇതാ, ബാധ തൊ
ലിയിൽ പരക്കാതെ ബാധ ചുരു
ങ്ങിയിരുന്നാൽ, ആചാൎയ്യൻ അ
വനെ ശുദ്ധിയുള്ളവനെന്ന വി
ധിക്കെണം: അത പരു തന്നെ:
അവൻ തന്റെ വസ്ത്രങ്ങളെ അ
ലക്കി, ശുദ്ധിയുള്ളവനായിരിക്കെ
ണം.
൭ പിന്നെ തന്റെ ശുദ്ധീകര
ണത്തിന അവൻ ആചാൎയ്യന ത
ന്നെ കാണിച്ചതിന്റെ ശെഷം,
പരു തൊലിയിന്മെൽ വിസ്താരമാ
യി പരന്നാൽ, അവൻ പിന്നെയും
ആചാൎയ്യന തന്നെ കാണിക്കെണം.
൮ ഇതാ, പരു തൊലിയിന്മെൽ
പരക്കുന്നതെന്ന ആചാൎയ്യൻ ക
ണ്ടാൽ, ആചാൎയ്യൻ അവനെ അ
ശുദ്ധിയുള്ളവനെന്ന വിധിക്കെ
ണം: അത കുഷ്ഠം [ആകുന്നു.]
൯ ¶ കുഷ്ഠത്തിന്റെ ബാധ ഒരു
മനുഷ്യനിൽ ഉണ്ടാകുമ്പൊൾ, അ
വൻ ആചാൎയ്യന്റെ അടുക്കൽ കൊ
ണ്ടുവരപ്പെടെണം.
൧൦ ആചാൎയ്യൻ അവനെ നൊ
ക്കെണം: ഇതാ, തൊലിയിന്മെൽ
വെളുത്ത വീക്കം ആയിരുന്നു, അ
ത രൊമത്തെ വെളുത്തതായിട്ടാക്കി;
വീക്കത്തിൽ പച്ച മാംസത്തിന്റെ
ലക്ഷണം ഉണ്ടായാൽ,
൧൧ അത അവന്റെ മാംസത്തി
ന്റെ തൊലിയിൽ പഴക്കം ചെ
ന്ന കുഷ്ഠം [ആകുന്നു:] ആചാൎയ്യൻ
അവനെ അശുദ്ധിയുള്ളവനെന്ന
വിധിക്കെണം; അവനെ അക
ത്ത അടെക്കരുത, എന്തുകൊണ്ടെ

ന്നാൽ അവൻ അശുദ്ധിയുള്ളവൻ [ആകുന്നു.]

൧൨ കുഷ്ഠം തൊലിയിൽ എററവും പരന്ന, വ്യാധി[യുള്ളവന്റെ] തലയിൽ തുടങ്ങി, അവന്റെ പാദങ്ങൾവരെയും, ആചാൎയ്യന്റെ കണ്ണുകൾ കാണുന്ന എല്ലാ ഇടത്തും തൊലിയെ ഒക്കെയും മൂടിയിരിക്കുന്നു എങ്കിൽ,

൧൩ അപ്പൊൾ ആചാൎയ്യൻ നൊക്കീട്ടു; ഇതാ, കുഷ്ഠം അവന്റെ മാംസത്തെ ഒക്കെയും മൂടിയിരുന്നാൽ, അവൻ വ്യാധി[യുള്ളവനെ] ശുദ്ധിയുള്ളവനെന്നു വിധിക്കെണം: ഒക്കെയും വെളുത്തതായി തീൎന്നു: അവൻ ശുദ്ധിയുള്ളവൻ [ആകുന്നു.]

൧൪ എന്നാൽ പച്ച മാംസം അവനിൽ കാണപ്പെട്ടപ്പൊൾ, അവൻ അശുദ്ധിയുള്ളവൻ ആകും.

൧൫ പിന്നെ ആചാൎയ്യൻ പച്ച മാംസത്തെ നൊക്കി, അവനെ അശുദ്ധിയുള്ളവനെന്നു വിധിക്കെണം: പച്ച മാംസം അശുദ്ധമുള്ളത: അത കുഷ്ഠം.

൧൬ അല്ലെങ്കിൽ പച്ച മാംസം പിന്നെ തിരിഞ്ഞ, വെളുത്തതായി തീൎന്നാൽ, അവൻ ആചാൎയ്യന്റെ അടുക്കൽ വരെണം.

൧൭ ആചാൎയ്യൻ അവനെ നൊക്കി, ഇതാ, വ്യാധി വെളുത്തതായി തീൎന്നു എങ്കിൽ, ആചാൎയ്യൻ വ്യാധി [യുള്ളവനെ] ശുദ്ധിയുള്ളവനെന്നു വിധിക്കെണം: അവൻ ശുദ്ധിയുള്ളവൻ.

൧൮ ¶ മാംസമാകുന്ന അതിന്റെ തൊലിയിൽ പരു ഉണ്ടായിരുന്ന, സൌഖ്യമായി തീൎന്നിട്ടു,

൧൯ പിന്നെ പരു സ്ഥലത്ത ഒരു വെളുത്ത വീക്കം, അല്ലെങ്കിൽ ചുവപ്പൊട കൂടിയ ഒരു വെളുത്ത മറുവ ഉണ്ടായിരുന്നാൽ, അത ആചാൎയ്യന കാണിക്കപ്പെടെണം;

൨൦ ആചാൎയ്യൻ ആയതിനെ നൊക്കി, ഇതാ, അത കാഴ്ചെക്ക തൊലിയെക്കാൾ കുഴിഞ്ഞതും, അതിലെ രൊമം വെളുത്തതായി തീൎന്നതും ആയിരുന്നാൽ, ആചാൎയ്യൻ അവനെ അശുദ്ധിയുള്ളവനെന്നു വിധിക്കെണം: അത പരുവിൽനിന്നു ഉണ്ടായ കുഷ്ഠവ്യാധി.

൨൧ എന്നാൽ ആചാൎയ്യൻ അതിനെ നൊക്കി, ഇതാ, അതിൽ വെളുത്ത രൊമം ഇല്ലാതെയും, അത തൊലിയെക്കാൾ കുഴിഞ്ഞിരിക്കാതെ ചുരുങ്ങിയതും ആയാൽ, ആചാൎയ്യൻ അവനെ എഴ ദിവസം അകത്ത അടെക്കെണം.

൨൨ പിന്നെ അത തൊലിയിൽ അധികം പരന്നാൽ, ആചാൎയ്യൻ അവനെ അശുദ്ധിയുള്ളവനെന്നു വിധിക്കെണം: അത ബാധ ആകുന്നു.

൨൩ എന്നാൽ ആ വെളുത്ത മറുവ പരക്കാതെ, ആ നിലയിൽ നിന്നു എങ്കിൽ, അത പരുവിന്റെ എരിച്ചിൽ [ആകുന്നു:] ആചാൎയ്യൻ അവനെ ശുദ്ധിയുള്ളവനെന്നു വിധിക്കയും വെണം.

൨൪ ¶ അല്ലെങ്കിൽ മാംസമാകുന്നതിന്റെ തൊലിയിൽ തീപ്പൊള്ളൽ ഉണ്ടായി, പൊള്ളലിന്റെ ചൂടുള്ള സ്ഥലത്ത ചുവപ്പൊട കൂടിയ വെളുത്ത, അല്ലെങ്കിൽ വെളുത്ത മറുവ ഉണ്ടായിരുന്നാൽ,

൨൫ ആചാൎയ്യൻ അതിനെ നൊക്കെണം: ഇതാ, ആ മറുവിലെ രൊമം വെളുത്തതായി തീൎന്ന, കാഴ്ചെക്ക തൊലിയെക്കാൾ കുഴിഞ്ഞിരുന്നാൽ, അത പൊള്ളലിൽ ഉണ്ടായ കുഷ്ഠം: ആകയാൽ ആചാൎയ്യൻ അവ

നെ അശുദ്ധിയുള്ളവനെന്ന വിധിക്കെണം: അത കുഷ്ഠത്തിന്റെ ബാധ [ആകുന്നു.]

൨൰൬ എന്നാൽ ആചാൎയ്യൻ അതിനെ നൊക്കീട്ട, ഇതാ, മറുവിൽ വെളുത്ത രൊമം ഇല്ലാതെയും, അത [മറെറ] തൊലിയെക്കാൾ കുഴിഞ്ഞിരിക്കാതെ ചുരുങ്ങിയതും ആയാൽ, അപ്പൊൾ ആചാൎയ്യൻ അവനെ എഴ ദിവസം അകത്ത അടെക്കെണം,

൨൰൭ പിന്നെ എഴാം ദിവസം ആചാൎയ്യൻ അവനെ നൊക്കെണം: അത തൊലിയിൽ എററവും പരന്നിരുന്നാൽ, ആചാൎയ്യൻ അവനെ അശുദ്ധിയുള്ളവനെന്ന വിധിക്കെണം: അത കുഷ്ഠത്തിന്റെ ബാധ.

൨൰൮ എന്നാൽ മറുവ തൊലിയിൽ പരക്കാതെ തന്റെ സ്ഥലത്ത നിന്ന, ചുരുങ്ങിയിരുന്നാൽ, അത തീപൊള്ളലിന്റെ ഉഷ്ണം [ആകുന്നു;] ആചാൎയ്യൻ അവനെ ശുദ്ധിയുള്ളവനെന്ന വിധിക്കെണം; എന്തെന്നാൽ അത തീപൊള്ളലിന്റെ ഉഷ്ണം.

൨൰൯ ¶ ഒരു പുരുഷന എങ്കിലും, ഒരു സ്ത്രീക്ക എങ്കിലും, തലയിലൊ, താടിയിലൊ ഒരു വ്യാധിയുണ്ടായാൽ,

൩൰ ആചാൎയ്യൻ ബാധയെ നൊക്കെണം: ഇതാ, അത കാഴ്ചെക്ക തൊലിയെക്കാൾ കുഴിഞ്ഞതും, അതിൽ പൊൻ നിറമായ നെൎമ്മയുള്ള ഒരു രൊമവും ഉണ്ടായിരുന്നാൽ, ആചാൎയ്യൻ അവനെ അശുദ്ധിയുള്ളവനെന്ന വിധിക്കെണം: അത തലയിൽ, അല്ലെങ്കിൽ താടിയിൽ കുഷ്ഠം ആകുന്ന വരട്ടുചൊറി.

൩൰൧ പിന്നെ ആചാൎയ്യൻ ചൊറിയുടെ വ്യാധിയെ നൊക്കുമ്പൊൾ, ഇതാ, അത കാഴ്ചെക്ക തൊലിയെക്കാൾ കുഴിഞ്ഞിരിക്കാതെയും, അതിൽ കറുത്ത രൊമം ഇല്ലാതെയും ഇരുന്നാൽ, ആചാൎയ്യൻ ചൊറിവ്യാധിയുള്ളവനെ എഴ ദിവസം അകത്ത അടെക്കെണം.

൩൰൨ പിന്നെ എഴാം ദിവസം ആചാൎയ്യൻ ആ വ്യാധിയെ നൊക്കെണം: ഇതാ, ആ ചൊറി പരക്കാതെയും, അതിൽ പൊൻ നിറമുള്ള രൊമം ഇല്ലാതെയും, ചൊറി കാഴ്ചെക്ക തൊലിയെക്കാൾ കുഴിഞ്ഞിട്ടില്ലാതെയും ഇരുന്നാൽ,

൩൰൩ അവൻ ക്ഷൌരം ചെയ്യപ്പെടെണം, എന്നാൽ ചൊറി ക്ഷൌരം ചെയ്യരുത: പിന്നെയും ആചാൎയ്യൻ രണ്ടാം പ്രാവശ്യം ചൊറിയുള്ളവനെ എഴ ദിവസം അകത്ത അടെക്കെണം,

൩൰൪ പിന്നെ എഴാം ദിവസം ആചാൎയ്യൻ ചൊറിയെ നൊക്കെണം: ഇതാ, ചൊറി തൊലിയിൽ പരക്കാതെയും, കാഴ്ചെക്ക തൊലിയെക്കാൾ കുഴിഞ്ഞിട്ടില്ലാതെയും ഇരുന്നാൽ, ആചാൎയ്യൻ അവനെ ശുദ്ധിയുള്ളവനെന്ന വിധിക്കെണം: അവനും തന്റെ വസ്ത്രങ്ങളെ അലക്കി, ശുദ്ധിയുള്ളവനാകും.

൩൰൫ എന്നാൽ അവന്റെ ശുദ്ധീകരണത്തിന്റെ ശെഷം ആ ചൊറി തൊലിയിൽ എററവും പരന്നാൽ,

൩൰൬ ആചാൎയ്യൻ അവനെ നൊക്കെണം: ഇതാ, ചൊറി തൊലിയിൽ പരന്നിരുന്നാൽ, ആചാൎയ്യൻ പൊൻ നിറമുള്ള രൊമത്തെ അന്വെഷിക്കെണ്ട: അവൻ അശുദ്ധിയുള്ളവൻ.

൩൰൭ എന്നാൽ തന്റെ കാഴ്ചെക്ക ആ ചൊറി നിന്ന, അതിൽ ഒരു ക

റുത്ത

ത്ത രൊമം മുളച്ചിരുന്നാൽ, ചൊറി സൌഖ്യമായി; അവൻ ശുദ്ധിയുള്ളവൻ [ആകുന്നു:] ആചാൎയ്യൻ അവനെ ശുദ്ധിയുള്ളവനെന്ന വിധിക്കെയും വെണം.

൩൮ ¶ ഒരു പുരുഷന എങ്കിലും, ഒരു സ്ത്രീക്ക എങ്കിലും, അവരുടെ മാംസത്തിന്റെ തൊലിയിൽ, വെളുത്ത മറുവുകളായ മറുവുകൾ ഉണ്ടായാൽ,

൩൯ ആചാൎയ്യൻ നൊക്കെണം: ഇതാ, അവരുടെ മാംസത്തിന്റെ തൊലിയിൽ കുറെ കറുപ്പൊട കൂടിയ വെളുത്ത മറുവുകൾ ഉണ്ടായാൽ, അത തൊലിയിൽ ഉണ്ടാകുന്ന ചുണങ്ങ: അവൻ ശുദ്ധിയുള്ളവൻ.

൪൦ തന്റെ തലമുടി കൊഴിഞ്ഞ മനുഷ്യനൊ, അവൻ മൊട്ടത്തലയുള്ളവൻ; [എങ്കിലും] അവൻ ശുദ്ധിയുള്ളവൻ.

൪൧ തന്റെ തലയിലെ മുൻപുറത്തെ രൊമം കൊഴിഞ്ഞവൻ കഷണ്ടിതലയുള്ളവൻ: അവൻ ശുദ്ധിയുള്ളവൻ.

൪൨ ¶ മൊട്ടത്തലയിൽ, അല്ലെങ്കിൽ കഷണ്ടിതലയിൽ ചുവപ്പൊട കൂടിയ വെളുത്ത മറുവുണ്ടായാൽ, അത അവന്റെ മൊട്ടത്തലയിൽ, അല്ലെങ്കിൽ കഷണ്ടിതലയിൽ ഉണ്ടാകുന്ന കുഷ്ഠം.

൪൩ അപ്പൊൾ ആചാൎയ്യൻ അതിനെ നൊക്കെണം: ഇതാ, അവന്റെ മൊട്ടത്തലയിൽ, അല്ലെങ്കിൽ കഷണ്ടിതലയിൽ, മാംസത്തിന്റെ തൊലിയിലെ കുഷ്ഠം കാണപ്പെടുന്നത പൊലെ, വ്യാധിയുടെ വീക്കം ചുവപ്പൊട കൂടി വെളുത്തതായിരുന്നാൽ,

൪൪ അവൻ കുഷ്ഠരൊഗി; അവൻ അശുദ്ധിയുള്ളവൻ: ആചാൎയ്യൻ അവനെ അശുദ്ധിയുള്ളവൻ എന്ന തീൎത്ത വിധിക്കെണം: അവന്റെ വ്യാധി അവന്റെ തലയിൽ [ആകുന്നു.]

൪൫ ¶ വ്യാധിയുണ്ടായിരിക്കുന്ന കുഷ്ഠരൊഗിയായവന്റെ വസ്ത്രങ്ങൾ കീറപ്പെടെണം; അവന്റെ തല നഗ്നമായിരിക്കെണം; അവൻ തന്റെ മെൽഅധരം മൂടികൊണ്ടിരുന്ന, അശുദ്ധിയുള്ളവൻ, അശുദ്ധിയുള്ളവൻ എന്ന വിളിക്കയും വെണം.

൪൬ ആ വ്യാധി അവനിൽ [ഇരിക്കുന്ന] നാളുകൾ ഒക്കെയും അശുദ്ധിയുള്ളവനായി [ഇരിക്കെണം;] അവൻ അശുദ്ധിയുള്ളവൻ; അവൻ തനിച്ച വസിക്കെണം, അവന്റെ വാസം പാളയത്തിന പുറത്ത [ആയിരിക്കെണം.]

൪൭ ¶ ആട്ടിന്റെ രൊമം കൊണ്ടുള്ള വസ്ത്രമൊ, ചണനൂൽ കൊണ്ടുള്ള വസ്ത്രമൊ ആയാലും, ഒരു വസ്ത്രത്തിലെങ്കിലും,

൪൮ ചണനൂൽ കൊണ്ട അല്ലെങ്കിൽ ആട്ടിൻ രൊമം കൊണ്ടുള്ള പാവിലെങ്കിലും, ഉണ്ട നൂലിലെങ്കിലും, ഒരു തൊലിലെങ്കിലും, തൊൽ കൊണ്ട ഉണ്ടാക്കപ്പെട്ട യാതൊരു വസ്തുവിൽ എങ്കിലും, കുഷ്ഠത്തിന്റെ ബാധയുണ്ടായി,

൪൯ വസ്ത്രത്തിൽ എങ്കിലും, പാവിലെങ്കിലും, ഉണ്ടനൂലിലെങ്കിലും, തൊൽ കൊണ്ടുള്ള യാതൊരു വസ്തുവിലെങ്കിലും, ബാധ കുറെ പച്ച, അല്ലെങ്കിൽ ചുവപ്പായിരുന്നാൽ, അത കുഷ്ഠത്തിന്റെ ബാധ [ആകുന്നു;] അത ആചാൎയ്യന കാണിക്കപ്പെടെണം.

൫൦ ആചാൎയ്യൻ ആ വ്യാധിയെ

നൊക്കി വ്യാധിയുള്ളതിനെ ഏഴ ദിവസം അകത്ത അടെക്കയും വെണം.

൫൧ പിന്നെ അവൻ ഏഴാം ദിവസം വ്യാധിയെ നൊക്കെണം: വസ്ത്രത്തിൽ പാവിൽ ആകട്ടെ, ഉണ്ടനൂലിലാകട്ടെ, തൊലിലാകട്ടെ തൊൽ കൊണ്ട ഉണ്ടാക്കപ്പെട്ട യാതൊരു പണിയിലാകട്ടെ; വ്യാധി പരന്നിരുന്നാൽ, ആ വ്യാധി കെടുക്കുന്ന കുഷ്ഠം [ആകുന്നു;] അത അശുദ്ധിയാകുന്നു.

൫൨ ആ വ്യാധി എതിൽ ഉണ്ടൊ അത ആട്ടിൻ രൊമം കൊണ്ട, അല്ലെങ്കിൽ ചണ നൂൽകൊണ്ടുള്ള വസ്ത്രമൊ, പാവൊ, ഉണ്ടനൂലൊ, തൊൽ കൊണ്ടുള്ള യാതൊരു വസ്തുവൊ ആയാലും, അതിനെ അവൻ ചുട്ടുകളയണം: എന്തുകൊണ്ടെന്നാൽ അത കെടുക്കുന്ന കുഷ്ഠം; അത അഗ്നിയിൽ ചുട്ടുകളയപ്പെടെണം.

൫൩ എന്നാൽ ആചാൎയ്യൻ നൊക്കീട്ട, ഇതാ, ആ വ്യാധി വസ്ത്രത്തിലെങ്കിലും, പാവിലെങ്കിലും, ഉണ്ടനൂലിലെങ്കിലും, തൊൽ കൊണ്ടുള്ള യാതൊരു വസ്തുവിലെങ്കിലും പരന്നിട്ടില്ല എങ്കിൽ,

൫൪ അപ്പൊൾ ആചാൎയ്യൻ വ്യാധിയുള്ള [വസ്തുവിനെ] കഴുകുവാൻ കല്പിക്കെണം: പിന്നെ രണ്ടാം പ്രാവശ്യം ഏഴ ദിവസം അതിനെ അകത്ത അടെക്കണം.

൫൫ അത കഴുകപ്പെട്ടതിന്റെ ശെഷം ആചാൎയ്യൻ ആ വ്യാധിയെ നൊക്കെണം: ഇതാ, ആ വ്യാധി അതിന്റെ നിറം മാറാതെയും, വ്യാധി പരക്കാതെയും ഇരുന്നാൽ, അത അശുദ്ധം [ആകുന്നു:] നീ അതിനെ അഗ്നിയിൽ ചുട്ടുകളയെണം; അത അതിന്റെ അകത്ത ഭാഗത്ത എങ്കിലും, പുറത്ത ഭാഗത്ത എങ്കിലും കെടുക്കുന്ന വ്രണം [ആകുന്നു.]

൫൬ പിന്നെ ആചാൎയ്യൻ നൊക്കി, ഇതാ, വ്യാധി കഴുകപ്പെട്ടതിന്റെ ശെഷം, അത ചുരുങ്ങി എങ്കിൽ; അപ്പൊൾ അവൻ അതിനെ വസ്ത്രത്തിൽനിന്നൊ, തൊലിൽനിന്നൊ, പാവിൽനിന്നൊ, ഉണ്ടനൂലിൽനിന്നൊ കീറി കളയെണം.

൫൭ അത ഇനിയും വസ്ത്രത്തിലെങ്കിലും, പാവിൽ എങ്കിലും, ഉണ്ടനൂലിലെങ്കിലും, തൊൽ കൊണ്ടുള്ള യാതൊരു വസ്തുവിലെങ്കിലും കാണപ്പെടുന്നു എങ്കിൽ, അത വൎദ്ധിക്കുന്ന [ബാധ] ആകുന്നു: വ്യാധിയുള്ളതിനെ നീ അഗ്നിയിൽ ചുട്ടുകളയെണം.

൫൮ എന്നാൽ നീ കഴുകുന്നത വസ്ത്രമൊ, പാവൊ, ഉണ്ടനൂലൊ, തൊൽ കൊണ്ട യാതൊരു വസ്തുവൊ ആയാൽ, ആ വ്യാധി അവയിൽനിന്ന നീങ്ങിപ്പൊയി എങ്കിൽ, അത രണ്ടാം പ്രാവശ്യം കഴുകപ്പെടെണം: അപ്പൊൾ അത ശുദ്ധമാകും.

൫൯ ആട്ടിൻ രൊമം കൊണ്ട, അല്ലെങ്കിൽ ചണ നൂൽ കൊണ്ട ഉള്ള വസ്ത്രത്തെ എങ്കിലും, പാവിനെ എങ്കിലും, ഉണ്ടനൂലിനെ എങ്കിലും, തൊൽ കൊണ്ടുള്ള യാതൊന്നിനെ എങ്കിലും ശുദ്ധമായി; അല്ലെങ്കിൽ അശുദ്ധമായി വിധിക്കെണ്ടുന്നതിന, ഇത അതിലെ കുഷ്ഠത്തിന്റെ ബാധക്കടുത്ത ന്യായപ്രമാണം.

൧൪ അദ്ധ്യായം.

൧ കുഷ്ഠരൊഗിയെ ശുദ്ധിയാക്കുന്നതിനുള്ള വിധികളും ബലികളും.—൩൩ ഒരു ഭവനത്തി

൧ കുഷ്ഠത്തിന്റെ അടയാളങ്ങൾ.—൩൩ ആ ഭവനത്തെ ശുദ്ധിയാക്കുന്നത.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു,

൨ കുഷ്ഠരൊഗിയുടെ ശുദ്ധീകരണദിവസത്തിൽ അവന്റെ ന്യായപ്രമാണം ഇത: അവൻ ആചാൎയ്യന്റെ അടുക്കൽ കൊണ്ടുവരപ്പെടെണം.

൩ എന്നാൽ ആചാൎയ്യൻ പാളയത്തിന പുറത്ത പൊകെണം: പിന്നെ ആചാൎയ്യൻ നൊക്കെണം, ഇതാ, കുഷ്ഠരൊഗിയിൽ കുഷ്ഠവ്യാധി സൌഖ്യമായി എങ്കിൽ,

൪ അപ്പൊൾ ആചാൎയ്യൻ ശുദ്ധീകരിക്കപ്പെടുവാനുള്ളവന്നായിട്ട ജീവനും ശുദ്ധവുമുള്ള രണ്ടു കുരികിൽ പക്ഷികളെയും, കാരകിൽ വിറകിനെയും, ചുവപ്പ നൂലിനെയും, ഹിസ്സൊപ്പിനെയും എടുത്ത കൊണ്ടുവരുവാൻ കല്പിക്കെണം.

൫ പിന്നെ ആചാൎയ്യൻ ഒരു കുരികിലിനെ ഒരു മൺപാത്രത്തിൽ ഒഴുകുന്ന വെള്ളത്തിന്മെൽ കൊല്ലുവാൻ കല്പിക്കെണം.

൬ ജീവനുള്ള കുരികിലിനെയും, കാരകിൽ വിറകിനെയും, ചുവപ്പ നൂലിനെയും, ഹിസ്സൊപ്പിനെയും അവൻ എടുത്തുംകൊണ്ട, ഇവയെയും, ജീവനുള്ള പക്ഷിയെയും ഒഴുകുന്ന വെള്ളത്തിന്മെൽ കൊല്ലപ്പെട്ട പക്ഷിയുടെ രക്തത്തിൽ മുക്കെണം.

൭ പിന്നെ അവൻ കുഷ്ഠത്തിൽനിന്ന ശുദ്ധീകരിക്കപ്പെടുവാനുള്ളവന്റെ മെൽ എഴ പ്രാവശ്യം തളിച്ച, അവനെ ശുദ്ധിയുള്ളവനെന്നും വിധിച്ച, ജീവനുള്ള പക്ഷിയെ പുറത്ത വിസ്താരമുള്ള വയലിലെക്ക വിട്ടയക്കെണം.

൮ ശുദ്ധീകരിക്കപ്പെടുന്നവൻ തന്റെ വസ്ത്രങ്ങളെ അലക്കി, തന്റെ തലമുടിയെ ഒക്കെയും ക്ഷൌരം ചെയ്യിച്ച, താൻ ശുദ്ധിയുള്ളവനാകുവാനായിട്ട വെള്ളത്തിൽ കുളിക്കെണം: അതിന്റെ ശെഷം അവൻ പാളയത്തിലെക്ക പ്രവെശിച്ച, തന്റെ കൂടാരത്തിന പുറത്ത എഴ ദിവസം പാൎക്കെണം.

൯ എഴാം ദിവസം ഉണ്ടാകെണ്ടുന്നത എന്തെന്നാൽ, അവൻ തന്റെ എല്ലാ തലമുടിയെയും, തന്റെ താടിയെയും, തന്റെ പുരികങ്ങളെയും ക്ഷൌരം ചെയ്യിച്ച, തന്റെ എല്ലാ രൊമത്തെയും, ക്ഷൌരം ചെയ്യിച്ച, തന്റെ വസ്ത്രങ്ങളെയും അലക്കി, തന്റെ ദെഹത്തെയും വെള്ളം കൊണ്ട കഴുകി, ശുദ്ധിയുള്ളവനായിരിക്കെണം.

൧൦ പിന്നെ എട്ടാം ദിവസത്തിൽ അവൻ കുറവില്ലാത്ത രണ്ടു ആട്ടിൻകുട്ടികളെയും, ഒരു വയസ്സുള്ള കുറവില്ലാത്ത ഒരു പെൺ ആട്ടിൻകുട്ടിയെയും, ആഹാര കാഴ്ചയായിട്ട എണ്ണയിൽ കുഴെക്കപ്പെട്ടതായി ഒരു പറ നെരിയ മാവിൽ പത്തിൽ മൂന്ന ഒഹരിയെയും, ഒരു കുറി എണ്ണയെയും കൊണ്ടുവരികയും വെണം.

൧൧ പിന്നെ ശുദ്ധീകരിക്കുന്ന ആചാൎയ്യൻ ശുദ്ധീകരിക്കപ്പെടുന്ന മനുഷ്യനെയും, അവയെയും, യഹൊവായുടെ മുമ്പാകെ സംഘത്തിന്റെ കൂടാരവാതുക്കൽ നിൎത്തെണം.

൧൨ പിന്നെ ആചാൎയ്യൻ ഒരു ആട്ടിൻ കുട്ടിയെ എടുത്ത, അതിനെയും ആ കുറി എണ്ണയെയും കുറ്റത്തിന ബലിക്കായി കഴിച്ച, യഹൊവായുടെ മുമ്പാകെ ആട്ടപ്പെടുന്ന കാഴ്ചയായി ആട്ടെണം.

ഉരൻ

൧൩ അവൻ പാപ ബലിയെയും, ഹൊമ ബലിയെയും കൊല്ലുന്ന ഇടത്ത, ശുദ്ധസ്ഥലത്ത ആ ആട്ടിൻ കുട്ടിയെ കൊല്ലെണം: എന്തുകൊണ്ടെന്നാൽ കുററത്തിനുള്ള ബലി പാപബലി എന്നപൊലെ ആചാൎയ്യന്നുള്ളത: അത മഹാ ശുദ്ധം.

൧൪ പിന്നെ കുററത്തിനുള്ള ബലിയുടെ രക്തത്തിൽനിന്ന ആചാൎയ്യൻ [കുറെ] എടുത്ത, ശുദ്ധികരിക്കപ്പെടുന്നവന്റെ വലത്തെ ചെവിയുടെ മടക്കിലും, അവന്റെ വലത്തെ കയ്യിന്റെ പെരുവിരലിന്മെലും, അവന്റെ വലത്തെ കാലിന്റെ പെരുവിരലിന്മെലും ആചാൎയ്യൻ ഇടെണം.

൧൫ പിന്നെ ആചാൎയ്യൻ ആ കുററി എണ്ണയിൽനിന്ന [കുറെ] തന്റെ ഇടത്തെ ഉള്ളങ്കയ്യിൽ ഒഴിക്കെണം.

൧൬ ആചാൎയ്യൻ തന്റെ ഇടത്തെ കയ്യിൽ ഉള്ള എണ്ണയിൽ തന്റെ വലത്തെ വിരലിനെ മുക്കി, എണ്ണയിൽനിന്ന തന്റെ വിരൽ കൊണ്ട എഴ പ്രാവശ്യം യഹൊവായുടെ മുമ്പാകെ തളിക്കെണം.

൧൭ തന്റെ ഉള്ളങ്കയ്യിൽ ശെഷിച്ച എണ്ണയിൽനിന്ന ആചാൎയ്യൻ [കുറെ] ശുദ്ധികരിക്കപ്പെടുന്നവന്റെ വലത്തെ ചെവിയുടെ മടക്കിലും, അവന്റെ വലത്തെ കയ്യിന്റെ പെരുവിരലിന്മെലും, അവന്റെ വലത്തെ കാലിന്റെ പെരുവിരലിന്മെലും, കുററത്തിനുള്ള ബലിയുടെ രക്തത്തിന്റെ മിതെ ഇടെണം.

൧൮ പിന്നെ ആചാൎയ്യന്റെ ഉള്ളങ്കയ്യിൽ ശെഷിപ്പുള്ള എണ്ണയെ അവൻ ശുദ്ധികരിക്കപ്പെവടുന്നവന്റെ തലയിൽ ഒഴിക്കെണം: ആചാൎയ്യൻ യഹൊവായുടെ മുമ്പാകെ അവന വെണ്ടി പാപ പരിഹാരവും ചെയ്യെണം.

൧൯ ആചാൎയ്യൻ പാപ ബലിയെയും കഴിച്ച, അവന്റെ അശുദ്ധിയിൽനിന്ന ശുദ്ധികരിക്കപ്പെടുന്നവന വെണ്ടി പാപപരിഹാരം ചെയ്യു, പിന്നത്തെതിൽ ഹൊമബലിയെ കൊല്ലെണം.

൨൦ പിന്നെ ആചാൎയ്യൻ ആ ഹൊമ ബലിയെയും, ആഹാര കാഴ്ചയെയും ബലിപീഠത്തിന്മെൽ കഴിക്കെണം: ആചാൎയ്യൻ അവന വെണ്ടി പാപപരിഹാരം ചെയ്കയും വെണം; അപ്പൊൾ അവൻ ശുദ്ധിയുള്ളവൻ ആകും.

൨൧ ¶ അവൻ ദരിദ്രനും തന്റെ കയ്യിൽവകയില്ലാത്തവനും [ആയിരുന്നാൽ,] അവൻ അവന വെണ്ടി പാപപരിഹാരം ചെയ്യെണ്ടുന്നതിന, ആട്ടപ്പെടുന്ന കുററബലിയായിട്ട ഒര ആട്ടിൻ കുട്ടിയെയും, ആഹാര കാഴ്ചക്കായിട്ട എണ്ണയിൽ കുഴെക്കപ്പെട്ടതായി ഒരു പറ നെരിയ മാവിൽ പത്തിൽ ഒര ഒഹരിയെയും, ഒരു കുററി എണ്ണയെയും,

൨൨ തന്റെ കൈക്ക ലഭിക്കുന്ന രണ്ട കാട്ടുപ്രാവുകളെ എങ്കിലും, രണ്ട പ്രാവുകുഞ്ഞങ്ങളെ എങ്കിലും, ഒന്ന പാപബലിക്കായിട്ടും, മറെറതഹൊമബലിക്കായിട്ടും, എടുക്കെണം.

൨൩ പിന്നെ അവൻ തന്റെ ശുദ്ധികരണത്തിന എട്ടാം ദിവസം സംഘത്തിന്റെ കൂടാരവാതുക്കൽ, യഹൊവായുടെ മുമ്പാകെ, ആചാൎയ്യന്റെ അടുക്കൽ കൊണ്ടുവരെണം.

൨൪ അപ്പൊൾ ആചാൎയ്യൻ കുററബലിക്കുള്ള ആട്ടിൻ കുട്ടിയെയും,

ആ കുററി എണ്ണയെയും എടുത്ത, യ
ഹൊവായുടെ മുമ്പാകെ ആട്ടപ്പെട്ട
കാഴ്ചയായിആചാൎയ്യൻആട്ടെണം.
൨൫ പിന്നെ അവൻ കുററബ
ലിക്കുള്ള ആട്ടിൻ കുട്ടിയെ കൊല്ലെ
ണം: ആചാൎയ്യൻ കുററ ബലിയു
ടെ രക്തത്തിൽനിന്ന [കുറെ] എടു
ത്ത, ശുദ്ധീകരിക്കപ്പെടുന്നവൻെറ
വലത്തെ ചെവിയുടെ മടക്കിലും,
അവൻെറ വലത്തെ കയ്യിൻെറ
പെരുവിരലിന്മെലും, അവൻെറ
വലത്തെ കാലിൻെറ പെരുവിര
ലിൻമെലും ഇടെണം.
൨൬ ആചാൎയ്യൻ എണ്ണയിൽനി
ന്ന [കുറെ] തൻെറ ഇടത്തെ ഉള്ളു
ക്കയ്യിൽ ഒഴിക്കെണം.
൨൭ ആചാൎയ്യൻ തൻെറ ഇടത്തെ
കയ്യിൽ [ഇരിക്കുന്ന] എണ്ണയിൽ
നിന്ന തൻെറ വലത്തെ വിരൽ
കൊണ്ട യഹൊവായുടെ മുമ്പാകെ
എഴ പ്രാവശ്യം തളിക്കെണം.
൨൮ ആചാൎയ്യൻ തൻെറ ഉള്ളുക്ക
യ്യിൽ [ഇരിക്കുന്ന] എണ്ണയിൽനി
ന്ന [കുറെ] ശുദ്ധീകരിക്കപ്പെടുന്ന
വൻെറ വലത്തെ ചെവിയുടെ മട
ക്കിലും, അവൻെറ വലത്തെ കയ്യി
ൻെറ പെരുവിരലിന്മെലും, അവ
ൻെറ വലത്തെ കാലിൻെറ പെരു
വിരലിന്മെലും, കുററ ബലിയുടെ
രക്തം ഇരിക്കുന്ന ഇടത്തിന്മീതെ
ഇടെണം.
൨൯ ആചാൎയ്യൻെറ ഉള്ളുക്കയ്യി
ൽ [ഇരിക്കുന്ന] ശെഷിച്ച എണ്ണ
യെ അവൻ ശുദ്ധീകരിക്കപ്പെടുന്ന
വൻെറ തലയിന്മെൽ, അവന വെ
ണ്ടി യഹൊവായുടെ മുമ്പാകെ പാ
പപരിഹാരം ചെയ്യാനായിട്ട, ഇടു
കയും വെണം.
൩൦ പിന്നെ അവൻ തൻെറ
കൈക്ക ലഭിക്കുന്ന കാട്ടുപ്രാവുകളി
ൽ എങ്കിലും, പ്രാവുകുഞ്ഞങ്ങളിൽ എ
ങ്കിലും ഒന്നിനെ,
൩൧ തൻെറ കൈക്ക ലഭിക്കുന്ന
അവയിൽ ഒന്നിനെ പാപ ബലി
യായിട്ടും, മറെറതിനെ ഹൊമ ബ
ലിയായിട്ടും, ആഹാര കാഴ്ചയൊട
കൂടെ കഴിക്കെണം: ആചാൎയ്യൻ ശു
ദ്ധീകരിക്കപ്പെടുന്നവന വെണ്ടി,
യഹൊവായുടെ മുമ്പാകെ, പാപ
പരിഹാരം ചെയ്കയും വെണം.
൩൨ ഇത തൻെറ ശുദ്ധീകരണ
ത്തിന കയ്യിൽ വക ലഭിക്കാത്ത കു
ഷ്ഠത്തിൻെറ ബാധയുള്ളവന ന്യാ
യപ്രമാണം.
൩൩ ¶ പിന്നെയും യഹൊവാ
മൊശെയൊടും അഹറൊനൊടും
സംസാരിച്ച പറഞ്ഞത എന്തെ
ന്നാൽ;
൩൪ ഞാൻ നിങ്ങൾക്ക അവകാ
ശമായി തരുന്ന കനാൻ ദെശത്ത
നിങ്ങൾ വന്നതിൻെറ ശെഷം, ഞാ
ൻ നിങ്ങളുടെ അവകാശമായ ദെ
ശത്ത ഒരു ഭവനത്തിൽ കുഷ്ഠത്തി
ൻെറ ബാധയെ വരുത്തുമ്പൊൾ,
൩൫ ആ ഭവനത്തിൻെറ ഉടയ
വൻ വന്ന, ഭവനത്തിൽ ബാധ
യെ പൊലെ [ഇരിക്കുന്നത] എ
നിക്ക കാണപ്പെടുന്നു എന്ന ആ
ചാൎയ്യനൊട അറിയിക്കെണം.
൩൬ അപ്പൊൾ ഭവനത്തിലുള്ള
സകലവും അശുദ്ധമാകാതെ ക
ണ്ട, ആചാൎയ്യൻ ആ ബാധയെ
നൊക്കുവാൻ പ്രവെശിക്കുന്നതി
ന മുമ്പെ, ഭവനത്തെ ഒഴിപ്പിപ്പാ
ൻ ആചാൎയ്യൻ കല്പിക്കെണം: പി
ന്നത്തെതിൽ ആചാൎയ്യൻ ഭവന
ത്തെ നൊക്കുവാൻ അകത്ത വരെ
ണം.
൩൭ അവൻ ആ ബാധയെ നൊ
ക്കി, ഇതാ, ഭവനത്തിൻെറ ഭിത്തി

കളിൽ കുറെ പച്ചയും കുറെ ചുവ
പ്പുമായ കുഴികൾ ഉണ്ടായി, അവ
കാഴ്ചെക്ക ഭിത്തിയെക്കാൾ കുഴിഞ്ഞി
രുന്നാൽ,
൩൮ അപ്പൊൾ ആചാൎയ്യൻ ആ
ഭവനത്തിൽനിന്ന ഭവനത്തിന്റെ
വാതുക്കൽ പുറപ്പെട്ട, ഭവനത്തെ
എഴ ദിവസം അടച്ചുകളയെണം.
൩൯ പിന്നെ എഴാം ദിവസം
ആചാൎയ്യൻ തിരിച്ച ചെന്ന, നൊ
ക്കെണം; ഇതാ, ബാധ ഭവനത്തി
ന്റെ ഭിത്തികളിൽ പരന്നിട്ടുണ്ടെ
ങ്കിൽ,
൪൦ ബാധയുള്ള കല്ലുകളെ നീ
ക്കുവാനും, പട്ടണത്തിന പുറത്ത
അശുദ്ധമുള്ള ഒരു സ്ഥലത്ത ഇട്ടു
വാനും ആചാൎയ്യൻ കല്പിക്കെണം.
൪൧ പിന്നെ അവൻ ഭവനത്തി
നകത്ത ചുറ്റും ചുരണ്ടിക്കെണം:
അവർ ചുരണ്ടികളഞ്ഞ മണ്ണിനെ
പട്ടണത്തിന പുറത്ത അശുദ്ധമു
ള്ള ഒരു സ്ഥലത്ത കളയിക്കെണം.
൪൨ അവർ വെറെ കല്ലുകളെ എ
ടുത്ത, ആ കല്ലുകൾക്ക പകരം ഇ
ടെണം: അവൻ വെറെ കുമ്മായം
എടുത്ത, ഭവനത്തെ തെക്കയും വെ
ണം.
൪൩ അവൻ ആ കല്ലുകളെ നീ
ക്കിയ ശെഷവും, ഭവനത്തെ ചുര
ണ്ടിയ ശെഷവും, അത തെക്കപ്പെ
ട്ട ശെഷവും, ആ ബാധ പിന്നെ
യും ഭവനത്തിൽ ഉണ്ടായി വന്നാ
ൽ,
൪൪ അപ്പൊൾ ആചാൎയ്യൻ വ
ന്ന നൊക്കെണം: ഇതാ, ബാധ ഭ
വനത്തിൽ പരന്നിരുന്നാൽ, അ
ത ഭവനത്തിൽ കെടുക്കുന്ന കുഷ്ഠം
[ആകുന്നു:] അത അശുദ്ധം ആ
കുന്നു.
൪൫ പിന്നെ ആ ഭവനത്തെ അ
തിന്റെ കല്ലുകളെയും, അതിന്റെ
മരങ്ങളെയും, അതിന്റെ കുമ്മായ
ത്തെയും ഇടിച്ചുകളഞ്ഞ, പട്ടണ
ത്തിന പുറത്ത അശുദ്ധമുള്ള സ്ഥ
ലത്ത കൊണ്ടുപൊയി കളയെണം.
൪൬ വിശെഷിച്ചും ഭവനം അ
ടെക്കപ്പെട്ട നാളിൽ ഒക്കെയും അ
തിനകത്ത പ്രവെശിക്കുന്നവൻ
സന്ധ്യ വരെയും അശുദ്ധിയുള്ളവ
നായിരിക്കെണം.
൪൭ ഭവനത്തിൽ കിടക്കുന്നവൻ
തന്റെ വസ്ത്രങ്ങളെ അലക്കെണം:
ഭവനത്തിൽ ഭക്ഷിക്കുന്നവനും ത
ന്റെ വസ്ത്രങ്ങളെ അലക്കെണം:
൪൮ എന്നാൽ ആചാൎയ്യൻ അക
ത്ത വന്ന, നൊക്കി, ഇതാ, ഭവനം
തെക്കപ്പെട്ടതിന്റെ ശെഷം ഭവ
നത്തിൽ ആ ബാധ പരന്നിട്ടില്ല
എങ്കിൽ, ആചാൎയ്യൻ ആ ഭവന
ത്തെ ശുദ്ധിയുള്ളത എന്ന വിധി
ക്കെണം: എന്തെന്നാൽ ബാധ മാ
റിപ്പൊയി.
൪൯ അപ്പൊൾ അവൻ ആ ഭ
വനത്തെ ശുദ്ധിയാക്കുന്നതിന ര
ണ്ടു പക്ഷികളെയും, കാരകിൽ വി
റകിനെയും, ചുവപ്പുനൂലിനെയും,
ഈസൊപ്പിനെയും എടുത്ത,
൫൦ അവൻ ഒരു പക്ഷിയെ മ
ൺപാത്രത്തിൽ ഒഴുകുന്ന വെള്ള
ത്തിന്മെൽ കൊല്ലെണം.
൫൧ പിന്നെ അവൻ കാരകിൽ
വിറകിനെയും, ഈസൊപ്പിനെ
യും, ചുവപ്പു നൂലിനെയും, ജീവ
നുള്ള പക്ഷിയെയും എടുത്ത കൊ
ണ്ടു, ഇവയെ കൊല്ലപ്പെട്ട പക്ഷി
യുടെ രക്തത്തിലും, ഒഴുകുന്ന വെ
ള്ളത്തിലും, മുക്കി, ഭവനത്തിന്മെൽ
എഴ പ്രാവശ്യം തളിക്കെണം,
൫൨ അവൻ ആ പക്ഷിയുടെ ര
ക്തം കൊണ്ടും, ഒഴുകുന്ന വെള്ളം

കൊണ്ടും, ജീവനുള്ള പക്ഷി കൊ
ണ്ടും, കാരകിൽ വിറകു കൊണ്ടും,
ഈസൊപ്പുകൊണ്ടും, ചുവപ്പ നൂ
ലുകൊണ്ടും ആ ഭവനത്തെ ശുദ്ധി
യാക്കെണം.
൫൩ എന്നാൽ അവൻ ജീവനു
ള്ള പക്ഷിയെ പട്ടണത്തിന പുറ
ത്ത വിസ്താരമുള്ള വയലിൽ വിട്ട
യച്ച, ഭവനത്തിന പരിഹാരം ചെ
യ്യെണം: അപ്പൊൾ അത ശുദ്ധ
മാകും.
൫൪ ഇത സകല കുഷ്ഠത്തിന്റെ
യും ബാധെക്കും, ചൊറിക്കും,
൫൫ വസ്ത്രത്തിലെയും, ഭവന
ത്തിലെയും കുഷ്ഠത്തിനും,
൫൬ വീക്കത്തിനും, ചിരങ്ങിനും,
വെളുത്ത മറുവിനും ഉള്ള ന്യായപ്ര
മാണം.
൫൭ എപ്പൊൾ അശുദ്ധം എന്നും,
എപ്പൊൾ ശുദ്ധം എന്നും പഠിപ്പി
ക്കെണ്ടുന്നതിന ഇത കുഷ്ഠത്തിനു
ള്ള ന്യായപ്രമാണം.

൧൫ അദ്ധ്യായം.

൧-൯ വാതശൊണിതങ്ങളാലുള്ള അശുദ്ധി. ൧൩, ൨൮ അവയുടെ ശുദ്ധി.

പിന്നെയും യഹൊവാ മൊശെ
യൊടും അഹറൊനൊടും സംസാ
രിച്ച പറഞ്ഞു;
൨ നിങ്ങൾ യിസ്രാഎൽ പുത്ര
ന്മാരൊട സംസാരിച്ച പറയെണ്ടു
ന്നത എന്തെന്നാൽ, യാതൊരു മ
നുഷ്യന തന്റെ മാംസത്തിൽനി
ന്ന വാതശൊണിതം ഉണ്ടായാൽ,
അവൻ തന്റെ ശൊണിതത്താൽ
അശുദ്ധിയുള്ളവൻ [ആകുന്നു.]
൩ അവന്റെ ശൊണിതത്തിൽ
അവന്റെ അശുദ്ധി ഇത ആകും:
അവന്റെ വാതശൊണിതത്തൊ
ടെ അവന്റെ മാംസം ഒഴുകിയാ
ലും, അവന്റെ മാംസത്തിൽനിന്നു
അവന്റെ വാതശൊണിതം അടെ
ക്കപ്പെട്ടിരുന്നാലും, അത അവനിൽ
അശുദ്ധി [ആകുന്നു.]
൪ വാതശൊണിതക്കാരൻ ശയി
ക്കുന്ന കിടക്ക ഒക്കെയും അശുദ്ധ
മാകുന്നു: അവൻ എതിന്മെൽ ഇ
രിക്കുന്നുവൊ അതൊക്കെയും അ
ശുദ്ധമാകും.
൫ അവന്റെ കിടക്കയെ തൊടു
ന്ന മനുഷ്യൻ തന്റെ വസ്ത്രങ്ങ
ളെ അലക്കി, വെള്ളത്തിൽ കുളിക്കെ
ണം: സന്ധ്യ വരെയും അശുദ്ധി
യുള്ളവനായിരിക്കെണം.
൬ വാതശൊണിതക്കാരൻ ഇരു
ന്നതിന്മെൽ ഇരിക്കുന്നവൻ ത
ന്റെ വസ്ത്രങ്ങളെ അലക്കി, വെ
ള്ളത്തിൽ കുളിച്ച, സന്ധ്യ വരെയും
അശുദ്ധിയുള്ളവൻ ആയിരിക്കെ
ണം.
൭ ശൊണിതക്കാരന്റെ മാംസ
ത്തെ തൊടുന്നവൻ തന്റെ വസ്ത്ര
ങ്ങളെ അലക്കി, വെള്ളത്തിൽ കുളി
ച്ച, സന്ധ്യ വരെയും അശുദ്ധിയു
ള്ളവൻ ആയിരിക്കെണം.
൮ ശൊണിതക്കാരൻ ശുദ്ധിയുള്ള
വന്റെ മെൽ തുപ്പിയാൽ, ഇവൻ
തന്റെ വസ്ത്രങ്ങളെ അലക്കി, വെ
ള്ളത്തിൽ കുളിച്ച, സന്ധ്യ വരെയും
അശുദ്ധിയുള്ളവൻ ആയിരിക്കെ
ണം.
൯ വാതശൊണിതക്കാരൻ എത
ജീനിയിന്മെൽ കരെറി പൊകുന്നു
വൊ, അത അശുദ്ധമാകും.
൰ അവന്റെ കീഴെ ഇരുന്ന എ
തിനെ എങ്കിലും തൊടുന്നവനെല്ലാം
സന്ധ്യ വരെയും അശുദ്ധിയുള്ളവ
നായിരിക്കെണം: ആയവയെ ചു
മക്കുന്നവൻ തന്റെ വസ്ത്രങ്ങളെ
അലക്കി, വെള്ളത്തിൽ കുളിച്ച, സ

ന്ധ്യ വരെയും അശുദ്ധിയുള്ളവൻ ആയിരിക്കെണം,

൧൧ ശൊണിതക്കാരൻ തന്റെ കൈകളെ വെള്ളം കൊണ്ട കഴുകാതെ ഇരിക്കുമ്പൊൾ, എവനെ എങ്കിലും തൊട്ടാൽ, അവൻ തന്റെ വസ്ത്രങ്ങളെ അലക്കി, വെള്ളത്തിൽ കുളിച്ചു, സന്ധ്യ വരെയും അശുദ്ധിയുള്ളവൻ ആയിരിക്കെണം

൧൨ വാതശൊണിതക്കാരൻതൊടുന്ന മൺപാത്രം ഉടെക്കപ്പെടെണം: മര പാത്രം എല്ലാം വെള്ളം കൊണ്ട കഴുകപ്പെടുകയും വെണം.

൧൩ ശൊണിതക്കാരൻ തന്റെ ശൊണിതത്തിൽനിന്ന ശുദ്ധിയുള്ളവൻ ആകുമ്പൊൾ, അവൻ തന്റെ ശുദ്ധീകരണത്തിനായി എഴ ദിവസം എണ്ണികൊണ്ട തന്റെ വസ്ത്രങ്ങളെ അലക്കി, തന്റെ മാംസത്തെ ഒഴുകുന്ന വെള്ളത്തിൽ കുളിപ്പിക്കണം: അപ്പൊൾ അവൻ ശുദ്ധിയുള്ളവൻ ആകും.

൧൪ എന്നാൽ എട്ടാം നാളിൽ അവൻ രണ്ട കാട്ടു പ്രാവുകളെ എങ്കിലും, രണ്ട പ്രാവുകുഞ്ഞങ്ങളെ എങ്കിലും എടുത്ത, സംഘത്തിന്റെ കൂടാരവാതുക്കൽ യഹൊവായുടെ മുമ്പാകെ വന്ന, അവയെ ആചാൎയ്യന്ന കൊടുക്കെണം.

൧൫ ആചാൎയ്യൻ അവയെ, ഒന്നിനെ പാപ ബലിയായിട്ടും മറെറതിനെ ഹൊമ ബലിയായിട്ടും, കഴിക്കെണം: ആചാൎയ്യൻ അവന വെണ്ടി, യഹൊവായുടെ മുമ്പാകെ, അവന്റെ വാതശൊണിതം നിമിത്തം പരിഹാരം ചെയ്യെണം.

൧൬ ¶ പിന്നെയും ഇന്ദ്രിയം ഒരുത്തനിൽനിന്ന പുറപ്പെട്ടാൽ, അവൻ തന്റെ മാംസത്തെ ഒക്കെയും വെള്ളത്തിൽ കഴുകി, സന്ധ്യ വരെയും അശുദ്ധിയുള്ളവൻ ആകെണം.

൧൭ ഇന്ദ്രിയം ഇരിക്കുന്ന സകല വസ്ത്രവും, സകല തൊലും വെള്ളത്തിൽ കഴുകപ്പെട്ട, സന്ധ്യ വരെയും അശുദ്ധിയായിരിക്കെണം.

൧൮ ഇന്ദ്രിയ സ്ഖലനം ഉണ്ടായവനൊട കൂടെ സ്ത്രീ ശയിച്ചിരുന്നാൽ, [അവർ] ഇരുവരും വെള്ളത്തിൽ കുളിച്ചു, സന്ധ്യ വരെയും അശുദ്ധിയുള്ളവർ ആകെണം.

൧൯ ¶ പിന്നെ ഒരു സ്ത്രീക്ക ഒഴിവുണ്ടായി, അവളുടെ മാംസത്തിൽ ഉള്ള ഒഴിവ രക്തം ആയിരുന്നാൽ, അവൾ എഴ ദിവസം വെൎത്തിരിക്കെണം: അവളെ തൊടുന്നവനെല്ലാം സന്ധ്യ വരെയും അശുദ്ധിയുള്ളവൻ ആകെണം.

൨൦ അവളുടെ വെൎത്തിരിവിൽ അവൾ എതിന്മെൽ എങ്കിലും കിടന്നാൽ, അതൊക്കെയും അശുദ്ധിയായിരിക്കെണം: അവൾ എതിന്മെൽ എങ്കിലും ഇരുന്നാൽ അതൊക്കെയും അശുദ്ധിയായിരിക്കെണം.

൨൧ അവളുടെ കിടക്കയെ തൊടുന്നവനെല്ലാം തന്റെ വസ്ത്രങ്ങളെ അലക്കി, വെള്ളത്തിൽ കുളിച്ചു, സന്ധ്യ വരെയും അശുദ്ധിയുള്ളവൻ ആകെണം.

൨൨ അവൾ ഇരുന്നിരുന്ന യാതൊന്നിനെയും തൊടുന്നവനെല്ലാം തന്റെ വസ്ത്രങ്ങളെ അലക്കി, വെള്ളത്തിൽ കുളിച്ചു, സന്ധ്യ വരെയും അശുദ്ധിയുള്ളവൻ ആകെണം.

൨൩ അവൻ അതിനെ തൊടുമ്പൊൾ അത അവളുടെ കിടക്കയിന്മെലൊ, അവൾ ഇരുന്നിരുന്നതിന്മെലൊ [ഇരിക്കുന്നു] എങ്കിൽ, അവൻ സന്ധ്യ വരെയും അശുദ്ധിയുള്ളവൻ ആകെണം.

൨൪ ഒരുത്തൻ അവളൊട കൂടെ ശയിക്കയും, അവളുടെ ഋതു അവന്മെൽ ഇരിക്കയും ചെയ്യുാൽ, അവൻ എഴ ദിവസം അശുദ്ധിയുള്ളവൻ ആകെണം: അവൻ കിടക്കുന്ന കിടക്ക ഒക്കെയും അശുദ്ധിയാകും.

൨൫ ഒരു സ്ത്രീ അവളുടെ വെറുതിരിവുള്ള കാലത്തല്ലാതെ അവളുടെ രക്തവാച്ച് എറിയ ദിവസം ഉണ്ടായാൽ, അല്ലെങ്കിൽ അവളുടെ വെറുതിരിവുകാലത്തിന അധികമായി ഒഴിഞ്ഞാൽ, അവളുടെ അശുദ്ധിയുടെ ഒഴിച്ചിലിന്റെ ദിവസങ്ങൾ ഒക്കെയും അവളുടെ ഋതു ദിവസങ്ങൾ പൊലെ ഇരിക്കെണം: അവൾ അശുദ്ധിയുള്ളവൾ ആകെണം.

൨൬ അവളുടെ രക്തവാച്ചയുടെ ദിവസങ്ങൾ എല്ലാം അവൾ കിടക്കുന്ന കിടക്ക ഒക്കെയും അവൾക്ക, അവളുടെ വെറുതിരിവിന്റെ കിടക്ക പൊലെ, ഇരിക്കെണം: അവൾ എതിന്മെൽ ഇരുന്നാലും, അത അവളുടെ വെറുതിരിവിന്റെ അശുദ്ധിപൊലെ അശുദ്ധിയായിരിക്കെണം.

൨൭ ആ വസ്തുക്കളെ തൊടുന്നവനെല്ലാം അശുദ്ധിയുള്ളവൻ ആകും: അവൻ തന്റെ വസ്ത്രങ്ങളെ അലക്കി, വെള്ളത്തിൽ കുളിച്ച, സന്ധ്യവരെയും അശുദ്ധിയുള്ളവൻ ആകെണം.

൨൮ എന്നാൽ അവൾ തന്റെ രക്തവാച്ചയിൽനിന്ന ശുദ്ധിയുള്ളവളായാൽ, അവൾ തനിക്ക എഴ ദിവസം എണ്ണികൊള്ളെണം; പിന്നത്തെതിൽ അവൾ ശുദ്ധിയുള്ളവളാകും.

൨൯ എന്നാൽ എട്ടാം ദിവസം അവൾ രണ്ട കാട്ടുപ്രാവുകളെ എങ്കിലും, രണ്ട പ്രാവുകുഞ്ഞുങ്ങളെ എങ്കിലും എടുത്ത, സംഘത്തിന്റെ കൂടാരവാതുക്കൽ ആചാര്യന്റെ അടുക്കൽ അവയെ കൊണ്ടുവരെണം.

൩൦ ആചാര്യൻ ഒന്നിനെ പാപബലിയായിട്ടും, മറ്റെതിനെ ഹൊമബലിയായിട്ടും കഴിക്കെണം: ആചാര്യൻ അവൾക്ക വെണ്ടി യഹൊവായുടെ മുമ്പാകെ അവളുടെ അശുദ്ധിയുടെ രക്തസ്രവം നിമിത്തം പരിഹാരം ചെയ്യെണം.

൩൧ ¶ യിസ്രായെൽ പുത്രന്മാരുടെ നടുവിൽ ഉള്ള എന്റെ കൂടാരത്തെ അവർ അശുദ്ധമാക്കുമ്പൊൾ, തങ്ങളുടെ അശുദ്ധങ്ങളിൽ മരിക്കാതെ ഇരിപ്പാൻ, നിങ്ങൾ അവരുടെ അശുദ്ധങ്ങളിൽനിന്ന അവരെ ഇപ്രകാരം വെർതിരിക്കെണം.

൩൨ ഇത വാതശൊണിതക്കാരന്നും, തന്റെ ഇന്ദ്രിയം തന്നിൽനിന്ന പുറപ്പെട്ട അതിനാൽ അശുദ്ധിയായവന്നും,

൩൩ തന്റെ ഋതുവിൽ ദീനമുള്ളവൾക്കും, വാതശൊണിതമുള്ളവന്നും, പുരുഷന്നും, സ്ത്രീക്കും, അശുദ്ധിയുള്ളവളൊട കൂടെ ശയിക്കുന്നവന്നും ഉള്ള ന്യായപ്രമാണം.

൧൬ അദ്ധ്യായം.

൧ പ്രധാനാചാര്യന്റെ പാപത്തിനുള്ള ബലി.—൨൦ വിട്ടയക്കപ്പെടുന്ന വെള്ളാട.—൨൯ പാപപരിഹാരപെരുനാൾ.

൧ അഹറൊന്റെ രണ്ട പുത്രന്മാർ യഹൊവായുടെ മുമ്പാകെ കർമ്മം കഴിച്ച, മരിച്ച, അവരുടെ മരണത്തിന്റെ ശെഷം, യഹൊവാ മൊശെയൊട സംസാരിച്ചു:

൨ യഹൊവാ മൊശെയൊട പറഞ്ഞത എന്തെന്നാൽ, നിന്റെ സഹൊദരനായ അഹറൊൻ മരിക്കാ

തെ കണ്ട, ശുദ്ധസ്ഥലത്തിൽ തിര
ശീലെക്കകത്ത, പെട്ടകത്തിന്റെ മീ
തെയുള്ളകൃപാസനത്തിന മുമ്പാകെ,
എല്ലാ സമയത്തും വരരുത എന്ന
അവനൊട പറയെണം: എന്തെ
ന്നാൽ കൃപാസനത്തിന മീതെ മെ
ഘത്തിൽ ഞാൻ കാണപ്പെടും.

൩ അഹറൊൻ ഇപ്രകാരം ശുദ്ധ
സ്ഥലത്തിനകത്ത, പാപബലിക്കാ
യിട്ട ഒരു കാളക്കിടാവിനൊടും, ഹൊ
മബലിക്കായിട്ട ഒര ആട്ടുകൊററ
നൊടും കൂടെ പ്രവെശിക്കെണം.

൪ അവൻ ശുദ്ധമുള്ള പട്ടനൂൽ
കൊണ്ടുള്ള കുപ്പായത്തെ ധരിച്ച,
തന്റെ മാംസത്തിൽ ചണനൂൽ
കൊണ്ടുള്ള കാൽ കുപ്പായത്തെയും
ഇട്ട, പട്ടനൂൽ കൊണ്ടുള്ള നടുകെ
ട്ടും കെട്ടി, പട്ടനൂൽ കൊണ്ടുള്ള മുടി
യെയും ഇട്ടുകൊണ്ടിരിക്കെണം: ഇ
വ ശുദ്ധമുള്ള വസ്ത്രങ്ങൾ [ആകു
ന്നു:] ആകയാൽ അവൻ തന്റെ
മാംസത്തെ വെള്ളത്തിൽ കഴുകി,
അവയെ ധരിക്കെണം.

൫ അവൻ യിസ്രാഎൽ പുത്രന്മാ
രുടെ സംഘത്തിൽനിന്ന പാപ
ബലിക്കായിട്ട രണ്ട വെള്ളാട്ടിൻ
കുട്ടികളെയും, ഹൊമബലിക്കായി
ട്ട ഒരു ആട്ടുക്കൊററനെയും എടു
ക്കെണം.

൬ പിന്നെ അഹറൊൻ തനിക്കാ
യിട്ട തന്റെ പാപ ബലിക്കുള്ള
കാളക്കിടാവിനെ കഴിച്ച, തനിക്കു
വെണ്ടിയും, തന്റെ കുഡുംബത്തി
ന വെണ്ടിയും പരിഹാരം ചെയ്യെ
ണം.

൭ അവൻ ആ രണ്ട വെള്ളാട്ടിൻ
കുട്ടികളെയും എടുത്ത, അവയെ സം
ഘത്തിന്റെ കൂടാരവാതുക്കൽ യ
ഹൊവായുടെ മുമ്പാകെ നിൎത്തെ
ണം.

൮ പിന്നെ അഹറൊൻ ആ ര
ണ്ട വെള്ളാട്ടിൻ കുട്ടികളുടെ മെൽ
ശീട്ടുകളെ, ഒരു ശീട്ട യഹൊവായി
ക്ക എന്നും, മറെറാരു ശീട്ട വിട്ടയ
ക്കപ്പെടുന്ന വെള്ളാട്ടിൻ കുട്ടിക്ക എ
ന്നും ഇടെണം.

൯ യഹൊവായിക്കുള്ള ശീട്ട എ
തിന്മെൽ വീണുവൊ, ആ വെള്ളാ
ട്ടിൻ കുട്ടിയെ അഹറൊൻ കൊണ്ടു
വന്ന, അതിനെ പാപബലിക്കാ
യിട്ട കഴിക്കെണം.

൰ എന്നാൽ വിട്ടയക്കപ്പെടുന്നതി
നചീട്ടുഎതിന്മെൽ വീണുവൊ, ആ
വെള്ളാട്ടിൻ കുട്ടി, അതിന്റെ മെൽ
പാപ പരിഹാരം ചെയ്യുന്നതിനും,
അതിനെ വനത്തിലെക്ക വിട്ടയ
ക്കെണ്ടുന്നതിനും, യഹൊവായുടെ
മുമ്പാകെ ജീവനൊടെ നിൎത്തപ്പെ
ടെണം.

൰൧ ¶ പിന്നെ തനിക്ക വെണ്ടി
തന്റെ പാപബലിക്കുള്ള കാളക്കി
ടാവിനെ അഹറൊൻ കൊണ്ടുവ
ന്ന, തനിക്ക വെണ്ടിയും, തന്റെ
കുഡുംബത്തിന വെണ്ടിയും പാ
പപരിഹാരം ചെയ്തു, തനിക്ക വെ
ണ്ടി പാപബലിക്കുള്ള കാളക്കിടാ
വിനെകൊല്ലെണം.

൰൨ പിന്നെ അവൻ യഹൊവാ
യുടെ മുമ്പാകെ ബലിപീഠത്തിന്മെ
ൽ ഉള്ള തീക്കനൽകൊണ്ട ഒരു കല
ശത്തെ നിറച്ച, പൊടിക്കപ്പെട്ടസു
ഗന്ധ ധൂപവൎഗ്ഗങ്ങളിൽനിന്ന ത
ന്റെ കൈകൾ നിറച്ച എടുത്ത, തി
രശീലക്കകത്ത കൊണ്ടുവരെണം.

൰൩ ധൂപത്തിന്റെ മെഘം സാ
ക്ഷിയുടെ മെൽ [ഇരിക്കുന്ന] കൃ
പാസനത്തെ മൂടുവാൻതക്കവണ്ണം,
താൻ മരിക്കാതെ കണ്ടു, അവൻ
ധൂപവൎഗ്ഗത്തെ യഹൊവായുടെ മു
മ്പാകെ അഗ്നിയിൽ ഇടെണം.

൧൪ പിന്നെ അവൻ കാളക്കിടാ
വിന്റെ രക്തത്തിൽനിന്ന എടു
ത്ത, കിഴക്ക ഭാഗത്തായി കൃപാസ
നത്തിന്മെൽ തന്റെ വിരൽ കൊ
ണ്ട തളിക്കെണം: അവൻ കൃപാ
സനത്തിന മുമ്പാകെയും ആ രക്ത
ത്തിൽനിന്ന തന്റെ വിരൽ കൊ
ണ്ട എഴ പ്രാവശ്യം തളിക്കെണം.
൧൫ ¶ പിന്നെ അവൻ ജനത്തി
നുള്ള പാപ ബലിയാകുന്ന വെ
ള്ളാട്ടിൻ കുട്ടിയെ കൊന്ന, അതി
ന്റെ രക്തത്തെ തിരശീലെക്കക
ത്ത കൊണ്ടുവന്ന, താൻ കാളക്കുട്ടി
യുടെ രക്തം കൊണ്ട ചെയ്തതുപൊ
ലെ അതിന്റെ രക്തം കൊണ്ടും ചെ
യ്ത, അതിനെ കൃപാസനത്തിന്മെ
ലും, കൃപാസനത്തിന്റെ മുമ്പാകെ
യും തളിക്കെണം.
൧൬ യിസ്രാഎൽപുത്രന്മാരുടെ അ
ശുദ്ധങ്ങളുടെ നിമിത്തവും, അവരു
ടെ എല്ലാ പാപങ്ങളിലും [ഉള്ള] ലം
ഘനങ്ങളുടെ നിമിത്തവും, ശുദ്ധ
സ്ഥലത്തിന വെണ്ടി അവൻ പ
രിഹാരം ചെയ്യെണം: അവരുടെ
അശുദ്ധിയുടെ നടുവിൽ അവരൊ
ടു കൂടെ ഇരിക്കുന്ന സംഘത്തിന്റെ
കൂടാരത്തിന വെണ്ടി അവൻ ഇ
പ്രകാരം ചെയ്കയും വെണം.
൧൭ അവൻ ശുദ്ധസ്ഥലത്ത പാ
പപരിഹാരം ചെയ്വാൻ പ്രവെ
ശിക്കുമ്പൊൾ അവൻ പുറത്ത വ
രുന്നതവരെയും, ഒരു മനുഷ്യനും
സംഘത്തിന്റെകൂടാരത്തിൽ ഉണ്ടാ
കരുത: അവൻ തനിക്ക വെണ്ടി
യും, തന്റെ കുഡുംബത്തിന വെ
ണ്ടിയും, യിസ്രാഎലിന്റെ എല്ലാ
സഭെക്കും വെണ്ടിയും പാപപരി
ഹാരം ചെയ്കയും വെണം.
൧൮ പിന്നെ അവൻ യഹൊ
വായുടെ മുമ്പാകെ [ഇരിക്കുന്ന]
പീഠത്തിന്റെ അടുക്കൽ പുറപ്പെട്ടു,
അതിനായിട്ട പരിഹാരം ചെയ്യെ
ണം: കാളക്കുട്ടിയുടെ രക്തത്തിലും
വെള്ളാട്ടിൻ കുട്ടിയുടെ രക്തത്തിലും
നിന്ന എടുത്ത, പീഠത്തിന്റെ കൊ
മ്പുകളിന്മെൽ ചുറ്റും ഇടുകയും വെ
ണം.
൧൯ ആ രക്തത്തിൽനിന്ന അവ
ൻ തന്റെ വിരൽകൊണ്ട എഴപ്രാ
വശ്യം അതിന്മെൽ തളിച്ചു, അതി
നെ യിസ്രാഎൽ പുത്രന്മാരുടെ അ
ശുദ്ധികളിൽനിന്ന വെടിപ്പാക്കി ശു
ദ്ധീകരിക്കയും വെണം.
൨൦ ¶ പിന്നെയും അവൻ ശുദ്ധ
സ്ഥലത്തിനും, സംഘത്തിന്റെ കൂ
ടാരത്തിനും, പീഠത്തിനും വെണ്ടി
ഇപ്രകാരം പരിഹാരം ചെയ്തു തീ
ൎന്നതിന്റെ ശെഷം, അവൻ ജീ
വനൊടെ ഇരിക്കുന്ന വെള്ളാട്ടിൻ
കുട്ടിയെ കൊണ്ടുവരെണം.
൨൧ അപ്പൊൾ ജീവനൊടെ ഇ
രിക്കുന്ന വെള്ളാട്ടിൻ കുട്ടിയുടെ ത
ലയിന്മെൽ അഹറൊൻ തന്റെ
രണ്ട കൈകളെ വെച്ചു, അതിന്മെ
ൽ യിസ്രാഎൽ പുത്രന്മാരുടെ എ
ല്ലാ അക്രമങ്ങളെയും, അവരുടെ സ
കല പാപങ്ങളിലും [ഉള്ള] അവരു
ടെ എല്ലാ ലംഘനങ്ങളെയും അറി
യിച്ചു, അവയെ വെള്ളാട്ടിൻ കുട്ടി
യുടെ തലയിന്മെൽ ചുമത്തി, അ
തിനെ തക്ക മനുഷ്യന്റെ കയ്യിൽ
വനത്തിലെക്ക വിട്ടയക്കെണം.
൨൨ ആ വെള്ളാട്ടിൻ കുട്ടി തന്റെ
മെൽ അവരുടെ അക്രമങ്ങളെ ഒ
ക്കെയും കുടിയില്ലാത്ത ദെശത്തെ
ക്ക ചുമന്ന കൊണ്ടുപൊകെണം:
അവൻ വെള്ളാട്ടിൻ കുട്ടിയെ വന
ത്തിൽ വിട്ടയക്കയും വെണം.
൨൩ പിന്നെ അഹറൊൻ സം
ഘത്തിന്റെകൂടാരത്തിലെക്ക വന്ന,

താൻ ശുദ്ധസ്ഥലത്തിലെക്ക പ്രവെശിച്ചപ്പൊൾ ഉടുത്തിരുന്ന ചണനൽ നൂൽകൊണ്ടുള്ള വസ്ത്രങ്ങളെ നീക്കി, അവയെ അവിടെ വെച്ചെക്കെണം.

൨൪ അവൻ തന്റെ മാംസത്തെ ശുദ്ധ സ്ഥലത്ത വെച്ച വെള്ളം കൊണ്ട കഴകി, തന്റെ വസ്ത്രങ്ങളെ ധരിച്ചും കൊണ്ട പുറത്ത വന്ന, തന്റെ ഹൊമബലിയെയും, ജനത്തിന്റെ ഹൊമ ബലിയെയും കഴിച്ച, തനിക്ക വെണ്ടിയും ജനത്തിന വെണ്ടിയും പാപപരിഹാരം ചെയ്യെണം.

൨൫ അവൻ പാപ ബലിയുടെ മെദസ്സിനെ ബലിപീഠത്തിന്മെൽ ചുട്ടു കളകയും വെണം.

൨൬ വിട്ടയക്കപ്പെട്ടന്ന വെള്ളാട്ടിൻ കുട്ടിയെ കൊണ്ടുപൊയി, വിട്ടവനും തന്റെ വസ്ത്രങ്ങളെ അലക്കി, തന്റെ മാംസത്തെ വെള്ളത്തിൽ കഴകി, പിന്നത്തെതിൽ പാളയത്തിലെക്ക വരെണം.

൨൭ ശുദ്ധ സ്ഥലത്തിൽ പാപ പരിഹാരം ചെയ്യുന്നതിന രക്തം കൊണ്ടുപൊകപ്പെട്ട പാപ ബലിക്കുള്ള കാളകുട്ടിയെയും, പാപബലിക്കുള്ള വെള്ളാട്ടിൻ കുട്ടിയെയും[ഒരുത്തൻ] പാളയത്തിന പുറത്ത കൊണ്ടുപൊകെണം, അവർ അവയുടെ തൊലിനെയും, മാംസത്തെയും, ചാണകത്തെയും അഗ്നിയിൽ ചുട്ടുകളകയും വെണം.

൨൮ അവയെ ചുട്ടുകളയുന്നവനും തന്റെ വസ്ത്രങ്ങളെ അലക്കി, തന്റെ മാംസത്തെ വെള്ളത്തിൽ കഴകി, പിന്നത്തെതിൽ പാളയത്തിലെക്ക വരെണം.

൨൯ ¶ ഇതും നിങ്ങൾക്ക നിത്യകല്പനയായിരിക്കെണം: എഴാം മാസം മാസത്തിൽ പത്താം തിയ്യതി നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ ദുഃഖിപ്പിക്കയും, സ്വദെശക്കാരനെങ്കിലും നിങ്ങളുടെ ഇടയിൽ പാൎക്കുന്ന പരദെശി എങ്കിലും, ഒരു വെലയും ചെയ്യാതെ ഇരിക്കയും വെണം.

൩൦ എന്തുകൊണ്ടെന്നാൽ നിങ്ങൾ യഹൊവായുടെ മുമ്പാകെ നിങ്ങളുടെ എല്ലാ പാപങ്ങളിൽനിന്നും ശുദ്ധീകരിക്കപ്പെട്ടുവാനായിട്ട, നിങ്ങളെ ശുദ്ധീകരിക്കുന്നതിന ആ ദിവസം [ആചാൎയ്യൻ] നിങ്ങൾക്ക വെണ്ടി പാപപരിഹാരം ചെയ്യെണം.

൩൧ അത നിങ്ങൾക്ക സ്വസ്ഥതയുടെ ശബ്ബാത ദിവസം[ആകും,]നിങ്ങളുടെ ആത്മാക്കളെ നിങ്ങൾ നിത്യകല്പനയായിട്ട ദുഃഖിപ്പിക്കെണം.

൩൨ അവൻ അഭിഷെകം ചെയ്കയും അവന്റെ പിതാവിന പകരം ആചാൎയ്യസ്ഥാനത്ത ശുശ്രൂഷ ചെയ്യുന്നതിന പ്രതിഷ്ഠിക്കയും ചെയ്യുന്ന ആചാൎയ്യൻ തന്നെ പാപപരിഹാരം ചെയ്യ ശുദ്ധ വസ്ത്രങ്ങളായ ചണ നൂൽ കൊണ്ടുള്ള വസ്ത്രങ്ങളെ ധരിക്കെണം.

൩൩ പിന്നെ അവൻ ശുദ്ധസ്ഥലത്തിന പരിഹാരം ചെയ്യെണം: അവൻ സംഘത്തിന്റെ കൂടാരത്തിനും പീഠത്തിനും പരിഹാരം ചെയ്യെണം; അവൻ ആചാൎയ്യന്മാൎക്ക വെണ്ടിയും സംഘത്തിലെ എല്ലാ ജനത്തിന വെണ്ടിയും പാപപരിഹാരം ചെയ്യെണം.

൩൪ ഇത സംവത്സരത്തിൽ ഒരു പ്രാവശ്യം യിസ്രാഎൽ പുത്രന്മാൎക്ക വെണ്ടി അവരുടെ എല്ലാ പാപങ്ങൾക്കും പരിഹാരംചെയ്യുന്നതിനനിങ്ങൾക്ക നിത്യകല്പന ആകെണം. യഹൊവാ മൊശെയൊട കല്പിച്ചപ്രകാരം തന്നെ അവൻ ചെയ്തു.

൧൭ അദ്ധ്യായം.

൧ കൂടാരവാതുക്കൽ മൃഗങ്ങളുടെ രക്തം ബലി കഴിക്കപ്പെടെണമെന്നുള്ളത.—൧൦ രക്തംവിരൊധിക്കപ്പെടുന്നത.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു,

൨ നീ അഹറൊനൊടും, അവന്റെ പുത്രന്മാരൊടും, യിസ്രാഎൽ പുത്രന്മാരൊട എല്ലാവരൊടും സംസാരിച്ച, അവരൊട പറയെണ്ടുന്നത എന്തെന്നാൽ; ഇത യഹൊവാ കല്പിച്ചിട്ടുള്ള വചനം [ആകുന്നു.]

൩ യിസ്രാഎൽ കുഡുംബത്തിൽ യാതൊരുത്തനും കാളയെ എങ്കിലും, ആട്ടിൻ കുട്ടിയെ എങ്കിലും, വെള്ളാട്ടിനെ എങ്കിലും പാളയത്തിൽ കൊല്ലുകയും, അല്ലെങ്കിൽ പാളയത്തിന പുറത്ത വെച്ച കൊല്ലുകയും,

൪ അതിനെ സംഘത്തിന്റെ കൂടാരവാതുക്കൽ യഹൊവായുടെ കൂടാരത്തിന മുമ്പാകെ യഹൊവായിക്ക കഴിക്കെണ്ടുന്നതിന കൊണ്ടുവരാതെ ഇരിക്കയും ചെയ്യാൽ, ആ മനുഷ്യന രക്തം കണക്കിടപ്പെടെണം, അവൻ രക്തം ചിന്നി; ആ മനുഷ്യൻ തന്റെ ജനത്തിന്റെ നടുവിൽനിന്ന ഛെദിച്ചകളയപ്പെടെണം.

൫ അത എന്തുകൊണ്ടെന്നാൽ യിസ്രാഎൽ പുത്രന്മാർ വെളിമ്പറമ്പിൽ ബലിയിടുന്ന തങ്ങളുടെ ബലികളെ കൊണ്ടുവന്ന, അവയെ സംഘത്തിന്റെ കൂടാരവാതുക്കൽ ആചാൎയ്യന്റെ അടുക്കൽ യഹൊവായിക്ക തന്നെ കൊണ്ടുവന്ന, യഹൊവായിക്ക സമാധാന ബലികളായിട്ട കഴിക്കെണ്ടുന്നതു.

൬ ആചാൎയ്യൻ രക്തത്തെ സംഘത്തിന്റെ കൂടാരവാതുക്കൽ യഹൊവായുടെ ബലിപീഠത്തിന്മെൽ തളിച്ച, മെദസ്സിനെ യഹൊവായിക്ക അനുകൂലവാസനയായി ചുട്ടുകളയെണം.

൭ തങ്ങൾ വെശ്യാദൊഷമായി പിന്തുടൎന്ന പിശാചുകൾക്ക തങ്ങളുടെ ബലികളെ അവർ ഇനി കഴിക്കാതെ ഇരിക്കയും വെണം. ഇത അവരുടെ തലമുറകളിൽ അവൎക്ക നിത്യ കല്പന ആകെണം.

൮ പിന്നെയും നീ അവരൊട പറയെണ്ടുന്നത എന്തെന്നാൽ, യിസ്രാഎൽ കുഡുംബത്തിലും, നിങ്ങളുടെ ഇടയിൽ പാൎക്കുന്ന പരദെശികളിലും യാതൊരു മനുഷ്യൻ എങ്കിലും ഹൊമത്തെയൊ, ബലിയെയൊ കഴിക്കയും,

൯ അതിനെ സംഘത്തിന്റെ കൂടാരവാതുക്കൽ യഹൊവായിക്ക കഴിക്കെണ്ടുന്നതിന കൊണ്ടുവരാതെ ഇരിക്കയും ചെയ്യാൽ, ആ മനുഷ്യൻ തന്റെ ജനത്തിന്റെ നടുവിൽനിന്ന ഛെദിച്ച കളയപ്പെടെണം.

൧൦ ¶ പിന്നെയും യിസ്രാഎൽ കുഡുംബത്തിലും, നിങ്ങളുടെ ഇടയിൽ പാൎക്കുന്ന പരദെശികളിലും, യാതൊരു മനുഷ്യനെങ്കിലും യാതൊരു രക്തത്തെയും ഭക്ഷിച്ചാൽ, രക്തത്തെ ഭക്ഷിച്ച ആ ആത്മാവിന വിരൊധമായി ഞാൻ എന്റെ മുഖത്തെ ആക്കി, അവനെ അവന്റെ ജനത്തിന്റെ ഇടയിൽനിന്ന ഛെദിച്ചു കളയും.

൧൧ എന്തെന്നാൽ മാംസത്തിന്റെ ജീവൻ രക്തത്തിൽ [ആകുന്നു,] ഞാൻ അതിനെ നിങ്ങൾക്ക ബലിപീഠത്തിന്മെൽ നിങ്ങളുടെ ആത്മാക്കൾക്ക വെണ്ടി പാപ പരിഹാരം ചെയ്യാനായിട്ട തന്നിരിക്കുന്നു: എ

ന്നുകൊണ്ടെന്നാൽ ~~അത ആത്മാവിന വെണ്ടി~~ പാപ പരിഹാരം ചെയ്യുന്നു.

൰൨ ആയതുകൊണ്ട നിങ്ങളിൽ ഒരു ആത്മാവും രക്തത്തെ ഭക്ഷിക്കരുത; നിങ്ങളുടെ ഇടയിൽ പാൎക്കുന്ന പരദെശിയും രക്തത്തെ ഭക്ഷിക്കരുത എന്ന ഞാൻ യിസ്രാഎൽ പുത്രന്മാരൊട പറഞ്ഞു.

൰൩ പിന്നെയും യിസ്രാഎൽ പുത്രന്മാരിലും, നിങ്ങളുടെ ഇടയിൽ പാൎക്കുന്ന പരദെശികളിലും യാതൊരു മനുഷ്യനെങ്കിലും ഭക്ഷിക്കപ്പെടത്തക്ക ഒരു മൃഗത്തെ, അല്ലെങ്കിൽ ഒരു പക്ഷിയെ നായാടി പിടിച്ചാൽ, അവൻ അതിന്റെ രക്തത്തെ കൂടെ ചിന്നിച്ച, അതിനെ മണ്ണു കൊണ്ട മൂടെണം.

൰൪ എന്തെന്നാൽ [അത] സകല മാംസത്തിനും ജീവൻ [ആകുന്നു,] അതിന്റെ രക്തം അതിന്റെ ജീവനായിട്ട [ആകുന്നു:] ആയതുകൊണ്ട ഞാൻ യിസ്രാഎൽ പുത്രന്മാരൊട പറഞ്ഞു, യാതൊരു മാംസത്തിന്റെ രക്തത്തെയും നിങ്ങൾ ഭക്ഷിക്കരുത: എന്തെന്നാൽ സകല മാംസത്തിന്റെയും ജീവൻ അതിന്റെ രക്തം [ആകുന്നു:] അതിനെ ഭക്ഷിക്കുന്നവനെല്ലാം ഛെദിച്ച കളയപ്പെടെണം.

൰൫ ¶ താനെ ചത്തതിനെ, അല്ലെങ്കിൽ ചീന്തപ്പെട്ടതിനെ ഭക്ഷിക്കുന്ന ആത്മാവ ഒക്കെയും ദെശത്ത ജനിച്ചവരിലും, പരദെശികളിലും ഉള്ളവനായാലും, തന്റെ വസ്ത്രങ്ങളെ അലക്കി, വെള്ളത്തിൽ കുളിച്ച, സന്ധ്യ വരെയും അശുദ്ധിയുള്ളവൻ ആകെണം: പിന്നെ അവൻ ശുദ്ധിയുള്ളവനാകും.

൰൬ എന്നാൽ അവൻ [തന്റെ വസ്ത്രങ്ങളെ] അലക്കാതെയും, തന്റെ മാംസത്തെ കഴുകാതെയും ഇരുന്നാൽ, അവൻ തന്റെ അക്രമത്തെ വഹിക്കെണം,

൰൮ അദ്ധ്യായം.

൧ ന്യായ വിരൊധമുള്ള വിവാഹങ്ങൾ.—൧൯ ന്യായ വിരൊധമുള്ള മൊഹങ്ങൾ.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു,

൨ നീ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ച, അവരൊട പറയെണ്ടുന്നത എന്തെന്നാൽ, ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]

൩ നിങ്ങൾ വസിച്ചിരുന്ന മിസ്രയിം ദെശത്തിലെ പ്രവൃത്തി പ്രകാരം നിങ്ങൾ ചെയ്യരുത: ഞാൻ നിങ്ങളെ കൂട്ടികൊണ്ടുപൊകുന്ന കനാൻ ദെശത്തിലെ പ്രവൃത്തിപ്രകാരവും നിങ്ങൾ ചെയ്യരുത: അവരുടെ മൎയ്യാദകളിൽ നടക്കയും അരുത.

൪ നിങ്ങൾ എന്റെ ന്യായപ്രമാണങ്ങളിൻ പ്രകാരം ചെയ്വ, എന്റെ കല്പന ചട്ടങ്ങളെ, അവയിൽ നടക്കെണ്ടുന്നതിന, പ്രമാണിക്കയും വെണം: ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ[ആകുന്നു.]

൫ അതുകൊണ്ട എന്റെ കല്പന ചട്ടങ്ങളെയും, എന്റെ ന്യായങ്ങളെയും നിങ്ങൾ പ്രമാണിക്കണം: അവയെ ഒരു മനുഷ്യൻ ചെയ്താൽ, അവൻ അവയിൽ ജീവിക്കും: ഞാൻ യഹൊവാ [ആകുന്നു.]

൬ ¶ ഒരുത്തനും തനിക്ക ബന്ധുവാകുന്നവരൊട, അവരുടെ നഗ്നതയെ വെളിപ്പെടുത്തുന്നതിന, അടുക്കരുത: ഞാൻ യഹൊവാ [ആകുന്നു.]

൭ നീ നിന്റെ പിതാവിന്റെ നഗ്നതയെയും, നിന്റെ മാതാവി

ന്റെ നഗ്നതയെയും വെളിപ്പെടു
ത്തരുത: അവൾ നിന്റെ മാതാവ
[ആകുന്നു,] അവളുടെ നഗ്നതയെ
നീ വെളിപ്പെടുത്തരുത.
൮ നിന്റെ പിതാവിന്റെ ഭാ
ൎയ്യയുടെ നഗ്നതയെ നീ വെളിപ്പെ
ടുത്തരുത: അത നിന്റെ പിതാവി
ന്റെ നഗ്നത.
൯ നീ നിന്റെ പിതാവിന്റെ
പുത്രിയായ, അല്ലെങ്കിൽ നിന്റെ
മാതാവിന്റെ പുത്രിയായ നിന്റെ
സഹൊദരിയുടെ നഗ്നതയെ വെ
ളിപ്പെടുത്തരുത: ഭവനത്തിൽ ജനി
ച്ചിരുന്നാലും പുറത്ത ജനിച്ചിരു
ന്നാലും കൊള്ളാം, അവരുടെ നഗ്ന
തയെ നീ വെളിപ്പെടുത്തരുത.
൰ നിന്റെ പുത്രന്റെ മകളുടെ
നഗ്നതയെ എങ്കിലും, നിന്റെ പു
ത്രിയുടെ മകളുടെ നഗ്നതയെ എ
ങ്കിലും, അവരുടെ നഗ്നതയെ നീ
വെളിപ്പെടുത്തരുത: എന്തെന്നാൽ
അത നിന്റെ നഗ്നത.
൰൧ നിന്റെ പിതാവിന ജനി
ച്ചവളായി, നിന്റെ പിതാവിന്റെ
ഭാൎയ്യയുടെ പുത്രിയുടെ നഗ്നതയെ,
അവൾ നിന്റെ സഹൊദരി [ആ
കുന്നു,] അവളുടെ നഗ്നതയെ നീ
വെളിപ്പെടുത്തരുത.
൰൨ നിന്റെ പിതാവിന്റെ സ
ഹൊദരിയുടെ നഗ്നതയെ നീ വെ
ളിപ്പെടുത്തരുത: അവൾ നിന്റെ
പിതാവിന്റെ ബന്ധു [ആകുന്നു.]
൰൩ നീ നിന്റെ മാതാവിന്റെ
സഹൊദരിയുടെ നഗ്നതയെ വെ
ളിപ്പെടുത്തരുത: എന്തെന്നാൽ അ
വൾ നിന്റെ മാതാവിന്റെ ബ
ന്ധു [ആകുന്നു.]
൰൪ നീ നിന്റെ പിതാവിന്റെ
സഹൊദരന്റെ നഗ്നതയെ വെ
ളിപ്പെടുത്തരുത: നീ അവന്റെ ഭാൎയ്യ
യുടെ അടുക്കൽ ചെരരുത: അവൾ
നിന്റെ ഇളയമ്മ [ആകുന്നു.]
൰൫ നീ നിന്റെ മരുമകളുടെ ന
ഗ്നതയെ വെളിപ്പെടുത്തരുത: അ
വൾ നിന്റെ പുത്രന്റെ ഭാൎയ്യ [ആ
കുന്നു,] നീ അവളുടെ നഗ്നതയെ
വെളിപ്പെടുത്തരുത.
൰൬ നിന്റെ സഹൊദരന്റെ
ഭാൎയ്യയുടെ നഗ്നതയെ നീ വെളി
പ്പെടുത്തരുത: അത നിന്റെ സ
ഹൊദരന്റെ നഗ്നത.
൰൭ ഒരു സ്ത്രീയുടെയും, അവളുടെ
പുത്രിയുടെയും നഗ്നതയെ നീ വെ
ളിപ്പെടുത്തരുത; നീ അവളുടെ പുത്ര
ന്റെ മകളെയൊ, അവളുടെ പുത്രി
യുടെ മകളെയൊ, ഇവളുടെ നഗ്ന
തയെ വെളിപ്പെടുത്തുവാനായിട്ട,
കൈക്കൊള്ളരുത: ഇവർ അവളുടെ
ബന്ധുക്കൾ [ആകുന്നു:] അത ദൊ
ഷം.
൰൮ സ്ത്രീ ജീവിച്ചിരിക്കുമ്പൊൾ
അവളെ ഉപദ്രവിപ്പാൻ, നീ അ
വളുടെ സഹൊദരിയുടെ നഗ്നത
യെ വെളിപ്പെടുത്തുന്നതിന, ഇവ
ളെ കൂടെ കൈക്കൊള്ളരുത.
൰൯ ¶ പിന്നെയും ഒരു സ്ത്രീ അ
വളുടെ അശുദ്ധിക്ക വെറെ ഇരി
ക്കുമ്പൊൾ അവളുടെ നഗ്നതയെ
വെളിപ്പെടുത്തുന്നതിന നീ അവ
ളുടെ അടുക്കൽ ചെരരുത.
൨൰ നീ നിന്റെ അയല്ക്കാരന്റെ
ഭാൎയ്യയൊട കൂടെ, അവളെ കൊണ്ട
നിന്നെ അശുദ്ധിപ്പെടുത്തുന്നതി
ന, അന്യഭൊഗമായി ശയിക്കയും
അരുത.
൨൰൧ നി നിന്റെ സന്തതിയിൽ
യാതൊന്നിനെ എങ്കിലും [അഗ്നി
യിൽ] കൂടി മൊലെക്കിന കടപ്പാൻ
കൊടുക്കരുത: നീ നിന്റെ ദൈവ
ത്തിന്റെ നാമത്തെ അശുദ്ധമാക്കു

കയും അരുത: ഞാൻ യഹൊവാ [ആകുന്നു.]

൨൨ സ്ത്രീജാതിയൊട എന്ന പൊലെ പുരുഷനൊട കൂടെ ശയിക്കരുത: അത വെറുപ്പ [ആകുന്നു.]

൨൩ നീ യാതൊരു മൃഗത്തൊടും കൂടെ അതിനാൽനിന്നെ അശുദ്ധിയാക്കുന്നതിന, ശയിക്കയും അരുത: യാതൊരു സ്ത്രീയും ഒരു മൃഗത്തിന മുമ്പാകെ, അതിന ശയിക്കുന്നതിന നില്ക്കയും അരുത: അത നാനാവിധം.

൨൪ ഇവയിൽ ഒന്നുകൊണ്ടും നിങ്ങളെ അശുദ്ധിയാക്കരുത: എന്തെന്നാൽ ഞാൻ നിങ്ങളുടെ മുമ്പിൽനിന്ന ആട്ടികളയുന്ന ജാതികൾ ഇവയിൽ ഒക്കെയും തങ്ങളെ അശുദ്ധിയാക്കിയിരിക്കുന്നു.

൨൫ ദെശവും അശുദ്ധിയായിതീൎന്നു: ആയതുകൊണ്ട ഞാൻ അതിന്റെ അന്ന്യായത്തെ അതിന്മെൽ വിചാരിക്കുന്നു; ദെശവും തന്റെ കുടികളെ ഛൎദ്ദിച്ചുകളയുന്നു.

൨൬ (എന്തകൊണ്ടെന്നാൽ ൟ വെറുപ്പുകളെ ഒക്കെയും നിങ്ങൾക്കു മുമ്പെ [ഇരുന്ന] ആ ദെശത്തെ മനുഷ്യർ ചെയ്തു: ദെശവും അശുദ്ധിയായി;)

൨൭ നിങ്ങൾക്കു മുമ്പെ ഇരുന്ന ജാതികളെ ദെശം ഛൎദ്ദിച്ചുകളഞ്ഞതപൊലെ നിങ്ങളെയും, നിങ്ങൾ അതിനെ അശുദ്ധിയാക്കുമ്പൊൾ, ഛൎദ്ദിച്ചുകളയാതെ കണ്ട,

൨൮ നിങ്ങൾ എന്റെ കല്പന ചട്ടങ്ങളെയും എന്റെ ന്ന്യായങ്ങളെയും പ്രമാണിച്ചു, ൟ വെറുപ്പുകളിൽ [ഒന്നിനെയും] ചെയ്യരുത: ദെശത്ത ജനിച്ചവനെങ്കിലും, നിങ്ങളുടെ ഇടയിൽ പാൎക്കുന്ന പരദെശി എങ്കിലും അരുത.

൨൯ എന്തെന്നാൽ ആരെങ്കിലും ൟ സകല വെറുപ്പുകളിലും ഒന്നിനെ ചെയ്താൽ, ചെയ്തിട്ടുള്ള ആത്മാക്കൾ തങ്ങളുടെ ജനത്തിൽനിന്ന ഛെദിക്കപ്പെടെണം.

൩൰ ആകയാൽ നിങ്ങൾക്കു മുമ്പിൽ ചെയ്യപ്പെട്ട ൟ വെറുപ്പുള്ള മൎയ്യാദകളിൽ യാതൊന്നിനെയും നിങ്ങൾ ചെയ്യാതെയും, അവയാൽ അശുദ്ധിപ്പെടാതെയും ഇരിപ്പാനായിട്ട, നിങ്ങൾ എന്റെ കല്പനയെ പ്രമാണിക്കെണം: ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]

൧൯ അദ്ധ്യായം.

പല ന്ന്യായപ്രമാണങ്ങളെയും ആവൎത്തിച്ച പറയുന്നത.

വീണ്ടും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു,

൨ നീ യിസ്രാഎൽ പുത്രന്മാരുടെ എല്ലാ സംഘത്തൊടും സംസാരിച്ച പറയെണ്ടുന്നത എന്തെന്നാൽ, നിങ്ങൾ ശുദ്ധിയുള്ളവരായിരിപ്പിൻ: എന്തെന്നാൽ നിങ്ങളുടെ ദൈവമായ യഹൊവാ ആകുന്ന ഞാൻ ശുദ്ധിയുള്ളവൻ.

൩ നിങ്ങൾ അവനവൻ തന്റെ മാതാവിനെയും തന്റെ പിതാവിനെയും ഭയപ്പെട്ട, എന്റെ സ്വസ്ഥ ദിവസങ്ങളെ ആചരിക്കെണം: ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]

൪ നിങ്ങൾ വിഗ്രഹങ്ങളിലെക്കു തിരിയരുത, വാൎപ്പിക്കപ്പെട്ട ദൈവങ്ങളെ നിങ്ങൾക്കു ഉണ്ടാക്കുകയും അരുത: ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]

൫ നിങ്ങൾ സമാധാന ബലിയെ യഹൊവായിക്കു കഴിക്കുന്നു എങ്കിൽ, അതിനെ നിങ്ങളുടെ മനഃപൂൎവ്വത്തൊടെ കഴിക്കെണം.

൬ നിങ്ങൾ അതിനെ കഴിക്കുന്ന
ആ ദിവസവും പിറെറ ദിവസ
വും അത ഭക്ഷിക്കപ്പെടെണം: മൂ
ന്നാം ദിവസം വരെയും ശെഷി
ക്കുന്നത അഗ്നിയിൽ ചുട്ടുകളയ
പ്പെടെണം.

൭ മൂന്നാം ദിവസത്തിൽ അത
നിശ്ചയമായി ഭക്ഷിക്കപ്പെട്ടാൽ,
അത വെറുപ്പ: അത കൈക്കൊള്ളു
പ്പെടുകയില്ല.

൮ ആകയാൽ ഭക്ഷിക്കുന്നവൻ
തന്റെ അക്രമത്തെ വഹിക്കെണം;
എന്തുകൊണ്ടെന്നാൽ അവൻ യ
ഹൊവായിക്ക ശുദ്ധമുള്ളതിന്നെ അ
ശുദ്ധിയാക്കി: ആ ആത്മാവ ത
ന്റെ ജനങ്ങളിൽനിന്ന ഛെദി
ച്ചു കളയപ്പെടെണം.

൯ നിങ്ങളുടെ ഭൂമിയിലെ വിളു
വിനെ നിങ്ങൾ കൊയ്യുമ്പൊൾ നീ
നിന്റെ വയലിന്റെ കൊണുക
ളെ തീരുമാനം കൊയ്യരുത: നിന്റെ
കൊയിത്തിൽ ചിന്നി കിടക്കുന്ന
കതിരുകളെ പെറുക്കയും അരുത.

൧൦ നിന്റെ മുന്തിരിങ്ങാതൊട്ട
ത്തെ പെറുക്കി എടുക്കരുത, നിന്റെ
മുന്തിരിങ്ങാതൊട്ടത്തിലെ എല്ലാ പ
ഴങ്ങളെയും പെറുക്കയും അരുത:
നീ അവയെ ദരിദ്രന്നും പരദെശി
ക്കും ശെഷിപ്പിക്കെണം: ഞാൻ
നിങ്ങളുടെ ദൈവമായ യഹൊവാ
[ആകുന്നു.]

൧൧ ¶ നിങ്ങൾ മൊഷ്ടിക്കരുത,
ഭൊഷ്ക്ക പറയരുത, തമ്മിൽ തമ്മി
ൽ കപടം ചെയ്യരുത.

൧൨ നിങ്ങൾ എന്റെ നാമത്തി
ൽ കള്ളമായിട്ട സത്യം ചെയ്യരുത,
നിന്റെ ദൈവത്തിന്റെ നാമ
ത്തെ അശുദ്ധമാക്കുകയും അരുത:
ഞാൻ യഹൊവാ [ആകുന്നു.]

൧൩ നീ നിന്റെ അയല്ക്കാരനൊ
ട ഞെരുക്കം ചെയ്യരുത, കവൎച്ച
ചെയ്കയും അരുത: കൂലിക്കാരന്റെ
കൂലി നിന്റെ പക്കൽ ഉഷസ്സ
വരെയും രാത്രി ഇരിക്കരുത.

൧൪ നീ ചെകിടനെ ശപിക്കരു
ത, കുരുടന്റെ മുമ്പിൽ ഇടൎച്ച വെ
ക്കയും അരുത; എന്നാൽ നിന്റെ
ദൈവത്തെ ഭയപ്പെടെണം: ഞാ
ൻ യഹൊവാ [ആകുന്നു.]

൧൫ നിങ്ങൾ ന്യായത്തിൽ അ
ന്യായം ചെയ്യരുത: നീ താണവ
ന്റെ മുഖത്തെ നൊക്കാതെയും, വ
ലിയവന്റെ മുഖത്തെ വിചാരി
ക്കാതെയും, നിന്റെ അയല്ക്കാര
നൊട നീതിയിൽ ന്യായം വിധി
ക്കെണം.

൧൬ നീ നിന്റെ ജനങ്ങളുടെ ഇ
ടയിൽ കുരള പറയുന്നവനായി
നടക്കരുത: നിന്റെ അയല്ക്കാര
ന്റെ രക്തത്തിന വിരൊധമായി
നില്ക്കയും അരുത: ഞാൻ യഹൊ
വാ [ആകുന്നു.]

൧൭ നീ നിന്റെ സഹൊദരനെ
നിന്റെ ഹൃദയത്തിൽ ദ്വെഷിക്ക
രുത: നീ നിന്റെ അയല്ക്കാരനൊ
ട നിശ്ചയമായി കുററപ്പെടുത്തുക
യും, അവന്റെ മെൽ പാപത്തെ
ചുമത്താതെ ഇരിക്കയും വെണം.

൧൮ നീ പ്രതികാരം ചെയ്യാതെ
യും, നിന്റെ ജനത്തിന്റെ പുത്ര
ന്മാരുടെ മെൽ കൊപം വെക്കാതെ
യും, നിന്റെ അയല്ക്കാരനെ നി
ന്നെ പൊലെ സ്നെഹിക്കെണം: ഞാ
ൻ യഹൊവാ [ആകുന്നു.]

൧൯ ¶ നിങ്ങൾ എന്റെ കല്പന
കളെ പ്രമാണിക്കെണം; നിന്റെ
മൃഗജീവങ്ങളെ പല ജാതികളൊട
കൂട്ടി വിടരുത: നിന്റെ വയലി
ൽ പല വക വിത്തിനെ വിതെ
ക്കരുത; ചണവും ആട്ടിൻ രൊമ

വും കൂടി കലൎന്ന വസ്ത്രം നിന്റെ മെൽ വരരുത.

൨൦ ഒരു പുരുഷന നിശ്ചയിക്കപ്പെട്ടവളായി; വീണ്ടുകൊള്ളപ്പെടാതെയൊ സ്വാതന്ത്ര്യമായി വിടപ്പെടാതെയൊ ഇരിക്കുന്ന അടിമസ്ത്രീയൊട കൂടെ യാതൊരുത്തനും അനുഭൊഗമായി ശയിച്ചാൽ, അവർ അടിക്കപ്പെടെണം: അവർ കൊല്ലപ്പെടരുത: എന്തുകൊണ്ടെന്നാൽ അവൾ സ്വാതന്ത്ര്യപ്പെട്ടവളായില്ല.

൨൧ അവൻ യഹൊവായിക്ക തന്റെ കുറ്റത്തിന ബലിയായി സംഘത്തിന്റെ കൂടാരവാതുക്കൽ കുറ്റബലിക്കായിട്ട ഒര ആട്ടുകൊറ്റനെ കൊണ്ടുവരികയും വെണം.

൨൨ കുറ്റബലിക്കുള്ള ആട്ടുകൊറ്റനെ കൊണ്ട ആചാൎയ്യൻ അവൻ ചെയ്തപാപത്തിന അവന വെണ്ടി യഹൊവയുടെ മുമ്പാകെ പാപ പരിഹാരം ചെയ്യെണം: അപ്പൊൾ അവൻ ചെയ്ത പാപം അവനൊട ക്ഷമിക്കപ്പെടും.

൨൩ ¶ നിങ്ങൾ ദെശത്ത വന്ന, ഭക്ഷണത്തിന എല്ലാവിധ വൃക്ഷത്തെയും നട്ടിരിക്കുമ്പൊൾ, നിങ്ങൾ അതിന്റെ ഫലത്തെ ചെല ചെയ്യപ്പെടാത്തതായി വിചാരിക്കെണം: അത മൂന്ന വൎഷം നിങ്ങൾക്ക ചെലയില്ലാത്തതായിരിക്കെണം: അത ഭക്ഷിക്കപ്പെടരുത.

൨൪ എന്നാൽ നാലാം വൎഷത്തിൽ അതിന്റെ ഫലം എല്ലാം യഹൊവായിക്ക സ്തുതികൾക്കായിട്ട ശുദ്ധമായിരിക്കെണം.

൨൫ പിന്നെ അഞ്ചാം വൎഷത്തിൽ നിങ്ങൾ അതിന്റെ ഫലത്തെ, അത നിങ്ങൾക്ക അതിന്റെ വൎദ്ധനയെ തരെണ്ടുന്നതിന, ഭക്ഷിക്കാം: ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]

൨൬ ¶ രക്തത്തൊട കൂടിയുള്ളതിനെ നിങ്ങൾ ഭക്ഷിക്കരുത: നിങ്ങൾ അഭിചാരം നൊക്കരുത: ദിവസങ്ങളെ നൊക്കുകയുമരുത.

൨൭ നിങ്ങളുടെ തലയുടെ കൊണിനെ ചുറ്റും ഒതുക്കരുത; നിന്റെ താടിയുടെ കൊണിനെ വഷളാക്കുകയും അരുത.

൨൮ മരിച്ചവന വെണ്ടി നിങ്ങളുടെ മാംസത്തിൽ കീറലുണ്ടാക്കരുത: ഒരു അടയാളത്തെയും നിങ്ങളിൽ പതിക്കയുമരുത: ഞാൻ യഹൊവാ [ആകുന്നു.]

൨൯ ദെശം വ്യഭിചാരം ചെയ്ത, ദെശം ദൊഷം കൊണ്ട നിറയാതെ ഇരിപ്പാൻ, നിന്റെ പുത്രിയെ വ്യഭിചാരം ചെയ്യിപ്പാൻ അവളെ അശുദ്ധിപ്പെടുത്തരുത.

൩൦ നിങ്ങൾ എന്റെ ശബ്ബാത ദിവസങ്ങളെ ആചരിച്ച, എന്റെ ശുദ്ധസ്ഥലത്തെ കുറിച്ച ഭയഭക്തിയുള്ളവരായിരിക്കെണം: ഞാൻ യഹൊവാ [ആകുന്നു.]

൩൧ വെളിച്ചപ്പാടന്മാരെ വിചാരിക്കാതെയും, അവരാൽ അശുദ്ധിപ്പെടുന്നതിന ലക്ഷണം പറയുന്നവരെ അന്വെഷിക്കാതെയും ഇരിപ്പിൻ: ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]

൩൨ നീ നരച്ചവന്റെ മുമ്പാകെ എഴുനീല്ക്കയും, വൃദ്ധന്റെ മുഖത്തെ ബഹുമാനിക്കയും, നിന്റെ ദൈവത്തെ ഭയപ്പെടുകയും ചെയ്യെണം: ഞാൻ യഹൊവാ [ആകുന്നു.]

൩൩ ഒരു പരദെശി നിങ്ങളുടെ ദെശത്ത നിന്നൊട കൂടെ പാൎത്താൽ, നിങ്ങൾ അവനെ ഉപദ്രവിക്കരുത.

൩൪ നിങ്ങളൊട കൂടെ പാൎക്കുന്ന
പരദെശി നിങ്ങളുടെ ഇടയിൽ ജ
നിച്ചവനെ പൊലെ നിങ്ങൾക്ക
ഇരിക്കെണം, അവനെ നിന്നെ
പൊലെതന്നെ സ്നെഹിക്കയും വെ
ണം: എന്തെന്നാൽ നിങ്ങൾ മി
സ്രയീം ദെശത്ത പരദെശികളാ
യിരുന്നു: ഞാൻ നിങ്ങളുടെ ദൈ
വമായ യഹൊവാ [ആകുന്നു.]
൩൫ ¶ അളവിലും, തൂക്കത്തിലും,
പടിയിലും, നിങ്ങൾ ന്യായത്തിൽ
അന്ന്യായം ചെയ്യരുത.
൩൬ നെരായുള്ള തുലാസും, നെ
രായുള്ള കട്ടികളും, നെരായുള്ള പറ
യും, നെരായുള്ള ഇടങ്ങഴിയും നി
ങ്ങൾക്ക ഉണ്ടായിരിക്കെണം: ഞാ
ൻ നിങ്ങളെ മിസ്രയീം ദെശത്ത
നിന്ന പുറപ്പെടുവിച്ചവനായി നി
ങ്ങളുടെ ദൈവമായ യഹൊവാ
[ആകുന്നു.]
൩൭ ആകയാൽ നിങ്ങൾ എന്റെ
സകല കല്പനകളെയും, എന്റെ
സകല ന്യായപ്രമാണങ്ങളെയും
പ്രമാണിച്ച, അതിൻവണ്ണം ചെ
യ്യെണം: ഞാൻ യഹൊവാ [ആ
കുന്നു.]

൨൦ം അദ്ധ്യായം.

൧ സന്തതിയിൽനിന്ന മൊലൊക്കിന കൊടുക്കുന്നതിനെ കുറിച്ചും,—൬ ലക്ഷണം പറയുന്നവരെ കുറിച്ചും,—൯ മാതാപിതാക്കന്മാരെ ശപിക്കുന്നവരെ കുറിച്ചും,

പിന്നെയും യഹൊവാ മൊശെ
യൊട സംസാരിച്ച പറഞ്ഞു;
൨ പിന്നെയും നീ യിസ്രാഎൽ
പുത്രന്മാരൊട പറയെണ്ടുന്നത എ
ന്തെന്നാൽ; യിസ്രാഎൽ പുത്രന്മാ
രിലും യിസ്രാഎലിൽ പാൎക്കുന്ന പ
രദെശികളിലും ആരെങ്കിലും തന്റെ
സന്തതിയിൽനിന്ന [യാതൊന്നി
നെ] മൊലൊക്കിന കൊടുത്താൽ,
അവൻ കൊല്ലപ്പെടെണം നിശ്ച
യം: ദെശത്തുള്ള ജനം അവനെ
കല്ലുകൊണ്ട എറിയെണം.
൩ ഞാൻ ആ മനുഷ്യന വിരൊ
ധമായി എന്റെ മുഖത്തെ ആക്കി,
അവനെ അവന്റെ ജനത്തിൽ
നിന്ന ഛെദിച്ച കളയും; എന്തുകൊ
ണ്ടെന്നാൽ അവൻ എന്റെ ശു
ദ്ധ സ്ഥലത്തെ വഷളാക്കുവാനാ
യിട്ടും, എന്റെ ശുദ്ധമുള്ള നാമ
ത്തെ അശുദ്ധമാക്കുന്നതിനും ത
ന്റെ സന്തതിയിൽനിന്ന മൊ
ലൊക്കിന കൊടുത്തു.
൪ ആ മനുഷ്യൻ തന്റെ സന്ത
തിയിൽനിന്ന മൊലൊക്കിന കൊ
ടുക്കുമ്പൊൾ ദെശത്തെ ജനങ്ങൾ,
അവനെ കൊല്ലാതെ ഇരിപ്പാനാ
യിട്ട, തങ്ങളുടെ കണ്ണുകളെ അവ
നിൽനിന്ന തീരുമാനം മറച്ചാൽ,
൫ അപ്പൊൾ ഞാൻ ആ മനു
ഷ്യനും, അവന്റെ കുഡുംബത്തി
നും വിരൊധമായി എന്റെ മുഖ
ത്തെ ആക്കി, അവനെയും, മൊ
ലൊക്കിന്റെ പിന്നാലെ വെശ്യാ
ദൊഷം ചെയ്യുന്നതിന അവന്റെ
പിന്നാലെ വെശ്യാദൊഷം ചെ
യ്യുന്ന എല്ലാവരെയും അവരുടെ ജ
നത്തിൽനിന്ന ഛെദിപ്പിച്ച കള
യും.
൬ എത ആത്മാവ വെളിച്ചപ്പാട
ന്മാരുടെ പിന്നാലെയും ലക്ഷണം
പറയുന്നവരുടെ പിന്നാലെയും,
അവരുടെ പിന്നാലെ വെശ്യാ
ദൊഷംചെയ്യുന്നതിന, തിരിയുന്നു
വൊ, ആ ആത്മാവിന വിരൊധ
മായും ഞാൻ എന്റെ മുഖത്തെ
ആക്കി, അവനെ തന്റെ ജനത്തി
ൽനിന്ന ഛെദിപ്പിച്ചകളയും.
൭ ¶ ആയതുകൊണ്ട നിങ്ങളെശു
ദ്ധീകരിച്ച, ശുദ്ധിയുള്ളവരായിരി

പ്പിൻ: എന്തെന്നാൽ ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]

൮ എന്റെ കല്പനകളെ പ്രമാണിച്ച, അതിന്മണ്ണം ചെയ്യെണം: ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹൊവാ [ആകുന്നു.]

൯ എന്തെന്നാൽ ആരെങ്കിലും തന്റെ പിതാവിനെയൊ, തന്റെ മാതാവിനെയൊ ശപിച്ചാൽ, അവൻ കൊല്ലപ്പെടെണം നിശ്ചയം: അവൻ തന്റെ പിതാവിനെയും തന്റെ മാതാവിനെയും ശപിച്ചു; അവന്റെ രക്തപ്പക അവന്റെ മെൽ [ഇരിക്കെണം.]

൧൦ [മറ്റൊരു] പുരുഷന്റെ ഭാൎയ്യയൊട ഒരുത്തൻ വ്യഭിചാരംചെയ്യാൽ, അപ്പൊൾ തന്റെ അയല്ക്കാരന്റെ ഭാൎയ്യയൊട വ്യഭിചാരം ചെയ്യുന്ന ആ വ്യഭിചാരിയും ആ വ്യഭിചാരിണിയും കൊല്ലപ്പെടെണം നിശ്ചയം.

൧൧ തന്റെ പിതാവിന്റെ ഭാൎയ്യയൊട കൂടെ ശയിക്കുന്നവൻ തന്റെ പിതാവിന്റെ നഗ്നതയെ വെളിപ്പെടുത്തിയിരിക്കുന്നു: ഇരുവരും കൊല്ലപ്പെടെണംനിശ്ചയം; അവരുടെ രക്തപ്പക അവരുടെ മെൽ [ഇരിക്കെണം.]

൧൨ ഒരു മനുഷ്യൻ തന്റെ മരുമകളൊട കൂടെ ശയിച്ചാൽ, ഇരുവരും കൊല്ലപ്പെടെണംനിശ്ചയം; അവർ നാനാവിധം ചെയ്തു; അവരുടെ രക്തപ്പക അവരുടെ മെൽ [ഇരിക്കെണം.]

൧൩ ഒരുത്തൻ സ്ത്രീയൊട കൂടെ ശയിക്കുന്നത പൊലെ പുരുഷനൊട കൂടെ ശയിച്ചാൽ, ഇരുവരും വെറുപ്പ ചെയ്തു: അവർ കൊല്ലപ്പെടെണം നിശ്ചയം; അവരുടെ രക്തപ്പക അവരുടെ മെൽ [ഇരിക്കെണം.]

൧൪ ഒരു പുരുഷൻ ഒരു സ്ത്രീയെയും അവളുടെ മാതാവിനെയും എടുത്താൽ, അത ദുഷ്ടത: നിങ്ങളുടെ ഇടയിൽ ദുഷ്ടത ഇരിക്കാതെ കണ്ട, അവർ അവനെയും ഇവരെയും അഗ്നികൊണ്ട ചുട്ടുകളയെണം.

൧൫ ഒരു പുരുഷൻ മൃഗത്തൊട കൂടെ ശയിച്ചാൽ, അവൻ കൊല്ലപ്പെടെണം നിശ്ചയം: ആ മൃഗത്തെയും നിങ്ങൾ കൊല്ലെണം.

൧൬ ഒരു സ്ത്രീ യാതൊരു മൃഗത്തൊട, അതിന ശയിക്കുന്നതിന ചെന്നാൽ, ആ സ്ത്രീയെയും മൃഗത്തെയും നീ കൊല്ലെണം: അവർ കൊല്ലപ്പെടെണം നിശ്ചയം; അവരുടെ രക്തപ്പക അവരുടെ മെൽ [ഇരിക്കെണം.]

൧൭ ഒരു പുരുഷൻ തന്റെ പിതാവിന്റെ പുത്രിയായ, അല്ലെങ്കിൽ തന്റെ മാതാവിന്റെ പുത്രിയായ തന്റെ സഹൊദരിയെ എടുത്ത, അവൻ ഇവളുടെ നഗ്നതയെ കാണുകയും, അവൾ ഇവന്റെ നഗ്നതയെ കാണുകയും ചെയ്താൽ, അത പാതകം [ആകുന്നു;] അവർ തങ്ങളുടെ ജനങ്ങളുടെ മുമ്പാകെ തന്നെ ഛെദിച്ചു കളയപ്പെടെണം: അവൻ തന്റെ സഹൊദരിയുടെ നഗ്നതയെ വെളിപ്പെടുത്തി; അവൻ തന്റെ അക്രമത്തെ വഹിക്കെണം.

൧൮ ഒരു പുരുഷൻ ഋതുവായ സ്ത്രീയൊട കൂടെ ശയിച്ചു, അവളുടെ നഗ്നതയെ വെളിപ്പെടുത്തിയാൽ, അവൻ അവളുടെ സ്രവത്തെ വെളിപ്പെടുത്തി, അവളും തന്റെ രക്തത്തിന്റെ സ്രവത്തെ വെളിപ്പെടുത്തി: ഇരുവരും തങ്ങളുടെ ജ

നത്തിന്റെ ഇടയിൽനിന്ന ഛെദിച്ചുകളയപ്പെടെണം.

൧൯ നീ നിന്റെ മാതാവിന്റെ സഹൊദരിയുടെയും, നിന്റെ പിതാവിന്റെ സഹൊദരിയുടെയും നഗ്നതയെ വെളിപ്പെടുത്തരുത: എന്തെന്നാൽ അവൻ തന്റെ ബന്ധുത്വത്തെ നഗ്നമാക്കുന്നു: അവർ തങ്ങളുടെ അക്രമത്തെ വഹിക്കെണം.

൨൦ ഒരു പുരുഷൻ തന്റെ ചിററപ്പന്റെ ഭാൎയ്യയൊട കൂടെ ശയിച്ചാൽ, അവൻ തന്റെ ചിററപ്പന്റെ നഗ്നതയെ വെളിപ്പെടുത്തി. അവർ തങ്ങളുടെ പാപത്തെ വഹിക്കെണം. അവർ സന്തതിയില്ലാത്തവരായി മരിക്കെണ്ടിവരും.

൨൧ ഒരു പുരുഷൻ തന്റെ സഹൊദരന്റെ ഭാൎയ്യയെ എടുത്താൽ, അത അശുദ്ധം: അവൻ തന്റെ സഹൊദരന്റെ നഗ്നതയെ വെളിപ്പെടുത്തി: അവർ സന്തതിയില്ലാതെ ഇരിക്കെണ്ടിവരും.

൨൨ ¶ ആകയാൽ നിങ്ങൾ കുടിയിരിക്കെണ്ടുന്നതിനായിട്ട ഞാൻ നിങ്ങളെ കൊണ്ടുപൊകുന്ന ദെശം നിങ്ങളെ ഛൎദ്ദിച്ചുകളയാതെ കണ്ട, നിങ്ങൾ എന്റെ സകല കല്പനകളെയും, എന്റെ സകല ന്യായങ്ങളെയും പ്രമാണിച്ച, അവയിൻ പ്രകാരം ചെയ്യെണം.

൨൩ ഞാൻ നിങ്ങളുടെ മുമ്പിൽനിന്ന ആട്ടിക്കളയുന്ന ജാതിയുടെ ചട്ടങ്ങളിൽ നിങ്ങൾ നടക്കയുമരുത: എന്തെന്നാൽ അവർ ഒരം കാൎയ്യങ്ങളെ ഒക്കെയും ചെയ്തു, ആകയാൽ ഞാൻ അവരെ വെറുത്തു.

൨൪ എന്നാൽ നിങ്ങൾ അവരുടെ ദെശത്തെ അനുഭവിക്കും എന്ന ഞാൻ നിങ്ങളൊട പറഞ്ഞു, പാലും തെനും ഒഴുകുന്ന ദെശമായി, അതിനെ അനുഭവിക്കുന്നതിന ഞാൻ അതിനെ നിങ്ങൾക്ക തരും: ഞാൻ നിങ്ങളെ [മററ] ജനങ്ങളിൽനിന്ന വെറതിരിച്ചവനായി, നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]

൨൫ അതുകൊണ്ട ശുദ്ധമുള്ള മൃഗങ്ങൾക്കും അശുദ്ധമുള്ള മൃഗങ്ങൾക്കും തമ്മിലും, അശുദ്ധമുള്ള പക്ഷികൾക്കും ശുദ്ധമുള്ള പക്ഷികൾക്കും തമ്മിലും നിങ്ങൾ വ്യത്യാസം ചെയ്യെണം: ഞാൻ നിങ്ങൾക്ക അശുദ്ധിയായി വെറതിരിച്ചിട്ടുള്ള മൃഗത്തെ കൊണ്ടും, പക്ഷിയെ കൊണ്ടും, നിലത്ത ഇഴയുന്ന യാതൊരു ജന്തുവിനെ കൊണ്ടും നിങ്ങളുടെ ആത്മാക്കളെ വെറുപ്പാക്കുകയുമരുത.

൨൬ നിങ്ങൾ ഇനിക്ക ശുദ്ധിയുള്ളവരായിരിക്കെണം; എന്തെന്നാൽ യഹൊവായായ ഞാൻ ശുദ്ധിയുള്ളവനാകുന്നു, നിങ്ങൾ ഇനിക്കുള്ളവരായിരിക്കെണ്ടുന്നതിന, ഞാൻ നിങ്ങളെ ജനങ്ങളിൽനിന്ന വെറതിരിച്ചിരിക്കുന്നു.

൨൭ വെളിച്ചപ്പാട, അല്ലെങ്കിൽ ലക്ഷണം പറയുന്ന മനുഷ്യൻ എങ്കിലും സ്ത്രീ എങ്കിലും കൊല്ലപ്പെടെണം നിശ്ചയം: അവർ അവരെ കല്ലു കൊണ്ട എറിയെണം; അവരുടെ രക്തപ്പുക അവരുടെ മെൽ [ഇരിക്കെണം.]

൨൧ അദ്ധ്യായം.

൧ ആചാൎയ്യന്മാരുടെ വിലാപത്തെ കുറിച്ചും.—൭ വിവാഹങ്ങളെ കുറിച്ചും,—൧൬ അംഗഹീനന്മാരെ കുറിച്ചും.

പിന്നെയും യഹൊവാ മൊശെയൊട പറഞ്ഞു, അഹറൊന്റെ പു

ത്രന്മാരാകുന്ന ആചാൎയ്യന്മാരൊട സംസാരിച്ചു, അവരൊട പറക: ഒരുത്തനും തന്റെ ജനങ്ങളിൽ മരിച്ചുപൊയ ഒരുത്തനാൽ തന്നെ അശുദ്ധിയാക്കരുത.

൨ എന്നാലും തനിക്കടുത്ത തന്റെ ബന്ധുവാകുന്ന തന്റെ മാതാവിനാലും, തന്റെ പിതാവിനാലും, തന്റെ പുത്രനാലും, തന്റെ പുത്രിയാലും, തന്റെ സഹൊദരനാലും,

൩ പുരുഷന ഇരിക്കാത്തവളായി തനിക്കടുത്ത കന്യാസ്ത്രീയാകുന്ന തന്റെ സഹൊദരിയായ ഇവളാലും അവൻ അശുദ്ധിയാക്കപ്പെടാം.

൪ തന്റെ ജനങ്ങളിൽ പ്രഭുവായവൻ തന്നെ വഷളാക്കുന്നതിന തന്നെ അശുദ്ധിയാക്കരുത.

൫ അവർ തങ്ങളുടെ തലകളിൽ മൊട്ടകളെ ഉണ്ടാക്കാതെയും, തങ്ങളുടെ താടിയുടെ കൊണ ഒതുക്കാതെയും, തങ്ങളുടെ മാംസത്തിൽ കീറലുകളെ ഉണ്ടാക്കാതെയും ഇരിക്കെണം.

൬ അവർ തങ്ങളുടെ ദൈവത്തിന്റെ നാമത്തെ അശുദ്ധിയാക്കാതെ, തങ്ങളുടെ ദൈവത്തിന ശുദ്ധിയുള്ളവരായിരിക്കെണം: എന്തെന്നാൽ യഹൊവായുടെ ദഹന ബലികളെന്ന തങ്ങളുടെ ദൈവത്തിന്റെ അപ്പത്തെ അവർ കഴിക്കുന്നു: ആകയാൽ അവർ ശുദ്ധിയുള്ളവരാകെണം.

൭ വെശ്യാ സ്ത്രീയെയും വഷളായുള്ളവളെയും അവർ ഭാൎയ്യയായി കൈക്കൊള്ളരുത: തന്റെ ഭൎത്താവിൽനിന്ന ഉപെക്ഷിക്കപ്പെട്ട സ്ത്രീയെയും, അവർ കൈക്കൊള്ളരുത: എന്തെന്നാൽ അവൻ തന്റെ ദൈവത്തിന ശുദ്ധിയുള്ളവൻ [ആകുന്നു.]

൮ അതുകൊണ്ട നീ അവനെ ശുദ്ധീകരിക്കെണം: എന്തെന്നാൽ അവൻ നിന്റെ ദൈവത്തിന്റെ അപ്പത്തെ കഴിക്കുന്നു: അവൻ നിനക്ക ശുദ്ധിയുള്ളവൻ ആയിരിക്കെണം: എന്തുകൊണ്ടെന്നാൽ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹൊവായായ ഞാൻ ശുദ്ധിയുള്ളവൻ.

൯ ആചാൎയ്യന്റെ പുത്രി വെശ്യാദൊഷം ചെയ്യാൻ തുടങ്ങിയാൽ, അവൾ തന്റെ പിതാവിനെ അശുദ്ധിയാക്കുന്നു: അവൾ അഗ്നിയാൽ ചുട്ടുകളയപ്പെടെണം.

൧൦ ¶ എന്നാൽ ആരുടെ ശിരസ്സിൽ അഭിഷെക തൈലം ഒഴിക്കപ്പെട്ടുവൊ, അവനും, വസ്ത്രങ്ങളെ ധരിപ്പാൻ പ്രതിഷ്ഠിക്കപ്പെട്ടവനുമായി, തന്റെ സഹൊദരന്മാരിലുള്ള പ്രധാന ആചാൎയ്യൻ തന്റെ തലയെ നഗ്നമാക്കാതെയും, തന്റെ വസ്ത്രങ്ങളെ കീറിക്കളയാതെയും,

൧൧ മരിച്ച യാതൊരു ശവത്തിന്റെ അടുക്കലും പ്രവെശിക്കാതെയും, തന്റെ പിതാവിനാലും, തന്റെ മാതാവിനാലും തന്നെ അശുദ്ധിയാക്കാതെയും,

൧൨ ശുദ്ധ സ്ഥലത്തനിന്ന പുറപ്പെടാതെയും, തന്റെ ദൈവത്തിന്റെ ശുദ്ധ സ്ഥലത്തെ അശുദ്ധിയാക്കാതെയും ഇരിക്കെണം: എന്തെന്നാൽ അവന്റെ ദൈവത്തിന്റെ അഭിഷെക തൈലമാകുന്ന കിരീടം അവന്റെ മെൽ [ഇരിക്കുന്നു:] ഞാൻ യഹൊവാ [ആകുന്നു.]

൧൩ കന്യകാ വ്രതത്തൊടുള്ള സ്ത്രീയെ അവൻ വിവാഹം ചെയ്യാവു.

൧൪ വിധവയെ എങ്കിലും, ഉപെക്ഷിക്കപ്പെട്ടവളെ എങ്കിലും, അശുദ്ധിയുള്ളവളെ എങ്കിലും, വെശ്യാ

സ്ത്രീയെ എങ്കിലും, ഇവരെ അവ
ൻ വിവാഹം ചെയ്യാതെ, തന്റെ
ജനങ്ങളിലുള്ള ഒരു കന്യാസ്ത്രീയെ
ഭാൎയ്യയായി വിവാഹം ചെയ്യാവു.
൧൫ അവൻ തന്റെ സന്തതി
യെ തന്റെ ജനങ്ങളുടെ ഇടയി
ൽ അശുദ്ധിയാക്കുകയുമരുത: എ
ന്തെന്നാൽ ഞാൻ അവനെ ശു
ദ്ധീകരിക്കുന്ന യഹൊവാ [ആകു
ന്നു.]
൧൬ ¶ പിന്നെയും യഹൊവാ
മൊശെയൊട സംസാരിച്ച പറ
ഞ്ഞു,
൧൭ നീ അഹറൊനൊട പറയെ
ണ്ടുന്നത എന്തെന്നാൽ, അവരുടെ
തലമുറകളിൽ നിന്റെ സന്തതിയി
ൽ അംഗഹീനതയുള്ളവൻ നി
ന്റെ ദൈവത്തിന്റെ ആഹാര
ത്തെ കഴിപ്പാൻ അടുത്ത വരരുത.
൧൮ അംഗഹീനതയുള്ള യാതൊ
രുത്തനും അടുത്ത വരരുത: കുരുട
നെങ്കിലും, മുടന്തനെങ്കിലും, പതി
മൂക്കൻ അല്ലെങ്കിൽ അധിക അവ
യവമുള്ളവനെങ്കിലും,
൧൯ കാലൊടിഞ്ഞവനെങ്കിലും,
കയ്യൊടിഞ്ഞവനെങ്കിലും,
൨൦ കൂനൻ എങ്കിലും, മുണ്ടൻ എ
ങ്കിലും, കണ്ണിൽ പൂവുള്ളവനെങ്കി
ലും, ചൊറിയൻ എങ്കിലും, പുണ്ണുള്ള
വനെങ്കിലും, വൃഷണത്തിൽ അടി
കൊണ്ടവനെങ്കിലും [അരുത.]
൨൧ ആചാൎയ്യനായ അഹറൊ
ന്റെ സന്തതിയിൽ അംഗഹീന
തയുള്ള ഒരുത്തനും യഹൊവായു
ടെ ദഹന കാഴ്ചകളെ കഴിപ്പാൻ
അടുത്ത വരരുത: അവന്ന അംഗ
ഹീനത ഉണ്ട, അവൻ തന്റെ
ദൈവത്തിന്റെ ആഹാരത്തെ ക
ഴിപ്പാൻ അടുത്ത വരരുത.
൨൨ അവൻ തന്റെ ദൈവത്തി

ന്റെ

ന്റെ അപ്പമാകുന്ന മഹാ ശുദ്ധമു
ള്ളവയിൽനിന്നും ശുദ്ധമുള്ളവയി
ൽനിന്നും ഭക്ഷിക്കാം.
൨൩ എന്നാലും അവൻ തിരശീല
യുടെ അടുക്കൽ പ്രവെശിക്കാതെ
യും, പീഠത്തിന്ന അടുത്ത വരാതെ
യും ഇരിക്കെണം, എന്തുകൊണ്ടെ
ന്നാൽ അവന്ന അംഗഹീനത ഉ
ണ്ട: എന്നാൽ എന്റെ ശുദ്ധ സ്ഥ
ലത്തെ അവൻ അശുദ്ധിയാക്കരു
ത: എന്തെന്നാൽ ഞാൻ അവരെ
ശുദ്ധീകരിക്കുന്ന യഹൊവാ ആ
കുന്നു.]
൨൪ മൊശെ [ഇതിനെ] അഹ
റൊനൊടും, അവന്റെ പുത്രന്മാ
രൊടും, യിസ്രാഎൽ പുത്രന്മാരൊ
ട എല്ലാവരൊടും പറകയും ചെയ്തു.

൨൨ അദ്ധ്യായം.

ആചാൎയ്യന്മാർ എപ്പൊൾ വിശുദ്ധ കാൎയ്യത്തിൽനി
ന്ന ഒഴിഞ്ഞിരിക്കെണം എന്നുള്ളത.

പിന്നെയും യഹൊവാ മൊശെ
യൊട സംസാരിച്ച പറഞ്ഞത എ
ന്തെന്നാൽ,
൨ യിസ്രാഎൽ പുത്രന്മാരുടെ ശു
ദ്ധമുള്ളവയിൽനിന്ന വെർപെടെ
ണമെന്നും, തങ്ങൾ ഇനിക്ക ശു
ദ്ധീകരിക്കുന്നവയിൽ എന്റെ ശു
ദ്ധമുള്ള നാമത്തെ അശുദ്ധിയാക്കാ
തെ ഇരിക്കെണമെന്നും അഹറൊ
നൊടും അവന്റെ പുത്രന്മാരൊടും
പറയെണം: ഞാൻ യഹൊവാ
[ആകുന്നു.]
൩ നീ അവരൊട പറയെണ്ടുന്ന
ത എന്തെന്നാൽ; നിങ്ങളുടെ തല
മുറകളിലുള്ള നിങ്ങളുടെ സകല സ
ന്തതിയിലും ആരെങ്കിലും, തന്റെ
മെൽ അശുദ്ധിയുള്ളപ്പൊൾ, യി
സ്രാഎൽ പുത്രന്മാർ യഹൊവായി
ക്ക ശുദ്ധീകരിക്കുന്ന ശുദ്ധമുള്ള വ

സ്തുക്കളുടെ അടുക്കൽ അടുത്ത ചെന്നാൽ, ആ ആത്മാവ എന്റെ മുമ്പിൽനിന്ന ഛെദിച്ച കളയപ്പെടെണം: ഞാൻ യഹൊവാ [ആകുന്നു.]

൪ അഹറൊന്റെ സന്തതിയിൽ എവൻ കുഷ്ഠരൊഗിയൊ, വാതശൊണിതക്കാരനൊ ആയാൽ, അവൻ ശുദ്ധിയുള്ളവനാകുന്നത വരെയും, ശുദ്ധമുള്ള വസ്തുക്കളിൽനിന്ന ഭക്ഷിക്കരുത: ശവത്താൽ അശുദ്ധപ്പെട്ട എതിനെ എങ്കിലും തൊടുന്നവനും, അല്ലെങ്കിൽ ഇന്ദ്രിയസ്ഖലനം ഉണ്ടായവനും,

൫ അല്ലെങ്കിൽ അശുദ്ധിപെടുത്തുന്ന യാതൊരു ഇഴജാതിയെ എങ്കിലും, യാതൊരു അശുദ്ധവുമുണ്ടായി അശുദ്ധിപെടുത്തുന്ന മനുഷ്യനെ എങ്കിലും തൊടുന്നവനും;

൬ ഇപ്രകാരമുള്ളതിനെ തൊട്ട ആത്മാവ സന്ധ്യ വരെയും അശുദ്ധമായിരിക്കെണം, അവൻ തന്റെ മാംസത്തെ വെള്ളത്തിൽ കഴുകിയല്ലാതെ ശുദ്ധ വസ്തുക്കളിൽനിന്ന ഭക്ഷിക്കയും അരുത.

൭ സൂൎയ്യൻ അസ്തമിച്ചതിന്റെ ശെഷം അവൻ ശുദ്ധിയുള്ളവനാകും; പിന്നെ അവന ശുദ്ധ വസ്തുക്കളിൽനിന്ന ഭക്ഷിക്കാം; എന്തുകൊണ്ടെന്നാൽ അത അവന്റെ ആഹാരം.

൮ താനെ ചത്തതിനെയും ചീന്തപ്പെട്ടതിനെയും, അവൻ അതിനാൽ തന്നെ അശുദ്ധമാക്കുവാനായിട്ട, ഭക്ഷിക്കരുത: ഞാൻ യഹൊവാ [ആകുന്നു.]

൯ അതുകൊണ്ട അവർ അതിനെ അശുദ്ധിയാക്കുമ്പൊൾ, തങ്ങളുടെ മെൽ പാപത്തെ ചുമത്തുകയും അതിനാൽ മരിക്കയും ചെയ്യാതെ ഇരിപ്പാൻ എന്റെ ചട്ടത്തെ പ്രമാണിക്കെണം: ഞാൻ അവരെ ശുദ്ധീകരിക്കുന്ന യഹൊവാ [ആകുന്നു.]

൧൦ അന്യനായ ഒരുത്തനും ശുദ്ധ വസ്തുവിനെ ഭക്ഷിക്കരുത: ആചാൎയ്യന്റെ അടുക്കൽ പാൎക്കുന്നവനും, കൂലിക്കാരനും ശുദ്ധ വസ്തുവിനെ ഭക്ഷിക്കരുത.

൧൧ എന്നാൽ ആചാൎയ്യൻ ഒരു ആത്മാവിനെ തന്റെ ദ്രവ്യം കൊടുത്ത, കൊണ്ടാൽ അവനും, അവന്റെ ഭവനത്തിൽ ജനിച്ചവനും, അതിൽനിന്ന ഭക്ഷിക്കാം: അവന്റെ ആഹാരത്തിൽനിന്ന ഇവർ ഭക്ഷിക്കാം.

൧൨ ആചാൎയ്യന്റെ പുത്രി അന്യനായ പുരുഷന [ഭാൎയ്യ] ആയാൽ, അവൾ ശുദ്ധ വസ്തുക്കളാകുന്ന കാഴ്ചയിൽനിന്ന ഭക്ഷിക്കരുത.

൧൩ എന്നാൽ ആചാൎയ്യന്റെ പുത്രി വിധവയൊ, ഉപെക്ഷിക്കപ്പെട്ടവളൊ, സന്തതിയില്ലാത്തവളും, തന്റെ പിതാവിന്റെ ഭവനത്തിലെക്ക, തന്റെ ബാല്യത്തിൽ എന്നപൊലെ, തിരിച്ചുവന്നവളും ആയാൽ, അവൾ തന്റെ പിതാവിന്റെ ആഹാരത്തിൽനിന്ന ഭക്ഷിക്കാം: എന്നാൽ അന്യനായ ഒരുത്തനും അതിൽനിന്ന ഭക്ഷിക്കരുത.

൧൪ പിന്നെ ഒരു മനുഷ്യൻ അറിയാതെ ശുദ്ധമുള്ള വസ്തുവിനെ ഭക്ഷിച്ചാൽ, അവൻ അതിൽ അഞ്ചിൽ ഒരു പങ്കു കൂടെ കൂട്ടി [അതിനെ] ശുദ്ധ വസ്തുവിനൊട കൂടെ ആചാൎയ്യന കൊടുക്കെണം.

൧൫ അവർ യഹൊവായിക്കു കഴിക്കുന്ന യിസ്രാഎൽ പുത്രന്മാരുടെ ശുദ്ധമുള്ള വസ്തുക്കളെ അശുദ്ധിയാക്കാതെയും,

൧൬ അവരുടെ ശുദ്ധമുള്ള വസ്തുക്ക
ളെ ഭക്ഷിക്കുമ്പൊൾ അവരുടെ മെ
ൽ കുററമാകുന്ന അക്രമത്തെ ചുമ
ത്താതെയുംഇരിക്കെണം: എന്തകൊ
ണ്ടെന്നാൽ ഞാൻ അവരെ ശുദ്ധി
കരിക്കുന്ന യഹൊവാ [ആകുന്നു.]
൧൭ ¶ പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ച പറഞ്ഞു ;
൧൮ നീ അഹറൊനൊടും, അവ
ന്റെ പുത്രന്മാരൊടും, യിസ്രാഎൽ
പുത്രന്മാരൊടെല്ലാവരൊടും സംസാ
രിച്ചു, അവരൊട പറയെണ്ടുന്നത
എന്തെന്നാൽ, യിസ്രാഎൽ കുഡും
ബക്കാരിലും യിസ്രാഎലിൽ [ഉള്ള]
പരദെശികളിലും യാതൊരുത്തനും
തന്റെ സകല നെച്ചകൾക്കായി
ട്ടും അവർ ഹൊമബലിയായിട്ട യ
ഹൊവായിക്ക കഴിക്കുന്നവയായി,
തന്റെ മനഃപൂവ്വമായുള്ള സകല
കാഴ്ചകൾക്കായിട്ടും തന്റെ വഴിപാ
ടിനെ കഴിക്കുന്നു എങ്കിൽ,
൧൯ നിങ്ങളുടെ മനസ്സിൻ പ്ര
കാരം മാടുകളിൽനിന്നെങ്കിലും, ആ
ടുകളിൽനിന്നെങ്കിലും, വെള്ളാടുകളി
ൽനിന്നെങ്കിലും കുററമില്ലാത്ത ഒരു
ആണിനെ [നിങ്ങൾകഴിക്കെണം.]
൨൦ കുററമുള്ളതിനെ ഒന്നിനെയും
നിങ്ങൾ കഴിക്കരുത: എന്തകൊണ്ടെ
ന്നാൽ അത നിങ്ങൾക്കായിക്കൊ
ണ്ട കൈക്കൊള്ളപ്പെടുകയില്ല.
൨൧ ഒരുത്തൻ നെച്ച നിവൃത്തി
ക്കായിട്ടൊ, അല്ലെങ്കിൽ മനസ്സുള്ള
കാഴ്ചെക്കായിട്ടൊ യഹൊവായിക്ക
മാടുകളിൽനിന്നെങ്കിലും ആടുകളിൽ
നിന്നെങ്കിലും സമാധാന ബലി
യെ കഴിക്കുമ്പൊൾ, അത കൈ
ക്കൊള്ളപ്പെടുതക്കവണ്ണം ഉത്തമമാ
യിരിക്കെണം: അതിൽ ഒരു കുററ
വും ഉണ്ടാകരുത.
൨൨ കുരുട, ചതവ, ഊനം, മുഴ,
ചൊറി, പ്രണം ഉള്ള ഇവയെ നി
ങ്ങൾ യഹൊവായിക്ക കഴിക്കരുത:
അവയിൽനിന്ന യഹൊവായിക്ക
ബലിപീഠത്തിന്മെൽ ദഹന ബ
ലിയായി കഴിക്കയും അരുത.
൨൩ അധികം അല്ലെങ്കിൽ കുറ
വ ആയ അവയവമുള്ള കാളയെ
യും കുഞ്ഞാടിനെയും നീ മനഃപൂവ്വ
മായുള്ള ബലിയായിട്ട കഴിക്കാം:
എന്നാൽ നെച്ചയായിട്ട അതകൈ
ക്കൊള്ളപ്പെടുകയില്ല.
൨൪ ചതഞ്ഞതിനെയും, നുറുങ്ങി
യതിനെയും, ഉടഞ്ഞതിനെയും, മു
റിവുള്ളതിനെയും നിങ്ങൾ യഹൊ
വായിക്ക കഴിക്കരുത: നിങ്ങളുടെ
ദെശത്ത [അതിൽനിന്ന ബലി
യായിട്ട] കഴിക്കയും അരുത.
൨൫ അന്യന്റെ കയ്യിൽനിന്ന
ഇവയിൽനിന്ന ഒന്നിനെയും നി
ങ്ങൾ നിങ്ങളുടെ ദൈവത്തിന്റെ
ആഹാരമായിട്ട കഴിക്കരുത: എന്തെ
ന്നാൽ അവയുടെ കെട അവയി
ൽ ഉണ്ട, കുററങ്ങളും അവയിൽ ഉ
ണ്ട: അവ നിങ്ങൾക്ക വെണ്ടി
കൈക്കൊള്ളപ്പെടുകയില്ല.
൨൬ ¶ പിന്നെയും യഹൊവാ
മൊശെയൊട സംസാരിച്ച പറ
ഞ്ഞത എന്തെന്നാൽ,
൨൭ ഒരു കാളകുട്ടിയൊ, ഒര ആട്ടി
ൻ കുട്ടിയൊ, ഒരു വെള്ളാട്ടിൻ കു
ട്ടിയൊ ഉണ്ടാകുമ്പൊൾ, അത എഴ
ദിവസം തന്റെ തള്ളയുടെ അടുക്ക
ൽ ഇരിക്കെണം, എന്നാൽ എട്ടാം
ദിവസം മുതലും അതിന മെലായും
അത യഹൊവായിക്ക ദഹന ബ
ലിക്കായിട്ട കൈക്കൊള്ളപ്പെടും.
൨൮ അത പശുവൊ പെണ്ണാ
ടൊ ആയാലും, അതിനെയും അ
തിന്റെ കുട്ടിയെയും ഒരു ദിവസം
നിങ്ങൾ കൊല്ലരുത.

൨൯ സ്തൊത്ര ബലിയെ നിങ്ങൾ യഹൊവായിക്ക കഴിക്കുമ്പൊൾ, നിങ്ങൾ അതിനെ മനഃപൂൎവ്വമായി കഴിക്കെണം.

൩൦ ആ ദിവസം തന്നെ അത ഭക്ഷിക്കപ്പെടെണം: ഉഷഃകാലം വരെയും നിങ്ങൾ അതിൽനിന്ന ഒട്ടും ശെഷിപ്പിക്കരുത: ഞാൻ യഹൊവാ [ആകുന്നു.]

൩൧ ആകയാൽ നിങ്ങൾ എന്റെ കല്പനകളെ പ്രമാണിച്ച, അവയിൻ പ്രകാരം ചെയ്യെണം: ഞാൻ യഹൊവാ [ആകുന്നു.]

൩൨ എന്റെ ശുദ്ധമുള്ള നാമത്തെ നിങ്ങൾ അശുദ്ധിയാക്കുകയുമരുത: എന്നാൽ ഞാൻ യിസ്രാഎൽ പുത്രന്മാരുടെ ഇടയിൽ ശുദ്ധീകരിക്കപ്പെട്ടും: ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹൊവാ [ആകുന്നു.]

൩൩ നിങ്ങൾക്ക ദൈവമായിരിക്കെണ്ടുന്നതിന നിങ്ങളെ മിസ്രയിം ദെശത്തനിന്ന പുറപ്പെട്ടമാറാക്കിയവൻ [ആകുന്നു:] ഞാൻ യഹൊവാ [ആകുന്നു.]

൨൩ അദ്ധ്യായം.

പല പെരുനാളുകളെ കുറിച്ചും,—൨൭ പാപപരിഹാര ദിവസം.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു,

൨ നീ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ച പറയെണ്ടുന്നത എന്തെന്നാൽ, ശുദ്ധമുള്ള സഭക്കൂട്ടങ്ങളായിട്ട [ആചരിക്കുന്നതിന] നിങ്ങൾ വിളിക്കെണ്ടുന്ന യഹൊവായുടെ പെരുനാളുകളായ ഇവ എന്റെ പെരുനാളുകൾ.

൩ ആറ ദിവസം വെല ചെയ്യപ്പെടെണം. എന്നാൽ എഴാം ദിവസം ശുദ്ധമുള്ള സഭ കൂടുന്ന സ്വസ്ഥ ദിവസം [ആകുന്നു: അതിൽ] നിങ്ങൾ ഒരു വെലയും ചെയ്യരുത: അത നിങ്ങളുടെ എല്ലാ വാസസ്ഥലങ്ങളിലും യഹൊവായിക്ക സ്വസ്ഥദിവസം [ആകുന്നു:]

൪ ¶ ശുദ്ധമുള്ള സഭ കൂട്ടങ്ങളായി നിങ്ങൾ അതാത കാലത്ത വിളിക്കെണ്ടുന്ന യഹൊവായുടെ പെരുനാളുകൾ ഇവ [ആകുന്നു.]

൫ ഒന്നാം മാസം പതിനാലാം തിയ്യതി സന്ധ്യാസമയത്ത യഹൊവായിക്ക പെസഹായും,

൬ ആ മാസം പതിനഞ്ചാം തിയ്യതി യഹൊവായിക്ക പുളിപ്പില്ലാത്ത അപ്പങ്ങളുടെ പെരുനാളും [ആകുന്നു:] എഴ ദിവസം നിങ്ങൾ പുളിപ്പില്ലാത്ത അപ്പങ്ങളെ ഭക്ഷിക്കെണം.

൭ ഒന്നാം ദിവസം നിങ്ങൾക്ക ശുദ്ധമുള്ള സഭക്കൂട്ടം ഉണ്ടാകെണം: നിങ്ങൾ യാതൊരു വെലകാൎയ്യവും ചെയ്യരുത.

൮ എന്നാൽ നിങ്ങൾ എഴ ദിവസം യഹൊവായിക്ക ദഹനബലി കഴിക്കെണം: എഴാം ദിവസം ശുദ്ധമുള്ള സഭ കൂട്ടം: [അതിൽ] നിങ്ങൾ യാതൊരു വെല കാൎയ്യവും ചെയ്യരുത.

൯ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു;

൧൦ നീ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ച പറയെണ്ടുന്നത എന്തെന്നാൽ, ഞാൻ നിങ്ങൾക്ക തരുന്ന ദെശത്തെക്ക നിങ്ങൾ വന്ന, അതിലുള്ള വിളവിനെ കൊയ്യുമ്പൊൾ നിങ്ങളുടെ കൊയിത്തിൽ ആദ്യഫലത്തിൽ ഒരു കററയെ നിങ്ങൾ ആചാൎയ്യന്റെ അടുക്കൽകൊണ്ടുവരെണം.

൧൧ യഹൊവായുടെ മുമ്പാകെ നി
ങ്ങളുടെ മെൽ ഇഷ്ടമാകുവാനായി
ട്ട അവൻ ആ കററയെ ആട്ടെ
ണം: സ്വസ്ഥ ദിവസത്തിന്റെ
പിറെറ ദിവസത്തിൽ ആചാൎയ്യൻ
അതിനെ ആട്ടെണം.
൧൨ നിങ്ങൾ ആ കററയെ ആട്ടു
ന്ന ആ ദിവസത്തിൽ യഹൊവാ
യിക്ക ഹൊമബലിയായിട്ട ഒരു വ
യസ്സുള്ള കുററമില്ലാത്ത ആട്ടിൻ കു
ട്ടിയെയും,
൧൩ യഹൊവായിക്ക അനുകൂല
വാസനയായ ദഹനബലിയായി
ട്ട എണ്ണയിൽ കുഴച്ചതായി ഒരു പറ
യിൽ പത്തിൽ രണ്ട പങ്ക നെരി
യ മാവാകുന്ന അതിന്റെ ആഹാ
രകാഴ്ചയെയും, വീഞ്ഞിൽനിന്ന കാ
ൽ ഇടങ്ങഴിയായ അതിന്റെ പാ
നീയകാഴ്ചയെയും നിങ്ങൾ കഴിക്കെ
ണം.
൧൪ നിങ്ങൾ നിങ്ങളുടെ ദൈവ
ത്തിന കാഴ്ചയെ കൊണ്ടുവരുന്ന
ആ ദിവസം വരെയും നിങ്ങൾ അ
പ്പത്തെയും, ചുട്ട കതിരിനെയും, പ
ച്ചക്കതിരിനെയും ഭക്ഷിക്കരുത: ഇ
ത നിങ്ങളുടെ എല്ലാ വാസസ്ഥല
ങ്ങളിലും നിങ്ങളുടെ തലമുറകളിൽ
നിത്യ കല്പന [ആകെണം.]
൧൫ ¶ സ്വസ്ഥദിവസത്തിന്റെ
പിററന്നാൾ തുടങ്ങി, നിങ്ങൾ ആ
ട്ടുന്ന കാഴ്ചയുടെ കററയെ കൊണ്ടു
വന്ന ദിവസം തുടങ്ങി, നിങ്ങൾക്ക
എണ്ണെണം; എഴ സ്വസ്ഥ ദിവസ
ങ്ങൾ തികയെണം.
൧൬ എഴാമത്തെ സ്വസ്ഥദിവസ
ത്തിന്റെ പിററന്നാൾ വരെയും
നിങ്ങൾ അമ്പത ദിവസം എണ്ണി,
യഹൊവായിക്ക പുതിയ ആഹാര
കാഴ്ചയെ കഴിക്കെണം.
൧൭ നിങ്ങൾ പറയിൽ പത്തിൽ
രണ്ട പങ്കിൽ ഇളകി ആട്ടുന്ന കാ
ഴ്ചയായ രണ്ട അപ്പങ്ങളെ നിങ്ങളു
ടെ വാസസ്ഥലങ്ങളിൽനിന്ന കൊ
ണ്ടുവരെണം: അവ നെരിയ മാവു
കൊണ്ടുള്ളവ ആകെണം; അവ പു
ളിപ്പ കൂട്ടി ചുടപ്പെടെണം: [അവ]
യഹൊവായിക്ക ആദ്യഫലം.
൧൮ ആ അപ്പത്തൊട കൂടെ ഒരു
വയസ്സുള്ള കുററമില്ലാത്ത എഴ ആ
ട്ടിൻ കുട്ടികളെയും, ഒരു കാളക്കുട്ടി
യെയും, രണ്ട മുട്ടാടുകളെയും നിങ്ങ
ൾ കഴിക്കെണം: അവ യഹൊവാ
യിക്ക ഹൊമബലിയായിട്ടും, അ
വയുടെ ആഹാര കാഴ്ചയും, അവ
യുടെ പാനീയ കാഴ്ചയും യഹൊ
വായിക്ക അനുകൂലവാസനെക്ക ദ
ഹനബലിയായിട്ടും ഇരിക്കെണം.
൧൯ എന്നാൽ നിങ്ങൾ വെള്ളാടു
കളിൽ ഒരു കുട്ടിയെ പാപ ബലി
ക്കായിട്ടും, ഒരു വയസ്സുള്ള രണ്ട ആ
ട്ടിൻ കുട്ടികളെ സമാധാന ബലി
ക്കായിട്ടും കഴിക്കെണം.
൨൦ അവയെ ആചാൎയ്യൻ ആദ്യ
ഫലമാകുന്ന അപ്പത്തൊടും, രണ്ട
ആട്ടിൻ കുട്ടികളൊടും കൂടെ യഹൊ
വായുടെ മുമ്പാകെ ആട്ടപ്പെടുന്ന
കാഴ്ചയായിട്ട ആട്ടെണം: അവ
യഹൊവായിക്ക ശുദ്ധമായി ആ
ചാൎയ്യന ഇരിക്കെണം.
൨൧ ആ ദിവസത്തിൽ തന്നെ
നിങ്ങൾക്ക ശുദ്ധ സഭയൊഗം കൂ
ടെണ്ടുന്ന ദിവസമെന്ന നിങ്ങൾ
വിളിക്കെണം: [അതിൽ] നിങ്ങൾ
യാതൊരു വെലകാൎയ്യവും ചെയ്യരു
ത: [ഇത] നിങ്ങളുടെ എല്ലാ വാ
സസ്ഥലങ്ങളിലും നിങ്ങളുടെ തലമു
റകളിൽ നിത്യകല്പന [ആകെണം.]
൨൨ നിങ്ങളുടെ നിലത്തിലെ വി
ളവുകളെ നിങ്ങൾ കൊയ്യുമ്പൊൾ,
നിന്റെ വയലിന്റെ കൊണക

ളെ തീൎത്ത കൊയ്യാതെയും, ചിന്നി കിടക്കുന്ന കതിരുകളെ പെറുക്കാതെയും ഇരിക്കെണം, നിങ്ങൾ ദരിദ്രന്നും പരദെശിക്കും അവയെ ഇട്ടെക്കെണം: ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]
൨൩ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു,
൨൪ നീ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ച പറയെണ്ടുന്നത എന്തെന്നാൽ, എഴാം മാസത്തിൽ മാസത്തിലെ ഒന്നാം തിയ്യതി, നിങ്ങൾക്ക സ്വസ്ഥ ദിവസം, കാഹളശബ്ദത്തിന്റെ ഒൎമ്മ, ശുദ്ധമുള്ള സഭയൊഗം കൂടെണം.
൨൫ [അതിൽ] നിങ്ങൾ യാതൊരു വെലകാൎയ്യവും ചെയ്യാതെ, യഹൊവായിക്ക ദഹനബലിയെ കഴിക്കെണം.
൨൬ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു,
൨൭ ൰ം എഴാം മാസത്തിലെ പത്താം തിയ്യതിയും പാപപരിഹാരമുള്ള ദിവസം [ആകെണം:] അത നിങ്ങൾക്ക ശുദ്ധ സഭയൊഗം കൂടുന്ന ദിവസം ആയിരിക്കെണം: അപ്പൊൾ നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ വിനയപ്പെടുത്തി, യഹൊവായിക്ക ദഹന ബലിയെ കഴിക്കെണം.
൨൮ ആ ദിവസത്തിൽ നിങ്ങൾ യാതൊരു വെലയും ചെയ്യരുത. എന്തെന്നാൽ അത നിങ്ങളുടെ ദൈവമായ യഹൊവായുടെ മുമ്പാകെ നിങ്ങൾക്ക വെണ്ടി പരിഹാരം ചെയ്യുന്നതിന പാപപരിഹാരമുള്ള ദിവസം [ആകുന്നു.]
൨൯ എന്തെന്നാൽ ആ ദിവസത്തിൽ വിനയപ്പെടാത്ത സകല ആത്മാവും തന്റെ ജനങ്ങളിൽനിന്ന ഛെദിക്കപ്പെടെണം.
൩൦ ആ ദിവസത്തിൽ യാതൊരു ആത്മാവ യാതൊരു വെലയും ചെയ്താൽ, ആ ആത്മാവിനെ അവന്റെ ജനത്തിന്റെ ഇടയിൽനിന്ന ഞാൻ നശിപ്പിക്കും.
൩൧ നിങ്ങൾ യാതൊരു വെലയും ചെയ്യരുത: [ഇത] നിങ്ങളുടെ എല്ലാ വാസസ്ഥലങ്ങളിലും നിങ്ങളുടെ തലമുറകൾക്ക നിത്യകല്പന [ആകെണം.]
൩൨ അത നിങ്ങൾക്ക ശബ്ബാത്തിന്റെ സ്വസ്ഥദിവസം [ആയിരിക്കെണം:] അതിൽ നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ വിനയപ്പെടുത്തെണം; ആ മാസത്തിലെ ഒമ്പതാം തിയ്യതി വൈകുന്നെരത്ത, വൈകുന്നെരം മുതൽ പിറെറന്നാൾ വൈകുന്നെരം വരെയും, നിങ്ങൾ സ്വസ്ഥതയെ ആചരിക്കെണം.
൩൩ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു;
൩൪ നീ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ച പറയെണ്ടുന്നത എന്തെന്നാൽ, ൰ം എഴാം മാസത്തിൽ പതിനഞ്ചാം തിയ്യതി, യഹൊവായിക്ക എഴ ദിവസം കൂടാരങ്ങളുടെ പെരുനാൾ [ആകെണം.]
൩൫ ഒന്നാം ദിവസത്തിൽ ശുദ്ധമുള്ള സഭയൊഗം [ഉണ്ടാകെണം:] നിങ്ങൾ യാതൊരു വെലകാൎയ്യവും [അതിൽ] ചെയ്യരുത.
൩൬ എഴ ദിവസം നിങ്ങൾ യഹൊവായിക്ക ദഹനബലിയെ കഴിക്കെണം: എട്ടാം ദിവസത്തിൽ നിങ്ങൾക്ക ശുദ്ധമുള്ള സഭയൊഗം ഉണ്ടാകെണം; നിങ്ങൾ യഹൊവായിക്ക ദഹനബലിയും കഴിക്കെ

ണ്ണം: അത മുഖ്യ ദിവസം; [അതി
ൽ] നിങ്ങൾ യാതൊരു വെലകാൎയ്യ
വും ചെയ്യരുത.
൩൮ യഹൊവായുടെ സ്വസ്ഥ
ദിവസങ്ങളല്ലാതെയും, നിങ്ങളുടെ
കാഴ്ചകളല്ലാതെയും, നിങ്ങളുടെ എ
ല്ലാ നെൎച്ചകളും അല്ലാതെയും, നി
ങ്ങൾ യഹൊവായിക്ക കൊടുക്കു
ന്ന നിങ്ങളുടെ മനഃപൂൎവ്വമായുള്ള
എല്ലാ കാഴ്ചകളും അല്ലാതെയും,
൩൭ നിങ്ങൾ അതാത ദിവസ
ത്തിൽ യഹൊവായിക്ക ദഹന
ബലിയെയും, ഹൊമ ബലിയെ
യും, ആഹാര കാഴ്ചയെയും, പാ
നീയ കാഴ്ചകളെയും കഴിക്കെണ്ടു
ന്നതിന ശുദ്ധമുള്ള സഭകൂട്ടങ്ങളെ
ന്ന നിങ്ങൾ വിളിക്കെണ്ടുന്ന യ
ഹൊവായുടെ പെരുനാളുകൾ ഇ
വ [ആകുന്നു.]
൩൯ പിന്നെയും ഭൂമിയുടെ ഫല
ത്തെ നിങ്ങൾ ശെഖരിച്ചിരിക്കുന്ന
എഴാം മാസത്തിലെ പതിനഞ്ചാം
തിയ്യതി നിങ്ങൾ യഹൊവായിക്ക
പെരുനാളിനെ എഴ ദിവസം ആ
ചരിക്കെണം: ആദ്യ ദിവസത്തിൽ
സ്വസ്ഥത, എട്ടാം ദിവസത്തിലും
സ്വസ്ഥത [ആയിരിക്കെണം.]
൪൦ നിങ്ങൾ ആദ്യ ദിവസത്തിൽ
അലങ്കാര വൃക്ഷത്തിന്റെ കൊമ്പു
കളെയും, ൟന്തിന്റെ ഒലകളെയും,
തഴച്ചിരിക്കുന്ന വൃക്ഷങ്ങളുടെ കൊ
മ്പുകളെയും, ആററലരികളെയും നി
ങ്ങൾക്ക എടുത്ത, നിങ്ങളുടെ ദൈ
വമായ യഹൊവായുടെ മുമ്പാകെ
എഴ ദിവസം സന്തൊഷിച്ചിരി
ക്കെണം.
൪൧ സംവത്സരം തൊറും എഴ ദി
വസം നിങ്ങൾ യഹൊവായിക്ക
ഇതിനെ പെരുനാളായിട്ട ആച
രിക്കെണം: [ഇത] നിങ്ങളുടെ ത
ലമുറകളിൽ നിത്യ കല്പന: എഴാം മാ
സത്തിൽ നിങ്ങൾ അതിനെ ആ
ചരിക്കെണം.
൪൨ ഞാൻ യിസ്രാഎൽ പുത്രന്മാ
രെ മിസ്രയിം ദെശത്തനിന്ന പു
റപ്പെടുവിച്ചപ്പൊൾ, അവരെ കൂ
ടാരങ്ങളിൽ വസിക്കുമാറാക്കിയതി
നെ നിങ്ങളുടെ തലമുറകൾ അറി
വാനായിട്ട,
൪൩ എഴ ദിവസം നിങ്ങൾ കൂടാ
രങ്ങളിൽ വസിക്കെണം: യിസ്രാ
എലിൽ ജനിച്ചവരെല്ലാം കൂടാരങ്ങ
ളിൽ വസിക്കെണം; ഞാൻ നി
ങ്ങളുടെ ദൈവമായ യഹൊവാ
[ആകുന്നു.]
൪൪ മൊശെ യഹൊവായുടെ പെ
രുനാളുകളെ യിസ്രാഎൽ പുത്രന്മാ
രൊട അറിയിക്കയും ചെയ്തു.

൨൪ അദ്ധ്യായം.

൧൦ ശെലൊമിതിന്റെ പുത്രൻ ദൈവദൂഷണം പറയുന്നത.—൧൫ ദൈവദൂഷണത്തെ കുറിച്ചും,—൧൭ കുലപാതകത്തെ കുറിച്ചും,൧൮ അതിക്രമത്തെ കുറിച്ചും ഉള്ള ന്യായപ്രമാണം.—൨൩ ദൈവദൂഷണം പറയുന്നവൻ കല്ലെറിയപ്പെടുന്നത.

പിന്നെയും യഹൊവാ മൊശെ
യൊട സംസാരിച്ച പറഞ്ഞത എ
ന്തെന്നാൽ,
൨ എല്ലായ്പൊഴും വിളക്കുകളെ ക
ത്തിപ്പാനായിട്ട യിസ്രാഎൽ പുത്ര
ന്മാർ വിളക്ക വെപ്പിന ഇടിച്ച
പിഴിയപ്പെട്ട തെളിവുള്ള ഒലിവ
എണ്ണയെ നിന്റെ അടുക്കൽ കൊ
ണ്ടുവരെണമെന്ന അവരൊട ക
ല്പിക്ക.
൩ സംഘത്തിന്റെ കൂടാരത്തിൽ
സാക്ഷിയുടെ തിരശീലെക്ക പുറ
ത്ത അഹറൊൻ അതിനെ വൈ
കുന്നെരം തുടങ്ങി ഉഷഃകാലം വ
രെയും യഹൊവായുടെ മുമ്പാകെ

എപ്പൊഴും ക്രമപ്പെടുത്തെണം: [ഇ
ത] നിങ്ങളുടെ തലമുറകളിൽ നിത്യ
കല്പന.
൪ അവൻ എപ്പൊഴും യഹൊവാ
യുടെ മുമ്പാകെ ശുദ്ധമുള്ള നിലവി
ളക്കിന്മെൽ വിളക്കുകളെ ക്രമപ്പെ
ടുത്തെണം.
൫ ¶ നീ നെരിയ മാവിനെ വാ
ങ്ങി, അതിനെ പന്ത്രണ്ടു അപ്പങ്ങ
ളായിട്ട ചുടെണം: ഒരൊ അപ്പം
പറയിൽ പത്തിൽ രണ്ടു പങ്ക പൊ
ടി കൊണ്ടു ആയിരിക്കെണം.
൬ അവയെ നീ യഹൊവായുടെ
മുമ്പാകെ ശുദ്ധമുള്ള മെശയിന്മെ
ൽ രണ്ടു നിരയായി ഒരൊ നിര
യിൽ ആറാറ വെക്കെണം.
൭ ഒരൊ നിരയുടെ മീതെ നീ ശു
ദ്ധമുള്ള സാംപ്രാണിയെ ഇടെ
ണം: അത അപ്പത്തൊട കൂടെ യ
ഹൊവായിക്ക ദഹനബലി എന്ന
ഒര ഒൎമ്മക്കായിട്ട ആകെണം.
൮ അവൻ അതിനെ നിത്യമുള്ള
നിയമമായിട്ട യിസ്രാഎൽ പുത്ര
ന്മാരിൽനിന്ന [വാങ്ങി,] സ്വസ്ഥ
ദിവസം തൊറും യഹൊവായിക്ക
മുമ്പാകെ എപ്പൊഴും അടുക്കി വെ
ക്കെണം.
൯ അത അഹറൊന്നും അവന്റെ
പുത്രന്മാൎക്കും ഉള്ളതാകെണം: അ
തിനെ അവർ ശുദ്ധമുള്ള സ്ഥല
ത്ത വെച്ച ഭക്ഷിക്കയും വെണം:
എന്തെന്നാൽ അത യഹൊവായു
ടെ ദഹനബലികളിൽ അവന
നിത്യകല്പനയാൽ മഹാ ശുദ്ധം
[ആകുന്നു.]
൰ ¶ പിന്നെ യിസ്രാഎൽ ജാ
തിയായുള്ള സ്ത്രീക്കും മിസ്രയ പുരു
ഷനും പുത്രനായ ഒരുത്തൻ യി
സ്രാഎൽ പുത്രന്മാരുടെ ഇടയിൽ
പുറപ്പെട്ടിരുന്നു: യിസ്രാഎൽ ജാ
തിയായുള്ള സ്ത്രീയുടെ ൦രം പുത്രനും
യിസ്രാഎൽകാരനായ ഒരു മനു
ഷ്യനും തമ്മിൽ പാളയത്തിൽ വെ
ച്ച ശണ്ഠയിട്ടു.
൰൧ അപ്പൊൾ യിസ്രാഎൽ ജാ
തിയായുള്ള സ്ത്രീയുടെ പുത്രൻ [യ
ഹൊവായുടെ] നാമത്തെ ദുഷിച്ച,
ശപിച്ചു: ആയതുകൊണ്ടു അവർ
അവനെ മൊശെയുടെ അടുക്കലെ
ക്ക കൊണ്ടുവന്നു: (അവന്റെ മാതാ
വിന്റെ പെർ ശലൊമീത, അവ
ൾ ദാന്റെ ഗൊത്രത്തിലുള്ള ദിബ്രി
യുടെ പുത്രിയായിരുന്നു.)
൰൨ യഹൊവായുടെ മനസ്സ അ
വൎക്ക അറിയിക്കപ്പെടുവാനായിട്ട
അവർ അവനെ കാരാഗ്രഹത്തിൽ
ആക്കി.
൰൩ ¶ അപ്പൊൾ യഹൊവാ മൊ
ശെയൊട സംസാരിച്ച പറഞ്ഞു;
൰൪ ശപിച്ചവനെ പാളയത്തി
ന പുറത്ത കൊണ്ടുപൊക; കെട്ട
വർ എല്ലാവരും തങ്ങളുടെ കൈക
ളെ അവന്റെ ശിരസ്സിന്മെൽ വെ
ക്കട്ടെ, സംഘം ഒക്കെയും അവനെ
കല്ലെറികയും ചെയ്യട്ടെ.
൰൫ എന്നാൽ യിസ്രാഎൽ പു
ത്രന്മാരൊട നീ പറയെണ്ടുന്നത
എന്തെന്നാൽ, ആരെങ്കിലും തന്റെ
ദൈവത്തെ ശപിച്ചാൽ, അവൻ
തന്റെ പാപത്തെ ചുമക്കെണം.
൰൬ യഹൊവായുടെ നാമത്തെ
ദുഷിക്കുന്നവൻ കൊല്ലപ്പെടെണം
നിശ്ചയം, സംഘം ഒക്കെയും അ
വനെ കല്ലെറിയെണം നിശ്ചയം:
പരദെശിയായാലും ദെശത്ത ജ
നിച്ചവൻ ആയാലും കൊള്ളാം,
അവൻ [യഹൊവായുടെ] നാമ
ത്തെ ദുഷിക്കുമ്പൊൾ കൊല്ലപ്പെ
ടെണം.
൰൭ യാതൊരു മനുഷ്യനെ കൊ

ല്ലുന്നവനും കൊല്ലപ്പെടെണം നി
ശ്ചയം.
൰൮ മൃഗജീവനെ കൊല്ലുന്നവ
ൻ ജീവന്ന പകരം ജീവനെ തി
രികെ കൊടുക്കെണം.
൰൯ ഒരു മനുഷ്യൻ തന്റെ അ
യല്ക്കാരനിൽ ഊനം ഉണ്ടാക്കിയാ
ൽ, അവൻ ചെയ്ത പ്രകാരം തന്നെ
അവനൊടും ചെയ്യപ്പെടെണം.
൨൰ മുറിവിന്ന പകരം മുറിവും, ക
ണ്ണിന്ന പകരം കണ്ണും, പല്ലിന്ന പ
കരം പല്ലും തന്നെ: അവൻ മനു
ഷ്യനിൽ ഊനം ഉണ്ടാക്കിയ പ്ര
കാരം തന്നെ അവനൊടും ചെയ്യ
പ്പെടെണം.
൨൰൧ മൃഗത്തെ കൊല്ലുന്നവൻ അ
തിന്ന പകരം കൊടുക്കെണം: മനു
ഷ്യനെ കൊല്ലുന്നവൻ കൊല്ലപ്പെ
ടുകയും വെണം.
൨൰൨ പരദെശിക്കും ദെശത്ത ജ
നിച്ചവന്നും നിങ്ങൾക്ക ഒരു ന്യായ
പ്രമാണം ആയിരിക്കെണം: എന്തു
കൊണ്ടെന്നാൽ ഞാൻ നിങ്ങളു
ടെ ദൈവമായ യഹൊവാ [ആ
കുന്നു.]
൨൰൩ പിന്നെ ദുഷിച്ചവനെ പാ
ളയത്തിന്ന പുറത്ത കൊണ്ടുവന്ന,
അവനെ കല്ലെറിയെണമെന്ന മൊ
ശെ യിസ്രാഎൽ പുത്രന്മാരൊട പ
റഞ്ഞു: യഹൊവാ മൊശെയൊട
കല്പിച്ച പ്രകാരം യിസ്രാഎൽ പു
ത്രന്മാർ ചെയ്കയും ചെയ്തു.

൨൰൫ അദ്ധ്യായം.

൧ വിശെഷ വൎഷം.—൮ ഞെരുക്കത്തെ കുറി
ച്ചും.—൩൫ കരുണയെ കുറിച്ചും.—൪൭ അടി
മക്കാരെ വീണ്ടുകൊള്ളുന്നതിനെ കുറിച്ചും.

യഹൊവാ സീനായി പൎവതത്തി
ൽ മൊശെയൊട സംസാരിച്ച,
൨ നീ യിസ്രാഎൽ പുത്രന്മാരൊ
ട സംസാരിച്ച, അവരൊട പറ
യെണ്ടുന്നത എന്തെന്നാൽ, ഞാ
ൻ നിങ്ങൾക്ക തരുന്ന ദെശത്ത
നിങ്ങൾ പ്രവെശിച്ചിരിക്കുമ്പൊ
ൾ, ആ ദെശം യഹൊവായിക്ക
സ്വസ്ഥ ദിവസത്തെ ആചരിക്കെ
ണം.
൩ ആറ സംവത്സരം നീ നിന്റെ
നിലത്തെ വിതെക്കെണം. ആറ
സംവത്സരവും നിന്റെ മുന്തിരി
ങ്ങാ തൊട്ടത്തെ വള്ളി മുറിച്ച, അ
തിന്റെ ഫലത്തെ കൂട്ടെണം.
൪ എന്നാൽ എഴാം സംവത്സര
ത്തിൽ ദെശത്തിന്ന സ്വസ്ഥതയു
ടെ വിശ്രമമായി, യഹൊവായി
ക്ക ശബ്ബാത ആയിരിക്കെണം: നി
ന്റെ നിലത്തെ വിതെക്കാതെയും,
നിന്റെ മുന്തിരിങ്ങാ തൊട്ടത്തെ വ
ള്ളി മുറിക്കാതെയും ഇരിക്കെണം.
൫ നിന്റെ കൊയിത്തിൽ സ്വ
യമായി മുളെക്കുന്നതിനെ നീ കൊ
യ്യാതെയും, വള്ളി മുറിക്കാത്ത മുന്തി
രിയുടെ പഴങ്ങളെ പറിക്കാതെയും
ഇരിക്കെണം: അത ദെശത്തിന്ന
സ്വസ്ഥതയുള്ള സംവത്സരം ആ
കുന്നു.
൬ ദെശത്തിന്റെ സ്വസ്ഥത നി
ങ്ങൾക്ക ആഹാരത്തിന്നായിട്ട ഇരി
ക്കെണം: നിനക്കും, നിന്റെ വെ
ലക്കാരന്നും, നിന്റെ വെലക്കാരി
ക്കും, നിന്റെ കൂലിക്കാരന്നും, നി
ന്നൊട കൂടെ പാൎക്കുന്ന പരദെശി
ക്കും,
൭ നിന്റെ മൃഗജീവന്നും, നി
ന്റെ ദെശത്തുള്ള മൃഗങ്ങൾക്കും,
അതിന്റെ അഭിവൃദ്ധി ഒക്കെയും
ആഹാരത്തിന്നായിട്ട ഇരിക്കെണം.
൮ ¶ പിന്നെയും എഴ സ്വസ്ഥ
തയുള്ള സംവത്സരങ്ങളാകുന്ന എ
ഴെഴ സംവത്സരങ്ങളെ നിനക്ക നീ
എണ്ണെണം: എഴ സ്വസ്ഥതയുള്ള

സംവത്സരങ്ങളുടെ ഇട നിനക്ക നാല്പത്തൊമ്പത സംവത്സരം ആകെണം.

൯ അപ്പൊൾ എഴാം മാസത്തിലെ പത്താം തിയ്യതി നീ വിശെഷ ധ്വനിയുടെ കാഹളത്തെ ധ്വനിപ്പിക്കെണം: പാപപരിഹാര ദിവസത്തിൽ നിങ്ങൾ നിങ്ങളുടെ ദെശത്ത എല്ലാടവും കാഹളത്തെ ധ്വനിപ്പിക്കെണം.

൰ നിങ്ങൾ അമ്പതാം സംവത്സരത്തെ ശുദ്ധമാക്കി, ദെശത്ത എല്ലാടവും അതിലുള്ള എല്ലാ കുടിയാന്മാൎക്കും സ്വാതന്ത്ര്യത്തെ പ്രസിദ്ധപ്പെടുത്തെണം: അത നിങ്ങൾക്ക യൊബെൽസംവത്സരമായിരിക്കെണം: നിങ്ങൾ അവനവൻ തന്റെ അവകാശത്തിന തിരിച്ചു പൊകെണം; നിങ്ങൾ അവനവൻ തന്റെ കുഡുംബത്തിലെക്കും തിരിച്ചുപൊകെണം.

൰൧ ആ അമ്പത സംവത്സരം നിങ്ങൾക്ക യൊബെൽ സംവത്സരം ആയിരിക്കെണം. അതിൽ നിങ്ങൾ വിതെക്കാതെയും, സ്വയമായി മുളെക്കുന്നതിനെ കൊയ്യാതെയും, അതിൽ വള്ളി മുറിക്കാത്ത മുന്തിരിയുടെ പഴങ്ങളെ പറിക്കാതെയും ഇരിക്കെണം.

൰൨ എന്തുകൊണ്ടെന്നാൽ അത യൊബെൽസംവത്സരം ആകുന്നു: അത നിങ്ങൾക്ക ശുദ്ധമായിരിക്കെണം: നിങ്ങൾ അതിന്റെ അഭിവൃദ്ധിയെ വയലിൽനിന്ന ഭക്ഷിക്കെണം.

൰൩ ൟ യൊബെൽസംവത്സരത്തിൽ നിങ്ങൾ അവനവൻ തന്റെ അവകാശത്തിലെക്ക തിരിച്ചുപൊകെണം.

൰൪ ¶ പിന്നെയും നീ എതെങ്കിലും നിന്റെ അയല്ക്കാരന വില്ക്കയൊ, നിന്റെ അയല്ക്കാരനൊട എതെങ്കിലും വാങ്ങുകയൊ ചെയ്താൽ, നിങ്ങൾ തമ്മിൽ തമ്മിൽ ഞെരുക്കം ചെയ്യരുത.

൰൫ യൊബെൽ സംവത്സരത്തിന്റെ പിമ്പുള്ള സംവത്സരങ്ങളുടെ സംഖ്യക്ക തക്കവണ്ണം നിന്റെ അയല്ക്കാരനൊട നീ വാങ്ങെണം: ഫലമുള്ള സംവത്സരങ്ങളുടെ സംഖ്യക്ക തക്കവണ്ണം അവൻ നിനക്ക വില്ക്കയും വെണം.

൰൬ സംവത്സരങ്ങളുടെ അധികത്തിന തക്കവണ്ണം നീ അതിന്റെ വില കൂട്ടെണം, സംവത്സരങ്ങളുടെ കുറവിന തക്കവണ്ണം നീ അതിന്റെ വില താഴ്ത്തുകയും വെണം: എന്തുകൊണ്ടെന്നാൽ ഫലമുള്ള [സംവത്സരങ്ങളുടെ] എണ്ണത്തിന തക്കവണ്ണം അവൻ നിനക്ക വില്ക്കുന്നു.

൰൭ ആകയാൽ നിങ്ങൾ ഒരുത്തനെ ഒരുത്തൻ ഉപദ്രവിക്കരുത: എന്നാൽ നിന്റെ ദൈവത്തെ ഭയപ്പെടെണം; എന്തെന്നാൽ ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]

൰൮ ¶ അതുകൊണ്ട നിങ്ങൾ എന്റെ കല്പനകളിൻ പ്രകാരം ചെയ്തു, എന്റെ ന്യായങ്ങളെ പ്രമാണിച്ചു, അവയെ ചെയ്യെണം: എന്നാൽ നിങ്ങൾ ദെശത്ത സുഖമായി വസിക്കും.

൰൯ ഭൂമി തന്റെ ഫലത്തെ തരും; നിങ്ങൾ തൃപ്തിയായി ഭക്ഷിച്ചു, അതിൽ സുഖത്തൊടെ വസിക്കയും ചെയ്യും.

൨൰ എഴാം സംവത്സരത്തിൽ ഞങ്ങൾ എന്ത ഭക്ഷിക്കെണ്ടു? ഇതാ, ഞങ്ങൾ വിതെക്കാതെയും, ഞങ്ങളുടെ അഭിവൃദ്ധിയെ കൂട്ടാതെയും ഇ

തിക്കെണമല്ലൊ, എന്ന നിങ്ങൾ പ
റഞ്ഞാൽ,
൨൧ അപ്പൊൾ ആറാം സംവ
ത്സരത്തിൽ ഞാൻ എന്റെ അനു
ഗ്രഹത്തെ നിങ്ങളുടെ മെൽ കല്പി
ക്കും, അത മൂന്ന സംവത്സരത്തെ
ക്കുള്ള ഫലത്തെ തരികയും ചെയ്യും.
൨൨ എട്ടാം സംവത്സരത്തിൽ നി
ങ്ങൾ വിതെച്ച, ഒമ്പതാം സംവ
ത്സരം വരെയും പഴെ ഫലത്തിൽ
നിന്ന ഭക്ഷിക്കെണ്ടി വരും: ഇതി
ന്റെ ഫലം വരുന്നത വരെ പ
ഴെതിനെ നിങ്ങൾ ഭക്ഷിക്കെണ്ടി
വരും.
൨൩ നിലം തീൎപ്പായി വില്ക്കപ്പെ
ടരുത: അതെന്തുകൊണ്ടെന്നാൽ ദെ
ശം എന്റെ [ആകുന്നു:] എന്തെ
ന്നാൽ നിങ്ങൾ എന്നൊടു കൂടെ പ
രദെശികളും വന്ന പാൎക്കുന്നവരും
[ആകുന്നു.]
൨൪ നിങ്ങളുടെ അവകാശമാകു
ന്ന എല്ലാ നിലങ്ങളിലും നിങ്ങൾ
ഭൂമിക്കവീണ്ടെടുപ്പ കൊടുക്കെണം.
൨൫ നിന്റെ സഹൊദരൻ ദരി
ദ്രപ്പെട്ട, തന്റെ അവകാശത്തിൽ
[എതാനും] വിററാൽ, അവന്റെ
സംബന്ധക്കാരിൽ ആരെങ്കിലും
അതിനെ വീണ്ടുകൊള്ളുവാൻ വ
രുന്നു എങ്കിൽ, അപ്പൊൾ അവൻ
തന്റെ സഹൊദരൻ വിററതിനെ
വീണ്ടുകൊള്ളെണം.
൨൬ എന്നാൽ അതിനെ വീണ്ടു
കൊള്ളുവാൻ അവന ആരും ഇ
ല്ലാതെ, താൻ തന്നെ അതിനെ വീ
ണ്ടുകൊള്ളുവാൻ പ്രാപ്തനാകുന്നു
എങ്കിൽ,
൨൭ അപ്പൊൾ അവൻ അതിനെ
വിററതിന്റെ ശെഷം ചെന്ന സം
വത്സരങ്ങളെ കണക്ക കൂട്ടി, മിച്ചമു
ള്ളതിനെ, അവൻ അതിനെ ആ-

ൎക്ക വിററിരുന്നുവൊ ആ മനുഷ്യ
ന അവൻ തിരികെ കൊടുത്ത, ത
ന്റെ അവകാശത്തിലെക്ക തിരി
ച്ച വരട്ടെ.
൨൮ എന്നാൽ അവന തിരികെ
കൊടുപ്പാൻ അവന പ്രാപ്തിയില്ല
എങ്കിൽ, വില്ക്കപ്പെട്ടത അതിനെ
കൊണ്ടവന്റെ കയ്യിൽ യൊബെ
ൽ സംവത്സരം വരെക്കും ഇരിക്കെ
ണം: യൊബെൽ സംവത്സരത്തി
ൽ അത പുറപ്പെടുകയും, അവൻ ത
ന്റെ അവകാശത്തിലെക്ക തിരി
ച്ച വരികയും വെണം.
൨൯ ഒരു മനുഷ്യൻ മതിലുള്ള പ
ട്ടണത്തിൽ വാസസ്ഥലമായുള്ള ഒ
രു ഭവനത്തെ വിററാൽ, അത വി
ല്ക്കപ്പെട്ടതിന്റെ ശെഷം ഒരു സം
വത്സരം തികയുന്നതിനകത്ത, അ
വൻ അതിനെ വീണ്ടുകൊള്ളെണം:
ഒരു സംവത്സരത്തിനകത്ത അവ
ൻ അതിനെ വീണ്ടുകൊള്ളെണം.
൩൦ ഒരു സംവത്സരം മുഴുവനും
തികയുവൊളത്തിന അത വീണ്ടു
കൊള്ളപ്പെട്ടില്ല എങ്കിൽ, അപ്പൊൾ
മതിലുള്ള പട്ടണത്തിൽ [ഉള്ള] ആ
ഭവനത്തെ കൊണ്ടവന അത എ
ന്നും അവന്റെ തലമുറകളിൽ സ്ഥി
രപ്പെട്ടിരിക്കെണം: യൊബെൽ
സംവത്സരത്തിൽ അത പുറപ്പെടു
കയുമില്ല.
൩൧ എന്നാൽ അവെക്ക ചുററും
മതിലില്ലാത്ത ഗ്രാമങ്ങളിലെ ഭവ
നങ്ങൾ ദെശത്തുള്ള നിലത്തിന
സമമായി വിചാരിക്കപ്പെടെണം:
അവെക്ക വീണ്ടെടുപ്പ ഉണ്ട, യൊ
ബെൽ സംവത്സരത്തിൽ അവ പു
റപ്പെടുകയും വെണം.
൩൨ എന്നാലും ലെവിയക്കാരുടെ
പട്ടണങ്ങളെയും, അവരുടെ അവ
കാശമാകുന്ന പട്ടണങ്ങളിലെ ഭ

വനങ്ങളെയും ലെവിയക്കാൎക്ക എപ്പൊഴെങ്കിലും വീണ്ടുകൊള്ളാം.

൩൩ ഒരു മനുഷ്യൻ ലെവിയക്കാരൊട കൊള്ളുന്നു എങ്കിൽ, അപ്പൊൾ വില്ക്കപ്പെട്ട ഭവനവും, അവന്റെ അവകാശമാകുന്ന പട്ടണവും യൊബെൽ സംവത്സരത്തിൽ പുറപ്പെടെണം: എന്തുകൊണ്ടെന്നാൽ ലെവിയക്കാരുടെ പട്ടണങ്ങളിലെ ഭവനങ്ങൾ യിസ്രാഎൽ പുത്രന്മാരുടെ ഇടയിൽ അവൎക്കുള്ള അവകാശം [ആകുന്നു.]

൩൪ എന്നാൽ അവരുടെ പട്ടണങ്ങളിലെ ഉപഗ്രാമങ്ങളിലുള്ള നിലം വില്ക്കപ്പെടരുത: എന്തകൊണ്ടെന്നാൽ അത അവൎക്ക നിത്യമുള്ള അവകാശം [ആകുന്നു.]

൩൫ ¶ നിന്റെ സഹൊദരൻ ദരിദ്രപ്പെട്ടു, നിന്നൊട കൂടെ ക്ഷയിച്ചാൽ, അവൻ അന്യനൊ, പരദെശിയൊ ആയാലും, അവനെ നീ ആശ്വസിപ്പിക്കെണം: അവനും നിന്നൊട കൂടെ പാൎക്കെണം.

൩൬ നീ അവനൊട പലിശയെയും ലാഭത്തെയും വാങ്ങാതെ, നിന്റെ ദൈവത്തെ ഭയപ്പെട്ടിരിക്കെണം; നിന്റെ സഹൊദരൻ നിന്നൊട കൂടെ പാൎക്കയും വെണം.

൩൭ അവന നിന്റെ ദ്രവ്യത്തെ പലിശെക്ക കൊടുക്കരുത; നിന്റെ ആഹാരത്തെ അവന ലാഭത്തിനായിട്ട കൊടുക്കയും അരുത.

൩൮ ഞാൻ നിങ്ങൾക്ക കനാൻ ദെശത്തെ തരുന്നതിനും, നിങ്ങളുടെ ദൈവമായിരിക്കുന്നതിനും നിങ്ങളെ മിസ്രയിം ദെശത്തനിന്ന പുറപ്പെടുവിച്ചവനായ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]

൩൯ ¶ പിന്നെയും നിന്നൊട കൂടെയുള്ള നിന്റെ സഹൊദരൻ ദരിദ്രനായി തീൎന്ന, നിനക്ക വില്ക്കപ്പെട്ടാൽ, നീ അവനെ കൊണ്ട അടിമ വെല ചെയ്യിക്കരുത.

൪൦ അവൻ കൂലിക്കാരൻ എന്നപൊലെയും പരദെശിയെന്നപൊലെയും നിന്നൊട കൂടെ ഇരുന്ന, യൊബെൽ സംവത്സരം വരെക്കും നിന്നെ സെവിക്കെണം.

൪൧ പിന്നെ അവനും അവനൊട കൂടെ അവന്റെ പുത്രന്മാരും നിന്നെ വിട്ട പുറപ്പെട്ടു, അവന്റെ കുഡുംബത്തിലെക്ക തിരിച്ച പൊകെണം, അവന്റെ പിതാക്കന്മാരുടെ അവകാശത്തിനും അവൻ തിരിച്ച പൊകെണം.

൪൨ എന്തെന്നാൽ അവർ മിസ്രയിം ദെശത്തനിന്ന ഞാൻ പുറപ്പെടുവിച്ച എന്റെ ദാസന്മാർ ആകുന്നു: അവർ അടിമക്കാരായി വില്ക്കപ്പെടരുത.

൪൩ നീ കഠിനമായി അവന്റെ മെൽ ഭരിക്കാതെ, നിന്റെ ദൈവത്തെ ഭയപ്പെടെണം.

൪൪ നിനക്കുള്ള അടിയാരും നിനക്കുള്ള അടിമ സ്ത്രീകളും നിങ്ങൾക്ക ചുറ്റുമുള്ള പുറജാതിക്കാരിൽനിന്ന ആയിരിക്കെണം: നിങ്ങൾ ഇവരിൽനിന്ന അടിമക്കാരെയും അടിമ സ്ത്രീകളെയും കൊള്ളെണം.

൪൫ അത്രയുമല്ല, നിങ്ങളുടെ ഇടയിൽ വന്ന പാൎക്കുന്ന അന്യന്മാരുടെ പുത്രന്മാരായവരിൽനിന്നും, അവർ നിങ്ങളുടെ ദെശത്ത ജനിപ്പിച്ചവരായി നിങ്ങളൊട കൂടെ ഇരിക്കുന്ന അവരുടെ കുഡുംബങ്ങളിൽനിന്നും നിങ്ങൾ കൊള്ളെണം: അവർ നിങ്ങൾക്ക അവകാശമായിരിക്കയും വെണം.

൪൬ അവരെ നിങ്ങളുടെ ശെഷം നിങ്ങളുടെ പുത്രന്മാൎക്കും അവകാശ

ദ്രവ്യം

മായനുഭവിപ്പാനായിട്ട നിങ്ങൾ അവകാശമാക്കികൊള്ളെണം: നിങ്ങൾ അവരെകൊണ്ട എന്നും വെല ചെയ്യിക്കെണം: എന്നാൽ യിസ്രാഎൽ പുത്രന്മാരായി നിങ്ങളുടെ സഹൊദരന്മാരുടെ മെൽ നിങ്ങൾ തമ്മിൽ തമ്മിൽ കഠിനമായി ഭരിക്കരുത.

൪൭ ¶ പിന്നെ നിന്നൊട കൂടെയുള്ള പരദെശി എങ്കിലും അന്യൻ എങ്കിലും സമ്പന്നനാകയും, അവന്റെ അടുക്കലുള്ള നിന്റെ സഹൊദരൻ ദരിദ്രപ്പെട്ട, തന്നെ നിന്നൊട കൂടെയുള്ള അന്യന്നൊ; പരദെശിക്കൊ, അന്യന്റെ വംശസന്തതിക്കൊ വില്ക്കയും ചെയ്താൽ,

൪൮ അവൻ വില്ക്കപ്പെട്ടതിന്റെ ശെഷം അവൻ പിന്നെ വീണ്ടുകൊള്ളപ്പെടാം: അവന്റെ സഹൊദരന്മാരിൽ ഒരുത്തന അവനെ വീണ്ടുകൊള്ളാം.

൪൯ അവന്റെ വലിയപ്പൻ ചെറിയപ്പന എങ്കിലും, അവന്റെ വലിയപ്പൻ ചെറിയപ്പന്റെ പുത്രന എങ്കിലും അവനെ വീണ്ടുകൊള്ളാം: അല്ലെങ്കിൽ അവന്റെ വംശത്തിൽ അവനചെന്ന സംബന്ധക്കാരിൽ ഒരുത്തൻ അവനെ വീണ്ടുകൊള്ളാം: അവന പ്രാപ്തിയുണ്ടെങ്കിൽ തന്നെതാൻ വീണ്ടുകൊള്ളാം.

൫൦ ¶ അവൻ തന്നെ കൊണ്ടവനൊട താൻ അവന വില്ക്കപ്പെട്ട സംവത്സരം മുതൽ യൊബെൽസംവത്സരം വരെക്കും കണക്കനൊക്കെണം: അവന്റെ വിലക്രയം സംവത്സരങ്ങളുടെ എണ്ണത്തിന തക്കവണ്ണം ആയിരിക്കെണം; കൂലിക്കാരനായിരിക്കുന്ന കാലത്തിന തക്കവണ്ണം അവനൊട കൂടെ ഇരിക്കെണം.

൫൧ ഇനിയും അനെകം സംവത്സരങ്ങൾ ഉണ്ടായിരുന്നാൽ, അവെക്ക തക്കവണ്ണം അവൻ തന്റെ വീണ്ടെടുപ്പ വിലയെ തന്റെ വിലയുള്ള ദ്രവ്യത്തിൽനിന്ന തിരികെ കൊടുക്കെണം.

൫൨ യൊബെൽ സംവത്സരം വരെക്കും ശെഷിച്ചിരിക്കുന്ന സംവത്സരങ്ങൾ കുറഞ്ഞവയായിരുന്നാൽ; അവൻ അവനൊട കണക്കനൊക്കി, തന്റെ സംവത്സരങ്ങൾക്ക തക്കവണ്ണം അവൻ തന്റെ വീണ്ടെടുപ്പവിലയെ അവന തിരിച്ച കൊടുക്കെണം.

൫൩ സംവത്സരം തൊറും ഉള്ള ഒരു കൂലിവെലക്കാരനെന്ന പൊലെ ഇവൻ അവനൊട കൂടെ ഇരിക്കെണം: [മററവൻ] നിന്റെ മുമ്പാകെ ഇവന്റെ മെൽ കഠിനമായി ഭരിക്കരുത.

൫൪ ഇവയിൽ അവൻ വീണ്ടുകൊള്ളപ്പെടാതെ ഇരുന്നാൽ, അവനും അവനൊട കൂടെ അവന്റെ പുത്രന്മാരും യൊബെൽ സംവത്സരത്തിൽ പുറപ്പെടെണം.

൫൫ എന്തുകൊണ്ടെന്നാൽ യിസ്രാഎൽ പുത്രന്മാർ എനിക്ക ദാസന്മാർ [ആകുന്നു:] അവർ ഞാൻ മിസ്രയിം ദെശത്തനിന്ന പുറപ്പെടുവിച്ച എന്റെ ദാസന്മാർ [ആകുന്നു:] ഞാൻ നിങ്ങളുടെ ദൈവമായ യഹൊവാ [ആകുന്നു.]

൨൬ അദ്ധ്യായം.

൧ വിഗ്രഹാരാധനയെ കുറിച്ചും,—൩ ഒരു അനുഗ്രഹം വാഗ്ദത്തം ചെയ്യപ്പെട്ടത.—൧൪ ഒരു ശാപം കൊണ്ട ഭയപ്പെടുത്തുന്നത.

നിങ്ങൾ നിങ്ങൾക്ക ഒരു വിഗ്രഹത്തെ എങ്കിലും, ബിംബത്തെ എങ്കിലും ഉണ്ടാക്കാതെയും, കല്ലിനെ

നാട്ടാതെയും, രൂപമാക്കപ്പെട്ട കല്ലി
നെ അതിന്റെ മുമ്പാകെ കുമ്പിടുവാ
നായിട്ട നിങ്ങളുടെ ദെശത്ത നി
ൎത്താതെയും ഇരിക്കെണം: എന്തെ
ന്നാൽ ഞാൻ നിങ്ങളുടെ ദൈവ
മായ യഹൊവാ [ആകുന്നു.]
൨ നിങ്ങൾ എന്റെ സ്വസ്ഥദി
വസങ്ങളെ ആചരിക്കയും എന്റെ
ശുദ്ധമുള്ള സ്ഥലത്തെ കുറിച്ച ഭ
യപ്പെടുകയും വെണം: ഞാൻ യ
ഹൊവാ [ആകുന്നു.]
൩ ¶ നിങ്ങൾ എന്റെ ന്യായപ്രമാ
ണങ്ങളിൽ നടന്ന, എന്റെ കല്പ
നകളെ പ്രമാണിച്ച, അവയെ ചെ
യ്താൽ,
൪ ഞാൻ തൽസമയത്ത നിങ്ങൾ
ക്ക മഴ തരും, ഭൂമി തന്റെ വൎദ്ധന
യെയും തരും, ഭൂമിയിലുള്ള വൃക്ഷങ്ങ
ൾ അവയുടെ ഫലത്തെയും തരും.
൫ നിങ്ങളുടെ മെതി മുന്തിരിങ്ങാ
പ്പഴത്തിന്റെ അറുപ്പ വരെയും ഉ
ണ്ടാകും: മുന്തിരിങ്ങാപ്പഴത്തിന്റെ
അറുപ്പ വിതകാലം വരെയും ഉ
ണ്ടാകും: നിങ്ങൾ നിങ്ങളുടെ അ
പ്പത്തെ തൃപ്തിയായി ഭക്ഷിച്ച, നി
ങ്ങളുടെ ദെശത്ത സുഖമായി വ
സിക്കയും ചെയ്യും.
൬ ഞാൻ ദെശത്ത സമാധാന
ത്തെ തരും: നിങ്ങൾ കിടക്കും, ആ
രും നിങ്ങളെ ഭയപ്പെടുത്തുകയില്ല:
ഞാൻ ദെശത്തനിന്ന ദുഷ്ടമൃഗങ്ങ
ളെ ഇല്ലാതെയാക്കും; വാൾ നിങ്ങ
ളുടെ ദെശത്ത കൂടി കടക്കയുമില്ല.
൭ നിങ്ങൾ നിങ്ങളുടെ ശത്രുക്കളെ
ഒടിക്കും, അവർ നിങ്ങളുടെ മുമ്പാ
കെ വാളിനാൽ വീഴുകയും ചെയ്യും.
൮ നിങ്ങളിൽ അഞ്ച പെർ നൂ
റുപെരെ ഒടിക്കും, നിങ്ങളിൽ നൂ
റ പെർ പതിനായിരം പെരെ ഒ
ടിക്കും; നിങ്ങളുടെ ശത്രുക്കൾ നി
ങ്ങളുടെ മുമ്പാകെ വാളിനാൽ വീഴു
കയും ചെയ്യും.
൯ എന്തുകൊണ്ടെന്നാൽ ഞാൻ
നിങ്ങളൊട പക്ഷമായിരുന്ന, നി
ങ്ങളെ വൎദ്ധിപ്പിച്ച, നിങ്ങളെ പെ
രുക്കി, നിങ്ങളൊട എന്റെ ഉഭയസ
മ്മതത്തെ ഞാൻ സ്ഥിരപ്പെടുത്തും.
൰ നിങ്ങൾ പഴയ ധാന്യത്തെ ഭ
ക്ഷിച്ച, പുതിയതിന്റെ നിമിത്തം
പഴയതിനെ നിങ്ങൾ പുറത്ത കൊ
ണ്ടുവരെണം.
൰൧ ഞാൻ എന്റെ വാസസ്ഥ
ലത്തെ നിങ്ങളുടെ ഇടയിൽ സ്ഥാ
പിക്കും: എന്റെ ആത്മാവ നിങ്ങ
ളെ വെറുക്കയുമില്ല.
൰൨ ഞാൻ നിങ്ങളുടെ ഇടയിൽ
നടന്ന, നിങ്ങൾക്ക ദൈവമായിരി
ക്കും, നിങ്ങൾ ഇനിക്ക ജനവും [ആ
യിരിക്കും.]
൰൩ നിങ്ങൾ അവൎക്ക അടിമക
ളാകാതെ ഇരിപ്പാനായിട്ട, നിങ്ങ
ളെ മിസ്രയിം ദെശത്തനിന്ന പുറ
പ്പെടുവിച്ചവനായ ഞാൻ നിങ്ങ
ളുടെ ദൈവമായ യഹൊവാ [ആ
കുന്നു:] ഞാൻ നിങ്ങളുടെ നുകത്ത
ടികളെ ഒടിച്ച, നിങ്ങളെ നിവൎന്ന
നടക്കുമാറാക്കിയിരിക്കുന്നു.
൰൪ ¶ എന്നാൽ നിങ്ങൾ എന്നെ
ചെവികൊള്ളാതെയും, ൟ കല്പ
നകളെ ഒക്കെയും ചെയ്യാതെയും
ഇരിക്കുന്നു എങ്കിൽ,
൰൫ എന്റെ കല്പന ചട്ടങ്ങളെ നി
ങ്ങൾ ധിക്കരിക്കയും, നിങ്ങളുടെ ആ
ത്മാവ എന്റെ ന്യായങ്ങളെ വെറു
ക്കയും, നിങ്ങൾ എന്റെ കല്പനക
ളെ ഒക്കെയും ചെയ്യാതെ, എന്റെ
ഉഭയസമ്മതത്തെ ലംഘിക്കയും
ചെയ്യുന്നു എങ്കിൽ,
൰൬ ഞാനും ഇതിനെ നിങ്ങളൊ
ട ചെയ്യും, കണ്ണുകളെ ക്ഷയിപ്പിക്ക

ന്നതും, ഹൃദയത്തെ ദുഃഖിപ്പിക്കു
ന്നതുമായുള്ള ഭയത്തെയും, ക്ഷയ
രൊഗത്തെയും, ജ്വരത്തെയും ഞാ
ൻ നിങ്ങളുടെ മെൽ വരുത്തും: നി
ങ്ങളുടെ വിത്തിനെയും നിങ്ങൾ വൃ
ഥാ വിതെക്കും: എന്തെന്നാൽ നി
ങ്ങളുടെ ശത്രുക്കൾ അതിനെ ഭക്ഷി
ക്കും.
൧൭ ഞാൻ എന്റെ മുഖത്തെ നി
ങ്ങൾക്ക വിരൊധമായി ആക്കും,
നിങ്ങൾ നിങ്ങളുടെ ശത്രുക്കളുടെ മു
മ്പാകെ കൊല്ലപ്പെട്ടും: നിങ്ങളെ
ദ്വെഷിക്കുന്നവർ നിങ്ങളുടെ മെ
ൽ ഭരിക്കും: നിങ്ങളെ ഒടിക്കുന്നവ
രില്ലാതെ ഇരിക്കുമ്പൊൾ നിങ്ങൾ
ഒടിപ്പൊകയും ചെയ്യും.
൧൮ ഇതിനാൽ നിങ്ങൾ ഇനി
യും എന്നെ ചെവിക്കൊള്ളാതെ ഇ
രുന്നാൽ, പിന്നെ ഞാൻ നിങ്ങളെ
നിങ്ങളുടെ പാപങ്ങളിൻ നിമിത്തം
എഴിരട്ടിയായി ശിക്ഷിക്കും.
൧൯ ഞാൻ നിങ്ങളുടെ ശക്തിയുടെ
പ്രതാപത്തെ മുറിച്ചു, നിങ്ങളുടെ ആ
കാശത്തെ ഇരുമ്പ പൊലെയും, നി
ങ്ങളുടെ ഭൂമിയെ പിച്ചള പൊലെ
യും ആക്കും.
൨൦ നിങ്ങളുടെ ബലം വ്യൎത്ഥമാ
യി ക്ഷയിക്കും: എന്തുകൊണ്ടെ
ന്നാൽ നിങ്ങളുടെ ദെശം അതി
ന്റെ വൎദ്ധനയെ തരാതെയും, ദെ
ശത്ത ഉള്ള വൃക്ഷങ്ങൾ അവയുടെ
ഫലങ്ങളെ തരാതെയും ഇരിക്കും.
൨൧ ¶ പിന്നെയും നിങ്ങൾ ഇ
നിക്ക പ്രതികൂലമായി നടന്ന, എ
ന്നെ ചെവിക്കൊള്ളാതെ ഇരിക്കും
എങ്കിൽ, ഞാൻ നിങ്ങളുടെ പാപ
ങ്ങൾക്ക തക്കവണ്ണം എഴിരട്ടി ബാ
ധകളെ നിങ്ങളുടെ മെൽ വരുത്തും.
൨൨ ഞാൻ നിങ്ങളുടെ ഇടയിൽ
കാട്ടു മൃഗങ്ങളെയും അയക്കും; അ
വ നിങ്ങളെ പൈതങ്ങളില്ലാത്തവ
രാക്കി, നിങ്ങളുടെ മൃഗജീവങ്ങളെ
നശിപ്പിച്ചു, നിങ്ങളെ എണ്ണത്തി
ൽ കുറഞ്ഞവരാക്കും; നിങ്ങളുടെ വ
ഴികൾ പാഴായി കിടക്കയും ചെയ്യും.
൨൩ ഇവ കൊണ്ടും നിങ്ങൾ എ
ങ്കലെക്ക നന്നാകാതെ, ഇനിക്ക
വിരൊധമായി നടന്നാൽ,
൨൪ ഞാൻ നിങ്ങൾക്ക വിരൊ
ധമായി നടന്ന, നിങ്ങളെ ഇനി
യും നിങ്ങളുടെ പാപങ്ങളിൻ നി
മിത്തം എഴിരട്ടിയായി ശിക്ഷിക്കും.
൨൫ [എന്റെ] ഉഭയസമ്മതത്തി
ന്റെ പ്രതികാരത്തെ നടത്തുന്ന
ഒരു വാളിനെ ഞാൻ നിങ്ങളുടെ
മെൽ വരുത്തും: നിങ്ങൾ നിങ്ങളു
ടെ പട്ടണങ്ങളിൽ ഒന്നിച്ച കൂട്ടു
മ്പൊൾ, ഞാൻ നിങ്ങളുടെ ഇടയി
ൽ വസന്തപ്പനിയെയും അയക്കും:
നിങ്ങൾ ശത്രുവിന്റെ കയ്യിലെ
ക്കും എല്പിക്കപ്പെട്ടും.
൨൬ ഞാൻ നിങ്ങളുടെ അപ്പമാകു
ന്ന കൊലിനെ ഒടിച്ചിരിക്കുമ്പൊ
ൾ, ഒരു അടുപ്പിൽ പത്തസ്ത്രീകൾ നി
ങ്ങളുടെ അപ്പത്തെ ചുട്ട, നിങ്ങളുടെ
അപ്പത്തെ നിങ്ങൾക്ക തിരികെ തൂ
ക്കി കൊടുക്കും: നിങ്ങൾ ഭക്ഷിക്കും,
തൃപ്തിയാകാതെയും ഇരിക്കും.
൨൭ ഇതുകൊണ്ടും നിങ്ങൾ എ
ന്നെ ചെവിക്കൊള്ളാതെ ഇനിക്ക
വിരൊധമായി നടന്നാൽ,
൨൮ ഞാൻ ക്രൊധത്തൊടെ നി
ങ്ങൾക്ക വിരൊധമായും നടക്കും,
ഞാൻ, ഞാൻ തന്നെ നിങ്ങളെ നി
ങ്ങളുടെ പാപങ്ങളിൻ നിമിത്തം എ
ഴിരട്ടിയായി ശിക്ഷിക്കയും ചെയ്യും.
൨൯ നിങ്ങൾ നിങ്ങളുടെ പുത്രന്മാ
രുടെ മാംസത്തെ ഭക്ഷിക്കും, നി
ങ്ങളുടെ പുത്രിമാരുടെ മാംസത്തെ
യും നിങ്ങൾ ഭക്ഷിക്കും.

൩൰ ഞാൻ നിങ്ങളുടെ ഉന്നത
സ്ഥലങ്ങളെ നശിപ്പിച്ച, നിങ്ങളു
ടെ വിംബങ്ങളെ വെട്ടികളഞ്ഞ,
നിങ്ങളുടെ ഉടലുകളെ നിങ്ങളുടെ
വിഗ്രഹങ്ങളുടെ ഉടലുകളിന്മെൽ
ഇടും, എന്റെ ആത്മാവ നിങ്ങ
ളെ വെറുക്കയും ചെയ്യും.
൩൧ ഞാൻ നിങ്ങളുടെ പട്ടണ
ങ്ങളെ വനമായും, നിങ്ങളുടെ ശു
ദ്ധ സ്ഥലങ്ങളെ ശൂന്യമായും ആ
ക്കും, ഞാൻ നിങ്ങളുടെ സുഗന്ധ
വാസനയെ ആഘ്രാണിക്കയുമില്ല.
൩൨ ഞാൻ ദെശത്തെ ശൂന്യമാ
ക്കും; അതിൽ വസിക്കുന്ന നിങ്ങ
ളുടെ ശത്രുക്കൾ അതിങ്കൽ ആശ്ച
ൎയ്യപ്പെടുകയും ചെയ്യും.
൩൩ ഞാൻ നിങ്ങളെ പുറജാതി
കളുടെ ഇടയിൽ ചിന്നിച്ച, നിങ്ങ
ളുടെ പിന്നാലെ വാളിനെ ഊരും;
നിങ്ങളുടെ ദെശം ശൂന്യമായും, നി
ങ്ങളുടെ പട്ടണങ്ങൾ വനമായുമി
രിക്കും.
൩൪ അപ്പൊൾ ദെശം ശൂന്യമാ
യി കിടക്കയും നിങ്ങൾ നിങ്ങളുടെ
ശത്രുക്കളുടെ ദെശത്ത ഇരിക്കയും
ചെയ്യുന്ന ദിവസം ഒക്കെയും അ
ത അതിന്റെ സ്വസ്ഥ ദിവസങ്ങ
ളെ അനുഭവിക്കും; അപ്പൊൾ ദെ
ശം വിശ്രമിച്ച, അതിന്റെ സ്വ
സ്ഥദിവസങ്ങളെ അനുഭവിക്കും.
൩൫ അത ശൂന്യമായി കിടക്കുന്ന
ദിവസം ഒക്കെയും സ്വസ്ഥതയെ
പ്രാപിക്കും: എന്തെന്നാൽ നിങ്ങ
ൾ അതിൽ വസിച്ചിരിക്കുമ്പൊൾ
അത നിങ്ങളുടെ സ്വസ്ഥദിവസ
ങ്ങളിൽ വിശ്രമിച്ചില്ല.
൩൬ നിങ്ങളിൽ ശെഷിച്ചിരിക്കു
ന്നവരായവരുടെ മെൽ അവരുടെ
ഹൃദയങ്ങളിൽ ഞാൻ അവരുടെ
ശത്രുക്കളുടെ ദെശത്ത വെച്ച തളൎച്ചെ
യെ വരുത്തും; കാററടിക്കുന്ന ഇല
യുടെ ഇരച്ചിൽ അവരെ ഓടിക്കും:
അവർ വാളിൽനിന്ന തെററി ഓടു
ന്നതുപൊലെ ഓടും, ആരും ഓടിക്കാ
തെ ഇരിക്കുമ്പൊൾ അവർ വീഴും.
൩൭ വാളിന്റെ മുമ്പിൽനിന്ന എ
ന്നപൊലെ അവർ ആരും ഓടിക്കാ
തെ ഇരിക്കുമ്പൊൾ ഒരുത്തന്റെ
മെൽ ഒരുത്തൻ വീഴും: നിങ്ങളുടെ
ശത്രുക്കൾക്കമുമ്പാകെ നിലനില്പാൻ
നിങ്ങൾക്ക ശക്തിയുണ്ടാകയുമില്ല.
൩൮ നിങ്ങൾ പുറജാതികളുടെ ഇ
ടയിൽ നശിക്കും: നിങ്ങളുടെ ശ
ത്രുക്കളുടെ ദെശം നിങ്ങളെ ഭക്ഷി
ച്ചുകളയും.
൩൯ നിങ്ങളിൽ ശെഷിച്ചിരിക്കു
ന്നവർ തങ്ങളുടെ അക്രമങ്ങളിൽ
നിങ്ങളുടെ ശത്രുക്കളുടെ ദെശങ്ങളി
ൽ വെച്ച വാടിപ്പൊകും: തങ്ങളുടെ
പിതാക്കന്മാരുടെ അക്രമങ്ങളിലും
അവർ അവയൊട കൂടെ വാടി
പ്പൊകയും ചെയ്യും.
൪൰ ¶ അവർ തങ്ങളുടെ അകൃത്യ
ത്തെയും, തങ്ങളുടെ പിതാക്കന്മാരു
ടെ അകൃത്യത്തെയും, അവർ എനി
ക്കവിരൊധമായി ചെയ്ത ലംഘന
ത്തെയും, അവർ എനിക്ക വിരൊ
ധമായി നടന്നതിനെയും,
൪൧ ഞാനും അവൎക്ക വിരൊധ
മായി നടന്ന, അവരെ തങ്ങളുടെ
ശത്രുക്കളുടെ ദെശത്ത വരുത്തിയ
തിനെയും ഏററ പറകയും, അവ
രുടെ ചെലയില്ലാത്ത ഹൃദയങ്ങൾ
അപ്പൊൾ വിനയപ്പെട്ട, തങ്ങളുടെ
അക്രമത്തിനുള്ള ശിക്ഷയെ അപ്പൊ
ൾ ബൊധിക്കയും ചെയ്താൽ,
൪൨ ഞാൻ യാക്കൊബിനൊടുള്ള
എന്റെ ഉഭയസമ്മതത്തെ ഓൎക്കും,
യിസ്സാക്കിനൊടുള്ള എന്റെ ഉഭയ
സമ്മതത്തെയും, അബ്രാഹാമി

ന്നൊടുള്ള എന്റെ ഉഭയസമ്മത
ത്തെയും ഞാൻ ഒൎക്കും: ദെശത്തെ
യും ഞാൻ ഒൎക്കും.
൪൩ ദെശവും അവരാൽ വിട
പ്പെട്ടിരിക്കും, അവരെ കൂടാതെ അ
ത ശൂന്യമായിരിക്കുമ്പൊൾ, അതി
ന്റെ സ്വസ്ഥ ദിവസങ്ങളെ അ
നുഭവിക്കും: അവർ എന്റെ ന്യായ
ങ്ങളെ ധിക്കരിച്ചതുകൊണ്ടും, അവ
രുടെ ആത്മാവ എന്റെ കല്പനച
ട്ടങ്ങളെ വെറുത്തതുകൊണ്ടും, അവ
ർ തങ്ങളുടെ അക്രമത്തിനുള്ള ശി
ക്ഷയെ ബൊധിക്കയും ചെയ്യും.
൪൪ എന്നിട്ടും അവർ തങ്ങളുടെ
ശത്രുക്കളുടെ ദെശത്ത ഇരിക്കുമ്പൊ
ൾ അവരെ നിൎമ്മൂലമാക്കുവാനായി
ട്ടും, അവരൊടുള്ള എന്റെ ഉഭയ
സമ്മതത്തെ ലംഘിപ്പാനായിട്ടും,
ഞാൻ അവരെ ഉപെക്ഷിക്കയില്ല,
അവരെ വെറുക്കയുമില്ല; എന്തുകൊ
ണ്ടെന്നാൽ ഞാൻ അവരുടെ ദൈ
വമായ യഹൊവാ [ആകുന്നു.]
൪൫ എന്നാൽ ഞാൻ അവരുടെ
ദൈവമായിരിക്കെണ്ടുന്നതിന്ന പു
റജാതികളുടെ കണ്ണുകൾക്ക മുമ്പാ
കെ മിസ്രയിം ദെശത്തനിന്ന ഞാ
ൻ പുറപ്പെടുവിച്ചിട്ടുള്ള അവരുടെ
കാരണവന്മാരൊട ചെയ്ത ഉഭയ
സമ്മതത്തെ ഞാൻ അവൎക്കായി ഒ
ൎക്കും: ഞാൻ യഹൊവാ [ആകുന്നു.]
൪൬ യഹൊവാ തനിക്കും യിസ്രാ
എൽ പുത്രന്മാൎക്കും മദ്ധ്യെ സീനാ
യി പൎവതത്തിൽ വെച്ച മൊശെ
യുടെ കൈ കൊണ്ട കൊടുപ്പിച്ച ക
ല്പനകളും, ന്യായങ്ങളും, ന്യായപ്ര
മാണങ്ങളും ഇവ [ആകുന്നു.]

൨൭ അദ്ധ്യായം.

൧ നെൎച്ചകളെ കുറിച്ചും,—൨൮ നെൎച്ചയായി കൊടുക്കപ്പെടുന്ന ഒരു വസ്തുവും വീണ്ടുകൊള്ളപ്പെടരുതെന്നുള്ളത.—൩൨ ദശാംശം മാറപ്പെടാത്തത.

പിന്നെയും യഹൊവാ മൊശെ
യൊട സംസാരിച്ച പറഞ്ഞു;
൨ യിസ്രാഎൽ പുത്രന്മാരൊട സം
സാരിച്ച, അവരൊട പറയെണ്ടു
ന്നത എന്തെന്നാൽ, ഒരു മനുഷ്യ
ൻ ഒരു വിശെഷ നെൎച്ചയെ നി
ശ്ചയിക്കുമ്പൊൾ, ആ ആൾ നി
ന്റെ മതിപ്പിൻ പ്രകാരം യഹൊ
വായിക്കുള്ളവൻ [ആകെണം.]
൩ ഇരുപത വയസ്സ മുതൽ അറു
പത വയസ്സ വരെയുമുള്ള ആണി
ന നിന്റെ മതിപ്പ ഇരിക്കെണം;
ശുദ്ധമുള്ള സ്ഥലത്തിലെ ശെക്കൽ
പ്രകാരം, നിന്റെ മതിപ്പ അമ്പത
ശെക്കൽ വെള്ളി ആയിരിക്കെണം.
൪ പെണ്ണായിരുന്നാൽ നിന്റെ
മതിപ്പ മുപ്പത ശെക്കൽ ആയിരി
ക്കെണം.
൫ അഞ്ച വയസ്സ മുതൽ ഇരുപ
ത വയസ്സ വരെയുമുള്ളതായാൽ,
ആണിന ഇരുപത ശെക്കലും, പെ
ണ്ണിന പത്ത ശെക്കലും നിന്റെ മ
തിപ്പ ആയിരിക്കെണം.
൬ ഒരു മാസം മുതൽ അഞ്ച വ
യസ്സ വരെയുമുള്ളതായാൽ, ആ
ണിന അഞ്ച ശെക്കൽ വെള്ളി നി
ന്റെ മതിപ്പ ആയിരിക്കെണം: പെ
ണ്ണിന മൂന്ന ശെക്കൽ വെള്ളി നി
ന്റെ മതിപ്പ ആയിരിക്കെണം.
൭ അറുപത വയസ്സ മുതൽ മെ
ലുള്ളതായാൽ, ആണിന എങ്കിൽ
പതിനഞ്ച ശെക്കലും, പെണ്ണിന
പത്ത ശെക്കലും നിന്റെ മതിപ്പ
ആയിരിക്കെണം.
൮ എന്നാൽ നിന്റെ മതിപ്പിനെ
ക്കാൾ അവൻ ദരിദ്രനായിരുന്നാ
ൽ, അവൻ ആചാൎയ്യന്ന മുമ്പാകെ
വന്ന നില്ക്കെണം: ആചാൎയ്യൻ അ
വനെ മതിക്കെണം: നെൎച്ച നെന്ന
വന്റെ പ്രാപ്തിക്ക തക്കവണ്ണം ആ

ചാൎയ്യൻ അവനെ മതിക്കെണം.

൯ ¶ മനുഷ്യർ യഹൊവായിക്ക കാഴ്ച കഴിക്കുന്നത മൃഗ ജീവൻ[ആകുന്നു] എങ്കിൽ, മനുഷ്യൻ യഹൊവായിക്ക അതിൽനിന്ന നൽകുന്നതൊക്കെയും ശുദ്ധമായിരിക്കെണം.

൰ അവൻ അതിനെ മാററാതെയും, ഇളപ്പമുള്ളതിന പകരം നല്ലതിനെയൊ, നല്ലതിന പകരം ഇളപ്പമുള്ളതിനെയൊ മാറികൊടുക്കാതെയും ഇരിക്കെണം: അവൻ മൃഗത്തിന പകരം മൃഗത്തെ മാറികൊടുക്കുന്നു എങ്കിലും, അപ്പൊൾ അതും, പകരം മാറിയതും ശുദ്ധമുള്ളതായിരിക്കെണം.

൰൧ അത അവർ യഹൊവായിക്ക കാഴ്ച കഴിക്കാത്ത അശുദ്ധമുള്ള യാതൊരു മൃഗമായിരുന്നാൽ, അവൻ മൃഗത്തെ ആചാൎയ്യന്റെ മുമ്പാകെ നിൎത്തെണം.

൰൨ അതിന്റെ നന്മെക്കും ഇളപ്പത്തിനും തക്കവണ്ണം ആചാൎയ്യൻ അതിനെ മതിക്കെണം: ആചാൎയ്യ, നീ അതിനെ മതിക്കുന്ന പ്രകാരം തന്നെ അത ഇരിക്കെണം.

൰൩ എന്നാൽ അവൻ അതിനെ വല്ലപ്രകാരം വീണ്ടുകൊള്ളുമെങ്കിൽ, അവൻ നിന്റെ മതിപ്പിനൊട കൂടെ അതിൽ അഞ്ചിൽ ഒരു പങ്കിനെ കൂട്ടെണം.

൰൪ ¶ പിന്നെയും ഒരു മനുഷ്യൻ തന്റെ ഭവനത്തെ യഹൊവായിക്ക ശുദ്ധമുള്ളതായിട്ട ശുദ്ധീകരിച്ചാൽ, അതിന്റെ നന്മെക്കും ഇളപ്പത്തിനും തക്കവണ്ണം ആചാൎയ്യൻ അതിനെ മതിക്കെണം; ആചാൎയ്യൻ അതിനെ മതിക്കുന്ന പ്രകാരം തന്നെ നില്ക്കെണം.

൰൫ അതിനെ ശുദ്ധീകരിച്ചവൻ തന്റെ ഭവനത്തെ വീണ്ടുകൊള്ളും എങ്കിൽ, നിന്റെ മതിപ്പാകുന്ന ദ്രവ്യത്തിൽ അഞ്ചിൽ ഒരു [പങ്കിനെ] അവൻ അതിനൊട കൂടെ കൂട്ടെണം; എന്നാൽ അത അവന്റെ ആയിരിക്കെണം.

൰൬ ഒരു മനുഷ്യൻ തന്റെ അനുഭവ നിലത്തിൽ [എതാനും] യഹൊവായിക്കായിട്ട ശുദ്ധീകരിച്ചാൽ, നിന്റെ മതിപ്പ അതിന്റെ വിത്തുപാടിന തക്കതായിരിക്കെണം; ഒരു കലം യവം [വിതെക്കുന്ന നിലത്തിന] അമ്പത ശെക്കൽ വെള്ളി [മതിക്കപ്പെടെണം.]

൰൭ യൊബെൽ സംവത്സരം മുതൽ അവൻ തന്റെ നിലത്തെ ശുദ്ധീകരിച്ചാൽ, അത നിന്റെ മതിപ്പിൻ പ്രകാരം നില്ക്കെണം.

൰൮ എന്നാൽ യൊബെൽ സംവത്സരത്തിന്റെ ശെഷം അവൻ അതിനെ ശുദ്ധീകരിച്ചാൽ, അപ്പൊൾ യൊബെൽ സംവത്സരം വരെയും ശെഷിക്കുന്ന സംവത്സരങ്ങൾക്ക തക്കവണ്ണം ആചാൎയ്യൻ അവന ദ്രവ്യം കണക്ക കൂട്ടെണം: അത നിന്റെ മതിപ്പിൽനിന്ന കുറെക്കപ്പെടുകയും വെണം.

൰൯ നിലത്തെ ശുദ്ധീകരിച്ചവൻ അതിനെ വല്ല പ്രകാരം വീണ്ടുകൊള്ളുമെങ്കിൽ, നിന്റെ മതിപ്പായുള്ള ദ്രവ്യത്തിൽ അഞ്ചിൽ ഒരു [പങ്കിനെ] അതിനൊട കൂടെ അവൻ കൂട്ടെണം: അത അവന സ്ഥിരമായിരിക്കയും വെണം.

൨൰ എന്നാൽ അവൻ നിലത്തെ വീണ്ടുകൊള്ളുകയില്ല എങ്കിലും, നിലത്തെ മറെറാരുത്തന വിററു എങ്കിലും, അത പിന്നെ വീണ്ടുകൊള്ളപ്പെടരുത.

൨൰൧ എന്നാൽ ആ നിലം യൊബെൽ സംവത്സരത്തിൽ പുറപ്പെടുമ്പൊൾ, അത നെരപ്പെട്ട നിലമാ

യി യഹൊവായിക്ക ശുദ്ധമായിരിക്കെണം; അതിന്റെ അനുഭവം ആചാൎയ്യന ഉള്ളതായി ഇരിക്കെണം.

൨൨ ഒരു മനുഷ്യൻ തന്റെ അനുഭവ നിലങ്ങളിൽ ഉള്ളതല്ലാത്തതായി, താൻ സമ്പാദിച്ചതായുള്ള നിലത്തെ യഹൊവായിക്കായി ശുദ്ധീകരിച്ചാൽ,

൨൩ യൊബെൽ സംവത്സരം വരെയും നിന്റെ മതിപ്പിൻപ്രകാരം ഉള്ളവിലയെ ആചാൎയ്യൻ അവനൊട കണക്ക നൊക്കെണം: നിന്റെ മതിപ്പിനെ അവൻ ആ ദിവസത്തിൽ തന്നെ യഹൊവായിക്ക ശുദ്ധമുള്ളതായിട്ട കൊടുക്കയും വെണം.

൨൪ ആ നിലത്തെ അവൻ ആരൊട വാങ്ങിച്ചിരുന്നുവൊ, അതിന്റെ ഉടയക്കാരനായവന അത യൊബെൽ സംവത്സരത്തിൽ തിരികെ ചെരെണം.

൨൫ നിന്റെ മതിപ്പ ഒക്കെയും ശുദ്ധസ്ഥലത്തെ ശെക്കലിൻ പ്രകാരം ആയിരിക്കെണം: ഒരു ശെക്കലിന ഇരുപത ഗെറാ ആകും.

൨൬ മൃഗങ്ങളിൽ കടിഞ്ഞൂലായുള്ളതൊ യഹൊവായിക്കുള്ള കടിഞ്ഞൂലായിരിക്കുന്നതിനെ ആരും ശുദ്ധീകരിക്കരുത: അത കാള എങ്കിലും, ആട എങ്കിലും ആയാൽ യഹൊവായിക്കുള്ളത [ആകുന്നു.]

൨൭ അശുദ്ധമുള്ള മൃഗത്തിൽ ആയിരുന്നാൽ, നിന്റെ മതിപ്പിൻ പ്രകാരം അവൻ [അതിനെ] വീണ്ടുകൊണ്ട, അതിനൊട കൂടെ അതിൽ അഞ്ചിലൊരു [പങ്കിനെ] കൂട്ടെണം: എന്നാൽ അത വീണ്ടുകൊള്ളപ്പെടാതെ ഇരുന്നാൽ, നിന്റെ മതിപ്പിൻ പ്രകാരം അത വില്ക്കപ്പെടെണം.

൨൮ ¶ എന്നാലും ഒരു മനുഷ്യൻ തനിക്കുള്ള മാനുഷൻ, മൃഗജീവൻ, അനുഭവ നിലം മുതലായ സകലത്തിലും യഹൊവായിക്ക നെൎച്ചയായി കൊടുക്കുന്ന നെൎച്ച ഒന്നും വില്ക്കപ്പെടുക എങ്കിലും, വീണ്ടുകൊള്ളപ്പെടുക എങ്കിലും അരുത. നെരപ്പെട്ടതൊക്കെയും യഹൊവായിക്ക ശുദ്ധമുള്ളത [ആകുന്നു.]

൨൯ മനുഷ്യരാൽ നെൎച്ചയായി കൊടുക്കപ്പെട്ടത ഒന്നും വീണ്ടുകൊള്ളപ്പെടാതെ, കൊല്ലപ്പെടെണം നിശ്ചയം.

൩൦ ഭൂമിയിലുള്ള വിത്തുകളിൽ [ആകട്ടെ,] വൃക്ഷത്തിലെ ഫലത്തിൽ [ആകട്ടെ,] ദെശത്തിലെ ദശാംശമായുള്ളത ഒക്കെയും യഹൊവായിക്കുള്ളത [ആകുന്നു:] അത യഹൊവായിക്ക ശുദ്ധം [ആകുന്നു.]

൩൧ ഒരു മനുഷ്യൻ തന്റെ ദശാംശങ്ങളിൽ [എതാനും] വല്ല പ്രകാരം വീണ്ടുകൊള്ളുന്നു എങ്കിൽ, അവൻ അതിനൊട കൂടെ അതിൽ അഞ്ചിൽ ഒരു [പങ്കിനെ] കൂട്ടെണം.

൩൨ മാടുകളിലും ആടുകളിലും ദശാംശമായുള്ളതിനെ കുറിച്ച കൊലിൻ കീഴെ കടന്നുപൊകുന്ന എല്ലാററിലും ദശാംശമായുള്ളത യഹൊവായിക്ക ശുദ്ധമുള്ളത ആകെണം.

൩൩ അത നല്ലതൊ ഇളപ്പമുള്ളതൊ എന്ന അവൻ ശൊധന ചെയ്യരുത: അതിനെ മാറുകയും അരുത: അതിനെ അവൻ വല്ല പ്രകാരം മാറുന്നു എങ്കിൽ, അപ്പൊൾ അതും, അതിന പകരം മാറിയതും ശുദ്ധമുള്ളതാകെണം: അത വീണ്ടുകൊള്ളപ്പെടരുത.

൩൪ യിസ്രാഎൽ പുത്രന്മാൎക്ക വെണ്ടി യഹൊവാ സീനായി പൎവ്വതത്തിൽ വെച്ച മൊശെയൊട കല്പിച്ച കല്പനകൾ ഇവ [ആകുന്നു.]

മൊശെ എഴുതിയ

നാലാം പുസ്തകം.

---

൧ അദ്ധ്യായം.

൧,-൧൯ യുദ്ധമനുഷ്യർ എണ്ണപ്പെട്ടു.—൪൭ ലെവിയക്കാർ എണ്ണപ്പെടാതെ ഇരിക്കുന്നതു.

അവർ മിസ്രയിം ദെശത്തനിന്ന പുറപ്പെട്ട രണ്ടാം സംവത്സരത്തിൽ രണ്ടാം മാസത്തിലെ ഒന്നാം തിയ്യതി, യഹൊവാ സീനായി വനത്തിൽ സംഘത്തിന്റെ കൂടാരത്തിൽ വെച്ച, മൊശെയൊട സംസാരിച്ച പറഞ്ഞത എന്തെന്നാൽ;

൨ നിങ്ങൾ യിസ്രാഎൽ പുത്രന്മാരുടെ എല്ലാ സംഘത്തിന്റെയും തുക, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ അവരുടെ കുഡുംബങ്ങളിൻ പ്രകാരം, ഒരൊ ആണിന അവരുടെ തലകളിൻ പ്രകാരം, പെരുകളുടെ എണ്ണത്തൊടെ നൊക്കുവിൻ.

൩ യിസ്രാഎലിൽ ഇരുപത വയസ്സ മുതൽ മെലായി യുദ്ധത്തിന പുറപ്പെടുവാൻ പ്രാപ്തിയുള്ള എല്ലാവരെയും: നീയും അഹറൊനും അവരെ അവരുടെ സൈന്ന്യങ്ങളിൻ പ്രകാരം എണ്ണെണം.

൪ ¶ ഒരൊ ഗൊത്രത്തിൽ അവനവന്റെ പിതാക്കന്മാരുടെ ഭവനത്തിൽ തലവനായ ഒരൊരുത്തൻ നിങ്ങളൊട കൂടെ ഇരിക്കെണം.

൫ നിങ്ങളൊട കൂടെ നില്പാനുള്ള മനുഷ്യരുടെ പെരുകൾ ഇവ [ആകുന്നു;] രൂബെന്റെ [ഗൊത്രത്തിൽ] ശെദെയുറിന്റെ പുത്രനായ എലിസൂർ:

൬ ശിമഒന്റെ [ഗൊത്രത്തിൽ,] സുറിശദ്ദായുടെ പുത്രനായ ശെലുമിഎൽ.

൭ യെഹൂദായുടെ [ഗൊത്രത്തിൽ,] അമ്മിനദാബിന്റെ പുത്രനായ നഹശൊൻ.

൮ ഇസ്സാഖാറിന്റെ [ഗൊത്രത്തിൽ,] സുവാറിന്റെ പുത്രനായ നത്തനയെൽ.

൯ സെബുലൂന്റെ [ഗൊത്രത്തിൽ,] ഹെലൊന്റെ പുത്രനായ എലിയാബ.

൰ യൊസെഫിന്റെ പുത്രന്മാരിൽ എപ്രായിമിന്റെ [ഗൊത്രത്തിൽ,] അമ്മീഹൂദിന്റെ പുത്രനായ എലിശാമാ: മനശ്ശെയുടെ [ഗൊത്രത്തിൽ,] പെദാഃസൂറിന്റെ പുത്രനായ ഗമാലിയെൽ.

൰൧ ബെന്യാമിന്റെ [ഗൊത്രത്തിൽ,] ഗിദയൊനിയുടെ പുത്രനായ അബീദാൻ.

൰൨ ദാന്റെ [ഗൊത്രത്തിൽ,] അമ്മിശദ്ദായുടെ പുത്രനായ അഹിയെസെർ.

൰൩ ആശെറിന്റെ [ഗൊത്രത്തിൽ,] ഒക്രാന്റെ പുത്രനായ പഗിയെൽ.

൧൪ ഗാദിന്റെ [ഗൊത്രത്തിൽ,] ദെയുവെലിന്റെ പുത്രനായ എലിയാസാഫ.

൧൫ നപ്താലിയുടെ [ഗൊത്രത്തിൽ,] എനാന്റെ പുത്രനായ അഹിറാ.

൧൬ ഇവർ സംഘത്തിൽ ശ്രുതിപ്പെട്ടവരും, അവരുടെ പിതാക്കന്മാരുടെ ഗൊത്രങ്ങളിൽ പ്രഭുക്കന്മാരും, യിസ്രാഎലിൽ ആയിരങ്ങൾക്ക തലവന്മാരും [ആയിരുന്നു.]

൧൭ ¶ പിന്നെ മൊശെയും അഹറൊനും പെർ വഴിയായി ചൊല്ലപ്പെട്ട ഈ മനുഷ്യരെ കൂട്ടികൊണ്ടുപൊയി:

൧൮ രണ്ടാം മാസം ഒന്നാം തിയ്യതി അവർ സംഘത്തെ ഒക്കെയും യൊഗം കൂട്ടി, അവർ അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ അവരുടെ കുഡുംബങ്ങളിൻ പ്രകാരവും, ഇരുപത വയസ്സ മുതൽ മെലായി, അവരുടെ തലകളുടെ വിവരം, പെരുകളുടെ എണ്ണ പ്രകാരവും അവരുടെ വംശങ്ങളെയും അറിയിച്ചു.

൧൯ യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം, അവൻ അവരെ സീനായി വനത്തിൽ വെച്ച എണ്ണി.

൨൦ യിസ്രാഎലിന്റെ മൂത്തപുത്രനായ രൂബെന്റെ പുത്രന്മാർ, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ, അവരുടെ കുഡുംബങ്ങളിൻ പ്രകാരവും, അവരുടെ സന്തതികളിൽ ഇരുപത വയസ്സ മുതൽ മെലായി യുദ്ധത്തിന പുറപ്പെടുവാൻ പ്രാപ്തിയുള്ള എല്ലാ പുരുഷന്മാരും, അവരുടെ തലകൾ വിവരമായി പെരുകളുടെ എണ്ണപ്രകാരം,

൨൧ അവരിൽ, രൂബെന്റെ ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ നാല്പത്ത ആറായിരത്ത അഞ്ഞൂറ പെർ [ആയിരുന്നു.]

൨൨ ¶ ശിമഒന്റെ പുത്രന്മാരിൽ, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ, അവരുടെ കുഡുംബങ്ങളിൻ പ്രകാരം, അവരുടെ സന്തതികളിൽ, ഇരുപത വയസ്സ മുതൽ മെലായി, യുദ്ധത്തിന പുറപ്പെടുവാൻ പ്രാപ്തിയുള്ള എല്ലാ പുരുഷന്മാരും, അവരുടെ തലകൾ വിവരമായി, പെരുകളുടെ എണ്ണപ്രകാരം അവരിൽ എണ്ണപ്പെട്ടവർ,

൨൩ അവരിൽ, ശിമഒന്റെ ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ, അമ്പത്ത ഒമ്പതിനായിരത്ത മുന്നൂറ പെർ [ആയിരുന്നു.]

൨൪ ¶ ഗാദിന്റെ പുത്രന്മാരിൽ, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ, അവരുടെ കുഡുംബങ്ങളിൻ പ്രകാരം, അവരുടെ സന്തതികളിൽ, ഇരുപത വയസ്സ മുതൽ മെലായി, യുദ്ധത്തിന പുറപ്പെടുവാൻ പ്രാപ്തിയുള്ള എല്ലാവരും, പെരുകളുടെ എണ്ണപ്രകാരം,

൨൫ അവരിൽ, ഗാദിന്റെ ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ, നാല്പത്ത അയ്യായിരത്ത അറുനൂററ അമ്പത പെർ [ആയിരുന്നു.]

൨൬ ¶ യെഹൂദായുടെ പുത്രന്മാരിൽ, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ, അവരുടെ കുഡുംബങ്ങളിൻ പ്രകാരം, അവരുടെ സന്തതികളിൽ, ഇരുപത വയസ്സ മുതൽ മെലായി, യുദ്ധത്തിന പുറപ്പെടുവാൻ പ്രാപ്തിയുള്ള എല്ലാവരും, പെരുകളുടെ എണ്ണപ്രകാരം,

൨൭ അവരിൽ യെഹൂദായുടെ ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ, എഴുപ-

ത്ത നാലായിരത്ത അറുനൂറ പെർ [ആയിരുന്നു.]

൨൮ ഇസ്സാഖാറിന്റെ പുത്രന്മാരിൽ, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ, അവരുടെ കുഡുംബങ്ങളിൻ പ്രകാരം, അവരുടെ സന്തതികളിൽ, ഇരുപത വയസ്സു മുതൽ മെലായി, യുദ്ധത്തിന പുറപ്പെട്ടുവാൻ പ്രാപ്തിയുള്ള എല്ലാവരും, പെരുകളുടെ എണ്ണ പ്രകാരം,

൨൯ അവരിൽ, ഇസ്സാഖാറിന്റെ ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ, അമ്പത്ത നാലായിരത്ത നാനൂറ പെർ [ആയിരുന്നു.]

൩൦ സെബുലുന്റെ പുത്രന്മാരിൽ, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ, അവരുടെ കുഡുംബങ്ങളിൻ പ്രകാരം, അവരുടെ സന്തതികളിൽ, ഇരുപത വയസ്സു മുതൽ മെലായി, യുദ്ധത്തിന പുറപ്പെട്ടുവാൻ പ്രാപ്തിയുള്ള എല്ലാവരും, പെരുകളുടെ എണ്ണ പ്രകാരം,

൩൧ അവരിൽ, സെബുലുന്റെ ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ, അമ്പത്തെഴായിരത്ത നാനൂറ പെർ [ആയിരുന്നു.]

൩൨ ¶ യൊസെഫിന്റെ പുത്രന്മാരിൽ, എഫ്രായിമിന്റെ പുത്രന്മാരിൽ, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ, അവരുടെ കുഡുംബങ്ങളിൻ പ്രകാരം, അവരുടെ സന്തതികളിൽ, ഇരുപത വയസ്സു മുതൽ മെലായി, യുദ്ധത്തിന പുറപ്പെട്ടുവാൻ പ്രാപ്തിയുള്ള എല്ലാവരും, പെരുകളുടെ എണ്ണ പ്രകാരം,

൩൩ അവരിൽ, എഫ്രായിമിന്റെ ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ, നാല്പതിനായിരത്ത അഞ്ഞൂറ പെർ [ആയിരുന്നു.]

൩൪ ¶ മനശ്ശെയുടെ പുത്രന്മാരിൽ, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ, അവരുടെ കുഡുംബങ്ങളിൻ പ്രകാരം, അവരുടെ സന്തതികളിൽ, ഇരുപത വയസ്സു മുതൽ മെലായി, യുദ്ധത്തിന പുറപ്പെട്ടുവാൻ പ്രാപ്തിയുള്ള എല്ലാവരും, പെരുകളുടെ എണ്ണ പ്രകാരം,

൩൫ അവരിൽ, മനശ്ശെയുടെ ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ, മുപ്പത്തിരായിരത്ത ഇരുനൂറ പെർ [ആയിരുന്നു.]

൩൬ ¶ ബെന്യാമിന്റെ പുത്രന്മാരിൽ, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ, അവരുടെ കുഡുംബങ്ങളിൻ പ്രകാരം, അവരുടെ സന്തതികളിൽ, ഇരുപത വയസ്സു മുതൽ മെലായി, യുദ്ധത്തിന പുറപ്പെട്ടുവാൻ പ്രാപ്തിയുള്ള എല്ലാവരും, പെരുകളുടെ എണ്ണ പ്രകാരം,

൩൭ അവരിൽ, ബെന്യാമിന്റെ ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ, മുപ്പത്തയ്യായിരത്ത നാനൂറ പെർ [ആയിരുന്നു.]

൩൮ ¶ ദാന്റെ പുത്രന്മാരിൽ, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ, അവരുടെ കുഡുംബങ്ങളിൻ പ്രകാരം, അവരുടെ സന്തതികളിൽ ഇരുപത വയസ്സു മുതൽമെലായി, യുദ്ധത്തിന പുറപ്പെട്ടുവാൻ പ്രാപ്തിയുള്ള എല്ലാവരും, പെരുകളുടെ എണ്ണ പ്രകാരം,

൩൯ അവരിൽ, ദാന്റെ ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ, അറുപത്തിരായിരത്ത എഴുനൂറ പെർ [ആയിരുന്നു.]

൪൦ ¶ ആശെറിന്റെ പുത്രന്മാരിൽ, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൽ, അവരുടെ കുഡുംബങ്ങളിൻ പ്രകാരം, അവരുടെ സന്തതികളിൽ, ഇരുപത വയസ്സു മു

തൽ മെലായി, യുദ്ധത്തിന പുറ
പ്പെടുവാൻ പ്രാപ്തിയുള്ള എല്ലാവ
രും, പെരുകളുടെ എണ്ണ പ്രകാരം,
൪൧ അവരിൽ, ആശെറിന്റെ
ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ, നാ
ല്പത്തൊരായിരത്ത അഞ്ഞൂറ പെ
ർ [ആയിരുന്നു.]
൪൨ ¶ നപ്താലിയുടെ പുത്രന്മാരി
ൽ, അവരുടെ പിതാക്കന്മാരുടെ ഭ
വനത്തിൽ, അവരുടെ കുഡുംബ
ങ്ങളിൻ പ്രകാരം, അവരുടെ സ
ന്തതികളിൽ, ഇരുപത വയസ്സു മു
തൽ മെലായി, യുദ്ധത്തിന പുറ
പ്പെടുവാൻ പ്രാപ്തിയുള്ള എല്ലാവ
രും, പെരുകളുടെ എണ്ണ പ്രകാരം,
൪൩ അവരിൽ, നപ്താലിയുടെ
ഗൊത്രത്തിൽ, എണ്ണപ്പെട്ടവർ, അ
മ്പത്ത മൂവ്വായിരത്ത നാനൂറ പെർ
[ആയിരുന്നു.]
൪൪ ¶ മൊശെയും അഹറൊനും
എണ്ണിയവരായി, എണ്ണപ്പെട്ടവർ
ഇവർ [ആകുന്നു:] യിസ്രാഎലി
ന്റെ പ്രഭുക്കന്മാരായ പന്ത്രണ്ട പു
രുഷന്മാരും, അവനവന്റെ പി
താക്കന്മാരുടെ ഭവനത്തിന ഒരൊ
രുത്തൻ ആയിരുന്നു.
൪൫ ¶ യിസ്രാഎൽ പുത്രന്മാരിൽ,
അവരുടെ പിതാക്കന്മാരുടെ ഭവന
ത്തിൽ, ഇരുപത വയസ്സു മുതൽ മെ
ലായി, യിസ്രാഎലിൽ യുദ്ധത്തി
ന പുറപ്പെടുവാൻപ്രാപ്തിയുള്ളവർ
എല്ലാവരും ആയി, എണ്ണപ്പെട്ടവർ
എല്ലാവരും ഇപ്രകാരം ആയിരു
ന്നു;
൪൬ എണ്ണപ്പെട്ടവർ എല്ലാവരും
കൂടി അറുനൂറായിരത്ത മൂവ്വായിര
ത്ത അഞ്ഞൂററ അമ്പത പെർ ആ
യിരുന്നു.
൪൭ ¶ എന്നാൽ ലെവിയക്കാർ
അവരുടെ പിതാക്കന്മാരുടെ ഗൊ
ത്രത്തിൻ പ്രകാരം അവരുടെ ഇ
ടയിൽ എണ്ണപ്പെട്ടിരുന്നില്ല.
൪൮ എന്തകൊണ്ടെന്നാൽ യ
ഹൊവാ മൊശെയൊട സംസാരി
ച്ച പറഞ്ഞു;
൪൯ ലെവിയുടെ ഗൊത്രത്തെ മാ
ത്രം നീ എണ്ണരുത, യിസ്രാഎൽ പു
ത്രന്മാരുടെ ഇടയിൽ അവരുടെ തു
ക നൊക്കുകയും അരുത:
൫൦ എന്നാൽ നീ ലെവിയക്കാ
രെ സാക്ഷിയുടെ കൂടാരത്തിന്മെ
ലും, അതിന്റെ സകല ഉപകര
ണങ്ങളിന്മെലും, അതിനുള്ള സക
ല വസ്തുക്കളിന്മെലും വിചാരക്കാ
രായിട്ട ആക്കെണം; അവർ കൂടാര
ത്തെയും, അതിന്റെ സകല ഉപക
രണങ്ങളെയും ചുമക്കെണം: അവ
ർ അതിന ശുശ്രൂഷ ചെയ്യു, കൂടാര
ത്തിന ചുററും പാളയമിറങ്ങുകയും
വെണം.
൫൧ കൂടാരം പുറപ്പെടുമ്പൊൾ ലെ
വിയക്കാർ അതിനെ ഇറക്കെണം:
കൂടാരം അടിക്കെണ്ടി വരുമ്പൊൾ
ലെവിയക്കാർ അതിനെ നിൎത്തുക
യും വെണം: അടുത്ത വരുന്ന
അന്യൻ കൊല്ലപ്പെടെണം.
൫൨ യിസ്രാഎൽ പുത്രന്മാർ, ത
ങ്ങളുടെ സൈന്യങ്ങളിൽ, ഒരൊരു
ത്തൻ അവനവന്റെ പാളയത്തി
ന അരികെയും, ഒരൊരുത്തൻ അവ
നവന്റെ കൊടിക്ക അരികെയും ത
ങ്ങളുടെ കൂടാരങ്ങളെ അടിക്കെണം.
൫൩ എങ്കിലും ലെവിയക്കാർ, യി
സ്രാഎൽ പുത്രന്മാരുടെ സംഘത്തി
ന്മെൽ ക്രൊധം ഉണ്ടാകാതെ ഇരി
ക്കെണ്ടുന്നതിന, സാക്ഷിയുടെ കൂ
ടാരത്തിന ചുററും പാളയമിറങ്ങെ
ണം: ലെവിയക്കാർ സാക്ഷിയുടെ
കൂടാരത്തിന്റെ കാവലിനെ കാക്കു
കയും വെണം.

൫൪ യഹൊവാ മൊശെയൊടക
ല്പിച്ച പ്രകാരം എല്ലാം യിസ്രാഎ
ൽ പുത്രന്മാർ ചെയ്തു; അപ്രകാരം
തന്നെ അവർ ചെയ്തു.

൨ അദ്ധ്യായം.

അവരുടെ കൂടാരങ്ങളിൽ ഗൊത്രങ്ങളുടെ ക്രമം.

പിന്നെയും യഹൊവാ മൊശെ
യൊടും അഹറൊനൊടും സംസാ
രിച്ച പറഞ്ഞു,
൨ യിസ്രാഎൽ പുത്രന്മാരിൽഒരൊ
രുത്തൻ തങ്ങളുടെ പിതാക്കന്മാരു
ടെ ഭവനത്തിന്റെ അടയാളത്തൊ
ടെ അവനവന്റെ കൊടിക്ക അ
രികെ പാളയമിറങ്ങെണം: സംഘ
ത്തിന്റെ കൂടാരത്തിന ചുറ്റും എ
തിരായി അവർ പാളയമിറങ്ങെ
ണം.
൩ ¶ യെഹൂദായുടെ പാളയത്തി
ന്റെ കൊടിക്ക കീഴുള്ളവർ തങ്ങളു
ടെ സൈന്യങ്ങളിൽ ആദിത്യൻ ഉദി
ക്കുന്നതിന നെരെ കിഴക്കഭാഗത്ത
പാളയമിറങ്ങെണം: അമ്മിനാദാ
ബിന്റെ പുത്രനായ നഹശൊൻ
യെഹൂദായുടെ പുത്രന്മാരിൽ പ്രഥ
[ആയിരിക്കെണം.]
൪ അവന്റെ സൈന്യവും അവ
രിൽ എണ്ണപ്പെട്ടവരും എഴുപത്ത
നാലായിരത്ത അറുനൂറ പെർ [ആ
യിരുന്നു.]
൫ അവന്റെ അരികെ പാളയമി
റങ്ങുന്നവർ ഇസ്സാഖാറിന്റെ ഗൊ
ത്രം [ആയിരിക്കെണം:] സുവാറി
ന്റെ പുത്രനായ നതനയെൽ ഇ
സ്സാഖാറിന്റെ പുത്രന്മാരിൽ പ്രഥ
[ആയിരിക്കെണം.]
൬ അവന്റെ സൈന്യവും അ
തിൽ എണ്ണപ്പെട്ടവരും അമ്പത്ത
നാലായിരത്ത നാനൂറ പെർ [ആ
യിരുന്നു.]
൭ പിന്നെ സെബുലൂന്റെ ഗൊ
ത്രം ഹെലൊന്റെ പുത്രനായ എ
ലിയാബ സെബുലൂന്റെ പുത്രന്മാ
രിൽ പ്രഥ [ആയിരിക്കെണം.]
൮ അവന്റെ സൈന്യവും അ
തിൽ എണ്ണപ്പെട്ടവരും അമ്പത്ത
എഴായിരത്ത നാനൂറ പെർ [ആ
യിരുന്നു.]
൯ യെഹൂദായുടെ പാളയത്തിൽ
എണ്ണപ്പെട്ടവർ എല്ലാവരും കൂടി അ
വരുടെ സൈന്യങ്ങളിൽ നൂറായി
രത്ത എണ്പത്താറായിരത്ത നാനൂറ
പെർ [ആയിരുന്നു.] ഇവർ ആദ്യ
മായി പുറപ്പെടെണം.
൧൦ ¶ രൂബെന്റെ പാളയത്തി
ന്റെ കൊടി അവരുടെ സൈന്യ
ങ്ങളിൻ പ്രകാരം തെക്കഭാഗത്ത
[ആയിരിക്കെണം:] സെദെയൂറി
ന്റെ പുത്രനായ എലീസൂർ രൂബെ
ന്റെ പുത്രന്മാരിൽ പ്രഥ [ആയിരി
ക്കെണം.]
൧൧ അവന്റെ സൈന്യവും അ
തിൽ എണ്ണപ്പെട്ടവരും നാല്പത്താറാ
യിരത്ത അഞ്ഞൂറ പെർ [ആയിരു
ന്നു.]
൧൨ അവന്റെ അരികെ പാളയ
മിറങ്ങുന്നവരും ശിമയൊന്റെ ഗൊ
ത്രം [ആയിരിക്കെണം:] സുറിശാ
ദായുടെ പുത്രനായ ശെലുമിയെൽ
ശിമയൊന്റെ പുത്രന്മാരിൽ പ്രഥ [ആ
യിരിക്കെണം.]
൧൩ അവന്റെ സൈന്യവും അ-
വരിൽ എണ്ണപ്പെട്ടവരും അമ്പ
ത്ത ഒമ്പതിനായിരത്ത മുന്നൂറപെ
ർ [ആയിരുന്നു.]
൧൪ അതിന്റെ ശെഷം ഗാദി
ന്റെ ഗൊത്രം: രൂയെലിന്റെ പു
ത്രനായ എലിയാസാഫ ഗാദി
ന്റെ പുത്രന്മാരിൽ പ്രഥ [ആയിരി
ക്കെണം.]

൰൧ അവന്റെ സൈന്യവും അവരിൽ എണ്ണപ്പെട്ടവരും നാല്പത്ത അയ്യായിരത്ത അറുനൂററ അമ്പത പെർ [ആയിരുന്നു.]

൰൬ രൂബെന്റെ പാളയത്തിൽ എണ്ണപ്പെട്ടവർ എല്ലാവരും കൂടി, അവരുടെ സൈന്യങ്ങളിൻ പ്രകാരം, നൂറായിരത്ത അമ്പത്തൊരായിരത്ത നാനൂററ അമ്പത പെർ [ആയിരുന്നു.] അവർ രണ്ടാം പാളയമായി പുറപ്പെട്ടുകയും വെണം.

൰൭ ¶ അതിന്റെ ശെഷം സംഘത്തിന്റെ കൂടാരം പാളയത്തിന്റെ നടുവിൽ ലെവിയക്കാരുടെ പാളയത്തൊട കൂടെ പുറപ്പെടെണം: അവർ പാളയമിറങ്ങുന്നപ്രകാരം തന്നെ അവർ ഒരൊരുത്തൻ അവരുടെ കൊടികൾക്ക അരികെ അവനവന്റെ സ്ഥലത്ത പുറപ്പെടെണം.

൰൮ ¶ എഫ്രായിമിന്റെ പാളയത്തിന്റെ കൊടി അവരുടെ സൈന്യങ്ങളിൻ പ്രകാരം പടിഞ്ഞാറെ ഭാഗത്ത ആയിരിക്കെണം: അമ്മിഹുദിന്റെ പുത്രനായ എലിശാമാ എഫ്രായിമിന്റെ പുത്രന്മാരിൽ പ്രഭു [ആയിരിക്കെണം.]

൰൯ അവന്റെ സൈന്യവും അവരിൽ എണ്ണപ്പെട്ടവരും നാല്പതിനായിരത്ത അഞ്ഞൂറ പെർ [ആയിരുന്നു.]

൨൰ അവന്റെ അരികെ മനശ്ശെയുടെ ഗൊത്രം [ആയിരിക്കെണം:] പെദാഃസുറിന്റെ പുത്രനായ ഗമാലിയെൽ മനശ്ശെയുടെ പുത്രന്മാരിൽ പ്രഭു [ആയിരിക്കെണം.]

൨൰൧ അവന്റെ സൈന്യവും അവരിൽ എണ്ണപ്പെട്ടവരും മുപ്പത്തീരായിരത്ത ഇരുനൂറ പെർ [ആയിരുന്നു.]

൨൰൨ അതിന്റെ ശെഷം ബെന്യാമിന്റെ ഗൊത്രം; ഗിദയൊനിയുടെ പുത്രനായ അബിദാൻ ബെന്യാമിന്റെ പുത്രന്മാരിൽ പ്രഭു [ആയിരിക്കെണം.]

൨൰൩ അവന്റെ സൈന്യവും അവരിൽ എണ്ണപ്പെട്ടവരും മുപ്പത്തയ്യായിരത്ത നാനൂറ പെർ [ആയിരുന്നു.]

൨൰൪ എഫ്രായിമിന്റെ പാളയത്തിൽ എണ്ണപ്പെട്ടവർ എല്ലാവരും കൂടി, അവരുടെ സൈന്യങ്ങളിൻ പ്രകാരം, നൂറായിരത്ത എണ്ണായിരത്ത ഒരുനൂറ പെർ [ആയിരുന്നു.] അവരും മൂന്നാം പാളയമായി പുറപ്പെട്ടുകയും വെണം.

൨൰൫ ¶ ദാന്റെ പാളയത്തിന്റെ കൊടി അവരുടെ സൈന്യങ്ങളിൻ പ്രകാരം വടക്കഭാഗത്ത [ആയിരിക്കെണം:] അമ്മിശദായിയുടെ പുത്രനായ അഹിയെസെർ ദാന്റെ പുത്രന്മാരിൽ പ്രഭു [ആയിരിക്കെണം.]

൨൰൬ അവന്റെ സൈന്യവും അവരിൽ എണ്ണപ്പെട്ടവരും അറുപത്തീരായിരത്ത എഴനൂറ പെർ [ആയിരുന്നു.]

൨൰൭ അവന്റെ അരികെ പാളയമിറങ്ങുന്നവർ ആശെറിന്റെ ഗൊത്രം [ആയിരിക്കെണം:] ഒക്രാന്റെ പുത്രനായ പഗിയെൽ ആശെറിന്റെ പുത്രന്മാരിൽ പ്രഭു [ആയിരിക്കെണം.]

൨൰൮ അവന്റെ സൈന്യവും അവരിൽ എണ്ണപ്പെട്ടവരും നാല്പത്തൊരായിരത്ത അഞ്ഞൂറ പെർ [ആയിരുന്നു.]

൨൰൯ അതിന്റെ ശെഷം നപ്താലിയുടെ ഗൊത്രം: എനാന്റെ പുത്രനായ അഹിറ നപ്താലിയുടെ പു

ത്രന്മാരിൽ പ്രഭു [ആയിരിക്കെണം.]
൩൰ അവന്റെ സൈന്യവും അവരിൽ എണ്ണപ്പെട്ടവരും അമ്പത്ത മൂവ്വായിരത്ത നാനൂറ പെർ [ആയിരുന്നു.]
൩൧ ദാന്റെ പാളയത്തിൽ എണ്ണപ്പെട്ടവർ എല്ലാവരും കൂടി നൂറായിരത്ത അമ്പത്ത എഴായിരത്ത അറുനൂറ പെർ [ആയിരുന്നു.] അവർ തങ്ങളുടെ കൊടികളൊട കൂടെ പിൻ പാളയമായിട്ട പൊകെണം.
൩൨ ¶ യിസ്രാഎൽ പുത്രന്മാരിൽ അവരുടെ പിതാക്കന്മാരുടെ ഭവന പ്രകാരം എണ്ണപ്പെട്ടവർ ഇവർ [ആകുന്നു:] പാളയങ്ങളിൽ എണ്ണപ്പെട്ടവർ എല്ലാവരും കൂടി, അവരുടെ സൈന്യങ്ങളിൻ പ്രകാരം ആറ നൂറായിരത്ത മൂവ്വായിരത്ത അഞ്ഞൂററ അമ്പത പെർ [ആയിരുന്നു.]
൩൩ എങ്കിലും, യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം, ലെവിയക്കാർ യിസ്രാഎൽ പുത്രന്മാരുടെ ഇടയിൽ എണ്ണപ്പെട്ടില്ല.
൩൪ യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം ഒക്കെയും യിസ്രാഎൽ പുത്രന്മാർ ചെയ്തു; അപ്രകാരം തന്നെ അവർ തങ്ങളുടെ കൊടികൾക്ക അരികെ പാളയമിറങ്ങി, അപ്രകാരം തന്നെ ഒരൊരുത്തൻ അവരവരുടെ കുഡുംബങ്ങളിൻ പ്രകാരവും, അവരവരുടെ പിതാക്കന്മാരുടെ ഭവന പ്രകാരവും, അവർ പുറപ്പെട്ടുകയും ചെയ്തു.

൩ അദ്ധ്യായം,

൧ ലെവിയക്കാരുടെ ശുശ്രൂഷ.—൧൨. ആദ്യ ജാതന്മാർ ഒഴിയപ്പെട്ടത.—൪൪. അധികമുള്ളവർ വീണ്ടുകൊള്ളപ്പെട്ടത.

യഹൊവാ സീനായി പൎവ്വതമൻ്റ ത്തിൽ വെച്ച മൊശെയൊട സംസാരിച്ച ദിവസത്തിൽ അഹറൊന്റെയും മൊശെയുടെയും സന്തതികൾ ഇവർ [ആകുന്നു.]
൨ അഹറൊന്റെ പുത്രന്മാരുടെ പെരുകൾ ഇവ [ആകുന്നു;] ആദ്യജാതനായ നാദാബും, അബിഹൂയും, എലയാസാറും, ഇത്താമാറും.
൩ ആചാൎയ്യ സ്ഥാനത്ത ശുശ്രൂഷ ചെയ്വാൻ അഹറൊൻ പ്രതിഷ്ഠിച്ചവരായി, അഭിഷെകം ചെയ്യപ്പെട്ട ആചാൎയ്യന്മാരായ അവന്റെ പുത്രന്മാരുടെ പെരുകൾ ഇവ [ആകുന്നു.]
൪ നാദാബും, അബിഹൂയും, അവർ സീനായി വനത്തിൽ വെച്ച യഹൊവായുടെ മുമ്പാകെ അന്യ അഗ്നിയെ കത്തിച്ചപ്പൊൾ, യഹൊവായുടെ മുമ്പാകെ മരിച്ചു; അവൎക്ക പുത്രന്മാരും ഉണ്ടായില്ല: എലയാസാറും, ഇത്താമാറും, തങ്ങളുടെ പിതാവായ അഹറൊന്റെ മുമ്പാകെ ആചാൎയ്യസ്ഥാനത്ത ശുശ്രൂഷ ചെയ്തു.
൫ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു;
൬ നീ ലെവിയുടെ ഗൊത്രത്തെ അടുക്കൽ വരുത്തി, അവരെ ആചാൎയ്യനായ അഹറൊന്റെ മുമ്പാകെ, അവർ അവന ശുശ്രൂഷ ചെയ്യെണ്ടുന്നതിന, നിൎത്തുക.
൭ അവർ കൂടാരത്തിന്റെ ശുശ്രൂഷ ചെയ്വാനായിട്ട, സംഘത്തിന്റെ കൂടാരത്തിന മുമ്പാകെ അവന്റെ കാവലിനെയും എല്ലാ സംഘത്തിന്റെയും കാവലിനെയും കാത്തുകൊള്ളെണം.
൮ കൂടാരത്തിന്റെ ശുശ്രൂഷ ചെയ്യുന്നതിന അവർ സംഘത്തിന്റെ കൂടാരത്തിനുള്ള സകല ഉപകരണ

ങ്ങളെയ്യം യിസ്രാഎൽ പുത്രന്മാരു
ടെ കാവലിനെയ്യം കാക്കെണം.
൯ നീ അഹറൊന്നും അവന്റെ പു
ത്രന്മാൎക്കും നീ ലെവിയക്കാരെ കൊ
ടുക്കെണം; യിസ്രാഎൽ പുത്രന്മാ
രിൽനിന്ന അവർ അവന അശെ
ഷം കൊടുക്കപ്പെട്ടിരിക്കുന്നു.
൧൦ നീ അഹറൊനെയ്യം അവ
ന്റെ പുത്രന്മാരെയ്യം നിശ്ചയിച്ചാ
ക്കെണം, അവർ തങ്ങളുടെ ആചാ
ൎയ്യ സ്ഥാനത്തെ കാത്തിരിക്കെണം:
അടുത്ത വരുന്ന അന്യൻ കൊല്ല
പ്പെടുകയ്യം വെണം.
൧൧ ¶ പിന്നെയ്യം യഹൊവാ
മൊശെയൊട സംസാരിച്ച പറ
ഞ്ഞു;
൧൨ കണ്ടാലും, ഞാൻ യിസ്രാഎ
ൽ പുത്രന്മാരുടെ ഇടയിൽ ഗൎഭപാ
ത്രം തുറക്കുന്ന സകല ആദ്യജാ
തന്നും പകരമായി ലെവിയക്കാ
രെ ഞാൻ യിസ്രാഎൽ പുത്രന്മാ
രിൽനിന്ന എടുത്തിരിക്കുന്നു: അതു
കൊണ്ട ലെവിയക്കാർ എനിക്കു
ള്ളവരായിരിക്കെണം.
൧൩ എന്തുകൊണ്ടെന്നാൽ ആദ്യ
ജാതൻ എല്ലാം എനിക്കുള്ളവൻ [ആ
കുന്നു;] ഞാൻ മിസ്രയിം ദെശത്ത
ആദ്യ ജാതനെ ഒക്കെയ്യം കൊന്ന
നാളിൽ ഞാൻ യിസ്രാഎലിൽ, മനു
ഷ്യൻ മുതൽ മൃഗം വരെയ്യം, ആദ്യ
ജാതമായതിനെ എല്ലാം എനിക്കാ
യിട്ട ശുദ്ധീകരിച്ചു: അവർ എനി
ക്കുള്ളവർ ആകും: ഞാൻ യഹൊ
വാ [ആകുന്നു.]
൧൪ പിന്നെയ്യം യഹൊവാ സീ
നായി വനത്തിൽ വെച്ച മൊശെ
യൊട സംസാരിച്ച പറഞ്ഞു;
൧൫ ലെവിയുടെ പുത്രന്മാരെ, അ
വരുടെ പിതാക്കന്മാരുടെ ഭവന
പ്രകാരവും, അവരുടെ കുഡുംബ
ങ്ങളിൻ പ്രകാരവും എണ്ണികൊൾ
ക: ഒരു മാസം വയസ്സ മുതൽ മെ
ലായി ഉള്ള ആണിനെ ഒക്കെയ്യം
നീ അവരെ എണ്ണെണം.
൧൬ എന്നു തന്നൊട കല്പിക്കപ്പെട്ട പ്ര
കാരം മൊശെ യഹൊവായുടെ വ
ചന പ്രകാരം അവരെ എണ്ണി.
൧൭ ലെവിയുടെ പുത്രന്മാർ, അ
വരുടെ നാമങ്ങളിൻ പ്രകാരം, ഗെ
ൎശൊൻ, കൊഹാത, മെറാറി എന്ന
ഇവർ ആയിരുന്നു.
൧൮ ഗെൎശൊന്റെ പുത്രന്മാരുടെ
പെരുകൾ, അവരുടെ കുഡുംബ
ങ്ങളിൻ പ്രകാരം, ലിബ്നിയ്യം, ശി
മയിയ്യം, എന്ന ഇവർ [ആയിരു
ന്നു.]
൧൯ കൊഹാതിന്റെ പുത്രന്മാർ,
അവരുടെ കുഡുംബങ്ങളിൻ പ്ര
കാരം, അമ്രാമും, ഇസ്സാറും, ഹെ
ബ്രൊനും, ഉസ്സിയെലും.
൨൦ മെറാറിയുടെ പുത്രന്മാർ, അ
വരുടെ വംശങ്ങളിൻ പ്രകാരം, മ
ഹലിയ്യം, മുഷിയ്യം: ഇവർ ലെവി
യുടെ കുഡുംബങ്ങൾ, അവരുടെ
പിതാക്കന്മാരുടെ ഭവന പ്രകാരം
[ആകുന്നു.]
൨൧ ¶ ഗെൎശൊന ലിബ്നിക്കാരു
ടെ വംശവും ശിമിക്കാരുടെ വംശ
വും [ആയിരുന്നു:] ഇവ ഗെൎശൊ
നിക്കാരുടെ വംശങ്ങൾ.
൨൨ അവരിൽ ഒരു മാസം വയ
സ്സ മുതൽ മെലായി എല്ലാ ആണു
ങ്ങളുടെയ്യം എണ്ണപ്രകാരം എണ്ണ
പ്പെട്ടവരായി, അവരിൽ എണ്ണ
പ്പെട്ടവർ എഴായിരത്ത അഞ്ഞൂറ
പെർ [ആയിരുന്നു.]
൨൩ ഗെൎശൊനിക്കാരുടെ വംശ
ങ്ങൾ കൂടാരത്തിന്റെ പിറകിൽ പ
ടിഞ്ഞാറൊട്ട പാളയമിറങ്ങെണം.
൨൪ ഗെൎശൊനിക്കാരുടെ പിതാ

വിന്റെ ഭവനത്തിലെ പ്രഭു ലാ
യെലിന്റെ പുത്രനായ എലിയാ
സാഫ [ആയിരിക്കെണം.]
൨൫ സംഘത്തിന്റെ കൂടാരത്തി
ൽ ഗെശൊന്റെ പുത്രന്മാരുടെ കാ
വൽ വാസസ്ഥലവും, കൂടാരവും,
അതിന്റെ മെൽവിരിയും, സംഘ
ത്തിന്റെ കൂടാരത്തിലെ വാതിലിനു
ള്ള മറവസ്ത്രവും,
൨൬ കൂടാരത്തിന്ന അരികെയും ബ
ലിപീഠത്തിന്ന അരികെയും ചുററു
മുള്ള പ്രാകാരത്തിന്റെ മറവസ്ത്രങ്ങ
ളും, പ്രാകാരത്തിന്റെ വാതിലിനു
ള്ള മറവസ്ത്രവും അതിന്റെ എല്ലാ
ശുശ്രൂഷെക്കും ഉള്ള അതിന്റെ ക
യറുകളും [ആയിരിക്കെണം.]
൨൭ ¶ കൊഹാതിന്ന അമ്രാമിക്കാ
രുടെ വംശവും, ഇസ്സാറിക്കാരുടെ
വംശവും, ഹെബ്രൊനിക്കാരുടെ
വംശവും, ഉസ്സിയെൽക്കാരുടെ വം
ശവും [ആയിരുന്നു:] ഇവ കൊ
ഹാതക്കാരുടെ വംശങ്ങൾ [ആകു
ന്നു.]
൨൮ ഒരു മാസം വയസ്സു മുതൽ
മെലായി ഉള്ള എല്ലാ ആണങ്ങളുടെ
യും എണ്ണത്തിൽ ശുദ്ധ സ്ഥലത്തി
ന്റെ കാവലിനെ കാക്കുന്നവർ എ
ണ്ണായിരത്ത അറുനൂറ പെർ [ആ
യിരുന്നു.]
൨൯ കൊഹാതന്റെ പുത്രന്മാരു
ടെ വംശങ്ങൾ കൂടാരത്തിന്റെ തെ
ക്കെ ഭാഗത്ത പാളയമിറങ്ങെണം.
൩൦ കൊഹാതക്കാരുടെ വംശങ്ങ
ൾക്കുള്ള പിതാവിന്റെ ഭവനത്തി
ലെ പ്രഭു ഉസ്സിയെലിന്റെ പുത്ര
നായ എലിസാഫാൻ [ആയിരി
ക്കെണം.]
൩൧ അവരുടെ കാവൽ പെട്ടക
വും, മെശയും, നിലവിളക്കും, ബ
ലിപീഠങ്ങളും, ശുദ്ധസ്ഥലത്ത അ
വർ ശുശ്രൂഷ ചെയ്യുന്നതിനുള്ള
ഉപകരണങ്ങളും, മറവസ്ത്രവും, അ
തിനുള്ള ശുശ്രൂഷ ഒക്കെയും [ആ
യിരിക്കെണം.]
൩൨ ആചാൎയ്യനായ അഹരൊ
ന്റെ പുത്രനായ എലയാസാർ ലെ
വിയക്കാരുടെ പ്രധാനികൾക്ക പ്ര
ധാനിയായിരുന്ന, അവന ശുദ്ധ
സ്ഥലത്തിലെ കാവലിനെ കാക്കു
ന്നവരുടെ മെൽ വിചാരം ഉണ്ടാ
യിരിക്കെണം.
൩൩ ¶ മെറാറിക്ക മഹ്ലിക്കാരുടെ
വംശവും മൂഷിക്കാരുടെ വംശവും
[ആയിരുന്നു:] മെറാറിയുടെ വംശ
ങ്ങൾ ഇവ [ആകുന്നു.]
൩൪ അവരിൽ ഒരു മാസം വയ
സ്സു മുതൽ മെലായി ഉള്ള എല്ലാ
ആണങ്ങളുടെയും എണ്ണപ്രകാരം
എണ്ണപ്പെട്ടവർ ആറായിരത്ത ഇ
രുനൂറ പെർ [ആയിരുന്നു.]
൩൫ മെറാറിയുടെ വംശങ്ങൾക്കു
ള്ള പിതാവിന്റെ ഭവനത്തിലെ
പ്രഭു അബിഹായലിന്റെ പുത്ര
നായ സുറിയെൽ [ആയിരുന്നു:]
ഇവർ കൂടാരത്തിന്റെ വടക്കഭാഗ
ത്ത പാളയമിറങ്ങെണം.
൩൬ മെറാറിയുടെ പുത്രന്മാരുടെ
വിചാരവും കാവലും കൂടാരത്തി
ന്റെ പലകകളും, അതിന്റെ സാ
ക്ഷാകളും, അതിന്റെ തൂണുകളും,
അവയുടെ ചുവടുകളും, അതിന്റെ
സകല ഉപകരണങ്ങളും, അതി
ന്റെ സകല വെലയും,
൩൭ പ്രാകാരത്തിന്റെ ചുററും ഉ
ള്ള തൂണുകളും, അവയുടെ ചുവടുക
ളും, അവയുടെ കുററികളും, അവയു
ടെ കയറുകളും [ആയിരിക്കെണം.]
൩൮ ¶ എന്നാൽ കൂടാരത്തിന്റെ
മുമ്പാകെ കിഴക്കൊട്ട, സംഘത്തി
ന്റെ കൂടാരത്തിന്ന മുമ്പാകെ തന്നെ,

കിഴക്കൊട്ട പാളയമിറങ്ങുന്നവർ
മൊശെയും അഹറൊനും അവ
ന്റെ പുത്രന്മാരും, യിസ്രാഎൽ പു
ത്രന്മാരുടെ കാവലിനായി ശുദ്ധമു
ള്ള സ്ഥലത്തിന്റെ കാവലിനെ കാ
ക്കുന്നവരായി [ഇരിക്കെണം:] അ
ടുത്ത വരുന്ന അന്യൻ കൊല്ലപ്പെ
ടുകയും വെണം.

൩൯ മൊശെയും അഹറൊനും,
യഹൊവായുടെ വചനപ്രകാരം,
എണ്ണിയവരായി, ലെവിയക്കാരി
ൽ അവരുടെ വംശങ്ങളിൻ പ്രകാ
രം ഒരു മാസം വയസ്സ മുതൽ മെ
ലായി ഉള്ള ആണങ്ങൾ ഒക്കെയും
എണ്ണപ്പെട്ടവർ എല്ലാവരും കൂടി ഇ
രുപത്തിരായിരം പെർ [ആയിരു
ന്നു.]

൪൦ ¶ പിന്നെയും യഹൊവാ മൊ
ശെയൊട പറഞ്ഞു, യിസ്രാഎൽ
പുത്രന്മാരിൽ ഒരു മാസം വയസ്സ
മുതൽ മെലായി ഉള്ള ആണങ്ങളാ
യ ആദ്യജാതന്മാരെ എല്ലാവരെയും
എണ്ണി, അവരുടെ പെരുകളുടെ തു
ക നൊക്കികൊൾക.

൪൧ നീ യിസ്രാഎൽ പുത്രന്മാരി
ൽ ആദ്യജാതന്മാൎക്ക എല്ലാവൎക്കും പ
കരമായി ലെവിയക്കാരെയും, യി
സ്രാഎൽ പുത്രന്മാരുടെ മൃഗങ്ങളി
ലെ എല്ലാ കടിഞ്ഞൂലുകൾക്കും പ
കരമായി ലെവിയക്കാരുടെ മൃഗ
ങ്ങളെയും ഇനിക്കായിട്ട എടുക്കയും
വെണം; ഞാൻ യഹൊവാ [ആ
കുന്നു.]

൪൨ ¶ പിന്നെ മൊശെ, യഹൊ
വാ തന്നൊട കല്പിച്ച പ്രകാരം യി
സ്രാഎൽ പുത്രന്മാരിൽ കടിഞ്ഞൂലാ
യ എല്ലാവരെയും എണ്ണി.

൪൩ ഒരു മാസം വയസ്സ മുതൽ
മെലായി ഉള്ള ആണങ്ങളായി കടി
ഞ്ഞൂലായ എല്ലാവരും, നാമങ്ങളുടെ
എണ്ണപ്രകാരം, അവരിൽ എണ്ണ
പ്പെട്ടവർ ഇരുപത്തിരായിരത്ത ഇ
രുനൂററ എഴുപത്ത മൂന്നപെർ [ആ
യിരുന്നു.]

൪൪ ¶ പിന്നെയും യഹൊവാ
മൊശെയൊട സംസാരിച്ച പറ
ഞ്ഞു;

൪൫ യിസ്രാഎൽ പുത്രന്മാരിൽ ക
ടിഞ്ഞൂലായ എല്ലാവൎക്കും പകരമാ
യി ലെവിയക്കാരെയും, അവരുടെ
മൃഗങ്ങൾക്ക പകരമായി ലെവിയ
ക്കാരുടെ മൃഗങ്ങളെയും എടുക്ക; ലെ
വിയക്കാർ ഇനിക്കുള്ളവരായിരി
ക്കെണം: ഞാൻ യഹൊവാ [ആ
കുന്നു.]

൪൬ യിസ്രാഎൽ പുത്രന്മാരുടെ
കടിഞ്ഞൂൽകളിൽ, ലെവിയക്കാരെ
ക്കാൾ അധികമുള്ളവരായി, ഇരു
നൂററ എഴുപത്ത മൂന്ന പെരിൽ വീ
ണ്ടെടുക്കപ്പെടുവാനുള്ളവൎക്ക,

൪൭ ഒരു തലെക്ക അഞ്ചശെക്കൽ
വീതം നീ എടുക്കെണം; ശുദ്ധസ്ഥ
ലത്തിലെ ശെക്കലിൻപ്രകാരം, നീ
[അവയെ] എടുക്കെണം: (ഒരു ശെ
ക്കലിന ഇരുപത ഗിരാ:)

൪൮ അവരിൽ അധികം വീണ്ടെ
ടുക്കപ്പെടെണ്ടുന്നതിനുള്ള ദ്രവ്യത്തെ
അഹറൊനും അവന്റെ മക്കൾ
ക്കും നീ കൊടുക്കെണം.

൪൯ ലെവിയക്കാരാൽ വീണ്ടെടു
ക്കപ്പെട്ടിരുന്നവരെക്കാൾ അധിക
മായിരുന്നവരുടെ വീണ്ടെടുപ്പു ദ്ര
വ്യത്തെ മൊശെ വാങ്ങി:

൫൦ അവൻ യിസ്രാഎൽ പുത്ര
ന്മാരുടെ കടിഞ്ഞൂലിൽനിന്ന, ശു
ദ്ധസ്ഥലത്തിലെ ശെക്കലിൻ പ്ര
കാരം, ഒരായിരത്ത മുന്നൂററ അറു
പത്തഞ്ച ശെക്കൽ ദ്രവ്യത്തെ വാ
ങ്ങി.

൫൧ യഹൊവാ മൊശെയൊട ക

ല്പിച്ച പ്രകാരം, മൊശെ വീണ്ടെടുക്കപ്പെട്ടവരുടെ ദ്രവ്യത്തെ അഹറൊന്നും അവൻെറ പുത്രന്മാൎക്കും യഹൊവായുടെ വചനപ്രകാരം കൊടുത്തു.

൪ അദ്ധ്യായം.

൧ ലെവിയക്കാരുടെ വെലകളും സ്ഥാനങ്ങളും.

൧ പിന്നെയും യഹൊവാ മൊശെയൊടും അഹറൊനൊടും സംസാരിച്ചു പറഞ്ഞു;

൨ ലെവിയുടെ പുത്രന്മാരുടെ ഇടയിൽനിന്ന കൊഹാതിൻെറ പുത്രന്മാരുടെ പിതാക്കന്മാരുടെ ഭവനത്തിൽ അവരുടെ വംശങ്ങളിൻ പ്രകാരം,

൩ സൈന്യത്തിൽ പ്രവെശിക്കുന്ന എല്ലാവരുമായ, മുപ്പത വയസ്സമുതൽ മെലായി അമ്പത വയസ്സവരെയും, സംഘത്തിൻെറ കൂടാരത്തിൽ വെല ചെയ്യുന്നതിന അവരുടെ തുക നൊക്കുവിൻ.

൪ സംഘത്തിൻെറ കൂടാരത്തിൽ മഹാ ശുദ്ധമുള്ള കാൎയ്യങ്ങളെ സംബന്ധിച്ച കൊഹാതിൻെറ പുത്രന്മാരുടെ വെല ഇത [ആയിരിക്കെണം.]

൫ പാളയം പുറപ്പെടുമ്പൊൾ, അഹറൊനും അവൻെറ പുത്രന്മാരും വന്ന, തിരശീലയെ അവർ ഇറക്കി, സാക്ഷിയുടെ പെട്ടിയെ അതുകൊണ്ട മൂടെണം:

൬ അവർ അതിൻെറ മെൽ തകസുകളുടെ തൊലുകൾ കൊണ്ടുള്ള മൂടി വിരിയെയും ഇട്ട, [അതിന] മീതെ മുഴുവനും ഇളനീല വസ്ത്രത്തെ വിരിച്ച,അതിൻെറ തണ്ടുകളെ ചെലുത്തെണം.

൭ അവർ കാഴ്ച അപ്പത്തിൻെറ മെശയിന്മെൽ ഒരു ഇളനീല വസ്ത്രത്തെ വിരിച്ച, അതിന്മെൽ പിഞ്ഞാണങ്ങളെയും, തവികളെയും, പാനപാത്രങ്ങളെയും; മൂടുവാനുള്ള മൂടികളെയും വെക്കെണം: ഇടവിടാത അപ്പവും അതിന്മെൽ ഇരിക്കെണം.

൮ അവർ അവയുടെ മെൽ ഒരു ചുവപ്പ വസ്ത്രത്തെ വിരിച്ച, അവയെ തകസുകളുടെ തൊലുകൾ കൊണ്ടുള്ള ഒരു മൂടിവിരി കൊണ്ട മൂടി, അവയുടെ തണ്ടുകളെ ചെലുത്തെണം.

൯ അവർ ഒരു ഇളനീല വസ്ത്രത്തെ എടുത്ത, വെളിച്ചത്തിൻെറ നിലവിളക്കിനെയും, അതിൻെറ വിളക്കുകളെയും, അതിൻെറ ചവണകളെയും, അതിൻെറ മഷി തെളിച്ചിടുന്ന പാത്രങ്ങളെയും, അതിന ശുശ്രൂഷിക്കുന്നതിനുള്ള അതിൻെറ എല്ലാ എണ്ണ പാത്രങ്ങളെയും മൂടെണം.

൰ അവർ അതിനെയും, അതിൻെറ സകല പാത്രങ്ങളെയും തകസുകളുടെ തൊലുകൾ കൊണ്ടുള്ള ഒരു മൂടിവിരിയിൽ ഇട്ട, അതിനെ ഒരു തണ്ടിന്മെൽ വെക്കെണം.

൰൧ സ്വൎണ്ണ പീഠത്തിന്മെലും അവർ ഒരു ഇളനീല വസ്ത്രത്തെ വിരിച്ച, അതിനെ തകസുകളുടെ തൊലുകൾ കൊണ്ടുള്ള ഒരു മൂടിവിരി കൊണ്ട മൂടി, അതിൻെറ തണ്ടുകളെ ചെലുത്തെണം.

൰൨ പിന്നെ അവർ ശുദ്ധസ്ഥലത്ത ശുശ്രൂഷ ചെയ്യുന്നതിന ശുശ്രൂഷെക്കുള്ള എല്ലാ ഉപകരണങ്ങളെയും അവർ എടുത്ത, ഒരു ഇളനീല വസ്ത്രത്തിൽ വെച്ച, തകസുകളുടെ തൊലുകൾ കൊണ്ടുള്ള ഒരു മൂടിവിരിയാൽ [അവയെ] മൂടി, ഒരു തണ്ടിന്മെൽ വെക്കയും വെണം.

൰൩ അവർ ബലിപീഠത്തിൽനി

ഉൻമ്യ

ന്ന ചാരത്തെ നീക്കി, അതിന്മെൽ
ധൂമ്രവൎണ്ണമുള്ള ഒരു വസ്ത്രത്തെ വി
രിക്കെണം.

൰൪ അവർ അതിന്മെൽ ശുശ്രൂ
ഷ ചെയ്യുന്നതിനുള്ള അതിന്റെ
സകല ഉപകരണങ്ങളായ കലശ
ങ്ങളെയും, മുൾകൊളുത്തുകളെയും, ച
ട്ടുകങ്ങളെയും, കലങ്ങളെയും, ബ
ലിപീഠത്തിന്റെ സകല പാത്രങ്ങ
ളെയും തന്നെ അതിന്മെൽ വെക്കെ
ണം; അതിന്മെൽ തകസുകളുടെ
തൊലുകൾ കൊണ്ടുള്ള ഒരു മൂടിവി
രിയെ വിരിച്ച, അതിന്റെ തണ്ടുക
ളെ ചെലുത്തുകയും വെണം.

൰൫ പാളയം പുറപ്പെടുമ്പൊൾ,
അഹറൊനും അവന്റെ പുത്രന്മാ
രും ശുദ്ധസ്ഥലത്തെയും ശുദ്ധസ്ഥ
ലത്തിലെ സകല ഉപകരണങ്ങ
ളെയും മൂടിതീൎന്നതിന്റെ ശെഷം,
കൊഹാതിന്റെ പുത്രന്മാർ [അതി
നെ] ചുമപ്പാനായിട്ട വരെണം:
എന്നാൽ അവർ മരിക്കാതെ ഇരി
പ്പാനായിട്ട അവർ ശുദ്ധമുള്ളതി
നെ ഒന്നിനെയും തൊടരുത: സം
ഘത്തിന്റെ കൂടാരത്തിൽ കൊഹാ
തിന്റെ പുത്രന്മാരുടെ ചുമട ഇവ
[ആകുന്നു.]

൰൬ ¶ ആചാൎയ്യനായ അഹറൊ
ന്റെ പുത്രൻ എലയാസാറിന്റെ
സ്ഥാനത്തൊട ചെരുന്നത വെളി
ച്ചത്തിന എണ്ണയും, സുഗന്ധവൎഗ്ഗ
വും, അന്നന്നത്തെ ആഹാരകാഴ്ച
യും, അഭിഷെകതൈലവും, സക
ല കൂടാരത്തിന്റെയും അതിലും ശു
ദ്ധമുള്ള സ്ഥലത്തും അതിന്റെ ഉ
പകരണങ്ങളിലും ഉള്ള സകലത്തി
ന്റെയും വിചാരവും ആകുന്നു.

൰൭ ¶ പിന്നെയും യഹൊവാ മൊ
ശെയൊടും അഹറൊനൊടും സം
സാരിച്ച പറഞ്ഞു;

മൻൻ

൰൮ നിങ്ങൾ കൊഹാതകാരുടെ
വംശക്കാരുടെ ഗൊത്രത്തെ ലെവി
യക്കാരിൽനിന്ന ഛെദിച്ച കളയരു
ത;

൰൯ എന്നാൽ മഹാ ശുദ്ധമുള്ള
വസ്തുക്കളൊട അവർ അടുക്കുമ്പൊ
ൾ, അവർ മരിക്കാതെ ജീവനൊ
ടിരിക്കെണ്ടുന്നതിന, അവരൊട ഇ
പ്രകാരം ചെയ്യിൻ; അഹറൊനും
അവന്റെ പുത്രന്മാരും അകത്ത പ്ര
വെശിച്ച, അവരിൽ ഒരൊരുത്ത
നെ അവനവന്റെ വെലെക്കും,
അവനവന്റെ ചുമട്ടിനും ആക്കെ
ണം.

൨൰ എന്നാൽ ശുദ്ധവസ്തുക്കൾ മൂ
ടപ്പെടുമ്പൊൾ, അവർ മരിക്കാതെ
ഇരിപ്പാനായിട്ട, അവർ കാണ്മാ
ൻ അകത്ത പ്രവെശിക്കരുത.

൨൰൧ ¶ പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ച പറഞ്ഞു;

൨൰൨ ഗെൎശൊന്റെ പുത്രന്മാരുടെ
തുക, അവരുടെ പിതാക്കന്മാരുടെ
ഭവനങ്ങളിൽ അവരുടെ വംശങ്ങ
ളിൻ പ്രകാരം കൂട്ടുക:

൨൰൩ മുപ്പത വയസ്സു മുതൽ മെ
ലായി അമ്പത വയസ്സു വരെയും
സംഘത്തിന്റെ കൂടാരത്തിൽ വെ
ല ചെയ്യുന്നതിന യുദ്ധ പ്രവൃത്തി
ചെയ്വാൻ പ്രവെശിക്കുന്ന എല്ലാ
വരെയും നീ എണ്ണെണം.

൨൰൪ വെല ചെയ്യുന്നതിനും ചുമ
ട്ടിനും ഗെൎശൊൻകാരുടെ വംശങ്ങ
ളുടെ വെല ഇത [ആകുന്നു.]

൨൰൫ അവർ വാസസ്ഥലത്തിലെ
തിരശീലകളെയും, സംഘത്തിന്റെ
കൂടാരത്തെയും, അതിന്റെ മൂടിവി
രിയെയും, മീതെ അതിന്റെ മെൽ
തകസുകളുടെ തൊലുകൾ കൊണ്ടു
ള്ള മൂടിവിരിയെയും സംഘത്തി
ന്റെ കൂടാരത്തിലെ വാതിലിനുള്ള

മറവസ്ത്രത്തെയും,
൨൬ പ്രാകാരത്തിന്റെ മറവസ്ത്ര
ങ്ങളെയും, കൂടാരത്തിന്റെ അരികെ
യും പീഠത്തിന്റെ അരികെയും ചു
റ്റും പ്രാകാരവാതിലിന്റെ മറവ
സ്ത്രത്തെയും, അവയുടെ കയറുക
ളെയും, അവയുടെ വെലെക്കുള്ള സ
കല ഉപകരണങ്ങളെയും, അവെ
ക്കായിട്ട ഉണ്ടാക്കപ്പെട്ടുന്ന സകല
ത്തെയും ചുമക്കെണം: ഇപ്രകാരം
അവർ വെല ചെയ്യെണം.
൨൭ ഗെശ്ശൊൻകാരുടെ പുത്രന്മാ
രുടെ സകല വെലയും, അവരുടെ
സകല ചുമട്ടുകളിലും അവരുടെ എ
ല്ലാ വെലയിലും, അഹറൊന്റെ
യും അവന്റെ പുത്രന്മാരുടെയും
വാക്കിൻ പ്രകാരം ആയിരിക്കെ
ണം: കാവലായിട്ട അവരുടെ സ
കല ചുമട്ടുകളെയും നിങ്ങൾ അവ
ർക്ക എല്പിക്കയും വെണം.
൨൮ സംഘത്തിന്റെ കൂടാരത്തി
ൽ ഗെശ്ശൊന്റെ പുത്രന്മാരുടെ വം
ശങ്ങളുടെ വെല ഇത [ആകുന്നു:]
അവരുടെ കാവൽ ആചാൎയ്യനായ
അഹറൊന്റെ പുത്രനായ ഇത്താ
മാറിന്റെ കയ്യിൻ കീഴെ [ആയിരി
ക്കെണം.]
൨൯ മെറാറിയുടെ പുത്രന്മാരെയൊ
നീ അവരെ അവരുടെ പിതാക്കന്മാ
രുടെ ഭവനത്തിൽ അവരുടെ വം
ശങ്ങളിൻ പ്രകാരം എണ്ണെണം.
൩൦ മുപ്പത വയസ്സ മുതൽ മെലാ
യി അമ്പത വയസ്സ വരെയും,
സംഘത്തിന്റെ കൂടാരത്തിലെ വെ
ല ചെയ്യുന്നതിന സൈന്യത്തിലെ
ക്ക പ്രവെശിക്കുന്ന എല്ലാവരെയും
നീ എണ്ണെണം.
൩൧ സംഘത്തിന്റെ കൂടാരത്തി
ൽ അവരുടെ സകല വെലയിൻ
പ്രകാരം അവരുടെ ചുമടിന്റെ
കാവൽ ഇത [ആകുന്നു;] കൂടാര
ത്തിന്റെ പലകകളും, അതിന്റെ
സാക്ഷാകളും, അതിന്റെ തൂണുക
ളും, അതിന്റെ ചുവട്ടുകളും,
൩൨ ചുറ്റും പ്രാകാരത്തിന്റെ
തൂണുകളും, അവയുടെ ചുവട്ടുകളും,
അവയുടെ കുറ്റികളും, അവയുടെ
കയറുകളും, അവയുടെ എല്ലാ ഉപ
കരണങ്ങളൊടും, അവയുടെ എല്ലാ
വെലയൊടും കൂടെ തന്നെ: നിങ്ങ
ൾ അവരുടെ ചുമടിന്റെ കാവലി
നുള്ള ഉപകരണങ്ങളെ പെർ വി
വരം എണ്ണിക്കൊള്ളെണം.
൩൩ ആചാൎയ്യനായ അഹറൊ
ന്റെ പുത്രനായ ഇത്താമാറിന്റെ
കയ്യിൻ കിഴെ മെറാറിയുടെ പുത്രന്മാ
രുടെ വംശങ്ങളുടെ വെല സംഘ
ത്തിന്റെ കൂടാരത്തിൽ അവരുടെ
സകല വെലയിൻ പ്രകാരവും ഇ
ത [ആകുന്നു.]
൩൪ ¶ എന്നാറെ മൊശെയും അ
ഹറൊനും സംഘത്തിൽ പ്രഭുക്കന്മാ
രും കൊഹാതകാരുടെ പുത്രന്മാരെ,
അവരുടെ വംശങ്ങളിൻ പ്രകാര
വും, അവരുടെ പിതാക്കന്മാരുടെ ഭ
വനത്തിൻ പ്രകാരവും,
൩൫ മുപ്പത വയസ്സ മുതൽ മെലാ
യി അമ്പത വയസ്സ വരെയും, സം
ഘത്തിന്റെ കൂടാരത്തിൽ വെലെ
ക്കായിട്ട സൈന്യത്തിലെക്ക പ്രവെ
ശിക്കുന്ന എല്ലാവരെയും എണ്ണി.
൩൬ അവരുടെ വംശങ്ങളിൻ പ്ര
കാരം, അവരിൽ എണ്ണപ്പെട്ടവർ ര
ണ്ടായിരത്ത എഴുനൂറ്റ അമ്പത
പെർ ആയിരുന്നു.
൩൭ കൊഹാതകാരുടെ വംശങ്ങ
ളിൽ എണ്ണപ്പെട്ടവരായി, മൊശെ
യുടെ കയ്യാൽ യഹൊവായുടെ ക
ല്പനപ്രകാരം, മൊശെയും അഹ
റൊനും എണ്ണിയവരായി, സംഘ

ത്തിന്റെ കൂടാരത്തിൽ വെല ചെ
യ്യാനുള്ള എല്ലാവരും ഇവർ [ആ
യിരുന്നു.]
൩൮ ഗെശൊന്റെ പുത്രന്മാരിൽ
അവരുടെ വംശങ്ങളിൻ പ്രകാര
വും അവരുടെ പിതാക്കന്മാരുടെ ഭ
വനത്തിൻ പ്രകാരവും എണ്ണപ്പെ
ട്ടവരായി,
൩൯ മുപ്പത വയസ്സ മുതൽ മെ
ലായി അമ്പത വയസ്സ വരെയും
സംഘത്തിന്റെ കൂടാരത്തിൽ വെ
ലെക്കായിട്ട സൈന്യത്തിലെക്കപ്ര
വെശിക്കുന്ന എല്ലാവരും,
൪൦ അവരുടെ വംശങ്ങളിൻ പ്ര
കാരവും, അവരുടെ പിതാക്കന്മാരു
ടെ ഭവനപ്രകാരവും, അവരിൽ എ
ണ്ണപ്പെട്ടവർ രണ്ടായിരത്ത അറു
നൂററ മുപ്പത പെർ ആയിരുന്നു.
൪൧ മൊശെയും അഹറൊനും, യ
ഹൊവായുടെ കല്പന പ്രകാരം, എ
ണ്ണിയവരായി, സംഘത്തിന്റെ കൂ
ടാരത്തിൽ വെല ചെയ്യാനുള്ള എ
ല്ലാവരുമായ ഗെശൊന്റെ പുത്ര
ന്മാരുടെ വംശങ്ങളിൽ എണ്ണപ്പെട്ട
വർ ഇവർ [ആകുന്നു.]
൪൨ മെറാറിയുടെ പുത്രന്മാരുടെ
വംശങ്ങളിൽ, അവരുടെ വംശങ്ങ
ളിൻ പ്രകാരവും അവരുടെ പിതാ
ക്കന്മാരുടെ ഭവനത്തിൻ പ്രകാര
വും, എണ്ണപ്പെട്ടവരായി,
൪൩ മുപ്പത വയസ്സ മുതൽ മെ
ലായി അമ്പത വയസ്സ വരെയും,
സംഘത്തിന്റെ കൂടാരത്തിൽ വെ
ലെക്കായിട്ട സൈന്യത്തിലെക്കപ്ര
വെശിക്കുന്ന എല്ലാവരും,
൪൪ അവരിൽ, അവരുടെ വംശ
ങ്ങളിൻ പ്രകാരം, എണ്ണപ്പെട്ടവർ
തന്നെ മൂവായിരത്ത ഇരുനൂറ പെ
ർ ആയിരുന്നു.
൪൫ മൊശെയുടെ കയ്യാൽ യ
ഹൊവായുടെ വചന പ്രകാരം മൊ
ശെയും അഹറൊനും എണ്ണിയവ
രായ മെറാറിയുടെ പുത്രന്മാരുടെ
വംശങ്ങളിൽ എണ്ണപ്പെട്ടവർ ഇ
വർ [ആകുന്നു.]
൪൬ ലെവിയക്കാരിൽ, മൊശെ
യും അഹറൊനും യിസ്രാഎലിലെ
പ്രഭുക്കളും, അവരുടെ വംശങ്ങളി
ൻ പ്രകാരവും അവരുടെ പിതാക്ക
ന്മാരുടെ ഭവനത്തിൻ പ്രകാരവും,
എണ്ണിയവരായി, എണ്ണപ്പെട്ടിരുന്ന
വർ എല്ലാവരും;
൪൭ മുപ്പത വയസ്സ മുതൽ മെലാ
യി അമ്പത വയസ്സ വരെയും, സം
ഘത്തിന്റെ കൂടാരത്തിൽ ശുശ്രൂ
ഷ വെലയും ചുമട്ട വെലയും ചെ
യ്യാൻ പ്രവെശിച്ചവർ എല്ലാവരു
മായി,
൪൮ അവരിൽ എണ്ണപ്പെട്ടവർ
തന്നെ എണ്ണായിരത്ത അഞ്ഞൂററ
എണ്പത പെർ ആയിരുന്നു.
൪൯ യഹൊവായുടെ കല്പനപ്ര
കാരം അവർ മൊശെയുടെ കയ്യാ
ൽ ഒരൊരുത്തൻ അവനവന്റെ
വെലയിൻ പ്രകാരവും അവന
വന്റെ ചുമട്ടിൻ പ്രകാരവും എ
ണ്ണപ്പെട്ടിരുന്നു: യഹൊവാ മൊ
ശെയൊട കല്പിച്ച പ്രകാരം, അ
വനാൽ അവർ എണ്ണപ്പെട്ടിരുന്നു.

൫ അദ്ധ്യായം.

൧ അശുദ്ധിയുള്ളവരെ പാളയത്തിൽനിന്ന പു
റത്താക്കെണമെന്നുള്ളത.—൫ തിരിച്ച കൊടു
ക്കുന്നതിന ചട്ടം വെക്കുന്നത.—൧൧ വൈ
രാഗ്യത്തിന്റെ പരീക്ഷ.

പിന്നെയും യഹൊവാ മൊശെ
യൊട സംസാരിച്ച പറഞ്ഞു;
൨ എല്ലാ കുഷ്ഠരൊഗിയെയും, എ
ല്ലാ വാതശൊണിതക്കാരനെയും,
ശവത്താൽ അശുദ്ധിപ്പെട്ട എല്ലാ
വനെയും പാളയത്തിൽനിന്ന പുറ

ത്താക്കുവാൻ യിസ്രാഎൽ പുത്രന്മാ
രൊട കല്പിക്ക;
൩ ആണിനെയും പെണ്ണിനെ
യും നിങ്ങൾ പുറത്താക്കെണം, അ
വരെ നിങ്ങൾ പാളയത്തിൽനിന്ന
പുറത്താക്കെണം: അവയുടെ നടു
വിൽ ഞാൻ വസിക്കുന്ന അവരു
ടെ പാളയങ്ങളെ അവർ അശു
ദ്ധിയാക്കരുത.
൪ യിസ്രാഎൽ പുത്രന്മാർ അപ്ര
കാരം തന്നെ ചെയ്തു, അവരെ പാ
ളയത്തിൽനിന്ന പുറത്താക്കി: യ
ഹൊവാ മൊശെയൊട പറഞ്ഞ
പ്രകാരം തന്നെ യിസ്രാഎൽ പുത്ര
ന്മാർ ചെയ്തു.
൫ ¶ പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ച പറഞ്ഞു;
൬ നീ യിസ്രാഎൽ പുത്രന്മാരൊ
ട പറക, ഒരു പുരുഷൻ എങ്കിലും
ഒരു സ്ത്രീ എങ്കിലും, യഹൊവായി
ക്ക വിരൊധമായി അക്രമം ചെ
യ്യുന്നതിന മനുഷ്യർ ചെയ്യുന്ന യാ
തൊരു പാപത്തെയും ചെയ്യുമ്പൊ
ൾ ആയാൾ കുററക്കാരനായാൽ,
൭ അപ്പൊൾ അവർ ചെയ്തിട്ടുള്ള
അവരുടെ പാപത്തെ അവർ ഏ
ററുപറയെണം; അവൻ തന്റെ
കുററത്തിന അതിന്റെ മുതലൊടും
കൂടെ പകരം കൊടുക്കെണം, അതി
നൊട കൂടെ അതിൽ അഞ്ചിലൊ
രു പങ്കിനെ കൂട്ടി, യാതൊരുത്തന
നെരെ അവൻ കുററം ചെയ്തിരി
ക്കുന്നുവൊ, [അവന] അതിനെ
കൊടുക്കയും വെണം.
൮ എന്നാൽ ആ കുററം ചെയ്ത
തിനെ തിരികെ വാങ്ങുന്നതിന ആ
മനുഷ്യന [ശെഷക്കാരൻ] ഇല്ലെ
ങ്കിൽ, അവന വെണ്ടി പാപശാ
ന്തിയുണ്ടാക്കപ്പെടുവാൻ ഉള്ളതായി
പാപശാന്തിക്കുള്ള ആട്ടുകൊററനു
മല്ലാതെ യഹൊവായിക്ക, ആചാ
ര്യന തന്നെ, ആ കുററം ചെയ്തത
തിരിച്ച കൊടുക്കപ്പെടെണം.
൯ യിസ്രാഎൽ പുത്രന്മാർ ആ
ചാര്യന്റെ അടുക്കൽ കൊണ്ടുവരു
ന്ന അവരുടെ ശുദ്ധമുള്ള സകല
വസ്തുക്കളുടെയും ഒരൊ കാഴ്ചയും അ
വനുള്ളതായിരിക്കെണം.
൰ ഒരൊ മനുഷ്യന്റെ ശുദ്ധമു
ള്ള വസ്തുക്കളും അവനുള്ളവയായി
രിക്കെണം: ഒരു മനുഷ്യൻ ആചാ
ര്യന കൊടുക്കുന്നത അവനുള്ളതാ
യിരിക്കെണം.
൰൧ ¶ പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ച പറഞ്ഞു;
൰൨ നീ യിസ്രാഎൽ പുത്രന്മാരൊ
ട സംസാരിച്ച, അവരൊട പറയെ
ണ്ടുന്നത, യാതൊരു പുരുഷന്റെ
ഭാൎയ്യ തെററിപ്പൊയി, അവന വി
രൊധമായി കുററം ചെയ്കയും,
൰൩ ഒരുത്തൻ അവളൊട കൂടെ
അനുഭൊഗമായി ശയിച്ച, അത
അവളുടെ ഭൎത്താവിന്റെ കണ്ണുക
ളിൽനിന്ന മറയപ്പെട്ട, പ്രത്യക്ഷ
മാകാതെ ഇരിക്കയും, അവൾ അ
ശുദ്ധപ്പെടുകയും ചെയ്യുമ്പൊൾ, അ
വൾക്ക വിരൊധമായി സാക്ഷി
യില്ലാതെയും, അവൾ പിടിപെടാ
തെയും ഇരിക്കയും,
൰൪ വൈരാഗ്യമുള്ള ആത്മാവ അ
വന്റെ മെൽ വന്ന, അവൻ ത
ന്റെ ഭാൎയ്യയെ കുറിച്ച വൈരാഗ്യ
മുള്ളവനായിരിക്കയും, അവൾ അ
ശുദ്ധപ്പെടുകയും ചെയ്താലൊ, അ
ല്ലെങ്കിൽ വൈരാഗ്യമുള്ള ആത്മാവ
അവന്റെ മെൽ വരികയും, അവ
ൻ തന്റെ ഭാൎയ്യയെ കുറിച്ച വൈ
രാഗ്യമുള്ളവനായിരിക്കയും, അവൾ
അശുദ്ധപ്പെടാതെ ഇരിക്കയും ചെ
യ്താലൊ,

൰൫ അപ്പൊൾ ആ പുരുഷൻ ത
ന്റെ ഭാൎയ്യയെ ആചാൎയ്യന്റെ അട്ട
ക്കൽ കൊണ്ടുചെല്ലെണം, അവൾ
ക്ക വെണ്ടി അവളുടെ കാഴ്ചയായി
ട്ട ഒരു പറ യവ പൊടിയിൽ പ
ത്തിലൊരു പങ്കിനെ അവൻ കൊ
ണ്ടുചെല്ലെണം: അവൻ അതി
ന്മെൽ എണ്ണ ഒഴിക്കയും അരുത, കു
ന്തുരുക്കം ഇടുകയും അരുത: എന്തു
കൊണ്ടെന്നാൽ അത വൈരാഗ്യ
ത്തിന്റെ കാഴ്ച, അന്യായത്തെ ഒ
ൎമ്മപ്പെടുത്തുന്ന ഒൎമ്മക്കുള്ള കാഴ്ച
[ആകുന്നു.]
൰൬ പിന്നെ ആചാൎയ്യൻ അവ
ളെ അടുക്കൽ വരുത്തി, അവളെ യ
ഹൊവായുടെ മുമ്പാകെ നിൎത്തെ
ണം.
൰൭ ആചാൎയ്യൻ ഒരു മണ്പാത്രത്തി
ൽ ശുദ്ധവെള്ളം എടുത്ത, കൂടാര
ത്തിന്റെ തറയിൽ ഉള്ള പൊടിയി
ൽനിന്ന [കുറെ] ആചാൎയ്യൻ എടു
ത്ത, ആ വെള്ളത്തിൽ ഇടെണം.
൰൮ പിന്നെ ആചാൎയ്യൻ ആ
സ്ത്രീയെ യഹൊവായുടെ മുമ്പാകെ
നിൎത്തി, ആ സ്ത്രീയുടെ തലയെ ന
ഗ്നമാക്കി, വൈരാഗ്യത്തിന്റെ കാ
ഴ്ചയാകുന്ന ഒൎമ്മക്കുള്ള കാഴ്ചയെ
അവളുടെ കൈകളിൽ വെക്കെണം:
ആചാൎയ്യന തന്റെ കയ്യിൽ ശാ
പം വരുത്തുന്ന കൈപ്പുള്ള വെള്ള
വും ഉണ്ടായിരിക്കെണം.
൰൯ പിന്നെ ആചാൎയ്യൻ അവ
ളെ കൊണ്ട ആണയിടുവിച്ച, ഒ
രുത്തനും നിന്നൊട കൂടെ കിടക്കാ
തെയും, നീ നിന്റെ ഭൎത്താവിന പ
കരമായി [മറെറാരുത്തനൊട കൂടെ]
അശുദ്ധിയിലെക്ക ചാഞ്ഞു പൊ
കാതെയും ഇരുന്നു എങ്കിൽ, ശാപ
ത്തെ വരുത്തുന്ന കൈപ്പുള്ള ൟ
വെള്ളത്തിൽനിന്ന നീ ഒഴിഞ്ഞിരി
ക്ക എന്ന ആ സ്ത്രീയൊട പറയെ
ണം.
൨൰ എന്നാൽ നീ നിന്റെ ഭൎത്താ
വിന പകരമായി [മറെറാരുത്ത
ന്റെ അടുക്കൽ] ചാഞ്ഞുപൊയി,
നീ അശുദ്ധപ്പെടുകയും, നിന്റെ
ഭൎത്താവ ഒഴികെ മറെറാരു പുരുഷ
ൻ നിന്നൊട കൂടെ ശയിക്കയും ചെ
യ്തിട്ടുണ്ടെങ്കിൽ,
൨൰൧ അപ്പൊൾ ആചാൎയ്യൻ ശാ
പത്തിന്റെ ആണ ആ സ്ത്രീയെ
കൊണ്ട ഇടുവിച്ച, ആ സ്ത്രീയൊട,
യഹൊവാ നിന്റെ തുടയെ ചീ
യിക്കയും, നിന്റെ വയറിനെ വീ
ൎപ്പിക്കയും ചെയ്യുമ്പൊൾ, നിന്റെ
ജനത്തിന്റെ ഇടയിൽ യഹൊ
വാ നിന്നെ ശാപവും ആണയും
ആക്കി തീൎക്കട്ടെ എന്നും,
൨൰൨ നിന്റെ വയറിനെ വീൎപ്പി
പ്പാനും നിന്റെ തുടയെ ചീയി
പ്പാനും ശാപത്തെ വരുത്തുന്ന ൟ
വെള്ളം നിന്റെ കുടലുകളിൽ പ്ര
വെശിക്കും എന്നും ആചാൎയ്യൻ പ
റയെണം: ആ സ്ത്രീ, ആമെൻ,
ആമെൻ, എന്ന പറകയും വെ
ണം.
൨൰൩ പിന്നെ ആചാൎയ്യൻ ൟ
ശാപങ്ങളെ ഒരു പുസ്തകത്തിൽ എ
ഴുതി, കൈപ്പുള്ള വെള്ളം കൊണ്ട
അവയെ മായിച്ച കളയെണം.
൨൰൪ അവൻ ശാപത്തെ വരുത്തു
ന്ന കൈപ്പുള്ള വെള്ളം ആ സ്ത്രീയെ
കൊണ്ട കുടിപ്പിക്കയും വെണം:
ശാപത്തെ വരുത്തുന്ന വെള്ളം അ
വളുടെ ഉള്ളിൽ പ്രവെശിച്ച, കൈ
പ്പായി തീരുകയും ചെയ്യും.
൨൰൫ അപ്പൊൾ ആചാൎയ്യൻ സ്ത്രീ
യുടെ കയ്യിൽനിന്ന വൈരാഗ്യകാ
ഴ്ചയെ വാങ്ങി, ആ കാഴ്ചയെ യ
ഹൊവായുടെ മുമ്പാകെ ആട്ടി, ബ

ബലി പീഠത്തിന്മെൽ അതിനെ കഴിക്കെണം.

൨൬ പിന്നെ ആചാൎയ്യൻ അതിന്റെ ഒൎമ്മയായിട്ട കാഴ്ചയിൽ ഒരു കൈപിടി എടുത്ത, ബലിപീഠത്തിന്മെൽ അതിനെ ദഹിപ്പിക്കെണം, പിന്നത്തെതിൽ സ്ത്രീയെ ആ വെള്ളം കുടിപ്പിക്കയും വെണം.

൨൭ അവൻ അവളെ വെള്ളം കുടിപ്പിച്ചതിന്റെ ശെഷം ഉണ്ടാകെണ്ടുന്നത എന്തെന്നാൽ, അവൾ അശുദ്ധിപ്പെട്ട, അവളുടെ ഭൎത്താവിന വിരൊധമായി കുററം ചെയ്തിട്ടുണ്ടെങ്കിൽ, ശാപത്തെ വരുത്തുന്ന വെള്ളം അവളുടെ ഉള്ളിൽ പ്രവെശിച്ച, കൈപ്പായി തീരും, അവളുടെ വയർ വീക്കയും, അവളുടെ തുട ചീകയും, ആ സ്ത്രീ തന്റെ ജനത്തിന്റെ ഇടയിൽ ശാപമായിരിക്കയും ചെയ്യും.

൨൮ എന്നാൽ ആ സ്ത്രീ അശുദ്ധിപ്പെടാതെ ശുദ്ധമുള്ളവൾ ആകുന്നു എങ്കിൽ, അപ്പൊൾ അവൾ കുററം കൂടാത്തവളായിരുന്ന, ഗൎഭം ധരിക്കും.

൨൯ ഒരു ഭാൎയ്യ തന്റെ ഭൎത്താവിന പകരം [മറെറാരുത്തന്റെ അടുക്കൽ] ചാഞ്ഞ പൊയി, അശുദ്ധിപ്പെടുമ്പൊൾ,

൩൦ അല്ലെങ്കിൽ വൈരാഗ്യത്തിന്റെ ആത്മാവ അവന്റെ മെൽ വന്ന, അവൻ തന്റെ ഭാൎയ്യയുടെ നെരെ വൈരാഗ്യമുള്ളവനായി, യഹൊവായുടെ മുമ്പാകെ ആ സ്ത്രീയെ നിൎത്തുമ്പൊൾ, വൈരാഗ്യങ്ങളുടെ ന്യായപ്രമാണം ഇത [ആകുന്നു;] ആചാൎയ്യൻ ഀ ന്യായപ്രമാണത്തെ ഒക്കെയും അവളിൽ നടത്തിക്കെണം.

൩൧ അപ്പൊൾ ആ പുരുഷൻ അക്കൃത്യത്തിൽനിന്ന കുററം കൂടാത്തവനായി ഇരിക്കും, ഀ സ്ത്രീ അവളുടെ അക്കൃത്യത്തെ വഹിക്കയും ചെയ്യും.

൬ അദ്ധ്യായം.

൧ നസറായക്കാരന്റെ ന്യായം.—൨൨ ജനത്തെ അനുഗ്രഹിപ്പാനുള്ള രീതി.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച പറഞ്ഞു,

൨ നീ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ച അവരൊട പറയെണം; പുരുഷൻ എങ്കിലും, സ്ത്രീ എങ്കിലും യഹൊവായിക്കായി വെൎപിരിഞ്ഞിരിക്കുന്നതിന, നസറായക്കാരന്റെ നെൎച്ച നെരുവാൻ വെൎപിരിയുമ്പൊൾ,

൩ അവൻ വീഞ്ഞിൽനിന്നും ലഹരിയുള്ള പാനീയത്തിൽനിന്നും ഒഴിഞ്ഞിരിക്കെണം; അവൻ വീഞ്ഞിന്റെ കാടിയെയും ലഹരിയുള്ള പാനീയത്തിന്റെ കാടിയെയും കുടിക്കരുത, മുന്തിരിങ്ങാപ്പഴങ്ങളുടെ യാതൊരു വിധമുള്ള ചാറിനെയും കുടിക്കയുമരുത, മുന്തിരിങ്ങാപ്പഴങ്ങളെ പച്ചയായിട്ട എങ്കിലും, ഉണങ്ങിയവയായിട്ട എങ്കിലും ഭക്ഷിക്കയും അരുത.

൪ അവൻ നസറായക്കാരനാകുന്ന നാളുകൾ ഒക്കെയും കുരു മുതൽ തൊലിവരെയും മുന്തിരിങ്ങാകൊണ്ട ഉണ്ടാക്കപ്പെടുന്ന ഒന്നിനെയും അവൻ ഭക്ഷിക്കയും അരുത.

൫ അവൻ നസറായക്കാരൻ എന്ന നെൎച്ചയുള്ള നാളുകൾ ഒക്കെയും ക്ഷൌരക്കത്തി അവന്റെ തലയിന്മെൽ വരരുത: അവൻ യഹൊവായിക്കായിട്ട വെർപിരിഞ്ഞിരിക്കുന്ന നാളുകൾ തികയുന്ന വരെയും അവൻ ശുദ്ധമുള്ളവനായിരിക്കെണം, അവന്റെ തലയിലെ രൊമങ്ങളെ വളൎത്തുകയും വെണം.

൬ അവൻ യഹൊവായിക്കായിട്ട വെർപിരിഞ്ഞിരിക്കുന്ന നാളുകൾ ഒക്കെയും, അവൻ ചത്ത ശവത്തിന്റെ അടുക്കൽ ചെല്ലരുത.

൭ അവൻ തന്റെ പിതാവിനെ കുറിച്ച എങ്കിലും, തന്റെ മാതാവിനെ കുറിച്ച എങ്കിലും, തന്റെ സഹൊദരനെ കുറിച്ച എങ്കിലും, തന്റെ സഹൊദരിയെ കുറിച്ച എങ്കിലും, അവർ മരിക്കുമ്പൊൾ, തന്നെ താൻ അശുദ്ധിപ്പെടുത്തരുത; എന്തുകൊണ്ടെന്നാൽ അവന്റെ ദൈവത്തിന്റെ നസറായ നെൎച്ച അവന്റെ തലയിന്മെൽ[ഇരിക്കുന്നു.]

൮ അവൻ നസറായക്കാരനാകുന്ന നാളുകൾ ഒക്കെയും, അവൻ യഹൊവായിക്ക ശുദ്ധമുള്ളവൻ [ആകുന്നു.]

൯ അവന്റെ അടുക്കൽ വല്ലവനും എററവും പെട്ടന്ന മരിച്ചതിനാൽ അവൻ തന്റെ നസറായ നെൎച്ചയുടെ തലയെ അശുദ്ധമാക്കിയാൽ, അവൻ തന്റെ ശുദ്ധീകരണ ദിവസത്തിൽ തന്റെ തലയെ ക്ഷൌരം ചെയ്യെണം, എഴാം ദിവസത്തിൽ അവൻ അതിനെ ക്ഷൌരം ചെയ്യെണം.

൰ എട്ടാം ദിവസം അവൻ രണ്ട കാട്ടുപ്രാവുകളെ, അല്ലെങ്കിൽ രണ്ട പ്രാവുകുഞ്ഞുങ്ങളെ ആചാൎയ്യന്റെ അടുക്കൽ സംഘത്തിന്റെ കൂടാരവാതുക്കൽ കൊണ്ടുവരെണം.

൰൧ അപ്പൊൾ ആചാൎയ്യൻ ഒന്നിനെ പാപബലിയായിട്ടും, മററതിനെ ഹൊമബലിയായിട്ടും കഴിച്ച, ശവത്താൽ അവൻ പാപം ചെയ്തുകൊണ്ട അവന വെണ്ടി പരിഹാരം ചെയ്തു, അവന്റെ തലയെ ആ നാളിൽ തന്നെ ശുദ്ധമാക്കെണം.

൰൨ പിന്നെ അവൻ തന്റെ നസറായ നെൎച്ചയുടെ ദിവസങ്ങളെ യഹൊവായിക്കായി മുഖ്യമാക്കി, ഒരു വയസ്സുള്ള ഒരു ആട്ടുകുട്ടിയെ കുററ ബലിക്കായിട്ട കൊണ്ടുവരെണം: എന്നാൽ മുമ്പിലത്തെ ദിവസങ്ങൾ നീങ്ങി ഇരിക്കെണം; എന്തുകൊണ്ടെന്നാൽ അവന്റെ നസറായ നെൎച്ച അശുദ്ധിപ്പെട്ടിരുന്നു.

൰൩ നസറായക്കാരന്റെ ന്യായപ്രമാണം ഇത [ആകുന്നു:] അവന്റെ നസറായ നെൎച്ചയുടെ ദിവസങ്ങൾ തികഞ്ഞിരിക്കുമ്പൊൾ, അവൻ സംഘത്തിന്റെ കൂടാര വാതുക്കൽ കൊണ്ടുവരപ്പെടെണം;

൰൪ അപ്പൊൾ അവൻ യഹൊവായിക്ക തന്റെ വഴിപാടായിട്ട ഹൊമ ബലിക്കായിട്ട ഒരു വയസ്സുള്ള കുററമില്ലാത്ത ഒരു ആണാട്ടുകുട്ടിയെയും, പാപ ബലിക്കായിട്ട ഒരു വയസ്സുള്ള കുററമില്ലാത്ത ഒരു പെണ്ണാട്ടു കുട്ടിയെയും, സമാധാന ബലികൾക്കായിട്ട കുററമില്ലാത്ത ഒരു ആട്ടുകൊററനെയും,

൰൫ ഒരു കൊട്ട പുളിപ്പില്ലാത്ത അപ്പങ്ങളെയും, എണ്ണയിൽ കുഴച്ച നെരിയ മാവുകൊണ്ടുള്ള ദൊശകളെയും, എണ്ണ പിരട്ടി പുളിപ്പില്ലാത്ത അപ്പമാകുന്ന അടകളെയും, അവയുടെ ആഹാര ബലിയെയും, അവയുടെ പാനീയ ബലികളെയും കഴിക്കെണം.

൰൬ ആചാൎയ്യൻ [അവയെ] യഹൊവായുടെ മുമ്പാകെ കൊണ്ടുവന്ന, അവന്റെ പാപബലിയെയും അവന്റെ ഹൊമ ബലിയെയും കഴിക്കെണം.

൰൭ ആട്ടുകൊററനെ, ആ കൊട്ടയിലെ പുളിപ്പില്ലാത്ത അപ്പത്തൊട കൂ

ടെ അവൻ യഹൊവായിക്ക സമാ
ധാന ബലിക്കായിട്ട കഴിക്കെണം:
ആചാൎയ്യൻ അവന്റെ ആഹാര
ബലിയെയും, അവന്റെ പാനീയ
ബലിയെയും കൂടെ കഴിക്കെണം.
൧൮ അപ്പൊൾ നസറായക്കാരൻ
തന്റെ നെൎച്ചയായുള്ള തലമുടിയെ
സംഘത്തിന്റെ കൂടാര വാതുക്കൽ
വെച്ച ക്ഷൌരം ചെയ്തു, തന്റെ
നെൎച്ചയായുള്ള തലമുടിയെ എടുത്ത,
സമാധാന ബലിയുടെ കീഴെയുള്ള
തീയിൽ ഇടെണം.
൧൯ നസറായക്കാരന്റെ നെൎച്ച
യായുള്ള തലമുടി ക്ഷൌരം ചെയ്യ
പ്പെട്ടതിന്റെ ശെഷം, ആചാൎയ്യൻ
ആ ആട്ടുകൊററന്റെ വെവിക്കപ്പെ
ട്ട മുൻകയ്യിനെയും, കൊട്ടയിൽനി
ന്ന പുളിപ്പില്ലാത്ത ഒരു ദൊശയെ
യും, പുളിപ്പില്ലാത്ത ഒര അടയെയും
എടുത്ത, [അവയെ] നസറായക്കാ
രന്റെ ഉള്ളങ്കയ്യിൽ വെക്കെണം.
൨൦ ആചാൎയ്യൻ അവയെ യഹൊ
വായുടെ മുമ്പാകെ ആട്ടുന്ന ബലി
യായിട്ട ആട്ടുകയും വെണം: ഇത
ആട്ടപ്പെടുന്ന നെഞ്ചൊടും ഉയൎത്ത
പ്പെടുന്ന മുൻ കയ്യൊടും കൂടെ, ആ
ചാൎയ്യന ശുദ്ധമുള്ളതാകുന്നു: അതി
ന്റെ ശെഷം നസറായക്കാരന
വീഞ്ഞ കുടിക്കയും ആം.
൨൧ നെൎന്നിട്ടുള്ള നസറായക്കാര
ന്റെയും, അവന്റെ കയ്യിൽ കിട്ടു
ന്നത കൂടാതെ, അവന്റെ നസറാ
യ നെൎച്ചെക്കായി യഹൊവായി
ക്ക അവൻ വഴിപാട കഴിക്കുന്നതി
ന്റെയും ന്യായപ്രമാണം ഇത [ആ
കുന്നു:] അവൻ നെൎന്നിട്ടുള്ള നെൎച്ച
പ്രകാരം തന്നെ, അവന്റെ നസ
റായ നെൎച്ചയുടെ ന്യായപ്രമാണ
ത്തിന ശരിയായി അവൻ ചെയ്യെ
ണം.
൨൨ ¶ പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ച പറഞ്ഞു;
൨൩ അഹറൊനൊടും അവന്റെ
പുത്രന്മാരൊടും നീ പറയെണ്ടുന്ന
ത എന്തെന്നാൽ, നിങ്ങൾ ഇപ്രകാ
രം യിസ്രാഎൽ പുത്രന്മാരെ അനു
ഗ്രഹിച്ച, അവരൊട പറയെണം:
൨൪ യഹൊവാ നിന്നെ അനുഗ്ര
ഹിച്ച, നിന്നെ കാക്കട്ടെ.
൨൫ യഹൊവാ തന്റെ മുഖത്തെ
നിന്റെ മെൽ പ്രകാശിപ്പിച്ച, നി
ന്നൊട കൃപയുള്ളവനാകട്ടെ;
൨൬ യഹൊവാ തന്റെ മുഖത്തെ
നിന്റെ മെൽ ഉയൎത്തി, നിനക്ക സ
മാധാനം തരുമാറാകട്ടെ;
൨൭ അവർ യിസ്രാഎൽ പുത്രന്മാ
രുടെ മെൽ എന്റെ നാമത്തെയും
വെക്കെണം, ഞാൻ അവരെ അ
നുഗ്രഹിക്കയും ചെയ്യും.

൭ അദ്ധ്യായം.

൧ പ്രഭുക്കന്മാരുടെ വഴിപാടുകൾ.—൮൯ ദൈവം കൃപാസനത്തിങ്കൽനിന്ന മൊശെയൊടു സംസാരിക്കുന്നത.

മൊശെ കൂടാരത്തെ നിവൎത്തി
കഴിഞ്ഞു, അതിനെയും അതിന്റെ
സകല ഉപകരണങ്ങളെയും അ
ഭിഷെകം ചെയ്തു ശുദ്ധമാക്കുകയും,
ബലിപീഠത്തെയും അതിന്റെ സ
കല പാത്രങ്ങളെയും, അഭിഷെകം
ചെയ്തു അവയെ ശുദ്ധമാക്കുകയും
ചെയ്ത ദിവസത്തിൽ ഉണ്ടായത എ
ന്തെന്നാൽ;
൨ തങ്ങളുടെ പിതാക്കന്മാരുടെ ഭ
വനത്തിൽ പ്രധാനികളും, ഗൊത്ര
ങ്ങളുടെ പ്രഭുക്കന്മാരും, എണ്ണപ്പെട്ട
വരുടെ മെൽവിചാരക്കാരും ആ
യി യിസ്രാഎൽ പ്രഭുക്കന്മാർ വഴി
പാടുകളെ കഴിച്ചു;
൩ അവർ യഹൊവായുടെ മുമ്പാ
കെ തങ്ങളുടെ വഴിപാടുകളായിട്ട മൂ

ടിയുള്ള ആറ വണ്ടികളെയും, പന്ത്ര
ണ്ട കാളകളെയും, ഒംരണ്ട പ്രഭു
ക്കന്മാൎക്ക ഒരു വണ്ടിയും, ഒരൊരു
ത്തന ഒരു കാളയും വീതം കൊണ്ടു
വന്നു: അവർ അവയെ കൂടാരത്തി
ന മുമ്പാകെ കൊണ്ടുവന്നു.
൪ അപ്പൊൾ യഹൊവാ മൊശെ
യൊട പറഞ്ഞു;
൫ അവരിൽനിന്ന അവയെ വാ
ങ്ങുക, അവ സംഘത്തിന്റെ കൂടാ
രത്തിലെ ശുശ്രൂഷചെയ്വാൻ ഇരി
ക്കട്ടെ: നീ അവയെ ലെവിയൎക്കാ
ൎക്ക ഒരൊരുത്തന അവനവന്റെ
വെലെക്ക തക്കവണ്ണം കൊടുക്കയും
വെണം.
൬ അപ്പൊൾ മൊശെ ആ വ
ണ്ടികളെയും കാളകളെയും വാങ്ങി,
അവയെ ലെവിയൎക്കാൎക്ക കൊടു
ത്തു.
൭ രണ്ട വണ്ടികളെയും നാല കാ
ളകളെയും, അവൻ ഗെൎശൊന്റെ
പുത്രന്മാൎക്ക, അവരുടെ വെലെക്ക
തക്കവണ്ണം, കൊടുത്തു.
൮ നാല വണ്ടികളെയും എട്ട കാ
ളകളെയും അവൻ മെറാറിയുടെ പു
ത്രന്മാൎക്ക, ആചാൎയ്യനായ അഹരൊ
ന്റെ പുത്രനായ ഇത്താമാറിന്റെ
കൈക്കീഴെയുള്ള അവരുടെ വെലെ
ക്ക തക്കവണ്ണം, കൊടുത്തു.
൯ എന്നാൽ കൊഹാതിന്റെ പു
ത്രന്മാൎക്ക അവൻ ഒന്നും കൊടുത്തി
ല്ല: എന്തുകൊണ്ടെന്നാൽ ശുദ്ധസ്ഥ
ലത്തെ അവൎക്കുള്ള വെല അവർ ത
ങ്ങളുടെ തൊളുകളിന്മെൽ ചുമപ്പാനു
ള്ളത [ആയിരുന്നു.]
൧൦ ¶ പിന്നെയും ബലിപീഠം
അഭിഷെകം ചെയ്യപ്പെട്ട ദിവസ
ത്തിൽ പ്രഭുക്കന്മാർ അതിന്റെ പ്ര
തിഷ്ഠെക്കായിട്ട വഴിപാടുകളെ കഴി
ച്ചു; പ്രഭുക്കന്മാർ തന്നെ ബലിപീഠ

ത്തിന മുമ്പാകെ അവരുടെ വഴിപാ
ടിനെ കഴിച്ചു.
൧൧ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു; ഒരൊ പ്രഭു ഒ
രൊ ദിവസത്തിൽ ബലിപീഠത്തി
ന്റെ പ്രതിഷ്ഠെക്കായിട്ട അവർ ത
ങ്ങളുടെവഴിപാടിനെ കഴിക്കെണം.
൧൨ ഒന്നാം ദിവസത്തിൽ തന്റെ
വഴിപാടിനെ കഴിച്ചവൻ യെഹൂ
ദായുടെ ഗൊത്രത്തിൽ അമ്മിനാദാ
ബിന്റെ പുത്രനായ നഹശൊൻ
ആയിരുന്നു.
൧൩ അവന്റെ വഴിപാട, ശുദ്ധ
സ്ഥലത്തെ ശെക്കലിൻ പ്രകാരം,
നൂററ മുപ്പത ശെക്കൽ തൂക്കമുള്ള ഒ
രു വെള്ളി താലവും, എഴുപത ശെ
ക്കൽ ഇടയുള്ള ഒരു വെള്ളി കലവും
[ആയിരുന്നു:] അവ രണ്ടും ആഹാ
ര ബലിക്ക എണ്ണയിൽ കുഴെച്ച മാ
വു കൊണ്ട നിറഞ്ഞിരുന്നു.
൧൪ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ
പത്ത [ശെക്കൽ] ഉള്ള ഒരു പൊൻ ത
വിയും;
൧൫ ഹൊമബലിക്കായിട്ട ഒരുകാ
ളക്കിടാവും, ഒരു ആട്ടുകൊററനും, ഒരു
വയസ്സുള്ള ഒരു കുഞ്ഞാടും:
൧൬ പാപബലിക്കായിട്ട ഒരുവെ
ള്ളാട്ടിൻ കുട്ടിയും;
൧൭ സമാധാന ബലികൾക്കായി
ട്ട രണ്ട കാളകളും, അഞ്ച ആട്ടുകൊ
ററന്മാരും, അഞ്ച വെള്ളാട്ടുകൊററ
ന്മാരും, ഒരു വയസ്സുള്ള അഞ്ച ആട്ടി
ൻകുട്ടികളും. ഇത അമ്മിനാദാബി
ന്റെ പുത്രനായ നഹശൊന്റെ വ
ഴിപാട [ആയിരുന്നു.]
൧൮ ¶ രണ്ടാം ദിവസത്തിൽ ഇ
സ്സാഖാറിന്റെ പ്രഭുവായി സൂവാ
റിന്റെ പുത്രനായ നതനയെൽ വ
ഴിപാട കഴിച്ചു:
൧൯ അവൻ തന്റെ വഴിപാടാ

യിട്ട കഴിച്ചത എന്തെന്നാൽ, ശുദ്ധസ്ഥലത്തെ ശെക്കലിൻ പ്രകാരം, നൂററമുപ്പത ശെക്കൽ ഇടയുള്ള ഒരു വെള്ളി താലവും, എഴുപത ശെക്കലുള്ള ഒരു വെള്ളി കലവും; അവ രണ്ടും ആഹാരബലിക്കായിട്ട എണ്ണെയിൽ കുഴച്ച നെരിയ മാവുകൊണ്ട നിറഞ്ഞവ [ആയിരുന്നു:]

൨൰ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ പത്ത ശെക്കൽ ഉള്ള ഒരു പൊൻ തവിയും;

൨൰൧ ഹൊമബലിക്കായി ഒരു കാളക്കിടാവും, ഒര ആട്ടുകൊററനും, ഒരു വയസ്സുള്ള ഒരു കുഞ്ഞാടും;

൨൰൨ പാപബലിക്കായിട്ട ഒരു വെള്ളാട്ടിൻ കുട്ടിയും:

൨൰൩ സമാധാന ബലികൾക്കായിട്ട രണ്ട കാളകളും, അഞ്ച ആട്ടുകൊററന്മാരും, അഞ്ച വെള്ളാട്ടുകൊററന്മാരും, ഒരു വയസ്സുള്ള അഞ്ച കുഞ്ഞാടുകളും തന്നെ. ഇത സൂവാറിന്റെ പുത്രനായ നതനയെലിന്റെ വഴിപാട [ആയിരുന്നു.]

൨൰൪ ¶ മൂന്നാം ദിവസത്തിൽ സെബുലുന്റെ പുത്രന്മാരുടെ പ്രഭുവായി, ഹെലൊന്റെ പുത്രനായ എലിയാബ [വഴിപാട കഴിച്ചു:]

൨൰൫ അവന്റെ വഴിപാട, ശുദ്ധസ്ഥലത്തെ ശെക്കലിൻ പ്രകാരം, നൂററമുപ്പത [ശെക്കൽ] തൂക്കമുള്ള ഒരു വെള്ളി താലവും, എഴുപത ശെക്കൽ ഉള്ള ഒരു വെള്ളി കലവും: ഇവ രണ്ടും ആഹാര ബലിക്കായി എണ്ണെയിൽ കുഴച്ച നെരിയ മാവുകൊണ്ട നിറഞ്ഞവ [ആയിരുന്നു:]

൨൰൬ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ പത്ത[ശെക്കൽ]ഉള്ള ഒരു പൊൻ തവിയും;

൨൰൭ ഹൊമബലിക്കായി ഒരു കാളക്കിടാവും, ഒര ആട്ടുകൊററനും, ഒരു വയസ്സുള്ള ഒരു കുഞ്ഞാടും;

൨൰൮ പാപബലിക്കായിട്ട ഒരു വെള്ളാട്ടിൻ കുട്ടിയും;

൨൰൯ സമാധാന ബലിക്കായിട്ട രണ്ട കാളകളും, അഞ്ച ആട്ടുകൊററന്മാരും, അഞ്ച വെള്ളാട്ടുകൊററന്മാരും, ഒരു വയസ്സുള്ള അഞ്ച കുഞ്ഞാടുകളും തന്നെ. ഇത ഹെലൊന്റെ പുത്രനായ എലിയാബിന്റെ വഴിപാട [ആയിരുന്നു.]

൩൰ ¶ നാലാം ദിവസത്തിൽ ശെദെയൂറിന്റെ പുത്രനായ എലിസൂറെന്ന രൂബെന്റെ പുത്രന്മാരിൽ പ്രഭു [വഴിപാട കഴിച്ചു:]

൩൰൧ അവന്റെ വഴിപാട, ശുദ്ധസ്ഥലത്തെ ശെക്കലിൻ പ്രകാരം, നൂററ മുപ്പത [ശെക്കൽ]തൂക്കമുള്ള ഒരു വെള്ളി താലവും, എഴുപത ശെക്കൽ ഉള്ള ഒരു വെള്ളി കലവും: ഇവ രണ്ടും ആഹാരബലിക്കായി എണ്ണെയിൽ കുഴച്ച നെരിയ മാവു കൊണ്ട നിറഞ്ഞവ [ആയിരുന്നു:]

൩൰൨ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ പത്ത[ശെക്കൽ]ഉള്ള ഒരു പൊൻ തവിയും:

൩൰൩ ഹൊമബലിക്കായിട്ട ഒരു കാളക്കിടാവും, ഒര ആട്ടുകൊററനും, ഒരു വയസ്സുള്ള ഒരു കുഞ്ഞാടും;

൩൰൪ പാപബലിക്കായി ഒരു വെള്ളാട്ടിൻ കുട്ടിയും;

൩൰൫ സമാധാന ബലികൾക്കായിട്ട രണ്ട കാളകളും, അഞ്ച ആട്ടുകൊററന്മാരും, അഞ്ച വെള്ളാട്ടുകൊററന്മാരും, ഒരു വയസ്സുള്ള അഞ്ച കുഞ്ഞാടുകളും തന്നെ. ഇത ശെദെയൂറിന്റെ പുത്രനായ എലിസൂറിന്റെ വഴിപാട [ആയിരുന്നു.]

൩൰൬ ¶ അഞ്ചാം ദിവസത്തിൽ സൂറിശദായുടെ പുത്രനായ ശെലുമിയെൽ എന്ന ശിമഒന്റെ പുത്രന്മാ

തിൽ പ്രഭു [വഴിപാട കഴിച്ചു:]
൩൭ അവന്റെ വഴിപാട, ശുദ്ധ
സ്ഥലത്തെ ശെക്കലിൻ പ്രകാരം,
നൂററ മുപ്പത [ശെക്കൽ] തൂക്കമുള്ള ഒ
രു വെള്ളി താലവും, എഴുപതശെക്ക
ൽ ഉള്ള ഒരു വെള്ളി കലവും: ഇവ ര
ണ്ടും ആഹാര ബലിക്കായി എണ്ണ
യിൽ കുഴച്ച നെരിയ മാവുകൊണ്ട
നിറഞ്ഞവ [ആയിരുന്നു:]
൩൮ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ
പത്ത [ശെക്കൽ] ഉള്ള ഒരു പൊൻത
വിയും;
൩൯ ഹൊമബലിക്കായിട്ട ഒരു
കാളക്കിടാവും, ഒര ആട്ടുകൊററനും,
ഒരു വയസ്സുള്ള ഒരു കുഞ്ഞാടും;
൪൦ പാപബലിക്കായിട്ട ഒരു വെ
ള്ളാട്ടിൻ കുട്ടിയും;
൪൧ സമാധാന ബലിക്കായിട്ടര
ണ്ട കാളകളും: അഞ്ച ആട്ടുകൊററ
ന്മാരും, അഞ്ച വെള്ളാട്ടു കൊററന്മാ
രും, ഒരു വയസ്സുള്ള അഞ്ച കുഞ്ഞാട്ട
കളും തന്നെ, ഇത സുറിശദായുടെ
പുത്രനായ ശെലുമിയെലിന്റെ വ
ഴിപാട [ആയിരുന്നു.]
൪൨ ¶ ആറാം ദിവസത്തിൽ ദെയു
വെലിന്റെ പുത്രനായ എലിയാ
സാഫ എന്ന ഗാദിന്റെ പുത്രന്മാ
രിൽ പ്രഭു [വഴിപാട കഴിച്ചു:]
൪൩ അവന്റെ വഴിപാട, ശുദ്ധ
സ്ഥലത്തെ ശെക്കലിൻ പ്രകാരം,
നൂററ മുപ്പത [ശെക്കൽ] തൂക്കമുള്ള
ഒരു വെള്ളി താലവും, എഴുപത ശെ
ക്കലുള്ള ഒരു വെള്ളി കലവും: ഇ
വ രണ്ടും ആഹാരബലിക്കായിട്ട
എണ്ണയിൽ കുഴച്ച നെരിയ മാവു
കൊണ്ട നിറഞ്ഞവ [ആയിരുന്നു:]
൪൪ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ
പത്ത [ശെക്കൽ] ഉള്ള ഒരു പൊൻത
വിയും;
൪൫ ഹൊമബലിക്കായിട്ട ഒരു കാ
ളക്കിടാവും, ഒര ആട്ടുകൊററനും, ഒ
രു വയസ്സുള്ള ഒരു കുഞ്ഞാടും:
൪൬ പാപബലിക്കായിട്ട ഒരു വെ
ള്ളാട്ടിൻ കുട്ടിയും;
൪൭ സമാധാന ബലികൾക്കായി
ട്ടരണ്ട കാളകളും, അഞ്ച ആട്ടുകൊററ
ന്മാരും, അഞ്ച വെള്ളാട്ടുകൊററന്മാ
രും, ഒരു വയസ്സുള്ള അഞ്ച കുഞ്ഞാ
ട്ടകളും തന്നെ, ഇത ദെയുവെലി
ന്റെ പുത്രനായ എലിയാസാഫി
ന്റെ വഴിപാട [ആയിരുന്നു.]
൪൮ ¶ എഴാം ദിവസത്തിൽ അ
മ്മിഹുദിന്റെ പുത്രനായ എലിശാ
മാ എന്ന എഫ്രായിമിന്റെ പുത്ര
ന്മാരിൽ പ്രഭു [വഴിപാട കഴിച്ചു:]
൪൯ അവന്റെ വഴിപാട, ശുദ്ധ
സ്ഥലത്തെ ശെക്കലിൻ പ്രകാരം,
നൂററ മുപ്പത [ശെക്കൽ] തൂക്കമുള്ള ഒ
രു വെള്ളി താലവും, എഴുപത ശെ
ക്കൽ ഉള്ള ഒരു വെള്ളി കലവും: ഇ
വ രണ്ടും ആഹാരബലിക്കായിട്ട
എണ്ണയിൽ കുഴച്ച നെരിയ മാവു
കൊണ്ട നിറഞ്ഞവ [ആയിരുന്നു:]
൫൦ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ
പത്ത [ശെക്കൽ] ഉള്ള ഒരു പൊൻത
വിയും;
൫൧ ഹൊമബലിക്കായിട്ട ഒരു
കാളക്കിടാവും, ഒര ആട്ടുകൊററനും,
ഒരു വയസ്സുള്ള ഒരു കുഞ്ഞാടും;
൫൨ പാപബലിക്കായിട്ട ഒരു വെ
ള്ളാട്ടിൻ കുട്ടിയും;
൫൩ സമാധാനബലികൾക്കായി
ട്ടരണ്ട കാളകളും, അഞ്ച ആട്ടുകൊററ
ന്മാരും, അഞ്ച വെള്ളാട്ടുകൊററന്മാ
രും, ഒരു വയസ്സുള്ള അഞ്ച കുഞ്ഞാട്ട
കളും തന്നെ, ഇത അമ്മിഹുദിന്റെ
പുത്രനായ എലിശാമായുടെ വഴി
പാട [ആയിരുന്നു.]
൫൪ ¶ എട്ടാം ദിവസത്തിൽ പെ
ദാഃസുറിന്റെ പുത്രനായ ഗമാലി

യെൽ എന്ന മനശ്ശെയ്യുടെ പുത്രന്മാ
രിൽ പ്രഭു [വഴിപാട കഴിച്ചു:]
൫൫ അവന്റെ വഴിപാട, ശുദ്ധ
സ്ഥലത്തെ ശെക്കലിൻ പ്രകാരം,
നൂറ്റമുപ്പത [ശെക്കൽ] തൂക്കമുള്ള ഒ
രു വെള്ളി താലവും, എഴുപത ശെ
ക്കൽ ഉള്ള ഒരു വെള്ളി കലവും: ഇവ
രണ്ടും ആഹാര ബലിക്കായിട്ട എ
ണ്ണയിൽകുഴച്ച നെരിയ മാവുകൊ
ണ്ട നിറഞ്ഞവ [ആയിരുന്നു:]
൫൬ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ
പത്ത [ശെക്കൽ] ഉള്ള ഒരു പൊൻ ത
വിയും;
൫൭ ഹൊമബലിക്കായിട്ട ഒരു കാ
ളക്കിടാവും, ഒര ആട്ടുകൊറ്റനും, ഒരു
വയസ്സുള്ള ഒരു കുഞ്ഞാടും;
൫൮ പാപബലിക്കായിട്ട ഒരു വെ
ള്ളാട്ടിൻ കുട്ടിയും;
൫൯ സമാധാന ബലികൾക്കായി
ട്ട രണ്ട കാളകളും, അഞ്ച ആട്ടുകൊ
റ്റന്മാരും, അഞ്ച വെള്ളാട്ടുകൊറ്റ
ന്മാരും, ഒരു വയസ്സുള്ള അഞ്ച കു
ഞ്ഞാടുകളും തന്നെ. ഇത പെദാഃ
സുറിന്റെ പുത്രനായ ഗമാലിയെ
ലിന്റെ വഴിപാട [ആയിരുന്നു.]
൬൦ ¶ ഒമ്പതാം ദിവസത്തിൽ ഗി
ദയൊനിയുടെ പുത്രനായ അബി
ദാൻ എന്ന ബെന്യാമിന്റെ പുത്ര
ന്മാരിൽ പ്രഭു [വഴിപാട കഴിച്ചു:]
൬൧ അവന്റെ വഴിപാട, ശുദ്ധ
സ്ഥലത്തെ ശെക്കലിൻ പ്രകാരം,
നൂറ്റ മുപ്പത [ശെക്കൽ] തൂക്കമുള്ള ഒ
രു വെള്ളി താലവും, എഴുപത ശെക്ക
ൽ ഉള്ള ഒരു വെള്ളി കലവും: ഇവ
രണ്ടും ആഹാര ബലിക്കായിട്ട എ
ണ്ണയിൽ കുഴച്ച നെരിയ മാവു കൊ
ണ്ട നിറഞ്ഞവ [ആയിരുന്നു:]
൬൨ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ
പത്ത [ശെക്കൽ] ഉള്ള ഒരു പൊൻ ത
വിയും.

൬൩ ഹൊമ ബലിക്കായിട്ട ഒരു
കാളക്കിടാവും, ഒര ആട്ടുകൊറ്റനും
ഒരു വയസ്സുള്ള ഒരു കുഞ്ഞാടും;
൬൪ പാപബലിക്കായിട്ട ഒരു വെ
ള്ളാട്ടിൻ കുട്ടിയും;
൬൫ സമാധാന ബലികൾക്കാ
യിട്ട രണ്ട കാളകളും, അഞ്ച ആട്ടു
കൊറ്റന്മാരും, അഞ്ച വെള്ളാട്ടുകൊ
റ്റന്മാരും, ഒരു വയസ്സുള്ള അഞ്ച കു
ഞ്ഞാടുകളും തന്നെ. ഇത ഗിദെയൊ
നിയുടെ പുത്രനായ അബിദാന്റെ
വഴിപാട [ആയിരുന്നു.]
൬൬ ¶ പത്താം ദിവസത്തിൽ അ
മ്മിശദായുടെ പുത്രനായ അഹിയെ
സെർ എന്ന ദാന്റെ പുത്രന്മാരിൽ
പ്രഭു [വഴിപാട കഴിച്ചു:]
൬൭ അവന്റെ വഴിപാട, ശുദ്ധ
സ്ഥലത്തെ ശെക്കലിൻ പ്രകാരം,
നൂറ്റമുപ്പത [ശെക്കൽ] തൂക്കമുള്ള ഒരു
വെള്ളി താലവും, എഴുപത ശെക്കൽ
ഉള്ള ഒരു വെള്ളി കലവും: ഇവ ര
ണ്ടും ആഹാരബലിക്കായിട്ട എണ്ണ
യിൽ കുഴച്ച നെരിയ മാവു കൊണ്ട
നിറഞ്ഞവ [ആയിരുന്നു:]
൬൮ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ
പത്ത [ശെക്കൽ] ഉള്ള ഒരു പൊൻ ത
വിയും;
൬൯ ഹൊമ ബലിക്കായിട്ട ഒരു
കാളക്കിടാവും, ഒര ആട്ടുകൊറ്റനും,
ഒരു വയസ്സുള്ള ഒരു കുഞ്ഞാടും;
൭൦ പാപബലിക്കായിട്ട ഒരു വെ
ള്ളാട്ടിൻ കുട്ടിയും;
൭൧ സമാധാന ബലികൾക്കായി
ട്ട രണ്ട കാളകളും, അഞ്ച ആട്ടുകൊ
റ്റന്മാരും, അഞ്ച വെള്ളാട്ടുകൊറ്റ
ന്മാരും, ഒരു വയസ്സുള്ള അഞ്ച കു
ഞ്ഞാടുകളും തന്നെ. ഇത അമ്മി
ശദായിയുടെ പുത്രനായ അഹി
യെസെറിന്റെ വഴിപാട [ആയി
രുന്നു.]

൭൨ ¶ പതിനൊന്നാം ദിവസത്തിൽ ഒക്രാന്റെ പുത്രനായ പഗിയെൽ എന്ന ആശെറിന്റെ പുത്രന്മാരിൽ പ്രഭു [വഴിപാട കഴിച്ചു.]

൭൩ അവന്റെ വഴിപാട, ശുദ്ധസ്ഥലത്തെ ശെക്കലിൻ പ്രകാരം, നൂററമുപ്പത [ശെക്കൽ] തൂക്കമുള്ള ഒരു വെള്ളിതാലവും, എഴപത ശെക്കൽ ഉള്ള ഒരു വെള്ളി കലവും: ഇവ രണ്ടും ആഹാര ബലിക്കായിട്ട എണ്ണയിൽ കുഴച്ചനെരിയ മാവുകൊണ്ട നിറഞ്ഞവ [ആയിരുന്നു.]

൭൪ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ പത്ത[ശെക്കൽ]ഉള്ള ഒരു പൊൻതവിയും;

൭൫ ഹൊമബലിക്കായിട്ട ഒരുകാളക്കിടാവും ഒര ആട്ടുകൊററനും, ഒരു വയസ്സുള്ള ഒരു കുഞ്ഞാടും ;

൭൬ പാപബലിക്കായിട്ട ഒരു വെള്ളാട്ടിൻ കുട്ടിയും;

൭൭ സമാധാന ബലികൾക്കായിട്ട രണ്ട കാളകളും, അഞ്ചു ആട്ടുകൊററന്മാരും, അഞ്ചു വെള്ളാട്ടുകൊററന്മാരും, ഒരു വയസ്സുള്ള അഞ്ചു കുഞ്ഞാടുകളുംതന്നെ. ഇത ഒക്രാന്റെ പുത്രനായ പഗിയെലിന്റെ വഴിപാട [ആയിരുന്നു.]

൭൮ ¶ പന്ത്രണ്ടാം ദിവസത്തിൽ എനാന്റെ പുത്രനായ അഹിറാ എന്ന നപ്താലിയുടെ പുത്രന്മാരിൽ പ്രഭു [വഴിപാട കഴിച്ചു;]

൭൯ അവന്റെ വഴിപാട, ശുദ്ധസ്ഥലത്തെ ശെക്കലിൻ പ്രകാരം, നൂററമുപ്പത [ശെക്കൽ] തൂക്കമുള്ള ഒരു വെള്ളി താലവും, എഴപത ശെക്കൽ ഉള്ള ഒരു വെള്ളി കലവും: ഇവരണ്ടും ആഹാരബലിക്കായിട്ട എണ്ണയിൽ കുഴച്ച നെരിയ മാവു കൊണ്ട നിറഞ്ഞവ [ആയിരുന്നു:]

൮൦ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ പത്ത[ശെക്കൽ]ഉള്ള ഒരു പൊൻതവിയും;

൮൧ ഹൊമബലിക്കായിട്ട ഒരു കാളക്കിടാവും, ഒര ആട്ടുകൊററനും, ഒരു വയസ്സുള്ള ഒരു കുഞ്ഞാടും;

൮൨ പാപബലിക്കായിട്ടഒരു വെള്ളാട്ടിൻ കുട്ടിയും;

൮൩ സമാധാന ബലികൾക്കായിട്ട രണ്ട കാളകളും, അഞ്ചു ആട്ടുകൊററന്മാരും, അഞ്ചു വെള്ളാട്ടുകൊററന്മാരും, ഒരു വയസ്സുള്ള അഞ്ചു കുഞ്ഞാടുകളും തന്നെ. ഇത എനാന്റെ പുത്രനായ അഹിറായുടെ വഴിപാട [ആയിരുന്നു.]

൮൪ യിസ്രാഎലിന്റെ പ്രഭുക്കന്മാരാൽ ബലിപീഠം അഭിഷെകം ചെയ്യപ്പെട്ട നാളിൽ അതിനുള്ള പ്രതിഷ്ഠ ഇത ആയിരുന്നു: പന്ത്രണ്ട വെള്ളി താലങ്ങളും, പന്ത്രണ്ട വെള്ളി കലങ്ങളും, പന്ത്രണ്ട പൊൻ തവികളും;

൮൫ ഒരൊ വെള്ളി താലം നൂററമുപ്പത[ശെക്കൽ തൂക്കവും]ഒരൊ കലം എഴപത [ശെക്കൽ തൂക്കവും] വീതം: വെള്ളി പാത്രങ്ങൾ എല്ലാം, ശുദ്ധസ്ഥലത്തെ ശെക്കലിൻ പ്രകാരം, രണ്ടായിരത്ത നാനൂറ [ശെക്കൽ തൂക്കമായിരുന്നു.]

൮൬ ധൂപവൎഗ്ഗം കൊണ്ട നിറഞ്ഞ പൊൻ തവികൾ പന്ത്രണ്ടും, ഒരൊന്ന, ശുദ്ധസ്ഥലത്തെ ശെക്കലിൻ പ്രകാരം, പതുപ്പത്ത [ശെക്കൽ തൂക്കമായി:] തവികളുടെ പൊൻ എല്ലാം കൂടി നൂററിരുപത[ശെക്കൽ ആയിരുന്നു.]

൮൭ ഹൊമ ബലിക്കുള്ള കാളക്കിടാക്കൾ എല്ലാം കൂടി കിടാക്കൾ പന്ത്രണ്ടും, ആട്ടുകൊററന്മാർ പന്ത്രണ്ടും, അവയുടെ ആഹാര ബലിയൊട

കൂടെ ഒരു വയസ്സുള്ള കുഞ്ഞാടുകൾ പന്ത്രണ്ടും; പാപ ബലിക്കായിട്ട വെള്ളാട്ടിൻകുട്ടികൾ പന്ത്രണ്ടും [ആയിരുന്നു.]

൮൮ സമാധാന ബലികൾക്കായിട്ട കാളകൾ എല്ലാം കൂടി ഇരുപത്തനാല കാളക്കുട്ടികളും; ആട്ടുകൊററന്മാർ അറുപതും, വെള്ളാട്ടിൻ കൊററന്മാർ അറുപതും, ഒരു വയസ്സുള്ള കുഞ്ഞാടുകൾ അറുപതും [ആയിരുന്നു.] ബലിപീഠം അഭിഷെകം ചെയ്യപ്പെട്ടതിന്റെ ശെഷം അതിന്റെ പ്രതിഷ്ഠ ഇത [ആയിരുന്നു.]

൮൯ ¶ മൊശെ അവനൊട സംസാരിപ്പാനായിട്ട സംഘത്തിന്റെ കൂടാരത്തിൽ പ്രവെശിച്ചപ്പൊൾ, സാക്ഷിയുടെ പെട്ടകത്തിന മെലുള്ള കൃപാസനത്തിങ്കൽനിന്ന, രണ്ടു ഖെറുബുകളുടെ നടുവിൽനിന്ന, തന്നൊട സംസാരിക്കുന്ന ഒരുത്തന്റെ ശബ്ദത്തെ അവൻ കെട്ടു: അവൻ അവനൊട സംസാരിക്കയും ചെയ്തു.

൮ അദ്ധ്യായം.

൧ വിളക്കുകളെ ഇന്ന പ്രകാരം കൊളുത്തെണമെന്നുള്ളത.—൫ ലെവിയക്കാരുടെ പ്രതിഷ്ഠ. ൨൩. അവരുടെ പ്രായവും ശുശ്രൂഷ കാലവും.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൨ നീ വിളക്കുകളെ കൊളുത്തുമ്പൊൾ, എഴ വിളക്കുകൾ വിളക്കുതണ്ടിന നെരെ പ്രകാശം കൊടുക്കെണം എന്ന അഹറൊനൊട സംസാരിച്ച, അവനൊട പറക.

൩ അഹറൊൻ അപ്രകാരം ചെയ്തു: യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം തന്നെ, അവൻ വിളക്കുതണ്ടിന നെരെ അതിന്റെ വിളക്കുകളെ കൊളുത്തി.

൪ ഇതും വിളക്കു തണ്ടിന്റെ പണി അടിക്കപ്പെട്ട പൊന്നു കൊണ്ട [ആയിരുന്നു;] അതിന്റെ ചുവട മുതൽ, അതിന്റെ പുഷ്പങ്ങൾ വരെയും അടിപ്പു പണി [ആയിരുന്നു:] യഹൊവാ മൊശെക്ക കാണിച്ച മാതൃക പ്രകാരം തന്നെ, അവൻ നിലവിളക്കിനെ ഉണ്ടാക്കി.

൫ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൬ ലെവിയക്കാരെ യിസ്രാഎൽ പുത്രന്മാരുടെ ഇടയിൽനിന്ന എടുത്ത, അവരെ ശുദ്ധീകരിക്ക.

൭ അവരെ ശുദ്ധീകരിക്കുന്നതിന നീ അവരൊട ഇപ്രകാരം ചെയ്യെണം: പരിഹാരമുള്ള വെള്ളത്തെ അവരുടെ മെൽ തളിക്ക, പിന്നെ അവർ തങ്ങളുടെ മാംസത്തെ എല്ലാം ക്ഷൌരം ചെയ്തു, അവർ തങ്ങളുടെ വസ്ത്രങ്ങളെ അലക്കി, അപ്രകാരം തന്നെ തങ്ങളെ ശുദ്ധീകരിക്കട്ടെ.

൮ അതിന്റെ ശെഷം അവർ ഒരു കാളക്കിടാവിനെയും എണ്ണയിൽ കുഴച്ച നെരിയ മാവായി അതിനുള്ള ആഹാര ബലിയെയും എടുക്കട്ടെ. പാപബലിക്കായിട്ട വെറെ ഒരു കാളക്കിടാവിനെയും നീ എടുക്കെണം.

൯ ലെവിയക്കാരെ സംഘത്തിന്റെ കൂടാരത്തിന മുമ്പാകെ നീ കൊണ്ടുവരെണം, യിസ്രാഎൽ പുത്രന്മാരുടെ സംഘത്തെ മുഴുവനും ഒരുമിച്ച കൂട്ടുകയും വെണം.

൧൦ പിന്നെ നീ ലെവിയക്കാരെ യഹൊവായുടെ മുമ്പാകെ കൊണ്ടുവരെണം; യിസ്രാഎൽ പുത്രന്മാർ തങ്ങളുടെ കൈകളെ ലെവിയക്കാരുടെ മെൽ വെക്കയും വെണം.

൧൧ പിന്നെ ലെവിയക്കാർ യഹൊവായിക്ക ശുശ്രൂഷയെ നടത്തു

ന്നവർ ആകെണ്ടുന്നതിന, അഹ
റൊൻ അവരെ യഹൊവായുടെ മു
മ്പാകെ യിസ്രാഎൽ പുത്രന്മാരിൽ
നിന്ന വഴിപാടായിട്ട നിൎത്തെണം.
൧൨ ലെവിയക്കാരും തങ്ങളുടെ
കൈകളെ കാളക്കിടാക്കളുടെ തലക
ളിന്മെൽ വെക്കെണം: പിന്നെ ലെ
വിയക്കാൎക്ക വെണ്ടി പാപപരിഹാ
രം ചെയ്വാനായിട്ട നീ യഹൊവാ
യിക്ക ഒന്നിനെ പാപ ബലിക്കാ
യിട്ടും; മറെറതിനെ ഹൊമ ബലി
ക്കായിട്ടും കഴിക്കെണം.
൧൩ നീ ലെവിയക്കാരെ അഹ
റൊൻെറ മുമ്പാകെയും; അവൻെറ
പുത്രന്മാരുടെ മുമ്പാകെയും നിൎത്തി,
അവരെ യഹൊവായിക്ക വഴിപാ
ടായിട്ട കഴിക്കെണം.
൧൪ നീ ഇപ്രകാരം ലെവിയക്കാ
രെ യിസ്രാഎൽ പുത്രന്മാരുടെ ഇ
ടയിൽനിന്ന വെൎതിരിക്കെണം;
ലെവിയക്കാർ ഇനിക്കുള്ളവരായി
രിക്കയും വെണം.
൧൫ അതിൻെറ ശെഷം ലെവി
യക്കാർ സംഘത്തിൻെറ കൂടാരത്തി
ൽ ശുശ്രൂഷ ചെയ്വാൻ പ്രവെശി
ക്കെണം: നീ അവരെ ശുദ്ധീകരി
ച്ച, അവരെ വഴിപാടായിട്ട കഴി
ക്കയും വെണം.
൧൬ എന്തുകൊണ്ടെന്നാൽ യിസ്രാ
എൽ പുത്രന്മാരുടെ ഇടയിൽനിന്ന
അവർ അശെഷം ഇനിക്ക നൽക
പ്പെട്ടിരിക്കുന്നു; എല്ലാ യിസ്രാഎ
ൽ പുത്രന്മാരിലും ആദ്യജാതന്മാരാ
യി, ഒരൊ ഗൎഭം തുറക്കുന്നവൎക്ക പ
കരമായിട്ട, ഞാൻ അവരെ ഇനി
ക്കായിട്ട എടുത്തിരിക്കുന്നു.
൧൭ എന്തുകൊണ്ടെന്നാൽ യിസ്രാ
എൽ പുത്രന്മാരിൽ, മനുഷ്യരിലും മൃ
ഗങ്ങളിലും, ഉള്ള കടിഞ്ഞൂൽ ഒക്കെ
യും ഇനിക്കുള്ളത [ആകുന്നു:] ഞാ
ൻ മിസ്രയിം ദെശത്തുള്ള കടിഞ്ഞൂ
ലുകളെ ഒക്കെയും നശിപ്പിച്ച നാ
ളിൽ ഞാൻ അവയെ ഇനിക്കായി
ശുദ്ധീകരിച്ചു.
൧൮ പിന്നെ ഞാൻ ലെവിയ
ക്കാരെ യിസ്രാഎൽ പുത്രന്മാരിൽ
ഉള്ള എല്ലാ കടിഞ്ഞൂൽകൾക്കും പ
കരമായി എടുത്തിരിക്കുന്നു.
൧൯ സംഘത്തിൻെറ കൂടാരത്തിൽ
യിസ്രാഎൽ പുത്രന്മാരുടെ ശുശ്രൂ
ഷയെ ചെയ്വാനായിട്ടും, യിസ്രാഎ
ൽ പുത്രന്മാൎക്ക വെണ്ടി പരിഹാ
രം ചെയ്വാനായിട്ടും, യിസ്രാഎൽ
പുത്രന്മാർ ശുദ്ധസ്ഥലത്തിന അ
ടുത്ത വരുമ്പൊൾ, യിസ്രാഎൽ പു
ത്രന്മാരുടെ ഇടയിൽ ബാധയുണ്ടാ
കാതെ ഇരിക്കെണ്ടുന്നതിനും, ലെ
വിയക്കാരെ യിസ്രാഎൽ പുത്രന്മാ
രുടെ ഇടയിൽനിന്ന അഹറൊന്നും
അവൻെറ പുത്രന്മാൎക്കും ദാനമാ
യിട്ട ഞാൻ കൊടുക്കയും ചെയ്തി
രിക്കുന്നു.
൨൦ അപ്പൊൾ മൊശെയും അഹ
റൊനും, യിസ്രാഎൽ പുത്രന്മാരുടെ
എല്ലാ സംഘവും, ലെവിയക്കാരെ
കുറിച്ച യഹൊവാ മൊശെയൊട
കല്പിച്ച പ്രകാരം ഒക്കെയും, ലെവി
യക്കാരൊട ചെയ്തു: അപ്രകാരം
യിസ്രാഎൽ പുത്രന്മാർ അവരൊ
ട ചെയ്തു.
൨൧ പിന്നെ ലെവിയക്കാർ ശു
ദ്ധീകരിക്കപ്പെട്ടു, അവർ തങ്ങളുടെ
വസ്ത്രങ്ങളെ അലക്കി; അഹറൊ
ൻ അവരെ യഹൊവായുടെ മുമ്പാ
കെ വഴിപാടായിട്ട കഴിച്ചു; അവരെ
ശുദ്ധീകരിപ്പാൻ അവൎക്ക വെണ്ടി
അഹറൊൻ പാപ പരിഹാരവും
ചെയ്തു.
൨൨ അതിൻെറ ശെഷം ലെവി
യക്കാർ, അഹറൊൻെറ മുമ്പാകെ

യും അവൻെറ പുത്രന്മാരുടെ മുമ്പാകെയും, സംഘത്തിൻെറ കൂടാരത്തിൽ തങ്ങളുടെ ശുശ്രൂഷയെ ചെയ്യാൻ പ്രവെശിച്ചു: യഹൊവാ ലെവിയക്കാരെ കുറിച്ച മൊശെയൊട കല്പിച്ച പ്രകാരം തന്നെ അവർ അവരൊട ചെയ്തു.

൨൩ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൨൪ ഇത ലെവിയക്കാൎക്കുള്ള [മുറ ആകുന്നു;] ഇരുപത്തഞ്ച വയസ്സ മുതൽ മെലായി അവർ സംഘത്തിൻെറ കൂടാരത്തിലെ വെല ചെയ്യുന്ന സൈന്യത്തിൽ സെവിക്ക പ്രവെശിക്കെണം.

൨൫ എന്നാൽ അമ്പത വയസ്സ മുതൽ അവർ വെല ചെയ്യുന്ന സൈന്യത്തിൽനിന്ന തിരിഞ്ഞ, പിന്നെ സെവിക്കരുത.

൨൬ എങ്കിലും അവർ ഒരു വെലയും ചെയ്യാതെ സംഘത്തിൻെറ കൂടാരത്തിൽ, കാവൽ കാക്കുന്നതിന, തങ്ങളുടെ സഹൊദരന്മാരൊട കൂടെ ശുശ്രൂഷ ചെയ്യെണം. ഇപ്രകാരം നീ ലെവിയക്കാരൊട അവരുടെ കാവലിനെ കുറിച്ച ചെയ്യെണം.

൯ അദ്ധ്യായം.

൧ പെസഹാ ആചരിക്കപ്പെടെണമെന്നുള്ളത.—൧൫ ഒരു മെഘം യിസ്രാഎൽക്കാരെ നടത്തിക്കുന്നത.

പിന്നെയും അവർ മിസ്രയിം ദെശത്തനിന്ന പുറപ്പെട്ട പൊന്ന രണ്ടാം സംവത്സരത്തിൽ ഒന്നാം മാസം യഹൊവാ സീനായിവനത്തിൽ വെച്ച മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൨ യിസ്രാഎൽ പുത്രന്മാരും പെസഹായെ അതിന നിശ്ചയിക്കപ്പെട്ട കാലത്ത ആചരിക്കെണം.

൩ ഈ മാസം പതിന്നാലാം തിയ്യതി സന്ധ്യാ സമയത്ത അതിന നിശ്ചയിക്കപ്പെട്ടിരിക്കുന്ന കാലത്ത അതിനെ നിങ്ങൾ ആചരിക്കെണം: അതിൻെറ എല്ലാ നിയമങ്ങളിൻ പ്രകാരവും, അതിൻെറ എല്ലാ ന്യായങ്ങളിൻ പ്രകാരവും നിങ്ങൾ അതിനെ ആചരിക്കെണം.

൪ പെസഹായെ ആചരിക്കെണമെന്ന മൊശെ യിസ്രാഎൽപുത്രന്മാരൊട പറകയും ചെയ്തു.

൫ അപ്പൊൾ ഒന്നാം മാസം പതിന്നാലാം തിയ്യതി സന്ധ്യാ സമയത്ത, സീനായി വനത്തിൽ വെച്ച, അവർ പെസഹായെ ആചരിച്ചു: യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം ഒക്കെയും യിസ്രാഎൽ പുത്രന്മാർ ചെയ്തു.

൬ ¶ എന്നാൽ ഒരു മനുഷ്യൻെറ ശവത്താൽ അശുദ്ധിപ്പെട്ട, ആ നാളിൽ പെസഹായെ ആചരിപ്പാൻ കഴിയാത്ത ചില മനുഷ്യർ ഉണ്ടായിരുന്നു: അവർ ആ നാളിൽ തന്നെ മൊശെയുടെ മുമ്പാകെയും അഹറൊൻെറ മുമ്പാകെയും വന്നു.

൭ ആ മനുഷ്യർ അവനൊട പറഞ്ഞു, ഞങ്ങൾ ഒരു മനുഷ്യൻെറ ശവത്താൽ അശുദ്ധിപ്പെട്ടിരിക്കുന്നു: യിസ്രാഎൽ പുത്രന്മാരുടെ ഇടയിൽ അതിന നിശ്ചയിക്കപ്പെട്ട കാലത്ത യഹൊവായുടെ വഴിപാടിനെ കഴിക്കാതെ ഇരിക്കെണ്ടുന്നതിന ഞങ്ങളൊട വിരൊധിക്കപ്പെട്ടത എന്തിന?

൮ അപ്പൊൾ മൊശെ അവരൊട പറഞ്ഞു, നില്പിൻ, എന്നാൽ യഹൊവാ നിങ്ങളെ കുറിച്ച കല്പിക്കു

ന്നത എന്ത എന്ന ഞാൻ കെൾ്ക്കും.

൯ എന്നാറെ യഹൊവാ മൊശെയൊട സംസാരിച്ച, പറഞ്ഞു;

൧൦ നീ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ച, പറയെണ്ടുന്നത എന്തെന്നാൽ, നിങ്ങളിൽ എങ്കിലും നിങ്ങളുടെ സന്തതികളിൽ എങ്കിലും യാതൊരു മനുഷ്യനും ശവത്താൽ അശുദ്ധിപ്പെട്ടുകയൊ, പ്രയാണത്തിൽ ദൂരത്ത ആയിരിക്കയൊ ചെയ്താൽ, അവൻ യഹൊവായിക്ക പെസഹായെ ആചരിക്കെണം.

൧൧ രണ്ടാം മാസം പതിന്നാലാം തിയ്യതി സന്ധ്യാസമയത്ത അവർ അതിനെ ആചരിച്ച, പുളിപ്പില്ലാത്ത അപ്പത്തൊടും, കൈപ്പുള്ള [സസ്യത്തൊടും] കൂടെ അതിനെ ഭക്ഷിക്കെണം.

൧൨ അവർ ഉഷഃ കാലം വരെക്കും അതിൽ ഒന്നും ശെഷിപ്പിച്ച വെക്കരുത, അതിൽ ഒരു അസ്ഥിയെയും തകൎക്കയും അരുത : പെസഹായുടെ നിയമങ്ങളിൻ പ്രകാരം ഒക്കെയും അവർ അതിനെ ആചരിക്കെണം.

൧൩ എന്നാൽ ഒരു മനുഷ്യൻ ശുദ്ധിയുള്ളവനാകയും, പ്രയാണത്തിൽ അല്ലാതെ ഇരിക്കയും, പെസഹായെ ആചരിക്കുന്നതിന വിഘ്നം വരുത്തുകയും ചെയ്താൽ, ആ ആത്മാവ തന്റെ ജനങ്ങളിൽനിന്ന ഛെദിക്കപ്പെടെണം: യഹൊവായുടെ വഴിപാടിനെ അതിന നിശ്ചയിക്കപ്പെട്ട സമയത്ത അവൻ കൊണ്ടുവരായ്കകൊണ്ട, ആ മനുഷ്യൻ തന്റെ പാപത്തെ വഹിക്കെണം.

൧൪ ഒരു പരദെശി നിങ്ങളുടെ ഇടയിൽ വന്ന പാൎത്ത, യഹൊവായിക്ക പെസഹായെ ആചരിക്കെണമെങ്കിൽ, പെസഹായുടെ നിയമപ്രകാരവും, അതിന്റെ ന്യായപ്രകാരവും അവൻ ആചരിക്കെണം: പരദെശിക്കും, ദെശത്ത ജനിച്ചവനും ഒരു ചട്ടം തന്നെ നിങ്ങൾക്ക ആയിരിക്കെണം.

൧൫ ¶ വിശെഷിച്ചും കൂടാരം നിൎത്തപ്പെട്ട നാളിൽ മെഘം സാക്ഷിയുടെ കൂടാരമായ കൂടാരത്തെ മൂടി: സന്ധ്യാസമയത്ത കൂടാരത്തിന്മെൽ ഉഷഃകാലം വരെ അഗ്നിയുടെ കാഴ്ച എന്ന പൊലെ ഉണ്ടായിരുന്നു.

൧൬ ഇപ്രകാരം എല്ലായ്പൊഴും ഉണ്ടായിരുന്നു: [പകൽ നെരത്ത] മെഘവും, രാത്രികാലത്ത അഗ്നികാഴ്ചയും അതിനെ മൂടിയിരുന്നു.

൧൭ മെഘം കൂടാരത്തിൽനിന്ന ഉയൎത്തപ്പെട്ടപ്പൊൾ അതിന പിമ്പെ യിസ്രാഎൽ പുത്രന്മാർ യാത്ര പുറപ്പെട്ടു: മെഘം എത സ്ഥലത്ത നിന്നുവൊ, അവിടെ യിസ്രാഎൽ പുത്രന്മാർ പാളയമിറങ്ങി.

൧൮ യഹൊവായുടെ കല്പന പ്രകാരം യിസ്രാഎൽ പുത്രന്മാർ യാത്ര പുറപ്പെട്ടുകയും, യഹൊവായുടെ കല്പന പ്രകാരം അവർ പാളയമിറങ്ങുകയും ചെയ്തു: മെഘം കൂടാരത്തിന മീതെ നിന്നിരുന്ന നാളുകൾ ഒക്കെയും അവർ പാളയമിറങ്ങിയിരുന്നു.

൧൯ മെഘം കൂടാരത്തിന മീതെ എറ നാൾ ഇരുന്നു എങ്കിൽ യിസ്രാഎൽ പുത്രന്മാർ യാത്രപുറപ്പെടാതെ, യഹൊവായുടെ കാവലിനെ കാത്തിരുന്നു.

൨൦ മെഘം കുറെ നാൾ കൂടാരത്തിന മീതെ ഇരുന്നു എങ്കിൽ [അപ്രകാരം തന്നെ] ഉണ്ടായി; യഹൊവായുടെ കല്പന പ്രകാരം അവർ പാളയമിറങ്ങുകയും, യഹൊവായു

ടെ കല്പന പ്രകാരം അവർ യാത്ര പുറപ്പെട്ടുകയും ചെയ്യു.

൨൧ സന്ധ്യാസമയം മുതൽ ഉഷഃകാലം വരെ മെഘം ഇരുന്നിട്ട, ഉഷഃകാലത്ത മെഘം ഉയൎത്തപ്പെട്ടു എങ്കിൽ [അപ്രകാരം തന്നെ] ഉണ്ടായി, അവർ യാത്ര പുറപ്പെട്ടു: പകലിൽ എങ്കിലും രാത്രിയിൽ എങ്കിലും മെഘം ഉയൎത്തപ്പെട്ടുകയുണ്ടായാൽ, അവർ യാത്ര പുറപ്പെട്ടു.

൨൨ രണ്ട ദിവസം എങ്കിലും, ഒരു മാസം എങ്കിലും, ഒരു സംവത്സരം എങ്കിലും മെഘം കൂടാരത്തിന്മെൽ വസിച്ചു, അതിന മീതെ താമസിച്ചിരുന്നാൽ യിസ്രാഎൽ പുത്രന്മാർ പാളയമിറങ്ങിരുന്നു, യാത്ര പുറപ്പെടാതെയും ഇരുന്നു: എന്നാൽ അതു ഉയൎത്തപ്പെട്ടപ്പൊൾ അവർ യാത്ര പുറപ്പെട്ടു.

൨൩ യഹൊവായുടെ കല്പനപ്രകാരം അവർ പാളയമിറങ്ങിയിരുന്നു, യഹൊവായുടെ കല്പന പ്രകാരവും അവർ യാത്ര പുറപ്പെട്ടുകയും ചെയ്യു. മൊശെയുടെ കയ്യാൽ യഹൊവായുടെ കല്പന പ്രകാരം അവർ യഹൊവായുടെ കാവലിനെ കാത്തു.

൧൦ അദ്ധ്യായം.

൧ വെള്ളി കാഹളങ്ങളെ കൊണ്ടുള്ള പെരുമാററം.—൧൧ യിസ്രാഎൽക്കാർ സീനായിൽനിന്ന പുറപ്പെടുന്നത.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൨ വെള്ളികൊണ്ട രണ്ടു കാഹളങ്ങളെ നിനക്ക ഉണ്ടാക്കുക: ഒന്നായിട്ട നീ അവയെ ഉണ്ടാക്കുക; സഭയെ വിളിച്ചു കൂട്ടുന്നതിനും, പാളയത്തെ പുറപ്പെടുവിക്കുന്നതിനും അവ നിനക്ക ഇരിക്കെണം.

൩ അവർ അവയെ ഊതുമ്പൊൾ, സഭ മുഴുവനും സംഘത്തിന്റെ കൂടാരവാതുക്കൽ നിന്റെ അടുക്കൽ കൂടെണം.

൪ എന്നാൽ അവർ ഒരു [കാഹളത്തെ മാത്രം] ഊതിയാൽ, അപ്പൊൾ യിസ്രാഎലിൽ ആയിരം പെൎക്ക തലവന്മാരായ പ്രഭുക്കന്മാർ നിന്റെ അടുക്കൽ കൂടെണം.

൫ നിങ്ങൾ ഗംഭീരമായി ഊതുമ്പൊൾ കിഴക്ക ഭാഗങ്ങളിൽ ഇരിക്കുന്ന പാളയങ്ങൾ യാത്ര പുറപ്പെടെണം.

൬ നിങ്ങൾ രണ്ടാം പ്രാവശ്യം ഗംഭീരമായി ഊതുമ്പൊൾ, തെക്ക ഭാഗത്ത ഇറങ്ങിയിരിക്കുന്ന പാളയങ്ങൾ യാത്ര പുറപ്പെടെണം: അവർ അവരുടെ യാത്രകൾക്കായി ഗംഭീരമായി ഊതെണം.

൭ എന്നാൽ സഭയെ കൂട്ടെണ്ടുന്നതിന നിങ്ങൾ ഊതെണം, എങ്കിലും നിങ്ങൾ ഗംഭീരമായി ഊതരുത.

൮ അഹറൊന്റെ പുത്രന്മാരായ ആചാൎയ്യന്മാരും കാഹളങ്ങൾ കൊണ്ട ഊതെണം; അവ നിങ്ങളുടെ തലമുറകളിൽ നിങ്ങൾക്ക എന്നും നിയമമായിട്ട ഇരിക്കയും വെണം.

൯ നിങ്ങൾ നിങ്ങളുടെ ദെശത്ത നിങ്ങളെ ഞെരുക്കുന്ന ശത്രുവിന്റെ നെരെ യുദ്ധത്തിന പൊകുമ്പൊൾ നിങ്ങൾ കാഹളങ്ങൾ കൊണ്ട ഗംഭീരമായി ഊതെണം: എന്നാൽ നിങ്ങൾ നിങ്ങളുടെ ദൈവമായ യഹൊവായുടെ മുമ്പാകെ ഒൎക്കപ്പെട്ട, നിങ്ങളുടെ ശത്രുക്കളിൽനിന്ന രക്ഷിക്കപ്പെട്ടവരാകും.

൧൦ നിങ്ങളുടെ സന്തൊഷ നാളിലും, നിങ്ങളുടെ പെരുനാളുകളിലും, നിങ്ങളുടെ മാസങ്ങളുടെ ആരംഭങ്ങളിലും നിങ്ങൾ നിങ്ങളുടെ ഹൊമബലികളുടെ മെലും, നിങ്ങളുടെ സമാധാനബലികളുടെ മെലും കാഹളങ്ങൾ കൊണ്ട ഊതെണം; അവ നിങ്ങളു

ടെ ദൈവത്തിൻെറ മുമ്പാകെ നിങ്ങ
ൾക്ക ഒൎമ്മയായിട്ടു ഇരിക്കും: യഹൊ
വായായ ഞാൻ നിങ്ങളുടെ ദൈ
വം [ആകുന്നു.]

൧൧ ¶ രണ്ടാം സംവത്സരത്തിൽ
രണ്ടാം മാസം ഇരുപതാം തിയ്യതി
ഉണ്ടായത എന്തെന്നാൽ, മെഘം
സാക്ഷിയുടെ കൂടാരത്തിൻെറ മീ
തെനിന്ന ഉയൎത്തപ്പെട്ടു.

൧൨ അപ്പൊൾ യിസ്രാഎൽ പു
ത്രന്മാർ സീനായി വനത്തിൽനി
ന്ന തങ്ങളുടെ യാത്രകളായിട്ട പുറ
പ്പെട്ടു; മെഘം പാറാൻ വനത്തിൽ
താമസിച്ച നിന്നു.

൧൩ മൊശെയുടെ കയ്യാൽ യഹൊ
വായുടെ കല്പന പ്രകാരം അവർ
ആദ്യം യാത്ര പുറപ്പെട്ടു.

൧൪ ¶ ആദ്യം യെഹൂദായുടെ പു
ത്രന്മാരുടെ പാളയത്തിൻെറ കൊ
ടി അവരുടെ സൈന്യങ്ങളിൻ പ്ര
കാരം പുറപ്പെട്ടു: അവൻെറ സൈ
ന്യത്തിന അധിപതി അമ്മിനാദാ
ബിൻെറ പുത്രനായ നഹശൊൻ
[ആയിരുന്നു.]

൧൫ ഇസ്സഖാറിൻെറ പുത്രന്മാരു
ടെ ഗൊത്രത്തിലെ സൈന്യത്തിന
അധിപതി സൂവാറിൻെറ പുത്രനാ
യ നതനിയെൽ [ആയിരുന്നു.]

൧൬ സെബുലൂൻെറ പുത്രന്മാരു
ടെ ഗൊത്രത്തിലെ സൈന്യത്തി
ന അധിപതി ഹെലൊൻെറ പു
ത്രനായഎലിയാബ[ആയിരുന്നു.]

൧൭ അപ്പൊൾ കൂടാരം ഇറക്കപ്പെ
ട്ടു; ഗെൎശൊൻെറ പുത്രന്മാരും മെ
റാറിയുടെ പുത്രന്മാരും കൂടാരത്തെ
ചുമന്നുകൊണ്ട പുറപ്പെട്ടു.

൧൮ ¶ പിന്നെ രൂബൻെറ പാള
യത്തിൻെറ കൊടി അവരുടെ സൈ
ന്യങ്ങളിൻ പ്രകാരം പുറപ്പെട്ടു: അ
വൻെറ സൈന്യത്തിന അധിപ
തി സെദയ്യൂറിൻെറ പുത്രനായ എ
ലിസൂർ [ആയിരുന്നു.]

൧൯ ശിമയൊൻെറ പുത്രന്മാരുടെ
ഗൊത്രത്തിലെ സൈന്യത്തിന അ
ധിപതി സുറിഷദ്ദായുടെ പുത്രനാ
യ ശെലുമിയെൽ [ആയിരുന്നു.]

൨൦ ഗാദിൻെറ പുത്രന്മാരുടെഗൊ
ത്രത്തിലെ സൈന്യത്തിന അധി
പതി ദെയുവെലിൻെറ പുത്രനാ
യ എലിയാസാഫ [ആയിരുന്നു.]

൨൧ അപ്പൊൾ കൊഹാത്തക്കാർ ശു
ദ്ധ [സ്ഥലത്തെ] ചുമന്നു കൊണ്ട
പുറപ്പെട്ടു: ഇവർ വരുവൊളം [മ
റ്റവർ] കൂടാരത്തെ നിൎത്തി.

൨൨ ¶ പിന്നെ എഫ്രായിമിൻെറ പു
ത്രന്മാരുടെ പാളയത്തിൻെറ കൊടി
അവരുടെ സൈന്യങ്ങളിൻ പ്രകാ
രം പുറപ്പെട്ടു: അവൻെറ സൈന്യ
ത്തിന അധിപതി അമ്മിഹൂദിൻെറ
പുത്രനായ എലിശാമാ ആയിരുന്നു.

൨൩ മനശ്ശെയുടെ പുത്രന്മാരുടെ
ഗൊത്രത്തിലെ സൈന്യത്തിന അ
ധിപതി പെദാഃസൂറിൻെറ പുത്രനാ
യ ഗമാലിയെൽ [ആയിരുന്നു.]

൨൪ ബെന്യാമിൻെറ പുത്രന്മാരു
ടെ ഗൊത്രത്തിലെ സൈന്യത്തിന
അധിപതി ഗിദയൊനിയുടെ പുത്ര
നായ അബീദാൻ [ആയിരുന്നു.]

൨൫ ¶ പിന്നത്തെതിൽ അവരു
ടെ സൈന്യങ്ങളിൽ എല്ലാ പാള
യങ്ങൾക്കും ഒടുക്കത്തെ പാളയമാ
യിരുന്ന ദാൻെറ പുത്രന്മാരുടെ പാ
ളയത്തിൻെറ കൊടി പുറപ്പെട്ടു: അ
വൻെറ സൈന്യത്തിന അധിപ
തി അമ്മിശാദായുടെ പുത്രനായ
അഹിയെസെർ [ആയിരുന്നു.]

൨൬ ആശെറിൻെറ പുത്രന്മാരുടെ
ഗൊത്രത്തിലെ സൈന്യത്തിന അ
ധിപതി ഒക്രാൻെറ പുത്രനായ പ
ഗിയെൽ [ആയിരുന്നു.]

൨൭ നപ്താലിയുടെ പുത്രന്മാരുടെ ഗൊത്രത്തിലെ സൈന്യത്തിന അധിപതി എനാന്റെ പുത്രനായ അഹിറാ [ആയിരുന്നു.]

൨൮ യിസ്രാഎൽ പുത്രന്മാർ യാത്ര പുറപ്പെട്ടപ്പൊൾ അവരുടെ സൈന്യങ്ങളിൻ പ്രകാരം അവരുടെ യാത്രകൾ ഇവ [ആയിരുന്നു.]

൨൯ ¶ പിന്നെ മൊശെയുടെ അമ്മായപ്പനായ മിദിയാൻകാരൻ റെഗുഎലിന്റെ പുത്രനായ ഹൊബാബിനൊട മൊശെ പറഞ്ഞു, നിങ്ങൾക്ക അതിനെ ഞാൻ തരുമെന്ന യഹൊവാ പറഞ്ഞിട്ടുള്ള സ്ഥലത്തിന ഞങ്ങൾ യാത്രയായി പൊകുന്നു: നീ ഞങ്ങളൊട കൂടെ വരിക, എന്നാൽ ഞങ്ങൾ നിനക്ക നന്മ ചെയ്യും: എന്തെന്നാൽ യഹൊവാ യിസ്രാഎലിനെ കുറിച്ച നന്മ പറഞ്ഞിരിക്കുന്നു.

൩൦ എന്നാറെ ഇവൻ അവനൊട പറഞ്ഞു, ഞാൻ പൊരികയില്ല; എന്റെ സ്വദെശത്തിനും, എന്റെ ശെഷക്കാരുടെ അടുക്കലെക്കും ഞാൻ പൊകും അത്രെ.

൩൧ അപ്പൊൾ അവൻ പറഞ്ഞു, ഞങ്ങളെ വിടരുതെന്ന ഞാൻ നിന്നൊട അപെക്ഷിക്കുന്നു; എന്തുകൊണ്ടെന്നാൽ വനത്തിൽ ഞങ്ങൾ പാളയമിറങ്ങെണ്ടുന്നത എങ്ങിനെ എന്ന നീ അറിയുന്നു, നീ ഞങ്ങൾക്ക കണ്ണുകൾക്ക പകരമായിരിക്കയും ചെയ്യും.

൩൨ നീ ഞങ്ങളൊട കൂടെ പൊന്നാൽ, സംഭവിക്കുന്നത എന്തെന്നാൽ, യഹൊവാ ഞങ്ങൾക്ക ചെയ്യുന്ന നന്മപൊലെ തന്നെ നിനക്ക ഞങ്ങളും ചെയ്യാൻ സംഗതി വരും നിശ്ചയം.

൩൩ ¶ പിന്നെ അവർ യഹൊവായുടെ പൎവ്വതത്തിൽനിന്ന മൂന്ന ദിവസത്തെ വഴി പൊയി: മൂന്ന ദിവസത്തെ പ്രയാണത്തിലും യഹൊവായുടെ ഉഭയസമ്മതത്തിന്റെ പെട്ടകം, അവൎക്ക സ്വസ്ഥതയുള്ള സ്ഥലത്തെ അന്വെഷിപ്പാൻ, അവൎക്ക മുമ്പായി പൊയി.

൩൪ അവർ പാളയത്തിൽനിന്ന പുറപ്പെട്ടപ്പൊൾ യഹൊവായുടെ മെഘം പകൽ നെരത്ത അവൎക്കമെൽ ഉണ്ടായിരുന്നു.

൩൫ പെട്ടകം പുറപ്പെട്ടപ്പൊൾ ഉണ്ടായത എന്തെന്നാൽ, മൊശെ പറഞ്ഞു, യഹൊവായെ എഴുനീല്ക്കെണമെ, നിന്റെ ശത്രുക്കൾ ചിതറപ്പെടട്ടെ; നിന്നെ പകെക്കുന്നവരും നിന്റെ മുമ്പിൽനിന്ന ഓടിപ്പൊകട്ടെ.

൩൬ പിന്നെ അത വിശ്രമിച്ചപ്പൊൾ അവൻ പറഞ്ഞു, യഹൊവായെ, അനെകം ആയിരങ്ങളായുള്ള യിസ്രാഎലിന്റെ അടുക്കൽ തിരിച്ചുവരെണമെ.

൧൧ അദ്ധ്യായം.

൧ ജനം മന്നായെ വെറുക്കുന്നത.—൧൬. എഴുപത മൂപ്പന്മാർ.—൩൧ കാടപക്ഷികൾകൊടുക്കപ്പെടുന്നത.

എന്നാൽ ജനം ആവലാധിചെയ്തപ്പൊൾ അത യഹൊവായിക്ക അനിഷ്ടമായിരുന്നു: യഹൊവാ [അതിനെ] കെട്ടു: അപ്പൊൾ അവന്റെ കൊപം ജ്വലിച്ചു: യഹൊവായുടെ അഗ്നി അവരുടെ ഇടയിൽ കത്തി എരിഞ്ഞു, പാളയത്തിന്റെ അററങ്ങളിൽ ഉള്ളവരെ ഭക്ഷിച്ചുകളഞ്ഞു.

൨ അപ്പൊൾ ജനം മൊശെയൊട നിലവിളിച്ചു: മൊശെ യഹൊവായൊട പ്രാൎത്ഥിച്ചപ്പൊൾ അഗ്നി കെട്ടുപൊയി.

൩ ആ സ്ഥലത്തിന തബെറാ എന്ന അവൻ പെരിട്ടു: എന്തകൊണ്ടെന്നാൽ യഹൊവായുടെ അഗ്നി അവരുടെ ഇടയിൽ കത്തിഎരിഞ്ഞു.

൪ ¶ പിന്നെ അവരുടെ ഇടയിൽ [ഉണ്ടായിരുന്ന] സമ്മിശ്ര ജനം ദുൎമ്മൊഹമുള്ളവരായിതീൎന്നു; യിസ്രാഎൽ പുത്രന്മാരും തിരിച്ച കരഞ്ഞ, പറഞ്ഞു, ഞങ്ങൾക്ക മാംസത്തെ ഭക്ഷിപ്പാൻ തരുന്നവൻ ആര?

൫ ഞങ്ങൾ മിസ്രയിമിൽ വെച്ച സൌജന്യമായി ഭക്ഷിച്ച മത്സ്യങ്ങളെയും; വെള്ളരിക്കാകളെയും, കുമ്മട്ടിക്കാകളെയും, ചെറിയ ഉള്ളികളെയും; ചുവന്ന ഉള്ളികളെയും; വെള്ള വെണ്കായങ്ങളെയും ഞങ്ങൾ ഒൎക്കുന്നു:

൬ എന്നാൽ ഇപ്പൊൾ ഞങ്ങളുടെ ആത്മാവ ശൊഷിച്ചിരിക്കുന്നു: ഞങ്ങളുടെ കണ്ണുകൾക്ക [മുമ്പാകെ] ൟ മന്നാ അല്ലാതെ ഒന്നുമില്ല.

൭ മന്നാ കൊത്തമ്പാലരിപൊലെയും, അതിന്റെ നിറം പുഷ്യരാഗത്തിന്റെ നിറം പൊലെയും [ആയിരുന്നു.]

൮ ജനം നടന്ന, അതിനെ പെറുക്കി, തിരികല്ലുകളിൽ പൊടിക്കയൊ, ഉരലുകളിൽ ഇടിക്കയൊ ചെയ്തു, കലങ്ങളിൽ പുഴുങ്ങുകയും, അതുകൊണ്ട അപ്പങ്ങളെ ഉണ്ടാക്കുകയും ചെയ്തു. അതിന്റെ സ്വാദ പുതിയ എണ്ണയുടെ സ്വാദുപൊലെ ആയിരുന്നു.

൯ വിശെഷിച്ച മഞ്ഞ രാത്രിയിൽ പാളയത്തിന മെൽ പൊഴിഞ്ഞപ്പൊൾ, മന്നാ അതിന്മെൽ പൊഴിഞ്ഞിരുന്നു.

൰ ¶ എന്നാൽ ജനം തങ്ങളുടെ എല്ലാ വംശങ്ങളിലും ഒരൊരുത്തൻ അവനവന്റെ കൂടാരവാതുക്കൽ കരയുന്നതിനെ മൊശെ കെട്ടു: യഹൊവായുടെ കൊപം എറ്റവും ജ്വലിച്ചു: മൊശെക്കും അനിഷ്ടമായി തീൎന്നു.

൧൧ അപ്പൊൾ മൊശെ യഹൊവായൊട പറഞ്ഞു, നീ ൟ ജനങ്ങളുടെ എല്ലാവരുടെയും ഭാരത്തെ എന്റെ മെൽ വെക്കുന്നതിന നീ നിന്റെ ദാസനെ ഉപദ്രവിച്ചത എന്തിന? നിന്റെ മുമ്പാകെ ഇനിക്ക കൃപ ലഭിക്കാതെ ഇരിക്കുന്നതും എന്ത?

൧൨ നീ അവരുടെ പിതാക്കന്മാരൊട ആണയിട്ടിട്ടുള്ള ദെശത്തെക്ക (മുല കുടിക്കുന്ന ഒരു പൈതലിനെ വളൎത്തുന്ന പിതാവ എടുക്കുന്ന പ്രകാരം തന്നെ,) അവരെ നിന്റെ മടിയിൽ എടുത്തുകൊണ്ട പൊക എന്ന നീ എന്നൊട പറയെണ്ടുന്നതിന, ൟ ജനത്തെ ഒക്കെയും ഞാൻ ഉത്ഭവിപ്പിച്ചുവൊ? ഞാൻ അവരെ ജനിപ്പിച്ചുവൊ?

൧൩ ൟ ജനത്തിന ഒക്കെയും കൊടുക്കുന്നതിന ഇറച്ചി എവിടെനിന്ന ഇനിക്ക കിട്ടും? എന്തുകൊണ്ടെന്നാൽ ഞങ്ങൾക്ക ഭക്ഷിപ്പാൻ ഇറച്ചിയെ തരിക എന്ന അവർ എന്നൊട പറഞ്ഞ കരയുന്നു.

൧൪ ഞാൻ ഒരുത്തനായിട്ട ൟ ജനത്തെ എല്ലാം വഹിപ്പാൻ കഴിയുന്നതല്ല, എന്തെന്നാൽ [അത] ഇനിക്ക എറ്റവും ഭാരം [ആകുന്നു.]

൧൫ നിന്റെ സന്നിധിയിങ്കൽ ഇനിക്ക കൃപ ലഭിച്ചിട്ടുണ്ട എങ്കിൽ, നീ ഇപ്രകാരം എന്നൊട ചെയ്യാൽ എന്നെ കൊന്നുകളയെണമെന്നും, എന്റെ അരിഷ്ടതയെ ഞാൻ കാണാതിരിക്കെണ്ടുന്നതിന...

൧൬ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, നീ യിസ്രാഎ
ലിൻ മൂപ്പന്മാരിൽ ജനത്തിൻെറ മൂ
പ്പന്മാരും അവൎക്ക മെൽവിചാര
ക്കാരും ആയിരിക്കുന്നു എന്ന അ
റിയുന്ന എഴുപത പെരെ എൻെറ
അടുക്കൽ കൂട്ടി: സംഘത്തിൻെറ കൂ
ടാരത്തിന അരികെ, അവർ അവി
ടെ നിന്നൊട കൂടെ നില്ക്കെണ്ടുന്ന
തിന, അവരെ കൊണ്ടുവരിക.

൧൭ എന്നാൽ ഞാൻ ഇറങ്ങി വ
ന്ന, അവിടെ നിന്നൊട സംസാ
രിക്കും; നിൻെറ മെലുള്ള ആത്മാ
വിൽനിന്ന ഞാൻ എടുത്ത, അവ
രുടെ മെൽ ആക്കുകയും, നീ ഒരു
ത്തനായിട്ട [അതിനെ] വഹിക്കാ
തെ ഇരിക്കെണ്ടുന്നതിന, അവർ
നിന്നൊട കൂടെ ജനത്തിൻെറ ഭാര
ത്തെ വഹിക്കയും ചെയ്യും.

൧൮ വിശെഷിച്ചും ജനത്തൊട
പറക, നാളത്തെക്ക നിങ്ങളെ ത
ന്നെ ശുദ്ധീകരിപ്പിൻ; എന്നാൽ
നിങ്ങൾ ഇറച്ചിയെ ഭക്ഷിക്കും:
എന്തെന്നാൽ ഞങ്ങൾക്ക ഇറച്ചി
യെ ഭക്ഷിപ്പാൻ തരുന്നവൻ ആ
ര? എന്തെന്നാൽ മിസ്രയിമിൽ ഞ
ങ്ങൾക്ക നന്നായിരുന്നു എന്ന പ
റഞ്ഞ, നിങ്ങൾ യഹൊവായുടെ
ചെവികളിൽ കരഞ്ഞിട്ടുണ്ട: ആക
യാൽ യഹൊവാ നിങ്ങൾക്ക ഇറ
ച്ചിയെ തരും; നിങ്ങൾ ഭക്ഷിക്ക
യും ചെയ്യും.

൧൯ ഒരു ദിവസമല്ല, രണ്ട ദിവ
സമല്ല, അഞ്ച ദിവസമല്ല, പത്ത
ദിവസമല്ല, ഇരുപത ദിവസവുമല്ല:

൨൦ ഒരു മാസം മുഴുവനും തന്നെ,
അത നിങ്ങളുടെ മൂക്കുകളിൽനിന്ന
പുറപ്പെട്ട, നിങ്ങൾക്ക അറെപ്പാകു
വൊളവും നിങ്ങൾ ഭക്ഷിക്കും: എ
ന്ത കൊണ്ടെന്നാൽ നിങ്ങളുടെ ഇട
യിൽ ഉള്ള യഹൊവായെ നിങ്ങൾ
നിന്ദിക്കയും, ഞങ്ങൾ മിസ്രയിമി
ൽനിന്ന എന്തിന പുറപ്പെട്ടുപൊ
ന്നു എന്ന പറഞ്ഞ, അവൻെറ മു
മ്പാകെ കരകയും ചെയ്തിരിക്കുന്നു.

൨൧ അപ്പൊൾ മൊശെ പറഞ്ഞു,
ഞാൻ കൂടിയിരിക്കുന്ന ജനം ആ
റ നൂറായിരം കാലാളുകൾ ഉണ്ട: ഒ
രു മാസം മുഴുവൻ അവർ ഭക്ഷി
ക്കെണ്ടുന്നതിന ഞാൻ അവൎക്ക ഇ
റച്ചിയെ കൊടുക്കുമെന്ന നീ പറ
ഞ്ഞിരിക്കുന്നു.

൨൨ അവൎക്ക തൃപ്തി ആകുന്നതി
ന ആടുമാടുകൾ അവൎക്കായിട്ട കൊ
ല്ലപ്പെടുമൊ? അവൎക്ക തൃപ്തി ആകു
ന്നതിന സമുദ്രത്തിലെ മത്സ്യം ഒ
ക്കെയും അവൎക്കായിട്ട ഒരുമിച്ച കൂ
ട്ടപ്പെടുമൊ?

൨൩ പിന്നെ യഹൊവാ മൊശെ
യൊട പറഞ്ഞു; യഹൊവായുടെ
കൈ കുറുകിയിരിക്കുന്നുവൊ? എ
ൻെറ വചനപ്രകാരം നിനക്ക സം
ഭവിക്കുമൊ ഇല്ലയൊ എന്ന ഇ
പ്പൊൾ നീ കാണെണ്ടിവരും.

൨൪ ¶ അപ്പൊൾ മൊശെ പുറ
പ്പെട്ട, യഹൊവായുടെ വചനങ്ങ
ളെ ജനത്തൊട പറഞ്ഞ, ജനത്തി
ൻെറ മൂപ്പന്മാരിൽ എഴുപത പെ
രെ കൂട്ടി, അവരെ കൂടാരത്തിന ചു
റ്റും നിൎത്തി.

൨൫ പിന്നെ യഹൊവാ ഒരു മെ
ഘത്തിൽ ഇറങ്ങി, അവനൊട സം
സാരിച്ച, അവൻെറ മെൽ [ഇരു
ന്ന] ആത്മാവിൽനിന്ന എടുത്ത,
മൂപ്പന്മാരായ ആ എഴുപത പെൎക്ക
[അതിനെ] കൊടുത്തു: പിന്നെ ഉ
ണ്ടായത എന്തെന്നാൽ, ആത്മാവ
അവരുടെ മെൽ ആവസിച്ചപ്പൊ
ൾ, അവർ ദീൎഘദൎശനം പറഞ്ഞു,
അടങ്ങിയിരുന്നതുമില്ല.

൨൬ എന്നാൽ ആ മനുഷ്യരിൽ രണ്ട പെർ പാളയത്തിൽ തന്നെ താമസിച്ചു, ഒരുത്തന്റെ പെർ എൽദാദ എന്നും, മററവന്റെ പെർ മെദാദ എന്നും [ആയിരുന്നു.] ആത്മാവ അവരുടെ മെലും ആവസിച്ചു: (അവരും എഴുതപ്പെട്ടവരിൽ ഉള്ളവർ ആയിരുന്നു, എങ്കിലും കൂടാരത്തിന്റെ അടുക്കലെക്ക അവർ പുറപ്പെട്ടില്ല,) അവർ പാളയത്തിൽ ദീൎഘദൎശനം പറകയും ചെയ്തു.

൨൭ പിന്നെ ഒരു ബാല്യക്കാരൻ ഒടി ചെന്ന, മൊശെയൊട അറിയിച്ചു, എൽദാദും, മെദാദും പാളയത്തിൽ ദീൎഘദൎശനം പറയുന്നു എന്ന പറഞ്ഞു.

൨൮ അപ്പൊൾ മൊശെയുടെ ശുശ്രൂഷക്കാരനായി, അവന്റെ ബാല്യക്കാരിൽ ഒരുത്തനായി, നൂന്റെ പുത്രനായ യൊശുവാ ഉത്തരമായിട്ട, എന്റെ യജമാനനായ മൊശെയെ, അവരെ വിരൊധിക്കെണം എന്ന പറഞ്ഞു.

൨൯ എന്നാറെ മൊശെ അവനൊട പറഞ്ഞു, എന്റെ നിമിത്തം നിനക്ക അസൂയ തൊന്നുന്നുവൊ? യഹൊവായുടെ ജനങ്ങൾ എല്ലാവരും ദീൎഘദൎശികളായിരിക്കയും, യഹൊവാ തന്റെ ആത്മാവിനെ അവരുടെ മെൽ വെക്കയും ചെയ്യാൽ കൊള്ളായിരുന്നു.

൩൦ മൊശെ എന്നവനും യിസ്രാഎലിന്റെ മൂപ്പന്മാരും പാളയത്തിലെക്ക വന്ന ചെന്നു.

൩൧ ¶ അപ്പൊൾ യഹൊവായിൽനിന്ന ഒരു കാററ പുറപ്പെട്ട, സമുദ്രത്തിൽനിന്ന കാടകളെ കൊണ്ടുവന്ന, പാളയത്തിൻ ~~സമീപത്ത~~, പാളയത്തിന്റെ ചുററും, ഒരം ഭാഗത്ത എകദെശം ഒരു ദിവസത്തെ വഴിയും, ആ ഭാഗത്ത എകദെശം ഒരു ദിവസത്തെ വഴിയും, ഭൂതലത്തിന്മെൽ എകദെശം രണ്ട മുളം പൊക്കവുമായി വീഴ്ത്തി.

൩൨ അപ്പൊൾ ജനം അന്ന പകൽ മുഴുവനും, [അന്ന] രാത്രി മുഴുവനും, പിററന്നാൾ മുഴുവനും എഴുനീററ, കാടകളെ പെറുക്കി കൂട്ടി: എററവും കുറെ പെറുക്കിയവൻ പത്ത പറ പെറുക്കി: അവർ അവയെ പാളയത്തിന ചുററും തങ്ങൾക്കായിട്ട ചിക്കി.

൩൩ എന്നാൽ ഇറച്ചി അവരുടെ പല്ലുകൾക്ക ഇടയിൽ ഇരിക്കുമ്പൊൾ തന്നെ, അത ചവെക്കപ്പെടുന്നതിന മുമ്പെ, യഹൊവായുടെ കൊപം ജനത്തിന നെരെ ജ്വലിച്ചു; യഹൊവാ ജനത്തെ ഒരു മഹാ വലിയ ബാധ കൊണ്ട ശിക്ഷിച്ചു കളഞ്ഞു.

൩൪ അവൻ ആ സ്ഥലത്തിന കിബ്രൊത്തഹത്തയവാ എന്ന പെരിട്ടു: എന്തുകൊണ്ടെന്നാൽ അത്യാഗ്രഹമുള്ള ജനത്തെ അവർ അവിടെ കുഴിച്ചിട്ടു.

൩൫ ജനം കിബ്രൊത്തഹത്തയവായെ വിട്ട, ഹസെറൊത്തിന പുറപ്പെട്ടു വന്നു; ഹസെറൊത്തിൽ വസിക്കയും ചെയ്തു.

൧൨ അദ്ധ്യായം.

൧ മിറിയാമിന്റെയും അഹറൊന്റെയും കലഹം.—൧൦ മിറിയാമിന്റെ കുഷ്ഠരൊഗം.—൧൪ അവൾ സൌഖ്യമാക്കപ്പെട്ടത.

പിന്നെ മൊശെ വിവാഹം ചെയ്തു കൂശകാരിയായ സ്ത്രീയുടെ നിമിത്തം മിറിയാമും അഹറൊനും അവന വിരൊധമായി സംസാരിച്ചു: എന്തെന്നാൽ അവൻ കൂശകാരിയായ ഒരു സ്ത്രീയെ വിവാഹം ചെയ്തിരുന്നു.

൨ യഹൊവാ മൊശെ മുഖാന്തരം
മാത്രമെ സംസാരിച്ചിട്ടുള്ളൊ? ഞ
ങ്ങൾ മുഖാന്തരവും അവൻ സം
സാരിച്ചിട്ടില്ലയൊ? എന്ന അവർ
പറഞ്ഞു. യഹൊവാ [അതിനെ]
കെൾക്കയും ചെയ്തു.
൩ (എന്നാൽ മൊശെ എന്ന പു
രുഷൻ ഭൂതലത്തിന്മെൽ ഉള്ള സ
കല മനുഷ്യരെക്കാളും മഹാ സൌ
മ്യതയുള്ളവനായിരുന്നു.)
൪ പിന്നെ പെട്ടന്ന യഹൊവാ
മൊശെയൊടും, അഹറൊനൊടും,
മിറിയാമിനൊടും, നിങ്ങൾ മൂന്ന പെ
രും സംഘത്തിന്റെ കൂടാരത്തിന്ന
പുറത്ത വരുവിൻ എന്ന പറഞ്ഞു.
ആ മൂന്ന പെരും പുറത്ത ചെന്നു.
൫ അപ്പൊൾ യഹൊവാ മെഘ
ത്തൂണിൽ ഇറങ്ങി, കൂടാരത്തിന്റെ
വാതുക്കൽ നിന്ന, അഹറൊനെയും
മിറിയാമിനെയും വിളിച്ചു: അവർ
ഇരുപെരും പുറത്ത ചെന്നു.
൬ പിന്നെ അവൻ പറഞ്ഞു, ഇ
പ്പൊൾ എന്റെ വചനങ്ങളെ കെ
ൾപ്പിൻ; നിങ്ങളുടെ ഇടയിൽ ദീ
ഘദൎശി ഉണ്ടായിരുന്നാൽ, യഹൊ
വായായ [ഞാൻ] അവന ദൎശന
ത്തിൽ എന്നെ അറിയിച്ച, സ്വപ്ന
ത്തിൽ അവനൊട സംസാരിക്കും.
൭ എന്റെ ദാസനായ മൊശെ
അപ്രകാരമല്ല, അവൻ എന്റെ ഭ
വനത്തിൽ ഒക്കെയും വിശ്വാസമു
ള്ളവൻ [ആകുന്നു.]
൮ മറപൊരുളായിട്ടല്ല, അഭിമുഖ
മായിട്ടും സ്പഷ്ടമായിട്ടും തന്നെ ഞാ
ൻ അവനൊട സംസാരിക്കും; യ
ഹൊവായുടെ ഛായയെ അവൻ
കാണുകയും ചെയ്യും: ആകയാൽനി
ങ്ങൾ എന്റെ ദാസനായ മൊശെ
ക്ക വിരൊധമായി സംസാരിപ്പാ
ൻ ഭയപ്പെടാതെ ഇരുന്നത എന്ത?
൯ യഹൊവായുടെ കൊപവും അ
വരുടെ നെരെ ജ്വലിച്ചു, അവൻ
പൊകയും ചെയ്തു.
൧൦ മെഘവും കൂടാരത്തിന്റെ മീ
തെനിന്ന അകന്ന പൊയി; പി
ന്നെ, കണ്ടാലും, മിറിയാം ഉറച്ച മ
ഞ്ഞുപൊലെ വെണ്മയുള്ള കുഷ്ഠം
പിടിച്ചവളായി: അഹറൊൻ മിറി
യാമിന്റെ മെൽ നൊക്കി, ഇതാ,
അവൾ കുഷ്ഠം പിടിച്ചവളായി.
൧൧ അപ്പൊൾ അഹറൊൻ മൊ
ശെയൊട പറഞ്ഞു, ഹാ! എന്റെ
കൎത്താവെ, ഞങ്ങൾ ഭൊഷത്വമാ
യി നടന്നതുകൊണ്ടും, പാപം ചെ
യ്തുകൊണ്ടും, ഞങ്ങളുടെ മെൽ ൟ
പാപത്തെ ചുമത്തരുതെ എന്ന ഞാ
ൻ നിന്നൊട അപെക്ഷിക്കുന്നു.
൧൨ തന്റെ മാതാവിന്റെ ഗൎഭ
ത്തിൽനിന്ന പുറപ്പെട്ടപ്പൊൾ ത
ന്റെ മാംസത്തിൽ പാതി അഴുകി
യിരിക്കുന്ന ചാപിള്ളയെ പൊലെ
അവൾ ആകരുതെ.
൧൩ അപ്പൊൾ മൊശെ യഹൊ
വായൊട, ദൈവമെ, ഇപ്പൊൾ അ
വളെ സൌഖ്യമാക്കെണമെ എന്ന
ഞാൻ നിന്നൊട യാചിക്കുന്നു എ
ന്ന നിലവിളിച്ച, പറഞ്ഞു.
൧൪ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, അവളുടെ പി
താവ അവളുടെ മുഖത്ത തുപ്പിയാ
ൽ തന്നെ അവൾ എഴ ദിവസം
ലജ്ജിച്ചിരിക്കെണ്ടായൊ? അവൾ
എഴ ദിവസം പാളയത്തിന പുറ
ത്ത അടെക്കപ്പെടട്ടെ. പിന്നത്തെ
തിൽ അവൾ കൈക്കൊള്ളപ്പെടട്ടെ.
൧൫ മിറിയാം എഴ ദിവസം പാ
ളയത്തിന പുറത്ത അടെക്കപ്പെട്ടി
രുന്നു. മിറിയാം തിരികെ കൊണ്ടു
വരപ്പെട്ടത വരെയും ജനം യാത്ര
പുറപ്പെടാതെയും ഇരുന്നു.

൧൬ പിന്നത്തെതിൽ ജനം ഹസെറൊത്തിൽനിന്ന പുറപ്പെട്ടു, പാറാൻ വനത്തിൽ പാളയമിറങ്ങി.

൧൩ അദ്ധ്യായം.

ദെശത്തെ ശൊധന നൊക്കുവാൻ പൊയവരുടെ നാമങ്ങളും.—൧൭. ഉപദെശങ്ങളും.—൨൧. നടപ്പുകളും.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൨ യിസ്രാഎൽ പുത്രന്മാൎക്ക ഞാൻ കൊടുക്കുന്ന കനാൻ ദെശത്തെ ശൊധന ചെയ്യെണ്ടുന്നതിന, നീ പുരുഷന്മാരെ അയക്ക: അവരുടെ പിതാക്കന്മാരുടെ ഒരൊരൊ ഗൊത്രത്തിൽനിന്ന അവരിൽ ഒരൊ പ്രഭുവായ മനുഷ്യനെ നിങ്ങൾ അയക്കെണം.

൩ അപ്രകാരം മൊശെ യഹൊവായുടെ കല്പന പ്രകാരം അവരെ പാറാൻ വനത്തിൽനിന്ന അയച്ചു: ആ മനുഷ്യർ എല്ലാവരും യിസ്രാഎൽ പുത്രന്മാരിൽ തലവന്മാർ [ആയിരുന്നു.]

൪ അവരുടെ നാമങ്ങൾ ഇവ: രുബെന്റെ ഗൊത്രത്തിൽ, സഖാറിന്റെ പുത്രനായ ശമ്മുവാ.

൫ ശിമെയൊന്റെ ഗൊത്രത്തിൽ, ഹൊറിയുടെ പുത്രനായ ശാഫാത്ത.

൬ യെഹൂദായുടെ ഗൊത്രത്തിൽ, യെഫുന്നെയുടെ പുത്രനായ കാലെബ.

൭ ഇസ്സാഖാറിന്റെ ഗൊത്രത്തിൽ, യൊസെഫിന്റെ പുത്രനായ യിഗാൽ.

൮ എഫ്രായിമിന്റെ ഗൊത്രത്തിൽ, നൂന്റെ പുത്രനായ ഒശെയാ.

൯ ബെന്യാമിന്റെ ഗൊത്രത്തിൽ, റാഫുവിന്റെ പുത്രനായ പൽതി.

൧൦ സെബുലുന്റെ ഗൊത്രത്തിൽ, സൊദിയുടെ പുത്രനായ ഗദിയെൽ.

൧൧ യൊസെഫിന്റെ ഗൊത്രമായ മനശ്ശെയുടെ ഗൊത്രത്തിൽ, സുസിയുടെ പുത്രനായ ഗദ്ദി.

൧൨ ദാന്റെ ഗൊത്രത്തിൽ, ഗമല്ലിയുടെ പുത്രനായ അമ്മിയെൽ.

൧൩ ആശെറിന്റെ ഗൊത്രത്തിൽ, മിഖായെലിന്റെ പുത്രനായ സെത്തൂർ.

൧൪ നപ്താലിയുടെ ഗൊത്രത്തിൽ, വൊപ്സിയുടെ പുത്രനായ നഹബി.

൧൫ ഗാദിന്റെ ഗൊത്രത്തിൽ, മാഖിയുടെ പുത്രനായ ഗയുയെൽ.

൧൬ ദെശത്തെ ശൊധന ചെയ്തു നൊക്കുവാൻ മൊശെ അയച്ചിട്ടുള്ള മനുഷ്യരുടെ നാമങ്ങൾ ഇവ. എന്നാൽ നൂന്റെ പുത്രനായ ഒശെയായിക്ക മൊശെ യൊശുവാ എന്ന പെർ വിളിച്ചു.

൧൭ മൊശെ കനാൻ ദെശത്തെ ശൊധനചെയ്തു നൊക്കുവാനായിട്ട അവരെ അയച്ചു, അവരൊട പറഞ്ഞു, നിങ്ങൾ ഈ വഴിയെ തെക്കൊട്ട ചെന്ന, മലയിലെക്ക കരെറി,

൧൮ ദെശം എത വിധമുള്ളത എന്നും, അതിൽ കുടിയിരിക്കുന്ന ജനങ്ങൾ ബലമുള്ളവരൊ ബലമില്ലാത്തവരൊ എന്നും; അല്പമൊ അനെകമൊ എന്നും;

൧൯ അവർ കുടിയിരിക്കുന്ന ദെശം എത പ്രകാരമുള്ളത, അത നല്ലതൊ ആകാത്തതൊ എന്നും, അവർ കുടിയിരിക്കുന്ന നഗരങ്ങൾ എത പ്രകാരമുള്ളവ, പാളയങ്ങളൊ കൊട്ടകളൊ എന്നും;

൨൦ ദെശം എത വിധം, പുഷ്ടിയുള്ളതൊ പുഷ്ടിയില്ലാത്തതൊ, അതിൽ വൃക്ഷങ്ങൾ ഉണ്ടൊ ഇല്ലയൊ എ

ന്നും നൊക്കുവിൻ. പിന്നെയും നിങ്ങൾ ധൈൎയ്യപ്പെട്ടിരുന്ന, ദെശത്തുള്ള ഫലങ്ങളിൽനിന്ന കൊണ്ടുവരുവിൻ. എന്നാൽ ആ കാലം മുന്തിരിങ്ങാകളുടെ ആദ്യ ഫലക്കാലം [ആയിരുന്നു.]

൨൧ ¶ അപ്രകാരം അവർ കരെറി പൊയി, സീൻ എന്ന വനം മുതൽ ഹമാത്തിന പൊകുന്ന വഴിയായി രെഹൊബ വരെ ദെശത്തെ ശൊധന ചെയ്തു.

൨൨ പിന്നെ അവർ തെക്ക കൂടി കരെറി, ഹെബ്രൊന്ന വന്നു; അവിടെ അനാക്കിന്റെ പുത്രന്മാരായ അഹിമനും, ശെശായിയും, തൽമായിയും [ഉണ്ടായിരുന്നു.] (എന്നാൽ ഹെബ്രൊൻ മിസ്രയിമിലെ സൊവാനിന എഴ വൎഷം മുമ്പെ പണിയിക്കപ്പെട്ടിരുന്നു.)

൨൩ പിന്നെ അവർ എസ്സൊൽ എന്ന താഴ്വരയൊളം വന്ന, അവിടെനിന്ന കുലയുള്ള ഒരു മുന്തിരിങ്ങാ വള്ളിയെ മുറിച്ചെടുത്ത, അതിനെ അവർ രണ്ട പെർ കൂടി ഒരു തണ്ടിന്മെൽ തൂക്കി വഹിച്ചു: അവർ മാതളപ്പഴങ്ങളിൽനിന്നും അത്തിപ്പഴങ്ങളിൽനിന്നും [കൂടെ കൊണ്ടുവന്നു.]

൨൪ യിസ്രാഎൽപുത്രന്മാർ അവിടെനിന്ന മുറിച്ചെടുത്ത മുന്തിരിങ്ങാകുലയുടെ നിമിത്തം ആ സ്ഥലം എസ്സൊൽ താഴ്വര എന്ന വിളിക്കപ്പെട്ടു.

൨൫ പിന്നെ അവർ ദെശത്തെ ശൊധന ചെയ്തു തീൎന്ന നാല്പത ദിവസങ്ങളുടെ ശെഷം തിരിച്ച വന്നു.

൨൬ ¶ അവർ പുറപ്പെട്ട, പാറാൻ വനത്തിലുള്ള കാദെശിന മൊശെയുടെ അടുക്കലും, അഹറൊന്റെ അടുക്കലും, യിസ്രാഎൽ പുത്രന്മാരുടെ സകല സംഘത്തിന്റെ അടുക്കലും ചെന്ന, അവരൊടും എല്ലാ സംഘത്തൊടും വൎത്തമാനം അറിയിച്ചു, ആ ദെശത്തെ ഫലത്തെയും അവൎക്ക കാണിച്ചു.

൨൭ പിന്നെ അവർ അവനൊട അറിയിച്ച പറഞ്ഞു, നീ ഞങ്ങളെ അയച്ച ദെശത്തെക്ക ഞങ്ങൾ പൊയി വന്നു, അത പാലും തെനും ഒഴുകുന്ന ദെശം തന്നെ, അതിലെ ഫലവും ഇത.

൨൮ എന്നാലും ദെശത്ത കുടിയിരിക്കുന്ന ജനങ്ങൾ ശക്തിയുള്ളവരും, നഗരങ്ങൾ ചുറവും മതിൽ കെട്ടപ്പെട്ടവയും, എറ്റവും വലിയവയും [ആകുന്നു:] വിശെഷിച്ചും ഞങ്ങൾ അനാക്കിന്റെ പുത്രന്മാരെയും അവിടെ കണ്ടു.

൨൯ അമലെക്കകാർ തെക്ക ദെശത്ത കുടിയിരിക്കുന്നു: ഹിത്തായക്കാരും, യബ്യസായക്കാരും, അമൊറായക്കാരും പൎവതങ്ങളിൽ കുടിയിരിക്കുന്നു: കനാനായക്കാരും സമുദ്രതീരത്തും യൊർദാന്റെ വക്കത്തും കുടിയിരിക്കുന്നു.

൩൦ അപ്പൊൾ ഖാലെബ മൊശെയുടെ മുമ്പാകെ ജനത്തെ അമൎത്തി, നാം വെഗത്തിൽ ചെന്ന, അതിനെ അവകാശമാക്കെണം; എന്തെന്നാൽ അതിനെ ജയിപ്പാൻ നമുക്ക കഴിയും എന്ന പറഞ്ഞു.

൩൧ എന്നാലും അവനൊട കൂടെ പൊയിരുന്ന മനുഷ്യർ പറഞ്ഞു, ആ ജനങ്ങളുടെ നെരെ കരെറി പൊകുവാൻ നമുക്ക കഴികയില്ല: എന്തുകൊണ്ടെന്നാൽ അവർ നമ്മെക്കാൾ പ്രബലന്മാർ ആകുന്നു.

൩൨ അവർ തങ്ങൾ ശൊധന ചെയ്ത ദെശത്തെ കുറിച്ച യിസ്രാ

എൽ പുത്രന്മാരൊട അവശ്രുതിയെയും പുറപ്പെട്ടവിച്ചു, പറഞ്ഞു, ഞങ്ങൾ ശൊധന ചെയ്യുന്നതിന കടന്ന പൊയിരുന്ന ദെശം അതിൽ വസിക്കുന്നവരെ ഭക്ഷിച്ചുകളയുന്ന ദെശം [ആകുന്നു:] അതിൽ ഞങ്ങൾ കണ്ടിട്ടുള്ള ജനങ്ങൾ എല്ലാവരും മഹാ ദിഘമുള്ള മനുഷ്യരും [ആകുന്നു.]

൩൩ അവിടെ ഞങ്ങൾ മല്ലന്മാരിൽനിന്ന [ജനിച്ചു] അനാക്കിന്റെ പുത്രന്മാരായ മല്ലന്മാരെ കണ്ടു: ഞങ്ങൾ ഞങ്ങളുടെ കാഴ്ചയിൽ തന്നെ വെട്ടുകിളികളെ പൊലെ ആയിരുന്നു: അപ്രകാരം തന്നെ ഞങ്ങൾ അവരുടെ കാഴ്ചയിലും ആയിരുന്നു.

൧൪ അദ്ധ്യായം.

ജനങ്ങൾ ശൊധന നൊക്കിയവരുടെ വൎത്തമാനത്തിങ്കൽ പിറുപിറുത്തതുകൊണ്ട ശാസിക്കപ്പെട്ടത.

അപ്പൊൾ സംഘം എല്ലാം തങ്ങളുടെ ശബ്ദത്തെ ഉയൎത്തി, നിലവിളിച്ചു: ജനങ്ങൾ ആ രാത്രി കരകയും ചെയ്തു.

൨ യിസ്രാഎൽ പുത്രന്മാർ എല്ലാവരും മൊശെക്ക വിരൊധമായും, അഹറൊന വിരൊധമായും പിറുപിറുത്തു. സംഘം ഒക്കെയും അവരൊട പറഞ്ഞു, മിസ്രയിം ദെശത്ത വെച്ച ഞങ്ങൾ മരിച്ചു എങ്കിൽ കൊള്ളായിരുന്നു, അല്ലെങ്കിൽ ൟ വനത്തിൽ വെച്ച ഞങ്ങൾ മരിച്ചു എങ്കിൽ കൊള്ളായിരുന്നു.

൩ വാളിനാൽ വീഴെണ്ടുന്നതിനും, ഞങ്ങളുടെ ഭാൎയ്യമാരും ഞങ്ങളുടെ മക്കളും കവൎച്ചയാകെണ്ടുന്നതിനും, യഹൊവാ ഞങ്ങളെ ൟ ദെശത്തെക്ക വരുത്തിയത എന്തിന? മിസ്രയിമിലെക്ക തിരികെ പൊകുന്നത്തല്ലയൊ നമുക്ക നല്ലത?

൪ അവർ നമുക്ക ഒരു സെനാപതിയെ ഉണ്ടാക്കി, നാം മിസ്രയിമിലെക്ക തിരികെ പൊക എന്ന തമ്മിൽ തമ്മിൽ പറകയും ചെയ്തു.

൫ അപ്പൊൾ മൊശെയും അഹറൊനും യിസ്രാഎൽ പുത്രന്മാരുടെ സംഘത്തിന്റെ സകല സഭയുടെയും മുമ്പാകെ കവിണ്ണ വീണു.

൬ ദെശത്തെ ശൊധന ചെയ്തു നൊക്കിയവരിൽ നൂന്റെ പുത്രനായ യൊശുവായും യെഫുന്നെയുടെ പുത്രനായ കാലെബും തങ്ങളുടെ വസ്ത്രങ്ങളെ കീറി.

൭ അവർ യിസ്രാഎൽ പുത്രന്മാരുടെ സകല സംഘത്തൊടും സംസാരിച്ച പറഞ്ഞത എന്തെന്നാൽ, ഞങ്ങൾ ശൊധന ചെയ്തു നൊക്കുവാൻ കടന്ന പൊയിട്ടുള്ള ദെശം എത്രയും നല്ല ദെശം [ആകുന്നു.]

൮ യഹൊവാ നമ്മിൽ ഇഷ്ടപ്പെടുന്നു എങ്കിൽ, അവൻ നമ്മെ പാലും തെനും ഒഴുകുന്ന ദെശമായി ൟ ദെശത്തെക്ക കൊണ്ടുവന്ന അതിനെ നമുക്ക തരും.

൯ യഹൊവായിക്ക വിരൊധമായിട്ട മാത്രം നിങ്ങൾ മത്സരിക്കരുത, നിങ്ങൾ ആ ദെശത്തിലെ ജനങ്ങളെ ഭയപ്പെടുകയും അരുത: എന്തുകൊണ്ടെന്നാൽ അവർ നമുക്ക അപ്പം [ആകുന്നു;] അവരുടെ ശരണം അവരിൽനിന്ന പൊയ്പൊയിരിക്കുന്നു; എന്നാൽ യഹൊവാ നമ്മൊട കൂടെ ഉണ്ട; അവരെ ഭയപ്പെടരുത.

൰ എന്നാറെ സംഘം എല്ലാം അവരെ കല്ലുകൊണ്ട എറിയെണം എന്ന പറഞ്ഞു. അപ്പൊൾ യഹൊവായുടെ മഹത്വം സംഘത്തിന്റെ

കൂടാരത്തിൽ എല്ലാ യിസ്രായെൽ പു
ത്രന്മാൎക്കും മുമ്പാകെ കാണപ്പെട്ടു.

൧൧ പിന്നെ യഹൊവാ മൊ
ശെയൊട പറഞ്ഞു; ഈ ജനം എ
ത്രത്തൊളംഎന്നെകൊപിപ്പിക്കും?
ഞാൻ അവരുടെ ഇടയിൽ കാണി
ച്ചിട്ടുള്ള സകല അടയാളങ്ങളെ കു
റിച്ചും അവർ എന്നെ എത്രത്തൊ
ളം വിശ്വസിക്കാതെ ഇരിക്കും ?

൧൨ ഞാൻ അവരെ വസന്തയാ
ൽ ശിക്ഷിക്കും, അവരെ ആട്ടിക്കള
കയും,നിന്നെ അവരെക്കാൾ വലി
യതും ബലവുമായുള്ള ജാതിയായി
ട്ട ആക്കുകയും ചെയ്യും.

൧൩ മൊശെ യഹൊവായൊട
പറഞ്ഞു, എന്നാൽ മിസ്രയക്കാർ
അതിനെ കെൾക്കും; (എന്തുകൊ
ണ്ടെന്നാൽ നീ ഈ ജനത്തെ അ
വരുടെ ഇടയിൽനിന്ന നിന്റെ
ശക്തിയാൽ കൊണ്ടുപൊന്നു;)

൧൪ [ആയതിനെ]അവർ ഈ ദെ
ശത്തെ കുടിയാന്മാരൊടും പറയും:
എന്തെന്നാൽ യഹൊവായായ നീ
ഈ ജനത്തിന്റെ ഇടയിൽ ഉണ്ടെ
ന്നും, യഹൊവായായ നീ അഭിമു
ഖമായി കാണപ്പെടുന്നു എന്നും,
നിന്റെ മെഘം അവൎക്ക മെലായി
നില്ക്കുന്നു എന്നും, പകൽ നെര
ത്ത മെഘത്തൂണിലും രാത്രിയിൽ അ
ഗ്നിത്തൂണിലും നീ അവൎക്ക മുമ്പാ
യി നടക്കുന്നു എന്നും അവർ കെ
ട്ടിരിക്കുന്നു.

൧൫ ഇപ്പൊൾ നീ ഈ ജനത്തെ
ഒക്കെയും ഒരു മനുഷ്യനെ എന്ന
പൊലെ കൊന്നു കളഞ്ഞാൽ, നി
ന്റെ കീൎത്തിയെ കെട്ടിരിക്കുന്ന ജാ
തികൾ,

൧൬ യഹൊവാ ഈ ജനത്തൊട
ആണയിട്ടിട്ടുള്ള ദെശത്തെക്ക അ
വരെ കൊണ്ടുവരുവാൻ തനിക്കാ

കഴിയായ്കകാരണത്താൽ അവരെ
അവൻ വനത്തിൽ വെച്ചു കൊ
ന്നു കളഞ്ഞു എന്ന പറയും.

൧൭ യഹൊവാ ദീൎഘശാന്തതയും,
മഹാ കരുണയും ഉള്ളവനും, അ
ന്യായത്തെയും ലംഘനത്തെയും
ക്ഷമിക്കുന്നവനും, [കുററമുള്ളവ
നെ] ഒരു പ്രകാരത്തിലും കുററമി
ല്ലാതാക്കാത്തവനും, മൂന്നാമത്തവ
രും നാലാമത്തവരും വരെയുള്ള മ
ക്കളുടെ മെൽ പിതാക്കന്മാരുടെ അ
ന്യായത്തെ വിചാരിക്കുന്നവനും
[ആകുന്നു] എന്ന,

൧൮ നീ സംസാരിച്ച പറഞ്ഞ
പ്രകാരം, ഇപ്പൊൾ എന്റെ ക
ൎത്താവിന്റെ ശക്തി വലിയതായി
രിക്കട്ടെ എന്ന ഞാൻ നിന്നൊട
യാചിക്കുന്നു.

൧൯ നിന്റെ കരുണയുടെ വ
ലിപ്പത്തിൻ പ്രകാരവും, മിസ്രയിം
മുതൽ ഇവിടം വരെ ഈ ജന
ത്തൊട നീ ക്ഷമിച്ചു വന്ന പ്രകാര
വും,ഈ ജനത്തിന്റെ അകൃത്യത്തെ
ക്ഷമിക്കെണമെ എന്ന ഞാൻ നി
ന്നൊട അപെക്ഷിക്കുന്നു.

൨൦ അപ്പൊൾ യഹൊവാ പറ
ഞ്ഞു; നിന്റെവചനപ്രകാരം ഞാ
ൻ ക്ഷമിച്ചിരിക്കുന്നു:

൨൧ എന്നാലും ഞാൻ സത്യമായി
ജീവിച്ചിരിക്കുന്നത പൊലെ ഭൂമി
എല്ലാം യഹൊവായുടെ മഹത്വത്താ
ൽ നിറഞ്ഞിരിക്കും.

൨൨ എന്റെ മഹത്വത്തെയും, മി
സ്രയിമിലും വനത്തിലുംവെച്ചു ഞാ
ൻ ചെയ്തിട്ടുള്ള എന്റെ അത്ഭുതങ്ങ
ളെയും കണ്ടിട്ടുള്ള മനുഷ്യർ എല്ലാ
വരും ഇപ്പൊൾ ഈ പത്ത പ്രാവ
ശ്യം എന്നെ പരീക്ഷിച്ചു, എന്റെ
ശബ്ദത്തെ കെൾക്കാതെ ഇരുന്നത
കൊണ്ടു;

൨൩ അവരുടെ പിതാക്കന്മാരൊ
ട ഞാൻ ആണയിട്ടിട്ടുള്ള ദെശ
ത്തെ അവർ കാണ്കയില്ല, എന്നെ
കൊപിപ്പിച്ചവരിൽ ഒരുത്തനും അ
തിനെ കാണ്കയില്ല നിശ്ചയം:
൨൪ എന്നാൽ എന്റെ ദാസനാ
യ ഖാലെബിന്നെയൊ അവന ത
ന്നൊട കൂടെ വെറൊരു ആത്മാവ
ഉണ്ടായി, എന്നെ പൂൎണ്ണമായി പി
ന്തുടൎന്നതകൊണ്ട, അവൻ പൊയി
രുന്ന ദെശത്തെക്ക ഞാൻ അവ
നെ കൊണ്ടുപൊകും; അവന്റെ
സന്തതി അതിന്നെ അവകാശമാ
ക്കുകയും ചെയ്യും.
൨൫ (എന്നാൽ അമലെക്കകാരും
കനാനായക്കാരും താഴ്വരയിൽ കുടി
യിരുന്നു.) നിങ്ങൾ നാളെ തിരിച്ച,
ചെങ്കടൽ വഴിയായി വനത്തിലെ
ക്ക പൊകുവിൻ.
൨൬ ¶ പിന്നെയും യഹൊവാ
മൊശെയൊടും അഹറൊനൊടും
സംസാരിച്ച, പറഞ്ഞു;
൨൭ ഇനിക്ക വിരൊധമായി പി
റുപിറുക്കുന്ന ഈ ദുഷ്ടസഭയൊട
ഞാൻ എത്രത്തൊളം [ക്ഷമിക്കെ
ണ്ടു,] യിസ്രാഎൽ പുത്രന്മാർ ഇനി
ക്ക വിരൊധമായി പിറുപിറുക്കു
ന്ന അവരുടെ പിറുപിറുപ്പുകളെ
ഞാൻ കെട്ടിരിക്കുന്നു.
൨൮ അവരൊട പറവിൻ; ഞാ
ൻ ജീവിച്ചിരിക്കുന്നത പൊലെ
നിങ്ങൾ എന്റെ ചെവികളിൽ പ
റഞ്ഞപ്രകാരം തന്നെ ഞാൻ നി
ങ്ങളൊട ചെയ്യും എന്ന യഹൊവാ
പറയുന്നു:
൨൯ ഈ വനത്തിൽ നിങ്ങളുടെ
ശവങ്ങൾ വീഴും; ഇനിക്ക വിരൊ
ധമായി പിറുപിറുത്തവരായി, നി
ങ്ങളുടെ എല്ലാ എണ്ണപ്രകാരവും, ഇ
രുപത വയസ്സ മുതൽ മെലായി,

നിങ്ങളിൽ എണ്ണപ്പെട്ട എല്ലാവരും
[വീഴും.]
൩൰ യെഫുന്നെയുടെ പുത്രനായ
ഖാലെബും നൂന്റെ പുത്രനായ
യൊശുവായും അല്ലാതെ, നിങ്ങൾ
ഞാൻ അതിൽ നിങ്ങളെ കുടിയിരു
ത്തുമെന്ന ഞാൻ ആണയിട്ടിട്ടുള്ള
ദെശത്തെക്ക വരികയില്ല നിശ്ചയം.
൩൧ കവൎച്ചയാകുമെന്ന നിങ്ങൾ
പറഞ്ഞിട്ടുള്ള നിങ്ങളുടെ കുട്ടികളെ
യൊ, ഞാൻ അവരെ അതിലെക്ക
വരുത്തും, അവർ നിങ്ങൾ വെറു
ത്ത ദെശത്തെ അറികയും ചെയ്യും.
൩൨ എന്നാൽ നിങ്ങളൊ, നിങ്ങ
ളുടെ ശവങ്ങളൊ, അവ ഈ വന
ത്തിൽ വീഴും.
൩൩ നിങ്ങളുടെ ശവങ്ങൾ വന
ത്തിൽ ക്ഷയിക്കുന്നത വരെ, നി
ങ്ങളുടെ മക്കൾ വനത്തിൽ നാല്പത
സംവത്സരം സഞ്ചരിക്കയും, നിങ്ങ
ളുടെ വെശ്യാവൃത്തികളെ സഹിക്ക
യും ചെയ്യും.
൩൪ നിങ്ങൾ ദെശത്തെ ശൊധ
ന ചെയ്ത നാല്പത ദിവസങ്ങളുടെ
എണ്ണ പ്രകാരം ഒരു സംവത്സര
ത്തിന ഒരു ദിവസം വീതം നാല്പ
ത സംവത്സരം നിങ്ങൾ നിങ്ങളുടെ
അകൃത്യങ്ങളെ സഹിച്ച, എന്റെ
വചനവ്യത്യാസത്തെ നിങ്ങൾ അ
റികയും ചെയ്യും.
൩൫ ഇനിക്ക വിരൊധമായി കൂ
ട്ടം കൂടിയിരിക്കുന്ന ഈ ദുഷ്ട സഭെ
ക്ക ഞാൻ ഇതിനെ ചെയ്യും നി
ശ്ചയം: ഈ വനത്തിൽ അവർ ക്ഷ
യിക്കും, അവിടെ അവർ മരിക്ക
യും ചെയ്യും എന്ന യഹൊവായാ
യ ഞാൻ പറഞ്ഞിട്ടുണ്ട.
൩൬ ¶ ദെശത്തെ ശൊധന ചെ
യ്ത നൊക്കുവാൻ മൊശെ അയ
ച്ചിട്ടുള്ള മനുഷ്യരും തിരികെ വന്ന,

ദെശത്തെ കുറിച്ച ദുഷ്കീൎത്തിയെ കൊണ്ടുവന്നതിനാൽ അവന വിരൊധമായി സംഘത്തെ ഒക്കെയും പിറുപിറുക്കുമാറാക്കിയവരുമായി,

൩൭ ദെശത്തെ കുറിച്ച ദുഷ്കീൎത്തിയെ കൊണ്ടുവന്നിട്ടുള്ള ആ മനുഷ്യർ തന്നെ യഹൊവായുടെ മുമ്പാകെ ബാധ കൊണ്ട മരിച്ചു.

൩൮ എന്നാലും ദെശത്തെ ശൊധനചെയ്തു നൊക്കുവാൻ പൊയ മനുഷ്യരിൽ നൂന്റെ പുത്രനായ യൊശുവായും, യെഫുന്നെയുടെ പുത്രനായ ഖാലെബും ജീവനൊടിരുന്നു.

൩൯ പിന്നെ മൊശെ ഈ വചനങ്ങളെ യിസ്രാഎൽ പുത്രന്മാരൊട എല്ലാവരൊടും പറഞ്ഞു: അപ്പൊൾ ജനം എറ്റവും ദുഃഖിച്ചു.

൪൦ അവർ അതികാലത്തെ എഴുനീറ്റ, ഇതാ, ഞങ്ങൾ യഹൊവാ വാഗ്ദത്തം ചെയ്തിട്ടുള്ള സ്ഥലത്തെക്ക കരെറി പൊകും: എന്തെന്നാൽ ഞങ്ങൾ പാപം ചെയ്തു എന്ന പറഞ്ഞ, പൎവതത്തിന്റെ മുകളിലെക്ക കരെറുകയും ചെയ്തു.

൪൧ അപ്പൊൾ മൊശെ പറഞ്ഞു, നിങ്ങൾ ഇപ്പൊൾ യഹൊവായുടെ കല്പനയെ ലംഘിക്കുന്നത എന്ത? അത സാധിക്കയില്ല.

൪൨ നിങ്ങൾ നിങ്ങളുടെ ശത്രുക്കൾക്ക മുമ്പിൽ സംഹരിക്കപ്പെടാതെ ഇരിക്കെണ്ടുന്നതിന, കരെറാതെ ഇരിപ്പിൻ; എന്തകൊണ്ടെന്നാൽ യഹൊവാ നിങ്ങളുടെ ഇടയിൽ ഇല്ല.

൪൩ എന്തെന്നാൽ അമലെക്കകാരും കനാനായക്കാരും അവിടെ നിങ്ങൾക്ക മുമ്പെ ഉണ്ട, നിങ്ങൾ വാളിനാൽ വീഴും: എന്തുകൊണ്ടെന്നാൽ നിങ്ങൾ യഹൊവായെ വിട്ട പിന്തിരിഞ്ഞിരിക്കുന്നു; അതുകൊണ്ട യഹൊവാ നിങ്ങളൊടകൂടെ ഉണ്ടാകയില്ല.

൪൪ എന്നാറെ അവർ പൎവതത്തിന്റെ മുകളിലെക്ക കരെറുവാൻ തുനിഞ്ഞു: എന്നാലും യഹൊവായുടെ ഉഭയസമ്മതത്തിന്റെ പെട്ടകവും മൊശെയും പാളയത്തിൽനിന്ന പുറപ്പെട്ടില്ല.

൪൫ അപ്പൊൾ ആ പൎവതത്തിൽ കുടിയിരുന്ന അമലെക്കകാരും കനാനായക്കാരും ഇറങ്ങി വന്ന, അവരെ അവജയപ്പെടുത്തി, ഹൊൎമ്മാവരെയും അവരെ ഒടിച്ചു.

൧൫ അദ്ധ്യായം.

൧ പല വഴിപാടുകളെ കുറിച്ചുള്ള വിധി.—൩൨ ശബാത ദിവസത്തെ ലംഘിച്ചവനെ കല്ലുകൊണ്ട എറിയുന്നത.—൩൭ വസ്ത്രവക്കുകളെ കുറിച്ചുള്ള വിധി.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൨ നീ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ചു, അവരൊട പറക, ഞാൻ നിങ്ങൾക്ക തരുന്ന നിങ്ങളുടെ വാസസ്ഥലങ്ങളുള്ള ദെശത്ത നിങ്ങൾ വന്ന,

൩ നെൎച്ചയെ കഴിക്കുന്നതിനെ എങ്കിലും, മനഃപൂൎവമായുള്ള കാഴ്ചയിൽ എങ്കിലും, നിങ്ങളുടെ പെരുനാളുകളിൽ എങ്കിലും, യഹൊവായിക്ക മാടിൽനിന്നൊ, ആടിൽനിന്നൊ ഹൊമബലിയായിട്ട, അല്ലെങ്കിൽ ബലിയായിട്ട യഹൊവായിക്കു അനുകൂലവാസനയെ ഉണ്ടാക്കുന്നതിന ദഹനബലി കഴിക്കുമ്പൊൾ;

൪ യഹൊവായിക്ക തന്റെ വഴിപാടിനെ കഴിക്കുന്നവൻ ആഹാര കാഴ്ചയായിട്ട കാൽ ഹിൻ എണ്ണയിൽ കുഴച്ചതായി, പറയിൽ പത്തിൽ ഒര ഒഹരി മാവിനെ കൊണ്ടുവരെണം.

൫ ഒരു കുഞ്ഞാടിന പാനീയ കാഴ്ചയായിട്ട കാൽ ഹീൻ വീഞ്ഞിനെ ഹൊമബലിയൊടൊ ബലിയൊടൊ കൂടെ നീ ഒരുക്കെണം.

൬ ആട്ടുകൊററന [ആയാൽ] ആഹാര കാഴ്ചയായിട്ട ഹീനിൽ മൂന്നിലൊന്ന എണ്ണയിൽ കുഴച്ചതായി പറയിൽ പത്തിൽ രണ്ട [പങ്ക] മാവിനെ നീ ഒരുക്കെണം.

൭ പാനീയ കാഴ്ചെക്ക നീ ഹീനിൽ മൂന്നിലൊന്ന വീഞ്ഞിനെയും യഹൊവായിക്ക അനുകൂലവാസനയായിട്ട കഴിക്കെണം.

൮ പിന്നെ നീ നെച്ചയെ എങ്കിലും, യഹൊവായിക്ക സമാധാന ബലികളെ എങ്കിലും കഴിക്കുന്നതിന ഹൊമബലിക്കായിട്ടൊ, ബലിക്കായിട്ടൊ ഒരു കാളക്കിടാവിനെ ഒരുക്കുമ്പൊൾ,

൯ കാളക്കിടാവിനൊട കൂടെ അവൻ ഹീനിൽ പാതി എണ്ണയിൽ കുഴച്ചതായി പറയിൽ പത്തിൽ മൂന്ന പങ്ക മാവിനെ ആഹാര കാഴ്ചയായിട്ട കൊണ്ടുവരെണം.

൰ പിന്നെ നീ പാനീയ കാഴ്ചയായിട്ട ഹീനിൽ പാതി വീഞ്ഞിനെ യഹൊവായിക്ക അനുകൂലവാസനയുടെ ദഹന ബലിയായി കൊണ്ടുവരെണം.

൰൧ ഒരു കാളക്കിടാവിന എങ്കിലും, ഒരു ആട്ടുകൊററന എങ്കിലും, കുഞ്ഞാടിന എങ്കിലും, വെള്ളാട്ടിൻ കുട്ടിക്ക എങ്കിലും ഇപ്രകാരം ചെയ്യപ്പെടെണം.

൰൨ നിങ്ങൾ ഒരുക്കുന്ന എണ്ണത്തിൻ പ്രകാരം തന്നെ, നിങ്ങൾ അവയുടെ എണ്ണത്തിന തക്കവണ്ണം ഒരൊന്നിന ചെയ്യെണം.

൰൩ ദെശത്ത ജനിച്ചവൻ എല്ലാം യഹൊവായിക്ക അനുകൂലവാസനയുടെ ദഹനബലി കഴിക്കുന്നതിന, ഇവ കാൎയ്യങ്ങളെ ഇപ്രകാരം തന്നെ ചെയ്യെണം.

൰൪ ഒരു പരദെശി നിങ്ങളൊട കൂടെ പാൎത്ത, അല്ലെങ്കിൽ യാതൊരുത്തൻ നിങ്ങളുടെ തലമുറകളിൽ നിങ്ങളുടെ ഇടയിൽ ഇരുന്ന, യഹൊവായിക്ക അനുകൂലവാസനയായി ദഹനബലി കഴിക്കെണമെങ്കിൽ, നിങ്ങൾ ചെയ്യുന്ന പ്രകാരം തന്നെ അവനും ചെയ്യെണം.

൰൫ സഭയാകുന്ന നിങ്ങൾക്കും [നിങ്ങളൊട കൂടെ] പാൎക്കുന്ന പരദെശിക്കും ഒരുചട്ടം, നിങ്ങളുടെ തലമുറകളിൽ എന്നെക്കുമുള്ള ചട്ടം തന്നെ [അയിരിക്കെണം:] നിങ്ങൾ എന്ന പൊലെ തന്നെ പരദെശിയും യഹൊവായുടെ മുമ്പാകെ ഇരിക്കെണം.

൰൬ നിങ്ങൾക്കും നിങ്ങളൊട കൂടെ പാൎക്കുന്ന പരദെശിക്കും ഒരു കല്പന ചട്ടവും, ഒരു ന്യായവും തന്നെ ആയിരിക്കെണം.

൰൭ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ച, പറഞ്ഞു;

൰൮ നീ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ച, അവരൊട പറക; ഞാൻ നിങ്ങളെ കൂട്ടികൊണ്ടുപൊകുന്ന ദെശത്തെക്ക നിങ്ങൾ വരുമ്പൊൾ,

൰൯ ഉണ്ടാകെണ്ടുന്നത എന്തെന്നാൽ, നിങ്ങൾ ദെശത്തിലെ അപ്പത്തിൽനിന്ന ഭക്ഷിക്കുമ്പൊൾ നിങ്ങൾ യഹൊവായിക്ക ഉയൎത്തപ്പെടുന്ന ഒരു വഴിപാടിനെ കഴിക്കെണം.

൨൰ നിങ്ങളുടെ ആദ്യ കുഴച്ച മാവിൽനിന്ന ഒരു അടയെ നിങ്ങൾ ഉയൎത്തപ്പെടുന്ന വഴിപാടായി കഴി

ക്കെണം: മെത്തിക്കളത്തിലെ ഉയൎത്ത
പ്പെടുന്ന വഴിപാടിനെ പൊലെ
തന്നെ, നിങ്ങളും അതിനെ ഉയൎത്തെ
ണം.
൨൧ നിങ്ങൾ നിങ്ങളുടെ തലമുറ
കളിൽ നിങ്ങളുടെ കുഴച്ച മാവിന്റെ
ആദ്യ ഫലത്തിൽനിന്ന യഹൊവാ
യിക്ക ഉയൎത്തപ്പെടുന്ന വഴിപാടി
നെ കൊടുക്കെണം.
൨൨ ¶ പിന്നെ യഹൊവാ മൊ
ശെയൊട കല്പിച്ചിട്ടുള്ള ഈ സക
ല കല്പനകളെയും,
൨൩ യഹൊവാ മൊശെയൊട ക
ല്പിച്ച നാൾ മുതൽ മെലാൽ നിങ്ങ
ളുടെ തലമുറകളിലും നിങ്ങളൊട മൊ
ശെയുടെ കയ്യാൽ യഹൊവാ കല്പി
ച്ചവയെ ഒക്കെയും തന്നെ, നിങ്ങ
ൾ പ്രമാണിക്കാതെ തെററ ചെ
യ്യു എങ്കിൽ,
൨൪ അപ്പൊൾ ഉണ്ടാകെണ്ടുന്ന
ത എന്തെന്നാൽ, സഭയുടെ കണ്ണു
കൾക്ക മറവായി അറിവുകെടുകൊ
ണ്ട [വല്ലതും] ചെയ്യപ്പെട്ടാൽ, സഭ
എല്ലാം യഹൊവായിക്ക അനുകൂല
വാസനയായിട്ട, ന്യായപ്രകാരം,
അതിന്റെ ആഹാരകാഴ്ചയൊടും,
പാനീയ കാഴ്ചയൊടും കൂടെ ഹൊമ
ബലിക്കായിട്ട ഒരു കാളക്കിടാവിനെ
യും പാപ ബലിക്കായിട്ട ഒരു വെ
ള്ളാട്ടിൻ കുട്ടിയെയും കഴിക്കെണം.
൨൫ ആചാൎയ്യൻ യിസ്രാഎൽ പു
ത്രന്മാരുടെ എല്ലാ സഭെക്ക വെണ്ടി
യും പാപപരിഹാരം ചെയ്യെണം,
അപ്പൊൾ അത അവരൊട ക്ഷ
മിക്കപ്പെടും; എന്തുകൊണ്ടെന്നാൽ
അത അറിവുകെട ആകുന്നു: അ
വർ തങ്ങളുടെ അറിവുകെടിനായി
ക്കൊണ്ട യഹൊവായിക്ക ദഹന
ബലിയായി തങ്ങളുടെ വഴിപാടി
നെയും, യഹൊവായുടെ മുമ്പാകെ
തങ്ങളുടെ പാപ ബലിയെയും കൊ
ണ്ടുവരികയും വെണം.
൨൬ എന്നാൽ അത യിസ്രാഎൽ
പുത്രന്മാരുടെ എല്ലാ സഭയൊടും,
അവരുടെ ഇടയിൽ വന്ന പാൎക്കു
ന്ന പരദെശിയൊടും ക്ഷമിക്കപ്പെ
ടും; എന്തെന്നാൽ ജനം എല്ലാം തെ
ററിൽ ആയി.
൨൭ ¶ പിന്നെ ഒരു ആത്മാവ അ
റിവുകെടുകൊണ്ട പാപം ചെയ്യുന്നു
എങ്കിൽ, അവൻ പാപബലിക്കാ
യിട്ട ഒരു വയസ്സുള്ള ഒരു വെള്ളാ
ടിനെ കൊണ്ടുവരെണം.
൨൮ അപ്പൊൾ യഹൊവായുടെ
മുമ്പാകെ അറിവുകെട കൊണ്ട അ
വൻ പാപം ചെയ്യുമ്പൊൾ, അവ
ന വെണ്ടി പാപപരിഹാരം ചെ
യ്യെണ്ടുന്നതിന, ആചാൎയ്യൻ അറി
വുകെട കൊണ്ട പാപം ചെയ്യുന്ന
ആത്മാവിന വെണ്ടി പാപപരി
ഹാരം ചെയ്യെണം; എന്നാൽ അ
ത അവനൊട ക്ഷമിക്കപ്പെടും.
൨൯ അറിവുകെട കൊണ്ട പാപം
ചെയ്യുന്നവനായിട്ട യിസ്രാഎൽ
പുത്രന്മാരുടെ ഇടയിൽ ജനിച്ചിരി
ക്കുന്നവന്നും, അവരുടെ ഇടയിൽ
വന്ന പാൎക്കുന്ന പരദെശിക്കും നി
ങ്ങൾക്ക ഒരു ന്യായപ്രമാണം ത
ന്നെ ആയിരിക്കെണം.
൩൦ എന്നാൽ ദെശത്ത ജനിച്ച
വരിൽ എങ്കിലും പരദെശികളിൽ
എങ്കിലും ആകട്ടെ, ഒരു ആത്മാവ
ഒങ്ങിയ കൈകൊണ്ട [വല്ലതും] പ്ര
വൃത്തിച്ചാൽ, ആയവൻ യഹൊ
വായെ ദുഷിക്കുന്നു; ആ ആത്മാവ
തന്റെ ജനത്തിൽനിന്ന ഛെദിക്ക
പ്പെടെണം.
൩൧ എന്തകൊണ്ടെന്നാൽ അവ
ൻ യഹൊവായുടെ വചനത്തെ
ധിക്കരിച്ച, അവന്റെ കല്പനയെ

ലംഘിച്ചു: ആ ആത്മാവ അശെ
ഷം ഛെദിക്കപ്പെടെണം: അവ
ന്റെ അകൃത്യം അവന്റെ മെൽ
[ഇരിക്കും.]
൩൨ ¶ പിന്നെ യിസ്രാഎൽ പു
ത്രന്മാർ വനത്തിൽ ഇരിക്കുമ്പൊ
ൾ സ്വസ്ഥ നാളിൽ വിറകുകളെ
പെറുക്കിയ ഒരു മനുഷ്യനെ അവ
ർ കണ്ടെത്തി.
൩൩ അവൻ വിറകുകളെ പെറു
ക്കുന്നതിനെ കണ്ടെത്തിയവർ അ
വനെ മൊശെയുടെയും അഹറൊ
ന്റെയും അടുക്കലും, എല്ലാ സംഘ
ത്തിന്റെ അടുക്കലും കൊണ്ടുവന്നു.
൩൪ അവനൊട ചെയ്യപ്പെടെ
ണ്ടുന്നത ഇന്നതെന്ന അറിയിക്ക
പ്പെടായ്കകൊണ്ട അവർ അവനെ
കാവലിൽ ആക്കി.
൩൫ പിന്നെ യഹൊവാ മൊ
ശെയൊട പറഞ്ഞു, ആ മനുഷ്യൻ
കൊല്ലപ്പെടെണം നിശ്ചയം: സം
ഘം എല്ലാം പാളയത്തിന പുറത്ത
വെച്ച അവനെ കല്ലു കൊണ്ട എ
റിയെണം.
൩൬ യഹൊവാ മൊശെയൊട ക
ല്പിച്ച പ്രകാരം തന്നെ; സംഘം എ
ല്ലാം അവനെ പാളയത്തിന പുറ
ത്ത കൊണ്ടുപൊയി, അവനെ കല്ലു
കൊണ്ട എറിഞ്ഞു, അവൻ മരിക്ക
യും ചെയ്തു.
൩൭ ¶ പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ചു, പറഞ്ഞു;
൩൮ നീ യിസ്രാഎൽ പുത്രന്മാ
രൊട സംസാരിച്ചു, അവർ തങ്ങളു
ടെ തലമുറകളിൽ തങ്ങൾക്ക തങ്ങളു
ടെ വസ്ത്രങ്ങളുടെ വക്കുകളിൽ തൊ
ങ്ങലുകളെ ഉണ്ടാക്കെണമെന്നും, വ
ക്കുകളുടെ തൊങ്ങലിന്മെൽ ഇളനീ
ല നാടയെ ഇടെണമെന്നും അവ
രൊട പറയെണം.

൩൯ നിങ്ങൾ അതിന്മെൽ നൊ
ക്കി, യഹൊവായുടെ കല്പനകളെ
ഒക്കെയും ഒൎത്ത, അവയെ ആച
രിക്കെണ്ടുന്നതിനും: പിൻ ചെന്ന
വെശ്യാദൊഷം ചെയ്യുമാറായിരു
ന്ന നിങ്ങൾ നിങ്ങളുടെ സ്വന്ത ഹൃ
ദയത്തിൻ പ്രകാരവും, നിങ്ങളുടെ
സ്വന്ത കണ്ണുകളിൻപ്രകാരവും അ
ന്വെഷിച്ച പൊകാതെയുംഇരിക്കെ
ണ്ടുന്നതിനും അത നിങ്ങൾക്ക തൊ
ങ്ങൽ ആയിരിക്കെണം.
൪൦ നിങ്ങൾ എന്റെ സകല ക
ല്പനകളെയും ഒൎത്ത, ആചരിച്ചു, നി
ങ്ങളുടെ ദൈവത്തിന ശുദ്ധമുള്ളവ
രായിരിക്കെണ്ടുന്നതിന തന്നെ.
൪൧ ഞാൻ നിങ്ങളുടെ ദൈവമാ
യിരിക്കെണ്ടുന്നതിന, നിങ്ങളെ മി
സ്രയിം ദെശത്തനിന്ന കൂട്ടികൊ
ണ്ടുവന്നിട്ടുള്ള യഹൊവായായ ഞാ
ൻ നിങ്ങളുടെ ദൈവം [ആകുന്നു:]
യഹൊവായായ ഞാൻ നിങ്ങളുടെ
ദൈവം [ആകുന്നു.]

൧൬ അദ്ധ്യായം.

൧ കൊറഹിന്റെ മത്സരവും,—൩൧ അവന്റെ ശിക്ഷയും.—൪൧ ഒരു ബാധ,—൪൬ അഹറൊൻ മുഖാന്തരം നിൎത്തപ്പെട്ടത.

൧ എന്നാൽ ലെവിയുടെ പുത്രനാ
യ കൊഹാതിന്റെ പുത്രനായ യി
സ്സാറിന്റെ പുത്രനായ കൊറഹും,
എലിയാബിന്റെ പുത്രന്മാരായ ദാ
താനും അബിറാമും, രൂബന്റെ പു
ത്രന്മാരിൽ പെലെതിന്റെ പുത്രനാ
യ ഒനും [ആളുകളെ] കൂട്ടി;
൨ അവർ യിസ്രാഎൽ പുത്രന്മാ
രിൽ സംഘത്തിന പ്രമാണികളും
സഭയിൽ കീൎത്തിയുള്ളവരും ശ്രുതി
യുള്ള പുരുഷന്മാരുമായ, ഇരുനൂ
റ അമ്പത പെരൊടും കൂടെ മൊ
ശെയുടെ മുമ്പാകെ എഴുനീറ്റു:
൩ അവർ മൊശെക്ക വിരൊധ

മായും, അഹറൊന്ന വിരൊധമാ
യും കൂട്ടം കൂടി, അവരൊട പറഞ്ഞു,
നിങ്ങൾ കവിഞ്ഞ ചെയ്യുന്നു, എ
ന്തെന്നാൽ സഭ എല്ലാം ഒരുപൊ
ലെ ശുദ്ധ മുള്ളവരാകുന്നു, യഹൊ
വായും അവരുടെ ഇടയിൽ ഉണ്ട:
പിന്നെ നിങ്ങൾ യഹൊവായുടെ
സഭെക്ക മെലായി നിങ്ങളെ ത
ന്നെ ഉയൎത്തുന്നത എന്ത?

൪ മൊശെ [ഇതിനെ] കെട്ടപ്പൊ
ൾ, അവൻ കവിണ്ണ വീണു:

൫ പിന്നെ അവൻ കൊറഹി
നൊടും അവന്റെ എല്ലാ കൂട്ടരൊ
ടും സംസാരിച്ചു, പറഞ്ഞു, നാളെ
തന്നെ യഹൊവാ തനിക്കുള്ളവർ
ആരെന്നും, ശുദ്ധമുള്ളവൻ ആരെ
ന്നും കാണിച്ചു, [അവനെ] തന്റെ
അടുക്കൽ വരുമാറാക്കും: താൻ തെ
രിഞ്ഞെടുത്തിരിക്കുന്നവനെ തന്നെ
തന്റെ അടുക്കൽ അവൻ വരുമാ
റാക്കും.

൬ ഇതിനെ ചെയ്യിൻ; കൊറഹും,
അവന്റെ എല്ലാ സംഘവുമായവ
രെ, നിങ്ങൾ ധൂപകലശങ്ങളെ എ
ടുത്ത,

൭ അവയിൽ അഗ്നിയിട്ട, നാളെ
യഹൊവായുടെ മുമ്പാകെ അവയി
ൽ ധൂപവൎഗ്ഗത്തെ ഇടുവിൻ: അ
പ്പൊൾ സംഭവിക്കുന്നത എന്തെ
ന്നാൽ, യഹൊവാ തെരിഞ്ഞെടുക്കു
ന്ന ആ മനുഷ്യൻ തന്നെ ശുദ്ധി
യുള്ളവൻ [ആകും;] ലെവിയുടെ
പുത്രന്മാരെ, നിങ്ങൾ തന്നെ കവി
ഞ്ഞ ചെയ്യുന്നു.

൮ പിന്നെ മൊശെ കൊറഹി
നൊട പറഞ്ഞു, ലെവിയുടെ പുത്ര
ന്മാരെ, നിങ്ങൾ കെൾക്കെണമെ
ന്ന ഞാൻ നിങ്ങളൊട അപെക്ഷി
ക്കുന്നു.

൯ യഹൊവായുടെ കൂടാരത്തിലെ
വെല ചെയ്യാനും, സഭെക്ക മുമ്പാ
കെ നിന്ന, അവൎക്ക ശുശ്രൂഷ ചെ
യ്യാനും, യിസ്രാഎലിന്റെ ദൈവം
നിങ്ങളെ തന്റെ അടുക്കൽ വരു
ത്തുന്നതിന യിസ്രാഎലിന്റെ സം
ഘത്തിൽനിന്ന നിങ്ങളെ വെർതി
രിച്ചത നിങ്ങൾക്ക അല്പ കാൎയ്യമൊ?

൰ പിന്നെ അവൻ നിന്നെയും,
നിന്നൊട കൂടെ ലെവിയുടെ പുത്ര
ന്മാരായ നിന്റെ സഹൊദരന്മാ
രെ എല്ലാവരെയും [തന്റെ അടുക്ക
ൽ] ചെരുമാറാക്കിയല്ലൊ: നിങ്ങൾ
ആചാൎയ്യസ്ഥാനത്തെയും കൂടെ അ
ന്വെഷിക്കുന്നുവൊ?

൰൧ ഇത ഹെതുവായിട്ട നീയും,
നിന്റെ കൂട്ടക്കാർ എല്ലാവരും യ
ഹൊവായിക്ക വിരൊധമായി കൂ
ട്ടം കൂടി: അഹറൊന വിരൊധമാ
യി നിങ്ങൾ പിറുപിറുപ്പാൻ തക്ക
വണ്ണം, അവനും എന്തു മാത്രം ഉള്ളു?

൰൨ പിന്നെ മൊശെ എലിയാ
ബിന്റെ പുത്രന്മാരായ ദാതാനെ
യും അബിറാമിനെയും വിളിപ്പാൻ
അയച്ചു: എന്നാറെ അവർ പറ
ഞ്ഞു, ഞങ്ങൾ വരികയില്ല.

൰൩ നീ ഞങ്ങളെ വനത്തിൽ
കൊല്ലുവാനായിട്ട, ഞങ്ങളെ പാലും
തെനും ഒഴുകുന്ന ദെശത്തനിന്ന
കൊണ്ടുവന്നിരിക്കുന്നത അല്പ കാ
ൎയ്യമെ~~[illegible]~~; നിന്നെ തന്നെ ഞ
ങ്ങളുടെ മെൽ അധിപതിയും ആ
ക്കുന്നുവൊ?

൰൪ അത്രയുമല്ല, നീ ഞങ്ങളെ പാ
ലും തെനും ഒഴുകുന്ന ദെശത്തെക്ക
കൊണ്ടുവരിക എങ്കിലും, ഞങ്ങൾക്ക
നിലങ്ങളെയും മുന്തിരിതൊട്ടങ്ങളെ
യും അവകാശമായിട്ട തരിക എങ്കി
ലും ചെയ്യിട്ടില്ല: നീ ഈ മനുഷ്യരു
ടെ കണ്ണുകളെ ചൂന്ന കളയുമൊ?
ഞങ്ങൾ വരികയില്ല.

൧൫ അപ്പൊൾ മൊശെ എററവും
കൊപിച്ചു, യഹൊവായൊട പറ
ഞ്ഞു, അവരുടെ വഴിപാടിനെ വി
ചാരിക്കാതെ ഇരിക്കെണമെ: ഞാ
ൻ അവരിൽനിന്ന ഒരു കഴുതയെ
യും വാങ്ങിച്ചിട്ടില്ല, അവരിൽ ഒരു
ത്തനൊടും ഞാൻ ദൊഷം ചെയ്തി
ട്ടുമില്ല.
൧൬ പിന്നെയും മൊശെ കൊറ
ഹിനൊട പറഞ്ഞു, നീയും, നിന്റെ
എല്ലാ കൂട്ടവും നാളെ യഹൊവായു
ടെ മുമ്പാകെ ഉണ്ടായിരിക്കെണം:
നീയും അവരും, അഹറൊനും കൂ
ടെ തന്നെ:
൧൭ ഒരൊരുത്തൻ അവനവന്റെ
ധൂപകലശത്തെ എടുത്ത, അവയി
ൽ ധൂപവൎഗ്ഗത്തെ ഇട്ട, നിങ്ങൾ ഒ
രൊരുത്തൻ അവനവന്റെ ധൂപ
കലശമായി ഇരുനൂററ അമ്പത ക
ലശങ്ങളെയും യഹൊവായുടെ മു
മ്പാകെ കൊണ്ടുവരുവിൻ; നീയും
അഹറൊനും തന്റെ തന്റെ ധൂപ
കലശത്തെയും [കൊണ്ടുവരുവിൻ.]
൧൮ പിന്നെ അവർ ഒരൊരുത്ത
ൻ അവനവന്റെ ധൂപകലശ
ത്തെ എടുത്ത, അവയിൽ അഗ്നി
യെ വെച്ചു, അതിന്മെൽ ധൂപവൎഗ്ഗ
ത്തെയും ഇട്ട, സംഘത്തിന്റെ കൂടാ
രവാതുക്കൽ നിന്നു, മൊശെയും അ
ഹറൊനും കൂടെ [നിന്നു.]
൧൯ എന്നാൽ കൊറഹ അവൎക്ക
വിരൊധമായി സഭയെ എല്ലാം
സംഘത്തിന്റെ കൂടാരവാതുക്കൽ കൂ
ടി വരുത്തി; യഹൊവായുടെ മഹ
ത്വവും എല്ലാ സഭെക്കും പ്രത്യക്ഷ
മായി.
൨൦ ¶ പിന്നെ യഹൊവാ മൊ
ശെയൊടും അഹറൊനൊടും സം
സാരിച്ചു, പറഞ്ഞു;
൨൧ ഈ സഭയുടെ നടുവിൽനി
ന്ന പിരിഞ്ഞ പൊകുവിൻ, എ
ന്നാൽ ഞാൻ അവരെ ഒരു ക്ഷ
ണനെരം കൊണ്ട സംഹരിക്കും:
൨൨ അപ്പൊൾ അവർ കവിണ്ണ
വീണു, പറഞ്ഞു, സകല ജഡത്തി
ന്റെയും ആത്മാക്കൾക്ക ദൈവമാ
കുന്ന ദൈവമെ, ഒരു മനുഷ്യൻ
പാപം ചെയ്തിരിക്കുമ്പൊൾ എല്ലാ
സഭയുടെയും മെൽ കൊപം ജ്വ
ലിക്കെണമൊ?
൨൩ അപ്പൊൾ യഹൊവാ മൊ
ശെയൊട സംസാരിച്ചു, പറഞ്ഞു;
൨൪ കൊറഹിന്റെയും, ദാഥാന്റെ
യും, അബിറാമിന്റെയും കൂടാരത്തി
ന്റെ ചുററിൽനിന്ന പൊയ്ക്കൊൾ
വിൻ എന്ന സഭയൊട സംസാ
രിച്ചു, പറക.
൨൫ അപ്പൊൾ മൊശെ എഴുനി
ററ, ദാഥാന്റെയും, അബിറാമി
ന്റെയും അടുക്കൽ പൊയി: യി
സ്രാഎലിന്റെ മൂപ്പന്മാരും അവ
ന്റെ പിന്നാലെ ചെന്നു.
൨൬ പിന്നെ അവൻ സഭയൊട
സംസാരിച്ചു, പറഞ്ഞു, ഈ ദുഷ്ടമ
നുഷ്യരുടെ എല്ലാ പാപങ്ങളിലും നി
ങ്ങൾ സംഹരിക്കപ്പെടാതെ ഇരി
ക്കെണ്ടുന്നതിന, അവരുടെ കൂടാര
ങ്ങളിൽനിന്ന മാറിപൊകുവിൻ എ
ന്നും; അവൎക്കുള്ള യാതൊന്നിനെ
യും തൊടരുത എന്നും ഞാൻ നി
ങ്ങളൊട അപെക്ഷിക്കുന്നു.
൨൭ അപ്രകാരം അവർ കൊറഹി
ന്റെയും, ദാഥാന്റെയും, അബിറാ
മിന്റെയും കൂടാരത്തിന്റെ ചുററി
ലുംനിന്ന മാറി പൊയി: എന്നാൽ
ദാഥാനും, അബിറാമും പുറത്ത വ
ന്ന, അവരും അവരുടെ ഭാൎയ്യമാരും,
അവരുടെ പുത്രന്മാരും, അവരുടെ
ചെറിയ പൈതങ്ങളും തങ്ങളുടെ
കൂടാരങ്ങളുടെ വാതുക്കൽ നിന്നു.

൨൮ അപ്പോൾ മൊശെ പറഞ്ഞു, ൟ പ്രവൃത്തികളെ എല്ലാം ചെയ്യുന്നതിന യഹൊവാ എന്നെ അയച്ചു എന്ന ഇതിനാൽ നിങ്ങൾ അറിയെണ്ടി വരും; എന്തുകൊണ്ടെന്നാൽ എന്റെ മനസ്സിൻ പ്രകാരം [ഞാൻ അവയെ ചെയ്തിട്ടില്ല.]

൨൯ എല്ലാ മനുഷ്യരും മരിക്കുന്ന പ്രകാരം ഇവർ മരിക്കയൊ, എല്ലാ മനുഷ്യരൊടും വിചാരിക്കപ്പെടുന്ന പ്രകാരം ഇവരൊട വിചാരിക്കപ്പെടുകയൊ ചെയ്താൽ, യഹൊവാ എന്നെ അയച്ചിട്ടില്ല.

൩൦ എന്നാൽ യഹൊവാ ഒരു പുതിയ കാൎയ്യത്തെ സൃഷ്ടിക്കയും, ഭൂമി തന്റെ വാ പിളൎന്ന, അവരെയും, അവൎക്കുള്ള സകലത്തെയും വിഴുങ്ങി കളകയും, അവർ ജീവനൊടെ പാതാളത്തിലെക്ക ഇറങ്ങി പൊകയും ചെയ്താൽ, അപ്പൊൾ ൟ മനുഷ്യർ യഹൊവായെ കൊപിപ്പിച്ചു എന്ന നിങ്ങൾ അറിയും.

൩൧ അവൻ ൟ വചനങ്ങളെ എല്ലാം പറഞ്ഞ തീൎന്നപ്പൊൾ ഉണ്ടായത എന്തെന്നാൽ, അവരുടെ കീഴെയുള്ള ഭൂമി രണ്ടായി പിളൎന്നു.

൩൨ പിന്നെ ഭൂമി തന്റെ വാ പിളൎന്ന, അവരെയും, അവരുടെ ഭവനങ്ങളെയും, കൊറഹിനൊട ചെൎന്നിട്ടുള്ള സകല മനുഷ്യരെയും, [അവരുടെ] എല്ലാ സമ്പത്തിനെയും വിഴുങ്ങികളഞ്ഞു.

൩൩ അവരും, അവരൊട [ചെൎന്ന] എല്ലാവരും ജീവനൊടെ പാതാളത്തിലെക്ക ഇറങ്ങി, ഭൂമിയും അവരുടെ മീതെ മൂടി, അവർ സഭയുടെ ഇടയിൽനിന്ന നശിക്കയും ചെയ്തു.

൩൪ പിന്നെ അവരുടെ ചുറ്റും ഇരുന്ന യിസ്രാഎൽകാർ എല്ലാവരും അവരുടെ നിലവിളി കൊണ്ട ഓടിപൊയി; എന്തുകൊണ്ടെന്നാൽ ഭൂമി നമ്മെയും കൂടെ വിഴുങ്ങികളയാതെ കണ്ട എന്ന അവർ പറഞ്ഞു.

൩൫ അപ്പൊൾ അഗ്നി യഹൊവായിങ്കൽനിന്ന പുറപ്പെട്ട, ധൂപവൎഗ്ഗത്തെ കഴിച്ച ഇരുനൂറ്റ അമ്പത പെരെ ദഹിപ്പിക്കയും ചെയ്തു.

൩൬ ¶ പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൩൭ ആചാൎയ്യനായ അഹറൊന്റെ പുത്രനായ എലയാസാറിനൊട, അവൻ എരിയുന്നതിൽനിന്ന ധൂപകലശങ്ങളെ എടുക്കുന്നതിന പറഞ്ഞ, നീ അഗ്നിയെ അപ്പുറത്ത കൊട്ടിക്കളക: എന്തുകൊണ്ടെന്നാൽ അവ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

൩൮ തങ്ങളുടെ ആത്മാക്കൾക്ക വിരൊധമായ ൟ പാപികളുടെ ധൂപകലശങ്ങളെ അവർ ബലിപീഠത്തിന മൂടിയായിട്ട വീതിയുള്ള തകടുകളായി അവയെ അടിക്കെണം; എന്തെന്നാൽ അവർ അവയെ യഹൊവായുടെ മുമ്പാകെ കൊണ്ടുവന്നു; ആകയാൽ അവ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു: അവ യിസ്രാഎൽ പുത്രന്മാൎക്ക അടയാളമായിരിക്കയും ചെയ്യും.

൩൯ പിന്നെ ആചാൎയ്യനായ എലയാസാർ വെന്തുപൊയവർ കൊണ്ടുവന്നിരുന്ന പിച്ചള ധൂപകലശങ്ങളെ എടുത്ത,

൪൦ അഹറൊന്റെ സന്തതിയിൽ അല്ലാത്ത യാതൊരു അന്യനും യഹൊവായുടെ മുമ്പാകെ ധൂപവൎഗ്ഗത്തെ കഴിപ്പാൻ അടുക്കാതെ ഇരിക്കെണ്ടുന്നതിനും, അവൻ കൊറഹി

ന്റെ പൊലെയും അവന്റെ കൂട്ടകാരെ പൊലെയും ആകാതെ ഇരിക്കെണ്ടുന്നതിനും, യിസ്രാഎൽ പുത്രന്മാൎക്ക ഒൎമ്മയായിട്ട അവയെ ബലിപീഠത്തിന മൂടിയായിട്ട വീതിയുള്ള തകിടുകളായി അടിപ്പിച്ചു: യഹൊവാ അവനൊട മൊശെയുടെ കയ്യാൽ കല്പിച്ചപ്രകാരം തന്നെ.

൪൧ ¶ എന്നാറെ പിറെറ ദിവസം യിസ്രാഎൽ പുത്രന്മാരുടെ സഭ എല്ലാം മൊശെക്ക വിരൊധമായും അഹറൊന്ന വിരൊധമായും പിറുപിറുത്തു; നിങ്ങൾ യഹൊവായുടെ ജനത്തെ കൊന്നു കളഞ്ഞു എന്ന പറഞ്ഞു.

൪൨ പിന്നെ മൊശെക്കവിരൊധമായും അഹറൊന്ന വിരൊധമായും സഭ കൂടിയപ്പൊൾ, ഉണ്ടായത എന്തെന്നാൽ, അവർ സംഘത്തിന്റെ കൂടാരത്തിന നെരെ നൊക്കി, അപ്പൊൾ കണ്ടാലും മെഘം അതിനെ മൂടി, യഹൊവായുടെ മഹത്വം പ്രത്യക്ഷമാകയും ചെയ്തു.

൪൩ അപ്പൊൾ മൊശെയും അഹറൊനും സംഘത്തിന്റെ കൂടാരത്തിന മുമ്പാകെ വന്നു.

൪൪ പിന്നെ യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൪൫ ൟ സഭയുടെ നടുവിൽനിന്ന മാറിപ്പൊകുവിൻ; എന്നാൽ ഞാൻ അവരെ ഒരു ക്ഷണം കൊണ്ട സംഹരിക്കും. അപ്പൊൾ അവർ കവിണ്ണു വീണു.

൪൬ പിന്നെ മൊശെ അഹറൊനൊട പറഞ്ഞു, ഒരു ധൂപകലശത്തെ എടുത്ത, അതിൽ ബലിപീഠത്തിൽനിന്ന അഗ്നിയെ വെച്ചു, ധൂപവൎഗ്ഗത്തെയും ഇട്ട, വെഗത്തിൽ സഭയുടെ അടുക്കൽ ചെന്ന, അവൎക്ക വെണ്ടി പാപപരിഹാരം ചെയ്ക: എന്തുകൊണ്ടെന്നാൽ അതി കൊപം യഹൊവായുടെ സന്നിധിയിൽനിന്ന പുറപ്പെട്ടു; ബാധ തുടങ്ങിയിരിക്കുന്നു.

൪൭ മൊശെ കല്പിച്ച പ്രകാരം അഹറൊൻ എടുത്ത, സഭയുടെ നടുവിലെക്ക ഒടി; അപ്പൊൾ, ഇതാ, ബാധ ജനങ്ങളുടെ ഇടയിൽ തുടങ്ങിയിരുന്നു: അപ്പൊൾ അവൻ ധൂപവൎഗ്ഗത്തെ ഇട്ട, ജനങ്ങൾക്ക വെണ്ടി പാപപരിഹാരം ചെയ്തു.

൪൮ അവൻ മരിച്ചവരുടെയും ജീവനുള്ളവരുടെയും നടുവെ നിന്നു: അപ്പൊൾ ബാധ നിൎത്തപ്പെട്ടു.

൪൯ എന്നാൽ കൊറഹിന്റെ സംഗതി നിമിത്തം മരിച്ചവർ കൂടാതെ, ബാധയാൽ മരിച്ചവർ പതിന്നാലായിരത്ത എഴുനൂറ പെർ ആയിരുന്നു.

൫൦ പിന്നെ അഹറൊൻ സംഘത്തിന്റെ കൂടാര വാതുക്കൽ മൊശെയുടെ അടുക്കൽ തിരിച്ചു വന്നു: ബാധയും നിൎത്തപ്പെട്ടു.

൧൭ അദ്ധ്യായം.

൧ അഹറൊന്റെ വടി തളിൎക്കുന്നത.—൧൦. അത അടയാളത്തിനായിട്ട സൂക്ഷിക്കപ്പെട്ടത.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൨ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ചു, അവരിൽനിന്ന അവരുടെ പിതാക്കന്മാരുടെ ഭവനത്തിൻ പ്രകാരം ഒരൊ വടി വീതം, അവരുടെ പിതാക്കന്മാരുടെ ഭവനത്തിൻ പ്രകാരം അവരുടെ എല്ലാ പ്രഭുക്കളിൽനിന്നും പന്ത്രണ്ട വടികളെ വാങ്ങി, അവനവന്റെ വടിയിൽ അവനവന്റെ നാമത്തെ എഴുതുക.

൩ എന്നാൽ നീ ലെവിയുടെ വടിയിൽ അഹറൊന്റെ നാമത്തെ എഴുതെണം: എന്തുകൊണ്ടെന്നാൽ

അവരുടെ പിതാക്കന്മാരുടെ ഭവനങ്ങളുടെ പ്രമാണിക്കായി ഒരു വടി ഉണ്ടായിരിക്കണം.

൪ അവയെ സംഘത്തിന്റെ കൂടാരത്തിൽ ഞാൻ നിങ്ങളെ എതിരെല്ക്കുന്ന ഇടമായ സാക്ഷിയുടെ മുമ്പാകെ നീ സൂക്ഷിച്ചു വെക്കയും വെണം.

൫ അപ്പൊൾ സംഭവിക്കുന്നത എന്തെന്നാൽ, ഞാൻ തെരിഞ്ഞെടുപ്പാനിരിക്കുന്ന മനുഷ്യന്റെ വടി തളിക്കും; പിന്നെ യിസ്രാഎൽ പുത്രന്മാർ നിങ്ങൾക്ക വിരൊധമായി പിറുപിറുക്കുന്ന അവരുടെ പിറുപിറുപ്പുകളെ ഞാൻ എങ്കൽനിന്ന ഒഴിപ്പിക്കയും ചെയ്യും.

൬ ¶ മൊശെ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ചു; അപ്പൊൾ അവരുടെ പ്രഭുക്കൾ എല്ലാവരും, തങ്ങളുടെ പിതാക്കന്മാരുടെ ഭവനങ്ങളിൻ പ്രകാരം, ഒരൊ പ്രഭു ഒരൊ വടി വീതം, പന്ത്രണ്ടു വടികളെ അവന കൊടുത്തു: അഹറൊന്റെ വടിയും അവരുടെ വടികളുടെ ഇടയിൽ [ഉണ്ടായിരുന്നു.]

൭ ആ വടികളെ മൊശെ സാക്ഷിയുടെ കൂടാരത്തിൽ യഹൊവായുടെ മുമ്പാകെ സൂക്ഷിച്ചു വെച്ചു.

൮ പിന്നെ ഉണ്ടായത എന്തെന്നാൽ, പിറ്റെ ദിവസം മൊശെ സാക്ഷിയുടെ കൂടാരത്തിൽ പ്രവെശിച്ചു; അപ്പൊൾ, ഇതാ, ലെവിയുടെ ഭവനത്തിനായിട്ടുള്ള അഹറൊന്റെ വടി തളിർത്തിരുന്നു, അത തളിർത്ത, പൂത്ത, ബദാം കായകളെ കാച്ചു.

൯ അപ്പൊൾ മൊശെ യഹൊവായുടെ മുമ്പാകെനിന്ന ആ വടികളെ എല്ലാം യിസ്രാഎൽ പുത്രന്മാരുടെ അടുക്കൽ പുറത്ത കൊണ്ടുവന്നു: അവർ നൊക്കി, ഒരൊരുത്തൻ അവനവന്റെ വടിയെ എടുത്തു.

൰ പിന്നെ യഹൊവാ മൊശെയൊട പറഞ്ഞു, അഹറൊന്റെ വടി കലഹക്കാരായ പുത്രന്മാൎക്ക അടയാളമായി സൂക്ഷിക്കപ്പെടുവാനായിട്ട സാക്ഷിയുടെ മുമ്പാകെ തിരികെ കൊണ്ടുവരിക; അവർ മരിക്കാതെ ഇരിക്കെണ്ടുന്നതിന, നീ അവരുടെ പിറുപിറുപ്പുകളെ എങ്കൽനിന്ന അശെഷം നീക്കികളയെണം.

൰൧ മൊശെയും അപ്രകാരം ചെയ്തു; യഹൊവാ തന്നൊട കല്പിച്ചു പ്രകാരം തന്നെ അവൻ ചെയ്തു.

൰൨ അപ്പൊൾ യിസ്രാഎൽ പുത്രന്മാർ മൊശെയൊട സംസാരിച്ചു, പറഞ്ഞു, ഇതാ, ഞങ്ങൾ മരിക്കുന്നു, ഞങ്ങൾ നശിച്ചു പൊകുന്നു, ഞങ്ങൾ എല്ലാവരും നശിച്ചു പൊകുന്നു.

൰൩ യഹൊവായുടെ കൂടാരത്തിന അടുത്ത വരുന്നവൻ എല്ലാം മരിക്കും: ഞങ്ങൾ മരിക്കുന്നതിനാൽ അശെഷം സംഹരിക്കപ്പെടെണമൊ?

൰൮ അദ്ധ്യായം.

൧ ആചാൎയ്യന്മാരുടെയും ലെവിയക്കാരുടെയും കാവൽ.—൯ ആചാൎയ്യന്മാരുടെയും ലെവിയക്കാരുടെയും ഓഹരി.

പിന്നെയും യഹൊവാ അഹറൊനൊട പറഞ്ഞു; നീയും നിന്നൊട കൂടെ നിന്റെ പുത്രന്മാരും, നിന്റെ പിതാവിന്റെ കുഡുംബവും ശുദ്ധമുള്ള സ്ഥലത്തിലെ അകൃത്യത്തെ വഹിക്കെണ്ടിവരും; നീയും, നിന്നൊട കൂടെ നിന്റെ പുത്രന്മാരും നിങ്ങളുടെ ആചാൎയ്യസ്ഥാനത്തിലെ അകൃത്യത്തെയും വഹിക്കെണ്ടിവരും.

൨ നിന്റെ പിതാവിന്റെ ഗൊ

ത്രമായ ലെവിയുടെ ഗൊത്രത്തിലു
ള്ള നിന്റെ സഹൊദരന്മാരെയും
നിന്നൊടകൂടെ കൊണ്ടുവരെണം:
അവർ നിന്നൊട ചെൎന്ന, നിന
ക്ക ശുശ്രൂഷ ചെയ്യെണം: എന്നാ
ൽ നീയും നിന്നൊടകൂടെ നിന്റെ
പുത്രന്മാരും സാക്ഷിയുടെ കൂടാര
ത്തിന മുമ്പാകെ [ശുശ്രൂഷ ചെയ്യെ
ണം.]

൩ അവർ നിന്റെ കാവലിനെ
യും എല്ലാ കൂടാരത്തിന്റെയും കാവ
ലിനെയും കാക്കെണം: എന്നാലും,
അവരും നിങ്ങളും കൂടെ മരിക്കാതെ
ഇരിക്കെണ്ടുന്നതിന, അവർ ശുദ്ധ
സ്ഥലത്തിലെ ഉപകരണങ്ങളുടെ
അടുക്കലും, പീഠത്തിന്റെ അടുക്ക
ലും വരരുത.

൪ അവർ നിന്നൊട ചെൎന്ന, കൂ
ടാരത്തിലെ സകല ശുശ്രൂഷെക്കാ
യിട്ടും സംഘത്തിന്റെ കൂടാരത്തി
ലെ കാവലിനെ കാക്കെണം: ഒരു
അന്ന്യനും നിങ്ങളുടെ അടുക്കൽ വ
രികയും അരുത.

൫ ഇനി യിസ്രാഎൽ പുത്രന്മാരു
ടെ മെൽ അതികൊപം ഉണ്ടാകാ
തെ കണ്ട, നിങ്ങൾ ശുദ്ധ സ്ഥല
ത്തിലെ കാവലിനെയും, ബലിപീ
ഠത്തിലെ കാവലിനെയും കാക്കയും
വെണം.

൬ എന്നാൽ ഇതാ, ഞാൻ, യിസ്രാ
എൽ പുത്രന്മാരുടെ ഇടയിൽനിന്ന
ലെവിയക്കാരായ നിങ്ങളുടെ സ
ഹൊദരന്മാരെ ഞാൻ എടുത്തിരി
ക്കുന്നു; സംഘത്തിന്റെ കൂടാരത്തി
ലെ ശുശ്രൂഷയെ ചെയ്യുന്നതിന
അവർ യഹൊവായിക്കായിട്ട നി
ങ്ങൾക്ക ദാനമായി നൽകപ്പെട്ടി
രിക്കുന്നു.

൭ ആകയാൽ നീയും നിന്നൊട
കൂടെ നിന്റെ പുത്രന്മാരും ബലി
പീഠത്തിങ്കലും, തിരെക്കകത്തും ഉള്ള
എല്ലാ കാൎയ്യത്തിനും നിങ്ങളുടെ ആ
ചാൎയ്യസ്ഥാനത്തെ കാക്കെണം: നി
ങ്ങൾ ശുശ്രൂഷ ചെയ്കയും വെ
ണം: ഞാൻ നിങ്ങളുടെ ആചാൎയ്യ
സ്ഥാനത്തെ നിങ്ങൾക്ക ദാനശു
ശ്രൂഷയായിട്ട തന്നിരിക്കുന്നു; അ
ടുത്ത വരുന്ന അന്ന്യൻ കൊല്ലപ്പെ
ടുകയും വെണം.

൮ ¶ പിന്നെയും യഹൊവാ അ
ഹറൊനൊട സംസാരിച്ചു; ഇതാ,
യിസ്രാഎൽ പുത്രന്മാരുടെ ശുദ്ധീ
കരിക്കപ്പെട്ട സകല വസ്തുക്കളിലും
ഉയൎത്തപ്പെടുന്ന എന്റെ കാഴ്ചകളു
ടെ കാവലിനെയും ഞാൻ നിന
ക്ക തന്നു: ഞാൻ അവയെ അഭി
ഷെകം നിമിത്തം നിനക്കും നി
ന്റെ പുത്രന്മാൎക്കും നിത്യകല്പനയാ
യിട്ട തന്നിരിക്കുന്നു.

൯ അഗ്നിക്ക ഉൾപ്പെടാത്ത മഹാ
ശുദ്ധമുള്ള വസ്തുക്കളിൽനിന്ന ഇത
നിനക്കുള്ളതായിരിക്കെണം: അവ
ർ ഇനിക്ക നൽകുന്ന അവരുടെ എ
ല്ലാ വഴിപാടും, അവരുടെ എല്ലാ
ആഹാരകാഴ്ചയും, അവരുടെ എല്ലാ
പാപബലിയും, അവരുടെ എല്ലാ
കുററബലിയും, നിനക്കും നിന്റെ
പുത്രന്മാൎക്കും മഹാ ശുദ്ധമുള്ളവയാ
യിരിക്കെണം.

൰ മഹാ ശുദ്ധ സ്ഥലത്തവെ
ച്ച നീ അതിനെ ഭക്ഷിക്കെണം:
ആണായവനെല്ലാം അതിനെ ഭ
ക്ഷിക്കെണം: അത നിനക്ക ശുദ്ധ
മുള്ളതായിരിക്കെണം.

൰൧ ഇതും നിനക്കുള്ളത [ആകു
ന്നു:] യിസ്രാഎൽ പുത്രന്മാരുടെ ഇ
ളുകി ആട്ടപ്പെടുന്ന എല്ലാ ബലിക
ളൊടും കൂടെ ഇളുകി ആട്ടപ്പെടുന്ന
അവരുടെ ദാനമായുള്ള വഴിപാ
ട തന്നെ; ഞാൻ അവയെ നി

നക്കും, നിന്നൊട കൂടെ നിന്റെ പുത്രന്മാൎക്കും, നിന്റെ പുത്രിമാൎക്കും, നിത്യ കല്പനയായിട്ട, തന്നിരിക്കുന്നു: നിന്റെ ഭവനത്തിൽ ശുദ്ധിയുള്ളവൻ എല്ലാം അതിനെ ഭക്ഷിക്കെണം.

൧൨ അവർ യഹൊവായിക്ക കൊടുക്കുന്ന അവരുടെ ആദ്യ ഫലമാകുന്ന എണ്ണയിൽ വിശെഷമായുള്ളതിനെ എല്ലാററിനെയും, വീഞ്ഞിലും, ധാന്യത്തിലും വിശെഷമായുള്ളതിനെ എല്ലാററിനെയും, ഞാൻ നിനക്ക തന്നിരിക്കുന്നു.

൧൩ തങ്ങളുടെ ദെശത്തുള്ള എല്ലാററിലും അവർ യഹൊവായിക്ക കൊണ്ടുവരുന്ന ആദ്യ ഫലങ്ങൾ നിനക്കആയിരിക്കെണം: നിന്റെ ഭവനത്തിൽ ശുദ്ധിയുള്ളവൻ എല്ലാം അതിനെ ഭക്ഷിക്കെണം.

൧൪ യിസ്രാഎലിൽ പ്രതിഷ്ഠയായുള്ളത എല്ലാം നിനക്കുള്ളത ആയിരിക്കെണം.

൧൫ മനുഷ്യരിൽ എങ്കിലും, മൃഗങ്ങളിൽ എങ്കിലും, സകല ജഡത്തിലും ഗൎഭത്തെ തുറക്കുന്നതായി, അവർ യഹൊവായിക്ക കൊണ്ടുവരുന്നത ഒക്കെയും നിനക്കുള്ളത ആയിരിക്കെണം: എന്നാൽ മനുഷ്യന്റെ കടിഞ്ഞൂലിനെ നീ നിശ്ചയമായി വീണ്ടെടുക്കെണം; അശുദ്ധമുള്ള മൃഗങ്ങളുടെ കടിഞ്ഞൂലിനെയും നീ വീണ്ടെടുക്കെണം.

൧൬ പിന്നെ വീണ്ടെടുക്കപ്പെടുവാനുള്ളവയെ ഒരു മാസത്തെ പ്രായം മുതൽ, നിന്റെ മതിപ്പിൻ പ്രകാരം, നീ അഞ്ച ശെക്കൽ ദ്രവ്യം കൊണ്ട വീണ്ടെടുക്കെണം, ശുദ്ധസ്ഥലത്തെ ശെക്കലിൻ പ്രകാരം തന്നെ; അത ഇരുപത ഗെറാ.

൧൭ എന്നാൽ പശുവിന്റെ കടിഞ്ഞൂലിനെയൊ, ആടിന്റെ കടിഞ്ഞൂലിനെയൊ, വെള്ളാട്ടിന്റെ കടിഞ്ഞൂലിനെയൊ നീ വീണ്ടെടുക്കരുത, അവ ശുദ്ധമുള്ളവ; നീ അവയുടെ രക്തത്തെ ബലിപീഠത്തിന്മെൽ തളിച്ചു, അവയുടെ മെദസ്സിനെ യഹൊവായിക്ക അനുകൂലവാസനയായി ദഹന ബലിയായിട്ട ചുട്ട കളയെണം.

൧൮ ഇളകി ആട്ടപ്പെടുന്ന നെഞ്ചും, വലത്തെ മുന്തുടയും നിനക്കുള്ളവയായിരിക്കുന്നത പൊലെ തന്നെ, അവയുടെ മാംസവും നിനക്കുള്ളത ആയിരിക്കെണം.

൧൯ യിസ്രാഎൽ പുത്രന്മാർ യഹൊവായിക്ക ഉയൎത്തുന്ന ശുദ്ധമുള്ള വസ്തുക്കളിൽ ഉയൎത്തപ്പെടുന്ന കാഴ്ചകളെ എല്ലാം ഞാൻ നിനക്കും, നിന്റെ പുത്രന്മാൎക്കും, നിന്നൊട കൂടെ നിന്റെ പുത്രിമാൎക്കും, നിത്യ കല്പനയായിട്ട, തന്നിരിക്കുന്നു: യഹൊവായുടെ മുമ്പാകെ നിനക്കും, നിന്നൊട കൂടെ നിന്റെ സന്തതിക്കും ഇത എന്നെക്കും ഉറപ്പുള്ള ഉഭയസമ്മതം [ആകുന്നു.]

൨൦ ¶ പിന്നെയും യഹൊവാ അഹറൊനൊട പറഞ്ഞു; അവരുടെ ദെശത്ത നിനക്ക ഒരു അവകാശവും ഉണ്ടാകരുത, അവരുടെ ഇടയിൽ നിനക്ക ഒരു ഒഹരിയും ഉണ്ടാകരുത: യിസ്രാഎൽ പുത്രന്മാരുടെ ഇടയിൽ ഞാൻ തന്നെ നിന്റെ ഒഹരിയും നിന്റെ അവകാശവും [ആകുന്നു.]

൨൧ പിന്നെയും കണ്ടാലും, ഞാൻ ലെവിയുടെ പുത്രന്മാൎക്ക, സംഘത്തിന്റെ കൂടാരത്തിലെ വെലയായി അവർ ചെയ്യുന്ന അവരുടെ വെലെക്കായിട്ട, യിസ്രാഎലിൽ ഉള്ള ദശാംശത്തെ എല്ലാം അ

വകാശമായി കൊടുത്തിരിക്കുന്നു.
൨൨ യിസ്രാഎൽ പുത്രന്മാർ പാ
പത്തെ വഹിക്കാതെയും, മരിക്കാ
തെയും ഇരിക്കെണ്ടുന്നതിന, അ
വർ മെലാൽ സംഘത്തിന്റെ കൂ
ടാരത്തിന സമീപത്ത വരരുത.
൨൩ എന്നാൽ ലെവിയക്കാർ സം
ഘത്തിന്റെ കൂടാരത്തിലെ വെല
ചെയ്യെണം, തങ്ങളുടെ അകൃത്യ
ത്തെ വഹിക്കയും വെണം: അതഅ
വരുടെ തലമുറകളിൽ നിത്യ കല്പന
യായിട്ട [ഇരിക്കെണം;] അവർ യി
സ്രാഎൽ പുത്രന്മാരുടെ ഇടയിൽ
അവകാശത്തെ അനുഭവിക്കെണ്ടാ.
൨൪ എന്നാൽ യിസ്രാഎൽ പുത്ര
ന്മാർ യഹൊവായിക്ക ഉയൎത്തപ്പെ
ടുന്ന കാഴ്ചയായിട്ട കഴിക്കുന്ന അ
വരുടെ ദശാംശത്തെ ഞാൻ ലെ
വിയക്കാൎക്ക അവകാശമായിട്ട കൊ
ടുത്തിരിക്കുന്നു: അതുകൊണ്ട അവ
ർ യിസ്രാഎൽ പുത്രന്മാരുടെ ഇട
യിൽ അവകാശത്തെ അനുഭവി
ക്കെണ്ട എന്ന ഞാൻ അവരൊട
പറഞ്ഞിട്ടുണ്ട.
൨൫ ¶ പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ചു, പറഞ്ഞു;
൨൬ നീ ഇപ്രകാരം ലെവിയക്കാ
രൊട സംസാരിച്ചു, അവരൊട പ
റക, യിസ്രാഎൽ പുത്രന്മാരിൽനി
ന്ന ഞാൻ നിങ്ങൾക്ക നിങ്ങളുടെ
അവകാശമായിട്ട തന്നിരിക്കുന്ന ദ
ശാംശത്തെ നിങ്ങൾ അവരിൽനി
ന്ന വാങ്ങുമ്പൊൾ, നിങ്ങൾ അതി
ൽനിന്ന ദശാംശമാകുന്നതിൽ പ
ത്തിലൊന്നിനെ യഹൊവായിക്ക
ഉയൎത്തപ്പെടുന്ന കാഴ്ചയായിട്ട കഴി
ക്കെണം.
൨൭ നിങ്ങളുടെ ഈ ഉയൎത്തപ്പെടു
ന്ന കാഴ്ച കളത്തിലെ ധാന്യം പൊ
ലെയും മുന്തിരിങ്ങാചക്കിലെ പരി
പൂൎണ്ണത പൊലെയും നിങ്ങൾക്ക
എണ്ണപ്പെടും.
൨൮ ഇപ്രകാരം നിങ്ങൾ യി
സ്രാഎൽ പുത്രന്മാരിൽനിന്ന വാ
ങ്ങുന്ന നിങ്ങളുടെ എല്ലാ ദശാംശ
ങ്ങളിൽനിന്നും നിങ്ങളും യഹൊവാ
യിക്ക ഒരു ഉയൎത്തപ്പെടുന്ന കാഴ്ച
യെ കഴിക്കെണം: അതിൽനിന്ന
യഹൊവായിക്കുള്ള ആ ഉയൎത്ത
പ്പെടുന്ന കാഴ്ചയെ ആചാൎയ്യനായ
അഹറൊന്ന നിങ്ങൾ കൊടുക്കയും
വെണം.
൨൯ നിങ്ങളുടെ സകല വഴിപാ
ടുകളിൽനിന്നും നിങ്ങൾ യഹൊവാ
യിക്ക ഒരൊ ഉയൎത്തപ്പെടുന്ന കാ
ഴ്ചയായിട്ട, അതിൽ വിശെഷമുള്ള
എല്ലാററിൽനിന്നും അതിൽ ശുദ്ധ
മാക്കപ്പെട്ട ഭാഗത്തെ കഴിക്കെണം.
൩൦ ആകയാൽ നീ അവരൊട പ
റയെണം; നിങ്ങൾ അതിൽനിന്ന
അതിൽ വിശെഷമുള്ളതിനെ ഉയ
ൎത്തി തിരുമ്പൊൾ, അത ലെവിയ
ക്കാൎക്ക കളത്തിലെ വൎദ്ധന പൊലെ
യും മുന്തിരിങ്ങാചക്കിലെ വൎദ്ധന
പൊലെയും എണ്ണപ്പെടെണം.
൩൧ അതിനെ നിങ്ങളും നിങ്ങളു
ടെ കുഡുംബങ്ങളും എല്ലാ സ്ഥല
ത്തും വെച്ച ഭക്ഷിക്കാം: എന്തുകൊ
ണ്ടെന്നാൽ അത സംഘത്തിന്റെ
കൂടാരത്തിൽ നിങ്ങളുടെ ശുശ്രൂഷ
ക്കായിട്ട നിങ്ങളുടെ ശമ്പളം [ആ
കുന്നു.]
൩൨ അതിൽ വിശെഷമുള്ളതിനെ
അതിൽനിന്ന നിങ്ങൾ ഉയൎത്തി
കൊടുക്കുമ്പൊൾ, നിങ്ങൾ അതി
നായിട്ട ഒരു പാപത്തെയും വഹി
ക്കരുത: നിങ്ങൾ മരിക്കാതെ ഇരി
ക്കെണ്ടുന്നതിന യിസ്രാഎൽ പുത്ര
ന്മാരുടെ ശുദ്ധമുള്ള വസ്തുക്കളെ നി
ങ്ങൾ അശുദ്ധിയാക്കുകയും അരുത.

൧൯ അദ്ധ്യായം.

൧ വെർതിരിവിന്റെ വെള്ളം.—൧൧ അത അശുദ്ധിയുള്ളവരുടെ ശുദ്ധീകരണത്തിനായിട്ട പെരുമാറപ്പെടുന്നത.

പിന്നെയും യഹൊവാ മൊശെയൊടും അഹറൊനൊടും സംസാരിച്ചു, പറഞ്ഞു;

൨ യഹൊവാ കല്പിച്ച ന്യായപ്രമാണത്തിലെ നിയമം ഇത; എന്തെന്നാൽ, കുററമില്ലാത്തതും, ഊനമില്ലാത്തതും, അതിന്മെൽ നുകം വെക്കപ്പെടാത്തതുമായ ഒരു ചുവന്ന പശുക്കിടാവിനെ നിന്റെ അടുക്കൽ കൊണ്ടുവരെണമെന്ന യിസ്രാഎൽ പുത്രന്മാരൊട പറക.

൩ പിന്നെ നിങ്ങൾ അതിനെ ആചാൎയ്യനായ എലയാസാറിന കൊടുക്കെണം, അവൻ അതിനെ പാളയത്തിന പുറത്ത കൊണ്ടുപൊകെണം, [ഒരുത്തൻ] അതിനെ അവന്റെ മുമ്പാകെ കൊല്ലുകയും വെണം.

൪ പിന്നെ ആചാൎയ്യനായ എലയാസാർ തന്റെ വിരൽ കൊണ്ട അതിന്റെ രക്തത്തിൽനിന്ന എടുത്ത, സംഘത്തിന്റെ കൂടാരത്തിന മുമ്പാകെ തന്നെ അതിന്റെ രക്തത്തിൽനിന്ന എഴ പ്രാവശ്യം തളിക്കെണം.

൫ അപ്പൊൾ [ഒരുത്തൻ] ആ പശുക്കിടാവിനെ അവന്റെ മുമ്പാകെ ചുട്ടു കളയെണം: അതിന്റെ തൊലിനെയും, അതിന്റെ മാംസത്തെയും, അതിന്റെ രക്തത്തെയും, അതിന്റെ ചാണകത്തൊട കൂടെ അവൻ ചുട്ടു കളയെണം.

൬ പിന്നെ ആചാൎയ്യൻ കാരകിൽ വിറകിനെയും, ഇസൊപ്പിനെയും, ചുവപ്പുനൂലിനെയും എടുത്ത, പശുക്കിടാവിനെ ചുടുന്നതിന്റെ നടുവിൽ ഇടെണം.

൭ അപ്പൊൾ ആചാൎയ്യൻ തന്റെ വസ്ത്രങ്ങളെ അലക്കി, തന്റെ ദെഹത്തെ വെള്ളത്തിൽ കഴുകെണം, അതിന്റെ ശെഷം അവൻ പാളയത്തിലെക്ക വരെണം; ആചാൎയ്യൻ സന്ധ്യ വരെയും അശുദ്ധിയുള്ളവനായിരിക്കയും വെണം.

൮ അതിനെ ചുട്ടു കളയുന്നവനും തന്റെ വസ്ത്രങ്ങളെ വെള്ളത്തിൽ അലക്കി, തന്റെ ദെഹത്തെയും വെള്ളത്തിൽ കഴുകി, സന്ധ്യ വരെയും അശുദ്ധിയുള്ളവനായിരിക്കെണം.

൯ പിന്നെ ശുദ്ധിയുള്ളവനായ ഒരുത്തൻ പശുക്കിടാവിന്റെ ചാരത്തെ വാരി, പാളയത്തിന പുറത്ത വെടിപ്പുള്ള ഒരു സ്ഥലത്ത വെക്കെണം: അത വെർതിരിവിനുള്ള വെള്ളത്തിനായിട്ട യിസ്രാഎൽ പുത്രന്മാരുടെ സഭെക്ക വെണ്ടി സൂക്ഷിച്ചു വെക്കപ്പെടെണം: അത പാപശുദ്ധീകരണം [ആകുന്നു.]

൰ ആ പശുക്കിടാവിന്റെ ചാരത്തെ വാരുന്നവനും തന്റെ വസ്ത്രങ്ങളെ അലക്കി, സന്ധ്യ വരെയും അശുദ്ധിയുള്ളവനായിരിക്കെണം: അത യിസ്രാഎൽ പുത്രന്മാൎക്കും, അവരുടെ ഇടയിൽ വന്നു പാൎക്കുന്ന പരദെശിക്കും നിത്യകല്പന ആയിരിക്കെണം.

൧൧ ¶ യാതൊരു മനുഷ്യന്റെയും ശവത്തെ തൊടുന്നവൻ എഴ ദിവസം അശുദ്ധിയുള്ളവൻ ആയിരിക്കെണം.

൧൨ മൂന്നാം ദിവസം അവൻ അതിനാൽ തന്നെ താൻ ശുദ്ധീകരിച്ചിട്ട, എഴാം ദിവസം ശുദ്ധിയുള്ളവനായിരിക്കും: എന്നാൽ മൂന്നാം ദിവസം അവൻ തന്നെത്താൻ ശു

ഢീകരിക്കാതെ ഇരുന്നാൽ എഴാം
ദിവസം അവൻ ശുദ്ധിയുള്ളവനാ
കയുമില്ല.
൧൩ മരിച്ച മനുഷ്യന്റെ ശവ
ത്തെ തൊട്ടിട്ട, തന്നെതാൻ ശുദ്ധീ
കരിക്കാത്തവൻ എല്ലാം യഹൊവാ
യുടെ കൂടാരത്തെ അശുദ്ധിയാക്കു
ന്നു; ആ ആത്മാവ യിസ്രാഎലി
ൽനിന്ന ഛെദിക്കപ്പെടെണം: എ
ന്തുകൊണ്ടെന്നാൽ വെർതിരിവുള്ള
വെള്ളം അവന്റെ മെൽ തളിക്ക
പ്പെട്ടില്ല, അവൻ അശുദ്ധിയുള്ളവ
ൻ ആയിരിക്കും; അവന്റെ അശു
ദ്ധി പിന്നെയും അവന്റെ മെൽ
[ഉണ്ട.]
൧൪ കൂടാരത്തിൽ വെച്ച ഒരു മനു
ഷ്യൻ മരിക്കുമ്പൊൾ ന്യായപ്രമാ
ണം ഇത [ആകുന്നു:] കൂടാരത്തി
ലെക്ക പ്രവെശിക്കുന്ന എല്ലാവനും
കൂടാരത്തിൽ ഇരിക്കുന്നത ഒക്കെ
യും എഴ ദിവസം അശുദ്ധിയായി
രിക്കെണം.
൧൫ മൂടി കെട്ടപ്പെടാതെ തുറന്നി
രിക്കുന്ന പാത്രം എല്ലാം അശുദ്ധി
യുള്ളത [ആകുന്നു.]
൧൬ വെളിമ്പറമ്പിൽ വാളിനാൽ
കൊല്ലപ്പെട്ട ഒരുത്തനെയൊ, ച
ത്ത ശവത്തെയൊ, മനുഷ്യന്റെ
അസ്ഥിയെയൊ, ശവക്കുഴിയെ
യൊ തൊടുന്നവൻ എല്ലാം എഴ ദി
വസം അശുദ്ധിയുള്ളവനായിരി
ക്കെണം.
൧൭ അശുദ്ധിപ്പെട്ടവനായിട്ട പാ
പപരിഹാരത്തിന വെണ്ടി ചുട
പ്പെട്ട പശുക്കിടാവിന്റെ ചാരത്തി
ൽനിന്ന അവർ എടുക്കെണം; ജീ
വനുള്ള വെള്ളവും അതിനൊട കൂ
ടെ ഒരു പാത്രത്തിൽ ഒഴിക്കപ്പെടെ
ണം.
൧൮ പിന്നെ ശുദ്ധിയുള്ള ഒരു മ

നുഷ്യൻ ഇസൊപ്പിനെ എടുത്ത
[അതിനെ] വെള്ളത്തിൽ മുക്കി, [അ
തിനെ] കൂടാരത്തിന്മെലും, എല്ലാ പാ
ത്രങ്ങളിന്മെലും, അവിടെ ഉണ്ടായി
രുന്ന ആത്മാക്കളുടെ മെലും, ഒരു അ
സ്ഥിയെയൊ, കൊല്ലപ്പെട്ട ഒരുത്ത
നെയൊ, മരിച്ച ഒരുത്തനെയൊ,
ഒരു ശവക്കുഴിയെയൊ തൊട്ടവ
ന്റെ മെലും തളിക്കെണം.
൧൯ ശുദ്ധിയുള്ളവൻ അശുദ്ധി
പ്പെട്ടവന്റെ മെൽ മൂന്നാം ദിവസ
ത്തിലും എഴാം ദിവസത്തിലും തളി
ക്കെണം: എഴാം ദിവസത്തിൽ അ
വൻ തന്നെതാൻ ശുദ്ധീകരിച്ച, ത
ന്റെ വസ്ത്രങ്ങളെ അലക്കി, വെള്ള
ത്തിൽ കുളിച്ച, സന്ധ്യയ്ക്ക ശുദ്ധിയു
ള്ളവനായിരിക്കും.
൨൦ എന്നാൽ എതമനുഷ്യൻ അശു
ദ്ധിയുള്ളവനായിരിക്കയും, തന്നെ
താൻ ശുദ്ധീകരിക്കാതെ ഇരിക്കയും
ചെയ്യുന്നുവൊ, ആ ആത്മാവ സം
ഘത്തിന്റെ ഇടയിൽനിന്ന ഛെദി
ക്കപ്പെടെണം, എന്തുകൊണ്ടെന്നാ
ൽ അവൻ യഹൊവായുടെ ശുദ്ധ
സ്ഥലത്തെ അശുദ്ധമാക്കി: വെർ
തിരിവുള്ള വെള്ളം അവന്റെ മെ
ൽ തളിക്കപ്പെട്ടിരുന്നില്ല; അവൻ
അശുദ്ധിയുള്ളവൻ.
൨൧ ഇത അവൎക്ക നിത്യകല്പനയാ
യിരിക്കെണം, എന്തെന്നാൽ വെർ
തിരിവുള്ള വെള്ളത്തെ തളിക്കുന്നവ
ൻ തന്റെ വസ്ത്രങ്ങളെ അലക്കെ
ണം, വെർതിരിവുള്ള വെള്ളത്തെ
തൊടുന്നവനും സന്ധ്യവരെ അശു
ദ്ധിയുള്ളവൻ ആയിരിക്കെണം.
൨൨ അശുദ്ധിയുള്ളവൻ തൊടുന്ന
ത എല്ലാം അശുദ്ധമാകും: അതിനെ
തൊടുന്ന ആത്മാവും സന്ധ്യവരെ
യും അശുദ്ധമാകും.

൨൰ അദ്ധ്യായം.

൧ മൊശെ പാറയിൽനിന്ന വെള്ളം വരുത്തിയത.—൧൪ എദൊമിൽ കൂടിയുള്ള വഴി വിരൊധിക്കപ്പെടുന്നത.—൨൨ അഹറൊന്റെ മരണം.

പിന്നെ യിസ്രായെൽ പുത്രന്മാരായ സംഘം എല്ലാം ഒന്നാം മാസത്തിൽ സീൻ എന്ന വനത്തിലെക്ക വന്നു; എന്നാൽ ജനം കാദെശിൽ പാൎത്തു: അവിടെ മിറിയാം മരിച്ചു, അവിടെയും അടക്കപ്പെട്ടു.
൨ സംഘത്തിന വെള്ളം ഇല്ലാതെ ഇരുന്നു: അപ്പൊൾ അവർ മൊശെക്ക വിരൊധമായും, അഹറൊന്ന വിരൊധമായും കൂട്ടം കൂടി.
൩ പിന്നെ ജനം മൊശെയൊട വാഗ്വാദം ചെയ്തു, പറഞ്ഞു, ഞങ്ങളുടെ സഹൊദരന്മാർ യഹൊവായുടെ മുമ്പാകെ മരിച്ചപ്പൊൾ ഞങ്ങളും മരിച്ചു എങ്കിൽ കൊള്ളായിരുന്നു
൪ ഞങ്ങളും ഞങ്ങളുടെ മൃഗങ്ങളും ഇവിടെ മരിപ്പാനായിട്ട, നിങ്ങൾ യഹൊവായുടെ സംഘത്തെ ഈ വനത്തിലെക്ക വരുത്തിയിരിക്കുന്നതും എന്തിന?
൫ ഈ ആകാത്ത സ്ഥലത്ത ഞങ്ങളെ കൊണ്ടുവരുവാനായിട്ട, നിങ്ങൾ ഞങ്ങളെ മിസ്രയിമിൽനിന്ന വരുമാറാക്കിയതും എന്തിന? ഇത വിത്തും, അത്തിപ്പഴങ്ങളും, മുന്തിരിങ്ങാപ്പഴങ്ങളും, മാതളപ്പഴങ്ങളും ഉള്ള സ്ഥലമല്ല; കുടിപ്പാൻ വെള്ളവും ഇല്ല.
൬ അപ്പൊൾ മൊശെയും അഹറൊനും സംഘത്തിന്റെ മുമ്പാകെനിന്ന സംഘത്തിന്റെ കൂടാരവാതുക്കലെക്ക ചെന്ന, മുഖം കവിണ്ണ വീണു: അപ്പൊൾ യഹൊവായുടെ മഹത്വം അവൎക്ക പ്രത്യക്ഷമായി.
൭ പിന്നെ യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;
൮ നീ വടിയെ എടുത്ത, നീയും നിന്റെ സഹൊദരനായ അഹറൊനും സംഘത്തെ കൂട്ടി, അവരുടെ കണ്ണുകൾക്ക മുമ്പാകെ പാറയൊട പറവിൻ: എന്നാൽ അത തന്റെ വെള്ളം തരും, നീയും ആ പാറയിൽനിന്ന അവൎക്ക വെള്ളത്തെ പുറപ്പെടുവിക്കെണം: നീ സംഘത്തിനും അവരുടെ മൃഗങ്ങൾക്കും പാനീയം കൊടുക്കയും വെണം.
൯ പിന്നെ മൊശെ യഹൊവായുടെ മുമ്പാകെനിന്ന വടിയെ, അവൻ തന്നൊട കല്പിച്ച പ്രകാരം, എടുത്തു.
൰ മൊശെയും അഹറൊനും പാറയുടെ മുമ്പാകെ സംഘത്തെ കൂട്ടി; പിന്നെ അവൻ അവരൊട പറഞ്ഞു, കലഹക്കാരെ, ഇപ്പൊൾ കെട്ടുകൊൾവിൻ, ഈ പാറയിൽനിന്ന ഞങ്ങൾ നിങ്ങൾക്ക വെള്ളത്തെ വരുത്തുമൊ?
൧൧ അപ്പൊൾ മൊശെ തന്റെ കയ്യിനെ ഉയൎത്തി, തന്റെ വടി കൊണ്ട, ആ പാറയെ രണ്ട പ്രാവശ്യം അടിച്ചു: എന്നാറെ വെള്ളം വളരെ പുറപ്പെട്ടു, സംഘവും അവരുടെ മൃഗങ്ങളും കുടിക്കയും ചെയ്തു.
൧൨ പിന്നെ യഹൊവാ മൊശെയൊടും അഹറൊനൊടും സംസാരിച്ചു, നിങ്ങൾ എന്നെ യിസ്രായെൽ പുത്രന്മാരുടെ കണ്ണുകളിൽ ശുദ്ധീകരിപ്പാൻ എന്നിൽ വിശ്വസിക്കാതെ ഇരുന്നത കൊണ്ട നിങ്ങൾ ഈ സംഘത്തെ, ഞാൻ അവൎക്ക കൊടുത്തിരിക്കുന്ന ദെശത്തെക്ക, കൊണ്ടുപൊകയില്ല.

൧൩ ഇത യിസ്രാഎൽ പുത്രന്മാർ
യഹൊവായൊട വാഗ്വാദം ചെയ്യ
തും, അവൻ അവരിൽ ശുദ്ധീകരിക്ക
പ്പെട്ടതുമായ മറിബായുടെ വെള്ളം.
൧൪ ¶ പിന്നെ മൊശെ കാദെ
ശിൽനിന്ന എദൊമിലെ രാജാവി
ന്റെ അടുക്കൽ ദൂതന്മാരെ അയ
ച്ചു. നിന്റെ സഹൊദരനായ യി
സ്രാഎൽ ഇപ്രകാരം പറയുന്നു;
൧൫ ഞങ്ങളുടെ പിതാക്കന്മാർ മി
സ്രയിമിലെക്ക ചെന്നതും, ഞങ്ങ
ൾ മിസ്രയിമിൽ എറിയ കാലം പാ
ൎത്തതും, മിസ്രയകാർ ഞങ്ങളെയും
ഞങ്ങളുടെ പിതാക്കന്മാരെയും ഉപ
ദ്രവിച്ചതുമായി, ഞങ്ങൾക്ക ഉണ്ടാ
യ പ്രയാസത്തെ ഒക്കെയും നീ അ
റിഞ്ഞിരിക്കുന്നു:
൧൬ ഞങ്ങൾ യഹൊവായൊട
നിലവിളിച്ചപ്പൊൾ അവൻ ഞ
ങ്ങളുടെ ശബ്ദത്തെ കെട്ട, ഒരു ദൂത
നെ അയച്ചു, ഞങ്ങളെ മിസ്രയി
മിൽനിന്ന പുറപ്പെടുവിച്ചിരിക്കു
ന്നു: ഇതാ, ഞങ്ങൾ നിന്റെ അ
തൃത്തിയുടെ അററത്തെ നഗരമായ
കാദെശിൽ [എത്തിയിരിക്കുന്നു:]
൧൭ ഞങ്ങൾ നിന്റെ ദെശത്ത
കൂടി കടന്ന പൊകട്ടെ എന്ന ഞാ
ൻ നിന്നൊട യാചിക്കുന്നു: ഞങ്ങ
ൾ വയലിൽ കൂടി എങ്കിലും, മുന്തി
രിങ്ങാ തൊട്ടങ്ങളിൽ കൂടി എങ്കിലും
കടന്ന പൊകയില്ല, കിണറുകളി
ലെ വെള്ളത്തെ ഞങ്ങൾ കുടിക്ക
യുമില്ല: ഞങ്ങൾ രാജവഴിയായി
നടക്കും, ഞങ്ങൾ നിന്റെ അതൃ
ത്തിയെ കടന്ന തീരുന്ന വരെയും,
വലത്തൊട്ടും ഇടത്തൊട്ടും ഞങ്ങൾ
മാറുകയുമല്ല.
൧൮ എന്നാറെ എദൊം അവനൊ
ട, ഞാൻ വാളൊട കൂടെ നിന്റെ
നെരെ പുറപ്പെടാതെ കണ്ടു, നീ എ
ന്റെ സമീപത്ത കൂടി കടന്നപൊ
കരുത എന്ന പറഞ്ഞു.
൧൯ അപ്പൊൾ യിസ്രാഎൽ പു
ത്രന്മാർ അവനൊട പറഞ്ഞു, ഞ
ങ്ങൾ പെരുവഴിയിൽകൂടി പൊകാം:
ഞാനും എന്റെ മൃഗങ്ങളും നിന്റെ
വെള്ളത്തിൽനിന്ന കുടിച്ചാൽ, അ
തിനുള്ള വിലയെ ഞാൻ തരാം:
ഞാൻ കാൽ നടയായി മാത്രം കട
ന്നപൊകാം, (മറെറാന്നും വെണ്ടാ.)
൨൦ അപ്പൊൾ അവൻ പറഞ്ഞു,
നീ കടന്ന പൊകരുത. പിന്നെ എ
ദൊം ബഹുജനങ്ങളൊടും ശക്തി
യുള്ള കയ്യൊടും കൂടെ അവന്റെ
നെരെ പുറപ്പെട്ടു.
൨൧ ഇപ്രകാരം തന്റെ അതൃത്തി
യിൽ കൂടി കടന്ന പൊകുന്നതിന
എദൊം യിസ്രാഎലിന അനുവദി
പ്പാൻ സമ്മതമായില്ല: അതുകൊ
ണ്ട യിസ്രാഎൽ അവനെ വിട്ട ഒ
ഴിഞ്ഞ പൊയി.
൨൨ ¶ പിന്നെ യിസ്രാഎൽ പു
ത്രന്മാരായ സംഘം എല്ലാം കാദെ
ശിൽനിന്ന യാത്ര പുറപ്പെട്ട, ഹൊ
ർ എന്ന പൎവതത്തിലെക്ക വന്നു.
൨൩ പിന്നെ യഹൊവാ എദൊം
ദെശത്തിന്റെ അതൃത്തിക്ക സമീ
പമായ ഹൊർ എന്ന പൎവതത്തി
ൽ വെച്ച മൊശെയൊടും അഹ
റൊനൊടും സംസാരിച്ചു, പറഞ്ഞു;
൨൪ അഹറൊൻ തന്റെ ജന
ങ്ങളൊട ചെൎക്കപ്പെടും: എന്തുകൊ
ണ്ടെന്നാൽ മെറിബായുടെ വെള്ള
ത്തിങ്കൽ എന്റെ വചനത്തിന വി
രൊധമായി നിങ്ങൾ മറുത്തതുകൊ
ണ്ട, ഞാൻ യിസ്രാഎലിന്റെ പു
ത്രന്മാൎക്ക കൊടുത്തിരിക്കുന്ന ദെശ
ത്തെക്ക അവൻ പ്രവെശിക്കയില്ല.
൨൫ അഹറൊനെയും അവന്റെ
പുത്രനായ എലയാസാറിനെയും കൂ

ട്ടി, അവരെ ഹൊർ എന്ന പൎവ്വത
ത്തിലെക്ക കൊണ്ടുചെന്ന,
൨൬ അഹറൊനെ അവന്റെ വ
സ്ത്രങ്ങളെ ഊരിച്ച, അവയെ അ
വന്റെ പുത്രനായ എലയാസാറി
നെ ഉടുപ്പിച്ചുകൊൾക: അഹറൊ
ൻ [തന്റെ ജനങ്ങളൊട] ചെൎന്ന,
അവിടെ മരിക്കയും ചെയ്യും.
൨൭ യഹൊവാ കല്പിച്ച പ്രകാരം
മൊശെ ചെയ്തു: അവർ എല്ലാ സം
ഘത്തിന്റെയും മുമ്പാകെ ഹൊർ എ
ന്ന പൎവ്വതത്തിലെക്ക കരെറി.
൨൮ പിന്നെ മൊശെ അഹറൊ
നെ അവന്റെ വസ്ത്രങ്ങളെ ഊരി
ച്ച, അവയെ അവന്റെ പുത്രനാ
യ എലയാസാറിനെ ഉടുപ്പിച്ചു: അ
പ്പൊൾ അഹറൊൻ അവിടെ പ
ൎവ്വതത്തിന്റെ മുകളിൽ വെച്ച മരി
ച്ചു: പിന്നെ മൊശെയും എലയാ
സാറും പൎവ്വതത്തിൽനിന്ന ഇറങ്ങി
വന്നു.
൨൯ അഹറൊൻ മരിച്ചു എന്ന
സംഘം എല്ലാം കണ്ടപ്പൊൾ അ
വർ, യിസ്രാഎൽ കുഡുംബം ഒ
ക്കെയും തന്നെ, അഹറൊനെ കുറി
ച്ച മുപ്പത ദിവസം വിലാപിച്ചു.

൨൧ അദ്ധ്യായം.

൧ അഗ്നിസൎപ്പങ്ങളാൽ കടിക്കപ്പെട്ട ജനങ്ങൾ, ൭ സൌഖ്യമാക്കപ്പെട്ടത.—൧൦ പല യാത്രകൾ.—൨൧ സിഹൊനും ഒഗും കൊല്ലപ്പെട്ടത.

ചാരന്മാരുടെ വഴിയായി യി
സ്രാഎൽ വന്നു എന്ന തെക്ക വ
സിച്ചിരുന്ന കനാന്യക്കാരനായ
അറാദിലെ രാജാവ കെട്ടപ്പൊൾ,
അവൻ യിസ്രാഎലിന വിരൊധ
മായി യുദ്ധം ചെയ്തു, അവരിൽ
[ചിലരെ] അടിമയായി കൊണ്ടു
പൊയി.
൨ അപ്പൊൾ യിസ്രാഎൽ യഹൊ
വായിക്ക ഒരു നെൎച്ച നിശ്ചയിച്ചു,
നീ ഈ ജനത്തെ എന്റെ കയ്യി
ലെക്ക നിശ്ചയമായി എല്പിച്ചാൽ,
അപ്പൊൾ ഞാൻ അവരുടെ നഗര
ങ്ങളെ അശെഷം നശിപ്പിക്കും എ
ന്നും പറഞ്ഞു.
൩ എന്നാറെ യഹൊവാ യിസ്രാ
എലിന്റെ ശബ്ദത്തെ കെട്ടു, കനാ
നായക്കാരെ എല്പിച്ചു: അവർ അവ
രെയും, അവരുടെ നഗരങ്ങളെയും
അശെഷം നശിപ്പിക്കയും ചെയ്തു:
പിന്നെ അവൻ ആ സ്ഥലത്തിന
ഹൊൎമ്മാ എന്ന പെർ വിളിച്ചു.
൪ ¶ പിന്നെ അവർ എദൊം ദെശ
ത്തെ ചുററിപൊകുവാനായിട്ടു, ഹൊ
ർ എന്ന പൎവ്വതത്തിൽനിന്ന ചെ
ങ്കടൽ വഴിയായി യാത്ര പുറപ്പെട്ടു:
വഴിയുടെ നിമിത്തം ജനത്തിന്റെ
ആത്മാവ എററവും വ്യസനപ്പെട്ടു.
൫ അപ്പൊൾ ജനം ദൈവത്തി
ന വിരൊധമായും, മൊശെക്ക വി
രൊധമായും സംസാരിച്ചു, വനത്തി
ൽ മരിക്കെണ്ടുന്നതിന നിങ്ങൾ ഞ
ങ്ങളെ മിസ്രയിം ദെശത്തനിന്ന കൂ
ട്ടി കൊണ്ടുവന്നത എന്തിന? എ
ന്തെന്നാൽ അപ്പവുമില്ല, വെള്ളവു
മില്ല: ഈ അല്പമായ അപ്പത്തെ ഞ
ങ്ങളുടെ ആത്മാവ വെറുക്കയും ചെ
യ്യുന്നു.
൬ അപ്പൊൾ യഹൊവാ ജനത്തി
ന്റെ ഇടയിൽ അഗ്നിസൎപ്പങ്ങളെ
അയച്ചു; അവ ജനത്തെ കടിച്ചു,
യിസ്രാഎലിൽ വളരെ ജനം മരി
ക്കയും ചെയ്തു.
൭ ആയതകൊണ്ട ജനം മൊശെ
യുടെ അടുക്കൽ വന്ന, പറഞ്ഞു, ഞ
ങ്ങൾ പാപം ചെയ്തിരിക്കുന്നു; എ
ന്തെന്നാൽ ഞങ്ങൾ യഹൊവായി
ക്കവിരൊധമായും നിനക്ക വിരൊ
ധമായും സംസാരിച്ചു: സൎപ്പങ്ങ

ളെ ഞങ്ങളിൽനിന്ന നീക്കികളയെണമെന്ന യഹൊവായൊട പ്രാൎത്ഥിക്ക. മൊശെ ജനത്തിന വെണ്ടി പ്രാൎത്ഥിക്കയും ചെയ്തു.

൮ അപ്പൊൾ യഹൊവാ മൊശെയൊട പറഞ്ഞു, ഒരു അഗ്നിസൎപ്പത്തെ നിനക്കായിട്ട ഉണ്ടാക്കി, അതിനെ ഒരു തൂണിന്മെൽ വെക്ക: അപ്പൊൾ സംഭവിക്കുന്നത എന്തെന്നാൽ, കടിക്കപ്പെട്ടുന്ന ഒരൊരുത്തൻ അതിന്മെൽ നൊക്കുമ്പൊൾ അവൻ ജീവിക്കും.

൯ അപ്പൊൾ മൊശെ പിച്ചളകൊണ്ട ഒരു സൎപ്പത്തെ ഉണ്ടാക്കി, അതിനെ ഒരു തൂണിന്മെൽ വെച്ചു; പിന്നെ സംഭവിച്ചത എന്തെന്നാൽ സൎപ്പം ഒരു മനുഷ്യനെ കടിച്ചപ്പൊൾ അവൻ പിച്ചളകൊണ്ടുള്ള സൎപ്പത്തെ നൊക്കി, ജീവിച്ചു.

൧൦ ¶ പിന്നെയും യിസ്രാഎൽ പുത്രന്മാർ പുറപ്പെട്ടു, ഒബൊതിൽ പാളയമിറങ്ങി.

൧൧ പിന്നെ അവർ ഒബൊതിൽനിന്ന യാത്ര പുറപ്പെട്ടു, സൂൎയ്യൊദയത്തിന നെരെ മൊവാബിന്റെ മുമ്പിലുള്ള വനത്തിൽ ഇജ്ജിയബാറിമിൽ പാളയമിറങ്ങി.

൧൨ അവിടെനിന്ന അവർ പുറപ്പെട്ടു, സാറെദ എന്ന താഴ്വരയിൽ പാളയമിറങ്ങി.

൧൩ അവിടെനിന്ന അവർ പുറപ്പെട്ടു, അമൊറായക്കാരുടെ അതൃത്തികളിൽനിന്ന വരുന്ന വനത്തിൽ ഉള്ള അൎന്നൊന്ന അക്കരെ പാളയമിറങ്ങി: എന്തെന്നാൽ അൎന്നൊൻ മൊവാബിനും അമൊറായക്കാൎക്കും മദ്ധ്യെയുള്ള മൊവാബിന്റെ അതൃത്തി [ആകുന്നു.]

൧൪ ആയതുകൊണ്ട ചെങ്കടലിലും, അൎന്നൊന്റെ തൊട്ടകളിലും, ൧൫ ആറിന്റെ വാസസ്ഥലത്തെക്ക പൊകുന്നതും, മൊവാബിന്റെ അതൃത്തിയിൽ ഇരിക്കുന്നതും ആയ തൊട്ടകളുടെ ഒഴുക്കിലും വെച്ച അവൻ ചെയ്തത യഹൊവായുടെ യുദ്ധ പുസ്തകത്തിൽ ചൊല്ലപ്പെട്ടിരിക്കുന്നു.

൧൬ അവിടെനിന്നും ബെറിന്ന [അവർ പൊയി:] ജനത്തെ ഒന്നിച്ച കൂട്ടുക, എന്നാൽ ഞാൻ അവൎക്ക വെള്ളം കൊടുക്കാമെന്ന യഹൊവാ മൊശെയൊട പറഞ്ഞ കിണറ അത തന്നെ.

൧൭ അപ്പൊൾ യിസ്രാഎൽ ഈ പാട്ടുപാടി, കിണറെ, പൊങ്ങുക; അതിന പാടുവിൻ:

൧൮ പ്രഭുക്കന്മാർ ഈ കിണറിനെ കുഴിച്ചു, ജനത്തിലെ പ്രധാനികൾ, ന്യായദാതാവിന്റെ [നിയൊഗപ്രകാരം:] തങ്ങളുടെ വടികൾ കൊണ്ട അതിനെ കുഴിച്ചു. പിന്നെ ആ വനത്തിൽനിന്ന അവർ മത്ഥാനായിക്കും;

൧൯ മത്ഥാനായിൽനിന്ന നഹലിയെലിനും; നഹലിയെലിൽനിന്ന ബാമൊത്തിനും;

൨൦ മൊവാബിന്റെ പ്രദെശത്തുള്ള താഴ്വരയിലെ ബാമൊത്തിൽനിന്ന യശിമൊന നെരെ കാണുന്ന പിസ്ഗായുടെ മുകളിലെക്ക പൊയി.

൨൧ ¶ അപ്പൊൾ യിസ്രാഎൽ അമൊറായക്കാരുടെ രാജാവായ സീഹൊന്റെ അടുക്കൽ ദൂതന്മാരെ അയച്ചു,

൨൨ ഞാൻ നിന്റെ ദെശത്ത കൂടി കടന്ന പൊകട്ടെ, ഞങ്ങൾ വയലിലെക്ക എങ്കിലും മുന്തിരിങ്ങാതൊട്ടങ്ങളിലെക്ക എങ്കിലും മാറാതെയും, ഞങ്ങൾ കിണറിലെ വെള്ളങ്ങളെ കുടിക്കാതെയും, ഞങ്ങൾ നിന്റെ

അതിരുകളെ കടന്ന തീരുന്നത വ
രെക്കും രാജവഴിയിൽകൂടി തന്നെ
പൊകാം എന്ന പറയിച്ചു.
൨൩ എന്നാറെ സീഹൊൻ ത
ന്റെ അതിരിയിൽ കൂടി കടന്ന
പൊകുന്നതിന യിസ്രാഎലിനസ
മ്മതിക്കാതെ, സീഹൊൻ തന്റെ
ജനത്തെ എല്ലാം ഒന്നിച്ച കൂട്ടി, യി
സ്രാഎലിന നെരെ വനത്തിലെ
ക്ക പുറപ്പെട്ടു: അവൻ യഹാസി
ന വന്ന, യിസ്രാഎലിന നെരെ
യുദ്ധം ചെയ്തു.
൨൪ അപ്പൊൾ യിസ്രാഎൽ അ
വനെ വാളിന്റെ മൂർച്ചകൊണ്ട വെ
ട്ടി, അർന്നൊൻ മുതൽ യബ്ബൊക്ക
വരെയും, അമ്മൊന്റെ പുത്രന്മാർ
വരെയും ഉള്ള അവന്റെ ദെശ
ത്തെ അവകാശമാക്കി: എന്തെന്നാ
ൽ അമ്മൊന്റെ പുത്രന്മാരുടെ അ
തിരി ഉറപ്പുള്ളത [ആയിരുന്നു.]
൨൫ പിന്നെ യിസ്രാഎൽ ൟ
നഗരങ്ങളെ എല്ലാം പിടിച്ചു; അ
മൊറായക്കാരുടെ എല്ലാ നഗരങ്ങ
ളായി ഹെഷ്ബൊനിലും അതിന്റെ
എല്ലാ ഗ്രാമങ്ങളിലും യിസ്രാഎൽ
കുടിയിരുന്നു.
൨൬ എന്തുകൊണ്ടെന്നാൽ ഹെ
ഷ്ബൊൻ അമൊറായക്കാരുടെ രാജാ
വായ സീഹൊന്റെ നഗരം ആ
യിരുന്നു: ഇവൻ മൊവാബിലെ
മുമ്പിലത്തെ രാജാവിന വിരൊധ
മായി യുദ്ധം ചെയ്തു, അർന്നൊൻ
വരെയും ഉള്ള അവന്റെ ദെശ
ത്തെ എല്ലാം അവന്റെ കയ്യിൽനി
ന്ന അപഹരിച്ചിരുന്നു.
൨൭ അതകൊണ്ട ഉപമകളായി
സംസാരിക്കുന്നവർപറയുന്നു,ഹെ
ഷ്ബൊനിലെക്ക വരുവിൻ, സീഹൊ
ന്റെ നഗരം പണിയപ്പെട്ട, ഒരു
ക്കപ്പെടട്ടെ:
൨൮ എന്തെന്നാൽ ഹെഷ്ബൊനി
ൽനിന്ന ഒരു അഗ്നിയും, സീഹൊ
ന്റെ നഗരത്തിൽനിന്ന ഒരു ജ്വാ
ലയും പുറപ്പെട്ടിരിക്കുന്നു: അതമൊ
വാബിലെ ആറിനെയും,അർന്നൊ
ന്റെ ഉന്നതസ്ഥലങ്ങളിലെ പ്ര
ധാനികളെയും ഭക്ഷിച്ച കളഞ്ഞു.
൨൯ മൊവാബെ, നിനക്ക ഹാ
കഷ്ടം! കെമൊശിലെ ജനമെ, നീ
മുടിഞ്ഞിരിക്കുന്നു: രക്ഷപെട്ടവരാ
യ അവന്റെ പുത്രന്മാരെയും, അ
വന്റെ പുത്രിമാരെയും അവൻ അ
മൊറായക്കാരുടെ രാജാവായ സീ
ഹൊന അടിമയായി കൊടുത്തിരി
ക്കുന്നു.
൩൦ ഞങ്ങൾ അവരിൽ എയ്തു:
ഹെഷ്ബൊൻ ദിബൊൻ വരെയും
നശിച്ചിരിക്കുന്നു, മെദബായൊ
ളം [എത്തുന്ന] നൊഫാഹ വരെയും
ഞങ്ങൾ അവരെ നശിപ്പിച്ചിരി
ക്കുന്നു.
൩൧ ഇപ്രകാരം യിസ്രാഎൽ അ
മൊറായക്കാരുടെ ദെശത്ത കുടി
യിരുന്നു.
൩൨ പിന്നെ മൊശെ യാസെറി
നെ ഒറ്റുനൊക്കുവാൻ അയച്ചു,
അവർ അതിലെ ഗ്രാമങ്ങളെ പി
ടിച്ചു, അവിടെ ഉള്ള അമൊറായ
ക്കാരെ ആട്ടികളകയും ചെയ്തു.
൩൩ ¶ പിന്നെ അവർ തിരിഞ്ഞു,
ബാശാൻവഴിയായി പൊയി: അ
പ്പൊൾ ബാശാനിലെ രാജാവായ
ഒഗ, എദ്രായിൽ യുദ്ധത്തിനായി
ട്ട അവനും അവന്റെ എല്ലാ ജന
വും അവരുടെ നെരെ പുറപ്പെട്ടു.
൩൪ അപ്പൊൾ യഹൊവാ മൊ
ശെയൊട പറഞ്ഞു, അവനെ ഭയ
പ്പെടരുത; എന്തെന്നാൽ അവനെ
യും, അവന്റെ സകല ജനത്തെ
യും, അവന്റെ ദെശത്തെയും ഞാ

ൻ നിന്റെ കയ്യിലെക്ക എല്പിച്ചി
രിക്കുന്നു: നീ ഹെഷ്ബൊനിൽ കുടി
യിരുന്ന അമൊറായക്കാരുടെ രാ
ജാവായ സീഹൊനൊട ചെയ്ത
പ്രകാരം തന്നെ നീ അവനൊടും
ചെയ്യെണം.
൩൫ ആ പ്രകാരം അവർ അവ
നെയും, അവന്റെ പുത്രന്മാരെയും,
അവന്റെ സകല ജനത്തെയും
സംഹരിച്ചു, അതകൊണ്ട ഒരുത്ത
നും അവന ജീവനൊടെ ശെഷി
ക്കാതെ ഇരുന്നു: അവർ അവന്റെ
ദെശത്തെ അവകാശമാക്കുകയും
ചെയ്തു.

൨൨ അദ്ധ്യായം.

൧ ബിലയാമിന ബാലാക്ക ആദ്യം അയച്ച ദൂത
നിരസിക്കപ്പെട്ടത,—൧൫. രണ്ടാമത അവ
നെ കൊണ്ടുവരുന്നത —൨൨. അവന്റെ ക
ഴുത അവനെ രക്ഷിച്ചില്ല എങ്കിൽ ദൈവദൂത
ൻ അവനെ കൊല്ലുമായിരുന്നു എന്നുള്ളത.
൩൬ ബാലാക്ക അവനെ സല്കരിക്കുന്നത.

൧ പിന്നത്തെതിൽ യിസ്രായെൽ പു
ത്രന്മാർ യാത്രപുറപ്പെട്ടു, യെറിഹൊ
യിക്ക സമീപത്ത യർദ്ദെന ഇക്കരെ
മൊവാബിലെ സമഭൂമികളിൽ പാ
ളയമിറങ്ങി.
൨ എന്നാൽ യിസ്രായെൽ അമൊ
റായക്കാരൊട ചെയ്തതിനെ ഒക്കെ
യും സിപ്പൊറിന്റെ പുത്രനായ
ബാലാക്ക കണ്ടു.
൩ ജനങ്ങൾ വളരെ ആയിരുന്ന
തകൊണ്ട മൊവാബ അവരുടെ
മുമ്പിൽ എറ്റവും ഭയപ്പെട്ടു: യി
സ്രായെൽ പുത്രന്മാരെ കുറിച്ച മൊ
വാബ വ്യാകുലപ്പെട്ടിരുന്നു.
൪ പിന്നെ മൊവാബ മിദിയാ
നിലെ മൂപ്പന്മാരൊട പറഞ്ഞു, ഇ
പ്പൊൾ ഈ ജനസംഘം കാള വ
യലിലെ പുല്ലിനെ മെയ്യുന്നത
പൊലെ, നമ്മുടെ ചുററുമുള്ളവരെ
എല്ലാവരെയും മെയ്യും. സിപ്പൊറി
ന്റെ പുത്രനായ ബാലാക്ക അ
ക്കാലത്ത മൊവാബിലെ രാജാവ
[ആയിരുന്നു.]
൫ അതകൊണ്ട അവൻ അവ
ന്റെ ജനത്തിന്റെ പുത്രന്മാരുടെ
ദെശത്തെ ആററിന അരികെയുള്ള
പെത്തൊറിൽ ബെയൊറിന്റെ പു
ത്രനായ ബിലയാമിന്റെ അടുക്ക
ൽ, അവനെ വിളിപ്പാനായിട്ട, ദൂ
തന്മാരെ പറഞ്ഞയച്ചു, ഇതാ, ഒരു
ജനം മിസ്രയിമിൽനിന്ന പുറപ്പെ
ട്ടിരിക്കുന്നു; ഇതാ, അവർ ഭൂതല
ത്തെ മൂടിയിരിക്കുന്നു, അവർ എ
ന്റെ നെരെ പാൎക്കുന്നു.
൬ അതകൊണ്ട ഇപ്പൊൾ നീ വ
ന്ന, ഇനിക്ക വെണ്ടി ഈ ജനത്തെ
ശപിക്കെണം എന്ന ഞാൻ നി
ന്നൊട അപെക്ഷിക്കുന്നു: എന്തെ
ന്നാൽ അവർ എന്നെക്കാൾ എററ
വും ശക്തിയുള്ളവർ [ആകുന്നു:] പ
ക്ഷെ അവരെ വെട്ടി, ദെശത്തനി
ന്ന അവരെ ആട്ടികളവാൻ ഇനി
ക്ക കഴിയും; എന്തകൊണ്ടെന്നാൽ
നീ അനുഗ്രഹിക്കുന്നവൻ അനുഗ്ര
ഹിക്കപ്പെട്ടവൻ എന്നും, നീ ശപി
ക്കുന്നവൻ ശപിക്കപ്പെട്ടവൻ എ
ന്നും ഞാൻ അറിയുന്നു.
൭ മൊവാബിലെ മൂപ്പന്മാരും മി
ദിയാനിലെ മൂപ്പന്മാരും പ്രശ്നംപ
റയുന്നതിന്റെ കൂലിയെ തങ്ങളുടെ
കയ്യിൽ കൊണ്ടുപൊയി; അവർ
ബിലയാമിന്റെ അടുക്കൽ ചെ
ന്ന, ബാലാക്കിന്റെ വചനങ്ങളെ
അവനൊട പറഞ്ഞു.
൮ അപ്പൊൾ അവൻ അവരൊ
ട പറഞ്ഞു, ഇന്ന രാത്രി ഇവിടെ
പാൎപ്പിൻ, എന്നാൽ യഹൊവാ എ
ന്നൊട പറയുന്ന പ്രകാരം ഞാൻ
നിങ്ങളൊട ഉത്തരം പറയാം: മൊ
വാബിലെ പ്രഭുക്കന്മാർ ബിലയാ

മിനൊട കൂടെ പാൎക്കയും ചെയ്തു.

൯ൻ ദൈവം ബിലയാമിന്റെ അടുക്കൽ വന്ന പറഞ്ഞു, നിന്നൊട കൂടെയുള്ള ൟ മനുഷ്യർ ആര?

൧൦ എന്നാറെ ബിലയാം ദൈവത്തൊട പറഞ്ഞു, മൊവാബിലെ രാജാവായ സിപ്പൊറിന്റെ പുത്രനായ ബാലാക്ക എന്റെ അടുക്കൽ പറഞ്ഞയച്ചു,

൧൧ ഇതാ, ഒരു ജനം മിസ്രയിമിൽനിന്ന വന്നിരിക്കുന്നു, അവർ ഭൂതലത്തെ മൂടിയിരിക്കുന്നു: ഇപ്പൊൾ നീ വന്ന, ഇനിക്ക വെണ്ടി അവരെ ശപിക്കെണം; പക്ഷെ അവരൊട യുദ്ധം ചെയ്തു, അവരെ ആട്ടികളവാൻ ഇനിക്ക കഴിയും.

൧൨ എന്നാറെ ദൈവം ബിലയാമിനൊട പറഞ്ഞു, നീ അവരൊട കൂടെ പൊകരുത; നീ ആ ജനത്തെ ശപിക്കയും അരുത; എന്തകൊണ്ടെന്നാൽ അവർ അനുഗ്രഹിക്കപ്പെട്ടവർ.

൧൩ ബിലയാം കാലത്തെ എഴുനീറ്റ, ബാലാക്കിന്റെ പ്രഭുക്കന്മാരൊട പറഞ്ഞു, നിങ്ങളുടെ ദെശത്തെക്ക പൊകുവിൻ: എന്തെന്നാൽ നിങ്ങളൊട കൂടെ പൊരുന്നതിന യഹൊവാ ഇനിക്ക അനുവാദം തരുവാൻ സമ്മതിക്കുന്നില്ല.

൧൪ അപ്പൊൾ മൊവാബിലെ പ്രഭുക്കന്മാർ എഴുനീറ്റ, ബാലാക്കിന്റെ അടുക്കൽ ചെന്ന, ബിലയാം ഞങ്ങളൊട കൂടെ വരുവാൻ സമ്മതിക്കുന്നില്ല എന്ന പറഞ്ഞു.

൧൫ ¶ പിന്നെയും ബാലാക്ക അധികവും അവരെക്കാൾ ബഹുമാനവുമുള്ള പ്രഭുക്കളെ അയച്ചു.

൧൬ അവരും ബിലയാമിന്റെ അടുക്കൽ വന്ന, അവനൊട പറഞ്ഞു, സിപ്പൊറിന്റെ പുത്രനായ ബാലാക്ക ഇപ്രകാരം പറയുന്നു, എന്റെ അടുക്കൽ വരുന്നതിന ഒന്നും നിന്നെ വിഘ്നപ്പെടുത്തരുത എന്ന ഞാൻ നിന്നൊട അപെക്ഷിക്കുന്നു.

൧൭ എന്തകൊണ്ടെന്നാൽ ഞാൻ നിന്നെ എററവും വളരെ ബഹുമാനിക്കും, നീ എന്നൊട പറയുന്നതിനെ ഒക്കെയും ഞാൻ ചെയ്യാം: അതകൊണ്ട നീ വന്ന, ഇനിക്ക വെണ്ടി ൟ ജനത്തെ ശപിക്കെണം എന്ന ഞാൻ നിന്നൊട അപെക്ഷിക്കുന്നു.

൧൮ അപ്പൊൾ ബിലയാം ഉത്തരമായിട്ട ബാലാക്കിന്റെ ഭൃത്യന്മാരൊട പറഞ്ഞു, ബാലാക്ക തന്റെ ഭവനം നിറച്ച വെള്ളിയും പൊന്നും ഇനിക്ക തന്നാലും, കുറെ എങ്കിലും, എറെ എങ്കിലും ചെയ്യെണ്ടുന്നതിന, എന്റെ ദൈവമായ യഹൊവായുടെ വചനത്തെ ലംഘിപ്പാൻ ഇനിക്ക കഴിയുന്നതല്ല.

൧൯ അതകൊണ്ട ഇപ്പൊൾ യഹൊവാ പിന്നെയും എന്നൊട എന്ത പറയും എന്ന ഞാൻ അറിയെണ്ടുന്നതിന, നിങ്ങളും ൟ രാത്രി ഇവിടെ പാൎക്കെണമെന്ന ഞാൻ നിങ്ങളൊട അപെക്ഷിക്കുന്നു.

൨൦ രാത്രിയിൽ ദൈവം ബിലയാമിന്റെ അടുക്കൽ വന്ന, അവനൊട പറഞ്ഞു, ൟ മനുഷ്യർ നിന്നെ വിളിപ്പാൻ വരുന്നു എങ്കിൽ, എഴുനീറ്റ, അവരൊട കൂടെ പൊക, എന്നാലും ഞാൻ നിന്നൊട പറയുന്ന വചനപ്രകാരം മാത്രം നീ ചെയ്യെണം.

൨൧ ബിലയാം കാലത്തെ എഴുനീറ്റ, തന്റെ കഴുതെക്ക കൊപ്പിട്ട, മൊവാബിലെ പ്രഭുക്കളൊട കൂടെ പൊകയും ചെയ്തു.

നുൎവ്വ

൨൨ ¶ എന്നാൽ അവൻ പൊകു
ന്നതകൊണ്ട ദൈവത്തിന്റെ കൊ
പം ജ്വലിച്ചു: യഹൊവായുടെ ദൂ
തൻ വഴിയിൽ അവന്ന പ്രതിയൊ
ഗിയായി നിന്നു. എന്നാൽ അവൻ
തന്റെ കഴുത പുറത്ത എറി പൊയി,
അവന്റെ രണ്ട ഭൃത്യന്മാരും അവ
നൊട കൂടെ [ഉണ്ടായിരുന്നു.]
൨൩ എന്നാൽ യഹൊവായുടെ ദൂ
തൻ വഴിയിൽ നില്ക്കുന്നതിനെയും
അവന്റെ കയ്യിൽ അവന്റെ വാ
ൾ ഊരിയിരിക്കുന്നതിനെയും കഴു
ത കണ്ടു: കഴുത വഴിയിൽനിന്ന മാ
റി, വയലിലെക്ക പൊയി: എന്നാ
റെ കഴുതയെ വഴിയിലെക്ക തിരി
ക്കെണ്ടുന്നതിന ബിലയാം അവ
ളെ അടിച്ചു.
൨൪ എന്നാലും യഹൊവായുടെ
ദൂതൻ ഇപ്പുറത്ത മതിലും അപ്പുറ
ത്ത മതിലും ഉള്ള മുന്തിരിങ്ങാതൊ
ട്ടങ്ങളുടെ വഴിയിൽനിന്നു.
൨൫ കഴുത യഹൊവായുടെ ദൂത
നെ കണ്ടപ്പൊൾ അവൾ മതിൽ
അരികെ ഒതുങ്ങി, ബിലയാമിന്റെ
കാലിനെ മതിലൊട ചെൎത്ത ഞെ
ക്കി; അവൻ അവളെ പിന്നെയും
അടിച്ചു.
൨൬ പിന്നെ യഹൊവായുടെ ദൂ
തൻ അപ്പുറം ചെന്നു, വലത്തൊ
ട്ടും ഇടത്തൊട്ടും മാറുന്നതിന വഴി
യില്ലാത്ത ഒരു ഇടുക്കുവഴിയിൽ നി
ന്നു.
൨൭ പിന്നെ കഴുത യഹൊവായു
ടെ ദൂതനെ കണ്ടപ്പൊൾ അവൾ
ബിലയാമിന്റെ കീഴെ കിടന്നു കള
ഞ്ഞു: അപ്പൊൾ ബിലയാമിന്റെ
കൊപം ജ്വലിച്ചു, അവൻ കഴുത
യെ ഒരു വടി കൊണ്ട അടിച്ചു.
൨൮ അപ്പൊൾ യഹൊവാ കഴു
തയുടെ വാ തുറന്നു, അവൾ ബി
ലയാമിനൊട പറഞ്ഞു, നീ എന്നെ
൩ം മൂന്ന പ്രാവശ്യം അടിക്കുന്നതി
ന ഞാൻ നിന്നൊട എന്ത ചെയ്തു?
൨൯ എന്നാറെ ബിലയാം കഴുത
യൊട പറഞ്ഞു, നീ എന്നെ പരി
ഹസിച്ചതകൊണ്ട: എന്റെ കയ്യി
ൽ ഒരു വാൾ ഉണ്ട എങ്കിൽ കൊ
ള്ളായിരുന്നു, എന്നാൽ ഇപ്പൊൾ
ഞാൻ നിന്നെ കൊന്നു കളയും.
൩൦ പിന്നെ കഴുത ബിലയാമി
നൊട പറഞ്ഞു, ഞാൻ നിനക്കുള്ള
തായത മുതൽ ഇന്ന വരെയും, നീ
എറി നടന്ന നിന്റെ കഴുത ഞാൻ
അല്ലയൊ? ഇപ്രകാരം നിന്നൊട
ചെയ്വാൻ ഒരിക്കലും ഇനിക്ക ശീല
മുണ്ടായിരുന്നുവൊ? ഇല്ല എന്നും
അവൻ പറഞ്ഞു.
൩൧ അപ്പൊൾ യഹൊവാ ബി
ലയാമിന്റെ കണ്ണുകളെ തുറന്നു,
എന്നാറെ യഹൊവായുടെ ദൂതൻ
വഴിയിൽ നില്ക്കുന്നതിനെയും, അ
വന്റെ കയ്യിൽ അവന്റെ വാൾ
ഊരിയിരിക്കുന്നതിനെയും അവ
ൻ കണ്ടു: അവൻ കുനിഞ്ഞു, സാ
ഷ്ടാംഗം വീണു.
൩൨ അപ്പൊൾ യഹൊവായുടെ
ദൂതൻ അവനൊട പറഞ്ഞു, നീ നി
ന്റെ കഴുതയെ ൩ം മൂന്ന പ്രാവ
ശ്യം അടിച്ചത എന്തിന? ഇതാ, ഞാ
ൻ നിനക്ക പ്രതിയൊഗിയായിരി
പ്പാൻ പുറപ്പെട്ടിരിക്കുന്നു; എന്തെ
ന്നാൽ നിന്റെ വഴി എന്റെ മുമ്പാ
കെ പ്രതികൂലമായിരിക്കുന്നു.
൩൩ കഴുത എന്നെ കണ്ടു, ൩ം മൂ
ന്ന പ്രാവശ്യം എന്റെ മുമ്പിൽനി
ന്ന മാറി പൊയി: അവൾ എന്റെ
മുമ്പിൽനിന്ന മാറിപൊകാതെ ഇ
രുന്നു എങ്കിൽ, ഇപ്പൊൾ തന്നെ
ഞാൻ നിന്നെ കൊന്നു കളഞ്ഞു,
അവളെ ജീവനൊടെ രക്ഷിക്കുമാ

യിരുന്നു നിശ്ചയം.

൩൪ അപ്പൊൾ ബിലയാം യഹൊവായുടെ ദൂതനൊട പറഞ്ഞു, ഞാൻ പാപം ചെയ്തിരിക്കുന്നു: എന്തെന്നാൽ നീ ഇനിക്ക വിരൊധമായി വഴിയിൽ നിന്നു എന്ന ഞാൻ അറിഞ്ഞില്ല: അതകൊണ്ട ഇത നിന്റെ കണ്ണുകൾക്ക ദൊഷമായിരുന്നാൽ ഞാൻ തിരിച്ച പൊകാം.

൩൫ യഹൊവായുടെ ദൂതൻ ബിലയാമിനൊട പറഞ്ഞു, ആ മനുഷ്യരൊട കൂടെ പൊക: എന്നാലും ഞാൻ നിന്നൊട പറയുന്ന വചനത്തെ മാത്രമെ നീ പറയാവു. ബിലയാം ബാലാക്കിന്റെ പ്രഭുക്കളൊട കൂടെ പൊകയും ചെയ്തു.

൩൬ ¶ പിന്നെ ബാലാക്ക ബിലയാം വരുന്നു എന്ന കെട്ടപ്പൊൾ, അവൻ അവനെ എതിരെല്പാനായിട്ട ഒടുക്കത്തെ അതൃത്തിയിലുള്ള അൎന്നൊന്റെ അതൃത്തിയിലുള്ള മൊവാബിലെ ഒരു നഗരം വരെ പുറപ്പെട്ട ചെന്നു.

൩൭ അപ്പൊൾ ബാലാക്ക ബിലയാമിനൊട പറഞ്ഞു, ഞാൻ നിന്നെ വിളിപ്പാനായിട്ട നിന്റെ അടുക്കൽ താല്പൎയ്യത്തൊടെ ആളയച്ചില്ലയൊ? നീ എന്റെ അടുക്കൽ വരാതെ ഇരുന്നത എന്ത? നിന്നെ ബഹുമാനിപ്പാൻ ഇനിക്ക കഴികയില്ലയൊ?

൩൮ അപ്പൊൾ ബിലയാം ബാലാക്കിനൊട പറഞ്ഞു, ഇതാ, ഞാൻ നിന്റെ അടുക്കൽ വന്നിരിക്കുന്നുവല്ലൊ: ഇപ്പൊൾ എതെങ്കിലും പറവാൻ ഇനിക്ക നിശ്ചയമായിട്ട കഴിയുമൊ? ദൈവം എന്റെ വായിൽ തരുന്ന വചനത്തെ തന്നെ ഞാൻ പറയും.

൩൯ പിന്നെ ബിലയാം ബാലാക്കിനൊട കൂടെ പൊയി, അവർ കിൎയ്യാതഹുസൊതിന വരികയും ചെയ്തു.

൪൦ അപ്പൊൾ ബാലാക്ക കാളകളെയും ആട്ടുകളെയും കൊന്നു, ബിലയാമിനും അവനൊട കൂടെ [ഉണ്ടായിരുന്ന] പ്രഭുക്കൾക്കും കൊടുത്തയച്ചു.

൪൧ പിറ്റെ ദിവസം ഉണ്ടായത എന്തെന്നാൽ, ബാലാക്ക ബിലയാമിനെ കൂട്ടികൊണ്ട, അവനെ ബായൽ എന്ന ഉയൎന്ന സ്ഥലത്തെക്ക കൊണ്ടുപൊയി, അവിടെനിന്ന അവൻ ജനത്തിന്റെ ഒടുക്കത്തെ [പാളയത്തെ] കണ്ടു.

൨൩ അദ്ധ്യായം.

൧, ൧൩, ൨൮. ബാലാക്കിന്റെ ബലികൾ.—൭, ൧൮. ബിലയാമിന്റെ ഉപമകൾ.

പിന്നെ ബിലയാം ബാലാക്കിനൊട പറഞ്ഞു, ഇവിടെ ഇനിക്ക എഴ ബലിപീഠങ്ങളെ പണിത, ഇവിടെ ഇനിക്ക എഴ കാളകളെയും എഴ ആട്ടുകൊററന്മാരെയും ഒരുക്കുക.

൨ ബിലയാം പറഞ്ഞ പ്രകാരം തന്നെ ബാലാക്ക ചെയ്തു; ബാലാക്കും ബിലയാമും ഒരൊ പീഠത്തിന്മെൽ ഒരു കാളയെയും ഒര ആട്ടുകൊററനെയും ബലി കഴിച്ചു.

൩ അപ്പൊൾ ബിലയാം ബാലാക്കിനൊട പറഞ്ഞു, നിന്റെ ഹൊമബലിയുടെ അടുക്കെ നില്ക്ക, എന്നാൽ ഞാൻ പൊകും; പക്ഷെ യഹൊവാ എന്നെ എതിരെല്പാനായിട്ട വരും: അവൻ ഇനിക്ക കാണിക്കുന്നതിനെയും ഞാൻ നിന്നൊട അറിയിക്കും: അവൻ ഉയൎന്ന സ്ഥലത്തെക്ക പൊകയും ചെയ്തു.

൪ ദൈവം ബിലയാമിനെ എതിരെററു: അപ്പൊൾ അവൻ അ

വനൊട പറഞ്ഞു, ഞാൻ എഴ പീ
ഠങ്ങളെ ഒരുക്കി, ഒരൊ പീഠത്തി
ന്മെൽ ഒരു കാളയെയും ഒര ആട്ടു
കൊററനെയും ബലി കഴിച്ചിരി
ക്കുന്നു.
൫ എന്നാറെ യഹൊവാ ബിലെ
യാമിന്റെ വായിൽ ഒരു വചന
ത്തെ കൊടുത്തു, നീ ബാലാക്കിന്റെ
അടുക്കൽ തിരികെ ചെന്ന, ഇപ്രകാ
രം പറയെണം എന്ന പറഞ്ഞു.
൬ അവൻ അവന്റെ അടുക്കൽ
തിരികെ ചെന്നു: ഇതാ, അവൻ
തന്റെ ഹൊമബലിയുടെ അടു
ക്കെ, അവനും മൊവാബിലെ പ്രഭു
ക്കളും എല്ലാവരും, നിന്നിരുന്നു.
൭ അപ്പൊൾ അവൻ തന്റെ ഉ
പമയെ എടുത്ത പറഞ്ഞു, മൊവാ
ബിലെ രാജാവായ ബാലാക്ക, നീ
വന്ന, ഇനിക്ക വെണ്ടി യാക്കൊ
ബിനെ ശപിക്ക എന്നും; നീ വ
ന്ന, യിസ്രാഎലിനെ വെറുക്ക എ
ന്നും പറയിച്ചു, എന്നെ ആറാമി
ൽനിന്ന, കിഴക്കെ പൎവതങ്ങളിൽ
നിന്ന വരുത്തിയിരിക്കുന്നു.
൮ ദൈവം ശപിക്കാത്തവനെ
ഞാൻ എങ്ങിനെ ശപിക്കും? അ
ല്ലെങ്കിൽ യഹൊവാ വെറുക്കാത്ത
വനെ ഞാൻ എങ്ങിനെ വെറുക്കും?
൯ എന്തകൊണ്ടെന്നാൽ പാറക
ളുടെ മുകളിൽനിന്ന ഞാൻ അവ
നെ കാണുന്നു, കുന്നുകളിൽനിന്ന
ഞാൻ അവനെ നൊക്കി കാണു
ന്നു: ഇതാ, ആ ജനം തനിച്ചു പാ
ൎക്കും, ജാതികളുടെ ഇടയിൽ എണ്ണ
പ്പെടുകയുമില്ല.
൧൦ യാക്കൊബിന്റെ പൊടിയെ
യും, യിസ്രാഎലിന്റെ കാൽ അം
ശത്തിന്റെ എണ്ണത്തെയും ആൎക്ക
എണ്ണുവാൻ കഴിയും? ഞാൻ നീ
തിമാന്മാരുടെ മരണമായി മരിക്ക
ട്ടെ, എന്റെ അവസാനവും അവ
ന്റെ പൊലെ ആയിരിക്കട്ടെ.
൧൧ പിന്നെ ബാലാക്ക ബിലെ
യാമിനൊട പറഞ്ഞു, നീ എന്നൊ
ട ചെയ്യുത എന്ത? എന്റെ ശത്രു
ക്കളെ ശപിപ്പാനായിട്ട ഞാൻ നി
ന്നെ വരുത്തി, എന്നാൽ, ഇതാ, നീ
അവരെ അശെഷം അനുഗ്രഹി
ച്ചിരിക്കുന്നു.
൧൨ അവൻ ഉത്തരമായിട്ട പറ
ഞ്ഞു, യഹൊവാ എന്റെ വായി
ൽ തന്നിട്ടുള്ളതിനെ പറവാൻ ഞാ
ൻ സൂക്ഷിക്കെണ്ടായൊ?
൧൩ ¶ പിന്നെ ബാലാക്ക അവ
നൊട പറഞ്ഞു, നീ അവരെ അ
വിടെനിന്ന കാണെണ്ടുന്നതിന
മറെറാരു സ്ഥലത്തെക്ക എന്നൊട
കൂടെ വരിക എന്ന ഞാൻ നിന്നൊ
ട അപെക്ഷിക്കുന്നു; നീ അവരെ
എല്ലാവരെയും കാണാതെ, അവരു
ടെ ഒടുക്കത്തെ [പാളയത്തെ] മാ
ത്രം കാണും; അവിടെനിന്ന അവ
രെ ഇനിക്ക വെണ്ടി ശപിക്ക.
൧൪ പിന്നെ അവൻ പിസ്ഗായു
ടെ മുകളിൽ സൊഫീം എന്ന വെ
ളിമ്പറമ്പിലെക്ക അവനെ കൊണ്ടു
പൊയി, എഴ ബലിപീഠങ്ങളെ പ
ണിത, [ഒരൊ] പീഠത്തിന്മെൽ ഒരു
കാളയെയും ഒര ആട്ടുകൊററനെ
യും ബലി കഴിച്ചു.
൧൫ പിന്നെ അവൻ ബാലാ
ക്കിനൊട പറഞ്ഞു, നീ ഇവിടെ
നിന്റെ ഹൊമബലിയുടെ അടു
ക്കെ നില്ക്ക, എന്നാൽ ഞാൻ അ
വിടെ [യഹൊവായെ] എതിരെ
ല്ക്കും.
൧൬ അപ്പൊൾ യഹൊവാ ബി
ലയാമിനെ എതിരെററ, അവന്റെ
വായിൽ ഒരു വചനത്തെ കൊടു
ത്തു, നീ ബാലാക്കിന്റെ അടുക്കൽ

തിരികെ ചെന്ന, ഇപ്രകാരം പറ
ക എന്ന പറഞ്ഞു.
൧൭ പിന്നെ അവൻ അവന്റെ
അടുക്കൽ വന്നപ്പൊൾ, ഇതാ, അ
വൻ തന്റെ ഹൊമബലിയുടെ
അടുക്കെ, മൊവാബിലെ പ്രഭുക്ക
ന്മാർ അവനൊട കൂടെ, നിന്നിരു
ന്നു. അപ്പൊൾ ബാലാക്ക അവ
നൊട പറഞ്ഞു, യഹൊവാ എന്ത
പറഞ്ഞു?
൧൮ എന്നാറെ അവൻ തന്റെ
ഉപമയെ എടുത്ത, പറഞ്ഞു, ബാ
ലാക്കെ, എഴുനീറ്റ, കെൾക്ക; സി
പ്പൊറിന്റെ പുത്ര എന്നെ ചെവി
ക്കൊൾക.
൧൯ ദൈവം ഭൊഷ്ക്ക പറയുന്ന
തിന അവൻ ഒരു മനുഷ്യനല്ല, ത
നിക്ക പശ്ചാത്താപം തൊന്നുന്ന
തിന ഒരു മനുഷ്യപുത്രനുമല്ല: അ
വൻ പറഞ്ഞിട്ട ചെയ്യാതെ ഇരിക്കു
മൊ? അവൻ പറഞ്ഞതിനെ അ
വൻ സ്ഥിരപ്പെടുത്താതെ ഇരിക്കു
മൊ?
൨൰ ഇതാ, അനുഗ്രഹിപ്പാൻ ഇനി
ക്ക ലഭിച്ചിരിക്കുന്നു; അവൻ അ
നുഗ്രഹിച്ചും ഇരിക്കുന്നു, ഇനിക്കും
അതിനെ മറിച്ചു കൂടാ.
൨൧ അവൻ യാക്കൊബിൽ അ
കൃത്യത്തെ കണ്ടിട്ടില്ല, യിസ്രാഎലി
ൽ ദുശ്ശാഠ്യത്തെ കണ്ടിട്ടുമില്ല: അവ
ന്റെ ദൈവമായ യഹൊവാ അ
വനൊട കൂടെ [ഉണ്ട,] രാജാവി
ന്റെ ഗാംഭീര്യവും അവരുടെ ഇട
യിൽ [ഉണ്ട.]
൨൨ ദൈവം അവരെ മിസ്രയി
മിൽനിന്ന കൊണ്ടുവന്നു; കാണ്ടാ
മൃഗത്തിന്റെ പരാക്രമം പൊലെ
അവന ഉണ്ട.
൨൩ യാക്കൊബിന വിരൊധമാ
യി ഒര അഭിചാരവും ഇല്ല, യി
സ്രാഎലിന വിരൊധമായി ഒരു
നിമിത്ത ചൊല്ലുമില്ല നിശ്ചയം:
ദൈവം എന്ത പ്രവൃത്തിച്ചിരിക്കു
ന്നു എന്ന യാക്കൊബിനെ കുറി
ച്ചും യിസ്രാഎലിനെ കുറിച്ചും ഒരും
കാലത്തിന തക്കവണ്ണം പറയപ്പെ
ടും.
൨൪ ഇതാ, ജനം വലിയ സിം
ഹം പൊലെ എഴുനീറ്റ, ഇളയ സിം
ഹം പൊലെ തന്നെ ഉയൎത്തും: അ
വൻ ഇരയെ ഭക്ഷിക്കയും, കൊല്ല
പ്പെട്ടവരുടെ രക്തത്തെ കുടിക്കയും
ചെയ്യുവൊളം അവൻ കിടക്കയി
ല്ല.
൨൫ അപ്പൊൾ ബാലാക്ക ബി
ലയാമിനൊട, പറഞ്ഞു, അവരെ
ഒട്ടും ശപിക്കയും വെണ്ട, അവരെ
ഒട്ടും അനുഗ്രഹിക്കയും വെണ്ട.
൨൬ എന്നാറെ ബിലയാം ബാ
ലാക്കിനൊട ഉത്തരമായിട്ട പറഞ്ഞു,
യഹൊവാ പറയുന്നതിനെ ഒക്കെ
യും ഞാൻ ചെയ്യെണം എന്ന ഞാ
ൻ നിന്നൊട പറഞ്ഞില്ലയൊ?
൨൭ ¶ അപ്പൊൾ ബാലാക്ക ബി
ലയാമിനൊട പറഞ്ഞു, വരിക എ
ന്ന ഞാൻ നിന്നൊട അപെക്ഷി
ക്കുന്നു, എന്നാൽ ഞാൻ നിന്നെ മ
റ്റൊരു സ്ഥലത്തെക്ക കൊണ്ടുപൊ
കും; പക്ഷെ നീ അവിടെനിന്ന
ഇനിക്ക വെണ്ടി അവരെ ശപിക്കു
ന്നതിന ദൈവത്തിന ഇഷ്ടമായി
രിക്കും.
൨൮ പിന്നെ ബാലാക്ക ബില
യാമിനെ യെശിമൊന്ന നെരെ
കാണുന്ന പീയൊറിന്റെ മുകളി
ലെക്ക കൊണ്ടുപൊയി.
൨൯ അപ്പൊൾ ബിലയാം ബാ
ലാക്കിനൊട പറഞ്ഞു, ഇവിടെ ഇ
നിക്ക എഴ ബലിപീഠങ്ങളെ പണി
ത, ഇവിടെ ഇനിക്ക എഴ കാളക

ളെയും ഏഴ ആട്ടുകൊററന്മാരെയും
ഒരുക്കുക.
൩൦ ബിലയാം പറഞ്ഞ പ്രകാരം
ബാലാക്ക ചെയ്തു; [ഒരൊ] ബലി
പീഠത്തിന്മെൽ ഒരു കാളയെയും ഒരു
ആട്ടുകൊററനെയും ബലികഴിക്ക
യും ചെയ്തു.

൨൪ അദ്ധ്യായം.

൧ ബിലയാം യിസ്രാഎലിന്റെ ആനന്ദത്തെ
യും.—൧൭ യാക്കൊബിന്റെ നക്ഷത്രത്തെ
യും കുറിച്ച ദിഷ്ടദൎശനം പറയുന്നത.

യിസ്രാഎലിനെ അനുഗ്രഹിക്കു
ന്നത യഹൊവായിക്ക ഇഷ്ടമായി
എന്ന ബിലയാം കണ്ടപ്പൊൾ, അ
വൻ മുമ്പിലത്തെ പൊലെ അഭി
ചാരങ്ങളെ നൊക്കുവാൻ പൊകാ
തെ, തന്റെ മുഖത്തെ വനത്തിന
നെരെ തിരിച്ചു.
൨ പിന്നെ ബിലയാം തന്റെ
കണ്ണുകളെ ഉയൎത്തി, യിസ്രാഎൽ
[തന്റെ കൂടാരങ്ങളിൽ] അവരുടെ
ഗൊത്രങ്ങളിൻ പ്രകാരം പാൎക്കുന്ന
തിനെ കണ്ടു: അപ്പൊൾ ദൈവ
ത്തിന്റെ ആത്മാവ അവന്റെ മെ
ൽ വന്നു.
൩ പിന്നെ അവൻ തന്റെ ഉ
പമയെ എടുത്ത പറഞ്ഞു, ബിയൊ
റിന്റെ പുത്രനായ ബിലയാം പ
റഞ്ഞു, കണ്ണുകൾ അടെക്കപ്പെട്ടിരു
ന്ന മനുഷ്യൻ പറഞ്ഞു;
൪ ദൈവത്തിന്റെ വചനങ്ങളെ
കെട്ടു, സൎവ്വശക്തനായവന്റെ ദ
ൎശനത്തെ കണ്ടു, വീഴുമ്പൊൾ, ത
ന്റെ കണ്ണുകൾ തുറന്നിരിക്കുന്ന
വൻ പറഞ്ഞു;
൫ യാക്കൊബെ, നിന്റെ കൂടാര
ങ്ങളും, യിസ്രാഎലെ, നിന്റെ വാ
സസ്ഥലങ്ങളും എത്ര വിശെഷമു
ള്ളവ ആകുന്നു!
൬ താഴ്വരകൾ പൊലെയും, ആ
ററരികത്തുള്ള തൊട്ടങ്ങൾ പൊലെ
യും, യഹൊവാ നട്ടിട്ടുള്ള ചന്ദന
വൃക്ഷങ്ങൾ പൊലെയും, വെള്ളങ്ങ
ളുടെ അരികത്തുള്ള കാരകിൽ വൃക്ഷ
ങ്ങൾ പൊലെയും അവ പരന്നി
രിക്കുന്നു.
൭ അവന്റെ തൊട്ടികളിൽനിന്ന
വെള്ളം ഒഴുകും, അവന്റെ വിത്തും
വളരെ വെള്ളങ്ങളിൽ [ഇരിക്കും,]
അവന്റെ രാജാവും ആഗഗിനെ
ക്കാൾ ഉന്നതപ്പെടും, അവന്റെ രാ
ജ്യം ശ്രെഷ്ഠതപ്പെടുകയും ചെയ്യും.
൮ ദൈവം അവനെ മിസ്രയി
മിൽനിന്ന കൊണ്ടുവന്നു; കാണ്ടാ
മൃഗത്തിന്റെ പരാക്രമം പൊലെ
അവന ഉണ്ടു: അവൻ തന്റെ ശ
ത്രുക്കളായ ജാതികളെ ഭക്ഷിച്ചു കള
ഞ്ഞ, അവരുടെ അസ്ഥികളെ തക
ൎത്ത, അവരെ തന്റെ അസ്ത്രങ്ങൾ
കൊണ്ടു ഊടെ കുത്തികളയും.
൯ അവൻ സിംഹം പൊലെയും
വലിയ സിംഹം പൊലെയും പതു
ങ്ങി, കിടക്കുന്നു; അവനെ ആര എ
ഴുനീല്പിക്കും? നിന്നെ അനുഗ്രഹി
ക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവ
ൻ, നിന്നെ ശപിക്കുന്നവൻ ശ
പിക്കപ്പെട്ടവൻ.
൧൦ അപ്പൊൾ ബാലാക്കിന്റെ
കൊപം ബിലയാമിന്റെ നെരെ
ജ്വലിച്ചു, അവൻ തന്റെ കൈക
ളെ തമ്മിൽ കൊട്ടി: പിന്നെ ബാ
ലാക്ക ബിലയാമിനൊട പറഞ്ഞു,
എന്റെ ശത്രുക്കളെ ശപിപ്പാനാ
യിട്ട ഞാൻ നിന്നെ വിളിപ്പിച്ചു,
എന്നാൽ, ഇതാ, നീ അവരെ ൩ം
മൂന്ന പ്രാവശ്യവും അശെഷം ആ
ശീൎവദിച്ചു.
൧൧ ആകയാൽ ഇപ്പൊൾ നി
ന്റെ സ്ഥലത്തെക്ക നീ ഓടിപ്പൊ
ക: ഞാൻ നിന്നെ എററവും ബ

ഹുമാനിപ്പാൻ വിചാരിച്ചിരുന്നു,
എന്നാൽ, ഇതാ, യഹൊവാ നി
ന്നെ ബഹുമാനത്തിൽനിന്ന മുട
ക്കിയിരിക്കുന്നു.
൰൨ അപ്പൊൾ ബിലയാം ബാ
ലാക്കിനൊട പറഞ്ഞു, ബാലാക്ക
തന്റെ ഭവനം നിറച്ച വെള്ളിയും
പൊന്നും ഇനിക്ക തന്നാലും, ഞാ
ൻ എന്റെ മനസ്സിൻ പ്രകാരം ഗു
ണം എങ്കിലും ദൊഷം എങ്കിലും
ചെയ്യുന്നതിന, യഹൊവായുടെ ക
ല്പനയെ ലംഘിപ്പാൻ ഇനിക്ക ക
ഴികയില്ല, യഹൊവാ പറയുന്നതി
നെ [മാത്രം] ഞാൻ പറയും എന്ന,
൰൩ നീ എന്റെ അടുക്കലെക്ക
അയച്ചിട്ടുള്ള നിന്റെ ദൂതന്മാരൊ
ടും ഞാൻ പറഞ്ഞിട്ടില്ലയൊ?
൰൪ വിശെഷിച്ചും ഇപ്പൊൾ,
ഇതാ, ഞാൻ എന്റെ ജനങ്ങളുടെ
അടുക്കലെക്ക പൊകുന്നു: വരിക,
ഈ ജനം അവസാന ദിവസങ്ങ
ളിൽ നിന്റെ ജനത്തൊട ചെയ്യാ
നിരിക്കുന്നത ഇന്നതെന്ന ഞാൻ
നിന്നൊട ബുദ്ധിപറയാം.
൰൫ പിന്നെ അവൻ തന്റെ ഉ
പമയെ എടുത്ത, പറഞ്ഞത എ
ന്തെന്നാൽ, ബെയൊറിന്റെ പുത്ര
നായ ബിലയാം പറഞ്ഞു, കണ്ണു
കൾ അടെക്കപ്പെട്ടിരുന്ന മനുഷ്യ
ൻ പറഞ്ഞു;
൰൬ ദൈവത്തിന്റെ വചനങ്ങ
ളെ കെട്ട, അത്യുന്നതനായവന്റെ
ജ്ഞാനത്തെ അറിഞ്ഞ, സൎവ്വ വല്ല
ഭന്റെ ദൎശനത്തെ കണ്ട, വീഴു
മ്പൊൾ തന്റെ കണ്ണുകൾ തുറന്നി
രിക്കുന്നവൻ പറഞ്ഞു;
൰൭ ഞാൻ അവനെ കാണും, എ
ന്നാൽ ഇപ്പൊൾ അല്ല; ഞാൻ അ
വനെ സൂക്ഷിച്ച നൊക്കും, എന്നാ
ൽ സമീപത്ത അല്ല; യാക്കൊബി
ൽനിന്ന ഒരു നക്ഷത്രം ഉദിക്കും, ഒ
രു ചെങ്കൊലും യിസ്രാഎലിൽ നി
ന്ന എഴുനീറ്റ, മൊവാബിന്റെ
മൂലകളെ എല്ലാം തകൎത്ത കളഞ്ഞ,
ശെതിന്റെ പുത്രന്മാരെ എല്ലാവ
രെയും നശിപ്പിക്കും.
൰൮ എദൊമും ഒര അവകാശമാ
കും, ശെയിറും തന്റെ ശത്രുക്കൾ
ക്ക അവകാശം ആകും; യിസ്രാഎ
ൽ ബലം ചെയ്കയും ചെയ്യും.
൰൯ കൎത്തവ്യമുണ്ടാകുവാനുള്ളവ
ൻ യാക്കൊബിൽനിന്ന വന്ന, ന
ഗരത്തിൽ ശെഷിക്കുന്നവനെ ന
ശിപ്പിക്കും.
൨൰ പിന്നെ അവൻ അമലെ
ക്കിനെ നൊക്കിയപ്പൊൾ, അവൻ
തന്റെ ഉപമയെ എടുത്ത, പറ
ഞ്ഞു, അമലെക്ക ജാതികളിൽ ആ
ദ്യനായിരുന്നു, എന്നാൽ അവന്റെ
അവസാനം എന്നും നശിക്കും.
൨൰൧ പിന്നെ അവൻ കെനായ
ക്കാരെ നൊക്കി, തന്റെ ഉപമയെ
എടുത്ത, പറഞ്ഞു, നിന്റെ വാസ
സ്ഥലം ഉറപ്പുള്ളത ആകുന്നു, നീ ഒ
രു പാറയിൽ നിന്റെ കൂടിനെ വെ
ക്കയും ചെയ്യുന്നു.
൨൰൨ എന്നാലും കയിൻ അഴിഞ്ഞ
പൊകും, അശ്ശൂർ നിന്നെ അടിമ
യായി കൊണ്ടുപൊകുവൊളം ത
ന്നെ.
൨൰൩ പിന്നെ അവൻ തന്റെ ഉ
പമയെ എടുത്ത, പറഞ്ഞു, ഹാ!
ദൈവം ഇതിനെ ചെയ്യുമ്പൊൾ
ആര ജീവനൊടിരിക്കും?
൨൰൪ ഖിത്തിം എന്ന തുറമുഖത്ത
നിന്ന കപ്പലുകൾ [വന്ന,] അശ്ശൂ
റിനെ ഉപദ്രവിക്കും, എബെറിനെ
യും ഉപദ്രവിക്കും, അവനും എന്നെ
ക്കും നശിക്കും.
൨൰൫ പിന്നത്തെതിൽ ബിലയാം

എഴനീററ, പുറപ്പെട്ട, തന്റെ സ്ഥ
ലത്തെക്ക തിരികെ പൊയി: ബാ
ലാക്കും തന്റെ വഴിയെ പൊകയും
ചെയ്തു.

൨൫ അദ്ധ്യായം.

൧ യിസ്രാഎല്ക്കാരുടെ വെശ്യാസംഗവും വിഗ്രഹാരാധനയും.—൭. സിമ്രിയും കൊസ്ബിയും കൊല്ലപ്പെടുന്നത.

പിന്നെ യിസ്രാഎൽ ശിത്തീമി
ൽ പാൎത്തിരുന്നു, അപ്പൊൾ ജനം
മൊവാബിലെ പുത്രിമാരൊട കൂടെ
വെശ്യാസംഗം ചെയ്യ തുടങ്ങി.
൨ ഇവർ ജനത്തെ തങ്ങളുടെ ദൈ
വന്മാരുടെ ബലികൾക്ക വിളിച്ചു:
ജനവും ഭക്ഷിച്ചു, അവരുടെ ദൈവ
ന്മാരെ കുമ്പിട്ടു.
൩ യിസ്രാഎൽബായൽപെയൊ
റിനൊടും ചെൎന്നു; യഹൊവായുടെ
കൊപവും യിസ്രാഎലിന്ന നെരെ
ജ്വലിച്ചു.
൪ പിന്നെ യഹൊവാ മൊശെ
യൊട പറഞ്ഞു, ജനത്തിന്റെ ത
ലവന്മാരെ എല്ലാവരെയും കൂട്ടി, യ
ഹൊവായുടെ അതികൊപം യി
സ്രാഎലിൽനിന്ന ഒഴിവാനായിട്ട,
അവരെ യഹൊവായുടെ മുമ്പാകെ
സൂൎയ്യന നെരെ തൂക്കുക.
൫ അപ്പൊൾ മൊശെ യിസ്രാ
എലിന്റെ ന്യായാധിപതിമാരൊ
ട പറഞ്ഞു, നിങ്ങൾ ഒരൊരുത്തൻ
ബായൽപെയൊറിനൊട ചെൎന്ന
വരായ അവനവന്റെ മനുഷ്യ
രെ കൊല്ലുവിൻ.
൬ ¶ പിന്നെ, ഇതാ, മൊശെയു
ടെ മുമ്പിലും, യിസ്രാഎൽ പുത്രന്മാ
രുടെ എല്ലാ സഭയുടെയും മുമ്പിലും,
ഇവർ സംഘത്തിന്റെ കൂടാരവാ
തുക്കൽ കരഞ്ഞുകൊണ്ടിരിക്കുമ്പൊ
ൾ, യിസ്രാഎൽ പുത്രന്മാരിൽ ഒരു
ത്തൻ വന്ന, തന്റെ സഹൊദര
ന്മാരുടെ അടുക്കൽ ഒരു മിദിയാനി
സ്ത്രീയെ കൊണ്ടുവന്നു.
൭ ആചാൎയ്യനായ അഹറൊന്റെ
പുത്രനാകുന്ന എലയാസാറിന്റെ
പുത്രനായ ഫിനഹാസ അതിനെ
കണ്ടാറെ, അവൻ സഭയുടെ നടു
വിൽനിന്ന എഴനീററ, ഒരു കുന്ത
ത്തെ തന്റെ കയ്യിൽ എടുത്തു;
൮ അവൻ യിസ്രാഎൽ പുരുഷ
ന്റെ പിന്നാലെ കൂടാരത്തിലെക്ക
ചെന്ന, യിസ്രാഎൽ പുരുഷനെ
യും ആ സ്ത്രീയെയും, ഇരുപെരെ
യും, അവരുടെ വയററിൽ കൂടി, കു
ത്തി. അപ്പൊൾ ബാധ യിസ്രാഎ
ൽ പുത്രന്മാരിൽനിന്ന മാറി.
൯ ബാധ കൊണ്ട മരിച്ചവർ ഇ
രുപത്തനാലായിരം പെർ ആയി
രുന്നു.
൰ പിന്നെ യഹൊവാ മൊശെ
യൊട സംസാരിച്ചു, പറഞ്ഞു;
൰൧ ഞാൻ എന്റെ വൈരാഗ്യ
ത്തിൽ യിസ്രാഎൽ പുത്രന്മാരെ
സംഹരിക്കാതെ ഇരിക്കെണ്ടുന്നതി
ന, ആചാൎയ്യനായ അഹറൊന്റെ
പുത്രനാകുന്ന എലയാസാറിന്റെ
പുത്രനായ ഫിനഹാസ അവരുടെ
ഇടയിൽ എന്നെ കുറിച്ച ഭക്തി
വൈരാഗ്യമുള്ളവനായിരുന്നപ്പൊ
ൾ, അവൻ യിസ്രാഎൽ പുത്രന്മാ
രിൽനിന്ന എന്റെ ക്രൊധത്തെ
തിരിപ്പിച്ചു.
൰൨ ആകയാൽ നീ പറക, ഇതാ,
ഞാൻ അവന എന്റെ സമാധാ
നമാകുന്ന ഉഭയസമ്മതത്തെ കൊ
ടുക്കുന്നു.
൰൩ അവൻ തന്റെ ദൈവത്തെ
കുറിച്ച ഭക്തിവൈരാഗ്യമുള്ളവനാ
യിരുന്ന, യിസ്രാഎൽ പുത്രന്മാൎക്കാ
യിട്ട പാപശാന്തി ഉണ്ടാക്കിയതു
കൊണ്ട, അത അവന്നും, അവ

ന്റെ ശെഷം അവന്റെ സന്ത
തിക്കും, നിത്യമുള്ള ആചാൎയ്യസ്ഥാ
നത്തിന്റെ ഉഭയ സമ്മതം തന്നെ
ഉണ്ടാകെണം.

൰൪ എന്നാൽ മിദിയാനി സ്ത്രീ
യൊട കൂടെ കൊല്ലപ്പെട്ടവനായി
കൊല്ലപ്പെട്ട യിസ്രാഎൽകാരന്റെ
പെർ സിമ്രിഎന്ന [ആയിരുന്നു;]
ഇവൻ ശിമെഒനിക്കാരുടെ പിതാ
വിന്റെ ഭവനത്തിൽ ഒരു പ്രഭുവാ
യ സാലുവിന്റെ പുത്രൻ [ആയി
രുന്നു.]

൰൫ കൊല്ലപ്പെട്ട മിദിയാനിസ്ത്രീ
യുടെ പെർ സൂറിന്റെ പുത്രിയായ
കൊസ്ബി എന്ന [ആയിരുന്നു:] അ
വൻ ജനങ്ങളുടെ മെലും മിദിയാ
നിൽ ഒരു പ്രധാന കുഡുംബത്തി
ലും പ്രമാണി [ആയിരുന്നു.]

൰൬ ¶ പിന്നെ യഹൊവാ മൊ
ശെയൊട സംസാരിച്ചു, പറഞ്ഞു;

൰൭ മിദിയാനിക്കാരെ ഉപദ്രവി
ച്ചു, അവരെ വെട്ടികളവിൻ:

൰൮ എന്തുകൊണ്ടെന്നാൽ പെ
യൊറിന്റെ സംഗതിയിലും, പെ
യൊർ നിമിത്തം ഉണ്ടായ ബാധ
യുടെ നാളിൽ കൊല്ലപ്പെട്ട അവരു
ടെ സഹൊദരിയായി, മിദിയാനി
ലെ പ്രഭുവിന്റെ പുത്രിയായ കൊ
സ്ബിയുടെ സംഗതിയിലും, അവർ
നിങ്ങളൊട വഞ്ചന ചെയ്തു, അവ
രുടെ വഞ്ചനകളാൽ അവർ നിങ്ങ
ളെ ഉപദ്രവിക്കുന്നു.

൨൬ അദ്ധ്യായം.

൧ യിസ്രാഎൽ എണ്ണപ്പെടുന്നത.—൫൨. ദെശം
അവകാശമായി വിഭാഗിക്കപ്പെടുന്നത.

ബാധയുടെ ശെഷം ഉണ്ടായ
ത എന്തെന്നാൽ, യഹൊവാ മൊ
ശെയൊടും ആചാൎയ്യനായ അഹ
റൊന്റെ പുത്രനായ എലയാസാ
റിനൊടും സംസാരിച്ചു, പറഞ്ഞു;

൨ യിസ്രാഎൽ പുത്രന്മാരുടെ എ
ല്ലാ സഭയെയും അവരുടെ പിതാ
ക്കന്മാരുടെ ഭവനത്തിൽ, ഇരുപത
വയസ്സ മുതൽ മെലായി, യിസ്രാ
എലിൽ യുദ്ധത്തിന പുറപ്പെടുവാ
ൻ പ്രാപ്തിയുള്ള എല്ലാവരെയും ത
ന്നെ, തുകനൊക്കുവിൻ.

൩ അപ്പൊൾ മൊശെയും ആ
ചാൎയ്യനായ എലയാസാറും യെറി
ഹൊയുടെ സമീപത്ത, യൎദ്ദെന്ന
അരികെയുള്ള മൊവാബിലെ സമ
ഭൂമികളിൽ വെച്ച അവരൊട സം
സാരിച്ചു, പറഞ്ഞു;

൪ യഹൊവാ മൊശെയൊടും മി
സ്രയിം ദെശത്തനിന്ന പുറപ്പെട്ട
യിസ്രാഎൽ പുത്രന്മാരൊടും കല്പി
ച്ച പ്രകാരം, ഇരുപത വയസ്സ മു
തൽ മെലായി [ജനങ്ങളുടെ തുക
നൊക്കുവിൻ.]

൫ ¶ യിസ്രാഎലിന്റെ ആദ്യജാ
തനായ രൂബെൻ: രൂബെന്റെ പു
ത്രന്മാർ ഹനൊക്കും [അവനിൽനി
ന്ന]ഹനൊക്കിക്കാരുടെ കുഡുംബം:
പല്ലുവും [ഇവനിൽനിന്ന]പല്ലുവി
ക്കാരുടെ കുഡുംബം.

൬ ഹെസ്രൊനും, [ഇവനിൽനി
ന്ന] ഹെസ്രൊനിക്കാരുടെ കുഡും
ബം: ഖൎമ്മിയും, [ഇവനിൽനിന്ന]
ഖൎമ്മിക്കാരുടെകുഡുംബവും തന്നെ.

൭ ഇവ രൂബെൻകാരുടെ കുഡും
ബങ്ങൾ: അവരിൽ എണ്ണപ്പെട്ട
വർ നാല്പത്ത മൂവായിരത്ത എഴുനൂ
ററ മുപ്പത പെർ ആയിരുന്നു.

൮ പിന്നെ പല്ലുവിന്റെ പുത്ര
ന്മാർ: എലിയാബ.

൯ എലിയാബിന്റെ പുത്രന്മാ
ർ: നമുയെലും, ദാതാനും, അബി
റാമും. യഹൊവായിക്ക വിരൊധ
മായി കലഹിക്കുമ്പൊൾ, കൊറാ
ഹിന്റെ കൂട്ടത്തിൽ മൊശെയുടെ

നെരെയും അഹറൊന്റെ നെരെയും കലഹിച്ചവരായി, സഭയിൽ ശ്രുതിപെട്ട ദാതാമും അബീറാമും ഇവർ തന്നെ:
൧൦ ഭൂമി തന്റെ വാ പിളൎന്ന അവരെയും കൊറാഹിനെയും വിഴുങ്ങികളഞ്ഞ, അഗ്നി ഇരുനൂറ്റമ്പത പെരെ ദഹിപ്പിച്ച സമയത്ത ആ കൂട്ടം മരിച്ചു: അവർ ഒരു അടയാളമായി തീരുകയും ചെയ്തു.
൧൧ എന്നാലും കൊറാഹിന്റെ പുത്രന്മാർ മരിച്ചില്ല.
൧൨ ¶ ശിമയൊന്റെ പുത്രന്മാർ അവരുടെ കുഡുംബങ്ങളിൻപ്രകാരം: നെമുയെലിന്റെ [സന്തതിയായ] നെമുയെല്ക്കാരുടെ കുഡുംബവും; യാമിന്റെ [സന്തതിയായ] യാമിൻകാരുടെ കുഡുംബവും; യാഖിന്റെ [സന്തതിയായ] യാഖിൻകാരുടെ കുഡുംബവും:
൧൩ സെറഹിന്റെ [സന്തതിയായ]സെറഹിക്കാരുടെ കുഡുംബവും: ശായുലിന്റെ [സന്തതിയായ] ശായുൽകാരുടെ കുഡുംബവും തന്നെ.
൧൪ ഇവർ ശിമയൊൻകാരുടെ കുഡുംബങ്ങളായി, ഇരുപത്തരണ്ടായിരത്ത ഇരുനൂറ പെർ [ആയിരുന്നു.]
൧൫ ¶ ഗാദിന്റെ പുത്രന്മാർ അവരുടെ കുഡുംബങ്ങളിൻപ്രകാരം: സെഫൊന്റെ [സന്തതിയായ] സെഫൊൻകാരുടെ കുഡുംബവും: ഹഗ്ഗിയുടെ [സന്തതിയായ] ഹഗ്ഗിക്കാരുടെ കുഡുംബവും: ശൂനിയുടെ [സന്തതിയായ] ശൂനിക്കാരുടെ കുഡുംബവും:
൧൬ ഒസ്നിയുടെ [സന്തതിയായ] ഒസ്നിക്കാരുടെ കുഡുംബവും: എറിയുടെ [സന്തതിയായ] എറിക്കാരുടെ കുഡുംബവും:
൧൭ അറൊദിന്റെ [സന്തതിയായ] അറൊദിക്കാരുടെ കുഡുംബവും: അറെലിയുടെ[സന്തതിയായ] അറെലിക്കാരുടെ കുഡുംബവും തന്നെ.
൧൮ ഇവർ, അവരിൽ എണ്ണപ്പെട്ടവരിൻ പ്രകാരം, ഗാദിന്റെ പുത്രന്മാരുടെ കുഡുംബങ്ങളായി, നാല്പതിനായിരത്ത അഞ്ഞൂറ പെർ [ആയിരുന്നു.]
൧൯ ¶ യെഹൂദായുടെ പുത്രന്മാർ എറും ഒനാനും [ആയിരുന്നു:] എറും ഒനാനും കനാൻ ദെശത്തവെച്ച മരിച്ചു.
൨൦ പിന്നെ യെഹൂദായുടെ പുത്രന്മാർ അവരുടെ കുഡുംബങ്ങളിൻ പ്രകാരം, ശെലായുടെ [സന്തതിയായ] ശെലായക്കാരുടെ കുഡുംബവും: ഫെറെസിന്റെ [സന്തതിയായ] ഫെറെസിക്കാരുടെ കുഡുംബവും: സെറഹിന്റെ [സന്തതിയായ]സെറഹിക്കാരുടെ കുഡുംബവും ആയിരുന്നു.
൨൧ ഫെറെസിന്റെ പുത്രന്മാർ, ഹെസ്രൊന്റെ [സന്തതിയായ] ഹെസ്രൊനിക്കാരുടെ കുഡുംബവും: ഹാമുലിന്റെ[സന്തതിയായ] ഹാമുലിക്കാരുടെ കുഡുംബവും ആയിരുന്നു.
൨൨ ഇവർ, അവരിൽ എണ്ണപ്പെട്ടവരിൻപ്രകാരം, യെഹൂദായുടെ കുഡുംബങ്ങളായി, എഴുപത്താറായിരത്ത അഞ്ഞൂറ പെർ [ആയിരുന്നു.]
൨൩ ¶ ഇശ്ശാഖാറിന്റെ പുത്രന്മാർ അവരുടെ കുഡുംബങ്ങളിൻ പ്രകാരം: തൊലായുടെ [സന്തതിയായ] തൊലായക്കാരുടെ കുഡുംബവും: പൂവായുടെ [സന്തതിയായ] പൂവായക്കാരുടെ കുഡുംബവും.

൨൪ യാശൂബിന്റെ [സന്തതിയായ] യാശൂബിക്കാരുടെ കുഡുംബവും: ശിമ്രൊന്റെ [സന്തതിയായ] ശിമ്രൊനിക്കാരുടെ കുഡുംബവും തന്നെ.

൨൫ ഇവർ, അവരിൽ എണ്ണപ്പെട്ടപ്രകാരം, ഇശ്ശാഖാറിന്റെ കുഡുംബങ്ങളായി, അറുപത്ത നാലായിരത്ത മുന്നൂറ പെർ [ആയിരുന്നു.]

൨൬ ¶ സെബുലുന്റെ പുത്രന്മാർ അവരുടെ കുഡുംബങ്ങളിൻ പ്രകാരം: സെറെദിന്റെ [സന്തതിയായ] സെറെദിക്കാരുടെ കുഡുംബവും: എലൊന്റെ [സന്തതിയായ] എലൊൻകാരുടെ കുഡുംബവും: യഹലെലിൻ [സന്തതിയായ] യഹലെൽക്കാരുടെ കുഡുംബവും തന്നെ.

൨൭ ഇവർ, സെബുലുന്റെ കുഡുംബങ്ങളായി, അവരിൽ എണ്ണപ്പെട്ടവരിൻ പ്രകാരം അറുപതിനായിരത്ത അഞ്ഞൂറ പെർ [ആയിരുന്നു.]

൨൮ ¶ യൊസെഫിന്റെ പുത്രന്മാർ അവരുടെ കുഡുംബങ്ങളിൻ പ്രകാരം; മനശ്ശെയും എഫ്രായിമും [ആയിരുന്നു.]

൨൯ മനശ്ശെയുടെ പുത്രന്മാർ: മാഖീറിന്റെ [സന്തതിയായ] മാഖിർകാരുടെ കുഡുംബം: പിന്നെ മാഖീർ ഗിലയാദിനെ ജനിപ്പിച്ചു: ഗിലയാദിൽനിന്ന ഗിലയാദകാരുടെ കുഡുംബം ഉണ്ടായി.

൩൦ ഗിലയാദിന്റെ പുത്രന്മാർ ഇവർ [ആകുന്നു:] യിയെസെറിന്റെ [സന്തതിയായ] യിയെസെറിക്കാരുടെ കുഡുംബവും: ഹലെക്കിന്റെ [സന്തതിയായ] ഹലെക്കിക്കാരുടെ കുഡുംബവും:

൩൧ അസ്രിയെലിന്റെ [സന്തതിയായ] അസ്രിയെൽകാരുടെ കുഡുംബവും: ശെഖെമിന്റെ [സന്തതിയായ] ശെഖെമിക്കാരുടെ കുഡുംബവും:

൩൨ ശെമിദായുടെ [സന്തതിയായ] ശെമിദായക്കാരുടെ കുഡുംബവും: ഹെഫെറിന്റെ [സന്തതിയായ] ഹെഫെറിക്കാരുടെ കുഡുംബവും തന്നെ:

൩൩ ഹെഫെറിന്റെ പുത്രനായ സെലൊഫെഹാദിന പുത്രിമാർ അല്ലാതെ, പുത്രന്മാർ ഉണ്ടായില്ല: സെലൊഫെഹാദിന്റെ പുത്രിമാരുടെ പെരുകൾ, മഹ്ലാ എന്നും, നൊഹാ എന്നും, ഹൊഗ്ലാ എന്നും, മിൽഖാ എന്നും, തിർസാ എന്നും [ആയിരുന്നു.]

൩൪ ഇവർ മനശ്ശെയുടെ കുഡുംബങ്ങൾ [ആകുന്നു,] അവരിൽ എണ്ണപ്പെട്ടവർ അമ്പത്ത രണ്ടായിരത്ത എഴുനൂറ പെർ [ആയിരുന്നു.]

൩൫ എഫ്രായിമിന്റെ പുത്രന്മാർ അവരുടെ കുഡുംബങ്ങളിൻ പ്രകാരം ഇവർ: ശുതെലഹിന്റെ [സന്തതിയായ] ശുതെലഹക്കാരുടെ കുഡുംബവും: ബെഖെറിന്റെ [സന്തതിയായ] ബെഖ്രിക്കാരുടെ കുഡുംബവും: തഹാന്റെ [സന്തതിയായ] തഹാനിക്കാരുടെ കുഡുംബവും.

൩൬ ശുതെലഹിന്റെ പുത്രന്മാർ ഇവർ: എറാന്റെ [സന്തതിയായ] എറാനിക്കാരുടെ കുഡുംബം തന്നെ.

൩൭ ഇവർ എഫ്രായിമിന്റെ പുത്രന്മാരുടെ കുഡുംബങ്ങളായി, അവരിൽ എണ്ണപ്പെട്ടവരിൻ പ്രകാരം, മുപ്പത്ത രണ്ടായിരത്ത അഞ്ഞൂറ പെർ [ആയിരുന്നു.] ഇവർ തങ്ങളുടെ കുഡുംബങ്ങളിൻ പ്രകാരം യൊസെഫിന്റെ പുത്രന്മാർ.

൩൮ ¶ ബെന്യാമിന്റെ പുത്രന്മാർ

അവരുടെ കുഡുംബങ്ങളിൻ പ്രകാരം: ബെലയുടെ [സന്തതിയായ] ബെലയക്കാരുടെ കുഡുംബവും: അഷ്ബെലിന്റെ [സന്തതിയായ] അഷ്ബെലിക്കാരുടെ കുഡുംബവും: അഹിറാമിന്റെ [സന്തതിയായ] അഹിറാമിക്കാരുടെ കുഡുംബവും:

൩൯ ശുഫാമിന്റെ [സന്തതിയായ] ശൂഫാമിക്കാരുടെ കുഡുംബവും: ഹൂഫാമിന്റെ [സന്തതിയായ] ഹൂഫാമിക്കാരുടെ കുഡുംബവും തന്നെ.

൪൦ ബെലായുടെ പുത്രന്മാർ ആർദും നാമാനും ആയിരുന്നു: [ആർദിന്റെ സന്തതിയായ] ആർദക്കാരുടെ കുഡുംബവും: നാമാന്റെ [സന്തതിയായ] നാമാനിക്കാരുടെ കുഡുംബവും.

൪൧ ഇവർ തങ്ങളുടെ കുഡുംബങ്ങളിൻ പ്രകാരം ബെന്യാമിന്റെ പുത്രന്മാർ: അവരിൽ എണ്ണപ്പെട്ടവർ നാല്പത്ത അയ്യായിരത്ത അറുനൂറ പെർ [ആയിരുന്നു.]

൪൨ ¶ ഇവർ തങ്ങളുടെ കുഡുംബങ്ങളിൻ പ്രകാരം ദാന്റെ പുത്രന്മാർ: ശൂഹാമിന്റെ [സന്തതിയായ] ശൂഹാമിക്കാരുടെ കുഡുംബം തന്നെ. ഇവർ തങ്ങളുടെ കുഡുംബങ്ങളിൻ പ്രകാരം ദാന്റെ കുഡുംബങ്ങൾ.

൪൩ ശൂഹാമിക്കാരുടെ കുഡുംബങ്ങൾ എല്ലാം കൂടി, അവരിൽ എണ്ണപ്പെട്ടവരിൻ പ്രകാരം, അറുപത്ത നാലായിരത്ത നാനൂറ പെർ [ആയിരുന്നു.]

൪൪ ¶ തങ്ങളുടെ കുഡുംബങ്ങളിൻ പ്രകാരം ആശെറിന്റെ പുത്രന്മാർ: യിമ്നായുടെ [സന്തതിയായ] യിമ്നാകാരുടെ കുഡുംബവും: യിശ്വിയുടെ [സന്തതിയായ] യിശ്വികാരുടെ കുഡുംബവും: ബെറിയായുടെ [സന്തതിയായ] ബെറിയാകാരുടെ കുഡുംബവും.

൪൫ ബെറിയായുടെ പുത്രന്മാരുടെ [കുഡുംബങ്ങൾ:] ഹെബെറിന്റെ [സന്തതിയായ] ഹെബെറികാരുടെ കുഡുംബവും: മൽഖിയെലിന്റെ [സന്തതിയായ] മൽഖിയെൽകാരുടെ കുഡുംബവും.

൪൬ ആശെറിന്റെ പുത്രിയുടെ പെർ സാറാ എന്ന [ആയിരുന്നു.]

൪൭ ഇവർ ആശെറിന്റെ പുത്രന്മാരുടെ കുഡുംബങ്ങൾ: അവരിൽ എണ്ണപ്പെട്ടവരിൻ പ്രകാരം, അമ്പത്ത മൂവായിരത്ത നാനൂറ പെർ [ആയിരുന്നു.]

൪൮ ¶ നപ്താലിയുടെ പുത്രന്മാർ അവരുടെ കുഡുംബങ്ങളിൻ പ്രകാരം; യഹ്സെലിന്റെ [സന്തതിയായ] യഹ്സെല്ക്കാരുടെ കുഡുംബവും: ഗുനിയുടെ[സന്തതിയായ] ഗുനിക്കാരുടെ കുഡുംബവും:

൪൯ യെസെറിന്റെ [സന്തതിയായ] യെസെറിക്കാരുടെ കുഡുംബവും: ശില്ലെമിന്റെ [സന്തതിയായ] ശില്ലെമിക്കാരുടെ കുഡുംബവും തന്നെ.

൫൦ ഇവർ തങ്ങളുടെ കുഡുംബങ്ങളിൻ പ്രകാരം നപ്താലിയുടെ കുഡുംബങ്ങൾ: അവരിൽ എണ്ണപ്പെട്ടവർ നാല്പത്ത അയ്യായിരത്ത നാനൂറ പെർ [ആയിരുന്നു.]

൫൧ യിസ്രായെൽ പുത്രന്മാരിൽ എണ്ണപ്പെട്ട ഇവർ ആറ നൂറായിരത്ത ഒരായിരത്ത എഴനൂററ മുപ്പത പെർ [ആയിരുന്നു.]

൫൨ ¶ പിന്നെ യഹൊവാ മൊശെയൊട സംസാരിച്ച, പറഞ്ഞു;

൫൩ ഇവക്ക ദെശം നാമങ്ങളുടെ

ബദിൻ

എണ്ണത്തിന തക്കവണ്ണം അവകാ
ശമായിട്ട വിഭാഗിക്കപ്പെടെണം.
൫൪ വളരെയുള്ളവക്ക അവകാശ
ത്തെ അധികമായിട്ട നീ കൊടുക്കെ
ണം: കുറഞ്ഞുള്ളവക്ക അവകാശ
ത്തെ കുറഞ്ഞും നീ കൊടുക്കെണം:
ഒരൊരുത്തന അവനവന്റെ അ
വകാശം അവനിൽ എണ്ണപ്പെട്ട
വക്ക തക്കവണ്ണം കൊടുക്കപ്പെടെ
ണം.
൫൫ എന്നാലും ചീട്ടി കൊണ്ട ദെ
ശം വിഭാഗിക്കപ്പെടെണം: അവ
രുടെ പിതാക്കന്മാരുടെ ഗൊത്രങ്ങ
ളുടെ നാമങ്ങളിൻ പ്രകാരം അവ
ക്ക അവകാശം ലഭിക്കെണം.
൫൬ എറെയുള്ളവക്കും കുറച്ചുള്ളവ
ക്കും അതിന്റെ ചീട്ടി പ്രകാരം അ
വകാശം വിഭാഗിക്കപ്പെടെണം.
൫൭ ¶ ലെവിയക്കാരിൽ എണ്ണ
പ്പെട്ടവർ തങ്ങളുടെ കുഡുംബങ്ങ
ളിൻ പ്രകാരം ഇവർ [ആകുന്നു:]
ഗെശൊന്റെ [സന്തതിയായ]
ഗെശൊൻകാരുടെ കുഡുംബവും:
കൊഹാതിന്റെ [സന്തതിയായ]
കൊഹാതിക്കാരുടെ കുഡുംബവും:
മെറാറിയുടെ [സന്തതിയായ] മെ
റാറിക്കാരുടെ കുഡുംബവും:
൫൮ ലെവിയക്കാരുടെ കുഡുംബ
ങ്ങൾ ഇവ [ആകുന്നു:] ലിബ്നി
ക്കാരുടെ കുഡുംബവും, ഹെബ്രൊ
ൻകാരുടെ കുഡുംബവും, മഹ്ലിക്കാ
രുടെ കുഡുംബവും, മൂശിക്കാരുടെ
കുഡുംബവും, കൊറാഹിക്കാരുടെ
കുഡുംബവും തന്നെ: കൊഹാത
അമ്രാമിനെ ജനിപ്പിച്ചു.
൫൯ അമ്രാമിന്റെ ഭാൎയ്യയുടെ പെ
ർ യൊഖബെദ എന്ന [ആയിരു
ന്നു,] അവൾ ലെവിയുടെ പുത്രി,
അവളെ [അവളുടെ മാതാവ] മി
സ്രയിം ദെശത്ത വെച്ച ലെവിക്ക
പ്രസവിച്ചു: അവൾ അമ്രാമിന
അഹറൊനെയും, മൊശെയെയും,
അവരുടെ സഹൊദരിയായ മിറി
യാമിനെയും പ്രസവിച്ചു.
൬൦ അഹറൊന നാദാബും, അ
ബിഹ്രുയും, എലയാസാറും, യിതാ
മാറും ജനിച്ചു.
൬൧ എന്നാൽ നാദാബും അബി
ഹ്രുയും, അവർ യഹൊവായുടെ മു
മ്പാകെ അന്യാഗ്നിയെ കത്തിച്ച
പ്പൊൾ, മരിച്ചു.
൬൨ ഒരു മാസത്തെ പ്രായം മു
തൽ മെലായ എല്ലാ പുരുഷന്മാരാ
യി അവരിൽ എണ്ണപ്പെട്ടവർ ഇ
രുപത്ത മൂവായിരം പെർ ആയി
രുന്നു: എന്തെന്നാൽ അവർ യി
സ്രാഎൽ പുത്രന്മാരുടെ ഇടയിൽ
എണ്ണപ്പെട്ടിരുന്നില്ല; എന്തുകൊ
ണ്ടെന്നാൽ യിസ്രാഎൽ പുത്രന്മാ
രുടെ ഇടയിൽ അവക്ക അവകാ
ശം കൊടുക്കപ്പെട്ടിരുന്നില്ല.
൬൩ യെറിഹൊയുടെ സമീപത്ത
യർദ്ദെന്ന അരികെ മൊവാബിലെ
സമഭൂമികളിൽ വെച്ച യിസ്രാഎൽ
പുത്രന്മാരെ എണ്ണിയ മൊശെയാ
ലും ആചാൎയ്യനായ എലയാസാറി
നാലും എണ്ണപ്പെട്ടവർ ഇവർ [ആ
കുന്നു.]
൬൪ എന്നാലും മൊശെയും ആ
ചാൎയ്യനായ അഹറൊനും സീനാ
യി വനത്തിൽ വെച്ച യിസ്രാഎ
ൽ പുത്രന്മാരെ എണ്ണിയപ്പൊൾ,
അവർ എണ്ണിയവരിൽ ഒരുത്തനും
ഇവരുടെ ഇടയിൽ ഉണ്ടായിരു
ന്നില്ല.
൬൫ എന്തുകൊണ്ടെന്നാൽ അവ
ർ വനത്തിൽ വെച്ച മരിക്കും നി
ശ്ചയം എന്ന യഹൊവാ അവരെ
കുറിച്ച പറഞ്ഞിട്ടുണ്ടായിരുന്നു. യെ
ഫുന്നെയുടെ പുത്രനായ ഖാലെ

ബ്വും, നൂൻെറ പുത്രനായ യൊശുവായും ഒഴികെ, അവരിൽ ഒരു മനുഷ്യനും ശെഷിച്ചിരുന്നില്ല.

൨൭ അദ്ധ്യായം.

൧ അവകാശങ്ങളെ കുറിച്ചുള്ള വിധി.—൧൨ മൊശെയൊട തൻെറ മരണത്തെ കുറിച്ച അറിയിക്കപ്പെട്ടപ്പൊൾ അവൻ തനിക്ക പകരം ഒര ആളിനെ അപെക്ഷിക്കുന്നത.—൧൮ അവന പകരം യൊശുവാ നിശ്ചയിക്കപ്പെട്ടത.

അപ്പൊൾ യൊസെഫിൻെറ പുത്രനായ മനശ്ശെയുടെ കുഡുംബങ്ങളിൽ, മനശ്ശെയുടെ പുത്രനായ മാഖീറിൻെറ പുത്രനായ, ഗിലയാദിൻെറ പുത്രനാകുന്ന ഹെഫെറിൻെറ പുത്രനായ ശെലൊഫെഹാദിൻെറ പുത്രിമാർ വന്നു: അവൻെറ പുത്രിമാരുടെ പെരുകൾ; മഹ്ലാ എന്നും, നൊഹാ എന്നും, ഹൊഗ്ലാ എന്നും, മിൽഖാ എന്നും, തിർസാ എന്നും [ആയിരുന്നു.]

൨ അവർ സംഘത്തിൻെറ കൂടാരവാതുക്കൽ മൊശെയുടെ മുമ്പാകെയും, ആചാൎയ്യനായ എലയാസാറിൻെറ മുമ്പാകെയും, പ്രഭുക്കന്മാരുടെയും എല്ലാ സംഘത്തിൻെറയും മുമ്പാകെയും നിന്നു, പറഞ്ഞത എന്തെന്നാൽ,

൩ ഞങ്ങളുടെ പിതാവ വനത്തിൽ വെച്ച മരിച്ചു, എന്നാൽ അവൻ യഹൊവായിക്ക വിരൊധമായി കൊറാഹിൻെറ കൂട്ടത്തിൽ കൂടിയവരുടെ കൂട്ടത്തിൽ ആയിരുന്നില്ല; എന്തെന്നാൽ അവൻ തൻെറ പാപത്തിൽ തന്നെ മരിച്ചു, അവന പുത്രന്മാരും ഉണ്ടായില്ല.

൪ ഞങ്ങളുടെ പിതാവിൻെറ പെർ, അവന ഒരു പുത്രൻ ഇല്ലായ്കകൊണ്ട, അവൻെറ കുഡുംബത്തിൽനിന്നു ഇല്ലാതെയാകുന്നത എന്ത? ഞങ്ങളുടെ പിതാവിൻെറ സഹൊദരന്മാരുടെ ഇടയിൽ ഞങ്ങൾക്ക ഒരു അവകാശത്തെ തരെണം.

൫ മൊശെ അവരുടെ വ്യവഹാരത്തെ യഹൊവായുടെ മുമ്പാകെ എത്തിച്ചു.

൬ എന്നാറെ യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൭ ശെലൊഫെഹാദിൻെറ പുത്രിമാർ പറയുന്നത നെരു തന്നെ: അവരുടെ പിതാവിൻെറ സഹൊദരന്മാരുടെ ഇടയിൽ അവൎക്ക നീ ഒരു അവകാശത്തെ അനുഭവമാക്കി കൊടുക്കെണം നിശ്ചയം: നീ അവരുടെ പിതാവിൻെറ അവകാശത്തെയും അവൎക്ക ചെല്ലുമാറാക്കെണം.

൮ പിന്നെ നീ യിസ്രാഎൽ പുത്രന്മാരൊട സംസാരിച്ചു, പറയെണ്ടുന്നത എന്തെന്നാൽ, ഒരു മനുഷ്യൻ പുത്രനില്ലാതെ മരിച്ചാൽ, നിങ്ങൾ അവൻെറ അവകാശത്തെ അവൻെറ പുത്രിക്ക ചെല്ലുമാറാക്കെണം.

൯ അവന പുത്രിയും ഇല്ലാതെ ഇരുന്നാൽ, നിങ്ങൾ അവൻെറ അവകാശത്തെ അവൻെറ സഹൊദരന്മാൎക്ക കൊടുക്കെണം.

൧൦ അവന സഹൊദരന്മാരും ഇല്ലാതെ ഇരുന്നാൽ, നിങ്ങൾ അവൻെറ അവകാശത്തെ അവൻെറ പിതാവിൻെറ സഹൊദരന്മാൎക്ക കൊടുക്കെണം.

൧൧ അവൻെറ പിതാവിന സഹൊദരന്മാരില്ലാതെ ഇരുന്നാൽ, നിങ്ങൾ അവൻെറ കുഡുംബത്തിൽ അവന അടുത്ത അവൻെറ ദായാദിക്കാരന അവൻെറ അവകാശത്തെ കൊടുക്കെണം; അവൻ അതിനെ അനുഭവിക്കയും വെണം: അത, യഹൊവാ മൊശെയൊട കല്പി

ച്ചപ്രകാരം,യിസ്രാഎൽപുത്രന്മാൎക്ക ന്യായപ്രമാണമായിരിക്കെണം.

൰൨ ¶ പിന്നെ യഹൊവാ മൊശെയൊട പറഞ്ഞു; അബാറിം എന്ന ൟ മലയിൽ നീ കരെറി, യിസ്രാഎൽ പുത്രന്മാൎക്ക ഞാൻ കൊടുത്തിരിക്കുന്ന ദെശത്തെ നൊക്കുക.

൰൩ നീ അതിനെ കണ്ടതിന്റെ ശെഷം നിന്റെ സഹൊദരനായ അഹറൊൻ ചെൎക്കപ്പെട്ട പ്രകാരം, നീയും നിന്റെ ജനങ്ങളൊട ചെൎക്കപ്പെടും.

൰൪ എന്തുകൊണ്ടെന്നാൽ സംഘത്തിന്റെ കലഹത്തിങ്കൽ നിങ്ങൾ അവരുടെ കണ്ണുകൾക്ക മുമ്പാകെ വെള്ളത്തിങ്കൽ എന്നെ ശുദ്ധീകരിപ്പാൻ സീൻ എന്ന വനത്തിൽ വെച്ച എന്റെ കല്പനെക്ക വിരൊധമായി മത്സരിച്ചു: അത സീൻ എന്ന വനത്തിൽ കാദെശിൽ മെറിബായിലെ വെള്ളം ആകുന്നു.

൰൫ അപ്പൊൾ മൊശെ യഹൊവായൊട പറഞ്ഞു;

൰൬ യഹൊവായുടെ സഭ ഇടയൻ ഇല്ലാത്ത ആടുകൾ എന്ന പൊലെ ഇരിക്കാതെ കണ്ട, അവരുടെ മുമ്പായി പുറത്ത പൊകെണ്ടുന്നതിനും, അവരുടെ മുമ്പായി അകത്ത വരെണ്ടുന്നതിനും, അവരെ പുറത്ത കൊണ്ടുപൊകെണ്ടുന്നതിനും, അവരെ അകത്ത കൊണ്ടുവരെണ്ടുന്നതിനും,

൰൭ സഭയുടെ മെൽ ഒരു മനുഷ്യനെ സകല ജഡത്തിന്റെയും ആത്മാക്കളുടെ ദൈവമായ യഹൊവാ ആക്കുമാറാകട്ടെ.

൰൮ അപ്പൊൾ യഹൊവാ മൊശെയൊട പറഞ്ഞു, ആത്മാവുള്ള മനുഷ്യനായി, നൂന്റെ പുത്രനായ യൊശുവായെ നിനക്ക എടുത്ത, നിന്റെ കയ്യിനെ അവന്റെ മെൽ വെച്ച,

൰൯ അവനെ ആചാൎയ്യനായ എലയാസാറിന്റെ മുമ്പാകെയും, സകല സംഘത്തിന്റെയും മുമ്പാകെയും നിൎത്തി അവരുടെ മുമ്പാകെ അവന കല്പന കൊടുക്ക,

൨൰ യിസ്രാഎൽ പുത്രന്മാരുടെ സഭ എല്ലാം അനുസരിച്ചിരിക്കെണ്ടുന്നതിന, നിന്റെ ബഹുമാനത്തിൽ നിന്ന [എതാനും] അവന്റെ മെൽ നീ വെക്കെണം.

൨൧ പിന്നെ അവൻ ആചാൎയ്യനായ എലയാസാറിന്റെ മുമ്പാകെ നില്ക്കെണം: ഇവൻ അവന വെണ്ടി യഹൊവായുടെ മുമ്പാകെ ഉറിമിന്റെ ന്യായപ്രകാരം ആലൊചന ചൊദിക്കെണം: അവനും അവനൊട കൂടെ യിസ്രാഎൽ പുത്രന്മാർ എല്ലാവരും, സഭ എല്ലാം തന്നെ, അവർ അവന്റെ വചന പ്രകാരം പുറത്ത പൊകയും, അവന്റെ വചന പ്രകാരം അകത്ത വരികയും വെണം.

൨൨ അപ്പൊൾ മൊശെ യഹൊവാ തന്നൊട കല്പിച്ച പ്രകാരം ചെയ്തു: അവൻ യൊശുവായെ എടുത്ത, ആചാൎയ്യനായ എലയാസാറിന്റെ മുമ്പാകെയും, സകല സഭയുടെ മുമ്പാകെയും അവനെ നിൎത്തി.

൨൩ അവൻ തന്റെ കൈകളെ അവന്റെ മെൽ വെച്ച, യഹൊവാ മൊശെയുടെ കയ്യാൽ കല്പിച്ച പ്രകാരം, അവന കല്പന കൊടുക്കയും ചെയ്തു.

൨൮ അദ്ധ്യായം.

൧ പ്രമാണിക്കപ്പെടുവാനുള്ള വഴിപാടുകൾ.— ൩. ഇടവിടാതെയുള്ള ഹൊമബലി.—൯, ൰൧, ൰൬, ൨൬, മറ്റുള്ള വഴിപാടുകൾ.

പിന്നെയും യഹൊവാ മൊശെ

ഷയൊട സംസാരിച്ചു, പറഞ്ഞു,
൨ ഇനിക്ക അനുകൂലവാസനെ
ക്കായി എന്റെ ദഹനബലികൾ
ക്കുള്ള എന്റെ വഴിപാടിനെയും,
എന്റെ അപ്പത്തെയും നിങ്ങൾ ഇ
നിക്ക അവയുടെ നിശ്ചയ കാല
ത്ത കഴിക്കെണ്ടുന്നതിന പ്രമാണി
ക്കെണം എന്ന യിസ്രാഎൽ പുത്ര
ന്മാരൊട കല്പിച്ചു, അവരൊട പറക.
൩ പിന്നെയും നീ അവരൊട പ
റയെണ്ടുന്നത എന്തെന്നാൽ, നി
ങ്ങൾ യഹൊവായിക്ക കഴിപ്പാനു
ള്ള ദഹനബലി ഇത: നാൾതൊ
റും നിത്യവുമുള്ള ദഹനബലിക്കാ
യി ഒരു വയസ്സുള്ള കുററമില്ലാത്ത
രണ്ടു കുഞ്ഞാടുകൾ തന്നെ.
൪ നീ ഒരു കുഞ്ഞാടിനെ രാവി
ലെ ബലി കഴിക്കെണം; വൈകു
ന്നെരത്ത മറെറ കുഞ്ഞാടിനെയും;
൫ ആഹാരബലിയായി ഇടിച്ചെ
ടുക്കപ്പെട്ട കാൽ ഹീൻ എണ്ണയിൽ
കുഴച്ചതായി, ഒരു പറയിൽ പത്തി
ൽ ഒര ഒഹരി മാവിനെയും നീ ക
ഴിക്കെണം.
൬ [ഇത] സീനായ വനത്തിൽ
വെച്ച യഹൊവായിക്ക അനുകൂല
വാസനെക്ക ദഹനബലിയായി
നിശ്ചയിക്കപ്പെട്ട നിത്യവും ഉള്ള
ഹൊമ ബലി.
൭ അതിന്റെ പാനീയകാഴ്ച ഒരു
കുഞ്ഞാടിന കാൽ ഹീൻ [ആയിരി
ക്കെണം:] നീ യഹൊവായിക്ക പാ
നീയകാഴ്ചയായി ആ കടുപ്പമുള്ള
വീഞ്ഞ ശുദ്ധസ്ഥലത്ത ഒഴിക്കപ്പെ
ടുമാറാക്കെണം.
൮ മറെറ കുഞ്ഞാടിനെയും നീ
വൈകുന്നെരത്ത ബലി കഴിക്കെ
ണം: നീ [അതിനെ] രാവിലത്തെ
ആഹാര കാഴ്ചയെ പൊലെയും, അ
തിന്റെ പാനീയകാഴ്ചയെ പൊലെ
യും, യഹൊവായിക്ക അനുകൂലവാ
സനയായി, ദഹനബലിയായിട്ട
കഴിക്കെണം.
൯ എന്നാൽ സ്വസ്ഥദിവസത്തി
ൽ ഒരു വയസ്സുള്ള കുററമില്ലാത്ത ര
ണ്ടു കുഞ്ഞാടുകളെയും, ആഹാരബ
ലിക്കായി എണ്ണയിൽ കുഴച്ചതായി
പത്തിൽ രണ്ടു ഒഹരി മാവിനെ
യും, അതിന്റെ പാനീയ കാഴ്ചയെ
യും [കഴിക്കെണം:]
൰ നിത്യവുമുള്ള ദഹന ബലി
യെയും അതിന്റെ പാനീയ കാഴ്ച
യെയും കൂടാതെ, ഇത ഒരൊ സ്വ
സ്ഥദിവസത്തിലെ ദഹനബലി.
൰൧ ¶ നിങ്ങളുടെ മാസങ്ങളുടെ
തുടക്കങ്ങളിൽ നിങ്ങൾ യഹൊവാ
യിക്ക ഹൊമബലിയായിട്ട, രണ്ടു
കാളക്കിടാക്കളെയും, ഒര ആട്ടുകൊ
ററനെയും, ഒരു വയസ്സുള്ള കുററമി
ല്ലാത്ത എഴ കുഞ്ഞാടുകളെയും,
൰൨ ഒരു കാളെക്ക ആഹാരകാഴ്ചെ
ക്കായിട്ട എണ്ണയിൽ കുഴെച്ചതായി
പത്തിൽ മൂന്ന ഒഹരി മാവിനെ
യും, ഒര ആട്ടുകൊററന ആഹാര
കാഴ്ചെക്കായിട്ട എണ്ണയിൽ കുഴെച്ച
തായി പത്തിൽ രണ്ടു ഒഹരി മാവി
നെയും,
൰൩ ഒരു കുഞ്ഞാടിന ആഹാരകാ
ഴ്ചെക്കായിട്ട എണ്ണയിൽ കുഴെച്ച
തായി പത്തിൽ ഒര ഒഹരി മാവിനെ
യും കഴിക്കെണം: [അത] യഹൊ
വായിക്ക അനുകൂലവാസനെക്കുള്ള
ഹൊമബലിയായ ദഹനബലി.
൰൪ അവയുടെ പാനീയകാഴ്ചകൾ
ഒരു കാളെക്ക അര ഹീൻ വീഞ്ഞും, ഒ
ര ആട്ടുകൊററന ഹീനിൽ മൂന്നിൽ
ഒര ഒഹരിയും, ഒരു കുഞ്ഞാടിന കാൽ
ഹീനും ആയിരിക്കെണം. ഇത സം
വത്സരത്തിലെ മാസങ്ങളിൽ ഒരൊ
മാസത്തിലെ ഹൊമബലി.

൧൫ നിത്യവുമുള്ള ഹൊമ ബലിയെയ്യം, അതിന്റെ പാനീയ കാഴ്ചയെയ്യം കൂടാതെ, പാപ ബലിക്കായിട്ട യഹൊവായിക്ക വെള്ളാട്ടകളിൽ ഒരു കുട്ടിയ്യം കഴിക്കപ്പെടെണം.

൧൬ ¶ പിന്നെ ഒന്നാം മാസത്തിൽ പതിന്നാലാം തിയ്യതി യഹൊവായുടെ പെസഹാ [ആകുന്നു.]

൧൭ ൟ മാസം പതിനഞ്ചാം തിയ്യതി പെരുനാൾ [ആകുന്നു:] എഴ ദിവസം പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കപ്പെടെണം.

൧൮ ഒന്നാം ദിവസത്തിൽ ശുദ്ധമുള്ള സഭയൊഗം; [അതിൽ] നിങ്ങൾ യാതൊരു വെല കാൎയ്യവും ചെയ്യരുത.

൧൯ എന്നാലും നിങ്ങൾ യഹൊവായിക്ക ഹൊമബലിക്കായിട്ട രണ്ട കാളക്കിടാക്കളെയ്യം, ഒര ആട്ടുകൊററനെയ്യം, ഒരു വയസ്സുള്ള എഴ കുഞ്ഞാട്ടകളെയ്യം ദഹനബലിയായി കഴിക്കെണം: അവ നിങ്ങൾക്ക കുററമില്ലാത്തവ ആയിരിക്കെണം.

൨൦ അവയുടെ ആഹാര കാഴ്ച എണ്ണയിൽ കുഴെച്ച മാവ കൊണ്ട [ആയിരിക്കെണം:] നിങ്ങൾ ഒരു കാളെക്ക പത്തിൽ മൂന്ന ഒഹരിയെയ്യം, ഒര ആട്ടുകൊററന പത്തിൽ രണ്ട ഒഹരിയെയ്യം കഴിക്കെണം.

൨൧ എഴ കുഞ്ഞാട്ടകളിൽ ഒരൊ കുഞ്ഞാടിന പത്തിൽ ഒര ഒഹരിയെയ്യം;

൨൨ നിങ്ങൾക്ക വെണ്ടി പാപപരിഹാരം ചെയ്യാൻ പാപബലിക്കായിട്ട ഒരു വെള്ളാട്ടിനെയ്യം നീ കഴിക്കെണം.

൨൩ നിത്യവുമുള്ള ഹൊമബലിക്കായിട്ട രാവിലത്തെ ഹൊമബലിയെയ്യം കൂടാതെ, നിങ്ങൾ ഇവയെ കഴിക്കെണം.

൨൪ നിങ്ങൾ ഇപ്രകാരം തന്നെ ൟ എഴ നാളിലും നാൾതൊറും യഹൊവായിക്ക അനുകൂലവാസനയായിട്ട ദഹനബലിയുടെ ആഹാരം കഴിക്കെണം: അത നിത്യവുമുള്ള ഹൊമബലിയെയ്യം അതിന്റെ പാനീയ കാഴ്ചയെയ്യം കൂടാതെ കഴിക്കപ്പെടെണം.

൨൫ എഴാം ദിവസത്തിൽ നിങ്ങൾക്ക ശുദ്ധമുള്ള സഭയൊഗം ഉണ്ടാകെണം; നിങ്ങൾ യാതൊരു വെല കാൎയ്യവും ചെയ്യരുത.

൨൬ ¶ നിങ്ങൾ യഹൊവായിക്ക ഒരു പുതിയ ആഹാരകാഴ്ചയെ കൊണ്ടുവരുമ്പൊൾ, നിങ്ങളുടെ ആഴ്ചവട്ടങ്ങളിൽ ആദ്യഫലങ്ങളുടെ ദിവസത്തിലും നിങ്ങൾക്ക ശുദ്ധമുള്ള സഭയൊഗം ഉണ്ടാകെണം: നിങ്ങൾ യാതൊരു വെല കാൎയ്യവും ചെയ്യരുത.

൨൭ എന്നാൽ നിങ്ങൾ യഹൊവായിക്ക അനുകൂലവാസനെക്ക ഹൊമബലിക്കായിട്ട രണ്ട കാളക്കിടാക്കളെയ്യം, ഒരു ആട്ടുകൊററനെയ്യം, ഒരു വയസ്സുള്ള എഴ കുഞ്ഞാട്ടകളെയ്യം,

൨൮ അവയുടെ ആഹാര കാഴ്ചയായിട്ട ഒരു കാളെക്ക പത്തിൽ മൂന്ന ഒഹരിയ്യം, ഒരു ആട്ടുകൊററന പത്തിൽ രണ്ട ഒഹരിയ്യം, എണ്ണയിൽ കുഴച്ച മാവിനെയ്യം;

൨൯ എഴ കുഞ്ഞാട്ടകളിൽ ഒരൊ കുഞ്ഞാടിന പത്തിൽ ഒരു ഒഹരിയെയ്യം,

൩൦ നിങ്ങൾക്ക പാപപരിഹാരം ചെയ്യാൻ വെള്ളാട്ടകളിൽ ഒരു കൊററനെയ്യം കഴിക്കെണം.

൩൧ നിത്യവുമുള്ള ഹൊമ ബലി

യെയും, അതിന്റെ ആഹാര കാഴ്ച
യെയും, അവയുടെ പാനീയ കാഴ്ച
കളെയും കൂടാതെ, [ഇവയെ] നിങ്ങ
ൾ കഴിക്കെണം: അവ നിങ്ങൾക്ക
കുററമില്ലാത്തവ ആയിരിക്കെണം.

൨൯ അദ്ധ്യായം.

൧ കാഹള പെരുനാളിലും.—൭ അവരുടെ ആത്മാക്കളെ ദുഃഖിപ്പിക്കുന്ന നാളിലും.—൧൨. കൂടാരങ്ങളുടെ പെരുനാളിന്റെ എട്ട ദിവസങ്ങളിലും ഉള്ള വഴിപാട.

൧ ഏഴാം മാസത്തിൽ മാസത്തിലെ
ഒന്നാം തിയ്യതി നിങ്ങൾക്ക ശുദ്ധമു
ള്ള സഭയൊഗം ഉണ്ടാകെണം: നി
ങ്ങൾ ഒരു വെല പ്രവൃത്തിയെയും
ചെയ്യരുത; അത നിങ്ങൾക്ക കാഹ
ളങ്ങളെ ഊതുന്നതിനുള്ള ദിവസം
[ആകുന്നു.]
൨ പിന്നെയും നിങ്ങൾ യഹൊ
വായിക്ക അനുകൂലവാസനെക്ക
ഹൊമബലിയായിട്ട ഒരു കാളക്കി
ടാവിനെയും, ഒരു ആട്ടുകൊററനെ
യും, ഒരു വയസ്സുള്ള കുററമില്ലാത്ത
എഴ കുഞ്ഞാട്ടുകളെയും കഴിക്കെണം:
൩ അവയുടെ ആഹാര കാഴ്ച ഒരു
കാളെക്ക പത്തിൽ മൂന്ന ഒഹരിയും
ഒരു ആട്ടുകൊററന പത്തിൽ രണ്ട
ഒഹരിയും എണ്ണയിൽ കുഴച്ച മാവും,
൪ എഴ കുഞ്ഞാട്ടുകളിൽ ഒരൊ കു
ഞ്ഞാടിന പത്തിൽ ഒര ഒഹരിയും;
൫ നിങ്ങൾക്ക വെണ്ടി പാപ പ
രിഹാരം ചെയ്വാൻ പാപബലിക്കാ
യിട്ട വെള്ളാട്ടുകളിൽ ഒരു കൊററ
നും [ആയിരിക്കെണം.]
൬ മാസത്തിലെ ഹൊമബലിയെ
യും, അതിന്റെ ആഹാര കാഴ്ചയെ
യും, നാൾതൊറുമുള്ള ഹൊമബലി
യെയും, അതിന്റെ ആഹാര കാ
ഴ്ചയെയും, അവയുടെ മുറ പ്രകാരം,
അവയുടെ പാനീയ കാഴ്ചകളെയും
കൂടാതെ, യഹൊവായിക്ക അനുകൂ
ലവാസനയായി, ദഹനബലിയും
[ഉണ്ടായിരിക്കെണം.]
൭ ¶ പിന്നെ നിങ്ങൾക്ക ഈ എ
ഴാം മാസത്തിൽ പത്താം തിയ്യതി ഒ
രു ശുദ്ധമുള്ള സഭയൊഗം ഉണ്ടാ
കെണം: നിങ്ങൾ നിങ്ങളുടെ ആ
ത്മാക്കളെ ദുഃഖിപ്പിക്കെണം: നിങ്ങ
ൾ [അതിൽ] യാതൊരു വെലയും
ചെയ്യരുത:
൮ എന്നാൽ നിങ്ങൾ യഹൊവാ
യിക്ക അനുകൂലവാസനെക്ക ഹൊ
മബലിയായിട്ട, ഒരു കാളക്കിടാവി
നെയും, ഒര ആട്ടുകൊററനെയും, ഒ
രു വയസ്സുള്ള എഴ കുഞ്ഞാട്ടുകളെ
യും കഴിക്കെണം: അവ നിങ്ങൾക്ക
കുററമില്ലാത്തവ ആയിരിക്കെണം.
൯ അവയുടെ ആഹാരകാഴ്ച ഒ
രു കാളെക്ക പത്തിൽ മൂന്ന ഒഹരി
യും, ഒര ആട്ടുകൊററന പത്തിൽ
രണ്ട ഒഹരിയും, എണ്ണയിൽ കുഴ
ച്ച മാവും,
൧൦ എഴ കുഞ്ഞാട്ടുകളിൽ ഒരൊ കു
ഞ്ഞാടിന പത്തിൽ ഒര ഒഹരിയും;
൧൧ പാപപരിഹാര ബലിയെ
യും, നിത്യവുമുള്ള ഹൊമബലിയെ
യും, അതിന്റെ ആഹാരകാഴ്ചയെ
യും, അവയുടെ പാനീയ കാഴ്ചകളെ
യും കൂടാതെ, പാപബലിക്കായിട്ട
വെള്ളാട്ടുകളിൽ ഒരു കൊററനും [ആ
യിരിക്കെണം.]
൧൨ ¶ പിന്നെ എഴാം മാസത്തിൽ
പതിനഞ്ചാം തിയ്യതി നിങ്ങൾക്ക ശു
ദ്ധമുള്ള സഭയൊഗം ഉണ്ടാകെ
ണം: നിങ്ങൾ ഒരു വെല കാര്യ
വും ചെയ്യരുത: നിങ്ങൾ എഴ ദിവ
സം യഹൊവായിക്ക പെരുനാളി
നെയും ആചരിക്കെണം.
൧൩ നിങ്ങൾ യഹൊവായിക്ക
അനുകൂലവാസനയായിട്ട ദഹന
ബലിയായ ഹൊമബലിക്കായിട്ട

പതിമൂന്ന കാളക്കിടാക്കളെയും, ര
ണ്ട ആട്ടുകൊററന്മാരെയും, ഒരു വ
യസ്സുള്ള പതിന്നാല കുഞ്ഞാടുക
ളെയും കഴിക്കെണം: അവ കുററമി
ല്ലാത്തവ ആയിരിക്കെണം.
൧൪ അവയുടെ ആഹാര കാഴ്ച
പതിമൂന്ന കാളകളിൽ ഒരൊ കാ
ളെക്ക പത്തിൽ മൂന്ന ഒഹരിയും, ര
ണ്ട ആട്ടുകൊററന്മാരിൽ ഒരൊ ആ
ട്ടുകൊററന പത്തിൽ രണ്ട ഒഹരി
യും എണ്ണയിൽ കുഴച്ച മാവും,
൧൫ പതിന്നാല കുഞ്ഞാടുകളിൽ
ഒരൊ കുഞ്ഞാടിന പത്തിൽ ഒരൊ
ഒഹരിയും;
൧൬ നിത്യവുമുള്ള ഹൊമബലി
യെയും, അതിന്റെ ആഹാരകാഴ്ച
യെയും, അതിന്റെ പാനീയകാഴ്ച
യെയും കൂടാതെ, പാപബലിക്കാ
യിട്ട വെള്ളാട്ടുകളിൽ ഒരു കൊററ
നും [വെണം.]
൧൭ പിന്നെ രണ്ടാം ദിവസത്തിൽ
നിങ്ങൾ പന്ത്രണ്ട കാളക്കിടാക്കളെ
യും, രണ്ട ആട്ടുകൊററന്മാരെയും,
ഒരു വയസ്സുള്ള കുററമില്ലാത്ത പ
തിന്നാല കുഞ്ഞാടുകളെയും കഴി
ക്കെണം:
൧൮ അവയുടെ ആഹാരകാഴ്ചയും,
അവയുടെ പാനീയകാഴ്ചകളും, കാ
ളകൾക്കും, ആട്ടുകൊററന്മാൎക്കും, കു
ഞ്ഞാടുകൾക്കും, അവയുടെ എണ്ണ
പ്രകാരവും, മുറപ്രകാരവും, [ഉണ്ടാ
യിരിക്കെണം:]
൧൯ നിത്യവുമുള്ള ഹൊമബലി
യെയും, അതിന്റെ ആഹാരകാഴ്ച
യെയും, അവയുടെ പാനീയകാഴ്ച
കളെയും കൂടാതെ, പാപബലിക്കാ
യിട്ട വെള്ളാട്ടുകളിൽ ഒരു കൊററ
നും [വെണം.]
൨൦ പിന്നെ മൂന്നാം ദിവസത്തി
ൽ പതിനൊന്ന കാളകളെയും, രണ്ട
ആട്ടുകൊററന്മാരെയും, ഒരു വയ
സ്സുള്ള കുററമില്ലാത്ത പതിന്നാല കു
ഞ്ഞാടുകളെയും [നിങ്ങൾ കഴിക്കെ
ണം:]
൨൧ അവയുടെ ആഹാരകാഴ്ചയും,
അവയുടെ പാനീയകാഴ്ചകളും, കാ
ളകൾക്കും, ആട്ടുകൊററന്മാൎക്കും, കു
ഞ്ഞാടുകൾക്കും, അവയുടെ എണ്ണ
പ്രകാരവും, മുറപ്രകാരവും, [ഉണ്ടാ
യിരിക്കെണം:]
൨൨ നിത്യവുമുള്ള ഹൊമബലി
യെയും, അതിന്റെ ആഹാരകാഴ്ച
യെയും, അതിന്റെ പാനീയകാഴ്ച
യെയും കൂടാതെ, പാപബലിയാ
യിട്ട ഒരു വെള്ളാട്ടുകൊററനും [വെ
ണം.]
൨൩ പിന്നെ നാലാം ദിവസത്തി
ൽ പത്ത കാളകളെയും, രണ്ട ആട്ടു
കൊററന്മാരെയും, ഒരു വയസ്സുള്ള
കുററമില്ലാത്ത പതിന്നാല കുഞ്ഞാ
ടുകളെയും, [നിങ്ങൾ കഴിക്കെണം.]
൨൪ അവയുടെ ആഹാര കാഴ്ച
യും, അവയുടെ പാനീയ കാഴ്ചക
ളും, കാളകൾക്കും, ആട്ടുകൊററന്മാ
ൎക്കും, കുഞ്ഞാടുകൾക്കും, അവയുടെ
എണ്ണ പ്രകാരവും, മുറ പ്രകാരവും,
[ഉണ്ടായിരിക്കെണം:]
൨൫ നിത്യവുമുള്ള ഹൊമബലി
യെയും, അതിന്റെ ആഹാര കാ
ഴ്ചയെയും, അതിന്റെ പാനീയകാ
ഴ്ചയെയും കൂടാതെ, പാപബലിക്കാ
യിട്ട വെള്ളാട്ടുകളിൽ ഒരു കൊററ
നും [വെണം.]
൨൬ പിന്നെ അഞ്ചാം ദിവസ
ത്തിൽ ഒമ്പത കാളകളെയും, രണ്ട
ആട്ടുകൊററന്മാരെയും, ഒരു വയ
സ്സുള്ള കുററമില്ലാത്ത പതിന്നാല കു
ഞ്ഞാടുകളെയും [നിങ്ങൾ കഴിക്കെ
ണം:]
൨൭ അവയുടെ ആഹാര കാഴ്ച

യും അവയുടെ പാനീയ കാഴ്ചക
ളും, കാളകൾക്കും, ആട്ടുകൊററന്മാ
ൎക്കും, കുഞ്ഞാടുകൾക്കും, അവയുടെ
എണ്ണു പ്രകാരവും, മുറ പ്രകാരവും,
[ഉണ്ടായിരിക്കെണം:]
൨൮ നിത്യവുമുള്ള ഹൊമ ബലി
യെയും, അതിന്റെ ആഹാരകാഴ്ച
യെയും, അതിന്റെ പാനീയ കാഴ്ച
യെയും കൂടാതെ, പാപബലിക്കായി
ട്ട ഒരു വെള്ളാട്ടുകൊററനും [വെ
ണം.]
൨൯ പിന്നെ ആറാം ദിവസത്തി
ൽ എട്ട കാളകളെയും, രണ്ട ആട്ടു
കൊററന്മാരെയും, ഒരു വയസ്സുള്ള
കുററമില്ലാത്ത പതിന്നാല കുഞ്ഞാ
ടുകളെയും [നിങ്ങൾ കഴിക്കെണം:]
൩൦ അവയുടെ ആഹാര കാഴ്ച
യും, അവയുടെ പാനീയ കാഴ്ചക
ളും, കാളകൾക്കും, ആട്ടുകൊററന്മാ
ൎക്കും, കുഞ്ഞാടുകൾക്കും, അവയുടെ
എണ്ണു പ്രകാരവും, മുറ പ്രകാരവും,
[ഉണ്ടായിരിക്കെണം.]
൩൧ നിത്യവുമുള്ള ഹൊമ ബലി
യെയും, അതിന്റെ ആഹാര കാ
ഴ്ചയെയും, അതിന്റെ പാനീയകാ
ഴ്ചയെയും കൂടാതെ, പാപബലിക്കാ
യിട്ട ഒരു വെള്ളാട്ടുകൊററനും [വെ
ണം.]
൩൨ പിന്നെ എഴാം ദിവസത്തി
ൽ എഴ കാളകളെയും, രണ്ട ആട്ടു
കൊററന്മാരെയും, ഒരു വയസ്സുള്ള
പതിന്നാല കുററമില്ലാത്ത കുഞ്ഞാ
ടുകളെയും,[നിങ്ങൾ കഴിക്കെണം:]
൩൩ അവയുടെ ആഹാരകാഴ്ചയും,
അവയുടെ പാനീയകാഴ്ചകളും, കാ
ളകൾക്കും, ആട്ടുകൊററന്മാൎക്കും, കു
ഞ്ഞാടുകൾക്കും, അവയുടെ എണ്ണു
പ്രകാരവും, മുറപ്രകാരവും, [ഉണ്ടാ
യിരിക്കെണം:]
൩൪ നിത്യവുമുള്ള ഹൊമബലി
യെയും, അതിന്റെ ആഹാരകാഴ്ച
യെയും, അതിന്റെ പാനീയകാഴ്ച
യെയും കൂടാതെ, പാപബലിക്കാ
യിട്ട ഒരു വെള്ളാട്ടുകൊററനും [വെ
ണം.]
൩൫ പിന്നെ എട്ടാം ദിവസത്തി
ൽ നിങ്ങൾക്ക മുഖ്യമായുള്ള സഭ
യൊഗം ഉണ്ടാകെണം: നിങ്ങൾ
[അതിൽ] യാതൊരു വെല കാൎയ്യ
വും ചെയ്യരുത.
൩൬ എന്നാൽ യഹൊവായിക്ക
അനുകൂലവാസനയായിട്ട, ദഹന
ബലിയായി, ഹൊമബലിക്കായി
ട്ട ഒരു കാളയെയും, ഒര ആട്ടുകൊ
ററനെയും, ഒരു വയസ്സുള്ള കുററമി
ല്ലാത്ത എഴ കുഞ്ഞാടുകളെയും നിങ്ങ
ൾ കഴിക്കെണം:
൩൭ അവയുടെ ആഹാര കാഴ്ച
യും, അവയുടെ പാനീയകാഴ്ചകളും,
കാളെക്കും,ആട്ടുകൊററനും,കുഞ്ഞാ
ടുകൾക്കും, അവയുടെ എണ്ണുപ്രകാ
രവും, മുറപ്രകാരവും, [ഉണ്ടായിരി
ക്കെണം:]
൩൮ നിത്യവുമുള്ള ഹൊമബലി
യെയും, അതിന്റെ ആഹാരകാഴ്ച
യെയും, അതിന്റെ പാനീയകാഴ്ച
യെയും കൂടാതെ, പാപബലിക്കാ
യിട്ട ഒരു വെള്ളാട്ടുകൊററനും [വെ
ണം.]
൩൯ ¶ നിങ്ങളുടെ ഹൊമ ബലി
കൾക്കും, നിങ്ങളുടെ ആഹാര കാഴ്ച
കൾക്കും, നിങ്ങളുടെ പാനീയ കാഴ്ച
കൾക്കും, നിങ്ങളുടെ സമാധാനബ
ലികൾക്കും, നിങ്ങളുടെ നെൎച്ചകളെ
യും നിങ്ങളുടെ മനഃപൂൎവ്വമായുള്ള
കാഴ്ചകളെയും കൂടാതെ, നിങ്ങൾ യ
ഹൊവായിക്ക നിങ്ങളുടെ നിശ്ച
യിക്കപ്പെട്ട പെരുനാളുകളിൽ ഇ
വയെ കഴിക്കെണം.
൪൦ യഹൊവാ മൊശെയൊട ക

ല്പിച്ച പ്രകാരം ഒക്കെയും മൊശെ യിസ്രാഎൽ പുത്രന്മാരൊട പറകയും ചെയ്തു.

൩൰ അദ്ധ്യായം.

൧ നെൎച്ചകൾക്ക ഭെദം വരുത്തരുത എന്നത.—൩, ഒരു കന്യകയുടെയും.—൬. ഒരു ഭാൎയ്യയുടെയും,—൯. ഒരു വിധവയുടെയും നെൎച്ച.

പിന്നെയും മൊശെ യിസ്രാഎൽ പുത്രന്മാരെ കുറിച്ച ഗൊത്രങ്ങളിലെ പ്രധാനികളൊട സംസാരിച്ച, പറഞ്ഞത എന്തെന്നാൽ, യഹൊവാ കല്പിച്ചിരിക്കുന്ന കാൎയ്യം ഇത:

൨ ഒരു മനുഷ്യൻ യഹൊവായിക്ക നെൎച്ച നെരുകയൊ, തന്റെ ആത്മാവിനെ ഒരു ബന്ധനത്താൽ ബന്ധിക്കുന്നതിന ആണയിടുകയൊ ചെയ്താൽ, അവൻ തന്റെ വാക്കിന ഭംഗം വരുത്താതെ, തന്റെ വായിൽനിന്ന പുറപ്പെട്ടുന്ന പ്രകാരം ഒക്കെയും അവൻ ചെയ്യെണം.

൩ ¶ ഒരു സ്ത്രീ, തന്റെ ബാല്യത്തിൽ തന്റെ പിതാവിന്റെ ഭവനത്തിൽ ഇരിക്കുമ്പൊൾ, യഹൊവായിക്ക ഒരു നെൎച്ച നെൎന്ന, ഒരു ബന്ധനത്താൽ തന്നെത്താൻ ബന്ധിക്കയും,

൪ അവളുടെ പിതാവ അവളുടെ നെൎച്ചയെയും, അവൾ തന്റെ ആത്മാവിനെ ബന്ധിച്ചിരുന്ന അവളുടെ ബന്ധനത്തെയും കെൾക്കയും, അവളുടെ പിതാവ അവളൊട മിണ്ടാതെ ഇരിക്കയും ചെയ്താൽ, അപ്പൊൾ അവളുടെ എല്ലാ നെൎച്ചകളും നില്ക്കും, അവൾ തന്റെ ആത്മാവിനെ ബന്ധിച്ച എല്ലാ ബന്ധനവും നില്ക്കും.

൫ എന്നാൽ അവളുടെ പിതാവ അവളുടെ എല്ലാ നെൎച്ചകളെയും, അവൾ തന്റെ ആത്മാവിനെ ബന്ധിച്ചിരുന്ന അവളുടെ ബന്ധനങ്ങളെയും കെൾക്കുന്ന നാളിൽ അവളൊട വിലക്കിയാൽ, അവ നില്ക്കയില്ല: അവളുടെ പിതാവ അവളൊട വിലക്കുകകൊണ്ട, യഹൊവാ അവളൊട ക്ഷമിക്കും.

൬ പിന്നെ അവൾ നെൎച്ച നെരുകയൊ, അവൾ തന്റെ ആത്മാവിനെ ബന്ധിച്ചതിന തന്റെ അധരങ്ങൾ കൊണ്ട വല്ലതും പറകയൊ ചെയ്യുമ്പൊൾ, അവൾക്ക ഭൎത്താവ ഉണ്ടായിരിക്കയും;

൭ അവളുടെ ഭൎത്താവ അതിനെ കെട്ടിട്ട, അവൻ അതിനെ കെട്ട നാളിൽ അവളൊട മിണ്ടാതെ ഇരിക്കയും ചെയ്താൽ, അപ്പൊൾ അവളുടെ നെൎച്ചകൾ നിൽക്കും, അവൾ തന്റെ ആത്മാവിനെ ബന്ധിച്ചിരിക്കുന്ന അവളുടെ ബന്ധനങ്ങളും നില്ക്കും.

൮ എന്നാൽ അവളുടെ ഭൎത്താവ താൻ [അതിനെ] കെട്ട നാളിൽ അവളൊട വിലക്കിയാൽ, അവൻ അവൾ നെൎന്നിട്ടുള്ള അവളുടെ നെൎച്ചയെയും, അവൾ തന്റെ ആത്മാവിനെ ബന്ധിച്ചിരിക്കുന്നതിന അവൾ തന്റെ അധരങ്ങൾ കൊണ്ട പറഞ്ഞതിനെയും ഇല്ലായ്മ ചെയ്യെണം; എന്നാൽ യഹൊവാ അവളൊട ക്ഷമിക്കും.

൯ ¶ എന്നാൽ ഒരു വിധവയും, ഉപെക്ഷിക്കപ്പെട്ടവളും എത നെൎച്ചയാൽ തങ്ങളുടെ ആത്മാക്കളെ ബന്ധിച്ചിരിക്കുന്നുവൊ, അത ഒക്കെയും അവളുടെ മെൽ നില്ക്കും.

൰ അവൾ തന്റെ ഭൎത്താവിന്റെ ഭവനത്തിൽ വെച്ച നെരുകയൊ, അവളുടെ ആത്മാവിനെ ആണയൊടെ ബന്ധനത്താൽ ബന്ധിക്കയൊ ചെയ്കയും,

൧൧ അവളുടെ ഭൎത്താവ [അതി
നെ] കെട്ടിട്ട അവളൊട മിണ്ടാതെ
യും, അവളൊട വിലക്കാതെയും ഇ
രിക്കയും ചെയ്താൽ, അപ്പൊൾ അ
വളുടെ നെൎച്ചകൾ ഒക്കെയും നി
ല്ക്കും, അവൾ തന്റെ ആത്മാവി
നെ ബന്ധിച്ചിട്ടുള്ള എല്ലാ ബന്ധ
നവും നില്ക്കും.
൧൨ എന്നാൽ അവളുടെ ഭൎത്താവ
[അവയെ] കെട്ട നാളിൽ അവയെ
അശെഷം ഇല്ലായ്മയാക്കി എങ്കിൽ,
അവളുടെ നെൎച്ചകളെ കുറിച്ച എങ്കി
ലും, അവളുടെ ആത്മാവിന്റെ ബ
ന്ധനത്തെ കുറിച്ച എങ്കിലും അവ
ളുടെ അധരങ്ങളിൽനിന്ന പുറപ്പെ
ട്ടത ഒന്നും നില്ക്കയില്ല: അവളുടെ
ഭൎത്താവ അവയെ ഇല്ലായ്മയാക്കി
യിരിക്കുന്നു; യഹൊവാ അവളൊ
ട ക്ഷമിക്കയും ചെയ്യും.
൧൩ ആത്മാവിനെ ദുഃഖിപ്പിപ്പാ
നുള്ള ഒരൊ നെൎച്ചയെയും, ബ
ന്ധിക്കുന്ന ഒരൊ ആണയെയും,
അവളുടെ ഭൎത്താവ അതിനെ സ്ഥി
രപ്പെടുത്തുകയൊ, അവളുടെ ഭൎത്താ
വ അതിനെ ഇല്ലായ്മയാക്കുകയൊ
ചെയ്യാം.
൧൪ എന്നാൽ അവളുടെ ഭൎത്താ
വ അവളൊട ദിവസം പ്രതി ഒട്ടും
തന്നെ മിണ്ടാതെ ഇരുന്നാൽ, അ
പ്പൊൾ അവൻ അവളുടെ സകല
നെൎച്ചകളെയും, അല്ലെങ്കിൽ അവ
ളുടെ മെൽ ഉള്ള അവളുടെ സകല
ബന്ധനങ്ങളെയും സ്ഥിരപ്പെടുത്തു
ന്നു; അവൻ [അവയെ] കെട്ട നാ
ളിൽ അവളൊട മിണ്ടാതെ ഇരിക്ക
കൊണ്ട, അവൻ അവയെ സ്ഥിര
പ്പെടുത്തുന്നു.
൧൫ എന്നാൽ അവൻ അവയെ
കെട്ടതിന്റെ ശെഷം, അവയെ വ
ല്ലപ്രകാരത്തിലും അവൻ ഇല്ലായ്മ
യാക്കിയാൽ, അപ്പൊൾ അവൻ
അവളുടെ അകൃത്യത്തെ വഹിക്കെ
ണം.
൧൬ ഒരു മനുഷ്യനും, അവന്റെ
ഭാൎയ്യയും തമ്മിലും, പിതാവും ത
ന്റെ പിതാവിന്റെ ഭവനത്തിൽ
ബാല്യ കാലത്തിൽ ഇരിക്കുമ്പൊൾ
അവന്റെ പുത്രിയും തമ്മിലും, യ
ഹൊവാ മൊശെയൊട കല്പിച്ചിട്ടു
ള്ള നിയമങ്ങൾ ഇവ [ആകുന്നു.]

൩൧ അദ്ധ്യായം.

൧ മിദിയാനിക്കാർ കൊള്ളയിടപ്പെടുന്നതും, ബി
ലയാം കൊല്ലപ്പെടുന്നതും.—൧൯ യുദ്ധ ആ
ളുകൾ ഇന്നപ്രകാരം ശുദ്ധീകരിക്കപ്പെടെണ
മെന്നുള്ളതും.—൨൫ അപഹൃതം ഇന്നപ്രകാ
രം വിഭാഗിക്കപ്പെടെണമെന്നുള്ളതും.

പിന്നെയും യഹൊവാ മൊശെ
യൊട സംസാരിച്ച, പറഞ്ഞു;
൨ യിസ്രാഎൽ പുത്രന്മാൎക്കായി
കൊണ്ട മിദിയാനിക്കാരൊട പ്രതി
ക്രിയ ചെയ്ക: പിന്നത്തെതിൽ നീ
നിന്റെ ജനത്തൊട ചെൎക്കപ്പെടും.
൩ അപ്പൊൾ മൊശെ ജനത്തൊ
ട സംസാരിച്ച, പറഞ്ഞു, നിങ്ങളി
ൽ ചിലരെ യുദ്ധത്തിന ആയുധം
ധരിപ്പിപ്പിൻ, അവർ മിദിയാനി
ക്കാരുടെ നെരെ പുറപ്പെട്ട, യഹൊ
വായിക്കവെണ്ടി മിദിയാനൊട പ്ര
തിക്രിയ ചെയ്യട്ടെ.
൪ നിങ്ങൾ യിസ്രാഎലിന്റെ എ
ല്ലാ ഗൊത്രങ്ങളിലും ഒരൊ ഗൊത്ര
ത്തിൽനിന്ന ആയിരം പെരെ യു
ദ്ധത്തിന അയക്കെണം.
൫ അപ്രകാരം തന്നെ യിസ്രാ
എലിന്റെ ആയിരങ്ങളിൽനിന്ന
ഒരൊ ഗൊത്രത്തിൽ ആയിരം പെ
ർ വീതം പന്തീരായിരം പെർ യു
ദ്ധത്തിന ആയുധം ധരിച്ചവരാ
യി, എല്പിക്കപ്പെട്ടു.
൬ അപ്പൊൾ മൊശെ യുദ്ധത്തിന,

അവരെ [ഒരൊ] ഗൊത്രത്തിൽനി
ന്ന ആയിരം പെരായി അവരെ
യും ആചാൎയ്യനായ എലയാസാറി
ന്റെ പുത്രനായ ഫിനിഹാസിനെ
യും യുദ്ധത്തിന, ശുദ്ധമുള്ള ആയു
ധങ്ങളൊടും, ഊതുവാൻ അവ
ന്റെ കയ്യിൽ കാഹളങ്ങളൊടും കൂ
ടെ, അയച്ചു.
൭ യഹൊവാ മൊശെയൊട ക
ല്പിച്ച പ്രകാരം തന്നെ അവർ മി
ദിയാനിക്കാരൊട യുദ്ധം ചെയ്തു,
അവർ ആണുങ്ങളെ എല്ലാവരെ
യും കൊന്നു.
൮ കൊല്ലപ്പെട്ടവരെ കൂടാതെ, അ
വർ മിദിയാനിലെ രാജാക്കന്മാരാ
യ ഏവിയെയും, റെക്കെമിനെയും,
സൂറിനെയും, ഹൂറിനെയും, റെബാ
യെയും, ഇങ്ങിനെ മിദിയാനിലെ
അഞ്ചു രാജാക്കന്മാരെയുംകൂടെ കൊ
ന്നു: ബെയൊറിന്റെ പുത്രനായ
ബിലയാമിനെയും അവർ വാളു
കൊണ്ട കൊന്നു.
൯ യിസ്രാഎൽ പുത്രന്മാർ മിദി
യാനിലെ സ്ത്രീകളെയും, അവരു
ടെ കുഞ്ഞങ്ങളെയും [എല്ലാം] അ
ടിമപ്പെടുത്തി, അവരുടെ എല്ലാ മൃ
ഗങ്ങളെയും, അവരുടെ എല്ലാ ആ
ട്ടിൻ കൂട്ടങ്ങളെയും, അവരുടെ എ
ല്ലാ വസ്തുക്കളെയും, കൊള്ളയിട്ട എ
ടുത്തു.
൰ അവർ പാൎത്തിരുന്ന അവരു
ടെ സകല നഗരങ്ങളെയും, അവ
രുടെ വിശെഷമായുള്ള എല്ലാ കൊ
ട്ടകളെയും അവർ അഗ്നികൊണ്ട
ചുട്ടുകളഞ്ഞു.
൰൧ അവർ മനുഷ്യരും മൃഗങ്ങ
ളുമായിട്ടുള്ള എല്ലാ അപഹൃതത്തെ
യും, എല്ലാ കവൎച്ചകളെയും കൂട്ടികൊ
ണ്ടു.
൰൨ അവർ അടിമപ്പെട്ടവരെയും,
കവൎച്ചയെയും, അപഹൃതത്തെയും,
യെറിഹൊയിക്ക സമീപത്ത, യ
ൎദ്ദെന്ന അരികെയുള്ള മൊവാബി
ലെ സമഭൂമികളിൽ പാളയത്തിലെ
ക്ക മൊശെയുടെ അടുക്കലും, ആ
ചാൎയ്യനായ എലയാസാറിന്റെ അ
ടുക്കലും, യിസ്രാഎൽ പുത്രന്മാരുടെ
സംഘത്തിന്റെ അടുക്കലും കൊ
ണ്ടുവന്നു.
൰൩ ¶ അപ്പൊൾ മൊശെയും,
ആചാൎയ്യനായ എലയാസാറും, സം
ഘത്തിലെ എല്ലാ പ്രഭുക്കന്മാരും, അ
വരെ എതിരെല്പാനായിട്ട പാളയ
ത്തിൽനിന്ന പുറത്ത ചെന്നു.
൰൪ എന്നാൽ മൊശെ യുദ്ധത്തി
ൽനിന്ന വന്നിട്ടുള്ള ആയിരം പെ
ൎക്ക അധിപതിമാരും, നൂറപെൎക്ക അ
ധിപതിമാരും ആയ സൈന്യ വി
ചാരക്കാരൊട കൊപിച്ചു.
൰൫ പിന്നെ മൊശെ അവരൊ
ട പറഞ്ഞു, നിങ്ങൾ സ്ത്രീകളെ എ
ല്ലാം ജീവനൊടെ രക്ഷിച്ചുവൊ?
൰൬ ഇതാ, ഇവർ പെയൊറി
ന്റെ സംഗതിയിൽ ബിലയാമി
ന്റെ ആലൊചനയാൽ യഹൊ
വായിക്ക വിരൊധമായി യിസ്രാ
എൽ പുത്രന്മാരെ അകൃത്യം ചെയ്യുമാ
റാക്കി, യഹൊവായുടെ സംഘത്തി
ന ഇടയിൽ ബാധയും ഉണ്ടായി.
൰൭ അതകൊണ്ട ഇപ്പൊൾ കു
ഞ്ഞങ്ങളിലുള്ള എല്ലാ ആണുങ്ങളെ
യും കൊല്ലുവിൻ, പുരുഷനൊട കൂ
ടെ ശയിച്ച കൊണ്ട മനുഷ്യനെ
അറിഞ്ഞിട്ടുള്ള എല്ലാ സ്ത്രീകളെയും
കൊല്ലുവിൻ.
൰൮ എന്നാൽ പുരുഷനൊട കൂ
ടെ ശയിച്ച അവനെ അറിഞ്ഞിട്ടി
ല്ലാത്ത പെൺകുഞ്ഞങ്ങളെ നിങ്ങ
ൾക്കായിട്ട ജീവനൊടെ രക്ഷിപ്പി
ൻ.

൧൯ പിന്നെ നിങ്ങൾ എഴ ദിവ
സം പാളയത്തിന പുറത്ത പാൎപ്പി
ൻ; വല്ലവനെയും കൊന്നവനും,
കൊല്ലപ്പെട്ടവനെ തൊട്ടവനും എ
ല്ലാം മൂന്നാം ദിവസവും എഴാം ദിവ
സവും നിങ്ങളെ തന്നെയും, നിങ്ങ
ളുടെ അടിമപ്പെട്ടവരെയും ശുദ്ധിക
രിപ്പിൻ.
൨൦ [നിങ്ങളുടെ] സകല വസ്ത്ര
ത്തെയും, തൊൽ കൊണ്ടുള്ള സക
ല പാത്രത്തെയും, വെള്ളാട്ടിൻ രൊ
മം കൊണ്ടുള്ള സകല പണിയെ
യും, സകല മര പാത്രങ്ങളെയും,
ശുദ്ധിയാക്കുകയും ചെയ്യിൻ.
൨൧ അപ്പൊൾ ആചാൎയ്യനായ
എലയാസാർ യുദ്ധത്തിന പൊയി
ട്ടുള്ള യുദ്ധ മനുഷ്യരൊട പറഞ്ഞു,
യഹൊവാ മൊശെയൊട കല്പിച്ചി
ട്ടുള്ള ന്യായപ്രമാണ നിയമം ഇത
[ആകുന്നു.]
൨൨ എന്നാലും പൊന്ന, വെള്ളി,
പിച്ചള, ഇരിമ്പ, വെളുത്തീയം, കാ
രീയം, മുതലായി,
൨൩ അഗ്നിയെ സഹിക്കാകുന്ന ഒ
രൊ സാധനത്തെ നിങ്ങൾ അഗ്നി
യിൽ കൂട്ടി കടത്തെണം, എന്നാൽ
അത ശുദ്ധിയായിരിക്കും: എങ്കിലും
അത പുണ്യാഹ വെള്ളത്താൽ ശു
ദ്ധികരിക്കപ്പെടെണം: അഗ്നിയെ
സഹിക്കാത്തതിനെ എല്ലാം നിങ്ങൾ
വെള്ളത്തിൽ കൂട്ടി കടത്തെണം.
൨൪ പിന്നെ നിങ്ങൾ എഴാം നാ
ളിൽ നിങ്ങളുടെ വസ്ത്രങ്ങളെ അല
ക്കി, നിങ്ങൾ ശുദ്ധിയുള്ളവരായി
രിക്കെണം: അതിന്റെ ശെഷം നി
ങ്ങൾ പാളയത്തിലെക്ക വരികയും
വെണം.
൨൫ ¶ പിന്നെയും യഹൊവാ
മൊശെയൊട സംസാരിച്ചു, പറ
ഞ്ഞു;
൨൬ നീയും ആചാൎയ്യനായ എല
യാസാരും, സംഘത്തിൽ പ്രധാന
പിതാക്കന്മാരും, മനുഷ്യരിലും മൃഗ
ങ്ങളിലും പിടിച്ചു കൊണ്ടുവരപ്പെട്ട
അപഹൃതത്തിന്റെ തുക നൊക്കി;
൨൭ യുദ്ധം എററ, യുദ്ധത്തിന
പുറപ്പെട്ടവൎക്കും, സകല സംഘത്തി
നുമായിട്ട അപഹൃതത്തെ രണ്ട ഒ
ഹരിയായി വിഭാഗിപ്പിൻ.
൨൮ യുദ്ധത്തിന പുറപ്പെട്ട, യു
ദ്ധ മനുഷ്യരിൽനിന്ന യഹൊവാ
യിക്ക ഒഹരിയായിട്ട, മനുഷ്യരിലും,
മാടുകളിലും, കഴുതകളിലും, ആടുക
ളിലും, അഞ്ഞൂററിൽ ഒരു ജീവനെ
വരിയിടുകയും ചെയ്യിൻ.
൨൯ അവരുടെ പാതിയിൽനിന്ന
[അതിനെ] എടുത്ത, യഹൊവായി
ക്ക ഉയൎത്തപ്പെടുന്ന വഴിപാടായി
ട്ട ആചാൎയ്യനായ എലയാസാറിന
കൊടുപ്പിൻ.
൩൦ എന്നാൽ യിസ്രാഎൽ പുത്ര
ന്മാരുടെ പാതിയിൽനിന്ന മനുഷ്യ
രിലും, മാടുകളിലും, കഴുതകളിലും,
ആടുകളിലും, സകല വിധ മൃഗങ്ങ
ളിലും, അമ്പതിൽ ഒരു ഒഹരിയെ
നീ എടുത്ത, അവയെ യഹൊവാ
യുടെ കൂടാരത്തിൽ കാവൽ കാക്കു
ന്ന ലെവിയൎക്ക കൊടുക്കെണം.
൩൧ യഹൊവാ മൊശെയൊട ക
ല്പിച്ച പ്രകാരം തന്നെ, മൊശെ
യും എലയാസാരും ചെയ്തു.
൩൨ യുദ്ധ മനുഷ്യർ അടക്കീട്ടുള്ള
അപഹൃതത്തിൽ ശെഷിപ്പായ കൊ
ള്ള അറുനൂറായിരത്ത എഴുപത്ത അ
യ്യായിരം ആടുകളും,
൩൩ എഴുപത്തീരായിരം മാടുകളും,
൩൪ അറുപത്ത ഒരായിരം കഴുത
കളും,
൩൫ പുരുഷനൊട കൂടെ ശയി
ച്ചു അവനെ അറിഞ്ഞിട്ടില്ലാത്ത

സ്ത്രീകളിൽ എല്ലാം കൂടി മുപ്പത്തീരായിരം പെരും ആയിരുന്നു.

൩൬ യുദ്ധത്തിന പുറപ്പെട്ടവരുടെ ഒഹരിയായ പാതി, എണ്ണത്തിൽ മൂന്ന നൂറായിരത്ത മുപ്പത്തെഴായിരത്ത അഞ്ഞൂറ ആടുകൾ ആയിരുന്നു:

൩൭ ആടുകളിൽ യഹൊവായിക്കുള്ള വരി അറുനൂററ എഴുപത്തഞ്ചു ആയിരുന്നു.

൩൮ ആടുമാടുകൾ മുപ്പത്ത ആറായിരം; അവയിൽ യഹൊവായിക്കുള്ള വരി എഴുപത്ത രണ്ട [ആയിരുന്നു.]

൩൯ കഴുതകൾ മുപ്പതിനായിരത്ത അഞ്ഞൂറ; അവയിൽ യഹൊവായിക്കുള്ള വരി അറുപത്തൊന്ന [ആയിരുന്നു.]

൪൦ ആളുകൾ പതിനാറായിരം പെർ; അവരിൽ യഹൊവായിക്കുള്ള വരി മുപ്പത്ത രണ്ട പെർ [ആയിരുന്നു.]

൪൧ മൊശെ യഹൊവായുടെ ഉയർത്തപ്പെടുന്ന വഴിപാടായിരുന്ന വരിയെ, യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം, ആചാര്യനായ എലയാസാറിന കൊടുത്തു,

൪൨ മൊശെ യുദ്ധം ചെയ്യു മനുഷ്യരിൽനിന്ന വിഭാഗിച്ച കൊടുത്തവയായ യിസ്രാഎൽ പുത്രന്മാരുടെ പാതിയിലൊ,

൪൩ (എന്നാൽ സംഘത്തിനുള്ള പാതി മൂന്ന നൂറായിരത്ത മുപ്പത്തെഴായിരത്ത അഞ്ഞൂറ ആടുകളും,

൪൪ മുപ്പത്താറായിരം മാടുകളും,

൪൫ മുപ്പതിനായിരത്ത അഞ്ഞൂറ കഴുതകളും,

൪൬ പതിനാറായിരം ആളുകളും ആയിരുന്നു;)

൪൭ യിസ്രാഎൽ പുത്രന്മാരുടെ പാതിയിൽനിന്ന തന്നെ മൊശെ മനുഷ്യരിലും, മൃഗങ്ങളിലും, അമ്പതിൽ ഒര ഒഹരിയെ എടുത്ത, യഹൊവാ മൊശെയൊട കല്പിച്ച പ്രകാരം, യഹൊവായുടെ കൂടാരത്തിൽ കാവൽ കാത്ത ലെവിയക്കാൎക്ക അവയെ കൊടുത്തു.

൪൮ ¶ പിന്നെ സൈന്യത്തിൽ ആയിരങ്ങളുടെ മെലുള്ള വിചാരക്കാരായ, ആയിരം പെൎക്ക അധിപതിമാരും, നൂറ പെൎക്ക അധിപതിമാരും, മൊശെയുടെ അടുക്കൽ വന്നു:

൪൯ അവർ മൊശെയൊട പറഞ്ഞു, നിന്റെ ദാസന്മാർ ഞങ്ങളുടെ കീഴിൽ ഉള്ള യുദ്ധ മനുഷ്യരുടെ തുക നൊക്കി, എന്നാൽ ഞങ്ങളിൽ ഒരുത്തനും കുറഞ്ഞിട്ടില്ല.

൫൦ അതുകൊണ്ട ഞങ്ങൾ യഹൊവായുടെ മുമ്പാകെ ഞങ്ങളുടെ ആത്മാക്കൾക്ക പാപപരിഹാരം ചെയ്യാനായിട്ട, ഒരൊരുത്തന കിട്ടിയ പൊന്നാഭരണങ്ങളായ മാലകളെയും, കൈവളകളെയും, മൊതിരങ്ങളെയും, കുണുക്കുകളെയും, കടകങ്ങളെയും, യഹൊവായിക്ക വഴിപാടായിട്ട കൊണ്ടുവന്നിരിക്കുന്നു.

൫൧ അപ്പൊൾ മൊശെയും ആചാര്യനായ എലയാസാറും എല്ലാവിധ പണിയുമുള്ള ആഭരണങ്ങളായ പൊന്നിനെ അവരിൽനിന്ന വാങ്ങി.

൫൨ ആയിരം പെൎക്ക അധിപതിമാരിൽനിന്നും, നൂറ പെൎക്ക അധിപതിമാരിൽനിന്നും, അവർ യഹൊവായിക്ക കഴിച്ച വഴിപാടിനുള്ള പൊന്ന എല്ലാം കൂടി പതിനാറായിരത്ത എഴുനൂററ അമ്പത ശെക്കൽ ആയിരുന്നു.

൫൩ (എന്തെന്നാൽ യുദ്ധ മനുഷ്യർ ഒരൊരുത്തൻ അവനവന്നാ

യിട്ട കൊള്ളയിട്ട എടുത്തിട്ടുണ്ടായി
രുന്നു.)
൫൪ പിന്നെ മൊശെയും, ആ
ചാൎയ്യനായ എലയാസാറും, ആയി
രം പെൎക്കും, നൂറ പെൎക്കും അധി
പതിമാരിൽനിന്ന ആ പൊന്നിനെ
വാങ്ങി, യഹൊവായുടെ മുമ്പാകെ
യിസ്രാഎൽ പുത്രന്മാൎക്ക ഒൎമ്മെക്കാ
യിട്ട സംഘത്തിന്റെ കൂടാരത്തി
ലെക്ക അതിനെ കൊണ്ടുപൊയി

൩൨ അദ്ധ്യായം.

രൂബൻകാരും ഗാദകാരും യൎദ്ദെന്ന ഇക്കരെ തങ്ങളുടെ അവകാശത്തെ യാചിക്കുന്നത.

എന്നാൽ രൂബന്റെ പുത്രന്മാ
ൎക്കും ഗാദിന്റെ പുത്രന്മാൎക്കും ആട്ട
മാട്ടുകളുടെ കൂട്ടം എത്രയും വളരെ ഉ
ണ്ടായിരുന്നു: അവർ യാസെർദെ
ശത്തെയും, ഗിലയാദ ദെശത്തെ
യും, ഇതാ, ആ സ്ഥലം ആട്ടമാട്ട
കൾക്ക കൊള്ളാകുന്ന സ്ഥലം എ
ന്ന കണ്ടപ്പൊൾ,
൨ ഗാദിന്റെ പുത്രന്മാരും രൂബ
ന്റെ പുത്രന്മാരും വന്ന, മൊശെ
യൊടും, ആചാൎയ്യനായ എലയാ
സാറിനൊടും, സംഘത്തിലെ പ്രഭു
ക്കന്മാരൊടും സംസാരിച്ചു,പറഞ്ഞു;
൩ അതാറൊത്തും, ദിബൊനും, യാ
സെറും, നിമ്രായും, ഹെശ്ബൊനും,
എലെയാലെയും, ശെബാമും, നെ
ബൊയും, ബെയൊനും എന്ന,
൪ യഹൊവാ യിസ്രാഎൽ സം
ഘത്തിന മുമ്പിൽ നശിപ്പിച്ച നാ
ട തന്നെ, ആട്ടമാട്ടുകൾക്ക കൊള്ളാ
കുന്ന ദെശം [ആകുന്നു,] നിന്റെ
ദാസന്മാൎക്ക ആട്ടമാട്ടുകളും ഉണ്ട;
൫ അതകൊണ്ട ഞങ്ങൾക്ക നി
ന്റെ മുമ്പാകെ ദയ ലഭിച്ചിട്ടുണ്ട
എങ്കിൽ, ഈ ദെശം നിന്റെ ദാസ
ന്മാൎക്ക അനുഭവമായിട്ട നൽകപ്പെ
ടെണം, ഞങ്ങളെ യൎദ്ദെന്ന അക്ക
രെ കടന്ന പൊകുമാറാക്കരുത എ
ന്ന അവർ പറഞ്ഞു.
൬ അപ്പൊൾ മൊശെ ഗാദിന്റെ
പുത്രന്മാരൊടും രൂബന്റെ പുത്ര
ന്മാരൊടും പറഞ്ഞു, നിങ്ങളുടെ സ
ഹൊദരന്മാർ യുദ്ധത്തിന പൊക
യും നിങ്ങൾ ഇവിടെ ഇരിക്കയും
ചെയ്യുമൊ?
൭ യഹൊവാ യിസ്രാഎൽ പുത്ര
ന്മാൎക്ക കൊടുത്തിട്ടുള്ള ദെശത്തെക്ക
അവർ കടക്കാതെ ഇരിക്കുന്നതിന
നിങ്ങൾ അവരുടെ ഹൃദയത്തെ
ധൈൎയ്യമില്ലാതാക്കുന്നത എന്തിന?
൮ നിങ്ങളുടെ പിതാക്കന്മാർ, ഞാ
ൻ അവരെ ദെശത്തെ കാണുന്ന
തിന കാദെശ ബൎന്നെയായിൽനി
ന്ന അയച്ചപ്പൊൾ, ഇപ്രകാരം ത
ന്നെ ചെയ്തു.
൯ എന്തെന്നാൽ അവർ എശ്ക്കൊ
ലിന്റെ താഴ്വര വരെക്കും ചെന്ന,
ദെശത്തെ കണ്ടപ്പൊൾ, യഹൊ
വാ യിസ്രാഎൽ പുത്രന്മാൎക്ക കൊട
ത്തിട്ടുള്ള ദെശത്തെക്ക അവർ പൊ
കാതെ ഇരിക്കുന്നതിന അവരുടെ
ഹൃദയത്തെ ധൈൎയ്യമില്ലാതാക്കി.
൧൦ അപ്പൊൾ യഹൊവായുടെ
കൊപം അന്നാളിൽ ജ്വലിച്ചു; അ
വൻ ആണയിട്ട പറഞ്ഞത എന്തെ
ന്നാൽ;
൧൧ കെനിസായക്കാരനായി, യെ
ഫുന്നെയുടെ പുത്രനായ ഖാലെ
ബും,നൂന്റെപുത്രനായ യൊശുവാ
യും യഹൊവായെ മുഴുവനും പിന്തു
ടൎന്നതകൊണ്ട, അവർ അല്ലാതെ,
൧൨ മിസ്രയിമിൽനിന്ന വന്നിട്ടു
ള്ള ഇരുപത വയസ്സ മുതൽ മെലാ
യുള്ള മനുഷ്യരിൽ ഒരുത്തനും, ഞാ
ൻ അബ്രഹാമിനും, യിസ്സാക്കി
നും, യാക്കൊബിനും ആണയിട്ടിട്ടു

ള്ള ദെശത്തെ കാണുകയില്ല നിശ്ച
യം; എന്തുകൊണ്ടെന്നാൽ അവർ
എന്നെ മുഴുവനും പിന്തുടൎന്നിട്ടില്ല.
൧൩ പിന്നെ യഹൊവായുടെ
കൊപം യിസ്രാഎലിന നെരെ ജ്വ
ലിച്ചു; യഹൊവായുടെ മുമ്പാകെ
ദൊഷം ചെയ്ത സന്തതി എല്ലാം
നശിക്കപ്പെട്ടുത വരെയും, അവൻ
നാല്പത സംവത്സരം അവരെ വ
നത്തിൽ അലയുമാറാക്കുകയും ചെ
യ്തു.
൧൪ എന്നാൽ, ഇതാ, നിങ്ങൾ യി
സ്രാഎലിന നെരെ യഹൊവായു
ടെ അതികൊപത്തെ ഇനിയും വ
ൎദ്ധിപ്പിക്കുന്നതിന നിങ്ങളുടെ പി
താക്കന്മാൎക്ക പകരം നിങ്ങൾ പാ
പമുള്ള മനുഷ്യരുടെ സമൂഹമായി
പുറപ്പെട്ടിരിക്കുന്നു.
൧൫ എന്തെന്നാൽ നിങ്ങൾ അ
വന്റെ പിറകിൽനിന്ന തിരിച്ചു
പൊയാൽ, അവൻ ഇനിയും അ
വരെ വനത്തിൽ വിട്ടുകളയും; നി
ങ്ങൾ ഈ ജനത്തെ എല്ലാം നശി
പ്പിക്കയും ചെയ്യും.
൧൬ ¶ പിന്നെ അവർ അവന്റെ
അടുക്കൽ ചെന്ന പറഞ്ഞു, ഞങ്ങ
ൾ ഇവിടെ ഞങ്ങളുടെ ആടുമാടുക
ൾക്ക തൊഴുത്തുകളെയും, ഞങ്ങളു
ടെ കുട്ടികൾക്കായിട്ട നഗരങ്ങളെ
യും പണിയിക്കും:
൧൭ എന്നാലും ഞങ്ങൾ യിസ്രാ
എൽ പുത്രന്മാരെ അവരുടെ സ്ഥ
ലത്തെക്ക കൊണ്ടുപൊയാക്കുന്ന
തവരെ ഞങ്ങൾ തന്നെ അവൎക്ക മു
മ്പായി ഒരുങ്ങി ആയുധം ധരിച്ച
വരായി പൊകും: എന്നാൽ ഞങ്ങ
ളുടെ കുട്ടികൾ ദെശത്തെ കുടിയിരിക്കു
ന്നവരുടെ നിമിത്തം കൊട്ടയുള്ള ന
ഗരങ്ങളിൽ വസിക്കും.
൧൮ യിസ്രാഎൽ പുത്രന്മാർ ഒ
രൊരുത്തൻ അവനവന്റെ അവ
കാശത്തെ അനുഭവിക്കുന്നതവരെ
ഞങ്ങൾ ഞങ്ങളുടെ ഭവനങ്ങളിലെ
ക്ക തിരികെ പൊരികയില്ല.
൧൯ എന്തെന്നാൽ ഞങ്ങൾ അ
വരൊട കൂടെ യൎദ്ദെന്ന അക്കരെ
എങ്കിലും, അപ്പുറം എങ്കിലും [അവ
കാശം] അനുഭവിക്കയില്ല: എന്ത
കൊണ്ടെന്നാൽ യൎദ്ദെന്ന ഇക്കരെ
കിഴക്ക ഞങ്ങൾക്ക ഞങ്ങളുടെ അ
വകാശം ഉണ്ട.
൨൦ അപ്പൊൾ മൊശെ അവരൊ
ട പറഞ്ഞു, നിങ്ങൾ ഈ കാൎയ്യത്തെ
ചെയ്യും എങ്കിൽ, നിങ്ങൾ യഹൊ
വായിക്ക മുമ്പാകെ യുദ്ധത്തിന
ആയുധം ധരിച്ചു പുറപ്പെട്ട,
൨൧ യഹൊവാ തന്റെ മുമ്പിൽ
നിന്ന തന്റെ ശത്രുക്കളെ ഒടിച്ചു
കളയുവൊളവും, നിങ്ങൾ എല്ലാവ
രും അവന്റെ മുമ്പാകെ ആയുധം
ധരിച്ചു, യൎദ്ദെന്ന അക്കരെ കടന്ന
പൊകും എങ്കിൽ,
൨൨ ദെശവും യഹൊവായിക്ക മു
മ്പാകെ കീഴമൎന്നാൽ, അതിന്റെ
ശെഷം നിങ്ങൾ തിരികെ വന്ന,
യഹൊവായിക്ക മുമ്പാകെയും യി
സ്രാഎലിന മുമ്പാകെയും കുററമി
ല്ലാത്തവരാകും; അപ്പൊൾ ഈ ദെ
ശം യഹൊവായിക്ക മുമ്പാകെ നി
ങ്ങളുടെ അനുഭവം ആയിരിക്കും.
൨൩ എന്നാൽ നിങ്ങൾ ഇപ്രകാ
രം ചെയ്കയില്ല എങ്കിൽ, ഇതാ, യ
ഹൊവായിക്ക വിരൊധമായി നി
ങ്ങൾ പാപം ചെയ്തിരിക്കുന്നു, നി
ങ്ങളുടെ പാപം നിങ്ങളെ കണ്ടെ
ത്തും എന്നും അറിഞ്ഞുകൊൾവിൻ.
൨൪ നിങ്ങൾ നിങ്ങളുടെ കുട്ടിക
ൾക്കായിട്ട നഗരങ്ങളെയും, നിങ്ങ
ളുടെ ആടുകൾക്കായിട്ട തൊഴുത്തുക
ളെയും പണിയിച്ചു, നിങ്ങളുടെ വാ

യിൽനിന്ന പുറപ്പെട്ടതിനെ ചെ
യ്തിൻ.
൨൫ പിന്നെ ഗാദിന്റെ പുത്ര
ന്മാരും രുബെന്റെ പുത്രന്മാരും മൊ
ശെയൊട സംസാരിച്ച പറഞ്ഞു,
നിന്റെ ദാസന്മാർ, എന്റെ യജ
മാനൻ കല്പിക്കുന്ന പ്രകാരം, ചെ
യ്യും.
൨൬ ഞങ്ങളുടെ കുട്ടികളും, ഞങ്ങ
ളുടെ ഭാൎയ്യമാരും, ഞങ്ങളുടെ ആട്ടി
ൻ കൂട്ടങ്ങളും, ഞങ്ങളുടെ സകല മൃ
ഗങ്ങളും, അവിടെ ഗിലയാദിലെ
നഗരങ്ങളിൽ ഇരിക്കും.
൨൭ എന്നാൽ നിന്റെ ദാസന്മാ
ർ, എന്റെ യജമാനൻ പറയുന്ന
പ്രകാരം തന്നെ, ഒരൊരുത്തൻ യു
ദ്ധത്തിനായിട്ട ആയുധം ധരിച്ച,
യഹൊവായുടെ മുമ്പാകെ യുദ്ധ
ത്തിന കടന്ന പൊകും.
൨൮ ആകയാൽ മൊശെ അവ
രെ കുറിച്ച ആചാൎയ്യനായ എല
യാസാറിനൊടും, നൂന്റെ പുത്രനാ
യ യൊശുവായൊടും, യിസ്രാഎ
ൽ പുത്രന്മാരുടെ ഗൊത്രങ്ങളിലെ
പ്രധാന പിതാക്കന്മാരൊടും കല്പി
ച്ചു.
൨൯ പിന്നെ മൊശെ അവരൊ
ട പറഞ്ഞു, ഗാദിന്റെ പുത്രന്മാരും
രുബെന്റെ പുത്രന്മാരും, ഒരൊരു
ത്തൻ യഹൊവായുടെ മുമ്പാകെ
യുദ്ധത്തിന ആയുധം ധരിച്ച, നി
ങ്ങളൊട കൂടെ യൎദ്ദെന്ന അക്കരെ
കടന്ന പൊകയും, ദെശം നിങ്ങളു
ടെ മുമ്പാകെ കീഴടക്കപ്പെടുകയും
ചെയ്യാൽ, അപ്പൊൾ നിങ്ങൾ അ
വൎക്ക ഗിലയാദ ദെശത്തെ അനു
ഭവമായി കൊടുക്കെണം.
൩൰ എന്നാൽ അവർ നിങ്ങളൊ
ട കൂടെ ആയുധം ധരിച്ച, അക്കരെ
ക്ക കടക്കാതെ ഇരുന്നാൽ, അവൎക്ക

നിങ്ങളുടെ ഇടയിൽ കനാൻ ദെ
ശത്ത അനുഭവം ഉണ്ടായിരിക്കെ
ണം.
൩൧ അപ്പൊൾ ഗാദിന്റെ പുത്ര
ന്മാരും രുബെന്റെ പുത്രന്മാരും ഉ
ത്തരമായിട്ട പറഞ്ഞു, യഹൊവാ
നിന്റെ ദാസന്മാരൊട പറഞ്ഞ
പ്രകാരം തന്നെ ഞങ്ങൾ ചെയ്യും.
൩൨ യൎദ്ദെന ഇക്കരെ ഞങ്ങളുടെ
അവകാശത്തിന്റെ അനുഭവം ഞ
ങ്ങൾക്ക ഉള്ളതാകെണ്ടുന്നതിന ഞ
ങ്ങൾ യഹൊവായുടെ മുമ്പാകെ
ആയുധം ധരിച്ച, കനാൻ ദെശ
ത്തെക്ക കടന്ന പൊകും.
൩൩ അപ്പൊൾ മൊശെ അവ
ൎക്ക, ഗാദിന്റെ പുത്രന്മാൎക്കും, രുബെ
ന്റെ പുത്രന്മാൎക്കും, യൊസെഫി
ന്റെ പുത്രനായ മനശ്ശെയുടെ പാ
തി ഗൊത്രത്തിനും, അമൊറായക്കാ
രുടെ രാജാവായ സീഹൊന്റെ രാ
ജ്യവും, ബാശാന്റെ രാജാവായ
ഒഗിന്റെ രാജ്യവും ആയ ദെശ
ത്തെയും, അതിന്റെ നഗരങ്ങളൊ
ട കൂടെ അതൃത്തികളിൽ ചുറ്റുമുള്ള
ദെശത്തിലെ നഗരങ്ങളെയും കൊ
ടുത്തു.
൩൪ പിന്നെ ഗാദിന്റെ പുത്ര
ന്മാർ ദിബൊനെയും, അതാറൊ
ത്തിനെയും, ആറൊയെറിനെയും,
൩൫ അത്രൊത്തിനെയും, ശൊ
ഫാനെയും, യാസെറിനെയും, യൊ
ഗ്ബെഹായെയും,
൩൬ ബെതനിമ്രായെയും, ബെ
തഹാറാനെയും, കൊട്ടയുള്ള നഗര
ങ്ങളായിട്ടും, ആട്ടുകൾക്ക തൊഴുത്തു
കളെയും പണിയിച്ചു.
൩൭ രുബെന്റെ പുത്രന്മാർ ഹെ
ഷ്ബൊനെയും, എലെയാലെയെയും,
കിറിയാത്തായിമിനെയും,
൩൮ [പെരുകൾ മാററപ്പെട്ട,]നെ

ബെയൊയെയും, ബാൽമെയൊനെയും, ശിബ്മായെയും പണിയിച്ചു, അവർ പണിയിച്ച നഗരങ്ങൾക്ക മറെറ പെരുകൾ ഇട്ടു.

൩൯ മനശ്ശെയുടെ പുത്രനായ മാഖീറിന്റെ പുത്രന്മാർ ഗിലയാദിന ചെന്ന, അതിനെ അടക്കി, അതിൽ ഇരുന്ന അമൊറായക്കാരനെ ആട്ടികളഞ്ഞു.

൪൦ അപ്പൊൾ മൊശെ ഗിലയാദിനെ മനശ്ശെയുടെ പുത്രനായ മാഖീറിന കൊടുത്തു; പിന്നെ അവൻ അതിൽ കുടിയിരുന്നു.

൪൧ മനശ്ശെയുടെ പുത്രനായ യായിർ ചെന്ന, അതിലെ ചെറിയ ഗ്രാമങ്ങളെ അടക്കി, അവെക്ക ഹാവൊത്തയായിർ എന്ന പെർ വിളിച്ചു.

൪൨ പിന്നെ നൊബാഹ ചെന്ന, കെനാതിനെയും, അതിലെ ഗ്രാമങ്ങളെയും അടക്കി, അതിന തന്റെ നാമപ്രകാരം നൊബാഹ എന്ന പെർ വിളിച്ചു.

൩൩ അദ്ധ്യായം.

൧ യിസ്രാഎൽ പുത്രന്മാരുടെ നാല്പത്ത രണ്ട യാത്രകൾ.—൫൦. കനാനായക്കാർ നശിപ്പിക്കപ്പെടെണ്ടുന്നത.

മൊശെയുടെയും അഹറൊന്റെയും കൈക്കീഴായി തങ്ങളുടെ സെനകളൊട കൂടെ മിസ്രയിം ദെശത്തനിന്ന പുറപ്പെട്ട യിസ്രാഎൽ പുത്രന്മാരുടെ യാത്രകൾ ഇവ.

൨ മൊശെ യഹൊവായുടെ കല്പന പ്രകാരം, അവരുടെ യാത്രകൾക്കതക്കവണ്ണം അവരുടെ പുറപ്പാടുകളെ എഴുതി; അവരുടെ പുറപ്പാടുകളിൻ പ്രകാരം അവരുടെ യാത്രകൾ ഇവ [ആകുന്നു.]

൩ ഒന്നാം മാസത്തിൽ അവർ ഒന്നാം മാസം പതിനഞ്ചാം തിയ്യതി റമസെസിൽനിന്ന പുറപ്പെട്ടു: പെസഹാ കഴിഞ്ഞ പിറെറ ദിവസം, യിസ്രാഎൽ പുത്രന്മാർ സകല മിസ്രയക്കാരുടെയും മുമ്പാകെ ഉയൎന്ന കയ്യൊടെ പുറപ്പെട്ടു.

൪ (എന്തെന്നാൽ മിസ്രയക്കാർ യഹൊവാ തങ്ങളുടെ ഇടയിൽ സംഹരിച്ചിട്ടുള്ള കടിഞ്ഞൂലിനെ എല്ലാം കുഴിച്ചിട്ടു: അവരുടെ ദെവന്മാരുടെ മെലും യഹൊവാ ന്യായവിധികളെ നടത്തി.)

൫ യിസ്രാഎൽ പുത്രന്മാർ റമസെസിൽനിന്ന പുറപ്പെട്ടു, സുഖൊത്തിൽ പാളയമിറങ്ങി.

൬ പിന്നെ അവർ സുഖൊത്തിൽനിന്ന പുറപ്പെട്ടു, വനത്തിന്റെ അറുത്തിയിൽ ഉള്ള എത്താമിൽ പാളയമിറങ്ങി.

൭ പിന്നെ അവർ എത്താമിൽനിന്ന പുറപ്പെട്ടു, ബാൽസെഫൊനിന നെരെയുള്ള പിയഹിറൊതിന തിരിച്ചുവന്നു, അവർ മിഗ്ദൊലിന മുമ്പാകെ പാളയമിറങ്ങി.

൮ അവർ പിയഹിറൊതിന മുമ്പിൽനിന്ന പുറപ്പെട്ടു, സമുദ്രത്തിന്റെ നടുവിൽ കൂടി വനത്തിലെക്ക കടന്നു, എത്താം എന്ന വനത്തിൽ മൂന്ന ദിവസത്തെ വഴി പൊയി, മാറായിൽ പാളയമിറങ്ങി.

൯ പിന്നെ അവർ മാറായിൽനിന്ന പുറപ്പെട്ടു, എലിമിന്ന വന്നു; എന്നാൽ എലിമിൽ പന്ത്രണ്ട നീരുറവകളും എഴുപത ഈന്തവൃക്ഷങ്ങളും ഉണ്ടായിരുന്നു: അവർ അവിടെ പാളയമിറങ്ങി.

൰ പിന്നെ അവർ എലിമിൽനിന്ന പുറപ്പെട്ടു, ചെങ്കടലിന സമീപത്ത പാളയമിറങ്ങി.

൰൧ പിന്നെ അവർ ചെങ്കടലിൽനിന്ന പുറപ്പെട്ടു, സീൻ എന്ന വനത്തിൽ പാളയമിറങ്ങി.

൧൨ പിന്നെ അവർ സീൻ എന്ന വനത്തിൽനിന്ന പുറപ്പെട്ടു, ദൊഫക്കായിൽ പാളയമിറങ്ങി.

൧൩ പിന്നെ അവർ ദൊഫക്കായിൽനിന്ന പുറപ്പെട്ടു, ആലൂശിൽ പാളയമിറങ്ങി.

൧൪ പിന്നെ അവർ ആലൂശിൽനിന്ന പുറപ്പെട്ടു, റഫിദിമിൽ പാളയമിറങ്ങി; അവിടെ ജനത്തിന കുടിപ്പാൻ വെള്ളമില്ലാതെ ഇരുന്നു.

൧൫ പിന്നെ അവർ റഫിദിമിൽനിന്ന പുറപ്പെട്ടു, സീനായി വനത്തിൽ പാളയമിറങ്ങി.

൧൬ അവർ സീനായി വനത്തിൽനിന്ന പുറപ്പെട്ടു, കിബ്രൊത്തഹത്തയവായിൽ പാളയമിറങ്ങി.

൧൭ പിന്നെ അവർ കിബ്രൊത്തഹത്തയവായിൽനിന്ന പുറപ്പെട്ടു, ഹസെറൊത്തിൽ പാളയമിറങ്ങി.

൧൮ പിന്നെ അവർ ഹസെറൊത്തിൽനിന്ന പുറപ്പെട്ടു, റിത്മായിൽ പാളയമിറങ്ങി.

൧൯ പിന്നെ അവർ റിത്മായിൽനിന്ന പുറപ്പെട്ടു, റിമ്മൊൻ പറെസിൽ പാളയമിറങ്ങി.

൨൦ പിന്നെ അവർ റിമ്മൊൻപറെസിൽനിന്ന പുറപ്പെട്ടു, ലിബ്നായിൽ പാളയമിറങ്ങി.

൨൧ അവർ ലിബ്നായിൽനിന്ന പുറപ്പെട്ടു, റിസ്സായിൽ പാളയമിറങ്ങി.

൨൨ പിന്നെ അവർ റിസ്സായിൽനിന്ന പുറപ്പെട്ടു, കെഹെലാതായിൽ പാളയമിറങ്ങി.

൨൩ പിന്നെ അവർ കെഹെലാതായിൽനിന്ന പുറപ്പെട്ടു, ശഫെർ എന്ന മലയിൽ പാളയമിറങ്ങി.

൨൪ പിന്നെ അവർ ശഫെർ എന്ന മലയിൽനിന്ന പുറപ്പെട്ടു, ഹാറാദായിൽ പാളയമിറങ്ങി.

൨൫ പിന്നെ അവർ ഹാറാദായിൽനിന്ന പുറപ്പെട്ടു, മക്കെലൊത്തിൽ പാളയമിറങ്ങി.

൨൬ പിന്നെ അവർ മക്കെലൊത്തിൽനിന്ന പുറപ്പെട്ടു, താഹത്തിൽ പാളയമിറങ്ങി.

൨൭ അവർ താഹത്തിൽനിന്ന പുറപ്പെട്ടു, താറഹിൽ പാളയമിറങ്ങി.

൨൮ അവർ താറഹിൽനിന്ന പുറപ്പെട്ടു, മിതകായിൽ പാളയമിറങ്ങി.

൨൯ അവർ മിതകായിൽനിന്ന പുറപ്പെട്ടു, ഹസ്മൊനായിൽ പാളയമിറങ്ങി.

൩൦ പിന്നെ അവർ ഹസ്മൊനായിൽനിന്ന പുറപ്പെട്ടു, മൊസെറൊത്തിൽ പാളയമിറങ്ങി.

൩൧ പിന്നെ അവർ മൊസെറൊത്തിൽനിന്ന പുറപ്പെട്ടു, ബെനെയാക്കാനിൽ പാളയമിറങ്ങി.

൩൨ പിന്നെ അവർ ബെനെയാക്കാനിൽനിന്ന പുറപ്പെട്ടു, ഹൊർഗിദഗാദിൽ പാളയമിറങ്ങി.

൩൩ പിന്നെ അവർ ഹൊർഗിദഗാദിൽനിന്ന പുറപ്പെട്ടു, യൊത്ബത്തായിൽ പാളയമിറങ്ങി.

൩൪ പിന്നെ അവർ യൊത്ബത്തായിൽനിന്ന പുറപ്പെട്ടു, ഹെബ്രൊനായിൽ പാളയമിറങ്ങി.

൩൫ അവർ ഹെബ്രൊനായിൽനിന്ന പുറപ്പെട്ടു, എസിയൊൻ ഗാബെറിൽ പാളയമിറങ്ങി.

൩൬ പിന്നെ അവർ എസിയൊൻ ഗാബെറിൽനിന്ന പുറപ്പെട്ടു, കാദെശാകുന്ന സീൻ എന്ന വനത്തിൽ പാളയമിറങ്ങി.

൩൭ പിന്നെ അവർ കാദെശിൽനിന്ന പുറപ്പെട്ടു, എദൊം ദെശത്തിന്റെ അതൃത്തിയിൽ ഹൊർ എന്ന പൎവ്വതത്തിൽ പാളയമിറങ്ങി.

൩൮ അപ്പൊൾ ആചാൎയ്യനായ അഹറൊൻ, യഹൊവായുടെ കല്പ

ന പ്രകാരം, ഹൊർ എന്ന പൎവ്വത
ത്തിൽ കരെറി, അവിടെ വെച്ചു,
യിസ്രാഎൽ പുത്രന്മാർ മിസ്രയിം
ദെശത്തനിന്ന പൊന്ന, നാല്പതാം
സംവത്സരത്തിൽ അഞ്ചാം മാസം
ഒന്നാം തിയ്യതി മരിച്ചു.
൩൯ അഹറൊൻ ഹൊർ എന്ന
പൎവ്വതത്തിൽ വെച്ച മരിച്ചപ്പൊൾ,
അവന നൂററിരുപത്ത മൂന്ന വയ
സ്സായിരുന്നു.
൪൰ എന്നാൽ കനാൻ ദെശത്ത തെ
ക്ക കുടിയിരുന്ന കനാനായക്കാരനാ
യ അറാദ രാജാവ യിസ്രാഎൽപു
ത്രന്മാരുടെ വരവിനെ കുറിച്ചു കെട്ടു.
൪൧ പിന്നെ അവർ ഹൊർ എ
ന്ന പൎവ്വതത്തിൽനിന്ന പുറപ്പെട്ട,
സല്മൊനായിൽ പാളയമിറങ്ങി.
൪൨ പിന്നെ അവർ സല്മൊനാ
യിൽനിന്ന പുറപ്പെട്ട, പുനൊനി
ൽ പാളയതിറങ്ങി.
൪൩ പിന്നെ അവർ പുനൊനി
ൽനിന്ന പുറപ്പെട്ട, ഒബൊത്തിൽ
പാളയമിറങ്ങി.
൪൪ പിന്നെ അവർ ഒബൊത്തി
ൽനിന്ന പുറപ്പെട്ട, മൊവാബി
ന്റെ അതൃത്തിയിൽ ഇജ്ജിയ ബാ
റിമിൽ പാളയമിറങ്ങി.
൪൫ പിന്നെ അവർ ഇജ്ജിമിൽനി
ന്ന പുറപ്പെട്ട, ദിബൊൻ ഗാദിൽ
പാളയമിറങ്ങി.
൪൬ പിന്നെ അവർ ദിബൊൻ
ഗാദിൽനിന്ന പുറപ്പെട്ട, അല്മൊ
ൻദിബ്ലാതായിമിൽ പാളയമിറങ്ങി.
൪൭ പിന്നെ അവർ അല്മൊൻ
ദിബ്ലാതായിമിൽനിന്ന പുറപ്പെട്ട,
നെബൊയിക്ക മുമ്പാകെ അബാ
റിം പൎവ്വതങ്ങളിൽ പാളയമിറങ്ങി.
൪൮ പിന്നെ അവർ അബാറിം
പൎവ്വതങ്ങളിൽനിന്ന പുറപ്പെട്ട, യെ
റിഹൊയിക്ക സമീപത്ത യൎദ്ദെന്ന
അരികെ മൊവാബിലെ സമഭൂമി
കളിൽ പാളയമിറങ്ങി.
൪൯ പിന്നെ അവർ യൎദ്ദെന്റെ
സമീപത്ത മൊവാബിന്റെ സമ
ഭൂമികളിൽ ബെതയെശിമൊത്ത മു
തൽ ആബെൽ ശിത്തീം വരെക്കും
പാളയമിറങ്ങി.
൫൰ ¶ പിന്നെ യഹൊവാ മൊ
ശെയൊട, യെറിഹൊയിക്ക സമീ
പത്ത യൎദ്ദെന്ന അരികെ മൊവാ
ബിലെ സമഭൂമികളിൽ വെച്ച സം
സാരിച്ചു, പറഞ്ഞത എന്തെന്നാൽ,
൫൧ യിസ്രാഎൽ പുത്രന്മാരൊട
സംസാരിച്ചു, അവരൊട പറക,
നിങ്ങൾ യൎദ്ദെന്ന അക്കരെ കനാൻ
ദെശത്തെക്ക കടന്നിരിക്കുമ്പൊൾ,
൫൨ നിങ്ങൾ നിങ്ങളുടെ മുമ്പിൽ
നിന്ന ദെശത്തെ കുടിയാന്മാരെ
എല്ലാവരെയും ആട്ടിക്കളഞ്ഞ, അവ
രുടെ ചിത്രരൂപങ്ങളെ എല്ലാം ന
ശിപ്പിച്ചു, അവരുടെ വാൎക്കപ്പെട്ട
ബിംബങ്ങളെ എല്ലാം നശിപ്പിച്ചു,
അവരുടെ സകല ഉന്നത സ്ഥ
ലങ്ങളെയും അശെഷം പൊളിച്ചു
കളയെണം.
൫൩ നിങ്ങൾ ദെശത്തെ [കുടിയാ
ന്മാരെ] ആട്ടിക്കളഞ്ഞ, അതിൽ കുടി
യിരിക്കെണം: എന്തെന്നാൽ ഞാൻ
നിങ്ങൾക്ക ആ ദെശത്തെ അവകാ
ശമാക്കെണ്ടുന്നതിന തന്നിരിക്കുന്നു.
൫൪ പിന്നെ നിങ്ങൾ ചിട്ടി കൊ
ണ്ട ആ ദെശത്തെ നിങ്ങളുടെ കു
ഡുംബങ്ങൾക്ക അവകാശമായിട്ട
വിഭാഗിക്കെണം: അധികമുള്ളവ
ൎക്ക അധികമായിട്ട അവകാശത്തെ
നിങ്ങൾ കൊടുക്കെണം: കുറഞ്ഞു
ള്ളവൎക്ക കുറഞ്ഞതായിട്ട അവകാ
ശത്തെ നിങ്ങൾ കൊടുക്കയും വെ
ണം: അവനവന്ന ചിട്ടി എവിടെ
വിഴുന്നുവൊ അവിടെ അവന [അ

വകാശം] ആയിരിക്കെണം: നിങ്ങളുടെ പിതാക്കന്മാരുടെ ഗൊത്രങ്ങളിൻ പ്രകാരം നിങ്ങൾക്ക അവകാശം ലഭിക്കെണം.

൫൫ എന്നാൽ നിങ്ങൾ ദെശത്തെ കുടിയാന്മാരെ നിങ്ങളുടെ മുമ്പിൽനിന്ന ആട്ടികളയാതെ ഇരുന്നാൽ, പിന്നെ സംഭവിക്കുന്നത എന്തെന്നാൽ, നിങ്ങൾ അവരിൽ ശെഷിപ്പിക്കുന്നവർ നിങ്ങളുടെ കണ്ണുകളിൽ മുള്ളുകളും, നിങ്ങളുടെ പള്ളുകളിൽ കാരമുള്ളുകളും [ആയിരുന്ന,] നിങ്ങൾ കുടിയിരിക്കുന്ന ദെശത്ത നിങ്ങളെ ഉപദ്രവിക്കും.

൫൬ അത്രയുമല്ല, സംഭവിക്കുന്നത എന്തെന്നാൽ, ഞാൻ അവരൊട ചെയ്വാൻ നിരൂപിച്ച പ്രകാരം ഞാൻ നിങ്ങളൊട ചെയ്യും.

൩൪ അദ്ധ്യായം.

൧ ദെശത്തിന്റെ അതൃത്തികൾ.—൧൬ അതിനെ വിഭാഗിപ്പാനുള്ളവരുടെ നാമങ്ങൾ.

പിന്നെയും യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൨ യിസ്രാഎൽ പുത്രന്മാരൊട കല്പിച്ചു, അവരൊട പറക, നിങ്ങൾ കനാൻ ദെശത്ത വരുമ്പൊൾ; (നിങ്ങൾക്ക അവകാശമായിട്ട വരുവാനിരിക്കുന്ന ദെശമായ അതിന്റെ അതൃത്തികളൊട കൂടെയുള്ള കനാൻ ദെശം ഇത തന്നെ :)

൩ നിങ്ങളുടെ തെക്കെ മൂല സീൻ എന്ന വനം തുടങ്ങി എദൊമിന്റെ അതൃത്തി വഴിയായിരിക്കെണം; നിങ്ങളുടെ തെക്കെ അതൃത്തി കിഴക്കൊട്ട ഉപ്പുകടലിന്റെ അററം മുതൽ ആയിരിക്കെണം.

൪ പിന്നെ നിങ്ങളുടെ അതൃത്തി തെക്ക തുടങ്ങി, അക്രബ്ബിമിന്റെ കരെററം വരെ ചുററി, സീൻ വരെയും എത്തെണം: അതിന്റെ പുറപ്പാട തെക്ക തുടങ്ങി കാദെശ ബന്നെയാവരെയും ആയിരിക്കെണം, ഹസറാദ്ദാർ വരെയും ചെന്ന, അസ്മൊൻ വരെയും കടക്കെണം.

൫ പിന്നെ ആ അതൃത്തി അസ്മൊൻ തുടങ്ങി, മിസ്രയിമിലെ നദിവരെയും ചുററി ചെല്ലെണം, അതിന്റെ പുറപ്പാടുകൾ സമുദ്രത്തിങ്കൽ ആയിരിക്കെണം.

൬ പടിഞ്ഞാറെ അതൃത്തിയൊ, നിങ്ങൾക്ക വലിയ സമുദ്രം തന്നെ അതൃത്തി ആയിരിക്കെണം: ഇത നിങ്ങളുടെ പടിഞ്ഞാറെ അതൃത്തി ആയിരിക്കെണം.

൭ നിങ്ങളുടെ വടക്കെ അതൃത്തി ഇത ആയിരിക്കെണം: വലിയ സമുദ്രം തുടങ്ങി നിങ്ങൾ ഹൊർ എന്ന പൎവ്വതത്തെ നിങ്ങൾക്ക അതിരാക്കെണം.

൮ നിങ്ങൾ ഹൊർ എന്ന പൎവ്വതം മുതൽ ഹമാത്തിൽ പ്രവെശിക്കുന്നത വരെയും അതിരാക്കെണം: അതൃത്തിയുടെ പുറപ്പാടുകളും സദാദ വരെയും ആയിരിക്കെണം.

൯ പിന്നെ ആ അതൃത്തി സിഫ്രൊൻ വരെയും ചെല്ലെണം, അതിന്റെ പുറപ്പാടുകൾ ഹസർ എനാനിങ്കൽ ആയിരിക്കെണം: ഇത നിങ്ങളുടെ വടക്കെ അതൃത്തി ആയിരിക്കെണം.

൧൦ പിന്നെ നിങ്ങൾ നിങ്ങളുടെ കിഴക്കെ അതൃത്തിയെ ഹസർ എനാൻ തുടങ്ങി ശെഫാം വരെ അതിരാക്കെണം.

൧൧ ആ അതൃത്തി ശെഫാം തുടങ്ങി ആയിന്റെ കിഴക്ക ഭാഗത്ത റിബ്ലാ വരെയും ഇറങ്ങെണം: പിന്നെ ആ അതൃത്തി ഇറങ്ങി, കിഴക്കൊട്ട കിന്നെറെത്ത എന്ന സമുദ്രത്തിന്റെ ഒരു ഭാഗം വരെ എത്തെണം.

൧൨ ആ അതൃത്തി യൎദ്ദെൻ വരെയും ചെല്ലെണം, അതിന്റെ പുറപ്പാടുകളും ഉപ്പുകടലിങ്കൽ ആയിരിക്കെണം: ഇത ചുററുമുള്ള അതിന്റെ അതൃത്തികളൊട കൂടെ നിങ്ങളുടെ ദെശം ആയിരിക്കെണം.

൧൩ അപ്പൊൾ മൊശെ യിസ്രാഎൽ പുത്രന്മാരൊട കല്പിച്ചു, നിങ്ങൾക്ക ചിട്ടിയാൽ അവകാശമായി ലഭിപ്പാനുള്ളതായി, യഹൊവാ ഒമ്പതര ഗൊത്രങ്ങൾക്ക കൊടുപ്പാൻ കല്പിച്ചിട്ടുള്ള ദെശം ഇത:

൧൪ എന്തെന്നാൽ രൂബെന്റെ പുത്രന്മാരുടെ ഗൊത്രം, അവരുടെ പിതാക്കന്മാരുടെ ഭവന പ്രകാരവും, ഗാദിന്റെ പുത്രന്മാരുടെ ഗൊത്രം, അവരുടെ പിതാക്കന്മാരുടെ ഭവന പ്രകാരവും, അവരുടെ [അവകാശത്തെ] കൈക്കൊണ്ടു, മനശ്ശെയ്യുടെ പാതിഗൊത്രവും അവരുടെ അവകാശത്തെ കൈക്കൊണ്ടു.

൧൫ ഈ രണ്ടര ഗൊത്രങ്ങൾ കിഴക്ക സൂൎയ്യൊദയത്തിന നെരെയുള്ള യെറിഹൊയിക്ക സമീപത്ത യൎദ്ദെന്ന ഇക്കരെ അവരുടെ അവകാശത്തെ കൈക്കൊൾകയും ചെയ്തു.

൧൬ ¶ പിന്നെ യഹൊവാ മൊശെയൊട സംസാരിച്ചു, പറഞ്ഞു;

൧൭ നിങ്ങൾക്ക ദെശത്തെ അവകാശമായി വിഭാഗിക്കെണ്ടുന്ന മനുഷ്യരുടെ നാമങ്ങൾ ഇവ: ആചാൎയ്യനായ എലയാസാറും, നൂന്റെ പുത്രനായ യൊശുവായും.

൧൮ ദെശത്തെ അവകാശമായി വിഭാഗിക്കുന്നതിന നിങ്ങൾ ഒരൊരൊ ഗൊത്രത്തിൽ ഒരൊ പ്രഭുവിനെ കൂട്ടെണം.

൧൯ ആ മനുഷ്യരുടെ നാമങ്ങൾ ഇവ: യെഹൂദായുടെ ഗൊത്രത്തിൽ യെഫുന്നെയുടെ പുത്രനായ ഖാലെബ.

൨൦ ശിമൊന്റെ പുത്രന്മാരുടെ ഗൊത്രത്തിൽ, അമ്മിഹൂദിന്റെ പുത്രനായ ശെമുയെൽ.

൨൧ ബെന്യാമിന്റെ ഗൊത്രത്തിൽ ഖിസ്ലൊന്റെ പുത്രനായ എലിദാദ.

൨൨ ദാന്റെ പുത്രന്മാരുടെ ഗൊത്രത്തിൽ പ്രഭു, യൊഗ്ലിയുടെ പുത്രനായ ബുക്കി.

൨൩ യൊസെഫിന്റെ പുത്രന്മാരിൽ മനശ്ശെയ്യുടെ പുത്രന്മാരുടെ ഗൊത്രത്തിൽ പ്രഭു, എഫൊദിന്റെ പുത്രനായ ഹന്നിയെൽ.

൨൪ എഫ്രായിമിന്റെ പുത്രന്മാരുടെ ഗൊത്രത്തിൽ പ്രഭു, ശിഫ്താന്റെ പുത്രനായ കെമുയെൽ.

൨൫ സെബുലുന്റെ പുത്രന്മാരുടെ ഗൊത്രത്തിൽ പ്രഭു, പാൎന്നാക്കിന്റെ പുത്രനായ എലിസാഫാൻ.

൨൬ ഇസ്സാഖാറിന്റെ പുത്രന്മാരുടെ ഗൊത്രത്തിൽ പ്രഭു, അസ്സാന്റെ പുത്രനായ പൽത്തിയെൽ.

൨൭ ആശെറിന്റെ പുത്രന്മാരുടെ ഗൊത്രത്തിൽ പ്രഭു, ശെലൊമിയ്യുടെ പുത്രനായ അഹിഹൂദ.

൨൮ നപ്താലിയുടെ പുത്രന്മാരുടെ ഗൊത്രത്തിൽ പ്രഭു, അമ്മിഹൂദിന്റെ പുത്രനായ പെദയെൽ.

൨൯ കനാൻ ദെശത്ത യിസ്രാഎൽ പുത്രന്മാൎക്ക അവകാശത്തെ വിഭാഗിച്ചു കൊടുക്കുന്നതിന യഹൊവാ കല്പിച്ചിട്ടുള്ളവർ ഇവർ [ആകുന്നു.]

൩൫ അദ്ധ്യായം.

൧ നാല്പത്തെട്ട നഗരങ്ങൾ ലെവിയക്കാൎക്ക കൊടുക്കപ്പെടുന്നത.—൬ അവയിൽ ആറ സങ്കെത നഗരങ്ങൾ ആകെണ്ടുന്നത.—൯ കുലപാതകത്തെ കുറിച്ചുള്ള വിധികൾ.

പിന്നെയും യഹൊവാ യെറിഹൊയിക്ക സമീപത്ത യൎദ്ദെന്ന

അരികെ; മൊവാബിന്റെ സമഭൂ
മികളിൽ വെച്ചു മൊശെയൊട സം
സാരിച്ചു, പറഞ്ഞു;
൨ യിസ്രായെൽ പുത്രന്മാരൊട, അ
വർ തങ്ങളുടെ അനുഭവത്തിന്റെ
അവകാശത്തിൽനിന്ന ലെവിയ
ക്കാൎക്ക കുടിയിരിപ്പാനായിട്ട പട്ടണ
ങ്ങളെ കൊടുക്കെണമെന്ന കല്പിക്ക:
ആ പട്ടണങ്ങൾക്ക അവെക്ക ചുററു
മുള്ള ഉപഗ്രാമങ്ങളെയും നിങ്ങൾ
ലെവിയക്കാൎക്ക കൊടുക്കെണം.
൩ ആ പട്ടണങ്ങൾ അവൎക്ക കു
ടിയിരിപ്പാൻ ആയിരിക്കെണം: അ
വയുടെ ഉപഗ്രാമങ്ങൾ അവരുടെ
ആടുമാടുകൾക്കും, അവരുടെ വസ്തു
ക്കൾക്കും, അവരുടെ സകല മൃഗ
ങ്ങൾക്കും ആയിരിക്കെണം.
൪ നിങ്ങൾ ലെവിയക്കാൎക്ക കൊ
ടുക്കെണ്ടുന്ന പട്ടണങ്ങളുടെ ഉപ
ഗ്രാമങ്ങൾ പട്ടണത്തിന്റെ മതി
ലിങ്കൽ തുടങ്ങി പുറത്തൊട്ട ആയി
രം മുളം ചുററ ആയിരിക്കെണം.
൫ എന്നാൽ നിങ്ങൾ പട്ടണത്തി
ന്റെ പുറത്ത തുടങ്ങി കിഴക്ക ഭാഗ
ത്ത രണ്ടായിരം മുളവും, തെക്ക ഭാ
ഗത്ത രണ്ടായിരം മുളവും, പടി
ഞ്ഞാറെ ഭാഗത്ത രണ്ടായിരം മുള
വും, വടക്ക ഭാഗത്ത രണ്ടായിരം മു
ളവും അളക്കെണം; പട്ടണം നടു
വിൽ [ഇരിക്കെണം:] ഇത അവ
ൎക്ക പട്ടണങ്ങളുടെ ഉപഗ്രാമങ്ങൾ
ആയിരിക്കെണം.
൬ നിങ്ങൾ ലെവിയക്കാൎക്ക കൊ
ടുക്കെണ്ടുന്ന പട്ടണങ്ങളിൽ സങ്കെ
തത്തിന ആറ പട്ടണങ്ങൾ ഉണ്ടാ
യിരിക്കെണം; മനുഷ്യനെ കുല
ചെയ്യുവൻ അവിടെക്ക ഒടിപ്പൊ
കെണ്ടുന്നതിന നിങ്ങൾ അവയെ
അവനായിട്ട നിശ്ചയിക്കെണം;
അവയെ അല്ലാതെ, നിങ്ങൾ നാല്പ
ത്ത രണ്ട പട്ടണങ്ങളെ കൂടെ കൊ
ടുക്കെണം.
൭ നിങ്ങൾ ലെവിയക്കാൎക്ക കൊ
ടുപ്പാനുള്ള പട്ടണങ്ങൾ എല്ലാം കൂ
ടി നാല്പത്ത എട്ട പട്ടണങ്ങൾ [ആ
യിരിക്കെണം:] അവയെയും അവ
യുടെ ഉപഗ്രാമങ്ങളെയും [നിങ്ങൾ
കൊടുക്കെണം.]
൮ നിങ്ങൾ കൊടുപ്പാനുള്ള പട്ട
ണങ്ങൾ യിസ്രായെൽ പുത്രന്മാരു
ടെ അനുഭവത്തിൽനിന്ന ആയിരി
ക്കെണം: അനെകമുള്ളവരിൽനി
ന്ന അനെകം നിങ്ങൾ കൊടുക്കെ
ണം, കുറഞ്ഞുള്ളവരിൽനിന്ന കുറ
ഞ്ഞതായിട്ട നിങ്ങൾ കൊടുക്കെ
ണം: ഒരൊരുത്തൻ അവനവൻ
അനുഭവിക്കുന്ന അവന്റെ അവ
കാശത്തിനതക്കവണ്ണം അവന്റെ
പട്ടണങ്ങളിൽനിന്ന ലെവിയക്കാ
ൎക്ക കൊടുത്തുകൊള്ളെണം.
൯ ¶ പിന്നെയും യഹൊവാ മൊ
ശെയൊട സംസാരിച്ചു, പറഞ്ഞു;
൰ യിസ്രായെൽ പുത്രന്മാരൊട
സംസാരിച്ചു, അവരൊട പറക,
നിങ്ങൾ യൎദ്ദെന അക്കരെ കനാൻ
ദെശത്ത ചെല്ലുമ്പൊൾ,
൰൧ അറിയാതെ ഒരുത്തനെകൊ
ല്ലുന്ന കുലപാതകൻ അവിടെക്ക ഒ
ടിപ്പൊകെണ്ടുന്നതിന, നിങ്ങൾക്കാ
യിട്ട സങ്കെത പട്ടണങ്ങൾ ആയി
രിപ്പാൻ നിങ്ങൾ പട്ടണങ്ങളെ നി
ങ്ങൾക്ക നിശ്ചയിക്കെണം.
൰൨ മനുഷ്യനെ കൊന്നവൻസം
ഘത്തിന മുമ്പാകെ ന്യായവിസ്താര
ത്തിന നില്ക്കുന്നത വരെ, അവൻ മ
രിക്കാതെ ഇരിക്കെണ്ടുന്നതിന, അ
വ പ്രതിക്രിയ ചെയ്യുന്നവങ്കൽനി
ന്ന നിങ്ങൾക്കസങ്കെതത്തിനായിട്ടു
ള്ള പട്ടണങ്ങൾ ആയിരിക്കെണം.
൰൩ നിങ്ങൾ കൊടുക്കെണ്ടുന്നം ര•

പട്ടണങ്ങളിൽ ആറ പട്ടണങ്ങൾ നിങ്ങൾക്ക സങ്കെതം ആയിരിക്കെണം.

൧൪ നിങ്ങൾ യൎദ്ദെന്റെ ഇക്കരെ മൂന്ന പട്ടണങ്ങളെ കൊടുക്കെണം, നിങ്ങൾ കനാൻ ദെശത്തും മൂന്ന പട്ടണങ്ങളെ കൊടുക്കെണം: അവ സങ്കെത പട്ടണങ്ങൾ ആയിരിക്കെണം.

൧൫ അറിയാതെ ഒരുത്തനെ കൊല്ലുന്നവൻ എല്ലാം അവിടെക്ക ഒടിപ്പൊകെണ്ടുന്നതിന, ൟ ആറ പട്ടണങ്ങൾ യിസ്രാഎൽ പുത്രന്മാൎക്കും, പരദെശിക്കും, അവരുടെ ഇടയിൽ വന്നുപാൎക്കുന്നവന്നും സങ്കെതം ആയിരിക്കെണം.

൧൬ എന്നാൽ ഒരുത്തൻ ഇരുമ്പായുധം കൊണ്ട ഒരുത്തനെ വെട്ടീട്ട, അതിനാൽ അവൻ മരിക്കുന്നു എങ്കിൽ, അവൻ കുലപാതകൻ [ആകുന്നു:] ആ കുലപാതകൻ കൊല്ലപ്പെടെണം നിശ്ചയം.

൧൭ ഒരുത്തനെ മരിപ്പാൻ തക്കവണ്ണം ഒരുത്തൻ കല്ലെറിഞ്ഞിട്ട അതിനാൽ അവൻ മരിച്ചാൽ, അവൻ കുലപാതകൻ [ആകുന്നു:] ആ കുലപാതകൻ കൊല്ലപ്പെടെണം നിശ്ചയം.

൧൮ അല്ലെങ്കിൽ മരിപ്പാൻ തക്കവണ്ണം കയ്യിലെ മരആയുധം കൊണ്ട ഒരുത്തൻ ഒരുത്തനെ അടിച്ചിട്ട, അവൻ മരിച്ചാൽ, അവൻ കുലപാതകൻ [ആകുന്നു:] ആ കുലപാതകൻ കൊല്ലപ്പെടെണം നിശ്ചയം.

൧൯ രക്തത്തിന പ്രതിക്രിയ ചെയ്യുന്നവൻ തന്നെ ആ കുലപാതകനെ കൊല്ലെണം: അവൻ അവനെ എതിരെല്ക്കുമ്പൊൾ അവനെ അവൻ കൊല്ലെണം.

൨൦ ഒരുത്തൻ ദ്വെഷം കൊണ്ട ഒരുത്തനെ കുത്തുകയൊ, പതിയിരുന്ന അവന്റെ മെൽ എറിയുകയൊ ചെയ്തിട്ട, അതിനാൽ അവൻ മരിച്ചാൽ,

൨൧ അല്ലെങ്കിൽ ശത്രുതയാൽ അവനെ കൈകൊണ്ട അവനെ അടിച്ചിട്ട, അതിനാൽ അവൻ മരിച്ചാൽ, അവനെ അടിച്ചവൻ കൊല്ലപ്പെടെണം നിശ്ചയം: അവൻ കുലപാതകൻ [ആകുന്നു:] രക്തത്തിന പ്രതിക്രിയ ചെയ്യുന്നവൻ, കുലപാതകനെ അവൻ എതിരെല്ക്കുമ്പൊൾ, അവനെ കൊല്ലെണം.

൨൨ എന്നാലും ഒരുത്തൻ ശത്രുത കൂടാതെ പെട്ടന്ന ഒരുത്തനെ കുത്തുകയൊ, പതിയിരിപ്പ കൂടാതെ വല്ലതിനെയും അവന്റെ മെൽ എറികയൊ,

൨൩ അല്ലെങ്കിൽ അവന ശത്രുവായിരിക്കാതെയും, അവന ദൊഷം വിചാരിക്കാതെയും ഇരുന്ന, അവൻ മരിപ്പാൻ തക്കവണ്ണം, ഒരു കല്ലുകൊണ്ട അവനെ കാണാതെ അവന്റെ മെൽ എറികയൊ ചെയ്തിട്ട, അതിനാൽ അവൻ മരിക്കുന്നു എങ്കിൽ,

൨൪ അപ്പൊൾ സംഘം കുല ചെയ്യുവന്നും രക്തത്തിന പ്രതിക്രിയ ചെയ്യുന്നവന്നും മദ്ധ്യെ ൟ ന്യായങ്ങളിൻ പ്രകാരം ന്യായം വിധിക്കെണം: Cf. Deut 19,12. 15,18

൨൫ സംഘം കുലപാതകനെ രക്തത്തിന പ്രതിക്രിയ ചെയ്യുന്നവന്റെ കയ്യിൽനിന്ന രക്ഷിക്കെണം; സംഘം അവനെ അവൻ ഒടിപ്പൊയിരുന്ന സങ്കെത നഗരത്തിലെക്ക തിരികെ അയക്കയും വെണം: ശുദ്ധമുള്ള തൈലം കൊണ്ട അഭിഷെകം ചെയ്യപ്പെട്ട പ്രധാനാചാൎയ്യന്റെ മരണം വരെ അവൻ അതിൽ പാൎക്കയും വെണം.

൨൬ എന്നാൽ കുല ചെയ്യുവൻ അ

വൻ ഓടിപ്പൊയിരുന്ന അവന്റെ
സങ്കെതനഗരത്തിന്റെ അതിരിന
പുറത്തവല്ല സമയത്തും വരികയും,
൨൭ രക്തത്തിന പ്രതിക്രിയ ചെ
യ്യുന്നവൻ അവനെ അവന്റെ
സങ്കെത നഗരത്തിന്റെ അതിരു
കൾക്ക പുറത്ത വെച്ച കണ്ടെത്തി,
രക്തത്തിന പ്രതിക്രിയ ചെയ്യുന്ന
വൻ ആ കുല ചെയ്യവനെ കൊല്ലു
കയും ചെയ്യാൽ, അവന രക്തപ്പ
ഴി വരികയില്ല.
൨൮ എന്തുകൊണ്ടെന്നാൽ പ്ര
ധാനാചാൎയ്യന്റെ മരണം വരെ
അവൻ തന്റെ സങ്കെത നഗര
ത്തിൽ പാൎക്കെണ്ടിയിരുന്നു: എന്നാ
ൽ കുല ചെയ്യവൻ പ്രധാനാചാ
ൎയ്യന്റെ മരണത്തിന്റെ ശെഷം
തന്റെ അവകാശമാകുന്ന ദെശ
ത്തെക്ക തിരികെ പൊകെണം.
൨൯ ഇപ്രകാരം ഇവ നിങ്ങൾ
ക്ക നിങ്ങളുടെ എല്ലാ വാസസ്ഥല
ങ്ങളിലും, നിങ്ങളുടെ എല്ലാ തലമുറ
കളിലും ന്യായവിസ്താര നിയമം
ആയിരിക്കെണം.
൩൦ യാതൊരുത്തൻ എങ്കിലും ഒ
രു ആളിനെ കൊന്നാൽ, ആ കുല
പാതകൻ സാക്ഷിക്കാരുടെ വാക്കി
ൻ പ്രകാരം കൊല്ലപ്പെടെണം: എ
ന്നാൽ കൊല്ലിക്കുന്നതിന ഒരു മ
നുഷ്യന്റെ നെരെ ഒരു സാക്ഷി
തന്നെ സാക്ഷിപ്പെടത്തരുത.
൩൧ വിശെഷിച്ചും മരണത്തിന
കുററമുള്ള കുലപാതകന്റെ ജീവന
വെണ്ടി നിങ്ങൾ പ്രായശ്ചിത്തം
വാങ്ങരുത: അവൻ കൊല്ലപ്പെടെ
ണം നിശ്ചയം.
൩൨ തന്റെ സങ്കെത നഗരത്തി
ങ്കലെക്ക ഓടി പൊയവനായിട്ട അ
വൻ ആചാൎയ്യന്റെ മരണം വരെ
ദെശത്ത തിരികെ വന്ന പാൎക്കുന്ന
തിന, നിങ്ങൾ പ്രായശ്ചിത്തം വാ
ങ്ങുകയും അരുത.
൩൩ അപ്രകാരം നിങ്ങൾ [ഇ
രിക്കുന്ന] ദെശത്തെ നിങ്ങൾ അ
ശുദ്ധിയാക്കരുത: എന്തെന്നാൽ ര
ക്തമെന്നത ദെശത്തെ അശുദ്ധി
യാക്കുന്നു: എന്നാൽ ദെശത്തിൽ ര
ക്തത്തെ ചൊരിയിച്ചവന്റെ രക്ത
ത്താൽ അല്ലാതെ, ചൊരിയപ്പെട്ട
രക്തത്തിനായി ദെശത്തിന പരി
ഹാരം ഉണ്ടാകുവാൻ കഴികയില്ല.
൩൪ അതകൊണ്ട ഞാൻ വസി
ക്കുന്നതായി, നിങ്ങൾ വസിപ്പാ
നുള്ള ദെശത്തെ അശുദ്ധിയാക്കരു
ത: എന്തെന്നാൽ യഹൊവായായ
ഞാൻ യിസ്രാഎൽ പുത്രന്മാരുടെ
ഇടയിൽ വസിക്കുന്നു.

൩൬ അദ്ധ്യായം.

൧. പുത്രിമാൎക്ക അവകാശത്തിനുള്ള വിഘ്നം തീൎക്കപ്പെട്ടത.—൧൦. ശെലൊഫഹാദിന്റെ പുത്രിമാരുടെ വിവാഹം.

യൊസെഫിന്റെ പുത്രന്മാരു
ടെ കുഡുംബങ്ങളിൽ, മനശ്ശെയുടെ
പുത്രനായ മാഖീറിന്റെ പുത്രനാ
കുന്ന ഗിലയാദിന്റെ പുത്രന്മാരു
ടെ കുഡുംബങ്ങളിൽ പ്രധാന പി
താക്കന്മാർ അടുത്ത വന്ന, മൊശെ
യുടെ മുമ്പാകെയും, യിസ്രാഎൽ
പുത്രന്മാരുടെ പ്രധാന പിതാക്കന്മാ
രായ പ്രഭുക്കന്മാരുടെ മുമ്പാകെയും
സംസാരിച്ചു,
൨ അവർ പറഞ്ഞു, യഹൊവാ
യിസ്രാഎൽ പുത്രന്മാൎക്ക ചീട്ടിയാ
ൽ ദെശത്തെ അവകാശമായി കൊ
ടുപ്പാൻ എന്റെ യജമാനനൊട ക
ല്പിച്ചു; ഞങ്ങളുടെ സഹൊദരനായ
ശെലൊഫെഹാദിന്റെ അവകാശ
ത്തെ അവന്റെ പുത്രിമാൎക്ക കൊടു
പ്പാൻ എന്റെ യജമാനനൊട യ
ഹൊവായാൽ കല്പിക്കപ്പെട്ടിരുന്നു.

൩ എന്നാൽ അവർ യിസ്രാഎൽ പുത്രന്മാരുടെ [മററ] ഗൊത്രങ്ങളിലെ പുത്രന്മാരിൽ വല്ലവൎക്കും ഭാൎയ്യമാരായിട്ട ആയാൽ, അപ്പൊൾ അവരുടെ അവകാശം ഞങ്ങളുടെ പിതാക്കന്മാരുടെ അവകാശത്തിൽനിന്ന കുറെക്കപ്പെട്ട, അവർ ചെരുന്ന ഗൊത്രത്തിന്റെ അവകാശത്തൊട കൂട്ടപ്പെടെണം: ഇപ്രകാരം അത ഞങ്ങളുടെ അവകാശത്തിന്റെ ചിട്ടിയിൽനിന്ന കുറെക്കപ്പെടെണം.

൪ പിന്നെ യിസ്രാഎൽ പുത്രന്മാരുടെ യൊബെൽ സംവത്സരം ഉണ്ടാകുമ്പൊൾ അവരുടെ അവകാശം അവർ ചെരുന്ന ഗൊത്രത്തിന്റെ അവകാശത്തൊട കൂട്ടപ്പെടെണം: അപ്രകാരം അവരുടെ അവകാശം ഞങ്ങളുടെ പിതാക്കന്മാരുടെ ഗൊത്രത്തിന്റെ അവകാശത്തിൽനിന്ന കുറെക്കപ്പെടെണം.

൫ അപ്പൊൾ മൊശെ യഹൊവായുടെ വചനപ്രകാരം യിസ്രാഎൽ പുത്രന്മാരൊട കല്പിച്ചത എന്തെന്നാൽ, യൊസെഫിന്റെ പുത്രന്മാരുടെ ഗൊത്രം പറഞ്ഞത കൊള്ളാം.

൬ യഹൊവാ ശെലൊഫെഹാദിന്റെ പുത്രിമാരെ കുറിച്ച കല്പിക്കുന്ന കാൎയ്യം ഇത: അവർ തങ്ങൾക്ക നല്ലവണ്ണം ബൊധിച്ചിരിക്കുന്നവൎക്ക ഭാൎയ്യമാരായിരിക്കട്ടെ: അവർ തങ്ങളുടെ പിതാവിന്റെ ഗൊത്രത്തിലെ കുഡുംബത്തിന മാത്രം ഭാൎയ്യമാരായിരിക്കെണം.

൭ എന്നാൽ യിസ്രാഎൽ പുത്രന്മാരുടെ അവകാശം ഒരു ഗൊത്രത്തിൽനിന്ന മറെറാരു ഗൊത്രത്തിലെക്ക നീങ്ങരുത: എന്തെന്നാൽ യിസ്രാഎൽ പുത്രന്മാരിൽ ഒരൊരുത്തൻ അവനവന്റെ പിതാക്കന്മാരുടെ ഗൊത്രത്തിന്റെ അവകാശത്തൊട ചെൎന്നിരിക്കെണം.

൮ യിസ്രാഎൽ പുത്രന്മാരുടെ യാതൊരു ഗൊത്രത്തിലും അവകാശത്തെ അനുഭവിക്കുന്ന ഒരൊ പുത്രി, യിസ്രാഎൽ പുത്രന്മാർ ഒരൊരുത്തൻ അവനവന്റെ പിതാക്കന്മാരുടെ അവകാശത്തെ അനുഭവിക്കെണ്ടുന്നതിന, അവളുടെ പിതാവിന്റെ ഗൊത്രത്തിന്റെ കുഡുംബത്തിൽ ഒരുത്തന ഭാൎയ്യയായിട്ട ഇരിക്കെണം.

൯ ഒരു ഗൊത്രത്തിൽനിന്ന മറെറാരു ഗൊത്രത്തിലെക്ക അവകാശം നീങ്ങുകയും അരുത: എന്നാൽ യിസ്രാഎൽ പുത്രന്മാരുടെ ഗൊത്രങ്ങളിൽ ഒരൊരുത്തൻ അവനവന്റെ സ്വന്ത അവകാശത്തൊട ചെൎന്നിരിക്കെണം.

൰ ¶ യഹൊവാ മൊശെയൊട കല്പിച്ചപ്രകാരം തന്നെ, ശെലൊഫെഹാദിന്റെ പുത്രിമാർ ചെയ്തു.

൰൧ എന്നാൽ ശെലൊഫെഹാദിന്റെ പുത്രിമാരായ മഹ്ലായും, തിൎസായും, ഹൊഗ്ലായും, മിൽഖായും, നൊവഹയും, തങ്ങളുടെ പിതാവിന്റെ സഹൊദരന്മാരുടെ പുത്രന്മാൎക്ക ഭാൎയ്യമാരായിട്ട ഇരുന്നു:

൰൨ യൊസെഫിന്റെ പുത്രനായ മനശ്ശെയുടെ പുത്രന്മാരുടെ കുഡുംബങ്ങളിൽ ഉള്ളവൎക്ക അവർ ഭാൎയ്യമാരായി തീൎന്നു; അവരുടെ അവകാശം തങ്ങളുടെ പിതാവിന്റെ കുഡുംബത്തിലെ ഗൊത്രത്തിൽ ഇരിക്കയും ചെയ്തു.

൰൩ യെറിഹൊയുടെ സമീപത്ത യൎദ്ദെന്ന [അരികെ] മൊവാബിന്റെ സമഭൂമികളിൽവെച്ച യഹൊവാ മൊശെയുടെ കയ്യാൽ യിസ്രാഎൽ പുത്രന്മാരൊട കല്പിച്ച കല്പനകളും, ന്യായവിധികളും ഇവ [ആകുന്നു.]

മൊശെ എഴുതിയ

അഞ്ചാം പുസ്തകം.

---

൧ അദ്ധ്യായ.

൧ മൊശെ നാല്പതാം വൎഷത്തിൻെറ ഒടുക്കത്തെ കഥയെ ചുരുക്കി പറയുന്നത,—൬ ദൈവത്തിൻെറ വാഗ്ദത്തത്തെ കുറിച്ചും,—൩൰ അവരുടെ അവിശ്വാസം കൊണ്ടും.—൪൧ അനുസരണക്കെടുകൊണ്ടും അവനുള്ള കൊപത്തെ കുറിച്ചും തന്നെ.

സൂഫിന നെരെ, പാറാനും, തൊഫെലിനും, ലാബാനും, ഹസെറൊത്തിനും, ദിസാഹാബിനും നടുവെ യൎദ്ദെന്ന ഇക്കരയിൽ, വനത്തിൽ, സമഭൂമിയിൽ വെച്ച, മൊശെ എല്ലാ യിസ്രാഎലിനൊടും പറഞ്ഞ വചനങ്ങൾ ഇവ.
൨ (ശെയിർ പൎവതത്തിൻെറ വഴിയായി ഹൊറെബിൽനിന്ന കാദെശബൎന്നയായിക്ക പതിനൊന്ന ദിവസത്തെ വഴി ഉണ്ട.)
൩ നാല്പതാം സംവത്സരത്തിൽ പതിനൊന്നാം മാസത്തിൽ, മാസത്തിലെ ഒന്നാം തിയ്യതിയിൽ ഉണ്ടായത എന്തെന്നാൽ, മൊശെ യിസ്രാഎൽ പുത്രന്മാരൊട യഹൊവാ അവക്കായിട്ട തന്നൊട കല്പിച്ച പ്രകാരം ഒക്കെയും പറഞ്ഞു:
൪ ഹെഷ്ബൊനിൽ കുടിയിരുന്ന അമൊറായക്കാരുടെ രാജാവായ സീഹൊനെയും, എദ്രെയിൽ അസ്തറൊത്തിൽ കുടിയിരുന്ന ബാശാനിലെ രാജാവായ ഒഗിനെയും അവൻ കൊന്നതിൻെറ ശെഷം,
൫ യൎദ്ദെന്ന ഇക്കരയിൽ മൊവാബിൻെറ ദെശത്ത വെച്ച,മൊശെ ൟ ന്യായപ്രമാണത്തെ വിവരപ്പെടുത്തുവാൻ തുടങ്ങി, പറഞ്ഞത എന്തെന്നാൽ;
൬ ഹൊറെബിൽ നമ്മുടെ ദൈവമായ യഹൊവാ നമ്മൊട കല്പിച്ച പറഞ്ഞു, നിങ്ങൾ ൟ പൎവതത്തിങ്കൽ പാൎത്തത മതി:
൭ നിങ്ങൾ തിരിഞ്ഞ, യാത്രപുറപ്പെട്ട, അമൊറായക്കാരുടെ പൎവതത്തിലെക്കും,അതിൻെറ എല്ലാ അയൽപ്രദെശങ്ങളിലെക്കും, സമഭൂമിയിലും, മലകളിലും, താഴ്വരയിലും, തെക്കും, കടൽക്കരയിലും ഉള്ള കനാനായക്കാരുടെ ദെശത്തെക്കും, ലെബാനൊനിനും, ഫ്രാത്ത നദി എന്ന വലിയ നദി വരെക്കും പൊകുവിൻ.
൮ ഇതാ, ഞാൻ ആ ദെശത്തെ നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു; നിങ്ങൾ പ്രവെശിച്ച, യഹൊവാ നിങ്ങളുടെ പിതാക്കന്മാരായ അബ്രാഹാമിനും, ഇസ്സാക്കിനും, യാക്കൊബിനും, അവരുടെ ശെഷം അവരുടെ സന്തതിക്കും കൊടുക്കുമെന്ന അവരൊട ആണയിട്ടിട്ടുള്ള ആ ദെശത്തെ അവകാശമാക്കുവിൻ.
൯ ¶ അക്കാലത്ത ഞാൻ നിങ്ങളൊട പറഞ്ഞത എന്തെന്നാൽ, ഞാൻ ഒരുത്തനായി നിങ്ങളെ വഹിച്ചു കൂടാ.
൰ നിങ്ങളുടെ ദൈവമായ യഹൊവാ നിങ്ങളെ വൎദ്ധിപ്പിച്ചിരിക്കുന്നു; ഇതാ, നിങ്ങൾ ഇന്ന സം

ഫലത്തിൽ ആകാശത്തിലെ നക്ഷ
ത്രങ്ങൾ എന്ന പൊലെ [ഇരിക്കു
ന്നു.]

൰൧ (നിങ്ങളുടെ പിതാക്കന്മാരുടെ
ദൈവമായ യഹൊവാ നിങ്ങളെ
നിങ്ങൾ ഇപ്പൊളുള്ളതിനെക്കാൾ ഇ
നിയും ആയിരം ഇരട്ടിയാക്കി, താ
ൻ നിങ്ങളൊട പറഞ്ഞപ്രകാരം നി
ങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.)

൰൨ ഞാൻ ഒരുത്തനായി നിങ്ങളു
ടെ പ്രയാസത്തെയും, നിങ്ങളുടെ
ഭാരത്തെയും, നിങ്ങളുടെ വഴക്കി
നെയും വഹിക്കുന്നത എങ്ങിനെ ?

൰൩ നിങ്ങളുടെ ഗൊത്രങ്ങളിൽ
ജ്ഞാനവും ബൊധവും അറിവുമു
ള്ള മനുഷ്യരെ എടുത്തുകൊൾവിൻ,
എന്നാൽ ഞാൻ അവരെ നിങ്ങളു
ടെ മെൽ തലവന്മാരായിട്ട ആക്കും.

൰൪ അപ്പൊൾ നിങ്ങൾ എന്നൊ
ട ഉത്തരമായിട്ട, ചെയ്വാൻ നീ പ
റഞ്ഞിട്ടുള്ള കാൎയ്യം നല്ലത എന്ന പ
റഞ്ഞു.

൰൫ അതകൊണ്ട ഞാൻ ജ്ഞാ
നവും അറിവുമുള്ള മനുഷ്യരായി,
നിങ്ങളുടെ ഗൊത്രങ്ങളുടെ തലവ
ന്മാരെ കൂട്ടികൊണ്ടു, അവരെ നി
ങ്ങളുടെ മെൽ തലവന്മാരായിട്ട,
ആയിരം പെൎക്ക അധിപതിമാരാ
യും, നൂറ പെൎക്ക അധിപതിമാരാ
യും, അമ്പത പെൎക്ക അധിപതിമാ
രായും, പത്ത പെൎക്ക അധിപതിമാ
രായും, നിങ്ങളുടെ ഗൊത്രങ്ങളിൽ
കാൎയ്യക്കാരന്മാരായും ആക്കി.

൰൬ നിങ്ങളുടെ ന്യായാധിപതി
മാരൊട അക്കാലത്തിൽ ഞാൻ ക
ല്പിച്ചുത എന്തെന്നാൽ, നിങ്ങൾ നി
ങ്ങളുടെ സഹൊദരന്മാർ തമ്മിലു
ള്ള [വ്യവഹാരങ്ങളെ] കെട്ട, മനുഷ്യ
നും അവന്റെ സഹൊദരനും,
അവനൊട കൂടെയുള്ള പരദെശി
ക്കും മദ്ധ്യെ നീതിയെ വിധിപ്പിൻ.

൰൭ നിങ്ങൾ ന്യായത്തിൽ മുഖ
പക്ഷം വിചാരിക്കാതെ, ചെറിയ
വനെ വലിയവന സമമായി ചെ
വികൊള്ളെണം; നിങ്ങൾ മനു
ഷ്യന്റെ മുഖത്തിൽനിന്ന ഭയപ്പെ
ടരുത; എന്തെന്നാൽ ന്യായവിധി
ദൈവത്തിന്റെ [ആകുന്നു:] എന്നാ
ൽ നിങ്ങൾക്ക അധിക പ്രയാസമാ
യുള്ള കാൎയ്യത്തെ എന്റെ അടുക്കൽ
കൊണ്ടുവരുവിൻ; ഞാൻ അതി
നെ കെൾക്കും.

൰൮ നിങ്ങൾ ചെയ്യെണ്ടുന്ന കാ
ൎയ്യങ്ങളെ ഒക്കെയും ഞാൻ അക്കാല
ത്തിൽ നിങ്ങളൊട കല്പിക്കയും ചെ
യ്തു.

൰൯ ¶ പിന്നെ നമ്മുടെ ദൈവ
മായ യഹൊവാ നമ്മൊട കല്പിച്ച
പ്രകാരം നാം ഹൊറെബിൽനി
ന്ന പുറപ്പെട്ടാറെ, നിങ്ങൾ കണ്ടി
ട്ടുള്ള ആ ഭയങ്കരമായുള്ള വലിയ
വനത്തിൽ ഒക്കെയും കൂടി നാം അ
മൊറായക്കാരുടെ പൎവ്വതത്തിന്റെ
വഴിയായി സഞ്ചരിച്ചു; നാം കാ
ദെശ ബൎന്നയായിൽ വരികയും
ചെയ്തു.

൨൰ അപ്പൊൾ ഞാൻ നിങ്ങളൊട
പറഞ്ഞു; നമ്മുടെ ദൈവമായ യ
ഹൊവാ നമുക്ക തരുന്ന അമൊറാ
യക്കാരുടെ പൎവ്വതം വരെയും നിങ്ങ
ൾ വന്നിരിക്കുന്നു.

൨൰൧ ഇതാ, നിന്റെ ദൈവമായ
യഹൊവാ നിന്റെ മുമ്പാകെ ആ
ദെശത്തെ വെച്ചിരിക്കുന്നു; നി
ന്റെ പിതാക്കന്മാരുടെ ദൈവമാ
യ യഹൊവാ നിന്നൊട പറഞ്ഞ
പ്രകാരം നീ കരെറിപൊയി, അ
തിനെ അവകാശമാക്കി കൊൾക:
ഭയപ്പെടാതെയും, വിഷാദിക്കാതെ
യും ഇരിക്ക.

൨൨ അപ്പൊൾ നിങ്ങൾ എല്ലാവ
രും എന്റെ അടുക്കൽ വന്ന, പറ
ഞ്ഞു, നാം നമുക്ക മുമ്പായി മനുഷ്യ
രെ അയക്കം, നമുക്കായി അവർ ആ
ദെശത്തെ ശൊധന ചെയ്തിട്ട, നാം
എത വഴിയായി അതിലെക്ക കരെ
റി ചെല്ലാമെന്നും, നാം എത പട്ട
ണങ്ങളിലെക്ക പൊകാമെന്നും, ന
മുക്ക വൎത്തമാനം കൊണ്ടുവരെണം.
൨൩ ആ വാക്ക ഇനിക്ക നന്നാ
യി ബൊധിച്ചു; അപ്രകാരം ഞാ
ൻ ഒരൊ ഗൊത്രത്തിൽ ഒരൊരു മ
നുഷ്യനായി, നിങ്ങളിൽനിന്ന പ
ന്ത്രണ്ട മനുഷ്യരെ എടുത്തു.
൨൪ അവർ തിരിഞ്ഞ, പൎവതത്തി
ലെക്ക കരെറി, എസ്കൊലിന്റെ താ
ഴ്വര വരെയും പൊയി, അതിനെ
ശൊധന ചെയ്തു.
൨൫ അവർ ആ ദെശത്തെ ഫ
ലത്തിൽനിന്ന തങ്ങളുടെ കൈകളി
ൽ എടുത്ത, നമ്മുടെ അടുക്കൽ ഇറ
ങ്ങി കൊണ്ടുവന്ന, നമ്മുടെ ദൈ
വമായ യഹൊവാ നമുക്ക തരുന്ന
ആ ദെശം നല്ലത എന്ന നമുക്ക മ
റുവചനം കൊണ്ടുവന്ന, പറകയും
ചെയ്തു.
൨൬ എന്നാലും നിങ്ങൾ കരെറി
പൊകുവാൻ മനസ്സില്ലാതെ, നിങ്ങ
ളുടെ ദൈവമായ യഹൊവായുടെ
കല്പനയൊട മത്സരിച്ചു.
൨൭ നിങ്ങൾ നിങ്ങളുടെ കൂടാര
ങ്ങളിൽ പിറുപിറുത്ത, പറഞ്ഞു, യ
ഹൊവാ നമ്മെ ദ്വെഷിക്കകൊണ്ട
അവൻ നമ്മെ നശിപ്പിക്കെണ്ടു
ന്നതിന, നമ്മെ അമൊറായക്കാരു
ടെ കയ്യിലെക്ക എല്പിപ്പാനായിട്ട
നമ്മെ മിസ്രയിം ദെശത്തനിന്ന
കൊണ്ടുവന്നിരിക്കുന്നു.
൨൮ നാം എവിടെക്ക കരെറിപൊ
കും? ജനം വലിയതും, നമ്മെക്കാ
ളും നെടുക്കമുള്ളതും, പട്ടണങ്ങൾ
വലിയവയും, ആകാശത്തൊളം മ
തിൽ കെട്ടപ്പെട്ടവയും [ആകുന്നു,]
എന്നും, ഞങ്ങൾ അനാക്കകാരുടെ
പുത്രന്മാരെയും അവിടെ കണ്ടു എ
ന്നും, നമ്മുടെ സഹൊദരന്മാർ പ
റഞ്ഞ, നമ്മുടെ ഹൃദയത്തെ ഉരുക്കി
യിരിക്കുന്നു.
൨൯ അപ്പൊൾ ഞാൻ നിങ്ങളൊ
ട പറഞ്ഞു, നിങ്ങൾ വ്യാകുലപ്പെ
ടാതെയും, അവരെ ഭയപ്പെടാതെ
യും ഇരിപ്പിൻ.
൩൦ നിങ്ങളുടെ മുമ്പായി പൊകു
ന്ന നിങ്ങളുടെ ദൈവമായ യഹൊ
വായായവൻ നിങ്ങളൊടകൂടെ നി
ങ്ങളുടെ കണ്ണുകൾക്ക മുമ്പാകെ മി
സ്രയിമിലും, വനത്തിലും ചെയ്ത
സകലത്തിന്നും സമമായി, അവൻ
നിങ്ങൾക്ക വെണ്ടി യുദ്ധം ചെയ്യും.
൩൧ അവിടെ ഒരു മനുഷ്യൻ ത
ന്റെ പുത്രനെ വഹിക്കുന്നതപൊ
ലെ, നിങ്ങൾ ൟ സ്ഥലത്തെക്ക വ
രുവൊളത്തിന നിങ്ങൾ നടന്നിട്ടു
ള്ള എല്ലാ വഴിയിലും, നിന്റെ ദൈ
വമായ യഹൊവാ നിന്നെ വഹി
ച്ചു എന്ന നീ കണ്ടുവല്ലൊ.
൩൨ എന്നാലും ൟ കാൎയ്യത്തിലും
നിങ്ങൾ നിങ്ങൾക്ക പാളയമിറങ്ങു
ന്നതിന സ്ഥലത്തെ വിചാരിപ്പാ
നും, നിങ്ങൾ പൊകെണ്ടുന്ന വഴി
യെ നിങ്ങൾക്ക കാണിപ്പാനും,
൩൩ രാത്രി അഗ്നിയിലും, പകൽ
മെഘത്തിലും നിങ്ങൾക്ക മുമ്പായി
വഴിയിൽ നടന്നവനായ നിങ്ങളു
ടെ ദൈവമായ യഹൊവായെ വി
ശ്വസിക്കാതെ ഇരുന്നു.
൩൪ അതകൊണ്ട യഹൊവാ നി
ങ്ങളുടെ വാക്കുകളുടെ ശബ്ദത്തെ
കെട്ട, എററവും കൊപിച്ചു,
൩൫ ഞാൻ നിങ്ങളുടെ പിതാക്ക

ന്മാൎക്ക കൊടുക്കുമെന്ന ആണയിട്ടിട്ടുള്ള ആ നല്ല ദെശത്തെ ൟ ദുഷ്ടസന്തതിയിലെ ൟ മനുഷ്യരിൽ ഒരുത്തനും കാണുകയില്ല നിശ്ചയം എന്നും,

൩൰൬ യെഫുന്നെയുടെ പുത്രനായ ഖാലെബ എന്നവൻ മാത്രം അതിനെ കാണുകയും, അവൻ യഹൊവായെ പൂൎണ്ണമായി പിന്തുടൎന്നതുകൊണ്ട ഞാൻ, അവൻ ചവിട്ടിയ ദെശത്തെ അവന്നും, അവന്റെ പുത്രന്മാൎക്കും കൊടുക്കയും ചെയ്യുമെന്നും ആണയിട്ടു പറഞ്ഞു.

൩൰൭ യഹൊവാ നിങ്ങളുടെ നിമിത്തമായി എന്നൊടും കൊപപ്പെട്ട, പറഞ്ഞു, നീയും അവിടെക്ക പ്രവെശിക്കയില്ല.

൩൰൮ നിന്റെ മുമ്പാകെ നില്ക്കുന്ന നൂന്റെ പുത്രനായ യൊശുവാ എന്നവൻ അവിടെക്ക പ്രവെശിക്കും: അവനെ ധൈൎയ്യപ്പെടുത്തുക: എന്തെന്നാൽ അവൻ തന്നെ അതിനെ യിസ്രാഎലിന അവകാശമാക്കി കൊടുക്കും.

൩൰൯ വിശെഷിച്ചും കവൎച്ചയാകുമെന്ന നിങ്ങൾ പറഞ്ഞ നിങ്ങളുടെ പൈതങ്ങളും, അന്നാളിൽ ഗുണദൊഷങ്ങളെ അറിയാത്ത നിങ്ങളുടെ മക്കളും ആയവർ അവിടെക്ക പ്രവെശിക്കും; ആയവൎക്ക ഞാൻ അതിനെ കൊടുക്കും, അവർ അതിനെ അവകാശമാക്കുകയും ചെയ്യും.

൪൰ എന്നാലും നിങ്ങൾ തിരിഞ്ഞ, ചെങ്കടൽ വഴിയായി വനത്തിലെക്ക യാത്ര പുറപ്പെടുവിൻ.

൪൰൧ അപ്പൊൾ നിങ്ങൾ ഉത്തരമായിട്ട എന്നൊട പറഞ്ഞു, ഞങ്ങൾ യഹൊവായിക്ക വിരൊധമായി പാപം ചെയ്തിരിക്കുന്നു; ഞങ്ങൾ കരെറി പൊയി, നമ്മുടെ ദൈവമായ യഹൊവാ ഞങ്ങളൊട കല്പിച്ച പ്രകാരം ഒക്കെയും യുദ്ധം ചെയ്യും. പിന്നെ നിങ്ങൾ ഒരൊരുത്തൻ അവനവന്റെ യുദ്ധ ആയുധങ്ങളെ ധരിച്ച, നിങ്ങൾ പൎവ്വതത്തിലെക്ക കരെറുവാൻ ഒരുങ്ങിയുമിരുന്നു.

൪൰൨ അപ്പൊൾ യഹൊവാ എന്നൊട പറഞ്ഞു, നിങ്ങൾ നിങ്ങളുടെ ശത്രുക്കൾക്ക മുമ്പാകെ സംഹരിക്കപ്പെടാതെ ഇരിക്കെണ്ടുന്നതിന, കരെറാതെയും, യുദ്ധം ചെയ്യാതെയും ഇരിപ്പിൻ; എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങളുടെ ഇടയിൽ ഇല്ല എന്ന അവരൊട പറക.

൪൰൩ അപ്രകാരം ഞാൻ നിങ്ങളൊട പറഞ്ഞു, എന്നാറെ നിങ്ങൾ ചെവിക്കൊണ്ടില്ല, നിങ്ങൾ യഹൊവായുടെ കല്പനയൊട മത്സരിച്ച, അഹമ്മതിയായി ചെയ്തു, പൎവ്വതത്തിലെക്ക കരെറി.

൪൰൪ അപ്പൊൾ ആ പൎവ്വതത്തിൽ കുടിയിരുന്ന അമൊറായക്കാർ നിങ്ങളുടെ നെരെ പുറപ്പെട്ട വന്ന, തെനീച്ചകൾ ചെയ്യുന്നതുപൊലെ നിങ്ങളെ ഒടിച്ച, നിങ്ങളെ ശെയിറിൽ ഹൊൎമ്മാവരെയും മുറിപ്പെടുത്തി.

൪൰൫ അപ്പൊൾ നിങ്ങൾ തിരികെ വന്ന, യഹൊവായുടെ മുമ്പാകെ കരഞ്ഞു; എന്നാറെ യഹൊവാ നിങ്ങളുടെ ശബ്ദത്തെ കെട്ടില്ല, നിങ്ങളെ ചെവിക്കൊണ്ടതുമില്ല.

൪൰൬ പിന്നെ നിങ്ങൾ കാദെശിൽ അനെകം ദിവസം പാൎത്തിരുന്നു, നിങ്ങൾ അവിടെ പാൎത്തിരുന്ന ദിവസങ്ങളിൻ പ്രകാരം തന്നെ.

൨ അദ്ധ്യായം.

൧ എദൊംകാരെ കുറിച്ചും,—൯ മൊവാബകാരെ കുറിച്ചും,—൧൭ അമ്മൊൻകാരെ കുറിച്ചും ൨൪ അമൊറായക്കാരനായ സിഹൊനെ കുറിച്ചും കഥ വിസ്തരിക്കപ്പെടുന്നത.

പിന്നെ യഹൊവാ എന്നൊട പ
റഞ്ഞ പ്രകാരം നാം തിരിഞ്ഞ, ചെ
ങ്കടൽ വഴിയായി വനത്തിലെക്ക
യാത്ര പുറപ്പെട്ടു: നാം അനെകം ദി
വസം ശെയിർപൎവതത്തെ ചുററി.
൨ പിന്നെ യഹൊവാ എന്നൊ
ട സംസാരിച്ച, പറഞ്ഞു;
൩ നിങ്ങൾ ഌ പൎവതത്തെ ചു
ററിയത മതി, നിങ്ങൾ വടക്കൊട്ട
തിരിവിൻ.
൪ നീ ജനങ്ങളൊട കല്പിക്കെണ്ടു
ന്നത എന്തെന്നാൽ, ശെയിറിൽ
കുടിയിരിക്കുന്ന എശാവിന്റെ പു
ത്രന്മാരായ നിങ്ങളുടെ സഹൊദര
ന്മാരുടെ അതൃത്തിയിൽ കൂടെ കട
പ്പാൻ പൊകുന്നു, അവർ നിങ്ങളി
ൽനിന്ന ഭയപ്പെടും: ആകയാൽ
നിങ്ങൾ എററവും ജാഗ്രതയായി
രിപ്പിൻ.
൫ നിങ്ങൾ അവരൊട യുദ്ധത്തി
ന തുടരുത; എന്തെന്നാൽ അവരു
ടെ ദെശത്തിൽ ഒരു കാലടി വെ
പ്പാൻ പൊലും ഞാൻ നിങ്ങൾക്ക
തരികയില്ല; എന്തകൊണ്ടെന്നാൽ
ശെയിർ പൎവതത്തെ ഞാൻ എ
ശാവിന അവകാശമായിട്ട കൊ
ടുത്തിരിക്കുന്നു.
൬ നിങ്ങൾ ആഹാരത്തെ അവ
രൊട വിലെക്ക വാങ്ങി, ഭക്ഷിക്കെ
ണം; നിങ്ങൾ വെള്ളത്തെയും അ
വരൊട വിലെക്ക വാങ്ങി, കുടിക്കെ
ണം.
൭ എന്തെന്നാൽ നിന്റെ ദൈവ
മായ യഹൊവാ നിന്നെ നിന്റെ
കൈകളുടെ സകല ക്രിയകളിലും
അനുഗ്രഹിച്ചിരിക്കുന്നു; ഌ വലി
യ വനത്തിൽ നീ നടക്കുന്നതിനെ
അവൻ അറിയുന്നു; ഌ നാല്പത
സംവത്സരം നിന്റെ ദൈവമായ
യഹൊവാ നിന്നൊട കൂടെ [ഉണ്ടാ
യി;] നിനക്ക ഒന്നും കുറവുണ്ടായി
ട്ടില്ല.
൮ പിന്നെ നാം ശെയിറിൽ കുടി
യിരുന്ന എശാവിന്റെ പുത്രന്മാ
രായ നമ്മുടെ സഹൊദരന്മാരെ
വിട്ട എലാതിൽനിന്നും എസെയൊ
ൻ ഗാബെറിൽനിന്നും സമ ഭൂമി
യുടെ വഴിയായി കടന്ന പൊയാ
റെ, നാം തിരിഞ്ഞ, മൊവാബിലെ
വനം വഴിയായി കടന്ന പൊന്നു.
൯ അപ്പൊൾ യഹൊവാ എന്നൊ
ട പറഞ്ഞു, നീ മൊവാബിനെ ഞെ
രുക്കം ചെയ്യാതെയും, അവരൊട
യുദ്ധത്തിന തുടരാതെയും ഇരിക്ക;
എന്തെന്നാൽ ഞാൻ അവരുടെ ദെ
ശത്തിൽ നിനക്ക ഒരു അവകാശ
ത്തെ തരികയില്ല: എന്തകൊണ്ടെ
ന്നാൽ ഞാൻ ആറിനെ ലൊത്തി
ന്റെ പുത്രന്മാൎക്ക അവകാശമായി
ട്ട കൊടുത്തിരിക്കുന്നു.
൧൦ എമിക്കാർ പണ്ടെ അതിൽ കു
ടിയിരുന്നു, [ഇവർ] വലിയതായും,
വളരെയായും, അനാക്കകാർ എ
ന്നപൊലെ നെടുക്കമായുള്ള ജനം.
൧൧ ഇവരും അനാക്കകാരെന്ന
പൊലെ മല്ലന്മാർ എന്ന വിചാരി
ക്കപ്പെട്ടു, എങ്കിലും മൊവാബിക്കാർ
അവൎക്ക എമിക്കാർ എന്ന പെർ വി
ളിക്കുന്നു.
൧൨ ഹൊറിക്കാരും പണ്ടെ ശെ
യിറിൽ കുടിയിരുന്നു; എന്നാൽ എ
ശാവിന്റെ പുത്രന്മാർ അവരെ ആ
ട്ടിക്കളഞ്ഞ, അവരെ തങ്ങളുടെ മുഖ
ത്തിന മുമ്പിൽനിന്ന നശിപ്പിച്ചു,
അവൎക്ക പകരം കുടിയിരിക്കയും

ചെയ്തു; യിസ്രാഎൽ തനിക്ക യഹൊവാ കൊടുത്തിട്ടുള്ള അവന്റെ അവകാശ ഭൂമിയൊട ചെയ്തപൊലെ തന്നെ.

൧൩ ഇപ്പൊൾ എഴുനീററ, സറെദെന്ന തൊടിനെ കടപ്പിൻ, [എന്ന ഞാൻ പറഞ്ഞു,] അപ്രകാരം നാം സറെദെന്ന തൊടിനെ കടന്നു.

൧൪ നാം കാദെശ ബൎന്നെയായിൽനിന്ന പുറപ്പെട്ടത മുതൽ സറെദ തൊടിനെ കടന്നത വരെയും, യുദ്ധമനുഷ്യരുടെ സന്തതി ഒക്കെയും, യഹൊവാ അവരൊട ആണയിട്ട പ്രകാരം, പാളയത്തിന്റെ നടുവിൽനിന്ന ക്ഷയിച്ച തീരുവൊളം, ചെന്ന നാളുകൾ മുപ്പത്തെട്ട സംവത്സരം [ആയിരുന്നു.]

൧൫ എന്തെന്നാൽ അവർ ക്ഷയിച്ച തീരുവൊളത്തിന, യഹൊവായുടെ കൈ, അവരെ പാളയത്തിന്റെ നടുവിൽനിന്ന നശിപ്പിപ്പാനായിട്ട, അവൎക്ക വിരൊധമായിരുന്നു.

൧൬ ¶ പിന്നെ യുദ്ധ മനുഷ്യർ എല്ലാവരും ജനത്തിന്റെ ഇടയിൽനിന്ന ക്ഷയിച്ചു, മരിച്ചതിന്റെ ശെഷം, ഉണ്ടായത എന്തെന്നാൽ,

൧൭ യഹൊവാ എന്നൊട പറഞ്ഞു;

൧൮ നീ ഇന്ന മൊവാബിന്റെ അതൃത്തിയായ ആറിനെ കടക്കെണം.

൧൯ നീ അമ്മൊന്റെ പുത്രന്മാൎക്ക നെരെ സമീപിക്കുമ്പൊൾ അവരെ നീ ഞെരുക്കം ചെയ്യരുത, അവരൊട യുദ്ധത്തിന തുടരുകയും അരുത; എന്തുകൊണ്ടെന്നാൽ ഞാൻ അമ്മൊന്റെ പുത്രന്മാരുടെ ദെശത്ത നിനക്ക ഒര അവകാശത്തെ തരികയില്ല; എന്തെന്നാൽ ഞാൻ അതിനെ ലൊത്തിന്റെ പുത്രന്മാൎക്ക അവകാശമായിട്ട കൊടുത്തിരിക്കുന്നു.

൨൦ (അതും മല്ലന്മാരുടെ ദെശമായി വിചാരിക്കപ്പെട്ടു: മല്ലന്മാർ പണ്ടെ അതിൽ കുടിയിരുന്നു; അമ്മൊനായക്കാർ അവരെ സംസുമ്മിക്കാർ എന്ന വിളിക്കുന്നു;

൨൧ [അവർ] വലിയതായും വളരെയായും, അനാക്കകാരെന്ന പൊലെ നെടുക്കമായുമുള്ള ജനം ആയിരുന്നു: എന്നാലും യഹൊവാ അവരെ ഇവരുടെ മുമ്പിൽനിന്ന നശിപ്പിച്ചു; ഇവർ അവരെ ആട്ടിക്കളഞ്ഞു, അവൎക്ക പകരം കുടിയിരുന്നു.

൨൨ അവൻ ശെയിറിൽ കുടിയിരുന്ന എശാവിന്റെ പുത്രന്മാരൊട, അവൻ ഹൊറികാരെ അവരുടെ മുമ്പിൽനിന്ന നശിപ്പിച്ചപ്പൊൾ, ചെയ്കയും, അവർ അവരെ ആട്ടിക്കളഞ്ഞു, അവൎക്ക പകരം ഇന്ന വരെക്കും കുടിയിരിക്കയും ചെയ്തപൊലെ തന്നെ;

൨൩ ഹസെറിമിൽ ഹസ്സാ വരെയും കുടിയിരുന്ന ഹവിക്കാരെയും ഖപ്തൊറിൽനിന്ന പുറപ്പെട്ട ഖപ്തൊറിമാർ അവരെ നശിപ്പിച്ചു, അവൎക്ക പകരം കുടിയിരുന്നു.)

൨൪ ¶ നിങ്ങൾ എഴുനീററ, യാത്ര പുറപ്പെട്ട, അൎന്നൊൻ നദിയെ കടപ്പിൻ: ഇതാ, ഞാൻ ഹെഷ്ബൊനിലെ രാജാവായി അമൊറായക്കാരനായ സീഹൊനെയും, അവന്റെ ദെശത്തെയും, നിന്റെ കയ്യിലെക്ക എല്പിച്ചിരിക്കുന്നു: [അതിനെ] അവകാശമാക്കി തുടങ്ങി, അവനൊട യുദ്ധത്തിൽ പൊരുതുക.

൨൫ നിന്നെ കുറിച്ചുള്ള ഭയത്തെയും നിന്നെ കുറിച്ചുള്ള ഭയങ്കരത്തെ

യും ആകാശത്തിന കീഴെ എല്ലാട
വും [ഉള്ള] ജനങ്ങളുടെ മെൽ വരു
ത്തുവാൻ ഇന്ന തന്നെ ഞാൻ തു
ടങ്ങും; അവർ നിന്റെ കീൎത്തിയെ
കെൾക്കും, അവർ നിന്റെ മുമ്പി
ൽ വിറച്ച, വ്യാകുലപ്പെടുകയുംചെ
യ്യും.

൨൬ അപ്പൊൾ ഞാൻ കെദെമൊ
ത വനത്തിൽനിന്ന ഹെഷ്ബൊനി
ലെ രാജാവായ സീഹൊന്റെ അ
ടുക്കൽ സമാധാനമായുള്ള വചന
ങ്ങളൊട കൂടെ ദൂതന്മാരെ അയച്ച,

൨൭ ഞാൻ നിന്റെ ദെശത്ത കൂ
ടെ കടന്ന പൊകട്ടെ: ഞാൻ വല
ത്തൊട്ട എങ്കിലും, ഇടത്തൊട്ട എങ്കി
ലും മാറാതെ, വഴിയിൽ തന്നെ ഞാ
ൻ നടക്കും.

൨൮ നീ ഇനിക്ക ഭക്ഷിക്കുന്നതി
ന ഭക്ഷണത്തെ വിലെക്ക വില്ക്ക
യും, ഇനിക്ക കുടിക്കുന്നതിന വെള്ള
ത്തെ വിലെക്കതരികയും വെണം;

൨൯ (ശെയിറിൽ കുടിയിരിക്കുന്ന
എശാവിന്റെ പുത്രന്മാരും, ആറി
ൽ കുടിയിരിക്കുന്ന മൊവാബിക്കാ
രും ഇനിക്ക ചെയ്തുപൊലെ ത
ന്നെ;) ഞാൻ യൎദ്ദെനെ കടന്ന, ഞ
ങ്ങളുടെ ദൈവമായ യഹൊവാ ഞ
ങ്ങൾക്ക തരുന്ന ദെശത്തെക്ക വ
രുവൊളത്തിന, ഞാൻ എന്റെ കാ
ൽ നടയായി മാത്രം കടന്ന പൊ
കും എന്ന പറയിച്ച.

൩൦ എന്നാറെ നാം അവന്റെ അ
രികെ കൂടി കടന്ന പൊകുന്നതിന
ഹെഷ്ബൊനിലെ രാജാവായ സീ
ഹൊന്ന ഇഷ്ടമുണ്ടായിരുന്നില്ല; എ
ന്തകൊണ്ടെന്നാൽ നിന്റെ ദൈ
വമായ യഹൊവാ അവനെ, ഇ
ന്ന [ഇരിക്കുന്നത] പൊലെ, നി
ന്റെ കയ്യിലെക്ക എല്പിക്കെണ്ടുന്ന
തിന, അവൻ അവന്റെ ആത്മാ
വിനെ കഠിനപ്പെടുത്തി, അവന്റെ
ഹൃദയത്തെ ഉറപ്പാക്കിയിരുന്നു.

൩൧ അപ്പൊൾ യഹൊവാ എ
ന്നൊട പറഞ്ഞു, ഇതാ, ഞാൻ സീ
ഹൊനെയും, അവന്റെ ദെശത്തെ
യും നിന്റെ മുമ്പിൽ എല്പിപ്പാൻ
തുടങ്ങി; അവന്റെ ദെശത്തെ അ
നുഭവിക്കെണ്ടുന്നതിന, അവകാശ
മാക്കി തുടങ്ങുക.

൩൨ അപ്പൊൾ സീഹൊനെന്ന
വനും, അവന്റെ സകല ജനങ്ങ
ളും നമ്മുടെ നെരെ, യാഹാസിൽ
യുദ്ധത്തിനായി, പുറപ്പെട്ട വന്നു.

൩൩ എന്നാറെ നമ്മുടെ ദൈവ
മായ യഹൊവാ അവനെ നമുക്ക
മുമ്പാകെ എല്പിച്ചു; നാം അവനെ
യും, അവന്റെ പുത്രന്മാരെയും, അ
വന്റെ സകല ജനങ്ങളെയും കൊ
ന്നു.

൩൪ നാം അവന്റെ പട്ടണങ്ങ
ളെ എല്ലാം അക്കാലത്തിങ്കൽ പിടി
ച്ച, എല്ലാ പട്ടണത്തിലും ഉള്ള മ
നുഷ്യരെയും, സ്ത്രീകളെയും, പൈ
തങ്ങളെയും അശെഷം സംഹരി
ച്ചു; നാം ഒരുത്തനെയും ശെഷി
പ്പായി വെച്ചിട്ടില്ല.

൩൫ മൃഗജീവങ്ങളെയും, നാം പി
ടിച്ചിട്ടുള്ള പട്ടണങ്ങളിലെ കവൎച്ച
യെയും മാത്രം നാം നമുക്കായിട്ട
കൊള്ളയിട്ടു.

൩൬ അൎന്നൊൻ നദിയുടെ കര
മെൽ [ഉള്ള] ആരൊയെറിൽനിന്നും,
നദിയുടെ അരികെ ഉള്ള പട്ടണ
ത്തിൽനിന്നും, ഗിലയാദ വരെയും
നമുക്ക അധികം ബലമുള്ള ഒരു പ
ട്ടണം ഉണ്ടായിട്ടുമില്ല; നമ്മുടെ ദൈ
വമായ യഹൊവാ സകലത്തെയും
നമ്മുടെ മുമ്പിൽ എല്പിച്ചു.

൩൭ അമ്മൊന്റെ പുത്രന്മാരുടെ
ദെശത്തിനും യബ്ബൊക്ക നദിയുടെ

കരയിലുള്ള ഒരു സ്ഥലത്തിനും, മലകളിലുള്ള പട്ടണങ്ങൾക്കും, നമ്മുടെ ദൈവമായ യഹൊവാ നമ്മൊട കല്പിച്ച വിലക്കിയതിന ഒന്നിനും നീ അടുത്ത ചെല്ലാതെ ഇരുന്നിട്ടുള്ളു.

൩ അദ്ധ്യായം.

൧ ബാശാനിലെ രാജാവായ ഒഗിനെ കുറിച്ച. ൨൩. ദെശത്തെക്ക പ്രവെശിക്കുന്നതിന മൊശെയുടെ പ്രാൎത്ഥന.—൨൬. അതിനെ കണ്ടുകൊൾവാൻ അവനൊട അനുവദിക്കപ്പെട്ടുന്നത.

പിന്നെ നാം തിരിഞ്ഞ ബാശാൻ വഴിയായി കരെറി പൊയി: അപ്പൊൾ ബാശാനിലെ രാജാവായ ഒഗ എന്നവനും, അവന്റെ എല്ലാ ജനങ്ങളും നമ്മുടെ നെരെ, എദ്രെയിൽ യുദ്ധത്തിനായിട്ട, പുറപ്പെട്ട വന്നു.

൨ അപ്പൊൾ യഹൊവാ എന്നൊട പറഞ്ഞു, അവനെ ഭയപ്പെടരുത: എന്തെന്നാൽ ഞാൻ അവനെയും, അവന്റെ സകല ജനത്തെയും, അവന്റെ ദെശത്തെയും നിന്റെ കയ്യിലെക്ക എല്പിക്കും; നീ ഹെഷ്ബൊനിൽ കുടിയിരുന്ന അമൊറായക്കാരുടെ രാജാവായ സീഹൊനൊട ചെയ്തത പൊലെ നീ അവനൊട ചെയ്യെണം.

൩ അപ്രകാരം നമ്മുടെ ദൈവമായ യഹൊവാ ബാശാനിലെ രാജാവായ ഒഗിനെയും, അവന്റെ സകല ജനത്തെയും നമ്മുടെ കയ്യിലെക്ക എല്പിച്ചു: അവന്ന ഒരുത്തരും ശെഷിക്കാതെ ആകുന്നതു വരെയും നാം അവനെ വെട്ടിക്കളഞ്ഞു.

൪ നാം അവന്റെ പട്ടണങ്ങളെ എല്ലാം അക്കാലത്ത പിടിച്ചു, നാം അവരിൽനിന്ന പിടിക്കാത്ത ഒരു പട്ടണവും ഉണ്ടായില്ല; ബാശാനിൽ ഒഗിന്റെ രാജ്യമായ അറുപത പട്ടണങ്ങളുള്ള അൎഗ്ഗൊബ ദെശത്തെ ഒക്കെയും [പിടിച്ചു.]

൫ മതിലില്ലാത്ത എത്രയും വളരെ ഗ്രാമങ്ങളെ ഒഴികെ, ആ പട്ടണങ്ങൾ എല്ലാം ഉയൎന്ന മതിലുകളാലും, വാതിലുകളാലും, സാക്ഷാകളാലും ഉറെപ്പായി കെട്ടപ്പെട്ടിരുന്നു.

൬ നാം അവയെ അശെഷം നശിപ്പിച്ചു; നാം ഹെഷ്ബൊനിലെ രാജാവായ സീഹൊനൊട ചെയ്ത പ്രകാരം, നാം എല്ലാ പട്ടണത്തിലെ മനുഷ്യരെയും, സ്ത്രീകളെയും, പൈതങ്ങളെയും അശെഷം നശിപ്പിച്ചു.

൭ എന്നാലും എല്ലാ മൃഗജീവങ്ങളെയും, പട്ടണങ്ങളിലെ കവൎച്ചയെയും നാം നമുക്കായിട്ട കൊള്ളയിട്ടു.

൮ നാം അക്കാലത്ത അമൊറായക്കാരുടെ രണ്ട രാജാക്കന്മാരുടെ കയ്യിൽനിന്നും യൎദ്ദെന്ന ഇക്കരെ അൎന്നൊൻ നദി തുടങ്ങി ഹെൎമ്മൊൻ പൎവ്വതം വരെയും ഉള്ള ദെശത്തെയും പിടിച്ചു;

൯ (സീദൊനിക്കാർ ഹെൎമ്മൊനെ ശിറിയൊൻ എന്ന പെർ വിളിക്കുന്നു; എന്നാൽ അമൊറായക്കാർ അതിന ശനീർ എന്ന പെർ വിളിക്കുന്നു;)

൧൦ സമഭൂമിയിലെ എല്ലാ പട്ടണങ്ങളെയും, എല്ലാ ഗിലയാദിനെയും, സൽഖായും എദ്രെയും എന്ന ബാശാനിലുള്ള ഒഗിന്റെ രാജ്യത്തിലെ പട്ടണങ്ങൾ വരെയുമുള്ള എല്ലാ ബാശാനെയും [നാം പിടിച്ചു.]

൧൧ എന്തെന്നാൽ ബാശാനിലെ രാജാവായ ഒഗ എന്നവൻ മാത്രം മല്ലന്മാരിൽ ശെഷിച്ചവരിൽ ഇരുന്നുള്ളു; ഇതാ, അവന്റെ കട്ടിൽ ഇരുമ്പുകൊണ്ടുള്ള കട്ടിൽ [ആയിരു

ന്നു:] അത അമ്മൊന്റെ പുത്രന്മാ
രുടെ രബ്ബതിൽ ഇല്ലയൊ? അതി
ന്റെ നീളം, മനുഷ്യന്റെ മുളത്തി
ൻ പ്രകാരം, ഒമ്പത മുളവും, അതി
ന്റെ വീതി നാല മുളവും [ആയി
രുന്നു.]
൧൨ ¶ അൎന്നൊൻനദിയുടെഅരി
കത്തുള്ളഅറൊയെറിൽനിന്ന നാം
അക്കാലത്തഅവകാശമാക്കിയ ൟ
ദെശത്തെയും, ഗിലയാദ പൎവ്വത
ത്തിൽ പാതിയെയും,അതിലുള്ള പട്ട
ണങ്ങളെയും ഞാൻ രൂബെൻകാ
ൎക്കും ഗാദകാൎക്കും കൊടുത്തു:
൧൩ ശെഷം ഗിലയാദിനെയും
ഒഗിന്റെ രാജ്യമായ എല്ലാ ബാ
ശാനെയും ഞാൻ മനശ്ശെയുടെപാ
തി ഗൊത്രത്തിനും കൊടുത്തു: അ
ൎഗ്ഗൊബ ദെശത്തെ ഒക്കെയും, മ
ല്ലന്മാരുടെ ദെശം എന്ന വിളിക്ക
പ്പെട്ടിരുന്ന ബാശാനെ ഒക്കെയും
തന്നെ.
൧൪ മനശ്ശെയുടെ പുത്രനായ യാ
യിർ അൎഗ്ഗൊബ ദെശത്തെ ഒക്കെ
യും ഗെശൂറിയുടെയും മാഖാത്തിയു
ടെയും അതൃത്തി വരെയും പിടിച്ചു,
അവെക്ക തന്റെ നാമത്തിൻ പ്ര
കാരം ബാശാൻ-ഹവൊത-യായി
ർ എന്ന ഇന്ന വരെയും പെർ വി
ളിച്ചു.
൧൫ മാഖിറിന ഞാൻ ഗിലയാ
ദിനെ കൊടുത്തു.
൧൬ പിന്നെ ഞാൻ രൂബെൻകാ
ൎക്കും ഗാദകാൎക്കും ഗിലയാദിൽനി
ന്ന അൎന്നൊൻ നദി ഒഴുക്കിന്റെ
മദ്ധ്യവും അതൃത്തിയും വരെയും,അ
മ്മൊന്റെ പുത്രന്മാരുടെ അതൃത്തി
യായ യബ്ബൊക്ക ആർ വരെയും,
൧൭ കിന്നരെത്ത തുടങ്ങി അശ്ദൊ
ദ-പിസ്ഗായിക്ക താഴെ കിഴക്കുള്ള ഉ
പ്പ കടലായ സമ ഭൂമിയിലെ കട
ൽ വരെയും, സമഭൂമിയെയും, യ
ൎദ്ദെനെയും, [അതിന്റെ] അതൃത്തി
യെയും കൊടുത്തു.
൧൮ പിന്നെ അക്കാലത്ത ഞാ
ൻ നിങ്ങളൊട കല്പിച്ചത എന്തെ
ന്നാൽ; നിങ്ങളുടെ ദൈവമായ യ
ഹൊവാ നിങ്ങൾക്ക ൟ ദെശത്തെ
നിങ്ങൾ അവകാശമാക്കെണ്ടുന്ന
തിന തന്നിരിക്കുന്നു: ശക്തിമാന്മാ
രായ നിങ്ങൾ എല്ലാവരും യിസ്രാ
എൽ പുത്രന്മാരായ നിങ്ങളുടെ സ
ഹൊദരന്മാൎക്ക മുമ്പെ ആയുധപാ
ണികളായി കടന്ന പൊകെണം.
൧൯ എന്നാൽ നിങ്ങളുടെ ഭാൎയ്യ
മാരും, നിങ്ങളുടെ മക്കളും, നിങ്ങളു
ടെ ആട്ടുമാട്ടുകളും ഞാൻ നിങ്ങൾ
ക്ക തന്നിട്ടുള്ള നിങ്ങളുടെ പട്ടണ
ങ്ങളിൽ പാൎക്കെണം, (എന്തെന്നാ
ൽ ആട്ടുമാട്ടുകൾ നിങ്ങൾക്ക വളു
രെ ഉണ്ടഎന്നഞാൻഅറിയുന്നു.)
൨൦ യഹൊവാ നിങ്ങൾക്ക എന്ന
പൊലെ നിങ്ങളുടെ സഹൊദരന്മാ
ൎക്കും സ്വസ്ഥതയെ കൊടുക്കുവൊ
ളവും, ഇവരും യൎദ്ദെന്റെ അക്കരെ
നിങ്ങളുടെ ദൈവമായയഹൊവാ
തങ്ങൾക്ക കൊടുത്തിരിക്കുന്ന ദെ
ശത്തെ അനുഭവിക്കുവൊളവും ത
ന്നെ; പിന്നെ നിങ്ങൾ അവന
വൻ ഞാൻ നിങ്ങൾക്ക തന്നിട്ടുള്ള
അവനവന്റെ അവകാശത്തിന
തിരികെ വരെണം.
൨൧ പിന്നെ അക്കാലത്തിങ്കൽ
ഞാൻ യെശൂവായൊട കല്പിച്ചത
എന്തെന്നാൽ, നിങ്ങളുടെ ദൈവ
മായ യഹൊവാ ആ രണ്ട രാജാ
ക്കന്മാരൊട ചെയ്തതിനെ ഒക്കെയും
നിന്റെ കണ്ണുകൾ കണ്ടുവല്ലൊ: ഇ
പ്രകാരം യഹൊവാ നീ അവിടെ
ക്ക കടന്നുപൊകുന്ന എല്ലാ രാജ്യ
ങ്ങളൊടും ചെയ്യും.

൨൨ നിങ്ങൾ അവരെ ഭയപ്പെ
ടരുത: എന്തുകൊണ്ടെന്നാൽ നി
ങ്ങളുടെ ദൈവമായ യഹൊവാ ത
ന്നെ നിങ്ങൾക്ക വെണ്ടി യുദ്ധം
ചെയ്യും.
൨൩ അക്കാലത്തും ഞാൻ യഹൊ
വായൊട അപെക്ഷിച്ചു, പറഞ്ഞ
ത എന്തെന്നാൽ;
൨൪ കൎത്താവായ ദൈവമെ, നീ
നിന്റെ ദാസനു നിന്റെ മഹത്വ
ത്തെയും, നിന്റെ ശക്തിയുള്ള ക
യ്യിനെയും കാണിച്ചു തുടങ്ങി: എ
ന്തുകൊണ്ടെന്നാൽആകാശത്തിലും
ഭൂമിയിലും നിന്റെ ക്രിയകളിൻ പ്ര
കാരവും, നിന്റെ വല്ലഭത്വങ്ങളിൻ
പ്രകാരവും ചെയ്യാൻ കഴിയുന്ന
ദൈവം ആരുള്ളു?
൨൫ ഞാൻ കടന്ന പൊയി, യ
ൎദ്ദെന്റെ അക്കരെ ഉള്ള ആ നല്ല ദെ
ശത്തെയും, ആ നല്ല പൎവതത്തെ
യും,ലബാനൊനെയും കാണെണ
മെന്ന ഞാൻ നിന്നൊട യാചിക്കു
ന്നു.
൨൬ എന്നാറെ യഹൊവാ നിങ്ങ
ളുടെ നിമിത്തമായിട്ടഎന്നൊട കൊ
പമായിരുന്നു,എന്നെ ചെവിക്കൊ
ണ്ടതുമില്ല: പിന്നെ യഹൊവാ എ
ന്നൊട പറഞ്ഞു; നിനക്ക മതി: ഈ
കാൎയ്യത്തെ കുറിച്ച ഇനി എന്നൊ
ട പറയരുത.
൨൭ നീ പിസ്ഗായുടെ മുകളിൽ ക
രെറി, നിന്റെ കണ്ണുകളെ ഉയൎത്തി,
പടിഞ്ഞാറൊട്ടും, വടക്കൊട്ടും, തെ
ക്കൊട്ടും, കിഴക്കൊട്ടും നിന്റെ കണ്ണു
കൾ കൊണ്ട നൊക്ക: എന്തെന്നാ
ൽ ഈ യൎദ്ദെനെ നീ കടക്കയില്ല.
൨൮ എന്നാൽ നീ യൊശുവായൊ
ട കല്പിച്ചു, അവനെ ധൈൎയ്യപ്പെ
ടുത്തി, അവനെ ഉറപ്പിക്കെണം:
എന്തെന്നാൽ അവൻ ഈ ജന
ത്തിന മുമ്പായി കടന്ന പൊകും;
അവൻ നീ കാണ്മാനുള്ള ദെശ
ത്തെ അവൎക്ക അവകാശമാക്കികൊ
ടുക്കയും ചെയ്യും.
൨൯ പിന്നെ നാം ബെത്പെ
യൊറിനു നെരെ താഴ്വരയിൽ പാ
ൎത്തിരുന്നു.

൪ അദ്ധ്യായം.

൧ അനുസരണത്തിനുള്ള ഒരു ഉപദെശം.—൪൧ മൊശെ യൎദ്ദെന ഇക്കരെ മൂന്ന സങ്കെത നഗരങ്ങളെ നിശ്ചയിക്കുന്നത.

ഇപ്പൊൾ യിസ്രാഎലെ, നിങ്ങ
ൾ ജീവനൊടിരിപ്പാനായിട്ടും, നി
ങ്ങൾ പ്രവെശിച്ചു, നിങ്ങളുടെ
പിതാക്കന്മാരുടെ ദൈവമായ യ
ഹൊവാ നിങ്ങൾക്ക തരുന്ന ദെശ
ത്തെ അനുഭവിപ്പാനായിട്ടും, നിങ്ങ
ൾ ചെയ്യെണ്ടുന്നതിന ഞാൻ നി
ങ്ങളൊട ഉപദെശിക്കുന്ന കല്പന
കളെയും, ന്യായങ്ങളെയും കെൾ
പ്പിൻ.
൨ ഞാൻ നിങ്ങളൊട കല്പിക്കുന്ന
നിങ്ങളുടെ ദൈവമായ യഹൊവാ
യുടെ കല്പനകളെ നിങ്ങൾ പ്രമാ
ണിക്കെണ്ടുന്നതിന ഞാൻ നിങ്ങ
ളൊട കല്പിക്കുന്ന വചനത്തൊട നി
ങ്ങൾ കൂട്ടരുത, അതിൽനിന്ന നിങ്ങ
ൾ കുറെക്കയും അരുത.
൩ ബാൽപെയൊറിന്റെ നിമി
ത്തം യഹൊവാ ചെയ്തതിനെ നി
ങ്ങളുടെ കണ്ണുകൾ കണ്ടുവല്ലൊ: എ
ന്തെന്നാൽ ബാൽപെയൊറിനെ
പിന്തുടൎന്ന മനുഷ്യരെ എല്ലാവരെ
യും നിന്റെ ദൈവമായ യഹൊ
വാ നിങ്ങളുടെ ഇടയിൽനിന്ന ന
ശിപ്പിച്ചു.
൪ എന്നാലും നിങ്ങളുടെ ദൈവ
മായ യഹൊവായൊട ചെൎന്നിട്ടു
ള്ള നിങ്ങൾ എല്ലാവരും ഇന്ന ജീ
വനൊടിരിക്കുന്നു.

൫ ഇതാ, നിങ്ങൾ അവകാശമാ
യനുഭവിക്കുന്നതിന പ്രവെശിക്കു
ന്ന ദെശത്ത നിങ്ങൾ അപ്രകാരം
ചെയ്യെണ്ടുന്നതിന, എന്റെ ദൈ
വമായ യഹൊവാ എന്നൊടകല്പി
ച്ച പ്രകാരം തന്നെ ഞാൻ നിങ്ങ
ൾക്ക കല്പനകളെയും ന്യായങ്ങളെ
യും ഉപദെശിച്ചിരിക്കുന്നു.
൬ അതുകൊണ്ട [അവയെ] പ്ര
മാണിച്ചു, ചെയ്യിൻ: എന്തുകൊ
ണ്ടെന്നാൽ ജനങ്ങളുടെ കണ്ണുകൾ
ക്ക മുമ്പാകെ ഇത തന്നെ നിങ്ങളു
ടെ ജ്ഞാനവും നിങ്ങളുടെ ബുദ്ധി
യും ആയിരിക്കും; അവർ ഈ കല്പ
നകളെ ഒക്കെയും കെട്ട, ഈ വലി
യ ജാതി ജ്ഞാനവും ബുദ്ധിയും ഉ
ള്ള ജനം എന്ന പറയും,
൭ എന്തെന്നാൽ നമ്മുടെ ദൈവ
മായ യഹൊവായൊടനാം അപെ
ക്ഷിക്കുമ്പൊൾ ഒക്കെയും, അവൻ
നമുക്കസമീപമായിരിക്കുന്നതപൊ
ലെ, ദൈവം തങ്ങൾക്ക [ഇത്ര]സ
മീപമായിരിക്കുന്ന [മറ്റ ഇത്ര] വ
ലിയ ജാതി എതുള്ളു ?
൮ ഞാൻ ഇന്ന നിങ്ങളുടെ മുമ്പി
ൽ സ്ഥാപിക്കുന്ന ഈ എല്ലാ ന്യാ
യ പ്രമാണത്തെ പൊലെയും [ഇ
ത്ര]നീതിയായുള്ള കല്പനകളും ന്യായ
ങ്ങളും ഉള്ള വലിയ ജാതിയും എതു
ള്ളു?
൯ നിന്റെ കണ്ണുകൾ കണ്ടിട്ടുള്ള
കാൎയ്യങ്ങളെ നീ മറക്കാതെയും, നി
ന്റെ ആയുസ്സുള്ള നാളുകൾ ഒക്കെ
യും അവ നിന്റെ ഹൃദയത്തിൽ
നിന്ന വിട്ടുപൊകാതെയും ഇരിപ്പാ
ൻമാത്രം നീ സൂക്ഷിച്ചു,നിന്റെ ആ
ത്മാവിനെ ജാഗ്രതയായി കാത്തു
കൊൾക; നിന്റെ പുത്രന്മാൎക്കും നി
ന്റെ പുത്രന്മാരുടെ പുത്രന്മാൎക്കും അ
വയെ ഉപദെശിക്കെണം.

൰ വിശെഷമായി നീ ഹൊറെ
ബിൽ നിന്റെ ദൈവമായ യ
ഹൊവായിക്കു മുമ്പാകെ നിന്ന നാ
ളിലെ വസ്തുതയെ തന്നെ; അപ്പൊ
ൾ യഹൊവാ എന്നൊട, ജനങ്ങളെ
നിന്റെ അടുക്കൽ കൂട്ടുക, എന്നാൽ
ഞാൻ എന്റെ വചനങ്ങളെ അ
വരെ കെൾക്കുമാറാക്കും; അവർ ഭൂ
മിയിൽ ജീവനൊടിരിക്കുന്ന നാളുക
ൾ ഒക്കെയും എന്നെ ഭയപ്പെടുന്ന
തിന പഠിക്കയും, അവർ തങ്ങളുടെ
പുത്രന്മാരെ പഠിപ്പിക്കയും വെണം
എന്ന പറഞ്ഞുവല്ലൊ.
൰൧ അപ്പൊൾ നിങ്ങൾ അടുത്ത
വന്ന, പൎവ്വതത്തിന താഴെ നിന്നു,
എന്നാൽ പൎവ്വതം ആകാശത്തി
ന്റെ നടുവൊളം അഗ്നി കൊണ്ട
കത്തി, ഇരുളും, മെഘവും, അന്ധ
കാരവും [ഉണ്ടായിരുന്നു,]
൰൨ യഹൊവാ അഗ്നിയുടെ നടു
വിൽനിന്ന നിങ്ങളൊട സംസാ
രിച്ചു; നിങ്ങൾ ആ വാക്കുകളുടെ
ശബ്ദത്തെ കെട്ടു, എന്നാൽ നിങ്ങ
ൾ ഒരു പ്രതിമയെ കണ്ടിട്ടില്ല: ഒ
രു ശബ്ദത്തെ മാത്രം [നിങ്ങൾ കെ
ട്ടു.]
൰൩ നിങ്ങൾ ചെയ്യാൻ അവൻ
നിങ്ങളൊട കല്പിച്ചിട്ടുള്ള പത്ത കല്പ
നകളാകുന്ന തന്റെ ഉഭയസമ്മത
ത്തെ അവൻ നിങ്ങളൊട അറിയി
ച്ചു; അവയെ അവൻ രണ്ട കല്പല
കകളിൽ എഴുതുകയും ചെയ്തു.
൰൪ നിങ്ങൾ അതിനെ അവകാ
ശമാക്കുന്നതിന കടന്ന പൊകുന്ന
ദെശത്ത അവയെ ചെയ്യെണ്ടുന്ന
തിന, കല്പനകളെയും ന്യായങ്ങളെ
യും നിങ്ങൾക്ക ഉപദെശിപ്പാനാ
യിട്ട ആ കാലത്ത യഹൊവാ എ
ന്നൊട കല്പിച്ചു.
൰൫ നിങ്ങളുടെ ആത്മാക്കൾക്കാ

യിട്ട എററവും ജാഗ്രതയായിരിപ്പി
ൻ, (എന്തകൊണ്ടെന്നാൽ യഹൊ
വാ ഹൊറെബിൽ അഗ്നിയുടെ ന
ടുവിൽനിന്ന നിങ്ങളൊടു സംസാ
രിച്ച നാളിൽ നിങ്ങൾ ഒരു പ്രതിമ
യെയും കണ്ടില്ല.)
൧൬ അത നിങ്ങൾ നിങ്ങളെ വ-
ഷളാക്കി, ആണിന്റെയൊ പെ
ണ്ണിന്റെയൊ രൂപമൊ;
൧൭ ഭൂമിയിലുള്ള യാതൊരു മൃഗ
ത്തിന്റെയും രൂപമൊ, ആകാശ
ത്ത പറക്കുന്ന ചിറകുള്ള യാതൊ
രു പക്ഷിയുടെയും രൂപമൊ;
൧൮ ഭൂമിയിലുള്ള യാതൊരു ഇഴ
ജാതിയുടെയും രൂപമൊ, ഭൂമിക്കകീ
ഴെ വെള്ളത്തിലുള്ള യാതൊരു മ
ത്സ്യത്തിന്റെയും രൂപമൊ ആയ
യാതൊരു വിഗ്രഹത്തിന്റെ പ്രതി
മയെയും നിങ്ങൾക്ക ഉണ്ടാക്കാതെ
ഇരിപ്പാനായിട്ടും;
൧൯ നീ നിന്റെ കണ്ണുകളെ ആ
കാശത്തെക്ക ഉയൎത്തി, നിന്റെ ദൈ
വമായ യഹൊവാ ആകാശത്തിന
കീഴെ എല്ലാടവും ഉള്ള സകല ജന
ങ്ങൾക്കും ഭാഗിച്ചിട്ടുള്ള ആകാശ
ത്തിലെ സകല സൈന്യമാകുന്ന
സൂൎയ്യനെയും, ചന്ദ്രനെയും, നക്ഷ
ത്രങ്ങളെയും നീ നൊക്കി, അവയെ
വന്ദിപ്പാനും അവയെ സെവിപ്പാ
നും നീ നിൎബ്ബന്ധിക്കപ്പെടാതെ ഇ
രിപ്പാനായിട്ടും [ആകുന്നു.]
൨൦ എന്നാൽ ഇന്ന [ഇരിക്കുന്ന
തു] പൊലെ തന്നെ നിങ്ങൾ തനി
ക്ക അവകാശമുള്ള ജനമായിരിക്കെ
ണ്ടുന്നതിന, യഹൊവാ നിങ്ങളെ
എടുത്ത, നിങ്ങളെ മിസ്രയിം എന്ന
ഇരുമ്പ ഉലയിൽനിന്ന പുറപ്പെട്ട
വിച്ചിരിക്കുന്നു.
൨൧ ¶ പിന്നെയും യഹൊവാ നി
ങ്ങളുടെ നിമിത്തം എന്നൊട കൊ
പിച്ചു, ഞാൻ യൎദ്ദെന്നെ കടക്കയി
ല്ലെന്നും, നിന്റെ ദൈവമായ യ
ഹൊവാ നിനക്ക അവകാശമായി
ട്ട തരുന്ന ആ നല്ല ദെശത്തെക്ക
ഞാൻ പ്രവെശിക്കയില്ലെന്നും ആ
ണയിട്ടു;
൨൨ എന്തെന്നാൽ ഞാൻ യൎദ്ദെ
ന്നെ കടക്കാതെ, ഈ ദെശത്ത മരി
ക്കെണ്ടി വരും: എന്നാലും നിങ്ങൾ
കടന്ന, ആ നല്ല ദെശത്തെ അവ
കാശമായനുഭവിക്കും.
൨൩ നിങ്ങൾ നിങ്ങളുടെ ദൈവമാ
യ യഹൊവാ നിങ്ങളൊട ചെയ്തി
ട്ടുള്ള അവന്റെ ഉഭയസമ്മതത്തെ
മറന്ന, നിന്റെ ദൈവമായ യ
ഹൊവാ നിന്നൊട വിരൊധിച്ചിരി
ക്കുന്ന യാതൊരു വസ്തുവിന്റെയും
പ്രതിമയായ വിഗ്രഹത്തെ എങ്കി
ലും നിങ്ങൾക്ക ഉണ്ടാക്കാതെ ഇരി
പ്പാൻ ജാഗ്രതയായിരിപ്പിൻ.
൨൪ എന്തെന്നാൽ നിന്റെ ദൈ
വമായ യഹൊവാ ഭക്ഷിക്കുന്ന
അഗ്നിയായി; വൈരാഗ്യമുള്ള ദൈ
വം.
൨൫ നീ പുത്രന്മാരെയും, പുത്രന്മാ
രുടെ പുത്രന്മാരെയും ജനിപ്പിക്കു
മ്പൊഴും, നിങ്ങൾ ദെശത്ത വളരെ
കാലം ഇരുന്നിട്ട, [നിങ്ങളെ തന്നെ]
വഷളാക്കി, യാതൊരു വസ്തുവി
ന്റെയും പ്രതിമയായ വിഗ്രഹ
ത്തെ ഉണ്ടാക്കി, നിന്റെ ദൈവമാ
യ യഹൊവായെ കൊപിപ്പിപ്പാ
ൻ അവന്റെ മുമ്പാകെ ദൊഷം
ചെയ്യുമ്പൊഴും;
൨൬ നിങ്ങൾ അതിനെ അവകാ
ശമാക്കുന്നതിന യൎദ്ദെന്നെ കടന്ന
പൊകുന്ന ദെശത്തനിന്ന നിങ്ങൾ
വെഗം അശെഷം നശിച്ചുപൊകു
മെന്ന, ഇന്നെ ദിവസം ഞാൻ ആ
കാശത്തെയും ഭൂമിയെയും നിങ്ങൾ

ക്കവിരോധമായിസാക്ഷിയായിട്ട
വിളിക്കുന്നു; നിങ്ങൾ അതിൽനാളു
കളെ ദീൎഘമാക്കാതെ, അശേഷം ന
ശിക്കപ്പെടും.

൨൭ യഹോവാ നിങ്ങളെ ജാതി
കളുടെ ഇടയിൽ ചിന്നിക്കും, യ
ഹോവാനിങ്ങളെ അവിടെക്കകൊ
ണ്ടുപൊകുവാനിരിക്കുന്ന പുറജാതി
കളുടെ ഇടയിൽ നിങ്ങൾ എണ്ണ
ത്തിൽ കുറഞ്ഞവരായി ശെഷിക്കും.

൨൮ അവിടെ കാണാതെയും, കെ
ൾക്കാതെയും, ഭക്ഷിക്കാതെയും, ആ
ഘ്രാണിക്കാതെയും ഇരിക്കുന്ന മ
രവും കല്ലുമായി, മനുഷ്യരുടെകൈ
വെലയാകുന്ന ദൈവങ്ങളെ നി
ങ്ങൾ സെവിക്കും.

൨൯ എന്നാലും അവിടെനിന്ന
നീ നിന്റെ ദൈവമായ യഹൊ
വായെ അന്വെഷിച്ചു, അവനെ
നിന്റെപൂൎണ്ണഹൃദയംകൊണ്ടും, നി
ന്റെ പൂൎണ്ണ ആത്മാവു കൊണ്ടും നി
അന്വെഷിച്ചാൽ, നീ [അവനെ]
കണ്ടെത്തും.

൩൦ നിനക്ക മനൊ വ്യസനം ഉ
ണ്ടായിട്ട, ഇ കാൎയ്യങ്ങൾ ഒക്കെയും,
അവസാനദിവസങ്ങളിൽ നിന്നെ
കണ്ടു പിടിക്കുമ്പൊൾ, നീ നിന്റെ
ദൈവമായ യഹൊവായുടെ അടു
ക്കൽ തിരിഞ്ഞ, അവന്റെ ശബ്ദ
ത്തിന അനുസരിക്കെണം.

൩൧ (എന്തെന്നാൽ നിന്റെ ദൈ
വമായ യഹൊവാ കരുണയുള്ള
ദൈവം ആകുന്നു,) അവൻ നി
ന്നെ ഉപെക്ഷിക്കാതെയും, നിന്നെ
നശിപ്പിക്കാതെയും, താൻ നിന്റെ
പിതാക്കന്മാരൊട ആണയിട്ടിട്ടുള്ള
തന്റെ ഉഭയസമ്മതത്തെ മറക്കാ
തെയും ഇരിക്കും.

൩൨ ¶ എന്തെന്നാൽ ദൈവം മ
നുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ച നാ
ൾ മുതൽ, നിനക്ക മുമ്പെ ഇരുന്നപൂ
ൎവ്വ നാളുകളിൽ, ആകാശത്തിന്റെ
ഒരു അറ്റം തുടങ്ങി മറ്റെ അറ്റ
ത്തൊളവും, എവിടെ എങ്കിലും [ഇ
പ്രകാരമുള്ള] വലിയ കാൎയ്യം നട
ന്നിട്ടുണ്ടൊ, അല്ലെങ്കിൽ ഇപ്രകാ
രമുള്ളത കെൾക്കപ്പെട്ടിട്ടുണ്ടൊ, എ
ന്ന നീ ഇപ്പൊൾ വിചാരിക്ക.

൩൩ നീ കെട്ടതപൊലെ ഒരു ജ
നവും അഗ്നിയുടെ നടുവിൽനിന്ന
സംസാരിക്കുന്ന ദൈവത്തിന്റെ
ശബ്ദത്തെ കെട്ടിട്ടും, ജീവനൊടെ
ഇരുന്നിട്ടും ഉണ്ടൊ?

൩൪ അല്ലെങ്കിൽ നിങ്ങളുടെ ദൈ
വമായ യഹൊവാ മിസ്രയിമിൽ
നിന്റെ കണ്ണുകൾക്ക മുമ്പാകെ, നി
ങ്ങൾക്കായിട്ട ചെയ്തപ്രകാരം ഒ
ക്കെയും, ദൈവം പരീക്ഷകളാലും,
അടയാളങ്ങളാലും, അത്ഭുതങ്ങളാ
ലും, യുദ്ധത്താലും, ശക്തിയുള്ള ക
യ്യാലും, നീട്ടപ്പെട്ട ഭുജത്താലും, മഹാ
ഭയങ്കരപ്രവൃത്തികളാലും ഒരു ജാതി
യെ മറ്റൊരു ജാതിയുടെ നടുവിൽ
നിന്ന തനിക്കഎടുത്തുകൊള്ളുന്നതി
ന പൊകുവാൻ ശ്രമിച്ചിട്ടുണ്ടൊ?

൩൫ യഹൊവാ തന്നെ ദൈവം,
അവനല്ലാതെ മറ്റൊരുത്തനുമില്ല
എന്ന നീ അറിവാനായിട്ട അത
നിനക്ക കാണിക്കപ്പെട്ടു.

൩൬ അവൻ നിനക്ക ഉപദെശി
ക്കെണ്ടുന്നതിന അവൻ ആകാശ
ത്തനിന്ന തന്റെ ശബ്ദത്തെ നി
നക്ക കെൾപ്പിച്ചു; ഭൂമിയിൽ ത
ന്റെ വലിയ അഗ്നിയെയും അ
വൻ നിനക്ക കാണിച്ചു, അഗ്നിയു
ടെ നടുവിൽനിന്ന അവന്റെ വ
ചനങ്ങളെയും നീ കെട്ടു.

൩൭ അവൻ നിന്റെ പിതാക്ക
ന്മാരെ സ്നെഹിച്ചതകൊണ്ട, അവ
ൎക്ക ശെഷമുള്ള അവരുടെ സന്തതി

യെ അവൻ തെരിഞ്ഞെടുത്ത;

൩൮ നിന്നെക്കാളും വലിയവയും ബലവുമുള്ള ജാതികളെ നിന്റെ മുമ്പിൽനിന്ന ആട്ടികളവാനും, നിന്നെ പ്രവെശിപ്പിച്ച, അവരുടെ ദെശത്തെ, ഇന്ന [ഇരിക്കുന്നത] പൊലെ, നിനക്ക അവകാശമായിട്ട തരുവാനും, നിന്നെ തന്റെ മുഖത്തിന മുമ്പാകെ തന്റെ മഹാ ശക്തി കൊണ്ട മിസ്രയിമിൽനിന്ന പുറപ്പെടുവിച്ചു.

൩൯ അതുകൊണ്ട മെലെ സ്വൎഗ്ഗത്തിലും, താഴെ ഭൂമിയിലും യഹൊവാ തന്നെ ദൈവം; മറ്റൊരുത്തനുമില്ല എന്ന നീ ഇന്നാളിൽ അറിഞ്ഞ, നിന്റെ ഹൃദയത്തിൽ ധ്യാനിക്കെണം.

൪൦ ആകയാൽ നിനക്കും നിന്റെ ശെഷം നിന്റെ മക്കൾക്കും നന്നായിരിക്കെണ്ടുന്നതിനും, നിന്റെ ദൈവമായ യഹൊവാ നിനക്കു നൽകുന്ന ഭൂമിയിൽ നീ നാളുകളെ എന്നും ദീൎഘമാക്കെണ്ടുന്നതിനും ഞാൻ ഇന്ന നിന്നൊട കല്പിക്കുന്ന അവന്റെ ചട്ടങ്ങളെയും അവന്റെ കല്പനകളെയും നീ പ്രമാണിക്കെണം.

൪൧ ¶ അപ്പൊൾ മൊശെ യൎദ്ദെന്ന ഇക്കരെ സൂൎയ്യൊദയത്തിന നെരെ ഇരിക്കുന്ന മൂന്ന പട്ടണങ്ങളെ വെർതിരിച്ചു:

൪൨ അറിയാതെയും, മുന്നാളിൽ അവനെ പകെക്കാതെയും തന്റെ അയല്ക്കാരനെ കുല ചെയ്യുവൻ അവിടെ ഒടി പൊകെണ്ടുന്നതിനും, ആ പട്ടണങ്ങളിൽ ഒന്നിൽ ഒടി പൊയിട്ട അവൻ ജീവിച്ചിരിക്കെണ്ടുന്നതിനും ആയിരുന്നു.

൪൩ [ആയവ] രൂബെൻകാൎക്കുള്ള സമഭൂമിയിൽ വനത്തിലുള്ള ബെസെറും; ഗാദകാൎക്കുള്ള ഗിലയാദിലെ റാമൊത്തും; മനശ്ശെകാൎക്കുള്ള ബാശാനിലെ ഗൊലാനും [ആയിരുന്നു.]

൪൪ ¶ ഇത മൊശെ യിസ്രാഎൽ പുത്രന്മാരുടെ മുമ്പാകെ വെച്ചിട്ടുള്ള ന്യായപ്രമാണം.

൪൫ ഇവ യിസ്രാഎൽ പുത്രന്മാർ മിസ്രയിമിൽനിന്ന പുറപ്പെട്ടതിന്റെ ശെഷം മൊശെ യൎദ്ദെന്ന ഇപ്പുറം ഹെശ്ബൊനിൽ കുടിയിരുന്ന അമൊറായക്കാരുടെ രാജാവായ സീഹൊന്റെ ദെശത്ത ബെത-പെയൊറിന്ന നെരെയുള്ള താഴ്വരയിൽ വെച്ച അവരൊട പറഞ്ഞ സാക്ഷികളും, കല്പനകളും, ന്യായങ്ങളും [ആകുന്നു.]

൪൬ ആ രാജാവിനെ മൊശെയും യിസ്രാഎൽ പുത്രന്മാരും മിസ്രയിമിൽനിന്ന പുറപ്പെട്ടതിന്റെ ശെഷം അവർ കൊന്നു;

൪൭ യൎദ്ദെന്ന ഇപ്പുറം സൂൎയ്യൊദയത്തിന നെരെ ഇരുന്ന അമൊറായക്കാരുടെ രണ്ട രാജാക്കളായ അവരുടെ ദെശത്തെയും, ബാശാന്റെ രാജാവായ ഒഗിന്റെ ദെശത്തെയും,

൪൮ അൎന്നൊൻ നദിയുടെ അരികത്തായി അറൊയെറിൽനിന്ന ഹെൎമ്മൊനെന്ന സീയൊൻ പൎവ്വതം വരെയും;

൪൯ യൎദ്ദെന്ന ഇപ്പുറം സൂൎയ്യൊദയത്തിന നെരെ അശ്ദൊത-പിസ്ഗായിക്ക താഴെയുള്ള സമഭൂമിയിലെ സമുദ്രം വരെയും ഉള്ള സമഭൂമിയെ ഒക്കെയും അവർ അവകാശമായനുഭവിച്ചു.

൫ അദ്ധ്യായം.

൧ ഹൊറെബിൽ [വെച്ചുണ്ടായ] ഉഭയസമ്മതം, ൬, പത്ത കല്പനകൾ,—൨൨, ജനത്തിന്റെ

അ൫ പക്ഷ കൊണ്ട മൊശെ ദൈവത്തിങ്കൽ നിന്ന ന്യായപ്രമാണത്തെ കൈക്കൊള്ളുന്നത.

പിന്നെ മൊശെ എല്ലാ യിസ്രാ
എലിനെയും വിളിച്ച; അവരൊട
പറഞ്ഞത എന്തെന്നാൽ; യിസ്രാ
എലെ; ഞാൻ ഇന്ന നിങ്ങളുടെ
ചെവികൾക്ക പറയുന്ന കല്പനക
ളെയും, ന്യായങ്ങളെയും കെൾപ്പി
ൻ, നിങ്ങൾ അവയെ പഠിച്ച, അ
വയെ ചെയ്യുന്നതിന പ്രമാണിക്ക
യും വെണം.
൨ നമ്മുടെ ദൈവമായ യഹൊ
വാ ഹൊറെബിൽ വെച്ച നമ്മൊ
ട ഉഭയസമ്മതം ചെയ്തു.
൩ ഈ ഉഭയസമ്മതം യഹൊ
വാ നമ്മുടെ പിതാക്കന്മാരൊടല്ല;
നമ്മൊട, ഇന്ന ഇവിടെ ജീവനൊ
ടിരിക്കുന്ന നമ്മൊട എല്ലാവരൊടും
തന്നെ, ചെയ്തു.
൪ യഹൊവാ പൎവതത്തിൽ അ
ഗ്നിയുടെ നടുവിൽനിന്ന നിങ്ങ
ളൊട അഭിമുഖമായി സംസാരിച്ച;
൫ (യഹൊവായുടെ വചനം നി
ങ്ങളൊട അറിയിക്കെണ്ടുന്നതിന
അക്കാലത്ത ഞാൻ യഹൊവായി
ക്കും നിങ്ങൾക്കും മദ്ധ്യെ നിന്നു,
എന്തകൊണ്ടെന്നാൽ നിങ്ങൾ അ
ഗ്നി ഹെതുവായി ഭയപ്പെട്ടു, പൎവ
തത്തിൽ കരെറിയതുമില്ല;) അവൻ
പറഞ്ഞത എന്തെന്നാൽ,
൬ അടിമവീടായ മിസ്രയിം ദെ
ശത്തനിന്ന നിന്നെ കൊണ്ടുവന്ന
വനായി, യഹൊവായായ ഞാൻ
നിന്റെ ദൈവം ആകുന്നു.
൭ എന്റെ മുമ്പാകെ അന്യദൈ
വങ്ങൾ നിനക്ക ഉണ്ടാകരുത.
൮ നിനക്ക ഒരു വിഗ്രഹത്തെ ഉ
ണ്ടാക്കരുത; മീതെ സ്വൎഗ്ഗത്തിൽ എ
ങ്കിലും, താഴെ ഭൂമിയിൽ എങ്കിലും, ഭൂ
മിക്ക കീഴെ വെള്ളത്തിൽ എങ്കിലും, ഉ
ള്ള യാതൊന്നിന്റെയും പ്രതിമയെ
എങ്കിലും അരുത:
൯ നീ അവയെ കുമ്പിടുക എങ്കി
ലും; അവയെ സെവിക്ക എങ്കിലും
അരുത; എന്തെന്നാൽ നിന്റെ ദൈ
വമായി യഹൊവായായ ഞാൻ
വൈരാഗ്യമുള്ള ദൈവം [ആകുന്നു;]
എന്നൊട പകെക്കുന്നവരിൽ മൂന്നാ
മത്തവരും നാലാമത്തവരും വരെ ഉ
ള്ള മക്കളുടെ മെൽ പിതാക്കന്മാരുടെ
അന്യായത്തെ കുറിച്ച ചൊദിക്കയും;
൧൦ എന്നെ സ്നെഹിച്ച, എന്റെ
കല്പനകളെ പ്രമാണിക്കുന്ന ആ
യിരങ്ങൾക്കും കരുണയെ കാട്ടുക
യും ചെയ്യുന്നു.
൧൧ നീ നിന്റെ ദൈവമായ യ
ഹൊവായുടെ നാമം വൃഥാ എടുക്ക
രുത; എന്തെന്നാൽ തന്റെ നാമം
വൃഥാ എടുക്കുന്നവൻ കുററമില്ലാത്ത
വനെന്ന യഹൊവാ വിചാരിക്ക
യില്ല.
൧൨ സ്വസ്ഥ നാളിനെ, നിന്റെ
ദൈവമായ യഹൊവാ നിന്നൊട
കല്പിച്ച പ്രകാരം, ശുദ്ധികരിക്കുന്ന
തിന അതിനെ ആചരിക്ക.
൧൩ ആറ ദിവസം നീ അദ്ധ്വാ
നപ്പെട്ട നിന്റെ വെല ഒക്കെയും
ചെയ്ക:
൧൪ എന്നാൽ എഴാം ദിവസം നി
ന്റെ ദൈവമായ യഹൊവായുടെ
സ്വസ്ഥത ആകുന്നു: [അതിൽ] നീ
യും, നിന്റെ പുത്രനും, നിന്റെ പു
ത്രിയും, നിന്റെ വെലക്കാരനും, നി
ന്റെ വെലക്കാരിയും, നിന്റെ കാള
യും, നിന്റെ കഴുതയും, നിനക്കുള്ള
യാതൊരു മൃഗജീവനും, നിന്റെ വാ
തിലുകൾക്ക അകത്തുള്ള അന്യനും
ഒരു വെലയും ചെയ്യരുത; നിന്റെ
വെലക്കാരനും നിന്റെ വെലക്കാ

മൻൻ

രിയും നീ എന്നപൊലെ സ്വസ്ഥ
മായിരിക്കെണ്ടുന്നതിന ആകുന്നു.
൧൫ വിശെഷിച്ചും നീ മിസ്രയിം
ദെശത്ത അടിയാനായിരുന്നു എ
ന്നും, നിന്റെ ദൈവമായ യഹൊ
വാ നിന്നെ അവിടെനിന്ന ശ
ക്തിയുള്ള കൈ കൊണ്ടും, നീട്ടപ്പെ
ട്ട ഭുജം കൊണ്ടും കൊണ്ടുവന്നു എ
ന്നും ഒൎക്ക: ആയതകൊണ്ട സ്വ
സ്ഥ നാളിനെ ആചരിപ്പാൻ നി
ന്റെ ദൈവമായ യഹൊവാ നി
ന്നൊട കല്പിച്ചു.
൧൬ നിന്റെ നാളുകൾ ദീൎഘമാ
കുവാനായിട്ടും; നിന്റെ ദൈവമാ
യ യഹൊവാ നിനക്ക തരുന്ന ദെ
ശത്ത നിനക്ക നന്നായിരിപ്പാനാ
യിട്ടും; നിന്റെ പിതാവിനെയും
നിന്റെ മാതാവിനെയും; നിന്റെ
ദൈവമായ യഹൊവാ നിന്നൊ
ട കല്പിച്ച പ്രകാരം, ബഹുമാനിക്ക.
൧൭ നീ കുല ചെയ്യരുത.
൧൮ നീ വ്യഭിചാരം ചെയ്യരുത.
൧൯ നീ മൊഷ്ടിക്കരുത.
൨൦ നീ നിന്റെ അയല്ക്കാരന്റെ
നെരെ കള്ളസ്സാക്ഷി പറയരുത.
൨൧ നീ നിന്റെ അയല്ക്കാരന്റെ
ഭാൎയ്യയെ മൊഹിക്കരുത; നീ നിന്റെ
അയല്ക്കാരന്റെ ഭവനത്തെയും, അ
വന്റെ നിലത്തെയും, അവന്റെ
വെലക്കാരനെയും, അവന്റെ വെ
ലക്കാരിയെയും, അവന്റെ കാള
യെയും, അവന്റെ കഴുതയെയും,
നിന്റെ അയല്ക്കാരനുള്ള യാതൊ
ന്നിനെയും മൊഹിക്കരുത.
൨൨ ¶ ഈ വചനങ്ങളെ യഹൊ
വാ പൎവതത്തിൽ അഗ്നിയുടെയും,
മെഘത്തിന്റെയും, അന്ധകാരത്തി
ന്റെയും നടുവിൽനിന്ന നിങ്ങളു
ടെ എല്ലാ സഭയൊടും മഹാ ശബ്ദ
ത്തൊടെ പറഞ്ഞു; അവൻ ഒന്നും
കൂട്ടാതെ ഇരുന്നു: അവൻ അവയെ
രണ്ട കല്പലകകളിൽ എഴുതി, അവ
യെ എനിക്ക തരികയും ചെയ്തു.
൨൩ പിന്നെ ഉണ്ടായത എന്തെ
ന്നാൽ; പൎവതം അഗ്നി കൊണ്ട
കത്തുമ്പൊൾ തന്നെ; അന്ധകാര
ത്തിന്റെ നടുവിൽനിന്ന [ഉണ്ടാ
യ] ശബ്ദത്തെ നിങ്ങൾ കെട്ടപ്പൊ
ൾ, നിങ്ങൾ നിങ്ങളുടെ ഗൊത്രങ്ങ
ളുടെ പ്രമാണികളും; നിങ്ങളുടെ മൂ
പ്പന്മാരും എല്ലാവരും തന്നെ; എ
ന്റെ അടുക്കൽ വന്നു;
൨൪ പിന്നെ നിങ്ങൾ പറഞ്ഞു,
ഇതാ; ഞങ്ങളുടെ ദൈവമായ യ
ഹൊവാ ഞങ്ങൾക്ക തന്റെ മഹ
ത്വത്തെയും തന്റെ വല്ലഭത്വത്തെ
യും കാണിച്ചിരിക്കുന്നു; അഗ്നിയു
ടെ നടുവിൽനിന്ന അവന്റെ ശ
ബ്ദത്തെ ഞങ്ങൾ കെട്ടുമിരിക്കുന്നു;
ദൈവം മനുഷ്യനൊട സംസാരി
ക്കുന്നതും ഇവൻ ജീവനൊടെ ഇ
രിക്കുന്നതും ഞങ്ങൾ ഇന്ന തന്നെ
കണ്ടിരിക്കുന്നു.
൨൫ ആകയാൽ ഇപ്പൊൾ ഞങ്ങ
ൾ എന്തിന മരിക്കുന്നു? എന്തെ
ന്നാൽ ഈ വലിയ അഗ്നി ഞങ്ങ
ളെ ഭക്ഷിച്ചുകളയും: ഞങ്ങൾ പി
ന്നെയും ഞങ്ങളുടെ ദൈവമായ യ
ഹൊവായുടെ ശബ്ദത്തെ കെട്ടാൽ
ഞങ്ങൾ മരിക്കും.
൨൬ എന്തെന്നാൽ ഞങ്ങൾ [കെ
ട്ടത] പൊലെ, യാതൊരു ജഡവും
അഗ്നിയുടെ നടുവിൽനിന്ന സം
സാരിക്കുന്ന ജീവനുള്ള ദൈവത്തി
ന്റെ ശബ്ദത്തെ കെൾക്കയും, ജീ
വനൊടിരിക്കയും ചെയ്തിട്ടുണ്ടൊ?
൨൭ നീ അടുത്ത ചെന്ന, ഞങ്ങ
ളുടെ ദൈവമായ യഹൊവാ പറ
യുന്നതിനെ ഒക്കെയും കെൾക്ക:
നീ തന്നെ ഞങ്ങളുടെ ദൈവമായ

യഹൊവാ നിന്നൊട പറയുന്നതിനെ ഒക്കെയും ഞങ്ങളൊട പറയെണം; എന്നാൽ ഞങ്ങൾ [അതിനെ] കെട്ട ചെയ്യും.

൨൰൮ നിങ്ങൾ എന്നൊട സംസാരിക്കുമ്പൊൾ, യഹൊവാ നിങ്ങളുടെ വാക്കുകളുടെ ശബ്ദത്തെ കെട്ടു; പിന്നെ യഹൊവാ എന്നൊട പറഞ്ഞു, ഈ ജനം നിന്നൊട പറഞ്ഞിട്ടുള്ള അവരുടെ വാക്കുകളുടെ ശബ്ദത്തെ ഞാൻ കെട്ടു, അവർ പറഞ്ഞത ഒക്കെയും നല്ലത.

൨൰൯ അവൎക്കും, അവരുടെ പുത്രന്മാൎക്കും എന്നെക്കും നന്നായിരിപ്പാനായിട്ട അവർ എല്ലായ്പൊഴും എന്നെ ഭയപ്പെടുന്നതിനും, എന്റെ കല്പനകളെ ഒക്കെയും പ്രമാണിക്കുന്നതിനും ഇപ്രകാരമുള്ള ഹൃദയം അവരിൽ ഉണ്ടായാൽ കൊള്ളായിരുന്നു!

൩൰ നീ പൊയി, നിങ്ങളുടെ കൂടാരങ്ങൾക്ക തിരികെ പൊകുവിൻ എന്ന അവരൊട പറക.

൩൰൧ നീയൊ നീ ഇവിടെ എന്റെ അടുക്കൽ നില്ക്ക; എന്നാൽ നീ അവൎക്ക ഉപദെശിപ്പാനും, അവർ അനുഭവിക്കുന്നതിന ഞാൻ അവൎക്ക കൊടുക്കുന്ന ദെശത്ത അവർ ചെയ്യാനും ഉള്ള സകല കല്പനകളെയും, ചട്ടങ്ങളെയും, ന്യായങ്ങളെയും ഞാൻ നിന്നൊട പറയും.

൩൰൨ അതുകൊണ്ട നിങ്ങളുടെ ദൈവമായ യഹൊവാ നിങ്ങളൊട കല്പിച്ച പ്രകാരം ചെയ്യാൻ നിങ്ങൾ ജാഗ്രതയായിരിക്കെണം; നിങ്ങൾ വലത്തു ഭാഗത്തെക്കാട്ട എങ്കിലും, ഇടത്തു ഭാഗത്തെക്കാട്ട എങ്കിലും ചാഞ്ഞു പൊകരുത.

൩൰൩ നിങ്ങൾ ജീവിച്ചിരിപ്പാനായിട്ടും, നിങ്ങൾക്ക നന്നായിരിപ്പാനായിട്ടും, നിങ്ങൾ അനുഭവിപ്പാനുള്ള ദെശത്ത നിങ്ങൾ നാളുകളെ ദീൎഘമാക്കുവാനായിട്ടും, നിങ്ങളുടെ ദൈവമായ യഹൊവാ നിങ്ങളൊട കല്പിച്ചിട്ടുള്ള എല്ലാ വഴിയിലും നിങ്ങൾ നടന്നുകൊള്ളെണം.

൬ അദ്ധ്യായം.

൧ ന്യായപ്രമാണത്തിന്റെ സാദ്ധ്യം അനുസരണം ആകുന്നു,—൩ അതിനുള്ള ഒരു ഉപദെശം.

നിങ്ങൾ അതിനെ അനുഭവിക്കുന്നതിന അവിടെക്ക കടന്നു പൊകുന്ന ദെശത്ത നിങ്ങൾ ചെയ്യാനായിട്ട നിങ്ങളുടെ ദൈവമായ യഹൊവാ നിങ്ങൾക്ക ഉപദെശിപ്പാൻ കല്പിച്ചിട്ടുള്ള കല്പനകളും, ചട്ടങ്ങളും, ന്യായങ്ങളും ഇവ [ആകുന്നു:]

൨ നിന്റെ ആയുസ്സുള്ള നാൾ ഒക്കെയും നീയും, നിന്റെ പുത്രനും, നിന്റെ പുത്രന്റെ പുത്രനും, ഞാൻ നിന്നൊട കല്പിക്കുന്ന അവന്റെ എല്ലാ ചട്ടങ്ങളെയും അവന്റെ കല്പനകളെയും പ്രമാണിക്കെണ്ടുന്നതിന, നീ നിന്റെ ദൈവമായ യഹൊവായെ ഭയപ്പെടുവാനായിട്ടും, നിന്റെ നാളുകൾ ദീൎഘമുള്ളവയാകുവാനായിട്ടും തന്നെ.

൩ അതുകൊണ്ട യിസ്രാഎലെ, നിനക്ക നന്നായിരിക്കെണ്ടുന്നതിനും, നിന്റെ പിതാക്കന്മാരുടെ ദൈവമായ യഹൊവാ നിന്നൊട പറഞ്ഞ പ്രകാരം, പാലും തെനും ഒഴുകുന്ന ദെശത്ത നിങ്ങൾ എററവും വൎദ്ധിക്കെണ്ടുന്നതിനും, നീ ചെവി കൊടുത്ത, [അപ്രകാരം] ചെയ്യുന്നതിന ജാഗ്രതയായിരിക്ക.

൪ യിസ്രാഎലെ, കെൾക്ക, നമ്മുടെ ദൈവമായ യഹൊവാ എക യഹൊവാ [ആകുന്നു.]

൫ നീ നിന്റെ ദൈവമായ യഹൊവായെ നിന്റെ പൂൎണ്ണ ഹൃദയം കൊണ്ടും, നിന്റെ പൂൎണ്ണ ആത്മാവു കൊണ്ടും, നിന്റെ പൂൎണ്ണ ശക്തി കൊണ്ടും സ്നെഹിക്കെണം.

൬ ഇന്ന ഞാൻ നിന്നൊട കല്പിക്കുന്ന ൟ വചനങ്ങളും നിന്റെ ഹൃദയത്തിൽ ഇരിക്കെണം.

൭ നീ അവയെ നിന്റെ മക്കൾക്ക ~~താല്പൎയ്യമായി ഉപദെശിക്കയും~~, നീ നിന്റെ ഭവനത്തിൽ ഇരിക്കുമ്പൊഴും, നീ വഴിയിൽ നടക്കുമ്പൊഴും, നീ ശയിക്കുമ്പൊഴും, നീ എഴുനീല്ക്കുമ്പൊഴും അവയെ കുറിച്ചു സംസാരിക്കയും വെണം.

൮ നീ അവയെ അടയാളത്തിനായിട്ട നിന്റെ കയ്യിന്മെൽ കെട്ടെണം, അവ നിന്റെ കണ്ണുകളുടെ നടുവിൽ നെററിപ്പട്ടങ്ങൾക്കായിട്ട ഇരിക്കയും വെണം.

൯ നീ അവയെ നിന്റെ ഭവനത്തിന്റെ വാതിൽ കട്ടിളകളുടെ മെലും, നിന്റെ പടിവാതിലുകളിലും എഴുതെണം.

൰ പിന്നെ ഇപ്രകാരം ഉണ്ടാകും, നിന്റെ ദൈവമായ യഹൊവാ നിനക്ക തരുമെന്ന, അബ്രഹാമും, ഇസ്സാക്കും, യാക്കൊബും എന്ന, നിന്റെ പിതാക്കന്മാരൊട ആണയിട്ടിട്ടുള്ള ദെശത്തെക്ക നിന്നെ പ്രവെശിപ്പിക്കുമ്പൊഴും, നീ പണിയാത്ത വലിയവയും നല്ലവയുമായുള്ള പട്ടണങ്ങളെയും,

൰൧ നീ നിറെക്കാത്ത സകല നല്ല വസ്തുക്കൾ കൊണ്ടും നിറെഞ്ഞിരിക്കുന്ന ഭവനങ്ങളെയും, നീ വെട്ടാത്ത വെട്ടപ്പെട്ടിരിക്കുന്ന കിണറുകളെയും, നീ ഉണ്ടാക്കാത്ത മുന്തിരിങ്ങാതൊട്ടങ്ങളെയും, ഒലിവ വൃക്ഷതൊട്ടങ്ങളെയും [അവൻ നിനക്ക തരുമ്പൊഴും,] നീ ഭക്ഷിച്ചു തൃപ്തിയാകുമ്പൊഴും,

൰൨ നിന്നെ അടിമവീടായ മിസ്രയിം ദെശത്തനിന്ന പുറപ്പെടുവിച്ചവനായ യഹൊവായെ നീ മറക്കാതെ ഇരിപ്പാനായിട്ട ജാഗ്രതയായിരിക്ക.

൰൩ നീ നിന്റെ ദൈവമായ യഹൊവായെ ഭയപ്പെട്ട, അവനെ സെവിച്ചു, അവന്റെ നാമത്തെ കൊണ്ട ആണയിടെണം.

൰൪ നിന്റെ ദൈവമായ യഹൊവായുടെ കൊപം നിനക്ക വിരൊധമായി ജ്വലിച്ചു, നിന്നെ ഭൂമിയിൽനിന്ന നശിപ്പിക്കാതെ ഇരിപ്പാനായിട്ട, നിങ്ങൾക്ക ചുററുമിരിക്കുന്ന ജനങ്ങളുടെ ദൈവങ്ങളായ അന്യ ദൈവങ്ങളെയും നിങ്ങൾ പിന്തുടരാതെ ഇരിക്കെണം.

൰൫ എന്തെന്നാൽ നിന്റെ ദൈവമായ യഹൊവാ നിങ്ങളുടെ ഇടയിൽ വൈരാഗ്യമുള്ളദൈവം [ആകുന്നു.]

൰൬ നിങ്ങൾ മസ്സായിങ്കൽ പരീക്ഷിച്ചത പൊലെ, നിങ്ങളുടെ ദൈവമായ യഹൊവായെ നിങ്ങൾ പരീക്ഷിക്കരുത.

൰൭ നിങ്ങളുടെ ദൈവമായ യഹൊവാ നിന്നൊട കല്പിച്ചിട്ടുള്ള അവന്റെ കല്പനകളെയും, അവന്റെ സാക്ഷികളെയും, അവന്റെ ചട്ടങ്ങളെയും നിങ്ങൾ ജാഗ്രതയായി പ്രമാണിക്കെണം.

൰൮ നിനക്ക നന്നായിരിക്കെണ്ടുന്നതിനും, നീ പ്രവെശിച്ചു, യഹൊവാ നിന്റെ പിതാക്കന്മാരൊട ആണയിട്ടിട്ടുള്ള നല്ല ദെശത്തെ അവകാശമായനുഭവിക്കെണ്ടുന്നതിനും,

൰൯ നിന്റെ ശത്രുക്കളെ എല്ലാവരെയും, യഹൊവാ പറഞ്ഞ പ്രകാ

രം, നിന്റെ മുഖത്തിന്ന മുമ്പിൽനിന്ന ആട്ടിക്കളയെണ്ടുന്നതിനും, നീ യഹൊവായുടെ മുമ്പാകെ നെരായും നന്നായുമുള്ളതിനെ ചെയ്യുകയും വെണം.

൨൰ ¶ നമ്മുടെ ദൈവമായ യഹൊവാ നിങ്ങളൊട കല്പിച്ചിട്ടുള്ള സാക്ഷികളും, ചട്ടങ്ങളും, ന്യായങ്ങളും എന്ത എന്ന നിന്റെ പുത്രൻ നാളെ നിന്നൊട ചൊദിക്കുമ്പൊൾ,

൨൰൧ നീ നിന്റെ പുത്രനൊട പറയെണ്ടുന്നത എന്തെന്നാൽ, ഞങ്ങൾ മിസ്രയിമിൽ പറവൊന്റെ അടിമകൾ ആയിരുന്നു; എന്നാൽ യഹൊവാ ബലമുള്ള കൈകൊണ്ട ഞങ്ങളെ മിസ്രയിമിൽനിന്ന കൊണ്ടുവന്നു.

൨൰൨ വിശെഷിച്ചും യഹൊവാ ഞങ്ങളുടെ കണ്ണുകൾക്ക മുമ്പാകെ മിസ്രയിമിലും, പറവൊന്റെമെലും, അവന്റെ എല്ലാ കുഡുംബത്തിന്റെയും മെലും അടയാളങ്ങളെയും, വലിയവയും കഠിനവുമായുള്ള അത്ഭുതങ്ങളെയും കാണിച്ചു;

൨൰൩ താൻ നമ്മുടെ പിതാക്കന്മാരൊട ആണയിട്ടിട്ടുള്ള ദെശത്തെ നമുക്ക തരുവാനായിട്ട, ഞങ്ങളെ പ്രവെശിപ്പിക്കെണ്ടുന്നതിന അവൻ ഞങ്ങളെ അവിടെനിന്നും കൊണ്ടുവന്നു.

൨൰൪ എല്ലാപ്പൊഴും നമുക്ക നന്മെക്കായിട്ട നമ്മുടെ ദൈവമായ യഹൊവായെ നാം ഭയപ്പെടെണ്ടുന്നതിനും, ഇന്ന [ഇരിക്കുന്ന] പ്രകാരം, അവൻ നമ്മെ ജീവനൊടെ രക്ഷിക്കെണ്ടുന്നതിനും, ഈ എല്ലാ ചട്ടങ്ങളെയും ആചരിപ്പാൻ യഹൊവാ നമ്മൊട കല്പിച്ചു.

൨൰൫ നമ്മുടെ ദൈവമായ യഹൊവാ നമ്മൊട കല്പിച്ചപ്രകാരം, നാം അവന്റെ മുമ്പാകെ ഈ എല്ലാ കല്പനകളെയും ആചരിപ്പാൻ പ്രമാണിച്ചാൽ, നമുക്ക നീതിയായിട്ട ഇരിക്കയും ചെയ്യും.

൭ അദ്ധ്യായം.

൧ ജാതികളൊടുള്ള സംസൎഗ്ഗം എല്ലാം വിലക്കപ്പെടുന്നത.—൨൫. വിഗ്രഹാരാധനയെ കുറിച്ചുള്ള ഭയം കൊണ്ട തന്നെ.

നിന്റെ ദൈവമായ യഹൊവാ നീ അതിനെ അവകാശമാക്കുന്നതിന പൊകുന്ന ദെശത്തെക്ക നിന്നെ പ്രവെശിപ്പിച്ച, നിന്നെക്കാൾ അധികവും ബലവുമുള്ള എഴ ജാതികളായ, ഹിത്തായക്കാർ, ഗിൎഗ്ഗശായക്കാർ, അമൊറായക്കാർ, കനാനായക്കാർ, പെറിസ്സായക്കാർ, ഹിവായക്കാർ, യബുസ്സായക്കാർ എന്ന എറിയ ജാതികളെ നിന്റെ മുമ്പിൽനിന്ന ആട്ടികളഞ്ഞിരിക്കുമ്പൊഴും,

൨ നിന്റെ ദൈവമായ യഹൊവാ അവരെ നിന്റെ മുമ്പിൽ എല്പിക്കുമ്പൊഴും, നീ അവരെ വെട്ടി, അവരെ അശെഷം നശിപ്പിക്കെണം: നീ അവരൊട ഉഭയസമ്മതം ചെയ്യുകയും, അവരൊട ദയചെയ്യുകയും അരുത:

൩ നീ അവരൊട കൂടെ സംബന്ധം ചെയ്യുകയും അരുത :- നീ നിന്റെ പുത്രിയെ അവന്റെ പുത്രന്ന കൊടുക്കാതെയും, നീ അവന്റെ പുത്രിയെ നിന്റെ പുത്രന്ന എടുക്കാതെയും ഇരിക്കെണം.

൪ എന്തകൊണ്ടെന്നാൽ എന്നെ പിന്തുടരാതെ ഇരിപ്പാൻ അവർ നിന്റെ പുത്രനെ തിരിച്ചുകളയും, അവർ അന്യദൈവങ്ങളെ സെവിക്കയും ചെയ്യും: അപ്പൊൾ യഹൊവായുടെ കൊപം നിങ്ങൾക്ക വി

രൊധമായി ജ്വലിച്ചു, നിന്നെ വെഗം നശിപ്പിക്കും.

൫ എന്നാലും നിങ്ങൾ അവരൊട ഇപ്രകാരം ചെയ്യെണം; നിങ്ങൾ അവരുടെ ബലിപീഠങ്ങളെ ഇടിച്ചു, അവരുടെ രൂപങ്ങളെയും തകൎത്ത, അവരുടെ കാവുകളെയും വെട്ടി, അവരുടെ വിഗ്രഹങ്ങളെയും അഗ്നിയിൽ ചുട്ട കളയെണം.

൬ എന്തെന്നാൽ നീ നിന്റെ ദൈവമായ യഹൊവായിക്ക ഒരു ശുദ്ധ ജനം [ആകുന്നു;] ഭൂമിയുടെ മുഖത്തിന്മെലുള്ള എല്ലാ ജനങ്ങളെക്കാളും തനിക്ക പ്രത്യെകമുള്ള ജനമായിരിക്കുന്നതിന നിന്റെ ദൈവമായ യഹൊവാ നിന്നെ തെരിഞ്ഞെടുത്തിരിക്കുന്നു.

൭ നിങ്ങൾ സംഖ്യയിൽ സകല ജനങ്ങളെക്കാളും അധികമുള്ളവരാകകൊണ്ടല്ല, യഹൊവാ നിങ്ങളിൽ പ്രിയപ്പെട്ടു, നിങ്ങളെ തെരിഞ്ഞെടുത്തത; (എന്തുകൊണ്ടെന്നാൽ നിങ്ങൾ സകല ജനങ്ങളെക്കാളും കുറഞ്ഞവർ ആയിരുന്നു:)

൮ യഹൊവാ നിങ്ങളെ സ്നെഹിച്ചതുകൊണ്ടും, താൻ നിങ്ങളുടെ പിതാക്കന്മാരൊട ഇട്ടിട്ടുള്ള ആണയെ പ്രമാണിക്കുന്നതുകൊണ്ടും അത്രെ യഹൊവാ നിങ്ങളെ ശക്തിയുള്ള കൈ കൊണ്ട പുറപ്പെടുവിച്ചു, നിങ്ങളെ അടിമവീടായ മിസ്രയിമിലെ രാജാവായ പറവൊവിന്റെ കയ്യിൽനിന്ന വീണ്ടുകൊണ്ടത.

൯ അതുകൊണ്ട നിന്റെ ദൈവമായ യഹൊവായായവൻ ദൈവം, സത്യമുള്ള ദൈവം എന്ന നീ അറിയെണം, അവൻ തന്നെ സ്നെഹിച്ചു, തന്റെ കല്പനകളെ പ്രമാണിക്കുന്നവൎക്കായിട്ട ആയിരം തലമുറവരെയും ഉഭയസമ്മതത്തെയും ദയയെയും കാക്കുന്നു;

൰ അവൻ തന്നെ ദ്വെഷിക്കുന്നവൎക്ക, അവരെ നശിപ്പിപ്പാനായിട്ട, അവരുടെ മുഖത്ത പ്രതിഫലം നൽകുന്നു: അവൻ തന്നെ ദ്വെഷിക്കുന്നവന താമസിക്കാതെ, അവന്റെ മുഖത്ത അവന പ്രതിഫലം നൽകും.

൰൧ ആകയാൽ അവയെ ചെയ്യെണ്ടുന്നതിന ഞാൻ ഇന്ന നിന്നൊട കല്പിക്കുന്ന കല്പനകളെയും, ചട്ടങ്ങളെയും, ന്യായങ്ങളെയും നീ പ്രമാണിക്കെണം.

൰൨ അതുകൊണ്ട നിങ്ങൾ ഈ ന്യായങ്ങളെ കെട്ട, അവയെ പ്രമാണിച്ചു, ചെയ്യുമ്പൊൾ, ഇപ്രകാരം ഉണ്ടാകും, നിന്റെ ദൈവമായ യഹൊവാ നിന്റെ പിതാക്കന്മാരൊട താൻ ആണയിട്ടിട്ടുള്ള ഉഭയസമ്മതത്തെയും, കരുണയെയും നിനക്കായിട്ട കാക്കും.

൰൩ അവൻ നിന്നെ സ്നെഹിച്ചു, നിന്നെ അനുഗ്രഹിച്ചു, നിന്നെ വൎദ്ധിപ്പിക്കും: അത്രയുമല്ല, നിനക്ക തരുമെന്ന അവൻ നിന്റെ പിതാക്കന്മാരൊട ആണയിട്ടിട്ടുള്ള ദെശത്തിൽ നിന്റെ ഗൎഭത്തിന്റെ ഫലത്തെയും, നിന്റെ നിലത്തിലെ ഫലമായ നിന്റെ ധാന്യത്തെയും, നിന്റെ വീഞ്ഞിനെയും, നിന്റെ എണ്ണയെയും, നിന്റെ കന്നുകാലികളുടെ ഫലത്തെയും, നിന്റെ ആടുകളുടെ കൂട്ടങ്ങളെയും അവൻ അനുഗ്രഹിക്കും.

൰൪ നീ സകല ജനങ്ങളെക്കാളും അനുഗ്രഹിക്കപ്പെട്ടിരിക്കും; അനപത്യനും മച്ചിയും നിങ്ങളിൽ എങ്കിലും, നിന്റെ മൃഗജീവങ്ങളിൽ എങ്കിലും ഉണ്ടാകയില്ല.

൰൫ യഹൊവാ സകല വ്യാധി

യെയും നിന്നിൽനിന്ന മാററിക്കള
യും, നീ അറിഞ്ഞിരിക്കുന്ന മിസ്ര
യക്കാരുടെ മഹാ രൊഗങ്ങളിൽ ഒ
ന്നിനെയും അവൻ നിന്റെ മെൽ
വരുത്താതെ, നിന്നെ ദ്വെഷിക്കു
ന്ന എല്ലാവരുടെയും മെൽ അവ
യെ വരുത്തും.
൧൬ നിന്റെ ദൈവമായ യഹൊ
വാ നിനക്ക എല്പിപ്പാനിരിക്കുന്ന
സകല ജനങ്ങളെയും നീ നശിപ്പി
ക്കെണം: നിന്റെ കണ്ണ അവരി
ൽ കടാക്ഷിക്കാതെ ഇരിക്കെണം;
നീ അവരുടെ ദൈവങ്ങളെ സെ
വിക്കാതെയും ഇരിക്കെണം; എ
ന്തെന്നാൽ അത നിനക്ക കണി
യായി [തീരും.]
൧൭ ഈ ജാതികൾ എന്നെക്കാൾ
അധികം ഉള്ളവർ, അവരെ ആട്ടി
ക്കളവാൻ ഇനിക്ക എങ്ങിനെ കഴി
യും എന്ന നീ നിന്റെ ഹൃദയത്തി
ൽ പറഞ്ഞാൽ,
൧൮ നീ അവരെ ഭയപ്പെടരുത;
നിന്റെ ദൈവമായ യഹൊവാ
പറൊവിനൊടും എല്ലാ മിസ്രയക്കാ
രൊടും ചെയ്തതിനെയും,
൧൯ നിന്റെ കണ്ണുകൾ കണ്ടിട്ടു
ള്ള വലിയ പരിക്ഷകളെയും, അട
യാളങ്ങളെയും, അത്ഭുതങ്ങളെയും,
നിന്റെ ദൈവമായ യഹൊവാ
നിന്നെ എതിനാൽ പുറപ്പെടുവിച്ചു
വൊ, ആ ശക്തിയുള്ള കയ്യിനെയും,
നീട്ടപ്പെട്ട ഭുജത്തെയും നീ നല്ലവ
ണ്ണം ഒൎക്കെണം: അപ്രകാരം നി
ന്റെ ദൈവമായ യഹൊവാ നീ
ഭയപ്പെടുന്ന എല്ലാ ജനങ്ങളൊടും
ചെയ്യും.
൨൦ അത്രയുമല്ല, ശെഷിച്ചവരും,
നിന്റെ മുമ്പാകെ ഒളിച്ചുകൊള്ളു
ന്നവരും നശിച്ചു പൊകുന്നത വ
രെയും, നിന്റെ ദൈവമായ യ
ഹൊവാ കടുന്നലിനെ അവരുടെ
ഇടയിൽ അയക്കും.
൨൧ നീ അവരെ കുറിച്ച ഭ്രമിക്ക
രുത: എന്തെന്നാൽ മഹിമയും ഭ
യങ്കരത്വവുമുള്ള ദൈവമായി, നി
ന്റെ ദൈവമായ യഹൊവാ നി
ങ്ങളുടെ നടുവിൽ [ഉണ്ട.]
൨൨ ആ ജാതികളെ നിന്റെ ദൈ
വമായ യഹൊവാ കുറെശ്ശ കുറെ
ശ്ശയായി നിന്റെ മുമ്പിൽനിന്ന
ആട്ടിക്കളയും: കാട്ടുമൃഗങ്ങൾ നിന
ക്ക വിരൊധമായി പെരുകാതെ ഇ
രിപ്പാനായിട്ടു, നിനക്ക അവരെ
വെഗത്തിൽ നശിപ്പിച്ചു കൂടാ.
൨൩ നിന്റെ ദൈവമായ യഹൊ
വാ അവരെ നിന്റെ മുമ്പിൽ എ
ല്പിച്ചു, അവർ നശിക്കുവൊളം അ
വരെ മഹാ ഉപദ്രവത്തൊടെ നശി
പ്പിക്കും.
൨൪ അവൻ അവരുടെ രാജാക്ക
ന്മാരെയും നിന്റെ കയ്യിൽ എല്പി
ക്കും, എന്നാൽ നീ അവരുടെ നാ
മത്തെ ആകാശത്തിന്റെ കീഴിൽ
നിന്ന നശിപ്പിക്കെണം: നീ അ
വരെ നശിപ്പിച്ചു തീരുവൊളം ഒരു
മനുഷ്യനും നിന്റെ മുമ്പാകെ നി
ല്ക്കയില്ല.
൨൫ നീ അവരുടെ ദൈവങ്ങളു
ടെ വിഗ്രഹങ്ങളെ അഗ്നിയിൽ ചു
ട്ടുകളയെണം; നീ അവയാൽ വശീ
കരിക്കപ്പെടാതെ ഇരിപ്പാൻ നീ അ
വയിലുള്ള വെള്ളിയെയും, പൊന്നി
നെയും ആഗ്രഹിക്കാതെയും, നിന
ക്ക എടുത്തുകൊള്ളാതെയും ഇരിക്കെ
ണം: എന്തുകൊണ്ടെന്നാൽ അത
നിന്റെ ദൈവമായ യഹൊവായി
ക്ക വെറുപ്പ [ആകുന്നു.]
൨൬ അത പൊലെ നീ ശപിക്ക
പ്പെടാതെ ഇരിപ്പാൻ നീ വെറുപ്പാ
യുള്ളതിനെ നിന്റെ ഭവനത്തിലെ

ക്ക കൊണ്ടുപൊകയുമരുത: നീ അതിനെ അശെഷം അറെക്കെണം, അതിനെ അശെഷം വെറുക്കയും വെണം; എന്തെന്നാൽ അത ശപിക്കപ്പെട്ടത.

൮. അദ്ധ്യായം.

൧ ദൈവം അവരെ നടത്തിക്കുന്ന സംഗതിയെ സംബന്ധിച്ച അനുസരണത്തിനുള്ള ഒരു ഉപദെശം.

നിങ്ങൾ ജീവിച്ച, വൎദ്ധിച്ച, യഹൊവാ നിങ്ങളുടെ പിതാക്കന്മാരൊട ആണയിട്ടിട്ടുള്ള ദെശത്തെക്ക പ്രവെശിച്ച, അനുഭവിക്കെണ്ടുന്നതിന, ഞാൻ ഇന്ന നിങ്ങളൊട കല്പിക്കുന്ന എല്ലാ കല്പനകളെയും ചെയ്യാൻ നിങ്ങൾ പ്രമാണിക്കെണം.

൨ നിന്റെ ദൈവമായ യഹൊവാ നിന്നെ വിനയപ്പെടുത്തുവാനായിട്ടും, തന്റെ കല്പനകളെ നീ പ്രമാണിക്കുമൊ, ഇല്ലയൊ എന്ന അവൻ നിന്നെ പരിക്ഷിച്ച, നിന്റെ ഹൃദയത്തിൽ ഇരിക്കുന്നതിനെ അറിവാനായിട്ടും, നിന്നെ ൪൰ നാല്പത സംവത്സരം വനത്തിൽ നടത്തിയ എല്ലാ വഴിയെയും നീ ഓൎക്കെണം.

൩ അവൻ നിന്നെ വിനയപ്പെടുത്തി, നിന്നെ വിശന്നിരിക്കുമാറാക്കി, മനുഷ്യൻ അപ്പംകൊണ്ട മാത്രം ജീവിക്കാതെ, യഹൊവായുടെ വായിൽനിന്ന പുറപ്പെടുന്ന സകല വചനം കൊണ്ടും മനുഷ്യൻ ജീവിക്കുന്നു എന്ന നിനക്ക അറിയുമാറാക്കെണ്ടുന്നതിന, നീ അറിയാതെയും, നിന്റെ പിതാക്കന്മാർ അറിയാതെയും ഇരുന്ന മന്നായെ കൊണ്ട അവൻ നിന്നെ പൊഷിപ്പിച്ചു.

൪ ൪൰ നാല്പത സംവത്സരം നിന്റെ മെൽ ഇരുന്ന നിന്റെ വസ്ത്രം പഴതായിട്ടുമില്ല, നിന്റെ കാൽ വീങ്ങിട്ടുമില്ല.

൫ ഒരു മനുഷ്യൻ തന്റെ പുത്രനെ ശിക്ഷിക്കുന്ന പ്രകാരം തന്നെ, നിന്റെ ദൈവമായ യഹൊവാ നിന്നെ ശിക്ഷിക്കുന്നു എന്നും നീ നിന്റെ ഹൃദയത്തിൽ വിചാരിക്കെണം.

൬ ആകയാൽ നിന്റെ ദൈവമായ യഹൊവായുടെ വഴികളിൽ നടക്കുന്നതിനും, അവനെ ഭയപ്പെടുന്നതിനും, നീ അവന്റെ കല്പനകളെ പ്രമാണിക്കെണം.

൭ എന്തെന്നാൽ നിന്റെ ദൈവമായ യഹൊവാ നിന്നെ ഒരു നല്ല ദെശത്തെക്ക പ്രവെശിപ്പിക്കുന്നു: [അത] താഴ്വരകളിൽനിന്നും മലകളിൽനിന്നും പുറപ്പെടുന്ന വെള്ളമുള്ള നദികളും, ഉറവുകളും, ആഴങ്ങളും ഉള്ള ദെശം;

൮ കൊതമ്പും, യവവും, മുന്തിരിങ്ങാ വള്ളികളും, അത്തി വൃക്ഷങ്ങളും, മാതളനാരകങ്ങളും ഉള്ള ദെശം; ഒലിവ എണ്ണെയുടെ വൃക്ഷങ്ങളും തെനും ഉള്ള ദെശം;

൯ നീ കുറവു കൂടാതെ അപ്പം ഭക്ഷിക്കാകുന്നതും, നിനക്ക ഒന്നും കുറവ ഉണ്ടാകാത്തതുമായ ദെശം; അതിന്റെ കല്ലുകൾ ഇരിമ്പായിരിക്കുന്നതും, നീ അതിന്റെ മലകളിൽനിന്ന ഒട്ടുവെട്ടി എടുക്കാകുന്നതുമായുള്ള ദെശം.

൰ പിന്നെ നീ ഭക്ഷിച്ച, തൃപ്തിയാകുമ്പൊൾ, നീ നിന്റെ ദൈവമായ യഹൊവായിക്ക അവൻ നിനക്ക തന്നിരിക്കുന്ന നല്ല ദെശത്തിൻ നിമിത്തം സ്തൊത്രം ചെയ്യെണം.

൰൧ നീ നിന്റെ ദൈവമായ യഹൊവായെ മറക്കാതെ ഇരിപ്പാനായിട്ടും, ഞാൻ ഇന്ന നിന്നൊട കല്പിക്കുന്ന അവന്റെ കല്പനകളെ

ര്ംന്ന

യും, അവന്റെ ന്യായങ്ങളെയും, അവന്റെ ചട്ടങ്ങളെയും പ്രമാണിക്കാതെ പൊകാതെ ഇരിപ്പാനായിട്ടു ജാഗ്രതയായിരിക്കെണം.

൰൨ നീ ഭക്ഷിച്ചു തൃപ്തിയായി, നല്ല വീടുകളെ പണിത, [അവയിൽ] കുടിയിരിക്കുമ്പൊഴും,

൰൩ നിന്റെ ആട്ടുമാട്ടുകൾ പെരുകി, നിനക്കു വെള്ളിയും പൊന്നും വൎദ്ധിച്ചു, നിനക്കു ഉള്ളത ഒക്കെയും വൎദ്ധിക്കുമ്പൊഴും,

൰൪ നിന്റെ ഹൃദയം ഉയരാതെയും, നിന്നെ അടിമവീടായ മിസ്രയിമിൽനിന്ന കൊണ്ടുവന്നവനും,

൰൫ കൊള്ളിവാ സൎപ്പങ്ങളും, തെളുകളും, വെള്ളമില്ലാത്ത വറൾച്ചയുമുള്ള വലിയതും ഭയങ്കരവുമായുള്ള ആ വനത്തിൽ കൂടി നിന്നെ കൂട്ടികൊണ്ടുപൊന്നവനും; തീകല്ലിന്റെ പാറയിൽനിന്ന നിനക്കു വെള്ളം പുറപ്പെടുവിച്ചവനും;

൰൬ നിന്നെ വിനയപ്പെടുത്തി, നിന്നെ പരിക്ഷിച്ചു, നിന്റെ അവസാന നാളുകളിൽ നിനക്കു നന്മ ചെയ്യെണ്ടുന്നതിനായിട്ടു, നിന്നെ വനത്തിൽ വെച്ചു നിന്റെ പിതാക്കന്മാർ അറിയാത്ത മന്നായെ കൊണ്ടു പൊഷിപ്പിച്ചവനുമായ നിന്റെ ദൈവമായ യഹൊവായെ നീ മറക്കാതെയും,

൰൭ എന്റെ സാമൎത്ഥ്യവും എന്റെ കയ്യിന്റെ ബലവും ഇൗ സമ്പത്തിനെ സമ്പാദിച്ചു എന്ന നീ നിന്റെ ഹൃദയത്തിൽ പറയാതെയും ഇരിപ്പാൻ നൊക്കുക.

൰൮ എന്നാൽ നീ നിന്റെ ദൈവമായ യഹൊവായെ ഓൎക്കെണം: എന്തെന്നാൽ താൻ നിന്റെ പിതാക്കന്മാരൊട ആണയിട്ടിട്ടുള്ള തന്റെ ഉടമ്പടിയെ ഉറപ്പിപ്പാനായിട്ടു ഇന്ന [ഇരിക്കുന്നത] പൊലെ സമ്പത്തിനെ സമ്പാദിക്കുന്നതിന നിനക്കു അവൻ തന്നെ സാമൎത്ഥ്യത്തെ തരുന്നു.

൰൯ നീ നിന്റെ ദൈവമായ യഹൊവായെ വല്ലപ്രകാരത്തിലും മറക്കയും അന്യദൈവങ്ങളെ പിന്തുടൎന്ന, അവയെ സെവിച്ചു, അവയെ വന്ദിക്കയും ചെയ്താൽ, ഇപ്രകാരം ഉണ്ടാകും, നിങ്ങൾ നശിച്ചു പൊകും നിശ്ചയം എന്ന, ഞാൻ ഇന്ന നിങ്ങൾക്കു വിരൊധമായി സാക്ഷിപ്പെടുത്തുന്നു.

൨൰ നിങ്ങളുടെ ദൈവമായ യഹൊവായുടെ ശബ്ദത്തിന നിങ്ങൾ ചെവികൊടുക്കാതെ ഇരുന്നത കൊണ്ടു, യഹൊവാ നിങ്ങളുടെ മുമ്പിൽനിന്ന നശിപ്പിക്കുന്ന ജാതികളെ പൊലെ തന്നെ നിങ്ങളും നശിച്ചുപൊകും.

൯ അദ്ധ്യായം.

൧ മൊശെ അവരുടെ വല മത്സരങ്ങളെയും വിസ്തരിച്ചു പറയുന്നതിനാൽ അവരുടെ സ്വന്ത നീതിയെ കുറിച്ചുള്ള അഭിപ്രായത്തിന അവരെ വിപരീതമാക്കി തീൎക്കുന്നത.

യിസ്രാഎലെ, കെൾക്കുക, നീ ഇന്ന യൎദ്ദെനെ കടന്ന, നിന്നെക്കാൾ വലിപ്പവും ബലവുമുള്ള ജാതികളെ, വലിയവയും ആകാശത്തൊളം മതിൽ കെട്ടപ്പെട്ടവയുമായുള്ള പട്ടണങ്ങളെ,

൨ അനാക്കിന്റെ പുത്രന്മാരായ വലിയതും നെടുക്കവുമായുള്ള ജനത്തെ അനുഭവിപ്പാൻ പ്രവെശിക്കുന്നു: ഇവരെ നീ അറിഞ്ഞു, അനാക്കിന്റെ പുത്രന്മാരുടെ മുമ്പാകെ നില്ക്കുന്നവൻ ആരെന്ന [ഇവരെ കുറിച്ചു] നീ കെട്ടുവല്ലൊ:

൩ ആകയാൽ നിന്റെ ദൈവമായ യഹൊവാ താൻ തന്നെ

നിന്റെ മുമ്പാകെ കടന്ന പൊകു
ന്നവൻ ആകുന്നു എന്ന ഇന്ന ത
ന്നെ നീ അറിക: അവൻ ഭക്ഷി
ക്കുന്ന അഗ്നി [പൊലെ] അവ
രെ നശിപ്പിച്ച, അവരെ നിന്റെ
മുഖത്തിന മുമ്പാകെ താണ്മപ്പെടു
ത്തും, അങ്ങിനെ, യഹൊവാ നി
ന്നൊട പറഞ്ഞ പ്രകാരം, നീ അ
വരെ ആട്ടിക്കളഞ്ഞ, അവരെ വെ
ഗം നശിപ്പിക്കെണം.
൪ നിന്റെ ദൈവമായ യഹൊ
വാ അവരെ നിന്റെ മുമ്പിൽനി
ന്ന ആട്ടിക്കളഞ്ഞ ശെഷം, നീ എ
ന്റെ നീതിയുടെ നിമിത്തം ഈ ദെ
ശത്തെ അനുഭവിക്കുന്നതിന യ
ഹൊവാ എന്നെ പ്രവെശിപ്പിച്ചു
എന്ന നിന്റെ ഹൃദയത്തിൽ പറ
യരുത; ആ ജാതികളുടെ ദുഷ്ടതയു
ടെ നിമിത്തം തന്നെ യഹൊവാ
അവരെ നിന്റെ മുമ്പിൽനിന്ന
ആട്ടിക്കളയുന്നത.
൫ നീ നിന്റെ നീതിയുടെ നിമി
ത്തവും നിന്റെ ഹൃദയത്തിലെ നെ
രിൻ നിമിത്തവും നീ അവരുടെ
ദെശത്തെ അനുഭവിപ്പാൻ പ്രവെ
ശിക്കുന്നില്ല; എന്നാൽ ആ ജാതി
കളുടെ ദുഷ്ടതയുടെ നിമിത്തവും, യ
ഹൊവാ അബ്രാഹാം, ഇസ്സാക്ക,
യാക്കൊബ എന്ന നിന്റെ പിതാ
ക്കന്മാരൊട ആണയിട്ടിട്ടുള്ള വച
നത്തെ അവൻ സ്ഥിരമാക്കെണ്ടു
ന്നതിനും, നിന്റെ ദൈവമായ യ
ഹൊവാ അവരെ നിന്റെ മുമ്പി
ൽനിന്ന ആട്ടിക്കളയുന്നു.
൬ ആകയാൽ നിന്റെ നീതിയു
ടെ നിമിത്തം നിന്റെ ദൈവമായ
യഹൊവാ നിനക്ക ആ നല്ല ദെ
ശത്തെ അനുഭവിക്കുന്നതിന അ
തിനെ തരുന്നില്ല എന്ന നീ അറി
യെണം; എന്തകൊണ്ടെന്നാൽ നീ
കഠിന കഴുത്തുള്ള ജനം.
൭ ¶ നീ വനത്തിൽ വെച്ച നി
ന്റെ ദൈവമായ യഹൊവായെ
കൊപിപ്പിച്ചു എന്ന ഓൎക്ക, മറക്കരു
ത: നീ മിസ്രയിം ദെശത്തനിന്ന പു
റപ്പെട്ട നാൾ മുതൽ, നിങ്ങൾ ഈ
സ്ഥലത്തെക്ക വരുന്നതവരെയും
നിങ്ങൾ യഹൊവായിക്ക ദ്രൊഹി
കളായി തീൎന്നു.
൮ ഹൊറെബിലും നിങ്ങൾ യ
ഹൊവായെ കൊപിപ്പിച്ചു; അത
കൊണ്ട യഹൊവാ നിങ്ങളെ ന
ശിപ്പിപ്പാനായിട്ട നിങ്ങളൊട കൊ
പിച്ചു.
൯ യഹൊവാ നിങ്ങളൊട ചെ
യ്തിട്ടുള്ള ഉഭയസമ്മതത്തിന്റെ പ
ലകകളാകുന്ന കല്പലകകളെ വാങ്ങു
ന്നതിന ഞാൻ പൎവതത്തിലെക്ക
കരെറിയപ്പൊൾ, ഞാൻ നാല്പത
പകലും നാല്പത രാവും പൎവതത്തി
ൽ പാൎത്തു; ഞാൻ അപ്പം ഭക്ഷിച്ച
തുമില്ല, വെള്ളം കുടിച്ചതുമില്ല.
൧൦ അപ്പൊൾ ദൈവത്തിന്റെ
വിരലിനാൽ എഴുതപ്പെട്ട രണ്ട ക
ല്പലകകളെ യഹൊവാ എനിക്ക ത
ന്നു: സഭ കൂടിയിരുന്ന നാളിൽ യ
ഹൊവാ പൎവതത്തിൽ വെച്ച, അ
ഗ്നിയുടെ നടുവിൽനിന്ന നിങ്ങ
ളൊട പറഞ്ഞിട്ടുള്ള സകല വചന
ങ്ങളിൻ പ്രകാരവും അവയിൽ (എ
ഴുതപ്പെട്ടിരുന്നു.)
൧൧ പിന്നെ നാല്പത പകലി
ന്റെയും നാല്പത രാവിന്റെയും അ
വസാനത്തിങ്കൽ ഉണ്ടായത എ
ന്തെന്നാൽ, യഹൊവാ എനിക്ക ഉ
ഭയസമ്മതത്തിന്റെ പലകകളായ
ആ രണ്ട കല്പലകകളെ തന്നു.
൧൨ പിന്നെ യഹൊവാ എന്നൊ
ട പറഞ്ഞു, നീ എഴുനീറ്റ, വെഗം
ഇവിടെനിന്ന ഇറങ്ങി പൊക; എ

ന്തെന്നാൽ നീ മിസ്രയിമിൽനിന്ന കൂട്ടിക്കൊണ്ടുവന്നിട്ടുള്ള നിന്റെ ജനം [തങ്ങളെ] വഷളാക്കി; ഞാൻ അവരൊട കല്പിച്ചിട്ടുള്ള വഴിയിൽനിന്ന അവർ ശീഘ്രമായി മാറി, അവർ വാൎക്കപ്പെട്ട ഒരു വിഗ്രഹത്തെ തങ്ങൾക്ക ഉണ്ടാക്കിയിരിക്കുന്നു.

൧൩ പിന്നെയും യഹൊവാ എന്നൊട പറഞ്ഞു, ഞാൻ ഈ ജനത്തെ കണ്ടു, കണ്ടാലും, അത കഠിന കഴുത്തുള്ള ജനം [ആകുന്നു:]

൧൪ എന്നെ വിട; ഞാൻ അവരെ നശിപ്പിച്ചു, അവരുടെ നാമത്തെ ആകാശത്തിൻ കീഴിൽനിന്ന മായിച്ചു കളയും; ഞാൻ നിന്നെ അവരെക്കാൾ ബലവും വലിയതുമായുള്ള ജാതിയായി ആക്കുകയും ചെയ്യും.

൧൫ അപ്പൊൾ ഞാൻ തിരിഞ്ഞു, പൎവതത്തിൽനിന്ന ഇറങ്ങി, എന്നാൽ പൎവതം അഗ്നി കൊണ്ട എരിയുന്നതായിരുന്നു: ഉഭയസമ്മതത്തിന്റെ രണ്ട പലകകളും എന്റെ രണ്ട കൈകളിൽ [ഉണ്ടായിരുന്നു.]

൧൬ പിന്നെ ഞാൻ നൊക്കിയാറെ, ഇതാ, നിങ്ങൾ നിങ്ങളുടെ ദൈവമായ യഹൊവായിക്ക വിരൊധമായി പാപം ചെയ്തു, വാൎക്കപ്പെട്ട ഒരു പശുക്കുട്ടിയെ നിങ്ങൾക്ക ഉണ്ടാക്കിയിരുന്നു; യഹൊവാ നിങ്ങളൊട കല്പിച്ചിട്ടുള്ള വഴിയിൽനിന്ന നിങ്ങൾ ശീഘ്രമായി മാറിയിരുന്നു.

൧൭ അപ്പൊൾ ഞാൻ ആ രണ്ട പലകകളെ എടുത്തു, അവയെ എന്റെ രണ്ട കൈകളിൽനിന്ന എറിഞ്ഞു, അവയെ നിങ്ങളുടെ കണ്ണുകൾക്ക മുമ്പാകെ പൊട്ടിച്ചുകളഞ്ഞു.

൧൮ പിന്നെ യഹൊവായെ കൊപിപ്പിക്കുന്നതിന നിങ്ങൾ അവന്റെ മുമ്പാകെ ദൊഷം ചെയ്തു, നടത്തിച്ചിട്ടുള്ള നിങ്ങളുടെ എല്ലാ പാപങ്ങളിൻ നിമിത്തവും, ഞാൻ യഹൊവായുടെ മുമ്പാകെ മുമ്പിലത്തെ പൊലെ നാല്പത പകലും നാല്പത രാവും വീണു: ഞാൻ അപ്പം ഭക്ഷിച്ചതുമില്ല, വെള്ളം കുടിച്ചതുമില്ല.

൧൯ എന്തകൊണ്ടെന്നാൽ യഹൊവാ നിങ്ങളെ നശിപ്പിപ്പാൻ നിങ്ങളുടെ നെരെ കൊപമായിരുന്ന കൊപത്തെയും അതിക്രൊധത്തെയും ഞാൻ ഭയപ്പെട്ടിരുന്നു; എന്നാൽ യഹൊവാ ആ തവണയും എന്നെ ചെവിക്കൊണ്ടു.

൨൦ അഹറൊനെ നശിപ്പിക്കുന്നതിന അവന്റെ നെരെയും യഹൊവാ എററവും കൊപമായി: എന്നാൽ ഞാൻ അഹറൊന്ന വെണ്ടിയും അക്കാലത്തിൽ അപെക്ഷിച്ചു.

൨൧ പിന്നെ നിങ്ങൾ ഉണ്ടാക്കിയ നിങ്ങളുടെ പാപമാകുന്ന പശുക്കുട്ടിയെ ഞാൻ എടുത്തു, അതിനെ അഗ്നിയിൽ ചുട്ടു, അതിനെ ഇടിച്ചു, പൊടി പൊലെ ആകുവൊളം നന്നായി അരെച്ചു: ഞാൻ അതിന്റെ പൊടിയെ പൎവതത്തിൽനിന്ന ഇറങ്ങുന്ന നദിയിലെക്ക ഇട്ടുകളകയും ചെയ്തു.

൨൨ പിന്നെ തബെറായിലും, മസ്സായിലും, കിബ്രൊത്ത-ഹത്തയാവഹിലും നിങ്ങൾ യഹൊവായെ കൊപിപ്പിച്ചു.

൨൩ നിങ്ങൾ കരെറി പൊയി, ഞാൻ നിങ്ങൾക്ക തന്നിട്ടുള്ള ദെശത്തെ അനുഭവിപ്പിൻ എന്ന പറഞ്ഞു, യഹൊവാ നിങ്ങളെ കാദെശബൎന്നെയായിൽനിന്ന അയച്ചപ്പൊഴും നിങ്ങൾ നിങ്ങളുടെ ദൈ

വമായ യഹൊവായുടെ കല്പനെക്ക വിരൊധമായിട്ട മത്സരിച്ചു, നിങ്ങൾ അവനെ വിശ്വസിച്ചില്ല, അവന്റെ ശബ്ദത്തിന ചെവി കൊടുത്തതുമില്ല.

൨൪ ഞാൻ നിങ്ങളെ അറിഞ്ഞ നാൾ മുതൽ നിങ്ങൾ യഹൊവായിക്ക വിരൊധമായി മത്സരക്കാരായി തീൎന്നു.

൨൫ ഞാൻ യഹൊവായുടെ മുമ്പാകെ നാല്പത പകലും നാല്പത രാവും വീണതപൊലെ വീണിരുന്നു: എന്തുകൊണ്ടെന്നാൽ നിങ്ങളെ നശിപ്പിക്കുമെന്ന യഹൊവാ പറഞ്ഞിട്ടുണ്ടായിരുന്നു.

൨൬ ആകയാൽ ഞാൻ യഹൊവായൊട അപെക്ഷിച്ചു, പറഞ്ഞു, കൎത്താവായ യഹൊവായെ, നീ നിന്റെ മഹത്വം കൊണ്ട വീണ്ടെടുത്ത, ശക്തിയുള്ള കൈകൊണ്ട മിസ്രയിമിൽനിന്ന കൊണ്ടുവന്നിട്ടുള്ള നിന്റെ ജനത്തെയും നിന്റെ അവകാശത്തെയും നശിപ്പിക്കരുതെ.

൨൭ അബ്രഹാം, ഇസ്സാക്ക, യാക്കൊബ, എന്ന നിന്റെ ശുശ്രൂഷക്കാരെ ഒൎക്കെണമെ; യഹൊവാ അവൎക്ക വാഗ്ദത്തം ചെയ്തിരുന്ന ദെശത്തെക്ക അവരെ പ്രവെശിപ്പിപ്പാൻ അവന കഴിയായ്ക കൊണ്ടും, അവൻ അവരെ പകച്ചതുകൊണ്ടും, അവരെ വനത്തിൽ കൊന്നു കളയുന്നതിന അവരെ പുറപ്പെടുവിച്ചു എന്ന നീ ഞങ്ങളെ എവിടെനിന്ന പുറത്ത കൊണ്ടുവന്നുവൊ, ആ ദെശം പറയാതെ ഇരിപ്പാനായിട്ട,

൨൮ ഈ ജനത്തിന്റെ ശഠതയെയും, അവരുടെ അകൃത്യത്തെയും, അവരുടെ പാപത്തെയും നൊക്കരുതെ.

൨൯ എന്തെന്നാൽ നീ നിന്റെ മഹാ ബലം കൊണ്ടും, നീട്ടപ്പെട്ട നിന്റെ ഭുജം കൊണ്ടും പുറത്ത കൊണ്ടുവന്നിട്ടുള്ള നിന്റെ ജനവും നിന്റെ അവകാശവും അവർ തന്നെ [ആകുന്നു.]

൧൦ അദ്ധ്യായം.

൧ രണ്ട പലകകളെ വീണ്ടും കൊടുക്കുന്നതിനാൽ ഉള്ള ദൈവത്തിന്റെ കരുണ.—൧൨ അനുസരണത്തിനായിട്ടുള്ള ഒരു ഉപദെശം.

ആ കാലത്തിൽ യഹൊവാ എന്നൊട പറഞ്ഞത എന്തെന്നാൽ, നീ മുമ്പിലത്തവയെ പൊലെ രണ്ട കല്പലകകളെ നിനക്ക വെട്ടി, എന്റെ അടുക്കൽ പൎവതത്തിലെക്ക കരെറി വരിക, ഒരു മര പെട്ടിയെയും നിനക്ക ഉണ്ടാക്ക.

൨ നീ പൊട്ടിച്ചിട്ടുള്ള മുമ്പിലത്തെ പലകകളിൽ ഇരുന്ന വചനങ്ങളെ ഞാൻ ആ പലകകളിലും എഴുതും, പിന്നെ നീ അവയെ ആ പെട്ടിയിൽ വെക്കെണം.

൩ അപ്പൊൾ ഞാൻ ശിത്തീം മരം കൊണ്ട ഒരു പെട്ടിയെ ഉണ്ടാക്കി, മുമ്പിലത്തവയെ പൊലെ രണ്ട കല്പലകകളെയും വെട്ടി, പൎവതത്തിലെക്ക കരെറി, ആ പലകകളും എന്റെ കയ്യിൽ ഉണ്ടായിരുന്നു.

൪ അപ്പൊൾ സഭ കൂടിയ നാളിൽ യഹൊവാ പൎവതത്തിൽ അഗ്നിയുടെ നടുവിൽനിന്ന നിങ്ങളൊട പറഞ്ഞിട്ടുള്ള പത്ത കല്പനകളെ അവൻ മുമ്പിലത്തെ എഴുത്തിന സമമായി ആ പലകകളിൽ എഴുതി; അവയെ യഹൊവാ ഇനിക്ക തരികയും ചെയ്തു.

൫ അപ്പൊൾ ഞാൻ തിരിഞ്ഞ, പൎവതത്തിൽനിന്ന ഇറങ്ങി, ആ പലകകളെ ഞാൻ ഉണ്ടാക്കിയിരുന്ന പെട്ടിയിൽ വെച്ചു, യഹൊവാ എ

ന്നൊട കല്പിച്ച പ്രകാരം അവ അ
വിടെയും ഇരിക്കുന്നു.
൬ ¶ പിന്നെ യിസ്രാഎൽ പുത്ര
ന്മാർ യാക്കാന്റെ പുത്രന്മാക്കുള്ള
ബെറൊതിൽനിന്ന മൊസെറായി
ക്ക യാത്രപുറപ്പെട്ടു: അവിടെ അഹ
റൊൻ മരിച്ചു, അവിടെ തന്നെ അ
വൻ അടക്കപ്പെട്ടു: അവന്റെ പു
ത്രനായ എലയാസാർ അവന പ
കരം ആചാൎയ്യസ്ഥാനത്ത ശുശ്രൂ
ഷിക്കയും ചെയ്തു.
൭ അവിടെനിന്ന അവർ ഗുദ്ഗൊദാ
യിക്കും, ഗുദ്ഗൊദായിൽനിന്ന വെ
ള്ളമുള്ള നദികളുള്ള ദെശമാകുന്ന
യൊതബാതിന്നും യാത്രപുറപ്പെട്ടു.
൮ ¶ അക്കാലത്ത യഹൊവാ ലെ
വിയുടെ ഗൊത്രത്തെ യഹൊവാ
യുടെ ഉഭയസമ്മതത്തിന്റെ പെ
ട്ടിയെ ചുമക്കുന്നതിന്നും, യഹൊവാ
യുടെ മുമ്പാകെ നിന്ന, ഇന്നവരെ
യും, അവന ശുശ്രൂഷ ചെയ്യുന്ന
തിന്നും, അവന്റെ നാമത്തിൽ അനു
ഗ്രഹിക്കുന്നതിന്നും, വെർതിരിച്ചു.
൯ അതുകൊണ്ട ലെവിക്ക അ
വന്റെ സഹൊദരന്മാരൊട കൂടെ ഒ
ഹരിയും അവകാശവും ഇല്ല: നി
ന്റെ ദൈവമായ യഹൊവാ അ
വനൊട വാഗ്ദത്തം ചെയ്തപ്രകാ
രം, യഹൊവാ തന്നെ അവന്റെ
അവകാശം.
൧൦ ¶ ഞാൻ മുമ്പിലത്തെ നാളുക
ളിൻ പ്രകാരം നാല്പത പകലും നാ
ല്പത രാവും പൎവ്വതത്തിൽ താമസി
ച്ചു: ആ തവണയും യഹൊവാ എ
ന്നെ ചെവിക്കൊണ്ടു, നിന്നെ ന
ശിപ്പിപ്പാൻ യഹൊവായിക്ക മന
സ്സുണ്ടായില്ല.
൧൧ അപ്പൊൾ യഹൊവാ എ
ന്നൊട പറഞ്ഞു, നീ എഴുനീറ്റ, ജ
നത്തിന മുമ്പായി യാത്രയായി
പൊക, എന്നാൽ അവർ പ്രവെ
ശിച്ചു, അവൎക്ക കൊടുക്കുമെന്ന ഞാ
ൻ അവരുടെ പിതാക്കന്മാരൊട ആ
ണയിട്ടിട്ടുള്ള ദെശത്തെ അനുഭവി
ക്കും.
൧൨ ¶ ഇപ്പൊഴും യിസ്രാഎലെ,
നിന്റെ ദൈവമായ യഹൊവാ
യെ ഭയപ്പെട്ടു, അവന്റെ എല്ലാ
വഴികളിലും നടന്ന, അവനെ സ്നെ
ഹിച്ചു, നിന്റെ ദൈവമായ യ
ഹൊവായെ നിന്റെ പൂൎണ്ണ ഹൃദ
യത്തൊടും നിന്റെ പൂൎണ്ണ ആത്മാ
വൊടും സെവിച്ചു,
൧൩ ഞാൻ ഇന്ന നിന്നൊട ക
ല്പിക്കുന്നവയായ യഹൊവായുടെ
കല്പനകളെയും, അവന്റെ ചട്ടങ്ങ
ളെയും നിനക്ക ഗുണത്തിനായിട്ട
പ്രമാണിക്കെണം എന്നല്ലാതെ എ
ന്ത നിന്റെ ദൈവമായ യഹൊ
വാ നിന്നൊട ചൊദിക്കുന്നു?
൧൪ ഇതാ, ആകാശവും, ആകാശ
ങ്ങളുടെ ആകാശവും, ഭൂമിയും, അ
തിലുള്ള സകലവും, നിന്റെ ദൈ
വമായ യഹൊവായുടെ [ആകു
ന്നു.]
൧൫ നിന്റെ പിതാക്കന്മാരുടെ
മെൽ മാത്രം യഹൊവാ അവരെ
സ്നെഹിക്കുന്നതിന പ്രീതി വെച്ചു;
അവരുടെ ശെഷം അവരുടെ സ
ന്തതിയാകുന്ന നിങ്ങളെ, ഇന്ന [ഇ
രിക്കുന്ന] പ്രകാരം, അവൻ സക
ല ജാതികളിൽനിന്നും തെരിഞ്ഞെ
ടുക്കയും ചെയ്തു.
൧൬ അതുകൊണ്ട നിങ്ങൾ നി
ങ്ങളുടെ ഹൃദയത്തിലെ അഗ്രചൎമ്മ
ത്തെ ചെല ചെയ്വിൻ, ഇനിമെ
ലാൽ നിങ്ങളുടെ കഴുത്ത കഠിനപ്പെ
ടുത്തുകയും അരുത.
൧൭ എന്തുകൊണ്ടെന്നാൽ നിങ്ങ
ളുടെ ദൈവമായ യഹൊവാ ദൈ

വങ്ങളുടെ ദൈവവും, കൎത്താക്കന്മാ
രുടെ കൎത്താവും, മഹിമയും, വല്ലഭ
ത്വവും, ഭയങ്കരത്വവുമുള്ള ദൈവ
വും [ആകുന്നു;] അവൻ മുഖപ
ക്ഷം നൊക്കുന്നതുമില്ല, കൈക്കൂ
ലി വാങ്ങുന്നതുമില്ല.
൧൮ അവൻ പിതാവില്ലാത്തവ
ന്റെയും വിധവയുടെയും ന്യായ
ത്തെ നടത്തിക്കുന്നു, പരദെശിക്ക
അപ്പത്തെയും വസ്ത്രത്തെയും കൊ
ടുക്കുന്നതിനാൽ അവനെ സ്നെഹി
ക്കയും ചെയ്യുന്നു.
൧൯ അതുകൊണ്ടു നിങ്ങൾ പര
ദെശിയെ സ്നെഹിപ്പിൻ: എന്തെ
ന്നാൽ നിങ്ങൾ മിസ്രയിം ദെശ
ത്ത പരദെശികൾ ആയിരുന്നു.
൨൦ നീ നിന്റെ ദൈവമായ യ
ഹൊവായെ ഭയപ്പെടെണം; നീ
അവനെ സെവിക്കെണം, നീ അ
വനൊട ചെൎന്നിരുന്ന, അവന്റെ
നാമത്തെ കൊണ്ടു ആണയിടുക
യും വെണം.
൨൧ അവൻ തന്നെ നിന്റെ സ്തു
തി, അവൻ തന്നെ, നിന്റെ കണ്ണു
കൾ കണ്ടിട്ടുള്ള ആ വലിപ്പവും ഭയ
ങ്കരവുമായുള്ള കാൎയ്യങ്ങളെ നിന്നൊ
ടകൂടെ ചെയ്യുവനായ നിന്റെ ദൈ
വം [ആകുന്നു.]
൨൨ നിന്റെ പിതാക്കന്മാർ എ
ഴുപത ആത്മാക്കളൊട കൂടെ മിസ്ര
യിമിലെക്ക ഇറങ്ങി പൊയി; എ
ന്നാൽ ഇപ്പൊൾ നിന്റെ ദൈവ
മായ യഹൊവാ നിന്നെ സംഖ്യ
യിൽ ആകാശത്തിലെ നക്ഷത്രങ്ങ
ളെ പൊലെ ആക്കിയിരിക്കുന്നു.

൧൧ അദ്ധ്യായം.

൧ അനുസരണത്തിനായിട്ടുള്ള ഒരു ഉപദെശം. ൨൬. അനുഗ്രഹവും ശാപവും അവരുടെ മുമ്പാകെ വെക്കപ്പെടുന്നത.

ആകയാൽ നീ നിന്റെ ദൈവ
മായ യഹൊവായെ സ്നെഹിച്ച,
അവന്റെ പ്രമാണത്തെയും, അ
വന്റെ ചട്ടങ്ങളെയും, അവന്റെ
ന്യായങ്ങളെയും, അവന്റെ കല്പന
കളെയും എല്ലായ്പ്പൊഴും പ്രമാണി
ക്കെണം.
൨ ¶ നിങ്ങൾ ഇന്ന തന്നെ [ഇതി
നെ] അറിയെണം, എന്തെന്നാൽ
നിങ്ങളുടെ ദൈവമായ യഹൊവാ
യുടെ ശിക്ഷയെയും, അവന്റെ മ
ഹത്വത്തെയും, അവന്റെ ബലമു
ള്ള കയ്യിനെയും, അവന്റെ നീട്ട
പ്പെട്ട ഭുജത്തെയും,
൩ അവൻ മിസ്രയിമിന്റെ നടു
വിൽ മിസ്രയിമിലെ രാജാവായ പ
റഒവിനൊടും അവന്റെ എല്ലാ ദെ
ശത്തൊടും ചെയ്തിട്ടുള്ള അവന്റെ
അടയാളങ്ങളെയും, അവന്റെ ക്രി
യകളെയും,
൪ അവൻ മിസ്രയക്കാരുടെ സൈ
ന്യത്തൊട അവരുടെ കുതിരകളൊ
ടും, അവരുടെ രഥങ്ങളൊടും, ചെ
യ്തതിനെയും, അവർ നിങ്ങളെ പി
ന്തുടൎന്നപ്പൊൾ അവൻ ചെങ്കടലി
ലെ വെള്ളങ്ങളെ അവരുടെ മെൽ
ഒഴുകുമാറാക്കി, അവൻ ഇന്ന വ
രെയും അവരെ നശിപ്പിച്ച പ്രകാ
രവും,
൫ നിങ്ങൾ ഇവിടെക്ക വരുവൊ
ളം അവൻ നിങ്ങളൊട വനത്തി
ൽ വെച്ച ചെയ്തതിനെയും;
൬ അവൻ രൂബെന്റെ പുത്രനാ
യ എലിയാബിന്റെ പുത്രന്മാരാ
യ ദാതാനൊടും, അബിറാമിനൊ
ടും ചെയ്തതിനെ, ഭൂമി തന്റെ വാ
പിളൎന്ന, അവരെയും അവരുടെ ഭ
വനങ്ങളെയും, അവരുടെ കൂടാര
ങ്ങളെയും, എല്ലാ യിസ്രാഎല്ക്കാ
രുടെയും ഇടയിൽ അവൎക്കുള്ള അ
വരുടെ എല്ലാ സമ്പത്തിനെയും വി

ഴങ്ങിയ പ്രകാരവും അറിയാത്തവ
രായും, കാണാത്തവരായും ഉള്ള നി
ങ്ങളുടെ പുത്രന്മാരൊട ഞാൻ സം
സാരിക്കുന്നില്ല;
൭ എന്തെന്നാൽ യഹൊവാ ചെ
യ്തിട്ടുള്ള അവന്റെ ആ വലിയ ക്രി
യകളെ ഒക്കെയും നിങ്ങളുടെ കണ്ണു
കൾ കണ്ടിരിക്കുന്നു.
൮ അതുകൊണ്ട നിങ്ങൾ ബല
പ്പെടുവാനായിട്ടും, നിങ്ങൾ അതി
നെ അനുഭവിക്കുന്നതിന കടന്ന
പൊകുന്ന ദെശത്തെക്ക പ്രവെശി
ച്ചു, അതിനെ അനുഭവിപ്പാനായി
ട്ടും;
൯ യഹൊവാ നിങ്ങളുടെ പിതാ
ക്കന്മാൎക്കും അവരുടെ സന്തതിക്കും
കൊടുക്കുമെന്ന അവരൊട ആണ
യിട്ടിട്ടുള്ള ദെശമായി, പാലും തെ
നും ഒഴുകുന്ന ദെശത്ത നിങ്ങൾ ദി
വസങ്ങളെ ദീൎഘമാക്കുവാനായിട്ടും,
ഇന്ന ഞാൻ നിങ്ങളൊട കല്പിക്കു
ന്ന കല്പനകളെ ഒക്കെയും നിങ്ങൾ
പ്രമാണിക്കെണം.
൧൦ എന്തെന്നാൽ നീ അതിനെ
അനുഭവിപ്പാൻ പ്രവെശിക്കുന്ന
ദെശം നിങ്ങൾ വിട്ടു പൊന്ന മി
സ്രയിം ദെശം എന്ന പൊലെ അ
ല്ല, അവിടെ നീ നിന്റെ വിത്തി
നെ വിതെച്ചു, ചീരത്തൊട്ടത്തെ
പൊലെ, [അതിനെ] നീ നിന്റെ
കാലുകൊണ്ട നനച്ചു.
൧൧ എന്നാൽ നിങ്ങൾ അതിനെ
അനുഭവിപ്പാൻ കടന്ന പൊകുന്ന
ദെശം മലകളും താഴ്വരകളും ആകാ
ശത്തിലെ മഴവെള്ളം കുടിക്കുന്ന
തും ആയുള്ള ദെശം [ആകുന്നു:]
൧൨ അത നിന്റെ ദൈവമായ
യഹൊവാ വിചാരിക്കുന്ന ദെശം:
ആണ്ടിന്റെ ആദി മുതൽ ആണ്ടി
ന്റെ അവസാനം വരെയും നി
ന്റെ ദൈവമായ യഹൊവായു
ടെ കണ്ണുകൾ എപ്പൊഴും അതിന്മെ
ൽ [ഉണ്ട.]
൧൩ ¶ നിങ്ങൾ നിങ്ങളുടെ ദൈ
വമായ യഹൊവായെ സ്നെഹിക്കു
ന്നതിനും, നിങ്ങളുടെ പൂൎണ്ണ ഹൃദ
യത്തൊടും, നിങ്ങളുടെ പൂൎണ്ണ ആ
ത്മാവൊടും അവനെ സെവിക്കു
ന്നതിനും, ഞാൻ ഇന്ന നിങ്ങളൊ
ട കല്പിക്കുന്ന എന്റെ കല്പനകളെ
ജാഗ്രതയൊടെ അനുസരിച്ചാൽ,
൧൪ ഞാൻ തക്ക കാലത്തിൽ നി
ങ്ങളുടെ ദെശത്തിലെ മഴയാകുന്ന
മുൻ വൎഷവും പിൻ വൎഷവും ത
രും, നീ നിന്റെ ധാന്യത്തെയും,
നിന്റെ വീഞ്ഞിനെയും, നിന്റെ
എണ്ണയെയും ശെഖരിക്കെണ്ടി വ
രും.
൧൫ നിന്റെ നിലത്തിൽ നിന്റെ
മൃഗജീവങ്ങൾക്ക പുല്ലിനെയും ഞാ
ൻ തരും, നീ ഭക്ഷിച്ചു, തൃപ്തിയാക
യും ചെയ്യും.
൧൬ നിങ്ങളുടെ ഹൃദയം വഞ്ചന
പ്പെടുകയും, നിങ്ങൾ വിട്ടുമാറി, അ
ന്യ ദൈവങ്ങളെ സെവിച്ചു, അവ
യെ വന്ദിക്കയും;
൧൭ അപ്പൊൾ യഹൊവായുടെ
ക്രൊധം നിങ്ങളുടെ നെരെ ജ്വലി
ക്കയും, മഴ പെയ്യാതെ ഇരിപ്പാനും
ഭൂമി തന്റെ ഫലത്തെ തരാതെ ഇ
രിപ്പാനും ആകാശത്തെ അവൻ
അടെക്കയും, യഹൊവാ നിങ്ങൾ
ക്ക തരുന്ന നല്ല ദെശത്തനിന്ന നി
ങ്ങൾ വെഗം നശിച്ചു പൊകയും
ചെയ്യാതെ ഇരിപ്പാനായിട്ട, ജാഗ്ര
തയായിരിപ്പിൻ.
൧൮ ¶ അതുകൊണ്ട നിങ്ങൾ എ
ന്റെ ൟ വചനങ്ങളെ നിങ്ങളുടെ
ഹൃദയത്തിലും, നിങ്ങളുടെ ആത്മാ
വിലും സംഗ്രഹിച്ചു, അവയെ നി

ങ്ങളുടെ കയ്യിൻ മെൽ അടയാള
ത്തിനായിട്ട കെട്ടെണം, അവ നി
ങ്ങളുടെ കണ്ണുകളുടെ നടുവിൽ നെ
റ്റിപ്പട്ടങ്ങൾക്കായിട്ട ഇരിക്കയും
വെണം.
൧൯ നിങ്ങൾ അവയെ നിങ്ങളു
ടെ പുത്രന്മാൎക്ക ഉപദെശിച്ചു, നീ
നിന്റെ ഭവനത്തിൽ ഇരിക്കുമ്പൊ
ഴും, നീ വഴിയിൽ നടക്കുമ്പൊഴും,
നീ ശയിക്കുമ്പൊഴും, നീ എഴുനീല്ക്കു
മ്പൊഴും അവയെ കുറിച്ചു സംസാ
രിക്കെണം.
൨൦ യഹൊവാ നിങ്ങളുടെ പിതാ
ക്കന്മാൎക്ക കൊടുക്കുമെന്ന അവരൊ
ട ആണയിട്ടിട്ടുള്ള ദെശത്ത നിങ്ങ
ളുടെ നാളുകളും, നിങ്ങളുടെ പുത്രന്മാ
രുടെ നാളുകളും, ഭൂമിയുടെ മെൽ ഇ
രിക്കുന്ന ആകാശത്തിന്റെ നാളുക
ളെ പൊലെ, പെരുകെണ്ടുന്നതിന;
൨൧ നീ അവയെ നിന്റെ ഭവ
നത്തിന്റെ വാതിൽ കട്ടിളകളിൻ
മെലും, നിന്റെ പടിവാതിലുകളിലും
എഴുതുകയും വെണം.
൨൨ എന്തെന്നാൽ നിങ്ങൾ നി
ങ്ങളുടെ ദൈവമായ യഹൊവായെ
സ്നെഹിക്കുന്നതിനും, അവന്റെ എ
ല്ലാ വഴികളിലും നടക്കുന്നതിനും, അ
വനൊട ചെൎന്നിരിക്കുന്നതിനും,
ഞാൻ നിങ്ങൾ ചെയ്വാൻ കല്പിക്കു
ന്ന ഈ സകല കല്പനകളെയും ജാ
ഗ്രതയായി പ്രമാണിച്ചാൽ,
൨൩ അപ്പൊൾ യഹൊവാ ഈ ജാ
തികളെ എല്ലാം നിങ്ങളുടെ മുമ്പിൽനി
ന്ന ആട്ടിക്കളയും, നിങ്ങൾ നിങ്ങളെ
ക്കാൾ വലുതെയും ബലവുമുള്ള ജാതി
കളെ അനുഭവിക്കയും ചെയ്യും.
൨൪ നിങ്ങളുടെ ഉള്ളങ്കാൽ ചവി
ട്ടുന്നതായുള്ള എല്ലാ സ്ഥലവും നി
ങ്ങൾക്ക ആകും; വനവും ലെബാ
നൊനും മുതലും, ഫറാത്ത എന്ന ന
ദിയായ നദിമുതലും, അവസാന
സമുദ്രം വരെയും നിങ്ങളുടെ അതൃ
ത്തി ആകും.
൨൫ ഒരു മനുഷ്യനും നിങ്ങളുടെ
മുമ്പിൽ നിലനില്ക്കയില്ല: നിങ്ങളു
ടെ ദൈവമായ യഹൊവാ നിങ്ങ
ളൊട പറഞ്ഞ പ്രകാരം, അവൻ
നിങ്ങളെ കുറിച്ചുള്ള പെടിയെയും
നിങ്ങളെ കുറിച്ചുള്ള ഭയത്തെയും
നിങ്ങൾ ചവിട്ടുന്ന എല്ലാ ഭൂമിയു
ടെയും മെൽ വരുത്തും.
൨൬ ¶ ഇതാ, ഇന്ന ഞാൻ അ
നുഗ്രഹത്തെയും ശാപത്തെയും നി
ങ്ങളുടെ മുമ്പാകെ വെക്കുന്നു:
൨൭ ഇന്ന ഞാൻ നിങ്ങളൊട ക
ല്പിക്കുന്ന നിങ്ങളുടെ ദൈവമായ
യഹൊവായുടെ കല്പനകൾക്ക നി
ങ്ങൾ അനുസരിച്ചാൽ, അനുഗ്രഹ
ത്തെയും;
൨൮ നിങ്ങൾ നിങ്ങളുടെ ദൈവ
മായ യഹൊവായുടെ കല്പനകൾ
ക്ക അനുസരിക്കാതെ, നിങ്ങൾ അ
റിയാത്ത അന്യ ദൈവങ്ങളെ പി
ന്തുടരുന്നതിന, ഇന്ന ഞാൻ നിങ്ങ
ളൊട കല്പിക്കുന്ന വഴിയെ വിട്ട മാ
റിയാൽ, ശാപത്തെയും തന്നെ.
൨൯ പിന്നെ ഇപ്രകാരം ഉണ്ടാ
കും, നിന്റെ ദൈവമായ യഹൊ
വാ നീ അതിനെ അനുഭവിപ്പാൻ
പൊകുന്ന ദെശത്തെക്ക നിന്നെ
പ്രവെശിപ്പിച്ച ശെഷം, നീ ഗെ
റിസിം മലയുടെ മെൽ ആ അനു
ഗ്രഹത്തെയും, എബാൽ മലയുടെ
മെൽ ആ ശാപത്തെയും കൊടു
ക്കെണം.
൩൦ അവ ഗില്ഗാലിന നെരെ മൊ
റെ എന്ന സമഭൂമിയുടെ അരികെ
കുടിയിരിക്കുന്ന കനാനായക്കാരു
ടെ ദെശത്ത സൂൎയ്യൻ അസ്തമിക്കു
ന്ന വഴിയുടെ പുറകെ യൎദ്ദെന്ന അ

പ്പുറം അല്ലയൊ ഇരിക്കുന്നു?

൩൧ എന്തെന്നാൽ നിങ്ങളുടെ ദൈവമായ യഹൊവാ നിങ്ങൾക്ക തരുന്ന ദെശത്തെ അനുഭവിക്കുന്നതിന, നിങ്ങൾ യൎദ്ദെനെ കടന്ന പൊയി, നിങ്ങൾ അതിനെ അനുഭവിച്ച, അതിൽ വസിക്കെണം.

൩൨ ഞാൻ നിങ്ങളുടെ മുമ്പാകെ ഇന്ന വെക്കുന്ന സകല ചട്ടങ്ങളെയും ന്യായങ്ങളെയും ചെയ്യുന്നതിന നിങ്ങൾ പ്രമാണിക്കയും വെണം.

൧൨ അദ്ധ്യായം.

൧ വിഗ്രഹാരാധനെക്കുള്ള ബിംബങ്ങൾ നശിപ്പിക്കപ്പെടെണ്ടുന്നതാകുന്നു എന്നുള്ളത.—൫ ദൈവാരാധനെക്കുള്ള സ്ഥലം നക്ഷിക്കപ്പെടെണ്ടുന്നതാകുന്നു എന്നുള്ളത.— ൧൬,൨൩ രക്തം വിലക്കപ്പെടുന്നത.

നിന്റെ പിതാക്കന്മാരുടെ ദൈവമായ യഹൊവാ നിനക്ക അതിനെ അനുഭവിക്കുന്നതിന തരുന്ന ദെശത്ത, നിങ്ങൾ ഭൂമിയിൽ ജീവനൊടിരിക്കുന്ന നാളുകളിൽ ഒക്കെയും, ചെയ്വാനായിട്ട നിങ്ങൾ പ്രമാണിക്കെണ്ടുന്ന ചട്ടങ്ങളും ന്യായങ്ങളും ഇവ.

൨ നിങ്ങൾ അനുഭവിപ്പാനുള്ള ജാതികൾ ഉയൎന്ന പൎവ്വതങ്ങളുടെ മെലും, കുന്നുകളുടെ മെലും, സകല പച്ച വൃക്ഷത്തിൻ കീഴും തങ്ങളുടെ ദൈവങ്ങളെ സെവിച്ചിട്ടുള്ള സ്ഥലങ്ങളെ എല്ലാം നിങ്ങൾ അശെഷം നശിപ്പിക്കെണം.

൩ നിങ്ങൾ അവരുടെ ബലിപീഠങ്ങളെ ഇടിച്ച കളഞ്ഞ, അവരുടെ ശിലകളെയും തകൎത്ത, അവരുടെ കാവുകളെയും അഗ്നി കൊണ്ട ചുട്ട, അവരുടെ ദൈവങ്ങളുടെ വിഗ്രഹങ്ങളെയും വെട്ടിക്കളഞ്ഞ, അവയുടെ നാമത്തെയും ആ സ്ഥലത്തനിന്ന നശിപ്പിക്കെണം.

൪ നിങ്ങൾ നിങ്ങളുടെ ദൈവമായ യഹൊവായൊട അപ്രകാരം ചെയ്യരുത.

൫ നിങ്ങളുടെ ദൈവമായ യഹൊവാ തന്റെ നാമത്തെ അവിടെ സ്ഥാപിക്കുന്നതിന നിങ്ങളുടെ സകല ഗൊത്രങ്ങളിലും തെരിഞ്ഞെടുക്കുന്ന സ്ഥലത്തിന, അവന്റെ വാസസ്ഥലത്തിന തന്നെ, നിങ്ങൾ അന്വെഷിച്ച, അവിടെ നിങ്ങൾ വരെണം.

൬ അവിടെ തന്നെ നിങ്ങളുടെ ഹൊമബലികളെയും, നിങ്ങളുടെ ബലികളെയും, നിങ്ങളുടെ ദശാംശങ്ങളെയും, നിങ്ങളുടെ കയ്യിലെ നിവെദ്യങ്ങളെയും, നിങ്ങളുടെ നെൎച്ചകളെയും, നിങ്ങളുടെ മനഃപൂൎവ്വമായുള്ള കാഴ്ചകളെയും, നിങ്ങളുടെ കന്നുകാലികളുടെയും നിങ്ങളുടെ ആടുകളുടെയും കടിഞ്ഞൂൽകളെയും നിങ്ങൾ കൊണ്ടുവരെണം.

൭ അവിടെ നിങ്ങളുടെ ദൈവമായ യഹൊവായിക്ക മുമ്പാകെ നിങ്ങൾ ഭക്ഷിക്കെണം; നിങ്ങൾ കൈ വെക്കുന്ന സകലത്തിലും, നിന്റെ ദൈവമായ യഹൊവാ നിന്നെ അനുഗ്രഹിച്ചിട്ടുള്ളവയിൽ, നിങ്ങളും നിങ്ങളുടെ കുഡുംബങ്ങളും സന്തൊഷിക്കയും വെണം.

൮ നാം ഇവിടെ ഇന്ന, ഒരൊ മനുഷ്യൻ തന്റെ കണ്ണുകൾക്ക ചെൎച്ചയാകുന്ന പ്രകാരം ഒക്കെയും ചെയ്യുന്നത പൊലെ, നിങ്ങൾ ചെയ്യാതെ ഇരിക്കെണം.

൯ എന്തകൊണ്ടെന്നാൽ നിങ്ങളുടെ ദൈവമായ യഹൊവാ നിങ്ങൾക്ക തരുന്ന സ്വാസ്ഥത്തെക്കും, അവകാശത്തിനും നിങ്ങൾ ഇതുവരെയും എത്തീട്ടില്ല.

൧൦ എന്നാൽ നിങ്ങൾ യൎദ്ദെനെ

കടന്ന, നിങ്ങളുടെ ദൈവമായ യഹൊവാ നിങ്ങൾക്ക അനുഭവിപ്പാൻ തരുന്ന ദെശത്ത വസിക്കയും, ചുറ്റും ഇരിക്കുന്ന നിങ്ങളുടെ സകല ശത്രുക്കളിൽനിന്നും അവൻ നിങ്ങൾക്ക സ്വസ്ഥതയെ തരികയും, നിങ്ങളും സുഖമായി വസിക്കയും ചെയ്യുമ്പൊൾ,

൰൧ നിങ്ങളുടെ ദൈവമായ യഹൊവാ തന്റെ നാമത്തെ അവിടെ സ്ഥാപിപ്പാൻ തെരിഞ്ഞെടുക്കുന്ന ഒരു സ്ഥലം ഉണ്ടാകെണം; അവിടെക്ക നിങ്ങൾ ഞാൻ നിങ്ങളൊട കല്പിക്കുന്നതിനെ ഒക്കെയും, നിങ്ങളുടെ ഹൊമബലികളെയും, നിങ്ങളുടെ ബലികളെയും, നിങ്ങളുടെ ദശാംശങ്ങളെയും, നിങ്ങളുടെ കയ്യിലെ നിവെദ്യങ്ങളെയും, നിങ്ങൾ യഹൊവായിക്ക നെരുന്ന നിങ്ങളുടെ എല്ലാ വിശെഷ നെച്ചകളെയും കൊണ്ടുവരെണം.

൰൨ നിങ്ങളുടെ ദൈവമായ യഹൊവായിക്ക മുമ്പാകെ നിങ്ങളും, നിങ്ങളുടെ പുത്രന്മാരും, നിങ്ങളുടെ പുത്രിമാരും, നിങ്ങളുടെ വെലക്കാരും, നിങ്ങളുടെ വെലക്കാരികളും, നിങ്ങളുടെ വാതിലുകളിൽ ഉള്ള ലെവിയക്കാരനും സന്തൊഷിക്കെണം; എന്തെന്നാൽ ഇവന നിങ്ങളൊടകൂടെ ഭാഗവും അവകാശവും ഇല്ല.

൰൩ നീ കാണുന്ന എല്ലാ സ്ഥലത്തും നിന്റെ ഹൊമബലികളെ കഴിക്കാതെ ഇരിപ്പാൻ നിനക്ക ജാഗ്രതയായിരിക്ക.

൰൪ എന്നാൽ യഹൊവാ നിന്റെ ഗൊത്രങ്ങളിൽ ഒന്നിൽ തെരിഞ്ഞെടുക്കുന്ന സ്ഥലത്തൊ, നീ നിന്റെ ഹൊമബലികളെ അവിടെ കഴിക്കെണം, അവിടെയും നീ ഞാൻ നിന്നൊട കല്പിക്കുന്നതിനെ ഒക്കെയും ചെയ്യെണം.

൰൫ എന്നാലും നിന്റെ ദൈവമായ യഹൊവാ നിനക്ക തന്നിരിക്കുന്ന അവന്റെ അനുഗ്രഹത്തിന തക്കതായി, നിന്റെ എല്ലാ വാതിലുകളിലും, നിന്റെ ആത്മാവിലെ എല്ലാ ആഗ്രഹത്തിൻ പ്രകാരവും, നിനക്ക മാംസത്തെ കൊന്ന, ഭക്ഷിക്കാം: അശുദ്ധിയുള്ളവനും ശുദ്ധിയുള്ളവനും അതിനെ, വെളുത്ത മാനിനെ പൊലെയും കലമാനിനെ പൊലെയും, ഭക്ഷിക്കാം.

൰൬ നിങ്ങൾ രക്തത്തെ മാത്രം ഭക്ഷിക്കരുത; നിങ്ങൾ അതിനെ വെള്ളം പൊലെ നിലത്ത ഒഴിച്ച കളയെണം.

൰൭ ¶ നിന്റെ ധാന്യത്തിലും, നിന്റെ വീഞ്ഞിലും, നിന്റെ എണ്ണയിലും ദശാംശത്തെയും, നിന്റെ മാടുകളുടെയും നിന്റെ ആടുകളുടെയും കടിഞ്ഞൂൽകളെയും, നീ നെരുന്ന യാതൊരു നെച്ചകളെയും, നിന്റെ മനഃപൂർവ്വമായുള്ള കാഴ്ചകളെയും, നിന്റെ കയ്യിലെ നിവെദ്യങ്ങളെയും നിനക്ക നിന്റെ വാതിലുകളിൽ വെച്ച ഭക്ഷിച്ചുകൂടാ.

൰൮ എന്നാൽ നിന്റെ ദൈവമായ യഹൊവാ തെരിഞ്ഞെടുക്കുന്ന സ്ഥലത്ത നീയും, നിന്റെ പുത്രനും, നിന്റെ പുത്രിയും, നിന്റെ വെലക്കാരനും, നിന്റെ വെലക്കാരിയും, നിന്റെ വാതിലുകളിൽ ഉള്ള ലെവിയക്കാരനും അവയെ നിന്റെ ദൈവമായ യഹൊവായിക്ക മുമ്പാകെ ഭക്ഷിക്കെണം: നീ നിന്റെ കൈകളെ വെക്കുന്നതിൽ ഒക്കെയും നീ നിന്റെ ദൈവമായ യഹൊവായിക്ക മുമ്പാകെ സന്തൊഷിക്കയും വെണം.

൧൯ നീ ഭൂമിയിൽ ഇരിക്കുന്ന എ
ല്ലാ നാളുകളിലും ലെവിയക്കാരനെ
ഉപെക്ഷിക്കാതെ ഇരിപ്പാൻ ജാ
ഗ്രതയായിരിക്ക.

൨൦ ¶ നിന്റെ ദൈവമായ യ
ഹൊവാ നിന്നൊടു വാഗ്ദത്തം ചെ
യ്തപ്രകാരം അവൻ നിന്റെ അ
തൃത്തിയെ വിശാലമാക്കുമ്പൊൾ,
(നിന്റെ ആത്മാവ മാംസം ഭക്ഷി
പ്പാൻ ആഗ്രഹിക്കുന്നതകൊണ്ടു,)
ഞാൻ മാംസത്തെ ഭക്ഷിക്കും എ
ന്ന നീ പറഞ്ഞാൽ, നിന്റെ ആ
ത്മാവിന്റെ ഇഷ്ടപ്രകാരം ഒക്കെ
യും നിനക്ക മാംസത്തെ ഭക്ഷിക്കാം.

൨൧ നിന്റെ ദൈവമായ യഹൊ
വാ തന്റെ നാമത്തെ അവിടെ
സ്ഥാപിപ്പാൻ തെരിഞ്ഞെടുത്തിട്ടുള്ള
സ്ഥലം നിങ്കൽനിന്ന എറ ദൂരമാ
കുന്നു എങ്കിൽ, യഹൊവാ നിനക്ക
തന്നിട്ടുള്ള നിന്റെ മാടുകളിൽനി
ന്നും, ആടുകളിൽനിന്നും, ഞാൻ നി
ന്നൊടു കല്പിച്ച പ്രകാരം നിനക്ക
കൊല്ലാം, നിന്റെ വാതിലുകളിൽ
നിന്റെ ആത്മാവിന്റെ ഇഷ്ടപ്ര
കാരം ഒക്കെയും നിനക്ക ഭക്ഷിക്ക
യും ആം.

൨൨ വെളിമാനും കലമാനും ഭക്ഷി
ക്കപ്പെടുന്നത പൊലെ തന്നെ നി
നക്ക അവയെ ഭക്ഷിക്കാം. അശു
ദ്ധിയുള്ളവനും ശുദ്ധിയുള്ളവനും അ
വയെ സമമായി ഭക്ഷിക്കാം.

൨൩ രക്തത്തെ മാത്രം ഭക്ഷിക്കാ
തെ ഇരിപ്പാൻ നിനക്ക നിശ്ചയ
മായിരിക്ക: എന്തെന്നാൽ രക്തമെ
ന്നത ജീവൻ [ആകുന്നു;] മാംസ
ത്തൊടകൂടെ ജീവനെയും നീ ഭക്ഷി
ക്കരുത.

൨൪ അതിനെ നീ ഭക്ഷിക്കരുത;
നീ അതിനെ വെള്ളം പൊലെ നി
ലത്ത ഒഴിച്ച കളയെണം.

൨൫ നീ യഹൊവായുടെ കണ്ണു
കൾക്ക ഉചിതമായുള്ളതിനെ ചെ
യ്യുമ്പൊൾ, നിനക്കും, നിന്റെ ശെ
ഷം നിന്റെ പുത്രന്മാൎക്കും നന്നാ
യിരിപ്പാനായിട്ട, നീ അതിനെ ഭ
ക്ഷിക്കരുത.

൨൬ ¶ നിനക്കുള്ള നിന്റെ ശു
ദ്ധ വസ്തുക്കളെയും, നിന്റെ നെ
ൎച്ചകളെയും മാത്രം നീ എടുത്ത കൊ
ണ്ടു, യഹൊവാ തെരിഞ്ഞെടുക്കുന്ന
സ്ഥലത്തെക്ക പൊകെണം.

൨൭ അപ്പൊൾ നീ നിന്റെ ദൈ
വമായ യഹൊവായുടെ ബലിപീ
ഠത്തിന്മെൽ നിന്റെ ഹൊമബലി
കളെ, മാംസത്തെയും രക്തത്തെയും
കൂടെ, കഴിക്കെണം: നിന്റെ ബ
ലികളുടെ രക്തവും നിന്റെ ദൈ
വമായ യഹൊവായുടെ ബലിപീ
ഠത്തിന്മെൽ ഒഴിക്കപ്പെടെണം, മാം
സത്തെ നീ ഭക്ഷിക്കയും വെണം.

൨൮ നീ നിന്റെ ദൈവമായ യ
ഹൊവായുടെ മുമ്പാകെ നന്നായും
ഉചിതമായുമുള്ളതിനെ ചെയ്യുമ്പൊ
ൾ, നിനക്കും, നിന്റെ ശെഷം നി
ന്റെ പുത്രന്മാൎക്കും നന്നായിരിപ്പാ
നായിട്ട, ഞാൻ നിന്നൊടു കല്പി
ക്കുന്ന ഈ എല്ലാ വചനങ്ങളെയും
പ്രമാണിച്ച, കെൾക്ക.

൨൯ ¶ നീ അനുഭവിപ്പാൻ അ
വിടെക്ക പൊകുന്ന ദെശത്തുള്ള
ജാതികളെ നിന്റെ ദൈവമായ
യഹൊവാ നിന്റെ മുമ്പിൽനിന്ന
ഛെദിച്ച കളയുമ്പൊഴും, നീ അ
വരെ അനുഭവിച്ച, അവരുടെ ദെ
ശത്ത കുടിയിരിക്കുമ്പൊഴും,

൩൦ അവർ നിന്റെ മുമ്പിൽനി
ന്ന നശിക്കപ്പെട്ടതിന്റെ ശെഷം
നീ അവരെ പിന്തുടൎന്ന അകപ്പെ
ടാതെയും, ഈ ജാതികൾ തങ്ങളുടെ
ദൈവങ്ങളെ എതപ്രകാരം സെ

വിച്ചുവൊ? അപ്രകാരം ഞാനും ചെയ്യുമെന്ന പറഞ്ഞ, അവരുടെ ദൈവങ്ങളെ കുറിച്ച നീ ചൊദിക്കാതെയും ഇരിപ്പാനായിട്ട ജാഗ്രതയായിരിക്ക.

൩൧ നീ നിന്റെ ദൈവമായ യഹൊവായൊട അപ്രകാരം ചെയ്യരുത: എന്തെന്നാൽ യഹൊവാ ദ്വെഷിക്കുന്ന സകല വെറുപ്പിനെയും അവർ തങ്ങളുടെ ദൈവങ്ങളൊട ചെയ്തു: എന്തെന്നാൽ തങ്ങളുടെ പുത്രന്മാരെയും തങ്ങളുടെ പുത്രിമാരെയും തന്നെ അവർ തങ്ങളുടെ ദൈവങ്ങൾക്ക അഗ്നിയിൽ ചുട്ടുകളഞ്ഞു.

൩൨ ഞാൻ നിങ്ങളൊട കല്പിക്കുന്ന സകല കാൎയ്യത്തെയും, അതിനെ ചെയ്വാനായിട്ട, പ്രമാണിപ്പിൻ: നീ അതിനൊട കൂട്ടരുത, അതിൽനിന്ന കുറെക്കയും അരുത.

൧൩ അദ്ധ്യായം.

൧ വിഗ്രഹാരാധനയിലെക്ക വശീകരിക്കുന്നവർ,—൬. എത്ര അടുത്തവർ ആയാലും,—൰. കല്ലുകൊണ്ട എറിഞ്ഞ കൊല്ലപ്പെടെണം എന്നുള്ളത.—൧൨. വിഗ്രഹാരാധനയുള്ള നഗരങ്ങൾ വെച്ചെക്കപ്പെടരുത എന്നുള്ളത.

നിങ്ങളുടെ ഇടയിൽ ഒരു ദീൎഘദൎശി, അല്ലെങ്കിൽ സ്വപ്നം കാണുന്നവൻ എഴുനീറ്റ, നിനക്ക ഒരു ലക്ഷ്യത്തെയൊ, അത്ഭുതത്തെയൊ കാണിച്ചാലും;

൨ നീ അറിയാതെ ഇരിക്കുന്ന മറ്റ ദൈവങ്ങളെ നാം പിൻ ചെന്ന, അവയെ സെവിക്ക എന്ന പറഞ്ഞ, അവൻ നിന്നൊട പറഞ്ഞിട്ടുള്ള ലക്ഷ്യവും അത്ഭുതവും ഉണ്ടായാലും:

൩ ആ ദീൎഘദൎശിയുടെ, അല്ലെങ്കിൽ ആ സ്വപ്നക്കാരന്റെ വചനങ്ങൾക്ക നീ ചെവി കൊടുക്കരുത: എന്തെന്നാൽ നിങ്ങളുടെ ദൈവമായ യഹൊവായെ നിങ്ങൾ നിങ്ങളുടെ പൂൎണ്ണ ഹൃദയം കൊണ്ടും, നിങ്ങളുടെ പൂൎണ്ണ ആത്മാവ കൊണ്ടും സ്നെഹിക്കുന്നവർ ആകുന്നുവൊ എന്ന അറിയുന്നതിന നിങ്ങളുടെ ദൈവമായ യഹൊവാ നിങ്ങളെ പരീക്ഷിക്കുന്നു.

൪ നിങ്ങൾ നിങ്ങളുടെ ദൈവമായ യഹൊവായുടെ പിന്നാലെ നടന്ന, അവനെ ഭയപ്പെട്ട, അവന്റെ കല്പനകളെ പ്രമാണിച്ച, അവന്റെ ശബ്ദത്തിന ചെവികൊടുത്ത, അവനെ സെവിച്ച, അവനൊട ചെൎന്നിരിക്കെണം.

൫ എന്നാൽ ആ ദീൎഘദൎശി, അല്ലെങ്കിൽ ആ സ്വപ്നക്കാരൻ കൊല്ലപ്പെടെണം, (എന്തകൊണ്ടെന്നാൽ നീ അതിൽ നടപ്പാനായിട്ട നിന്റെ ദൈവമായ യഹൊവാ നിന്നൊട കല്പിച്ചിട്ടുള്ള വഴിയിൽനിന്ന നിന്നെ തെറ്റിക്കുന്നതിനായിട്ട, അവൻ നിങ്ങളെ മിസ്രയിം ദെശത്തനിന്ന കൊണ്ടുവന്നവനായും നിങ്ങളെ അടിമവീട്ടിൽനിന്ന വീണ്ടുകൊണ്ടവനായുമുള്ള നിങ്ങളുടെ ദൈവമായ യഹൊവായിക്ക വിരൊധമായി ദ്രൊഹം പറഞ്ഞു.) ഇപ്രകാരം നീ ദൊഷത്തെ നിന്റെ നടുവിൽനിന്ന നീക്കികളയെണം.

൬ നിങ്ങളുടെ ചുററും എങ്കിലും, നിനക്ക സമീപത്ത എങ്കിലും, നിനക്ക ദൂരത്ത എങ്കിലും ദെശത്തിന്റെ [ഒരു] അററം മുതൽ ദെശത്തിന്റെ [മറെറ] അററം വരെയും ഉള്ള ജനങ്ങളുടെ ദൈവങ്ങളിൽ,

൭ നീയും, നിന്റെ പിതാക്കന്മാരും അറിയാതെയുള്ള അന്യദൈവങ്ങളെ നാം ചെന്ന, സെവിക്ക എന്ന, നിന്റെ മാതാവിന്റെ പുത്രനായ നിന്റെ സഹൊദരൻ എങ്കിലും, നിന്റെ പുത്രൻ എങ്കിലും,

നിന്റെ പുത്രി എങ്കിലും, നിന്റെ
മടിയിൽ ഇരിക്കുന്ന നിന്റെ ഭാ
ൎയ്യ എങ്കിലും, നിന്റെ ആത്മാവി
നെ പൊലെ ഉള്ള നിന്റെ സ്നെ
ഹിതൻ എങ്കിലും, രഹസ്യമായി പ
റഞ്ഞ നിന്നെ വശികരിച്ചാൽ;
൮ നീ അവനെ സമ്മതിക്കാതെ
യും, അവനെ ചെവിക്കൊള്ളാതെ
യും, നിന്റെ കണ്ണ അവനൊട ക
രുണ ചെയ്യാതെയും, നീ അവനൊ
ട ദയ ചെയ്യാതെയും, അവനെ ഒ
ളിപ്പിക്കാതെയും ഇരുന്ന;
൯ നീ അവനെ കൊല്ലെണം നി
ശ്ചയം; അവനെ കുല ചെയ്യുന്ന
തിന, മുമ്പെ നിന്റെ കയ്യും, പിന്ന
ത്തെതിൽ എല്ലാ ജനത്തിന്റെയും
കയ്യും അവന്റെ മെൽ ഇരിക്കെ
ണം.
൰ അവൻ മരിപ്പാനായിട്ട നീ
അവനെ കല്ലുകൾ കൊണ്ട എറി
യെണം: എന്തെന്നാൽ അടിമ വീ
ടായ മിസ്രയിം ദെശത്തനിന്ന
നിന്നെ കൊണ്ടുവന്നവനായി നി
ന്റെ ദൈവമായ യഹൊവായി
ൽനിന്ന നിന്നെ അകററി കളവാ
ൻ അവൻ അന്വെഷിച്ചു.
൰൧ യിസ്രാഎൽ എല്ലാം കെട്ട ഭ
യപ്പെട്ട, ഇനി നിങ്ങളുടെ ഇടയിൽ
ഇം ദൊഷമുള്ള കാൎയ്യത്തിൻ പ്രകാ
രം ചെയ്യാതെ ഇരിക്കയും വെണം.
൰൨ ¶ നിങ്ങൾ അറിയാത്ത മ
ററ ദൈവങ്ങളെ നാം ചെന്ന സെ
വിക്ക എന്ന പറയുന്ന ബെലിയാ
ളിന്റെ മക്കളാകുന്ന മനുഷ്യർ നി
ങ്ങളുടെ ഇടയിൽനിന്ന പുറപ്പെട്ട,
തങ്ങളുടെ പട്ടണത്തിലെ കുടിയാ
ന്മാരെ ആകൎഷിച്ചിരിക്കുന്നു എന്ന,
൰൩ നിന്റെ ദൈവമായ യ
ഹൊവാ നിനക്ക അവിടെ വസി
ക്കുന്നതിന തന്നിട്ടുള്ള നിന്റെ പട്ട
ണങ്ങളിൽ ഒന്നിൽ നീ കെട്ടാൽ;
൰൪ അപ്പൊൾ നീ അന്വെഷി
ച്ച, വിസ്തരിച്ച, നല്ലവണ്ണം ചൊ
ദിക്കെണം: ഇതാ, അപ്രകാരമുള്ള
വെറുപ്പ നിങ്ങളുടെ ഇടയിൽ ചെ
യ്യപ്പെട്ടത സത്യവും, കാൎയ്യം നിശ്ച
യവും ആയാൽ,
൰൫ നീ ആ പട്ടണത്തിലെ കുടി
യാന്മാരെ വാളിന്റെ മൂൎച്ച കൊണ്ട
കൊന്ന, അതിനെയും, അതിലുള്ള
സകലത്തെയും, അതിലെ മൃഗങ്ങ
ളെയും വാളിന്റെ മൂൎച്ച കൊണ്ട അ
ശെഷം നശിപ്പിക്കെണം നിശ്ച
യം.
൰൬ പിന്നെ നീ അതിന്റെ ക
വൎച്ചയെ ഒക്കെയും, അതിന്റെ വീ
ഥിയുടെ നടുവിൽ കൂട്ടി, ആ പട്ട
ണത്തെയും, അതിന്റെ എല്ലാ കവ
ൎച്ചകളെയും അശെഷം, നിന്റെ
ദൈവമായ യഹൊവായിക്കായി
ട്ട അഗ്നികൊണ്ട ചുട്ടുകളയെണം;
അതും എന്നും കുന്നാകും, അത പി
ന്നെ പണിയപ്പെടുകയില്ല.
൰൭ യഹൊവാ തന്റെ കൊപ
ത്തിന്റെ ക്രൂരതയെ വിട്ട തിരി
ഞ്ഞ, നിന്നൊട ദയ കാണിച്ച, നി
ന്നൊട കരുണ ചെയ്വാനായിട്ടും,
൰൮ ഞാൻ ഇന്ന നിന്നൊട ക
ല്പിക്കുന്ന നിന്റെ ദൈവമായ യ
ഹൊവായുടെ സകല കല്പനകളെ
യും പ്രമാണിച്ച, നിന്റെ ദൈവ
മായ യഹൊവായുടെ കണ്ണുകളിൽ
ഉചിതമായുള്ളതിനെ ചെയ്വാൻ,
അവന്റെ ശബ്ദത്തെ ചെവിക്കൊ
ള്ളുമ്പൊൾ, അവൻ നിന്റെ പി
താക്കന്മാരൊട ആണയിട്ട പ്രകാ
രം നിന്നെ വൎദ്ധിപ്പിപ്പാനായിട്ടും,
൰൯ ശാപത്തിന നെമിക്കപ്പെട്ട
തിൽ എതെങ്കിലും നിന്റെ കയ്യിൽ
ചെരരുത.

൧൪ അദ്ധ്യായം.

൧ ദൈവത്തിന്റെ മക്കൾ ദുഃഖത്തിങ്കൽ തങ്ങളെ തന്നെ വിരൂപപ്പെടുത്തരുത എന്നുള്ളത.— ൩. ഇന്നത ഭക്ഷിക്കാമെന്നും ഇന്നത അരുത എന്നും ഉള്ളത.— ൨൨. ദശാംശങ്ങളെ കുറിച്ചുള്ളത.

നിങ്ങൾ നിങ്ങളുടെ ദൈവമായ
യഹൊവായുടെ പുത്രന്മാർ [ആകു
ന്നു:] നിങ്ങൾ മരിച്ചവന വെണ്ടി
നിങ്ങളെ മുറിക്കരുത, നിങ്ങളുടെ ക
ണ്ണുകളുടെ നടുവെ മൊട്ട ഇടുകയും
അരുത.
൨ എന്തെന്നാൽ നീ നിന്റെ ദൈ
വമായ യഹൊവായിക്ക ഒരു ശു
ദ്ധ ജനം; ഭൂമിയുടെ മുഖത്തിന്മെ
ലുള്ള എല്ലാ ജനങ്ങളെക്കാളും തനി
ക്ക പ്രത്യെകമുള്ള ജനമായിരിക്കു
ന്നതിന യഹൊവാ നിന്നെ തെ
രിഞ്ഞെടുത്തിരിക്കുന്നു.
൩ വെറുപ്പായുള്ളതിനെ ഒന്നിനെ
യും നീ ഭക്ഷിക്കരുത.
൪ നിങ്ങൾ ഭക്ഷിക്കെണ്ടുന്ന മൃ
ഗങ്ങൾ ഇവ: കാളയും, ആടും, വെ
ള്ളാടും,
൫ മാനും, വെണ്മാനും, കലമാനും,
മലയാടും, പുള്ളിമാനും, കടമാനും,
കാട്ടാടും,
൬ മൃഗങ്ങളിൽ കുളമ്പ പിളൎക്കു
ന്നതും, കുളമ്പുകൾ രണ്ടായി പിരി
ക്കുന്നതും, അയവെക്കുന്നതുമായ
സകല മൃഗത്തെയും നിങ്ങൾക്ക ഭ
ക്ഷിക്കാം.
൭ എന്നാൽ അയവെക്കുന്നവയി
ലും കുളമ്പ പിളൎക്കുന്നവയിലും നി
ങ്ങൾ ഭക്ഷിക്കരുതാത്തവ ഇവ: ഒ
ട്ടകവും, മുയലും, കുഴിമുയലും: എ
ന്തെന്നാൽ അവ അയവെക്കുന്നു
എങ്കിലും കുളമ്പ പിളൎക്കുന്നില്ല; അ
വ നിങ്ങൾക്ക അശുദ്ധിയുള്ളവ.
൮ പന്നിയും, എന്തെന്നാൽ അ
ത കുളമ്പ പിളൎക്കുന്നു, എങ്കിലും അ
യവെക്കാതെ ഇരിക്കുന്നു; അത നി
ങ്ങൾക്ക അശുദ്ധിയുള്ളത: നിങ്ങൾ
ഇവയുടെ മാംസത്തിൽനിന്ന ഭ
ക്ഷിക്കരുത, ഇവയുടെ ഉടലുകളെ
തൊടുകയും അരുത.
൯ വെള്ളങ്ങളിലുള്ള എല്ലാററിലും
ഇവയെ നിങ്ങൾക്ക ഭക്ഷിക്കാം:
ചിറകും ചെതമ്പലും ഉള്ളതിനെ ഒ
ക്കെയും നിങ്ങൾക്ക ഭക്ഷിക്കാം.
൧൦ എന്നാൽ ചിറകും ചെതമ്പ
ലും ഇല്ലാത്തതിനെ ഒക്കെയും നി
ങ്ങൾ ഭക്ഷിക്കരുത; അത നിങ്ങൾ
ക്ക അശുദ്ധിയുള്ളത.
൧൧ ശുദ്ധമുള്ള എല്ലാ പക്ഷിയെ
യും നിങ്ങൾക്ക ഭക്ഷിക്കാം.
൧൨ എന്നാൽ അവയിൽനിന്ന
നിങ്ങൾ ഭക്ഷിക്കരുതാത്തവ ഇവ:
കഴുകനും, ഗരുഡനും, ആനറാഞ്ചു
നും,
൧൩ കറുകാടയും, ഗൃദ്ധ്രവും, അ
താത വിധത്തിലുള്ള പരുന്തും,
൧൪ അതാത വിധത്തിലുള്ള എ
ല്ലാ മലങ്കാക്കയും,
൧൫ മൂങ്ങായും, പുള്ളും കുയിലും,
അതാത വിധത്തിലുള്ള ആൾകാട്ടി
യും,
൧൬ നത്തും, കൂമനും, അരയന്നവും,
൧൭ ഞാറയും, കൊട്ടുവാനും, നീർ
ക്കാക്കയും,
൧൮ കൊക്കും, അതാത വിധത്തി
ലുള്ള രാജാളിയും, കുളക്കൊഴിയും, ന
രിച്ചീറും.
൧൯ പറക്കുന്ന ഇഴജാതി ഒക്കെ
യും നിങ്ങൾക്ക അശുദ്ധിയുള്ളത:
അവ ഭക്ഷിക്കപ്പെടരുത.
൨൦ ശുദ്ധമുള്ള പക്ഷിയെ ഒക്കെ
യും നിങ്ങൾക്ക ഭക്ഷിക്കാം.
൨൧ താനെ ചാകുന്ന യാതൊന്നി
നെയും നിങ്ങൾ ഭക്ഷിക്കരുത: നി
ന്റെ വാതിലുകളിൽ [ഇരിക്കുന്ന]

പരദെശിക്കു നീ, അവൻ അതിനെ ഭക്ഷിപ്പാൻ, കൊടുക്കാം: അല്ലെങ്കിൽ നീ അതിനെ അന്യന വില്ക്കാം: എന്തകൊണ്ടെന്നാൽ നിന്റെ ദൈവമായ യഹൊവായിക്ക നീ ഒരു ശുദ്ധ ജനം. വെള്ളാട്ടിൻ കുട്ടിയെ അതിന്റെ തള്ളയുടെ പാലിൽ നീ പാകം ചെയ്യരുത.

൨൨ ¶ നിലം ആണ്ടുതൊറും പുറപ്പെട്ടുവിക്കുന്ന നിന്റെ വിത്തിന്റെ എല്ലാ വിളവിലും നീ പത്തിലൊരു പങ്ക നിശ്ചയമായി എടുക്കെണം.

൨൩ നീ നിന്റെ ദൈവമായ യഹൊവായെ എല്ലായ്പൊഴും ഭയപ്പെടുന്നതിന പഠിപ്പാനായിട്ട, നിന്റെ ദൈവമായ യഹൊവാ അവിടെ തന്റെ നാമത്തെ സ്ഥാപിപ്പാൻ തെരിഞ്ഞെടുക്കുന്ന സ്ഥലത്ത അവന്റെ മുമ്പാകെ നിന്റെ ധാന്യത്തിലും, നിന്റെ വീഞ്ഞിലും, നിന്റെ എണ്ണയിലും ദശാംശത്തെയും, നിന്റെ മാടുകളുടെയും നിന്റെ ആടുകളുടെയും കടിഞ്ഞൂൽകളെയും നീ ഭക്ഷിക്കെണം.

൨൪ നിന്റെ ദൈവമായ യഹൊവാ നിന്നെ അനുഗ്രഹിച്ചിരിക്കുമ്പൊൾ, നിന്റെ ദൈവമായ യഹൊവാ അവിടെ തന്റെ നാമത്തെ സ്ഥാപിപ്പാൻ തെരിഞ്ഞെടുക്കുന്ന സ്ഥലം നിന്നിൽനിന്ന വളരെ ദൂരമായി, നീ അതിനെ കൊണ്ടുപൊകുവാൻ കഴിയാതവണ്ണം വഴി നിനക്ക അധികം ദൂരം ആയിരുന്നാൽ,

൨൫ അപ്പൊൾ നീ [അതിനെ] പണമാക്കി, ആ പണം നിന്റെ കയ്യിൽ കെട്ടി, നിന്റെ ദൈവമായ യഹൊവാ തെരിഞ്ഞെടുക്കുന്ന സ്ഥലത്തെക്ക കൊണ്ടുപൊകെണം.

൨൬ നിന്റെ ആത്മാവ ആഗ്രഹിക്കുന്ന സകലത്തിനും, മാടിന എങ്കിലും, ആടിന എങ്കിലും, വീഞ്ഞിന എങ്കിലും, മദ്യത്തിന എങ്കിലും, നിന്റെ ആത്മാവ യാചിക്കുന്ന സകലത്തിനും നീ ആ ദ്രവ്യത്തെ കൊടുക്കെണം: അവിടെ നീ നിന്റെ ദൈവമായ യഹൊവായുടെ മുമ്പാകെ ഭക്ഷിക്കയും, നീയും നിന്റെ കുഡുംബവും സന്തൊഷിക്കയും വെണം.

൨൭ നിന്റെ വാതില്കൾക്ക അകത്തുള്ള ലെവിയക്കാരൻ എന്നവനെയും നീ ഉപെക്ഷിക്കരുത: എന്തകൊണ്ടെന്നാൽ നിന്നൊടകൂടെ അവന ഒഹരിയും അവകാശവും ഇല്ല.

൨൮ മൂന്ന സംവത്സരത്തിന്റെ അവസാനത്തിങ്കൽ നീ ആ സംവത്സരത്തിൽ നിനക്കുള്ള വൎദ്ധനയിലെ ദശാംശത്തെ ഒക്കെയും പുറത്ത കൊണ്ടുവന്ന, നിന്റെ വാതില്കളിൽ വെക്കെണം:

൨൯ അപ്പൊൾ ലെവിയക്കാരന നിന്നൊടകൂടെ ഒഹരിയും അവകാശവും ഇല്ലായ്കകൊണ്ട അവനും, നിന്റെ വാതില്കൾക്ക അകത്തുള്ള പരദെശിയും, പിതാവില്ലാത്തവനും, വിധവയും വന്ന, നീ ചെയ്യുന്ന നിന്റെ കയ്യിന്റെ എല്ലാ പ്രവൃത്തിയിലും നിന്റെ ദൈവമായ യഹൊവാ നിന്നെ അനുഗ്രഹിപ്പാനായിട്ട, അവർ ഭക്ഷിച്ച, തൃപ്തിയാകെണം.

൧൫ അദ്ധ്യായം.

൧ ഏഴാം സംവത്സരം ദരിദ്രന്മാൎക്ക സ്വാതന്ത്ര്യ സംവത്സരം എന്നുള്ളത. —൭. കടം കൊടുക്കയൊ, ദാനം ചെയ്കയൊ ചെയ്യുന്നതിന വിഘ്നമായിരിക്കരുത എന്നുള്ളത.

൧ ഏഴ സംവത്സരങ്ങളുടെ അവ

സ്ഥാനത്തിങ്കൽ നീ വിടുതൽ ചെ
യ്യെണം.
൨ വിടുതലിന്റെ മുറ ഇത: ത
ന്റെ അയല്ക്കാരന വായ്പ കൊടു
ത്തവനെല്ലാം [അതിനെ] വിട്ടുകൊ
ടുക്കെണം; അവൻ [അതിനെ] ത
ന്റെ അയല്ക്കാരനൊട എങ്കിലും,
സഹൊദരനൊട എങ്കിലും ഞെരു
ങ്ങി ചൊദിക്കരുത; എന്തെന്നാൽ
അത യഹൊവായിക്ക വിടുതൽ
എന്ന പറയപ്പെടുന്നു.
൩ അന്യജാതിക്കാരനൊട നിന
ക്ക ഞെരുങ്ങി ചൊദിക്കാം: എന്നാ
ൽ നിന്റെ സഹൊദരന്റെ പ
റ്റിൽ നിനക്കുള്ളതിനെ, നിന്റെ
കൈ വിട്ടു കൊടുക്കെണം:
൪ ദരിദ്രൻ നിങ്ങളുടെ ഇടയിൽ ഇ
ല്ലാതെ ഇരിപ്പാനായിട്ടു തന്നെ; എ
ന്തെന്നാൽ ഇന്ന ഞാൻ നിന്നൊ
ട കല്പിക്കുന്ന എല്ലാ കല്പനകളിൻ
പ്രകാരവും ചെയ്വാൻ പ്രമാണിക്കു
ന്നതിന, നിന്റെ ദൈവമായ യ
ഹൊവായുടെ ശബ്ദത്തെ മാത്രം നീ
താല്പൎയ്യമായി കെട്ടാൽ,
൫ നിന്റെ ദൈവമായ യഹൊ
വാ നിനക്ക അതിനെ അനുഭവി
പ്പാൻ അവകാശമായിട്ടു തരുന്ന
ദെശത്ത യഹൊവാ നിന്നെ എററ
വും അനുഗ്രഹിക്കും.
൬ എന്തെന്നാൽ നിന്റെ ദൈ
വമായ യഹൊവാ, താൻ നിന്നൊ
ട വാഗ്ദത്തം ചെയ്തു പ്രകാരം, നി
ന്നെ അനുഗ്രഹിക്കുന്നു; നീ അനെ
കം ജാതികൾക്ക വായ്പ കൊടുക്കും, എ
ന്നാൽ നീ വായ്പ വാങ്ങുകയില്ല: നീ
അനെകം ജാതികളെ ഭരിക്കും, എ
ന്നാൽ അവർ നിന്നെ ഭരിക്കയില്ല.
൭ നിന്റെ ദൈവമായ യഹൊ
വാ നിനക്ക തരുന്ന ദെശത്ത, നി
ന്റെ വാതിലുകളിൽ ഒന്നിൽ നി
ന്റെ സഹൊദരന്മാരിൽ ദരിദ്രനാ
യ ഒരുത്തൻ നിങ്ങളുടെ ഇടയിൽ
ഉണ്ടായിരുന്നാൽ, നീ നിന്റെ ദ
രിദ്രനായ സഹൊദരനിൽനിന്ന
നിന്റെ ഹൃദയത്തെ കഠിനപ്പെടു
ത്താതെയും, നിന്റെ കൈ മടക്കാ
തെയും,
൮ നിന്റെ കൈ അവന നന്നാ
യി തുറന്ന, അവന ആവശ്യമുള്ള
തായി, അവന്റെ ആവശ്യത്തിന
മതിയാകുന്നതിനെ നീ അവന വാ
യ്പകൊടുക്കെണം നിശ്ചയം.
൯ വിടുതലിന്റെ സംവത്സരമാ
കുന്ന എഴാം സംവത്സരം സമീപ
മായിരിക്കുന്നു എന്ന പറഞ്ഞ, നി
ന്റെ ദുഷ്ടഹൃദയത്തിൽ വിചാരം
ഉണ്ടാകാതെ ഇരിപ്പാനും, നിന്റെ
ദരിദ്രനായ സഹൊദരന വിരൊ
ധമായി നിന്റെ കണ്ണ ദൊഷമാ
യിരുന്ന, നീ അവന ഒട്ടും കൊടു
ക്കാതെ ഇരിക്കയും, അവൻ നിന
ക്ക വിരൊധമായി യഹൊവായെ
നൊക്കി വിളിച്ചിട്ടു, അത നിനക്ക
പാപമായി തീരുകയും ചെയ്യാതെ
ഇരിപ്പാനും സൂക്ഷിച്ചു കൊൾക.
൧൦ നീ അവന കൊടുക്കെണം നി
ശ്ചയം, നീ അവന കൊടുക്കുമ്പൊ
ൾ നിന്റെ ഹൃദയം വ്യസനപ്പെ
ടുകയും അരുത: എന്തകൊണ്ടെന്നാ
ൽ ഇത നിമിത്തമായി നിന്റെ ദൈ
വമായ യഹൊവാ നിന്റെ എല്ലാ
പ്രവൃത്തികളിലും, നീ നിന്റെ കൈ
വെക്കുന്ന എല്ലാററിലും നിന്നെ അ
നുഗ്രഹിക്കും.
൧൧ എന്തെന്നാൽ ദെശത്തിനക
ത്ത ദരിദ്രൻ ഇല്ലാതെ ഇരിക്കയി
ല്ല: അതകൊണ്ട നിന്റെ ദെശത്ത
നിന്റെ സഹൊദരന, നിന്റെ
എളിയവന്നും നിന്റെ ദരിദ്രന്നും,
നിന്റെ കയ്യിനെ നന്നായി തുറ

ക്കെണം എന്ന ഞാൻ നിന്നൊട കല്പിക്കുന്നു.

൰൨ ¶ നിന്റെ സഹൊദരനാ
യ എബ്രായക്കാരൻ എങ്കിലും, എ
ബ്രായക്കാരി എങ്കിലും നിനക്കവി
ല്ക്കപ്പെട്ടു ആറ സംവത്സരം നി
ന്നെ സെവിച്ചാൽ; എഴാം സംവ
ത്സരത്തിൽ നീ അവനെ സ്വാത
ന്ത്ര്യക്കാരനായി നിന്നിൽനിന്നവി
ട്ടയക്കെണം.

൰൩ അവനെ നീ സ്വാതന്ത്ര്യക്കാ
രനായി നിന്നിൽനിന്ന വിട്ടയക്കു
മ്പൊൾ, നീ അവനെ വെറുങ്കയ്യാ
യി അയക്കരുത:

൰൪ നീ നിന്റെ ആട്ടിൻ കൂട്ട
ത്തിൽനിന്നും, നിന്റെ കളത്തിൽ
നിന്നും, നിന്റെ മുന്തിരിങ്ങാ ച
ക്കിൽനിന്നും അവന നല്ല ദാനങ്ങ
ളെ ചെയ്യെണം: നിന്റെ ദൈവ
മായ യഹൊവാ നിന്നെ അനുഗ്ര
ഹിച്ച വസ്തുക്കളിൽനിന്ന നീ അ
വന കൊടുക്കെണം.

൰൫ നീ മിസ്രയിം ദെശത്ത അ
ടിമയായിരുന്നു എന്നും, നിന്റെ
ദൈവമായ യഹൊവാ നിന്നെ
വീണ്ടെടുത്തു എന്നും നീ ഒക്കയും
വെണം: അതകൊണ്ട ഞാൻ ഇ
ന്ന ഃരം കാൎയ്യം നിന്നൊട കല്പിക്കു
ന്നു.

൰൬ എന്നാൽ അവൻ നിന്നെ
യും നിന്റെ ഭവനത്തെയും സ്നെ
ഹിക്ക കൊണ്ടും, നിന്നൊട കൂടെ
[ഇരിക്കുന്നത] അവന നല്ലതാക
കൊണ്ടും, ഞാൻ നിന്നെ വിട്ട പു
റപ്പെടുകയില്ല എന്ന അവൻ നി
ന്നൊട പറഞ്ഞാൽ, ഇപ്രകാരം
വെണം:

൰൭ നീ ഒരു തമരിനെ എടുത്ത,
അവന്റെ ചെവിയിൽ വാതിലി
നൊട ചെൎത്ത കുത്തി തുളക്കെണം;
എന്നാൽ അവൻ എന്നും നിന
ക്ക ദാസൻ ആകെണം: നിന്റെ
ദാസിക്കും നീ അപ്രകാരം തന്നെ
ചെയ്യെണം.

൰൮ നീ അവനെ സ്വാതന്ത്ര്യ
ക്കാരനായി നിന്നിൽനിന്ന വിട്ട
യക്കുമ്പൊൾ, അത നിന്റെ കണ്ണു
കൾക്ക വിഷമമാകരുത; എന്തെ
ന്നാൽ അവൻ ഇരട്ടി കൂലിക്കാര
നാംരംടായി ആറ സംവത്സരം നി
ന്നെ സെവിച്ചു: എന്നാൽ നി
ന്റെ ദൈവമായ യഹൊവാ നീ
ചെയ്യുന്ന സകലത്തിലും നിന്നെ
അനുഗ്രഹിക്കും.

൰൯ ¶ നിന്റെ മാട്ടുകളിലും നി
ന്റെ ആട്ടുകളിലും കടിഞ്ഞൂലായി
ഉണ്ടാകുന്ന ആണിനെ ഒക്കെയും
നീ നിന്റെ ദൈവമായ യഹൊ
വായിക്ക ശുദ്ധീകരിക്കെണം: നീ
നിന്റെ മാട്ടുകളിൽ കടിഞ്ഞൂലിനെ
കൊണ്ട വെല ചെയ്യിക്കരുത, നി
ന്റെ ആട്ടുകളിൽ കടിഞ്ഞൂലിന്റെ
രൊമം കത്രിക്കയും അരുത:

൨൰ യഹൊവാ തെരിഞ്ഞെടുക്കു
ന്ന സ്ഥലത്ത നീയും നിന്റെ കു
ഡുംബവും നിന്റെ ദൈവമായ
യഹൊവായുടെ മുമ്പാകെ അതി
നെ ആണ്ടുതൊറും ഭക്ഷിക്കെണം.

൨൰൧ എന്നാൽ മുടന്തൊ, കുരുടൊ,
[യാതൊരു] ആകാത്ത കുററമൊ
അതിൽ ഉണ്ടായിരുന്നാൽ, നീ നി
ന്റെ ദൈവമായ യഹൊവായി
ക്ക അതിനെ ബലി കഴിക്കരുത.

൨൰൨ അതിനെ നീ നിന്റെ വാ
തില്കകളിൽ വെച്ച ഭക്ഷിക്കെണം:
മാനിനെ പൊലെയും, വെളിമാനി
നെ പൊലെയും, അശുദ്ധിയുള്ളു
വനും ശുദ്ധിയുള്ളവനും സമമായി
[അതിനെ ഭക്ഷിക്കാം.]

൨൰൩ നീ അതിന്റെ രക്തത്തെമാ

ത്രം ഭക്ഷിക്കരുത; നീ അതിനെ വെ
ള്ളം പൊലെ നിലത്ത ഒഴിച്ചു കള
യെണം.

൧൬ അദ്ധ്യായം.

൧ പെസഹായുടെയും,—൯ ആഴ്ചവട്ടങ്ങളുടെ
യും,—൧൩ കൂടാരങ്ങളുടെയും പെരുനാൾ;
൧൮ ന്യായാധിപതിമാരെ കുറിച്ചും, ന്യായ
ങ്ങളെ കുറിച്ചും,—൨൧ കാവുകളും വിഗ്രഹ
ങ്ങളും വിലക്കപ്പെട്ടുന്നത.

ആബീബ മാസത്തെ പ്രമാ
ണിച്ചു, നിന്റെ ദൈവമായ യ
ഹൊവായിക്ക പെസഹായെ ആ
ചരിക്കെണം: എന്തകൊണ്ടെന്നാ
ൽ ആബീബമാസത്തിൽ നിന്റെ
ദൈവമായ യഹൊവാ മിസ്രയി
മിൽനിന്ന രാത്രിയിൽ നിന്നെകൊ
ണ്ടുവന്നു.
൨ അവിടെ യഹൊവാ തന്റെ നാ
മത്തെ സ്ഥാപിപ്പാൻ തെരിഞ്ഞെ
ടുക്കുന്ന സ്ഥലത്ത നിന്റെ ദൈവ
മായ യഹൊവായിക്ക പെസഹാ
യെ, മാടിനെയും ആടിനെയും ബ
ലികഴിക്കെണം.
൩ നീ മിസ്രയിം ദെശത്തനിന്ന
പുറപ്പെട്ട ദിവസത്തെ നിന്റെ ആ
യുസ്സുള്ള നാൾ ഒക്കെയും നീ ഒപ്പാ
നായിട്ട, അതിനൊട കൂടെ പുളിച്ച
അപ്പത്തെ നീ ഭക്ഷിക്കരുത; ദുഃഖ
ത്തിന്റെ അപ്പമായി പുളിപ്പില്ലാ
ത്ത അപ്പങ്ങളെ അതിനൊട കൂടെ
എഴ ദിവസം നീ ഭക്ഷിക്കെണം:
എന്തകൊണ്ടെന്നാൽ നീ ശീഘ്രമാ
യി മിസ്രയിം ദെശത്തനിന്ന പുറ
പ്പെട്ടു.
൪ എഴ ദിവസം നിന്റെ അതൃ
ത്തികളിൽ ഒക്കെയും പുളിപ്പുള്ള അ
പ്പം നിന്റെ പററിൽ കാണപ്പെട
കയും അരുത; നീ ആദ്യ ദിവസം
വൈകുന്നെരത്ത ബലികഴിച്ചിട്ടു
ള്ള മാംസത്തിൽ [എതെങ്കിലും] ഉ
ഷസ്സു വരെയും രാത്രി ഇരിക്കയും
അരുത.
൫ നിന്റെ ദൈവമായ യഹൊ
വാ നിനക്ക തരുന്ന നിന്റെ വാ
തിലുകളിൽ ഒന്നിലും നിനക്ക പെ
സഹായെ കൊന്നു കൂടാ.
൬ എന്നാൽ നിന്റെ ദൈവമാ
യ യഹൊവാ തന്റെ നാമത്തെ
സ്ഥാപിപ്പാൻ തെരിഞ്ഞെടുക്കുന്ന
സ്ഥലത്ത നീ മിസ്രയിമിൽനിന്ന
പുറപ്പെട്ട നെരമായ സന്ധ്യാ കാ
ലത്ത, ആദിത്യൻ അസ്തമിക്കുമ്പൊ
ൾ, അവിടെ പെസഹായെ കൊ
ല്ലെണം.
൭ നിന്റെ ദൈവമായ യഹൊ
വാ തെരിഞ്ഞെടുക്കുന്ന സ്ഥലത്ത
നീ [അതിനെ] വറുത്ത, ഭക്ഷിക്കെ
ണം: നീ ഉഷസ്സിങ്കൽ തിരിഞ്ഞ,
നിന്റെ കൂടാരങ്ങളിലെക്ക പൊക
യും വെണം.
൮ നീ ആറ ദിവസം പുളിപ്പി
ല്ലാത്ത അപ്പങ്ങളെ ഭക്ഷിക്കെണം:
എഴാം ദിവസത്തിൽ നിന്റെ ദൈ
വമായ യഹൊവായിക്ക സഭയൊ
ഗം ഉണ്ടാകെണം: നീ [അതിൽ]
ഒരു വെലയും ചെയ്യരുത.
൯ ¶ നീ എഴ ആഴ്ചവട്ടത്തെ നി
നക്ക എണ്ണെണം: നീ വിളവിലെ
ക്ക അരുവാളിനെ [ഇടുവാൻ] തുട
ങ്ങുന്നത മുതൽ നീ ആ എഴ ആ
ഴ്ചവട്ടത്തെ എണ്ണി തുടങ്ങെണം.
൧൦ പിന്നെ നീ ആഴ്ചവട്ടങ്ങളു
ടെ പെരുനാളിനെ നിന്റെ ദൈ
വമായ യഹൊവായിക്ക ആചരി
ച്ചു, നിന്റെ ദൈവമായ യഹൊ
വാ നിന്നെ അനുഗ്രഹിച്ചതിന ത
ക്കതായി നിന്റെ കയ്യിന്റെ മനഃ
പൂൎവ്വമായുള്ള വഴിപാടിനെ അവ
ന കൊടുക്കെണം.
൧൧ നീ നിന്റെ ദൈവമായ യ

ഹൊവാ അവിടെ തന്റെ നാമത്തെ സ്ഥാപിപ്പാൻ തെരിഞ്ഞെടുക്കുന്ന സ്ഥലത്ത, നീയും, നിന്റെ പുത്രനും, നിന്റെ പുത്രിയും, നിന്റെ വെലക്കാരനും, നിന്റെ വെലക്കാരിയും, നിന്റെ വാതിലുകളിലുള്ള ലെവിയക്കാരനും, നിന്റെ ഇടയിലുള്ള പരദെശിയും, പിതാവില്ലാത്തവനും, വിധവയും, നിന്റെ ദൈവമായ യഹൊവായുടെ മുമ്പാകെ സന്തൊഷിക്കെണം.

൰൨ നീ മിസ്രയിമിൽ അടിമയായിരുന്നു എന്നു നീ ഒർക്കെണം: ഈ ചട്ടങ്ങളെ നീ പ്രമാണിച്ചു, ചെയ്കയും വെണം.

൰൩ ¶ നീ നിന്റെ കളത്തിൽനിന്നും നിന്റെ മുന്തിരിങ്ങാ ആലയിൽനിന്നും ഫലത്തെ ശെഖരിച്ചതിന്റെ ശെഷം, നീ കൂടാരപ്പെരുനാളിനെ എഴ ദിവസം ആചരിക്കെണം.

൰൪ നിന്റെ പെരുനാളിൽ, നീയും, നിന്റെ പുത്രനും, നിന്റെ പുത്രിയും, നിന്റെ വെലക്കാരനും, നിന്റെ വെലക്കാരിയും, നിന്റെ വാതിലുകളിലുള്ള ലെവിയക്കാരനും, പരദെശിയും, പിതാവില്ലാത്തവനും, വിധവയും, സന്തൊഷിക്കെണം.

൰൫ യഹൊവാ തെരിഞ്ഞെടുക്കുന്ന സ്ഥലത്ത നീ നിന്റെ ദൈവമായ യഹൊവായിക്ക എഴ ദിവസം പെരുനാളിനെ ആചരിക്കെണം; എന്തെന്നാൽ നിന്റെ എല്ലാ വൎദ്ധനയിലും, നിന്റെ കൈകളുടെ എല്ലാ പ്രവൃത്തിയിലും നിന്റെ ദൈവമായ യഹൊവാ നിന്നെ അനുഗ്രഹിക്കും; അതകൊണ്ട നീ സന്തൊഷിക്കെണം നിശ്ചയം.

൰൬ ഒരു സംവത്സരത്തിൽ മൂന്ന പ്രാവശ്യം, പുളിപ്പില്ലാത്ത അപ്പങ്ങളുടെ പെരുനാളിലും, ആഴ്ചവട്ടങ്ങളുടെ പെരുനാളിലും, കൂടാരപ്പെരുനാളിലും, നിന്റെ പുരുഷപ്രജ എല്ലാം നിന്റെ ദൈവമായ യഹൊവായുടെ മുമ്പാകെ അവൻ തെരിഞ്ഞെടുക്കുന്ന സ്ഥലത്ത കാണപ്പെടെണം: എന്നാൽ അവൻ യഹൊവായുടെ മുമ്പാകെ വെറുങ്കയ്യായി കാണപ്പെടരുത.

൰൭ നിന്റെ ദൈവമായ യഹൊവാ നിനക്ക തന്നിട്ടുള്ള അവന്റെ അനുഗ്രഹത്തിന തക്കതായി അവനവൻ തന്റെ കയ്യിലെ വക പൊലെ [കൊടുക്കെണം.]

൰൮ ¶ നീ നിന്റെ ദൈവമായ യഹൊവാ നിനക്ക തരുന്ന നിന്റെ എല്ലാ വാതിലുകളിലും നിന്റെ ഗൊത്രങ്ങളിൽ നിനക്ക ന്യായാധിപതിമാരെയും പ്രമാണികളെയും ആക്കെണം: അവർ ജനങ്ങൾക്ക നീതിയായുള്ള ന്യായം വിധിക്കയും വെണം.

൰൯ നീ ന്യായത്തെ മറിച്ചുകളയരുത; നീ മുഖപക്ഷമായി വിചാരിക്കരുത, സമ്മാനം വാങ്ങുകയും അരുത: എന്തകൊണ്ടെന്നാൽ സമ്മാനം ജ്ഞാനികളുടെ കണ്ണുകളെ കുരുടാക്കുകയും, നീതിമാന്മാരുടെ വാക്കുകളെ മറിച്ചുകളകയും ചെയ്യുന്നു.

൨൰ നീ ജീവിച്ചു, നിന്റെ ദൈവമായ യഹൊവാ നിനക്ക തരുന്ന ദെശത്തെ അനുഭവിപ്പാനായിട്ട നീ നീതിയെ തന്നെ പിന്തുടരെണം.

൨൰൧ ¶ നീ നിനക്കായിട്ട ഉണ്ടാക്കുന്ന നിന്റെ ദൈവമായ യഹൊവായുടെ ബലിപീഠത്തിന്റെ അരികെ നീ യാതൊരു വൃക്ഷത്തിന്റെ കാവിനെയും നിനക്ക ഉണ്ടാക്കരുത.

൨൨ നിന്റെ ദൈവമായ യഹൊവാ ദ്വെഷിക്കുന്ന യാതൊരു കൽബിംബത്തെയും നീ നിനക്ക നിൎത്തുകയും അരുത.

൧൭ അദ്ധ്യായം.

൧ ബലിക്കുള്ള വസ്തുക്കൾ കുററം കൂടാത്തവയായിരിക്കെണം എന്നത.—൨ വിഗ്രഹാരാധനക്കാർ കൊല്ലപ്പെടെണം എന്നത,—൮ പ്രയാസമുള്ള വഴക്കുകളെ കുറിച്ച.—൧൪ രാജാവിനെ തെരിഞ്ഞെടുക്കുന്നതും,—൧൬ രാജമൎയ്യാദയും.

ഒരു കുററവും, അല്ലെങ്കിൽ യാതൊരു അവലക്ഷണവുമുള്ള കാളയെ എങ്കിലും, ആടിനെ എങ്കിലും നിന്റെ ദൈവമായ യഹൊവായിക്ക നീ ബലികഴിക്കരുത: എന്തുകൊണ്ടെന്നാൽ അത നിന്റെ ദൈവമായ യഹൊവായിക്ക വെറുപ്പ [ആകുന്നു.]

൨ നിന്റെ ദൈവമായ യഹൊവാ നിനക്ക തരുന്ന നിന്റെ വാതിലുകളിൽ ഒന്നിൽ നിന്റെ ദൈവമായ യഹൊവായുടെ സന്നിധിയിൽ അവന്റെ ഉഭയസമ്മതത്തെ ലംഘിച്ച, ദൊഷം ചെയ്കയും,

൩ ഞാൻ കല്പിക്കാത്ത മററ ദൈവങ്ങളെയൊ, ആദിത്യചന്ദ്രന്മാരെയൊ, ആകാശത്തിലെ സൈന്യത്തിൽ യാതൊന്നിനെയൊ ചെന്ന സെവിച്ച, അവയെ വന്ദിക്കയും ചെയ്തിട്ടുള്ള പുരുഷൻ ആകട്ടെ സ്ത്രീ ആകട്ടെ നിങ്ങളുടെ ഇടയിൽ കാണപ്പെടുകയും ;

൪ അത നിന്നൊട അറിയിക്കപ്പെടുകയും, നീ കെട്ട, നല്ലവണ്ണം ശൊധന ചെയ്ത, [അത] സത്യവും, അപ്രകാരമുള്ള വെറുപ്പ യിസ്രാഎലിൽ നടന്നത നിശ്ചയവും എന്ന കാണുകയും ചെയ്താൽ,

൫ അപ്പൊൾ ആ ദുഷ്ട കാൎയ്യം ചെയ്തിട്ടുള്ള ആ പുരുഷനെ, അല്ലെങ്കിൽ ആ സ്ത്രീയെ നീ നിന്റെ വാതിലുകൾക്ക പുറത്ത കൊണ്ടുപൊയി, പുരുഷനായാലും സ്ത്രീയായാലും, അവർ മരിക്കുംവണ്ണം അവരെ കല്ലുകൾ കൊണ്ട എറിയെണം.

൬ മരണത്തിന പാത്രമായവൻ രണ്ട സാക്ഷിക്കാരുടെയൊ മൂന്ന സാക്ഷിക്കാരുടെയൊ വാക്കിനാൽ കൊല്ലപ്പെടെണം; എന്നാൽ ഒരു സാക്ഷിയുടെ വാക്കിനാൽ അവൻ കൊല്ലപ്പെടരുത.

൭ അവനെ കൊല്ലുന്നതിന ആദ്യം സാക്ഷിക്കാരുടെ കയ്യും, പിന്നത്തെതിൽ എല്ലാ ജനത്തിന്റെയും കയ്യും അവന്റെ മെൽ ഇരിക്കെണം. ഇപ്രകാരം നീ ദൊഷത്തെ നിങ്ങളുടെ ഇടയിൽനിന്ന നീക്കികളയെണം.

൮ ¶ നിന്റെ വാതിലുകളിൽ രക്തങ്ങൾക്ക തമ്മിലും, വ്യവഹാരങ്ങൾക്ക തമ്മിലും, മുറിവുകൾക്ക തമ്മിലും വഴക്കുള്ള കാൎയ്യങ്ങളിൽ ഒരു കാൎയ്യത്തെ ന്യായം വിധിക്കുന്നതിനന നിനക്ക പ്രയാസം ഉണ്ടായാൽ; നീ എഴുനീററ, നിന്റെ ദൈവമായ യഹൊവാ തെരിഞ്ഞെടുക്കുന്ന സ്ഥലത്തെക്ക പൊകെണം:

൯ നീ ലെവിയക്കാരായ ആചാൎയ്യന്മാരുടെ അടുക്കലും, അദ്ദിവസങ്ങളിൽ ഉള്ള ന്യായാധിപതിയുടെ അടുക്കലും ചെന്ന, ചൊദിക്കെണം; എന്നാൽ അവർ ന്യായത്തിന്റെ വസ്തുത ഇന്നതെന്ന നിന്നൊട അറിയിക്കും.

൧൦ അവർ യഹൊവാ തെരിഞ്ഞെടുക്കുന്ന ആ സ്ഥലത്തനിന്ന നിന്നൊട അറിയിക്കുന്ന വിധി പ്രകാരം നീ ചെയ്യെണം; അവർ നിനക്ക ഉപദെശിക്കുന്ന പ്രകാരം ഒ

ക്കയും ചെയ്യാൻ നീ പ്രമാണി
ക്കെണം;
൧൧ അവർ നിനക്ക ഉപദെശി
ക്കുന്ന പ്രമാണത്തിന്റെ വിധി
പ്രകാരവും, അവർ നിന്നൊട പ
റയുന്ന ന്യായത്തിൻ പ്രകാരവും,
നീ ചെയ്യെണം: അവർ നിന്നൊ
ട അറിയിക്കുന്ന വിധിയിൽനി
ന്ന നീ വലത്തൊട്ട എങ്കിലും, ഇട
ത്തൊട്ട എങ്കിലും ചായരുത.
൧൨ അവിടെ നിന്റെ ദൈവമാ
യ യഹൊവായിക്ക ശുശ്രൂഷചെ
യ്യുന്നതിന നില്ക്കുന്ന ആചാൎയ്യനെ
എങ്കിലും ന്യായാധിപതിയെ എ
ങ്കിലും ചെവിക്കൊള്ളാതെ ഇരിപ്പാ
ൻ യാതൊരു മനുഷ്യനും അഹമ്മ
തിയായി ചെയ്താൽ, ആ മനുഷ്യ
ൻ ചാകെണം; ഇപ്രകാരം നീ ദൊ
ഷത്തെ യിസ്രാഎലിൽനിന്ന നീ
ക്കികളയെണം.
൧൩ ജനം എല്ലാം കെട്ട, ഭയപ്പെ
ട്ട, ഇനി അഹമ്മതിയായി ചെയ്യാ
തെ ഇരിക്കയും വെണം.
൧൪ ¶ നിന്റെ ദൈവമായ യ
ഹൊവാ നിനക്ക തരുന്ന ദെശ
ത്തെക്ക നീ വന്ന, അതിനെ അനു
ഭവിച്ച, അതിൽ വസിച്ചിട്ട, എ
ന്റെ ചുറ്റും ഇരിക്കുന്ന സകല
ജാതികളും എന്ന പൊലെ ഞാൻ
ഒരു രാജാവിനെ എന്റെ മെൽ
ആക്കുമെന്ന പറയുമ്പൊൾ,
൧൫ നീ നിന്റെ ദൈവമായ യ
ഹൊവാ തെരിഞ്ഞെടുക്കുന്ന രാജാ
വിനെ നിന്റെ മെൽ നിശ്ചയമാ
യിട്ട ആക്കെണം; നീ നിന്റെ സ
ഹൊദരന്മാരുടെ ഇടയിൽനിന്ന
[ഒരുത്തനെ] നിന്റെ മെൽ രാജാ
വായിട്ട ആക്കെണം: നിനക്ക നി
ന്റെ സഹൊദരൻ അല്ലാത്ത അ
ന്യനെ നിന്റെ മെൽ ആക്കികൂടാ.
൧൬ എന്നാലും അവൻ തനിക്ക കു
തിരകളെ വൎദ്ധിപ്പിക്കാതെയും, കുതി
രകളെ വൎദ്ധിപ്പിക്കുന്നതിനായിട്ട
ജനങ്ങളെ മിസ്രയിമിലെക്കതിരിച്ച
യക്കാതെയും ഇരിക്കെണം: എന്തെ
ന്നാൽ നിങ്ങൾ ഇനി മെലാൽ ആ
വഴിക്ക തിരിഞ്ഞ പൊകരുത എന്ന
യഹൊവാ നിങ്ങളൊട പറഞ്ഞു.
൧൭ അവന്റെ ഹൃദയം ചാഞ്ഞ
പൊകാതെ കണ്ട അവൻ തനിക്ക
സ്ത്രീകളെ വൎദ്ധിപ്പിക്കയും അരുത;
അവൻ വെള്ളിയെയും പൊന്നി
നെയും തനിക്ക എറ്റം വൎദ്ധിപ്പി
ക്കയും അരുത.
൧൮ പിന്നെ അവൻ തന്റെ രാ
ജ്യത്തിലെ സിംഹാസനത്തിന്മെൽ
ഇരിക്കുമ്പൊൾ ഉണ്ടാകെണ്ടുന്നത
എന്തെന്നാൽ, അവൻ ലെവിയ
ക്കാരായ ആചാൎയ്യന്മാൎക്ക മുമ്പാകെ
ഉള്ളതിൽനിന്ന ൟ ന്യായപ്രമാ
ണത്തിന്റെ ഒരു പെൎപ്പിനെ ത
നിക്ക ഒരു പുസ്തകത്തിൽ എഴുതെ
ണം:
൧൯ ൟ ന്യായപ്രമാണത്തിലെ
എല്ലാ വചനങ്ങളെയും, ൟ ചട്ട
ങ്ങളെയും അവൻ പ്രമാണിച്ച, അ
വയെ ചെയ്യുന്നതിന, തന്റെ ദൈ
വമായ യഹൊവായെ ഭയപ്പെട്ടു
വാൻ പഠിപ്പാനായിട്ട, അത അവ
ന്റെ അടുക്കൽ ഇരിക്കയും, അവൻ
തന്റെ ആയുസ്സുള്ള നാൾ ഒക്കെ
യും അതിനെ വായിക്കയും വെണം.
൨൦ അവന്റെ ഹൃദയം അവന്റെ
സഹൊദരന്മാൎക്ക മെലായി ഉയരാ
തെയും, അവൻ കല്പനയിൽനിന്ന
വലത്തൊട്ട എങ്കിലും, ഇടത്തൊട്ട
എങ്കിലും ചാഞ്ഞുപൊകാതെയും ഇ
രിക്കെണ്ടുന്നതിനും, അവനും അവ
ന്റെ പുത്രന്മാരും യിസ്രാഎലിന്റെ
ഇടയിൽ അവന്റെ രാജ്യത്ത ദി

വസങ്ങളെ ദീൎഘമാക്കെണ്ടുന്നതിനും ആകുന്നു.

൰൮ അദ്ധ്യായം.

൧ ആചാൎയ്യന്മാൎക്കും ലെവിയക്കാൎക്കും അവകാശം ഉണ്ടാകാതെ ഇരിക്കെണം എന്നത.—൩. അവരുടെ ഒഹരി, —൧൫. മശിഹാ എന്ന ദീൎഘദൎശിയെ ചെവികൊള്ളെണം എന്നത.—൨൰. ഡംഭമുള്ള ദീൎഘദൎശി കൊല്ലപ്പെടെണം എന്നത.

ലെവിയക്കാരായ ആചാൎയ്യന്മാൎക്കും ലെവിയുടെ എല്ലാ ഗൊത്രത്തിനും യിസ്രാഎലിനൊട കൂടെ പങ്കും അവകാശവും ഉണ്ടാകാതെ ഇരിക്കെണം: അവർ യഹൊവായുടെ ദഹന ബലികളെയും, അവന്റെ അവകാശത്തെയും ഭക്ഷിക്കെണം.

൨ ആകയാൽ അവരുടെ സഹൊദരന്മാരുടെ ഇടയിൽ അവൎക്ക അവകാശം ഉണ്ടാകാതെ ഇരിക്കെണം; യഹൊവാ അവരൊട പറഞ്ഞ പ്രകാരം അവൻ അവരുടെ അവകാശം.

൩ ജനത്തിൽ ബലികഴിക്കുന്നവരിൽനിന്ന ആചാൎയ്യന്റെ വരവ ഇത ആകെണം. മാടൊ ആടൊ [ആയാലും] ആചാൎയ്യന മുൻതുടയെയും, രണ്ട കവിളുകളെയും, തീൻപണ്ടിയെയും അവർ കൊടുക്കെണം.

൪ നിന്റെ ധാന്യത്തിന്റെയും, വീഞ്ഞിന്റെയും, എണ്ണയുടെയും ആദ്യ ഫലത്തെയും, നിന്റെ ആടുകളുടെ രൊമം കണ്ടിക്കുന്നതിന്റെ ആദ്യത്തെയും നീ അവന്ന കൊടുക്കെണം.

൫ എന്തുകൊണ്ടെന്നാൽ എല്ലായ്പൊഴും അവനും അവന്റെ പുത്രന്മാരും, യഹൊവായുടെ നാമത്തിൽ ശുശ്രൂഷിപ്പാൻ നില്ക്കെണ്ടുന്നതിന, നിന്റെ ദൈവമായ യഹൊവാ നിന്റെ എല്ലാ ഗൊത്രങ്ങളിൽനിന്നും അവനെതന്നെ തെരിഞ്ഞെടുത്തിരിക്കുന്നു.

൬ എല്ലാ യിസ്രാഎലിലും നിന്റെ വാതിലുകളിൽ യാതൊന്നിൽ പരദെശിയായി പാൎത്തിട്ടുള്ള ഒരു ലെവിയക്കാരൻ അവിടെനിന്ന വന്ന, യഹൊവാ തെരിഞ്ഞെടുക്കുന്ന സ്ഥലത്തെക്ക താൻ മനഃപൂൎവ്വമായി വന്നാൽ,

൭ അവിടെ യഹൊവായുടെ മുമ്പാകെ നില്ക്കുന്ന ലെവിയക്കാരാകുന്ന തന്റെ എല്ലാ സഹൊദരന്മാർ എന്നപൊലെ തന്റെ ദൈവമായ യഹൊവായുടെ നാമത്തിൽ ശുശ്രൂഷിക്കെണം.

൮ അവന്റെ പിതാക്കന്മാരുടെ വക വിററ മുതൽ കൂടാതെ അവർ സമമാകുന്ന ഒഹരിയെ ഭക്ഷിക്കെണം.

൯ ¶ നിന്റെ ദൈവമായ യഹൊവാ നിനക്ക തരുന്ന ദെശത്ത നീ വന്നിരിക്കുമ്പൊൾ ആ ജാതികളുടെ വെറുപ്പുകളിൻ പ്രകാരം ചെയ്യാൻ നീ പഠിക്കരുത.

൰ തന്റെ പുത്രനെ, അല്ലെങ്കിൽ തന്റെ പുത്രിയെ അഗ്നിയിൽ കൂടെ കടത്തുന്നവനും, ജ്യൊതിഷക്കാരനും, ദിവസങ്ങളെ നൊക്കുന്നവനും, അഭിചാരം നൊക്കുന്നവനും, ക്ഷുദ്രക്കാരനും,

൰൧ മന്ത്രവാദിയും, വെളിച്ചപ്പാടും, ലക്ഷണം പറയുന്നവനും, മരിച്ചവരൊട ചൊദിക്കുന്നവനും നിങ്ങളുടെ ഇടയിൽ കാണപ്പെടരുത.

൰൨ എന്തുകൊണ്ടെന്നാൽ ൟ കാൎയ്യങ്ങളെ ചെയ്യുന്നവൻ എല്ലാം യഹൊവായിക്ക വെറുപ്പ [ആകുന്നു:] ഇപ്രകാരമുള്ള വെറുപ്പുകളുടെ നിമിത്തം തന്നെ നിന്റെ ദൈവ

മായ യഹൊവാ അവരെ നിന്റെ
മുമ്പിൽനിന്ന ആട്ടികളയുന്നു.
൧൩ നിന്റെ ദൈവമായ യ
ഹൊവായുടെ മുമ്പാകെ നീ ഉത്ത
മനായിരിക്കെണം.
൧൪ എന്തകൊണ്ടെന്നാൽ നീ ആ
ട്ടിക്കളവാനിരിക്കുന്ന ആ ജാതിക
ൾ ദിവസങ്ങളെ നൊക്കുന്നവരെ
യും ലക്ഷണം പറയുന്നവരെയും
ചെവിക്കൊണ്ടു: എന്നാൽ നീയൊ
അപ്രകാരം [ചെയ്യാൻ] നിന്റെ
ദൈവമായ യഹൊവാ നിന്നൊട
അനുവദിച്ചിട്ടില്ല.
൧൫ നിന്റെ ദൈവമായ യഹൊ
വാ എന്നെ പൊലെ ഒരു ദീൎഘദൎശി
യെ നിനക്ക നിന്റെ നടുവിൽ നി
ന്റെ സഹൊദരന്മാരിൽനിന്ന എ
ഴനീല്പിക്കും; അവനെ നിങ്ങൾ ചെ
വിക്കൊള്ളെണം:
൧൬ ഞാൻ മരിക്കാതെ ഇരിപ്പാ
ൻ, ഇനി എന്റെ ദൈവമായ യ
ഹൊവായുടെ ശബ്ദത്തെ ഞാൻ
കെൾക്കാതെയും, ഇനി ഈ വലി
യ അഗ്നിയെ ഞാൻ കാണാതെ
യും ഇരിക്കെണമെന്ന പറഞ്ഞ,
നീ ഹൊറെബിൽ സഭകൂടിയ നാ
ളിൽ നിന്റെ ദൈവമായ യഹൊ
വായൊട നീ അപെക്ഷിച്ച പ്രകാ
രം ഒക്കെയും തന്നെ.
൧൭ അപ്പൊൾ യഹൊവാ എ
ന്നൊട പറഞ്ഞത എന്തെന്നാൽ,
അവർ പറഞ്ഞത നല്ലത,
൧൮ ഞാൻ നിന്നെ പൊലെ ഒരു
ദീൎഘദൎശിയെ അവൎക്ക അവരുടെ
സഹൊദരന്മാരുടെ ഇടയിൽനിന്ന
എഴനീല്പിച്ച, എന്റെ വചനങ്ങ
ളെ അവന്റെ വായിൽ ആക്കും:
ഞാൻ അവനൊട കല്പിക്കുന്നതി
നെ ഒക്കെയും അവൻ അവരൊട
പറകയും ചെയ്യും.

൧൯ൻ

൧൯ അപ്പൊൾ സംഭവിക്കുന്ന
ത എന്തെന്നാൽ, അവൻ എന്റെ
നാമത്തിൽ പറയുന്ന എന്റെ വ
ചനങ്ങളെ യാതൊരുത്തനും കെൾ
ക്കാതെ ഇരുന്നാൽ, അവനൊട ഞാ
ൻ ചൊദിക്കും.
൨൦ എന്നാലൊ യാതൊരു ദീൎഘ
ദൎശിയും ഞാൻ പറവാൻ തന്നൊ
ട കല്പിക്കാത്ത ഒരു വചനത്തെ എ
ന്റെ നാമത്തിൽ പറവാൻ തുനി
യുകയും, മറ്റ ദൈവങ്ങളുടെ നാമ
ത്തിൽ പറകയും ചെയ്യാൽ, ആ ദീ
ൎഘദൎശി ചാകെണം.
൨൧ എന്നാൽ യഹൊവാ പറയാ
ത്ത വചനത്തെ ഞങ്ങൾ എങ്ങി
നെ അറിയും എന്ന നീ നിന്റെ
ഹൃദയത്തിൽ പറഞ്ഞാൽ,
൨൨ ഒരു ദീൎഘദൎശി യഹൊവായു
ടെ നാമത്തിൽ പറയുന്ന കാൎയ്യം ഉ
ണ്ടാകാതെയും, വരാതെയും ഇരു
ന്നാൽ, അത യഹൊവാ പറയാ
ത്ത കാൎയ്യം [ആകുന്നു;] ദീൎഘദൎശി
അതിനെ അഹമ്മതിയായി പറ
ഞ്ഞു: നീ അവനെ ഭയപ്പെടരുത.

൧൯ അദ്ധ്യായം.

സങ്കെത നഗരങ്ങൾ,—൪. അവയുടെ പ്രയൊ
ജനം,—൧൫. കള്ള സാക്ഷിക്കാരനുള്ള ശി
ക്ഷ.

നിന്റെ ദൈവമായ യഹൊ
വാ നിനക്ക ആരുടെ ദെശത്തെ ത
രുന്നുവൊ ആ ജാതികളെ നിന്റെ
ദൈവമായ യഹൊവാ ഛെദിച്ച ക
ളകയും, നീ അവരെ അനുഭവിച്ച,
അവരുടെ പട്ടണങ്ങളിലും, അവ
രുടെ ഭവനങ്ങളിലും വസിക്കയും
ചെയ്യുമ്പൊൾ,
൨ നീ നിന്റെ ദൈവമായ യ
ഹൊവാ നിനക്ക അതിനെ അനു
ഭവിക്കുന്നതിന തരുന്ന നിന്റെ
ദെശത്തിന്റെ നടുവിൽ മൂന്ന പ

ട്ടണങ്ങളെ നിനക്ക വെറുതിരിക്കെ
ണം.
൩ കുല ചെയ്യുവൻ എല്ലാം അ
വിടെ ഓടിപ്പൊകുന്നതിന നീ നി
നക്ക ഒരു വഴിയെ ഒരുക്കി, നിന്റെ
ദൈവമായ യഹൊവാ നിന്നെ
അനുഭവിപ്പിക്കുന്ന നിന്റെ ദെ
ശത്തിന്റെ അതൃത്തിയെ മൂന്ന ഭാ
ഗമായി വിഭാഗിക്കെണം.
൪ കുല ചെയ്തു, അവിടെ ഓടി
പ്പൊയി, ജീവനൊടിരിക്കെണ്ടുന്ന
വന്റെ സംഗതി ഇത [ആകുന്നു:]
താൻ മുന്നാളിൽ ദ്വെഷിക്കാത്ത ത
ന്റെ അയല്ക്കാരനെ അറിയാതെ
കൊല്ലുന്നവൻ തന്നെ:
൫ മരം വെട്ടുവാൻ ഒരുത്തൻ ത
ന്റെ അയല്ക്കാരനൊട കൂടെ കാ
ട്ടിൽ പൊകയും, മരം വെട്ടുവാൻ ത
ന്റെ കൈ കൊടാലി ഓങ്ങുമ്പൊ
ൾ, ഇരിമ്പ ആ കൈ വിട്ട തെറി
ച്ച, അവന്റെ അയല്ക്കാരന, അ
വൻ മരിക്കതക്കവണ്ണം, കൊള്ളുക
യും ചെയ്താൽ;
൬ ഇപ്രകാരം കുല ചെയ്യുവനെ
രക്തപ്പകക്കാരൻ, തന്റെ മനസ്സ
ജ്വലിക്കുമ്പൊൾ, പിന്തുടൎന്ന, വഴി
ദൂരമായിരിക്കകൊണ്ട അവനെ പി
ടിച്ച, അവന്റെ ജീവനെ നശിപ്പി
ക്കാതെ കണ്ട, അവൻ ആ പട്ടണ
ങ്ങളിൽ ഒന്നിൽ ഓടി ചെന്ന ജീവ
നൊടിരിക്കെണം: എന്തകൊണ്ടെ
ന്നാൽ ഇവൻ അവനെ മുന്നാളിൽ
ദ്വെഷിക്കായ്കകൊണ്ട ഇവനിൽ മ
രണത്തിന ഒര ഹെതുവില്ല.
൭ ഇതകൊണ്ട മൂന്ന പട്ടണങ്ങളെ
നീ നിനക്ക വെറുതിരിക്കെണമെ
ന്ന ഞാൻ നിന്നൊട കല്പിക്കുന്നു.
൮ പിന്നെ നീ നിന്റെ ദൈവ
മായ യഹൊവായെ സ്നെഹിച്ച,
എല്ലാ നാളും അവന്റെ വഴികളി
ൽ നടക്കുന്നതിന ഞാൻ ഇന്ന നി
നക്ക കല്പിക്കുന്ന ൟ സകല കല്പ
നകളെയും ചെയ്വാൻ പ്രമാണിക്കു
മ്പൊൾ,
൯ നിന്റെ ദൈവമായ യഹൊ
വാ നിന്റെ പിതാക്കന്മാരൊട ആ
ണയിട്ട പ്രകാരം, നിന്റെ അതൃ
ത്തിയെ വിശാലമാക്കി, നിന്റെ
പിതാക്കന്മാൎക്ക തരുമെന്ന അവൻ
വാഗ്ദത്തം ചെയ്തിട്ടുള്ള ദെശത്തെ
ഒക്കെയും നിനക്ക തന്നാൽ, അ
പ്പൊൾ ൟ മൂന്ന പട്ടണങ്ങളൊട
കൂടെ നീ നിനക്ക പിന്നെയും മൂ
ന്ന കൂട്ടെണം.
൰ കുററമില്ലാത്ത രക്തം നിന്റെ
ദൈവമായ യഹൊവാ നിനക്ക
അവകാശമായിട്ട തരുന്ന നിന്റെ
ദെശത്തിന്റെ നടുവിൽ ചിന്ന
പ്പെട്ട, നിന്റെ മെൽ രക്തപ്പക ഉ
ണ്ടാകാതെ ഇരിപ്പാനായിട്ട [ആ
കുന്നു.]
൰൧ എന്നാൽ ഒരു മനുഷ്യൻ ത
ന്റെ അയല്ക്കാരനെ ദ്വെഷിച്ച, അ
വനായിട്ട പതിയിരുന്ന, അവന
വിരൊധമായി എഴുനീററ, അവൻ
മരിക്കതക്കവണ്ണം അവന്റെ ജീവ
നെ ഹനിച്ച, ൟ പട്ടണങ്ങളിൽ ഒ
ന്നിൽ ഓടിപ്പൊയാൽ,
൰൨ അപ്പൊൾ അവന്റെ പട്ട
ണത്തിലെ മൂപ്പന്മാർ ആളയച്ച,
അവനെ അവിടെനിന്ന വരുത്തി,
അവൻ മരിക്കതക്കവണ്ണം അവ
നെ രക്തപ്പകക്കാരന്റെ കയ്യിൽ
എല്പിക്കെണം.
൰൩ നിന്റെ കണ്ണ അവനൊട
ദയ ചെയ്യരുത; നിനക്ക നന്നാ
യിരിപ്പാനായിട്ടു, നീ കുററമില്ലാത്ത
രക്തത്തിന്റെ പകയെ യിസ്രാഎ
ലിൽനിന്ന നീക്കികളയെണം.
൰൪ ¶ നിന്റെ ദൈവമായ യ

ഹൊവാ നിനക്ക അതിനെ അനു
ഭവിപ്പാൻ തരുന്ന ദെശത്ത നീ
അനുഭവിപ്പാനിരിക്കുന്ന നിന്റെ
അവകാശത്തിൽ മുമ്പെയുള്ളവർ
കുറിച്ചിരിക്കുന്നതായ നിന്റെ അ
യല്ക്കാരന്റെ അതൃത്തിയെ നീ നീ
ക്കികളയരുത.

൧൫ ¶ ഒരു മനുഷ്യൻ ചെയ്യുന്ന
എല്ലാ പാപത്തിലും യാതൊരു അ
ക്രമത്തിനും, യാതൊരു പാപത്തി
നും അവന വിരൊധമായി ഒരു
സാക്ഷി നില്ക്കരുത: രണ്ട സാക്ഷി
കളുടെ വാക്കിനാൽ എങ്കിലും, മൂന്ന
സാക്ഷികളുടെ വാക്കിനാൽ എങ്കി
ലും കാൎയ്യം സ്ഥിരമാക്കപ്പെടണം.

൧൬ ഒരു മനുഷ്യന വിരൊധമാ
യി അന്യായം ചുമത്തുവാൻ ഒരു ക
ള്ള സാക്ഷിക്കാരൻ അവന വി
രൊധമായി നിന്നാൽ,

൧൭ അപ്പൊൾ തമ്മിൽ വഴക്കുള്ള
രണ്ടപെരും യഹൊവായുടെ മുമ്പാ
കെയും, ആ നാളുകളിൽ ഉള്ള ആചാ
ൎയ്യന്മാരുടെയും ന്യായാധിപതിമാരു
ടെയും മുമ്പാകെയും നില്ക്കെണം:

൧൮ ന്യായാധിപതിമാരും നല്ല
തിർണ്ണം വിസ്തരിക്കെണം: ഇതാ,
സാക്ഷി കള്ള സാക്ഷി എന്നും, ത
ന്റെ സഹൊദരന്റെ നെരെ ക
ള്ളമായി ബൊധിപ്പിച്ചു എന്നും
വന്നാൽ,

൧൯ അപ്പൊൾ അവൻ തന്റെ
സഹൊദരനൊട ചെയ്വാൻ നിരൂ
പിച്ചപ്രകാരം, നിങ്ങൾ അവനൊ
ട ചെയ്യെണം: ഇപ്രകാരം നീ ദൊ
ഷത്തെ നിങ്ങളുടെ ഇടയിൽനിന്ന
നീക്കികളയെണം.

൨൦ ശെഷമുള്ളവർ കെട്ട, ഭയ
പ്പെട്ട, ഇനി നിങ്ങളുടെ ഇടയിൽ
ആ ദൊഷത്തിന സമമായി ചെ
യ്യാതെ ഇരിക്കയും വെണം.

൨൧ നിന്റെ കണ്ണ കരുണ ചെ
യ്യരുത; ജീവന പകരം ജീവൻ,
കണ്ണിന പകരം കണ്ണ, പല്ലിന പ
കരം പല്ല, കൈക്ക പകരം കൈ,
കാലിന പകരം കാൽ.

൨൦ അദ്ധ്യായം.

൧ യുദ്ധത്തിന ജനത്തെ ധൈൎയ്യപ്പെടുത്തുവാൻ ആചാൎയ്യന്റെ ഉപദെശം,—൰. സമാധാനത്തെ വിളിച്ച പറയുന്നതിനെ സ്വീകരിക്കയൊ, ധിക്കരിക്കയൊ ചെയ്യുന്ന നഗരങ്ങളൊട ഇന്നപ്രകാരം ചെയ്യെണമെന്നത.—൰൬. ഇന്നിന്ന നഗരങ്ങളെ നശിപ്പിക്കെണം എന്നത.

൧ നീ നിന്റെ ശത്രുക്കൾക്ക വി
രൊധമായി യുദ്ധത്തിന പുറപ്പെ
ട്ട, കുതിരകളെയും രഥങ്ങളെയും,
നിന്നെക്കാൾ അധികം ജനങ്ങളെ
യും കാണുമ്പൊൾ, അവരെ ഭയ
പ്പെടരുത: എന്തെന്നാൽ നിന്നെ മി
സ്രയിം ദെശത്തനിന്ന കൊണ്ടുവ
ന്നവനായി നിന്റെ ദൈവമായ
യഹൊവാ നിന്നൊട കൂടെ [ഉണ്ട.]

൨ പിന്നെ ഇപ്രകാരം ഉണ്ടാ
കെണം, നിങ്ങൾ യുദ്ധത്തിന അ
ടുക്കുമ്പൊൾ, ആചാൎയ്യൻ അടുത്ത
വന്ന, ജനത്തൊട സംസാരിച്ച,

൩ അവരൊട പറയെണ്ടുന്നത
എന്തെന്നാൽ, യിസ്രാഎലെ, കെ
ൾക്ക; നിങ്ങൾ ഇന്ന നിങ്ങളുടെ
ശത്രുക്കൾക്ക വിരൊധമായിട്ട യു
ദ്ധത്തിന അടുക്കുന്നു; നിങ്ങളുടെ
ഹൃദയം മടങ്ങരുത; നിങ്ങൾ ഭയ
പ്പെടാതെയും, വിഷാദിക്കാതെയും
അവരുടെ നിമിത്തം ചഞ്ചലപ്പെ
ടാതെയും ഇരിപ്പിൻ:

൪ എന്തെന്നാൽ നിങ്ങളുടെ ദൈ
വമായ യഹൊവാ നിങ്ങൾക്ക വെ
ണ്ടി നിങ്ങളുടെ ശത്രുക്കളൊട യു
ദ്ധം ചെയ്വാനും, നിങ്ങളെ രക്ഷി
പ്പാനും നിങ്ങളൊട കൂടെ പൊകു
ന്നു.

൫ ¶ പിന്നെയും പ്രമാണികൾ ജനത്തൊട പറയെണ്ടുന്നത എന്തെന്നാൽ, യാതൊരു മനുഷ്യൻ ഒരു പുതിയ ഭവനത്തെ പണിയിച്ച, അതിനെ പ്രതിഷ്ഠിക്കാതെ ഇരിക്കുന്നുവൊ? അവൻ യുദ്ധത്തിൽ മരിക്കയും, മറ്റൊരു മനുഷ്യൻ അതിനെ പ്രതിഷ്ഠിക്കയും ചെയ്യാതെ കണ്ട, അവൻ തന്റെ ഭവനത്തിലെക്ക തിരികെ പൊകട്ടെ.

൬ പിന്നെ യാതൊരു മനുഷ്യൻ ഒരു മുന്തിരിങ്ങാ തൊട്ടം ഉണ്ടാക്കി, അതിൽനിന്ന അനുഭവിക്കാതെ ഇരിക്കുന്നുവൊ? അവൻ യുദ്ധത്തിൽ മരിക്കയും, മറ്റൊരു മനുഷ്യൻ അതിൽനിന്ന അനുഭവിക്കയും ചെയ്യാതെ കണ്ട, അവൻ തന്റെ ഭവനത്തിലെക്ക തിരികെ പൊകട്ടെ.

൭ പിന്നെ എത മനുഷ്യൻ ഒരു ഭാൎയ്യയെ തനിക്ക നിയമിച്ച, അവളെ പരിഗ്രഹിക്കാതെ ഇരിക്കുന്നുവൊ? അവൻ യുദ്ധത്തിൽ മരിക്കയും, മറ്റൊരു മനുഷ്യൻ അവളെ പരിഗ്രഹിക്കയും ചെയ്യാതെ കണ്ട, അവൻ തന്റെ ഭവനത്തിലെക്ക തിരികെ പൊകട്ടെ.

൮ പ്രമാണികൾ പിന്നെയും ജനത്തൊട സംസാരിച്ച, പറയെണ്ടുന്നത എന്തെന്നാൽ, എത മനുഷ്യൻ ഭയമുള്ളവനും ധൈൎയ്യമില്ലാത്ത ഹൃദയമുള്ളവനും ആകുന്നുവൊ? അവൻ തന്റെ സഹൊദരന്മാരുടെ ഹൃദയം തന്റെ ഹൃദയം പൊലെ ഉരുകാതെ കണ്ട, തന്റെ ഭവനത്തിലെക്ക തിരികെ പൊകട്ടെ.

൯ പിന്നെ ഇപ്രകാരം ഉണ്ടാകെണം, പ്രമാണികൾ ജനത്തൊട പറഞ്ഞ അവസാനിച്ചതിന്റെ ശെഷം, അവർ സൈന്യങ്ങളുടെ അധിപതിമാരെ ജനത്തിന തലവന്മാരായിട്ട ആക്കെണം.

൰ ¶ നീ ഒരു പട്ടണത്തിന്റെ അരികെ അതിന നെരെ യുദ്ധം ചെയ്യുന്നതിന സമീപിക്കുമ്പൊൾ, സമാധാനം എന്ന നീ അതിനൊട വിളിച്ച പറയെണം.

൰൧ എന്നാൽ അത സമാധാനം എന്ന നിനക്ക ഉത്തരം തന്ന, നിനക്ക തുറന്നാൽ, അതിൽ കണ്ടെത്തപ്പെടുന്ന ജനങ്ങൾ എല്ലാവരും നിനക്ക കപ്പം തരുന്നവരായി, നിന്നെ സെവിക്കെണം.

൰൨ എന്നാലും അത നിന്നൊട സമാധാനം ചെയ്യാതെ, നിന്നൊട യുദ്ധം ചെയ്യുന്നു എങ്കിൽ നീ അതിനെ നിരൊധിക്കെണം:

൰൩ നിന്റെ ദൈവമായ യഹൊവാ അതിനെ നിന്റെ കയ്യിലെക്ക എല്പിച്ച ശെഷം, നീ അതിലുള്ള പുരുഷ പ്രജയെ ഒക്കെയും വാളിന്റെ മൂൎച്ചയാൽ കൊല്ലെണം:

൰൪ എന്നാലും സ്ത്രീകളെയും, പൈതങ്ങളെയും, മൃഗജീവങ്ങളെയും, പട്ടണത്തിലുള്ള സകലത്തെയും, അതിന്റെ എല്ലാ കവൎച്ചകളെയും നീ നിനക്ക കൊള്ളയിടെണം; നിന്റെ ദൈവമായ യഹൊവാ നിനക്ക തന്നിട്ടുള്ള നിന്റെ ശത്രുക്കളുടെ കവൎച്ചയെ നീ ഭക്ഷിക്കയും വെണം.

൰൫ ഈ ജാതികളുടെ പട്ടണങ്ങളിൽ ഇല്ലാത്തവയായി, നിനക്ക വളരെ ദൂരമായിരിക്കുന്ന സകല പട്ടണങ്ങളൊടും നീ ഇപ്രകാരം ചെയ്യെണം.

൰൬ എന്നാൽ നിന്റെ ദൈവമായ യഹൊവാ നിനക്ക അവകാശമായിട്ട തരുന്ന ജനങ്ങളുടെ പട്ടണങ്ങളിൽ ശ്വാസമുള്ള ഒന്നിനെയും ജീവനൊടെ വെക്കാതെ അവരെ,

൰൭ ഹിത്ഥായക്കാരെയും, അമൊറായക്കാരെയും, പറിസ്സായക്കാരെയും, കനാനായക്കാരെയും, ഹിവായക്കാരെയും, യബൂസായക്കാരെയും തന്നെ, നിന്റെ ദൈവമായ യഹൊവാ നിന്നൊട കല്പിച്ച പ്രകാരം, അശെഷം നശിപ്പിക്കെണം:

൰൮ അവർ തങ്ങളുടെ ദൈവങ്ങൾക്ക ചെയ്യിട്ടുള്ള തങ്ങളുടെ സകല വെറുപ്പുകളിൻ പ്രകാരവും ചെയ്യാൻ അവർ നിങ്ങളെ പഠിപ്പിക്കാതെയും, നിങ്ങൾ നിങ്ങളുടെ ദൈവമായ യഹൊവായിക്ക വിരൊധമായി പാപം ചെയ്യാതെയും ഇരിക്കെണ്ടുന്നതിന തന്നെ.

൰൯ ¶ നീ ഒരു പട്ടണത്തെ പിടിപ്പാനായിട്ട അതിന്റെ നെരെ യുദ്ധം ചെയ്യ, ഏറിയ ദിവസം അതിനെ നിരൊധിച്ചിരിക്കുമ്പൊൾ, നീ കൊടാലി ഒങ്ങി, അതിന്റെ വൃക്ഷങ്ങളെ ചെതപ്പെടുത്തരുത: എന്തകൊണ്ടെന്നാൽ അവയിൽനിന്ന നിനക്ക ഭക്ഷിക്കാം, നീ ക്രൊധത്തി ~~നായിട്ട പ്രയൊഗിക്കുന്നതിന്ന ആ വയലിൽ നീ വെട്ടിക്കളയരുത; എന്തെന്നാൽ വയലിലെ വൃക്ഷം മനുഷ്യനായിട്ട~~ [ആകുന്നു.]

൨൰ ഭക്ഷണത്തിനുള്ള വൃക്ഷമല്ലെന്ന നീ അറിയുന്ന വൃക്ഷങ്ങളെ മാത്രം നീ ചെതം വരുത്തി, അവയെ വെട്ടിക്കളയെണം: നിന്നൊട യുദ്ധം ചെയ്യുന്ന പട്ടണം ഒതുങ്ങുന്നതവരെയും അതിന്റെ നെരെ നീ കൊത്തളം പണിയുകയും വെണം.

൨൧ അദ്ധ്യായം.

൧ നിശ്ചയമില്ലാത്ത കലപാതകത്തിന്റെ പരിഹാരം,—൰൫. പ്രത്യെകമുള്ള പ്രെമം കൊണ്ട ആദ്യജാതൻ അവകാശമില്ലാത്തവൻ ആക്കപ്പെടരുത,—൰൮. അനുസരണമില്ലാത്തവൻ. കല്ലകൊണ്ടെറിഞ്ഞകൊല്ലപ്പെടെണംഎന്നത.

നിന്റെ ദൈവമായ യഹൊവാ നിനക്ക അതിനെ അനുഭവിക്കുന്നതിന തരുന്ന ഭൂമിയിൽ കുല ചെയ്യപ്പെട്ടവനായി, വയലിൽ കിടക്കുന്ന ഒരുത്തൻ കാണപ്പെടുകയും, അവനെ കൊന്നവൻ ആരെന്ന അറിയാതെ ഇരിക്കയും ചെയ്താൽ;

൨ അപ്പൊൾ നിന്റെ മൂപ്പന്മാരും നിന്റെ ന്യായാധിപതിമാരും പുറത്ത ചെന്ന, കുലചെയ്യപ്പെട്ടവന്റെ ചുറ്റുമുള്ള പട്ടണങ്ങൾവരെയും അളക്കെണം.

൩ പിന്നെ ഇപ്രകാരം ഉണ്ടാകെണം, കുലചെയ്യപ്പെട്ടവന സമീപമുള്ള പട്ടണം, ആ പട്ടണത്തിലെ മൂപ്പന്മാർ തന്നെ, വെല ചെയ്യിക്കാത്തതും നുകത്തിൽ ഇണെക്കപ്പെടാത്തതുമായ ഒരു നാവു കിടാവിനെ പിടിക്കെണം.

൪ ആ പട്ടണത്തിലെ മൂപ്പന്മാർ ഉഴാത്തതും വിതെക്കാത്തതുമാകുന്ന താഴ്വരയിൽ ആ നാവു കിടാവിനെ കൊണ്ടുപൊയി, അവിടെ ആ താഴ്വരയിൽ ആ നാവു കിടാവിന്റെ കഴുത്തിനെ വെട്ടിക്കളയെണം.

൫ അപ്പൊൾ ലെവിയുടെ പുത്രന്മാരായ ആചാൎയ്യന്മാർ അടുത്ത വരെണം: എന്തെന്നാൽ അവരെ നിന്റെ ദൈവമായ യഹൊവാ തനിക്ക ശുശ്രൂഷ ചെയ്വാനും, യഹൊവായുടെ നാമത്തിൽ അനുഗ്രഹിപ്പാനും തെരിഞ്ഞെടുത്തിരിക്കുന്നു: അവരുടെ വാക്കിൻ പ്രകാരം സകല വ്യവഹാരവും സകല അടിയും [തീൎക്കപ്പെടെണം:]

൬ കുല ചെയ്യപ്പെട്ടവന സമീപമുള്ള പട്ടണത്തിലെ മൂപ്പന്മാർ എല്ലാവരും താഴ്വരയിൽ തലവെട്ടപ്പെട്ട നാവു കിടാവിന്മെൽ തങ്ങളുടെ

കൈകളെ കഴുകെണം:
൭ പിന്നെ അവർ ഉത്തരമായി
ട്ട പറയെണം, ഞങ്ങളുടെ കൈക
ൾ ആ രക്തത്തെ ചിന്നീട്ടുമില്ല, ഞ
ങ്ങളുടെ കണ്ണുകൾ [അതിനെ] ക
ണ്ടിട്ടുമില്ല.
൮ യഹൊവായെ, നീ വീണ്ടെ
ടുത്തിട്ടുള്ള നിന്റെ ജനമാകുന്ന യി
സ്രാഎലിനൊട കരുണയുണ്ടായി,
നിന്റെ ജനമാകുന്ന യിസ്രാഎ
ലിന്മെൽ കുററമില്ലാത്ത രക്തപ്പക
യെ ചുമത്തരുത: എന്നാൽ ആ ര
ക്തപ്പക അവരിൽനിന്ന മൊചി
ക്കപ്പെടും.
൯ ഇപ്രകാരം നീ കുററമില്ലാത്ത
രക്തപ്പകയെ നിങ്ങളുടെ ഇടയിൽ
നിന്ന നീക്കികളയെണം; എന്തെ
ന്നാൽ നീ യഹൊവായുടെ സന്നി
ധിയിൽ നെരുള്ളതിനെ ചെയ്യെ
ണം.
൧൦ ¶ നീ നിന്റെ ശത്രുക്കൾക്ക
നെരെ യുദ്ധത്തിന പുറപ്പെടുകയും,
നിന്റെ ദൈവമായ യഹൊവാ
അവരെ നിന്റെ കയ്യിൽ ഏല്പിക്ക
യും, നീ അവരെ അടിമയിൽ ആ
ക്കുകയും ചെയ്യുമ്പൊൾ,
൧൧ ആ അടിമപ്പെട്ടവരിൽ സു
ന്ദരരൂപമുള്ള ഒരു സ്ത്രീയെ നീ ക
ണ്ട, അവളെ നിനക്ക ഭാൎയ്യയായി
കൈക്കൊള്ളുതക്കവണ്ണം അവളുടെ
മെൽ ഇഷ്ടമുണ്ടായിരുന്നാൽ,
൧൨ നീ അവളെ നിന്റെ ഭവ
നത്തിലെക്ക കൂട്ടികൊണ്ടുപൊകെ
ണം; അവൾ തന്റെ തല ചിര
പ്പിച്ച, തന്റെ നഖങ്ങളെയും ക
ണ്ടിക്കെണം.
൧൩ അവൾ തന്റെ അടിമയുടെ
വസ്ത്രത്തെ നീക്കികളഞ്ഞ, നിന്റെ
ഭവനത്തിൽ പാൎത്ത, ഒരു മാസം
തന്റെ പിതാവിനെയും മാതാവി
നെയും കുറിച്ച ദുഃഖിക്കെണം: അ
തിന്റെ ശെഷം നീ അവളുടെ അ
ടുക്കൽ പ്രവെശിച്ച, അവളുടെ ഭ
ൎത്താവായിരിക്കെണം, അവൾ നി
ന്റെ ഭാൎയ്യയായും ഇരിക്കെണം.
൧൪ എന്നാൽ നീ അവളിൽ ഇ
ഷ്ടപ്പെടുന്നില്ല എങ്കിൽ, ഉണ്ടാകെ
ണ്ടുന്നത എന്തെന്നാൽ, നീ അവ
ളെ അവളുടെ ഇച്ശ പ്രകാരം വിട്ട
യക്കെണം; എന്നാൽ നീ അവളെ
ഒരുപ്രകാരത്തിലും ദ്രവ്യത്തിന വി
ല്ക്കരുത, നീ അവളെ വിനയപ്പെ
ടുത്തിയതകൊണ്ട അവളാൽ ലാഭം
ഉണ്ടാക്കുകയും അരുത.
൧൫ ഒരുത്തി സ്നെഹിക്കപ്പെട്ടവളും
ഒരുത്തി ദ്വെഷിക്കപ്പെട്ടവളുമായ ര
ണ്ടു സ്ത്രീകൾ ഒരുത്തന ഉണ്ടാകയും,
സ്നെഹിക്കപ്പെട്ടവളും ദ്വെഷിക്ക
പ്പെട്ടവളുമായ രണ്ട പെരും അവ
ന പുത്രന്മാരെ പ്രസവിക്കയും, ക
ടിഞ്ഞൂൽ പുത്രൻ ദ്വെഷിക്കപ്പെട്ട
വളുടെ ആയിരിക്കയും ചെയ്യാൽ,
൧൬ അപ്പൊൾ അവൻ തനിക്കു
ള്ളതിനെ തന്റെ പുത്രന്മാൎക്ക അ
വകാശമാക്കി കൊടുക്കുന്ന നാളിൽ
അവൻ ദ്വെഷിക്കപ്പെട്ടവളുടെ ക
ടിഞ്ഞൂലായ പുത്രന മുമ്പെ സ്നെ
ഹിക്കപ്പെട്ടവളുടെ പുത്രന ആദ്യ
ജനനാവകാശം കൊടുത്തു കൂടാ:
൧൭ എന്നാൽ അവൻ ദ്വെഷി
ക്കപ്പെട്ടവളുടെ പുത്രൻ ആദ്യം ജ
നിച്ചവനെന്ന തനിക്കുള്ള സകല
ത്തിലും രണ്ട പങ്ക അവന കൊടുക്കു
ന്നതിനാൽ അറിയിക്കെണം: എ
ന്തെന്നാൽ ഇവൻ അവന്റെ ബ
ലത്തിന്റെ ആരംഭം; ഇവന ആ
ദ്യജനനാവകാശത്തിന്റെ ന്യായം.
൧൮ ¶ തന്റെ പിതാവിന്റെ ശ
ബ്ദത്തെയും തന്റെ മാതാവിന്റെ
ശബ്ദത്തെയും അനുസരിക്കാതെ

യും, അവരാൽ ശിക്ഷിക്കപ്പെട്ട
പ്പൊൾ അവരെ ചെവിക്കൊള്ളാ
തെയും ഇരിക്കുന്ന വികടനും, മറു
ക്കുന്നവനുമായ ഒരു പുത്രൻ ഒരു
മനുഷ്യന ഉണ്ടായിരുന്നാൽ;
൧൯ അവന്റെ പിതാവും അവ
ന്റെ മാതാവും അവനെ പിടിച്ചു,
അവനെ അവന്റെ പട്ടണത്തി
ലെ മൂപ്പന്മാരുടെ അടുക്കലും, അവ
ന്റെ സ്ഥലത്തെ വാതുക്കലും കൊ
ണ്ടുപൊകെണം:
൨൦ ൟ ഞങ്ങളുടെ പുത്രൻ വിക
ടനും മറുക്കുന്നവനും, ഞങ്ങളുടെ ശ
ബ്ദത്തെ അനുസരിക്കാത്തവനും;
അതിഭക്ഷകനും, മദ്യപാനിയും [ആ
കുന്നു] എന്ന അവർ അവന്റെ പ
ട്ടണത്തിലെ മൂപ്പന്മാരൊട പറക
യും വെണം.
൨൧ അപ്പൊൾ അവന്റെ പട്ട
ണത്തിലെ മനുഷ്യർ എല്ലാവരും,
അവൻ മരിക്കതക്കവണ്ണം, അവ
നെ കല്ലുകൊണ്ട എറിയെണം: ഇ
പ്രകാരം നീ ദൊഷത്തെ നിങ്ങളു
ടെ ഇടയിൽനിന്ന നീക്കികളയെ
ണം: യിസ്രാഎൽ എല്ലാം കെട്ടു, ഭ
യപ്പെടുകയും വെണം.
൨൨ ¶ പിന്നെ ഒരു മനുഷ്യൻ മ
രണത്തിന പാത്രമായ ഒരു പാപം
ചെയ്തിട്ടു, അവൻ കൊല്ലപ്പെടെ
ണ്ടുന്നവനാകയും, നീ അവനെ ഒ
രു മരത്തിൽ തൂക്കുകയും ചെയ്താൽ,
൨൩ അവന്റെ ശവം മരത്തിന്മെ
ൽ രാത്രി മുഴുവൻ ഇരിക്കരുത, നീ
അതിനെ അദ്ദിവസം തന്നെ കുഴി
ച്ചിടെണം: എന്തെന്നാൽ തൂക്കപ്പെ
ട്ടവൻ ദൈവത്താൽ ശപിക്കപ്പെ
ട്ടവൻ; നിന്റെ ദൈവമായ യ
ഹൊവാ നിനക്ക അവകാശമായി
ട്ട തരുന്ന നിന്റെ നാടിനെ നീ അ
ശുദ്ധിപ്പെടുത്തരുത.

൨൨ അദ്ധ്യായം.

൧ സഹൊദരന്മാരൊടുള്ള ദയയെ കുറിച്ചു,—൫, പല ന്യായപ്രമാണങ്ങൾ,—൨൨. വെശ്യാസംഗത്തെ കുറിച്ചു,—൨൩. മാനഭംഗത്തെ കുറിച്ചു,

നിന്റെ സഹൊദരന്റെ കാളു
എങ്കിലും ആടഎങ്കിലും തെറ്റിപൊ
കുന്നതിനെ നീ കണ്ടാൽ, അവയി
ൽനിന്ന മാറിക്കളയരുത: നീ അ
വയെ നിന്റെ സഹൊദരന്റെ
അടുക്കൽ വല്ല പ്രകാരത്തിലും തി
രികെ എത്തിക്കെണം.
൨ നിന്റെ സഹൊദരൻ നിന
ക്ക സമീപത്തില്ലാതെയും, നീ അ
വനെ അറിയാതെയും ഇരുന്നാൽ,
നീ അതിനെ നിന്റെ ഭവനത്തി
ലെക്ക ചെർക്കെണം, അതിനെ നി
ന്റെ സഹൊദരൻ അന്വെഷി
ക്കുന്നത വരെയും അത നിന്റെ
അടുക്കൽ ഇരിക്കെണം, നീ അതി
നെ അവന തിരികെ കൊടുക്കയും
വെണം.
൩ അപ്രകാരം തന്നെ നീ അവ
ന്റെ കഴുതെക്കും ചെയ്യെണം, അ
പ്രകാരം നീ അവന്റെ വസ്ത്ര
ത്തിനും ചെയ്യെണം; അപ്രകാരം
തന്നെ നീ നിന്റെ സഹൊദരനി
ൽനിന്ന കാണാതെ പൊയതും, നീ
കണ്ടെത്തിയതുമായി അവന ന
ഷ്ടമായ സകലത്തിനും ചെയ്യെ
ണം: നീ മാറിക്കളഞ്ഞു കൂടാ.
൪ നിന്റെ സഹൊദരന്റെ ക
ഴുത എങ്കിലും, അവന്റെ കാളു എ
ങ്കിലും വഴിയിൽ വീണിരിക്കുന്ന
തിനെ നീ കണ്ടാൽ, നീ അവയി
ൽനിന്ന മാറിക്കളയരുത; നീ അവ
നൊടകൂടെ [അവയെ] എഴുനീല്പി
ക്കെണം നിശ്ചയം.
൫ ¶ പുരുഷനുള്ളതിനെ സ്ത്രീ
ധരിക്കരുത, സ്ത്രീയുടെ വസ്ത്രത്തെ

പുരുഷനും ധരിക്കരുത: എന്തകൊണ്ടെന്നാൽ അപ്രകാരം ചെയ്യുന്ന എല്ലാവരും നിന്റെ ദൈവമായ യഹൊവായിക്ക വെറുപ്പ [ആകുന്നു.]

൬ ഒരു മരത്തിൽ അല്ലെങ്കിൽ നിലത്ത കുഞ്ഞങ്ങളൊ, മുട്ടകളൊ, [ഇരിക്കുന്ന] ഒരു പക്ഷിക്കൂട നിനക്ക മുമ്പാകെ വഴിയിൽ ഉണ്ടായി, തള്ള കുഞ്ഞങ്ങളുടെ മെൽ, അല്ലെങ്കിൽ മുട്ടകളുടെ മെൽ ഇരിക്കുന്നു എങ്കിൽ, നീ കുഞ്ഞങ്ങളൊട കൂടെ തള്ളയെ പിടിക്കാതെ,

൭ നിനക്ക നന്നായിരിപ്പാനും, നീ നിന്റെ ദിവസങ്ങളെ ദീൎഘമാക്കുവാനും, നീ തള്ളയെ വിടെണം, എന്നാൽ കുഞ്ഞങ്ങളെ നിനക്ക എടുത്തുകൊള്ളാം.

൮ നീ ഒരു പുതിയ ഭവനത്തെ പണിയുമ്പൊൾ, നിന്റെ മാളികയിൽനിന്ന ഒരുത്തൻ വീഴുന്നതിനാൽ നീ രക്തപ്പകയെ നിന്റെ ഭവനത്തിന്മെൽ ചുമത്താതെ കണ്ട, നീ അതിന ക്രാസിയുണ്ടാക്കെണം.

൯ നീ വിതച്ച വിത്തിന്റെ വിളവും, നിന്റെ മുന്തിരിങ്ങാ തൊട്ടത്തിന്റെ ഫലവും അശുദ്ധിയാകാതെ ഇരിപ്പാൻ നീ നിന്റെ മുന്തിരിങ്ങാതൊട്ടത്തിൽ പലവിധമുള്ള വിത്തിനെ വിതെക്കരുത.

൰ നീ കാള കൊണ്ടും കഴുത കൊണ്ടും ഒരുമിച്ച ഉഴരുത.

൰൧ നീ ആട്ടിന്റെ രൊമവും ചണവും കൂടി കലൎന്ന വസ്ത്രത്തെ ധരിക്കരുത.

൰൨ നീ നിന്നെ മൂടുന്ന നിന്റെ മെല്ക്കുപ്പായത്തിന്റെ നാല വക്കിലും നിനക്ക തൊങ്ങലുകളെ ഉണ്ടാക്കെണം.

൰൩ ¶ ഒരു പുരുഷൻ ഒരു സ്ത്രീയെ കൈക്കൊണ്ട, അവളുടെ അടുക്കൽ പ്രവെശിച്ചിട്ട, അവളെ ദ്വെഷിച്ച,

൰൪ ഞാൻ ൟ സ്ത്രീയെ കൈക്കൊണ്ടു, എന്നാൽ ഞാൻ അവളുടെ അടുക്കൽ ചെന്നാറെ അവളിൽ കന്യകാവ്രതത്തെ കണ്ടെത്തിയില്ല എന്ന പറഞ്ഞ, അവളുടെ മെൽ ആവലാധിയുള്ള വാക്കുകളെ ചുമത്തി, അവൾക്ക ദുഷ്കീൎത്തി ഉണ്ടാക്കിയാൽ,

൰൫ ആ പെണ്ണിന്റെ പിതാവും അവളുടെ മാതാവും പെണ്ണിന്റെ കന്യകാവ്രതത്തിന്റെ [ലക്ഷണങ്ങളെ] എടുത്ത, പട്ടണത്തിലെ മൂപ്പന്മാരുടെ അടുക്കൽ വാതുക്കൽ കൊണ്ടുവരെണം.

൰൬ പിന്നെ ആ പെണ്ണിന്റെ പിതാവ മൂപ്പന്മാരൊട പറയെണം, ഞാൻ എന്റെ പുത്രിയെ ൟ പുരുഷന ഭാൎയ്യയായിട്ട കൊടുത്തു എന്നാൽ അവൻ അവളെ ദ്വെഷിക്കുന്നു.

൰൭ ഇതാ, ഞാൻ നിന്റെ പുത്രിയിൽ കന്യകാ വ്രതത്തെ കണ്ടെത്തിയില്ല എന്ന പറഞ്ഞ, അവൻ ആവലാധിയുള്ള വാക്കുകളെ അവളുടെ മെൽ ചുമത്തുന്നു: എന്നാലൊ എന്റെ മകളുടെ കന്യകാവ്രതത്തിന്റെ [ലക്ഷണങ്ങൾ] ഇവ: അവർ പട്ടണത്തിലെ മൂപ്പന്മാൎക്ക മുമ്പാകെ ആ വസ്ത്രത്തെ വിടൎക്കയും വെണം.

൰൮ അപ്പൊൾ ആ പട്ടണത്തിലെ മൂപ്പന്മാർ ആ പുരുഷനെ പിടിച്ച, അവനെ ശിക്ഷിക്കെണം.

൰൯ അവൻ യിസ്രാഎലിൽ ഒരു കന്യാ സ്ത്രീക്ക വിരൊധമായി ദുഷ്കീൎത്തി ഉണ്ടാക്കിയത കൊണ്ട, അവർ അവനെ കൊണ്ട നൂറ [ശെ

കൽ] വെള്ളി പ്രായശ്ചിത്തം ചെയ്യിച്ചു, ആ പെണ്ണിന്റെ പിതാവിന കൊടുക്കെണം; അവൾ അവന ഭാൎയ്യയായിരിക്കയും വെണം: അവൻ തന്റെ നാളുകൾ ഒക്കെയും അവളെ ഉപെക്ഷിച്ചു കൂടാ.

൨൦ എന്നാലും ആ പെണ്ണിന കന്യകാ വ്രതം കണ്ടെത്തപ്പെട്ടില്ലഎന്നുള്ള ൟ വാക്ക സത്യം ആയിരുന്നാൽ,

൨൧ അവർ ആ പെണ്ണിനെ അവളുടെ പിതാവിന്റെ ഭവനത്തിന്റെ വാതുക്കൽ കൊണ്ടുപൊയി, അവൾ യിസ്രാഎലിൽ ബുദ്ധികറവ ചെയ്തു, തന്റെ പിതാവിന്റെ ഭവനത്തിൽ വ്യഭിചാരം ചെയ്കകൊണ്ട, അവളുടെ പട്ടണത്തിലെ മനുഷ്യർ, അവൾ മരിക്കതക്കവണ്ണം, അവളെ കല്ലുകൾ കൊണ്ട എറിയെണം: ഇപ്രകാരം നീ ദൊഷത്തെ നിങ്ങളുടെ ഇടയിൽനിന്ന നീക്കികളയെണം.

൨൨ ഒരു ഭൎത്താവിന വിവാഹം ചെയ്യപ്പെട്ട സ്ത്രീയൊട കൂടെ ശയിക്കുന്ന ഒരു പുരുഷൻ കണ്ടെത്തപ്പെട്ടാൽ, സ്ത്രീയൊട കൂടെ ശയിച്ച പുരുഷനും സ്ത്രീയും അവർ രണ്ടുപെരും ചാകെണം. ഇപ്രകാരം നീ ദൊഷത്തെ യിസ്രാഎലിൽനിന്ന നീക്കികളയെണം.

൨൩ കന്യകയായ ഒരു പെണ്ണ ഒരു ഭൎത്താവിന നിയമിക്കപ്പെട്ടിരിക്കുമ്പൊൾ ഒരു മനുഷ്യൻ അവളെ നഗരത്തിൽ കണ്ടെത്തി, അവളൊട കൂടെ ശയിച്ചാൽ,

൨൪ അപ്പൊൾ ആ പെണ്ണ നഗരത്തിൽ [ഇരുന്നിട്ടും] നിലവിളിക്കാതെ ഇരുന്നതകൊണ്ടും, ആ പുരുഷൻ തന്റെ അയല്ക്കാരന്റെ ഭാൎയ്യയെ വിനയപ്പെടുത്തിയത കൊണ്ടും, ആ രണ്ടു പെരെയും നിങ്ങൾ ആ പട്ടണത്തിന്റെ വാതുക്കൽ കൊണ്ടുപൊയി, അവർ മരിക്കതക്കവണ്ണം, അവരെ കല്ലുകൾ കൊണ്ട എറിയെണം: ഇപ്രകാരം നീ ദൊഷത്തെ നിങ്ങളുടെ ഇടയിൽനിന്ന നീക്കികളയെണം.

൨൫ എന്നാൽ വിവാഹത്തിന നിയമിക്കപ്പെട്ടിട്ടുള്ള ഒരു പെണ്ണിനെ ഒരു പുരുഷൻ വയലിൽ കണ്ടെത്തീട്ട, ആ പുരുഷൻ അവളെ ബലാല്ക്കാരമായി പിടിച്ചു, അവളൊട കൂടെ ശയിച്ചാൽ, അവളൊട കൂടെ ശയിച്ച പുരുഷൻ മാത്രം ചാകെണം.

൨൬ എന്നാലൊ നീ ആ പെണ്ണിനൊട ഒന്നും ചെയ്യരുത: ആ പെണ്ണിന മരണത്തിന പാത്രമായപാപമില്ല: എന്തകൊണ്ടെന്നാൽ ഒരു പുരുഷൻ തന്റെ അയല്ക്കാരന്റെ നെരെ എഴുനീററ, അവനെ കൊല്ലുന്നത പൊലെ തന്നെ, ൟ സംഗതി:

൨൭ എന്തെന്നാൽ അവൻ അവളെ വയലിൽ കണ്ടെത്തി, വിവാഹത്തിന നിശ്ചയിക്കപ്പെട്ട പെണ്ണ നിലവിളിച്ചിട്ടും അവൾക്ക രക്ഷകനില്ലാതെ പൊയി.

൨൮ വിവാഹത്തിന നിശ്ചയിക്കപ്പെടാത്ത കന്യകയായ ഒരു പെണ്ണിനെ ഒരു പുരുഷൻ കണ്ടെത്തി, അവളെ പിടിച്ചു, അവളൊട കൂടെ ശയിച്ചു, അവർ കണ്ടെത്തപ്പെട്ടാൽ,

൨൯ അവളൊട കൂടെ ശയിച്ച പുരുഷൻ ആ പെണ്ണിന്റെ പിതാവിന അമ്പത [ശെക്കൽ] വെള്ളി കൊടുക്കെണം; അവൾ അവന ഭാൎയ്യയായിരിക്കയും വെണം: എന്തകൊണ്ടെന്നാൽ അവൻ അവളെ

ഷിനയപ്പെട്ടത്തി, അവൻ തന്റെ നാളുകൾ ഒക്കെയും അവളെ ഉപെക്ഷിച്ചുകൂടാ.

൩൦ ഒരു പുരുഷനും തന്റെ പിതാവിന്റെ ഭാൎയ്യയെ കൈക്കൊള്ളരുത, തന്റെ പിതാവിന്റെ വസ്ത്രത്തെ തുറക്കയും അരുത.

൨൩ അദ്ധ്യായം.

൧ സംഘത്തിലെക്ക ഇന്നവൎക്ക പ്രവെശിക്കാമെന്നും ഇന്നവൎക്ക വഹിയാ എന്നും ഉള്ളത,—൯. സൈന്യത്തിൽ അശുദ്ധി അകററപ്പെടുവാനുള്ളത,—൧൫. വഴിപാടുകളെ കുറിച്ച. ൧൯. ലംഘനങ്ങളെ കുറിച്ച.

വൃഷണത്തിൽ മുറിവെററവൻ, അല്ലെങ്കിൽ വൃഷണം ഛെദിക്കപ്പെട്ടവൻ യഹൊവായുടെ സഭയിലെക്ക പ്രവെശിക്കരുത.

൨ കൌലടെയൻ യഹൊവായുടെ സഭയിലെക്ക പ്രവെശിക്കരുത; അവന്റെ പത്താം തലമുറ വരെയും അവൻ യഹൊവായുടെ സഭയിലെക്ക പ്രവെശിക്കരുത.

൩ ഒരു അമ്മൊനിക്കാരൻ എങ്കിലും ഒരു മൊവാബിക്കാരൻ എങ്കിലും യഹൊവായുടെ സഭയിലെക്ക പ്രവെശിക്കരുത; അവരുടെ പത്താം തലമുറയിലും എന്നെക്കും അവർ യഹൊവായുടെ സഭയിലെക്ക പ്രവെശിക്കരുത:

൪ നിങ്ങൾ മിസ്രയിമിൽനിന്ന പുറപ്പെട്ട വരുമ്പൊൾ വഴിയിൽ അവർ നിങ്ങൾക്ക അപ്പം കൊണ്ടും വെള്ളം കൊണ്ടും എതിരെല്ക്കാതെ ഇരുന്ന നിമിത്തവും; നിന്നെ ശപിപ്പിക്കുന്നതിന അവർ മെശൊപൊത്താമിയായിലുള്ള പെത്തൊറിൽനിന്ന ബെയൊറിന്റെ പുത്രനായ ബിലയാമിനെ നിനക്ക വിരൊധമായി കൂലിക്ക വിളിപ്പിച്ചത കൊണ്ടും തന്നെ.

൫ എന്നാലും നിന്റെ ദൈവമായ യഹൊവാ ബിലയാമിനെ ചെവികൊൾവാൻ മനസ്സില്ലാതെ; നിന്റെ ദൈവമായ യഹൊവാ ശാപത്തെ നിനക്ക അനുഗ്രഹമാക്കി തീൎത്തു, എന്തകൊണ്ടെന്നാൽ നിന്റെ ദൈവമായ യഹൊവാ നിന്നെ സ്നെഹിച്ചു.

൬ നീ നിന്റെ നാളുകൾ ഒക്കെയും എന്നെക്കും അവരുടെ സമാധാനത്തെയും അവരുടെ നന്മയെയും അന്വെഷിക്കരുത.

൭ നീ എദൊമിക്കാരനെ വെറുക്കരുത; എന്തകൊണ്ടെന്നാൽ അവൻ നിന്റെ സഹൊദരൻ: നീ മിസ്രയക്കാരനെ വെറുക്കരുത; എന്തകൊണ്ടെന്നാൽ നീ അവന്റെ ദെശത്ത പരദെശി ആയിരുന്നു.

൮ അവരിൽനിന്ന ജനിക്കുന്ന പുത്രന്മാർ അവരുടെ മൂന്നാം തലമുറയിൽ യഹൊവായുടെ സഭയിലെക്ക പ്രവെശിക്കാം.

൯ ¶ നിന്റെ ശത്രുക്കൾക്ക നെരെ സെന പുറപ്പെടുമ്പൊൾ നീ സകല ദൊഷമുള്ള കാൎയ്യത്തിൽനിന്നും നിന്നെ കാത്തുകൊള്ളെണം.

൧൦ രാത്രി കാലത്ത സംഭവിച്ചതിനാൽ ശുദ്ധിയില്ലാതെ ഇരിക്കുന്ന ഒരുത്തൻ നിങ്ങളിൽ ഉണ്ടായിരുന്നാൽ, അവൻ പാളയത്തിൽനിന്ന പുറത്ത പൊകെണം, അവൻ പാളയത്തിനകത്ത പ്രവെശിക്കരുത:

൧൧ എങ്കിലും സന്ധ്യാ വരുമ്പൊൾ അവൻ വെള്ളത്തിൽ കുളിക്കെണം; സൂൎയ്യൻ അസ്തമിച്ചിട്ട അവൻ പാളയത്തിനകത്ത പ്രവെശിക്കയും വെണം.

൧൨ നീ പുറത്ത അവിടെക്ക പൊകെണ്ടുന്നതിന, ഒരു സ്ഥലം പാളയത്തിന പുറത്ത നിനക്ക ഉണ്ടായിരിക്കെണം.

൧൩ നിന്റെ ആയുധത്തിന്മെൽ ഒരു തണ്ടും നിനക്ക ഉണ്ടാകെണം: എന്നാൽ നീ മലജലാദികൾക്ക ഇരിക്കുമ്പൊൾ ഉണ്ടാകെണ്ടുന്നത എന്തെന്നാൽ, നീ അതിനാൽ കുഴിച്ച, തിരിഞ്ഞ നിന്നിൽനിന്ന പൊയതിനെ മൂടിക്കളയെണം.

൧൪ എന്തെന്നാൽ നിന്റെ ദൈവമായ യഹൊവാ നിന്നെ വിടുവിക്കുന്നതിനും, നിന്റെ ശത്രുക്കളെ നിന്റെ മുമ്പാകെ എല്പിക്കുന്നതിനും നിന്റെ പാളയത്തിന്റെ നടുവിൽ നടക്കുന്നു: അതകൊണ്ട അവൻ നിന്നിൽ വെടിപ്പില്ലാത്ത കാൎയ്യം കണ്ടിട്ട, നിന്നിൽനിന്ന തിരിഞ്ഞു പൊകാതെ ഇരിപ്പാൻ നിന്റെ പാളയം ശുദ്ധമുള്ളതായിരിക്കെണം.

൧൫ ¶ തന്റെ യജമാനനിൽനിന്ന നിന്റെ അടുക്കലെക്ക ഒടി വന്ന വെലക്കാരനെ നീ അവന്റെ യജമാനന എല്പിക്കരുത.

൧൬ അവൻ നിങ്ങളുടെ ഇടയിൽ നിന്റെ വാതിലുകളിൽ ഒന്നിൽ, അവൻ തെരിഞ്ഞെടുക്കുന്നതായി, അവന കൊള്ളാകുന്ന സ്ഥലത്ത നിന്നൊട കൂടെ പാൎക്കെണം: നീ അവനൊട ഞെരുക്കം ചെയ്യരുത.

൧൭ ¶ യിസ്രാഎൽ പുത്രിമാരിൽ ഒരു വെശ്യാസ്ത്രീ ഉണ്ടാകരുത, യിസ്രാഎൽ പുത്രന്മാരിൽ വെശ്യാക്കാരനും ഉണ്ടാകരുത.

൧൮ വെശ്യാസ്ത്രീയുടെ കൂലിപ്പണത്തെയും, നായിന്റെ വിലയെയും, യാതൊരു നെൎച്ചയായിട്ട എങ്കിലും, നിന്റെ ദൈവമായ യഹൊവായുടെ ഭവനത്തിലെക്ക നീ കൊണ്ടുവരരുത: എന്തകൊണ്ടെന്നാൽ ഇവ രണ്ടും നിന്റെ ദൈവമായ യഹൊവായിക്ക വെറുപ്പ[ആകുന്നു.]

൧൯ വായ്പ കൊടുക്കുന്ന പണത്തിന പലിശയൊ, ആഹാരത്തിന പലിശയൊ, വായ്പ കൊടുക്കുന്ന യാതൊരു വസ്തുവിന പലിശയൊ, നിന്റെ സഹൊദരനൊട വാങ്ങരുത.

൨൦ അന്യന നീ പലിശെക്ക കൊടുക്കാം, എന്നാൽ നീ അതിനെ അനുഭവിക്കുന്നതിന പ്രവെശിപ്പാൻ ഇരിക്കുന്ന ദെശത്ത നിന്റെ ദൈവമായ യഹൊവാ നീ കൈ വെക്കുന്ന സകലത്തിലും നിന്നെ അനുഗ്രഹിപ്പാനായിട്ട, നീ നിന്റെ സഹൊദരന പലിശെക്ക കൊടുക്കരുത.

൨൧ നീ നിന്റെ ദൈവമായ യഹൊവായിക്ക നെൎച്ച നെരുമ്പൊൾ നീ അതിനെ കഴിപ്പാൻ താമസിക്കരുത: എന്തകൊണ്ടെന്നാൽ നിന്റെ ദൈവമായ യഹൊവാ അതിനെ നിന്നൊട ചൊദിക്കും നിശ്ചയം; അതും നിന്നിൽ പാപം ആയിരിക്കും.

൨൨ നീ നെരാതെ ഇരുന്നാൽ അത നിന്നിൽ പാപം ആകയില്ല.

൨൩ നിന്റെ അധരങ്ങളിൽനിന്ന പുറപ്പെട്ടതിനെ നീ പ്രമാണിച്ച, നീ നിന്റെ വാ കൊണ്ട പറഞ്ഞിട്ടുള്ള മനഃപൂൎവ്വമായുള്ള കാഴ്ചയെ നീ നിന്റെ ദൈവമായ യഹൊവായിക്ക നെൎന്ന പ്രകാരം കഴിക്കെണം.

൨൪ ¶ നീ നിന്റെ അയല്ക്കാരന്റെ മുന്തിരിങ്ങാ തൊട്ടത്തിലെക്ക പ്രവെശിക്കുമ്പൊൾ, നിന്റെ ഇഷ്ടപ്രകാരം മുന്തിരിങ്ങാപ്പഴം തൃപ്തിയായി നിനക്ക ഭക്ഷിക്കാം, എങ്കിലും നീ നിന്റെ പാത്രത്തിൽ [ഒട്ടും] ഇടരുത.

൨൫ നീ നിന്റെ അയല്ക്കാരന്റെ

വിളവിൽ പ്രവെശിക്കുമ്പൊൾ, നീ നിന്റെ കൈകൊണ്ട കതിരുകളെ പറിക്കാം; എങ്കിലും നീ അരുവാളിനെ നിന്റെ അയല്ക്കാരന്റെ വിളവിൽ ഇടരുത.

൨൪ അദ്ധ്യായം.

൧ ഉപെക്ഷണത്തെ കുറിച്ച,—൫,—൬. പണയങ്ങളെ കുറിച്ച,—൭. മനുഷ്യരെ മൊഷ്ടിക്കുന്നവരെ കുറിച്ച.—൮. കുഷ്ഠത്തെ കുറിച്ച,—൧൪. കൂലി കൊടുക്കപ്പെടെണമെന്നത,—൧൭. നീതിയെ കുറിച്ച,—൧൯. ധമ്മത്തെ കുറിച്ച.

ഒരു പുരുഷൻ ഒരു സ്ത്രീയെ കൈക്കൊണ്ട, അവളെ വിവാഹം ചെയ്തതിന്റെ ശെഷം അവൻ അവളിൽ ലജ്ജയുള്ള കാൎയ്യത്തെ കണ്ടെത്തിയതിനാൽ അവൾക്ക അവന്റെ കണ്ണുകളിൽനിന്ന കൃപ ലഭിക്കാതെ ഇരുന്നാൽ, അവൻ അവൾക്ക ഒര ഉപെക്ഷണച്ചീട്ട എഴുതി, അവളുടെ കയ്യിൽ കൊടുത്ത, അവളെ തന്റെ ഭവനത്തിൽനിന്ന അയക്കെണം.

൨ അവൾ അവന്റെ ഭവനത്തിൽനിന്ന പുറപ്പെട്ട ശെഷം അവൾ പൊയി, മറെറാരു പുരുഷന [ഭാൎയ്യയായിട്ട] ഇരിക്കാം.

൩ എന്നാൽ പിന്നത്തെ ഭൎത്താവ അവളെ ദ്വെഷിച്ച, അവൾക്ക ഒരു ഉപെക്ഷണച്ചീട്ട എഴുതി, അവളുടെ കയ്യിൽ കൊടുത്ത, അവളെ തന്റെ ഭവനത്തിൽനിന്ന അയക്കയൊ; അവളെ തനിക്ക ഭാൎയ്യയായിട്ട കൈക്കൊണ്ടിട്ടുള്ള പിന്നത്തെ ഭൎത്താവ മരിക്കയൊ ചെയ്താൽ,

൪ അവളെ ഉപെക്ഷിച്ചിട്ടുള്ള അവളുടെ മുമ്പിലത്തെ ഭൎത്താവ, അവൾ അശുദ്ധിയായതിന്റെ ശെഷം, അവളെ പിന്നെയും തനിക്ക ഭാൎയ്യയായിട്ട പരിഗ്രഹിച്ചുകൂടാ: എന്തുകൊണ്ടെന്നാൽ അത യഹൊവായിക്ക മുമ്പാകെ വെറുപ്പ ആകുന്നു: നിന്റെ ദൈവമായ യഹൊവാ നിനക്ക അവകാശമായിട്ട തരുന്ന ദെശത്തെ നീ പാപം ചെയ്യുമാറാക്കരുത.

൫ ¶ ഒരു പുരുഷൻ പുതിയതായി ഒരു ഭാൎയ്യയെ കൈക്കൊണ്ടിരിക്കുമ്പൊൾ, അവൻ യുദ്ധത്തിന പുറപ്പെടരുത, അവന്റെ മെൽ ഒരു കാൎയ്യം ചുമത്തപ്പെടുകയും അരുത; അവൻ ഒരു സംവത്സരത്തെക്ക തന്റെ ഭവനത്തിൽ തന്നിഷ്ടനായിരുന്ന, താൻ കൈക്കൊണ്ടിട്ടുള്ള ഭാൎയ്യയെ സന്തൊഷിപ്പിക്കെണം.

൬ ¶ കീഴത്തെ തിരികല്ലിനെ എങ്കിലും മെലത്തെ കല്ലിനെ എങ്കിലും ഒരുത്തനും പണയമായിട്ട വാങ്ങരുത: എന്തുകൊണ്ടെന്നാൽ അവൻ ജീവനെ പണയമായിട്ട വാങ്ങുന്നു.

൭ തന്റെ സഹൊദരന്മാരായ യിസ്രാഎൽ പുത്രന്മാരിലുള്ള ഒരു ആളിനെ മൊഷ്ടിച്ച, അവനാൽ ലാഭമുണ്ടാക്കുകയൊ, അവനെ വിലെക്ക വില്ക്കയൊ ചെയ്യുന്ന ഒരു മനുഷ്യൻ കണ്ടെത്തപ്പെട്ടാൽ, ആ മൊഷണക്കാരൻ ചാകെണം; നീ ദൊഷത്തെ നിങ്ങളുടെ ഇടയിൽനിന്ന നീക്കികളകയും വെണം.

൮ ¶ നീ കുഷ്ഠ വ്യാധിയിൽ എററവും സൂക്ഷിച്ചിരിപ്പാനും, ലെവിയക്കാരായ ആചാൎയ്യന്മാർ നിങ്ങൾക്ക ഉപദെശിക്കുന്ന പ്രകാരം ഒക്കെയും ചെയ്വാനും ജാഗ്രതയായിരിക്കെണം: ഞാൻ അവരൊടകല്പിച്ചപ്രകാരം തന്നെ, നിങ്ങൾ ചെയ്വാൻ ജാഗ്രതയായിരിക്കെണം.

൯ നിങ്ങൾ മിസ്രയിമിൽനിന്ന പുറപ്പെട്ടതിന്റെ ശെഷം നിന്റെ ദൈവമായ യഹൊവാ വഴിയിൽ

വെച്ച മിറിയാമിനൊട ചെയ്യതി
നെ ഒത്തുകൊള്ളെണം.

൰ ¶ നീ നിന്റെ അയല്ക്കാരന
എതെങ്കിലും വാശ്പ കൊടുക്കുമ്പൊ
ൾ, നീ അവന്റെ പണയം വാ
ങ്ങുവാൻ അവന്റെ ഭവനത്തിന
കത്ത പ്രവെശിക്കരുത.

൰൧ നീ പുറത്ത നില്ക്കെണം, നീ
ആൎക്ക വാശ്പ കൊടുത്തുവൊ ആ മ
നുഷ്യൻ പണയം നിന്റെ അടു
ക്കൽ പുറത്ത കൊണ്ടുവരെണം.

൰൨ ആ മനുഷ്യൻ ദരിദ്രനായി
രുന്നാൽ, നീ അവന്റെ പണയ
ത്തൊടെ ഉറങ്ങരുത.

൰൩ അവൻ തന്റെ വസ്ത്രത്തി
ൽ ഉറങ്ങി, നിന്നെ അനുഗ്രഹിക്കെ
ണ്ടുന്നതിന, നീ സൂൎയ്യൻ അസ്തമി
ക്കുമ്പൊൾ ആ പണയം അവന
തിരികെ കൊടുക്കെണം നിശ്ചയം;
എന്നാൽ അത നിന്റെ ദൈവമാ
യ യഹൊവായുടെ മുമ്പാകെ നിന
ക്ക നീതിയായിരിക്കും.

൰൪ നിന്റെ സഹൊദരന്മാരിൽ
എങ്കിലും, നിന്റെ ദെശത്ത നി
ന്റെ വാതില്കൾക്ക അകത്തുള്ള പ
രദെശികളിൽ എങ്കിലും ദരിദ്രതയും
സാധുത്വവുമുള്ള കൂലിക്കാരനെ നീ
ഞെരുക്കരുത.

൰൫ നീ അവന്റെ നാളിൽ അ
വന്റെ കൂലി [അവന] കൊടുക്കെ
ണം, ആദിത്യൻ അതിന്മെൽ അ
സ്തമിക്കയും അരുത: എന്തകൊണ്ടെ
ന്നാൽ അവൻ ദരിദ്രനും, അതി
ന്മെൽ തന്റെ മനസ്സ വെക്കുന്ന
വനും [ആകുന്നു:] അവൻ നിന
ക്ക വിരൊധമായി യഹൊവായെ
നൊക്കി വിളിക്കയും, അത നിനക്ക
പാപമാകയും ചെയ്യാതെ ഇരിക്കെ
ണ്ടുന്നതിന ആകുന്നു.

൰൬ പുത്രന്മാൎക്ക വെണ്ടി പിതാ
ക്കന്മാർ കൊല്ലപ്പെടരുത, പിതാക്ക
ന്മാൎക്ക വെണ്ടി പുത്രന്മാർ കുലചെ
യ്യപ്പെടുകയുമരുത: അവനവൻ ത
ന്റെ തന്റെ പാപം നിമിത്തം കു
ല ചെയ്യപ്പെടെണം.

൰൭ നീ പരദെശിയുടെയും പി
താവില്ലാത്തവന്റെയും ന്യായത്തെ
മറിക്കാതെയും, വിധവയുടെ വസ്ത്ര
ത്തെ പണയമായിട്ട വാങ്ങാതെ
യും;

൰൮ നീ മിസ്രയിമിൽ അടിമയാ
യിരുന്നു എന്നും, നിന്റെ ദൈവ
മായ യഹൊവാ നിന്നെ അവി
ടെനിന്ന വീണ്ടെടുത്തു എന്നും ഒ
ൎക്കെണം: അതകൊണ്ട ഇക്കാൎയ്യ
ത്തെ ചെയ്യാൻ ഞാൻ നിന്നൊട
കല്പിക്കുന്നു.

൰൯ നീ നിന്റെ വയലിൽ നി
ന്റെ വിളവിനെ കൊയ്യിട്ട, വയ
ലിൽ ഒരു കറ്റയെ മറന്നുപൊന്നാ
ൽ, അതിനെ എടുപ്പാനായിട്ട നീ
തിരികെ പൊകരുത: നിന്റെ ദൈ
വമായ യഹൊവാ നിന്റെ കൈ
കളുടെ എല്ലാ ക്രിയയിലും നിന്നെ
അനുഗ്രഹിക്കെണ്ടുന്നതിന, അത
പരദെശിക്കും, പിതാവില്ലാത്തവ
നും, വിധവെക്കും ഇരിക്കെണം.

൨൰ നീ നിന്റെ ഒലിവ വൃക്ഷ
ത്തെ തല്ലുമ്പൊൾ, നിന്റെ പിറ
കെ കൊമ്പുകളെ തപ്പി പറിക്കരു
ത: അത പരദെശിക്കും, പിതാവി
ല്ലാത്തവനും, വിധവെക്കും ഇരി
ക്കെണം.

൨൰൧ നീനിന്റെ മുന്തിരിങ്ങാ തൊട്ട
ത്തിലെ പഴങ്ങളെ പറിക്കുമ്പൊ
ൾ നിന്റെ പിറകെ പെറുക്കരു
ത: അത പരദെശിക്കും, പിതാവി
ല്ലാത്തവനും, വിധവെക്കും ഇരി
ക്കെണം.

൨൰൨ നീ മിസ്രയിം ദെശത്ത അടി

മയായിരുന്നു എന്ന നീ ഒൎക്കെണം:
അതകൊണ്ട ഈ കാൎയ്യത്തെ ചെയ്വാ
ൻ ഞാൻ നിന്നൊട കല്പിക്കുന്നു.

൨൫ അദ്ധ്യായം.

൧ നാല്പത അടികളിൽ അധികം അടിക്കരുത.
൪ കാള വാകെട്ടപ്പെടരുത.—൫ സഹൊദര
ന്ന സന്തതിയെ ഉണ്ടാക്കുന്നതിനെ കുറിച്ച,—
൧൩ അന്യായമുള്ള പടികളെ കുറിച്ച,—൧൭
അമലെക്കിനെ കുറിച്ചുള്ള ഒൎമ്മ മാച്ചുകളപ്പെടെ
ണം എന്നത.

൧ മനുഷ്യർ തമ്മിൽ വ്യവഹാരം ഉ
ണ്ടായി, അവരൊട ന്യായം വി
സ്താരിക്കപ്പെട്ടവാനായിട്ട അവർ
ന്യായസ്ഥലത്തിന അടുത്ത വന്നാ
ൽ, [ന്യായാധിപതിമാർ] നീതിമാ
നെ നീതികരിക്കയും, ദുഷ്ടന കുററം
വിധിക്കയും വെണം.
൨ ദുഷ്ടൻ അടികൾക്ക യൊഗ്യ
നാകുന്നു എങ്കിൽ, ഇപ്രകാരം വെ
ണം, ന്യായാധിപതി അവനെ താ
ഴത്ത കിടത്തിച്ച, അവന്റെ കുററ
ത്തിന തക്കതായി അവനെ തന്റെ
മുമ്പാകെ എണ്ണത്തിൽ അടിപ്പിക്കെ
ണം.
൩ അവനെ നാല്പത അടി അടി
പ്പിക്കാം, അവൻ കൂട്ടി, അവനെ അ
വയിലും അധികം അടിപ്പിക്കുന്ന
തിനാൽ നിന്റെ സഹൊദരൻ നി
ന്റെ കണ്ണുകൾക്ക മുമ്പാകെ ല
ജ്ജിക്കാതെ ഇരിപ്പാനായിട്ട അവ
യിൽ കൂട്ടരുത.
൪ കാള മെതിക്കുമ്പൊൾ നീ അ
തിന്റെ വാ കെട്ടരുത.
൫ ¶ സഹൊദരന്മാർ ഒന്നിച്ച
പാൎക്കുമ്പൊൾ അവരിൽ ഒരുത്തൻ
പുത്രനില്ലാതെ മരിച്ചാൽ, മരിച്ചവ
ന്റെ ഭാൎയ്യ പുറത്തുള്ള അന്യന ആ
കരുത: അവളുടെ ഭൎത്താവിന്റെ സ
ഹൊദരൻ അവളുടെ അടുക്കൽ പ്ര
വെശിച്ച, അവളെ തനിക്ക ഭാൎയ്യ
യായിട്ട കൈക്കൊണ്ട, അവളൊട
ഭൎത്താവിന്റെ സഹൊദര മുറയെ
നടത്തെണം.
൬ പിന്നെ മരിച്ചിട്ടുള്ള അവന്റെ
സഹൊദരന്റെ നാമം യിസ്രാഎ
ലിൽ മായപ്പെടാതെ കണ്ട, അവ
ന്റെ നാമത്തെ അവൾ പ്രസ
വിക്കുന്ന പ്രഥമ പുത്രൻ ധരിക്കെ
ണ്ടിവരും.
൭ തന്റെ സഹൊദരന്റെ ഭാ
ൎയ്യയെ കൈക്കൊൾവാൻ ആ മനു
ഷ്യന മനസ്സില്ലാതെ ഇരുന്നാൽ,
അവന്റെ സഹൊദരന്റെ ഭാൎയ്യ
വാതുക്കൽ മൂപ്പന്മാരുടെ അടുക്കൽ
ചെന്ന, എന്റെ ഭൎത്താവിന്റെ സ
ഹൊദരൻ തന്റെ സഹൊദരന
നാമത്തെ യിസ്രാഎലിൽ നിലനി
ൎത്തുവാൻ സമ്മതമില്ലാത്തവനായി
രിക്കുന്നു; എന്റെ ഭൎത്താവിന്റെ
സഹൊദര മുറയെ നടത്തുവാൻ
അവന മനസ്സില്ല എന്ന പറയെ
ണം.
൮ അപ്പൊൾ അവന്റെ പട്ടണ
ത്തിലെ മൂപ്പന്മാർ അവനെ വിളി
ച്ച, അവനൊട സംസാരിക്കെണം:
എന്നാൽ അവൻ നിലയായി നി
ന്ന, അവളെ കൈക്കൊൾവാൻ ഇ
നിക്ക മനസ്സില്ല എന്ന പറഞ്ഞാൽ,
൯ അപ്പൊൾ അവന്റെ സഹൊ
ദരന്റെ ഭാൎയ്യ മൂപ്പന്മാരുടെ മുമ്പാ
കെ അവന്റെ അടുക്കൽ ചെന്ന,
അവന്റെ കാലിൽനിന്ന അവ
ന്റെ ചെരിപ്പിനെ അഴിച്ച, അവ
ന്റെ മുഖത്ത തുപ്പി, തന്റെ സ
ഹൊദരന്റെ ഭവനത്തെ പണി
യാത്ത മനുഷ്യനൊട ഇപ്രകാരം
ചെയ്യപ്പെട്ടമെന്ന പ്രത്യുത്തരമായി
പറയെണം.
൧൦ ചെരിപ്പ അഴിക്കപ്പെട്ടവന്റെ
വീട എന്ന യിസ്രാഎലിൽ അവ
ന്റെ നാമം വിളിക്കപ്പെടുകയും
വെണം.

൧൧ മനുഷ്യർ തമ്മിൽ തമ്മിൽ ശ
ണ്ഠ കൂടുമ്പൊൾ ഒരുത്തന്റെ ഭാൎയ്യ
തന്റെ ഭൎത്താവിനെ അവനെ അ
ടിക്കുന്നവന്റെ കയ്യിൽനിന്ന വി
ടുവിക്കുന്നതിനായിട്ടുഅടുക്കൽ ചെ
ന്ന, തന്റെ കൈ നീട്ടി, ഇവനെ
രഹസ്യ സ്ഥലത്ത പിടിച്ചാൽ,
൧൨ നീ അവളുടെ കയ്യിനെ വെ
ട്ടികളയെണം, നിന്റെ കണ്ണ കരു
ണ ചെയ്യാതെ ഇരിക്കെണം.
൧൩ ¶ നിന്റെ ഉറുപ്പയിൽ വലി
യതും ചെറിയതുമായ വെവ്വെറെ
കട്ടികൾ നിനക്ക ഉണ്ടാകരുത.
൧൪ നിന്റെ ഭവനത്തിൽ വലി
യതും ചെറിയതുമായ വെവ്വെറെ
പറകൾ നിനക്ക ഉണ്ടാകരുത.
൧൫ നിന്റെ ദൈവമായ യ
ഹൊവാ നിനക്ക തരുന്ന ദെശത്ത
നിന്റെ നാളുകൾ ദീൎഘമാകുവാനാ
യിട്ടു, ഒത്തതായും നീതിയായുമുള്ള
കട്ടി നിനക്ക ഉണ്ടാകെണം, ഒത്ത
തായും നീതിയായുമുള്ള പറയും നി
നക്ക ഉണ്ടാകെണം.
൧൬ എന്തകൊണ്ടെന്നാൽ ഇവ
യെ ചെയ്യുന്ന എല്ലാവനും, അന്യാ
യം ചെയ്യുന്ന എല്ലാവനും നിന്റെ
ദൈവമായ യഹൊവായിക്ക വെ
റുപ്പ [ആകുന്നു.]
൧൭ ¶ നിങ്ങൾ മിസ്രയിമിൽനിന്ന
പുറപ്പെട്ടുവരുമ്പൊൾ,വഴിയിൽ അ
മലെക്ക നിന്നൊട ചെയ്തതിനെ,
൧൮ എങ്ങിനെ അവൻ വഴിയി
ൽ നിനക്ക നെരെ വന്ന, നീ വ
ലഞ്ഞ തളൎന്നിരിക്കുമ്പൊൾ നി
ന്റെ പിറകെ നിന്റെ പിന്നാ
ലെ വരുന്ന ശക്തിഹീനന്മാരെ എ
ല്ലാവരെയും കൊന്നു എന്നും, അ
വൻ ദൈവത്തെ ഭയപ്പെടാതെ ഇ
രുന്നു എന്നും ഓൎത്തുകൊൾക.
൧൯ ആകയാൽ ഇപ്രകാരം ഉ
ണ്ടാകും, നിന്റെ ദൈവമായ യ
ഹൊവാ നിനക്ക അതിനെ അനു
ഭവിക്കുന്നതിന അവകാശമായി
തരുന്ന ദെശത്ത, ചുററുമുള്ള നി
ന്റെ സകല ശത്രുക്കളിൽനിന്നും
നിന്റെ ദൈവമായ യഹൊവാ
നിനക്ക ആശ്വാസം തന്നിരിക്കു
മ്പൊൾ, നീ അമലെക്കിന്റെ ഓൎമ്മ
യെ ആകാശത്തിൻ കീഴിൽനിന്ന
മായിച്ചു കളയെണം: [ഇതിനെ]
നീ മറക്കരുത.

൨൬ അദ്ധ്യായം.

൧ ആദ്യഫലങ്ങളുടെ കൊട്ടയെ വഴിപാടായി
ട്ടു കഴിക്കുന്നവൻ ഏററുപറയുന്നത.—൧൬
ദൈവവും ജനവും തമ്മിലുള്ള ഉഭയസമ്മതം.

പിന്നെ നിന്റെ ദൈവമായ
യഹൊവാ നിനക്ക അവകാശമാ
യി തരുന്ന ദെശത്തെക്ക നീ വ
ന്ന, അതിനെ അനുഭവിച്ചു, അതി
ൽ വസിക്കുമ്പൊൾ, ഉണ്ടാകെണ്ടു
ന്നത എന്തെന്നാൽ,
൨ നിന്റെ ദൈവമായ യഹൊ
വാ നിനക്ക തരുന്ന നിന്റെ ദെ
ശത്ത നീ നിന്റെ നിലത്തിൽനി
ന്ന വരുത്തുന്നതായി, നിലത്തി
ലെ എല്ലാ ഫലത്തിലും ആദ്യമുള്ള
തിൽനിന്ന നീ എടുത്ത, ഒരു കൊട്ട
യിൽ വെച്ചു, നിന്റെ ദൈവമാ
യ യഹൊവാ അവിടെ തന്റെ നാ
മത്തെ സ്ഥാപിപ്പാൻ തെരിഞ്ഞെടു
ക്കുന്ന സ്ഥലത്തെക്ക പൊകെണം.
൩ ആ നാളുകളിൽ ഇരിക്കുന്ന
ആചാൎയ്യന്റെ അടുക്കൽ നീ ചെ
ന്ന; അവനൊട, നമുക്ക തരുവാൻ
യഹൊവാ നമ്മുടെ പിതാക്കന്മാ
രൊട ആണയിട്ടിട്ടുള്ള ദെശത്തെ
ക്ക ഞാൻ വന്നിരിക്കുന്നു എന്ന ഇ
ന്ന നിന്റെ ദൈവമായ യഹൊ
വായൊട ഞാൻ അറിയിക്കുന്നു എ
ന്ന, പറകയും വെണം.

൪ അപ്പൊൾ ആചാൎയ്യൻ ആ
കൊട്ടയെ നിന്റെ കയ്യിൽനിന്ന
വാങ്ങി, അതിനെ നിന്റെ ദൈവ
മായ യഹൊവായുടെ ബലിപീഠ
ത്തിന മുമ്പാകെ വെക്കെണം.

൫ പിന്നെ നീ നിന്റെ ദൈവ
മായ യഹൊവായുടെ മുമ്പാകെ സം
സാരിക്കെണ്ടുന്നത എന്തെന്നാൽ,
എന്റെ പിതാവ നശിക്കുമാറായ
സുറിയാക്കാരനായിരുന്നു, അവൻ
മിസ്രയിമിലെക്ക ഇറങ്ങി, അവി
ടെ കുറെ ജനങ്ങളൊട കൂടെ പര
ദെശിയായി പാൎത്തു, അവിടെ വ
ലിയതായും ബലമായും വളരെയാ
യുമുള്ള ജാതിയായി തീൎന്നു:

൬ എന്നാൽ മിസ്രയക്കാർ ഞങ്ങ
ളൊട ദൊഷം ചെയ്തു, ഞങ്ങളെ
ഞെരുക്കി, ഞങ്ങളുടെ മെൽ കഠിന
വെല ചുമത്തി:

൭ അപ്പൊൾ ഞങ്ങളുടെ പിതാ
ക്കന്മാരുടെ ദൈവമായ യഹൊവാ
യെ ഞങ്ങൾ നൊക്കി വിളിച്ചു, യ
ഹൊവാ ഞങ്ങളുടെ ശബ്ദത്തെ കെ
ട്ടു, ഞങ്ങളുടെ ഞെരുക്കത്തെയും, ഞ
ങ്ങളുടെ പ്രയാസത്തെയും, ഞങ്ങ
ളുടെ ഉപദ്രവത്തെയും കണ്ടു:

൮ യഹൊവാ ശക്തിയുള്ള കൈ
കൊണ്ടും, നീട്ടപ്പെട്ട ഭുജം കൊണ്ടും,
മഹാ ഭയങ്കരത്വം കൊണ്ടും, അട
യാളങ്ങൾ കൊണ്ടും, അത്ഭുതങ്ങൾ
കൊണ്ടും ഞങ്ങളെ മിസ്രയിമിൽ
നിന്ന കൊണ്ടുവന്നു:

൯ അവൻ ഞങ്ങളെ ഈ സ്ഥ
ലത്തെക്ക കൂട്ടി കൊണ്ടുവന്ന, പാ
ലും തെനും ഒഴുകുന്ന ദെശമായ ഈ
ദെശത്തെയും ഞങ്ങൾക്ക തന്നിരി
ക്കുന്നു.

൰ ഇതാ, യഹൊവായെ, നീ ഇ
നിക്ക തന്നിട്ടുള്ള നിലത്തിലെ ആ
ദ്യഫലത്തെ ഞാൻ ഇപ്പൊൾ കൊ
ണ്ടുവന്നിരിക്കുന്നു. പിന്നെ നീ അ
തിനെ നിന്റെ ദൈവമായ യ
ഹൊവായുടെ മുമ്പാകെ വെച്ചു, നി
ന്റെ ദൈവമായ യഹൊവായുടെ
മുമ്പാകെ വന്ദിക്കെണം.

൰൧ നീയും ലെവിയക്കാരനും നി
ങ്ങളുടെ ഇടയിൽ ഉള്ള പരദെശി
യും, നിന്റെ ദൈവമായ യഹൊ
വാ നിനക്കും, നിന്റെ ഭവനത്തി
നും തന്നിട്ടുള്ള സകല നന്മയിലും
സന്തൊഷിക്കയും വെണം.

൰൨ ¶ പത്തിലൊന്ന എടുക്കുന്ന
സംവത്സരമായ മൂന്നാം സംവത്സ
രത്തിൽ നീ നിന്റെ എല്ലാ വൎദ്ധന
യിലും പത്തിലൊന്ന എടുത്ത, ലെ
വിയക്കാരന്നും, പരദെശിക്കും, പി
താവില്ലാത്തവന്നും, വിധവെക്കും,
അവർ നിന്റെ വാതിലുകളിൽ ഭ
ക്ഷിച്ചു, തൃപ്തിയാകുംവണ്ണം, നീ
കൊടുത്ത തീൎന്ന ശെഷം,

൰൩ നീ നിന്റെ ദൈവമായ യ
ഹൊവായുടെ മുമ്പാകെ പറയെണ്ടു
ന്നത എന്തെന്നാൽ, നീ എന്നൊ
ട കല്പിച്ചിട്ടുള്ള നിന്റെ സകല ക
ല്പനകളിൻ പ്രകാരവും ഞാൻ ശു
ദ്ധമായുള്ളതിനെ [എന്റെ] ഭവന
ത്തിൽനിന്ന കൊണ്ടുവന്നു, ലെവി
യക്കാരന്നും, പരദെശിക്കും, പിതാ
വില്ലാത്തവന്നും, വിധവെക്കും കൊ
ടുത്തുമിരിക്കുന്നു; ഞാൻ നിന്റെ
കല്പനകളെ ലംഘിച്ചിട്ടുമില്ല, [അ
വയെ] മറന്നിട്ടുമില്ല;

൰൪ ഞാൻ എന്റെ ദുഃഖത്തിൽ
അതിൽനിന്ന ഭക്ഷിച്ചിട്ടുമില്ല, അ
ശുദ്ധിയുള്ള കാൎയ്യത്തിന അതിൽ
നിന്ന ഞാൻ എടുത്തിട്ടുമില്ല, മരിച്ച
വന അതിൽനിന്ന കൊടുത്തിട്ടുമി
ല്ല; ഞാൻ എന്റെ ദൈവമായ യ
ഹൊവായുടെ ശബ്ദത്തെ ചെവി
ക്കൊണ്ടു, നീ എന്നൊട കല്പിച്ചപ്ര

കാരം ഒക്കെയും ചെയ്യിരിക്കുന്നു.

൧൫ നീ നിന്റെ ശുദ്ധമുള്ള വാസസ്ഥലമായ സ്വൎഗ്ഗത്തിൽനിന്ന നൊക്കി, നിന്റെ ജനമായ യിസ്രാഎലിനെയും, നീ ഞങ്ങളുടെ പിതാക്കന്മാരൊട ആണയിട്ട പ്രകാരം, ഞങ്ങൾക്ക തന്നിട്ടുള്ള ദെശമായ പാലും തെനും ഒഴുകുന്ന ദെശത്തെയും അനുഗ്രഹിക്കെണമെ.

൧൬ ¶ ൟ ചട്ടങ്ങളെയും ന്യായങ്ങളെയും ആചരിപ്പാൻ ഇന്ന നിന്റെ ദൈവമായ യഹൊവാ നിന്നൊട കല്പിച്ചിരിക്കുന്നു: അത കൊണ്ട നീ അവയെ നിന്റെ പൂൎണ്ണ ഹൃദയം കൊണ്ടും, നിന്റെ പൂൎണ്ണ ആത്മാവ കൊണ്ടും പ്രമാണിച്ച, ചെയ്യെണം.

൧൭ യഹൊവാ നിനക്ക ദൈവമാകുന്നതിനും, അവന്റെ വഴികളിൽ നടന്ന, അവന്റെ ചട്ടങ്ങളെയും, അവന്റെ കല്പനകളെയും, അവന്റെ ന്യായങ്ങളെയും പ്രമാണിച്ച, അവന്റെ ശബ്ദത്തെ ചെവിക്കൊള്ളുന്നതിനും നീ ഇന്ന വാക്ക കൊടുത്തു;

൧൮ യഹൊവായും, അവൻ നിന്നൊട വാഗ്ദത്തം ചെയ്യപ്രകാരം നീ തനിക്ക പ്രത്യെകമുള്ള ജനമായിരിക്കുന്നതിനും, നീ തന്റെ കല്പനകളെ ഒക്കെയും പ്രമാണിക്കുന്നതിനും,

൧൯ താൻ ഉണ്ടാക്കിയ സകല ജാതികളുടെ മെലും നിന്നെ സ്തുതിയിലും, നാമത്തിലും, മാനത്തിലും ഉന്നതമാക്കുന്നതിനും, താൻ പറഞ്ഞ പ്രകാരം നീ നിന്റെ ദൈവമായ യഹൊവായിക്ക ശുദ്ധ ജനമായിരിക്കുന്നതിനും, ഇന്ന വാക്ക തന്നു.

൨൭ അദ്ധ്യായം.

൧ ജനം ന്യായപ്രമാണത്തെ കല്ലുകളിന്മെൽ എഴുതുകയും,—൫. ഒററ കല്ലുകൾ കൊണ്ട ബലിപീഠത്തെ പണിയിക്കയും ചെയ്യെണം എന്നത,—൧൪. എബാൽ പൎവതത്തിൽനിന്നുള്ള ശാപങ്ങൾ.

പിന്നെയും മൊശെ യിസ്രാഎലിന്റെ മൂപ്പന്മാരൊട കൂടെ, ജനത്തൊട കല്പിച്ചത എന്തെന്നാൽ, ഞാൻ ഇന്ന നിങ്ങളൊട കല്പിക്കുന്ന സകല കല്പനകളെയും പ്രമാണിപ്പിൻ:

൨ പിന്നെ ഉണ്ടാകുന്നത എന്തെന്നാൽ, നിന്റെ ദൈവമായ യഹൊവാ നിനക്ക തരുന്ന ദെശത്തെക്ക നിങ്ങൾ യദ്രൈനെ കടക്കുന്ന ദിവസത്തിൽ നീ നിനക്ക വലിയ കല്ലുകളെ നിൎത്തി, അവയെ ചുണ്ണാമ്പുകൊണ്ട തെക്കെണം:

൩ നിന്റെ പിതാക്കന്മാരുടെ ദൈവമായ യഹൊവാ നിന്നൊട വാഗ്ദത്തം ചെയ്യ പ്രകാരം നിന്റെ ദൈവമായ യഹൊവാ നിനക്ക തരുന്ന ദെശമായ, പാലും തെനും ഒഴുകുന്ന ദെശത്തെക്ക പ്രവെശിപ്പാൻ കടന്ന ശെഷം, നീ ൟ ന്യായപ്രമാണത്തിന്റെ വചനങ്ങളെ എല്ലാം അവയിൽ എഴുതുകയും വെണം.

൪ ആകയാൽ ഇപ്രകാരം ഉണ്ടാകും, നിങ്ങൾ യദ്രൈനെ കടന്നിട്ട, ഞാൻ ഇന്ന നിങ്ങളൊട കല്പിക്കുന്ന ൟ കല്ലുകളെ നിങ്ങൾ എബാൽ പൎവതത്തിൽ നിൎത്തുകയും, നീ അവയെ ചുണ്ണാമ്പ കൊണ്ട തെക്കുകയും വെണം.

൫ അവിടെ നിന്റെ ദൈവമായ യാഹൊവായിക്ക ഒരു ബലിപീഠത്തെ, കല്ലുകൾ കൊണ്ടുള്ള ബലി പീഠത്തെ തന്നെ, നീ പണിയെണം: നീ അവയുടെ മെൽ ഇരിമ്പ കൊള്ളിക്കരുത.

൬ നീ നിന്റെ ദൈവമായ യ
ഹൊവായുടെ ബലിപീഠത്തെ മുഴു
വൻ കല്ലുകൾ കൊണ്ട പണിയെ
ണം, നീ അതിന്റെ മെൽ നിന്റെ
ദൈവമായ യഹൊവായിക്ക ഹൊ
മബലികളെ കഴിക്കയും വെണം.

൭ നീ സമാധാന ബലികളെയും
കഴിച്ച, അവിടെ ഭക്ഷിച്ച, നിന്റെ
ദൈവമായ യഹൊവായിക്ക മു
മ്പാകെ സന്തൊഷിക്കെണം.

൮ നീ ആ കല്ലുകളിൽ ഈ ന്യായ
പ്രമാണത്തിന്റെ വചനങ്ങളെ
ഒക്കെയും നന്നായി തെളിയിച്ച എ
ഴുതുകയും വെണം.

൯ പിന്നെയും മൊശെയും, ലെ
വിയക്കാരായ ആചാൎയ്യന്മാരും എ
ല്ലാ യിസ്രാഎലിനൊടും സംസാ
രിച്ച പറഞ്ഞു, യിസ്രാഎലെ, സൂ
ക്ഷിച്ച, കെൾക്ക; ഇദ്ദിവസം നീ
നിന്റെ ദൈവമായ യഹൊവാ
യിക്ക ജനമായി തീൎന്നു.

൧൦ അതകൊണ്ട നീ നിന്റെ
ദൈവമായ യഹൊവായുടെ ശബ്ദ
ത്തെ അനുസരിച്ച, ഞാൻ ഇന്ന
നിന്നൊട കല്പിക്കുന്ന അവന്റെ
കല്പനകളെയും അവന്റെ ചട്ടങ്ങ
ളെയും ആചരിക്കെണം.

൧൧ ¶ അദ്ദിവസം മൊശെ ജന
ത്തൊട കല്പിച്ചത എന്തെന്നാൽ,

൧൨ നിങ്ങൾ യൎദ്ദെനെ കടന്ന
ശെഷം, ജനത്തെ അനുഗ്രഹിക്കു
ന്നതിന ഗെറിസിം പൎവ്വതത്തിന്മെ
ൽ നില്ക്കെണ്ടുന്നവർ ഇവർ, ശിമ
ഒൻ, ലെവി, യെഹൂദാ, ഇസ്സഖാ
ർ, യൊസെഫ, ബെന്യാമിൻ.

൧൩ ശപിക്കുന്നതിന എബാൽ
പൎവ്വതത്തിന്മെൽ നില്ക്കെണ്ടുന്നവ
ർ ഇവർ, രൂബെൻ, ഗാദ, ആശർ,
സെബുലുൻ, ദാൻ, നപ്താലി.

൧൪ അപ്പൊൾ ലെവിയക്കാർ യി
സ്രാഎൽ മനുഷ്യരൊട എല്ലാവരൊ
ടും ഉറച്ച ശബ്ദത്തൊടെ പറയെ
ണ്ടുന്നത എന്തെന്നാൽ,

൧൫ കൌശലക്കാരന്റെ കൈ
വെലയായി, കൊത്തപ്പെട്ട, അല്ലെ
ങ്കിൽ വാൎപ്പിക്കപ്പെട്ടതായി, യഹൊ
വായിക്ക വെറുപ്പാകുന്ന യാതൊ
രു വിഗ്രഹത്തെയും ഉണ്ടാക്കി, [അ
തിനെ] ഒരു രഹസ്യസ്ഥലത്ത വെ
ക്കുന്നവൻ ശപിക്കപ്പെട്ടവൻ: ജ
നമെല്ലാം ഉത്തരമായിട്ട, ആമെൻ,
എന്ന പറയെണം.

൧൬ തന്റെ പിതാവിനെ എങ്കി
ലും, തന്റെ മാതാവിനെ എങ്കിലും
ദുഷിക്കുന്നവൻ ശപിക്കപ്പെട്ടവ
ൻ: ജനം എല്ലാം, ആമെൻ, എന്ന
പറയെണം.

൧൭ തന്റെ അയല്ക്കാരന്റെ അ
തൃത്തിയെ നീക്കുന്നവൻ ശപിക്ക
പ്പെട്ടവൻ: ജനം എല്ലാം, ആമെൻ,
എന്ന പറയെണം.

൧൮ കുരുടനെ വഴിതെറ്റിക്കുന്ന
വൻ ശപിക്കപ്പെട്ടവൻ: ജനം എ
ല്ലാം, ആമെൻ, എന്ന പറയെണം.

൧൯ പരദെശിയുടെയും, പിതാ
വില്ലാത്തവന്റെയും, വിധവയുടെ
യും ന്യായത്തെ മറിക്കുന്നവൻ ശ
പിക്കപ്പെട്ടവൻ: ജനം എല്ലാം,
ആമെൻ, എന്ന പറയെണം.

൨൦ തന്റെ പിതാവിന്റെ ഭാൎയ്യ
യൊട കൂടെ ശയിക്കുന്നവൻ, അ
വൻ തന്റെ പിതാവിന്റെ വ
സ്ത്രത്തെ തുറക്ക കൊണ്ട, ശപിക്ക
പ്പെട്ടവൻ: ജനം എല്ലാം, ആമെൻ,
എന്ന പറയെണം.

൨൧ യാതൊരു മൃഗത്തൊടും കൂടെ
ശയിക്കുന്നവൻ ശപിക്കപ്പെട്ടവ
ൻ: ജനം എല്ലാം, ആമെൻ, എന്ന
പറയെണം.

൨൨ തന്റെ പിതാവിന്റെ പു

ത്രിയായ അല്ലെങ്കിൽ തന്റെ മാ
താവിന്റെ പുത്രിയായ തന്റെ സ
ഹൊദരിയൊട കൂടെ ശയിക്കുന്ന
വൻ ശപിക്കപ്പെട്ടവൻ: ജനം എ
ല്ലാം, ആമെൻ, എന്ന പറയെണം.
൨൩ തന്റെ ഭാൎയ്യയുടെ അമ്മ
യൊട കൂടെ ശയിക്കുന്നവൻ ശ
പിക്കപ്പെട്ടവൻ: ജനം എല്ലാം, ആ
മെൻ, എന്ന പറയെണം.
൨൪ തന്റെ അയല്ക്കാരനെ രഹ
സ്യമായിട്ട കുല ചെയ്യുന്നവൻ ശ
പിക്കപ്പെട്ടവൻ: ജനം എല്ലാം, ആ
മെൻ, എന്ന പറയെണം.
൨൫ കുററമില്ലാത്ത ഒരു ആളിനെ
കുല ചെയ്യുന്നതിന കൈക്കൂലി
വാങ്ങുന്നവൻ ശപിക്കപ്പെട്ടവൻ:
ജനം എല്ലാം, ആമെൻ, എന്ന പ
റയെണം.
൨൬ ഈ ന്യായപ്രമാണത്തിലെ
വചനങ്ങളെ ആചരിപ്പാൻ അ
വയെ സ്ഥിരമാക്കാത്തവൻ ശപി
ക്കപ്പെട്ടവൻ : ജനം എല്ലാം, ആ
മെൻ, എന്ന പറയെണം.

൨൮ അദ്ധ്യായം.

൧ അനുസരണത്തിനുള്ള അനുഗ്രഹങ്ങൾ,—൧൫ അനുസരണക്കെടിനുള്ള ശാപങ്ങൾ.

ഞാൻ ഇന്ന നിന്നൊട കല്പി
ക്കുന്ന നിന്റെ ദൈവമായ യ
ഹൊവായുടെ സകല കല്പനകളെ
യും ആചരിപ്പാൻ പ്രമാണിക്കെ
ണ്ടുന്നതിന, നീ അവന്റെ ശബ്ദ
ത്തെ ജാഗ്രതയായി ചെവിക്കൊ
ണ്ടാൽ, നിന്റെ ദൈവമായ യ
ഹൊവാ നിന്നെ ഭൂമിയിലുള്ള സ
കല ജാതികളുടെ മെലും ശ്രെഷ്ഠത
യായി ആക്കും എന്നുള്ളത ഉണ്ടാ
കും:
൨ അത്രയുമല്ല, നീ നിന്റെ ദൈ
വമായ യഹൊവായുടെ ശബ്ദത്തെ
ചെവിക്കൊണ്ടാൽ, ഈ അനുഗ്ര
ഹങ്ങൾ എല്ലാം നിന്റെ മെൽ വ
ന്ന, നിനക്ക ഫലിക്കും.
൩ നീ പട്ടണത്തിലും അനുഗ്ര
ഹിക്കപ്പെട്ടവൻ [ആകും,] നീ വ
യലിലും അനുഗ്രഹിക്കപ്പെട്ടവൻ
[ആകും.]
൪ നിന്റെ ഗൎഭത്തിലെ ഫലവും,
നിന്റെ ഭൂമിയിലെ ഫലവും, നി
ന്റെ മൃഗങ്ങളുടെ ഫലവും, നി
ന്റെ കന്നുകാലികളുടെ വൎദ്ധന
യും, നിന്റെ ആട്ടിൻ കൂട്ടങ്ങളും അ
നുഗ്രഹിക്കപ്പെട്ടിരിക്കും.
൫ നിന്റെ കൊട്ടയും മാവു കുഴെ
ക്കുന്ന തൊട്ടിയും അനുഗ്രഹിക്ക
പ്പെട്ടിരിക്കും.
൬ നീ അകത്ത വരുമ്പൊഴും നീ
അനുഗ്രഹിക്കപ്പെട്ടവൻ [ആകും,]
നീ പുറത്ത പൊകുമ്പൊഴും നീ അ
നുഗ്രഹിക്കപ്പെട്ടവൻ [ആകും.]
൭ നിനക്ക വിരൊധമായി എഴ
നീല്ക്കുന്ന നിന്റെ ശത്രുക്കളെ നി
ന്റെ മുമ്പാകെ വെട്ടപ്പെടുന്നതിന
യഹൊവാ എല്പിക്കും: അവർ ഒരു
വഴിയായി നിനക്കവിരൊധമായി
പുറപ്പെട്ട വരും, എഴ വഴിയായി നി
ന്റെ മുമ്പിൽനിന്ന ഒടിപ്പൊകും.
൮ യഹൊവാ നിന്റെ പത്തായ
ങ്ങളിലും നീ നിന്റെ കൈ വെക്കു
ന്ന സകലത്തിലും നിനക്ക അനു
ഗ്രഹം കല്പിക്കും; നിന്റെ ദൈവ
മായ യഹൊവാ നിനക്ക തരുന്ന
ദെശത്ത അവൻ നിന്നെ അനു
ഗ്രഹിക്കയും ചെയ്യും.
൯ നീ നിന്റെ ദൈവമായ യ
ഹൊവായുടെ കല്പനകളെ പ്രമാ
ണിച്ച, അവന്റെ വഴികളിൽ നട
ന്നാൽ, യഹൊവാ നിന്നൊട ആ
ണയിട്ട പ്രകാരം, അവൻ നിന്നെ
തനിക്ക ശുദ്ധജനമായി സ്ഥിരപ്പെ
ടുത്തും.

൰ യഹൊവായുടെ നാമം നി
ന്നിൽ വിളിക്കപ്പെട്ടിരിക്കുന്നു എ
ന്ന ഭൂമിയിലുള്ള സകല ജനങ്ങ
ളും കാണും; അവർ നിന്നെ കുറി
ച്ച ഭയപ്പെടുകയും ചെയ്യും.

൰൧ നിനക്ക തരുമെന്ന യഹൊ
വാ നിന്റെ പിതാക്കന്മാരൊട ആ
ണയിട്ടിട്ടുള്ള ദെശത്ത യഹൊവാ
നിന്റെ ഗൎഭത്തിലെ ഫലത്തിലും,
നിന്റെ മൃഗങ്ങളുടെ ഫലത്തിലും,
നിന്റെ ഭൂമിയിലെ ഫലത്തിലും,
നിന്നെ നന്മെക്കായി പരിപൂൎണ്ണ
തപ്പെടുത്തും.

൰൨ തക്കകാലത്ത നിന്റെ ദെശ
ത്തിന മഴ തരുവാനും, നിന്റെ
കൈവെലയെ ഒക്കെയും അനുഗ്ര
ഹിപ്പാനും യഹൊവാ നിനക്ക ത
ന്റെ നല്ല നിക്ഷെപമാകുന്ന സ്വ
ൎഗ്ഗത്തെ തുറക്കും; നീ അനെകം ജാ
തികൾക്ക വായ്പ കൊടുക്കും, എന്നാ
ൽ നീ വായ്പ വാങ്ങുകയില്ല.

൰൩ ഞാൻ ഇന്ന നിന്നൊട ക
ല്പിക്കുന്ന നിന്റെ ദൈവമായ യ
ഹൊവായുടെ കല്പനകളെ പ്രമാ
ണിച്ച, ചെയ്വാൻ, അവയെ നീ
ചെവിക്കൊണ്ടാൽ, യഹൊവാ നി
ന്നെ വാൽ അല്ല, തല ആക്കും; നീ
മെലെ തന്നെ ഇരിക്കും, നീ കീഴെ
ആകയില്ല.

൰൪ ഞാൻ ഇന്ന നിങ്ങളൊട ക
ല്പിക്കുന്ന സകല വചനങ്ങളിൽനി
ന്നും, അന്യ ദൈവങ്ങളെ സെവി
പ്പാൻ പിന്തുടരുവാനായിട്ട, നീ വ
ലത്തൊട്ടെങ്കിലും, ഇടത്തൊട്ടെങ്കി
ലും അകലാതെ ഇരിക്കയും വെണം.

൰൫ ¶ എന്നാലും ഞാൻ ഇന്ന
നിന്നൊട കല്പിക്കുന്ന നിന്റെ ദൈ
വമായ യഹൊവായുടെ എല്ലാ ക
ല്പനകളെയും ചട്ടങ്ങളെയും ആച
രിപ്പാൻ പ്രമാണിക്കുന്നതിന നീ
അവന്റെ ശബ്ദത്തെ ചെവിക്കൊ
ള്ളാതെ ഇരുന്നാൽ, ഇപ്രകാരം ഉ
ണ്ടാകും, ഈ ശാപങ്ങൾ ഒക്കെയും
നിന്റെ മെൽ വന്ന, നിനക്ക ഫ
ലിക്കും.

൰൬ നീ പട്ടണത്തിലും ശപിക്ക
പ്പെട്ടവൻ [ആകും,] നീ വയലിലും
ശപിക്കപ്പെട്ടവൻ [ആകും.]

൰൭ നിന്റെ കൊട്ടയും മാവു കുഴെ
ക്കുന്ന തൊട്ടിയും ശപിക്കപ്പെട്ടിരി
ക്കും.

൰൮ നിന്റെ ഗൎഭത്തിലെ ഫല
വും, നിന്റെ നിലത്തിലെ ഫല
വും, നിന്റെ കന്നുകാലികളുടെ വ
ൎദ്ധനയും, നിന്റെ ആട്ടിൻ കൂട്ടങ്ങ
ളും ശപിക്കപ്പെട്ടിരിക്കും.

൰൯ നീ അകത്ത വരുമ്പൊഴും
നീ ശപിക്കപ്പെട്ടവൻ [ആകും,] നീ
പുറത്ത പൊകുമ്പൊഴും നീ ശപിക്ക
പ്പെട്ടവൻ [ആകും.]

൨൰ നീ എന്നെ ഉപെക്ഷിച്ചിട്ടു
ള്ള നിന്റെ ദുഷ്ക്രിയകളുടെ നിമി
ത്തം, മുടിഞ്ഞ, നീ ശീഘ്രം നശിച്ച
പൊകുന്നത വരെയും നീ ചെയ്വാ
ൻ നിന്റെ കൈ നീട്ടുന്ന എല്ലാ
റ്റിലും യഹൊവാ നിനക്ക ശാപ
ത്തെയും വ്യസനത്തെയും, ശാസ
നയെയും അയക്കും.

൨൰൧ നീ അതിനെ അനുഭവിപ്പാ
ൻ പ്രവെശിക്കുന്ന ദെശത്തനി
ന്ന നിന്നെ മുടിച്ച കളയുന്നത വ
രെ, യഹൊവാ പകച്ച്വ്യാധി രൊ
ഗത്തെ നിന്നിൽ പിടിപ്പിക്കും.

൨൰൨ യഹൊവാ നിന്നെ ക്ഷയ
രൊഗം കൊണ്ടും, ജ്വരം കൊണ്ടും,
ഉഷ്ണം കൊണ്ടും, ഉണക്ക കൊണ്ടും
വരൾച്ച കൊണ്ടും, വെണ്കതിര കൊ
ണ്ടും, വിഷജ്വരം കൊണ്ടും ബാ
ധിക്കും: നീ നശിക്കുവൊളം ഇവ
നിന്നെ പിന്തുടരുകയും ചെയ്യും.

൨൩ നിന്റെ ശിരസ്സിന്ന മെൽ ഉള്ള നിന്റെ ആകാശം പിച്ചളയും, നിനക്ക കീഴെ ഉള്ള ഭൂമി ഇരിമ്പും [ആകും.]

൨൪ യഹൊവാ നിന്റെ ദെശത്തിലെ മഴയെ പൊടിയും ധൂളിയും ആക്കും: നീ നശിക്കുവൊളം അത ആകാശത്തനിന്ന നിന്റെ മെൽ ഇറങ്ങും.

൨൫ യഹൊവാ നിന്നെ നിന്റെ ശത്രുക്കൾക്ക മുമ്പാകെ വെട്ടപ്പെടുന്നതിന എല്പിക്കും: നീ ഒരു വഴിയായി അവൎക്ക വിരൊധമായി പുറപ്പെടും, എന്നാൽ നീ എഴ വഴിയായി അവരുടെ മുമ്പിൽനിന്ന ഒടിപ്പൊകും; നീ ഭൂമിയുടെ സകല രാജ്യങ്ങളിലെക്കും നീക്കപ്പെടെണ്ടി വരും.

൨൬ നിന്റെ ശവം ആകാശത്തിലെ എല്ലാ പക്ഷികൾക്കും, ഭൂമിയിലെ മൃഗങ്ങൾക്കും ആഹാരം ആകും: [അവയെ] ആട്ടിക്കളയുന്നവൻ ഉണ്ടാകയില്ല.

൨൭ നീ സൌഖ്യമാകുവാൻ കഴിയാതെ കണ്ട, മിസ്രയിമിലെ പരുക്കൾകൊണ്ടും, മൂലവ്യാധികൊണ്ടും ചൊറി കൊണ്ടും, ചിരങ്ങുകൊണ്ടും, യഹൊവാ നിന്നെ ശിക്ഷിക്കും.

൨൮ യഹൊവാ ഭ്രാന്ത കൊണ്ടും, അന്ധത കൊണ്ടും, ഹൃദയ പരിഭ്രമം കൊണ്ടും നിന്നെ ശിക്ഷിക്കും.

൨൯ കുരുടൻ ഇരിട്ടിൽ തപ്പി നടക്കുന്നത പൊലെ, നീ ഉച്ച സമയത്ത തപ്പി നടക്കും; നിന്റെ വഴികളിൽ നീ ശുഭപ്പെടുകയില്ല: നീ എല്ലാ നാളും ഞെരുക്കപ്പെട്ടവനും, കൊള്ളയിടപ്പെട്ടവനും തന്നെ ആകും: [നിനക്ക] രക്ഷിതാവ ഇല്ലാതെയുമിരിക്കും.

൩൦ നീ ഒരു സ്ത്രീയെ നിയമിക്കും, എന്നാൽ മറ്റൊരു പുരുഷൻ അവളൊട കൂടെ ശയിക്കും: നീ ഒരു ഭവനത്തെ പണിയിക്കും, എന്നാൽ നീ അതിൽ വസിക്കയില്ല: നീ ഒരു മുന്തിരിങ്ങാതൊട്ടം ഉണ്ടാക്കും, എന്നാൽ അതിനെ അനുഭവിക്കയില്ല.

൩൧ നിന്റെ കാള നിന്റെ കണ്ണുകൾക്ക മുമ്പാകെ കൊല്ലപ്പെടും, എന്നാൽ നീ അതിൽനിന്ന ഭക്ഷിക്കയില്ല: നിന്റെ കഴുത നിന്റെ മുമ്പിൽനിന്ന അപഹരിക്കപ്പെടും, നിനക്ക തിരികെ കിട്ടുകയുമില്ല; നിന്റെ ആടുകൾ നിന്റെ ശത്രുക്കൾക്ക കൊടുക്കപ്പെടും; [അവയെ] രക്ഷിക്കുന്നവൻ നിനക്ക ഉണ്ടാകയില്ല.

൩൨ നിന്റെ പുത്രന്മാരും നിന്റെ പുത്രിമാരും അന്യ ജനത്തിന കൊടുക്കപ്പെടും, നിന്റെ കണ്ണുകൾ കണ്ട, അവരെ കുറിച്ച എല്ലാ ദിവസവും സങ്കടപ്പെട്ട ക്ഷീണിക്കും, എങ്കിലും നിന്റെ കൈക്ക ബലമില്ലാതെ [ഇരിക്കും.]

൩൩ നിന്റെ ഭൂമിയുടെ ഫലത്തെയും, നിന്റെ എല്ലാ പ്രയത്നത്തെയും നീ അറിയാത്ത ജനം ഭക്ഷിക്കും; നീ എല്ലാ നാളും ഞെരുക്കപ്പെട്ടവനും ചതയപ്പെട്ടവനും തന്നെ ആകും;

൩൪ ആകയാൽ നീ കാണുന്ന നിന്റെ കണ്ണുകളുടെ കാഴ്ചെക്ക നീ ഭ്രാന്തനാകും.

൩൫ നിന്റെ ഉള്ളങ്കാൽ തുടങ്ങി നിന്റെ നെറുക വരെയും, സൌഖ്യപ്പെടുവാൻ കഴിയാതെ കണ്ട, യഹൊവാ നിന്നെ മുഴങ്കാലുകളിലും തുടകളിലും കഠിനമായുള്ള പരുകൊണ്ട ശിക്ഷിക്കും.

൩൬ യഹൊവാ നിന്നെയും, നീ നിന്റെ മെൽ ആക്കിയ രാജാവിനെയും, നീയും നിന്റെ പിതാക്ക

ന്മാരും അറിയാത്ത ജാതിയുടെ അ
ടുക്കൽ പൊകുമാറാക്കും; അവിടെ
നീ മരവും കല്ലുമാകുന്ന മററ ദൈ
വങ്ങളെ സെവിക്കയും ചെയ്യും.
൩൭ യഹൊവാ നിന്നെ എവി
ടെക്ക കൊണ്ടുപൊകുമൊ, അവി
ടത്തെ സകല ജാതികളുടെ ഇടയി
ലും നീ അത്ഭുതത്തിനായിട്ടും; പഴ
ഞ്ചൊല്ലിനായിട്ടും, പരിഹാസത്തി
നായിട്ടും ആകും.
൩൮ നീ വളരെ വിത്തിനെ നി
ലത്തെക്ക കൊണ്ടുപൊകും, എന്നാ
ൽ കുറെ [മാത്രം] കൊയ്യും: എന്ത
കൊണ്ടെന്നാൽ വെട്ടുക്കിളി അതി
നെ ഭക്ഷിച്ചു കളയും.
൩൯ നീ മുന്തിരിങ്ങാ തൊട്ടങ്ങളെ
ഉണ്ടാക്കി, കൃഷി ചെയ്യും; എങ്കിലും
വീഞ്ഞ കുടിക്കയില്ല, [മുന്തിരിങ്ങാ
പഴങ്ങളെ] ശെഖരിക്കയുമില്ല: എ
ന്തകൊണ്ടെന്നാൽ പുഴു അവയെ
ഭക്ഷിക്കും.
൪൦ ഒലിവ വൃക്ഷങ്ങൾ നിനക്ക
നിന്റെ അതൃത്തികളിൽ ഒക്കെയും
ഉണ്ടാകും, എങ്കിലും നീ എണ്ണ കൊ
ണ്ട നിന്നെ തെക്കയില്ല: എന്തകൊ
ണ്ടെന്നാൽ നിന്റെ ഒലിവ വൃ
ക്ഷത്തിന്റെ പിഞ്ചുകൾ കൊഴി
ഞ്ഞുപൊകും.
൪൧ നീ പുത്രന്മാരെയും പുത്രിമാ
രെയും ജനിപ്പിക്കും, എങ്കിലും അ
വർ നിനക്ക ആകയില്ല: എന്തകൊ
ണ്ടെന്നാൽ അവർ അടിമയിലെ
ക്ക പൊകെണ്ടിവരും.
൪൨ നിന്റെ വൃക്ഷങ്ങളെയും നി
ന്റെ ഭൂമിയുടെ ഫലത്തെയും എ
ല്ലാം വെട്ടുകിളി ഭക്ഷിക്കും.
൪൩ നിന്റെ ഇടയിലുള്ള പര
ദെശി നിന്നിൽ മെലായി എററവും
ഉയരപ്പെടും: എന്നാൽ നീ എററവും
താണ ഇളപ്പെടും.
൪൪ നീ അവന വായ്പ കൊടുക്കാ
തെ, അവൻ നിനക്ക വായ്പ തരും:
അവൻ തല ആയിരിക്കും, എന്നാ
ൽ നീ വാൽ ആയിരിക്കും.
൪൫ നിന്റെ ദൈവമായ യ
ഹൊവാ നിനക്ക കല്പിച്ചിട്ടുള്ള അ
വന്റെ കല്പനകളെയും ചട്ടങ്ങളെ
യും പ്രമാണിക്കുന്നതിന, നീ അവ
ന്റെ ശബ്ദത്തെ ചെവിക്കൊള്ളാ
യ്കകൊണ്ട, ഈ ശാപങ്ങൾ ഒക്കെ
യും നിന്റെ മെൽ വന്ന, നീ ന
ശിക്കുന്നത വരെയും നിന്നെ പി
ന്തുടൎന്ന, നിന്നെ പിടിക്കും.
൪൬ അവ നിന്നിലും നിന്റെ സ
ന്തതിയിലും അടയാളത്തിനായിട്ടും
അത്ഭുതത്തിനായിട്ടും എന്നെക്കും
ഇരിക്കും.
൪൭ സകലത്തിന്റെയും പരിപൂ
ൎണ്ണതെക്ക വെണ്ടി നിന്റെ ദൈ
വമായ യഹൊവായെ നീ സന്തൊ
ഷത്തൊടും നല്ല മനസ്സൊടും സെ
വിക്കാതെ ഇരുന്നത കൊണ്ട,
൪൮ യഹൊവാ നിനക്ക വിരൊ
ധമായി അയക്കുന്ന നിന്റെ ശ
ത്രുക്കളെ നീ വിശപ്പൊടും, ദാഹ
ത്തൊടും, നഗ്നതയൊടും, സകല
കുറച്ചിലൊടും സെവിക്കും: അവ
ൻ നിന്നെ നശിപ്പിക്കുവൊളം അ
വൻ ഒരു ഇരിമ്പു നുകത്തെ നി
ന്റെ കഴുത്തിൽ വെക്കയും ചെയ്യും.
൪൯ ¶ യഹൊവാ നിന്റെ മെ
ൽ ഒരു ജാതിയെ ദൂരത്തനിന്ന, ഭൂ
മിയുടെ അവസാനത്തിൽനിന്ന,
കഴുകൻ പറക്കുന്നത പൊലെ,
[വെഗം] വരുത്തും: അത നീ അറി
യാത്ത ഭാഷയുള്ള ജാതി;
൫൦ വൃദ്ധ മുഖത്തെ വിചാരിക്കാ
തെയും, ബാല്യക്കാരൊട ദയ ചെ
യ്യാതെയും ഇരിക്കുന്ന കഠിന മുഖ
മുള്ള ജാതി;

൫൧

൫൧ നീ നശിക്കുവൊളം അത
നിന്റെ മൃഗജീവങ്ങളുടെ ഫല
ത്തെയും, നിന്റെ ഭൂമിയുടെ ഫല
ത്തെയും ഭക്ഷിക്കും: അത നിന്നെ
നശിപ്പിച്ചതീരുവൊളം, ധാന്യത്തെ
എങ്കിലും, വീഞ്ഞിനെ എങ്കിലും, എ
ണ്ണയെ എങ്കിലും, നിന്റെ കന്നു
കാലികളുടെ വൎദ്ധനയെ എങ്കിലും,
നിന്റെ ആട്ടുകളുടെ കൂട്ടങ്ങളെ എ
ങ്കിലും നിനക്ക ശെഷിപ്പിക്കയില്ല.
൫൨ നിന്റെ ദെശത്ത എല്ലാട
വും നീ വിശ്വസിച്ചിരിക്കുന്ന നി
ന്റെ ഉയരവും ഉറപ്പുമുള്ള മതിലു
കൾ വീഴുന്നത വരെയും, അത നി
ന്റെ സകല വാതിലുകളിലും നി
ന്നെ നിരൊധിക്കും: നിന്റെ ദൈ
വമായ യഹൊവാ നിനക്ക തന്നി
ട്ടുള്ള നിന്റെ ദെശത്ത എല്ലാടവുമു
ള്ള നിന്റെ എല്ലാ വാതിലുകളിലും
അത നിന്നെ നിരൊധിക്കും.
൫൩ നിന്റെ ശത്രു നിന്നെ ഞെ
രുക്കുവാൻ ഇരിക്കുന്ന നിരൊധ
ത്തിലും, ഞെരുക്കത്തിലും, നിന്റെ
ദൈവമായ യഹൊവാ നിനക്ക ത
ന്നിരിക്കുന്ന നിന്റെ ഗൎഭഫലമായ
നിന്റെ പുത്രന്മാരുടെയും പുത്രിമാ
രുടെയും മാംസത്തെ നീ ഭക്ഷിക്കും.
൫൪ നിന്റെ ഇടയിൽ കൌതുക
ത്വത്തൊടും മഹാ സുഖവൃത്തിയൊ
ടും ഇരിക്കുന്ന മനുഷ്യൻ തന്റെ
സഹൊദരനും, തന്റെ മടിയിൽ
ഉള്ള ഭാൎയ്യെക്കും, തനിക്ക ശെഷിക്കു
ന്ന തന്റെ മക്കൾക്കും നെരെ ദുർ
ദൃഷ്ടിയായിരിക്കുന്നതിനാൽ,
൫൫ അവൻ അവരിൽ ഒരുത്ത
നും താൻ തിന്നുന്ന തന്റെ മക്ക
ളുടെ മാംസത്തിൽനിന്ന കൊടുക്ക
യില്ല: അതെന്തുകൊണ്ടെന്നാൽ നി
ന്റെ ശത്രു നിന്റെ വാതിലുകളിൽ
ഒക്കെയും നിന്നെ ഞെരുക്കുവാൻ
ഇരിക്കുന്ന നിരൊധത്തിലും ഞെരു
ക്കത്തിലും അവന്ന ഒന്നും ശെഷി
ച്ചിരിക്കുന്നില്ല.
൫൬ കൌതുകത്വം കൊണ്ടും, സു
ഖവൃത്തികൊണ്ടും തന്റെ ഉള്ളം കാ
ലിനെ നിലത്ത വെപ്പാൻ വിചാ
രിക്കാത്തവളായി, നിന്റെ ഇടയി
ൽ ഭംഗിയും മൃദുത്വവുമുള്ള സ്ത്രീ ത
ന്റെ മടിയിൽ ഉള്ള ഭൎത്താവിന്നും,
തന്റെ പുത്രന്നും, തന്റെ പുത്രി
ക്കും, തന്റെ കാലുകളുടെ ഇടയിൽ
നിന്ന പുറപ്പെടുന്ന പിന്നത്തെ
കുഞ്ഞിനും, താൻ പ്രസവിക്കുന്ന
തന്റെ മക്കൾക്കും നെരെ ദുർദൃഷ്ടി
യായിരിക്കും:
൫൭ എന്തുകൊണ്ടെന്നാൽ നി
ന്റെ ശത്രു നിരൊധത്തിലും, നി
ന്റെ വാതിലുകളിൽ നിന്നെ ഞെ
രുക്കുവാൻ ഇരിക്കുന്ന ഞെരുക്ക
ത്തിലും സകല വസ്തുക്കളുടെയും ദു
ൎല്ലഭത്തെ കുറിച്ച അവൾ അവരെ
രഹസ്യമായി ഭക്ഷിക്കും.
൫൮ നിന്റെ ദൈവമായ യ
ഹൊവാ എന്ന മഹത്വവും ഭയങ്കര
ത്വവുമുള്ള നാമത്തെ നീ ഭയപ്പെടെ
ണ്ടുന്നതിന, നീ ൟ പുസ്തകത്തി
ൽ എഴുതപ്പെട്ടിരിക്കുന്ന ൟ ന്യായ
പ്രമാണത്തിലെ സകല വചന
ങ്ങളിൻ പ്രകാരവും ചെയ്വാൻ പ്ര
മാണിക്കാതെ ഇരുന്നാൽ,
൫൯ യഹൊവാ നിന്റെ ബാധ
കളെയും, നിന്റെ സന്തതിയുടെ
ബാധകളെയും വലിയവയും നി
ല നില്ക്കുന്നവയുമായുള്ള ബാധക
ളായിട്ടും, രൊഗങ്ങളെ കഷ്ടമുള്ളവ
യും നിലനില്ക്കുന്നവയുമായിട്ടും അ
തിശയപ്പെടുത്തും.
൬൦ അത്രയുമല്ല, നീ ഭയപ്പെട്ടിട്ടു
ള്ള മിസ്രയിമിലെ വ്യാധികളെ ഒ
ക്കെയും അവൻ നിന്റെ മെൽ വ

രുത്തും, അവ നിനക്ക പററുകയും ചെയ്യും.

൬൧ ഒരം ന്യായപ്രമാണത്തിന്റെ പുസ്തകത്തിൽ എഴുതപ്പെടാത്ത എല്ലാ വ്യാധികളെയും ബാധയെയും കൂടെ യഹൊവാ നിന്റെ മെൽ, നീ നശിക്കുവൊളം, അവയെ വരുത്തും.

൬൨ നിങ്ങൾ സംഖ്യയിൽ ആകാശത്തിലെ നക്ഷത്രങ്ങൾ പൊലെ ആയിരുന്നതിന പകരം നിങ്ങൾ എണ്ണത്തിൽ കുറഞ്ഞവരായി ശെഷിക്കപ്പെടും: എന്തകൊണ്ടെന്നാൽ നീ നിന്റെ ദൈവമായ യഹൊവായുടെ ശബ്ദത്തെ ചെവിക്കൊള്ളാതെ ഇരുന്നു.

൬൩ പിന്നെ ഇപ്രകാരം ഉണ്ടാകും, യഹൊവാ നിങ്ങൾക്ക ഗുണം ചെയ്വാനും, നിങ്ങളെ വൎദ്ധിപ്പിപ്പാനും എത പ്രകാരം നിങ്ങളുടെ മെൽ സന്തൊഷമായിരുന്നുവൊ, അപ്രകാരം യഹൊവാ നിങ്ങളെ നശിപ്പിപ്പാനും, നിങ്ങളെ ഇല്ലായ്മയാക്കുവാനും നിങ്ങളുടെ മെൽ സന്തൊഷമായിരിക്കും: നീ അതിനെ അനുഭവിപ്പാൻ പൊകുന്ന രാജ്യത്തനിന്ന നിങ്ങൾ പറിച്ച കളയപ്പെടും.

൬൪ യഹൊവാ ഭൂമിയുടെ ഒരു അററം മുതൽ മറെറ അററം വരെയും എല്ലാ ജനങ്ങളുടെ ഇടയിലും നിന്നെ ചിന്നിക്കും: അവിടെ നീയും നിന്റെ പിതാക്കന്മാരും അറിയാത്ത മരവും കല്ലുമായ അന്യ ദൈവങ്ങളെ നീ സെവിക്കും.

൬൫ ആ ജാതികളുടെ ഇടയിലും നിനക്ക ആശ്വാസം ലഭിക്കയില്ല, നിന്റെ ഉള്ളങ്കാലിന സ്വസ്ഥത ഉണ്ടാകയുമില്ല: അവിടെ യഹൊവാ നിനക്ക ഇളക്കമുള്ള ഹൃദയത്തെയും, കണ്ണുകളുടെ ക്ഷയത്തെയും, മനൊവ്യസനത്തെയും തരും.

൬൬ നിന്റെ ജീവനും നിന്റെ നെരെ തൂങ്ങും: നീ പകലും രാത്രിയും ഭയപ്പെട്ടിരിക്കും: നിന്റെ ജീവനിൽ വിശ്വസിക്കയുമില്ല.

൬൭ നീ ഭയപ്പെടുന്ന നിന്റെ ഹൃദയത്തിലെ ഭയം ഹെതുവായിട്ടും, നീ കാണുന്ന നിന്റെ കണ്ണുകളുടെ കാഴ്ച ഹെതുവായിട്ടും, ഉദയകാലത്ത സന്ധ്യാകാലം ആയാൽകൊള്ളാമെന്ന നീ പറയും! സന്ധ്യാകാലത്ത ഉദയകാലം ആയാൽ കൊള്ളാമെന്നും നീ പറയും!

൬൮ നീ അതിനെ ഇനി കാണുകയില്ല എന്ന ഞാൻ നിന്നൊട പറഞ്ഞിട്ടുള്ള വഴിക്ക യഹൊവാ നിന്നെ കപ്പലുകളിൽ മിസ്രയിമിലെക്ക പിന്നെയും കൊണ്ടുപൊകും: അവിടെ നിങ്ങളുടെ ശത്രുക്കൾക്ക നിങ്ങൾ വെലക്കാരായും വെലക്കാരികളായും വില്ക്കപ്പെടും, എന്നാൽ [നിങ്ങളെ] കൊള്ളുന്നവൻ ഉണ്ടാകയില്ല.

൨൯ അദ്ധ്യായം.

അനുസരണത്തിനുള്ള ഒരു ഉപദെശം.—൧൦ ജനങ്ങൾ യഹൊവായിക്ക മുമ്പാകെ ഉഭയസമ്മതത്തിൽ ഉൾപ്പെടുന്നത.

ഹൊറെബിൽ യിസ്രാഎൽ പുത്രന്മാരൊട ചെയ്തിട്ടുള്ള ഉഭയസമ്മതത്തെ അല്ലാതെ മൊവാബ ദെശത്ത വെച്ച അവരൊട ചെയ്വാൻ യഹൊവാ മൊശെയൊട കല്പിച്ചിട്ടുള്ള ഉഭയസമ്മതത്തിന്റെ വചനങ്ങൾ ഇവ.

൨ മൊശെ എല്ലാ യിസ്രാഎലിനൊടും വിളിച്ച, അവരൊട പറഞ്ഞത എന്തെന്നാൽ, യഹൊവാ മിസ്രയിം ദെശത്ത നിങ്ങളുടെ കണ്ണുകൾക്ക മുമ്പാകെ പറൊവിനൊടും, അവന്റെ എല്ലാ വെലക്കാരൊടും, അവന്റെ എല്ലാ ദെശത്തൊടും ചെ

യ്യതിനെ ഒക്കെയും നിങ്ങൾ കണ്ടു:
൩ നിന്റെ കണ്ണുകൾ കണ്ടിട്ടുള്ള
ആ വലിയ പരീക്ഷകളെയും, അ
ടയാളങ്ങളെയും, ആ വലിയ അ
ൽഭുതങ്ങളെയും തന്നെ:
൪ എങ്കിലും ഇന്ന വരെയും യ
ഹൊവാ നിങ്ങൾക്ക അറിവാനാ
യിട്ട ഹൃദയത്തെയും, കാണ്മാനാ
യിട്ട കണ്ണുകളെയും, കെൾപ്പാനാ
യിട്ട ചെവികളെയും തന്നിട്ടില്ല.
൫ ഞാൻ നാല്പത സംവത്സരം
നിങ്ങളെ വനത്തിൽ നടത്തിച്ചു:
നിങ്ങളുടെ മെലുള്ള നിങ്ങളുടെ വ
സ്ത്രങ്ങൾ പഴതായിട്ടുമില്ല, നിന്റെ
കാലിൽ നിന്റെ ചെരിപ്പ പഴതാ
യിട്ടുമില്ല.
൬ യഹൊവായായ ഞാൻ നിങ്ങ
ളുടെ ദൈവം [ആകുന്നു] എന്ന നി
ങ്ങൾ അറിവാനായിട്ട, നിങ്ങൾ അ
പ്പം ഭക്ഷിച്ചിട്ടില്ല, വീഞ്ഞും മദ്യവും
കുടിച്ചിട്ടുമില്ല.
൭ പിന്നെ നിങ്ങൾ ഈ സ്ഥല
ത്തെക്ക വന്നപ്പൊൾ, ഹെഷ്ബൊനി
ലെ രാജാവായ സീഹൊനും, ബാ
ശാനിലെ രാജാവായ ഒഗും നമുക്ക
എതിരായി യുദ്ധത്തിന പുറപ്പെട്ട
വന്നു, എന്നാറെ നാം അവരെ അ
പജയപ്പെടുത്തി:
൮ നാം അവരുടെ രാജ്യത്തെ പി
ടിച്ചു, അതിനെ രൂബെൻകാൎക്കും,
ഗാദക്കാൎക്കും, മനശ്ശെയുടെ പാതി
ഗൊത്രത്തിനും അവകാശമായിട്ട
കൊടുത്തു.
൯ അതുകൊണ്ട നിങ്ങൾ ചെയ്യു
ന്നത ഒക്കെയും നിങ്ങൾക്ക സാധി
പ്പാനായിട്ട, ഈ ഉഭയസമ്മതത്തി
ന്റെ വചനങ്ങളെ പ്രമാണിച്ചു,
അവയിൻ പ്രകാരം ചെയ്യിൻ.
൧൦ ¶ ഇന്ന നിങ്ങളുടെ ഗൊത്ര
ങ്ങളുടെ പ്രമാണികളും, നിങ്ങളുടെ
മൂപ്പന്മാരും, നിങ്ങളുടെ അധികാ
രികളും, യിസ്രാഎലിന്റെ സകല
മനുഷ്യരും,
൧൧ നിങ്ങളുടെ ചെറിയ പൈത
ങ്ങളും, നിങ്ങളുടെ ഭാൎയ്യമാരും, നി
ന്റെ പാളയത്തിനകത്ത നിന്റെ
വിറക വെട്ടുന്നവൻ മുതൽ നിന
ക്ക വെള്ളം കൊരുന്നവൻ വരെ
നിന്റെ പരദെശിയുമായ, നിങ്ങ
ൾ എല്ലാവരും നിങ്ങളുടെ ദൈവ
മായ യഹൊവായുടെ മുമ്പാകെ;
൧൨ നിന്റെ ദൈവമായ യഹൊ
വാ നിന്നൊട പറഞ്ഞ പ്രകാരവും,
നിന്റെ പിതാക്കന്മാരായ അബ്രാ
ഹാമിനൊടും, യിസ്ഹാക്കിനൊടും, യാ
ക്കൊബിനൊടും അവൻ ആണ
യിട്ട പ്രകാരവും, അവൻ ഇന്ന
നിന്നെ തനിക്ക ജനമായിട്ട സ്ഥാ
പിപ്പാനും, താൻ നിനക്ക ദൈവ
മായിട്ടിരിപ്പാനും,
൧൩ നീ നിന്റെ ദൈവമായ യ
ഹൊവായുടെ ഉഭയസമ്മതത്തിലും,
ഇന്ന അവൻ നിന്നൊട ചെയ്യു
ന്ന അവന്റെ ആണയിലും പ്ര
വെശിപ്പാനായിട്ട നില്ക്കുന്നു.
൧൪ എന്നാൽ ഞാൻ ഈ ഉഭയ
സമ്മതത്തെയും ഈ ആണയെയും
നിങ്ങളൊട മാത്രമല്ല,
൧൫ ഇന്ന ഇവിടെ നമ്മൊട കൂ
ടെ നമ്മുടെ ദൈവമായ യഹൊ
വായുടെ മുമ്പാകെ നില്ക്കുന്നവനൊ
ടും ഇന്ന ഇവിടെ നമ്മൊട കൂടെ
ഇല്ലാത്തവനൊടും കൂടെ ചെയ്യുന്നു.
൧൬ (എന്തുകൊണ്ടെന്നാൽ നാം
മിസ്രയിം ദെശത്ത എത പ്രകാരം
വസിച്ചു എന്നും, നിങ്ങൾ കടന്ന
വന്ന ജാതികളുടെ നടുവിൽ കൂടി
എതുപ്രകാരം നാം കടന്ന വന്നു
എന്നും നിങ്ങൾ അറിയുന്നു;
൧൭ അവരുടെ വെറുപ്പുകളെയും.

അവരുടെ ഇടയിൽ ഉള്ള മരവും കല്ലും, വെള്ളിയും പൊന്നുമായ അവരുടെ വിഗ്രഹങ്ങളെയും നിങ്ങൾ കണ്ടു.)

൧൮ ആ ജാതികളുടെ ദൈവങ്ങളെ ചെന്ന സെവിക്കുന്നതിന, ഇന്ന നമ്മുടെ ദൈവമായ യഹൊവായെ വിട്ട അകലുന്ന ഹൃദയമുള്ള യാതൊരു പുരുഷനൊ, സ്ത്രീയൊ, വംശമൊ, ഗൊത്രമൊ നിങ്ങളിൽ ഉണ്ടാകാതെയും, നഞ്ചും കൈപ്പും മുളപ്പിക്കുന്ന യാതൊരു വെരും നിങ്ങളിൽ ഉണ്ടാകാതെയും ഇരിപ്പാനായിട്ട [ആകുന്നു.]

൧൯ പിന്നെ ഇപ്രകാരം ഉണ്ടാകും, അവൻ ൟ ശാപത്തിന്റെ വചനങ്ങളെ കെൾക്കുമ്പൊൾ, മദ്യപാനത്തെ ദാഹത്തൊട ചെൎക്കുന്നതിന എന്റെ ഹൃദയത്തിലെ വിചാരത്തിൻ പ്രകാരം ഞാൻ നടന്നാലും ഇനിക്ക സമാധാനം ഉണ്ടാകുമെന്ന അവൻ പറഞ്ഞ, തന്റെ ഹൃദയത്തിൽ തന്നെ അനുഗ്രഹിക്കും:

൨൦ യഹൊവാ അവനൊട ക്ഷമിപ്പാൻ മനസ്സായിരിക്കയില്ല, എന്നാൽ അപ്പൊൾ യഹൊവായുടെ കൊപവും അവന്റെ വൈരാഗ്യവും ആ മനുഷ്യന്റെ നെരെ പുകയും, ൟ പുസ്തകത്തിൽ എഴുതപ്പെട്ട ശാപം ഒക്കെയും അവന്റെ മെൽ വരും, യഹൊവാ അവന്റെ നാമത്തെ ആകാശത്തിൻ കീഴിൽനിന്ന മാച്ചുകളയും.

൨൧ ൟ ന്യായപ്രമാണപുസ്തകത്തിൽ എഴുതപ്പെട്ട ഉഭയസമ്മതത്തിലെ സകല ശാപങ്ങളിൻ പ്രകാരവും, യഹൊവാ യിസ്രാഎലിലെ എല്ലാ ഗൊത്രങ്ങളിൽനിന്നും അവനെ ദൊഷത്തിനായിട്ട വെർതിരിക്കും:

൨൨ അപ്പൊൾ നിങ്ങൾക്ക പിമ്പ ഉണ്ടാകുന്ന തലമുറയായ നിങ്ങളുടെ മക്കളും, ദൂരദെശത്തനിന്ന വരുന്ന അന്യനും, ആ ദെശത്തിന്റെ ബാധകളെയും, യഹൊവാ അതിന്മെൽ വരുത്തിയ ദീനങ്ങളെയും,

൨൩ യഹൊവാ തന്റെ കൊപത്തിലും തന്റെ ക്രൊധത്തിലും സെദൊമിനെയും ഗൊമൊറായെയും, ആദ്മായെയും, സെബൊയിമിനെയും മറിച്ചുകളഞ്ഞ മറിച്ചിലിന സമമായി, അതിന്റെ നിലം ഒക്കെയും വിതെക്കപ്പെടാതെയും, വിളയാതെയും, അതിൽ ഒരു പുല്ലും മുളെക്കാതെയും കണ്ട, ഗന്ധകത്താലും ഉപ്പിനാലും കത്തിക്കപ്പെട്ടതിനെയും അവർ കാണുമ്പൊൾ;

൨൪ സകല ജാതികളും തന്നെ പറയും, യഹൊവാ ൟ ദെശത്തൊട എന്തിന ഇപ്രകാരം ചെയ്തു? ൟ വലിയ കൊപത്തിന്റെ എരിച്ചിൽ എന്ത?

൨൫ അപ്പൊൾ മനുഷ്യർ പറയും, അവരുടെ പിതാക്കന്മാരുടെ ദൈവമായ യഹൊവാ അവരെ മിസ്രയിം ദെശത്തനിന്ന കൊണ്ടുവന്നപ്പൊൾ, അവൻ അവരൊട ചെയ്തിട്ടുള്ള ഉഭയസമ്മതത്തെ അവർ ഉപെക്ഷിച്ചത കൊണ്ട:

൨൬ എന്തെന്നാൽ തങ്ങൾ അറിയാതെയും തങ്ങൾക്ക ഒന്നും കൊടുക്കാതെയും ഇരുന്ന ദൈവങ്ങളായ, അന്യ ദൈവങ്ങളെ അവർ ചെന്ന സെവിച്ചു, അവയെ വന്ദിച്ചു:

൨൭ ൟ പുസ്തകത്തിൽ എഴുതപ്പെട്ട ശാപത്തെ ഒക്കെയും ൟ ദെശത്തിന്മെൽ വരുത്തുവാൻ യഹൊവായുടെ കൊപവും അതിന്റെ നെരെ ജ്വലിച്ചു.

൨൮ യഹൊവാ കൊപം കൊണ്ടും,
ക്ഷൊഭം കൊണ്ടും, മഹാ ക്രൊധം
കൊണ്ടും അവരുടെ ദെശത്തനി
ന്ന അവരെ പറിച്ചു, ഇന്ന എന്ന
പൊലെ അവരെ മറെറാരു ദെശ
ത്തെക്ക തള്ളിക്കളഞ്ഞു.
൨൯ മറഞ്ഞിരിക്കുന്ന കാൎയ്യങ്ങൾ
നമ്മുടെ ദൈവമായ യഹൊവായി
ക്ക [ഉള്ളവ;]എന്നാൽ വെളിപ്പെട്ടി
രിക്കുന്ന കാൎയ്യങ്ങൾ നമുക്കും നമ്മു
ടെ മക്കൾക്കും; നാം ഈ ന്യായപ്ര
മാണത്തിന്റെ സകല വചനങ്ങ
ളിൻ പ്രകാരവും ചെയ്യെണ്ടുന്നതി
ന,എന്നെക്കും [ഉള്ളവ ആകുന്നു.]

൩൦ അദ്ധ്യായം.

൧ അനുതപിക്കുന്നവൎക്ക വലിയ കരുണകൾ വാഗ്ദത്തം ചെയ്യപ്പെടുന്നത.—൧൧ കല്പന പ്രസിദ്ധിയാകുന്നത.—൧൫ മരണവും ജീവനും അവൎക്ക മുമ്പാകെ വെക്കപ്പെടുന്നത.

ഞാൻ നിന്റെ മുമ്പാകെ വെ
ച്ചിട്ടുള്ള അനുഗ്രഹവും ശാപവുമാ
യ ഇക്കാൎയ്യങ്ങൾ ഒക്കെയും നിന്റെ
മെൽ വരുമ്പൊൾ ഉണ്ടാകുന്നത എ
ന്തെന്നാൽ, നിന്റെ ദൈവമായ
യഹൊവാ നിന്നെ എവിടെക്ക ആ
ട്ടിക്കളഞ്ഞുവൊ, ആ എല്ലാ ജാതിക
ളുടെ ഇടയിലും നീ നിന്റെ ഹൃദയ
ത്തിൽ വിചാരിച്ചു,
൨ നിന്റെ ദൈവമായ യഹൊ
വായുടെ അടുക്കലെക്ക തിരിഞ്ഞ,
നീയും നിന്റെ മക്കളും നിന്റെ പൂ
ൎണ്ണ ഹൃദയത്തൊടും, നിന്റെ പൂൎണ്ണ
ആത്മാവൊടും ഞാൻ ഇന്ന നി
ന്നൊട കല്പിക്കുന്ന പ്രകാരം ഒക്കെ
യും അവന്റെ ശബ്ദത്തെ ചെ
വിക്കൊള്ളെണം;
൩ അപ്പൊൾ നിന്റെ ദൈവമാ
യ യഹൊവാ നിന്റെ അടിമയെ
തിരിച്ചു, നിന്നൊട കരുണയുണ്ടാ
യി, നിന്റെ ദൈവമായ യഹൊ
വാ നിന്നെ എവിടെക്ക ചിന്നിച്ചു
വൊ, ആ എല്ലാജാതികളിൽനിന്നും
നിന്നെ തിരിച്ചു, കൂട്ടിചെൎക്കും.
൪ നിനക്കുള്ളവർ ആകാശത്തി
ന്റെ അവസാനം വരെയും ആ
ട്ടികളയപ്പെട്ടിരുന്നാലും, നിന്റെ
ദൈവമായ യഹൊവാ അവിടെ
നിന്ന നിന്നെ കൂട്ടും, അവിടെനി
ന്ന അവൻ നിന്നെ കൊണ്ടുവരും:
൫ നിന്റെ പിതാക്കന്മാർ അനു
ഭവിച്ചിരുന്നദെശത്തെക്ക നിന്റെ
ദൈവമായ യഹൊവാ നിന്നെ വ
രുത്തും, നീ അതിനെ അനുഭവി
ക്കും: അവൻ നിനക്ക ഗുണം ചെ
യ്യു, നിന്റെ പിതാക്കന്മാരെക്കാൾ
നിന്നെ വൎദ്ധിപ്പിക്കും.
൬ നീ നിന്റെ ദൈവമായ യ
ഹൊവായെ നിന്റെ പൂൎണ്ണ ഹൃദയ
ത്തൊടും, നിന്റെ പൂൎണ്ണ ആത്മാ
വൊടും സ്നെഹിച്ചു, ജീവിക്കെണ്ടു
ന്നതിന, നിന്റെ ദൈവമായ യ
ഹൊവാ നിന്റെ ഹൃദയത്തെയും,
നിന്റെ സന്തതിയുടെ ഹൃദയത്തെ
യും ചെല ചെയ്യും.
൭ നിന്റെ ദൈവമായ യഹൊ
വാ ഈ ശാപങ്ങളെ ഒക്കെയും നി
ന്റെ ശത്രുക്കളുടെ മെലും, നിന്നെ
പീഡിപ്പിച്ചവരായ നിന്റെ പ
കക്കാരുടെ മെലും ചുമത്തുകയും ചെ
യ്യും.
൮ വിശെഷിച്ചും നീ മനസ്സ തി
രിഞ്ഞ, യഹൊവായുടെ ശബ്ദത്തെ
ചെവിക്കൊണ്ടു, ഞാൻ ഇന്ന നി
ന്നൊട കല്പിക്കുന്ന അവന്റെ എ
ല്ലാ കല്പനകളിൻ പ്രകാരവും ചെ
യ്യെണം.
൯ അപ്പൊൾ നിന്റെ ദൈവമാ
യ യഹൊവാ നിന്റെ കൈകളു
ടെ എല്ലാ പ്രവൃത്തിയിലും നിന്റെ
ഗൎഭത്തിലെ ഫലത്തിലും, നിന്റെ

മൃഗജീവന്റെ ഫലത്തിലും, നി
ന്റെ നിലത്തിലെ ഫലത്തിലും നി
ന്നെ നന്മെക്കായിട്ട വൎദ്ധിപ്പിക്കും:
൰ എന്തുകൊണ്ടെന്നാൽ ൟ ന്യാ
യപ്രമാണ പുസ്തകത്തിൽ എഴുത
പ്പെട്ട നിന്റെ ദൈവമായ യഹൊ
വായുടെ കല്പനകളെയും അവന്റെ
ചട്ടങ്ങളെയും പ്രമാണിക്കുന്നതിന
നീ അവന്റെ ശബ്ദത്തെ ചെവി
ക്കൊള്ളുമ്പൊഴും, നീ നിന്റെ ദൈ
വമായ യഹൊവായുടെ അടുക്ക
ലെക്ക നിന്റെ പൂൎണ്ണ ഹൃദയത്തൊ
ടും, നിന്റെ പൂൎണ്ണ ആത്മാവൊടും
തിരിയുമ്പൊഴും, യഹൊവാ നിന്റെ
പിതാക്കന്മാരുടെ മെൽ സന്തൊ
ഷിച്ചിരുന്നത പൊലെ, അവൻ
നിന്റെ മെലും ഗുണത്തിനായിട്ട
തിരിഞ്ഞ സന്തൊഷിക്കും.
൰൧ ¶ എന്തെന്നാൽ ഞാൻ ഇ
ന്ന നിന്നൊട കല്പിക്കുന്ന ൟ ക
ല്പന നിനക്ക മറപൊരുളുള്ളതല്ല,
അത ദൂരവുമല്ല:
൰൨ ഞങ്ങൾ അതിനെ കെട്ട, അ
തിനെ ചെയ്യാനായിട്ട, ഞങ്ങൾക്കാ
യികൊണ്ട ആര സ്വൎഗ്ഗത്തിലെക്ക
കരെറി, അതിനെ ഞങ്ങൾക്ക കൊ
ണ്ടുവരും? എന്ന നീ പറയതക്കവ
ണ്ണം അത സ്വൎഗ്ഗത്തിൽ ഉള്ളതുമല്ല.
൰൩ ഞങ്ങൾ അതിനെ കെട്ട, അ
തിനെ ചെയ്യാനായിട്ട, ഞങ്ങൾ
ക്കായികൊണ്ട ആര സമുദ്രത്തെ
കടന്ന, അതിനെ ഞങ്ങൾക്ക കൊ
ണ്ടുവരും? എന്ന നീ പറയതക്കവ
ണ്ണം അത സമുദ്രത്തിന്റെ അപ്പു
റത്തുള്ളതുമല്ല.
൰൪ എന്നാൽ നീ അതിനെ ചെ
യ്യെണ്ടുന്നതിന വചനം നിനക്ക
എററവും സമീപമായി, നിന്റെ
വായിലും നിന്റെ ഹൃദയത്തിലും
[ഉണ്ട.]

൰൫ ഇതാ, ഞാൻ ഇന്ന നിന്റെ
മുമ്പാകെ ജീവനെയും ഗുണത്തെ
യും, മരണത്തെയും ദൊഷത്തെ
യും വെച്ചിരിക്കുന്നു;
൰൬ എന്തുകൊണ്ടെന്നാൽ നീ ജീ
വിച്ച വൎദ്ധിക്കെണ്ടുന്നതിനും, നീ
അതിനെ അനുഭവിപ്പാൻ പൊകു
ന്ന ദെശത്ത നിന്റെ ദൈവമായ
യഹൊവാ നിന്നെ അനുഗ്രഹി
ക്കെണ്ടുന്നതിനും, നിന്റെ ദൈവ
മായ യഹൊവായെ സ്നെഹിപ്പാ
നും, അവന്റെ വഴികളിൽ നടപ്പാ
നും, അവന്റെ കല്പനകളെയും, അ
വന്റെ ചട്ടങ്ങളെയും, അവന്റെ
ന്യായങ്ങളെയും പ്രമാണിപ്പാനും
ഞാൻ ഇന്ന നിന്നൊട കല്പിക്കു
ന്നു.
൰൭ എന്നാലും നിന്റെ ഹൃദയം
തിരിഞ്ഞുകൊൾകയും, നീ ചെവി
ക്കൊള്ളാതെ ഇരിക്കയും, ആകൎഷി
ക്കപ്പെട്ട, മററെ ദൈവങ്ങളെ കു
മ്പിട്ട, അവയെ സെവിക്കയും ചെ
യ്യാൽ,
൰൮ നീ അതിനെ അനുഭവിക്കു
ന്നതിന യൎദ്ദെനെ കടന്ന പൊകു
ന്ന ദെശത്ത നിങ്ങൾ [നിങ്ങളുടെ]
ദിവസങ്ങളെ ദീൎഘമാക്കാതെ, ന
ശിച്ച പൊകും നിശ്ചയം എന്ന
ഞാൻ ഇന്ന നിങ്ങളൊട അറിയി
ക്കുന്നു.
൰൯ ഞാൻ ജീവനെയും മരണ
ത്തെയും, അനുഗ്രഹത്തെയും ശാ
പത്തെയും നിങ്ങളുടെ മുമ്പാകെ വെ
ച്ചു എന്ന ഞാൻ നിങ്ങളുടെ നെ
രെ ആകാശത്തെയും ഭൂമിയെയും
ഇന്ന സാക്ഷി വെക്കുന്നു: അത
കൊണ്ട നീയും നിന്റെ സന്തതി
യും ജീവിക്കെണ്ടുന്നതിനും,
൨൰ യഹൊവാ നിന്റെ പിതാക്ക
ന്മാരായ അബ്രാഹാമിനൊടും യി

സ്സാക്കിനൊടും, യാക്കൊബിനൊടും, അവൎക്ക കൊടുക്കാമെന്ന ആണയിട്ടിട്ടുള്ള ദെശത്ത നീ വസിപ്പാനായിട്ട, നിന്റെ ദൈവമായ യഹൊവായെ നീ സ്നെഹിക്കുന്നതിനും, അവന്റെ ശബ്ദത്തെ ചെവിക്കൊള്ളുന്നതിനും, അവനൊട നീ ചെൎന്നിരിക്കുന്നതിനും, ജീവനെ തെരിഞ്ഞെടുക്ക: എന്തുകൊണ്ടെന്നാൽ അവൻ തന്നെ നിന്റെ ജീവനും നിന്റെ ദിവസങ്ങളുടെ ദീൎഘവും [ആകുന്നു.]

൩൧ അദ്ധ്യായം.

൧ മൊശെ ജനത്തെയും യൊശുവായെയും ധൈൎയ്യപ്പെടുത്തുന്നത.—൯. അവൻ ന്യായപ്രമാണത്തെ എഴാം വൎഷത്തിൽ ജനത്തിന വായിപ്പാനായിട്ട അതിനെ ആചാൎയ്യന്മാൎക്ക എല്പിക്കുന്നത.—൧൪. ദൈവം യൊശുവായിക്ക ഒരു കല്പനയെയും,—൧൯. ജനത്തിന നെരെ സാക്ഷികരിപ്പാൻ ഒരു പാട്ടിനെയും കൊടുക്കുന്നത.

പിന്നെയും മൊശെ ചെന്ന,
എല്ലാ യിസ്രാഎലിനൊടും ഈ വ
ചനങ്ങളെ പറഞ്ഞു.
൨ അവൻ അവരൊട പറഞ്ഞു,
ഞാൻ ഇന്ന നൂററിരുപത വയ
സ്സുള്ളവൻ; ഇനി മെൽ പുറത്ത
പൊകുവാനും അകത്ത വരുവാനും
എനിക്ക കഴികയില്ല; ഈ യൎദ്ദെനെ
നീ കടക്കുകയില്ല എന്ന യഹൊ
വാ എന്നൊട പറഞ്ഞിട്ടും ഉണ്ട.
൩ നിന്റെ ദൈവമായ യഹൊ
വാ താൻ തന്നെ നിനക്ക മുമ്പാ
യി കടന്ന പൊകും, ഈ ജാതിക
ളെ അവൻ നിന്റെ മുമ്പിൽനി
ന്ന നശിപ്പിക്കും, നീ അവരെ അ
നുഭവിക്കയും ചെയ്യും: യഹൊവാ
പറഞ്ഞ പ്രകാരം, യൊശുവാ എ
ന്നവൻ നിന്റെ മുമ്പായി കടന്ന
പൊകും.
൪ യഹൊവാ അമൊറായക്കാരു
ടെ രാജാക്കന്മാരായ സിഹൊനൊ
ടും ഒഗിനൊടും, അവൻ നശിപ്പി
ച്ചിട്ടുള്ളവരുടെ ദെശത്തൊടും ചെ
യ്തപൊലെ അവരൊടും ചെയ്യും.
൫ യഹൊവാ അവരെ നിങ്ങളു
ടെ മുമ്പാകെ എല്പിക്കും; ഞാൻ നി
ങ്ങളൊട കല്പിച്ചിട്ടുള്ള കല്പനകളി
ൻ പ്രകാരം ഒക്കെയും നിങ്ങൾ അ
വരൊട ചെയ്യെണം.
൬ നിങ്ങൾ ശക്തിപ്പെട്ട, ധൈൎയ്യ
മായിരിപ്പിൻ, അവരെ കുറിച്ച ഭ
യപ്പെടാതെയും, ഭ്രമിക്കാതെയും ഇ
രിപ്പിൻ: എന്തുകൊണ്ടെന്നാൽ നി
ന്റെ ദൈവമായ യഹൊവാ താ
ൻ തന്നെ നിന്നൊടകൂടെ നടക്കു
ന്നു; അവൻ നിന്നെ വിട്ടു കളയാ
തെയും, നിന്നെ ഉപെക്ഷിക്കാതെ
യും ഇരിക്കും.
൭ പിന്നെ മൊശെ യൊശുവാ
യൊട വിളിച്ചു, എല്ലാ യിസ്രാഎ
ലിന്റെ മുമ്പാകെയും അവനൊട
പറഞ്ഞത എന്തെന്നാൽ, ശക്തി
പ്പെട്ട, ധൈൎയ്യമായിരിക്ക: എന്തെ
ന്നാൽ നീ ഈ ജനത്തൊട കൂടെ,
യഹൊവാ അവൎക്ക കൊടുക്കുമെ
ന്ന അവരുടെ പിതാക്കന്മാരൊട
ആണയിട്ടിട്ടുള്ള ദെശത്തിലെക്ക
പ്രവെശിക്കെണ്ടി വരും; നീ അ
തിനെ അവരെ കൊണ്ട അവകാ
ശമായി അനുഭവിപ്പിക്കയും വെ
ണം.
൮ യഹൊവാ താൻ തന്നെ നി
ന്റെ മുമ്പാകെ നടക്കുന്നു: അവ
ൻ നിന്നൊട കൂടെ ഉണ്ടാകും, അ
വൻ നിന്നെ വിട്ടുകളകയുമില്ല, നി
ന്നെ ഉപെക്ഷിക്കയുമില്ല: നീ ഭ
യപ്പെടരുത, വിഷാദിക്കയും അ
രുത.
൯ ¶ പിന്നെ മൊശെ ഈ ന്യാ
യപ്രമാണത്തെ എഴുതി, അതിനെ

യഹൊവായുടെ ഉഭയസമ്മതത്തി
ന്റെ പെട്ടിയെ ചുമന്നിട്ടുള്ള ലെ
വിയുടെ പുത്രന്മാരായ ആചാൎയ്യ
ന്മാൎക്കും, യിസ്രാഎലിന്റെ എല്ലാ
മൂപ്പന്മാൎക്കും എല്പിച്ചു.

൧൦ പിന്നെ മൊശെ അവരൊട
കല്പിച്ചത എന്തെന്നാൽ, വിടുതലി
ന്റെ സംവത്സരമായ ഒരൊ ഏഴാം
സംവത്സരത്തിന്റെ അവസാന
ത്തിങ്കൽ, കൂടാരങ്ങളുടെ പെരുനാ
ളിൽ,

൧൧ യിസ്രാഎൽ ഒക്കെയും നി
ന്റെ ദൈവമായ യഹൊവായുടെ
മുമ്പാകെ അവൻ തെരിഞ്ഞെടുക്കു
ന്ന സ്ഥലത്ത കാണപ്പെടുന്നതി
ന വന്നിരിക്കുമ്പൊൾ, നീ ഈ ന്യാ
യപ്രമാണത്തെ എല്ലാ യിസ്രാഎ
ല്ക്കാരുടെ മുമ്പാകെയും അവർ കെ
ൾക്കെ വായിക്കെണം.

൧൨ പുരുഷന്മാരും, സ്ത്രീകളും, പൈ
തങ്ങളും, നിന്റെ വാതിലുകളിൽ ഉ
ള്ള നിന്റെ പരദെശിയും കെൾ
പ്പാനായിട്ടും, പഠിപ്പാനായിട്ടും, നി
ങ്ങളുടെ ദൈവമായ യഹൊവാ
യെ ഭയപ്പെടുവാനായിട്ടും, ഈ ന്യാ
യപ്രമാണത്തിലെ വചനങ്ങളിൻ
പ്രകാരം ഒക്കെയും ചെയ്വാൻ പ്ര
മാണിപ്പാനായിട്ടും,

൧൩ ഒന്നും അറിയാത്ത അവരു
ടെ പൈതങ്ങൾ കെൾപ്പാനായി
ട്ടും, നിങ്ങൾ അതിനെ അനുഭവി
പ്പാൻ യൎദ്ദെനെ കടന്ന പൊകുന്ന
ദെശത്ത നിങ്ങൾ ജീവനൊടിരിക്കു
ന്ന നാൾ ഒക്കെയും നിങ്ങളുടെ ദൈ
വമായ യഹൊവായെ ഭയപ്പെടു
വാൻ പഠിപ്പാനായിട്ടും ജനത്തെ
കൂട്ടികൊള്ളെണം.

൧൪ ¶ പിന്നെ യഹൊവാ മൊ
ശെയൊട പറഞ്ഞു, ഇതാ, നീ മരി
ക്കുന്നതിന നിന്റെ ദിവസങ്ങൾ
സമീപിച്ചിരിക്കുന്നു: നീ യൊശു
വായെ വിളിച്ച, ഞാൻ അവന ക
ല്പന കൊടുക്കെണ്ടുന്നതിന സഭയു
ടെ കൂടാരത്തിൽ നിങ്ങൾ വന്ന, നി
ല്പിൻ. എന്നാറെ മൊശെയും യൊ
ശുവായും ചെന്ന, സഭയുടെ കൂടാ
രത്തിൽ നിന്നു.

൧൫ അപ്പൊൾ യഹൊവാ കൂടാ
രത്തിൽ മെഘതൂണിൽ പ്രത്യക്ഷ
നായി: മെഘതൂണ കൂടാരത്തിന്റെ
വാതിലിന മീതെ നില്ക്കയും ചെയ്തു.

൧൬ പിന്നെ യഹൊവാ മൊശെ
യൊട പറഞ്ഞത എന്തെന്നാൽ,
ഇതാ, നീ നിന്റെ പിതാക്കന്മാരൊ
ട കൂടെ കിടക്കും; എന്നാലും ഈ ജ
നം എഴുനീറ്റ തങ്ങൾ ആരുടെ ഇ
ടയിൽ പൊയി ഇരിക്കുമൊ, ആ
ദെശത്തുള്ള അന്യരുടെ ദൈവങ്ങ
ളുടെ പിന്നാലെ വെശ്യാസംഗം
ചെയ്തു, എന്നെ ഉപെക്ഷിച്ച, ഞാ
ൻ തങ്ങളൊട ചെയ്തിട്ടുള്ള എന്റെ
ഉഭയസമ്മതത്തെ ലംഘിക്കും.

൧൭ അപ്പൊൾ അന്നാളിൽ എ
ന്റെ കൊപം അവരുടെ നെരെ
ജ്വലിക്കും, ഞാനും അവരെ ഉപെ
ക്ഷിക്കും; ഞാൻ എന്റെ മുഖത്തെ
അവരിൽനിന്ന മറെക്കും, എന്നാ
ൽ അവർ ഭക്ഷിക്കപ്പെടും, അനെ
കം ദൊഷങ്ങളും ഞെരുക്കങ്ങളും അ
വരെ പിടിക്കും; അവർ അന്നാളി
ൽ നമ്മുടെ ദൈവം നമ്മുടെ ഇട
യിൽ ഇല്ലായ്കകൊണ്ട അല്ലയൊ
ഈ ദൊഷങ്ങൾ നമ്മെ പിടിച്ചത?
എന്ന പറകയും ചെയ്യും.

൧൮ എന്നാൽ അവർ മറ്റ ദൈ
വങ്ങളുടെ അടുക്കൽ തിരിഞ്ഞതിനാ
ൽ അവർ ചെയ്തിട്ടുള്ള എല്ലാ ദൊ
ഷത്തിൻ നിമിത്തവും അന്നാളിൽ
ഞാൻ എന്റെ മുഖത്തെ മറെക്കും
നിശ്ചയം.

൧൯ അതുകൊണ്ട ഇപ്പൊൾ നി
ങ്ങൾ ൟ പാട്ടിനെ എഴുതി, അതി
നെ യിസ്രാഎൽ പുത്രന്മാൎക്ക ഉപ
ദെശിക്ക: യിസ്രാഎൽ പുത്രന്മാരു
ടെ നെരെ ൟ പാട്ട ഇനിക്ക സാ
ക്ഷിയായിരിക്കെണ്ടുന്നതിന അതി
നെ അവരുടെ വായിൽ ആക്കുക.
൨൦ എന്തകൊണ്ടെന്നാൽ ഞാൻ
അവരുടെ പിതാക്കന്മാരൊട ആ
ണയിട്ടിട്ടുള്ള പാലും തെനും ഒഴുകു
ന്ന ദെശത്ത അവരെ വരുത്തിയി
രിക്കുമ്പൊഴും, അവർ ഭക്ഷിച്ച, തൃ
പ്തിയായി, തടിച്ചിരിക്കുമ്പൊഴും, അ
വർ അന്യ ദൈവങ്ങളുടെ അടുക്ക
ലെക്ക തിരിഞ്ഞ, അവയെ സെ
വിച്ച, എന്നെ കൊപിപ്പിച്ച, എ
ന്റെ ഉഭയസമ്മതത്തെ ലംഘിച്ചു
കളയും.
൨൧ പിന്നെ സംഭവിക്കുന്നത
എന്തെന്നാൽ, അനെകം ദൊഷ
ങ്ങളും ഞെരുക്കങ്ങളും അവരെ പി
ടിക്കുമ്പൊൾ, ൟ പാട്ട അവരുടെ
നെരെ സാക്ഷിയായിട്ട ഉത്തരം
പറയും; എന്തകൊണ്ടെന്നാൽ അ
ത അവരുടെ സന്തതിയുടെ വായി
ൽനിന്ന മറന്ന പൊകയില്ല: എ
ന്തെന്നാൽ ഞാൻ ആണയിട്ടിട്ടു
ള്ള ദെശത്തെക്ക അവരെ വരുത്തു
ന്നതിന മുമ്പെ ഇന്ന തന്നെ അ
വൎക്ക തൊന്നുന്ന അവരുടെ നിന
വിനെ ഞാൻ അറിയുന്നു.
൨൨ ആകയാൽ മൊശെ ൟ പാ
ട്ടിനെ അന്നാളിൽഎഴുതി, അതിനെ
യിസ്രാഎൽ പുത്രന്മാരെ പഠിപ്പി
ച്ചു.
൨൩ പിന്നെ അവൻ നൂന്റെ
പുത്രനായ യൊശുവായൊട കല്പി
ച്ചു, പറഞ്ഞു, നീ ശക്തിപ്പെട്ട, ധൈ
ൎയ്യമായിരിക്ക: എന്തകൊണ്ടെന്നാ
ൽ നീ യിസ്രാഎൽ പുത്രന്മാരെ,
ഞാൻ അവരൊട ആണയിട്ടിട്ടുള്ള
ദെശത്തെക്ക പ്രവെശിപ്പിക്കും;
ഞാൻ നിന്നൊട കൂടെ ഉണ്ടാകയും
ചെയ്യും.
൨൪ ¶ പിന്നെ ഉണ്ടായത എന്തെ
ന്നാൽ, മൊശെ ൟ ന്യായപ്രമാ
ണത്തിലെ വചനങ്ങളെ ഒരു പു
സ്തകത്തിൽ മുഴുവനും എഴുതി തീ
ൎത്തപ്പൊൾ,
൨൫ മൊശെ യഹൊവായുടെ ഉ
ഭയസമ്മതത്തിന്റെ പെട്ടിയെ ചു
മന്നിട്ടുള്ള ലെവിയക്കാരൊട കല്പി
ച്ചത എന്തെന്നാൽ,
൨൬ നിങ്ങൾ ൟ ന്യായപ്രമാ
ണ പുസ്തകത്തെ എടുത്ത, അതി
നെ നിങ്ങളുടെ ദൈവമായ യ
ഹൊവായുടെ ഉഭയസമ്മതത്തി
ന്റെ പെട്ടിയുടെ ഭാഗത്ത വെപ്പി
ൻ, അവിടെ അത നിന്റെ നെരെ
സാക്ഷിയായിട്ട ഇരിക്കും.
൨൭ എന്തകൊണ്ടെന്നാൽ ഞാൻ
നിന്റെ മത്സരത്തെയും നിന്റെ
കഠിന കഴുത്തിനെയും അറിയുന്നു:
ഇതാ, ഞാൻ ഇന്ന നിങ്ങളൊട കൂ
ടെ ജീവിച്ചിരിക്കുമ്പൊൾ തന്നെ,
നിങ്ങൾ യഹൊവായിക്ക വിരൊ
ധമായി മത്സരക്കാരായല്ലൊ; എ
ന്റെ മരണത്തിന്റെ ശെഷം എ
ത്ര അധികം?
൨൮ നിങ്ങളുടെ ഗൊത്രങ്ങളുടെ
എല്ലാ മൂപ്പന്മാരെയും നിങ്ങളുടെ
അധികാരികളെയും എന്റെ അടു
ക്കൽ കൂട്ടുവിൻ, എന്നാൽ ഞാൻ
അവരുടെ ചെവികളിൽ ൟ വ
ചനങ്ങളെ പറഞ്ഞ, അവൎക്ക വി
രൊധമായി ആകാശത്തെയും ഭൂ
മിയെയും സാക്ഷിവെക്കും.
൨൯ എന്തെന്നാൽ എന്റെ മര
ണത്തിന്റെ ശെഷം നിങ്ങൾ [നി
ങ്ങളെ] അശെഷം വഷളാക്കും എ

ന്നും, ഞാൻ നിങ്ങളൊട കല്പിച്ചിട്ടുള്ള വഴിയിൽനിന്ന മാറി പൊകും എന്നും ഞാൻ അറിയുന്നു: അപ്പൊൾ യഹൊവായെ നിങ്ങളുടെ കൈകളുടെ ക്രിയകൊണ്ട കൊപപ്പെടുത്തുവാനായിട്ട നിങ്ങൾ അവന്റെ മുമ്പാകെ ദൊഷംചെയ്കയാൽ, അവസാന ദിവസങ്ങളിൽ നിങ്ങൾക്ക ദൊഷം ഭവിക്കും.

൩൰ം മൊശെ യിസ്രാഎൽ സഭ ഒക്കെയും കെൾക്കെ ഃൟം പാട്ടിലുള്ള വാക്യങ്ങളെ മുഴുവനും പറഞ്ഞു.

൩൨ അദ്ധ്യായം.

൧ ദൈവത്തിന്റെ ദയയെയും പ്രതിക്രിയയെയും കാണിക്കുന്നതായുള്ള മൊശെയുടെ പാട്ട,—൪൬. അവൻ അവക്ക അവരുടെ ഹൃദയങ്ങളെ അതിന്മെൽ വെപ്പാൻ ഉപദെശിക്കുന്നത.

ആകാശങ്ങളെ, ചെവിക്കൊൾവിൻ, എന്നാൽ ഞാൻ പറയും: ഭൂമിയെ, എന്റെ വായിലെ വചനങ്ങളെ കെൾക്ക.

൨ മഴ പൊലെ എന്റെ ഉപദെശം തുള്ളിയായിട്ട വീഴും, മഞ്ഞു പൊലെയും, മുളെക്കുന്ന സസ്യത്തിന്മെൽ ചെറിയ മഴ പൊലെയും, പുല്ലിന്മെൽ മഴ ചാറൽകൾ പൊലെയും എന്റെ വചനം പെയ്യും:

൩ എന്തെന്നാൽ ഞാൻ യഹൊവായുടെ നാമത്തെ പ്രസിദ്ധപ്പെടുത്തും; നമ്മുടെ ദൈവത്തിന മഹത്വത്തെ കൊടുപ്പിൻ.

൪ [അവൻ] പാറ [ആകുന്നു,] അവന്റെ ക്രിയ തികവുള്ളത; എന്തകൊണ്ടെന്നാൽ അവന്റെ വഴികൾ ഒക്കെയും ന്യായം: അവൻ സത്യമുള്ള ദൈവം; അന്യായമില്ലാത്തവൻ, നീതിയും നെരുമുള്ളവൻ.

൫ അവർ തങ്ങളെ വഷളാക്കി; അവരുടെ കറ അവന്റെ പുത്രന്മാരുടെ അല്ല; അവർ ശാഠ്യവും മഹാ ഉരുട്ടുമുള്ള സന്തതി.

൬ മൂഢതയും അജ്ഞാനവുമുള്ള ജനമെ, നിങ്ങൾ ഇപ്രകാരം യഹൊവായിക്ക പകരം ചെയ്യുന്നുവൊ? അവൻ നിന്നെ സമ്പാദിച്ചിട്ടുള്ള നിന്റെ പിതാവല്ലയൊ? അവൻ നിന്നെ ഉണ്ടാക്കുകയും, നിന്നെ സ്ഥിരപ്പെടുത്തുകയും ചെയ്യുവനല്ലയൊ?

൭ പണ്ടത്തെ ദിവസങ്ങളെ ഒൎക്ക, തലമുറതലമുറയായുള്ള സംവത്സരങ്ങളെ വിചാരിപ്പിൻ: നിന്റെ പിതാവിനൊട ചൊദിക്ക, എന്നാൽ അവൻ നിന്നൊട അറിയിക്കും; നിന്റെ മൂപ്പന്മാരൊട [ചൊദിക്ക] എന്നാൽ അവർ നിന്നൊട പറയും.

൮ ഉന്നതനായവൻ ജാതികൾക്ക അവകാശങ്ങളെ വിഭാഗിച്ചപ്പൊൾ, ആദാമിന്റെ പുത്രന്മാരെ അവൻ പിരിയുമാറാക്കിയപ്പൊൾ, അവൻ യിസ്രാഎൽ പുത്രന്മാരുടെ എണ്ണത്തിന തക്കവണ്ണം ജനങ്ങളുടെ അതൃത്തികളെ നിശ്ചയിച്ചു.

൯ എന്തകൊണ്ടെന്നാൽ യഹൊവായുടെ പങ്ക അവന്റെ ജനം [ആകുന്നു;] യാക്കൊബ അവന്റെ അവകാശത്തിന്റെ ഒഹരി.

൰ം അവൻ അവനെ ഒരു വനപ്രദെശത്തിലും, ഓളിയിടുന്നതായുള്ള ശൂന്യവനത്തിലും കണ്ടെത്തി: അവൻ അവനെ ചുററി സഞ്ചരിക്കുമാറാക്കി, അവൻ അവനെ പഠിപ്പിച്ചു, അവനെ തന്റെ കണ്ണിന്റെ കൃഷ്ണമണിയെ പൊലെ സൂക്ഷിച്ചു.

൰൧ കഴുകൻ തന്റെ കൂടിനെ ഇളക്കി, തന്റെ കുഞ്ഞങ്ങളുടെ മെൽ ആടിക്കൊണ്ടിരുന്ന, തന്റെ ചിറ

കുകളെ വിരിച്ചു, അവയെ എടുത്തു, അവയെ തന്റെ ചിറകിന്മെൽ വഹിക്കുന്നതു പൊലെ,

൧൨ യഹൊവാ തന്നെ അവനെ വഴി നടത്തി, ഒരു അന്യദൈവവും അവനൊടു കൂടെ ഉണ്ടായിരുന്നില്ല.

൧൩ അവൻ നിലത്തിലെ ഫലങ്ങളെ ഭക്ഷിക്കുന്നതിന അവൻ അവനെ ഭൂമിയുടെ ഉന്നത സ്ഥലങ്ങളുടെ മെൽ കരെറുമാറാക്കി, അവനെ പാറയിൽനിന്ന തെനിനെയും കല്പാറയിൽനിന്ന എണ്ണയെയും കുടിപ്പിച്ചു.

൧൪ പശുക്കളുടെ വെണ്ണയെയും, ആട്ടിൻ കുട്ടികളുടെ നെയ്യൊടു കൂടെ ആടുകളുടെ പാലിനെയും, ബാശാനിലെ മുട്ടാടുകളെയും, വെള്ളാടുകളെയും, കൊതമ്പിന്റെ കുണ്ടിക്കായകളുടെ കൊഴുപ്പൊടു കൂടെ; നീ മുന്തിരിങ്ങാപ്പഴത്തിന്റെ ശുദ്ധ രക്തം കുടിക്കയും ചെയ്തു.

൧൫ ¶ എന്നാലും യശുരുൻ തടിച്ചു, ചവിട്ടി, നീ തടിച്ചിരിക്കുന്നു, നീ സ്ഥൂലിച്ചിരിക്കുന്നു, നീ [പുഷ്ടി കൊണ്ടു] മൂടിയിരിക്കുന്നു: അപ്പൊൾ അവൻ തന്നെ ഉണ്ടാക്കിയ ദൈവത്തെ ഉപെക്ഷിച്ചു, തന്റെ രക്ഷയുടെ പാറയെ നിന്ദിച്ചു.

൧൬ അവർ അന്യ ദൈവങ്ങളെ കൊണ്ടു അവനെ വൈരാഗ്യപ്പെടുത്തി, വെറുപ്പുകൾ കൊണ്ടു അവർ അവനെ കൊപിപ്പിച്ചു.

൧൭ അവർ ദൈവത്തിന അല്ല, പിശാചുകൾക്ക തന്നെ, തങ്ങൾ അറിയാത്ത ദൈവങ്ങൾക്ക, നിങ്ങളുടെ പിതാക്കന്മാർ അറിയാതെ പുത്തനായി ഉണ്ടായ ദൈവങ്ങൾക്ക, ബലി കഴിച്ചു.

൧൮ നിന്നെ ജനിപ്പിച്ചിട്ടുള്ളപാറയെ നീ ഒൎക്കുന്നില്ല, നിന്നെ ഉത്ഭവിപ്പിച്ച ദൈവത്തെ നീ മറന്നിരിക്കുന്നു.

൧൯ അതിനെ യഹൊവാ കണ്ടാറെ തന്റെ പുത്രന്മാരും തന്റെ പുത്രിമാരും, [തന്നെ] കൊപിപ്പിച്ച ഹെതുവായി, അവൻ അവരെ വെറുത്തു.

൨൦ അപ്പൊൾ അവൻ പറഞ്ഞു, ഞാൻ എന്റെ മുഖത്തെ അവരിൽനിന്ന മറെക്കും, അവരുടെ അവസാനം എങ്ങിനെ [ഇരിക്കും] എന്ന ഞാൻ കാണും; എന്തുകൊണ്ടെന്നാൽ അവർ മഹാ ദുശ്ശാഠ്യമുള്ള സന്തതി, തങ്ങളിൽ വിശ്വാസമില്ലാത്ത പുത്രന്മാർ [ആകുന്നു.]

൨൧ അവർ ദൈവമല്ലാത്തതിനെ കൊണ്ടു എന്നെ വൈരാഗ്യപ്പെടുത്തി; അവർ തങ്ങളുടെ മായകളെ കൊണ്ടു എന്നെ കൊപിപ്പിച്ചിരിക്കുന്നു: ഞാനും ജനമല്ലാത്തവരെ കൊണ്ടു അവരെ വൈരാഗ്യപ്പെടുത്തും, ഞാൻ ഒരു മൂഢ ജാതിയെ കൊണ്ടു അവരെ കൊപിപ്പിക്കും.

൨൨ എന്തുകൊണ്ടെന്നാൽ എന്റെ കൊപത്തിൽ അഗ്നി ജ്വലിച്ചു, അതു മഹാ ആഴമുള്ള നരകം വരെയും എരിഞ്ഞു, ഭൂമിയെയും അതിന്റെ സമൃദ്ധിയെയും ഭക്ഷിച്ചു, പൎവതങ്ങളുടെ അടിസ്ഥാനങ്ങളെ കത്തിക്കും.

൨൩ ഞാൻ ദൊഷങ്ങളെ അവരുടെ മെൽ കൂട്ടും: ഞാൻ എന്റെ അസ്ത്രങ്ങളെ അവരിൽ എയ്തു കളയും.

൨൪ [അവർ] വിശപ്പു കൊണ്ടു വെന്തു, ദഹിപ്പിക്കുന്ന ഉഷ്ണത്താലും കയ്പായുള്ള നാശത്താലും ക്ഷയിക്കും: ഞാൻ മൃഗങ്ങളുടെ പല്ലുകളെ മണ്ണിലെ പാമ്പുകളുടെ വിഷത്തൊടു കൂടെ അവരിൽ അയക്കും.

൨൫ പുറത്ത വാളും അകത്ത ഭയ
ങ്കരത്വവും ബാലകനെയും, കന്യാ
സ്ത്രീയെയും, ശിശുക്കളെയും. നര
യുള്ള മനുഷ്യനൊട കൂടെ സംഹരി
ക്കും.

൨൬ അവരുടെ ശത്രുക്കൾനികളി
ച്ച്, ഞങ്ങളുടെ കൈ ഉയൎന്ന എ
ന്നും, യഹൊവാ ഇതിനെ ഒക്കെ
യും പ്രവൃത്തിച്ചിട്ടില്ല എന്നും അവ
ർ പറയും എന്ന വെച്ച, ഞാൻ ശ
ത്രുവിന്റെ ക്രോധത്തെ ഭയപ്പെ
ട്ടിരുന്നില്ല എങ്കിൽ,

൨൭ ഞാൻ അവരെ ചിന്നിച്ചുക
ളഞ്ഞ, മനുഷ്യരിൽ അവരെ കുറി
ച്ചുള്ള ഒൎമ്മ ഇല്ലാതെ ആക്കുകയാ
യിരുന്നു എന്ന ഞാൻ പറഞ്ഞു.

൨൮ എന്തകൊണ്ടെന്നാൽ അവ
ർ വിചാരമില്ലാത്ത ജാതി, അവരി
ൽ തിരിച്ചറിവും ഇല്ല.

൨൯ അവർ ബൊധമുള്ളവരായി,
അവർ ഇതിനെ തിരിച്ചറിഞ്ഞ, അ
വർ തങ്ങളുടെ ഒടുക്കത്തെ കാൎയ്യ
ത്തെ ചിന്തിച്ചാൽ കൊള്ളായിരു
ന്നു!

൩൦ അവരുടെ പാറ അവരെ വി
ല്ക്കാതെയും, യഹൊവാ അവരെ
അടെച്ചുകളയാതെയും ഇരുന്നു എ
ങ്കിൽ, ഒരുത്തൻ എങ്ങിനെ ആയി
രം പെരെ പിന്തുടരുകയും, രണ്ടു
പെർ പതിനായിരം പെരെ ഒടി
ക്കയും ചെയ്യുമായിരുന്നു!

൩൧ എന്തകൊണ്ടെന്നാൽ അ
വരുടെ പാറ നമ്മുടെ പാറ പൊ
ലെ അല്ല എന്ന നമ്മുടെ ശത്രുക്ക
ൾ തന്നെയും വിധിക്കുന്നവർ.

൩൨ എന്തെന്നാൽ അവരുടെ മ
ന്തിരിങ്ങാവള്ളി സെദൊമിലും ഗൊ
മൊറാ നിലങ്ങളിലുമുള്ള മുന്തിരി
ങ്ങാ വള്ളിയിൽനിന്ന [ആകുന്നു:]
അവയുടെ മുന്തിരിങ്ങാ പഴങ്ങൾ
പിത്തവും അവയുടെ കുലകൾ
കൈപ്പുമായിരിക്കുന്നു.

൩൩ അവരുടെ വീഞ്ഞ വലിയ
സൎപ്പങ്ങളുടെ വിഷവും, അണലി
കളുടെ ക്രൂര വിഷവും [ആകുന്നു.]

൩൪ ഇത എന്റെ അടുക്കൽ സം
ഗ്രഹിക്കപ്പെട്ടും, എന്റെ ഭണ്ഡാര
ങ്ങളിൽ മുദ്രയിടപ്പെട്ടും ഇരിക്കുന്നി
ല്ലയൊ?

൩൫ പ്രതിക്രിയയും പകരം വി
ധിയും എനിക്കുള്ളത: [തക്ക] കാല
ത്തിൽ അവരുടെ കാൽ വഴുതും: എ
ന്തകൊണ്ടെന്നാൽ അവരുടെ ആ
പത്ത നാൾ സമീപത്ത [ആകു
ന്നു,] അവൎക്ക സംഭവിപ്പാനുള്ള
കാൎയ്യങ്ങൾ ബദ്ധപ്പെടുന്നു.

൩൬ എന്തകൊണ്ടെന്നാൽ യ
ഹൊവാ തന്റെ ജനത്തൊട ന്യാ
യം വിധിച്ച, തന്റെ ശുശ്രൂഷ
ക്കാരെ കുറിച്ച അനുതപിക്കും, എ
ന്തെന്നാൽ [അവരുടെ] ബലം
പൊയി എന്നും, ~~അടെക്കപ്പെട്ടതും~~
~~ശെഷിക്കപ്പെട്ടതും~~ ഇല്ല എന്നും അ
വൻ കാണുന്നു.

൩൭ അപ്പൊൾ അവൻ പറയും,
അവരുടെ ബലികളുടെ നെയ്യി
നെ ഭക്ഷിക്കയും, അവരുടെ പാ
നീയ കാഴ്ചകളുടെ വീഞ്ഞിനെ കു
ടിക്കയും ചെയ്തിട്ടുള്ള അവരുടെ ദൈ
വങ്ങളും അവർ വിശ്വസിച്ചിട്ടുള്ള
പാറയും എവിടെ?

൩൮ അവർ എഴുനീറ്റ, നിങ്ങൾ
ക്ക സഹായിച്ച്, നിങ്ങൾക്ക മറ
സ്ഥലമായിരിക്കട്ടെ.

൩൯ ഞാൻ,ഞാൻ തന്നെ, അവ
ൻ[ആകുന്നു;] എന്നൊട കൂടെ മറ്റ
ദൈവമില്ല എന്ന ഇപ്പൊൾ നൊ
ക്കുവിൻ; ഞാൻ കൊല്ലുന്നു, ഞാൻ
ജീവിപ്പിക്കുന്നു; ഞാൻ മുറി എല്പി
ക്കുന്നു, ഞാൻ സൌഖ്യമാക്കുന്നു:

എന്റെ കയ്യിൽനിന്ന വിടുവിക്കു
ന്ന ഒരുത്തനുമില്ല.
൪൦ എന്തെന്നാൽ ഞാൻ എന്റെ
കയ്യിനെ ആകാശത്തിലെക്ക ഉയ
ൎത്തി, ഞാൻ എന്നെക്കും ജീവിക്കു
ന്നു എന്ന പറയുന്നു.
൪൧ ഞാൻ എന്റെ മിന്നലുള്ള
വാളിനെ മൂൎച്ച കൂട്ടുകയും, എന്റെ
കൈ ന്യായത്തെ പിടിക്കയും ചെ
യ്യാൽ, ഞാൻ എന്റെ ശത്രുക്കൾ
ക്ക പകരം വീട്ടും, എന്നെ ദ്വെഷി
ക്കുന്നവൎക്ക പകരം കൊടുക്കും.
൪൨ ഞാൻ എന്റെ അസ്ത്രങ്ങ
ളെ രക്തം കൊണ്ട, ശത്രുവിന്റെ
മെൽ ഉള്ള പ്രതിക്രിയകളുടെ ആ
രംഭം മുതൽ, കൊല്ലപ്പെട്ടവരുടെ
യും അടിമപ്പെട്ടവരുടെയും രക്തം
കൊണ്ട മദിപ്പിക്കും, എന്റെ വാ
ൾ മാംസം ഭക്ഷിക്കയും ചെയ്യും.
൪൩ ജാതികളെ, അവന്റെ ജ
നത്തൊട കൂടെ സന്തൊഷിപ്പിൻ;
എന്തെന്നാൽ അവൻ തന്റെ ശു
ശ്രൂഷക്കാരുടെ രക്തപ്പകയെ വീ
ട്ടി, തന്റെ ശത്രുക്കളൊട പ്രതിക്രി
യ ചെയ്യു, തന്റെ രാജ്യത്തൊടും
തന്റെ ജനത്തൊടും കരുണ ചെ
യ്യും.
൪൪ ¶ പിന്നെ മൊശെയും നൂ
ന്റെ പുത്രനായ യൊശുവായും വ
ന്ന, ഈ പാട്ടിലെ വാക്യങ്ങളെ ഒ
ക്കെയും ജനത്തിന്റെ ചെവികൾ
കെൾക്കെ പറഞ്ഞു.
൪൫ മൊശെ ഈ വചനങ്ങളെ
ഒക്കെയും എല്ലാ യിസ്രാഎല്ക്കാ
രൊടും പറഞ്ഞ തീൎത്തു.
൪൬ പിന്നെയും അവൻ അവ
രൊട പറഞ്ഞു, ഈ ന്യായപ്രമാ
ണ വചനങ്ങളെ ഒക്കെയും ചെ
യ്യാൻ പ്രമാണിക്കെണ്ടുന്നതിന
നിങ്ങൾ നിങ്ങളുടെ പുത്രന്മാരൊട
കല്പിപ്പാനായിട്ട, ഞാൻ ഇന്ന നി
ങ്ങൾക്ക സാക്ഷീകരിക്കുന്ന എല്ലാ
വാക്കുകൾക്കും നിങ്ങളുടെ ഹൃദയം
വെച്ചുകൊൾവിൻ.
൪൭ എന്തുകൊണ്ടെന്നാൽ ഇതു
നിങ്ങൾക്ക വ്യൎത്ഥമുള്ള കാൎയ്യം അ
ല്ല; എന്തെന്നാൽ അത നിങ്ങളുടെ
ജീവൻ [ആകുന്നു:] നിങ്ങൾ അ
തിനെ അനുഭവിപ്പാൻ യൎദ്ദനെ
കടന്ന പൊകുന്ന ദെശത്ത ഈ
വചനത്താൽ നിങ്ങൾ നിങ്ങളുടെ
ദിവസങ്ങളെ ദീൎഘമാക്കും.
൪൮ അദ്ദിവസത്തിൽ തന്നെ യ
ഹൊവാ മൊശെയൊട സംസാരി
ച്ച, പറഞ്ഞു,
൪൯ നീ യെറിഹൊയിക്ക നെ
രെ, മൊവാബ ദെശത്തുള്ള ഈ
ആബാറീം പൎവ്വതമായ നെബൊ
പൎവ്വതത്തിലെക്ക കരെറി; ഞാൻ
യിസ്രാഎൽ പുത്രന്മാൎക്ക അവകാ
ശമായി നൽകുന്ന കനാൻ ദെശ
ത്തെ നൊക്കി;
൫൦ നിന്റെ സഹൊദരനായ
അഹറൊൻ ഹൊർ എന്ന പൎവ്വത
ത്തിൽ വെച്ച മരിച്ച, തന്റെ ജ
നങ്ങളുടെ അടുക്കൽ ചെന്നത പൊ
ലെ, നീ കരെറുന്ന പൎവ്വതത്തിൽ
മരിച്ച, നിന്റെ ജനങ്ങളുടെ അടു
ക്കൽ ചെരുക:
൫൧ നിങ്ങൾ സീൻ വനത്തിൽ
കാദെശ മെറിബായിലെ വെള്ള
ങ്ങളുടെ അരികെ യിസ്രാഎൽ പു
ത്രന്മാരുടെ ഇടയിൽ ഇനിക്ക വി
രൊധമായി അകൃത്യം ചെയ്തുകൊ
ണ്ടും, നിങ്ങൾ യിസ്രാഎൽ പുത്ര
ന്മാരുടെ ഇടയിൽ എന്നെ ശുദ്ധീ
കരിക്കായ്കകൊണ്ടും തന്നെ [ആകു
ന്നു.]
൫൨ എന്നാലും നിന്റെ നെരെ
ഇരിക്കുന്ന ദെശത്തെ നീ കാണും;

ഞാൻ യിസ്രാഎൽ പുത്രന്മാൎക്ക
കൊടുക്കുന്ന ആ ദെശത്ത നീ പ്ര
വെശിക്കയില്ല താനും.

൩൩ അദ്ധ്യായം.

൧ ദൈവത്തിന്റെ മഹത്വം.—൬ പന്ത്രണ്ടു
ഗൊത്രങ്ങൾക്കുള്ള അനുഗ്രഹങ്ങൾ,—൨൬ യി
സ്രാഎലിന്റെ മുഖ്യത.

൧ ദൈവത്തിന്റെ മനുഷ്യനാ
യ മൊശെ തന്റെ മരണത്തിന
മുമ്പെ യിസ്രാഎൽ പുത്രന്മാരെ അ
നുഗ്രഹിച്ചിട്ടുള്ള അനുഗ്രഹം ഇത:
൨ അവൻ പറഞ്ഞത എന്തെന്നാ
ൽ, യഹൊവാ സീനായിൽനിന്ന
വന്നു, അവൎക്ക ശെയിറിൽനിന്നും
ഉദിച്ചു: അവൻ പാറാൻ പൎവ്വത
ത്തിൽനിന്ന പ്രകാശിച്ചു, പതിനാ
യിരം ശുദ്ധിമാന്മാരൊട കൂടെ വ
ന്നു: അവന്റെ വലത്ത ഭാഗത്ത
നിന്ന അവൎക്കായിട്ട ഒര അഗ്നി
യായ ന്യായപ്രമാണം [ഉണ്ടാ
യി.]
൩ സത്യമായി അവൻ ജനങ്ങ
ളെ സ്നെഹിച്ചു: അവന്റെ ശുദ്ധി
മാന്മാർ എല്ലാവരും നിന്റെ കയ്യി
ൽ [ഇരിക്കുന്നു:] അവർ നിന്റെ
പാദത്തിങ്കൽ ഇരിക്കുന്നു: ഒരൊരു
ത്തൻ നിന്റെ വചനങ്ങളിൽനി
ന്ന കൈക്കൊള്ളും.
൪ യാക്കൊബിന്റെ സഭയുടെ
അവകാശമായ ഒരു ന്യായപ്രമാ
ണത്തെ മൊശെ ഞങ്ങളൊട ക
ല്പിച്ചു.
൫ ജനത്തിന്റെ പ്രമാണികളും
യിസ്രാഎലിന്റെ ഗൊത്രങ്ങളും കൂ
ടിയപ്പൊൾ അവൻ യശുരുനിൽ
രാജാവും ആയിരുന്നു.
൬ ¶ രൂബെൻ മരിക്കാതെ ജീവി
ച്ചിരിക്കട്ടെ; അവന്റെ മനുഷ്യർ
സംഖ്യയായി ഇരിക്കട്ടെ.
൭ ¶ ഇതിനെ അവൻ യെഹൂദാ
യെ കുറിച്ച [പറഞ്ഞു,] യഹൊവാ
യെ, യെഹൂദായുടെ ശബ്ദത്തെ
കെട്ട, അവനെ അവന്റെ ജന
ത്തിലെക്ക കൊണ്ടുവരെണമെ:
അവന്റെ കൈകൾ അവന മതി
യായിരിക്കട്ടെ; അവന്റെ ശത്രു
ക്കളിൽനിന്ന നീ [അവന] സഹാ
യം ആയിരിക്കെണമെ.
൮ ¶ പിന്നെ ലെവിയെ കുറിച്ച
അവൻ പറഞ്ഞു, നിന്റെ ഉറീമും
നിന്റെ തുമ്മീമും നീ മസ്സായിൽ പ
രീക്ഷിച്ചവനായി, നീ മെറിബാ
യിലെ വെള്ളങ്ങളുടെ അരികെ വി
വാദം ചെയ്തവനായ നിന്റെ ശു
ദ്ധമുള്ളവനൊട കൂടെ [ഇരിക്കട്ടെ.]
൯ അവൻ തന്റെ പിതാവി
നൊടും തന്റെ മാതാവിനൊടും,
ഞാൻ അവനെ കണ്ടില്ല എന്ന പ
റഞ്ഞു; അവൻ തന്റെ സഹൊദ
രന്മാരെ അറിയാതെയും, തന്റെ
പുത്രന്മാരെ അറിയാതെയും ഇരു
ന്നു: എന്തെന്നാൽ അവർ നിന്റെ
വചനത്തെ പ്രമാണിച്ചു, നിന്റെ
ഉഭയസമ്മതത്തെ കാത്തിരിക്കുന്നു.
൧൦ അവർ യാക്കൊബിന നി
ന്റെ ന്യായങ്ങളെയും, യിസ്രാഎ
ലിന നിന്റെ ന്യായപ്രമാണത്തെ
യും ഉപദെശിക്കും: അവർ നിന്റെ
മുമ്പാകെ ധൂപവൎഗ്ഗത്തെയും, നി
ന്റെ ബലിപീഠത്തിന്മെൽ സൎവ്വാം
ഗ ഹൊമങ്ങളെയും വെക്കും.
൧൧ യഹൊവായെ, അവന്റെ ശ
ക്തിയെ അനുഗ്രഹിച്ചു, അവന്റെ
കൈകളുടെ ക്രിയയിൽ ഇഷ്ടമായി
രിക്കെണമെ: അവന വിരൊധ
മായി എഴുനീല്ക്കുന്നവരുടെയും അ
വനെ ദ്വെഷിക്കുന്നവരുടെയും ഇ
ടുപ്പുകളെ, അവർ എഴുനീല്ക്കാതവ
ണ്ണം, തകൎക്കെണമെ.
൧൨ ¶ പിന്നെ ബെന്യാമിനെ

കുറിച്ച അവൻ പറഞ്ഞു, യഹൊവായിക്ക പ്രിയമുള്ളവൻ അവനൊട കൂടെ സുഖമായി പാൎക്കും, [യഹൊവാ] അവനെ എല്ലാ നാളും മറെക്കും, അവൻെറ തൊളുകളു ടെ നടുവെ അവൻ വസിക്കും.

൰൩ ¶ പിന്നെ യൊസെഫിനെ കുറിച്ച അവൻ പറഞ്ഞു, അവൻെറ ദെശം യഹൊവായാൽ അനുഗ്രഹിക്കപ്പെടട്ടെ, ആകാശത്തിലെ വിലയെറിയ വസ്തുക്കൾ കൊണ്ടും, മഞ്ഞു കൊണ്ടും, കീഴെ കിടക്കുന്ന ആഴം കൊണ്ടും,

൰൪ സൂൎയ്യനാലുള്ള വിലയെറിയ ഫലങ്ങൾ കൊണ്ടും, ചന്ദ്രൻ മുളപ്പിക്കുന്ന വിലയെറിയ ഫലങ്ങൾ കൊണ്ടും,

൰൫ ആദ്യപൎവ്വതങ്ങളുടെ പ്രധാന വസ്തുക്കൾ കൊണ്ടും, നിത്യ കുന്നുകളുടെ വിലയെറിയ വസ്തുക്കൾ കൊണ്ടും, ഭൂമിയിലെ വിലയെറിയ വസ്തുക്കളും അതിൻെറ പൂൎണ്ണതയും കൊണ്ടും,

൰൬ മുൾപടപ്പിൽ വസിച്ചവൻെറ സംപ്രീതി കൊണ്ടും തന്നെ: യൊസെഫിൻെറ ശിരസ്സിന്മെലും തൻെറ സഹൊദരന്മാരിൽനിന്ന വെറാക്കപ്പെട്ടവൻെറ നെറുകയിന്മെലും [അനുഗ്രഹം] വരട്ടെ.

൰൭ അവൻെറ മഹത്വം അവൻെറ കടിഞ്ഞൂൽ കാളയും, അവൻെറ കൊമ്പുകൾ കാണ്ടാ മൃഗത്തിൻെറ കൊമ്പുകളും [പൊലെ ആകുന്നു;] അവയെ കൊണ്ട അവൻ ജനങ്ങളെ ഒന്നായി ഭൂമിയുടെ അറുതികൾ വരെയും കുത്തി ഒടിക്കും; അവർ എഫ്രായിമിൻെറ പതിനായിരങ്ങളും, അവർ മനശ്ശെയുടെ ആയിരങ്ങളും [ആകുന്നു.]

൰൮ ¶ പിന്നെ സെബുലൂനെ കുറിച്ച അവൻ പറഞ്ഞു, സെബുലൂനെ, നീ നിൻെറ പുറപ്പാടിലും ഇസ്സഖാറെ, നീ നിൻെറ കൂടാരങ്ങളിലും സന്തൊഷിക്ക.

൰൯ അവർ ജനങ്ങളെ പൎവ്വതത്തിലെക്ക വിളിക്കും; അവിടെ അവർ നീതിയുടെ ബലികളെ കഴിക്കും: എന്തകൊണ്ടെന്നാൽ അവർ സമുദ്രങ്ങളുടെ പൂൎണ്ണതയെയും മണലിൽ മറഞ്ഞിരിക്കുന്ന നിക്ഷെപങ്ങളെയും കുടിക്കും.

൨൰ ¶ പിന്നെ ഗാദിനെ കുറിച്ച അവൻ പറഞ്ഞു, ഗാദിനെ വിസ്താരമാക്കുന്നവൻ ഭാഗ്യവാൻ; അവൻ ഒരു സിംഹം പൊലെ പാൎത്ത, ഭുജത്തെ തലയിലെ നെറുകയൊട കൂടെ കീറിക്കളയുന്നു.

൨൰൧ അവൻ തനിക്കായി ആദ്യ ഭാഗം നൊക്കി, എന്തകൊണ്ടെന്നാൽ അവിടെ ന്യായദാതാവിൻെറ ഒഹരി ഇരുന്നു; അവൻ ജനത്തിൻെറ തലവരൊട കൂടെ വന്നു, അവൻ യഹൊവായുടെ നീതിയെയും അവൻെറ ന്യായങ്ങളെയും യിസ്രാഎലിനൊട കൂടെ നടത്തി.

൨൰൨ ¶ പിന്നെ ദാനെ കുറിച്ച അവൻ പറഞ്ഞു, ദാൻ ഒരു സിംഹക്കുട്ടി [ആകുന്നു;] അവൻ ബാശാനിൽനിന്ന പായും.

൨൰൩ ¶ പിന്നെ നപ്ഥാലിയെ കുറിച്ച അവൻ പറഞ്ഞു, കൃപ കൊണ്ട തൃപ്തിപ്പെട്ട, യഹൊവായുടെ അനുഗ്രഹത്താൽ നിറഞ്ഞ നപ്ഥാലിയെ, നീ പടിഞ്ഞാറെ ഭാഗത്തെയും തെക്ക ഭാഗത്തെയും അനുഭവിക്ക.

൨൰൪ ¶ പിന്നെ ആശെറിനെ കുറിച്ച അവൻ പറഞ്ഞു, ആശെർ പുത്രന്മാരാൽ അനുഗ്രഹിക്കപ്പെട്ടവൻ [ആകട്ടെ;] അവൻ തൻെറ സ

ഹൊദരന്മാൎക്ക ഇഷ്ടനായിരുന്ന, ത
ന്റെ കാലിനെ എണ്ണയിൽ മുക്ക
ട്ടെ.
൨൫ നിന്റെ ചെരിപ്പുകൾ ഇരി
മ്പും പിച്ചളയും [ആകും,] നിന്റെ
ദിവസങ്ങൾ പൊലെ നിന്റെ ബ
ലവും [ഇരിക്കും.]
൨൬ ¶ യശുരുന്റെ ദൈവം എ
ന്ന പൊലെ ഒരുത്തനുമില്ല, അവ
ൻ നിനക്ക സഹായമായിട്ട ആ
കാശങ്ങളുടെ മെലും, തന്റെ മുഖ്യത
യിൽ ആകാശമണ്ഡലങ്ങളുടെമെ
ലും എറി പൊകുന്നു.
൨൭ അനാദിയായുള്ള ദൈവം [നി
ന്റെ] അഭയസ്ഥലം [ആകുന്നു,]
താഴെ നിത്യഭുജങ്ങളും [ഉണ്ട:] അ
വൻ നിന്റെ മുമ്പിൽനിന്ന ശത്രു
വിനെ ആട്ടി കളയും, നശിപ്പിക്ക
എന്നും പറയും.
൨൮ അപ്പൊൾ യിസ്രായെൽ സു
ഖത്തൊടെ തനിച്ച വസിക്കും: യാ
ക്കൊബിന്റെ ഉറവ ധാന്യവും വീ
ഞ്ഞുമുള്ള ദെശത്ത [ഇരിക്കും;] അ
വന്റെ ആകാശവും മഞ്ഞ പൊഴി
ക്കും.
൨൯ യിസ്രായെലെ, നീ ഭാഗ്യവാ
ൻ: നിന്റെ സഹായത്തിന്റെ പ
രിചയും, നിന്റെ മുഖ്യതയുടെ വാ
ളുമായ യഹൊവായാൽ രക്ഷിക്ക
പ്പെട്ട ജനമെ, നിന്നെ പൊലെ ഉ
ള്ളവൻ ആര! നിന്റെ ശത്രുക്കൾ
നിനക്ക ഭൊഷ്ക്ക പറയുന്നവരായി
കാണപ്പെടും, എന്നാൽ നീ അവ
രുടെ ഉന്നത സ്ഥലങ്ങളിന്മെൽ ച
വിട്ടും.

൩൪ അദ്ധ്യായം.

൧ മൊശെ നെബൊ എന്ന പൎവതത്തിൽനിന്ന ദെശത്തെ നൊക്കി കാണുന്നത.—൫ അവൻ അവിടെ വെച്ച മരിക്കുന്നത.—൬ അവന്റെ ശവ സംസ്കാരം.—൭ അവന്റെ ആയുസ്സ.—൮ അവനെ കുറിച്ച മുപ്പത ദിവസത്തെ വിലാപം.—൯ യൊശുവാ അവന്റെ സ്ഥാനത്ത പ്രവെശിക്കുന്നത.—൧൦ മൊശെയുടെ കീൎത്തി.

പിന്നെ മൊശെ മൊവാബി
ന്റെ സമ പ്രദെശങ്ങളിൽനിന്ന
യറിഹൊയിക്ക നെരെ നെബൊ
എന്ന പൎവതത്തിൽ, പിസ്ഗായുടെ
മുകളിലെക്ക കരെറി: അപ്പൊൾ യ
ഹൊവാ അവന ദാൻ വരെ ഗില
യാദ ദെശത്തെ ഒക്കെയും,
൨ നപ്താലിയെ ഒക്കെയും, എഫ്രാ
യിമിന്റെയും മനശ്ശെയുടെയും ദെ
ശത്തെയും, ഒടുക്കത്തെ സമുദ്രം വ
രെ യെഹൂദായുടെ ദെശത്തെ ഒ
ക്കെയും,
൩ തെക്ക ഭാഗത്തെയും, ൟന്ത
കളുടെ നഗരം മുതൽ ശൊവാർ വ
രെയും യറിഹൊയുടെ താഴ്വര എ
ന്ന സമഭൂമിയെയും കാണിച്ചു.
൪ പിന്നെ യഹൊവാ അവനൊ
ട പറഞ്ഞു, ഞാൻ അബ്രാഹാമി
നൊടും, യിസ്സാക്കിനൊടും, യാക്കൊ
ബിനൊടും, അതിനെ ഞാൻ നി
ന്റെ സന്തതിക്ക തരുമെന്ന പറ
ഞ്ഞ, ആണയിട്ടിട്ടുള്ള ദെശം ഇത
തന്നെ: നിന്റെ കണ്ണുകൾ കൊണ്ട
അതിനെ ഞാൻ നിന്നെ കാണുമാ
റാക്കി, എന്നാൽ നീ അവിടെക്കകട
ന്ന പൊകയില്ല.
൫ അപ്രകാരം മൊവാബ ദെശ
മായ അവിടെ വെച്ച യഹൊവാ
യുടെ ശുശ്രൂഷക്കാരനായ മൊശെ,
യഹൊവായുടെ വചന പ്രകാരം,
മരിച്ചു.
൬ അവൻ അവനെ മൊവാബ
ദെശത്ത ബെത്പെയൊറിന നെ
രെയുള്ള താഴ്വരയിൽ അടക്കി: എ
ന്നാൽ ഇന്ന വരെയും ഒരുത്തനും
അവന്റെ ശവക്കുഴിയെ അറിയു
ന്നില്ല.

൭ മൊശെ മരിച്ചപ്പൊൾ, അവ
ൻ നൂററിരുപത വയസ്സുള്ളവനാ
യിരുന്നു: അവന്റെ കണ്ണ ഇരിളാ
തെയും, അവന്റെ ശരീര ശക്തി
കുറയാതെയും ഇരുന്നു.

൮ പിന്നെ യിസ്രാഎൽ പുത്ര
ന്മാർ മൊവാബിലെ സമ പ്രദെ
ശങ്ങളിൽ മൊശെയെ കുറിച്ച മുപ്പ
ത ദിവസം കരഞ്ഞുകൊണ്ടിരുന്നു:
മൊശെയെ കുറിച്ചുള്ള പ്രലാപമാ
യ കരച്ചിലിന്റെ ദിവസങ്ങൾ തി
കഞ്ഞു:

൯ ¶ എന്നാൽ നൂന്റെ പുത്രനായ
യൊശുവാ ജ്ഞാന ആത്മാവ കൊ
ണ്ട പൂൎണ്ണനപ്പെട്ടു; എന്തകൊണ്ടെ
ന്നാൽ മൊശെ തന്റെ കൈകളെ
അവന്റെ മെൽ വെച്ചിട്ടുണ്ടായി
രുന്നു; യിസ്രാഎൽ പുത്രന്മാർ അ
വനെ ചെവിക്കൊണ്ട, യഹൊവാ
മൊശെയൊടകല്പിച്ചപ്രകാരം ചെ
യ്തുകയും ചെയ്തു.

൧൦ ¶ എന്നാൽ യഹൊവാ അവ
നെ മിസ്രയിം ദെശത്ത പറവൊ
നൊടും, അവന്റെ എല്ലാ ദാസന്മാ
രൊടും, അവന്റെ എല്ലാ ദെശ
ത്തൊടും ചെയ്യാൻ അയച്ചിട്ടുള്ള
സകല കാൎയ്യങ്ങളിലും, അത്ഭുതങ്ങ
ളിലും,

൧൧ ആ എല്ലാ വല്ലഭത്വമുള്ള ക
യ്യിലും, എല്ലാ യിസ്രാഎലിന്റെയും
മുമ്പാകെ മൊശെ കാണിച്ചിട്ടുള്ള
സകല വലിയ ഭയങ്കരത്വത്തിലും,

൧൨ യഹൊവാ അഭിമുഖമായി
അറിഞ്ഞിട്ടുള്ള മൊശെ എന്നപൊ
ലെ ഒരു ദീൎഘദൎശി യിസ്രാഎലിൽ
പിന്നെ ഉണ്ടായിട്ടില്ല.

അവസാനം.

THE

OLD TESTAMENT

TRANSLATED

INTO

THE MALAYALIM LANGUAGE

FIRST PART

CONTAINING

THE FIVE BOOKS OF MOSES.

പഴയ നിയമം

മലയാള ഭാഷയിൽ

പരിഭാഷയാക്കപ്പെട്ടത.

ഒന്നാം പങ്ക

ഇതിൽ

മൊശെയുടെ അഞ്ചു പുസ്തകങ്ങളും

അടങ്ങിയിരിക്കുന്നു.

COTTAYAM:

PRINTED AT THE CHURCH MISSION PRESS,

FOR THE MADRAS AUXILIARY BIBLE SOCIETY.

1839.